# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 7, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 190 -  നമ്പർ  3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 7, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

**ഉള്ളടക്കം** **പേജ്**

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

**II തിരുത്തിയ ഉത്തരം**

29-08-2022-ലെ നക്ഷത്രചിഹ്നമിട്ട 86-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III അടിയന്തരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം
- ശ്രീ. ടി. വി. ഇബ്രാഹിം

(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

1.പിന്നാക്ക-ന്യൂനപക്ഷ/പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

- ശ്രീ. എം. വിജിൻ

2. കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

- ശ്രീ. കുറുക്കോളി മൊയ്തീൻ

**V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

വിഴിഞ്ഞം തുറമുഖസമരം ഒത്തുതീർപ്പാക്കൽ

-മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

## VI സബ്മിഷൻ

1. യൂത്ത് കോൺഗ്രസ് മാർച്ചിനുനേരെയുള്ള പോലീസ് നടപടി

   - പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. പ്രീമെട്രിക് സ്കോളർഷിപ്പ്

   - ശ്രീ. എ. പി. അനിൽ കുമാർ

3. പരവൂർ കായൽ സംരക്ഷണം

   - ശ്രീ. ജി. എസ്. ജയലാൽ

4. കോന്നി മലയോര മേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം

   - ശ്രീ. കെ. യു. ജനീഷ് കുമാർ

5. പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി

   - ശ്രീ. പി. പി. ചിത്തരഞ്ജൻ

6. ലഹരി വില്പനയ്ക്കെതിരെ നിയമനിർമ്മാണം

   - ശ്രീ. കെ. പി. മോഹനൻ

7. വള്ളിക്കുന്ന് ആർട്സ് ആൻഡ് സയൻസ് കോളേജ്

   - ശ്രീ. പി. അബ്ദുൽ ഹമീദ്

8. ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ.ക്ക് സ്ഥലം കൈമാറ്റം ചെയ്യൽ

   - ശ്രീ. കെ. പ്രേംകുമാർ

9. വെസ്റ്റ്ഹിൽ ഭട്ട് റോഡ് റെയിൽവേ മേൽപ്പാലം നിർമ്മാണം

   - ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

10. തൃക്കാക്കര-ബ്രഹ്മപുരം പാലം

- ശ്രീമതി ഉമ തോമസ്

## VII റിപ്പോർട്ടുകളുടെ സമർപ്പണം

## VIII നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

(iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

(iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

(v) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)
-ശ്രീ. രമേശ് ചെന്നിത്തല
-ശ്രീ. പി. സി. വിഷ്ണുനാഥ്
-ഡോ. മാത്യു കുഴൽനാടൻ
-ശ്രീ. ടി. സിദ്ദിഖ്

**റൂളിംഗ്**

**നിയമനിർമ്മാണകാര്യം (തുടർച്ച)**

**IX പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

**അനുബന്ധം I & II**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 7, ബുധൻ

---

വാല്യം 190}     ഔദ്യോഗിക റിപ്പോർട്ട്     {നമ്പർ 3

---

നിയമസഭ 2022 ഡിസംബർ മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *61

**നീരുറവ് പദ്ധതി**

1 (*61) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തടാധിഷ്ഠിതമായി നീരുറവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മിക്ക നദികളിലെയും തോടുകളിലെയും ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ ആധിക്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ജല ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ജല ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) സംസ്ഥാനത്തെ ഓരോ നീർത്തട പ്രദേശത്തെയും ഓരോ തുണ്ടുഭൂമിയിലും ആവശ്യമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും പ്രാദേശിക ജനവിഭാഗങ്ങളുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പഠന-ആസൂത്രണ പ്രവർത്തനം നടത്തി ഒരു മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് ജനകീയ നിർവ്വഹണത്തിലേയ്ക്ക് പോകുന്നതിനും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും ജലവിഭവ വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളം നീർത്തടത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു നീർത്തട മണ്ണ്-ജല സംരക്ഷണ

പദ്ധതിയായ നീരുറവ് പദ്ധതിയിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം പരിസ്ഥിതി പുനഃസ്ഥാപനത്തിനും കാലാവസ്ഥാമാറ്റം കാരണമുണ്ടാകുന്ന ദുരന്ത ലഘൂകരണത്തിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്തുകയെന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും സി.ഡബ്ല്യൂ.ആർ.ഡി.എം. (Centre for Water Resources Development and Management)-ന്റെ സഹായത്തോടെ അവിടെ നടന്നുവരുന്ന 'ജലാഞ്ജലി' പദ്ധതിയുമായി കൂട്ടിയോജിപ്പിച്ച് ഇതിനായുള്ള നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികൾ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ യോഗം ചേർന്ന്

പ്രവർത്തനാസൂത്രണം നടത്തിവരുന്നു. ജനകീയ ഇടപെടൽ ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുതല സംഘാടക സമിതികൾ രൂപീകരിക്കുകയും നീർത്തട യോഗങ്ങൾ, അയൽക്കൂട്ട യോഗങ്ങൾ, നീർത്തട നടത്തം എന്നിവ ഇതിന്റെ ഭാഗമായി നടത്തിവരികയും ചെയ്യുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഈ പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിവരുന്നു.

(ബി) സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ട് അവ മാലിന്യ മുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും ജലഗുണനിലവാരം ഒരു പരിധിവരെ മെച്ചപ്പെടുത്തുന്നതിനും ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ വിവിധ തലങ്ങളിലുള്ള ഇടപെടലുകൾ നടത്തുന്നു. നദികളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും എക്കലും മറ്റ് മാലിന്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും നീക്കിവരുന്നു.

ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ജലസ്രോതസ്സുകൾ, ജല ശുദ്ധീകരണശാലകൾ, പമ്പിംഗ് സ്റ്റേഷനുകൾ, വിതരണ ശൃംഖലകൾ എന്നിവിടങ്ങളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതുമുതൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യ മുക്തമായും ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് കുടുംബശ്രീ മിഷന്റെ സഹായത്തോടെ പരിശോധന നടത്തിവരുന്നു.

'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ 'ജനകീയ പുഴ വീണ്ടെടുക്കൽ' പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്താകെ നിലവിൽ 10126 കിലോമീറ്റർ നീർച്ചാലുകൾ

ശുചിയാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ പശ്ചിമഘട്ട പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖല വീണ്ടെടുക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ നീർച്ചാലുകളും 'മാപ്പത്തോൺ' പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയമായി ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനം കേരള പുനർ നിർമ്മാണ പദ്ധതിയുടെ സഹായത്തോടെ നടത്തിവരുന്നു.

(സി) ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും നിലവിലെ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ജനങ്ങൾക്ക് ബോധവത്കരണം നൽകുകയും ചെയ്യുന്നു. ജലസ്രോതസ്സുകളിൽ ഇൻടേക്കിന് സമീപം മാലിന്യം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി അവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ച്, ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ പര്യാപ്തമായ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നു. ജല ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജല അതോറിറ്റിയുടെ കീഴിൽ, സംസ്ഥാനത്തെ ഗുണനിലവാര പരിശോധനാ ലാബുകളുടെ എണ്ണം

47-ൽനിന്നും 85 ആയി ജൽ ജീവൻ മിഷന്റെ സഹായത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ജലഗുണനിലവാര പരിശോധന ഗ്രാമീണ മേഖലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ 28 ഹയർ സെക്കൻഡറി സ്കൂളുകളിൽ ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് ലാബുകൾ സജ്ജമാക്കുകയും ജല ഗുണനിലവാര പരിശോധന സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമീണ മലയോര മേഖലകളിലും ജല ഗുണനിലവാര പരിശോധന വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സഞ്ചരിക്കുന്ന ജല ഗുണനിലവാര ലാബുകൾ സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് വിഹിതം എന്നിവ വിനിയോഗിച്ച് 254 പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി 166 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇവിടെയുള്ള അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കി

ജലപരിശോധന ആരംഭിച്ചിട്ടുണ്ട്. 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ' സഹായത്തോടെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പെരിയാർ, പമ്പ നദികളുടെ വൃഷ്ടിപ്രദേശത്തെ എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 313 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ഓരോ വർഷവും പതിനായിരക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിൽ എത്തുന്നത്. ശബരിമല മിനി പമ്പയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണെന്ന് പത്രവാർത്തകളിൽ കണ്ടിരുന്നു. ഇതിൽ എത്രമാത്രം വസ്തുതയുണ്ട്; ഇതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ശബരിമലയിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന് അയ്യപ്പഭക്തർ എത്തിച്ചേരുന്ന സ്ഥലമെന്നതുകൊണ്ടുമാത്രമല്ല, ജലം ഗുണനിലവാരമുള്ളതാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വാട്ടർ

അതോറിറ്റിയുടെ നിലവിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ ക്രമീകരണങ്ങളും ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. സന്നിധാനത്തും പരിസരത്തും ശബരിമലയിലുമായി ദേവസ്വം ബോർഡിന്റെ കീഴിൽ മൂന്ന് സംഭരണ ടാങ്കുകളാണുള്ളത്. കുന്നാറിൽ നിന്നുവരുന്ന ജലം ക്ലോറിനേഷൻ നടത്തി കേരള വാട്ടർ അതോറിറ്റിയുടെ പ്രഷർ ഫിൽട്ടർ രീതിയിലും നീലിമല ബോട്ടം, നീലിമല ടോപ്പ്, അപ്പാച്ചിമേട്, ശരംകുത്തി എന്നിവിടങ്ങളിലെ സംഭരണടാങ്കുകൾ വഴി ഇലക്ട്രോ ക്ലോറിനേഷൻ മുഖാന്തരവും അണുവിമുക്തമാക്കിയാണ് പമ്പയിലും പരിസരത്തും കുടിവെള്ളം വിതരണം ചെയ്യുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ബഹുമാനപ്പെട്ട എം.എൽ.എ. പ്രമോദ് നാരായൺ, ജില്ലാ കളക്ടർ, വാട്ടർ അതോറിറ്റിയിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ അവിടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. അനുദിനം കാര്യങ്ങൾ വിലയിരുത്താനും സാമ്പിളുകളെടുത്ത് ഗുണനിലവാരം ഉറപ്പുവരുത്താനുമാവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകി പ്രവൃത്തി നടപ്പിലാക്കുകയാണ്. വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് ദിവസവും ഗുണനിലവാര പരിശോധന നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയവുമായി

ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അത് മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സെല്ലും രൂപപ്പെടുത്തിയിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാകുകയാണ്. ആകെ ജനസംഖ്യയുടെ 20-30% കുടുംബങ്ങൾക്കാണ് മുൻകാലങ്ങളിൽ വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളം ലഭ്യമായിരുന്നത്. ഇനി നൂറ് ശതമാനം കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകുകയാണ്. സ്വാഭാവികമായും അതിനനുസരിച്ച് ജലവിഭവ വകുപ്പിന്റെ യന്ത്രസംവിധാനങ്ങളും ശക്തിപ്പെടുത്തണം. അതിനാവശ്യമായ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭാവിയിൽ വലിയ പ്രശ്നങ്ങൾ നേരിടാനുള്ള സാധ്യതയുണ്ടാവില്ലേ; വിശദമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. കേരളത്തിൽ 17 ലക്ഷം വാട്ടർ അതോറിറ്റി കണക്ഷനുകളാണ് ഉണ്ടായിരുന്നത്. എന്നാൽ ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ കേരളത്തിലെ മുഴുവൻ ഗ്രാമീണഭവനങ്ങളിലും കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യം സഫലീകരിക്കുകയാണ്. ഏകദേശം എഴുപതുലക്ഷത്തി എൺപതിനായിരത്തിലധികം കുടുംബങ്ങളിലേയ്ക്ക്

കണക്ഷൻ എത്തിച്ചേർന്നു. നിലവിലുള്ള പദ്ധതികൊണ്ടുമാത്രം പ്രവൃത്തി നിറവേറ്റുകയെന്നത് അസാധ്യമാകുമെന്നതിനാൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിവരും. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം മെയിന്റനൻസും നടത്തിപ്പും സംബന്ധിച്ച തീരുമാനങ്ങളും ഇതോടൊപ്പം സ്വീകരിക്കണം. കൂടാതെ ഓഫീസ് സംവിധാനങ്ങളുടെയും ജീവനക്കാരുടെയും ക്രമീകരണവും അനിവാര്യമായിത്തീരും. ഉല്പാദന ചെലവും ജലവിതരണം നടത്തുമ്പോഴുണ്ടാകുന്ന നഷ്ടവും വർദ്ധിച്ചുവരാൻ സാധ്യതയുള്ളതിനാൽ ആവശ്യമായ ജീവനക്കാരെ വിന്യസിക്കുകയും ഓഫീസുകൾ നവീകരിക്കുകയും ചെയ്യണം. മെയിന്റനൻസ് വിംഗിന്റെ പ്രവർത്തനം റവന്യൂ ഡിസ്ട്രിക്ട് അടിസ്ഥാനമാക്കിയല്ല എന്നതാണ് പ്രധാന വിഷയം. ജില്ലാതല അവലോകന യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി പല ജില്ലകളിൽനിന്നുള്ള എഞ്ചിനീയർമാർ വരുന്നത് സമയ നഷ്ടത്തിന് കാരണമാകുമെന്നുമാത്രമല്ല കാര്യങ്ങൾ കൃത്യമായും സുഗമമായും മനസ്സിലാക്കാനും ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് റവന്യൂ ഡിസ്ട്രിക്ട് അടിസ്ഥാനത്തിലോ അല്ലെങ്കിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലോ ഇത്തരം കാര്യങ്ങൾ മോണിറ്റർ ചെയ്യാൻ കഴിയുന്ന രീതിയിലൊരു സംവിധാനം രൂപപ്പെടുത്താൻ കഴിഞ്ഞാൽ നന്നായിരിക്കും. കാര്യങ്ങൾ

ഭംഗിയായി കൈകാര്യം ചെയ്യാനുള്ള സാഹചര്യവും മോണിറ്ററിംഗിനുള്ള അവസരവും എം.എൽ.എ.-മാർക്കും ലഭിക്കും. അത്തരത്തിലുള്ള കാര്യങ്ങളും ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് വിംഗ് സൗകര്യപ്രദമായ രീതിയിലേയ്ക്കാക്കാനും പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുത്തക്കവിധത്തിൽ മാറ്റം വരുത്താനും നടപടികൾ സ്വീകരിക്കേണ്ടതായി വരും.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, നഗരകേന്ദ്രങ്ങളിലൂടെ ഒഴുകുന്ന ചെറിയ നദീജല സ്രോതസ്സുകളിൽ വലിയ രീതിയിൽ മാലിന്യങ്ങൾ അടിഞ്ഞ് കറുത്ത ജലമായി മാറുന്നത് അഭംഗിയായി കാണപ്പെടുകയാണ്. ഇവയെല്ലാം ശുചീകരണത്തൊഴിലാളികൾ വൃത്തിയാക്കുന്നതാണ് നിലവിലുള്ള രീതി. അങ്ങനെ വൃത്തിയാക്കുമ്പോൾ മാൻഹോളിലും മറ്റും വീണ് ഇവർക്ക് അപകടങ്ങളുമുണ്ടാകുന്നു. ചില വിദേശരാജ്യങ്ങളിൽ റോബോട്ടിക്സ് സംവിധാനങ്ങൾ ഉപയോഗിച്ച് ശുചീകരണം നടത്തി നദികൾ തെളിനീരൊഴുകുന്ന സ്ഥിതിയിലേയ്ക്കെത്തിയെന്ന വാർത്തകൾ കാണാൻ സാധിച്ചു. ജലവിഭവ വകുപ്പ് മുൻകൈയെടുത്താൽ നമ്മുടെ സംസ്ഥാനത്ത്

ഇത്തരത്തിലുള്ള റോബോട്ടിക്സ് ശുചീകരണ സംവിധാനം നഗരകേന്ദ്രങ്ങളിലേർപ്പെടുത്താൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ നഗരപ്രദേശങ്ങളിൽ ശുദ്ധജല സൗകര്യങ്ങൾ ഇപ്പോഴുമുണ്ടെന്ന് കേൾക്കുന്നതുതന്നെ ഏറ്റവും മനോഹരമാണ്; പക്ഷേ അത് മലിനമാകുന്നുവെന്നത് ദുഃഖകരമാണ്. ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിയ രണ്ട് പദ്ധതികൾക്ക് ജനങ്ങളുടെ സഹകരണം നല്ലരീതിയിൽ ലഭിച്ചു. അതിൽ ജലസംരക്ഷണത്തിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് 'നീരുറവ്'. പ്രസ്തുത പദ്ധതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കാൻ കഴിയത്തക്കവിധത്തിൽ ക്രമീകരിച്ചതുകൊണ്ട് വലിയ തോതിൽ ജനങ്ങൾക്ക് അതിന്റെ ഗുണം ലഭിച്ചു. രണ്ടാമതായി കൊണ്ടുവന്ന 'തെളിനീരൊഴുകും നവകേരളം' പദ്ധതിയിലൂടെ നല്ലരീതിയിലുള്ള റിസൾട്ട് ലഭിച്ചു. എക്കലും മറ്റ് മാലിന്യങ്ങളുമെല്ലാം അടിഞ്ഞ് കിടന്നിരുന്ന ചെറിയ നീർച്ചാലുകളെ സുഗമമായി വെള്ളമൊഴുകാൻ പാകത്തിന് രൂപപ്പെടുത്താൻ കഴിഞ്ഞു. കനാലുകളെയും ചെറിയ നീരുറവകളെയും അരുവികളെയുമെല്ലാം

നല്ലരീതിയിൽ കൊണ്ടുപോകാൻ കഴിയത്തക്കവിധത്തിലുള്ള ജനകീയ മുന്നേറ്റം ഇത്തരം കാര്യങ്ങളിൽ ആവശ്യമാണ്. ജലസേചന വകുപ്പ് ഇത്തരം കാര്യങ്ങളിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കാം. ത്രിതല പഞ്ചായത്തിന്റെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടുകൂടി ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജലസേചന വകുപ്പിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയർമാരുടെ സേവനംകൂടി പ്രയോജനപ്പെടുത്താം. ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കാം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, എം.എൽ.എ. ഫണ്ടുപയോഗിച്ച് വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ രണ്ട് ജലപരിശോധനാ ലാബുകൾ ആരംഭിച്ചിട്ടുണ്ട്. പുഴ വീണ്ടെടുക്കണമെങ്കിൽ സ്വിവറേജ് മാലിന്യങ്ങൾ നദിയിലേയ്ക്ക് വരുന്നത് ഒഴിവാക്കണം. ഡ്രെയിനേജുകളിലൂടെ കക്കൂസ് മാലിന്യമടക്കം നദികളിലേയ്ക്ക് ഒഴുക്കിവിടുന്ന രീതിയാണ് ഇപ്പോൾ നഗരത്തിലാകമാനം കാണുന്നത്. ഇത് പരിഹരിക്കാനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ജനകീയ

സമിതികൾ രൂപീകരിച്ച് സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനാവശ്യമായ പ്രവർത്തനത്തിന് ജലവിഭവ വകുപ്പ് മുൻകയ്യെടുക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും. സ്വിവറേജ് ക്രമപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വളരെ ഗൗരവമായി കാണേണ്ടൊരു ഘട്ടം കഴിഞ്ഞിരിക്കുന്നു. ജനമാലിന്യം കൂടുതലുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകളിലേയ്ക്ക് ഇത്തരം കാര്യങ്ങളിലെ പ്രവർത്തന പുരോഗതി കുറച്ചുകൂടി മുന്നോട്ടുകൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ ഭാവിയിൽ വലിയ വിപത്ത് നേരിടേണ്ടിവരും. അതിനാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. അത് വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ഈ മൂന്ന് മേഖലകൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് ഗവൺമെന്റ് ആലോചിച്ചുവരുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, നമ്മുടെ ജലാശയങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ നിരക്ക് വളരെ കൂടുതലാണ്. നഗരങ്ങളിലെ ജലാശയങ്ങളിൽ 1000 മുതൽ 1500 വരെയാണ് അതിന്റെ നിരക്ക് കാണുന്നത്. ഇക്കാര്യം ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. എല്ലാ പ്രദേശങ്ങളിലും കക്കൂസ് മാലിന്യവും അടുക്കള മാലിന്യവും ഭൂമിക്കടിയിൽ

കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. അത് പരിഹരിക്കണമെങ്കിൽ സ്വീവറേജ് സിസ്റ്റം നടപ്പിലാക്കുകയല്ലാതെ മറ്റൊരു പോംവഴിയില്ല. കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ ശ്രമിച്ച രണ്ട് പദ്ധതികൾക്കെതിരെ സമരവും പ്രശ്നവുമൊക്കെ നടക്കുകയാണ്. ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തിയ 'നീരുറവ്', 'തെളിനീരൊഴുകും നവകേരളം' എന്നീ രണ്ട് പദ്ധതികളിലൂടെ കുറെയൊക്കെ വിജയിക്കാൻ സാധിച്ചുവെന്നത് വസ്തുതയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പുതിയ പദ്ധതികളെന്തെങ്കിലും നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ജനങ്ങളുടെ അറിവില്ലായ്മയാണ് ഏറ്റവും പ്രധാന കാരണം. സ്വീവറേജ് ലൈൻസ് അല്ലെങ്കിൽ പ്ലാന്റുണ്ടാക്കുമ്പോൾ നമ്മൾ നേരിടേണ്ടിവരുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചത്. ഞാൻ സമീപകാലത്ത് അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഒരു സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിച്ചു. ആ പ്ലാന്റിന്റെ ഒരു കിലോമീറ്ററിനടുത്താണ് ന്യൂയോർക്ക് സിറ്റി. രണ്ട് സ്റ്റേറ്റിലെ സ്വീവറേജ് മാലിന്യമാണ് അവിടെ കൊണ്ടുവന്ന് സംസ്കരിക്കുന്നത്. അടുത്തഘട്ടത്തിൽ അതിനെ കുടിവെള്ളമാക്കി മാറ്റാമോ എന്ന് ആലോചിക്കുന്ന ഒരു

സ്ഥിതിവിശേഷത്തിലേയ്ക്ക് ആധുനിക സംവിധാനം മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് പൊതുജനത്തെയും സമൂഹത്തെയും പൊതുവായി ബാധിക്കുന്ന ഇത്തരം വിഷയങ്ങളിൽ ആവശ്യമായ അവബോധം നൽകി ജനങ്ങളെ സംരക്ഷിക്കുകയാണ് ആവശ്യം. ഇത്തരം കാര്യങ്ങളിൽ സഭയുടെതന്നെ മനഃസാക്ഷി ഉണരേണ്ടതുണ്ട്. 'നീരുറവ്', 'തെളിനീരൊഴുകും നവകേരളം' എന്നീ പദ്ധതികളിലൂടെ ഈ രംഗത്ത് വലിയ തോതിലുള്ള മാറ്റം എത്തിക്കാൻ നമുക്ക് സാധിച്ചു. ജലസംരക്ഷണവും ജലത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്താൻ ഈ പദ്ധതി അനിവാര്യമാണ്. ഹരിത കേരളം പദ്ധതിയിലൂടെ ഇറിഗേഷൻ വകുപ്പും മറ്റ് വകുപ്പുകളുമെല്ലാം ഒത്തുചേർന്നുകൊണ്ട് 'ഇനി ഞാനൊഴുകട്ടെ' എന്ന പുതിയൊരു പദ്ധതിക്ക് തുടക്കം കുറിച്ചു. അനേകായിരം വർഷംകൊണ്ട് പ്രകൃത്യാൽ രൂപപ്പെട്ട നീർച്ചാലുകളുടെ ശൃംഖല അതാത് സ്ഥലങ്ങളിൽ പെയ്തുവീഴുന്ന അധിക ജലത്തെ സുരക്ഷിതമായി ഒഴുക്കി സമതലങ്ങളിൽ എത്തിക്കുന്നതിന് സഹായിച്ചിരുന്നു. എന്നാൽ, പല കാരണങ്ങളാൽ ഇവയിൽ പല നീർച്ചാലുകളും അടഞ്ഞ് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട അവസ്ഥയാണ് ഇന്ന് കാണപ്പെടുന്നത്. ഇത്തരത്തിൽ സുഗമമായ നീരൊഴുക്ക് നഷ്ടപ്പെട്ട

നീർച്ചാലുകൾ പ്രകൃതി ദുരന്തങ്ങൾക്ക് വഴിതുറക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും പ്രധാന കാരണങ്ങളിലൊന്ന് നീരൊഴുക്ക് തടസ്സപ്പെട്ട നീർച്ചാലുകളാണ്. ഈ പ്രദേശത്ത് പെയ്യുന്ന മഴയുടെ ഒരുഭാഗം മണ്ണിനടിയിലൂടെയും ശേഷിക്കുന്നത് ഉപരിതലത്തിലൂടെയും നീർച്ചാലുകളിലൂടെയും ഒഴുകി പുഴയിലെത്തുകയാണ് വേണ്ടത്. എന്നാൽ അടഞ്ഞുപോയ നീർച്ചാലുകൾ ജലനിർഗ്ഗമനം തടസ്സപ്പെടുത്തുകയും അതുവഴി മണ്ണിന് വഹിക്കാൻ കഴിയുന്നതിൽ കൂടുതൽ മഴവെള്ളം ഭൂമിക്കടിയിലേയ്ക്ക് താഴ്ന്ന് പോകാനിടയാകുകയും ചെയ്യുന്നു. പ്രകൃതിക്ക് താങ്ങാവുന്നതിലും അധികം വെള്ളം മണ്ണിനടിയിലേയ്ക്കെത്തുന്നതോടെ മേഖലയിൽ സമ്മർദ്ദം കൂടുകയും ജലാംശവർദ്ധനമൂലം മണ്ണിന്റെ ഘടനയിൽ മാറ്റമുണ്ടാകുകയും ചെയ്യുന്നു. തുടർന്ന് ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങുന്ന വെള്ളം മലനിരകളുടെ ലോലമായ സ്ഥലങ്ങളിൽ വിടവുണ്ടാക്കി മലവെള്ളപ്പാച്ചിലായി പോകുന്നു. ഇത് തടയണം. പ്രത്യേകിച്ച് മലയോരമേഖലകളിൽ ഇത് വലിയ പ്രശ്നമാണ് സൃഷ്ടിക്കുന്നത്. ഭൂമിയിൽ പെയ്തുവീഴുന്ന വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാലുകൾ അടഞ്ഞുപോകുന്നത് മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുമെന്നുള്ളത് പഠനമില്ലാതെതന്നെ നമുക്ക് മനസ്സിലാക്കാൻ

സാധിക്കും. ഇത്തരം കാര്യങ്ങൾ സർവ്വേ നടത്തി കണ്ടെത്തി എല്ലാ മേഖലയിലും സുഗമമായ ഒഴുക്കിന് തടസ്സമില്ലാത്ത അവസ്ഥ സൃഷ്ടിക്കപ്പെടുന്ന പ്രവർത്തനമാണ് 'ഇനി ഞാനൊഴുകട്ടെ' എന്ന പദ്ധതിയിലൂടെ രൂപകല്പന ചെയ്തിട്ടുള്ളത്. പ്രത്യേകിച്ച് പശ്ചിമഘട്ട മലനിരകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ അതിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. അവിടെയാണ് ഈ തടസ്സങ്ങൾ രൂപപ്പെടുന്നത്. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ ഉണ്ടാകുന്നത് ഉരുൾപൊട്ടലാണെന്നത് തെറ്റിദ്ധാരണയാണ്. അവിടെ മണ്ണിടിച്ചിലാണ് സംഭവിക്കുന്നത്. അധിക ജലം ഭൂമിയിലേയ്ക്ക് താഴുകയും ആ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്ന സന്ദർഭത്തിൽ പാറമേലിരിക്കുന്ന മണ്ണ് തെന്നിമാറിപ്പോകുന്ന അവസ്ഥയുണ്ടാകുന്നു. അത് അവിടത്തെ ജനവാസത്തിനും കൃഷിക്കുമെല്ലാം തടസ്സം സൃഷ്ടിക്കുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പുതിയ കർമ്മപദ്ധതിയിൽ കുറച്ചുകൂടി നന്നായി ഇടപെടാൻ കഴിഞ്ഞാൽ, നമ്മുടെ മേഖലയിലെ പ്രകൃതി ദുരന്തങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. അതുകൊണ്ട് ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഉറപ്പാക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ജലസ്രോതസ്സുകളിൽ പഴക്കംചെന്ന് കാര്യക്ഷമമായി പ്രവർത്തിക്കാത്ത പമ്പ് സെറ്റ് മാറ്റി പുതിയ പമ്പ് സെറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജില്ലകളിൽ അതിന്റെ പ്രവർത്തനങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പഴയ പമ്പ് സെറ്റുകൾ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം. കൂടാതെ പഴയ പൈപ്പ് ലൈനുകളും പുതുക്കേണ്ടതായുണ്ട്. നിലവിൽ ജലഗുണനിലവാര പരിശോധനയ്ക്കായി വാട്ടർ അതോറിറ്റിയുടെ 85-ഓളം ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹയർ സെക്കൻഡറി സ്കൂളുകൾ കേന്ദ്രീകരിച്ച് ഭൂജലവകുപ്പിന്റെ 28 ലാബുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പല നിയോജകമണ്ഡലങ്ങളിലും ലാബുകൾ രൂപപ്പെടുത്താൻ സാധിച്ചുവെന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. കെമിസ്ട്രി ലാബുകളുള്ള ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇതിനാവശ്യമായ എല്ലാ പ്രാഥമിക പരിശോധനകളും പൂർണ്ണമായി നടപ്പാക്കാൻ സാധിക്കും. അതിനുവേണ്ട കിറ്റുകളും പരിശോധനയ്ക്കാവശ്യമായ പരിശീലനവും ഡിപ്പാർട്ടുമെന്റിൽനിന്ന് നൽകാൻ ശ്രദ്ധിക്കാം.

എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിൽക്കൂടി ഇത്തരം കാര്യം ചെയ്താൽ ജല പരിശോധന വേഗത്തിൽ വ്യാപകമായി നടത്തുന്നതിന് സാധിക്കും. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ സമീപനമാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോളിഫോം ബാക്ടീരിയ സൃഷ്ടിക്കുന്ന പ്രതിസന്ധിയാണ് എല്ലാവരും ഇവിടെ ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്തെ പഴയ കുടിവെള്ള പദ്ധതികൾക്ക് ട്രീറ്റ്മെന്റ് പ്ലാന്റില്ല. പുതിയ കുടിവെള്ള പദ്ധതികൾക്ക് ട്രീറ്റ്മെന്റ് പ്ലാന്റുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റില്ലാത്ത കുടിവെള്ള പദ്ധതികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എല്ലാ കുടിവെള്ള പദ്ധതികൾക്കും ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കാനുള്ള പദ്ധതിയുണ്ടാകുമോ? മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുന്തിപ്പുഴ ചരിത്ര പ്രസിദ്ധമാണ്. ഇതിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായതിനാൽ ജല ശുദ്ധീകരണത്തിന് നടപടി സ്വീകരിക്കണം. പ്രളയത്തിൽ മണ്ണടിഞ്ഞ് പുഴ കരയായി മാറിയതുമൂലം സൈഡുകെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ കുന്തിപ്പുഴ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി അനുവദിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കുന്തിപ്പുഴയിൽ കോളിഫോം ബാക്ടീരിയ കൂടുതലായി കാണുന്നുണ്ടെങ്കിൽ ആദ്യഘട്ടത്തിൽത്തന്നെ അത്

പരിശോധിക്കാം. എക്കലും ചെളിയുംമറ്റും വന്നടിഞ്ഞിട്ടുണ്ടെങ്കിൽ ഒരു പരിധിവരെ ഇപ്രാവശ്യത്തെ ഓപ്പറേഷനിൽ മാറ്റപ്പെട്ടിട്ടുണ്ടാകാം. ഈ ഓപ്പറേഷൻ വരുംകാലങ്ങളിലും തുടരുന്നുണ്ട്, അതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യാൻ ശ്രമിക്കാം. വാട്ടർ അതോറിറ്റിയുടെ പദ്ധതികളെല്ലാം ട്രീറ്റ്മെന്റ് പ്ലാന്റുകളുള്ളവയാണ്. സ്വാഭാവികമായും മണ്ണാർക്കാടുള്ള പദ്ധതികളെല്ലാം വാട്ടർ അതോറിറ്റിയുടെ കണക്ഷനാകാൻ സാദ്ധ്യതയില്ല. അതത് തലങ്ങളിലുള്ള കുടിവെള്ള പദ്ധതികൾ ആരുടെയാണോ അവർ ആർ.ഒ. പ്ലാന്റുകൾ മുഖാന്തരം പരിശോധിച്ച് ജലത്തിന്റെ ക്വാളിറ്റി ഉറപ്പുവരുത്തേണ്ട ചുമതല ഏറ്റെടുക്കേണ്ടതായിവരും. മാത്രമല്ല ചെറിയ പദ്ധതികൾക്ക് മുന്നോട്ടുപോകാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അത്തരം പദ്ധതികൾ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്താവുന്നതാണ്. അപ്പോൾ കേരളത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്ക് ശുദ്ധീകരിച്ച കുടിവെള്ളം നൽകാൻ സാധിക്കും. ഈ പദ്ധതികളൊക്കെ പഞ്ചായത്തിന്റെ ചെറിയ ഫണ്ട് ഉപയോഗിച്ച് തുടങ്ങിയ മൈക്രോ സ്കീമുകളായിരിക്കും. അത്തരം സ്കീമുകളുമായി മുന്നോട്ടുപോകാൻ കഴിയില്ല. ഗ്രൗണ്ട് വാട്ടർ ലെവൽ താഴ്ന്നപോയതിനാൽ അതിലൂടെയൊന്നും ജലം ലഭിക്കാൻ സാദ്ധ്യതയില്ല. മെഗാ സ്കീമുകളിലേയ്ക്ക് മാറിയാൽ ശുദ്ധീകരിച്ച വെള്ളം എല്ലായിടത്തും

എത്തിക്കാൻ സാധിക്കും. അതുകൊണ്ട് എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിലെ ഇത്തരം പദ്ധതികൾ പുനർക്രമീകരിക്കുന്നതിന് ഇപ്പോൾ ശ്രമിച്ചാൽ നടപ്പിലാക്കാൻ എളുപ്പമാണ്.

ശ്രീ. സജി ചെറിയാൻ: സർ, പമ്പ, അച്ചൻകോവിൽ എന്നീ നദികളുടെ നവീകരണ പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ 75 കോടി രൂപയോളം വകയിരുത്തി. പ്രളയത്തിൽ വലിയ പ്രശ്നങ്ങളുണ്ടായ പത്തനംതിട്ട, ആലപ്പുഴ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ നവീകരണ പ്രക്രിയ കഴിഞ്ഞ പ്രാവശ്യം ഭാഗികമായി നടന്നു. പക്ഷേ സമ്പൂർണ്ണ നവീകരണ പ്രക്രിയ പ്രഖ്യാപിച്ചുകൊണ്ടാണ് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതി ഈ സീസണിൽ നടത്താൻ സാധിക്കുമോ; ഇല്ലെങ്കിൽ അടിയന്തരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അച്ചൻകോവിൽ, മണിമലയാർ, പമ്പ എന്നീ നദികൾ സംരക്ഷിക്കപ്പെടേണ്ടതുതന്നെയാണ്. അതിനാവശ്യമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ നദികൾ ഒഴുകിയെത്തുന്ന തോട്ടപ്പള്ളി സ്പിൽവേയുൾപ്പെടെ കുട്ടനാട്ടിലെ ജലം നിയന്ത്രിക്കുകയെന്നുള്ളതും പ്രധാനപ്പെട്ടൊരു ഘടകമാണ്. തോട്ടപ്പള്ളി സ്പിൽവേയിൽ 1600 ക്യൂസെക്സ് ജലം ഡിസ്ചാർജ്ജ് ചെയ്തിരുന്ന സ്ഥലത്ത് 600 ക്യൂസെക്സ് ജലം മാത്രമേ

ഒഴുകി പോകുമായിരുന്നുള്ളൂ. അതിന്റെ അർത്ഥം 48000 ലിറ്റർ/സെക്കന്റ് പോകേണ്ട സ്ഥാനത്ത് 16000 ലിറ്റർ/സെക്കന്റ് മാത്രമേ ഡിസ്ചാർജ്ജ് ചെയ്യുമായിരുന്നുള്ളൂ. അവിടെ ആഴവും വീതിയും കൂട്ടി ജലനിർഗ്ഗമന സ്രോതസ്സുകൾ വൃത്തിയാക്കിയപ്പോൾ കുട്ടനാട്ടിലെ വെള്ളപ്പൊക്കം ഇത്തവണ നിയന്ത്രിക്കാൻ സാധിച്ചു. അതിരൂക്ഷമായി ജലം വന്നാൽ ഈ കൺട്രോളിൽ നിൽക്കണമെന്നില്ല. അതുകൊണ്ട് അച്ചൻകോവിൽ, മണിമലയാർ, പമ്പ എന്നീ നദികളുടെ തീരസംരക്ഷണവും ആഴവും വീതിയുമെല്ലാം ക്ലിയർ ചെയ്യേണ്ടതിന് ശ്രമകരമായൊരു പദ്ധതിയാണ് ആവശ്യമായിട്ടുള്ളത്. അതിനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ തുടർന്നുവരികയാണ്. അത് കുട്ടനാടിന്റെയും പ്രത്യേകിച്ച് ഒരു പ്രദേശത്തിന്റെതന്നെ നിലനിൽപ്പിന് സഹായകമാകുന്നതാണ്. ഗവൺമെന്റ് അത് നല്ല നിലയിൽ കൊണ്ടുവരുന്നുവെന്നാണ് അറിയിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: നിരവധി എം.എൽ.എ.-മാർ ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. പക്ഷേ സമയപരിമിതിമൂലം അനുവദിക്കാനാകുന്നില്ല.

## തെരുവുനായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവയ്പും

2(*62) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതിയുടെയും പ്രതിരോധ കുത്തിവയ്പ് പദ്ധതിയുടെയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) വാക്സിന്റെ കുറവും ജീവനക്കാരുടെ അഭാവവും പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) തെരുവുനായ്ക്കളെ കുത്തിവയ്ക്കാൻ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കെടുക്കേണ്ട വാക്സിൻ ലഭിക്കുന്നില്ലെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിരോധ കുത്തിവയ്പുമായി ബന്ധപ്പെട്ട പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) സംസ്ഥാനത്ത് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി.) നടപ്പിലാക്കുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, മൃഗപരിപാലകർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ 18 കേന്ദ്രങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2022 ഏപ്രിൽ മുതൽ നാളിതുവരെ ഈ കേന്ദ്രങ്ങളിൽ 9001 എ.ബി.സി. നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 37 എ.ബി.സി. സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നഗരസഭകൾ മുഖേന 01-09-2022 മുതൽ 14-11-2022 വരെ 3285 നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ മുഖേന 1014 തെരുവുനായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്. അഞ്ച് കോർപ്പറേഷനുകളിൽ എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം

നടത്തിവരുന്നു. കോർപ്പറേഷനുകൾ മുഖേന 2016 മുതൽ 30-08-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണവകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് സെപ്തംബർ 20 മുതൽ തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വാക്സിൻ വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഓഫീസിൽനിന്നാണ് പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള വാക്സിൻ വാങ്ങുന്നത്. റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് വാക്സിൻ സംഭരിക്കുന്നത്. ഇപ്രകാരം 2022-23 വർഷം 1006960 ഡോസ് വാക്സിൻ

സംഭരിച്ചിട്ടുണ്ട്. ആയതിൽനിന്ന് 472608 ഡോസ് വാക്സിൻ ചെലവഴിച്ചിട്ടുണ്ട്. 534352 ഡോസ് വാക്സിൻ ബാക്കിയുണ്ട്. സംസ്ഥാനത്തെ മൃഗാശുപത്രികൾ മുഖാന്തരമാണ് ഇവ വിതരണം ചെയ്തിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് പേവിഷ പ്രതിരോധ വാക്സിന് ദൗർലഭ്യമില്ല. പേവിഷ നിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം 506 ഡോഗ് ക്യാച്ചർമാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ വളർത്തുനായ്ക്കളുടെ പ്രതിരോധ കുത്തിവയ്പ് കാര്യക്ഷമമായി നടന്നുവരുന്നു. ആയതിന് പ്രത്യേക ചെലവ് വരുന്നില്ല.

(സി) ജീവനക്കാർക്കെടുക്കേണ്ട പ്രതിരോധ വാക്സിൻ ലഭിക്കുന്നില്ലെന്നുള്ള പരാതി ഇതുവരെയുണ്ടായിട്ടില്ല. നിലവിൽ തെരുവുനായ്ക്കളുടെ വന്ധ്യംകരണവുമായി പ്രവർത്തിച്ചുവരുന്ന എല്ലാ ജീവനക്കാർക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 0, 7, 21 എന്നീ ദിവസങ്ങളിലുള്ള പ്രതിരോധ കുത്തിവയ്പ് പൂർത്തിയായവരെ മാത്രമാണ് ഈ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് നിയോഗിച്ചിട്ടുള്ളത്.

(ഡി) മൃഗസംരക്ഷണ വകുപ്പ് റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം, പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു. പ്രതിരോധ കുത്തിവയ്പുകൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രതിസന്ധികളില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മനുഷ്യരുടെ സൈ്വരജീവിതത്തിനും സുരക്ഷയ്ക്കും ഗുരുതര ഭീഷണിയുയർത്തുംവിധം തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. തെരുവുനായ്ക്കൾ സംഘടിതമായിട്ടാണ് പലപ്പോഴും ആക്രമിക്കുന്നത്. ഒരു നായ കുരച്ചാൽ മറ്റുള്ള നായ്ക്കളും കൂടെച്ചേർന്ന് മനുഷ്യർക്കുനേരെ പാഞ്ഞടുക്കുകയാണ്. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽവച്ച് എനിക്കൊരു അനുഭവമുണ്ടായി.

<u>മി. സ്പീക്കർ</u>: അനുഭവം പിന്നീട് പറയാം. അങ്ങ് ചോദ്യത്തിലേയ്ക്ക് വരണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഒരു വിദ്യാർത്ഥിക്കുനേരെ നാലഞ്ച് നായ്ക്കൾ ഒരുമിച്ച് കുരച്ചുചാടി കടിച്ചുകീറാൻ ശ്രമിച്ചു. ആളുകൾ ആട്ടിയോടിച്ചതുകൊണ്ടാണ് ആ കുട്ടി രക്ഷപ്പെട്ടത്. ആ കുട്ടിയുടെ വസ്ത്രത്തിൽ മാത്രമാണ് കടിയേറ്റത്. ഇങ്ങനെയുള്ള ധാരാളം അനുഭവങ്ങളുണ്ട്. പ്രസ്തുത വിഷയം സഭയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. നായ്ക്കളുടെ കടിയേറ്റം

അവയുടെ ആക്രമണത്തിൽ ഭയന്നോടി വാഹനത്തിന്റെ അടിയിൽപ്പെട്ടും മരിച്ച ഒട്ടേറെ സംഭവങ്ങളുണ്ട്. ഈ സാഹചര്യത്തിൽ തെരുവുനായ്ക്കളുടെ അസാധാരണമായ വർദ്ധനവിന്റെ കാരണങ്ങളെ സംബന്ധിച്ച് സർക്കാർ വിശദമായ പഠനം നടത്തിയിട്ടുണ്ടോ; തെരുവുനായ്ക്കളുടെ നിയന്ത്രണം ഫലപ്രദമാകണമെങ്കിൽ അത്തരമൊരു പഠനത്തിന്റെ അനിവാര്യത കണക്കിലെടുത്ത് വിശദമായ പഠനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കോവിഡ് 19 കാലഘട്ടത്തിലാണ് തെരുവുനായ്ക്കൾ വർദ്ധിക്കാനിടയായത്. കേരളത്തിൽ കുടുംബശ്രീ മുഖേനയായിരുന്നു തെരുവുനായ്ക്കളുടെ വന്ധ്യംകരണം നടത്തിവന്നിരുന്നത്. കോടതിവിധിയെത്തുടർന്ന് കഴിഞ്ഞ രണ്ടുവർഷമായി അതിന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നതുകൊണ്ടാണ് തെരുവുനായ്ക്കളുടെ എണ്ണം ഇത്രയധികം വർദ്ധിക്കാനിടയായത്. ഇപ്പോൾ കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ കൊണ്ടുവരാനുള്ള പ്രവർത്തനത്തിലേയ്ക്ക് കടക്കുകയാണ്. പരമാവധി വന്ധ്യംകരണം കൊണ്ടുവരികയെന്ന ലക്ഷ്യമാണ് സർക്കാരിന്റെ മുന്നിലുള്ളത്. പരമാവധി പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് എ.ബി.സി. സെന്ററുകൾ തുടങ്ങുകയും കേരളത്തിലെ എല്ലാ

കോർപ്പറേഷനുകളിലും വന്ധ്യംകരണ പ്രക്രിയ ഉൾപ്പെടെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ എണ്ണം നേരത്തെ പറഞ്ഞിട്ടുണ്ട്. തെരുവുനായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കാനുള്ള പ്രവർത്തനത്തിലേയ്ക്ക് സർക്കാർ പോകുകയാണ്. കഴിഞ്ഞ സെപ്തംബർ മാസത്തിൽ ഇതിന്റെ ക്യാമ്പയിൻ തുടങ്ങിയതാണ്. അന്ന് കേരളത്തിൽ തെരുവുനായ്ക്കളുടെ കടിയേറ്റ 8355 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. ഒക്ടോബർ മാസത്തിലെ കണക്ക് പരിശോധിച്ചപ്പോൾ അത് 7542 ആയി കുറഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വീട്ടിൽ വളർത്തുന്ന നായ്ക്കളെ രോഗം ബാധിക്കുമ്പോഴോ വാർദ്ധക്യമാകുമ്പോഴോ തെരുവിൽ ഉപേക്ഷിക്കുന്ന രീതി നിലവിലുണ്ട്. ഇതുമൂലം തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതായും അവ കൂടുതൽ അക്രമസ്വഭാവം പ്രകടിപ്പിക്കുന്നതായും കാണാൻ സാധിക്കും. ഇത് തടയാൻ വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുമെന്നും തിരിച്ചറിയൽ ചിപ്പ് ഘടിപ്പിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചിരുന്നു. പ്രസ്തുത പദ്ധതി എത്ര കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കി; ഏതെങ്കിലും പഞ്ചായത്തിൽ അത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈ പദ്ധതി എന്നത്തേയ്ക്ക് പൂർണ്ണമായും നടപ്പാക്കാനാകും?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വളർത്തുമൃഗങ്ങളിൽ ചിപ്പ് ഘടിപ്പിക്കുന്ന കാര്യം ആലോചിച്ചുവരുന്നുണ്ട്. വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് ഇപ്പോൾ വാക്സിൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. തെരുവുനായ്ക്കളെ പിടികൂടുന്നത് വളരെ ബുദ്ധിമുട്ടായതുകൊണ്ട് അഞ്ഞൂറിൽ കൂടുതൽ ഡോഗ് ക്യാച്ചർമാർക്ക് ഇതുസംബന്ധിച്ച് ട്രെയിനിംഗ് നൽകി. അവർ നായ്ക്കളെ പിടിച്ചുകൊണ്ടുവന്നതിനാലാണ് ഇത്രയധികം നായ്ക്കൾക്ക് വാക്സിൻ കൊടുക്കാൻ സാധിച്ചത്. അതുപോലെ വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് വാക്സിൻ കൊടുക്കുമ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റ് പഞ്ചായത്തുകളിൽ നൽകിയാൽ അവർക്ക് ലൈസൻസ് കൊടുക്കാനുള്ള എല്ലാ നടപടികളും സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതിയുടെ ഭാഗമായി എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ അതുസംബന്ധിച്ച മീറ്റിംഗുകൾ നടന്നു. സ്ഥലം ലഭ്യമല്ലാത്തതിനാൽ പലയിടങ്ങളിലും എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് മലപ്പുറം ജില്ലാ പഞ്ചായത്തിൽ കൂടിയ യോഗത്തിലെ തീരുമാന പ്രകാരം റവന്യൂ വകുപ്പിന്റെ

ഉപയോഗശൂന്യമായ നാലര ഏക്കർ സ്ഥലം എ.ബി.സി. കേന്ദ്രം ആരംഭിക്കാനായി നൽകണമെന്ന് മഞ്ചേരി മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാരെ നേരിൽ കണ്ടെങ്കിലും അതിന് അനുവാദം ലഭിക്കാത്തതുകൊണ്ട് മലപ്പുറം ജില്ലയിൽ എ.ബി.സി. കേന്ദ്രം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എ.ബി.സി. കേന്ദ്രം സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായതും ഉപയോഗപ്രദമായതുമായ ഭൂമിയാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ജില്ലാ പഞ്ചായത്ത് അങ്ങനെയൊരു തീരുമാനമെടുത്തത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരെ നേരിട്ട് കണ്ട് ആവശ്യമുന്നയിച്ചിട്ടും നാളിതുവരെ യാതൊരു തീരുമാനവുമുണ്ടായിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ എത്രമാത്രം അനാസ്ഥ കാണിക്കുന്നുവെന്നതിന്റെ തെളിവായിട്ടാണ് ഞാനിത് ചൂണ്ടിക്കാണിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി അനുവാദം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കേരളത്തിൽ മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിലാണ് എ.ബി.സി. സെന്റർ ആരംഭിക്കാൻ സാധിക്കാത്തത്. പത്തനംതിട്ട ജില്ലയിൽ സെന്റർ സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം

കണ്ടെത്തിയെങ്കിലും പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് അതിന് സാധിച്ചില്ല. മലപ്പുറത്തെ കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പരമാവധി സെന്ററുകൾ കൊണ്ടുവരാനും എം.എൽ.എ.-മാരുടെ സഹായം ആവശ്യമാണ്. എ.ബി.സി. സെന്ററുകൾ ആരംഭിക്കാനായി പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. എല്ലാസ്ഥലത്തും അതിനുള്ള സൗകര്യം കണ്ടുപിടിക്കണം. കൊല്ലം ജില്ലയിൽ ആറോ ഏഴോ സെന്ററുകളുണ്ട്. മലപ്പുറം ജില്ലയിലെ തിരൂരിൽ ഒരു സെന്റർ സ്ഥാപിക്കാനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, കോട്ടയം ഉൾപ്പെടെയുള്ള ജില്ലകളിൽ 37 സെന്ററുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ സെന്ററിലും എ.സി. ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും വേണം. പഞ്ചായത്തുകൾ അതിനുള്ള സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 18 സെന്ററുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് പരമാവധി മണ്ഡലങ്ങളിൽ പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ.-മാരുടെ സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, റാബീസിനെതിരെയുള്ള വാക്സിൻ നൽകിയതിനുശേഷവും നായ്ക്കളുടെ കടിയേറ്റ് മരണമടഞ്ഞ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ജനങ്ങൾ വളരെയധികം ആശങ്കയിലാണ്. സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിൽ പരിശോധിച്ച് ക്വാളിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായ വാക്സിനും സിറവുമാണ് നായ്ക്കളുടെ കടിയേറ്റ് ആശുപത്രികളിലെത്തിയവർക്ക് നൽകിയതെന്നാണ് സർക്കാർ പറയുന്നത്. പക്ഷേ വാക്സിനെടുത്ത ചിലർ മരണപ്പെട്ടത് ജനങ്ങളുടെ ആശങ്ക വർദ്ധിപ്പിച്ചിട്ടുണ്ട്; ഈ സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, സംസ്ഥാനത്ത് ജനുവരി മാസം മുതൽ ഇതുവരെ, തെരുവുനായ്ക്കളുടെ കടിയേറ്റ് 24 മരണങ്ങളാണ് നടന്നിട്ടുള്ളത്. ഇക്കാര്യം ആരോഗ്യ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇതിൽ ആറുപേർ മാത്രമാണ് പേവിഷബാധയ്ക്കെതിരായ ഐ.ഡി.ആർ. വാക്സിനും (Intra-Dermal Rabies Vaccine) ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുള്ളത്. സർക്കാർ നിയോഗിച്ച സമിതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര

സർക്കാരിന്റെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ വാക്സിനുകൾ ഗുണനിലവാരമുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത് പരമാവധി ആളുകളിലേയ്ക്കെത്തിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ചില പ്രത്യേക സമയങ്ങളിലും കാലഘട്ടങ്ങളിലുമാണ് തെരുവുനായ്ക്കൾ കൂട്ടതലായി നാട്ടിലിറങ്ങി ജനങ്ങളെ കടിക്കുകയും അപകടവും മരണവുമൊക്കെ സംഭവിക്കുകയും ചെയ്യുന്നത്. അന്നുമുതലാണ് ഇതിനെക്കുറിച്ച് ചിന്തിക്കുന്നതും അതുസംബന്ധിച്ച് വലിയ കോലാഹലങ്ങളൊക്കെ നടക്കുന്നതും. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്ഥാനാരോഹണം ചെയ്ത ദിവസങ്ങളിലാണ് ഇതുസംബന്ധിച്ച് വലിയ ചർച്ചയുണ്ടാവുകയും അതിന് അദ്ദേഹത്തിന് മറുപടി പറയേണ്ട അവസ്ഥ വരികയും ചെയ്തത്. തെരുവുനായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിന് സ്ഥിര സംവിധാനമുണ്ടാകണമെന്ന നിർദ്ദേശമാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. ഓരോ പഞ്ചായത്തിലും തെരുവുനായ്ക്കളെ ആംബുലൻസുകളിൽ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി നാലഞ്ച് ദിവസം സുരക്ഷിതമായി അതിൽത്തന്നെ താമസിപ്പിച്ച് പ്രയാസങ്ങളൊന്നുമില്ലാതെ പുറത്തേയ്ക്ക്

വിടുന്നതിന് ഒരു മൊബൈൽ യൂണിറ്റ് ആരംഭിക്കുന്നതിനായി തൃശ്ശൂർ വെറ്ററിനറി യൂണിവേഴ്സിറ്റി ആവശ്യമുന്നയിച്ചെങ്കിലും നാളിതുവരെ അനുവാദം നൽകിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ഒരു മൊബൈൽ വാഹനം മാത്രമാണെന്നുപറഞ്ഞ് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ നിരസിക്കുകയും സംസ്ഥാന സർക്കാർ അതിന് പ്രചോദനം നൽകാതിരിക്കുകയും ചെയ്ത അവസ്ഥയുണ്ട്. കുടുംബശ്രീ മുഖേന അത്തരം സ്റ്റാർട്ടപ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചുകൊണ്ട് അത് പരിഹരിക്കാനുള്ള നിലപാട് സ്വീകരിക്കാൻ കഴിയുമോ? എ.ബി.സി. പ്രോഗ്രാമുകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുംവിധം ബ്ലോക്കുതലത്തിൽ രണ്ടോ മൂന്നോ വെറ്ററിനറി ഹോസ്പിറ്റലുകൾ നവീകരിച്ച് ശസ്ത്രക്രിയ ഉൾപ്പെടെയുള്ളവ ചെയ്യാനും ആവശ്യമായ വെറ്ററിനറി ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കാനും നടപടി സ്വീകരിക്കുകയും അതൊരു സ്ഥിരം സംവിധാനമായി ഉപയോഗപ്പെടുത്തുകയും ചെയ്താൽ ഈ പ്രത്യേക കാലഘട്ടത്തിൽ പ്രയാസപ്പെടാത്ത അവസ്ഥയിലേയ്ക്ക് പോകാൻ കഴിയും. അതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, തൃശ്ശൂർ വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ നിലവിൽ ഇത്തരം പ്രശ്നങ്ങളൊന്നുമില്ല. ആംബുലൻസിൽവച്ച് ശസ്ത്രക്രിയ

നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ, ശസ്ത്രക്രിയ കഴിഞ്ഞ നായ്ക്കളെ ആംബുലൻസിൽനിന്നും പ്രത്യേക കൂടുകളിലേയ്ക്ക് നാലഞ്ച് ദിവസം മാറ്റി പാർപ്പിക്കുകയും മറ്റ് ബുദ്ധിമുട്ടുകളൊന്നുമില്ലെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തശേഷമാണ് അവയെ തുറന്നുവിടുന്നത്. അതിനുള്ള സജ്ജീകരണങ്ങളൊരുക്കിയാൽ വാഹനത്തിനുള്ളിൽത്തന്നെ ശസ്ത്രക്രിയ നടത്താൻ സാധിക്കും. ഈ രീതിയിലാണ് കേരളത്തിൽ കുടുംബശ്രീ മുഖേന വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിരുന്നത്. ശസ്ത്രക്രിയയ്ക്കുശേഷം നായ്ക്കളെ മാറ്റാനുള്ള കൂടുൾപ്പെടെയുള്ള സൗകര്യങ്ങൾ അവർക്കുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചുദിവസത്തോളം ഇവയെ മാറ്റി പാർപ്പിച്ചശേഷമാണ് പുറത്തേയ്ക്ക് വിടുന്നത്. പ്രസ്തുത നടപടി പുനരാരംഭിക്കാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട കോടതിയോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ മാത്രമേ മുൻകാലങ്ങളിൽ നടത്തിയതുപോലെ കൂടുതൽ വന്ധ്യംകരണ ശസ്ത്രക്രിയകൾ നടത്താനും തെരുവുനായ്ക്കളുടെ എണ്ണം കുറച്ചുകൊണ്ടുവരാനും സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എല്ലാ ബ്ലോക്കുകളിലും എ.ബി.സി. സെന്ററുകൾ ആരംഭിക്കാൻ സാധിക്കുകയില്ല. നിലവിൽ പഞ്ചായത്തുകളിൽ മൃഗാശുപത്രികളുണ്ട്. മാത്രമല്ല ജില്ലാ സെന്ററുകളിൽ

ഇതിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ബാക്കി സൗകര്യമൊരുക്കുന്ന മുറയ്ക്ക് ശസ്ത്രക്രിയാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഡോക്ടർമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കുന്ന കാര്യവും ആലോചിക്കുന്നതാണ്.

## വന്യജീവി ആക്രമണത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഏർപ്പെടുത്തുന്ന ഇൻഷ്വറൻസ്

3(*63) ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കാൻ ഇൻഷ്വറൻസ് കമ്പനി ഓഗസ്റ്റിൽ വനം വകുപ്പിന് കത്തയച്ചെങ്കിലും പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നോ; എങ്കിൽ

ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ പുനരാരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ&ബി) വന്യജീവി ആക്രമണത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 14-03-2019-ലെ സ.ഉ (കൈ) നം. 12/1995/വനം ഉത്തരവുപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു (അപകട മരണത്തിന് ഒരു ലക്ഷം രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് ഇരുപത്തയ്യായിരം രൂപയും ആശുപത്രിവാസത്തിന് അയ്യായിരം രൂപയും). പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്.

(സി&ഡി) പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിട്ടുള്ളതും കേന്ദ്ര സർക്കാർ പദ്ധതി (PMJJVY) ഉപയുക്തമാക്കുവാൻ ടി വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കേന്ദ്ര സർക്കാർ പദ്ധതിയിലെ ഗുണഭോക്താക്കളുടെ പ്രായപരിധി 18 വയസ്സ് മുതൽ 50 വയസ്സ് വരെ മാത്രമാണെന്നതും ഗുണഭോക്താക്കൾക്ക് ആശുപത്രി ചെലവുകൾക്ക് ടി പദ്ധതി കവറേജ് നൽകുന്നില്ലെന്നതും

പോരായ്മകളായതിനാലും വനം വകുപ്പിന്റെ ഇൻഷ്വറൻസ് പ്രായപരിധിയില്ലാതെ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമായതിനാലും ടി ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

<u>ശ്രീമതി ഉമ തോമസ്:</u> സർ, വനം-വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ ആറ് വർഷത്തിനിടെ 735 പേർ മരണപ്പെടുകയും ഒട്ടനവധിപേർക്ക് പരിക്കേൽക്കുകയും കന്നുകാലികളുൾപ്പെടെ നിരവധി വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒന്നര മാസത്തിനകം അഞ്ച് പേർ കാട്ടാന ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. വനനശീകരണത്തിലൂടെ ആവാസവ്യവസ്ഥ നഷ്ടപ്പെട്ട മൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങി മനുഷ്യവാസം ദുസ്സഹമാക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ആദിവാസി മേഖലകളിൽ മാത്രമല്ല, മറ്റ് നഗരപ്രദേശങ്ങളിലും മൃഗങ്ങളുടെ സാന്നിദ്ധ്യം കാണപ്പെടുന്നത് ഭയാശങ്കകളുണ്ടാക്കുന്നു. ഇതിന് സർക്കാർതലത്തിൽ എന്ത് പ്രതിവിധിയാണ് ചെയ്യുന്നതെന്ന് അറിയാനാഗ്രഹമുണ്ട്. വന്യജീവി ആക്രമണത്തിന് വിധേയമായി മരണപ്പെടുന്നവരുടെ കുടുംബത്തിന്

സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടെങ്കിലും ആയത് ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകുന്നത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, ഇന്നത്തെ വിഷയം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പരിരക്ഷയെക്കുറിച്ചുള്ളതാണ്. മനുഷ്യ-വന്യജീവി ആക്രമണത്തിന്റെ കാര്യത്തിലും മറ്റുതരത്തിലുള്ള അപകടങ്ങൾക്കും സഹായം നൽകേണ്ടതാണെന്ന നിർദ്ദേശം ശരിയാണ്. അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതിമൂലം വന്യജീവി ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം അനുഭവപ്പെട്ടിരുന്നു. എന്നാലിപ്പോൾ അതിനൊരാശ്വാസം കണ്ടുതുടങ്ങിയിട്ടുണ്ട്. പഴയ കുടിശ്ശികകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഉമ തോമസ്:</u> സർ, അങ്ങ് പറഞ്ഞതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ മാത്രം നോക്കിയല്ല വന്യമൃഗങ്ങൾ ആക്രമിക്കുന്നതെന്നുള്ളതുകൊണ്ടാണ് ഞാൻ അങ്ങനെയൊരു ചോദ്യമുന്നയിച്ചത്. വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും ഇവയുടെ ആക്രമണത്തിന് വിധേയമാകുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. വന്യജീവികൾ ജനവാസമേഖലയിൽ കടന്നുകയറുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ ഉചിതമല്ലെന്നാണ് അതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിന് ഒരു ശാസ്ത്രീയ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ? അതോടൊപ്പം ടൂറിസം മേഖലയായ ഇടുക്കിയിൽ ഇന്ന് 'പടയപ്പ്' എന്ന ആനയുടെ ആക്രമണം വളരെയധികം വർദ്ധിച്ചുവരികയാണ്. ഇതിന് ആധുനികരീതിയിലുള്ള ചിപ്പ് ഘടിപ്പിച്ച് ജനങ്ങൾക്ക് അതിന്റെ സഞ്ചാരമേഖല മനസ്സിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ധാരാളം ഉപചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഏതിനൊക്കെ മറുപടി പറയണമെന്നറിയില്ല. ഏറ്റവും അവസാനം പടയപ്പ എന്ന

ആനയെക്കുറിച്ചാണ് ചോദിച്ചിരിക്കുന്നത്. വന്യജീവികൾക്ക് ചിപ്പ് ഘടിപ്പിച്ച് അവയുടെ സഞ്ചാരപഥം മനസ്സിലാക്കി ആക്രമണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. തീർച്ചയായും ആ ദിശയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ സാമാന്യം തൃപ്തികരമായി നടക്കുന്നുണ്ട്. എന്നാൽ, വന്യജീവി ആക്രമണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത നിഷേധിക്കുന്നില്ല. അതിന്റെ ഫലമായി ജനങ്ങൾ ഭീതിയിലാണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ഏതാണെന്ന് കണ്ടെത്തി അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ആദിവാസികൾക്കെതിരെ ധാരാളം ആക്രമണങ്ങളുണ്ടാവുകയാണ്. അവർക്കെതിരെ ആക്രമണമുണ്ടായാൽ സ്വതസിദ്ധമായ പ്രതികരണമുണ്ടാവുകയും കേസെടുക്കുകയും ചെയ്യും. പക്ഷേ, ആ കേസുകളെ സംബന്ധിച്ച് പരിശോധിച്ചാൽ അവയിലൊന്നും തുടർനടപടി സ്വീകരിച്ചിട്ടില്ലെന്ന് മനസ്സിലാകും. വന്യമൃഗങ്ങൾക്ക് ചിപ്പ് ഘടിപ്പിക്കുന്നതിനെപ്പറ്റി ശ്രീമതി ഉമ തോമസ് ചോദിച്ചു. കൊലകൊല്ലി ആനയ്ക്ക് ചിപ്പ് ഘടിപ്പിക്കാൻ അങ്ങേയ്ക്ക്

പോകാൻ സാധിക്കുമോ; ആർക്കെങ്കിലും അതിന് സാധിക്കുമോ? അതുകൊണ്ട് പ്രാക്ടിക്കലായ ചില നടപടികളാണ് ഇക്കാര്യത്തിൽ വേണ്ടത്. ആനത്താരയിൽ വീടുവച്ചിട്ട് അത് തകർക്കുന്നുവെന്നുപറയുന്ന പോലുള്ള ആക്ഷേപം സാധാരണവരാറുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ, ആദിവാസികൾക്കുനേരെയുള്ള ആക്രമണമാണ് പ്രധാനപ്പെട്ട പ്രശ്നം. ആദിവാസികൾക്ക് എല്ലാ സംരക്ഷണവും കൊടുക്കുമെന്ന് പലവട്ടം നമ്മൾ പറഞ്ഞിട്ടുണ്ട്. അവർക്ക് ഭക്ഷണം കൊടുക്കുന്നുണ്ടെങ്കിലും അവിടെ പട്ടിണി മരണങ്ങളും ശിശുമരണങ്ങളും വർദ്ധിക്കുകയാണ്. ഇപ്പോൾ അങ്ങനെയൊന്നും ഇല്ലെന്ന് പറയാനാണ് അങ്ങ് രണ്ടുവശവും നോക്കുന്നതെന്ന് എനിക്കറിയാം. യഥാർത്ഥത്തിൽ ശിശുമരണം നടക്കുന്നില്ലേ; അട്ടപ്പാടി മാത്രം പരിശോധിച്ചുനോക്കൂ. ആദിവാസികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണ്ടേ; ഇത് ഈ സഭയുടെ പൊതുവായ അഭിപ്രായമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുവേണ്ടി കൃത്യമായ നടപടിയെടുത്ത് ആദിവാസികളെ സംരക്ഷിക്കുന്നതിന് മുന്നോട്ടുവരണം.

മി. സ്പീക്കർ: ഈ ചോദ്യം ഔട്ട് ഓഫ് സിലബസാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വന്യജീവികളുടെ ആക്രമണം.....

.....(മൈക്ക് ഓഫ്).....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശരി, അങ്ങയുടെ ചോദ്യം ഞാൻ ശ്രദ്ധിച്ചുകേട്ടു. അങ്ങേയ്ക്ക് എന്തുപറ്റിയെന്നാണ് ഞാൻ ആലോചിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് എന്തുപറ്റിയെന്നാണ് എനിക്കും ചോദിക്കാനുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയോട് ചോദിക്കേണ്ട കാര്യങ്ങളാണ് ദൗർഭാഗ്യവശാൽ അങ്ങ് ചോദിച്ചത്. ചോദിക്കാൻ പാടില്ലെന്നല്ല, ഇത് വനം-വന്യജീവി വകുപ്പുമന്ത്രിയോട് ചോദിക്കേണ്ട ചോദ്യമല്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ഈ ചോദ്യം ഔട്ട് ഓഫ് സിലബസാണ് എന്നുപറഞ്ഞത്. അങ്ങയെപ്പോലെ പരിചയസമ്പന്നനായ ഒരാൾക്ക് എന്തുപറ്റിയെന്ന് എനിക്കറിയില്ല.

ശ്രീമതി കെ. കെ. രമ: സർ, വൻകിട കയ്യേറ്റക്കാരും റിസോർട്ട് മാഫിയകളും വനഭൂമി കയ്യേറുന്ന സംഭവം വർദ്ധിച്ചുവരികയാണ്. ഇത്തരക്കാർ ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രദേശങ്ങളാണ് ഏറിയ പങ്കും കയ്യേറുന്നത്. അവർ ജലസ്രോതസ്സുകളും പുറമ്പോക്കുകളും

സമീപപ്രദേശങ്ങളും വൻഫെൻസിംഗുകൾ കെട്ടി അതിർത്തികളാക്കി തിരിക്കുന്ന പതിവുണ്ട്. ഇത് വന്യമൃഗങ്ങൾക്ക് വെള്ളം കുടിക്കുന്നതിനും അവയുടെ സഞ്ചാര സ്വാതന്ത്ര്യത്തിനും തടസ്സം സൃഷ്ടിക്കുന്നുണ്ടെന്നും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നതിനും അക്രമകാരികളാകുന്നതിനും കാരണമാകുന്നുണ്ടെന്നുമാണ് സമീപവാസികൾ പറയുന്നത്. സർക്കാർ ഇത് തടയുന്നതിനാവശ്യമായ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി വന്യമൃഗശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് തടയുന്നതിനായി എന്തൊക്കെ പഠനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വർദ്ധിച്ചുവരുന്ന വന്യജീവി-മനുഷ്യ സംഘർഷം തടയേണ്ടതിന്റെ അനിവാര്യതയിലേയ്ക്കാണ് ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ ഏതാനും മാസങ്ങളായി വന്യജീവി ആക്രമണം വർദ്ധിച്ചുവരികയാണ്. മൃഗങ്ങൾ വനത്തിനകത്തുനിന്നും പുറത്തുവരാതിരിക്കാനുള്ള സംരക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടതെന്നാണ് ഇതുസംബന്ധിച്ച് പരിശോധന

നടത്തിയിട്ടുള്ളവർ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി മൂന്ന് പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് അവർ മുന്നോട്ടുവച്ചിരിക്കുന്നത്.

1. വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വനത്തിനകത്ത് ലഭ്യമായ പ്രദേശങ്ങളിൽ വന്യജീവികൾക്ക് താല്പര്യമുള്ള തരത്തിലുള്ള വൃക്ഷങ്ങളും മറ്റ് തൈകളും ധാരാളമായി വച്ചുപിടിപ്പിച്ചുകൊണ്ട് ആഹാരം ഉറപ്പുവരുത്തുകയും ചെയ്യുക;

2. വന്യജീവികൾ പുറത്തുവരാനുള്ള സാഹചര്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ വേലികളും സോളാർ ഫെൻസിംഗുകളും കെട്ടി പരിധി കഴിഞ്ഞ് വന്യമൃഗങ്ങൾ പുറത്തുവരുന്നത് തടയാൻ ശ്രമിക്കുക. പക്ഷേ നമ്മുടെ സംസ്ഥാനത്തെ ദൈർഘ്യമേറിയ വനമേഖലകൾ ഫെൻസിംഗ്/ഊർജ്ജവേലികൾ, റെയിൽവേ ഫെൻസിംഗ്, ആന മതിൽ എന്നിവ കെട്ടി സംരക്ഷിക്കുകയെന്നത് പെട്ടെന്ന് ചെയ്യാൻ സാധിക്കുന്ന കാര്യമല്ല. 650 കോടിയോളം രൂപ ചെലവ് വരുന്ന ബൃഹത് പദ്ധതിയാണത്. കേന്ദ്രസർക്കാരിനും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിനും മുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതി അംഗീകരിച്ചാൽ മാത്രമേ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ;

3. വനാതിർത്തികളിലെ കൃഷിരീതികളിൽ മാറ്റം വരുത്തി വന്യമൃഗങ്ങളെ ആകർഷിക്കുന്ന നടപടികളിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുക.

അതൊക്കെ പ്രായോഗികമായി നടപ്പിലാക്കണമെങ്കിൽ വലിയ പ്രയാസങ്ങളുണ്ട്. എന്നാലും ഇക്കാര്യത്തിൽ ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കി പ്രസ്തുത പരിപാടികൾ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, 2021 ആഗസ്റ്റ് 30-ന് ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള പാലപ്പിള്ളി റേഞ്ചിൽവച്ച് കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ പാലപ്പിള്ളി ഒഴുക്കപറമ്പിൽ വീട്ടിൽ സൈനുദ്ദീന്റെയും ചുങ്കാൽ പോട്ടോക്കാരൻ വീട്ടിൽ പീതാംബരന്റെയും കുടുംബങ്ങൾക്ക് വനം വകുപ്പിന്റെ ധനസഹായം പൂർണ്ണമായും വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടവർക്കുള്ള ധനസഹായ കുടിശ്ശികകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നേരത്തെ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കോന്നി നിയോജകമണ്ഡലത്തിലെ വിവിധ ജനവാസകേന്ദ്രങ്ങളിൽ പുലിയുടെ ആക്രമണം വർദ്ധിക്കുകയാണ്. ഇന്ന് രാവിലെ കലഞ്ഞൂർ പഞ്ചായത്തിലെ ഇഞ്ചപ്പാറ എന്ന സ്ഥലത്ത് ടാപ്പിംഗ് തൊഴിലാളിയായ വിജയനെ പുലി ആക്രമിക്കുകയുണ്ടായി. കഴിഞ്ഞ ആറ് ദിവസമായി എല്ലാദിവസവും അവിടെ പുലിയുടെ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പഞ്ചായത്തുകൂടിയാണിത്. പുലിയെ പിടികൂടുന്നതിന് അടിയന്തരമായി അവിടെ കൂട് സ്ഥാപിക്കുന്നതിനും ജനങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കഴിഞ്ഞ ഒരാഴ്ചയ്ക്കകം ഇന്നലെയും പത്തനംതിട്ട ജില്ലയിൽ മാത്രമല്ല ഇരിക്കൂർ, പേരാവൂർ ഭാഗത്തൊക്കെ പുലി ഇറങ്ങിയിട്ടുണ്ട്. ഇത്തരം വാർത്തകൾ യഥാസമയം ശ്രദ്ധയിൽപ്പെടാറുണ്ടെങ്കിലും ഓരോ പ്രദേശത്തിന്റെയും സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടു മാത്രമേ അവയ്ക്ക് മയക്കുവെടി നൽകണമോ കൂടുവച്ച് പിടിക്കണമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അത്തരം സാഹചര്യങ്ങളിൽ ആവശ്യമായ നടപടികൾ അനുമതിയില്ലാതെ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വന്യജീവി ആക്രമണത്തിന് വിധേയരാകുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ എന്ന ചോദ്യത്തിന് ഫലത്തിൽ നിലവിലില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. കേരളത്തിലെ ആറളം ഏറ്റവും പ്രധാനപ്പെട്ട ആദിവാസി പുനരധിവാസ മേഖലയാണെന്ന് നമുക്കെല്ലാമറിയാം. ഈയടുത്ത മാസങ്ങളിൽ അവിടെ മൂന്ന് ആളുകൾ ആനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ടു. ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ അവിടെവന്ന് യോഗങ്ങൾ ചേരുകയും ആറളം ഫാമിൽ ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാനം നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാനും പ്രവൃത്തി ഫലപ്രദമായും സമയബന്ധിതമായും പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, തീർച്ചയായും. ഇന്നത്തെ ചോദ്യം എന്തായിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മിപ്പിച്ച കാര്യത്തിൽ എനിക്ക് ബഹുമാനപ്പെട്ട അംഗത്തിനോട് നന്ദിയുണ്ട്. താങ്കൾ മാത്രമാണ് ഈ വിഷയവുമായി ബന്ധപ്പെട്ട ചോദ്യമുന്നയിച്ചത്. അതിന് പ്രത്യേക അഭിനന്ദനങ്ങൾ. അങ്ങ് സൂചിപ്പിച്ചതുപോലെ ആറളം മേഖലയിലെ

വന്യജീവി ആക്രമണം തടയുന്നതിനാവശ്യമായ നടപടികൾ സംബന്ധിച്ച് യോഗം ചേർന്നുവെന്നത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച ഇതുസംബന്ധിച്ച് പ്രത്യേക യോഗം വിളിച്ചുചേർത്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

## ക്ഷീര കർഷകർക്ക് ഇൻസെന്റീവ്

4(* 64) ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് നാല് രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഈ പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) 2022 ഏപ്രിൽ മാസത്തിലെ ഇൻസെന്റീവ് മാത്രമാണോ കർഷകർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ പ്രഖ്യാപിച്ചതുപോലെ നാല് രൂപ നിരക്കിൽ ഒരു വർഷത്തെ ഇൻസെന്റീവ് ലഭ്യമാക്കാൻ സർക്കാർ മുൻകൈയെടുക്കുമോ;

(ഇ) ക്ഷീര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദാനങ്ങൾ പാലിച്ചിരുന്നെങ്കിൽ മിൽമ പാലിന് വില വർദ്ധിപ്പിക്കാതെ മുന്നോട്ടുപോകാൻ സാധിക്കുമായിരുന്നുവെന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ,

(എ) 2022 ജൂലൈ മാസം മുതൽ വർഷം മുഴുവനും സംസ്ഥാനത്ത് ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും അവർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) ക്ഷീരവികസന വകുപ്പ് മിൽക്ക് ഇൻസെന്റീവായി 2022 ജൂലൈ മാസത്തെ പാൽ അളവിന് ആഗസ്റ്റ് മാസത്തിൽ 23.44 കോടി രൂപ പ്രഖ്യാപിച്ചതിനനുസരിച്ച് ഓണത്തിന് മുമ്പായി 2 ലക്ഷത്തോളം വരുന്ന ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ക്ഷീരശ്രീ പോർട്ടൽ വഴി തുക എത്തിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പുദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെയുള്ള

മാസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം പ്രയോജനപ്പെടുത്തി സംഘത്തിൽ അളന്ന പാൽ 3 രൂപ നിരക്കിൽ കർഷകർക്ക് നൽകുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇതുവരെ 5.22 കോടി രൂപ ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറി നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഇൻസെന്റീവ് മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാരിന്റെ സന്ദർഭോചിതമായ ഇടപെടലുകൾമൂലം " മിൽക്ക് ഇൻസെന്റീവ്" എന്ന പദ്ധതിക്ക് 130 കോടി രൂപയോളം സംസ്ഥാനത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയിട്ടുണ്ട്. ഭൂരിഭാഗം പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതത് മാസം അളക്കുന്ന പാലിന് തൊട്ടടുത്ത മാസം സബ്സിഡി നൽകുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് സ്വീകരിക്കാനും പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ക്ഷീരവികസന വകുപ്പിന്റെ 23.44 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചതിനനുസരണമായി ഓണത്തിനുമുമ്പായി 2022 ജൂലൈ മാസത്തെ പാലളവിന് 2 ലക്ഷത്തോളം വരുന്ന കർഷകർക്ക് തുക വിതരണം

ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏപ്രിൽ മാസം മുതൽ ഇൻസെന്റീവ് നൽകുന്നുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീര വികസന വകുപ്പിന്റെയും വാർഷിക പദ്ധതിയിലുൾപ്പെടുത്തിയാണ് ഇൻസെന്റീവ് നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പാലിന് ഇൻസെന്റീവ് നൽകുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒരു വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നതിന് ശ്രമിക്കുന്നതാണ്.

(ഇ) ക്ഷീര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കാത്തതുകൊണ്ടല്ല പാലിന്റെ വില വർദ്ധിപ്പിക്കേണ്ടിവന്നത്. കേരളത്തിലെ ക്ഷീരകർഷകരുടെ പാലുല്പാദനച്ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇതുകാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉല്പാദനച്ചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടതിൻപ്രകാരം മിൽമ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽ വില 6 രൂപ മാത്രമേ വർദ്ധിപ്പിച്ചിട്ടുള്ളൂവെന്നതിനാൽ ഇൻസെന്റീവുൾപ്പെടെ നൽകിയാൽ മാത്രമേ

ക്ഷീരകർഷകർക്ക് പിടിച്ചുനിൽക്കാനും ഉല്പാദനച്ചെലവ് പൂർണ്ണമായും ക്രമപ്പെടുത്തുവാനും സാധിക്കുകയുള്ളൂ. മിൽമയുടെ ലാഭം കർഷകർക്ക് വീതിച്ച് നൽകുന്നുണ്ട്. പ്രതിമാസം സംഘങ്ങളിൽ അളക്കുന്ന പാലിന് നൽകുന്ന വിലയ്ക്ക് പുറമെയാണ് മിൽമ അധികവില നൽകിവരുന്നത്. കൂടാതെ ക്ഷീരകർഷകരെ സഹായിക്കുന്നതിന് സബ്സിഡിയും മറ്റാനുകൂല്യങ്ങളും ക്ഷീരവികസന വകുപ്പും മിൽമയും നൽകിവരുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, വർഷം മുഴുവനും ക്ഷീര കർഷകർക്ക് 4 രൂപ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നായിരുന്നു സർക്കാർ പ്രഖ്യാപിച്ചിരുന്നത്. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കേവലം ഒരു മാസത്തെ (ജൂലൈ മാസം) മാത്രം ഇൻസെന്റീവ് നൽകാനാണ് സർക്കാർ തുക വകയിരുത്തിയിരുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. ക്ഷീരകർഷകന് ഈ വർഷത്തെ ഇൻസെന്റീവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയോ ഫണ്ട് വകയിരുത്തുകയോ ചെയ്തിട്ടില്ല. ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് ഏകദേശം 9 രൂപയോളം നഷ്ടം സംഭവിക്കുന്നുണ്ടെന്ന് സർക്കാർ നിയോഗിച്ച സമിതി കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോഴത്തെ വിലവർദ്ധനവ് അപര്യാപ്തമാണ്. ക്ഷീരകർഷകർക്ക്

ഇൻസെന്റീവ് കൃത്യമായി ലഭ്യമാകാതെ ഇത് ആദായകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ലെന്നിരിക്കെ സർക്കാർ പ്രഖ്യാപനം നടപ്പാക്കാൻ, 4 രൂപയുടെ ഇൻസെന്റീവ് കൃത്യമായി കർഷകർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, തുക അനുവദിക്കുമെന്ന് പറഞ്ഞത് വളരെ കൃത്യമാണ്, കാരണം അത് നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. ക്ഷീരവികസന വകുപ്പ് ഒരു രൂപയും പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നല്കുന്ന ഓരോ രൂപ വീതവും ചേർത്ത് 4 രൂപയാണ് ജൂലൈ മുതൽ ഡിസംബർ വരെ, അതായത് ഈ വർഷം അവസാനം വരെ ക്ഷീര കർഷകർക്ക് ഇൻസെന്റീവായി നൽകുമെന്ന് പറഞ്ഞത്. ജൂലൈ മാസത്തെ ഇൻസെന്റീവ് നൽകുന്നതിനായി ക്ഷീരവികസന വകുപ്പ് മാറ്റിവച്ചിരുന്ന 28 കോടി രൂപയിൽ നിന്നും ഏകദേശം 10,000 രൂപയ്ക്കകത്ത് 177270 കർഷകർക്കും 10,000-25,000 രൂപയ്ക്കിടയ്ക്ക് 1197 കർഷകർക്കും 25,000-50,000 രൂപയ്ക്കിടയ്ക്ക് 139 കർഷകർക്കും 50,000-1,00,000 രൂപയ്ക്കിടയ്ക്ക് 26 കർഷകർക്കും 1,00,000-2,00,000 രൂപയ്ക്കിടയ്ക്ക് 2 കർഷകർക്കും 2,00,000-3,00,000 രൂപയ്ക്കിടയ്ക്ക് 2 കർഷകർക്കുമുൾപ്പെടെ

178636 കർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ വഴി ഇൻസെന്റീവ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് വകുപ്പ് ഇതിനായി കഴിഞ്ഞ വർഷം 90 കോടി രൂപയാണ് മാറ്റിവച്ചതെങ്കിൽ ഇത്തവണ 130 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ക്ഷീരകർഷകർക്ക് ഡിസംബർ വരെയുള്ള ഓരോ മാസത്തെയും ഇൻസെന്റീവ് നൽകുമെന്ന് സർക്കാർ ഉറപ്പുനൽകുകയാണ്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+)

**10.00 a.m**

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 86-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 29-08-2022-ലെ 86-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

+ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

+ അനുബന്ധമായി II ആയി ചേർത്തിട്ടുണ്ട്.

## III അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: പൊതുവിതരണ സമ്പ്രദായവും നെല്ല് സംഭരണവും തകരുകയും അരി, പച്ചക്കറി, പലചരക്ക് സാധനങ്ങളുടെ വില വർദ്ധിക്കുകയും ചെയ്തതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടും ആശങ്കയും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യധാന്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിൽ വിലക്കയറ്റം സ്വാഭാവികമായും രൂക്ഷമായി ബാധിക്കേണ്ടതായിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽമൂലം വിലക്കയറ്റം വലിയതോതിൽ പിടിച്ചുനിർത്താൻ കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. 2022 ഏപ്രിൽ മാസത്തിൽ ദേശീയ ഉപഭോക്തൃ വില സൂചിക നിരക്ക് 7.79

ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അത് ഏറ്റവും കുറഞ്ഞ നിരക്കായ 5.08 ശതമാനമായിരുന്നു. ഈ കാലയളവിൽ പശ്ചിമബംഗാളിൽ 9.12 ശതമാനവും തെലുങ്കാനയിൽ 9.02 ശതമാനവും ഹരിയാനയിൽ 8.98 ശതമാനവുമായിരുന്നു. വിലക്കയറ്റം രൂക്ഷമായ 2022 ആഗസ്റ്റ് മാസത്തിൽ ദേശീയ ഉപഭോക്തൃ വില സൂചിക നിരക്ക് 7.90 ശതമാനമായിരുന്നപ്പോൾപോലും കേരളത്തിൽ അത് 5.73 ശതമാനം മാത്രമായിരുന്നു. വ്യാപകമായി ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന പഞ്ചാബ്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽപോലും കേരളത്തെക്കാൾ ഉയർന്ന വില സൂചിക നിരക്കാണുണ്ടായിരുന്നതെന്ന കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്. വിലക്കയറ്റം ഒരു ദേശീയ പ്രതിഭാസമാണെന്ന വസ്തുതയാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ആഗോളതലത്തിലുള്ള പല ഘടകങ്ങളും ഇതിന് കാരണമാകുന്നുണ്ട്. എന്നാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായിരുന്നിട്ടുപോലും കേരളത്തിൽ വിലക്കയറ്റം രൂക്ഷമാകാതിരുന്നതിന് കാരണം എൽ.ഡി.എഫ്. സർക്കാരിന്റെ ശക്തമായ വിപണിയിടപെടലാണെന്ന കാര്യം പ്രതിപക്ഷം ഓർക്കണം. 2022 ഡിസംബർ 5-ാം തീയതി സഭയിൽവന്ന ചോദ്യത്തിനുള്ള മറുപടിയായി വില നിയന്ത്രിക്കാനുള്ള ഇടപെടലിനെ സംബന്ധിച്ച്

വിശദമായി പറഞ്ഞതാണ്. ഞാനത് ആവർത്തിക്കുന്നില്ല. യാതൊരു വസ്തുതയുമില്ലാതെയും യാഥാർത്ഥ്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെയുമാണ് പ്രതിപക്ഷം അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. പഴയ ഏതോ അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് ആവർത്തിച്ച് എഴുതിക്കൊടുത്തതാണോ എന്ന കാര്യവും സംശയമാണ്. ഓണക്കാലത്ത് പച്ചക്കറികളുടെ വില സാധാരണ വർദ്ധിക്കാറുണ്ട്. തക്കാളിയുടെ വില 125 രൂപയായത് സഭയിലും ചർച്ചയായതാണ്. പച്ചക്കറിയുടെ ഇന്നത്തെ വില സംബന്ധിച്ച് എന്തെങ്കിലും ധാരണ പ്രതിപക്ഷ എം.എൽ.എ.മാർക്കുണ്ടോ? ....(ബഹളം)..... ഇതെന്തൊരു നാണക്കേടാണെന്ന് നിങ്ങൾ ആലോചിക്കണം....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്........ ശ്രീ. പി. കെ. ബഷീർ, ........പ്ലീസ് .......(ബഹളം)...... ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തെ നോക്കേണ്ട, ചെയറിനെ നോക്കി സംസാരിക്കണം.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, പ്രതിപക്ഷം ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല, ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുന്ന ഏർപ്പാടാണ് കാണിക്കുന്നത്. ....(ബഹളം).....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയാൻ തുടങ്ങുമ്പോൾതന്നെ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് വിവരമുണ്ടോയെന്നൊക്കെ ചോദിക്കേണ്ട കാര്യമുണ്ടോ? .......(ബഹളം)........

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്...... ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കു.

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് ഞാനിവിടെ പറഞ്ഞ വാക്കുകളല്ല. യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാതെ ഇത്തരത്തിൽ എഴുതിക്കൊടുത്തതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്.

മി. സ്പീക്കർ: പോയിന്റ് ക്ലിയറാണ്.

ശ്രീ. ജി. ആർ. അനിൽ: സർ, ഇന്ന് തക്കാളിയുടെ മാർക്കറ്റ് വില 24 രൂപയും വെണ്ടയ്ക്കക്ക് 20 രൂപയും പയറിന് 75 രൂപയും പടവലത്തിന് 40 രൂപയുമാണ്. കർഷക പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന നിരവധി കർഷക സുഹൃത്തുക്കൾ സഭയിലുണ്ട്. അവരുൾപ്പെടുന്ന കൃഷിക്കാർ ആവശ്യപ്പെടുന്നത് വില വർദ്ധിപ്പിക്കണമെന്നും ന്യായവില

ലഭിക്കണമെന്നമാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും പച്ചക്കറിക്ക് മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരളത്തിൽ 16 ഇനം പച്ചക്കറികൾക്ക് എം.എസ്.പി. ഏർപ്പെടുത്തിയിട്ടുണ്ട്. പച്ചക്കറികൾക്ക് വില ലഭിക്കാത്തതിനാൽ കേരളത്തിലെ കൃഷിക്കാർക്ക് കൃഷി വകുപ്പ് മിനിമം സപ്പോർട്ട് പ്രൈസ് നൽകുകയാണ്. അക്കാര്യം മനസ്സിലാക്കണ്ടേ? നെല്ലുല്പാദനം കുറഞ്ഞെന്നാണ് പ്രതിപക്ഷം പറയുന്നത്. നെല്ലുല്പാദനത്തിന്റെ യഥാർത്ഥ ചിത്രം നിങ്ങൾ പരിശോധിക്കണം. കേരളത്തിലെ ഉല്പാദനരംഗത്ത് വലിയ മാറ്റമുണ്ടായില്ലേ; 2016-17-ൽ 4.53 ലക്ഷം മെട്രിക് ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അതുകൊണ്ടാണോ നെല്ലിന്റെ വില കൂടിയത്?

<u>ശ്രീ. ജി. ആർ. അനിൽ</u>: അതെല്ലാം പറഞ്ഞുതരാം. സമയം നൽകിയാൽ മതി.

<u>മി. സ്പീക്കർ</u>: കമന്റുകൾ ശ്രദ്ധിക്കേണ്ട. അവയ്ക്ക് മറുപടിയും നൽകേണ്ട.

ശ്രീ. ജി. ആർ. അനിൽ: സർ, 2016-17-ൽ 4.53 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച സ്ഥാനത്ത് 2020-21-ൽ 7.64 ലക്ഷം മെട്രിക് ടൺ സംഭരിച്ചു. ഇതെല്ലാം യാഥാർത്ഥ്യമല്ലേ; 2021-22-ൽ 254066 കർഷകരിൽനിന്നും 7.48 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഒരു സീസണേ ആയിട്ടുള്ളൂവെങ്കിലും നടപ്പ് സംഭരണ സീസണിൽ ഇതുവരെ 42265 കർഷകരിൽനിന്നും 1.36 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരിക്കുകയാണ്. സംഭരിച്ച നെല്ലിന് 165.21 കോടി രൂപ 19287 കർഷകർക്ക് നൽകിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഒന്നുകൂടി പ്രിയപ്പെട്ട സുഹൃത്തുക്കൾ അറിയേണ്ടതുണ്ട്. നിങ്ങൾ കുറച്ചുകൂടി വസ്തുതകളിലേയ്ക്ക് വരണം, പഴയ രീതിയിൽ ചിന്തിക്കരുത്.

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കൂ.

ശ്രീ. ജി. ആർ. അനിൽ: സർ, എന്തുകൊണ്ടാണ് ഞാനങ്ങനെ പറഞ്ഞതെന്നുവച്ചാൽ, രാജ്യത്തെ ഈ അവസ്ഥയിലേയ്ക്കെത്തിച്ചത് യു.ഡി.എഫ്.-ലെ കോൺഗ്രസ്സുകാരാണ് എന്നതുകൊണ്ടാണ്. ഒരിക്കൽ സഭയിൽ ഞാനിത് വളരെ വിശദമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അരിയുടെ കാര്യം പറയണം.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, അരിയുടെ കാര്യം പറയാം. ഇത്തരത്തിൽ കേരളത്തിലെ കൃഷിക്കാരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുകയാണ്. കഴിഞ്ഞ വർഷം സംഭരിച്ച നെല്ല് സി.എം.ആർ. (Custom Milled Rice) ആക്കി മാറ്റിയപ്പോൾ 4.60 ലക്ഷം മെട്രിക് ടൺ ലഭിച്ചു. അത് എവിടെയാണ് പോകുന്നത്? അതാണ് കേരളത്തിലെ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് ലഭിക്കുന്നത്. ഒരു കിലോ അരി റേഷൻ കടയിലൂടെ കാർഡുടമകൾക്ക് കിട്ടുമ്പോൾ 53.98 രൂപയാണ് ഗവൺമെന്റിന് ചെലവാകുന്നത്. അത് മറന്നുപോകരുത്. കേരളത്തിലെ മാർക്കറ്റിൽ 55-ഉം 60-ഉം രൂപ വിലയുള്ള അരി സൗജന്യമായി എ.എ.വൈ. കാർഡ് (മഞ്ഞ കാർഡ്) ഉടമകൾക്ക് നൽകുകയാണ്. ലക്ഷക്കണക്കിന് ചുവന്ന കാർഡുകാർക്ക് 2 രൂപ നിരക്കിലും നീല കാർഡുകാർക്ക് 4 രൂപ നിരക്കിലും വെള്ള കാർഡുകാർക്ക് 10.90 രൂപയ്ക്കുമാണ് അരി നൽകുന്നത്. ഇത്രയേറെ വിലപിടിപ്പുള്ള നെല്ലിൽനിന്നും പ്രോസസ് ചെയ്തെടുക്കുന്ന അരി ഈ വിലയ്ക്ക് കൊടുക്കുന്നതിന്റെ യാഥാർത്ഥ്യം പ്രതിപക്ഷം മനസ്സിലാക്കണ്ടേ; ഇത്രയധികം സബ്സിഡിയും സൗജന്യവും കൊടുത്തുകൊണ്ട്, കൃഷിക്കാരെയും ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകളെയും ഒരുപോലെ സഹായിക്കാൻ കേരളത്തിലെ ഗവൺമെന്റ് ചെലവഴിക്കുന്ന തുക

എത്രയാണെന്നറിയാമോ? കേരളത്തിലെ ഗവൺമെന്റ് ഒരു വർഷം 1,600 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. പൊതുവിതരണ രംഗമാകെ താറുമാറായി എന്നാണ് പ്രതിപക്ഷം പറയുന്നത്. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, മറുപടി പറഞ്ഞോളൂ.

ശ്രീ. ജി. ആർ. അനിൽ: സർ, യഥാർത്ഥത്തിൽ അടിയന്തരപ്രമേയം പിൻവലിച്ച് പ്രതിപക്ഷം നമ്മളോടൊപ്പം സഹകരിക്കേണ്ടതാണ്. ഇവർക്ക് അബദ്ധം പറ്റിയതാണ്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിലോ കർണ്ണാടകയിലോ ഇന്ത്യയിലെ മറ്റേതെങ്കിലുമൊരു സംസ്ഥാനത്തോ കേരളത്തിലെപോലെ ശക്തമായ പൊതുവിതരണ സംവിധാനം നിലവിലുണ്ടോ? എതിർപ്പുണ്ടെങ്കിൽ പറയാം. കേരളത്തിൽ 93 ലക്ഷം കാർഡുടമകളാണ് നിലവിലുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 286000 പുതിയ കാർഡുകൾ നൽകി. എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. അതുമാത്രമല്ല പൊതുവിതരണ കേന്ദ്രങ്ങൾ, റേഷൻ കടയുടെ പ്രവർത്തനം എന്നിവയും പരിശോധിക്കണം. ജൂലൈ മാസത്തിൽ 96% എ.എ.വൈ. കാർഡുടമകളും റേഷൻ വാങ്ങിയിരിക്കുകയാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ആഗസ്റ്റ് മാസത്തിൽ അത് 98

ശതമാനമാണ്. ശരാശരി 96%, 98%, 95% എന്നിങ്ങനെയാണ്. കേരളത്തിലെ കാർഡുടമകളിൽ 90% പേരും റേഷൻ കടകളിൽനിന്നും കൃത്യമായി ഭക്ഷ്യസാധനങ്ങൾ വാങ്ങുകയാണ്. നമ്മുടെ പൊതുവിതരണ രംഗം ശക്തമാണ്. സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകൾ മാത്രമല്ല കൺസ്യൂമർഫെഡ് സ്ഥാപനങ്ങളിലൂടെ ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ നൽകുന്നതിലൂടെ കേരളത്തിന്റെ മഹാഭൂരിപക്ഷം കുടുംബങ്ങൾക്കും ആശ്വാസം പകരാൻ കഴിയുന്നുണ്ട്. വിലക്കയറ്റമുണ്ടാകുമ്പോൾ ബ്രാൻഡഡ് ഉല്പന്നങ്ങൾ വാങ്ങുന്ന ചില കുടുംബങ്ങൾക്ക് വില കൂടുതൽ കൊടുക്കേണ്ടി വരും. പക്ഷേ, കേരളത്തിലെ ഇടത്തരം കുടുംബങ്ങൾ ആശ്രയിക്കുന്ന സപ്ലൈകോ, കൺസ്യൂമർഫെഡ്, റേഷൻ കടകൾ എന്നിവയെല്ലാം ഇന്ന് കേരളത്തിൽ ശക്തമാണ്. പഴയ അവസ്ഥയല്ല ഇന്നുള്ളത്. അത്തരം ഒരു സാഹചര്യത്തിലേയ്ക്ക് കേരളത്തെ നയിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കഴിഞ്ഞ ആറ് വർഷമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഫലപ്രദമായ ഇടപെടലുകളാണ് പൊതുവിതരണ രംഗത്ത് നടത്തുന്നത്. ആറായിരത്തിലധികം കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്. ഓരോ ഉല്പന്നത്തിന്റെയും വില പറഞ്ഞ് സമയം കളയുന്നില്ല. പലതവണ ആവർത്തിച്ചതാണ്.

ഭരണകക്ഷിക്ക് മാത്രമാണോ ഇതിന്റെ ഉത്തരവാദിത്വം. പൊതുവിതരണ രംഗം ശക്തിപ്പെടുത്തേണ്ടതും നിലനിർത്തേണ്ടതും പ്രതിപക്ഷത്തിന്റേകൂടെ ഉത്തരവാദിത്വമല്ലേ? കേരളത്തിലെ പൊതുവിതരണ കേന്ദ്രത്തിൽ നിങ്ങളുടെ കുടുംബവും പോകുന്നതല്ലേ. ആ കാഴ്ചപ്പാട് ഉണ്ടാകേണ്ടതല്ലേ. അതിനുപകരം ഈ രീതിയിലേയ്ക്ക് പോകുന്നത് ശരിയല്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചയും വിപണിയിലിടപെട്ട് വില നിയന്ത്രിക്കാൻ സർക്കാർ പരാജയപ്പെട്ടതും നെല്ലുസംഭരണം പാളിയതുംമൂലം അരി, പച്ചക്കറി, പലചരക്ക് സാധനങ്ങളുടെ വില ക്രമാതീതമായി കുതിച്ചുയരുന്നത് കാരണം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ ഈ അടിയന്തരപ്രമേയ നോട്ടീസിലൂടെ ആവശ്യപ്പെടുന്നത്. ഒരു ഭരണാധികാരിയുടെ ജാഗ്രത വരിയിൽ അവസാനം നിൽക്കുന്ന മനുഷ്യരിലാകണമെന്നാണ് മഹാത്മജി പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ സർക്കാരിന്റെ ജാഗ്രത ഇതിലൊന്നുമല്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വ്യക്തമാക്കുന്നത്. പതിനഞ്ചാം കേരള നിയമസഭ കണ്ടതിൽവച്ച് ഏറ്റവും വലിയ തമാശയാണ് മന്ത്രി ഇവിടെ പറഞ്ഞത്. വില കുതിച്ചുയർന്നിട്ടില്ലെന്നും വിലവർദ്ധനവ് ഉണ്ടായിട്ടില്ലെന്നും

പറയാൻ ഇത്രമാത്രം ധൈര്യം മന്ത്രിക്ക് എവിടെനിന്നാണ് കിട്ടിയതെന്നറിയില്ല. ഞാനൊരു സംഭവം പറയാം. പതിനഞ്ചാം കേരള നിയമസഭയിലെ ഏഴാം സമ്മേളനത്തിലെ ആദ്യ ദിവസമായ 05-12-2022-ലെ ഒന്നാമത്തെ ചോദ്യം സഭയിൽ ഉന്നയിച്ചത് ബഹുമാനപ്പെട്ട ഭരണകക്ഷി എം.എൽ.എ.-മാരാണ്. അത് പ്രതിപക്ഷം കൊണ്ടുവന്ന ചോദ്യമല്ല. സർവ്വശ്രീ ഒ. ആർ. കേളു, കെ. കെ. രാമചന്ദ്രൻ, പി.ടി.എ. റഹീം, ആന്റണി ജോൺ തുടങ്ങിയ നാലുപേരാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. വിലക്കയറ്റവും അതിന്റെ രൂക്ഷതയും വ്യക്തമാക്കിയാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. എന്നിട്ടിപ്പോൾ പ്രതിപക്ഷത്തെ കളിയാക്കുന്നതിൽ എന്തർത്ഥമാണുള്ളത്? മറ്റൊരു സംഭവംകൂടി ഞാൻ പറയാം. അഞ്ച് അപ്പവും മുട്ടക്കറിയും ഉൾപ്പെടുന്ന പ്രഭാതഭക്ഷണത്തിന് 184 രൂപ ഈടാക്കിയ കണിച്ചുകുളങ്ങരയിലെ സാധാരണ ഹോട്ടലിനെതിരെ ഒരു ഭരണകക്ഷി എം.എൽ.എ. ജില്ലാ കളക്ടർക്ക് പരാതി നൽകിയെന്ന വാർത്ത ഈ വർഷാരംഭത്തിൽ കൗതുകത്തിനപ്പുറം വർത്തമാനകാല യാഥാർത്ഥ്യങ്ങളെയാണ് തുറന്നുകാണിക്കുന്നത്. വിലക്കയറ്റമെന്ന മഹാവ്യാധിയിൽപ്പെട്ട് ജനം നട്ടംതിരിയുകയാണ്. ഖജനാവ് നിറയ്ക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യാതൊരു കരുതലും കരുണയും

കാണിക്കാതെയാണ് പുതിയ നികുതിയും ഫീസും പൊതുജനങ്ങളുടെമേൽ അടിച്ചേല്പിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകാലത്ത് വിലക്കയറ്റമുണ്ടായിട്ടില്ലെന്നും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വില കുറവാണെന്നുമാണ് പറഞ്ഞത്. 2016-ലെ ദേശാഭിമാനി പത്രത്തിലെ പ്രധാന വാർത്തയായി പറഞ്ഞിരിക്കുന്നത് അഞ്ചുവർഷം വില വർദ്ധിക്കില്ലെന്നാണ്. എന്നാൽ അതേ ദേശാഭിമാനി ഇപ്പോൾ പറയുന്നത് വില കുതിക്കുകയാണെന്നാണ്. (പത്ര കട്ടിംഗുകൾ ഉയർത്തിക്കാട്ടി). 'കുറയാതെ വിലക്കയറ്റം' എന്ന് മലയാള മനോരമ വലിയ തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. 05-11-2022-ലെ മാതൃഭൂമി ദിനപ്പത്രത്തിൽ 'റേഷൻ പുഴുക്കലരിക്ക് ക്ഷാമം, കിട്ടുന്നത് ഏറെയും പച്ചരി' എന്നാണ് കൊടുത്തിരിക്കുന്നത്, ഇത് യാഥാർത്ഥ്യവുമാണ്. 'പലവ്യഞ്ജനങ്ങളുടെ വിലയും ഉയർന്നുതന്നെ', 'സപ്ലൈകോയും കൈവിടുന്നു' എന്ന് കേരള കൗമുദി റിപ്പോർട്ട് ചെയ്യുന്നു. 'തിളച്ചുമറിഞ്ഞ് പച്ചക്കറി വില' എന്നാണ് മംഗളം പത്രം 08-09-2022-ൽ പറഞ്ഞിരിക്കുന്നത്. 'അരി വില കുതിച്ചുയരുന്നു' എന്ന് മാധ്യമം പത്രം പറയുന്നു. 'ഇനി അന്നംമുട്ടും' എന്ന് മാതൃഭൂമി ദിനപ്പത്രം വീണ്ടും പറയുന്നു. കേരളത്തിലെ പത്രങ്ങളാണോ കളവുപറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത്; അതോ പ്രതിപക്ഷമാണോ കളവുപറയുന്നത്? അതോ

ഭക്ഷ്യ വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണോ എന്നാണ് ഞങ്ങൾക്ക് അറിയാനുള്ളത്. സംസ്ഥാനത്ത് ഒരു വർഷത്തിനിടെ മുഖ്യ ആഹാരമായ അരിയുടെ വില ഇരട്ടിയായിട്ടുണ്ട്. അരിവില കുതിച്ചുയർന്നാൽ അന്നം മുട്ടാൻ അധികനാൾ വേണ്ടിവരില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ജ്യോതി അരിയുടെ വില 38 രൂപയായിരുന്നത് ഇന്ന് 62 രൂപയാണ്. അതുപോലെ ഒരു കിലോ മട്ട അരി 37 രൂപയിൽനിന്നും 58 രൂപയായും ജയ അരി 36 രൂപയിൽനിന്നും 56 രൂപയായും പൊന്നി അരി 35 രൂപയിൽനിന്നും 45 രൂപയായും വർദ്ധിച്ചു. കേരളത്തിലെ ജനങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കേരളത്തിൽ നാല്പത് ലക്ഷം ടൺ അരിയാണ് ഒരു മാസം ഉപയോഗിക്കുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റ് നൽകുന്നത് വെറും 16 ലക്ഷം ടൺ മാത്രമാണ്. 40 ലക്ഷം ടൺ അരി ആവശ്യമുള്ള സ്ഥാനത്ത് 16 ലക്ഷം ടൺ മാത്രമാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. ബാക്കി 24 ലക്ഷവും പൊതുവിപണിയിൽ നിന്നാണ് കണ്ടെത്തേണ്ടത്. എന്നാൽ സർക്കാർ പൊതുവിപണിയിൽ ഇടപെട്ട് മാർക്കറ്റ് വില നിയന്ത്രിക്കുന്നുമില്ല. മാർക്കറ്റ് വില നിയന്ത്രിക്കുന്നതിനുവേണ്ടി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തേണ്ടതാണ്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം

ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപീകരിച്ചപ്പോൾ ആരംഭിച്ചതല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിക്കാരനായ ഇ. ചന്ദ്രശേഖരൻ നായരും മുസ്ലീംലീഗിന്റെ യു. എ. ബീരാൻ സാഹിബും അടക്കമുള്ള പ്രഗത്ഭരായ മന്ത്രിമാർ കേരളത്തിലെ ഭക്ഷ്യവകുപ്പ് കൈകാര്യം ചെയ്യുകയും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് ഈ രീതിയിലെങ്കിലും മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി, മറ്റ് സംസ്ഥാനങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ഇവിടെനിന്നും രക്ഷപ്പെടാൻ ശ്രമിക്കരുത്. മന്ത്രിയുടെ മറുപടി കേട്ടാൽ തോന്നും അദ്ദേഹം ഏതോ ഒരു വെള്ളരിക്കാപ്പട്ടണത്തിലെ മന്ത്രിയാണെന്ന്. ആ രീതിയിലാണ് അദ്ദേഹം സംസാരിക്കുന്നത്. .....(ബഹളം)..... ബഹുമാനപ്പെട്ട സി. കെ. ആശ ചെയറിലിരിക്കേണ്ട ആളാണ്, നിരന്തരം ശല്യം ചെയ്യുകയാണ്. ശ്രീമതി സി. കെ. ആശ എന്റെ മുമ്പിലിരുന്നാണ് ഇങ്ങനെ ശല്യം ചെയ്യുന്നത്. .....(ബഹളം).....

മി. സ്പീക്കർ: യെസ്...യെസ്.... നിങ്ങളുടെ സമയമാണ് പോകുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അരി വില ഇങ്ങനെ കുതിച്ചു വാണംപോലെ ഉയർന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിലെ സപ്ലൈകോ നോക്കുകുത്തിയായിരിക്കുകയാണ്. സപ്ലൈകോയിൽ വില കൂടിയതിന്റെ

കണക്ക് എന്റെ കയ്യിലുണ്ട്. മന്ത്രി തന്ന കണക്കും ഇവിടെയുണ്ട്. സപ്ലൈകോയിൽ സാധനങ്ങളുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സപ്ലൈകോയ്ക്ക് ആകെ ഒരു വർഷം കൊടുക്കുന്ന സബ്സിഡി തുക 200 കോടി രൂപയാണ്. ആ രൂപ കൊണ്ട് വളരെ കുറച്ച് ഇനങ്ങൾ മാത്രമേ സപ്ലൈകോയിൽനിന്ന് കൊടുക്കുന്നുള്ളൂ. അത് തീർന്നാൽ പിന്നെ സാധനങ്ങളില്ല എന്നാണ് സപ്ലൈകോയിൽ ചെന്നാൽ ലഭിക്കുന്ന മറുപടി. വില നിയന്ത്രണാതീതമായി ഉയരുന്നതിനിടയിൽ സാധാരണക്കാർക്ക് സപ്ലൈകോയിൽ പോയാൽ സാന്ത്വനം കിട്ടുന്നത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. സപ്ലൈകോ അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിച്ചിട്ടുള്ള സാധനങ്ങൾക്ക് കാശ് കൊടുക്കാനുള്ളതുകൊണ്ട് ഇപ്പോൾ സപ്ലൈകോയ്ക്ക് അവർ സാധനങ്ങൾ നൽകുന്നില്ല. ആ രീതിയിലേയ്ക്ക് സപ്ലൈകോയെ കേവലം നോക്കുകുത്തിയാക്കി മാറ്റുകയല്ലേ ബഹുമാനപ്പെട്ട മന്ത്രിയും ഇപ്പോഴത്തെ ഭരണവും ചെയ്യുന്നത്. വില കുതിച്ചുകൊണ്ടിരിക്കുകയാണ്. വിലനിലവാരം സംബന്ധിച്ച കണക്കുകൾ എല്ലാദിവസവും ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ടേബിളിൽ വരുന്നുണ്ട്. പക്ഷേ അതൊക്കെ നോക്കിക്കൊണ്ട് ഇവിടെ വിലക്കയറ്റമില്ല എന്ന രീതിയിൽ നിസ്സംഗമായിരിക്കുന്ന ഒരു ഭരണവർഗ്ഗമാണ് ഈ

ഗവൺമെന്റിന്റെ ഏറ്റവും വലിയ മുഖമുദ്രയായി, സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പരാജയമായി നിൽക്കുന്നത്. കേരളത്തിൽ ആഗസ്റ്റ് മാസത്തിൽ 5.73 ശതമാനം വിലവർദ്ധനവുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചു. എന്നാൽ ഇന്നത് 6.45 ശതമാനമായി വർദ്ധിച്ചു. ഏകദേശം ഒരു ശതമാനം വീണ്ടും വർദ്ധിച്ചുവെന്നുള്ള യാഥാർത്ഥ്യംകൂടി മന്ത്രി തിരിച്ചറിയേണ്ടതുണ്ട്. ഇതിന്റെകൂടെ പച്ചക്കറി, പാൽ, പഴവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ എന്നിവയുടെയും വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പലവ്യഞ്ജനങ്ങളുടെയും മറ്റ് സാധനങ്ങളുടെയും വില ഇവിടെ പറയുകയുണ്ടായി. എന്നാൽ യഥാർത്ഥ മാർക്കറ്റിൽ പോയാൽ ഇതല്ല സ്ഥിതി. ഞാൻ കൊണ്ടോട്ടി മാർക്കറ്റിൽനിന്ന് ഇന്നലെ വൈകുന്നേരം എടുത്ത കണക്കുപ്രകാരം രണ്ടുമാസം മുമ്പ് 60 രൂപയുണ്ടായിരുന്ന മുരിങ്ങക്കായ്ക്ക് ഇപ്പോൾ 110 രൂപയാണ്. കാരറ്റിന് 30 രൂപയായിരുന്നത് 80 രൂപയായി മാറിയിട്ടുണ്ട്. വെളുത്തുള്ളി 35 രൂപയായിരുന്നത് 100 രൂപയ്ക്കേ ഇപ്പോൾ കിട്ടുകയുള്ളൂ. ചെറിയഉള്ളി 30 രൂപയായിരുന്നത് 90 രൂപയായി, മൂന്നിരട്ടി വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററൊക്കെ ശ്രദ്ധിക്കണം. നികുതിയും ജി.എസ്.ടി.-യുമെല്ലാം വർദ്ധിപ്പിച്ചിരിക്കുകയാണ്. ജനങ്ങൾ ദുരിതത്തിലാണ് എന്നുള്ള

യാഥാർത്ഥ്യം മറന്നുപോകരുത്. 35 രൂപയായിരുന്ന ബീൻസിന്റെ വില ഇപ്പോൾ 80 രൂപയാണ്. രണ്ടുമാസം മുമ്പ് ഒരു കിലോ പാവക്കായ്ക്ക് 40 രൂപയായിരുന്നത് ഇപ്പോൾ 80 രൂപയാണ്. കോവയ്ക്ക 40 രൂപയിൽനിന്നും 80 രൂപയായും കത്തിരിക്ക 25 രൂപയിൽനിന്നും 50 രൂപയായും പയർ 50 രൂപയിൽനിന്നും 70 രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇത് പച്ചക്കറി സാധനങ്ങളുടെ വിലനിലവാരമാണ്. അതുപോലെയാണ് നിർമ്മാണ മേഖല. നിർമ്മാണ മേഖലയാകെ സ്തംഭിച്ചിരിക്കുകയാണ്. നിർമ്മാണ മേഖലയിൽ കമ്പിക്കും സിമന്റിനും വിലകൂടിയിട്ടുണ്ട്. ഒരു ചാക്ക് സിമന്റിന്റെ വില 500 രൂപ കടന്നു. ഇതിന്റെ ഫലമായി നിർമ്മാണ മേഖല സ്തംഭിച്ചുപോയി. ആളുകൾക്ക് തൊഴിലില്ലാതായി. തൊഴിലും വരുമാനവുമില്ലാതെ ജനങ്ങൾ ഇന്ന് പട്ടിണിയും പരിവട്ടത്തിലുമായിട്ടുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റും മന്ത്രിയും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. സിമന്റിൽ നിന്നായിരുന്നു കേരളത്തിന് ഏറ്റവും കൂടുതൽ ജി.എസ്.ടി. ലഭിച്ചിരുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇങ്ങനെയുള്ള യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് കേന്ദ്രഗവൺമെന്റാണ്

ഇതിനുത്തരവാദിയെന്ന് ഇവിടെ പറയും. കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചാൽ യുക്രൈനും റഷ്യയും തമ്മിലുള്ള യുദ്ധമാണ് ഇതിന് കാരണമെന്ന് പറയും. ഇതാണ് യാഥാർത്ഥ്യം. എല്ലാറ്റിനും കേന്ദ്രഗവൺമെന്റിനെ കുറ്റംപറഞ്ഞ് രക്ഷപ്പെടാൻ കഴിയില്ല. ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചതുകാരണമാണ് വിലവർദ്ധനവുണ്ടായത്. പക്ഷേ ക്രൂഡ് ഓയിലിന്റെ വിലയുടെ ഒരു വലിയ ശതമാനം സംസ്ഥാന ഗവൺമെന്റ് കൈപ്പറ്റിയിരിക്കുകയാണ്. ജനങ്ങളെ ദുരിതത്തിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇതിനെതിരായി അടിയന്തര നടപടിയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാന്യനായ ടി. വി. ഇബ്രാഹിമിന്റെ വിശദീകരണത്തിലെ ചില ഗുരുതരമായ പിഴവുകൾ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കാരണം അത് രേഖയിലുണ്ടാകാൻ പാടില്ല. സംസ്ഥാനത്ത് ഒരുവർഷം ഉപയോഗിക്കുന്ന അരി 35 ലക്ഷം ടൺ മുതൽ 40 ലക്ഷം ടൺ വരെ എന്നാണ് കണക്കുകൾ പറയുന്നത്. എന്നാൽ അദ്ദേഹം പറഞ്ഞത് 40 ലക്ഷം ടൺ അരി ഒരു മാസം ഉപയോഗിക്കുന്നുവെന്നാണ്. അത് ഒരു വർഷത്തേയ്ക്ക്

വേണ്ടിവരുന്ന കണക്കാണെന്ന് തിരുത്തണം. രണ്ട്, കേന്ദ്രസർക്കാർ നമുക്ക് അനുവദിച്ച അരിയും ഗോതമ്പും ഉൾപ്പെടുന്ന ധാന്യം 14.25 ലക്ഷം മെട്രിക് ടൺ ആണ്. 16 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2010-നുമുമ്പാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അദ്ദേഹം പഴയ ഏതോ ഒരു ബുക്ക് എടുത്ത് എഴുതിയെന്നത് വളരെ വ്യക്തമാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്തെ അലോട്ട്മെന്റ് 16.5 ശതമാനമായിരുന്നു. എന്നാൽ അതെങ്ങനെയാണ് കുറഞ്ഞത്? 2013-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നപ്പോഴാണ് അത് കുറഞ്ഞത്. അന്ന് കേന്ദ്രം ഭരിച്ചിരുന്ന യു.പി.എ. സർക്കാരല്ലേ കേരളത്തോട് ഈ അനീതി കാണിച്ചത്. 2 ലക്ഷം മെട്രിക് ടൺ ധാന്യം അധികമായി അനുവദിക്കണമെന്ന് അന്നുമുതൽ നമ്മൾ ആവശ്യപ്പെടുകയാണ്. മുൻഗണനാ വിഭാഗത്തിനുമാത്രമായി അരിവിഹിതം പരിമിതപ്പെടുത്തിയത് പുനഃപരിശോധിക്കണമെന്ന് സംസ്ഥാനം അന്നുമുതൽ ആവശ്യപ്പെടുകയാണ്. കേന്ദ്രസർക്കാരിന്റെ സൗജന്യനിരക്കിൽ അരി ലഭ്യമാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ 43 ശതമാനം കാർഡുടമകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. 57 ശതമാനം കാർഡുടമകൾ അതിന് പുറത്താണ്. അവർക്കൊരു പരിഗണനയും കേന്ദ്രസർക്കാർ നൽകുന്നില്ല. ആ നിലയിലേയ്ക്ക് കേരളത്തെ

എത്തിച്ചത് യു.പി.എ. ഗവൺമെന്റാണ്. ഈ സഭയിലാണ് കേന്ദ്രസർക്കാരിന്റെ നിലപാടുകൾക്കെതിരായി ഐകകണ്ഠ്യേന പാസ്സാക്കാനുള്ള ഒരു പ്രമേയം അവതരിപ്പിച്ചത്. എന്നാൽ ആ സമയത്ത് പ്രതിപക്ഷം കേരളത്തോട് നീതി പുലർത്തിയോ; ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുപോലെ ആവശ്യപ്പെടേണ്ട കാര്യമല്ലേ പ്രമേയത്തിലൂടെ കൊണ്ടുവന്നത്; ആ സമയത്തുപോലും സഭയിൽനിന്നും ഇറങ്ങിപ്പോകുന്ന നിലപാടല്ലേ സ്വീകരിച്ചത്? കേരള നിയമസഭയുടെ കാലയളവിൽ ഈ വിഷയത്തെക്കുറിച്ച് ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ കേരളത്തിന്റെ താല്പര്യത്തോട് എന്തെങ്കിലും അനുകൂല നിലപാട് പ്രതിപക്ഷം സ്വീകരിച്ചോ? ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ അവസ്ഥയിൽ സംസ്ഥാനത്തിനാവശ്യമായ അരിവിഹിതം വർദ്ധിപ്പിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. മുൻഗണനാ കാർഡുകാർക്കുമാത്രമായി അരിവിഹിതം പരിമിതപ്പെടുത്തിയത് ഏറ്റവും അവസാന കണക്കുകൾക്കനുസൃതമായി മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരിമിതമായ സാഹചര്യത്തിലും സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടലാണ് വിശദീകരിച്ചത്. അതുകൊണ്ടാണ് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന കുടുംബങ്ങളെ

ബുദ്ധിമുട്ടുകൾ ബാധിക്കാത്തത്. ബഹുമാന്യനായ അംഗം സബ്സിഡി കൊടുക്കുന്നത് സംബന്ധിച്ച് സൂചിപ്പിച്ച കാര്യത്തിലും ഗുരുതരമായ പിശക് വന്നിട്ടുണ്ട്. 200 കോടി രൂപയുടെ വില്പനയാണ് സപ്ലൈകോയിൽ നടക്കുന്നതെന്ന് വളരെ ലഘുവായിട്ടാണ് പറഞ്ഞത്. അത് ഏത് കണക്കാണെന്ന് എനിക്ക് മനസ്സിലായില്ല. കോവിഡ് കാലത്തൊഴികെ കേരളത്തിലെ സപ്ലൈകോയുടെ കഴിഞ്ഞവർഷങ്ങളിലെ ശരാശരി എടുത്തുനോക്കിയാൽ 5,800 കോടി രൂപയുടെ വില്പന നടന്നതായി കാണാൻ കഴിയും. ഈ വർഷം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കണക്കുകൾ ഞാൻ പരിശോധിച്ചു. കഴിഞ്ഞ നാലഞ്ചുമാസത്തെ കണക്കുകൾ സഭ അറിയുന്നതിനുവേണ്ടി പറയാം. മേയ് മാസത്തിൽ 41.36 കോടി രൂപ, ജൂൺ - 40 കോടി രൂപ, ജൂലൈ-46 കോടി രൂപ, ആഗസ്റ്റ് - 55 കോടി രൂപ എന്നനിലയിൽ സംസ്ഥാന ഖജനാവിൽനിന്ന് സബ്സിഡി തുക കൊടുക്കുകയാണ്. ഇത്തവണ അത് കൂടാൻ സാധ്യതയുണ്ട്. ഇപ്പോൾ വില്പന കൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വർഷം കേരള സർക്കാർ 540 കോടി രൂപ സബ്സിഡി കൊടുക്കേണ്ടി വരും. 200 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയതെങ്കിലും വില്പനയിൽ അതിനേക്കാൾ വലിയ വർദ്ധനവാണുണ്ടാകുന്നത്. കേരളത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകളെ

സാമാന്യജനങ്ങൾ കൂടുതലായി ആശ്രയിക്കുകയാണെന്ന് അതിൽനിന്നും മനസ്സിലാകും. 2016-ലെ വിലയ്ക്ക് 13 ഇനം ഉല്പന്നങ്ങൾ ഇന്നും നൽകുകയാണ്. കോൺഗ്രസ്സ് പല സംസ്ഥാനങ്ങളും ഭരിക്കുന്നുണ്ടല്ലോ; ഇന്ത്യയിൽ മറ്റേതെങ്കിലുമൊരു സംസ്ഥാനത്ത് ഇത്തരത്തിൽ രണ്ട് ഉല്പന്നങ്ങളെങ്കിലും കൊടുക്കുന്നതിന്റെ കണക്ക് പറയാൻ കഴിയുമോ? യഥാർത്ഥത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയം, നൂറ് ശതമാനവും രാഷ്ട്രീയപ്രേരിതവും ജനങ്ങളുടെ മനസ്സിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതുമാണ്. ഇത്തരം കേന്ദ്രങ്ങളെ ആശ്രയിക്കുന്ന കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വാർത്ത പ്രചരിപ്പിക്കാമോ? മാധ്യമങ്ങളിൽ വന്ന വാർത്തയൊന്നും ഞാൻ നിഷേധിക്കുന്നില്ല. മാധ്യമങ്ങൾ പല ഘട്ടങ്ങളിലും പല വാർത്തകളാണ് കൊടുക്കുന്നത്. പല കാര്യങ്ങളും പഴയ തീയതികളിലുള്ള വാർത്തകളായിരിക്കുമെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. മുരിങ്ങയ്ക്കായുടെ വില ചില സീസണുകളിൽ 120 രൂപയും മറ്റുചില ഘട്ടങ്ങളിൽ രണ്ടുരൂപയുമായിരിക്കും. അതെല്ലാം അറിയാവുന്നവരാണ് ഇവിടെയിരിക്കുന്നത്. മുരിങ്ങയ്ക്കായുടെ മാർക്കറ്റ് വിലയെടുത്ത് കാണിച്ചുകൊണ്ടാണോ സഭയിൽ ഇത്തരത്തിലൊരു അടിയന്തരപ്രമേയം കൊണ്ടുവരേണ്ടത്? നമ്മുടെ നാട്ടിൽ ചില ഉല്പന്നങ്ങൾക്ക് ചില സമയങ്ങളിൽ

വ്യത്യസ്തമായ വിലയുണ്ടാകും, അത് സാമാന്യബുദ്ധിയുള്ള എല്ലാവർക്കുമറിയാം. എന്നാൽ കേരളത്തിലെ ജനങ്ങൾ പൊതുവെ ആശ്രയിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന കാര്യമാണ് നിങ്ങൾ പരിശോധിക്കേണ്ടത്. അത്തരം കാര്യങ്ങളിൽ പ്രതിപക്ഷത്തിന്റെ സമീപനമെന്താണ്; ഇത്തരം വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റെടുക്കുന്ന നിലപാടുകളോട് പ്രതിഷേധിക്കാൻ ഇവർ തയ്യാറാകുന്നുണ്ടോ? കേന്ദ്രസർക്കാർ അരിയുടെയും മണ്ണെണ്ണയുടെയും അളവ് കുറച്ചു, അതുപോലെ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ച് വിവിധ ഉല്പന്നങ്ങളുടെ വില കൂട്ടുന്ന അവസ്ഥയുണ്ടാക്കുന്നു. ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. കേരള സർക്കാർ നടത്തുന്ന ഫലപ്രദമായ ഇടപെടലുകൾ മനസ്സിലാക്കി നമ്മുടെ ആവശ്യങ്ങൾ കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കാൻ ശ്രമിക്കണം. കേന്ദ്രസർക്കാരിനെ ഏറ്റവും അവസാനം സമീപിച്ചത് ഇക്കാര്യങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ രാജ്യത്ത് നൂറ് ശതമാനം റേഷൻ കാർഡുകളും ആധാറുമായി ലിങ്കുചെയ്ത ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ആധാറുമായി

റേഷൻ കാർഡ് ലിങ്ക് ചെയ്തിട്ടില്ല. കേരളത്തിലെ റേഷൻ വിതരണ രംഗത്ത് ഒരു തരത്തിലുള്ള ക്രമക്കേടുകളും വരാതിരിക്കുന്നതിനുവേണ്ടി റേഷൻ കാർഡുകളെ ആധാറുമായി ലിങ്ക് ചെയ്ത ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. അപ്പോൾ മുൻഗണനാ കാർഡുകളുടെ എണ്ണത്തിനും ജനസംഖ്യാനുപാതികമായും നമുക്ക് കൂടുതൽ അരി ലഭിക്കേണ്ടതുണ്ട്. അരി വിഹിതം പുന:സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുവെങ്കിലും അവർ വ്യത്യസ്ത നിലപാടാണ് സ്വീകരിച്ചത്. കഴിഞ്ഞ മൂന്ന് മാസമായി കേരളത്തിലെ 57 ശതമാനം വരുന്ന മുൻഗണനേതര കാർഡുകാർക്ക് ഗോതമ്പ് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഗോതമ്പ് അനുവദിക്കാത്തതിനെക്കുറിച്ച് പ്രതിപക്ഷം എവിടെയെങ്കിലും ഉന്നയിക്കുന്നുണ്ടോ? മുൻഗണനേതര കാർഡുകാർക്ക് ഒരു കിലോ ഗോതമ്പ് പോലും കേന്ദ്രം അനുവദിക്കുന്നില്ല. നിങ്ങൾക്ക് വേദനയുണ്ടായെങ്കിൽ ക്ഷമിക്കുക. അതുകൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത്, ഈ കാലഘട്ടത്തിലെ അവസ്ഥ മനസ്സിലാക്കിക്കൊണ്ടുള്ള പ്രമേയമാണ് കൊണ്ടുവരേണ്ടതെന്ന്. സപ്ലൈകോയും മറ്റ് സ്ഥാപനങ്ങളും നല്ലതുപോലെ വിപണിയിൽ ഇടപെടുന്നുണ്ട്.

കൃഷിക്കാരോടും കർഷക പ്രസ്ഥാനങ്ങളോടും അങ്ങേയറ്റത്തെ ആദരവ് നാം കാണിക്കണം. കാരണം, ഒരു വർഷക്കാലം ഇന്ത്യയിലെ കർഷക സുഹൃത്തുക്കൾ നടത്തിയ ശക്തമായ സമരത്തിന്റെ ഫലമായിട്ടാണ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ഭേദഗതി ചെയ്യാനുള്ള നിലപാടിൽനിന്നും കേന്ദ്ര ഗവൺമെന്റ് പിന്മാറിയത്. ഇല്ലെങ്കിൽ സ്ഥിതി എന്താകുമായിരുന്നു? കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളും നയപരമായ തീരുമാനങ്ങളും കാരണം രാജ്യത്ത് കർഷകരുടെ ഉല്പന്നങ്ങൾക്ക് വിലയില്ലാതെയാകുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വർദ്ധിച്ച് വിലക്കയറ്റമുണ്ടാകുന്ന സാഹചര്യമൊരുങ്ങുമായിരുന്നു. അതെന്താണ് നിങ്ങൾ കാണാത്തത്? അതിന് ഉത്തരവാദി അവരല്ലേ, ഞങ്ങളാണോ; അതെല്ലാം ബി.ജെ.പി. ഗവൺമെന്റ് ശക്തമായ രീതിയിൽ നടപ്പാക്കുകയല്ലേ? കൃഷിക്കാരുടെ സമരം ഇല്ലായിരുന്നുവെങ്കിൽ, എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ ഭേദഗതി പാസ്സാക്കുകയും നമ്മുടെ രാജ്യത്തിന്റെ സ്ഥിതി ഇന്നത്തെക്കാൾ പരിതാപകരമാകുകയും ചെയ്യുമായിരുന്നു. വിലക്കയറ്റം രാജ്യമൊട്ടാകെയുള്ള പ്രതിഭാസമാണ്. ചില ഉല്പന്നങ്ങൾക്ക് ചില സമയത്ത് വില വർദ്ധിക്കാറുണ്ട്. അത്തരമൊരു ഘട്ടത്തിൽ ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്ത ഒരു ഗവൺമെന്റാണിത്.

പൊതുവിതരണ സംവിധാനം, ന്യായവില ഷോപ്പുകൾ എന്നിവയിലൂടെ ജനങ്ങൾക്ക് ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് കൃത്യമായി എത്തിക്കാൻ സർക്കാരിന് കഴിഞ്ഞു. സമീപകാലത്ത് അരിയുൾപ്പെടെയുള്ള ചില നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചപ്പോൾ കേരളത്തിൽ 'അരി വണ്ടി' ഇറക്കി അരിക്ഷാമം പരിഹരിക്കുകയായിരുന്നു ഗവൺമെന്റ് ചെയ്തത്. ആ സമയത്ത് ഒരാഴ്ച കൊണ്ട് ഒന്നര ലക്ഷത്തിലധികം ടൺ അരി വിറ്റുപോയി. ക്രിസ്തുമസ്, ഓണം, ന്യൂഇയർ തുടങ്ങിയ ഉത്സവ സീസണുകളിൽ ഇത്തരത്തിലുള്ള മാർക്കറ്റുകൾക്കുപുറമെ ജില്ലാ കേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും സ്പെഷ്യൽ മാർക്കറ്റുകൾ ആരംഭിച്ചതിലൂടെ കോടിക്കണക്കിന് രൂപയുടെ വില്പനയാണ് നടന്നത്. അതുപോലെ അരിവിലയിൽ ചെറിയ വ്യത്യാസമുണ്ടായപ്പോൾത്തന്നെ വെള്ള, നീല കാർഡുള്ള സബ്സിഡിയേതര വിഭാഗങ്ങൾക്ക് എട്ടുകിലോ അരി അധികമായി നൽകുന്ന നിലപാട് സ്വീകരിച്ചു. ഇങ്ങനെ ഫലപ്രദമായി വിപണി ഇടപെടൽ നടത്തുന്ന ഒരു ഗവൺമെന്റാണിതെന്ന കാര്യം വസ്തുതയല്ലേ; ഇത്തരത്തിലുള്ള സർക്കാരിന്റെ ഇടപെടലുകൾ ഇനി ആരെങ്കിലും പറഞ്ഞതുകൊണ്ട് മാറുമോ? അതിനാൽ ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ദേശീയ വിലസൂചികയെക്കാൾ സംസ്ഥാനത്തിന്റെ വിലസൂചിക താഴെയാണെന്ന് പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി ആരംഭിച്ചത്. എല്ലാ കാലഘട്ടത്തിലും അത് അങ്ങനെതന്നെയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ഏറ്റവും നല്ല പൊതുവിതരണ സംവിധാനം വർഷങ്ങളായി നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. 1964-ൽ ഇന്ത്യയിലാദ്യമായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിൽ വന്നത് കേരളത്തിലാണ്. ഇന്ത്യയ്ക്ക് മാതൃകയായ ഒരു പി.ഡി.എസ്. (പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) സംവിധാനമുള്ള സംസ്ഥാനമാണ് കേരളം. മറ്റ് പല സംസ്ഥാനങ്ങളും ദശാബ്ദങ്ങൾക്കുശേഷമാണ് പൊതുവിവതരണ സംവിധാനം മെച്ചപ്പെടുത്തിയത്. അതിന്റെ തുടർച്ചയായാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനും പച്ചക്കറി ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ ഹോർട്ടി കോർപ്പും നിരവധിയായ ഗവൺമെന്റ് ഏജൻസികളും ഉൾപ്പെടുന്ന ഒരു

സംവിധാനം ഇന്ന് കേരളത്തിലുണ്ടായത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹം മന്ത്രിയായതിനുശേഷമാണ് ഈ സംവിധാനങ്ങളെല്ലാം തുടങ്ങിയതെന്ന മട്ടിലാണ് സംസാരിച്ചത്. ഗവൺമെന്റ് ഓണത്തിനും ക്രിസ്തുമസിനും ചന്ത തുടങ്ങിയത് നിങ്ങൾ കണ്ടില്ലേ എന്നാണ് അദ്ദേഹം ചോദിച്ചത്. ഓണത്തിനും ക്രിസ്തുമസിനും ചന്ത തുടങ്ങിയത് ഈ മന്ത്രി വന്നതിനുശേഷമാണോ? പച്ചക്കറിയുടെ വില കൂടിയോ; പ്രതിപക്ഷത്തിന് എന്തറിയാം, നിങ്ങളാരും പച്ചക്കറിയല്ലേ കഴിക്കുന്നത്, പ്രതിപക്ഷ എം.എൽ.എ.മാരുടെ വീട്ടുകളിൽ പച്ചക്കറി വാങ്ങാറില്ലേ, പച്ചക്കറിയുടെ വില കുറഞ്ഞത് നിങ്ങളറിഞ്ഞില്ലേ, നിത്യോപയോഗ സാധനങ്ങളുടെ വില കുറഞ്ഞത് അറിഞ്ഞില്ലേ എന്ന് ചോദിക്കുന്നതുപോലെയാണ് അദ്ദേഹം സംസാരിച്ചത്. ഒരു കിലോ  അരിയുടെ വില 70 രൂപവരെയായെങ്കിലും ഇപ്പോൾ ചെറിയ കുറവുണ്ടായിട്ടുണ്ട്. 38 രൂപയിൽനിന്നാണ് 70 രൂപ വരെയെത്തിയത്. ഞങ്ങൾ രണ്ട് മാസംമുമ്പ് ഈ അപകടത്തെപ്പറ്റി പറഞ്ഞിരുന്നു. കാരണം അരിയുടെ വില വർദ്ധിച്ചാൽ ആനുപാതികമായി പതിമൂന്ന് നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിക്കും. അതിൽ അൻപത് ശതമാനവും കൃത്രിമമായിട്ടുണ്ടാകുന്ന വിലക്കയറ്റമാണ്. അരിയുടെ വില കൂടുമ്പോൾ ആനുപാതികമായി മറ്റ് സാധനങ്ങൾക്കും വില കൂടും. മൂന്നാം

ഘട്ടത്തിൽ അതിന് ആനുപാതികമായി പച്ചക്കറികളുടെ വില വർദ്ധിക്കും. നാലാം ഘട്ടത്തിൽ എല്ലാ സാധനങ്ങളുടെയും വില വർദ്ധിക്കും. ഈ നാല് ഘട്ടങ്ങൾ കേരളത്തിലുണ്ടായപ്പോൾ അരിയുടെ വില കുറച്ചുകൊണ്ടുവരാൻ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചത്? ആന്ധ്രാപ്രദേശിൽനിന്നും അരികൊണ്ടുവരുമെന്ന് അങ്ങ് പറഞ്ഞു. അത് വന്നോ? ഞങ്ങളാരും ആ വിവരം അറിഞ്ഞില്ല. ഒരിടത്തും അരി വന്നില്ല. ഇപ്പോഴും പറയുന്നത് വില വർദ്ധിച്ചിട്ടില്ലെന്നാണ്. ഇന്ന് രാവിലെ മന്ത്രി നൽകിയ മറുപടിയാണ് ഈ ലിസ്റ്റിലുള്ളത്. പ്രിന്റൗട്ട് എടുത്തതിന്റെ ചൂടുപോലും മാറിയിട്ടില്ല (ഒരു പേപ്പർ ഉയർത്തിക്കാണിച്ചു). അതിൽ പറയുന്നത് തുവരപ്പരിപ്പ് 115 രൂപയിൽനിന്നും 131 രൂപയായും മുളക് 183 രൂപയിൽനിന്നും 335 രൂപയായും ജയ അരി 37 രൂപയിൽനിന്നും 58 രൂപയായും വർദ്ധിച്ചുവെന്നാണ്. പഞ്ചസാരയ്ക്ക് രണ്ട് രൂപയെ കൂടിയിട്ടുള്ളൂ. ഇങ്ങനെ ഓരോന്നിന്റെയും വില തന്നിരിക്കുകയാണ്. ഈ വിലക്കയറ്റം രണ്ടുമാസത്തിനിടയിൽ സംഭവിച്ചതാണ്. മട്ട അരി 34 രൂപയിൽനിന്നും 60 രൂപയായിട്ടും വിലക്കയറ്റമില്ലെന്നാണ് പറയുന്നത്. ബ്രാൻഡഡ് മട്ട അരിയുടെ വില 67 രൂപയാണ്. ജയ അരിയുടെ വില 38 രൂപയിൽനിന്നും 70 രൂപവരെയായി. ഇപ്പോൾ 58 രൂപയാണ്. പാചക എണ്ണയുടെ വില 110 രൂപയിൽനിന്നും 165 രൂപയായി. രണ്ടുമാസം മുമ്പ് 90

രൂപയായിരുന്ന മല്ലിയുടെ വില ഇപ്പോൾ 160 രൂപയായി മാറി. സൺഫ്ലവർ ഓയിലിന്റെ വില രണ്ട് മാസം കൊണ്ട് 20 രൂപ കൂടി. ഞങ്ങൾ സാധനങ്ങളുടെ വിലയെക്കുറിച്ച് വലിയ വിവരമൊന്നുമില്ലാത്ത ആളുകളല്ലേ. അതിനാൽ ഇന്നലെ വൈകുന്നേരം ഞങ്ങൾ പാളയം മാർക്കറ്റിൽപോയി പച്ചക്കറിയുടെ വില പരിശോധിച്ചു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന്റെ മൂക്കിന് താഴെയുള്ളതാണ് പാളയം മാർക്കറ്റ്. പച്ചക്കറിക്ക് വില കൂടിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കത്തിരിക്കയ്ക്ക് 25-ൽ നിന്നും 50 രൂപ, ക്യാരറ്റിന് 30-ൽനിന്നും 80 രൂപ, വെളുത്തുള്ളിക്ക് 35-ൽനിന്നും 100 രൂപ, ബീൻസിന് 35-ൽനിന്നും 80 രൂപ, ചെറിയ ഉള്ളിക്ക് 50-ൽനിന്നും 95 രൂപ, കോളിഫ്ലവറിന് 30-ൽനിന്നും 75 രൂപ എന്നിങ്ങനെ വില വർദ്ധിച്ചു. എല്ലാറ്റിന്റെയും ഇന്നലത്തെ വിലയാണ് ഞാനിവിടെ വായിച്ചത്. ഇത് രണ്ടുമാസംകൊണ്ടുള്ള വ്യത്യാസമാണ്. ഞങ്ങൾ പച്ചക്കറികളുടെ വിലയൊന്നുമറിയാത്ത വിവരദോഷികളായ ആളുകളല്ലേ; അതുകൊണ്ട് ഇന്നലെ വൈകുന്നേരം പോയെടുത്ത വിവരമാണിത്. ഇതിന്റെ പകർപ്പ് അങ്ങേയ്ക്ക് തരാം. എല്ലാ സാധനങ്ങൾക്കും വ്യാപകമായി വില കൂടിയിരിക്കുകയാണ്. ജനങ്ങൾ വല്ലാതെ പൊറുതിമുട്ടുകയാണ്. നാലുപേരുള്ള ഒരു കുടുംബത്തിന് അരിയുൾപ്പെടെയുള്ള സാധനങ്ങൾ മിതമായ രീതിയിൽ,

ആർഭാടമില്ലാതെ വാങ്ങുന്നതിന് നേരത്തെ ഒരു മാസം 3,000 രൂപ വേണ്ടിയിരുന്ന സ്ഥാനത്ത് ഇപ്പോഴത് 4,750 രൂപയായി വർദ്ധിച്ചു. 1,750 രൂപയുടെ വർദ്ധനവാണ് ലോവർ-മിഡിൽ ക്ലാസിൽപ്പെട്ട ഒരു കുടുംബത്തിന്റെ ചെലവിൽ വന്നിട്ടുള്ളത്. 75-80 ശതമാനത്തിന്റെ വ്യത്യാസമാണ് വന്നിട്ടുള്ളത്. ശമ്പളവും കൂലിയും വരുമാനവുമൊന്നും അവർക്ക് വർദ്ധിച്ചിട്ടില്ലാത്തതിനാൽ കടബാദ്ധ്യതകളുമായി. അതിൽ മത്സ്യത്തൊഴിലാളികളും പട്ടികജാതിക്കാരും പട്ടിവർഗ്ഗക്കാരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പാവങ്ങളുമൊക്കെയുണ്ട്. അവരുടെയെല്ലാം കുടുംബ ബഡ്ജറ്റിൽ ഉണ്ടായിരിക്കുന്ന മാറ്റം നിയമസഭയിലല്ലാതെ വേറെ എവിടെപ്പോയാണ് ഞങ്ങൾ പറയേണ്ടത്? മന്ത്രിമാർ മറുപടി പറയുമ്പോൾ കാണിക്കേണ്ട ചില മിതത്വമുണ്ട്. ഞാൻ അങ്ങയെ ഉപദേശിക്കുകയല്ല. അങ്ങ് ആദ്യമായി മന്ത്രിയായതിന്റെ കുഴപ്പമാണെന്നൊന്നും ഞാൻ പറയില്ല. ആദ്യമായി മന്ത്രിമാരായി വന്നവർ നന്നായി മറുപടി പറഞ്ഞിട്ടുള്ള ധാരാളം ചരിത്രം ഈ നിയമസഭയ്ക്കുണ്ട്. ഇങ്ങനെയല്ല അടിയന്തരപ്രമേയത്തിന് മറുപടി നൽകേണ്ടത്. പ്രതിപക്ഷത്തിനെ പുച്ഛിച്ചും അവഹേളിച്ചും ആക്ഷേപിച്ചുമാണ് മറുപടി പറഞ്ഞിരിക്കുന്നത്. നിങ്ങളെ പാവങ്ങളാരും ഫോൺ വിളിക്കുന്നില്ലേ;

വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുകയാണ്, പ്രതിപക്ഷം എന്താണ് ചെയ്യുന്നതെന്ന് അവർ ഞങ്ങളോട് ചോദിക്കുന്നു. എന്തുകൊണ്ടാണ് സർക്കാരിനെതിരെ സമരം ചെയ്യാത്തതെന്നാണ് അവർ ചോദിക്കുന്നത്. ജീവിക്കാൻ നിവൃത്തിയില്ലാതെ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുമ്പോൾ ജനങ്ങൾ ആഗ്രഹിക്കുന്നത് അവർ തെരഞ്ഞെടുത്ത ഗവൺമെന്റിന്റെ സാന്നിദ്ധ്യമാണ്. എന്നാൽ അത്തരത്തിൽ ഗവൺമെന്റിന്റെ സാന്നിദ്ധ്യം വിലക്കയറ്റത്തിന്റെ കാലത്ത് കേരളത്തിലുണ്ടായോ? 13 നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ വിതരണം ചെയ്യുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അതിപ്പോൾ തുടങ്ങിയതല്ല, വർഷങ്ങളായി കേരളത്തിലുള്ളതാണ്. സബ്സിഡി കൊടുക്കുന്നതിന്റെ തുകയൊക്കെ പറഞ്ഞപ്പോൾ പുറകിലിരുന്നവർ കയ്യടിച്ചു. കേരളത്തിലെ എല്ലാ ഗവൺമെന്റുകളുടെയും കാലത്ത് സപ്ലൈകോയ്ക്ക് സബ്സിഡി നൽകും. സർക്കാരിന് എന്ത് ബുദ്ധിമുട്ടുണ്ടെങ്കിലും സപ്ലൈകോയ്ക്ക് സബ്സിഡി നൽകും. പക്ഷേ, കേരളത്തിൽ 92.88 ലക്ഷം കാർഡുടമകളുണ്ട്. അതിൽ എത്ര ശതമാനം പേർക്കാണ് സപ്ലൈകോയിൽനിന്നും സാധനം ലഭിക്കുന്നത്? 10% ആളുകളെ പോലും സപ്ലൈകോ അഡ്രസ് ചെയ്യുന്നില്ല. വലിയ തോതിലുള്ള

വിലക്കയറ്റമുണ്ടാകുമ്പോൾ സപ്ലൈകോയുടെ പതിവുരീതി മാത്രംപോര. അതുകൊണ്ടാണ് ഓണം ക്രിസ്തുമസ് കാലങ്ങളിൽ ചന്തകൾ തുടങ്ങുന്നത്. ഓണക്കാലത്ത് ഏത്തക്കായുടെ വില വർദ്ധിക്കുമ്പോൾ സപ്ലൈകോ സഹകരണ സംഘങ്ങൾ വഴിയും കൺസ്യൂമർഫെഡ് വഴിയും സംഭരിച്ച് വിതരണം നടത്തും. അങ്ങനെ മാർക്കറ്റിലെ വില ഇടിഞ്ഞുവരും. പക്ഷേ സപ്ലൈകോ വളരെ കുറച്ച് ആളുകളെ മാത്രമേ അഡ്രസ് ചെയ്യുന്നുള്ളൂ. ഒരുമാസം ഒരു കിലോ പഞ്ചസാരയാണ് നൽകുന്നത്. അതെത്ര കാർഡുകൾക്കാണെന്നറിയാമോ? 40100 കാർഡുകൾക്ക് മാത്രമാണ് നൽകുന്നത്. സപ്ലൈകോ ചെയ്യുന്നില്ലെന്നുള്ള ആക്ഷേപമല്ല ഞങ്ങളിവിടെ ഉന്നയിച്ചത്. സപ്ലൈകോയ്ക്ക് പരിമിതമായി മാത്രമേ മാർക്കറ്റിൽ ഇടപെടാൻ സാധിക്കുന്നുള്ളൂവെന്നാണ് പറഞ്ഞത്. 80% വരെ വിലക്കയറ്റമുണ്ടാകുന്നൊരു പശ്ചാത്തലത്തിൽ സർക്കാരിന്റെ ഏജൻസികൾ ഫലപ്രദമായി ഇടപെടുന്നില്ല. പച്ചക്കറിയുടെ വില കുറച്ചുകൊണ്ടുവരാൻ ഹോർട്ടികോർപ്പിന് ഇപ്പോഴും സാധിച്ചിട്ടില്ല.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, എന്റെ നിയോജകമണ്ഡലത്തിൽ തക്കാളി റോഡിൽ കളയുകയാണ്. ഇത് പത്രത്തിലൊക്കെ വന്നതാണ്. കൃഷി വകുപ്പുമന്ത്രിയും സഹകരണ

വകുപ്പുമന്ത്രിയും ഇടപെട്ടാണ് കുറച്ചൊക്കെ സംഭരിച്ചത്. മുഴുവനായും സംഭരിച്ചിട്ടില്ല. പച്ചക്കറി മുഴുവൻ നശിക്കുകയാണ്. അവർക്ക് ലഭിക്കുന്ന വരുമാനം എന്താണ്; കൃഷി ചെയ്യുന്ന ആളുകളെക്കുറിച്ചും ആലോചിക്കേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, അവിടെയാണ് തെറ്റുപറ്റിയത്. മാന്യമായ വിലയും മിനിമം സപ്പോർട്ടും കൊടുത്ത് കർഷകരിൽനിന്നും സംഭരിക്കുന്ന വിലയാണോ ഇപ്പോൾ മാർക്കറ്റിലുള്ളത്; നിങ്ങൾ തക്കാളിയുടെ കാര്യം പറഞ്ഞു. അതുപോലെ പല സാധനങ്ങൾക്കും മാർക്കറ്റ് വിലയുടെ അഞ്ചിലൊന്നോ പത്തിലൊന്നോ പോലും സാധാരണക്കാരായ കർഷകർക്ക് ലഭിക്കുന്നില്ല എന്നതാണ് ഞങ്ങളുടെ പോയിന്റ്. പല തരത്തിലുള്ള വിലക്കയറ്റവും കൃത്രിമമായി ഉണ്ടാക്കിയിരിക്കുന്നതാണ്. വിലക്കയറ്റമുണ്ടാകുമ്പോൾ, വില പിന്നെയും കൂടുമെന്ന് കരുതി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അതിഭയങ്കരമായി വർദ്ധിക്കും. അപ്പോൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ജില്ല-താലൂക്ക് തലത്തിൽ സമിതികളുണ്ടാക്കി വ്യാപകമായ പരിശോധനകൾ നടത്തും. അതൊന്നും ഇപ്പോഴില്ല. വിലക്കയറ്റത്തിന്റെ നാളുകളിൽ മിക്ക സാധനങ്ങളുടെയും വ്യാപകമായ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടക്കുകയാണ്. മൊത്ത

കച്ചവടക്കാരുടെ കയ്യിൽ സ്റ്റോക്കുണ്ട്. അവർ വില വർദ്ധിക്കുമ്പോൾ മാത്രം സാധനമിറക്കും. സാധനങ്ങൾ മാർക്കറ്റിലില്ലാതെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ മൊത്ത കച്ചവടക്കാർ, അവർ പൂഴ്ത്തി വച്ചിരിക്കുന്ന, ബ്ലാക്ക് മാർക്കറ്റിലുള്ള സാധനങ്ങളിറക്കി വലിയ വിലയ്ക്ക് വിൽക്കുന്നു. ഇവിടെയാണ് സർക്കാരിന്റെ ഇടപെടൽ വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ടേബിളിൽ എല്ലാ ദിവസത്തെയും വിലവിവരപട്ടിക എത്തുമെന്നാണ് എന്റെ അറിവ്. അങ്ങ് ആ ഫയലൊന്ന് പരിശോധിച്ച് കഴിഞ്ഞ രണ്ടുമാസംകൊണ്ട് എത്രമാത്രം വിലവർദ്ധനവാണ് വന്നിട്ടുള്ളതെന്ന് നോക്കണം. ഇത് പാവപ്പെട്ട കുടുംബങ്ങളിലുണ്ടാക്കുന്ന പ്രയാസം വലുതാണ്. അവർക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. അതുകൊണ്ടാണ് ഞങ്ങളിവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. മാർക്കറ്റിലെ കൃത്രിമമായ വിലക്കയറ്റത്തെ നിയന്ത്രിച്ച്, ഏത് സാധനത്തിനാണ് വില കൂടുന്നതെന്ന് പരിശോധിച്ച് പരിഹാരമുണ്ടാക്കാനുള്ള, എന്ത് തരത്തിലുള്ള ഇടപെടലാണുണ്ടായത്? വർഷങ്ങളായി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ട്. അത് ശമ്പളം ലഭിക്കുന്നതുകൊണ്ട് ഉദ്യോഗസ്ഥർ ചെയ്യുന്നതാണ്. അതിനപ്പുറത്തേയ്ക്ക് എന്ത്

മാർക്കറ്റ് ഇന്റർവെൻഷനാണ് ഉണ്ടായതെന്ന് ഞങ്ങളെ കളിയാക്കി സംസാരിച്ചപ്പോൾ അങ്ങിവിടെ പറഞ്ഞില്ലല്ലോ; വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി എന്ത് മാർക്കറ്റ് ഇന്റർവെൻഷനാണുണ്ടായത്?

നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു; ആഗസ്റ്റ് മാസത്തിൽ പാലക്കാടൊക്കെ നെല്ല് കൊയ്യാൻ തുടങ്ങും; നെല്ല് കൊയ്ത് കറ്റ വരമ്പത്തുവച്ച് പിന്നെ അത് മെതിച്ച് നെല്ലാക്കി അവിടെത്തന്നെ സ്റ്റോർ ചെയ്യും; മില്ലുകൾ വഴിയാണ് സംഭരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, അങ്ങ് കർഷകനാണല്ലോ; ഈ പ്രാവശ്യം പാലക്കാടുള്ള പാടശേഖരങ്ങളിൽ കൃഷിക്കാർ കൊയ്തുകൂട്ടിയ നെല്ല് കൃത്യമായി സംഭരിച്ചിട്ടുണ്ടോ? ആഗസ്റ്റ് മാസത്തിൽ മില്ലുകളുമായി ഗവൺമെന്റ് എഗ്രിമെന്റ് വയ്ക്കേണ്ടതല്ലേ; ഓഗസ്റ്റിലും സെപ്റ്റംബറിലും അത് ചെയ്തില്ല. ഒക്ടോബറിൽ എഗ്രിമെന്റ് വച്ചു. തുലാവർഷത്തിലെ മഴയിൽ കർഷകന്റെ കണ്ണീരുപോലെ ആ നെല്ലിൽ മുഴുവൻ വെള്ളം കയറി. കുട്ടനാടിലും നെല്ല് കൂട്ടിയിട്ടു. അതിനുശേഷം ഒക്ടോബറിലാണ് മില്ലുടമകളുമായി ധാരണയായത്. ഒരു മാസം തുടർച്ചയായി തുലാവർഷം പെയ്യുമ്പോൾ കർഷകന്റെ കഠിനാധ്വാനം പാഴായിപ്പോകുകയാണ്, അവൻ കൊയ്തുകൂട്ടിയ നെല്ലാണ് നശിക്കുന്നത്. നെല്ല് സംഭരണത്തിൽ സർക്കാരിന്റെ

പാളിച്ചകൾ ഉയർത്തിക്കാട്ടിക്കൊണ്ട് ഞങ്ങൾ പാലക്കാടും കുട്ടനാടും സമരം ചെയ്തു. പൊതുമാർക്കറ്റിൽ അരിക്ക് 65 രൂപ വിലയുള്ളപ്പോൾ മില്ലുകളുമായി ധാരണയിലെത്തി സംഭരിക്കാത്തതിനാലാണ് പാലക്കാട്ടെയും കുട്ടനാടിലെയും പാവപ്പെട്ട കർഷകൻ കൊയ്തുകൂട്ടിയ നെല്ല് മുഴുവൻ വെള്ളം കയറി നശിച്ചത്. വെള്ളം കയറി ഈർപ്പമുണ്ടായാൽ മില്ലുടമകൾ അത് സംഭരിക്കുമോ? അവർ അതിന് വില കുറച്ച് നൽകി മാത്രമേ സംഭരിക്കുകയുള്ളൂ, ഇതാണ് നമ്മുടെ സംസ്ഥാനത്തെ യാഥാർത്ഥ്യം. 20 ശതമാനം മുതൽ 80 ശതമാനം വരെ വിലക്കയറ്റമുണ്ടായി; 38 രൂപയിൽ നിന്ന് അരിയുടെ വില 70 രൂപ വരെയായി; 13 നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വില വർദ്ധിച്ചു. എല്ലാ സാധനങ്ങളുടെയും വില ആനുപാതികമായി വർദ്ധിച്ചിട്ട് വിലക്കയറ്റമുണ്ടായിട്ടില്ലെന്ന് നിയമസഭയിൽ പറയാൻ ഈ മന്ത്രിക്കല്ലാതെ വേറെയാർക്കും കഴിയില്ല. ജനങ്ങളുടെ സങ്കടങ്ങളും പ്രശ്നങ്ങളും ദുരിതങ്ങളുമാണ് ഞങ്ങൾ സഭയുടെ മുന്നിൽ അവതരിപ്പിച്ചത്. അതിനോടുള്ള അവഹേളനപരമായ മറുപടിയിലും ഒരു നടപടിയും സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ജനങ്ങളെ ഗൗരവമായി ബാധിക്കുന്ന വിഷയങ്ങൾ നിയമസഭയിൽ പറയാൻ പ്രതിപക്ഷം ബാദ്ധ്യസ്ഥമാണ്. അത് ഗൗരവത്തിലെടുത്ത് അതിന്റെ സ്പിരിറ്റിൽ ചർച്ചയെക്കൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം കൊടുത്തുകൊണ്ട് ഗവൺമെന്റും അതിന് ബാദ്ധ്യസ്ഥമാണ്. സംസ്ഥാനത്തെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കിയാണ് ശ്രീ. ടി. വി. ഇബ്രാഹിം അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. സാമ്പത്തികമാന്ദ്യംമൂലമോ മറ്റ് പ്രശ്നങ്ങൾകൊണ്ടോ ജനങ്ങൾക്ക് വരുമാനക്കുറവുണ്ട്. മാർക്കറ്റിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിലവർദ്ധനവാണ് അടിയന്തരപ്രമേയത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. അല്ലാതെ അടിയന്തരപ്രമേയം കൊണ്ടുവന്നത്, കേരളത്തിലൊരു വില വർദ്ധനവ് ഉണ്ടാകുന്നുണ്ട്, അത് ഇവിടെ ആദ്യമായി സംഭവിക്കുന്നൊരു വിഷയമാണ് എന്നൊന്നും പറഞ്ഞുകൊണ്ടല്ല. ഇപ്പോൾ മാർക്കറ്റിൽ അരിയുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു, ഒരു വർഷം 9 ശതമാനമാണ് വില വർദ്ധിച്ചിരിക്കുന്നത്; അതൊരു വസ്തുതയാണ്.

അതുപോലെ പച്ചക്കറിയുടെ വില ഇപ്പോൾ വർദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കൃഷിക്കാരനായ വൈദ്യുതി വകുപ്പുമന്ത്രി പറയുന്നത് എനിക്ക് മനസ്സിലാകുന്നുണ്ട്. കൃഷിക്കാർക്ക് വില ലഭിക്കുന്നില്ലല്ലോ, ഉല്പാദനം കൂടുമ്പോൾ അവർ കൊണ്ടുപോയി കളയുകയല്ലേയെന്നാണ് ചോദിച്ചത്. അത് ഇവിടത്തെ സിസ്റ്റത്തിന്റെ കുഴപ്പമാണ്. കൃഷിക്കാരിൽനിന്നും സാധനങ്ങൾ സംഭരിച്ച്, റെഫ്രിജറേറ്റ് ചെയ്തോ മറ്റ് സംവിധാനങ്ങളിലൂടെയോ സൂക്ഷിച്ചിട്ടാണ് സിസ്റ്റം നന്നായി വർക്ക് ചെയ്യുന്ന രാജ്യങ്ങളിലെ ഗവൺമെന്റ് പഞ്ഞ മാസങ്ങളിൽ വില വർദ്ധിക്കാതിരിക്കാൻ വേണ്ടി വിപണി ഇടപെടലുകൾ നടത്തി സപ്ലൈ ചെയ്യുന്നത്. അങ്ങനെ ചെയ്യുന്നൊരു നിലവാരത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നില്ല. കൃത്യസമയത്ത് നെല്ല് സംഭരിക്കാത്തതിനാൽ കൃഷിക്കാർക്ക് വില കിട്ടുകയുമില്ല, നെല്ല് അവിടെക്കിടന്ന് മുളയ്ക്കുകയും ചെയ്യും. കേരളത്തിൽ നെല്ലിന്റെ ഉല്പാദനം കുറവാണ്, നമ്മൾ മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചു കഴിയുന്നവരാണ്, അവിടെ ക്ഷാമം വന്നാൽ സംസ്ഥാനത്തും ക്ഷാമം കൂടും. ഇതൊക്കെ എല്ലാപേർക്കും മനസ്സിലാകും. പക്ഷേ ഇവിടെ വേണ്ടത്ര വിപണി ഇടപെടൽ നടത്തുന്നില്ല. സപ്ലൈകോ പൈസ കൊടുക്കുന്നില്ലെന്നൊന്നും ആരും പറയുന്നില്ല. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടായിരിക്കാം സപ്ലൈകോയ്ക്ക്

വേണ്ടത്ര സഹായം കൊടുക്കാൻ ധനകാര്യ വകുപ്പിന് കഴിയുന്നില്ല. അതുകൊണ്ട് വിപണി ഇടപെടലുകൾ കാര്യക്ഷമമായി നടത്താൻ സർക്കാരിനും സാധിക്കുന്നില്ല. ജി.എസ്.ടി.യുടെയും പെട്രോളിയം ഉല്പന്നങ്ങളുടെയും വില വർദ്ധനവിന്റെ പ്രശ്നവുമുണ്ട്. അതുപോലെ കേന്ദ്രസഹായം കുറവായി ലഭിക്കേണ്ടതുമുണ്ട്. എന്നാൽ അതൊന്നും കണക്കിലെടുക്കാതെ പ്രതിപക്ഷം ഏതാണ്ടൊരു പാതകം ചെയ്ത രീതിയിലാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഈ അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവരാൻ പാടുണ്ടോയെന്ന തരത്തിലുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ സമീപനം ആദ്യമായി കേൾക്കുകയാണ്. ദേശീയ-അന്തർദ്ദേശീയ കാര്യങ്ങൾ പറഞ്ഞ് പലതിനെയും ന്യായീകരിക്കുന്നത് കേട്ടിട്ടുണ്ട്. ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ സാധിക്കാതെയായപ്പോൾ ഇവർക്കെന്താ ബ്രെഡ്ഡ് തന്നെ കഴിക്കണമെന്നുണ്ടോ, കേക്ക് കഴിച്ചാൽ പോരെയെന്ന് ചോദിച്ചത് അന്തർദ്ദേശീയതലത്തിലാണ്. ഇതുപോലെ ചോദിക്കുന്നതിന് ഇന്ത്യയിലും കേരളത്തിലും ഉദാഹരണങ്ങളുണ്ടായിട്ടുണ്ട്, കേരളീയർ എന്തിനാണ് അരി ആഹാരം കഴിക്കുന്നത്, കപ്പയും മത്തിയും കഴിച്ചുകൂടെ എന്ന് ചോദിച്ച കാലഘട്ടമുണ്ട്. അതുപോലെയാണ് എന്തിനാണ് ഈ മുരിങ്ങയ്ക്കായുടെ കാര്യം പറഞ്ഞുകൊണ്ട് അസംബ്ലിയിൽ വരുന്നതെന്ന്

ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചത്. അങ്ങനെ പറയാൻ പറ്റുമോ? മുരിങ്ങയ്ക്ക, പച്ചമുളക്, കപ്പ, പാവയ്ക്ക, പച്ചക്കറികൾ തുടങ്ങിയവയുടെ വിലവർദ്ധനയല്ലേ നമ്മുടെ പ്രശ്നം. ക്രമാതീതമായ വില വർദ്ധനവും ജനങ്ങൾക്ക് വാങ്ങാൻ കഴിയാത്ത അവസ്ഥയുമാണ് നിലനിൽക്കുന്നത്. ഇപ്പോൾ ആളുകൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിയുകയില്ലെന്ന് മനസ്സിലാക്കിയിട്ട് ചില ഉല്പാദകർ പായ്ക്കറ്റ് സാധനങ്ങളുടെ ക്വാണ്ടിറ്റി, തൂക്കം കുറച്ചുകൊടുക്കുകയാണ്. തൂക്കം കുറച്ചാൽ പെട്ടെന്ന് അറിയില്ലെന്നുള്ളതുകൊണ്ട് തൂക്കം കുറച്ച് മാർക്കറ്റിലിറക്കുന്ന പ്രതിഭാസംവരെ തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് വിലക്കയറ്റമുണ്ട്, ജനങ്ങൾ വലിയ ബുദ്ധിമുട്ടിലുമാണ്. അത് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടത്. അല്ലാതെ പ്രതിപക്ഷം ഈ വിഷയം കൊണ്ടുവന്നത് വലിയ കുഴപ്പമാണെന്നുള്ള നിലയ്ക്കുള്ള മറുപടി തീരെ ശരിയായില്ല. കേരളത്തിലെ ജനങ്ങളുടെ ബുദ്ധിമുട്ട് നിയമസഭയിൽ വേണ്ടവിധം ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള കാര്യങ്ങൾ പറഞ്ഞ് സായൂജ്യമടയാൻ കഴിയുമോ, അവർക്ക് ജീവിക്കണ്ടേ? സാധനങ്ങൾ കിട്ടണ്ടേ, അതിന്

ഗവൺമെന്റ് ഇടപെടണം. മന്ത്രിക്ക് ഇക്കാര്യത്തിൽ പോസിറ്റീവ് സമീപനമില്ലാത്തതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരായ ജനങ്ങൾ വിലക്കയറ്റംമൂലം പൊറുതിമുട്ടുന്നുവെന്നുള്ളത് ഒരു വസ്തുതയായി നിലനിൽക്കുമ്പോൾ ആ പ്രശ്നം പരിഹരിക്കാൻവേണ്ടി സാധ്യമായ നടപടികളെന്തെല്ലാമാണെന്ന് പരിശോധിക്കുന്നതായിരുന്നു സർക്കാരിന് നല്ലത്. ജനങ്ങൾക്കുവേണ്ടി ഈ കാര്യങ്ങൾ അവതരിപ്പിക്കുകയെന്നത് നല്ല നിലപാടാണെന്നുള്ളതാണ് ഞങ്ങൾ പ്രതിപക്ഷത്തുനിന്നും ആലോചിച്ചത്. ഇന്ന് കേരളത്തിൽ വിലക്കയറ്റമില്ലെന്ന് മന്ത്രി എത്രപ്രാവശ്യം പറഞ്ഞാലും ജനങ്ങൾ സമ്മതിക്കുകയില്ല, കാരണം ഇതിവിടെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്; അത് രാഷ്ട്രീയത്തിനതീതമായ പ്രശ്നമാണ്. സർക്കാരിനുമേൽ എല്ലാം കെട്ടിവച്ച് ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാനൊന്നുമല്ല പ്രതിപക്ഷം ശ്രമിച്ചത്. വിലക്കയറ്റം

ഈയൊരവസ്ഥയിൽ മുന്നോട്ടുപോയാൽ നമ്മൾ എന്തു ചെയ്യുമെന്നുള്ളതാണ് വിഷയം, അതിനൊരു പരിഹാരമുണ്ടാകണം. ഇവിടെ ഇടതുപക്ഷം ഭരിച്ചാലും വലതുപക്ഷം ഭരിച്ചാലും കാലാകാലങ്ങളിൽ ഓരോ ഗവൺമെന്റിന്റെ സമയത്തും സാധ്യമായ നടപടികൾ സ്വീകരിച്ച നല്ല മാതൃകകളുണ്ട്. അതിരൂക്ഷമായ സാഹചര്യത്തിന് മുൻപിൽ ഇതിനെ രാഷ്ട്രീയ തർക്കമായി മാറ്റാതെ, പരിഹാരമുണ്ടാക്കുക എന്നതാണ് ആവശ്യം. അതുകൊണ്ട് സാധ്യമായ നടപടികൾ സ്വീകരിക്കാൻ ഇനിയെങ്കിലും ഗവൺമെന്റ് മുന്നോട്ടുവരണം. കർഷകർക്ക് ഇവിടെ എന്താണ് കിട്ടുന്നത്? കർഷകൻ ഇതുപോലെ തകർന്നൊരു കാലഘട്ടമില്ല. കൃഷിക്കാർക്ക് രക്ഷയില്ലാത്തൊരു അവസ്ഥ ഒരു ഭാഗത്ത് നിൽക്കുകയാണ്. ഹോട്ടികോർപ്പുവഴി പച്ചക്കറി സംഭരിച്ചുവെന്ന് പറയുന്നുവെങ്കിലും അതിന്റെ വില വളരെ കുറച്ചാണ് കൊടുത്തിട്ടുള്ളത്. ഇനിയും കുടിശ്ശിക നിൽക്കുകയാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. കൃഷിക്കാരും വിഷമിക്കുകയാണ്. മിനിമം സപ്പോർട്ട് പ്രൈസ് കൊടുക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെയൊക്കെ പതിന്മടങ്ങ് നമ്മുടെ കമ്പോളത്തിൽ വില കയറി നിൽക്കുകയാണ്. പൂഴ്ത്തിവയ്പുകാരോ കരിഞ്ചന്തക്കാരോ കൊള്ളക്കച്ചവടക്കാരോ മാർക്കറ്റിൽ കളിക്കുന്നുവെന്നുള്ളത് മനസ്സിലാക്കാൻ കഴിയും. ഇതിനൊരു

ഇടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. അപ്പോൾ നമ്മുടെ സിസ്റ്റത്തിൽ എവിടെയോ വീഴ്ച സംഭവിച്ചിരിക്കുന്നു, പാളിച്ചകൾ ഉണ്ടായിരിക്കുന്നു. സപ്ലൈകോയെക്കൊണ്ടു മാത്രം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. മുഴുവൻ മനുഷ്യരും പൊതുമാർക്കറ്റിലേയ്ക്ക് വരികയാണ്, അവരെ കണ്ണുതുറന്ന് കാണാനുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണം. ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാനും വിലക്കയറ്റം നിയന്ത്രിക്കാനും സർക്കാർ വേണ്ടതുപോലെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, 2022 ഡിസംബർ 5-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത 345-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ അരി ഉൾപ്പെടെ മുളക്, മല്ലി എന്നിവയുടെ വില വർദ്ധിച്ചതായി അങ്ങ് സഭയിൽ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ഇവിടെ കെട്ടിച്ചമച്ചൊരു കഥയാണ് വിലക്കയറ്റമെന്ന് പറയുന്നതിൽ അർത്ഥമില്ല, കാരണം ഗവൺമെന്റ് നൽകിയ മറുപടിയാണ് ഇവിടെയുള്ളത്. സപ്ലൈകോയെ സംബന്ധിച്ച് ഇവിടെ

പ്രമേയാവതാരകൻ സൂചിപ്പിച്ചു. 200 കോടി രൂപയുടെ വിപണനം നടത്തുന്നുവെന്നുള്ളതല്ല, 200 കോടി രൂപയുടെ സബ്സിഡി മാത്രമേ ലഭിക്കുന്നുള്ളൂ, അത് മതിയാകുന്നില്ലെന്നുള്ളതാണ് അടിയന്തരപ്രമേയത്തിൽ അവതരിപ്പിക്കപ്പെട്ട ഒരു പ്രധാന വിഷയം. 13 സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല, കഴിഞ്ഞ ടേം മുതൽ അത് തുടർന്നുവരുന്നു. പക്ഷേ 13 സബ്സിഡി സാധനങ്ങളുടെ ലഭ്യതകുറവ് സപ്ലൈകോയിൽ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. അതിന് പ്രധാനപ്പെട്ട കാരണം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി തുക തികയുന്നില്ലെന്നുള്ളതാണ്. അങ്ങയുടെ ചോദ്യത്തിൽത്തന്നെ എല്ലാറ്റിനും മറുപടിയുണ്ട്, 2016-ലെ പർച്ചേസിംഗ് കപ്പാസിറ്റിയിൽ ഇപ്പോൾ സാധനങ്ങൾ വാങ്ങാൻ കഴിയുമോയെന്ന് അങ്ങ് ഇവിടെ ചോദിച്ചു, അതുതന്നെയാണ് ഇവിടത്തെ വിഷയവും. 2016-ലെ വില വർദ്ധിപ്പിക്കാതെ ഇവർ വാങ്ങിയ അതേ വിലയിൽതന്നെ സാധനം കൊടുക്കുന്ന സാഹചര്യം ഇവിടെയുണ്ടാകുകയാണ്. അതുപോലെ സബ്സിഡി വർദ്ധിപ്പിക്കാൻ കഴിയണം. ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്നുള്ളത്

വിലക്കയറ്റത്തിന് കാരണമാകുന്നു. മുൻഗണനേതര വിഭാഗത്തിന് 8 കിലോ അരി നൽകിയതായി മന്ത്രി ഇവിടെ പ്രതിപാദിച്ചു. ആ സംവിധാനം തുടരാൻ എന്തുകൊണ്ട് ഗവൺമെന്റിന് കഴിയുന്നില്ല? മുൻഗണനേതര വിഭാഗങ്ങൾക്കും 8 കിലോ അരി കൊടുക്കുന്നുണ്ടെങ്കിൽ അത് തുടർന്നുകൊണ്ടിരുന്നാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന വിലക്കയറ്റത്തെ നിയന്ത്രിക്കാൻ സാധിക്കും. അതുപോലെ മന്ത്രിയുടെ അടിയന്തരപ്രമേയ മറുപടിയിൽ വിപണിയിൽ എത്ര പരിശോധനകൾ നടത്തിയെന്നതിനെ സംബന്ധിച്ച് യാതൊന്നും പറഞ്ഞതായി കേൾക്കാൻ കഴിഞ്ഞില്ല. പരിശോധനകൾ നടത്താത്തതിനാൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പും വർദ്ധിക്കുന്നു. അക്കാര്യത്തിൽ ഇടപെടുന്നതിൽ സർക്കാർ പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. അത് വിലക്കയറ്റത്തിലേയ്ക്ക് നയിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, വിലക്കയറ്റം രൂക്ഷമാണ്, അതിശക്തമായ വിലക്കയറ്റം കാരണം സാധാരണ ജനങ്ങൾക്ക് മാർക്കറ്റിനെ ആശ്രയിക്കാൻ സാധിക്കുന്നില്ല. ഏകദേശം 10 ശതമാനത്തോളം ജനങ്ങൾക്കുമാത്രമേ

സപ്ലൈകോ വഴി സാധനങ്ങൾ ലഭിക്കുന്നുള്ളൂ, ബാക്കിയുള്ളവർ പൊതുമാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. പൊതുമാർക്കറ്റിലെ വലിയതോതിലുള്ള വിലക്കയറ്റത്തിൽ ശക്തമായി ഇടപെടാൻ സർക്കാരിന് സാധിക്കുന്നില്ല. പൊതുമാർക്കറ്റിലുള്ള ഇടപെടൽ ശക്തമാക്കി വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളാണ് ആവശ്യം. കോവിഡിനുശേഷം സാധാരണ ജനങ്ങൾ ജീവിക്കാൻ ബുദ്ധിമുട്ടുന്നൊരു സാഹചര്യം അതിശക്തമായി നിലനിൽക്കുന്നുണ്ട്. വിലക്കയറ്റം പ്രതിപക്ഷത്തിനെ മാത്രം ബാധിക്കുന്നൊരു വിഷയമല്ല. തീർച്ചയായും ഈ സഭയിലെ എല്ലാ അംഗങ്ങളും ഒന്നടങ്കം പ്രതിഷേധിക്കേണ്ടതും അതിനനുസരിച്ച് ഉയർന്നുവരേണ്ടതുമായ വിഷയമാണ് വിലക്കയറ്റം. ആ രൂപത്തിൽ ഈ പ്രശ്നത്തെ കണ്ടുകൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

**11.02 a.m.**

## IV ശ്രദ്ധ ക്ഷണിക്കൽ

(1) <u>പിന്നാക്ക-ന്യൂനപക്ഷ/പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്</u>

<u>ശ്രീ. എം. വിജിൻ</u>: സർ, രാജ്യത്തെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്രസർക്കാർ പൂർണ്ണമായും നിർത്തലാക്കുകയും 9-10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ കേന്ദ്രവിഹിതം 50 ശതമാനത്തിൽനിന്നും 40 ശതമാനമായി കുറയ്ക്കുകയും ചെയ്തതിലൂടെ കേരളത്തിൽമാത്രം 1.25 ലക്ഷം കുട്ടികളുടെ ഭാവിയെ തകർക്കുന്ന ക്രൂരമായ സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുകയാണ്. പുതിയ മാർഗ്ഗനിർദ്ദേശം അടിച്ചേൽപ്പിച്ചുകൊണ്ട് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അട്ടിമറിക്കാനുള്ള നടപടിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഏറെ പ്രയാസത്തിൽ കഴിയുന്ന കുടുംബത്തിലെ കുട്ടികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പുകൾ എത്രമാത്രം സഹായകരമാണെന്ന് അവരുടെ ജീവിത സാഹചര്യങ്ങളിലൂടെ കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗത്തിന്റെ സമഗ്ര വികസനം

ലക്ഷ്യമാക്കിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വൈവിധ്യങ്ങളായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മികച്ച വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹിക പുരോഗതി കൈവരിക്കാൻ സാധിക്കുവെന്നതിനാൽ വിദ്യാഭ്യാസ മേഖലയ്ക്ക് എന്നത്തേക്കാളും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പിണറായി വിജയൻ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രീ-മോഡൽ സ്കൂൾ മുതൽ പി.എച്ച്.ഡി. വരെയും പൈലറ്റ് പരിശീലന പരിപാടികൾ മുതൽ വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പുകൾ വരെയുമുള്ള വിവിധതലങ്ങളിലെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംസ്ഥാനംകൂടിയാണ് കേരളം. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സ്റ്റൈപന്റുകൾ, മെസ് ഫീസ്, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഐ.ടി.ഐ.കൾ, മെഡിക്കൽ കോളേജ് തുടങ്ങിയ സൗകര്യങ്ങൾ കേരള സർക്കാർ മാതൃകയാകുന്ന തരത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽത്തന്നെ ഏറെ പ്രാധാന്യത്തോടെ നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്ന ഒന്നാണ് പ്രീമെട്രിക്/പോസ്റ്റ്മെട്രിക്

സ്കോളർഷിപ്പുകൾ. ഒന്നാം ക്ലാസ് മുതൽ വിവിധ കോഴ്സുകൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ഭൂരിഭാഗം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വലിയ സഹായമാണ്. ഇന്ത്യയാകെ മാതൃകയായ ഇ-ഗ്രാന്റ്സ് ഓൺലൈൻ സംവിധാനം കേരളം വളരെ മാതൃകാപരമായി നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാരിന്റെ പുതിയ നിലപാട് വിദ്യാർത്ഥികൾക്ക് വലിയരീതിയിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്. അനാവശ്യ നിബന്ധനകൾ അടിച്ചേൽപ്പിച്ചും പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ നൽകിയും വർഷങ്ങളായി തുടർന്നുവരുന്ന പാറ്റേണുകൾ ഭേദഗതി ചെയ്തും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും സംസ്ഥാനങ്ങൾക്ക് അധികബാധ്യത അടിച്ചേൽപ്പിച്ചും കേന്ദ്രസർക്കാർ പിന്നാക്ക-ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതിയെ അക്ഷരാർത്ഥത്തിൽ സ്തംഭിപ്പിച്ചിരിക്കുകയാണ്. രണ്ട് ലക്ഷം രൂപയിൽക്കൂടുതൽ വരുമാനമുള്ള പട്ടികജാതിക്കാരുടെയും ഒന്നുമുതൽ എട്ടുവരെ പഠിക്കുന്ന പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെയും സ്കോളർഷിപ്പ് പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട് കേന്ദ്രഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതിനു പുറമെ നൽകിവരുന്ന സ്കോളർഷിപ്പ് വിഹിതവും ഏകപക്ഷീയമായി വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന നിഷേധാത്മക നിലപാടുകളുടെ

തുടർച്ചയായാണ് ഈ സമീപനത്തെയും നാം കാണേണ്ടത്. ദളിത്-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള സംഘപരിവാർ സമീപനം വിദ്യാഭ്യാസത്തിലും നരേന്ദ്ര മോദി സർക്കാർ കാണിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കുന്നതും വാണിജ്യവത്കരിക്കുന്നതുമായ ദേശീയ വിദ്യാഭ്യാസനയം ഗൗരവത്തോടെ ഈ സഭയും ചർച്ച ചെയ്തതാണ്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിലെ സംവരണം പോലും വിഭാവനം ചെയ്യാതെയാണ് കേന്ദ്രഗവൺമെന്റ് ദേശീയ വിദ്യാഭ്യാസ നയം ഈ രാജ്യത്ത് അടിച്ചേൽപ്പിക്കുന്നത്. പ്രസ്തുത തീരുമാനത്തിന്റെ തുടർച്ചയായിത്തന്നെയാണ് സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചതും ഇല്ലാതാക്കിയതും. ഇതുവഴി കേന്ദ്രസമീപനം എന്താണെന്ന് നമുക്ക് കാണാൻ സാധിക്കും. രോഹിത് വെമുലമാർ പഠിക്കേണ്ടതില്ലെന്നതാണ് കേന്ദ്ര നയം. നമ്മുടെ മുമ്പിൽ ഇതിനുള്ള വലിയ ഉദാഹരണമായി ധാരാളം പേരുണ്ട്. ഈ രാജ്യത്തെ ദളിത്-ന്യൂനപക്ഷ വിഭാഗങ്ങൾ പഠിക്കേണ്ടതില്ലെന്ന സംഘപരിവാറിന്റെ തിട്ടൂരമാണ് ഇത്തരം സമീപനങ്ങളിലൂടെ കാണാൻ സാധിക്കുന്നത്. ഈ ഘട്ടത്തിലും കേരളത്തിലെ പിണറായി വിജയൻ സർക്കാർ അഭിനന്ദനാർഹമായ

സമീപനം സ്വീകരിക്കുകയാണ്. രാജ്യത്തിനുതന്നെ മാതൃകയായിക്കൊണ്ട് മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനും മുടക്കംവരാതിരിക്കാനും കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുമെല്ലാം ശ്രദ്ധാപൂർവ്വം ഇടപെട്ടത് അഭിനന്ദനാർഹമാണ്. പിന്നാക്ക-ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ് മുടക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തി തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ:) സർ, ബഹുമാനപ്പെട്ട അംഗം എം. വിജിൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയം ഏറ്റവും പ്രധാനപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിദ്യാർത്ഥികളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിതെന്ന് അദ്ദേഹം അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിലൂടെ എല്ലാവർക്കും ബോധ്യപ്പെട്ടുകാണുമെന്ന് ഞാൻ കരുതുന്നു. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാംതന്നെ മാറ്റം

വരുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പോസ്റ്റ്മെട്രിക് പഠനത്തിനും പ്രീമെട്രിക് പഠനത്തിനുമായി രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നത്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് തുകയുടെ നൂറ് ശതമാനവും കേന്ദ്രഗവൺമെന്റ് നാളിതുവരെ സംസ്ഥാനങ്ങൾക്ക് നൽകുകയും സംസ്ഥാന ഗവൺമെന്റ് അത് വിദ്യാർത്ഥികളിലെത്തിക്കുകയും ചെയ്തിരുന്നു. അതുപോലെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അൻപത് ശതമാനം വീതം വഹിച്ചുകൊണ്ട് നൽകുന്ന പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പും നിലവിലുണ്ടായിരുന്നു. എന്നാൽ 2022-23 മുതൽ ഈ സ്കീമുകൾ പ്രധാനമന്ത്രി യശസ്വി (PM YASASVI- Prime Minister Young Achievers Scholarship Award Scheme for Vibrant India) എന്ന പേരിൽ പുതുക്കി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും സ്കോളർഷിപ്പ് സ്കീം നടപ്പാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന് പലതരത്തിലുള്ള പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുകയാണ്. ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കാണ് കേന്ദ്രസർക്കാർ ഇതുവരെ സ്കോളർഷിപ്പ് തുക നൽകിക്കൊണ്ടിരുന്നത്.

എന്നാൽ ഇപ്പോൾ പ്രസ്തുത ആനുകൂല്യം 9, 10 ക്ലാസുകളിൽ മാത്രമായി ചുരുക്കുകയുണ്ടായി. ഇതുമൂലം സംസ്ഥാന ഗവൺമെന്റിന് 1 മുതൽ 8 വരെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാൻ കഴിയാത്ത അവസ്ഥ വരികയാണ്. അതുമാത്രമല്ല, പലതരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ അത് പരിഹരിക്കാനായി ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെടുന്ന സ്ഥിതിയുമുണ്ടായി. പലഘട്ടങ്ങളിലായി ഇക്കാര്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും മാനദണ്ഡങ്ങൾ തിരുത്തുന്നതിനോ മാറ്റംവരുത്തുന്നതിനോ കേന്ദ്രഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. നേരത്തേ ഒ.ബി.സി. കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക നൂറ് ശതമാനവും നൽകിയിരുന്നത് കേന്ദ്രഗവൺമെന്റായിരുന്നു. എന്നാൽ പ്രസ്തുത തുക 60 ശതമാനമായി വെട്ടിച്ചുരുക്കിയ നടപടി സംസ്ഥാന ഗവൺമെന്റിന് വലിയ രീതിയിലുള്ള സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതാണ്. കഴിഞ്ഞവർഷംവരെ നൂറ് ശതമാനവും തന്നിരുന്ന സ്കോളർഷിപ്പ് തുക 60 ശതമാനമായി വെട്ടിക്കുറച്ചത് ഒരു മുന്നറിയിപ്പുമില്ലാതെയാണ്. അതോടൊപ്പംതന്നെ കോഴ്സുകളെ നാല് ഗ്രൂപ്പുകളായി തരംതിരിച്ചിരിക്കുകയാണ്. അതിൽ ഒന്നാമത്തെ വിഭാഗത്തിലെ

കോഴ്സുകൾക്ക് 20,000 രൂപയും രണ്ട്, മൂന്ന്, നാല് എന്നീ വിഭാഗങ്ങളിലെ കോഴ്സുകൾക്ക് യഥാക്രമം 13,000 രൂപ, 8,000 രൂപ, 5,000 രൂപ എന്നീ രീതിയിൽ കുറച്ചിരിക്കുകയാണ്. നേരത്തേ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് 5 ലക്ഷം മുതൽ 10 ലക്ഷം രൂപവരെ ഫീസ് അനുവദിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 20,000 മുതൽ 5,000 രൂപവരെയായി വെട്ടിച്ചുരുക്കിയത് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പിന്നാക്ക ജനവിഭാഗങ്ങളിലെ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പോസ്റ്റ്മെട്രിക്/ പ്രീമെട്രിക് സ്കോളർഷിപ്പുകൾ ഇത്തരത്തിൽ മാറ്റിയത് വലിയ രീതിയിലുള്ള പ്രയാസം സൃഷ്ടിച്ചിരിക്കുകയാണ്.

2022-23 മുതൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതുക്കിയ നിബന്ധനകൾ പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന്റെ കാര്യത്തിലും ബാധകമാക്കിയിരിക്കുകയാണ്. ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ് പദ്ധതി നടപ്പിലാക്കുന്നതിന് ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. കേന്ദ്ര സർക്കാർ വരുമാനപരിധി നിശ്ചയിച്ചുകൊണ്ട് രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികളെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ നൽകിവരുന്ന

സ്കോളർഷിപ് തുകയെക്കാൾ കുറഞ്ഞ തുകയാണ് കേന്ദ്ര സർക്കാർ നൽകുന്നത്. വരുമാന പരിധിയില്ലാതെയാണ് സംസ്ഥാന ഗവൺമെന്റ് എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകിവരുന്നത്. സംസ്ഥാന സർക്കാർ സ്വന്തമായി അധിക തുക കണ്ടെത്തിയാണ് രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള കുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്നത്. എന്നാൽ അത് വീണ്ടും വെട്ടിച്ചുരുക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം വലിയ രീതിയിലുള്ള പ്രയാസം സൃഷ്ടിക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട് അതിലും ഇടപെടാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടുണ്ട്. അതുപോലെ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിരവധി ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയെങ്കിലും ആദ്യഘട്ടത്തിലൊന്നും അതംഗീകരിക്കാൻ അവർ തയ്യാറായില്ല. എന്നാൽ നമ്മുടെ നിരന്തരമായുള്ള ഇടപെടലിന്റെ ഭാഗമായി കഴിഞ്ഞ ഒക്ടോബർ 27, 28 തീയതികളിൽ ബാംഗ്ളൂരിൽ ദേശീയതല ക്ലസ്റ്റർ മീറ്റിംഗ് വിളിച്ച് ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും സ്കോളർഷിപ്പിന് അപേക്ഷ കൊടുക്കുന്നതിൽ ഉണ്ടായിരുന്ന പ്രയാസങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2022 നവംബർ

2 മുതൽ ഈ വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഇ-ഗ്രാന്റ്സ് സംവിധാനത്തിലൂടെയാണ് നേരത്തെ ട്രൈബൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിയിരുന്നത്. പുതുക്കിയ കേന്ദ്ര മാനദണ്ഡ പ്രകാരം അത് അനുവദിക്കണമെന്നുണ്ടെങ്കിൽ ഇ-ഗ്രാന്റ്സ് സംവിധാനത്തിലെ മുഴുവൻ വിവരങ്ങളും കേന്ദ്ര സർക്കാരിന്റെ പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റത്തിലേയ്ക്ക് മാറ്റേണ്ടതും സ്റ്റേറ്റ് നോഡൽ അക്കൗണ്ടുമായി സംയോജിപ്പിക്കേണ്ടതുമാണ്. ഇതുമൂലമുണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര മാനദണ്ഡ പ്രകാരം തുക അനുവദിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതുവരെ നിലവിലെ ഇ-ഗ്രാന്റ്സ് സംവിധാനം ഉപയോഗിച്ച് ട്രൈബൽ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകാനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്.

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യവും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ ഒന്നുമുതൽ പത്തുവരെയുള്ള കുട്ടികൾക്കാണ് ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയിരുന്നത്. എന്നാൽ പുതിയ എഡ്യൂക്കേഷൻ പോളിസി (റൈറ്റ് ടു എഡ്യൂക്കേഷൻ

പോളിസി) 2009-ൽ നിലവിൽ വന്നതിന്റെ ഭാഗമായി ഒന്നു മുതൽ എട്ടുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായുള്ള വിദ്യാഭ്യാസം നടപ്പിലാക്കിയെന്ന് പറഞ്ഞുകൊണ്ടാണ് പ്രസ്തുത കുട്ടികൾക്ക് നിലവിൽ ലഭിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യം കേന്ദ്രഗവൺമെന്റ് നിർത്തലാക്കിയത്. അത് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വലിയ രീതിയിലുള്ള പ്രയാസമാണ് സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വിദ്യാഭ്യാസ കാര്യങ്ങൾക്കായി ലഭിക്കുന്ന സ്കോളർഷിപ്പുകൾ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കുള്ള അവകാശമാണ്. അവ നിർത്തലാക്കുന്നതിന് ഏകപക്ഷീയമായി തീരുമാനമെടുത്തുകൊണ്ട് പ്രായോഗികമല്ലാത്ത നിബന്ധനകളും നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിരിക്കുന്നതുകാരണം സങ്കീർണ്ണമായ സാങ്കേതിക പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരുകൾക്കുമേൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സർക്കാർ അട്ടിമറിക്കുകയാണ്. എന്നാൽ ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി സംസ്ഥാന സർക്കാരിന്റെ പ്രാഥമിക

പരിഗണനയിലാണെന്നുള്ളത് എല്ലാപേർക്കും അറിയാവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വിഭാഗത്തിന് വിദ്യാഭ്യാസ സ്കോളർഷിപ്പ് നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് അത്തരത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇതുമൂലം സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എങ്ങനെ ഏറ്റെടുക്കാൻ കഴിയുമെന്നുള്ള കാര്യങ്ങളടക്കം ചർച്ച ചെയ്യും. ഒരു വിഭാഗത്തിനും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയുള്ള ഇടപെടലായിരിക്കും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും അക്കാര്യത്തിൽ മുന്നോട്ടുപോകുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എം. വിജിൻ</u>: സർ, എല്ലാ ചോദ്യത്തിനും ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി മറുപടി പറഞ്ഞിട്ടുണ്ട്. പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള

കേന്ദ്രസർക്കാരിന്റെ ക്രൂരമായ സമീപനത്താൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് മുടങ്ങാതിരിക്കാനായി ഏറ്റവും മാതൃകാപരമായ സമീപനം സ്വീകരിച്ച കേരളത്തിലെ പിണറായി വിജയൻ സർക്കാരിനെ അഭിനന്ദിക്കുകയാണ്.

(2) കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിലെ കർഷകർ വലിയ ദുരിതമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കാർഷിക മേഖലയും പ്രതിസന്ധിയിലാണ്. കേരളത്തിലെ കർഷകർ ഇത്രയേറെ പ്രയാസപ്പെടുന്ന ഒരുകാലഘട്ടം സമീപകാല ഭാവിയിൽ വേറെയുണ്ടായിട്ടില്ല. സാധാരണ എല്ലാ വർഷവും കാർഷികോല്പന്നങ്ങൾക്ക് നല്ല വില ലഭിക്കാറുണ്ട്. ചില സീസണിൽ ഉല്പാദനം കുറയുകയും ആവശ്യങ്ങൾ വർദ്ധിക്കുകയും ചെയ്യാറുണ്ട്. ഉല്പന്നങ്ങൾക്ക് വിലവർദ്ധനയുണ്ടായ കാലഘട്ടമായിട്ടുപോലും പഴയകാലത്തെപോലെ കർഷകന് ഇപ്പോൾ ഉയർന്ന വില കിട്ടുന്നില്ലെന്നത് വസ്തുതയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാർഷിക വിളകളാണ് നാളികേരവും റബ്ബറും. റബ്ബർ-നാളികേര വിളകൾക്ക് അർഹമായ വില ലഭിച്ചാൽ കേരളത്തിലെ ജനങ്ങൾ സംതൃപ്തരാകും. വടക്കൻ കേരളത്തിൽ നാളികേരവും തെക്കൻ കേരളത്തിൽ റബ്ബറും ജനങ്ങളെ സാമ്പത്തികമായി ഉയർത്തുവാനും

ചിലപ്പോൾ താഴ്ചവാനും കാരണമായി മാറാറുണ്ട്. ഇത് തിരിച്ചറിഞ്ഞ് അവരെ സഹായിക്കാനോ പ്രഖ്യാപനങ്ങൾ യഥാസമയം പൂർത്തീകരിക്കാനോ സർക്കാർ മുന്നോട്ട് വരുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെയുണ്ടായ എല്ലാ ഭാരിച്ച ചെലവുകളും ബാധ്യതകളും കർഷകരുടെമേലും വന്നുചേരുന്നുണ്ട്. നമ്മുടെ രാജ്യത്ത് ഇതര സംസ്ഥാനങ്ങളിലുള്ള കർഷകർക്ക് ലഭിക്കുന്നതുപോലെയുള്ള വരുമാനം കേരളത്തിലെ കർഷകർക്കുണ്ടാകുന്നില്ല; ചെലവാണെങ്കിലോ അതിനെക്കാളും കൂടുതലുമാണ്. ഇതര സംസ്ഥാനങ്ങൾ കർഷകരെ സഹായിക്കാനായി ചെയ്യുന്ന ഇടപെടലുകൾ കേരളത്തിൽ നടത്തുന്നില്ലെന്നതും ഒരു യാഥാർത്ഥ്യമാണ്. ഇന്ന് വിലക്കയറ്റത്തെക്കുറിച്ച് ഇവിടെ വലിയ ചർച്ച നടന്നു. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കുതിച്ചുയരുകയാണ്. വില റോക്കറ്റുപോലെ ഉയരുന്നുവെന്ന് എന്റെ ഇടതുപക്ഷ സ്നേഹിതന്മാരൊക്കെ പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇപ്പോൾ അതിനെക്കാളും കടുപ്പത്തിലാണ് ഉയരുന്നത്. ചൊവ്വാഗ്രഹത്തിലും മറ്റും പോകാൻ ഉപയോഗിച്ച വാഹിനികളെപ്പോലെയാണ് ഇപ്പോൾ സാധനങ്ങളുടെ വില ഉയർന്നുപൊങ്ങുന്നത്. ഈ സന്ദർഭത്തിൽ കർഷകന്റെ അവസ്ഥ എന്താണെന്ന് വിലയിരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? കേരളത്തിലെ എല്ലാ വിഭാഗങ്ങളുടെയും വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നതും സത്യമാണ്.

ജീവനക്കാരുടെ ശമ്പളം വർദ്ധിച്ചു, വ്യാപാരികളുടെയും വ്യവസായികളുടെയും വരുമാനത്തിൽ വർദ്ധനവുണ്ടായി. സാധാരണ തൊഴിലാളികളുടെ കൂലിയിലും ഓട്ടോറിക്ഷ ചാർജ്ജ് വർദ്ധിപ്പിച്ചതിനാൽ ഓട്ടോറിക്ഷ ഓടിക്കുന്നവർക്കും സ്വാഭാവികമായും വരുമാന വർദ്ധനവുണ്ടായി. എന്നാൽ ഈ വില വർദ്ധനവൊന്നും ജീവിതഭാരം കൂടിയ സന്ദർഭത്തിൽ കർഷകർക്ക് ലഭിച്ചിട്ടില്ല.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വില ഇടിഞ്ഞെന്ന് പറഞ്ഞു. അതിന്റെ യഥാർത്ഥ കാരണം എന്താണെന്ന് ബഹുമാനപ്പെട്ട അംഗം പറയാത്തതിൽ സങ്കടമുണ്ട്. ഇന്തോ-പെസഫിക് കരാർ ഒപ്പിട്ടതിന്റെ ഫലമായാണ് വിലത്തകർച്ച വന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സമയം നൽകിയാൽ ഞാൻ പറയാം. കേരളത്തിലെ ജനങ്ങൾക്ക് വരുമാന വർദ്ധനവുണ്ടായാലും കർഷകരുടെ വരുമാനം വർദ്ധിക്കുന്നില്ല. കൂലി തൊഴിലാളികൾക്കും സാധാരണ തൊഴിലാളികൾക്കും ഈ സർക്കാർ വരുന്നതിന്റെ ഒന്നര വർഷംമുമ്പുള്ളതിനെക്കാൾ കൂലി വർദ്ധിച്ചു. എന്നാൽ കർഷകരെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഈ സർക്കാരിന് അതിനെക്കുറിച്ച് ചിന്തിക്കാൻ സമയം കിട്ടിയിട്ടുണ്ടോ എന്നാണ് ചോദിക്കാനുള്ളത്. അതുകൊണ്ട് സർക്കാർ കർഷകരുടെ പ്രയാസത്തിൽ ഇടപെടാനും അവരെ സഹായിക്കാനും

സന്നദ്ധമാകേണ്ടതുണ്ട്. ഓരോ വിഷയവും കർഷകന്റെ മൂർദ്ധാവിലേയ്ക്കാണ് പതിക്കുന്നത്. കേരളത്തിലെ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾപോലും ഉപദ്രവമായി മാറുന്ന സന്ദർഭങ്ങളുമുണ്ട്. അതിനാൽ പ്രയാസമനുഭവിക്കുന്ന കർഷകരെ സത്യസന്ധമായി സഹായിക്കുന്നതിനും പ്രഖ്യാപനങ്ങൾ പൂർത്തിയാക്കാനും സന്നദ്ധമാകണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന സന്ദർഭത്തിൽ രണ്ട് നാളികേരം വിറ്റാൽ ഒരു കർഷകന് ഒരു കിലോ അരിയും കുട്ടികൾക്ക് അഞ്ച് രൂപയ്ക്ക് മിഠായിയും വാങ്ങാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ 10 നാളികേരം വിറ്റാൽ മാത്രമേ ഒരു കിലോ അരി വാങ്ങാൻ സാധിക്കുകയുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, രണ്ട് നാളികേരം വിറ്റാൽ ഒരു കിലോ അരി ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 10 നാളികേരം വിൽക്കണം. റബ്ബറിന്റെ അവസ്ഥയും ഇതുപോലെയാണ്. ഓരോന്നായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ കർഷകരെ സഹായിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നടത്തിയ നടപടികളെങ്കിലും കേരളത്തിൽ നടപ്പിലാക്കാനും പ്രഖ്യാപനങ്ങൾ പൂർത്തിയാക്കാനും സന്നദ്ധമാകണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ പറയാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സാധാരണഗതിയിൽ അടിയന്തരപ്രമേയം കൊണ്ടുവരുമ്പോൾ രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്യാൻ സമയം വിനിയോഗിക്കാറുണ്ട്. എന്നാൽ ശ്രദ്ധക്ഷണിക്കലിൽ അത്തരം രീതി കാണാറില്ല. ആദരണീയനായ കുറുക്കോളി മൊയ്തീൻ ശ്രദ്ധക്ഷണിക്കലിൽ ഉപയോഗിച്ചതും വിനിയോഗിച്ചതുമെല്ലാം അത്തരമൊരു കാര്യമാണ്. അദ്ദേഹം കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെയും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെയും സംബന്ധിച്ചാണ് ഇന്നലെ എഴുതി നൽകിയത്. എന്നാൽ റബ്ബറിന്റെയും നാളികേരത്തിന്റെയും കാര്യമാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ ദിവസം സഭയിൽ ശ്രദ്ധക്ഷണിക്കലിലൂടെ ആ വിഷയം ഉന്നയിച്ചതാണ്. രാജ്യത്ത് ഏറ്റവുമധികം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർ കേരളത്തിലാണെന്ന് അദ്ദേഹം പറയുന്നത് ശരിയാണോ എന്നും വസ്തുതകൾക്ക് നിരക്കുന്നതാണോ എന്നും ഗൗരവതരമായി അങ്ങ് പരിശോധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. റബ്ബർ, നാളികേരം, നെല്ല് എന്നിവയുൾപ്പെടെയുള്ളവയുടെ കാര്യം പറഞ്ഞു. കേരളം ഇതര സംസ്ഥാനങ്ങളെക്കാൾ വളരെ പുറകിൽ നിൽക്കുന്നുവെന്ന് രാഷ്ട്രീയ അഭിപ്രായത്തിനുവേണ്ടി അങ്ങേയ്ക്ക് പറയാം. എന്നാൽ 28.20 രൂപയ്ക്ക് നെല്ല്

സംഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനം ഇന്ത്യയിലുണ്ടോ എന്ന് അങ്ങ് പരിശോധിക്കേണ്ടതായിരുന്നു. തമിഴ്നാടോ ആന്ധ്രാപ്രദേശോ കർണ്ണാടകയോ അങ്ങനെ സംഭരിക്കുന്നുണ്ടോ? 28.20 രൂപയ്ക്ക് നെല്ല് സംഭരിക്കുന്ന ഇന്ത്യയിലെ ഏകസംസ്ഥാനം കേരളമാണെന്ന് മനസ്സിലാക്കണം. അക്കാര്യം അങ്ങേയ്ക്ക് അറിയില്ലെന്ന് ഞാൻ കരുതുന്നില്ല. നാളികേര സംഭരണത്തിൽ പ്രശ്നങ്ങളുണ്ടെങ്കിലും 32 രൂപയ്ക്ക് നാളികേരം സംഭരിക്കുന്നത് ഇന്ത്യയിൽ കേരളമല്ലാതെ മറ്റൊരു സംസ്ഥാനവുമില്ലെന്ന് മനസ്സിലാക്കണം. കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധികൾ കേരളത്തിലെ കർഷകർക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം ഇവയെല്ലാം ഫലപ്രദമായി പരിഹരിക്കാൻ സാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി, ഇറക്കുമതി നയങ്ങൾ റബ്ബർ, കാപ്പി, ഏലം, നാളികേരം തുടങ്ങിയവയുടെ വിലയിടിവിന് കാരണമാകുന്നു. കാലാവസ്ഥാ വ്യതിയാനം, വന്യമൃഗങ്ങളുടെ ശല്യം എന്നിവയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ രാസവളങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചതും പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചതും കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അങ്ങ് അതിനെ സംബന്ധിച്ചൊന്നും പറഞ്ഞില്ല. 01-03-2018-ൽ

പാമോയിലിന്റെ ഇറക്കുമതി തീരുവ 44 ശതമാനമായിരുന്നു. ഫെബ്രുവരി 2022-ൽ അത് 5.5 ശതമാനമായി കുറച്ചു. 30-09-2022 വരെയാണ് കുറയ്ക്കുന്നതെന്നാണ് ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ പറഞ്ഞത്. സെപ്റ്റംബർ മാസം കഴിയുമ്പോൾ നാളികേരത്തിന് നല്ല വില ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന കേരളത്തിലെ നാളികേര കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിക്കൊണ്ട് 2022 ഒക്ടോബർ മാസം ഈ ഇളവ് 31-03-2023 വരെ നീട്ടി കേന്ദ്ര സർക്കാർ ഉത്തരവിറക്കുകയുണ്ടായി. അതിനെതിരെ നിങ്ങളാരും ഒരക്ഷരവും പറയുന്നില്ലെന്നത് വേദനാജനകമാണ്. പാമോയിലിന്റെ ഇറക്കുമതി ഒക്ടോബർ 2019 മുതൽ സെപ്റ്റംബർ 2020 വരെ 5.35 ലക്ഷം ടൺ ആയിരുന്നു. എന്നാൽ ഒക്ടോബർ 21 മുതൽ മേയ് 22 വരെയുള്ള എട്ട് മാസത്തിൽ പാമോയിലിന്റെ ഇറക്കുമതി 10.8 ലക്ഷം ടൺ ആയി ഉയർന്നു. എട്ട് മാസംകൊണ്ടാണ് അത്രയും ഉയർന്നിരിക്കുന്നത്. ആർക്കാണ് അതിന്റെ ബുദ്ധിമുട്ടുകളുണ്ടാകുന്നത്? ശ്രദ്ധക്ഷണിക്കലിലൂടെ കേരളത്തിലെ നാളികേര കർഷകരെ സഹായിക്കാൻ നല്ല ഇടപെടലാണ് നടത്തുന്നതെങ്കിലും കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ ശക്തമായൊരു വാചകം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിരുന്നുവെന്ന് പറയുന്നതിൽ വിഷമമുണ്ടാകരുത്. കേന്ദ്ര

സർക്കാർ 2021-22-ലെ ബഡ്ജറ്റിൽ രാസവള സബ്സിഡിക്കായി 1,40,122.32 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. എന്നാൽ 2022-23-ലെ ബഡ്ജറ്റിൽ അത് 1,05,222.32 കോടി രൂപയായി കുറച്ചതുകാരണം രാസവളത്തിന്റെ വിലയിലും വർദ്ധനവുണ്ടായി. തെക്കൻ കേരളത്തിലെ റബ്ബറിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം പറഞ്ഞു. തീരുവ ഇല്ലാതെയുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ രൂപത്തിലുമുള്ള (ഉണക്ക രൂപത്തിലുള്ള) റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും നടപടിയുണ്ടായില്ല. കപ്പ് ലംബ് റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യയിൽ നിലവിലുള്ള നിരോധനം തുടരണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. ഓരോ സംസ്ഥാനങ്ങളിലും വിളകളുടെ ഉല്പാദന ചെലവ് വ്യത്യസ്തമായതിനാൽ തറവില നിശ്ചയിക്കുമ്പോൾ ഇക്കാര്യം പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് പ്രത്യേകം

തറവില നിശ്ചയിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടെങ്കിലും നടപടിയുണ്ടായിട്ടില്ല. കേന്ദ്ര സർക്കാർ പരിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ആക്ട് എന്നിവയുടെ കരട് റിപ്പോർട്ടിലെ ശിപാർശകളിൽ കേരളത്തിനുള്ള ആശങ്കകൾ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ആശ്വാസം പകരുന്നത് കേരള സർക്കാരിന്റെ കർഷക സൗഹൃദ സമീപനംകൊണ്ട് മാത്രമാണ്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പാക്കിവരികയാണ്. ഈ പദ്ധതി നടപ്പാക്കിയതുവഴി റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ 1 മുതൽ 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ നാളിതുവരെ 1788.99 കോടി രൂപ സബ്സിഡിയായി 445812 കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം സർക്കാർ കർഷകർക്കായി ചെയ്യുന്ന കാര്യങ്ങളാണ്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്നും 200 രൂപയായി

ഉയർത്തുന്നതിനായി സഹായം അഭ്യർത്ഥിച്ചുണ്ടെങ്കിലും കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.

കേന്ദ്ര നയങ്ങൾമൂലം നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചു. കേരഫെഡ്, വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള), കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന കിലോയ്ക്ക് 32 രൂപ നൽകി പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. സംഭരണ കേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ഇതിൽ കേരഫെഡിന്റെയും വി.എഫ്.പി.സി.കെ.-യുടെയുമുൾപ്പെടെ 22 സംഭരണ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങളിൽ വാഹനങ്ങളിൽ പോയി പച്ചത്തേങ്ങ സംഭരിക്കുന്ന മൊബൈൽ പ്രൊക്യുയർമെന്റ് സെന്ററായി പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കർഷകരെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27

സംഭരണ കേന്ദ്രങ്ങളും വി.എഫ്.പി.സി.കെ.-യോട് 28 സംഭരണ കേന്ദ്രങ്ങളും നാളികേര വികസന കോർപ്പറേഷനോട് 30-തോളം സംഭരണ കേന്ദ്രങ്ങളും അധികമായി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളികേരം സംഭരിച്ചവകയിൽ കേരഫെഡ് 18 കോടി രൂപ നാളിതുവരെ കർഷകർക്ക് നൽകിയിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്. 2022-ലാണ് പച്ചത്തേങ്ങ സംഭരിക്കാൻ ആരംഭിച്ചത്. സർക്കാരിന്റെ ഇടപെടൽമൂലം പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യം നിലവിലുണ്ട്. വില 32 രൂപയിൽ കുറവുള്ള സ്ഥലങ്ങളിൽ നിന്നെല്ലാം പച്ചത്തേങ്ങ സംഭരിക്കുന്ന വിധത്തിൽ സംഭരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് സർക്കാർ ആലോചിട്ടുള്ളത്. കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതിപ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും വി.എഫ്.പി.സി.കെ.-യെയും സ്റ്റേറ്റ് ലെവൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സംഭരണ ഏജൻസികൾ സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരഫെഡ് മുഖേന കൊപ്ര സംഭരിക്കാൻ ഉതകുമാറ്

കേരഫെഡിനെ ഈ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ അനുകൂല മറുപടി ലഭിച്ചിട്ടില്ല. കഴിഞ്ഞ ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയിൽ ഞാൻ അക്കാര്യം പറഞ്ഞതാണ്. കേന്ദ്രസർക്കാർ ഒരു നിബന്ധന കൊണ്ടുവന്നതിന്റെ ഭാഗമായി കേരഫെഡിൽനിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതിന്റെ പേരിൽ അതിന് കൊപ്ര സംഭരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുന്നുവെന്നതും പ്രതിസന്ധിയാണ്.

നെല്ലിന്റെ സംഭരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചുകൊണ്ട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് മാന്യമായതും ലാഭകരവുമായ വില ലഭിക്കുന്നതിനാണ് സർക്കാർ സഹായം നൽകുന്നത്. മറ്റിടങ്ങളിൽനിന്ന് കാർഷിക വിഭവങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് വില്പന നടത്തുകയെന്നത് കൃഷി വകുപ്പിന്റെ ഉത്തരവാദിത്വമല്ല. ഇവിടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് കൃഷി വകുപ്പ് ശ്രമിക്കുന്നത്. മുരിങ്ങയ്ക്ക, തക്കാളി തുടങ്ങിയ ഉല്പന്നങ്ങളും കേരളത്തിൽ ഉല്പാദിപ്പിക്കാനാണ് കൃഷി വകുപ്പ് ശ്രമിക്കുന്നത്. നാം മുൻകൈയെടുത്ത് കേരളത്തിൽ കൃഷി വ്യാപിപ്പിക്കുകയും മണ്ണ് വെറുതെ ഇടാതിരിക്കുകയും ചെയ്യുകയെന്നതാണ് പരിഹാര മാർഗ്ഗം. മറ്റ്

സംസ്ഥാനങ്ങളിൽനിന്നും ഉല്പന്നങ്ങൾ കൊണ്ടുവന്ന് കഴിക്കുകയെന്ന രീതി മാറേണ്ടത് അത്യാന്താപേക്ഷിതമാണ്. നമ്മുടെ കർഷകരുട ഉല്പന്നങ്ങൾക്ക് ന്യായവില നൽകി ഹോർട്ടികോർപ്പിലൂടെയും മറ്റും സംഭരിക്കുന്നതിനാണ് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നത്. പുറമേനിന്നും കൊണ്ടുവരുന്ന സാധനങ്ങൾ വില്പന നടത്തുകയെന്നുള്ളതല്ല ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഉല്പാദനച്ചെലവിന്റെ 150 ശതമാനം വിലയ്ക്ക് കാർഷികോല്പന്നങ്ങളും 200/- രൂപയ്ക്ക് റബ്ബറും സംഭരിക്കുമെന്ന സർക്കാർ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ തയ്യാറാകുമോ; കേരഫെഡ് തമിഴ്നാട്ടിൽനിന്ന് നാളികേരം കൊണ്ടുവരുന്നത് തടയുമോ?

ശ്രീ. പി. പ്രസാദ്: സർ, റബ്ബർ ഉൾപ്പെടെയുള്ള വിളകളുടെ കാര്യത്തിൽ കേരളം ഇപ്പോൾ 170/- രൂപ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പ് മുൻകൈയെടുത്ത് കേരള റബ്ബർ കമ്പനി യാഥാർത്ഥ്യമാക്കുകയാണ്. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കർഷകരുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ ഇന്ത്യയിലാദ്യമായി കേരളത്തിലെ 11 വകുപ്പുകൾ യോജിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി

വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ (VAAM) രൂപീകൃതമായ കാര്യംകൂടി അറിയിക്കുന്നു. ഇതിലൂടെ വരുംവർഷങ്ങളിൽ 2109 കോടി രൂപയുടെ ആനുകൂല്യങ്ങൾ കേരളത്തിലെ കർഷകർക്ക് ലഭ്യമാകുന്ന തരത്തിലേയ്ക്ക് എത്തിച്ചേരുന്നതാണ്.

**11.32 a.m]**

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിഴിഞ്ഞം തുറമുഖസമരം ഒത്തുതീർപ്പാക്കൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ സാമ്പത്തിക-വാണിജ്യ രംഗങ്ങളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കാൻ സാധ്യതയുള്ളതാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ഭൂമിശാസ്ത്രപരമായ സവിശേഷതകളും വ്യാപാരബന്ധങ്ങൾ സ്ഥാപിക്കാനുള്ള അനുയോജ്യതയുമാണ് ഈ തുറമുഖ പദ്ധതിയെ അനന്യമാക്കുന്നത്. വിഴിഞ്ഞം തീരത്തുനിന്നും 10 നോട്ടിക്കൽ മൈൽ അകലത്തിലൂടെയാണ് അന്താരാഷ്ട്ര കപ്പൽ പാത കടന്നുപോകുന്നത്. തീരത്തുനിന്നും ഒരു നോട്ടിക്കൽ മൈൽ അകലം വരെ 24 മീറ്റർ പ്രകൃതിദത്ത ആഴമുണ്ട് എന്നുള്ളത് വിഴിഞ്ഞം തുറമുഖത്തിന്റെ സവിശേഷതയാണ്. ചരിത്രപരമായിത്തന്നെ, അന്താരാഷ്ട്ര പ്രസിദ്ധി ലഭിച്ച തുറമുഖമെന്ന

പ്രത്യേകതയും വിഴിഞ്ഞത്തിനുണ്ട്. വിഴിഞ്ഞം തുറമുഖനിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഈ ഘട്ടത്തിൽ ചില കോണുകളിൽനിന്നും ആശങ്കകൾ ഉയർന്നുവരികയും തുറമുഖ പ്രദേശത്ത് ആഗസ്റ്റ് 16 മുതൽ പ്രതിഷേധ പരിപാടികൾ ആരംഭിക്കുകയുമുണ്ടായി. സമരസമിതി പ്രധാനമായും ഏഴ് ആവശ്യങ്ങളാണ് മുന്നോട്ടുവച്ചത്. ഇതിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റ് ആവശ്യങ്ങളെക്കുറിച്ച് സർക്കാർ തുറന്ന മനസ്സോടെ സമരസമിതിയുമായി പലവട്ടം ചർച്ചകൾ നടത്തുകയും ഇതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. ആഗസ്റ്റ് 19 മുതൽ ഈ മന്ത്രിസഭാ ഉപസമിതി സമരസമിതി നേതാക്കളുമായി വിവിധ തീയതികളിൽ പലവട്ടം ചർച്ചകൾ നടത്തി. തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റെല്ലാ ആവശ്യങ്ങളെയും സംബന്ധിച്ച് ഉപസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിരുന്നു. സമരം അവസാനിക്കാത്തതിനെ തുടർന്ന് ചീഫ് സെക്രട്ടറി തലത്തിലും തുടർചർച്ചകൾ നടക്കുകയുണ്ടായി. ചില ഘട്ടങ്ങളിൽ സമരം അക്രമാസക്തമാകുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷവുമുണ്ടായി. ക്രമസമാധാന പാലനത്തിനായി വിന്യസിക്കപ്പെട്ട സംസ്ഥാന പോലീസ് സേന തികഞ്ഞ സംയമനത്തോടെയാണ് ഈ സ്ഥിതിവിശേഷത്തെ

നേരിട്ടത്. അനിഷ്ടസംഭവങ്ങൾ നിയന്ത്രണാതീതമാകാതിരിക്കാൻ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ ഈ സമീപനം ഏറെ സഹായകരമായി. സമരസമിതിയുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ ഉന്നയിച്ച ആവശ്യങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും അവ നടപ്പാക്കിവരികയുമാണ്. സമരസമിതി ഉയർത്തിയ പ്രധാന ആവശ്യങ്ങൾക്കുമേൽ ഇന്നലെ (06.12.2022) നടത്തിയ ഉന്നതതല ചർച്ചകളിൽ തീരുമാനമാകുകയും സമരം അവസാനിപ്പിക്കാൻ സമരസമിതി തയ്യാറാകുകയുമുണ്ടായി. തീരുമാനങ്ങളുടെ വിശദാംശം സഭയെ അറിയിക്കുകയാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുവാനായി 03-11-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയും തുറമുഖ സെക്രട്ടറിയും മേൽനോട്ടം വഹിക്കുന്നതാണ്.

ഫ്ലാറ്റുകളുടെ നിർമ്മാണം ഒന്നരക്കൊല്ലംകൊണ്ട് പൂർത്തിയാക്കുന്നതാണ്. രണ്ടുമാസത്തെ വാടക അഡ്വാൻസായി നൽകും. 01-09-2022-ലെ സർക്കാർ ഉത്തരവുപ്രകാരം 5,500/- രൂപ പ്രതിമാസ

വാടക ഇനത്തിൽ നൽകുന്നതാണ്. പുനരധിവാസ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും വീടിന്റെ ആകെ വിസ്തീർണ്ണം 635 Sq.Ft (550 Sq.Ft Built up space + 85 Sq.Ft Common space for each unit)-ൽ അധികരിക്കാതെ ഡിസൈനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്യുന്നതാണ്. ഇതുകൂടാതെ വലയും മറ്റ് ഉപകരണങ്ങളും സൂക്ഷിക്കാനായി പൊതുവായി ഒരു സ്ഥലമൊരുക്കും.

തീരശോഷണവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച പഠന സമിതി മത്സ്യത്തൊഴിലാളികളുടെ വിദഗ്ദ്ധ പ്രതിനിധികളുമായി ചർച്ച നടത്തുന്നതാണ്; തുറമുഖ നിർമ്മാണ പ്രവർത്തനം തുടരുന്നതാണ്.

നിലവിലുള്ള മണ്ണെണ്ണ എഞ്ചിനുകൾ ഡീസൽ, പെട്രോൾ, ഗ്യാസ് എഞ്ചിനുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഉടൻ നടപ്പിലാക്കും. ഇതിനായി ഒറ്റത്തവണ സബ്സിഡി നൽകും. കേരള തീരത്ത് മത്സ്യബന്ധനം നടത്തരുതെന്ന് ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്ന തീയതികളിൽ തൊഴിൽനഷ്ടമുണ്ടാകുന്നത് പരിഗണിച്ച് ഫിഷറീസ് വകുപ്പിന്റെ അംഗീകാരമുള്ള പട്ടികയിൽ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക്, മേൽ നിർദ്ദേശം നിലനിൽക്കുന്ന തീയതികളുടെ എണ്ണം കണക്കാക്കി ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം

A(1)(e) അനുസരിച്ച് തൊഴിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കും. അതുകൂടാതെ, ഫിഷറീസ് വകുപ്പിന്റെ അംഗീകാരമുള്ള പട്ടികയിൽ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ആവശ്യമുള്ളപക്ഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ തൊഴിൽദാന പദ്ധതികളിൽ ഉൾപ്പെടുത്തും.

മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രണ്ടാഴ്ചയ്ക്കുള്ളിൽ പൂനെ സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-മായും മത്സ്യത്തൊഴിലാളി പ്രതിനിധികളുമായും ഫിഷറീസ് വകുപ്പ് ചർച്ച സംഘടിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കും.

സമരം രമ്യമായി അവസാനിപ്പിക്കാൻ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ മേജർ കർദ്ദിനാൾ മാർബസേലിയോസ് ക്ലിമ്മിസ് ബാവ തിരുമേനി മുൻകൈയ്യെടുത്തതും അദ്ദേഹത്തിന്റെ ഇടപെടലും പ്രത്യേക പരാമർശം അർഹിക്കുന്നു. ആപത്ഘട്ടങ്ങളിൽ ജനസമൂഹത്തിന്റെ സംരക്ഷണത്തിനായി സ്വന്തംജീവൻ പണയപ്പെടുത്തി രംഗത്തുവന്നിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് നാടിന്റെ വികസനത്തിനുള്ള സുപ്രധാന പദ്ധതിയായ വിഴിഞ്ഞം തുറമുഖ നിർമ്മാണം മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികളാണ് എല്ലാ ഘട്ടത്തിലും

സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഉയർന്നുവന്ന ആശങ്കകളെ അർഹിക്കുന്ന ഗൗരവത്തോടെ സമീപിച്ച് പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ പദ്ധതിയോടുള്ള പൂർണ്ണ സഹകരണം എല്ലാ വിഭാഗം ജനങ്ങളിൽനിന്നും സർക്കാർ പ്രതീക്ഷിക്കുന്നു.

സംസ്ഥാന സർക്കാർ വികസന രംഗത്ത് നിർണ്ണായകമായ കാൽവയ്പുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സ്ഥായിയായ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ പാകുന്ന ഭൗതിക, സാമൂഹിക പശ്ചാത്തല സൗകര്യ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവ മാനുഷിക മുഖത്തോടെയാകണമെന്ന കാര്യത്തിലും സർക്കാരിന് നിഷ്കർഷയുണ്ട്. പുനരധിവാസത്തിനും ജീവനോപാധികളുടെ സംരക്ഷണത്തിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇതുവരെയുള്ള എല്ലാ വികസന പദ്ധതികളിലും സർക്കാർ ഇക്കാര്യം ഉറപ്പുവരുത്തിയിട്ടുമുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലും സർക്കാരിന് ഈ സമീപനം തന്നെയാണുള്ളത്.

**11.38 a.m]**

## VI സബ്മിഷൻ

### (1) യൂത്ത് കോൺഗ്രസ് മാർച്ചിനുനേരെയുള്ള പോലീസ് നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ നടക്കുന്ന പിൻവാതിൽ നിയമനങ്ങളിൽ പ്രതിഷേധിച്ച് തലസ്ഥാന നഗരിയായ തിരുവനന്തപുരത്തും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും യുവജനങ്ങൾ സമരത്തിലാണ്. സർക്കാർ വകുപ്പുകളിൽ നടക്കുന്ന പിൻവാതിൽ നിയമനങ്ങൾക്കെതിരെയും തിരുവനന്തപുരം കോർപ്പറേഷനിലെ പിൻവാതിൽ നിയമനങ്ങൾക്ക് നേതൃത്വം നൽകിയ മേയറെ സംരക്ഷിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ചും ഇന്നലെ തിരുവനന്തപുരം ജില്ലാ യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന നിയമസഭാ മാർച്ചിനുനേരെ പോലീസിന്റെ നരനായാട്ടാണുണ്ടായത്. യാതൊരു മുന്നറിയിപ്പുമില്ലാതെ എല്ലാ നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ടാണ് സമരക്കാർക്കുനേരെ ഗ്രനേഡ് പ്രയോഗിച്ചത്. സ്ത്രീകളുൾപ്പെടെയുള്ള ആൾക്കൂട്ടത്തിനുനേരെയാണ് ഗ്രനേഡ് എറിഞ്ഞത്. ഗ്രനേഡ് പൊട്ടി കാൽ തകർന്ന് നെയ്യാറ്റിൻകര സ്വദേശിയായ വിഷ്ണുവെന്ന പ്രവർത്തകൻ റോഡിൽ കിടന്നപ്പോൾ ആശുപത്രിയിലെത്തിക്കാൻപോലും പോലീസ് തയ്യാറായില്ല.

അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകാൻപോലും നിവൃത്തിയില്ലാതെയായിരുന്നു പ്രവർത്തകർ നിന്നിരുന്നത്. വിഷ്ണുവിന്റെ കാലിന്റെ അടിഭാഗം പൂർണ്ണമായും തകർന്നു. ദീർഘസമയം കഴിഞ്ഞാണ് അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചത്. അദ്ദേഹം ഇപ്പോൾ ചികിത്സയിലാണ്. ഇന്നലെ രാത്രി ഒരു ശസ്ത്രക്രിയ നടത്തി. ഇനിയും ഒന്നുരണ്ട് ശസ്ത്രക്രിയകൾകൂടി നടത്തേണ്ടിവരുമെന്നാണ് ഡോക്ടർമാർ അറിയിച്ചിട്ടുള്ളത്. കാലിന്റെ ചലനശേഷി വീണ്ടെടുക്കാൻ കഴിയുമോ എന്ന കാര്യം സംശയമാണ്. ലാത്തിച്ചാർജ്ജ് നടത്തുമ്പോഴും കണ്ണീർവാതകം പ്രയോഗിക്കുമ്പോഴും ഗ്രനേഡ് പൊട്ടിക്കുമ്പോഴും ജലപീരങ്കി ചീറ്റുമ്പോഴുമെല്ലാം മുന്നറിയിപ്പുകൾ നൽകാറുണ്ട്. ഇവിടെ എത്രയോ സമരങ്ങൾ നടന്നിട്ടുണ്ട്, നാമെല്ലാം എത്രയോ സമരങ്ങളിൽ പങ്കെടുത്തവരാണ്. എന്നാൽ യാതൊരു പ്രകോപനവുമില്ലാതെ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടാണ് ആൾക്കൂട്ടത്തിനുനേരെ ഗ്രനേഡ് എറിഞ്ഞത്. പരിമിതമായ ജീവിത സാഹചര്യത്തിൽ ജീവിക്കുന്ന പാവപ്പെട്ട കുടുംബത്തിലെ ഒരു ചെറുപ്പക്കാരനാണ് ഇങ്ങനെ സംഭവിച്ചത്. ഇത് ആവർത്തിക്കപ്പെടാൻ പാടില്ല. എല്ലാ നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ട്

ഇത്തരത്തിൽ ക്രൂരമായ വേട്ട നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 06-12-2022-ന് തലസ്ഥാനത്ത് 150-ഓളം വരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകർ നിയമസഭയിലേയ്ക്ക് നടത്തിയ മാർച്ച് നിയമസഭയ്ക്ക് സമീപം പോലീസ് ബാരിക്കേഡ് ഉയർത്തി തടഞ്ഞിരുന്നു. ബാരിക്കേഡ് ഭേദിച്ചും പോലീസിനുനേരെ കല്ലേറ് നടത്തിയും മാർച്ച് അക്രമാസക്തമായതിനെത്തുടർന്ന് പോലീസ് നിരവധി തവണ ജലപീരങ്കി പ്രയോഗിച്ചു. എന്നിട്ടും പിരിഞ്ഞുപോകാതെ പ്രവർത്തകർ സ്ഥലത്ത് സംഘർഷങ്ങൾ സൃഷ്ടിച്ച സന്ദർഭത്തിലാണ് MK2 ഇനത്തിൽപ്പെട്ട സ്റ്റൺ ഗ്രനേഡ് പ്രയോഗിച്ച് ഇവരെ പിരിച്ചുവിട്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഈ സംഭവത്തിൽ ഒരു പ്രവർത്തകന്റെ ഇടതുകാലിന് മുറിവേൽക്കാനിടയായിട്ടുണ്ട്. പരിക്കേറ്റ പ്രവർത്തകനെ റോഡിൽ തള്ളുകയല്ല പോലീസ് ചെയ്തത്. ആ പ്രവർത്തകനെ പോലീസ് ചികിത്സയ്ക്കായി ജനറൽ ആശുപത്രിയിൽ എത്തിച്ചിരുന്നു. നിലവിൽ ഇദ്ദേഹം ഒരു സ്വകാര്യ ആശുപത്രിയിൽ

ചികിത്സയിലാണ്. മാർച്ചിനെത്തുടർന്നുണ്ടായ സംഭവത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1181/22 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണത്തിന്റെ ഫലം എന്താണോ അതിനനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് കരുതുന്നത്.

(2) പ്രീമെട്രിക് സ്കോളർഷിപ്പ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2006-ലെ ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റാണ് ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മുന്നേറ്റത്തിനുവേണ്ടി 15 ഇന കർമ്മപരിപാടി ആവിഷ്കരിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ സൂചിപ്പിച്ച ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള 'പ്രീമെട്രിക് സ്കോളർഷിപ്പ്'. 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകിയിരുന്നത്. കേവലം 1000/- രൂപ മാത്രമാണ് പ്രതിവർഷം നൽകുന്നത്. ഒരു ലക്ഷത്തിൽതാഴെയുള്ള ഏറ്റവും ദരിദ്രരായ കുട്ടികൾക്കാണ് ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്നത്. നിർഭാഗ്യമെന്ന് പറയട്ടെ, 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക്

നൽകിയിരുന്ന പ്രീമെട്രിക് ആനുകൂല്യങ്ങൾ കേന്ദ്രഗവൺമെന്റ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. കേന്ദ്രഗവൺമെന്റിന്റെ ന്യൂനപക്ഷ വിരുദ്ധ സമീപനങ്ങളുടെ തുടർച്ചയായി മാത്രമേ നമുക്കിതിനെ കാണാൻ കഴിയുകയുള്ളൂ. 2009-ൽ നിലവിൽ വന്ന വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭിക്കുമെന്നാണ് കേന്ദ്ര സർക്കാർ ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കുന്നത്. അതൊക്കെയാണെങ്കിലും 1,000/- രൂപ ലഭിക്കുകയെന്നത് ഒരു ആശ്വാസവും പ്രോത്സാഹനവുമാണ്. അതുപോലും നിർത്തലാക്കുന്ന സമീപനം ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള കേന്ദ്രസർക്കാരിന്റെ അങ്ങേയറ്റത്തെ അവഗണനയാണ്. കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തി ഇത് പുനഃസ്ഥാപിക്കുന്നതുവരെ സംസ്ഥാന ഗവൺമെന്റ് ഈ വിദ്യാർത്ഥികൾക്ക് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന ന്യൂനപക്ഷ സ്കോളർഷിപ്പ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം എം. വിജിൻ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞപ്പോൾ ഞാൻ ഇക്കാര്യം സൂചിപ്പിച്ചതാണ്. 1 മുതൽ 10 വരെ ക്ലാസ്സുകളിലുള്ള ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കുള്ള ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പിന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം 20-07-2022-ന് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ക്ഷണിച്ചതുപ്രകാരം പുതുതായിട്ടും അതുപോലെ റിന്യൂവൽ ചെയ്യേണ്ട വിഭാഗങ്ങളിലുമായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ 8 ലക്ഷം വിദ്യാർത്ഥികളാണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമായതിനാൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുമാത്രമേ പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുള്ളൂവെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് അപേക്ഷകൾ മാത്രം പരിശോധിച്ചാൽ മതിയെന്നുള്ള അറിയിപ്പ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് 29-11-2022-ൽ സംസ്ഥാന

സർക്കാരിന് കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടുണ്ട്. 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികളെ ഒഴിവാക്കിയതോടെ സംസ്ഥാനത്ത് ലഭ്യമായിക്കൊണ്ടിരുന്ന ആകെ സ്കോളർഷിപ്പിന്റെ 80 ശതമാനത്തോളം കുറവ് വന്നു. 9, 10 ക്ലാസ്സുകളിൽ അപേക്ഷ സമർപ്പിച്ച കുട്ടികൾ 20 ശതമാനം മാത്രമാണ്. വർഷങ്ങളായി നൽകിവന്നിരുന്ന സ്കോളർഷിപ്പാണ് ഇക്കൊല്ലം അപേക്ഷ ക്ഷണിച്ചതിനുശേഷം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരുപറഞ്ഞ് നിർത്തലാക്കിയത്. അതായത് എട്ട് ലക്ഷത്തോളം അപേക്ഷകൾ സ്വീകരിച്ചതിനുശേഷമാണ് പെട്ടെന്ന് കേന്ദ്രഗവൺമെന്റ് 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് നിർത്തലാക്കിയത്. ഇത് തികച്ചും അനുചിതമായ കാര്യമാണ്. കുട്ടികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യവും നിർത്തലാക്കാൻ പാടില്ലെന്നുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. അതിനാൽ ഈ സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതാണ്. അത് എത്രകണ്ട് നടപ്പിലാകുമെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. കിട്ടുകയാണെങ്കിൽ ഉപയോഗപ്പെടുത്താം, അല്ലെങ്കിൽ സ്വീകരിക്കേണ്ട ബദൽമാർഗ്ഗം സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) പരവൂർ കായൽ സംരക്ഷണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ദേശീയ ജലപാതയുടെ ഭാഗമായിട്ടുള്ളതാണ് പരവൂർ കായൽ. ഇത്തിക്കരയാർ ഒഴുകി പരവൂർ കായലിൽ വന്നുചേരുന്ന ഭാഗത്ത് ചെറുതും വലുതുമായ മണൽത്തിട്ടകൾ രൂപപ്പെട്ടതിനാൽ പരിസ്ഥിതി വിനാശത്തിലകപ്പെടുന്ന നിലയിലാണ് ഈ കായൽ ഇപ്പോഴുള്ളത്. മൺതിട്ടകളിൽ വൃക്ഷങ്ങളും സസ്യലതാദികളും വളർന്ന് ഇവിടം വലിയ കരയായി മാറിയിരിക്കുന്നതിനാൽ കടലിലേയ്ക്കുള്ള ജലപ്രവാഹം നിലച്ചിരിക്കുകയാണ്. കുട്ടനാടൻ മാതൃകയിൽ നെൽകൃഷി നടത്തുന്ന പോളച്ചിറ കായൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നെൽകൃഷിപോലും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. കായലിലെ മത്സ്യസമ്പത്തും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. വെള്ളപ്പൊക്കംമൂലം ജനങ്ങൾക്ക് വാസസ്ഥലം നഷ്ടപ്പെടുന്ന അവസ്ഥയാണ്. കരയിടിഞ്ഞ് കായലിലേയ്ക്ക് ചേർന്ന് ഭൂമിതന്നെ ഇല്ലാതാകുകയാണ്. മൺതിട്ടകൾ ഉണ്ടാകുന്നതിന്റെ കാരണം കണ്ടുപിടിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്തേണ്ടതുണ്ട്. നിരവധി തവണ ഇക്കാര്യം മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ ബോധ്യപ്പെടുത്തിയെങ്കിലും ഇതുവരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ പരവൂർ കായലിൽ

രൂപപ്പെട്ടിട്ടുള്ള മൺതിട്ടകൾ അടിയന്തരമായി നീക്കം ചെയ്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും പരവൂർ കായലിന്റെ സ്വാഭാവികത നിലനിർത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ച വിഷയം ഗൗരവമായി പരിശോധിക്കുന്നതാണ്. പരവൂർ കായൽ പ്രദേശത്തിന് വന്നിട്ടുള്ള മാറ്റങ്ങളും മണൽത്തിട്ട രൂപപ്പെട്ടതും ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടാനും മറ്റും കാരണമായിത്തീർന്നിട്ടുണ്ട്. കൃഷി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തടസ്സം നേരിടുന്നുവെന്നാണ് അംഗം സൂചിപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് അടിയന്തരമായി പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിലാണ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത്. ഡി.എസ്.ആർ. (ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) 2018 പ്രകാരം നാലരക്കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും മണ്ണിന്റെ ഘടനയും അളവും ശാസ്ത്രീയമായി നിശ്ചയിച്ച് പ്രവൃത്തി ചെയ്യേണ്ടതായിട്ടുള്ളതുകൊണ്ട് അഞ്ച് ലക്ഷം രൂപ അടങ്കൽതുക വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്)-

ൽനിന്നും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി, കരാറിലൂടെ പര്യവേക്ഷണ പ്രവൃത്തികൾ ഉടൻതന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മണ്ണിന്റെ ഘടനയും അളവും നിശ്ചയിച്ച് സർക്കാരിന് വരുമാനം ലഭിക്കത്തക്ക രീതിയിൽ എക്സ്പ്രക്ഷൻ ഓഫ് ഇന്ററസ്റ്റ് പ്രകാരം കായലിൽനിന്ന് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെടുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

(4) <u>കോന്നി മലയോര മേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, നമ്മുടെ നാട്ടിൽ ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന കാലത്ത് കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, കലഞ്ഞൂർ തുടങ്ങിയ പ്രദേശങ്ങളിലെ വനഭൂമിയിൽ കൃഷി ചെയ്യാനെത്തിയ കർഷകർക്ക് അവരുടെ മൂന്ന് തലമുറകൾ പിന്നിട്ടുകഴിഞ്ഞിട്ടും, ഏകദേശം എട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഭൂമിയുടെ ഉടമസ്ഥാവകാശവും പട്ടയവും ലഭ്യമായിട്ടില്ല. 1977-നുമുമ്പ് വനഭൂമി കൈയേറിയ കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാൻ കാലതാമസം നേരിടുകയാണ്. റവന്യൂ-വനം ഉദ്യോഗസ്ഥരുടെ ജോയിന്റ്

പരിശോധനയ്ക്കുശേഷം 2019 ഒക്ടോബർ മാസത്തിൽ അനുമതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും മൂന്ന് വർഷം കഴിഞ്ഞിട്ടും കേന്ദ്രസർക്കാർ ഇതുമായി ബന്ധപ്പെട്ട് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. മൂന്ന് വർഷത്തിനിടയിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട നിരവധി രേഖകളും വിവരങ്ങളും സംസ്ഥാന സർക്കാർ നൽകുകയുണ്ടായി. 2021-ൽ കേന്ദ്രസംഘം ഫീൽഡ് പരിശോധന നടത്തിയെങ്കിലും കേന്ദ്രസർക്കാർ ഇതുവരെ അന്തിമ തീരുമാനമെടുത്തിട്ടില്ല. നിലവിൽ ഡൽഹിയിലെ ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റിന്റെ ഓഫീസിലാണ് പ്രസ്തുത ഫയലുള്ളത്. കോന്നിയിലെ മലയോര കർഷകരുടെ പട്ടയ വിഷയം അടുത്ത ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയിലെങ്കിലും അജണ്ടയായി ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വനം വകുപ്പിലെ ഒരു ഉന്നത സംഘത്തെ ഡൽഹിയിൽ അയച്ച് വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. യു. ജനീഷ് കുമാർ ഉന്നയിച്ച പ്രശ്നം ലളിതമാണെന്ന് തോന്നുന്നില്ല. ഏതാണ്ട് 6500 കുടുംബങ്ങൾക്ക് പ്രയോജനമുള്ള 1970.041 ഹെക്ടർ കൈവശ വനഭൂമിയുടെ

ക്രമീകരണത്തിനുവേണ്ടിയുള്ള അപേക്ഷയാണ് എല്ലാ നടപടികളും പൂർത്തീകരിച്ച് 2019-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. അവരുടെ ബാംഗ്ലൂരിലുള്ള റീജിയണൽ ഓഫീസിലേയ്ക്ക് നൽകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടെയും സമർപ്പിക്കുകയുണ്ടായി. പിന്നീട് 27-08-2020-ന് പരിഹാരവത്കരണത്തിനായുള്ള ഭൂമിയുടെ കെ.എം.എൽ. ഫയലുകൾ, കൈവശ വനഭൂമി സംബന്ധിച്ച അധിക വിവരം എന്നിവ വീണ്ടും ആരായുകയുണ്ടായി. ടി വിവരങ്ങൾ ഫീൽഡ് ഡിവിഷനുകളിൽനിന്നും ശേഖരിച്ച് 07-12-2020-നുതന്നെ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും വിശദമായ പരിശോധനയ്ക്കുശേഷം 17-12-2020-ന് കേന്ദ്രസർക്കാരിലേയ്ക്ക് നൽകുകയും ചെയ്തു. 09-02-2021-ന് കേന്ദ്രസർക്കാർ വീണ്ടും അധിക വിവരങ്ങൾ ആവശ്യപ്പെടുകയും 11-02-2022-ന് അവ സമർപ്പിക്കുകയും ചെയ്തു. ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ ഇത് മുഴുവൻ പരിശോധിക്കുകയും അവരുടെ ടീം ഇവിടെ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തു. 19-05-2022-ൽ വീഡിയോ കോൺഫറൻസിംഗ്വഴി അവർ ആവശ്യപ്പെട്ട വിവരങ്ങൾ 17-06-2022-ന് വീണ്ടും സമർപ്പിച്ചു. തുടർന്ന് 26-07-2022-ന് ഡൽഹിയിൽ ഒരു മീറ്റിംഗ് നടത്തിയതിനുശേഷം 04-08-2022-ൽ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം

10-11-2022-ന് ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ്സിന് വീണ്ടും സമർപ്പിക്കുകയുണ്ടായി. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയെ ഒന്നിലധികം തവണ സന്ദർശിച്ച് ഇത് ലഭ്യമാകേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തിയ അവസരത്തിൽ വളരെ അനുഭാവപൂർവ്വമായാണ് അദ്ദേഹം സംസാരിച്ചതെങ്കിലും ഫലത്തിൽ അനുമതി നിഷേധിക്കുന്ന നയമാണ് ഇതുവരെ അവർ സ്വീകരിച്ചിട്ടുള്ളത്. ഇതിൽ മറ്റെന്തെങ്കിലും രാഷ്ട്രീയ താത്പര്യമുണ്ടോ എന്ന സംശയം ജനങ്ങളിൽ വളർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ കൂടുതൽ ഇടപെടൽ നടത്തുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും പത്തനംതിട്ട ജില്ലയിലാകെ വലിയ മാറ്റങ്ങൾക്ക് വഴിതെളിയിക്കുന്ന ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനുള്ള ശ്രമം തുടരുകയും ചെയ്യുമെന്ന് സഭയെ അറിയിക്കുകയാണ്.

(5) പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2018-19-ലെ മഹാപ്രളയത്തിൽ ആലപ്പുഴ ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ പ്രത്യേകിച്ചും കുട്ടനാട് താലൂക്ക് വെള്ളത്തിലാകുകയും ജനങ്ങൾക്ക് വലിയ നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ അവരുടെ ദുരിതത്തിന് താത്കാലിക പരിഹാരമെന്നുള്ള

നിലയിൽ സംസ്ഥാന ഗവൺമെന്റ് അടിയന്തര സഹായം എത്തിക്കുകയുണ്ടായി. തകർന്നുപോയ പല വീടുകൾക്കും നാശനഷ്ടത്തിന്റെ തോതനുസരിച്ച് പതിനായിരം രൂപ മുതൽ രണ്ടര ലക്ഷം രൂപവരെ സഹായമായി ലഭിക്കുകയുണ്ടായി. എസ്.ഡി.ആർ.എഫ്. (State Disaster Response Fund)-ൽനിന്നും സി.എം.ഡി.ആർ.എഫ്. (Chief Minister's Distress Relief Fund)-ൽനിന്നും സഹായം ലഭിച്ച നൂറുകണക്കിന് സാധാരണക്കാരായ പാവപ്പെട്ട മനുഷ്യർക്ക് പി.എം.എ.വൈ./ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന വീടുകൾ 2020-21 കാലഘട്ടത്തിൽ പൊളിച്ച് ഫൗണ്ടേഷൻ കെട്ടി സർക്കാരിന്റെ സഹായത്തിനായി കാത്തിരുന്നുവെങ്കിലും പതിനായിരം രൂപ കൈപ്പറ്റിയിട്ടുള്ള ആൾക്കാർക്കുപോലും വീടിനുള്ള അനുമതി നിഷേധിച്ചു. പതിനായിരം, അറുപതിനായിരം, രണ്ടര ലക്ഷം രൂപവരെ സഹായം ലഭിച്ചവരുണ്ട്. ചെറിയ സഹായമായ പതിനായിരം രൂപ വാങ്ങിയിട്ടുള്ളവർക്കുപോലും വീടിന്റെ അനുമതി നിഷേധിച്ചിരിക്കുകയാണ്. 10,000/- രൂപ കൈപ്പറ്റിയ 41 പേർ, 60,000/- രൂപ കൈപ്പറ്റിയ 116 പേർ എന്നിങ്ങനെ ഏതാണ്ട് 267 പേർ ആലപ്പുഴ നഗരസഭയിൽ മാത്രമുണ്ട്. അങ്ങനെ കൈപ്പറ്റിയിട്ടുള്ള

ആൾക്കാരുടെ വീടുകൾ ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ നടത്തുകയും അവ വാസയോഗ്യമായിട്ടുള്ളതല്ലെന്നും വീടിന് അർഹതയുള്ളവരാണെന്നും അവർക്ക് തുക അനുവദിക്കേണ്ടതാണെന്നുമുള്ള വിവരങ്ങൾ ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തതനുസരിച്ച് നഗരസഭ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ഗവൺമെന്റിലും ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രമേയങ്ങൾ അയയ്ക്കുകയും ചെയ്തു. നിർഭാഗ്യമെന്ന് പറയട്ടെ ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടില്ല. ഒരു വർഷത്തിൽ ആറേഴ് മാസക്കാലം ഈ പ്രദേശങ്ങളിലെല്ലാം വെള്ളക്കെട്ടാണ്. പതിനായിരം രൂപ കൈപ്പറ്റിയതിന്റെ പേരിൽ ഈ പാവപ്പെട്ട മനുഷ്യർക്ക് ലഭിക്കേണ്ട നാല് ലക്ഷം രൂപയുടെ ഭവന പദ്ധതി നിഷേധിക്കപ്പെടുന്ന സമീപനമാണുണ്ടായിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം അടിയന്തരമായി പരിശോധിക്കണം. ധനസഹായം കൈപ്പറ്റിയവർ അത് തിരിച്ചടയ്ക്കാൻ തയ്യാറാണ്. അവർക്ക് ഭവനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം 10-02-2021-നും 14-09-2021-നും ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

കോ-ഓർഡിനേഷൻ കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും അന്ന് കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 08-11-2021-ൽ സ.ഉ.(സാധാ) നം.2225/2021/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് പ്രളയത്തിൽ 75 ശതമാനമോ അതിൽ കൂടുതലോ നാശനഷ്ടമുണ്ടായ വീടുകൾക്ക് SDRF/CMDRF-ൽനിന്ന് നാല് ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഭവനനിർമ്മാണത്തിന് സഹായം നൽകേണ്ടതില്ലെന്നാണ് തീരുമാനിച്ചത്. ലൈഫ് ഭവന പദ്ധതി പ്രകാരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് നാല് ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. അതുകൊണ്ടാണ് SDRF/CMDRF-ൽനിന്നും നാല് ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെങ്കിൽ അവർക്ക് ഇത് അനുവദിക്കേണ്ടതില്ലെന്ന് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 60 ശതമാനം മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ വീടുകൾക്ക് പരമാവധി 2,50,000/- രൂപയാണ് SDRF/CMDRF-ൽനിന്നും ലഭിക്കുന്നത്. ആ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശ പ്രകാരം പുതിയ വീട് നിർമ്മിക്കുന്നതിന് 2,50,000/- രൂപയ്ക്ക് പുറമെ ഒന്നര ലക്ഷം രൂപ കൂടി അധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാമെന്ന്

ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചിട്ടുള്ളവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ലെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. 2018-ലെയും 2019-ലെയും പ്രളയങ്ങളിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF/CMDRF-ൽനിന്നോ മറ്റേതെങ്കിലും വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള 4 ലക്ഷം രൂപ ധനസഹായമായി നൽകുന്നതിനുള്ള നിർദ്ദേശവും ഈ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ പ്രളയ ദുരിതാശ്വാസ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചതുമായ ഒൻപത് ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിപ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്ന പഞ്ചായത്തിന്റെ ആവശ്യം 15-10-2022-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തു. പ്രളയത്തിൽ പൂർണ്ണമായും വീട്

തകർന്ന ഏതെങ്കിലും കേസുകളിൽ SDRF/CMDRF-ൽനിന്നോ മറ്റുവിധത്തിലോ വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രമേ വീട് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ലൈഫ് പദ്ധതി നിരക്കിൽ ധനസഹായം നൽകേണ്ടതുള്ളൂവെന്നാണ് കോ-ഓർഡിനേഷൻ സമിതി തീരുമാനിച്ചിട്ടുള്ളത്. പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം നേരിടുകയും ആയതിന് നഷ്ടപരിഹാരം ഏതെങ്കിലും സ്കീമുകളിൽനിന്ന് ലഭിക്കുകയും ചെയ്തവരുടെ വീടുകൾ പിന്നീട് വാസയോഗ്യമല്ലാതായിത്തീർന്നശേഷം ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ അവരുടെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് ലൈഫ് മിഷനിൽനിന്ന് ധനസഹായം അനുവദിക്കാമോ എന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് അറിയിക്കുന്നു.

## (6) ലഹരി വില്പനയ്ക്കെതിരെ നിയമനിർമ്മാണം

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തെ ഏറ്റവും കൂടുതൽ അപകടത്തിലാക്കുന്ന സ്ഥിതിയിലേയ്ക്കാണ് ലഹരി മാഫിയസംഘങ്ങൾ വളർന്നുവരുന്നത്. മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും സമൂഹത്തിൽ അനുദിനം വർദ്ധിച്ചുവരുന്നു. നിയമത്തിലെ

പഴുതുകളുപയോഗിച്ച് മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി വില്പനക്കാർ നിയമ നടപടിയിൽനിന്നും എളുപ്പത്തിൽ ഒഴിവാകുന്നത് മയക്കുമരുന്ന് വ്യാപനത്തിന് കാരണമാകുന്നു. സ്കൂൾ കുട്ടികളിലടക്കം വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനം തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ ഉറപ്പാക്കുന്നതിനും ഫലപ്രദമായ, മാതൃകയാകുന്ന തരത്തിൽ പോലീസിനെയും എക്സൈസ് വകുപ്പുകളെയും ഏകോപിപ്പിച്ച് നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തയ്യാറാകണം. എട്ടാം ക്ലാസുകാരിയെ മയക്കുമരുന്ന് ക്യാരിയറായും മറ്റും ഉപയോഗിച്ചുവെന്ന വളരെ വേദനിപ്പിക്കുന്ന വാർത്തയാണ് ഇന്നലെ ഏഷ്യാനെറ്റ് ന്യൂസിലൂടെ കണ്ടത്. തലശ്ശേരിയിലെ ഇരട്ടക്കൊലപാതകമടക്കം നിരവധി അക്രമങ്ങളും നാട്ടിൽ നടക്കുകയാണ്. മയക്കുമരുന്നു വാങ്ങാൻ പണം നൽകാത്തതിന്റെ പേരിൽ മകൻ അമ്മയെ വെട്ടിപ്പരിക്കേൽപ്പിക്കുന്ന സ്ഥിതിയുണ്ടാകുന്നു; കൊലപാതകങ്ങൾ നടക്കുന്നു. കഴിഞ്ഞ ഡിസംബർ രണ്ടിനാണ് സ്കൂൾ വിദ്യാർത്ഥിനിയായ പതിമൂന്നുകാരിയെ മയക്കുമരുന്ന് നൽകി വശത്താക്കുകയും മരുന്ന് കുത്തിവച്ച് ഭീഷണിപ്പെടുത്തി മയക്കുമരുന്നിന്റെ ക്യാരിയറാക്കുകയും ചെയ്ത സമൂഹ മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവം വടകരയിലെ അഴിയൂരിൽ ഉണ്ടായത്. സ്റ്റുഡന്റ് പോലീസ് കേഡറ്റും കബഡി

ടീം അംഗവുമായ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയെയാണ് ശരീരത്തിൽ പ്രത്യേക ചിത്രങ്ങൾ (ഇമേജുകൾ) അടയാളപ്പെടുത്തി മയക്കമരുന്ന് വിതരണത്തിനായി ഉപയോഗിച്ചത്. കളിക്കിടെ ഒപ്പമുണ്ടായിരുന്ന കുട്ടി നൽകിയ ബിസ്കറ്റ് കഴിച്ചതോടെയാണ് ഈ കുട്ടി ലഹരിയുടെ പിടിയിലായത്. ഒരിക്കൽ ബിസ്കറ്റ് കഴിച്ചാൽ വീണ്ടും കഴിക്കണമെന്ന ആഗ്രഹമുണ്ടാകും. ലഹരി കടത്തിയില്ലെങ്കിൽ മുഖത്ത് ആസിഡ് ഒഴിക്കുമെന്ന ഭീഷണി കാരണം സ്കൂളിൽ നിരവധി കുട്ടികൾ ഇത്തരത്തിൽ ലഹരി കടത്തുന്നതായാണ് കുട്ടി മൊഴി നൽകിയിരിക്കുന്നത്. തലശ്ശേരിയിൽ മൂന്ന് സ്കൂൾ കുട്ടികളാണ് സ്കൂൾ ബാഗിൽ ലഹരി വിതരണം ചെയ്തത്. ഇഞ്ചക്ഷനെടുത്താൽ ഒന്നും ഓർമ്മയില്ലാത്ത അവസ്ഥയിലാണെന്നും എന്താണ് ചെയ്യുന്നതെന്ന് അറിയില്ലെന്നും കുട്ടി മാധ്യമങ്ങളോട് പറഞ്ഞു. ഇതുസംബന്ധിച്ച് ചോമ്പാല പോലീസിൽ പരാതി നൽകിയെങ്കിലും കുട്ടിയുടെ മൊഴിയിൽ പൊരുത്തക്കേടുണ്ടെന്ന് പറഞ്ഞ് കേസെടുക്കാൻ പോലീസ് തയ്യാറായില്ലെന്നും സ്കൂൾ അധികൃതർ ചൈൽഡ് ലൈൻ പ്രവർത്തകരെ വിവരമറിയിച്ചില്ലെന്നും ആക്ഷേപമുണ്ട്.

എന്റെ നാട്ടിനടുത്ത് ചെറുവാഞ്ചേരി എന്ന പ്രദേശത്ത് മയക്കമരുന്ന് വിരുദ്ധ ജനകീയ പ്രതിരോധ സമിതി ഏകദേശം നാലായിരത്തോളം

ആളുകളിൽനിന്ന് ഒപ്പ് ശേഖരിച്ചു. അതിന്റെ ചെയർമാന്മാരായ ശ്രീ. സന്തോഷ് ഇരിഞ്ഞോളിലും ശ്രീ. പന്നിയോട് ചന്ദ്രനും പറയുന്നത്, ഗ്രാമപ്രദേശവും ആദിവാസി മേഖലയുമായതിനാൽ അവിടെ ലഹരി വില്പനയ്ക്കെതിരെ കർശന നിയമം കൊണ്ടുവരണമെന്നാണ്. നിയമസഭയിൽ അതിനുവേണ്ടിയുള്ള നിയമ നിർമ്മാണം നടത്തുകയും മയക്കുമരുന്നിൽനിന്നും കേരളത്തെ രക്ഷിക്കാൻ നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീമതി. കെ. കെ. രമ: സർ, എന്റെ നിയോജകമണ്ഡലത്തിൽ നടന്ന ഒരു പ്രധാനപ്പെട്ട വിഷയമാണിത്. എട്ടാം ക്ലാസിൽ പഠിക്കുന്ന ഏറ്റവും മിടുക്കിയായ ഒരു കുട്ടിയെയാണ് മയക്കുമരുന്ന് സംഘം ക്യാരിയറായി ഉപയോഗിച്ചത്. പോലീസുൾപ്പെടെ നിഷ്ക്രിയമായാണ് അന്വേഷണം കൊണ്ടുപോകുന്നത് എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ശക്തമായ അന്വേഷണം പ്രഖ്യാപിക്കുകയും കൂടുതൽ കുട്ടികളിലേയ്ക്ക് ഇത് വ്യാപിച്ചിട്ടുണ്ടോയെന്നറിയുന്നതിനായി ശക്തമായ പരിശോധനയുണ്ടാകുകയും വേണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ലഹരി മരുന്ന് വില്പനക്കാർ നിലവിലുള്ള നിയമത്തിലെ

പഴുതുകളുപയോഗിച്ച് ശിക്ഷയിൽനിന്നും നിയമനടപടികളിൽനിന്നും ഒഴിവാകുന്നൊരു സാഹചര്യത്തിൽ പോലീസ്-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് നിയമനിർമ്മാണം നടത്തണമെന്ന ആവശ്യമാണ് ശ്രീ. കെ. പി. മോഹനൻ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. നിലവിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് (Narcotic Drugs and Psychotropic Substances Act) പ്രകാരം കൈവശം വയ്ക്കാവുന്ന മയക്കുമരുന്നിന്റെ അളവിനെ സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. കൈവശം വച്ചിട്ടുള്ള മയക്കുമരുന്നിന്റെ അളവ് സ്മാൾ ക്വാണ്ടിറ്റിയാണെങ്കിൽ അത് ജാമ്യം ലഭിക്കാവുന്ന കുറ്റകൃത്യമാണ്. പക്ഷേ കേരളത്തിലെ സവിശേഷമായ സാഹചര്യത്തിൽ ആ അളവിനെയും കൂടിയ അളവായിട്ടാണ് കണക്കാക്കേണ്ടത്. കഞ്ചാവ് കൈവശം വയ്ക്കുന്നത് ഇപ്പോൾ കുറ്റകരമാണെങ്കിലും ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വച്ചാൽ ജാമ്യം ലഭിക്കുകയും ഇങ്ങനെ ജാമ്യത്തിലിറങ്ങുന്നയാളുകൾ കുറ്റകൃത്യം ആവർത്തിക്കുകയും ചെയ്യുന്ന സാഹചര്യം പലപ്പോഴുമുണ്ടാകുന്നുണ്ട്. എൻ.ഡി.പി.എസ്. ആക്ട് കേന്ദ്ര നിയമമായതുകൊണ്ട് സംസ്ഥാന സർക്കാരിന് ഇതിൽ ഭേദഗതി വരുത്താനാവില്ല. സ്മാൾ ക്വാണ്ടിറ്റി, മീഡിയം

ക്വാണ്ടിറ്റി, കമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ അളവ് തിരിച്ചിട്ടുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്നും എൻ.ഡി.പി.എസ്. നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമുള്ള ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ടിലെ സെക്ഷൻ 27 പ്രകാരം നിലവിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഒരിക്കൽ മയക്കുമരുന്ന് കേസിൽ ശിക്ഷിക്കപ്പെടുന്ന ആൾ പിന്നീട് സമാനമായ കുറ്റകൃത്യം ചെയ്തിട്ടുണ്ടെങ്കിൽ ഓരോ തവണ കുറ്റം ആവർത്തിക്കുമ്പോഴും നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിന് ആക്ടിലെ വകുപ്പ് 31 പ്രകാരം നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. വകുപ്പ് 31 A പ്രകാരം വാണിജ്യ അളവിലുള്ള മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസിൽ ശിക്ഷിക്കപ്പെടുന്നവർ പിന്നീട് ആക്ടിൽ പറഞ്ഞിട്ടുള്ള അളവിലോ അതിൽ കൂടുതലോ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസിലുൾപ്പെട്ടാൽ വധശിക്ഷ ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്. കൂടാതെ പി.ഐ.റ്റി. എൻ.ഡി.പി.എസ്. (Prevention of Illicit Traffic in Narcotic Drugs and Psychotropic Substances) ആക്ട് പ്രകാരമുള്ള നിയമനടപടികളും കേരളത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. എക്സൈസ് വകുപ്പ് മയക്കുമരുന്നുമായി

ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് ഇപ്പോൾ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്.

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമാണ് രാജ്യത്തെ കുട്ടികൾക്കെതിരായിട്ടുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നത്. കുട്ടികൾക്കെതിരെയുള്ള എൻ.ഡി.പി.എസ്. കേസുകൾക്ക് പ്രസ്തുത ആക്ടനുസരിച്ച് ജാമ്യം ലഭിക്കുമെങ്കിലും പ്രതികൾക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വകുപ്പുകൾകൂടി ചുമത്തി കേസ് രജിസ്റ്റർ ചെയ്യുന്നത് പ്രതികൾക്ക് കൂടുതൽ ശിക്ഷ ഉറപ്പാക്കാൻ സഹായിക്കും. എന്നാൽ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരമില്ലാത്തതിനാൽ എക്സൈസ് വകുപ്പുദ്യോഗസ്ഥർ കണ്ടെടുക്കുന്ന കേസുകൾ എൻ.ഡി.പി.എസ്. നിയമപ്രകാരം മാത്രമേ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. ജുവനൈൽ ജസ്റ്റിസ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസെടുക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെക്കൂടി അധികാരപ്പെടുത്തുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണറുടെ ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. സ്കൂൾ-കോളേജ് കുട്ടികൾക്കിടയിലെ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നത് വളരെ ഗൗരവത്തോടെയാണ് സർക്കാർ

കാണുന്നത്. ഇതുസംബന്ധിച്ച് എക്സൈസിന്റെ ഇന്റലിജൻസ് വിഭാഗം രഹസ്യാന്വേഷണം നടത്തി വിവരങ്ങൾ ഫീൽഡ് ഓഫീസുകൾക്ക് നൽകി തുടർനടപടി സ്വീകരിക്കുന്നതിനു പുറമേ വിദ്യാലയ പരിസരങ്ങളിൽ നിരന്തരമായ പട്രോളിംഗും നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ കേരളത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിച്ചതോടുകൂടി ഇത്തരം പ്രശ്നങ്ങളിലെ ജനങ്ങളുടെ ഇടപെടൽ ശക്തിപ്പെട്ടിട്ടുണ്ട്. എക്സൈസ് ഉദ്യോഗസ്ഥർക്കും പോലീസിനും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നുണ്ട്. പൊതുവിൽ ഒരു ജാഗ്രതയുണ്ടാക്കാൻ ഇത് സഹായിച്ചിട്ടുണ്ട്. പോലീസ്-എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ ഏകോപിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആവശ്യമായ അവസരങ്ങളിൽ വിവരങ്ങൾ കൈമാറി തുടർനടപടി സ്വീകരിക്കുന്ന സ്ഥിതിയുമുണ്ട്. സംയുക്ത പരിശോധനകളും റെയ്ഡുകളും നടത്തുകവഴി ഇപ്പോൾ കാര്യക്ഷമമായ ഏകോപനം നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യമല്ല. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ ലിസ്റ്റ് 1-ഉം യൂണിയൻ ലിസ്റ്റിലെ 59-ാം ഉൾക്കുറിപ്പും സമവർത്തി ലിസ്റ്റിലെ 19-ാം ഉൾക്കുറിപ്പും പ്രകാരം മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിനായുള്ള

നിയമനിർമ്മാണത്തിന് സംസ്ഥാനത്തിന് അധികാരമില്ല. അതുകൊണ്ട് സംസ്ഥാനതലത്തിൽ ഈ വിഷയത്തിന്മേൽ നിയമനിർമ്മാണം നടത്താൻ സാധിക്കുകയില്ലെന്ന് നിയമ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട ചോമ്പാലയിലെ പ്രശ്നത്തിൽ പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ കാര്യക്ഷമമായ അന്വേഷണം നടന്നുവരികയാണ്. കർശന നടപടി സ്വീകരിക്കാൻ എക്സൈസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) വള്ളിക്കുന്ന് ആർട്സ് ആൻഡ് സയൻസ് കോളേജ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ആർട്സ് & സയൻസ് കോളേജ് ഇല്ലാത്തതിനാൽ മണ്ഡലത്തിലെ തീരദേശ മത്സ്യത്തൊഴിലാളികളടക്കമുള്ള സാധാരണക്കാരുടെ കുട്ടികൾക്ക് ഹയർ സെക്കൻഡറി പഠനം കഴിഞ്ഞാൽ തുടർപഠനത്തിനായി കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ട അവസ്ഥയാണ്. മണ്ഡലത്തിൽ കോളേജ് ആരംഭിക്കുന്നതിന് അധികൃതർ സാധ്യതാപഠനം നടത്തുകയും ആവശ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കോളേജ് അനുവദിക്കാമെന്ന് അറിയിക്കുകയും ചെയ്തതിനെത്തുടർന്ന് വള്ളിക്കുന്നിന് സ്വന്തമായി ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് മണ്ഡലത്തിലെ പൂർവ്വികർ സൗജന്യമായി കാലിക്കറ്റ് സർവ്വകലാശാലയ്ക്ക്

നൽകിയ ഭൂമിയിൽനിന്ന് 5 ഏക്കർ സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും സർവ്വകലാശാലയെയും നിരവധി തവണ സമീപിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ അനുകൂല തീരുമാനം ഇതുവരെയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ വള്ളിക്കുന്ന് മണ്ഡലത്തിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ 5 ഏക്കർ ഭൂമി സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കി കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതിയ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. സർക്കാരിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കോളേജ് ആരംഭിക്കുന്നത് മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ഗുണം ചെയ്യുമെന്നും കോളേജ് ആരംഭിക്കുന്നതിന് താത്കാലിക സംവിധാനം ഒരുക്കാവുന്നതാണെന്നും എം.എൽ.എ.-യെ അറിയിച്ചിരുന്നു. കോളേജ് നിർമ്മിക്കുന്നതിന് കോഴിക്കോട് സർവ്വകലാശാലയുടെ 5 ഏക്കർ ഭൂമി ലഭ്യമാക്കണമെന്നും ബഹുമാനപ്പെട്ട

എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ 5 ഏക്കർ സ്ഥലം കോളേജ് ആരംഭിക്കുന്നതിനായി വിട്ടുനൽകണമെന്ന എം.എൽ.എ.-യുടെ ആവശ്യം 28-12-2018-ന് ചേർന്ന യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം തേടാൻ തീരുമാനിക്കുകയും ചെയ്തു. യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനോ അന്യാധീനപ്പെടുത്താനോ കഴിയില്ലെന്നാണ് ബന്ധപ്പെട്ട വിഷയത്തിൽ സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിൽ നിയമോപദേശം നൽകിയതെന്ന് കാലിക്കറ്റ് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അധിക ബാദ്ധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്ത സ്ഥിതിയിലായതിനാൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ തത്കാലം ആരംഭിക്കേണ്ടതില്ലെന്ന പൊതുനിലപാട് ഈ കോളേജിന്റെ കാര്യത്തിലും ബാധകമാണ്. കോളേജിന് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പൊതുനിലപാടിൽ

മാറ്റമുണ്ടാകുന്ന സാഹചര്യത്തിലും കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (8) ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം കൈമാറ്റം ചെയ്യൽ

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2015-ൽ പ്രവർത്തനമാരംഭിച്ച ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. വ്യാവസായിക പരിശീലന വകുപ്പിന് ഈ സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്നതിന് ഐ.ടി.ഐ.-യുടെ വശത്തുകൂടി ഒരു കനാൽ വ്യാവസായിക പരിശീലന വകുപ്പ് പുനർനിർമ്മിച്ച് നൽകണമെന്നതായിരുന്നു ആവശ്യം. 2005-ൽ പ്രവർത്തനമാരംഭിച്ച ഈ ഐ.ടി.ഐ.-ൽ രണ്ട് ട്രേഡുകളിലായി 4 യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നത്. സിവിൽ ട്രേഡിനും ഓഫീസിനും മാത്രമാണ് നിലവിൽ സ്ഥലസൗകര്യമുള്ളത്. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഡി.ജി.ഇ.ടി. (Directorate General of Employment & Training)-യുടെ നിർദ്ദേശപ്രകാരം ഒരു ഐ.ടി.ഐ.-ക്ക് NCVT (National Council of Vocational Training) അഫിലിയേഷൻ നിലനിൽക്കണമെങ്കിൽ 2022

പൂർത്തിയാകുമ്പോഴേയ്ക്കും കുറഞ്ഞത് 4 ട്രേഡുകൾ വേണം. ട്രെയിനികളുടെ കുടിവെള്ളത്തിനായുള്ള കിണർ സംരക്ഷിക്കപ്പെടണം. ഐ.ടി.ഐ.-യുടെ കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതിന് സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്നതിന് 68 ലക്ഷം രൂപ നിലവിൽ ഇറിഗേഷൻ വകുപ്പിന് കൈമാറണമെന്നാണ് മനസ്സിലാകുന്നത്. നേരത്തേ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവഴിച്ചാണ് പ്രസ്തുത ഐ.ടി.ഐ.-യുടെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളത്. ഇക്കാര്യങ്ങൾ കാണിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരത്തേ അപേക്ഷ നൽകിയിരുന്നു. സർക്കാർ അടിയന്തരമായി ഇടപെട്ട് ലഫ്. നിരഞ്ജൻ സ്മാരക ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അതിന്റെ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട നിയമസഭാംഗത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ച് പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്തിലെ എലമ്പുലാശ്ശേരി ഐ.ടി.ഐ.-യുടെ കെട്ടിടം നിർമ്മിക്കുന്നതിനായി

11-06-2012-ലെ 332/2012 നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. വകുപ്പിന് നൽകാമെന്നറിയിച്ച സ്ഥലം അടിയന്തരമായി ലഭ്യമാക്കണമെന്ന് കാണിച്ച് 23-06-2016-ൽ അർദ്ധ ഔദ്യോഗിക കത്തും 01-03-2017-ൽ കത്തും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 09-06-2017-ലെ കത്തുപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ വകുപ്പ് ഡയറക്ടർക്ക് നൽകിയ സ്കെച്ചിൽ നിലവിലുള്ള ഫീൽഡ് ബൂത്ത്, സ്ഥലത്തിന്റെ പടിഞ്ഞാറ് വശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് 3 മീറ്റർ വീതിയിൽ സ്ഥലം ഒഴിച്ചിട്ടാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ കനാലിലൂടെ ജലവിതരണത്തിനും പരിശോധനയ്ക്കും തടസ്സമില്ലാത്ത രീതിയിൽ നിർമ്മിച്ചുനൽകണമെന്ന വ്യവസ്ഥയോടെ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കരാർ ഉടമ്പടി നൽകി കൈമാറുന്നതിന് ജലസേചന വകുപ്പിന് യാതൊരു തടസ്സവുമില്ലെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം ഐ.ടി.ഐ.-ക്ക് കൈമാറിയിട്ടില്ല. ഐ.ടി.ഐ.-യ്ക്ക് സ്ഥലം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കെ.പി.ഐ.പി. (കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട്) എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി

മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പടണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ വ്യാവസായിക പരിശീലന വകുപ്പും ജലസേചന വകുപ്പും തമ്മിൽ കരാറിൽ ഏർപ്പെട്ടതായ ഫയൽ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ജലസേചന വകുപ്പ് പ്രസ്തുത എഗ്രിമെന്റ് പകർപ്പ് ലഭ്യമാക്കിയിട്ടുമില്ല. കെ.പി.ഐ.പി. ഡിവിഷൻ നം. 1, കാഞ്ഞിരപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ 22-08-2018-ലെ കത്തിലൂടെ കനാൽ പുനർനിർമ്മിക്കുന്നതിന് 45 ലക്ഷം രൂപ വേണ്ടിവരുമെന്ന് അറിയിച്ചിരുന്നു. കാഞ്ഞിരപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നുള്ള 24-05-2020-ലെ കത്തുപ്രകാരം ഐ.ടി.ഐ.-യുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഫീൽഡ് ബൂത്ത് നിർമ്മിക്കേണ്ടതാണെന്നും ആയതിന്റെ നിർമ്മാണത്തിനായി നിലവിലെ സാഹചര്യത്തിൽ 68 ലക്ഷം രൂപയുടെ ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത തുക ജലസേചന വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്ക് എന്ന നിലയിൽ ചെയ്യാമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. വ്യാവസായിക വകുപ്പിൽ സ്വന്തം പേരിൽ സ്ഥലം ലഭ്യമല്ലാത്തതിനാലും അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതിനാലും പ്രസ്തുത സ്ഥലത്തെ കനാൽ നിർമ്മാണ കരാറിൽ ഏർപ്പെടേണ്ടതില്ലെന്ന് ആസൂത്രണകാര്യ വകുപ്പ്

അറിയിച്ചിട്ടുണ്ട്. ഈ അഭിപ്രായത്തോട് ധനകാര്യ വകുപ്പ് യോജിക്കുകയുണ്ടായി. മേൽസാഹചര്യത്തിൽ പ്രസ്തുത സ്ഥലം പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) <u>വെസ്റ്റ്ഹിൽ ഭട്ട് റോഡ് റെയിൽവെ മേൽപ്പാലം നിർമ്മാണം</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ മാനാഞ്ചിറ-പാവങ്ങാട് റോഡിലെ വെസ്റ്റ് ഹിൽ ഭട്ട് റോഡ് റെയിൽവേ ഗേറ്റ് വഴിയാണ് എല്ലാ ലോറികളും പോകുന്നത്. നഗരത്തിലേയ്ക്ക് പ്രവേശനം നിരോധിച്ചതുകൊണ്ടാണ് അവ ഇതുവഴി പോകുന്നത്. റെയിൽവേയുടെ പടിഞ്ഞാറ് ഭാഗത്ത് ധാരാളം വീടുകളുണ്ട്. വെസ്റ്റ് ഹില്ലിൽ എഫ്.സി.ഐ. ഡിപ്പോ ഉള്ളതുകൊണ്ട് ഷണ്ടിംഗിനായി റെയിൽവേ ഗേറ്റ് പലപ്പോഴും അടച്ചിടുന്ന വിഷയവുമുണ്ട്. ഇതിന്റെ പ്രധാന്യം കണക്കിലെടുത്ത് 19-04-2018-ൽ ഗവൺമെന്റ് ഓവർ ബ്രിഡ്ജ് നിർമ്മാണം RBDCK (Roads and Bridges Development Corporation of Kerala Limited)-യെ ഏല്പിച്ചിട്ടുണ്ട്. 07-02-2020-ൽ 37.83 കോടി രൂപ കിഫ്ബി അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കെ-റെയിലിന്റെ അലൈമെന്റ് ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായി

നിൽക്കുകയാണ്. ഇതിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. അവിടെയുള്ള ജനങ്ങളുടെ ഒരുപാട് നാളത്തെ ആവശ്യമാണ് റെയിൽവേ മേൽപ്പാലം. പൊതുമരാമത്ത് വകുപ്പുമന്ത്രി കോഴിക്കോട് നിന്നുള്ള ആളായതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് നല്ല അറിവുണ്ട്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചതുപോലെ ഇത് ദീർഘകാലത്തെ ഒരു പ്രശ്നമാണ്. ലെവൽ ക്രോസും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും രാജ്യത്തിന്റെ തന്നെ പ്രധാനപ്പെട്ടൊരു വിഷയമാണ്. എല്ലായിടത്തും റെയിൽവെ ഗേറ്റുകളുള്ളതുകൊണ്ടാണ് കേരളത്തിൽ ഇത് അപകടകരമായി മാറാത്തത്. പലയിടത്തും ഗേറ്റില്ലാത്തത് കാരണം ആളുകൾ അപകടത്തിൽ കൂട്ടമായി മരിക്കുന്ന സ്ഥിതിയുണ്ട്. പ്രധാന പാതകളിൽ ലെവൽ ക്രോസില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവച്ചൊരു പ്രധാനപ്പെട്ട ആശയമാണ്. സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനുതകുന്ന ഏറ്റവും

പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിൽ സംസ്ഥാനത്ത് RBDCK വഴി 72 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബി ഫണ്ടും പൊതുമരാമത്ത് ഫണ്ടും ഉപയോഗിച്ചുകൊണ്ട് ആർ.ഒ.ബി.-കളുടെ നിർമ്മാണം നടക്കുകയാണ്. RBDCK-യുടെ ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത നിലയിൽ പത്ത് ആർ.ഒ.ബി.-കളുടെ നിർമ്മാണം ഒരുമിച്ച് നടക്കുന്നുവെന്ന വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റെയിൽവെ ഓവർ ബ്രിഡ്ജിനെക്കുറിച്ചാണ് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ശ്രദ്ധയിൽപ്പെടുത്തിയത്. ഇതിന് തൊട്ടടുത്തുള്ളത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ നിയോജകമണ്ഡലമാണ്. അദ്ദേഹവും ഈ വിഷയവുമായി ബന്ധപ്പെട്ട് ഇടപെട്ടിരുന്നു. ഇതിന്റെ നിർമ്മാണ ചുമതല RBDCK-യ്ക്കാണ്. പദ്ധതിക്കായി 07-02-2022-ലെ ഉത്തരവുപ്രകാരം കിഫ്ബി 37,83,00,000/- രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്) റെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ പ്രദേശത്ത് സിൽവർലൈൻ അലൈൻമെന്റ് വരുന്നതിനാൽ ആ അലൈൻമെന്റ് അന്തിമമായതിനുശേഷം മാത്രമേ ജി.എ.ഡി. പരിഗണിക്കാൻ

സാധിക്കുവെന്ന് റെയിൽവെ അറിയിച്ചു. ഇപ്പോഴുള്ള പദ്ധതിയുമായി മുന്നോട്ടുപോകാമെന്ന് കെ.ആർ.ഡി.സി.എൽ. (Kerala Rail Development Corporation Limited) കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ ജി.എ.ഡി. വീണ്ടും റെയിൽവേയ്ക്ക് സമർപ്പിച്ച് അംഗീകാരം തേടുന്ന പ്രവർത്തനത്തിലേയ്ക്ക് കടക്കാൻ RBDCK, എം.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റെയിൽവെയുടെ അംഗീകാരം ലഭിച്ചാൽ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

(10) തൃക്കാക്കര-ബ്രഹ്മപുരം പാലം

ശ്രീമതി ഉമ തോമസ്: സർ, വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട് റീബിൽഡ് കേരള സ്കീമിൽ നിരവധി പാലങ്ങൾ വെർട്ടിക്കൽ ക്ലിയറൻസിനായി ഉയർത്തിയും പുതുക്കിയും പണിയുന്നതിന്റെ ഭാഗമായി തൃക്കാക്കര-കുന്നത്തുനാട് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ബ്രഹ്മപുരം പാലം പൊളിച്ച് പുതുക്കിപ്പണിയുന്നതിനായുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ടാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കളമശ്ശേരി മെഡിക്കൽ കോളേജിലേയ്ക്ക് രോഗികളുമായി പോകുന്ന ആംബുലൻസുകളും ഇൻഫോപാർക്ക് മേഖലയിൽ ജോലി ചെയ്യുന്നവരുൾപ്പെടെ സഞ്ചരിക്കുന്ന വഴിയും മൂന്നാർ ടൂറിസം

മേഖലയിലേയ്ക്കുള്ള സഞ്ചാരികളും കിഴക്ക് ഭാഗത്തുനിന്ന് കൊച്ചി-മധുര ഹൈവേയിലൂടെ എറണാകുളത്തേയ്ക്ക് 30 ശതമാനത്തിലധികം വാഹനങ്ങളും കടന്നുപോകുന്നതായ പ്രധാന പാതയാണ് ബ്രഹ്മപുരം പാലം. ഈ പാലം പുതുക്കിപ്പണിയുന്നതിന് മുമ്പായി സമാന്തര സഞ്ചാര പാത തയ്യാറാക്കി ഈ മേഖലയിലെ ഗതാഗതം സുഗമമാക്കണമെന്നാവശ്യപ്പെട്ട് ഞാൻ 13-07-2022-ൽ നിയമസഭയിൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടിയിൽ, മറ്റുതരത്തിലുള്ള സംവിധാനങ്ങൾ ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. എന്നാൽ പി.ഡബ്ല്യൂ.ഡി. ഇപ്പോൾ പാലം പൊളിച്ച് പണിയുന്നതിനായി വർക്ക് ഓർഡർ നൽകിയിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് കഴിഞ്ഞ 44 ദിവസമായി രാഷ്ട്രീയ ഭേദമെന്യേ എല്ലാ സമീപവാസികളും വിവിധ യുവജന സംഘടനകളും തൊഴിലാളി സംഘടനകളും വ്യാപാരി വ്യവസായികളും ഐ.ടി. പ്രൊഫഷണലുകളുമൊക്കെ പ്രത്യക്ഷ സമരത്തിലാണ്. ഇക്കാര്യത്തിൽ ഉചിതമായ ഇടപെടൽ ഉണ്ടാകണമെന്നാവശ്യപ്പെട്ട് നിരവധി സംഘടനകളും റെസിഡന്റ്സ് അസോസിയേഷനുകളുടെ ഭാരവാഹികളും സ്ഥലം എം.എൽ.എ. എന്ന നിലയിൽ ദിനംപ്രതി എന്നെ

സമീപിച്ചുകൊണ്ടിരിക്കുകയാണ്. ഇതേത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും തദ്ദേശവാസികളുടെ നിവേദനം സമർപ്പിച്ചിരുന്നു. ആയതിനാൽ പാലം പൊളിച്ചുപണിയുന്നതിന് മുമ്പായി ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ശ്രീമതി ഉമ തോമസ് ഉന്നയിച്ച വിഷയം എറണാകുളം ജില്ലയിലെ കടമ്പ്രയാർ നദിക്ക് കുറുകെയുള്ള ബ്രഹ്മപുരം പാലം വാട്ടർ മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി ഉയർത്തി നിർമ്മിക്കാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ടുള്ളതാണ്. 820 കോടിയോളം രൂപ ചെലവ് വരുന്നതും രാജ്യത്തുതന്നെ ശ്രദ്ധിക്കപ്പെടുന്നതുമായ ഒരു പദ്ധതിയാണ് വാട്ടർ മെട്രോ പദ്ധതി. ഇതിന്റെ ഭാഗമായി നിരവധി പാലങ്ങൾ പൊളിച്ച് ഉയർത്തി പണിയേണ്ടതായിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ വിഷയത്തിൽ ഒരു ബദൽ സംവിധാനമെന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് മാത്രമെ മുന്നോട്ടുപോകാൻ സാധിക്കുവെന്ന നിലപാടാണ് പി.ഡബ്ല്യൂ.ഡി.-ക്കുള്ളത്. എറണാകുളം ജില്ലയിൽനിന്നുള്ള മന്ത്രികൂടിയായ

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ശ്രീമതി ഉമ തോമസിന്റെ തൊട്ടടുത്ത മണ്ഡലത്തിലെ ശ്രീ. പി. വി. ശ്രീനിജിൻ ഉൾപ്പെടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി നേതൃത്വവും ആവശ്യപ്പെട്ടതുപ്രകാരം സമാന്തര സംവിധാനമൊരുക്കാതെ ബ്രഹ്മപുരം പാലം പൊളിക്കാൻ പാടില്ലെന്ന് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരെ നേരത്തെ അറിയിച്ചിട്ടുണ്ട്. വാട്ടർ മെട്രോയുടെ ഭാഗമായി അവിടെയുള്ള കുഴിച്ചിറ ബണ്ട് പൊളിക്കുന്നത് സംബന്ധിച്ചും സമാന്തര സംവിധാനത്തെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ തീരുമാനമായതിനുശേഷം മാത്രമെ പാലം നിർമ്മാണത്തിലേയ്ക്ക് കടക്കാനാകുവെന്നത് ബഹുമാനപ്പെട്ട എം.എൽ.എ.-യെയും സഭയെയും അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

**12.28 p.m]**

## VII റിപ്പോർട്ടുകളുടെ സമർപ്പണം

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ

അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.29 p.m]**

## VIII നിയമനിർമ്മാണകാര്യം

1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വലിയ ആലോചനകളോ തയ്യാറെടുപ്പുകളോ ഇല്ലാതെ തട്ടിക്കൂട്ടിയൊരു ബില്ലാണിത്. അതുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് ലീഗൽ ഒബ്ജക്ഷൻസ് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിലെ ഖണ്ഡം 2 (ബി) പ്രകാരം കാർഷിക സർവ്വകലാശാല നിയമത്തിൽ പകരം ചേർക്കുന്ന വകുപ്പ് 27(11)-ൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിന് താത്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മറ്റ് സർവ്വകലാശാല ആക്ടുകളിലും സമാന വ്യവസ്ഥയാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് 2018-ലെ യു.ജി.സി. ഗൈഡ്‌ലൈനിലെ പ്രോ-വൈസ്-ചാൻസലറെ സംബന്ധിച്ചുള്ള ഖണ്ഡിക 7.2-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. അതിൽ പറയുന്നത്, 'The Pro-Vice-Chancellor shall hold office for a period, which is co-terminus with that of the Vice-Chancellor' എന്നാണ്. അതായത് യു.ജി.സി. നോംസനുസരിച്ച് ചാൻസലറുടെ കാലാവധിയിൽ മാത്രമേ പ്രോ-വൈസ്-ചാൻസലർക്കും ആ പദവി വഹിക്കാൻ കഴിയുകയുള്ളൂ. ചാൻസലർ ഇല്ലാതായാൽ പ്രോ-വൈസ്-ചാൻസലറും ഇല്ലാതാകുകയാണ്. സർവ്വകലാശാല നിയമത്തിൽ യു.ജി.സി. ഗൈഡ്‌ലൈനിന് വിരുദ്ധമായ കാര്യങ്ങളുള്ളതുകൊണ്ട് യു.ജി.സി. നിയമം മാത്രമേ നിൽക്കുകയുള്ളൂവെന്നും അതുമാത്രമേ നോമിനേറ്റ് ചെയ്യുകയുള്ളൂവെന്നും സംസ്ഥാനത്തിന്റെ നിയമത്തിൽ താല്പര്യമില്ലെന്നും നേരത്തെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് വൈസ്-ചാൻസലർമാരുടെ നിയമനം ക്രമവിരുദ്ധവും നിയമവിരുദ്ധവും അസാധുവുമാണെന്ന് സുപ്രീംകോടതി വിധിയിൽ പറഞ്ഞത്. ആർട്ടിക്കിൾ 254 അനുസരിച്ച് കേന്ദ്ര നിയമത്തിന് വിരുദ്ധമായി സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമം നിലനിൽക്കില്ല. അങ്ങനെയൊരു നിയമം പാസ്സാക്കാൻ നിയമസഭയ്ക്ക്

അധികാരമില്ല. വൈസ്-ചാൻസലർമാരുടെ വിഷയത്തിൽ സുപ്രീംകോടതിവിധിയിൽ പറഞ്ഞതിന് സമാനമായും യു.ജി.സി. ഗൈഡ്‌ലൈനിന് വിരുദ്ധമായും സംസ്ഥാന ആക്ടിൽ എഴുതിച്ചേർക്കുന്ന ക്ലോസ് ഒരു കാരണവശാലും നിൽക്കില്ല. അതുപോലെ പ്രസ്തുത ബില്ലിലെ ഖണ്ഡം 2 (എ) പ്രകാരം കേരള കാർഷിക സർവ്വകലാശാല നിയമത്തിൽ പകരം ചേർക്കുന്ന വകുപ്പ് 25 (1 സി)-ൽ പുതിയതായി നിയമിക്കപ്പെടുന്ന ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുമെന്നും സർവ്വകലാശാല പ്രസ്തുത കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മറ്റ് സർവ്വകലാശാല ആക്ടുകളിലും സമാന വ്യവസ്ഥകളാണ് ചേർത്തിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാല നിയമത്തിന്റെ സെക്ഷൻ 45 (1)-ൽ യൂണിവേഴ്സിറ്റി ഫണ്ടിനെപ്പറി പറയുന്നത്, 'The University shall have a General fund to which shall be credited- (a) its income from fees, endowments and grants, if any (b) contributions or grants which may be made by the Government to such fund on such conditions as they may impose and (c) other receipts' എന്നാണ്. അതായത്, ബിൽ നിയമമാകുമ്പോൾ

ചാൻസലർക്ക് പുതിയ സംവിധാനങ്ങളൊരുക്കാൻവേണ്ടി യൂണിവേഴ്സിറ്റി ഫണ്ടിൽനിന്നുമുണ്ടാകുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവ് സംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല. ഒരു ചെലവും വരില്ലെന്നാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എഴുതിയിരിക്കുന്നത്. അതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം പൂർണ്ണമല്ല. അതുസംബന്ധിച്ച് ഇവിടെ കൂടുതൽ ഉദ്ധരിക്കേണ്ട ആവശ്യമില്ല. ഇന്ന് രാവിലെ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പരാമർശിച്ച 1956-ലെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടുമായി ബന്ധപ്പെട്ട് അന്നത്തെ സ്പീക്കർ ഗണേഷ് വാസുദേവ് മാവ്ലങ്കറും ഇതിനുമുമ്പ് ഈ ചെയറിലിരുന്ന നിരവധി സ്പീക്കർമാരും ഇതുസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുള്ളതാണ്. അതായത് ഫിനാൻഷ്യൽ മെമ്മോറാണ്ടം പൂർണ്ണമല്ലാത്തതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ കഴിയില്ല. മറ്റൊരുകാര്യം, ബില്ലിലെ ഭേദഗതി പ്രകാരം കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ വകുപ്പ് 25 (1) അനുസരിച്ച് സർവ്വകലാശാലയുടെ ചാൻസലറെ നിയമിക്കുന്നത് സർക്കാരാണ്. അതായത് നിയമനാധികാരി മന്ത്രിസഭയാണ്. ഞാൻ ഒരു സർവ്വകലാശാല നിയമം മാത്രമാണ് ഇവിടെ പറയുന്നത്. എല്ലാ സർവ്വകലാശാല നിയമങ്ങളിലും ഇതുപോലെയാണ്. പ്രസ്തുത നിയമത്തിലെ വകുപ്പ് 26 (1)

പ്രകാരം കൃഷി വകുപ്പുമന്ത്രിയാണ് കേരള കാർഷിക സർവ്വകലാശാലയുടെ പ്രോ-ചാൻസലർ. പ്രസ്തുത നിയമത്തിന്റെ 26 (2), 26 (3) എന്നിവ താഴെപ്പറയും പ്രകാരമാണ്; 26(2) - 'In the absence of the Chancellor or during his inability to act, the Pro-Chancellor shall exercise all the powers and perform all the function of the Chancellor', 26(3) - 'The Pro-Chancellor shall also exercise such other powers and perform such other functions of the Chancellor as the Chancellor may by order in writing delegate to the Pro-Chancellor, and such delegation may be subject to such restrictions and conditions as may be specified in such order'. അതായത്, നിലവിലുള്ള നിയമമനുസരിച്ച് സർക്കാർ നിയമിക്കുന്ന ചാൻസലർ, പ്രോ-ചാൻസലറായ മന്ത്രിക്ക് അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്തുകൊടുത്ത് സബോർഡിനേറ്റ് ആകുകയാണ്. പവർ ഡെലിഗേഷൻ സംബന്ധിച്ച് നിയമത്തിൽ അവ്യക്തതകളുണ്ട്. അതുപോലെ പ്രധാനപ്പെട്ടൊരു കാര്യം വിദ്യാഭ്യാസം ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ചില സ്റ്റേറ്റ് സബ്ജക്ടുകളുണ്ട്. പൊതുവായി ഹയർ എഡ്യൂക്കേഷനിൽനിന്ന് ഒറിജിനേറ്റ് ചെയ്തിരിക്കുന്ന ആക്ടുകളെല്ലാം കൺകറന്റ് ലിസ്റ്റിലുള്ളതാണ്. ഗവൺമെന്റ് ഓഫ് കേരളയുടെ

റൂൾസ് ഓഫ് ബിസിനസ് 49 (2)-ൽ പറയുന്നത്, 'If a bill which is proposed to be introduced in the Legislature falls with in the concurrent legislative field, the Administrative Department principally concerned shall, whenever possible consult the Administrative Department of the Government of India dealing with the subject matter of the Bill on the proposed legislation. Consultation with the Government of India shall also be necessary in cases where a bill may seek to amend a law falling within the concurrent legislative field even though such law applies only to the State of Kerala. Such consultation should be made after the stage indicated in clause (1)' എന്നാണ്. എന്നാൽ അത്തരത്തിലുള്ള കൺസൾട്ടേഷൻ ഇവിടെ നടന്നിട്ടില്ല. Rules of Business-ലെ 49 (2)-ന്റെ വയലേഷൻ കൂടിയാണിത്. ചാൻസലർ നിയമനത്തിനായി ഒരു തിരഞ്ഞെടുപ്പ് പ്രക്രിയ ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം. ചാൻസലറുടെ മിനിമം ക്വാളിഫിക്കേഷനെക്കുറിച്ച് പറയാത്തതിനാൽ മന്ത്രിസഭയ്ക്ക് ഇഷ്ടമുള്ള ആരെ വേണമെങ്കിലും നിയമിക്കാം. കോളേജ് വിദ്യാഭ്യാസമില്ലാത്ത വ്യക്തിയെയും ചാൻസലറായി നിയമിക്കാം. കാരണം ഇതിൽ മിനിമം വിദ്യാഭ്യാസ

യോഗ്യതയെപ്പറ്റി പരാമർശിച്ചിട്ടില്ല. ചാൻസലറായി ആരെയും നിയമിക്കാമെന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. വൈസ്-ചാൻസലർമാരുടെയും മന്ത്രിമാരുടെയുമെല്ലാം തലപ്പത്തുവരുന്ന ഒരാളുടെ മിനിമം വിദ്യാഭ്യാസ യോഗ്യതയെങ്കിലും നിശ്ചയിക്കണ്ടേ? അതുകൊണ്ടാണ് ഇതൊരു തട്ടിക്കൂട്ടിയ ബില്ലാണെന്ന് പറഞ്ഞത്. എല്ലാ സർവ്വകലാശാലകളിലും സർക്കാർ എങ്ങനെയാണ് ചാൻസലറെ നിയമിക്കുന്നത്? "വളരെ പ്രശസ്തനായൊരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ് " എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ചാൻസലറായി ഈ പറയുന്ന കാറ്റഗറിയിലെ ആരെ വേണമെങ്കിലും നിയമിക്കാം. ഒരു സയന്റിസ്റ്റിനെ നിയമിക്കണമെന്ന് നിർബന്ധമില്ല. ഒരു കലാകാരനെയോ സാഹിത്യകാരനെയോ ഹ്യൂമാനിറ്റീസ് പഠിച്ച വ്യക്തിയെയോ നിയമിക്കാം. പ്രസ്തുത വ്യവസ്ഥയാണ് എല്ലാ

സർവ്വകലാശാല ആക്ടുകളിലും കൊണ്ടുവരുന്നത്. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലും കലാകാരനെയും സാഹിത്യകാരനെയും ഹ്യൂമാനിറ്റീസ് പഠിച്ചയാളെയും ചാൻസലറായി നിയമിക്കാം. ഈ വ്യവസ്ഥയിലൂടെ ആരെ വേണമെങ്കിലും നിയമിക്കാനാകും. അതുപോലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ വേണമെങ്കിൽ ഒരു സയന്റിസ്റ്റിനെ നിയമിക്കാം. ഓരോ സർവ്വകലാശാലയുടെയും ആക്ട് വേറെയല്ലേ; ഓരോ സർവ്വകലാശാലയ്ക്കും അനുയോജ്യമായ രീതിയിലുള്ളവരെ നിയമിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്? അതാണ് വളരെ നിസ്സാരമായി തയ്യാറാക്കിയ ബില്ലാണിതെന്ന് ഞാൻ പറഞ്ഞത്. എല്ലാ സർവ്വകലാശാല നിയമങ്ങൾക്കും പൊതുവായിട്ടുള്ള ക്ലോസുകളാണ് വച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള അപകടമാണ് ഞാൻ പറഞ്ഞത്.

കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ സയൻസുമായി ബന്ധമില്ലാത്തതും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ സാഹിത്യവുമായി ബന്ധമില്ലാത്തതുമായ ആളായിരിക്കും ചാൻസലറായി വരുന്നത്. ഇതെല്ലാം ശ്രദ്ധയില്ലാതെ ചെയ്യുന്ന കാര്യങ്ങളാണ്. നിങ്ങളിപ്പോൾ ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റാൻ പോകുകയാണ്.

ഗവർണറുടെ കാര്യത്തിൽ ഞങ്ങൾ കൃത്യമായ നിലപാടാണ് സ്വീകരിച്ചത്. കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ റെക്കമെന്റേഷനനുസരിച്ച് ഗവർണർ പ്രവർത്തിക്കണം. ധനകാര്യ വകുപ്പുമന്ത്രിയിൽ ഗവർണറുടെ പ്രീതി നഷ്ടപ്പെട്ടെന്ന് പറഞ്ഞ് അദ്ദേഹം രാജി വയ്ക്കുകയോ മുഖ്യമന്ത്രി അദ്ദേഹത്തെ പുറത്താക്കുകയോ ചെയ്യണമെന്ന രീതിയിൽ കാര്യങ്ങളെത്തിയപ്പോൾ അക്കാര്യത്തിൽ ഗവർണർക്ക് യാതൊരു അധികാരവുമില്ലെന്ന് പറഞ്ഞ് അതിശക്തമായി എതിർത്തവരാണ് ഞങ്ങൾ. ദേശീയ തലത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും കേരളത്തിലെ യു.ഡി.എഫ്.-ന്റെയും നിലപാട് അതുതന്നെയാണ്. നിയമസഭ നൽകിയ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളാണ് യൂണിവേഴ്സിറ്റികൾക്കുള്ളത്. അതുകൊണ്ട് സ്റ്റാറ്റ്യൂട്ടറിയായി ഗവർണർക്ക് നൽകിയിരിക്കുന്ന അധികാരം പിൻവലിക്കാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. അക്കാര്യത്തിൽ സംശയമില്ല. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇത്തരത്തിൽ പ്രശ്നങ്ങളുണ്ടാക്കിയ ഗവർണറെ ചാൻസലർ പദവിയിൽനിന്ന് മാറ്റിയിട്ടുണ്ട്. ഗവർണറെ ചാൻസലർ പദവിയിൽനിന്ന് മാറ്റുന്നുവെന്നതല്ല അതിന് പകരമായി നിങ്ങൾ കൊണ്ടുവരുന്ന പ്രൊപ്പോസലാണ് ഞങ്ങൾക്ക് പ്രശ്നം. സംഘിവത്കരണം നടത്തുമെന്ന് പറയുന്നത് ഗവർണറാണ്. ഞങ്ങൾ

അതിനെ എതിർക്കും. അതേ അവസരത്തിൽ മാർക്സിസ്റ്റ്വത്കരണം നടത്താനുള്ള സൗകര്യമുണ്ടാക്കാനാണ് നിങ്ങളിത് ചെയ്യുന്നിരിക്കുന്നത്. നിങ്ങൾക്ക് ഇഷ്ടമുള്ള ആരെയും ചാൻസലറായി നിയമിക്കാം. അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവരെ നിർദ്ദേശം കൊടുക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രോ-ചാൻസലർ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയെന്ന നിലയിൽ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്നതും നിയന്ത്രിക്കുന്നതും അദ്ധ്യക്ഷത വഹിക്കുന്നതുമായ ഒരു മന്ത്രിസഭാ യോഗത്തിലെ തീരുമാനമനുസരിച്ച് നിയമിക്കപ്പെടുന്ന ചാൻസലർക്ക്, പ്രോ-ചാൻസലറായി പ്രവർത്തിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രിക്ക് നിർദ്ദേശം നൽകാം. ഇത് എന്ത് നിയമമാണ്? ഈ നിയമത്തിന് യാതൊരു പ്രസക്തിയുമില്ല. സർവകലാശാല വിഷയത്തിൽ ഗവർണറെ ഞങ്ങൾ ഏറ്റവും ശക്തിയായി എതിർത്തിട്ടുണ്ട്. നിങ്ങൾ ഇപ്പോഴാണ് എതിർക്കാൻ തുടങ്ങിയത്. ഗവർണറും ഗവൺമെന്റും ഒരേ പാതയിലാണ് സഞ്ചരിച്ചിരുന്നത്. നിങ്ങൾ രണ്ട് കൂട്ടരും ഒരുമിച്ചാണ് ക്രമവിരുദ്ധവും നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ കാര്യങ്ങൾ സർവ്വകലാശാലകളിൽ ചെയ്തത്. സുപ്രീംകോടതി കേസിൽ സർവ്വകലാശാലയുടെ നിലപാട് എന്നത് സർക്കാർ നിലപാടാണല്ലോ; അതേ

നിലപാട് തന്നെയായിരുന്ന ഗവർണർക്കുമുണ്ടായിരുന്നത്. അതുകൊണ്ടാണ് സർവ്വകലാശാല വിഷയത്തിൽ തോറ്റത് ഗവർണറും ഗവൺമെന്റുമാണെന്ന് ഞങ്ങൾ പറഞ്ഞത്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലറുടെ കാര്യത്തിൽ ഗവർണർക്കുവേണ്ടി കൊടുത്തിരിക്കുന്ന അഫിഡവിറ്റ് - 'The appointment is regular and legal' എന്നാണ്. അതുതന്നെയാണ് ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും വാദം. യൂണിവേഴ്സിറ്റിയും സർക്കാരും ഗവർണറും സുപ്രീംകോടതിയിൽ ഒരേ നിലപാടാണ് സ്വീകരിച്ചത്. സുപ്രീംകോടതി വിധി വന്നപ്പോൾ ഗവർണറും സർക്കാരും ഒരുപോലെ തോറ്റു. ജയിച്ചത് പ്രതിപക്ഷമാണ്. ഞാൻ പ്രതിപക്ഷനേതാവായപ്പോഴും ശ്രീ. രമേശ് ചെന്നിത്തല പ്രതിപക്ഷനേതാവായിരുന്നപ്പോഴും വൈസ്-ചാൻസലർ നിയമനങ്ങളെ ചോദ്യം ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല വി.സി.-യെ റീ-അപ്പോയിന്റ് ചെയ്ത സമയത്ത് ഞങ്ങൾ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ഗവർണറും ഗവൺമെന്റും ഒരുമിച്ചാണ് സർവ്വകലാശാലകളിലെ പ്രശ്നങ്ങൾ മുഴുവൻ സൃഷ്ടിച്ചത്. അങ്ങോട്ടുമിങ്ങോട്ടും കൊടുക്കൽ വാങ്ങലുകൾ നടത്തിയ കാര്യമൊന്നും ഞാനിവിടെ പറയുന്നില്ല. ലീഗൽ ഒബ്ലിക്ഷന്റെ ഭാഗമായി ഞാനത് പറയുന്നത് അനുചിതമല്ലാത്തതിനാൽ ഇവിടെ സംസാരിക്കുന്ന

മറ്റംഗങ്ങൾ പറയും. ഗവർണറുടെ കാര്യത്തിൽ, ദേശീയ തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എടുത്തിരിക്കുന്ന നിലപാടും കേരളത്തിലെ യു.ഡി.എഫ്. എടുത്തിരിക്കുന്ന നിലപാടും ഒന്നുതന്നെയാണ്. ഭരണഘടനാ വിരുദ്ധമായ ഒരു അധികാര കേന്ദ്രവും ഉണ്ടാകാൻ പാടില്ലെന്നതാണ് ഞങ്ങളുടെ നിലപാട്. അത് ദുരുപയോഗം ചെയ്തത് നിങ്ങളാണ്. സർവ്വകലാശാലകളിൽ ഇഷ്ടക്കാരെ കൊണ്ടുവരാൻവേണ്ടി നിയമവും നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ട് നിങ്ങൾ രണ്ടുകൂട്ടരും ഒരുമിച്ച് തെറ്റ് ചെയ്തു. ആ തെറ്റ് തിരുത്തപ്പെടണം. ചാൻസലർ വന്നു കഴിയുമ്പോൾ യൂണിവേഴ്സിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തായിരിക്കും? വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കാതെ, പ്രായപരിധിയില്ലാതെ, യാതൊരുവിധ നടപടിക്രമങ്ങളുമില്ലാതെ ആരെ വേണമെങ്കിലും നിയമിക്കാൻ കഴിയുന്ന അവസ്ഥയാണ്. അതിൽ പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയെയും ചാൻസലറായി നിയമിക്കാം. ഏത് പാർട്ടിക്കാരനെയും ഈ സ്ഥാനത്തേയ്ക്ക് നിയോഗിക്കാം. പഴയകാലത്ത് ചാൻസലർ എന്നത് കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റായിരുന്നു. സർവ്വകലാശാലയുടെ സ്വയംഭരണാധികാരം നിലനിർത്തുകയും ഓട്ടോണോമസ് ബോഡിയായി സർവ്വകലാശാല നിലനിൽക്കുകയും വേണം. .... (ബഹളം)... ഞാൻ സംസാരിക്കുമ്പോൾ

ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം നിരന്തരമായി തടസ്സപ്പെടുത്തുകയാണ്. അങ്ങയുടെ സ്ഥാനത്തിരുന്ന, ഞങ്ങളെല്ലാവരും ആദരിക്കുന്ന ബഹുമാന്യനായ ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്ഥലത്തുനിന്നാണ് അങ്ങ് വരുന്നത്. ....(ബഹളം)....

മി. സ്പീക്കർ: നിങ്ങൾ പരസ്പരം സംസാരിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം നിരന്തരമായി ശല്യപ്പെടുത്തുകയാണ്. അത് ശരിയല്ല.

മി. സ്പീക്കർ: അംഗങ്ങളെല്ലാവരും അവിടെയിരിക്കൂ... ബഹുമാനപ്പെട്ട എച്ച്. സലാം അവിടെ ഇരിക്കൂ. പരസ്പരം സംസാരിക്കാതെ ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. ശ്രീ. വി. ജോയി...... അവിടെ ഇരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, യൂണിവേഴ്സിറ്റി ഒരു ഓട്ടോണമസ് ബോഡിയായതിനാൽ അതിന്റെ സ്വയംഭരണാവകാശം നിലനിർത്തണം. ഇഷ്ടക്കാരെ ചാൻസലറായി നിയമിച്ച് യൂണിവേഴ്സിറ്റിയിലേയ്ക്ക് വിടുകയാണ് ഈ ബില്ലിലൂടെ ചെയ്യുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തടസ്സവാദം ഉന്നയിക്കാനാണ് നോട്ടീസ് നൽകിയിട്ടുള്ളത്. അദ്ദേഹത്തിന് അത് ഉന്നയിക്കാനുള്ള അവകാശവുമുണ്ട്. പക്ഷേ തടസ്സവാദത്തിന്റെ പരിധിക്കപ്പുറത്ത് ബില്ലിന്റെ മെരിറ്റിലേയ്ക്കും രാഷ്ട്രീയത്തിലേയ്ക്കുമാണ് അദ്ദേഹം കടക്കുന്നത്. അത്തരം കാര്യങ്ങൾ ഈ ഘട്ടത്തിൽ ചർച്ച ചെയ്യേണ്ടതല്ല എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷനേതാവിനെയും മുഖ്യമന്ത്രിയെയും നിയന്ത്രിക്കാൻ അധികാരമുള്ളയാളാണ് സ്പീക്കർ. അങ്ങേയ്ക്ക് എപ്പോൾ വേണമെങ്കിലും പറയാം, ഞാനപ്പോൾ അവസാനിപ്പിക്കും. പക്ഷേ സ്പീക്കർ സ്ഥാനത്ത് നിന്നിറങ്ങി മന്ത്രി സ്ഥാനത്തിരിക്കുന്നയാൾ എന്നെ നിയന്ത്രിക്കാൻ വരേണ്ടതില്ല. ......(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൺക്ലൂഡ് ചെയ്യണം. ഭരണപക്ഷാംഗങ്ങൾ സീറ്റിൽ ഇരിക്കൂ, ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കട്ടെ. പ്ലീസ്...

ശ്രീ. എം. ബി. രാജേഷ്: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ അങ്ങയുടെ അനുമതിയോടുകൂടി ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക

മാത്രമാണ് ചെയ്തത്. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ നിയന്ത്രിക്കാൻ ശ്രമിച്ചുവെന്ന രീതിയിൽ അദ്ദേഹം ആക്ഷേപം ഉന്നയിച്ചത് നിർഭാഗ്യകരമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ തടസ്സവാദം ഉന്നയിക്കുമ്പോൾ ഇതിനുമുമ്പും പ്രസക്തമായ വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. മുമ്പ് ചെയറിലിരുന്ന ശ്രീ. എം. ബി. രാജേഷ് ഇപ്പോൾ മന്ത്രിയായപ്പോൾ അത് വിസ്മരിച്ചുപോയതാകാം. തടസ്സവാദം ഉന്നയിക്കുന്നത് ഒരു ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ടാണ്. റെലവന്റായ കാര്യങ്ങൾ സപ്പോർട്ട് ചെയ്യുന്നതക്കരീതിയിൽ പറയുന്നത് പുതിയ കാര്യമല്ല. അങ്ങനെയൊരു പ്രീസിഡന്റ് ഇവിടെയുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കാം. യൂണിവേഴ്സിറ്റി ഓട്ടോണമസ് ബോഡിയാണ്. ഇപ്പോൾ പതിവിലും വിരുദ്ധമായി കസേരയും മേശയും മറ്റ് സംവിധാനങ്ങളും സ്റ്റാഫുകളുമൊക്കെയായി ഒരാളെ യൂണിവേഴ്സിറ്റിയിലേയ്ക്ക് വിടുകയാണ്. അതിനർത്ഥം കേരളത്തിലെ സർവ്വകലാശാലകൾ സ്വയംഭരണാവകാശം നഷ്ടപ്പെട്ട് സർക്കാരിന്റെ ഡിപ്പാർട്ടുമെന്റുകളായി തകരാൻ പോകുകയാണെന്നാണ്. ഈ അപകടകരമായ സ്ഥിതിവിശേഷമാണ്

ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. നിയമപരമായ, ഭരണഘടനാപരമായ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. അതുകൊണ്ട് പ്രസ്തുത ബിൽ കുറച്ചുകൂടി നന്നായി തയ്യാറാക്കുന്നതിനുവേണ്ടി ഇപ്പോഴിത് പിൻവലിക്കണം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഗൗരവതരമായ ഒരു വിഷയമായതുകൊണ്ട് പ്രതിപക്ഷത്തോട് കൂടിയാലോചനകൾ നടത്തി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ അവധാനതയില്ലാതെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ദോശ ചുടുന്ന വേഗതയിൽ ഇത്രയും സർവ്വകലാശാല നിയമങ്ങൾ പാസാക്കുന്ന നടപടി കേരള നിയമസഭയ്ക്ക് യോജിച്ചതല്ലെന്നാണ് എനിക്ക് പറയാനുള്ളത്. പത്തോളം സർവ്വകലാശാലാ നിയമ ഭേദഗതികൾ ഒരുമിച്ച് കൊണ്ടുവരുമ്പോൾ അതിന് വേണ്ടത്ര ആലോചനകളോ ചർച്ചകളോ ഒരു രംഗത്തും നടക്കാതിരിക്കുന്നുവെന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ഇത്ര തിടുക്കപ്പെട്ട് ഒരു നിയമം നിയമസഭയിൽ കൊണ്ടുവരുമ്പോൾ അതിലുണ്ടാകുന്ന അപാകതകളാണ് ചൂണ്ടിക്കാണിക്കുന്നത്. ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ സർക്കാർ മാറ്റുന്നത് എന്തിനുവേണ്ടിയാണ്? ഗവർണറും സർക്കാരും തമ്മിലുള്ള തർക്കങ്ങളുടെ അടിസ്ഥാനത്തിലാണ്

ഇപ്പോൾ ഈ നിയമം കൊണ്ടുവരുന്നത്. ഈ ഗവർണറെ മാറ്റണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഓർമ്മയുണ്ടാകും. പൗരത്വ നിയമഭേദഗതിയുമായി ബന്ധപ്പെട്ട് അദ്ദേഹം പൊതുസമൂഹത്തിന്റെ മുമ്പിൽ കേരളീയ/ദേശീയ താത്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചപ്പോൾ ഈ ഗവർണറെ മാറ്റണമെന്നും പിൻവലിക്കണമെന്നും റീകോൾ ചെയ്യണമെന്നുമൊക്കെ പറഞ്ഞ് ഞങ്ങൾ പ്രമേയം കൊണ്ടുവന്ന സംഭവം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. എന്നാൽ ആ പ്രമേയത്തെ എതിർത്തവരാണ് ഇപ്പോഴത്തെ ഭരണകക്ഷികൾ. അവർക്ക് അന്ന് ഗവർണറോട് പ്രീതിയും താല്പര്യവുമായിരുന്നു. ഗവർണറും മുഖ്യമന്ത്രിയും തമ്മിൽ ചക്കരയും പീരയും പോലെയായിരുന്നു. ഇപ്പോൾ അതില്ലാതായപ്പോൾ ദുരഭിമാനത്തിന്റെ പേരിലാണോ ഈ നിയമം കൊണ്ടുവരുന്നത്? യു.ഡി.എഫ്. ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്. ഈ സഭയ്ക്ക് അതിന് അധികാരമില്ലെന്ന് ഞങ്ങൾ പറയുന്നില്ല. വിദ്യാഭ്യാസ വിചക്ഷണന്മാരെ സർവ്വകലാശാലയുടെ വൈസ്-ചാൻസലർമാരായി നിയമിക്കാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ചാൻസലറെ എങ്ങനെയാണ് നിയമിക്കുന്നത്? സർക്കാരിന് ഇഷ്ടമുള്ളവരെ

നിയമിക്കാനായി ഒരു വ്യവസ്ഥ കൊണ്ടുവരികയാണ്. ഇത് കേരളത്തിലെ അക്കാദമിക സമൂഹത്തിന് യോജിച്ചതാണോ? സർവ്വകലാശാലകൾ എന്നത് സ്വതന്ത്ര സ്വഭാവമുള്ളതും നിഷ്പക്ഷതയുള്ളതുമായ സംവിധാനമായി നിലനിൽക്കേണ്ടത് കേരളത്തിന്റെ ആവശ്യമെന്നുള്ളതുകൊണ്ടാണ് ഈ സഭ നേരത്തെ ഇത്തരം നിയമം പാസാക്കിയത്.

ഞാൻ രണ്ട് കാര്യങ്ങളാണ് ക്രമപ്രശ്നമായി ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ഒന്ന്, കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രസ്തുത ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ കണക്കിലെടുത്തുകൊണ്ട് ധനകാര്യ മെമ്മോറാണ്ടം പ്രത്യേകമായി ഉൾപ്പെടുത്തണം. എന്നാൽ ഈ ബില്ലിൽ അത് ഉൾപ്പെടുത്തിയിട്ടില്ല. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവുമുണ്ടാകുന്നതല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് വസ്തുതാപരമാണോ എന്നത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. കേരള

കാർഷിക സർവ്വകലാശാലയടക്കം സംസ്ഥാനത്തെ 8 സർവ്വകലാശാലകളുടെ ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റി ആ സ്ഥാനത്തേയ്ക്ക് ഒരു വിദ്യാഭ്യാസ വിചക്ഷണനെയോ അല്ലെങ്കിൽ ബില്ലിൽ നിഷ്കർഷിച്ചിട്ടുള്ള മേഖലയിലെ പ്രാവീണ്യമുള്ള ഒരാളെയോ നിയമിക്കാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. നിലവിലെ നിയമമനുസരിച്ച് ഗവർണറാണ് യൂണിവേഴ്സിറ്റിയുടെ ചാൻസലർ. ഗവർണർക്ക് സ്വന്തമായി ഓഫീസും സ്റ്റാഫും ഔദ്യോഗിക ഭരണസംവിധാനവും വാഹനവുമുണ്ട്. ചാൻസലർ പോസ്റ്റിന്റെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് അധിക ധനകാര്യ കമ്മിറ്റ്മെന്റിനുള്ള സാധ്യത വളരെ കുറവാണ്. കാരണം, ഗവർണർ നിലവിലുള്ള സംവിധാനങ്ങൾ ചാൻസലർ എന്ന നിലയിലും ഉപയോഗിച്ചുവരുന്നതാണ് ഇപ്പോഴത്തെ നടപടിക്രമം. എന്നാൽ പുതിയ ബില്ലിൽ ചാൻസലറുടെ സ്ഥാനത്തേയ്ക്ക് നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് പ്രതിഫലം വ്യവസ്ഥ ചെയ്യുന്നില്ലെങ്കിലും ചാൻസലറുടെ ഓഫീസ് സംവിധാനം, ഫർണിഷിംഗ്, ടെലിഫോൺ ചാർജ്, വാട്ടർ ചാർജ്, പത്രമടക്കമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ സബ്സ്ക്രിപ്ഷൻ ചാർജ്, ചാൻസലറുടെ ഔദ്യോഗിക വാഹനത്തിന്റെ പെട്രോൾ-ഡീസൽ-റിപ്പയറിംഗ് ചാർജ്, ചാൻസലറുടെ ഓഫീസിലേയ്ക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം, അലവൻസ്

തുടങ്ങിയവയ്ക്ക് തുക ചെലവഴിക്കേണ്ടിവരുമെന്നത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. ഇപ്രകാരം ആവർത്തക, അനാവർത്തക ചെലവുകൾ യൂണിവേഴ്സിറ്റികളുടെ തനത് ഫണ്ടുകളിൽനിന്ന് നിർവ്വഹിക്കുന്നുവെങ്കിൽ ഇതുസംബന്ധിച്ച ഏകദേശ രൂപം ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതായിരുന്നു. അപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടംകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത ബിൽ ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടിവരുമെന്ന സാഹചര്യം ഒഴിവാക്കാനാണ് ഗവൺമെന്റ് ഈ ബില്ലിൽ ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ വളഞ്ഞവഴി സ്വീകരിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് പല സ്പീക്കർമാരുടെയും റൂളിംഗ് സഭയിലുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ ചെയ്യുന്നത് തെറ്റായ കീഴ്വഴക്കമുണ്ടാക്കും. സഭയോടുള്ള അനാദരവും സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതുമായ നടപടിയായിവേണം ഇതിനെ വീക്ഷിക്കാൻ. ഈ സാഹചര്യത്തിൽ ചാൻസലർ പദവിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മേൽസൂചിപ്പിച്ചപ്രകാരം അനിവാര്യമായ ആവർത്തക, അനാവർത്തക ചെലവുകളുടെ പ്രതീക്ഷിത വിവരങ്ങൾകൂടി ഉൾപ്പെടുത്തിയ പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം

പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കാവൂ എന്നാണ് എന്റെ അഭിപ്രായം.

പ്രീസിഡൻസിനെ സംബന്ധിച്ചാണ് രണ്ടാമതായി പറയാനുള്ളത്. നിലവിൽ ഗവർണറാണ് യൂണിവേഴ്സിറ്റികളുടെ ചാൻസലർ സ്ഥാനം വഹിക്കുന്നത്. സർക്കാരിന്റെ ഓർഡർ ഓഫ് പ്രീസിഡൻസിൽ ഗവർണർ നാലാം സ്ഥാനത്താണ്. യൂണിവേഴ്സിറ്റികളുടെ പ്രോ-ചാൻസലറുടെ പദവി വഹിക്കുന്ന മന്ത്രിമാർ ഓർഡർ ഓഫ് പ്രീസിഡൻസിൽ പതിനഞ്ചാം സ്ഥാനത്താണ്. എന്നാൽ പുതിയ ബില്ലിൽ ചാൻസലർമാരാകാൻ വ്യവസ്ഥ ചെയ്തിട്ടുള്ള വിദ്യാഭ്യാസ വിദഗ്ദ്ധരോ മറ്റ് വ്യക്തികളോ ഓർഡർ ഓഫ് പ്രീസിഡൻസിന്റെ ഭാഗമായി ഉൾപ്പെടുന്നവരല്ല. അധികാര ശ്രേണിയുടെ ഈ പ്രകടമായ വ്യത്യാസവും പോരായ്മയും യൂണിവേഴ്സിറ്റികളുടെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. പ്രോട്ടോക്കോൾ പ്രകാരം പ്രോ-ചാൻസലറെക്കാൾ കുറഞ്ഞ പ്രോട്ടോക്കോളുള്ള ഒരു വ്യക്തി ചാൻസലറായി വരുന്നത് യൂണിവേഴ്സിറ്റിയുടെ മഹത്വത്തെയും ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കും. അതുകൊണ്ട് ഇത് അനുവദനീയമായ കാര്യമല്ല. യാതൊരു വ്യക്തതയും വരുത്താതെ ഒരു ബിൽ

അവതരിപ്പിക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം പറയുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ, "The Bill, if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State" എന്നാണ് പറയുന്നത്. എന്നാൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 73 പറയുന്നത്, "A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law" എന്നാണ്. ഇവിടെ സഞ്ചിതനിധിയിൽനിന്നും തുക ചെലവാകുന്നില്ല എന്ന് പറയുന്നതുകൊണ്ട് കാര്യമില്ല. റൂൾ 73 പ്രകാരമാണെങ്കിൽ 'A Bill involving expenditure…....' എന്നുള്ളതാണ്. ഇവിടെ ചെലവ് വരുന്നുണ്ട്. നമ്മുടെ പല സർവ്വകലാശാലകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അപ്പോൾ പുതുതായി വരുന്ന ചാൻസലർക്ക് ഓഫീസ്

ക്രമീകരിക്കേണ്ടതായി വരും. അല്ലാതെ വൈസ്-ചാൻസലറുടെയോ പരീക്ഷാ കൺട്രോളറുടെയോ ഓഫീസിന്റെ വരാന്തയിൽ കൊണ്ടുപോയി ചാൻസലറെ ഇരുത്താൻ കഴിയില്ല. ഈ ബിൽ പ്രകാരമാണെങ്കിൽ പുതുതായി വരുന്ന ചാൻസലർ സ്വന്തം വാഹനമോടിച്ച് യൂണിവേഴ്സിറ്റിയിൽ എത്തുകയും സ്വന്തം ഫോൺ ഉപയോഗിക്കുകയും വേണം. കേരള യൂണിവേഴ്സിറ്റിക്ക് അകത്തായിരിക്കുമല്ലോ ചാൻസലറുടെ ഓഫീസ്; അദ്ദേഹത്തിന് ചായ കുടിക്കണമെങ്കിൽ പുറത്തുള്ള തട്ടുകടയിൽ പോയി സ്വന്തം പോക്കറ്റിൽനിന്നും പൈസകൊടുത്ത് ചായ വാങ്ങി കുടിച്ചതിനുശേഷം തിരികെ പോകണം. കാരണം, അവിടെയൊരു പ്യൂണിനെയോ ക്ലാർക്കിനെയോ നിയമിക്കാൻ വ്യവസ്ഥയില്ല. ഒരു ചാൻസലറുടെ ഓഫീസ് ക്രമീകരിക്കണമെങ്കിൽ ചെലവുണ്ട്. പക്ഷേ അതിനുള്ള പ്രൊവിഷൻ ഇതിനകത്ത് കാണിച്ചിട്ടില്ല. ഒരു പ്രധാനപ്പെട്ട കാര്യംകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്നപ്പോൾ അദ്ദേഹത്തിന്റെ 25-11-2008-ലെ റൂളിംഗിൽ പറയുന്നത്, 'ഒരു ബിൽ നിയമമായാലുണ്ടാകാവുന്ന റെക്കറിംഗ് ആൻഡ് നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചറുകൾ അറിയാനുള്ള അവകാശം ബഹുമാനപ്പെട്ട

അംഗങ്ങൾക്കുണ്ട്. ധനകാര്യ മെമ്മോറാണ്ടത്തിൽ റെക്കറിംഗ് ആൻഡ് നോൺ റെക്കറിംഗ് മതിപ്പ് ചെലവ് കണക്കാക്കണമെന്നാണ് നിയമസഭാ ചട്ടം 73 അനുശാസിക്കുന്നത്. കഴിയുന്നിടത്തോളം കൃത്യമായി ചെലവുകൾ സൂചിപ്പിക്കുന്നതാണ് നല്ലത് " എന്നാണ്. അന്ന് ഞാനും ഈ സഭയിൽ അംഗമായിരുന്നു. വർക്കല രാധാകൃഷ്ണന്റെ സമാനമായ മറ്റൊരു റൂളിംഗുമുണ്ട്, സമയക്കുറവുമൂലം ഞാനത് വായിക്കുന്നില്ല. ബില്ലിൽ പറയുന്നത് സാംസ്കാരികം, നിയമം, പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാല ചാൻസലറായി നിയമിക്കണമെന്നാണ്. ഇതിൽ പ്രാഗത്ഭ്യം ആരാണ് തീരുമാനിക്കുന്നത്; എങ്ങനെയാണ് തീരുമാനിക്കുന്നത്; എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ? അതുസംബന്ധിച്ച് നിർവ്വചിച്ചിട്ടില്ല. പ്രസ്തുത ക്ലോസിന്മേൽ സബോർഡിനേറ്റ് ലെജിസ്ലേഷന് അനുമതി നൽകണമായിരുന്നു. ഈ ബില്ലിൽ അങ്ങനെ അനുമതി നൽകുന്നതായി കാണുന്നില്ല. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച് വിശദമായ മെമ്മോറാണ്ടം ഉണ്ടാകണമെന്നതിന് 01-03-2005-ൽ ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ച ഒരു തടസ്സവാദത്തിന് 'ചട്ടം 74 പ്രകാരം വിശദമായ ഒരു മെമ്മോറാണ്ടം ബില്ലിൽ കൊടുക്കേണ്ടതായിരുന്നു' എന്ന് അന്നത്തെ സ്പീക്കർ ശ്രീ. തേറമ്പിൽ

രാമകൃഷ്ണൻ റൂളിംഗ് നൽകി. കാരണം, സബോർഡിനേറ്റ് ലെജിസ്ലേഷനെ ചുമതലപ്പെടുത്തുന്ന വിശദമായ മെമ്മോറാണ്ടം കൊടുക്കണമെന്ന് റൂളിൽ പറയുന്നുണ്ട്. എന്നാൽ ബില്ലിൽ അത് നൽകിയിട്ടില്ല.

മി. സ്പീക്കർ: തടസ്സവാദത്തിന് ഇത്രയും സമയം എടുക്കരുത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഇതിൽ ലീഗൽ പോയിന്റും പഴയ റൂളിംഗും മാത്രമേ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുള്ളൂ. മറ്റൊരുകാര്യം, ഞാൻ അങ്ങേയ്ക്ക് ഒരു കത്ത് നൽകിയിരുന്നു. ഒരുപാട് നിയമപ്രശ്നങ്ങൾ ഭാവിയിലുണ്ടാകാൻ പോകുന്ന ബില്ലാണിതെന്നതിന് യാതൊരു സംശയവുമില്ല. കോടതിയിൽ ചോദ്യം ചെയ്യപ്പെടാനും പരാജയപ്പെടാനും സാദ്ധ്യതയുള്ള ഭരണഘടനാപരമായ പ്രശ്നങ്ങളും നിയമ പ്രശ്നങ്ങളുമുള്ള ബില്ലാണിതെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്. സർക്കാരിന് ഈ ബിൽ പിൻവലിച്ച് കുറ്റങ്ങൾ തീർത്ത് വീണ്ടും കൊണ്ടുവരാൻ ഇപ്പോഴും സാധിക്കുന്നതാണ്. ഞങ്ങൾ പ്രതിപക്ഷമെന്ന നിലയിൽ ആ ഉത്തരവാദിത്വത്തിൽ മുന്നറിയിപ്പ് നൽകുകയാണ്. 1994 ഏപ്രിൽ 21-ന് കേരള പഞ്ചായത്ത്‌രാജ് ബില്ലിന്റെ അവതരണവേളയിൽ അഡ്വക്കേറ്റ് ജനറലിനെ നിയമസഭയിലേയ്ക്ക് ക്ഷണിച്ചിരുന്നു. അന്ന് പ്രതിപക്ഷ എം.എൽ.എ.-മാരായിരുന്ന കൃഷ്ണൻ കണിയാംപറമ്പിൽ, വി. വി. രാഘവൻ,

സി. കെ. ചന്ദ്രപ്പൻ, വി. ജെ. തങ്കപ്പൻ എന്നിവർ ആവശ്യപ്പെട്ടതുപ്രകാരം ബഹുമാനപ്പെട്ട സ്പീക്കർ അഡ്വക്കേറ്റ് ജനറലിനെ നിയമസഭയിലേയ്ക്ക് ക്ഷണിച്ചിരുന്നു. അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അഡ്വ. സിറിയക് ജോസഫ് ആണ് അന്ന് സഭയിൽ വന്നത്. ബില്ലിലെ ഭരണഘടനാ പ്രശ്നങ്ങളെയും നിയമ പ്രശ്നങ്ങളെയുംകുറിച്ച് സഭാംഗങ്ങൾ ചോദ്യം ചോദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തൊട്ടുപിറകിൽ, ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അടുത്ത സീറ്റ് എ.ജി. എപ്പോൾ വന്നാലും ഇരിക്കാൻവേണ്ടി ഒഴിച്ചിട്ടിരിക്കുന്നതാണ്. എ.ജി.-ക്ക് മാത്രമേ അവിടെ ഇരിക്കാൻ അവകാശമുള്ളൂ. അതുകൊണ്ട് ഈ ബിൽ ക്ലോസ് ബൈ ക്ലോസ് ചർച്ചയ്ക്ക് വരുന്നതിനുമുമ്പ് അങ്ങ് ഇപ്പോഴത്തെ ബഹുമാനപ്പെട്ട എ.ജി.-യെ ക്ഷണിച്ചുവരുത്തി ഇതിന്റെ നിയമ പ്രശ്നങ്ങൾ നിയമസഭയോട് വിശദീകരിക്കാനുള്ള അവസരമൊരുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, സമയപരിമിതിയുള്ളതിനാൽ പുതിയ പോയിന്റുകൾ അവതരിപ്പിക്കണം.

Dr. Mathew Kuzhalnadan: Sir, I am not repeating anything which has been stated earlier. Though I had a point on the same, I am not repeating. എത്ര അവധാനതയില്ലാതെയാണ് ബിൽ കൊണ്ടുവന്ന്

എസ്റ്റാബ്ലിഷ് ചെയ്യുന്നത്? ഒരേയൊരു കാര്യം ഞാൻ പറയാം, earlier the Governor was acting as the Chancellor. The whole scheme of the Act was drawn in such a state that Governor will act as the Chancellor. So his stature has been respected. 1974-ലെ കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 65-ൽ, 'Constitution of Appellate Tribunal-(1) The Government shall constitute an Appellate Tribunal for the purposes of this Act. (2) The Appellate Tribunal shall be a judicial officer not below the rank of District Judge nominated by the Chancellor in consultation with the High Court' എന്ന് പറയുന്നുണ്ട്. ഇവിടെ നിയമസഭാ സെക്രട്ടറിയുണ്ട്. ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. പുതിയൊരാളെ ചാൻസലറായി നിയമിച്ചാൽ അദ്ദേഹത്തിന് ഹൈക്കോടതിയുമായി കൺസൾട്ടേഷൻ നടത്താൻ സാധിക്കുമോ? There is a protocol issue. കാരണം, ഇപ്പോൾ സുപ്രീംകോടതിയുമായി കൺസൾട്ടേഷൻ നടത്തുന്നത് ആരാണ്? The President of India or the Prime Minister or the Opposition Leader can consult with the Supreme Court. Because the stature of that institution should be above that. When your Act says to consult with the High

Court, the person should be above the stature of High Court. Earlier it was Governor. Governor was the appointing authority. So he can consult with the High Court. But a Chancellor who is appointed out of place cannot come and consult with the High Court. How can you do that? My point is that, this law has been draught without any indepth study.

Mr. Speaker: Please conclude. You have presented your point.

ഡോ. മാത്യു കുഴൽനാടൻ: സർ, കേരള യൂണിവേഴ്സിറ്റി ആക്ടിൽ മാത്രമല്ല, ചാൻസലറായ ഗവർണറുടെ stature-ന്റെ അടിസ്ഥാനത്തിലാണ് എല്ലാ സർവ്വകലാശാല നിയമങ്ങളും തയ്യാറാക്കിയിരിക്കുന്നത്. അതുകൊണ്ട് ചാൻസലറെ മാറ്റുന്നതിനായി ഒരു സെക്ഷൻ മാത്രം അമെന്റ് ചെയ്താൽ മതിയാകില്ല. സർക്കാർ അത് കാണാത്തതാണെങ്കിൽ, you can correct it later also.

ശ്രീ. ടി. സിദ്ദിഖ്: സർ, ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ ചട്ടം 73 അനുസരിച്ചല്ല ബിൽ കൊണ്ടുവന്നിട്ടുള്ളത്. നിയമസഭ ചട്ടത്തിലും ശക്ധർ ആൻഡ് കൗളിന്റെ പാർലമെന്ററി

പ്രൊസീഡ്യുവറിലുമുൾപ്പെടെ വിഭാവന ചെയ്തിരിക്കുന്ന സങ്കല്പങ്ങളെ മുഴുവൻ അട്ടിമറിച്ചാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. "പണ ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പ് ചെലവുകൂടി അതിൽ നൽകേണ്ടതുമാകുന്നു" എന്നാണ് ചട്ടം 73-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഈ ബില്ലിൽ ആവർത്തക-അനാവർത്തക ചെലവുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫിനാൻഷ്യൽ മെമ്മോറാണ്ടമില്ല. ശക്ധർ & കൗളിന്റെ പ്രാക്ടീസ് ആൻഡ് പ്രൊസീഡ്യുവർ ഓഫ് പാർലമെന്റിൽ ഇതുസംബന്ധിച്ച് വളരെ ഗൗരവമായി പറഞ്ഞിട്ടുണ്ട്. അതായത്, "During discussion on the motion for reference of the Essential Commodities (Second Amendment) Bill, 1967 to a Select Committee, a point of order was raised that the financial memorandum appended to the Bill was incomplete as it did not give an estimate of the recurring and non-recurring expenditure involved. The point of order was upheld by the Chair...", ഇതാണ് പ്രധാനം.

"...and further consideration of the Bill was postponed with a view to enabling the Government to furnish a revised financial memorandum giving particulars of recurring and non-recurring expenditure involved." എന്നാണ് പറഞ്ഞിരിക്കുന്നത്. ബില്ലിന്റെ ചർച്ച വരെ മാറ്റിവച്ചു. മാത്രമല്ല പ്രസിഡന്റിൽനിന്നും പുതിയ ശിപാർശ വാങ്ങി ഫിനാൻഷ്യൽ മെമ്മോറാണ്ടം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്തതിനുശേഷമാണ് ചർച്ച ആരംഭിച്ചത്. Bill involving expenditure shall be accompanied by a Financial Memorandum എന്ന ചട്ടം അങ്ങേയ്ക്ക് അറിയാവുന്നതാണ്. നിയമസഭയുടെയും പാർലമെന്റിന്റെയും മാനദണ്ഡങ്ങളെ മുഴുവൻ കാറ്റിൽപ്പറത്തിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഒരു പ്രധാനപ്പെട്ട കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഇതിൽ ആർട്ടിക്കിൾ 254-ഉം ആയി ബന്ധപ്പെട്ട് ഗുരുതരമായ വയലേഷനുണ്ട്. യു.ജി.സി. ഗൈഡ്‌ലൈനിലെ 7.2-ൽ പറയുന്നത്, 'The Pro-Vice-Chancellor shall hold office for a period, which is co-terminus with that of the Vice-Chancellor' എന്നാണ്. അത് വളരെ ശരിയാണ്. എന്നാൽ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി പി.വി.സി.-യെ ഏൽപ്പിക്കാമെന്നാണ്. ഇത്

ആർട്ടിക്കിൾ 254-ന്റെ വയലേഷനാണ്. മാത്രമല്ല, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ജഡ്ജ്മെന്റ് വന്നിരിക്കുകയാണ് - UGC guidelines vs. State enactment. എന്റെ കയ്യിൽ അഞ്ച് ജഡ്ജ്മെന്റുകളുണ്ട്. സമയം നൽകുകയാണെങ്കിൽ ഞാൻ വായിക്കാം.

മി. സ്പീക്കർ: വേണ്ട, അത് സഭയിൽ എല്ലാവർക്കും അറിയാം.

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായങ്ങളാണ്. അവസാനമായി ഹൈക്കോടതിയുടെ ജഡ്ജ്മെന്റും വന്നിരിക്കുകയാണ്. ഇതിൽ ഏതാണ് നിലനിൽക്കുന്നത്? National Enactment ആണ് നിലനിൽക്കുന്നത്, State Enactment അല്ല.

മി. സ്പീക്കർ: ഈ പോയിന്റ് സബ്ജുഡീസ് ആണ്. It is pending before the court.

ശ്രീ. ടി. സിദ്ദിഖ്: സർ, ഈ ബിൽ നിയമമായാൽ null and void ആയിമാറും. കോടതിയുടെ വരാന്തയിൽപ്പോലും നിൽക്കില്ല. വൈസ്-ചാൻസലറുടെ യോഗ്യതയായി പത്ത് വർഷത്തെ പ്രൊഫസർ പദവി വേണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ചാൻസലറുടെ ക്വാളിഫിക്കേഷൻ എന്താണ്? ഒരു ക്വാളിഫിക്കേഷനും വ്യവസ്ഥ ചെയ്യുന്നില്ല. അപ്പോൾ സർവ്വകലാശാലകളുടെ ഓട്ടോണമി തകർത്ത്

തങ്ങളുടെ വി.സി.-യുടെ political interference ചാൻസലറിലൂടെ കൊണ്ടുവരാനുള്ള രാഷ്ട്രീയ ശ്രമമാണ് നടക്കുന്നത്. ഇത് ശരിയല്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ ഓട്ടോണമിയെയും sanctity-യെയും തകർക്കുന്ന ബില്ലാണിത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ അവതരിപ്പിച്ച തടസ്സവാദങ്ങളിൽ മൂന്നുനാല് ഘടകങ്ങളാണ് പരിശോധിക്കാനുള്ളത്. കേരള നിയമസഭയ്ക്ക് നിയമനിർമ്മാണ അധികാരമുണ്ടോ; ഈ നിയമം പൊതുവെയോ നിയമത്തിലെ വ്യവസ്ഥകളോ ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നതാണോ; ഈ നിയമത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും കേന്ദ്ര നിയമത്തിന് വിരുദ്ധമായി നിൽക്കുന്നുണ്ടോ; ഇതിന് കേരള നിയമസഭ പാസ്സാക്കിയ മറ്റേതെങ്കിലും നിയമങ്ങളുമായി വൈരുദ്ധ്യമുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങളാണ് പരിശോധിക്കപ്പെടേണ്ടത്. അതിന്റെ ഒരുഭാഗം മാത്രം ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിലേയ്ക്ക് ഞാൻ വരാം. ബാക്കിയെല്ലാം രാഷ്ട്രീയമായ കാര്യങ്ങളും ബില്ലിന്റെ ഉള്ളടക്കത്തിനകത്ത് കടന്നിട്ടുള്ള പ്രശ്നങ്ങളുമാണ്. സ്വാഭാവികമായും മറുപടി പറയുമ്പോൾ അതുംകൂടി പരിഗണിക്കേണ്ടതുണ്ട്. കാരണം, അത് രേഖകളിൽ വന്നുകഴിഞ്ഞതാണ്. എല്ലാവരും പറഞ്ഞത്

ഒരേ പോയിന്റാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതും അതിനെ ശക്തിപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ഉന്നയിച്ചതുമായ കാര്യങ്ങളാണ് ഞാൻ പ്രധാനമായും പരാമർശിക്കുന്നത്. ബഹുമാന്യരായ പി. സി. വിഷ്ണുനാഥും ഡോ. മാത്യു കുഴൽനാടനും ടി. സിദ്ദിഖും പറഞ്ഞത് അതിനെ സാധൂകരിക്കുന്ന പോയിന്റുകൾ മാത്രമാണ്. ഇതിൽ രണ്ട് വശങ്ങളുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടതും രേഖാമൂലം നൽകിയ നോട്ടീസുകളിൽ പരാമർശിച്ചതും, യു.ജി.സി. ഗൈഡ്‌ലൈൻ സംസ്ഥാന നിയമവുമായി കോൺട്രഡിക്ടറിയാകുമ്പോൾ, ഗൈഡ്‌ലൈൻ നിലനിൽക്കുമെന്നാണ്. അതിന് സുപ്രീംകോടതി വിധി ഉദാഹരിക്കുകയാണ് നിങ്ങൾ ചെയ്തത്. നിങ്ങൾ വളരെ അപകടകരമായ രാഷ്ട്രീയ പ്രസ്താവനയാണ് നടത്തിയിട്ടുള്ളത്. ഭരണഘടനയുടെ ആർട്ടിക്കിൾ 254-ൽ എന്താണ് പറയുന്നത്? Laws made by Parliament-ഉം laws made by the Legislative Assembly-യും തമ്മിൽ വൈരുദ്ധ്യം വന്നാൽ laws made by the Parliament കൺകറന്റ് ലിസ്റ്റിൽ നിലനിൽക്കും. What is Subordinate Legislation? Subordinate Legislation is a legislation made by an authority other than a Legislature. കോൺഗ്രസ് പാർട്ടിയുടെ അഖിലേന്ത്യ നേതാവായ ശ്രീ. രമേശ് ചെന്നിത്തല ഗുജറാത്ത് തെരഞ്ഞെടുപ്പിന്റെ ചുമതല

വഹിച്ചിട്ടാണ് ഇങ്ങോട്ട് വന്നിരിക്കുന്നത്. നിങ്ങൾ ഈ നിലപാടാണെടുക്കുന്നതെങ്കിൽ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ നിയമസഭ പാസ്സാക്കുന്ന നിയമങ്ങളെ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ കേന്ദ്ര ഗവൺമെന്റിന് annul ചെയ്യാം, മോഡിഫൈ ചെയ്യാം, അമെന്റ് ചെയ്യാം. നിങ്ങൾ അതിനൊപ്പമാണോ? ടെക്നിക്കൽ സൈഡ് ആയിക്കോട്ടെ. ഞാനതിലേയ്ക്ക് പിന്നീട് വരാം. ഞങ്ങൾ നിയമമനുസരിച്ചുതന്നെയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതിൽ വൈരുദ്ധ്യമുണ്ട്. അങ്ങയുടെ നിലപാടിൽ വ്യക്തത വരുത്തണം.

<u>ശ്രീ. പി. രാജീവ്</u>: സർ, എന്തായാലും നിയമപരമായി ഈ നിയമം അതിനോട് ചേർന്നുനിൽക്കും. ഞാൻ അതിലേയ്ക്ക് വരാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് എനിക്ക് കുറച്ച് സമയം തരൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പരിണതപ്രജ്ഞനായ ശ്രീ. രമേശ് ചെന്നിത്തലയുമുൾപ്പെടെ സ്വീകരിക്കുന്ന ഈ നിലപാടിലൂടെ ഇന്ത്യൻ ജനാധിപത്യത്തിന്റെ കുരുതിക്കുള്ള പ്രഖ്യാപനത്തിന് ഒരു ചുവടുവയ്പാണ് നിങ്ങൾ നൽകുന്നത്. കൺകറന്റ് ലിസ്റ്റിലുള്ളതെല്ലാം നിങ്ങൾ പരിശോധിച്ചുനോക്കൂ. ഹയർ എഡ്യൂക്കേഷൻ മുഴുവൻ മാറ്റിയെന്നാണ് അങ്ങ്

പറഞ്ഞത്. അങ്ങനെ മാറ്റിയിട്ടില്ല. യൂണിവേഴ്സിറ്റീസ് എന്നുള്ളത് യൂണിയൻ, സ്റ്റേറ്റ്, കൺകറന്റ് എന്നീ മൂന്ന് ലിസ്റ്റുകളിലുമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32-ൽ Incorporation and regulation of universities-നെക്കുറിച്ചാണ് പറയുന്നത്. അതായത് സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32 അനുസരിച്ച് യൂണിവേഴ്സിറ്റി രൂപീകരിക്കാനും റെഗുലേഷൻ നടത്താനും സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്. എൻട്രി 25 ആണ് 42-ാം ഭേദഗതിയിലൂടെ കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റിയത്. എൻട്രി 25-ൽ പറയുന്നതെന്താണ്? “ ……..universities, subject to the provisions of entries 63, 64, 65 and 66 of List I” എന്നാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തെയും കൺകറന്റ് ലിസ്റ്റിനെക്കുറിച്ചുമാണ് ഇവിടെ പറയുന്നത്. സംസ്ഥാന ഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ കേന്ദ്രനിയമത്തിന് വിരുദ്ധമാകരുത്. 1956-ൽ പാർലമെന്റ് പാസ്സാക്കിയ യു.ജി.സി. നിയമത്തിലെ വ്യവസ്ഥകളെ മറികടക്കത്തക്കവിധം ഒരു നിയമം പാസ്സാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടോ എന്നതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. പി. രാജീവ്: സർ, ബിൽ പൂർണ്ണമായി നോക്കാൻ അങ്ങേയ്ക്ക് സമയം കിട്ടിയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ നൽകിയിട്ടുള്ള നോട്ടീസുകൾ അങ്ങ് പരിശോധിച്ച് നോക്കൂ. അതിൽ നിയമത്തെക്കുറിച്ചല്ല പറയുന്നത്. യു.ജി.സി.-യുടെ ഗൈഡ്‌ലൈൻ സംസ്ഥാന നിയമത്തിന് മുകളിലാണോ എന്നതിന് അങ്ങയുടെ അഭിപ്രായമെന്താണ്?

ഡോ. മാത്യു കുഴൽനാടൻ: സർ, വഴങ്ങുമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് വഴങ്ങാം.

മി. സ്പീക്കർ: നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നോക്കി സംസാരിച്ചാൽ ചെയറിൽ ആളിരിക്കേണ്ട കാര്യമില്ല. രണ്ടുപേരും ചെയറിനെ നോക്കി സംസാരിക്കൂ. ഇവിടെ ഒരാൾ ചെയറിൽ ഇരിക്കുന്നുണ്ട്. നിങ്ങൾ എന്നോട് സംസാരിക്കൂ. അല്ലാതെ അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ചാൽ ഞാനിവിടെ ഇരിക്കേണ്ട കാര്യമുണ്ടോ? നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുകയാണെങ്കിൽ ഞാനെഴുന്നേറ്റ് പോകാം. You should address me.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഒരു വാചകത്തിൽ പറഞ്ഞ് അവസാനിപ്പിക്കാം.

<u>ശ്രീ. പി. രാജീവ്:</u> സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കട്ടെ. അദ്ദേഹം സംസാരിക്കുകയാണെങ്കിൽ എനിക്ക് മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേയ്ക്ക് മാറേണ്ടിവരും. എനിക്ക് രണ്ടുംകൂടി ഒരുപോലെ കൈകാര്യം ചെയ്യാൻ കുറച്ച് ബുദ്ധിമുട്ടുണ്ട്. പിന്നീട് ഇംഗ്ലീഷിൽ മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. ഇവിടെ ഉന്നയിക്കപ്പെട്ട പൊളിറ്റിക്കൽ പ്രശ്നത്തിൽ നിങ്ങൾ എവിടെ നിൽക്കുന്നു? ഭരണഘടനയുടെ എൻട്രി 25-ൽ പറയുന്നത് വ്യക്തമാണ്. യൂണിയൻ ലിസ്റ്റിലെ എൻട്രി 63, 64, 65, 66-മായി അത് ചേർന്ന് നിൽക്കുന്നു. ഭരണഘടന വരുന്നതിനുമുമ്പുള്ള ഡൽഹി യൂണിവേഴ്സിറ്റി, ബനാറസ് യൂണിവേഴ്സിറ്റി, അലിഗഡ് യൂണിവേഴ്സിറ്റി എന്നിവയെ സംബന്ധിച്ച് എൻട്രി 63-ലും Universities of national importance-നെക്കുറിച്ച് എൻട്രി 64-ലും പുതിയ വൊക്കേഷണൽ, മെഡിക്കൽ, ടെക്നിക്കൽ തുടങ്ങിയ യൂണിവേഴ്സിറ്റികളെക്കുറിച്ച് എൻട്രി 65-ലും Co-ordination and determination of standards-നെക്കുറിച്ച് എൻട്രി 66-ലും പറയുന്നുണ്ട്. എൻട്രി 66 ആണ് യു.ജി.സി.-ക്ക് ആധാരം. ഭരണഘടനാ നിർമ്മാണസഭ (കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി)-യിൽ കൊണ്ടുവന്ന കരട് ഭരണഘടനയിലെ 57(a) അവതരിപ്പിച്ചുകൊണ്ട് ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞത്, standard determination is a very limited power of the Parliament

എന്നാണ്. അതുപയോഗിച്ച് സംസ്ഥാന നിയമസഭകൾ പാസ്സാക്കുന്ന നിയമത്തെ പാർലമെന്റ് ഇല്ലാതാക്കാൻ പാടില്ലെന്ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഡിബേറ്റിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഡോ. ബി. ആർ. അംബേദ്കർ അതിന് ഉദാഹരണവും പറഞ്ഞു. What is standards; Why this entry എന്നാണ് ഡോ. ബി. ആർ. അംബേദ്കർ ചോദിച്ചത്. ഡിഗ്രി ലഭിക്കാൻ മദ്രാസ് യൂണിവേഴ്സിറ്റി 20 ശതമാനം മാർക്ക് മതിയെന്നും മുംബൈ യൂണിവേഴ്സിറ്റി 25 ശതമാനം മാർക്ക് വേണമെന്നും തീരുമാനിക്കുന്നു. The candidates should be a graduate എന്നാണ് കേരള യൂണിവേഴ്സിറ്റി പറയുന്നത്. ഇവിടെയൊരു സ്റ്റാൻഡേർഡ് വേണം. ആ സ്റ്റാൻഡേർഡാണ് ഡോ. ബി. ആർ. അംബേദ്കർ ഉദ്ദേശിക്കുന്നത്. ഇതാണ്, Legislative intent of the entry 66 in the Union List. ഇപ്പോൾ യു.ജി.സി. ആക്ട് വന്നു. അതിലെ സെക്ഷൻ 26(e)-ൽനിന്നാണ് ഈ റെഗുലേഷന്റെ ഊർജ്ജം ലഭിച്ചിട്ടുള്ളത്. സെക്ഷൻ 26(e)-ൽ മിനിമം സ്റ്റാൻഡേർഡ്സ് ഓഫ് ടീച്ചിംഗ് ഫാക്കൽറ്റിയാണ് പറയുന്നത്. അദ്ധ്യാപകരുടെ മിനിമം യോഗ്യത എന്തായിരിക്കണമെന്നുള്ളതാണ് യു.ജി.സി. ആക്ടിന്റെ സെക്ഷൻ 26(e). വൈസ്-ചാൻസലർ യഥാർത്ഥത്തിൽ ടീച്ചിംഗ് പോസ്റ്റാണോ; മിനിമം യോഗ്യത നിശ്ചയിക്കാൻ പ്രോ-വൈസ്-ചാൻസലർ ടീച്ചിംഗ് പോസ്റ്റാണോ?

യഥാർത്ഥത്തിൽ, regulation is ultravires to the parent act. നിങ്ങൾ ഈ പ്രശ്നങ്ങൾ ഉന്നയിച്ചതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഇത് ചെറിയ പ്രശ്നമല്ല. നിങ്ങൾ കാട് കാണുന്നില്ല, മരംപോലും കാണുന്നില്ല, നിങ്ങൾ കേരളത്തിലെ അധികാരത്തിന്റെ ഒരു ചെറിയ മരക്കഷണം മാത്രമേ കാണുന്നുള്ളൂ. അതാണ് പ്രശ്നം. നിങ്ങൾ കാട് കാണണം. ഈ രാജ്യം എവിടേയ്ക്ക് പോകുന്നു; ഈ വ്യാഖ്യാനങ്ങൾ നമ്മുടെ ജനാധിപത്യത്തെ എവിടെ എത്തിക്കും? നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനശിലയായ ഫെഡറലിസം, പാർലമെന്ററി ജനാധിപത്യം എന്നിവയിൽ നിങ്ങളെവിടെ നിൽക്കുന്നു? മതനിരപേക്ഷത സംബന്ധിച്ച് ചർച്ചാവേളയിൽ പറയാം. ഇങ്ങനെ ചർച്ച ചെയ്ത് നിശബ്ദത പാലിച്ചുകൊണ്ട് നിലപാട് വ്യക്തമാക്കാതിരുന്നാൽ, ഭാവിയിൽ കൺകറന്റ് ലിസ്റ്റിനകത്തുള്ള ഏത് വിഷയത്തിലും സബോർഡിനേറ്റ് ലെജിസ്ലേഷൻവഴി കേന്ദ്ര സർക്കാർ സംസ്ഥാന നിയമസഭകളുടെ അധികാരം ഇല്ലാതാക്കും. റൂൾസ് ഓഫ് ബിസിനസ് പ്രകാരം നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ എന്ന് പരിണതപ്രജ്ഞനായ നിയമവിദഗ്ദ്ധൻ ചോദിച്ചത് എന്നെ അത്ഭുതപ്പെടുത്തി. ഒരു നിയമസഭയിൽ ഒരിക്കലും ചോദിക്കാൻ പാടില്ലാത്ത ചോദ്യമാണത്. നിങ്ങളെന്തുകൊണ്ട് റൂൾസ് ഓഫ് ബിസിനസ്

ഇങ്ങനെയുണ്ടാക്കിവച്ചുവെന്ന് വേണമെങ്കിൽ ചോദിക്കാം. ഭരണഘടനയുടെ ആർട്ടിക്കിൾ 246(2) പ്രകാരം കൺകറന്റ് ലിസ്റ്റിലുള്ള വിഷയത്തിൽ പാർലമെന്റിനും നിയമസഭയ്ക്കും നിയമനിർമ്മാണത്തിന് പൂർണ്ണ അധികാരമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിൽ കോൺട്രഡിക്ഷൻ വന്നിട്ടുണ്ട്.

ശ്രീ. പി. രാജീവ്: സർ, ഞാൻ അതിലേയ്ക്ക് വരാം. ആർട്ടിക്കിൾ 254-ൽ Inconsistency between laws made by Parliament and laws made by the Legislatures of States ആണ് പറയുന്നത്. നമ്മൾ നിയമം ഉണ്ടാക്കിയപ്പോൾ കോൺട്രഡിക്ഷനായിപ്പോയി. കൺകറന്റ് ലിസ്റ്റിലുള്ള വിഷയത്തിൽ കേന്ദ്രസർക്കാർ നിയമമുണ്ടാക്കുമ്പോൾ സംസ്ഥാന നിയമസഭകളോട് ചോദിക്കുന്നുണ്ടോ എന്ന് ചോദിക്കേണ്ടതിന് പകരം കേന്ദ്ര സർക്കാരിൽ എല്ലാ അധികാരവും കേന്ദ്രീകരിക്കുന്ന പ്രവൃത്തിക്ക് കയ്യടിക്കുന്നവരായി മാറാൻ കോൺഗ്രസ്സിന് എങ്ങനെ കഴിയുന്നു? സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട കൃഷിയെ സംബന്ധിച്ച് എങ്ങനെയാണ് കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയത്? അങ്ങയുടെ പാർട്ടിയുടെ നേതാക്കന്മാരെല്ലാം അതിനെതിരായുള്ള സമരത്തിനുണ്ടായിരുന്നു. സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 14

പരിശോധിച്ചുനോക്കൂ. അഗ്രികൾച്ചർ, അഗ്രികൾച്ചറൽ എഡ്യൂക്കേഷൻ & റിസർച്ച്, ഫിഷറീസ് യൂണിവേഴ്സിറ്റി, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി തുടങ്ങി എൻട്രി 14-ൽ വരുന്നതിന് നിയമനിർമ്മാണം നടത്തുകയെന്നത് സ്റ്റേറ്റിന്റെ അധികാരമാണ്; പൂർണ്ണമായും ഈ നിയമസഭയുടെ അധികാരമാണ്. നിങ്ങളുടെ രാഷ്ട്രീയം എന്തുമായിക്കൊള്ളട്ടെ; അപ്പുറത്തോ ഇപ്പുറത്തോ നിൽക്കട്ടെ; ഈ സഭ മുന്നോട്ടുപോകണ്ടേ; സംസ്ഥാനങ്ങൾ നിലനിൽക്കണ്ടേ; സംസ്ഥാന നിയമസഭകൾ ഉണ്ടാകേണ്ടതില്ലേ; നിയമസഭകൾക്ക് ഫെഡറലിസത്തിന്റെ അടിസ്ഥാനതത്വത്തിനനുസരിച്ച് നിയമം പാസ്സാക്കാൻ അധികാരം വേണ്ടേ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കുറേക്കഴിഞ്ഞ് കേരളത്തിൽ വരാനിരിക്കുന്ന ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ഇപ്പുറത്തിരിക്കാൻ കഴിയുമോ എന്നുകരുതി നിങ്ങൾ താല്ക്കാലികമായ നിലപാട് സ്വീകരിച്ചാൽ അതിലേയ്ക്ക് എത്തുന്നതിനുമുൻപ് ഈ രാജ്യം വലിയ അപകടത്തിലേയ്ക്ക് പോകും. ഈ മാറ്റങ്ങൾ അങ്ങനെയാണ്. ഇത് പൊളിറ്റിക്കൽ പൊസിഷനാണ്. ശരിയായ നിലപാടായി ഞങ്ങൾ കാണുകയും ചെയ്യുന്നു.

ഇപ്പോൾ യു.ജി.സി. റെഗുലേഷൻ മാറി. യു.ജി.സി.-യുടെ അഭിഭാഷകൻ ഇതാണ് യു.ജി.സി.-യുടെ നിലപാടെന്ന് കോടതിയിൽ പറഞ്ഞാൽ സ്റ്റേറ്റ്

പാസ്സാക്കിയ നിയമം നിൽക്കില്ല. എത്രമാത്രം അപകടകരമായ ഇന്റർപ്രട്ടേഷനാണത്. സ്റ്റേറ്റിന്റെ നിയമത്തിനുമുകളിൽ യു.ജി.സി. റെഗുലേഷനും ഗൈഡ്ലൈനും നിലനിൽക്കുമെന്നാണ് യു.ജി.സി.-യുടെ അഭിഭാഷകൻ ഇപ്പോൾ വാദിക്കുന്നത്. പിന്നെ നമ്മൾ എന്തിനാണ് ഈ നിയമസഭയിലിരിക്കുന്നത്; ഈ നിയമസഭയ്ക്ക് എന്താണ് പ്രസക്തിയുള്ളത്; ഭരണഘടനയുടെ അടിസ്ഥാനശിലയ്ക്ക് എന്താണ് പ്രസക്തി? അതുകൊണ്ട് അക്കാര്യത്തിൽ നമ്മൾ യോജിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അങ്ങ് രാഷ്ട്രീയമാണ് പറഞ്ഞത്. ഞങ്ങൾ സംസാരിച്ചത് രാഷ്ട്രീയമല്ല, നിലവിലുള്ള നിയമങ്ങൾ, ഭരണഘടനാപരമായ കാര്യങ്ങൾ എന്നിവയെ സംബന്ധിച്ചാണ് സംസാരിച്ചത്. സബോർഡിനേറ്റ് ലെജിസ്ലേഷനെ സംബന്ധിച്ച് പറഞ്ഞു. സബോർഡിനേറ്റ് ലെജിസ്ലേഷൻ നിയമത്തിന്റെ ഭാഗമല്ലേ; സബോർഡിനേറ്റ് ലെജിസ്ലേഷനുള്ള അധികാരം ഗവൺമെന്റിന് എങ്ങനെയാണ് കിട്ടുന്നത്? പാർലമെന്റ് നിയമം പാസ്സാക്കുമ്പോൾ അതിൽ പ്രത്യേകം പ്രൊവിഷൻ വച്ചിട്ടാണ് സബോർഡിനേറ്റ് ലെജിസ്ലേഷനുള്ള അധികാരം കൊടുക്കുന്നത്. നിയമസഭ പാസ്സാക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിന് റൂൾ ഫ്രെയിം ചെയ്യാൻ

സാധിക്കുന്നത്. നിയമത്തിന്റെ ഭാഗമായാണ് റൂൾസ് തയ്യാറാക്കുന്നതിനായി സബോർഡിനേറ്റ് ലെജിസ്ലേഷനുള്ള അധികാരം കൊടുക്കുന്നത്. അങ്ങയുടെ വാദഗതി ശരിയാണെങ്കിൽ, ഭാവിയിൽ നിയമസഭ പാസ്സാക്കുന്ന ഒരു നിയമത്തിന് റൂൾ ഫ്രെയിം ചെയ്ത് കഴിഞ്ഞ് ആ റൂൾ ബാധകമല്ലെന്ന് പറഞ്ഞാൽ എന്ത് അർത്ഥമാണ്? അത് നിലനിൽക്കുന്നിടത്തോളം നിയമത്തിന്റെ ഭാഗമാണ്. അതിനകത്ത് എന്താണ് സംശയം? ഞങ്ങളുടെ പൊളിറ്റിക്കൽ നിലപാടല്ലല്ലോ ഇവിടെ പറയേണ്ടത്. ഒരു ബിൽ കൊണ്ടുവരുമ്പോൾ ഞങ്ങൾ പറഞ്ഞ ഒബ്ജക്ഷൻ അതാണ്. അങ്ങ് സുപ്രീംകോടതി വിധിക്കെതിരെയാണ് സംസാരിച്ചത്. സുപ്രീംകോടതിയാണ് repugnancy കാര്യം പറഞ്ഞത്. വൈസ്-ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിയാണ് ഞാൻ ക്വാട്ട് ചെയ്തത്. അതിലാണ് യു.ജി.സി. നോട്ടിഫിക്കേഷൻ സംബന്ധിച്ച് പറയുന്നത്. It is a part of the law.

<u>ശ്രീ. പി. രാജീവ്</u>: സർ, ആ ഭാഗത്തേയ്ക്ക് ഞാൻ വരാം. ഗൗരവമായ പ്രശ്നത്തിൽ അദ്ദേഹം നിലപാട് പറഞ്ഞില്ല. സബോർഡിനേറ്റ് ലെജിസ്ലേഷൻ ആർട്ടിക്കിൾ 254-മായും പാരന്റ് ആക്ടുമായും നിൽക്കുമോ? അതിന് കോടതിയുടെ ഒരു litmus test ഉണ്ട്. ഒന്ന്, അത്

കോൺസ്റ്റിറ്റ്യൂഷണലായി നിൽക്കുമോ; രണ്ട്, പാരന്റ് ആക്ടിലെ വ്യവസ്ഥകൾക്ക് ultra vires ആണോ? ഇത് അങ്ങേയ്ക്കറിയാമല്ലോ. നിയമസഭ ഒരു നിയമനിർമ്മാണം നടത്തുന്നത് ഭരണഘടന നൽകുന്ന അധികാരത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരു ബിൽ എങ്ങനെ അവതരിപ്പിക്കണമെന്നത് സംബന്ധിച്ചാണ് ഇൻഡ്യൻ ഭരണഘടനയുടെ 194 മുതൽ 201 വരെയുള്ള ആർട്ടിക്കിളുകളിൽ പറഞ്ഞിട്ടുള്ളത്. Introduction, Consideration, Passing എന്നീ മൂന്ന് പ്രോസസ്സുകൾ അതിൽ നൽകിയിട്ടുണ്ട്. ഈ സഭയുടെ മേശപ്പുറത്ത് എത്ര കടലാസ്സുകൾ വയ്ക്കുന്നുണ്ട്? ഇതിനകത്ത് വന്നുകഴിഞ്ഞാൽ അതിൽ വ്യവസ്ഥയുണ്ടാകും. ഇത്ര ദിവസത്തിനുള്ളിൽ പാർലമെന്റ് അത് amend/annul ചെയ്തില്ലെങ്കിൽ, It is deemed to be approved by the House. 2012-ൽ IT Rules-ന്റെ ഒരു Annulment Motion ഞാൻ പാർലമെന്റിൽ കൊണ്ടുവന്നു. പാർലമെന്റിലെ ആദ്യത്തെ Annulment Motion ആണത്. 10 വർഷം മുൻപ് പ്രണബ് കുമാർ മുഖർജി ഒരു മോഡിഫിക്കേഷൻ പ്രമേയം കൊണ്ടുവന്നു. ഈ രണ്ട് പ്രമേയങ്ങൾക്കുശേഷം ശ്രീ. കെ. എൻ. ബാലഗോപാലാണ് പിന്നീട് ഒരു പ്രമേയം കൊണ്ടുവന്നത്. ഭരണഘടന നൽകുന്ന അധികാരത്തെ അടിസ്ഥാനപ്പെടുത്തി സൂക്ഷ്മമായ പ്രക്രിയയിലൂടെ നിയമസഭ പാസ്സാക്കുന്ന

നിയമത്തെ കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് പാസ്സാക്കുന്ന സബോർഡിനേറ്റ് ലെജിസ്ലേഷനിൽ prevail ചെയ്യുമെന്ന വ്യാഖ്യാനം സുപ്രീംകോടതി വിധിയിലാണുള്ളത്. Law of the Land ആണ്. അതിന്റെ അപകടകരമായിട്ടുള്ള പ്രത്യാഘാതം നമ്മൾ രണ്ടുകൂട്ടരും തിരിച്ചറിയേണ്ടതുണ്ട്. അതുപോലെ ഈ നിയമം നിലനിൽക്കുമോ എന്നതാണല്ലോ ഇപ്പോൾ പരിശോധിക്കാനുള്ളത്. ഇത് ഞങ്ങളുടെ പൊസിഷനാണ്. യു.ജി.സി.-യുടെ റെഗുലേഷൻ prevail ചെയ്യുമെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. ഇതിന്റെ അടുത്ത അപകടങ്ങൾ അങ്ങേയ്ക്ക് ഞാൻ പറഞ്ഞുതരാം. പെൻഷൻ പ്രായം എത്രയാക്കണം? യു.ജി.സി. റെഗുലേഷൻ അനുസരിച്ച് 65 ആക്കണം. യു.ജി.സി. റെഗുലേഷനിൽ പി.എസ്.സി. നിൽക്കുമോ; എങ്ങനെയാണ് ഓരോ കോളേജിലെയും അദ്ധ്യാപക നിയമനം; റെഗുലേഷൻ 2018 നമ്മൾ അംഗീകരിക്കുന്നുണ്ടോ? ഞങ്ങൾ നിയമിച്ച വൈസ്-ചാൻസലർമാരുടെ കാര്യത്തിൽ തർക്കം നിലനിൽക്കുന്നതുകൊണ്ട്, അതുമാത്രം സുപ്രീംകോടതി പറയുന്നത് ശരി, ബാക്കി ഭാഗത്തെ യു.ജി.സി. റെഗുലേഷൻ അംഗീകരിക്കുന്നില്ലെന്ന് നിങ്ങൾ ഭാവിയിൽ പറയുമോ? ഇവിടെയൊരു കേസ് വന്നു. സുപ്രീംകോടതിയുടെ വ്യത്യസ്ത വിധികളുണ്ട്. പെൻഷൻ പ്രായം

സംബന്ധിച്ച് 2022-ൽ ഇവിടെനിന്നും ഒരു കേസ് പോയിട്ടുണ്ടായിരുന്നു, വിജയൻ കേസ്. അന്ന് സുപ്രീംകോടതി പറഞ്ഞത്, യു.ജി.സി. റെഗുലേഷൻ സ്റ്റേറ്റിന് മാൻഡേറ്ററിയല്ല, അതുകൊണ്ട് പെൻഷൻ പ്രായം സംസ്ഥാനത്തിന് തീരുമാനിക്കാമെന്നായിരുന്നു. ആർട്ടിക്കിൾ 310, 311-സർവ്വീസ് റൂൾസ് കൂടി ചേർത്ത് വ്യാഖ്യാനിച്ചു. ഗുജറാത്ത് കേസിലെ സുപ്രീംകോടതി വിധി എന്താണ്? അവിടത്തെ യൂണിവേഴ്സിറ്റിയിൽ നിയമിച്ച വൈസ്-ചാൻസലർക്ക് ക്വാളിഫിക്കേഷനുമില്ല, കമ്മിറ്റിയിൽ യു.ജി.സി. പ്രതിനിധിയുമില്ല. അതുകൊണ്ട് സ്റ്റേറ്റ് ആക്ട് മാത്രമേ നിലനിൽക്കുകയുള്ളൂവെന്ന് ഹൈക്കോടതി പറഞ്ഞു. സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും അതുതന്നെ പറഞ്ഞു. കേസ് സുപ്രീംകോടതിയിൽ പോയി. വിരമിക്കാൻ ഒരുമാസമേയുള്ളൂ അതുകൊണ്ട് ഞങ്ങൾ ഇടപെടുന്നില്ലെന്ന് സുപ്രീംകോടതി പറഞ്ഞു. The question of law is open. ഗുജറാത്തിലെ ഗവൺമെന്റായതുകൊണ്ട് ഈ ഒഴിവിലേയ്ക്ക് വീണ്ടും യു.ജി.സി. നോമിനിയില്ലാതെ കമ്മിറ്റിയുണ്ടാക്കി ഇതേ വൈസ്-ചാൻസലറെതന്നെ വീണ്ടും നിയമിച്ചു. ഇതാണ് കേസ്. ആ കേസിലാണ് സുപ്രീംകോടതി ജസ്റ്റിസ് എം. ആർ. ഷായുടെ ജഡ്ജ്മെന്റ് വന്നത്. ആ കേസാണ് കെ.ടി.യു. വിധിയിലേയ്ക്ക് എത്തിയത്. ഇവിടെയൊന്നും ക്വാളിഫിക്കേഷന്റെ പ്രശ്നം പറഞ്ഞിട്ടില്ല. ബഹുമാന്യനായ

പി. സി. വിഷ്ണുനാഥ് കഴിഞ്ഞ സഭയിൽ പറഞ്ഞപ്പോഴും തമിഴ്നാട്ടിലെ കേസിന്റെ കാര്യം പറഞ്ഞു. അതിൽ സുപ്രീംകോടതി പറഞ്ഞത്, UGC regulation is mandatory to the Central Universities and UGC regulation is directive for the State Universities എന്നാണ്. അതായത് partially mandatory and partially directive. ബീഹാറിൽ 10 യൂണിവേഴ്സിറ്റി വൈസ്-ചാൻസലർമാരുടെ നിയമനം സുപ്രീംകോടതി റദ്ദാക്കി. അതിനുകാരണം സംസ്ഥാന ഗവൺമെന്റുമായി കൺസൾട്ട് ചെയ്തില്ല എന്നതാണ്. സ്റ്റേറ്റ് നിയമത്തിൽ സംസ്ഥാന ഗവൺമെന്റുമായി കൺസൾട്ട് ചെയ്യണം. അപ്പോൾ ഗവർണർ പറഞ്ഞു, ഞാൻ മുഖ്യമന്ത്രിയുമായി ചായ കുടിക്കാനിരുന്നപ്പോൾ അദ്ദേഹത്തോട് ഈ പ്രശ്നം പറഞ്ഞിരുന്നു. നിങ്ങൾ ഉദ്ദേശിക്കുന്നവരുടെ ലിസ്റ്റ് ഗവൺമെന്റിന് കൊടുത്താൽ മാത്രമേ ഗവൺമെന്റിന് മൈൻഡ് അപ്ലൈ ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് സുപ്രീംകോടതി പറഞ്ഞു. 10 സർവ്വകലാശാല വൈസ്-ചാൻസലർമാരുടെ നിയമനം സ്റ്റേറ്റ് നിയമത്തിനനുസരിച്ചല്ലാത്തതുകൊണ്ട് ബീഹാറിൽ സുപ്രീംകോടതിതന്നെ അത് റദ്ദ് ചെയ്തു. ഇപ്പോൾ സുപ്രീംകോടതി പറയുന്നത്, UGC is mandatory for all Universities whether it is Central or State എന്നാണ്. അതിൽ ഞങ്ങൾക്ക് തർക്കമുണ്ടെങ്കിലും

ഇതാണ് ഇപ്പോൾ Law of the land. അപ്പോൾ അങ്ങുപറഞ്ഞ യു.ജി.സി. റെഗുലേഷൻ എല്ലാറ്റിലും നടപ്പിലാക്കണം. നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണത്.

ഇപ്പോഴുള്ള പ്രശ്നം എന്താണ്? Void ab initio ആണെന്ന് പറഞ്ഞിട്ട് co-terminus ആണെന്നാണ് ഇപ്പോൾ പറയുന്നത്. ഇപ്പോൾ ഒരു വിധി വന്നിട്ടുണ്ട്. ഇന്നലെയാണ് ഹൈക്കോടതിയുടെ പുതിയ ഇന്റർപ്രട്ടേഷൻ വന്നത്. ഞങ്ങൾ ബിൽ തയ്യാറാക്കുമ്പോഴുണ്ടായിരുന്ന ഹൈക്കോടതിയുടെ ഇന്റർപ്രട്ടേഷൻ എന്താണ്? ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താകിന്റെ വിധി, 'Being a pleasure appointment, the continuation of the Pro-Vice-Chancellor in the office therefore, depends upon the prerogative to be exercised by the Vice-Chancellor. Thus, I am of the considered view that Pro-Vice-Chancellor cannot be ordered to vacate the office on account of demitting office by the Vice-Chancellor before his term.' ഇതാണ് Co-terminus-ന് ഹൈക്കോടതി നൽകിയിട്ടുള്ള വിധി. ഞങ്ങൾ ബിൽ ഫ്രെയിം ചെയ്യുമ്പോൾ ഇതായിരുന്നു വിധി. ഇന്നലെ വന്ന വിധിയിൽ എന്തെങ്കിലും പുതിയ മാറ്റമുണ്ടെങ്കിൽ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ പരിശോധിക്കാം. കാലാവധി പൂർത്തീകരിക്കുന്നതിനുമുൻപ് ഒരു

വൈസ്-ചാൻസലർ രാജിവച്ചാൽ അപ്പോൾത്തന്നെ പി.വി.സി.-യെ വിടേണ്ട കാര്യമില്ല. പുതിയ പി.വി.സി.-ക്ക് pleasure ഇല്ലെങ്കിൽ അപ്പോൾ ഇദ്ദേഹത്തെ മാറ്റാം. Co-terminus related to the term of Vice-Chancellor എന്ന ഹൈക്കോടതിയുടെ ഇന്റർപ്രട്ടേഷൻ അനുസരിച്ചാണ് ഞങ്ങൾ ബിൽ തയ്യാറാക്കിയത്. പക്ഷെ, ഇന്നലെ പുതിയ വിധി വന്നിട്ടുണ്ടെന്ന് പറയുന്നുണ്ട്. അതനുസരിച്ച് നമുക്ക് പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ഉന്നയിച്ച പ്രശ്നം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്നലെ ഹൈക്കോടതി വിധി വരുന്നതിനുമുമ്പുതന്നെ സുപ്രീംകോടതി വിധി നിലവിലുണ്ടായിരുന്നു. "To the extent that the State legislation is in conflict with Central legislation including subordinate legislation made by the Central legislation under Entry 25 of the Concurrent List shall be repugnant to the Central legislation and would be inoperative. The UGC Regulations being passed by both the Houses of Parliament, though a subordinate legislation has binding effect on the Universities to which it applies" എന്നാണ് സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത്. സുപ്രീംകോടതി വിധി

നിലനിൽക്കെ പഴയ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ തയ്യാറാക്കിയതെന്ന് പറയുന്നതിൽ പ്രസക്തിയില്ല.

ശ്രീ. പി. രാജീവ്: സർ, ഇതിന്റെ വ്യാഖ്യാനം എങ്ങനെ നിലനിൽക്കുമെന്നതാണ് പ്രശ്നം. സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ഇന്റർപ്രെട്ടേഷൻ നിലവിലുണ്ടായിരുന്നപ്പോഴും സംസ്ഥാനത്തിന്റേത് തെറ്റാണ് കേന്ദ്രത്തിന്റേതാണ് ശരിയെന്നോ, കേന്ദ്രത്തിന്റേത് തെറ്റാണ് സംസ്ഥാനത്തിന്റേതാണ് ശരിയെന്നോ അല്ല വിധി വന്നിരിക്കുന്നത്. As per UGC regulations what is co-terminus? സബോർഡിനേറ്റ് ലെജിസ്ലേഷൻ വിധിയിൽ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. അതിൽ പ്രതിപക്ഷവും വിയോജിക്കേണ്ടതുതന്നെയാണ്. അതവിടെ നിൽക്കട്ടെ. ഇതിൽ ഒരു വ്യാഖ്യാനമേയുള്ളൂ. ഞങ്ങൾ ബിൽ തയ്യാറാക്കുമ്പോഴുണ്ടായിരുന്ന law of the land-ൽ co-terminus കാലാവധി പൂർത്തീകരിക്കുന്നതുവരെയാണ്. അങ്ങ് പറഞ്ഞ ഭാഗം ഇപ്പോൾ ഏകദേശം ക്ലിയറായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു.

ബില്ലിൽ ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താത്തതിനെക്കുറിച്ച് ഉന്നയിച്ചിരുന്നു. ഓഫീസ് സർവ്വകലാശാല ആസ്ഥാനത്ത് തന്നെയായതുകൊണ്ട് അഡീഷണൽ ചെലവ് പ്രതീക്ഷിക്കുന്നില്ല. സ്റ്റേറ്റ് എക്സ്ചെക്കറിൽ അഡീഷണൽ ചെലവ് വരുമ്പോഴാണ് ധനകാര്യ

മെമ്മോറാണ്ടത്തിന്റെ ആവശ്യം വരുന്നത്. സാധാരണ ഇക്കാര്യങ്ങളെല്ലാം വിശദമായി പറയേണ്ടത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷമുള്ള ബില്ലിന്റെ പരിഗണനാവേളയിലാണ്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയുടെ പ്രസംഗത്തിലും അദ്ദേഹം എഴുതി നൽകിയതിലും ഒരു പ്രയോഗമുണ്ട്. അത് ശരിയായ പ്രയോഗമല്ല. 'ബിൽ ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടേണ്ടി വരുമെന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ ഇത്തരമൊരു വളഞ്ഞ വഴി' എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ഞങ്ങൾക്ക് ഒരു വളഞ്ഞ വഴിയുമില്ല. ഈ ബിൽ ഗവർണർക്ക് അയച്ച് തിരികെ വന്നതാണ്. ഗവർണറുടെ അനുമതിയോടുകൂടിയാണ് ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലുകൾ ഗവർണർക്ക് വിടാതിരിക്കുവാനാണോ ധനകാര്യ മെമ്മോറാണ്ടം ഒഴിവാക്കുന്നത്? Money bill ഗവർണറുടെ അനുമതിക്കായി പോയതാണല്ലോ. എന്തുകൊണ്ടാണ് ഇതിൽ രണ്ട് ബില്ലുകൾ വന്നത്? 2-ാം നമ്പർ ബിൽ എന്നും 3-ാം നമ്പർ ബിൽ എന്നും പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്; ഒറ്റ ബിൽ മതിയാകുമായിരുന്നില്ലേ? മൂലനിയമം ഇംഗ്ലീഷിലാണെങ്കിൽ ഭേദഗതി നിയമം ഇംഗ്ലീഷിലും

മലയാളത്തിലാണെങ്കിൽ ഭേദഗതി നിയമം മലയാളത്തിലുമായിരിക്കണം. കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 348 (3) പ്രകാരം മലയാളത്തിൽ ഒരു ബിൽ വന്നാൽ ഇംഗ്ലീഷ് പരിഭാഷയ്ക്ക് ഗവർണറുടെ അനുമതി വേണം. അതനുസരിച്ച് ഗവർണറുടെ അനുമതിയോടെ കൊണ്ടുവന്നതാണ് ഈ ബിൽ. ഗവർണറെ ബിൽ കാണിക്കാതിരിക്കാൻ ഒരു സൂത്രപ്പണിയുമില്ല. ഈ ബില്ലുകളൊക്കെ ഗവർണർ കണ്ടതിനുശേഷം സഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകിയിട്ടുള്ളതാണ്. ഗവർണറുടെ അനുമതിയോടുകൂടിയാണ് സഭയിൽ ബിൽ അവതരിപ്പിച്ചത്. ഗവർണർ എന്ന തസ്തികയ്ക്ക് ഭരണഘടനാപരമായി നൽകിയിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിനോടൊപ്പം ഞങ്ങൾ നിൽക്കും. ഗവർണറുടെ നിലപാടിൽ രാഷ്ട്രീയപരമായി ഞങ്ങൾക്ക് വിയോജിപ്പുണ്ടാകാം. സർക്കാരും ഗവർണറും അടയും ശർക്കരയുമെന്ന് നിങ്ങൾ പറഞ്ഞല്ലോ; രാഷ്ട്രീയപരമായി വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിരുന്നാലും ഭരണഘടനാ നിർവ്വഹണ ഘട്ടത്തിൽ അത് ഉണ്ടാകുകയില്ല. ഞങ്ങൾ ഗവർണർക്ക് അയയ്ക്കേണ്ടത് അയയ്ക്കും. ബിൽ നിയമമായാൽ ആവർത്തക ചെലവുകളോ മറ്റു ചെലവുകളോ സ്റ്റേറ്റ് എക്സ്ചെക്കറിന് പുതിയതായി വരാത്തതിനാലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താതിരുന്നത്.

പ്രോട്ടോക്കോൾ ലിസ്റ്റ് അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ചാൻസലർക്ക് താഴെയാണോ അതോ മുകളിലാണോ എന്നതാണ് ഇവിടെ ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. മുൻപ്രതിപക്ഷ നേതാവ് പരിണതപ്രജ്ഞനാണല്ലോ; ചാൻസലർക്ക് ഓർഡർ ഓഫ് പ്രീസിഡൻസിൽ സ്ഥാനമുണ്ടോ എന്നാണ് ചോദിച്ചത്. ഓർഡർ ഓഫ് പ്രീസിഡൻസിൽ നാലാം സ്ഥാനത്ത് ഗവർണറും പതിനഞ്ചാം സ്ഥാനത്ത് മന്ത്രിമാരുമാണ് വരുന്നത്. Discharging of the statutory duties-ന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി സർവ്വകലാശാലയിലെ പ്രോ-ചാൻസലർ സ്ഥാനം വഹിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഡോ. മാത്യു കുഴൽനാടനുമൊക്കെ ബഹുമാനപ്പെട്ട സ്പീക്കറുടെയും മന്ത്രിമാരുടെയും പ്രിവിലേജിനെക്കുറിച്ച് ചോദിക്കാറുണ്ട്. ഭരണഘടനാപരമായിട്ടാണ് മന്ത്രിമാർക്ക് പ്രിവിലേജ് നൽകിയിരിക്കുന്നത്. സഭയിൽ മന്ത്രിമാർ ഇടപെടുന്നതിനെക്കുറിച്ച് ചോദിച്ചു. ആർട്ടിക്കിൾ 177 വായിച്ചുനോക്കൂ. സഭ നടക്കുമ്പോൾ ഏത് ഘട്ടത്തിലും മന്ത്രിമാർക്ക് ഇടപെടാം. നിങ്ങളെല്ലാവരും കുറെക്കാലമായി സഭയിൽ അംഗങ്ങളാണല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുള്ള പ്രിവിലേജ് എന്താണ്? അത് ഭരണഘടനാപരമോ ചട്ടപ്രകാരമോ അല്ല. ജനാധിപത്യത്തിന്റെ അന്ത:സത്ത

ഉയർത്തിപിടിച്ചുകൊണ്ട് കാലകാലാങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട കീഴ്വഴക്കമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുള്ളത്. ചിലപ്പോൾ അദ്ദേഹം I am on my legs എന്ന് സഭയിൽ പറയാറുണ്ട്. അങ്ങനെ പറയാൻ അദ്ദേഹത്തിന് അധികാരമില്ല. അങ്ങ് എഴുന്നേറ്റ് നിൽക്കുമ്പോൾ ഞങ്ങൾ ഇരിക്കേണ്ട കാര്യമില്ല. സഭയിൽ അത് പറയാൻ ചെയറിന് മാത്രമേ അധികാരമുള്ളൂ. ചെയർ I am on my legs എന്ന് പറഞ്ഞാൽ മറ്റുള്ള ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും ഇരിക്കണം. അത് ചെയറിനുള്ള സവിശേഷ അധികാരമാണ്. I am on my legs എന്ന് ഒരു മന്ത്രി പറഞ്ഞാൽ നിങ്ങൾ ഇരിക്കേണ്ട കാര്യമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട ഒരംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരംഗം ഇടപെട്ടാൽ I am on my legs എന്ന് പാർലമെന്റിലും നിയമസഭയിലും എല്ലാവരും പറയുന്നതാണ്. Every member has got the right to say that. ഞാൻ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മറ്റൊരംഗം ഇടപെട്ടാൽ ഞാൻ വഴങ്ങിയാൽമാത്രമേ അയാൾക്ക് ഇടപെടാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ I am on my legs എന്നുപറയുന്നത് സ്വാഭാവികമാണ്.

ശ്രീ. പി. രാജീവ്: സർ, ചെയർ എഴുന്നേറ്റ് നിൽക്കുമ്പോഴാണ് അംഗങ്ങളെല്ലാവരും ഇരിക്കേണ്ടതെന്നാണ് ഞാൻ പറഞ്ഞത്. എത്ര തർക്കമുണ്ടെങ്കിലും I am on my legs എന്ന് ചെയർ പറഞ്ഞാൽ ബാക്കിയെല്ലാവരും ഇരിക്കണം. ബഹുമാനപ്പെട്ട സ്പീക്കറുടെ സവിശേഷാധികാരത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ചാൻസലറുടെ കീഴിൽ പ്രോ-വൈസ്-ചാൻസലർ എന്ന നിലയിൽ മന്ത്രി ഇരിക്കുന്നത്, മന്ത്രിയെന്ന നിലയിലുള്ള ഡ്യൂട്ടി നിർവ്വഹിക്കാനല്ല, മറിച്ച് ആ നിയമം നൽകുന്ന അധികാരത്തിന്റെ പ്രയോഗം മാത്രമാണ്. അതിൽ വേറൊരു പ്രശ്നവുമില്ല. ഇന്ത്യയിൽതന്നെ എത്രയോ യൂണിവേഴ്സിറ്റികളിൽ ഗവർണർമാരല്ലാത്ത ചാൻസലർമാരുണ്ട്. അലിഗഡ് യൂണിവേഴ്സിറ്റിയിൽ മാത്രമല്ല ഇന്ത്യയിലെ പല യൂണിവേഴ്സിറ്റികളിലും ചാൻസലർമാരെ കോടതിയാണ് തെരഞ്ഞെടുക്കുന്നത്. ഗവർണർ യൂണിവേഴ്സിറ്റിയുടെ ചാൻസലറാണ്. What is his capacity as a Governor or as a Chancellor; whether it is a constitutional position or statutory position? ...(ബഹളം)...

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ.

<u>ശ്രീ. പി. രാജീവ്</u>: അതുകൊണ്ട് ആ വാദം നിലനിൽക്കുന്നതല്ല. അതിൽ പ്രശ്നങ്ങളില്ല. രാജ്യത്തെ പല യൂണിവേഴ്സിറ്റികളിലും അതേ രീതി തന്നെ തുടരുകയും ചെയ്യുന്നുണ്ട്. വൈസ്-ചാൻസലറായി യാതൊരു വിദ്യാഭ്യാസ യോഗ്യതയുമില്ലാത്ത ആൾക്കാരെ നിയമിക്കുകയില്ലേ എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചത്. ബിൽ വായിച്ചാൽ എങ്ങനെയാണ് അത്തരമൊരു വ്യാഖ്യാനത്തിൽ എത്താൻ കഴിയുന്നത്? ഒരു നിയമനിർമ്മാണത്തിന്റെയും ആവശ്യമില്ലാതെ സംസ്ഥാന സർക്കാർ ഇപ്പോൾ കേരള കലാമണ്ഡലത്തിന്റെ ചാൻസലറായി നിരവധി അവാർഡുകൾ ലഭിച്ച പത്മഭൂഷൺ മല്ലികാ സാരാഭായിയെ നിയമിച്ചു. ഇതിൽ പാർട്ടി ബന്ധം നോക്കിയാൽ നാളെയൊരു പ്രശ്നം വരാനിടയുണ്ട്. അദ്ദേഹം പറഞ്ഞപ്പോഴാണ് അതിന്റെ അപകടം മനസ്സിലായത്. ശ്രീമതി മല്ലികാ സാരാഭായിക്ക് സുഭാഷിണി അലിയുമായി ഒരു ബന്ധമുണ്ട്. അത് ചിലപ്പോൾ പ്രശ്നമാകും. കാരണമെന്താണ്? വിക്രം സാരാഭായിയുടെയും പത്മശ്രീ/പത്മഭൂഷൺ അവാർഡ് ജേതാവായ മൃണാളിനി സാരാഭായിയുടെയും മകളാണ് ശ്രീമതി മല്ലികാ സാരാഭായി. മൃണാളിനി സാരാഭായിയുടെ സഹോദരിയാണ് ക്യാപ്റ്റൻ ലക്ഷ്മി. മൃണാളിനി സാരാഭായിയും ക്യാപ്റ്റൻ ലക്ഷ്മിയും അമ്മു സ്വാമിനാഥന്റെ മക്കളാണ്. അമ്മു

സ്വാമിനാഥൻ ആരാണ്? പഴയ മദ്രാസ് സ്റ്റേറ്റിൽനിന്നും കോൺസ്റ്റ്യുവന്റ് അസംബ്ലിയിൽ വന്നയാൾ. 2016-ൽ മൃണാളിനി സാരാഭായി മരണപ്പെട്ടപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി ട്വിറ്ററിൽപോലും ഒരു അനുശോചനം രേഖപ്പെടുത്തിയില്ല. എന്തുകൊണ്ടാണ്? ഗുജറാത്ത് വംശഹത്യക്കെതിരെ അവർ നിലപാട് സ്വീകരിച്ചതുകൊണ്ട്. ആ രാഷ്ട്രീയ നിലപാടാണോ ഞങ്ങളിവിടെ എടുത്തത്? കേരള കലാമണ്ഡലത്തിന്റെ ചാൻസലറായി ഏറ്റവും ഔന്നത്യമുള്ള ആളിനെതന്നെയാണ് നിയമിച്ചത്. ഞങ്ങൾക്ക് ആ സ്ഥാനത്ത് മുഖ്യമന്ത്രിയെ വച്ചുകൂടെ; നിങ്ങൾ അതല്ലേ ചെയ്യുന്നത്? രാജസ്ഥാനിലും ഛത്തീസ്ഗഢിലും മഹാരാഷ്ട്രയിലും നിങ്ങൾ മുഖ്യമന്ത്രിയെയല്ലേ ഉദ്ദേശിച്ചത്. പ്രതിപക്ഷനേതാവിന്റെ വ്യാഖ്യാനമെന്താണ്? ഗവൺമെന്റ് നിയമിക്കുന്ന ചാൻസലർ വന്നാൽ അത് ഗവൺമെന്റ് ഇടപെടലാകും. അപ്പോൾ മുഖ്യമന്ത്രി വന്നാലോ? ഇതിൽ നിയമിക്കുന്ന ആളിന്റെ ഇടപെടൽ മാത്രമല്ലേയുള്ളൂ. മുഖ്യമന്ത്രി വന്നാലത് നേരിട്ടുള്ള ഇടപെടലാകില്ലേ; അങ്ങനെയാണെങ്കിൽ രാജസ്ഥാനിലും ഛത്തീസ്ഗഢിലും വെസ്റ്റ് ബംഗാളിലും നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്? ചാൻസലറുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് പറഞ്ഞു. ബില്ലിലെ വാചകം വളരെ വ്യക്തമല്ലേ? തമിഴ്നാട് നാഷണൽ ലാ യൂണിവേഴ്സിറ്റിയുടെ

വൈസ്-ചാൻസലർ ഹിസ്റ്ററി പ്രൊഫസറാണ്. യു.ജി.സി.യിൽ ഓരോ സബ്ജക്ടിനുമാണോ വൈസ്-ചാൻസലർമാരെ നിയമിക്കുന്നത്? യൂണിവേഴ്സിറ്റിക്കാകെ ദിശാബോധം നൽകുന്ന വ്യക്തിത്വമാണ് ചാൻസലർ. ഏതെങ്കിലും സവിശേഷ വിഷയത്തിലുള്ള നൈപുണിയല്ല ചാൻസലറെ നിർണ്ണയിക്കുന്ന അടിസ്ഥാന യോഗ്യത. വിശാലമായ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയെ നയിക്കാൻ കഴിയണം, അതാണ് ചാൻസലർ. ആർട്ടിക്കിൾ 157 വായിച്ചുനോക്കൂ. ഗവർണർ എന്ന കപ്പാസിറ്റിയിലാണ് നിയമിച്ചിട്ടുള്ളത്, അല്ലാതെ വേറെയൊന്നും നോക്കിയിട്ടല്ല. ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ വിചക്ഷണന്മാരെ തന്നെയാണ് സർക്കാർ ചാൻസലറായി നിയമിക്കാൻ ഉദ്ദേശിക്കുന്നത്. ഇതൊക്കെയാണ് പൊതുവെ ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങൾ. ഉന്നയിച്ച തടസ്സവാദങ്ങളൊന്നുംതന്നെ നിലനിൽക്കുന്നതല്ല. രാഷ്ട്രീയകാര്യങ്ങൾ ഇനിയുമുണ്ടെങ്കിൽ പിന്നീട് ചർച്ച ചെയ്യാം.

മി. സ്പീക്കർ: റൂളിംഗ് നൽകുന്നതിനുമുമ്പ് 139 നിയമസഭാ സാമാജികരോടും എനിക്ക് പറയാനുള്ളത്, ചെയറിനെ നോക്കി സംസാരിക്കണമെന്നാണ്. ഇല്ലെങ്കിൽ വളരെ awkward ആയി തോന്നും; അംഗങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പരസ്പരം സംസാരിക്കുമ്പോൾ ഞാൻ

കളികാണാനിരിക്കുന്ന ആളിനെപ്പോലെയാണെന്നാണ് തോന്നുന്നത്. അതുകൊണ്ട് പരമാവധി ചെയറിനെ നോക്കി അഡ്രസ് ചെയ്യാൻ ശ്രമിക്കണം. എപ്പോഴും അങ്ങനെ സാധിക്കണമെന്നില്ല. മുമ്പ് ഞാൻ പരമാവധി ചെയറിനെ നോക്കിയാണ് സംസാരിച്ചിരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ ചെയറിനെ നോക്കി സംസാരിക്കണമെന്നല്ല ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കണമെന്നാണ് പറയുന്നത്.

മി. സ്പീക്കർ: ചില സമയങ്ങളിൽ ചെയറിനെ തീരെ അഡ്രസ് ചെയ്യുന്നില്ല. ഞാൻ ഒരാളിനെമാത്രം ഉദ്ദേശിച്ചല്ല പറഞ്ഞത്, ഇവിടെയുള്ള 139 സാമാജികരോടുമായാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം ചെയറിനെ നോക്കണമെന്ന് നിരന്തരമായി പറഞ്ഞത് ട്രഷറി ബഞ്ചിലേയ്ക്കും മറ്റും നോക്കാൻ പാടില്ലെന്ന അർത്ഥത്തിലാണോ?

മി. സ്പീക്കർ: അങ്ങനെയല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ചെയറിനെ അഡ്രസ് ചെയ്യണമെന്ന വാക്കുമാത്രമേ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലുള്ളൂ. സംഘർഷം ഒഴിവാക്കാൻ

ആ നിർദ്ദേശം നല്ലതാണ്. അങ്ങയെ നോക്കിപറഞ്ഞാലും കമന്റുകൾ വന്നുകൊണ്ടിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ എപ്പോഴും അങ്ങയെ നോക്കിയാണ് പ്രസംഗിക്കുന്നത്. പാർലമെന്റിൽ പ്രസംഗിക്കുമ്പോൾ, 'Through you, I like to request the Government' എന്നാണ് പറയുന്നത്. ചെയറിലൂടെ ഞാൻ ഗവൺമെന്റിനോട് പറയുന്നു. നേരിട്ട് പറയാൻ അധികാരമില്ല. പാർലമെന്റിലും അസംബ്ലിയിലും അതാണ് ബാധകം. Through the Speaker, I request the Government to do this എന്നാണ് പറയാറുള്ളത്. സ്പീക്കറിലൂടെയാണ് ഗവൺമെന്റിനോട് പറയുന്നത്, അതാണ് യഥാർത്ഥ പ്രാക്ടീസ്. അതാണ് അഡ്രസ് ചെയ്യുന്നുവെന്ന് പറയുന്നത്.

മി. സ്പീക്കർ: ഞാൻ കഴിഞ്ഞ ആറര വർഷവും സംസാരിച്ചത് പരമാവധി ചെയറിനെ നോക്കിയാണ്. പ്രതിപക്ഷത്തുനിന്നും പ്രകോപനമുണ്ടായ അവസരത്തിൽപ്പോലും അങ്ങനെയാണ് സംസാരിച്ചത്.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ)

ബില്ലിന്റെയും 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലിന്റെയും അവതരണത്തിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. സി. വിഷ്ണുനാഥ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. ടി. സിദ്ദിഖ് എന്നിവർ ഉന്നയിച്ച തടസ്സവാദങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. ഉന്നയിച്ച തടസ്സവാദങ്ങളും അതിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയും ചെയർ വിശദമായി പരിശോധിച്ചു.

ഈ ബില്ലുകൾ നിയമമാകുകയും നടപ്പിൽവരികയും ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ലെന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ പരാമർശം വസ്തുതാപരമല്ലെന്നാണ് പ്രധാനമായും ഇവിടെ ഉന്നയിക്കപ്പെട്ട ആക്ഷേപം. സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളോടൊപ്പംതന്നെ ധനകാര്യ മെമ്മോറാണ്ടം നിർബന്ധമായും ചേർക്കേണ്ടതിന്റെയും അതിന്റെ ഉള്ളടക്കത്തിന്റെ സാധുതയെയും സംബന്ധിച്ച് നിരവധി റൂളിംഗുകൾ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇപ്പോൾ സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിൽ ധനകാര്യ മെമ്മോറാണ്ടം

നിർബന്ധമായും ഉൾപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. അതുപോലെ, ധനകാര്യ മെമ്മോറാണ്ടത്തിലെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുന്ന രീതിയും ഈ സഭയിൽ പുതുമയുള്ള കാര്യമല്ല. ഇവിടെ പരാമർശ വിധേയമായ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുകയുണ്ടായി. ഈ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടം യാഥാർത്ഥ്യ ബോധത്തോടെയാണ് തയ്യാറാക്കിയിരിക്കുന്നതെന്ന സർക്കാർ നിലപാടിനെ മുഖവിലയ്ക്കെടുക്കുന്നു.

ഇവിടെ ഉന്നയിക്കപ്പെട്ട മറ്റൊരു സുപ്രധാന വിഷയം യു.ജി.സി. ഗൈഡ്ലൈനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമനിർമ്മാണം നടത്തിയാൽ അത് ഭരണഘടനയുടെ അനുച്ഛേദം 254-ന്റെ പരിധിയിൽ വരുമോ എന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധി ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും പ്രസ്തുത വിധികൾ സംബന്ധിച്ച നിയമപോരാട്ടം ഇനിയും അവസാനിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സഭയുടെ നിയമനിർമ്മാണ അധികാരത്തെ അവയൊന്നും ദുർബലപ്പെടുത്തുന്നതായി കരുതാനാവില്ല. കൂടാതെ, പ്രോട്ടോക്കോൾ ലംഘനം ഉൾപ്പെടെയുള്ള മറ്റ് വിഷയങ്ങളൊക്കെത്തന്നെ

ബില്ലിന്റെ വിശദമായ പരിഗണനാവേളയിൽ പരിഗണിക്കാവുന്നവയാണ്. നാല് സബ്ജക്ട് കമ്മിറ്റികൾ സംയുക്തമായിട്ടാണ് ഈ രണ്ട് ബില്ലുകളും പരിഗണിക്കുന്നത്. ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി ആശങ്കപ്പെടുന്ന വൈരുദ്ധ്യങ്ങൾ സബ്ജക്ട് കമ്മിറ്റിതലത്തിൽ വിശദമായി ചർച്ചചെയ്ത് പരിഹരിക്കാൻ കഴിയുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്. തടസ്സവാദങ്ങളായിട്ടാണെങ്കിൽപ്പോലും സ്വാഗതാർഹമായ നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും മറ്റ് അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. തടസ്സവാദങ്ങൾ തള്ളുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എന്റെ കത്തിന് ഒരു മറുപടി പറയണം.

<u>മി. സ്പീക്കർ</u>: അഡ്വക്കേറ്റ് ജനറലിനെ സഭയിൽ വിളിക്കേണ്ടത് പൊതുവിലൊരു കൺസെൻസിലാണ്. ഇവിടെ അങ്ങനെയൊരു കൺസെൻസ് വരാത്ത പശ്ചാത്തലത്തിൽ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചില്ലെന്നേയുള്ളൂ. അങ്ങനെയാണ് ഞാൻ മനസ്സിലാക്കുന്നത്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

<u>മി. സ്പീക്കർ</u>: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ കുറേയേറെ കാര്യങ്ങൾ സംസാരിച്ചതാണ്. ജസ്റ്റിസ് മദൻ മോഹൻ പൂഞ്ചി കമ്മീഷന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും ശിപാർശയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുറേക്കൂടി പുരോഗതി കൈവരിക്കുന്നതിന് നേരത്തെ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം സർക്കാരുകളെടുത്ത പൊതുനിലപാടുകൾ

പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ബില്ലായാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. നേരത്തെയെടുത്ത നിലപാടുതന്നെയാണ് ഞങ്ങൾ ഇപ്പോഴും സ്വീകരിച്ചിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലുകളും ഒരുമിച്ചാണ് ചർച്ചയ്ക്കെടുക്കുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി അക്കാദമിക മേഖലയിലെ വിദഗ്ദ്ധരെ നിയമിക്കുന്നതിനായി കൊണ്ടുവന്ന ബില്ലിനെ പിന്താങ്ങുന്നു. കേരളത്തിലെ പ്രശസ്തമായ സർവ്വകലാശാലകളുടെ ചാൻസലർമാർ ഉന്നത നിലവാരമുള്ളവരും സർവ്വകലാശാലകളുടെ അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുന്ന വിദഗ്ദ്ധരുമായിരിക്കണമെന്ന് തീരുമാനിച്ചുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ സർക്കാർ തയ്യാറായത്. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യവും

ഭരണഘടനാദത്തവുമായ അവകാശങ്ങൾ ഹനിക്കപ്പെടുമെന്ന് തോന്നുന്ന നിർണ്ണായകമായ രാഷ്ട്രീയ സാഹചര്യത്തിൽക്കൂടിയാണ് ഇങ്ങനെയൊരു ബിൽ കേരള നിയമസഭ അവതരിപ്പിച്ച് പാസ്സാക്കാൻ ശ്രമിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. തുടക്കത്തിൽ ഇത്തരമൊരു സമീപനത്തെ ശക്തമായി എതിർത്തുകൊണ്ട്, ഗവർണർതന്നെ ചാൻസലറായി തുടരണമെന്ന് പ്രതിപക്ഷത്തെ ചില നേതാക്കന്മാരെങ്കിലും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഈ ബിൽ അവതരിപ്പിച്ചപ്പോൾ ആ നിലപാടിൽനിന്ന് മാറി കുറേക്കൂടി അയവേറിയ ഒരു സമീപനം പ്രതിപക്ഷം സ്വീകരിച്ചുകാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവുമൊക്കെ സംസാരിക്കുമ്പോൾ ഈ ബില്ലിലെ ചില കാര്യങ്ങളിൽ വ്യക്തതയുണ്ടാകണമെന്നും കോടതിവിധിക്ക് എതിരായി വരുമോയെന്ന സംശയവുമാണ് പ്രകടിപ്പിച്ചത്. സർവ്വകലാശാല ചാൻസലർ, ഗവർണർ തന്നെയാകണമെന്ന വാദത്തിൽനിന്ന് യു.ഡി.എഫ്. പിൻവാങ്ങിയത് ശുഭലക്ഷണമായി കാണാൻ സാധിക്കും. പക്ഷേ അവർ സംസ്ഥാന നിയമസഭയുടെ അധികാരങ്ങളും വിശുദ്ധിയും നിലനിർത്തുന്നതിനുവേണ്ടി പരിശ്രമിക്കുന്നതിന് പകരം വ്യക്തിയധിഷ്ഠിതമായി ഇതിനെ കാണാൻ ശ്രമിക്കുകയാണെന്നാണ്

തടസ്സവാദത്തിൽ ഉന്നയിച്ച കാര്യങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഇപ്പോൾ അധികാരത്തിലുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണിയായതുകൊണ്ട് ബില്ലിനെ എതിർത്തേ മതിയാവുകയുള്ളൂയെന്ന രീതിയാണ് യു.ഡി.എഫ്. പ്രകടിപ്പിക്കുന്നത്.

(അദ്ധ്യക്ഷവേദയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി യു. പ്രതിഭ)

നമ്മുടെ ഭരണഘടനയിൽ Democracy, Secularism, Socialism, Sovereignty എന്നിവ ഊന്നി പറഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ പരമാധികാരം കവരുന്ന രീതിയിലാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ തമ്മിലുള്ള ജനാധിപത്യപരമായ നിലനിൽപ്പിനെ പലപ്പോഴായി ഇവിടെ ചോദ്യം ചെയ്തിട്ടുണ്ട്. അത്തരമൊരു ചർച്ച നമ്മുടെ നാട്ടിൽ ഉയർന്നുവന്നപ്പോഴാണ് ജനാധിപത്യപരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ എങ്ങനെ നിലനിർത്താമെന്ന് പരിശോധിക്കുന്നതിനായി 2007-ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റ് ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി അധ്യക്ഷനായ കമ്മീഷനെ നിയമിച്ചത്. തുടക്കത്തിൽ യു.ഡി.എഫ്. അത് മറന്നുപോയിരുന്നു. പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവുമൊന്നും അതുകേൾക്കാൻ ഇപ്പോൾ ഇവിടെയില്ല. എങ്കിലും സഭാരേഖകളിൽ

അതുവരുമല്ലോ. പുഞ്ചി കമ്മീഷനെ നിശ്ചയിച്ച കാര്യംപോലും മറന്നുകൊണ്ടാണ് ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റണമെന്ന വാദത്തെ എതിർത്തുകൊണ്ട് ഗവർണർതന്നെയായിരിക്കണം ചാൻസലർ എന്ന് പ്രതിപക്ഷത്തുള്ള ചിലരെങ്കിലും സൂചിപ്പിച്ചത്. 2007-ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റാണ് ജസ്റ്റിസ് മദൻ മോഹൻ പുഞ്ചിയെ അധ്യക്ഷനാക്കികൊണ്ടുള്ള പുഞ്ചി കമ്മീഷനെ നിശ്ചയിച്ചതെന്ന കാര്യം പെട്ടെന്നാണ് അവർക്ക് ഓർമ്മ വന്നത്. പുഞ്ചി കമ്മീഷൻ കേന്ദ്ര-സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഭരണനിർവ്വഹണം സംബന്ധിച്ച് പരിശോധിക്കുകയും ഗവർണറുടെ ചാൻസലർ പദവി ഭരണഘടന വിഭാവനം ചെയ്യുന്നതല്ലെന്ന് വിലയിരുത്തുകയും ചെയ്തതനുസരിച്ചാണ് പിന്നീട് ഗവർണറുടെ ചാൻസലർ പദവിയെക്കുറിച്ച് ഒട്ടേറെ ചർച്ചകളുണ്ടായത്. ഗവർണർ ചാൻസലറാകുമ്പോൾ, ഭരണഘടനാപരമായ ചുമതലകൾ നിഷ്പക്ഷമായി നിർവ്വഹിക്കാൻ കഴിയാത്ത ചില സാഹചര്യങ്ങളുണ്ടാകുമ്പോൾ ഗവർണർ എന്ന പദവി വലിയ തോതിലുള്ള വിവാദങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടാൻ സാധ്യതയുണ്ടെന്നാണ് പുഞ്ചി കമ്മീഷൻ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്. ഗവർണർ ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള പ്രത്യേക അധികാരത്തിന്റെ ഭാരവാഹിയായി

വരുതെന്നും പൂഞ്ചി കമ്മീഷൻ വ്യക്തമാക്കുകയുണ്ടായി. അതുതന്നെയാണ് ഇപ്പോൾ അനുഭവത്തിൽ വന്നിട്ടുള്ളത്. കേരളത്തിലെ സർക്കാർ ഗവർണറുമായി എപ്പോഴും ശണ്ഠയാണെന്നാണ് പ്രതിപക്ഷം പറയുന്നത്. മുഖ്യമന്ത്രിയും ഗവർണറും തമ്മിൽ എങ്ങനെയാണെന്നുള്ളതിന് ഒരുദാഹരണവും പറഞ്ഞു. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത് പീരയും ശർക്കരയും പോലെയാണെന്നാണ്. അങ്ങനെയൊരു പദപ്രയോഗമല്ല വേണ്ടത്. ഇതെല്ലാം ഒരു സമന്വയത്തിന്റെയും ജനാധിപത്യപരമായ ഉൾക്കാഴ്ചയുടെയും ഭാഗമാണ്. ഗവർണർ പദവി തീരുമാനിക്കുന്ന സമയത്തുതന്നെ ഭരണഘടന നിർമ്മാണ കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്യുകയും ജനാധിപത്യപരമായി കൈകാര്യം ചെയ്തില്ലെങ്കിൽ ഈ പദവി ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന് പറയുകയുമുണ്ടായി. ഗവർണർ പദവിയുടെ അന്തസ്സ് ജനാധിപത്യത്തിനനുസരിച്ച് കൈകാര്യം ചെയ്യാൻ കഴിയുന്ന ഗവർണറും ജനാധിപത്യപരമായി കാര്യങ്ങൾ ഗവർണറുമായി ആലോചിച്ച് ചെയ്യുന്ന ഗവൺമെന്റും തമ്മിലുള്ള സമന്വയത്തിന്റെ ഫലമായാണ് അങ്ങനെയൊന്നും സംഭവിക്കാതിരിക്കുന്നത്. അതൊരു നൂൽപ്പാലമാണ്. ഇതിൽ ഏതെങ്കിലുമൊന്ന് ലംഘിക്കപ്പെട്ടാൽ ജനാധിപത്യം തകരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

അപ്പോഴും ഭരണഘടന നിർമ്മാണ കമ്മിറ്റി പ്രതീക്ഷ പുലർത്തിയിരുന്നത് ഗവർണർ സ്ഥാനത്തുവരുന്നവർ അങ്ങനെയൊരു തരംതാഴ്ന്ന പ്രവർത്തനത്തിലേയ്ക്ക് പോകില്ലെന്നുതന്നെയാണ്. പക്ഷേ അങ്ങനെ വന്നാൽ അതിനെ മറികടക്കാനുള്ള അധികാരം ലെജിസ്ലേച്ചറിനുണ്ടോ എന്നുള്ളതാണ് ചോദ്യം. ലെജിസ്ലേച്ചറിന്റെ അധികാരം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യയുടെ ജനാധിപത്യം ഒരു പ്രത്യേക തരത്തിലുള്ളതാണെന്ന് എല്ലാവർക്കുമറിയാം. ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നതിൽ ഒന്ന് മറ്റൊന്നിനെ മറികടക്കാൻ ശ്രമിച്ചാലുണ്ടാകുന്ന ജനാധിപത്യ ലംഘനം പലപ്പോഴും ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ലംഘിക്കപ്പെടാനുള്ള സാഹചര്യം ഒഴിവാക്കി, ജനാധിപത്യപരമായി ലെജിസ്ലേച്ചറിനെയും എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും എങ്ങനെ നിലനിർത്താൻ സാധിക്കുമെന്നാണ് പുഞ്ചി കമ്മീഷനും പരിശോധിച്ചത്. ലെജിസ്ലേച്ചറിന് വലിയ അധികാരമുണ്ട്. ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങൾ തീരുമാനിക്കാനുള്ള നിയമനിർമ്മാണം നടത്തുന്നത് ലെജിസ്ലേച്ചറാണ്. സംസ്ഥാനത്തിനാവശ്യമായ പുതിയ നിയമം പാസ്സാക്കുന്നതിന് ഭരണഘടനാപരമായി ലെജിസ്ലേച്ചറിന് ഒരു തടസ്സവുമില്ല. എന്നാൽ പുതുതായി കൊണ്ടുവരുന്ന നിയമത്തിന് സമാനമായ നിയമം കേന്ദ്ര

ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽ അതിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് സംസ്ഥാന നിയമം വിരുദ്ധമാകുമോ എന്നതാണ് പരിശോധിക്കേണ്ടത്. ഇപ്പോൾ ഒരു തർക്കം വന്നിട്ടുള്ളത് സംസ്ഥാന നിയമസഭകളുടെ നിയമനിർമ്മാണം സബോർഡിനേറ്റ് ലെജിസ്ലേഷനുകൂടി വിധേയമാകണോ എന്നുള്ളത് സംബന്ധിച്ചാണ്. സുപ്രീംകോടതി വിധി ഉദ്ധരിച്ചുകൊണ്ട് പ്രതിപക്ഷനേതാവും മറ്റും സംസാരിച്ചു. ഇത് ഗൗരവതരമായ വിഷയമാണ്. സംസ്ഥാന ലെജിസ്ലേച്ചർ പാസ്സാക്കുന്ന ഏതെങ്കിലുമൊരു നിയമത്തെ ഒരു സബോർഡിനേറ്റ് ലെജിസ്ലേഷൻ വഴി കീഴ്പ്പെടുത്തിയാൽ ജനാധിപത്യപരമായ എന്ത് അവകാശമാണ് സംസ്ഥാനത്തിനുള്ളത്. അതുതന്നെയാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ ജനാധിപത്യപരമായ വശം കാത്തുസൂക്ഷിക്കണമെന്ന് പറയുന്നതിന്റെ അർത്ഥം. ഇപ്പോൾ വന്നുവന്ന് അധികാരം മുഴുവൻ കേന്ദ്ര സർക്കാരിലേയ്ക്ക് കേന്ദ്രീകൃതമാകുന്നു. കേന്ദ്ര ഗവൺമെന്റ് ആര് ഭരിക്കുന്നു എന്നതിലല്ല, അധികാരം മുഴുവൻ കേന്ദ്രീകൃതമാകുന്നത് ഗാന്ധിജി അങ്ങേയറ്റം ഭയന്ന കാര്യമാണ്. ഗാന്ധിജി പറഞ്ഞ ഗ്രാമസ്വരാജ് കേന്ദ്രീകൃതമായ മാനസികാവസ്ഥയിലുള്ളവർക്ക് നടപ്പിലാക്കാൻ സാധിക്കില്ല. കോൺഗ്രസിന്റെ ചില നേതൃത്വമെങ്കിലും അത്തരമൊരു അധികാര ഭ്രാന്ത് കാണിക്കുന്നുണ്ടെന്ന് മനസ്സിലാക്കി

കോൺഗ്രസ് പിരിച്ചുവിടുന്നതായിരിക്കും നല്ലതെന്നും കുറെക്കൂടി ജനാധിപത്യപരമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരെ ഇന്ത്യയുടെ ഭരണം ഏൽപ്പിക്കുകയായിരിക്കും ഭംഗിയെന്നും മഹാത്മജി പ്രവചനാത്മകമായ രീതിയിൽ അന്ന് സൂചിപ്പിച്ചത് ഇത് മുന്നിൽ കണ്ടുകൊണ്ടാണ്. ഗാന്ധിജി ഭയന്നത് സംഭവിക്കുകയാണ്. ജനാധിപത്യപരമായ കേന്ദ്രീകരണം നടത്തുന്ന കേന്ദ്ര ഗവൺമെന്റുള്ളതിനാൽ ഗ്രാമസ്വരാജ് നടപ്പിലാക്കാൻ സാധിക്കില്ല. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് സംസ്ഥാനം കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ കൺകറന്റ് ലിസ്റ്റിൽ ചേർക്കുന്നത്. കേന്ദ്ര ലിസ്റ്റിൽ നേരിട്ട് ഉൾപ്പെടുത്താൻ സാധിക്കാത്തതിനാലാണ് അങ്ങനെ ചെയ്യുന്നത്. വിദ്യാഭ്യാസത്തെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയപ്പോൾ നിയമവിദഗ്ദ്ധരിൽനിന്ന് ധാരാളം വിമർശനമുണ്ടായിട്ടുണ്ട്. കേന്ദ്രഭരണാധികാരികൾ ഭരണഘടന തൊട്ട് സത്യം ചെയ്തിട്ടാണ് അധികാരത്തിൽ വരുന്നത്. അതുകൊണ്ട് ഭരണഘടനാദത്തമായ ജനാധിപത്യത്തിന്റെ വികേന്ദ്രീകൃതമായ സാധ്യതയിൽ കേന്ദ്ര ഗവൺമെന്റ് കൈ വയ്ക്കില്ലെന്നൊരു പ്രതീക്ഷ നിലനിർത്തുകയല്ലാതെ മറ്റെന്താണ് ചെയ്യാൻ സാധിക്കുന്നത്? ഇപ്പോൾ കൈവച്ചിട്ടുള്ളത് സംസ്ഥാനങ്ങളുടെ

ജനാധിപത്യപരമായ അധികാരത്തിൽത്തന്നെയാണ്. സംസ്ഥാനങ്ങൾ നോക്കുകുത്തികളായി മാറുന്നു. പൂർണ്ണമായും കേന്ദ്രീകൃതമായ, അമിതാധികാര പ്രവണതയിലേയ്ക്ക് നമ്മുടെ രാജ്യം കടന്നുചെന്നിരിക്കുന്നു. വളരെ ഭയാനകമായ അവസ്ഥയാണത്. അതിന്റെ പ്രതിഫലനമായാണ് ചാൻസലർ എന്ന നിലയിൽ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളെയും നിയന്ത്രിക്കാൻ ഗവർണർ പുറപ്പെടുന്നത്. അതിന് പറയുന്ന ന്യായമെന്താണ്? യൂണിവേഴ്സിറ്റിയുടെ സെർച്ച് കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റ് ഗവർണർക്ക് എങ്ങനെയാണ് തള്ളിക്കളയാൻ സാധിക്കുന്നത്. മുൻകാലങ്ങളിൽ ഗവർണർ ആ ലിസ്റ്റിൽനിന്നും ഒരാളെ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഒരാളുടേതല്ല, മൂന്നാളുകളുടെ പേരെങ്കിലും കൊടുക്കണമെന്നാണ് ഗവർണർ ഇപ്പോൾ പറയുന്നത്. എന്താണ് അതിന്റെ അർത്ഥം? സെർച്ച് കമ്മിറ്റിയിലെ അംഗങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ കൂടുതലാളുകളുടെ പേര് കൊടുക്കാം. പക്ഷേ, സെർച്ച് കമ്മിറ്റിയിലെ എല്ലാവർക്കും ഒരു വ്യക്തിയെക്കുറിച്ച് ഒരേ അഭിപ്രായമാണെങ്കിൽ അതംഗീകരിക്കാൻ ഗവർണർ തയ്യാറാകേണ്ടതുണ്ട്; അതിൽ ഗവർണർക്ക് വിശ്വാസ്യതക്കുറവ് എന്തിനാണ്? അല്ലെങ്കിൽ ആ വ്യക്തിക്ക് ഒരു യൂണിവേഴ്സിറ്റിയുടെ ചാൻസലറാകാൻ കഴിയാത്തവിധം ദൂഷ്യമുണ്ടെങ്കിൽ

ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്തൊക്കെയാണ് ദൂഷ്യമെന്നുള്ളത് വളരെ വ്യക്തമായി നിയമത്തിൽ പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ക്രമക്കേടോ ബുദ്ധിഭ്രമമോ നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ മറ്റേതെങ്കിലും പോരായ്മകളോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാൻ സാധിക്കും. പക്ഷേ അതിനുപകരം സർക്കാർ നിർദ്ദേശിച്ച ഒരാളെയും പരിഗണിക്കാൻ സാധിക്കില്ലെന്നാണ് ഗവർണർ പറയുന്നത്. യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലർമാരായി വന്ന വളരെ പ്രശസ്തരായവരെ ക്രിമിനലെന്നും ഗുണ്ടയെന്നുമെല്ലാം ഗവർണറുടെ പദവിയിലിരുന്ന് വിളിക്കുമ്പോൾ അതെങ്ങനെയാണ് നിയമസഭയ്ക്കോ ഈ നാടിനോ അംഗീകരിക്കാൻ സാധിക്കുന്നത്? അത്തരമൊരു അപകടകരമായ നീക്കത്തിലേയ്ക്ക് വന്നതുകൊണ്ടാണ് പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളുടെ ചാൻസലർമാരായി പ്രമുഖരായ ആളുകൾ വരണമെന്ന് പറയുന്നത്. ഇന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ചാൻസലറുടെ നിയമനം സംബന്ധിച്ച് പറഞ്ഞത് വളരെ സന്തോഷകരമായ കാര്യമാണ്. ഇങ്ങനെയാണ് എല്ലാ യൂണിവേഴ്സിറ്റികളിലും നിയമിക്കേണ്ടത്; ഇത്തരം നിയമനം ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ; പ്രതിപക്ഷത്തുനിന്നും ആരും എതിർത്തില്ലല്ലോ. പാലക്കാട്

ആനക്കരയിലെ വടക്കത്ത് തറവാട്ടംഗമായ പ്രശസ്ത നർത്തകി മൃണാളിനി സാരാഭായിയുടെയും ബഹിരാകാശ ശാസ്ത്രജ്ഞൻ വിക്രം സാരാഭായിയുടെയും മകളും പത്മഭൂഷൺ ബഹുമതി നേടിയതുമായ ശ്രീമതി മല്ലിക സാരാഭായിയെയാണ് കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാല ചാൻസലറായി നിയമിച്ചത്. അതുകൊണ്ടാണ് പ്രതിപക്ഷം നിഷേധിക്കാൻ തയ്യാറാകാത്തത്. അല്ലെങ്കിൽ എത്ര കഴിവുള്ള ആളാണെങ്കിലും ഒരു ഇടതുപക്ഷ ചായ്‌വ് കണ്ടുപിടിച്ച് എതിർക്കുമായിരുന്നു. ഇന്നത്തെ യാഥാസ്ഥിതിക സമൂഹത്തോട് കടുത്ത പോരാട്ടം നടത്തുന്നൊരു വ്യക്തികൂടിയാണ് ശ്രീമതി മല്ലികാ സാരാഭായി. നൃത്തത്തിലും സാഹിത്യത്തിലുമുള്ള അവരുടെ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തി ഇന്നത്തെ സമൂഹത്തിലെ സ്ത്രീ വിരുദ്ധതയോടും ജനാധിപത്യ വിരുദ്ധതയോടും കലഹിച്ചുകൊണ്ടേയിരിക്കുന്ന ഒരാളാണ് ശ്രീമതി മല്ലികാ സാരാഭായി. അങ്ങനെ ചെയ്യുന്നവരെയെല്ലാം 'ഇടത് ' എന്ന് മുദ്രകുത്തി പരിഹസിക്കുന്ന ഏർപ്പാട് പൊതുവെ നിലനിൽക്കുന്നുണ്ട്. എന്നാൽ പ്രതിപക്ഷം എതിർക്കാത്തത് ഇതൊക്കെകൊണ്ടാണെന്നാണ് ഞാൻ പറഞ്ഞത്. അവർ പത്മഭൂഷൺ അവാർഡ് നേടിയിട്ടുണ്ട്. അവരുടെ സമ്മാനപ്പട്ടിക വലുതാണ്. ഇതുപോലുള്ള പ്രഗത്ഭരെ ചാൻസലർമാരായി

കൊണ്ടുവന്നാൽ എല്ലാ സർവ്വകലാശാലകൾക്കും ഈ അനുഭവം തന്നെയാണുണ്ടാകുന്നത്. അതിനെ എന്തിനാണ് നിഷേധിക്കുന്നത്; എന്തിനാണ് എതിർക്കുന്നത്? ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ സർവ്വകലാശാലകളിൽ പുതിയ ചാൻസലർമാരെ നിശ്ചയിക്കാൻ തീരുമാനിച്ചത്. ഭരണ-പ്രതിപക്ഷ കക്ഷികളൊരുമിച്ച് വളരെ യോജിപ്പോടുകൂടി പാസ്സാക്കേണ്ട ബില്ലാണിത്. തടസ്സവാദത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ദുർബ്ബലമാണ്. തട്ടിക്കൂട്ടിയ ബില്ലാണിത്, ധനകാര്യ മെമ്മോറാണ്ടം ചേർത്തിട്ടില്ല എന്നൊക്കെയാണ് ഉന്നയിച്ചത്. നിയമവിദഗ്ദ്ധരടക്കം പറഞ്ഞത് ഗവർണറുടെ ഓഫീസിലെ ചെലവിൽ ഇതെല്ലാം നടക്കുമെന്നാണ്. ഗവർണറുടെ ഓഫീസിലെ മിക്ക ചെലവുകളും നിർവ്വഹിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. അതുപോലെ നമ്മുടെ യൂണിവേഴ്സിറ്റി ആസ്ഥാനങ്ങൾ കഴിവുകെട്ടതാണോ? ചാൻസലർക്ക് ആവശ്യമായ ഓഫീസും സ്റ്റാഫുമെല്ലാം യൂണിവേഴ്സിറ്റി നൽകണമെന്ന് ബില്ലിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റിയെ അങ്ങനെ under estimate ചെയ്യേണ്ട; അവർക്കതെല്ലാം നിർവ്വഹിക്കാൻ സാധിക്കും. സഞ്ചിതനിധിയിൽനിന്ന് അതിന് പ്രത്യേകിച്ച് ചെലവ് വഹിക്കേണ്ടതില്ല

എന്ന സൂചനയാണ് ബില്ലിൽ നൽകിയത്. അതുകൊണ്ട് തട്ടിക്കൂട്ടിയ ഒരു ബില്ലാണെന്ന് പറയേണ്ട കാര്യമില്ല.

സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ നിയമ വകുപ്പുമന്ത്രി പറഞ്ഞു. സുപ്രീംകോടതി വിധി സംസ്ഥാനത്തിന്റെ ജനാധിപത്യ അവകാശങ്ങൾക്ക് നിരക്കുന്നതല്ലെന്ന് തോന്നുമ്പോൾ അതിനെ വിമർശിക്കാനുള്ള അധികാരമുണ്ട്; അതിനെ മറികടക്കുന്നില്ല, വിധി തള്ളിക്കളയുന്നു എന്നല്ല നമ്മൾ പറയുന്നത്. പക്ഷേ ആ വിധിക്കകത്തെ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ നമുക്കവകാശമുണ്ട്. ബിൽക്കിസ് ബാനു കേസ്സിലെ പ്രതികളായ 11 പേരെ കോടതി ശിക്ഷിച്ചുവെങ്കിലും ഗവൺമെന്റ് വെറുതെ വിടാൻ തീരുമാനിച്ചു. കോടതി അവരെ വെറുതെ വിടാൻ തീരുമാനിച്ചാലും ഈ രാജ്യത്ത് വിമർശനം ഉയരില്ലേ? വർഗ്ഗീയ ലഹളയുടെ ഭാഗമായി പാവപ്പെട്ട ആ സ്ത്രീയെ എങ്ങനെയാണ് ദ്രോഹിച്ചത് എന്നുള്ളതിന് സാക്ഷികളും തെളിവുകളുമുണ്ട്. അതിന് സാക്ഷിയായ ജനാധിപത്യ വിശ്വാസിയായ ഒരു പൗരൻ, സുപ്രീംകോടതി വിധിയുള്ളതിനാൽ ഒന്നും പറഞ്ഞുകൂടാ എന്നുപറയാൻ സാധിക്കുമോ? ജനാധിപത്യം നിലനിർത്തപ്പെടുന്നത് നല്ല വിമർശനങ്ങളുടെയും ഇടപെടലുകളുടെയും അടിസ്ഥാനത്തിലാണ്.

അത്തരമൊരു ഇടപെടലാണ് കേരള നിയമസഭ കൊണ്ടുവരുന്നത്. ഈ സാഹചര്യം ഏതാണെന്ന് നമ്മൾ ഓർമ്മിക്കണം; ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് കേന്ദ്രത്തിൽ ചെയ്യുന്നത് എന്താണ്; തനി ഫാസിസ്റ്റ് രീതിയിൽ നരേന്ദ്ര മോദി ഗവൺമെന്റ് പ്രവർത്തിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സെക്കുലറിസത്തിന് പോറലേൽക്കുന്ന കാര്യങ്ങൾ തീരുമാനിക്കുകയാണ്. ആലോചിച്ചുകൊണ്ടിരിക്കുകയല്ല, തീരുമാനമെടുത്തിരിക്കുകയാണ്. 1930-കളിലെ ഹിറ്റ്ലറുടെ കാലമോർത്താണ് നാം ശരിക്കും ഭയപ്പെടുന്നത്. ഹിറ്റ്ലറുടെ നാസിസം ന്യൂനപക്ഷ മതവിഭാഗങ്ങളെ കശാപ്പുചെയ്ത് അവരെ കൂട്ടത്തോടെ ഇല്ലാതാക്കിയതിന്റെ തനിയാവർത്തനം പോലെ നരേന്ദ്ര മോദി ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനങ്ങളെ എതിർക്കുക എന്നുള്ളതുകൂടി ബില്ലിന്റെ ഭാഗമാണ്. അതുകൊണ്ട് യു.ഡി.എഫ്.-ന് എങ്ങനെയാണ് ഈ ബില്ലിനെ എതിർക്കാൻ സാധിക്കുന്നത്; പരിഹസിക്കാൻ സാധിക്കുന്നത്; ഗവർണറുടെ പദവിയെ ഏതെങ്കിലും തരത്തിൽ അവഹേളിക്കുന്ന രീതിയിൽ ഞങ്ങൾ പ്രവർത്തിച്ചോ? കേന്ദ്രഗവൺമെന്റിന്റെ സെക്കുലറിസത്തിന് എതിരായ സമീപനത്തിന് ചൂട്ടുപിടിക്കാൻ വേണ്ടിയുള്ള സമീപനമാണ് ഇപ്പോൾ ഗവർണർ സ്വീകരിക്കുന്നത്. ജർമ്മനിയിൽ ഹിറ്റ്ലർ ജനങ്ങളുടെ മസ്തിഷ്കപ്രക്ഷാളനം നടത്തുകയാണ് ചെയ്തത്. ജനങ്ങളെ indoctrinate

ചെയ്യുകയാണ്. അതായത് ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രത്തിന്റെ വിധേയത്വത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവന്നിട്ട് ചോദ്യം ചോദിക്കാനും ചിന്തിക്കാനും കഴിയാത്ത അവസ്ഥയിലേയ്ക്ക് അവരെ പാകപ്പെടുത്തിയെടുക്കുന്നതിന് ഏറ്റവും നല്ല മീഡിയം വിദ്യാഭ്യാസമാണെന്ന് കണ്ടെത്തി ഹിറ്റ്ലർ പിടികൂടിയത് യൂണിവേഴ്സിറ്റികളെയും സ്കൂളുകളെയുമാണ്. ചരിത്രത്തിൽനിന്ന് പാഠമുൾക്കൊള്ളാൻ നമുക്ക് കഴിയണം. അത് നാം മറന്നുപോകരുത്. അതിന്റെയെല്ലാം തനിയാവർത്തനം കാണുമ്പോൾ ഭയക്കേണ്ടിടത്ത് ഭയക്കണം, പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കണം. ഇവിടെ കൂട്ടുത്തരവാദിത്വത്തോടുകൂടി നാം ചെയ്യേണ്ട ഒരു കാര്യത്തെ ഇടതുപക്ഷത്തോട് വിരോധം കാണിക്കാനുള്ള അവസരമായി ഉപയോഗിക്കുന്നത് ശരിയല്ല. വിദ്യാഭ്യാസരംഗം കയ്യടക്കാൻവേണ്ടി 1933-ൽ, ഹിറ്റ്ലറുടെ കാലത്ത് 'Law for the Restoration of the Professional Civil Service' എന്ന നിയമം കൊണ്ടുവന്നു. അത് ഏകദേശം ഇവിടെ ഇപ്പോഴുള്ള മോദിയുടെ ഫാസിസ്റ്റ് ചിന്താഗതി പോലെതന്നെയാണ്. എല്ലാ യൂണിവേഴ്സിറ്റികളെയും അവരുടെ വരുതിയിലാക്കുകയും. എല്ലാ പാഠപുസ്തകങ്ങളും അവർ ഇഷ്ടപ്പെടുന്ന രീതിയിൽ മാറ്റിയെഴുതുകയും ചെയ്തു. പാഠപുസ്തകങ്ങൾക്ക് നാസി പാർട്ടിയുടെ അംഗീകാരം വേണമായിരുന്നു.

ഇവിടെയും അതല്ലേ നടക്കുന്നത്? അന്നത്തെ നാസി പാർട്ടിയുടെ തീരുമാനം പോലെയല്ലേ ഇപ്പോൾ കർണ്ണാടകയിൽ പാഠപുസ്തകത്തിൽ മനുസ്മൃതി ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റൊന്ന്, ഭിന്നിപ്പിച്ച് കീഴടക്കുക എന്നതാണ്. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് എപ്പോഴാണ് അത് മനസ്സിലാകുന്നത്? ഹിറ്റ്ലർ സ്വീകരിച്ച ഭിന്നിപ്പിക്കൽ തന്ത്രമാണ് ഇന്ത്യയിൽ ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുന്നത്. മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യലാണ് തങ്ങളുടെ അജണ്ടയെന്ന് വിചാരധാരയിൽ എഴുതിവച്ചിട്ടുണ്ട്. ഹിറ്റ്ലർ അവിടെ അധികാരത്തിൽ വന്നപ്പോൾ ആദ്യം ജൂതന്മാരെ ഉന്മൂലനം ചെയ്യുകയാണ് ചെയ്തത്. ജൂതന്മാരായ പ്രൊഫസർമാരെ മുഴുവൻ ഡിസ്മിസ് ചെയ്തു. അപ്പോൾ കത്തോലിക്കക്കാരും പ്രൊട്ടസ്റ്റന്റുകാരും വിചാരിച്ചത് അവരെ ഒന്നും ചെയ്യില്ലെന്നാണ്. പ്രൊട്ടസ്റ്റന്റ് ഫാദർ മാർട്ടിൻ നീമൊള്ളർ പറഞ്ഞത് 'എന്നെയൊന്നും ചെയ്തിട്ടില്ല, ഞാൻ മിണ്ടിയില്ല' എന്നാണ്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ കത്തോലിക്കരുടെയും പ്രൊട്ടസ്റ്റന്റുകാരുടെയും പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാം അടച്ചുപൂട്ടി. ഫാസിസം എന്നുപറയുന്നത് എല്ലാവരെയും കീഴടക്കി ആധിപത്യം സ്ഥാപിക്കുന്ന പ്രവണതയാണെന്ന് അപ്പോഴാണ് മനസ്സിലായത്. ഇന്ത്യയിൽ അതിന്റെ മിന്നലാട്ടം കണ്ടുതുടങ്ങിയില്ലേ; ക്രിസ്ത്യാനിക്ക് ഞങ്ങളുണ്ട് എന്ന് ചിലപ്പോൾ

ആർ.എസ്.എസ്. നേതാക്കൾ പറയുന്നു. അവരെല്ലാവരും അത് വിശ്വസിച്ചിട്ടൊന്നുമില്ല. പക്ഷേ അതിൽ ചില വിഭാഗങ്ങളെങ്കിലും വിശ്വസിക്കും. അങ്ങനെയുള്ളവരെ കൂട്ടുപിടിച്ച് മുസ്ലീമിനെയും മുസ്ലീമിലെ ഒരു വിഭാഗത്തെയും കൂട്ടുപിടിച്ച് ക്രിസ്ത്യാനികളെയും ശരിയാക്കിക്കളയാമെന്നാണ് ഇവർ പറയുന്നത്. ഈ ആപത്ത് കാണണമെന്നാണ് ഞങ്ങൾ പറയുന്നത്. മതേതരത്വം ഭരണഘടനയിൽ ആലേഖനം ചെയ്തിട്ടുണ്ടെങ്കിൽ ഈ രാജ്യത്തെ ക്രിസ്ത്യാനിക്കും ഹിന്ദുവിനും മുസ്ലീമിനും പാഴ്സിക്കും സിക്കിനുമൊക്കെ ഒരേ അധികാരമാണുള്ളത്. ആ അധികാരം സ്ഥാപിക്കണമെന്ന് മാത്രമേ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറയുന്നുള്ളൂ. ഈ ബിൽ അവതരിപ്പിക്കുമ്പോഴുള്ള കാഴ്ചപ്പാട് മറ്റൊന്നുമല്ല. സർവ്വകലാശാലകളുടെ തലപ്പത്ത് indoctrinate ചെയ്യാൻ ആഗ്രഹമുള്ള വിദഗ്ദ്ധരെ നിയമിച്ച് മസ്തിഷ്കപ്രക്ഷാളനത്തിനിടയാക്കുന്ന തീരുമാനം എടുക്കരുത്; അത് ആപത്താണ്. അതിനുപകരം എല്ലാമനുഷ്യരെയും ഒന്നായി കാണാൻ സാധിക്കുന്ന, സർവ്വകലാശാലകളുടെ വികസനത്തിന് സഹായിക്കാൻ കഴിയുന്ന, ബുദ്ധിശാലികളായ ആളുകളെ നിയമിക്കണം. അവർക്ക് കക്ഷിരാഷ്ട്രീയമൊന്നും വേണ്ട. ശ്രീമതി മല്ലികാ സാരാഭായിയെ കക്ഷിരാഷ്ട്രീയത്തിന്റെ പേരിലൊന്നുമല്ല

കേരള കലാമണ്ഡലത്തിന്റെ ചാൻസലറാക്കിയത്. നമ്മുടെ എല്ലാ സർവ്വകലാശാലകളിലും അതുപോലുള്ള വിദഗ്ധരെ നിയമിക്കുക എന്നുള്ളതാണ് ഈ ബില്ലിന്റെ അന്തഃസത്ത എന്നുകാണാൻ സാധിക്കണം. അതിനെ എതിർക്കാതെ പിന്താങ്ങിക്കൊണ്ട് നമ്മുടെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുകയും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടുത്ത തലമുറയ്ക്കുവേണ്ടി ഒരു നാസിപ്പടയെയോ ഹിന്ദുത്വ ഐഡിയോളജിയുള്ള പടയെയോ വാർത്തെടുക്കാനുള്ള ഉപകരണമാക്കാതെ രക്ഷിക്കണം. ഇപ്പോൾ കേരളം നൂറുശതമാനം സാക്ഷരത കൈവരിച്ചിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്ത്രീകൾ ധാരാളമായി കടന്നുവന്നിരിക്കുന്നു. എന്നാൽ ഈ കടുംപിടിത്തക്കാരുടെ കയ്യിലേക്ക്, ഗവർണർ അതിന്റെ സൂചന കാണിച്ചു തുടങ്ങിയിട്ടേയുള്ളൂ. ആ സൂചന പൂർണ്ണതയിലേയ്ക്കെത്തുമ്പോൾ നാസിപ്പട ചെയ്തതുപോലെ സ്ത്രീകൾക്കും ഉന്നതവിദ്യാഭ്യാസ രംഗത്ത് 10 ശതമാനം മാത്രമേ അഡ്മിഷൻ കൊടുക്കാവൂ എന്നുപറഞ്ഞാൽ അതും കേൾക്കേണ്ടിവരും; അവിടേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. മുസ്ലീങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് വേണ്ട; മുസ്ലീങ്ങൾ പഠിപ്പിക്കേണ്ട; ക്രിസ്ത്യാനികൾ പഠിപ്പിക്കേണ്ട; ആര്യ സംസ്കാരമുള്ളവർ മാത്രം പ്രൊഫസർമാരായാൽ മതി എന്നെല്ലാം പറയാനിടയായാൽ

സ്ഥിതിയെന്താകും? അങ്ങനെയുള്ള സാഹചര്യങ്ങളിലേയ്ക്ക് പോകാതെ ജനാധിപത്യത്തെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം എന്നുള്ളതുകൊണ്ടാണ് സർവ്വകലാശാലകളുടെ തലപ്പത്ത് ഏറ്റവും കഴിവുറ്റ ആളുകളെ ചാൻസലറായി നിയമിക്കണമെന്ന് പറയുന്നത്. ചാൻസലർമാർ വന്നാൽ ബാക്കി അധികാരവും പ്രോട്ടോക്കോളുമെല്ലാം നമുക്ക് തീരുമാനിക്കാം. ഫിഷറീസ് സർവ്വകലാശാലയിൽ സാഹിത്യകാരന്മാരെ നിയോഗിച്ചാൽ എന്തുചെയ്യുമെന്നാണ് ഇവിടെയൊരു സംശയം ചോദിച്ചത്.

ചെയർപേഴ്സൺ: 21 മിനിട്ടായിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. അത് സംഭവിക്കുകയില്ല. റൂൾസ് ഫ്രെയിം ചെയ്യുന്ന സമയത്ത് ഓരോ സർവ്വകലാശാലയ്ക്കും ആവശ്യമായ അടിസ്ഥാന യോഗ്യതകളെക്കുറിച്ച് പ്രതിപാദിക്കും. അതുകൊണ്ട് ഭരണഘടനയുടെ ജനാധിപത്യവും മതേതരത്വവും സ്വാശ്രയത്വവും പരമാധികാരവും സംരക്ഷിക്കുന്ന ഒരു നടപടിക്രമത്തിന്റെ തുടക്കമെന്ന നിലയിൽ വളരെ നിർണ്ണായകവും കാലിക പ്രസക്തവുമായ ഈ നിയമം എന്നും ചരിത്രത്തിൽ ഓർമ്മിക്കപ്പെടുന്നതായിരിക്കും. പ്രതിപക്ഷവും സർവ്വാത്മനാ അതിനെ പിന്തുണച്ചുകൊണ്ട് സംസ്ഥാന ലെജിസ്ലേച്ചറിന്റെ ജനാധിപത്യം

സംരക്ഷിക്കാൻ ഒരുമിച്ച് നിൽക്കാം എന്നുമാത്രമാണ് പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമനസ്സോടെ അംഗീകരിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിന്റെ ഭാവിയുടെ വിശ്വാസ സൂചികയായ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ച് ഓരോ ദിവസവും പുറത്തുവരുന്ന വിവരങ്ങൾ കേരള പൊതുസമൂഹം വളരെ ആശങ്കയോടെയാണ് ചർച്ച ചെയ്യുന്നത്. സർവ്വകലാശാലകളിൽ സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ ഇടപെടലുകൾ കാരണം സർവ്വകലാശാലകളുടെ ചാൻസലർ സ്ഥാനം മുഖ്യമന്ത്രിയോട് ഏറ്റെടുക്കാൻ ആവശ്യപ്പെട്ട് ഗവർണർ കത്തെഴുതിയതിൽ തുടങ്ങിയതാണ് വിവാദം. പിന്നീട് കണ്ണൂർ സർവ്വകലാശാല വൈസ്-ചാൻസലർ സ്ഥാനത്തേയ്ക്ക് പ്രൊഫ. ഗോപിനാഥ് രവീന്ദ്രന് പുനർനിയമനം നൽകണമെന്നാവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗവർണർക്ക് നൽകിയ കത്ത് പുറത്തുവന്നതോടെ ഈ വിഷയം പുതിയ

തലങ്ങളിലേയ്ക്കെത്തി. അദ്ധ്യാപക നിയമനത്തിലെ സ്വജന പക്ഷപാതം മുതൽ പഠന ബോർഡുകളുടെ പങ്കിട്ടെടുക്കൽ വരെയുള്ള രാഷ്ട്രീയ ഇടപെടലുകളുടെ കേന്ദ്രമായി നമ്മുടെ സർവ്വകലാശാലകൾ മാറിയെന്ന് പറയുന്നതിൽ ഖേദമുണ്ട്. രാഷ്ട്രീയ താൽപര്യത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് വൈസ്-ചാൻസലർ നിയമനം നടത്തി സർവ്വകലാശാല ഭരണത്തിൽ ഇടപെടാൻ സർക്കാർ നടത്തിയ ശ്രമങ്ങളാണ് ഗവർണറെ പ്രകോപിപ്പിക്കാനുണ്ടായ പ്രധാന കാരണം. കണ്ണൂർ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിലേയ്ക്ക് സിൻഡിക്കേറ്റ് എഴുപത്തിയൊന്ന് പേരെ നിയമിച്ചതുൾപ്പെടെ ചാൻസലറായ ഗവർണറെ വകവയ്ക്കാത്ത നടപടികൾ പല സർവ്വകലാശാലകളിലുമുണ്ടായി. ചാൻസലറായിരിക്കാൻ ഗവർണർക്കുള്ള യോഗ്യത ചോദ്യം ചെയ്ത് കലാമണ്ഡലം വൈസ്-ചാൻസലർ ഹൈക്കോടതിയിൽ കേസ് കൊടുക്കുന്നതുവരെ കാര്യങ്ങളെത്തി. കണ്ണൂർ സർവ്വകലാശാലയിലെ ബന്ധുനിയമനങ്ങളിൽ കോടതിപോലും ഇടപെടുന്ന സാഹചര്യമുണ്ടായി. വൈസ്-ചാൻസലർ നിയമനത്തിനുള്ള പാനൽ തയ്യാറാക്കുന്ന സെർച്ച് കമ്മിറ്റിപോലും പിരിച്ചുവിട്ടാണ് പുനർനിയമന നടപടികളുമായി സർക്കാർ മുന്നോട്ടുപോയത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നൂറോളം അദ്ധ്യാപക തസ്തികയിലേയ്ക്ക് ഇപ്പോൾ

നടക്കുന്ന നിയമന നടപടികളും അഴിമതി ആരോപണങ്ങളുടെ നിഴലിലാണ്. സർവ്വകലാശാലകളിലെ പ്രധാന സമിതിയായ ബോർഡ് ഓഫ് സ്റ്റഡീസ് സർക്കാരിന്റെ താത്പര്യത്തിനുവേണ്ടി മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവിന്റെ മാനദണ്ഡമായ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ സർവ്വകലാശാല റാങ്കിൽ ആദ്യ ഇരുപതിൽ കേരളത്തിൽനിന്നുള്ള ഒരു സർവ്വകലാശാലയും ഇല്ലെന്നുള്ളത് ഇതിനോട് ചേർത്ത് വായിക്കണം. അദ്ധ്യാപകരുടെ ഗവേഷണ മികവ്, വിദ്യാർത്ഥികളുടെ പഠന നിലവാരം എന്നിങ്ങനെ പല ഘട്ടങ്ങൾ വിലയിരുത്തിയുള്ള ദേശീയ റാങ്കിംഗിൽ ആദ്യ നൂറിൽ കേരളത്തിൽനിന്നുള്ള നാല് സർവ്വകലാശാലകൾ മാത്രമുള്ളപ്പോൾ തമിഴ്നാട്ടിൽനിന്നും പത്തൊമ്പതെണ്ണമാണ് പ്രസ്തുത പട്ടികയിൽ ഇടംപിടിച്ചത്. അക്കാദമിക് കൗൺസിൽ പോലുള്ള സർവ്വകലാശാലാ സമിതികളിൽ രാഷ്ട്രീയ നിയമനം ഒഴിവാക്കണമെന്നും പരീക്ഷകളിലൂൾപ്പെടെ കാലോചിതമായ മാറ്റം കൊണ്ടുവരണമെന്നുമുള്ള ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശ ഏറ്റവും പ്രസക്തമായ കാലമാണിത്. ദേശീയതലത്തിലും രാജ്യാന്തരതലത്തിലുമുള്ള വിദഗ്ദ്ധരെയും വിദ്യാഭ്യാസ വിചക്ഷണരെയും സർവ്വകലാശാലാ ഭരണത്തിൽ

ഉൾപ്പെടുത്തണമെന്ന നിർദ്ദേശമടങ്ങിയ റിപ്പോർട്ടും കമ്മീഷൻ വരുംദിവസങ്ങളിൽ സമർപ്പിക്കുമെന്നാണ് അറിയാൻ സാധിച്ചത്.

ചാൻസലർ പദവിയിൽനിന്നും ഗവർണറെ നീക്കം ചെയ്യാൻ സംസ്ഥാനം നിയമനിർമ്മാണവുമായി മുന്നോട്ടുപോകുന്നതിനിടെ, യു.ജി.സി. ചട്ടം ഭേദഗതി ചെയ്ത് എല്ലാ സർവ്വകലാശാലകളുടെയും ചാൻസലർ സ്ഥാനം അതത് സംസ്ഥാനത്തെ ഗവർണർമാർക്കുതന്നെ നൽകുമെന്ന് ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ ഒരുങ്ങിക്കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. അത്തരത്തിൽ യു.ജി.സി. ചട്ടത്തിൽ ഭേദഗതി വരുത്തി, എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിയമം നടപ്പാക്കിയാൽ സംസ്ഥാന നിയമങ്ങൾക്ക് നിലനില്പില്ലാതാകുമെന്നുള്ളതിൽ സംശയമില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്ര വിദ്യാർത്ഥികളാണ് കേരളത്തിലെ യൂണിവേഴ്സിറ്റികളിലേയ്ക്ക് പഠനത്തിനായി വരുന്നതെന്ന ചോദ്യം പ്രസക്തമാണ്. ജെ.എൻ.യു. മാതൃകയിൽ, രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന വൈവിധ്യമാർന്ന രാഷ്ട്രീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന കാമ്പസ്സുകളാക്കി നമ്മുടെ യൂണിവേഴ്സിറ്റികളെ ഉയർത്താൻ സാധിക്കാത്തതിന്റെ കാരണം സർക്കാർ പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ ഉന്നത

വിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്ന ദൗർഭാഗ്യകരമായ കാഴ്ചയാണ് കാണുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ച് ഭരണത്തിൽവന്ന സർക്കാർ നിലവിൽ നമ്മുടെ വിദ്യാർത്ഥികളോട് ചെയ്യുന്നത് കൊടുംക്രൂരതയാണ്. സർക്കാരും ഗവർണറും തമ്മിലുള്ള രാഷ്ട്രീയപ്പോര് കാരണം പരീക്ഷകൾ സമയബന്ധിതമായി നടക്കുന്നില്ല. വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകാൻ കഴിയുന്നില്ല. ഇത്തരത്തിൽ ഏകദേശം ആയിരക്കണക്കിന് സർട്ടിഫിക്കറ്റുകളാണ് നൽകാനുള്ളത്. സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തതുകാരണം തുടർപഠനത്തിനോ തൊഴിലവസരങ്ങൾക്കോ അപേക്ഷ നൽകാൻ ചെറുപ്പക്കാർക്ക് സാധിക്കുന്നില്ല. കേരളത്തിലെ സർവ്വകലാശാലകളിപ്പോൾ സി.പി.ഐ.(എം) നേതാക്കന്മാരുടെയും അനുയായികളുടെയും ബന്ധുക്കളെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലടക്കം നിയമിക്കുന്നതിനുള്ള ലാവണമായി മാറിയിരിക്കുകയാണ്. അത്തരത്തിൽ നിയമനം നടത്തിയിട്ടുള്ള മുഴുവൻ ആൾക്കാരുടെയും വിവരങ്ങൾ എന്റെ പക്കലുണ്ട്. സമയക്കുറവ് കാരണം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മാത്രമല്ല അത്തരം നിയമനങ്ങളെപ്പറ്റിയുള്ള മുഴുവൻ വിശദാംശങ്ങളും

ദൃശ്യ-പത്ര-സാമൂഹിക മാധ്യമങ്ങളിലടക്കം സമീപകാലങ്ങളിൽ വന്നതുമാണ്. അതേസമയം മാനദണ്ഡങ്ങൾ മറികടന്ന് കണ്ണൂർ സർവ്വകലാശാലാ വൈസ്-ചാൻസലർ പുനർനിയമനം നടത്താൻ ഗവർണർതന്നെ കൂട്ടുനിന്നിട്ടുണ്ടെന്ന് അദ്ദേഹംതന്നെ ഏറ്റുപറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണ്. കോഴിക്കോട് സർവ്വകലാശാലയിലെ സെനറ്റ് മെമ്പറെന്ന നിലയിൽ അവിടെ നടക്കുന്ന കാര്യങ്ങൾ പറയാതിരിക്കാൻ സാധിക്കില്ല. കോഴിക്കോട് സർവ്വകലാശാലാ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ സിൻഡിക്കേറ്റ് അംഗത്തിന്റെ ഭാര്യയ്ക്ക് സംവരണപ്പട്ടികയിൽ കൃത്രിമം കാണിച്ച് എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപറത്തി അസ്സോസിയേറ്റ് പ്രൊഫസറായി നിയമനം നൽകിയതിന്റെ വസ്തുതകൾ ആരാഞ്ഞ് സെനറ്റിൽ നൽകിയ ചോദ്യംപോലും സർവ്വകലാശാല പരിഗണിച്ചില്ല. സംവരണം പാലിക്കാതെ ഇഷ്ടക്കാർക്ക് അദ്ധ്യാപക നിയമനങ്ങൾ നൽകുന്ന നടപടിയാണ് കോഴിക്കോട് സർവ്വകലാശാലയിൽ നടക്കുന്നത്. അദ്ധ്യാപക നിയമനത്തിനുള്ള നിയമന ക്രമപ്പട്ടിക രഹസ്യമായി സൂക്ഷിക്കുന്നു. സെനറ്റ് അംഗമെന്ന നിലയിൽ ഞാൻ ആവശ്യപ്പെട്ടിട്ടുപോലും അവ ലഭ്യമാക്കുന്നില്ല. കോഴിക്കോട് സർവ്വകലാശാല റാങ്ക് പട്ടിക തയ്യാറാക്കിയതിനുശേഷം വേണ്ടപ്പെട്ടവർക്ക് നിയമനം നൽകാൻ അനുയോജ്യമായ രീതിയിൽ സംവരണം പ്രഖ്യാപിക്കുകയാണ്

ചെയ്യുന്നത്. ബോധപൂർവ്വമാണ് നിയമന ക്രമപ്പട്ടികയും സ്കോർ മാർക്കും പുറത്തുവിടാത്തത്. നിയമനം നടന്നശേഷം, വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെടുന്നതുപോലും നിരാകരിക്കുന്നുവെന്ന് മാത്രമല്ല, സംവരണ തസ്തിക ഏതെന്ന് വ്യക്തമാക്കാതെ നോട്ടിഫിക്കേഷൻ പുറത്തിറക്കുകയും നൂറുകണക്കിന് സംവരണ ബാക്ക്‌ലോഗ് പോസ്റ്റുകളിൽ നിയമനം വേണ്ടെന്ന് വയ്ക്കുകയും ചെയ്യുന്നു. യൂണിവേഴ്സിറ്റികളിൽ ഇടത് നിലപാടുകൾക്കെതിരെ സംസാരിക്കാൻ പാടില്ലെന്നാണ് തീരുമാനം. സിൻഡിക്കേറ്റിൽ സർക്കാർ നിലപാടിനെതിരെ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. യൂണിവേഴ്സിറ്റി കാമ്പസുകളിൽ എസ്.എഫ്.ഐ. അല്ലാത്ത വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തനം നിഷേധിക്കപ്പെടുന്നു. എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഒട്ടുമിക്ക നിയമഭേദഗതികളും അധികാരം പിടിച്ചെടുക്കാനും സർവ്വകലാശാലകളെ നിയന്ത്രിക്കാനും വേണ്ടിയുള്ളതാണ്. വൈസ്-ചാൻസലർ, രജിസ്ട്രാർ, കൺട്രോളർ തുടങ്ങി സുപ്രധാന തസ്തികകളിലെല്ലാം പാർട്ടിക്കാരെ നിയമിക്കുന്നതിന്, സർവ്വകലാശാലാ നിയമങ്ങളിൽ വെള്ളം ചേർക്കുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൂല്യച്യുതി കാരണം നിരവധി

വിദ്യാർത്ഥികളാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരം, അക്കാദമിക അന്തരീക്ഷം, ഗവേഷണം എന്നിവയുടെ കാര്യത്തിൽ നാം വളരെയധികം മെച്ചപ്പെട്ടില്ലെങ്കിൽ വിദ്യാർത്ഥികളുടെ പലായനം ഗണ്യമായി വർദ്ധിക്കും. അനൗദ്യോഗിക കണക്കുപ്രകാരം പ്രതിവർഷം ശരാശരി ഇരുപതിനായിരത്തോളം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി കേരളത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറുന്നുണ്ട്. കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് നടത്തിയപ്പോൾ 160000 വിദ്യാർത്ഥികൾ കേരളത്തിൽനിന്നും അപേക്ഷ നൽകിയിട്ടുണ്ടെന്നത് നാം ശ്രദ്ധയോടെ കാണേണ്ടതാണ്. പാഠ്യപദ്ധതി വികസനം, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, കോഴ്സുകളുടെ നവീകരണം, സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയില്ലെങ്കിൽ ഈ മേഖല പാടെ തകർന്നുപോകുമെന്ന് ഓർമ്മിപ്പിക്കുന്നു. മികവിന്റെ കേന്ദ്രമാക്കേണ്ട സർവ്വകലാശാലകളെ പാർട്ടിക്കാരെ പ്രതിഷ്ഠിക്കുവാനുള്ള ലാവണമാക്കി മാറ്റിയിരിക്കുകയാണ്. ഈ സർക്കാർ കൊണ്ടുവന്നിരിക്കുന്ന ഒട്ടുമിക്ക നിയമ ഭേദഗതികളും അധികാരം പിടിച്ചെടുക്കാനും സർവ്വകലാശാലകളെ നിയന്ത്രിക്കാനും

വേണ്ടിയുള്ളതായിരുന്നു. ഫെഡറൽ സ്വഭാവത്തെ തകർക്കുംവിധം ഗവർണർമാർ പെരുമാറുന്നത് ഇന്ന് ഇന്ത്യയിൽ വർദ്ധിച്ചുവരികയാണ്. കേരളത്തിലെ ഗവർണറും അത്തരത്തിൽ പെരുമാറിയ നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അതിനോടുള്ള ശക്തമായ വിയോജിപ്പും സമയാസമയങ്ങളിൽ ഞങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഗവർണറുടെ അത്തരം രീതികളെ അതിശക്തമായി അപലപിക്കുവാൻ ഈ സന്ദർഭം ഞാൻ പ്രയോജനപ്പെടുത്തുകയാണ്. എന്നാൽ അതിന്റെ മറവിൽ സർവ്വകലാശാലകളുടെ നിലവാരം തകർക്കുംവിധം ഉന്നതപദവികളിലും മറ്റുനിയമനങ്ങളിലും തങ്ങളുടെ സ്വന്തക്കാരെയും ബന്ധുക്കളെയും പാർട്ടിക്കാരെയും കുത്തിനിറയ്ക്കുന്ന സർക്കാർ നിലപാടിനോട് ഒട്ടും യോജിക്കാനാവില്ല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം രാഷ്ട്രീയ കിടമത്സരങ്ങളുടെയും അരാജകത്വത്തിന്റെയും വേദിയായി മാറിയപ്പോൾ നമ്മുടെ കുട്ടികൾ ഒരുകാലത്തുമില്ലാത്തവിധം കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിലേയ്ക്ക് ഒഴുകുന്ന അവസ്ഥയാണ് നിലവിലുള്ളത്. രാഷ്ട്രീയ വടംവലിയുടെ ഭാഗമായ ബില്ലും ഭേദഗതിയുമല്ല; ഉന്നത വിദ്യാഭ്യാസ മേഖലയെ ഗുണനിലവാരമുള്ളതും അത്യാധുനികവത്കരിക്കുന്നതിനുമുള്ള

നടപടികളാണ് നമുക്കാവശ്യമെന്ന നിർദ്ദേശം മുന്നോട്ടുവച്ചുകൊണ്ട് ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സജി ചെറിയാൻ: സർ, 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇതിലെ പ്രസക്തമായ ഭാഗങ്ങൾ ആമുഖമായി പ്രതിപാദിച്ച് കഴിഞ്ഞിരിക്കുകയാണ്. ഒരുകാര്യത്തിൽ വളരെ സന്തോഷമുണ്ട്. പ്രതിപക്ഷനിരയിൽനിന്ന് നല്ലനിലയിലുള്ള പിന്തുണ ഈ ബില്ലിന് ലഭിക്കുന്നുവെന്നതാണ് എന്റെ സുഹൃത്തുകൂടിയായ ശ്രീ. പി. അബ്ദുൽ ഹമീദിന്റെ അവതരണത്തിൽനിന്നും മനസ്സിലാക്കുന്നത്. മുസ്ലീം ലീഗിന്റെ നിലപാട് തന്നെയാണോ കോൺഗ്രസ്സിന്റേതെന്ന് തുടർന്ന് സംസാരിക്കുന്ന കോൺഗ്രസ് നേതാക്കൾ വ്യക്തമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്തായാലും ഈയൊരു കാര്യത്തിൽ യു.ഡി.എഫ്.-നുള്ളിൽ കടുത്ത അഭിപ്രായ വ്യത്യാസം വളർന്നുവന്നിരിക്കുന്നു എന്നത് ഈ അവസരത്തിൽ രാഷ്ട്രീയമായിത്തന്നെ കാണാൻ ഞാൻ ആഗ്രഹിക്കുകയാണ്.

തടസ്സവാദത്തിൽ ഉന്നയിച്ച പ്രശ്നങ്ങൾക്കെല്ലാം ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകി. പ്രതിപക്ഷം ഉന്നയിച്ച വിഷയങ്ങൾക്കുള്ള മറുപടി ബില്ലിൽത്തന്നെ കൃത്യമായി പ്രതിപാദിച്ചിട്ടുമുണ്ട്. മാർക്സിസ്റ്റുകാരെ/ കമ്മ്യൂണിസ്റ്റുകാരെ അല്ലെങ്കിൽ നമുക്ക് താൽപര്യമുള്ള ആരെയെങ്കിലും ചാൻസലർ സ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻവേണ്ടിയാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പ്രസംഗിക്കുകയുണ്ടായി.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, താത്പര്യമുള്ളവരെ കൊണ്ടുവരാൻവേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന രീതിയിൽ പ്രതിപക്ഷം സംസാരിക്കുകയുണ്ടായി. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരള മുഖ്യമന്ത്രിയായിരുന്ന കാലത്ത് അന്നത്തെ കേരള സർവ്വകലാശാല വൈസ്-ചാൻസലർ അദ്ദേഹത്തെ കാണാനായി അനുവാദം ചോദിച്ചപ്പോൾ 'ഞാൻ അങ്ങോട്ടുവന്ന് കണ്ടുകൊള്ളാം' എന്നുപറഞ്ഞ മഹത്തായ പാരമ്പര്യമാണ് ഇടതുപക്ഷത്തിനും ഇടതുപക്ഷ നേതാക്കൾക്കും സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ളതെന്ന് അങ്ങ് ഈ സമയത്ത് ഓർക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണല്ലോ ശ്രീമതി മല്ലിക സാരാഭായിയെ കലാമണ്ഡലം കൽപിത സർവ്വകലാശാലയുടെ ചാൻസലറായി നിയമിച്ച നടപടി. ഞാൻ അതിലേയ്ക്ക് പിന്നീടുവരാം. ഏതെങ്കിലും ആളുകളെയോ വഴിയെ പോകുന്നവരെയോ പിടിച്ച് നിയമിക്കാൻ പറ്റുന്നൊരു സ്ഥാനമാണിതെന്ന് തോന്നത്തക്ക നിലയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാര്യങ്ങൾ അവതരിപ്പിച്ചത്. ഓരോ യൂണിവേഴ്സിറ്റിയുടെയും ചാൻസലർ നിയമനം സംബന്ധിച്ച് ബില്ലിൽ കൃത്യമായി പറയുന്നുണ്ട്. ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കണമെന്നാണ് ബില്ലിൽ പറയുന്നത്. ഒരു യൂണിവേഴ്സിറ്റിയുടെ ഭരണപരവും അക്കാദമികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രമുഖനായ വ്യക്തിത്വത്തെയാണ് ചാൻസലറാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. പക്ഷേ, രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ് അദ്ദേഹം ഇത്തരമൊരു ആക്ഷേപം ഉന്നയിച്ചത്.

അതിനുള്ള മറുപടി ഇവിടെ പറഞ്ഞുവെങ്കിലും ഞാൻ അതൊന്നുകൂടി ആവർത്തിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കണ്ണൂർ സർവ്വകലാശാലയിൽ ഒരു ഡി.സി.സി. സെക്രട്ടറിയെ മുമ്പ് വൈസ്-ചാൻസലറാക്കിയ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, എന്റെ പ്രസംഗത്തിന്റെ അവസാന ഭാഗത്ത് യു.ഡി.എഫ്.-ന്റെ നേട്ടങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും സാമ്പത്തികമായി ഭദ്രതയുള്ളവയാണ്. ഇവിടെയിരിക്കുന്ന പലരും സർവ്വകലാശാലകളിലെ ഭരണസമിതികളിൽ അംഗങ്ങളായി പ്രവർത്തിച്ചിട്ടുള്ളവരാണ്. അത്തരമൊരു സർവ്വകലാശാലയ്ക്ക് ഒരു ചാൻസലർക്കാവശ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നൽകാൻ കഴിയുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അനാവശ്യമായ തടസ്സവാദം ഉന്നയിച്ചത്. അപ്പോഴത് തള്ളപ്പെട്ടുവെന്നതും അതിന് യാതൊരു സാംഗത്യവുമില്ല എന്നതും ഒന്നുകൂടി ആവർത്തിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില സന്ദർഭങ്ങളിൽ വികാരപരമായി പ്രശ്നങ്ങളെ കാണുന്നു. അമ്പലപ്പുഴ എം.എൽ.എ.

ശ്രീ. എച്ച്. സലാം ചർച്ചയ്ക്കിടെ ഒരു പ്രശ്നം ഉന്നയിച്ചു. ഏതൊരംഗത്തിനും ജനാധിപത്യപരമായി ലഭിക്കുന്ന ചില അവകാശങ്ങളുണ്ട്. അതൊരു മാന്യതയുടെ ഭാഗമാണ്. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ട് അംഗങ്ങൾ ചില കാര്യങ്ങൾ ചോദിക്കാൻ എഴുന്നേറ്റപ്പോൾ ഞാനിരുന്നു. അത് പരസ്പരബന്ധത്തിന്റെ ഭാഗമാണ്. പക്ഷേ, അദ്ദേഹം നടത്തിയ പരാമർശം, 'അമ്പലപ്പുഴയിൽനിന്നും പണ്ടുണ്ടായിരുന്ന ആൾ വളരെ സമർത്ഥനായിരുന്നു' എന്നാണ്. അക്കാര്യത്തിൽ ഞങ്ങൾക്കും അഭിപ്രായ വ്യത്യാസമൊന്നുമില്ല. കേരളംകണ്ട ഏറ്റവും പ്രഗത്ഭനായ മന്ത്രിതന്നെയായിരുന്നു അദ്ദേഹം. പക്ഷേ, അങ്ങനെയൊരു ആളിരുന്ന കസേരയിലാണോ ഇങ്ങനെയൊരാൾ ഇരിക്കുന്നതെന്ന ചോദ്യം പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിന് യോജിച്ചതല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുൻ സ്പീക്കറും ഇപ്പോൾ മന്ത്രിയുമായ ശ്രീ. എം. ബി. രാജേഷ് എഴുന്നേറ്റപ്പോഴും അദ്ദേഹം വളരെ മോശപ്പെട്ടൊരു പരാമർശം നടത്തി. ഇത് ഒരു പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിന് യോജിച്ചതല്ല. അതദ്ദേഹം ബോധ്യപ്പെട്ട് തിരുത്തണം. അതുമാത്രമേ ഇക്കാര്യത്തിൽ വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

ചാൻസലറുടെ അധികാരത്തെ സംബന്ധിച്ചുള്ള ധാരാളം റിപ്പോർട്ടുകൾ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതിനായി 2007 ഏപ്രിൽ 27-ാം തീയതി ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മീഷൻ ഫെഡറൽ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകുന്നതിന്റെ കൂട്ടത്തിൽ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചും പ്രതിപാദിക്കുകയുണ്ടായി. ഒരു സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഭരണ നിർവ്വഹണത്തിൽ ഗവർണറുടെ സ്ഥാനവും സർവ്വകലാശാലകളുടെ ചാൻസലർ എന്ന നിലയിൽ ഗവർണറുടെ ചുമതലയും പുഞ്ചി കമ്മീഷൻ പരിശോധിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്, 'ഭരണഘടനാപരമായ ചുമതലകൾ ന്യായമായും നിഷ്പക്ഷമായും നിർവ്വഹിക്കാൻ സാധ്യമാക്കുന്നതിനായി, ഗവർണർ ചുമതല നിർവ്വഹിക്കുമ്പോൾത്തന്നെ ഭരണഘടന വിഭാവനം ചെയ്തിട്ടില്ലാത്തതും ഗവർണറുടെ പദവിയെ വിവാദങ്ങളിലേയ്ക്കോ പൊതുവിമർശനങ്ങളിലേയ്ക്കോ വിധേയമാക്കാവുന്നതുമായ സ്ഥാനങ്ങളും അധികാരങ്ങളും മുഖേന ഗവർണറെ ബുദ്ധിമുട്ടിക്കാൻ പാടുള്ളതല്ല' എന്നാണ്. ഗവർണറുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനെക്കുറിച്ചാണ് ഇവിടെ ചർച്ച

ചെയ്തുകൊണ്ടിരിക്കുന്നത്. ധാരാളം ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ട ഒരാളിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വലിയൊരു ബുദ്ധിമുട്ട് ഒഴിവാക്കാൻ പുഞ്ചി കമ്മീഷൻ ശിപാർശ ചെയ്തിരിക്കുകയാണ്. ഇങ്ങനെയുള്ള ആളുകൾക്ക് വലിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അവസരം നൽകാനായി, സംസ്ഥാന സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് ആത്മാർത്ഥമായ സമീപനം സ്വീകരിക്കുമ്പോൾ നിങ്ങൾ അപ്പുറത്തിരുന്ന് അത് അംഗീകരിക്കുന്ന മാന്യതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. കൂടാതെ ഗവർണർക്ക് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം സാധാരണരീതിയിലുള്ള ചുമതലകൾ നൽകരുതെന്നും കമ്മീഷൻ നിരീക്ഷിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ശിപാർശ ചെയ്തിട്ടുണ്ട്. "The Chancellor -Each university shall have a separate Chancellor. The Chancellor should be a person of eminence with impeccable reputation, who has distinguished herself/himself in public life through a lifetime of excellence and leadership in fields like the

academia, science, culture, professions, industry, governance, and public life"എന്ന് വളരെ കൃത്യമായി Commission for Reforms in Higher Education 2022-ൽ പരാമർശിക്കുന്ന കാര്യംകൂടി വച്ചുകൊണ്ടാണ് നിയമപരമായ കാര്യത്തിലേയ്ക്ക് സംസ്ഥാനം കടക്കുന്നത്. ഈ സാഹചര്യത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ വിദ്യാഭ്യാസ വിചക്ഷണരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കണമെന്ന സർക്കാരിന്റെ തീരുമാനത്തെ അംഗീകരിക്കുക എന്നതാണ് നിയമസഭയെ സംബന്ധിച്ചിടത്തോളം പ്രധാനം. മാത്രമല്ല, 15 കേന്ദ്ര-സംസ്ഥാന സർവ്വകലാശാലകളിലായി അതിപ്രഗത്ഭരായ പതിനഞ്ച് പേർ വരികയാണ്. ഓരോ സർവ്വകലാശാലയുടെയും ഭൗതികവും അക്കാദമികവും പൊതുവായതുമായ മുന്നേറ്റം ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോകോത്തര നിലവാരത്തിലേയ്ക്കെത്തിക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ആദ്യപടികൂടിയാണ് ഈ ബിൽ. വൈസ്-ചാൻസലർമാരുടെ ഔദ്യോഗിക സ്ഥാനത്തിന് താത്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച് എല്ലാ സർവ്വകലാശാലാ നിയമങ്ങളിലും സമാന വ്യവസ്ഥകൾ കൊണ്ടുവരുന്ന കാര്യവും ബില്ലിൽ

പ്രതിപാദിച്ചിട്ടുണ്ട്. ഈ പറയുന്ന കാര്യങ്ങൾ നിറവേറ്റുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചത്.

എന്താണ് ചാൻസലറുടെ അധികാരം? സർവ്വകലാശാലയുടെ തലവനാണ് ചാൻസലർ. തലവൻ എന്നുപറഞ്ഞാൽ സർവ്വാധികാരങ്ങളും യഥേഷ്ടം ഉപയോഗിക്കുന്നതും ഒരു നിയന്ത്രണത്തിനും വിധേയനല്ലാത്തതുമായ സ്വേച്ഛാധിപതിയാണ് എന്നല്ല അർത്ഥം. ഇത് നിയമനിർമ്മാണ സഭ കൃത്യമായി മനസ്സിലാക്കേണ്ട കാര്യമാണ്. ചാൻസലർ എല്ലാറ്റിനും അതീതനല്ല. അദ്ദേഹത്തിന്റെ അധികാരങ്ങൾ കൃത്യമായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചാൻസലറായി പ്രവർത്തിക്കുമ്പോൾ ഗവർണറാണെന്ന ഭാവേന പ്രവർത്തിക്കാൻ സാധ്യമല്ല. ചാൻസലർ നിയമത്തിന്റെ സൃഷ്ടിയായതിനാൽ നിയമത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ചാൻസലറുടെ അടിസ്ഥാനപരമായ അധികാരങ്ങളെക്കുറിച്ചുള്ള കൃത്യമായ ഉള്ളടക്കത്തിൽ നിന്നുകൊണ്ടാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഗവർണർ എന്നല്ല, ആര് ചാൻസലറായാലും ഒന്നിന്റെയും മുകളിലല്ല. അതായത് അധികാരമെല്ലാം നിയമത്തിന്റെ കീഴിലാണ്. എല്ലാവരും നിയമത്തിന് വിധേയമായി പ്രവർത്തിക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. ഗവർണർമാരുടെ അധികാരത്തെ സംബന്ധിച്ചുകൂടി ഇതിനോടൊപ്പം പരാമർശിക്കാതിരിക്കാൻ സാധിക്കുകയില്ല. ഫെഡറൽ സംവിധാനം നിലനിൽക്കുന്നൊരു രാജ്യത്ത് ഗവർണർമാരുടെ അധികാരം പരിമിതമാണ്. ഈ യാഥാർത്ഥ്യം എല്ലാപേരും തിരിച്ചറിയണം. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ താത്പര്യങ്ങൾ, അതായത് സംഘപരിവാർ അജണ്ട നടപ്പിലാക്കാൻ ഇന്ത്യയിലെ നല്ലൊരു ശതമാനം സംസ്ഥാനങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ഗവർണർമാർ പരിശ്രമിക്കുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് അത് മനസ്സിലായിക്കാണുമെന്ന് കരുതുന്നു.

<u>ചെയർപേഴ്സൺ</u>: അങ്ങേയ്ക്ക് കൂടുതൽ സമയം ആവശ്യമാണോ? 12 മിനിറ്റായി. ധാരാളം ബില്ലുകൾ ചർച്ചയ്ക്കെടുക്കാനുണ്ട്, ഒരുപാടുപേർ സംസാരിക്കാനുണ്ട്. അങ്ങ് കൺക്ലൂഡ് ചെയ്യണം. ആദ്യം സംസാരിച്ചതുകൊണ്ടാണ് ശ്രീമതി ശൈലജടീച്ചർക്ക് 20 മിനിറ്റ് നൽകിയത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അതനുസരിച്ചാണെങ്കിൽ എനിക്ക് ഇനി 8 മിനിറ്റുകൂടിയുണ്ട്. ചാൻസലർ കൂടിയായ ഗവർണറെ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇടപെടാൻ ബി.ജെ.പി. നേതൃത്വം

ശ്രമിച്ചതോടുകൂടിയാണ് കടുത്ത നടപടികളിലേയ്ക്ക് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും മാറിയത്. അതിനുദാഹരണമാണ് തമിഴ്നാട്, കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാൻ, പശ്ചിമബംഗാൾ എന്നിവ. സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടയെപ്പറ്റി പ്രതിപക്ഷത്തുനിന്നും സംസാരിച്ച മുസ്ലീം ലീഗിന്റെ പ്രതിനിധി പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അല്ലെങ്കിൽ തടസ്സവാദമുന്നയിച്ചപ്പോൾ എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ നിങ്ങളാരും അതുപറയാതെ വളരെ ലാഘവത്തോടുകൂടിയ സമീപനമാണ് സ്വീകരിച്ചതെന്ന തോന്നലാണുണ്ടായത്. അതുകൊണ്ട് സംഘപരിവാറിന്റെ രാഷ്ട്രീയം കേരളത്തിലെ മതനിരപേക്ഷ ശക്തികളും അതിന്റെ ഭാഗമായി ഈ നിയമസഭയിലേയ്ക്ക് വന്നിട്ടുള്ള നാമും കാണണമെന്ന കാര്യം പ്രത്യേകമായി ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇത് വ്യക്തിപരമായ എന്തെങ്കിലും പ്രശ്നമാണോ? ഗവർണറുടെ പ്രശ്നം വന്നപ്പോൾ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 12-12-2021-ന് ഒരു പ്രസ്താവന നടത്തിയിരുന്നു, "ബഹുമാനപ്പെട്ട ഗവർണറുമായി ഏറ്റുമുട്ടുക സർക്കാരിന്റെ നയമല്ല, ഗവർണർ ഉന്നയിക്കുന്ന ഏത് വിഷയവും ചർച്ചയാകാം, അതിലൊന്നും പിടിവാശിയില്ല." അത് കഴിഞ്ഞതിനുശേഷം വളരെ

വ്യക്തമായിത്തന്നെ അദ്ദേഹം പറഞ്ഞു, "ബഹുമാനപ്പെട്ട ഗവർണർ ചാൻസലർ സ്ഥാനത്തിരുന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ പുതിയ ഉയരങ്ങളിലേയ്ക്ക് നയിക്കാനുള്ള സർക്കാരിന്റെയും സർവ്വകലാശാലയുടെയും ശ്രമങ്ങൾക്ക് മാർഗനിർദ്ദേശവും നേതൃത്വവും നൽകണം". ഇതാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിലപാടെന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. ജോയി: സർ, ചാൻസലർ എന്നുപറയുന്നത് ഒരു പ്രധാനപ്പെട്ട പദവിയാണ്; പക്ഷേ ഒരു വർഷത്തിൽ 143 ദിവസവും സ്ഥലത്തില്ലാത്ത ഒരാൾ എങ്ങനെയാണ് ചാൻസലർ പദവി ഉപയോഗപ്പെടുത്തുന്നതെന്ന് അങ്ങേയ്ക്ക് പറയാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഒരു സംസ്ഥാനത്തിന്റെ കാര്യനിർവ്വഹണ ചുമതല ഭരണപരമായി പരിപാലിക്കുന്ന പദവിയാണ് ഗവർണർ സ്ഥാനം. സംസ്ഥാന നിയമനിർമ്മാണ സഭയുടെ ഭാഗമായ ഗവർണർ മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. ബഹുമാനപ്പെട്ട കേരള ഗവർണർക്ക് എല്ലാവിധ ബഹുമാനവും ഞങ്ങൾ കൊടുത്തിട്ടുണ്ട്, ഇപ്പോഴും കൊടുക്കുന്നുണ്ട്, നാളെയും കൊടുക്കും, അതിന് യാതൊരു ആശങ്കയും വേണ്ട. പക്ഷേ കേന്ദ്ര ബി.ജെ.പി. ഭരണത്തിൻ കീഴിൽ മാനദണ്ഡങ്ങൾ

കാറ്റിൽപ്പറത്തിക്കൊണ്ട് അക്കാദമിക് തസ്തികകളിലെല്ലാം ആർ.എസ്.എസ്. ശിങ്കിടികളെ നിയമിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന പരിഷ്കരണങ്ങളെക്കൂടി മനസ്സിലാക്കിയാണ് ഈ പ്രശ്നത്തെ ഞങ്ങൾ കാണുന്നത്. അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മെരിറ്റ്. ആ മെരിറ്റിന്റെ മുകളിലാണ് ഞങ്ങൾ ചർച്ച ചെയ്ത് നിയമം കൊണ്ടുവരുന്നത്, അത് നമ്മൾ കാണാതിരിക്കരുത്. അതുകൊണ്ട് ഭരണഘടനാ പദവിയെന്ന സ്ഥാനം നിലനിർത്തിക്കൊണ്ട് രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ഇത്തരം മേഖലകളെ പ്രകോപിപ്പിക്കാൻ ശ്രമിക്കുമ്പോൾ അത് ചോദ്യം ചെയ്യുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം ശ്രീ. പിണറായി വിജയൻ നയിക്കുന്ന കേരളമാണ്, അത് മനസ്സിലാക്കണം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഫെഡറൽ സംവിധാനങ്ങളെ മുഴുവൻ തകർക്കുകയാണ്. ഇന്ത്യൻ സർവ്വകലാശാലകളിലെ സംഘപരിവാറിന്റെ അജണ്ട എന്തൊക്കെയാണ്? ഓരോ സംസ്ഥാനത്തെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിടിച്ചെടുത്ത് അതിനുള്ളിൽ തങ്ങളുടെ ദൗത്യം നടപ്പിലാക്കാൻ ശേഷിയുള്ളവരെ നിയമിച്ചതിലൂടെ അപകടകരമായ ഭാവിയിലേയ്ക്ക് രാജ്യത്തെ തള്ളിവിടാൻ ശ്രമിക്കുകയാണ്. രാജ്യസഭാ ടി.വി., ഇന്ത്യൻ ചരിത്ര ഗവേഷണ

കൗൺസിൽ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഐ.സി.എസ്.എസ്.ആർ. (ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച്), നാഷണൽ മ്യൂസിയം എന്നിവയിലെ നിയമനങ്ങളൊക്കെ അതിലുൾപ്പെടും. ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിൽ ഇറക്കിയ സ്വാതന്ത്ര്യസമരത്തിന്റെ രക്തസാക്ഷികളെ സംബന്ധിച്ച പുസ്തകത്തിൽനിന്നും മലബാർ കലാപത്തിലെ പോരാളികളുടെ പേര് ഒഴിവാക്കിയത് ഇതിന്റെ ഭാഗമാണ്. മുസ്ലീംലീഗ് അതുസംബന്ധിച്ച് പരാമർശിക്കുമെന്നാണ് കരുതിയത്, പക്ഷേ അതുണ്ടായില്ല. ജാലിയൻവാലാബാഗ് സമരകേന്ദ്രം മോടി പിടിപ്പിക്കുന്നതിന്റെ പേരിൽ ചരിത്ര സ്മാരകമെന്ന സ്വഭാവം ഒരു വിനോദസഞ്ചാര കേന്ദ്രത്തിന്റെ രൂപത്തിലേയ്ക്ക് മാറ്റി, കൊളോണിയൽ വിരുദ്ധ സമരത്തിന്റെ എല്ലാ ഓർമ്മകളും തുടച്ചുനീക്കാൻ ഈ സമരത്തിൽ യാതൊരു പങ്കുമില്ലാത്ത സംഘപരിവാർ ശ്രമിക്കുന്നു. ഇതേ സമീപനം രാജ്യത്തെ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നു. സക്രിയവും ജനാധിപത്യപരവുമായ പ്രക്രിയയിലൂടെയാണ് ഇന്ത്യൻ സർവ്വകലാശാലകളും കലാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറിയത്. എല്ലാ സ്ഥാപനങ്ങളും കാലങ്ങളായി രൂപപ്പെടുത്തിയെടുത്ത അക്കാദമിക സ്വഭാവവും ചട്ടക്കൂട്ടുകളും ഇതിന്റെ പ്രത്യേകതകളാണ്.

ഇങ്ങനെയാണ് ഇത് സുപ്രധാനവും വ്യത്യസ്തവുമാകുന്നത്. ഇത്തരം സ്ഥാപനങ്ങളെ തകിടംമറിക്കുകയെന്ന ലക്ഷ്യത്തോടെ ഈ പ്രക്രിയയുമായി യാതൊരു ബന്ധവുമില്ലാത്ത സംഘപരിവാർ പ്രചാരകരെയും സഹയാത്രികരെയും ഇവിടങ്ങളിൽ നിയമിച്ച് ഹിന്ദുത്വരാഷ്ട്രീയം നേടിയെടുക്കാൻ ശ്രമിക്കുന്നുവെന്ന വസ്തുത വിസ്മരിച്ചുകൂടാ. ഈ നിലയിൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലാണ് അവർ ആദ്യം അട്ടിമറി ശ്രമം നടത്തിയത്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാനായി ഗജേന്ദ്ര ചൗഹാനെന്ന കടുത്ത സംഘ പരിവാറുകാരനെ നിയമിച്ചു. ഇയാളെത്തന്നെ ഹരിയാന സർക്കാർ Pandit Lakhmi Chand State University of Performing and Visual Arts-ന്റെ വൈസ്-ചാൻസലറായി നിയമിച്ചു. ഹരിയാനയിലെ ബി.ജെ.പി. സർക്കാർ ഉന്നതവിദ്യാഭ്യാസ കൗൺസിൽ അധ്യക്ഷനായി നിയമിച്ചത് ആർ.എസ്.എസ്. പ്രചാരകനായ പ്രൊഫ. ബ്രിജ് കിഷോർ കുതിയാലയെയാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. ഇന്ത്യയിലെ ഏറ്റവും വലുതും ലോകപ്രശസ്തവുമായ സർവ്വകലാശാലയാണ് ജെ.എൻ.യു. (ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി). റോമില ഥാപ്പറും ബിപിൻ ചന്ദ്രയും കെ.എൻ. പണിക്കരും ഉത്സ പട്നായിക്കും ഗോപാൽ ഗുരുവും സുഖദോ തൊറാട്ടും ജി. കെ. ദേശ് പാണ്ഡെയും മൃദുലാ മുഖർജിയും മത്യാസ് സാമുവേൽ സൗന്ദ്ര

പാണ്ഡ്യനുമുൾപ്പെടെ ലോകം ആരാധിക്കുന്ന അക്കാദമിക് പണ്ഡിതൻമാരുടെ സംഭാവനകളാൽ ഏറ്റവും ഉന്നതിയിലെത്തിയ ജെ.എൻ.യു.-നെ തകർക്കാൻ വൈസ്-ചാൻസലറായി ആർ.എസ്.എസ്. റിക്രൂട്ട് ചെയ്ത പ്രൊഫ. എം. ജഗദീഷ് കുമാർ എന്നയാൾ എല്ലാ ചട്ടങ്ങളും നിയമങ്ങളും കാറ്റിൽപ്പറത്തി അവിടെ നിയമനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ആരെങ്കിലും അതിനെതിരെ പ്രതികരിച്ചോ?

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം. ഇനിയും മൂന്ന് ബില്ലുകൾ ചർച്ചയ്ക്കെടുക്കാനുണ്ട്. അതുകൊണ്ടാണ് അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബില്ലിൻമേലുള്ള ചർച്ചയിൽ അങ്ങ് ഇങ്ങനെ ഇടപെടരുത്. പ്രൊഫ. എം. ജഗദീഷ് കുമാറിനെ പിന്നീട് യു.ജി.സി. ചെയർമാനായി നിയമിച്ചു. ഇന്ന് യു.ജി.സി. ഇന്ത്യാ രാജ്യത്ത് നടപ്പാക്കുന്ന പല കാര്യങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ചതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഇതൊക്കെ നിയമസഭയും കേരളവും അറിയേണ്ട കാര്യങ്ങളാണ്. ഒരു രാജ്യം, ഒരു സംസ്കാരം, ഒരു ഭാഷ, ഒരു മതം എന്ന ആർ.എസ്.എസ്. അജണ്ടയുടെ ഭാഗമായി അദ്ദേഹം പറയുന്നത് ഒരു രാജ്യം, ഒരു പരീക്ഷ, ഒരു പാഠ്യപദ്ധതി എന്നാണ്. ആ

ലക്ഷ്യം നിറവേറ്റാനാണ് യു.ജി.സി. ചെയർമാനെന്ന നിലയിൽ ഞാൻ ഈ ചുമതലയേറ്റിരിക്കുന്നതെന്ന് പറയുന്ന ഒരു രാജ്യത്താണ് യാതൊരു അഭിപ്രായവുമില്ലാതെ നിങ്ങൾ മിണ്ടാതിരുന്നത്. ഇത്രയും കാര്യങ്ങൾ ഇവിടെ പ്രതിപാദിച്ചപ്പോഴും ഒരു വാക്ക് മിണ്ടാതെ പോയതിലുള്ള സങ്കടം കൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. ഈ അവസ്ഥ ഛത്തീസ്ഗഢിലുമുണ്ടായി, അവിടെയും അനസൂയ യുക്കേ എന്ന ഗവർണറെ ഉപയോഗപ്പെടുത്തിക്കൊണ്ട് സർവ്വകലാശാലകൾ പിടിക്കാൻ ശ്രമിക്കുന്നു. റായ്പൂരിൽ സ്ഥിതിചെയ്യുന്ന കുശാഭൗ താക്കറെ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലറായി നിയമിച്ചത് ആർ.എസ്.എസ്. മാസികയായ പാഞ്ചജന്യത്തിന്റെ എഡിറ്ററായിരുന്ന ബൽദേവ് ശർമ്മയെയാണ്, അവിടെയും യൂണിവേഴ്സിറ്റിയെ പിടിച്ചെടുക്കാനും അട്ടിമറി നടത്താനും ശ്രമിക്കുന്നു. 2014-ൽ പ്രജ്ഞ പ്രവാഹ് എന്ന ആർ.എസ്.എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിയ യോഗത്തിൽ ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ വ്യക്തിത്വങ്ങളും 51 വൈസ്-ചാൻസലർമാരും 700-ഓളം അദ്ധ്യാപകരും ആർ.എസ്.എസ്.-ന്റെ നേതൃനിരയിലെ പ്രധാനപ്പെട്ടവരും പങ്കെടുത്തു. ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ കാവിവത്കരണത്തിന് അനുകൂലമായ വിദ്യാഭ്യാസനയം

നടപ്പിലാക്കണമെന്ന തീരുമാനമെടുത്തുകൊണ്ടാണ് ഈ സംഘടനയുടെ സമ്മേളനം അവസാനിച്ചത്. അതിന്റെ ഭാഗമായി ഒരു പുതിയ ദേശീയ വിദ്യാഭ്യാസനയം നിലവിൽ വന്നിട്ടുണ്ട്. സർവ്വകലാശാലകൾ പിടിച്ചെടുക്കാനുള്ള ആർ.എസ്.എസ്. പദ്ധതി കൂടുതൽ എളുപ്പമാക്കുന്നതാണ് പുതിയ വിദ്യാഭ്യാസനയം. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ തുടങ്ങിയവയെല്ലാം അവസാനിക്കാൻ പോകുന്നു. ഈ നയം ഗുജറാത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഞാൻ ഏറ്റവും ബഹുമാനിക്കുന്ന എന്റെ പ്രിയസുഹൃത്ത് ശ്രീ. രമേശ് ചെന്നിത്തല ഗുജറാത്തിൽ കോൺഗ്രസ് ചുമതലപ്പെടുത്തിയതുപ്രകാരം തെരഞ്ഞെടുപ്പ് ചുമതലക്കാരനായി പോയല്ലോ, ഇക്കാര്യം എന്തെങ്കിലും അങ്ങ് അറിഞ്ഞിരുന്നോ? ഗുജറാത്തിലെ സർവ്വകലാശാലകളിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ വേദികളും ശ്രീ. നരേന്ദ്ര മോദിയുടെ പാർട്ടി പിരിച്ചുവിട്ടു. ഇനി പോകുമ്പോഴെങ്കിലും ഇക്കാര്യം അന്വേഷിക്കണം. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് ഗുജറാത്ത് സർവ്വകലാശാലകളിലെ ഇത്തരം വേദികൾ പിരിച്ചുവിട്ടത്. അവിടെ രൂപീകരിക്കപ്പെട്ട ഗവേണിംഗ് കൗൺസിലാണ് ഇപ്പോൾ തീരുമാനമെടുക്കുന്നത്. പ്രസ്തുത ഗവേണിംഗ് കൗൺസിലിൽ സംഘപരിവാർ

പറയുന്നത് കേൾക്കുന്നവർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ശ്രീ. നരേന്ദ്ര മോദിയെ ദൈവത്തിന്റെ പുനർജ്ജനിയെന്ന് വിശേഷിപ്പിച്ച ലോകേശ് ചന്ദ്രയെയാണ് ഇന്ത്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസ് (ICCR)-ന്റെ തലപ്പത്ത് പ്രതിഷ്ഠിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ നമ്മുടെ രാജ്യത്ത് കടുത്ത എതിർപ്പ് വളർന്നുവരുന്നുണ്ടെങ്കിലും അതൊന്നുംതന്നെ ഗൗനിക്കാതെ സംഘപരിവാർ ഉന്നത വിദ്യാഭ്യാസ മേഖലയും വിദ്യാഭ്യാസ മേഖലയും കൈവശപ്പെടുത്തിക്കൊണ്ട് കാവിവത്കരണം നടപ്പിലാക്കാൻ ശ്രമിക്കുന്നു. കേരളത്തിലെ സർവ്വകലാശാലകളെ, ഉന്നത വിദ്യാഭ്യാസ മേഖലയെ ഇത്തരത്തിൽ കൈവശപ്പെടുത്താൻ അജണ്ടയുമായി മുന്നോട്ടുവരുന്ന രീതിയെ എതിർക്കാൻ യു.ഡി.എഫ്-ന് ധൈര്യമുണ്ടോ? ഈ ഒരു രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെയും മുസ്ലീംലീഗിന്റെയും നിലപാടെന്താണെന്ന് വ്യക്തമാക്കാൻ പ്രതിപക്ഷം ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഉന്നതവിദ്യാഭ്യാസ മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ പോകുകയാണ്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കിമാറ്റാൻ പോകുകയാണ്.

ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള വിദ്യാർത്ഥികൾക്കുവേണ്ടി 1500 ഹോസ്റ്റൽ മുറികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ഐ.ടി.-കൾ എന്നിവയോട് ചേർന്ന് വ്യവസായ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ടിരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജ് വികസനത്തിന് 38 കോടി രൂപ, പോളിടെക്നിക്കിന് 42 കോടി രൂപ, ഐ.എച്ച്.ആർ.ഡി.ക്ക് 23 കോടി രൂപ, നൈപുണ്യ വികസനത്തിന് 140 കോടി രൂപ എന്നിങ്ങനെ വകയിരുത്തി. കഴക്കൂട്ടത്തും കളമശ്ശേരിയിലും സ്ഥിതിചെയ്യുന്ന അസാപ് സ്കിൽ പാർക്കിൽ ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി ലാബുകൾ സ്ഥാപിക്കുന്നതിന് 35 കോടി രൂപ, സ്റ്റാർട്ടപ്, ഇൻക്യൂബേഷൻ സെന്ററുകൾക്കായി 200 കോടി രൂപ, ഇ-ജേണൽ കൺസോർഷ്യത്തിന് 20 കോടി രൂപ എന്നിങ്ങനെ വകയിരുത്തി. ലോക കേരള സഭയിൽ ഉയർന്നുവന്ന ആവശ്യമായ പ്രവാസികളുടെ വൈജ്ഞാനിക സമ്പത്ത് പ്രയോജനപ്പെടുത്തുന്നതിനായി ബ്രെയിൻ ഗെയിൻ പദ്ധതി, സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സ്റ്റേറ്റ് അസ്സസ്മെന്റ് അക്രെഡിറ്റേഷൻ സെന്റർ എന്നിവ യാഥാർത്ഥ്യമാക്കുകയും വിജ്ഞാന വിതരണത്തോടൊപ്പം സാമൂഹ്യബോധങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ബദൽ നയങ്ങൾ

കൊണ്ടുവരികയും ചെയ്തു. ഇത്തരത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ആറ് വർഷംകൊണ്ട് 23000 കോടി രൂപ ചെലവഴിച്ചിരിക്കുകയാണ്. ലോകത്തോടൊപ്പം കേരളവും സഞ്ചരിക്കുകയാണ്. ഇതൊന്നും പറഞ്ഞാൽ നിങ്ങൾക്ക് സഹിക്കില്ല. ഞാൻ കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് മെമ്പറായിരുന്ന കാലത്ത് കാര്യവട്ടം ക്യാംപസിന് രണ്ട് കെട്ടിടംപോലുമുണ്ടായിരുന്നില്ല. കഴിഞ്ഞ 6 വർഷംകൊണ്ട് കാര്യവട്ടം ക്യാംപസിൽ വന്ന മാറ്റങ്ങൾ നിങ്ങൾ കാണേണ്ടതാണ്. ഗവേഷണ കേന്ദ്രം എങ്ങനെയായിരിക്കണമെന്ന് കാര്യവട്ടം ക്യാംപസ് കാട്ടിത്തരുന്നു. ഇവിടെ നടന്ന ചർച്ചയിൽ പ്രതിപക്ഷാംഗങ്ങൾ സർവ്വകലാശാലകളുടെ റാങ്കിംഗിനെക്കുറിച്ച് സൂചിപ്പിച്ചു, കേരള സർവ്വകലാശാല NIRF (National Institutional Ranking Framework) റാങ്കിംഗിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും NAAC (National Assessment and Accreditation Council)-ന്റെ 'എ' പ്ലസ് ഗ്രേഡ് ലഭിച്ചുവെന്നുമുള്ള വാർത്തകൾ പത്രത്തിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. സംസ്കൃത സർവ്വകലാശാലയും ഇതേ നേട്ടം കൈവരിച്ചു.

ചെയർപേഴ്സൺ: സ്വാഭാവികമായും ധാരാളം വിഷയങ്ങൾ ഇതുസംബന്ധിച്ച് പറയാനുണ്ടാകും, ഇപ്പോൾത്തന്നെ 25 മിനിട്ട് സംസാരിച്ചു.

ഇതുതന്നെ ബാക്കി അംഗങ്ങളും അനുകരിക്കുമെന്നതിനാൽ ദയവുചെയ്ത് അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. സജി. ചെറിയാൻ</u>: സർ, ഡിജിറ്റൽ സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നിവയെല്ലാം തുടങ്ങിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. ഇത്തരത്തിൽ എല്ലാ അർത്ഥത്തിലും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല വളരെ നന്നായി മുമ്പോട്ടുപോകുന്നു. കഴിഞ്ഞ 6 വർഷംകൊണ്ട് 10.5 ലക്ഷം കുട്ടികൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വന്നത് ലോകത്തോടൊപ്പം കേരളം സഞ്ചരിക്കുന്നുവെന്നതിന്റെ തെളിവാണ്. അക്കാര്യം പ്രതിപക്ഷം അംഗീകരിക്കാത്തത് എന്തുകൊണ്ടാണ്; നമ്മുടെ വിദ്യാഭ്യാസ മേഖലയെ തകർക്കണമെന്നും ഇവിടെയെല്ലാമുള്ള ഉന്നതമായ സ്ഥാനങ്ങളിൽ സംഘപരിവാറിന്റെ ആളുകളെ കൊണ്ടുവരണമെന്നുമാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? യു.ഡി.എഫ്. ഭരണകാലത്ത് നമ്മുടെ സംസ്ഥാനത്ത് ഇത്തരം സ്ഥാനങ്ങളിൽ ആരെയൊക്കെ നിയമിച്ചുവെന്ന കാര്യം ഞാൻ വിശദീകരിക്കുന്നില്ല. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും അതിപ്രഗത്ഭരെയാണ് ഇടതുപക്ഷം കൊണ്ടുവന്നത്. പത്മഭൂഷൺ ബഹുമതി നേടിയ അതിപ്രശസ്ത ഭരതനാട്യം

നർത്തകിയായിരുന്ന മൃണാളിനി സാരാഭായി അന്തരിച്ചപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അന്ത്യോപചാരം അർപ്പിച്ചില്ല. ഗുജറാത്തിലെ വംശഹത്യയുടെ നാളുകളിൽ ധീരതയോടെ അതിനെതിരെ പ്രതികരിച്ചുവെന്നതുകൊണ്ടാണ് ബി.ജെ.പി. ഗവൺമെന്റ് ആ ധീരനർത്തകിക്ക് അന്ത്യോപചാരം അർപ്പിക്കാൻപോലും തയ്യാറാകാതിരുന്നത്. എന്നാൽ സമുജ്ജ്വലമായ ഒരു അന്ത്യോപചാരം അവിടെ അർപ്പിക്കപ്പെട്ടു. ധീരയായ ആ അമ്മയുടെ വഴിയിലൂടെ മുമ്പോട്ടുനടന്ന മകളും ആത്മാഭിമാനത്തിന്റെ ആൾരൂപവുമായ ശ്രീമതി മല്ലികാ സാരാഭായി ആ നിശ്ചല ശരീരത്തിനുമുമ്പിൽ നൃത്തംചെയ്തു. അവർ ഇപ്പോൾ കലാമണ്ഡലത്തിന്റെ ചാൻസലറായി നിയമിതയായി. ഇത് ഇടതുപക്ഷത്തിന്റെ മതേതര രാഷ്ട്രീയ പ്രഖ്യാപനമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുമാത്രമല്ല, ശ്രീമതി ശബാനാ ആസ്മിക്കും ശ്രീമതി നഫീസ അലിക്കുമൊപ്പം ഭരണകൂടത്തിന്റെ ക്രൂരതയ്ക്കെതിരെ ധീരതയോടെ നിവർന്നു സംസാരിച്ച ശ്രീമതി മല്ലികാ സാരാഭായി എന്ന പോരാളിയായ നർത്തകിയെയാണ് കലാമണ്ഡലത്തിന്റെ പരമോന്നത പദവിയിൽ നിയമിച്ചത്. ഒരു ജനത എന്തായിരിക്കണമെന്ന് തീരുമാനിക്കുന്നതിൽ പങ്കുവഹിക്കുന്ന വിദ്യാഭ്യാസ മേഖല

എങ്ങനെയായിരിക്കണമെന്ന് ഇതിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇവിടെ ചൂണ്ടിക്കാണിക്കുന്നു. നിങ്ങൾ പറഞ്ഞതുപോലെ അണ്ടനും അടകോടനുമൊന്നും കേരളത്തിലെ സർവ്വകലാശാലകളുടെ ചാൻസലർ പദവിയിലേയ്ക്ക് വരില്ല, മറിച്ച് ഇതേപോലുള്ള മഹത് വ്യക്തിത്വങ്ങൾ വരും എന്നുപ്രഖ്യാപിക്കാനാണ് ഈ നിയമ ഭേദഗതി കൊണ്ടുവരുന്നത്. അതിനെ നിങ്ങളും ഐകകണ്ഠ്യേന പിന്തുണയ്ക്കുമെന്ന പ്രതീക്ഷയോടെ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം കുറച്ചധികം സമയം പ്രസംഗിക്കാനെടുത്തിട്ടുണ്ട്, തുടർന്ന് പ്രസംഗിക്കുന്നവർ അത് അനുകരിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (മൂന്നാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ സർവ്വകലാശാലകളുടെ ചാൻസലർ പദവിയിലേയ്ക്ക് ഏറ്റവും യോഗ്യതയുള്ളവരെയും വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ളവരെയും സർവ്വകലാശാലകളെ നന്നായി

നയിക്കാൻ കഴിയുന്നവരെയും തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തുക എന്ന പ്രധാനപ്പെട്ട ദൗത്യമാണ് ഈ ബില്ലിന്റെ ഭാഗമായി വരുന്നത്. നിലവിൽ സംസ്ഥാന ഗവർണറാണ് സർവ്വകലാശാലകളുടെ ചാൻസലർ പദവിയിലുള്ളത്. അത് ഭരണഘടനാ പദവിയല്ല, നിയമസഭ നിയമംമൂലം നൽകിയ പദവിയാണ്. സ്വാതന്ത്ര്യം ലഭിച്ച് വർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ ഒറ്റപ്പെട്ട സംഭവങ്ങൾക്കപ്പുറത്ത് പല യൂണിവേഴ്സിറ്റികളും നന്നായി പ്രവർത്തിച്ചിരുന്നു. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ യൂണിവേഴ്സിറ്റികളിലെല്ലാം ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല പൊതുവിദ്യാഭ്യാസ രംഗത്തും ആർ.എസ്.എസ്-ഉം സംഘപരിവാറും കൃത്യമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഗവർണർമാരെ ഉപയോഗിച്ച് പലപ്പോഴും ഗവൺമെന്റുകളെ അട്ടിമറിക്കുന്ന സാഹചര്യവുമുണ്ടാകാറുണ്ട്. ഓരോ യൂണിവേഴ്സിറ്റിക്കും പ്രത്യേകം സ്വഭാവങ്ങളുണ്ട്. യൂണിവേഴ്സിറ്റികളുടെ അക്കാദമിക സ്വഭാവങ്ങൾ ഇല്ലാതാക്കികൊണ്ട് അതിനെ ഏകീകൃത രൂപമാക്കുകയും സംഘപരിവാർ അജണ്ടയ്ക്കനുസരിച്ചുള്ള പാഠ്യപദ്ധതികൾക്കും റിസർച്ചുകൾക്കുമുള്ള സംവിധാനങ്ങളാക്കി മാറ്റുകയും ചെയ്യുന്ന ബോധപൂർവ്വമായ ശ്രമം നടക്കുകയാണ്. ഈ നിയമ ഭേദഗതി വെറുതെ

കൊണ്ടുവരുന്നതല്ല. ചാൻസലർ സ്ഥാനത്തിരിക്കുന്ന വ്യക്തി യൂണിവേഴ്സിറ്റിക്ക് പ്രയോജനം ചെയ്യുന്ന ആളായിരിക്കണമെന്നതിൽ യാതൊരു സംശയവുമില്ല. നിലവിലെ ഗവർണറെ വ്യക്തിപരമായി യാതൊന്നും വിമർശിക്കുന്നില്ല. പക്ഷേ സമീപകാലത്തായി നമ്മുടെ യൂണിവേഴ്സിറ്റികളുടെ ദൈനംദിന പ്രവർത്തനങ്ങളിൽപോലും അദ്ദേഹം ഇടപെടുന്ന സാഹചര്യം നമ്മൾ കണ്ടതാണ്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കും പുരോഗതിക്കും ആവശ്യമായ കാര്യങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള ഫയലുകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന അവസ്ഥയാണിന്നുള്ളത്. ഇതാണ് നിലവിലുള്ള ചാൻസലർ യൂണിവേഴ്സിറ്റിക്ക് നൽകുന്ന സംഭാവനകൾ. നമ്മുടെ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും ഇനി പഠിക്കാനിരിക്കുന്ന വിദ്യാർത്ഥികളെയും അവിടെ നടക്കുന്ന ഗവേഷണങ്ങളെയും ബോധപൂർവ്വം തകർക്കാനുതകുന്ന രീതിയിൽ ഫയലുകൾ പെൻഡിംഗ് ആകുകയാണ്. കണ്ണൂർ സർവ്വകലാശാലയിലെ 26 ഫയലുകളാണ് ചാൻസലറുടെ തീരുമാനത്തിനുവേണ്ടി പെൻഡിംഗ് ആയിട്ടുള്ളത്. കാലിക്കറ്റ് സർവ്വകലാശാലയിലെ 15, എം.ജി. സർവ്വകലാശാലയിലെ 5, കേരള സർവ്വകലാശാലയിലെ 25, സംസ്കൃത സർവ്വകലാശാലയിലെ 1 എന്നിങ്ങനെ ഫയലുകൾ കെട്ടിക്കിടക്കുകയാണ്.

ഏറ്റവും മികച്ച നിലയിൽ അക്കാദമികമായി മുന്നോട്ടുപോകുന്ന യൂണിവേഴ്സിറ്റികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സർവ്വകലാശാലയ്ക്ക് അഞ്ച് കോടി രൂപയും സ്പെഷ്യലൈസ്ഡ് സർവ്വകലാശാലയ്ക്ക് ഒരു കോടി രൂപയും നൽകുന്നതാണ് ചാൻസലേഴ്സ് അവാർഡ്. മുൻ ഗവർണർ തുടങ്ങിവച്ച പദ്ധതിയാണത്. എന്നാൽ ഇതുവരെയും അർഹരെ കണ്ടെത്താതെ അത് ലാപ്സാകുന്ന സാഹചര്യമുണ്ടായി. ഇതിനുശേഷമാണ് വി.സി. നിയമനങ്ങൾ സംബന്ധിച്ച പ്രശ്നമുണ്ടായത്. ഇവിടെ മാത്രമല്ല, മറ്റ് പല സംസ്ഥാനങ്ങളിലും വി.സി. നിയമനങ്ങളിൽ ഗവൺമെന്റ് ഇടപെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ആർ.എസ്.എസ്.-ന്റെയോ അല്ലെങ്കിൽ അത്തരത്തിലുള്ള ഐഡിയോളജി നടപ്പിലാക്കുകയോ ചെയ്യുന്ന ആളുകളെ യൂണിവേഴ്സിറ്റി വൈസ്-ചാൻസലറായി നിയമിക്കുകയെന്നത് ഒരു യജ്ഞമായി ഏറ്റെടുത്തിരിക്കുകയാണ്. ജെ.എൻ.യു.-ന്റെ കാര്യം പറഞ്ഞു, ജെ.എൻ.യു.-ലെ വി.സി.യെ മാറ്റിക്കൊണ്ട് അതിന്റെ സംസ്കാരംതന്നെ ഇല്ലാതെയാക്കാനുള്ള ശ്രമം നടന്നു. ക്വാളിഫിക്കേഷനും എക്സ്പീരിയൻസും പരിഗണിക്കാതെയാണ് അവിടെ അദ്ധ്യാപകരെ നിയമിക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തിന്റെ ഐഡിയോളജി നടപ്പിലാക്കുന്നതിനുള്ള റിക്രൂട്ട്മെന്റുകളാണ് യൂണിവേഴ്സിറ്റികളിൽ നടക്കുന്നത്. വിദ്യാർത്ഥികൾക്ക്

സ്വതന്ത്രമായി ചിന്തിക്കാനും നല്ല അക്കാദമിക അന്തരീക്ഷവുമുണ്ടായിരുന്ന, വളരെ വൈബ്രന്റായ ജെ.എൻ.യു. അടക്കമുള്ള നിരവധി ക്യാമ്പസുകളിൽപോലും ഇടപെട്ട് വിദ്യാർത്ഥികളെ രാജ്യദ്രോഹികളാക്കുകയും രോഹിത് വെമുല അടക്കമുള്ള വിദ്യാർത്ഥികളുടെ ജീവൻപോലും ഇല്ലാതാക്കുന്ന തരത്തിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. ഐ.സി.എച്ച്.ആർ.-നെക്കുറിച്ച് ഇവിടെ പറഞ്ഞു. ചരിത്രംതന്നെ തിരുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ഏറ്റവും പ്രധാനപ്പെട്ട ചരിത്രകാരൻമാരെയെല്ലാം പുസ്തകത്തിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. മലബാർ കലാപത്തിൽ പങ്കെടുത്ത് രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച 380-ഓളം ആളുകളെ അതിൽനിന്ന് ഒഴിവാക്കാനുള്ള ശ്രമം നടത്തി. ഇങ്ങനെ ഓരോ സ്ഥലങ്ങളിലെയും ചരിത്രത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. സയൻസിന് പകരം മിത്ത് എന്ന നിലയിൽ കാര്യങ്ങൾ പോകുകയാണ്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജെ.എൻ.യു. സർവ്വകലാശാലയിൽ വി.സി. ആയിരുന്ന പ്രൊഫ. എം. ജഗദീഷ് കുമാറിനെയാണ് ഇപ്പോൾ യു.ജി.സി. ചെയർമാനായി നിശ്ചയിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഒരു സംഘപരിവാർ

അജണ്ട നടപ്പിലാക്കാനുള്ള ആസൂത്രിതമായ നീക്കമാണ് ഗവർണർമാരെ ഉപയോഗിച്ച് ചെയ്യുന്നതെന്ന കാര്യം അങ്ങേയ്ക്ക് മനസ്സിലാകുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തീർച്ചയായും മനസ്സിലാകുന്നുണ്ട്. ജെ.എൻ.യു. പോലെയുള്ള കാമ്പസിന്റെ എൻവയോൺമെന്റ് തകർക്കാൻ ശ്രമിക്കുകയും പഴയ രൂപത്തിലേയ്ക്ക് തിരിച്ചുവരാൻ സാധിക്കാത്ത വിധത്തിലേയ്ക്ക് അതിന്റെ സാഹചര്യത്തെ മാറ്റാൻ മുന്നിൽ നിൽക്കുകയും വിദ്യാർത്ഥികളെ രാജ്യദ്രോഹികളാക്കി ആക്രമിച്ച് ജയിലിലാക്കാൻ കൂട്ടുനിൽക്കുകയും ചെയ്ത ആളിനെ റിവാർഡ് പോലെയാണ് യു.ജി.സി.-യുടെ തലപ്പത്തേയ്ക്ക് കൊണ്ടുവന്നത്. ഇന്ന് ആ യു.ജി.സി. എടുക്കുന്ന തീരുമാനത്തിനനുസരിച്ച് നമ്മുടെ രാജ്യത്തെ യൂണിവേഴ്സിറ്റികളും സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള യൂണിവേഴ്സിറ്റികൾപോലും പ്രവർത്തിക്കണമെന്ന് പറയുമ്പോൾ അതിന്റെ പുറകിലെ അജണ്ട മനസ്സിലാകും. ജെ.എൻ.യു.-ലെ വി.സി.-യുടെ കാര്യം മാത്രമല്ല, ഒരു സീരിയൽ നടനായിരുന്ന ഗജേന്ദ്ര ചൗഹാനെ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാനാക്കി. അതിനെതിരെ അവിടെ വലിയ സമരം നടക്കുകയും അദ്ദേഹത്തെ ഹരിയാനയിലെ ഒരു യൂണിവേഴ്സിറ്റിയുടെ വി.സി. ആയി നിയമിക്കുകയും ചെയ്തു. ഇതുപോലെതന്നെ യൂണിവേഴ്സിറ്റികളെ മുഴുവൻ

നിയന്ത്രിച്ചിരുന്ന പശ്ചിമബംഗാൾ ഗവർണറും മുഖ്യമന്ത്രിയുമായി വലിയ പ്രശ്നങ്ങളുണ്ടായിരുന്നു. അദ്ദേഹത്തെയാണ് രാജ്യത്തിന്റെ ഉപരാഷ്ട്രപതിയായി പിന്നീട് നിയമിച്ചത്. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ രോഹിത് വെമുലയ്ക്ക് സംഭവിച്ചതെന്താണെന്ന് നമുക്കറിയാം. ആ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി വി.സി.ക്ക് മില്ലെനിയം അവാർഡ് കൊടുത്ത് ഏറ്റവും നല്ല സാഹചര്യത്തിലേയ്ക്ക് കൊണ്ടുവന്നു. നമ്മുടെ യൂണിവേഴ്സിറ്റികളെയും വിദ്യാഭ്യാസത്തെയും തകർക്കുകയും സംഘപരിവാർ അജണ്ട നടപ്പിലാക്കുകയും ചെയ്യുന്നവർക്ക് പ്രത്യേകമായ റിവാർഡ് കൊടുക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. തീർച്ചയായും കേരളത്തിലും ഈ റിവാർഡുകൾ പ്രതീക്ഷിച്ചായിരിക്കും ഇത്തരം മാറ്റങ്ങൾ കൊണ്ടുവരുന്നത് എന്നതിൽ യാതൊരു സംശയവുമില്ല.

ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റുന്ന ആദ്യത്തെ സംസ്ഥാനമൊന്നുമല്ല കേരളം. 2013-ൽ ശ്രീ. നരേന്ദ്ര മോദിയാണ് ഇതിന് തുടക്കമിട്ടത്. അന്ന് യു.പി.എ. ഗവൺമെന്റ് നിയമിച്ച ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് ഒഴിവാക്കി, സർക്കാരിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബിൽ കൊണ്ടുവന്നപ്പോൾ അന്നത്തെ ഗവർണർ അത് നിരസിച്ചു. ശ്രീ. നരേന്ദ്ര മോദി ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. പിന്നീട് അദ്ദേഹം

പ്രധാനമന്ത്രി ആയതിനുശേഷം നിയമിച്ച പുതിയ ഗവർണർ പ്രസ്തുത ബിൽ ഒപ്പുവച്ചു. പശ്ചിമബംഗാളിലെ കാര്യം നമുക്കറിയാം; ജൂൺ മാസത്തിൽ ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റുകയും മുഖ്യമന്ത്രി ചാൻസലർ ആകുന്ന രീതിയിൽ ബിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ ആ ബിൽ തിരിച്ചയയ്ക്കുന്നതടക്കമുള്ള കാര്യങ്ങളുണ്ടായി. അതിനുശേഷം അവിടെയുണ്ടായ പ്രശ്നങ്ങളെ തുടർന്നാണ് ഉപരാഷ്ട്രപതിയായി അദ്ദേഹത്തെ നിയമിച്ചത്. തമിഴ്നാട്ടിൽ വി.സി.-യെ തെരഞ്ഞെടുക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തുന്ന രണ്ട് ബില്ലുകൾ ഏപ്രിൽ മാസത്തിൽ പാസ്സാക്കി. അവിടെ ചാൻസലറുടെ പവർ ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തത്. ഇവിടെ പ്രതിപക്ഷനേതാവ് അടക്കമുള്ളവർ ഘോരഘോരം പ്രസംഗിക്കുന്നത് ഈ നിയമം പാസ്സാക്കുന്നത് ഇഷ്ടക്കാരെ നിയമിക്കുന്നതിനാണെന്നും ഇക്കാര്യത്തിൽ ഗവൺമെന്റ് അമിതമായി ഇടപെടുന്നുവെന്നുമൊക്കെയാണ്. തമിഴ്നാട്ടിൽ ഗവൺമെന്റിന്റെ കൂടെതന്നെയാണ് കോൺഗ്രസ്. എന്തുകൊണ്ടാണ് അവിടെ കോൺഗ്രസിന് അങ്ങനെയുള്ള അഭിപ്രായമില്ലാത്തത്? വാളയാർ ചുരം കഴിയുമ്പോൾ മറ്റൊരു അഭിപ്രായത്തിലേയ്ക്ക് പോകുകയാണ്. ഇതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ അധഃപതനം. അവസരവാദ രാഷ്ട്രീയം

തുടർച്ചയായി സ്വീകരിച്ച് രാജ്യത്ത് ഒരു പ്രതിപക്ഷമില്ലാത്ത സാഹചര്യത്തിലേയ്ക്ക് പോയി. മഹാരാഷ്ട്രയിൽ വൈസ്-ചാൻസലറെ നിയമിക്കാനുള്ള ഗവർണറുടെ അധികാരം എടുത്തുകളഞ്ഞുകൊണ്ട് നിയമഭേദഗതി കൊണ്ടുവന്നു; കോൺഗ്രസ്സുകൂടി ഭാഗമായ ഒരു ഗവൺമെന്റല്ലേ അതിന് തീരുമാനമെടുത്തത്? സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന ആളെമാത്രമേ നിയമിക്കാൻ പാടുള്ളൂവെന്ന രീതിയാണ് അന്ന് സ്വീകരിച്ചത്. ആ സർക്കാരിനെ എങ്ങനെയാണ് മറിച്ചിട്ടതെന്ന് നമുക്കറിയാം. ഇപ്പോൾ ശ്രീ. ഏക്നാഥ് ഷിൻഡേയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അത് പിൻവലിച്ചു. ഛത്തീസ്ഗഢിലും രാജസ്ഥാനിലും ഇതേരീതിയിലുള്ള ശ്രമങ്ങൾ നടന്നു; ഛത്തീസ്ഗഢിൽ വി.സി.-മാരുടെ യോഗം വിളിച്ച് ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിലുള്ള സംവിധാനമുണ്ടാക്കുന്നുവെന്ന തരത്തിലുള്ള വിമർശനം നമ്മൾ കേട്ടതാണ്. അതിനുശേഷം സർവ്വകലാശാലകൾ പിടിച്ചെടുക്കുന്നതിനായി ഏതെല്ലാം വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി. റായ്പൂറിലെ താക്കറെ ജേണലിസം സർവ്വകലാശാലയിലെ വി.സി. ആയി ആർ.എസ്.എസ്.-ന്റെ മുഖപത്രത്തിന്റെ എഡിറ്ററെ നിയമിച്ചതിൽ എന്തെങ്കിലും ചെയ്യാൻ നമുക്ക് സാധിക്കുന്നുണ്ടോ; ഇത്തരത്തിൽ ഗവർണർമാർ ചാൻസലർമാരായി

ഇരിക്കുമ്പോഴും അതിൽ ഇടപെട്ടുകൊണ്ട് യൂണിവേഴ്സിറ്റികളുടെ സ്വഭാവം മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ സംഘപരിവാറിന്റെ ഇടപെടൽ ചെറുതാണോ; എല്ലാ മേഖലയിലും ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ ആശയം പ്രചരിപ്പിക്കാൻവേണ്ടി സിലബസുകളും കരിക്കുലവും മാറ്റുന്നു. രാജ്യത്ത് നാളെ CAA (Citizenship Amendment Act)-യും NRC (National Register of Citizens)-യുമൊക്കെ നടപ്പിലാക്കുമ്പോൾ അതിന് കയ്യടിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുകയാണ്. ചരിത്രത്തെ മറ്റൊരുതരത്തിലേയ്ക്ക് മാറ്റുകയാണ്. മിത്തുകൾ ചരിത്രമായി മാറുകയാണ്. ശാസ്ത്രീയമായ അന്വേഷണങ്ങളെ ഇല്ലാതാക്കുന്നു. യൂണിവേഴ്സിറ്റികളിൽ ഡിസ്കഷൻസിനും ഡിബേറ്റ്സിനുമുള്ള അവസരങ്ങളെ ഇല്ലാതാക്കുക മാത്രമല്ല അലഹബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും ജെ.എൻ.യു.-വിലും ബനാറസ്, ലക്നൗ യൂണിവേഴ്സിറ്റികളിലുമൊക്കെ ഗുണ്ടകളെവിട്ട് വിദ്യാർത്ഥികളെ ആക്രമിക്കുന്ന സാഹചര്യത്തിലേയ്ക്ക് പോകുന്നതും നമ്മൾ കണ്ടതാണ്. കൂടാതെ, യൂണിവേഴ്സിറ്റികൾക്ക് ജവഹർലാൽ നെഹ്റുവിന്റെയും മഹാത്മാഗാന്ധിയുടെയുമൊക്കെ പേര് നൽകിയതിനെ മാറ്റിക്കൊണ്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടില്ലാത്ത,

മാപ്പ് എഴുതിക്കൊടുത്ത ആളുകളുടെയടക്കം പേരുകൾ യൂണിവേഴ്സിറ്റികൾക്ക് നൽകാനുള്ള ശ്രമം നടക്കുന്നു. രാജ്യത്തിന്റെ ദേശീയത നിർമ്മിക്കപ്പെടുന്നത് സ്വാതന്ത്ര്യ സമരത്തിലൂടെയാണ്. അതിന് ഒരു സംഭാവനയും ചെയ്യാത്തവരാണ് രാജ്യത്തിന്റെ ചരിത്രത്തെ വളച്ചൊടിച്ച് അവർക്ക് അനുകൂലമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത്. യൂണിവേഴ്സിറ്റികളിൽ നന്നായി ചിന്തിക്കുന്ന ആളുകൾ അതിനെ ചോദ്യം ചെയ്യും. അപ്രകാരം ചോദ്യം ചെയ്യുന്ന ഒരു തലമുറ ഇല്ലാതിരിക്കാനും യൂണിവേഴ്സിറ്റികളുടെ രൂപം മാറ്റുന്നതിനുമായി അവിടത്തെ വൈസ്-ചാൻസലർ മുതലുള്ള മുഴുവൻ നിയമനങ്ങളും ആ രീതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമം നടക്കുകയാണ്. ഇതിനെ രാഷ്ട്രീയമായി പ്രതിരോധിക്കേണ്ടതുണ്ട്.

ചെയർപേഴ്സൺ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ചുരുക്കാം. നമ്മെയെല്ലാം ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു തീരുമാനമാണ് ഔദ്യോഗിക ഭാഷ സമിതി പാർലമെന്റിൽ സമർപ്പിച്ചത്. Hindi should be the medium of instruction. ഐ.ഐ.റ്റി.-യിലും ഐ.ഐ.എം.-ലും സെൻട്രൽ യൂണിവേഴ്സിറ്റികളിലുമൊക്കെ ഹിന്ദിയായിരിക്കണം മീഡിയം ഓഫ് ഇൻസ്ട്രക്ഷനെന്ന് തീരുമാനിക്കുകയാണ്. അതായത് കമ്മ്യൂണിക്കേഷനും

ടീച്ചിംഗും ഹിന്ദിയിലാക്കണം. ഞാൻ എന്റെ ഒരനുഭവം പറയാം, ഇടക്കാലത്ത് ജെ.എൻ.യു.-ലെ ഹോസ്റ്റലിൽ എല്ലാ കമ്മ്യൂണിക്കേഷനും ഹിന്ദിയിലാക്കാൻ തീരുമാനിച്ചു. അതിനെതിരെ വിദ്യാർത്ഥികളായ ഞങ്ങൾ സമരം ചെയ്ത് ആ തീരുമാനത്തെ മാറ്റി. തീരുമാനമെടുത്തതിനും പിൻവലിച്ചതിനും ഇടയ്ക്കുള്ള കാലയളവിൽ കമ്മ്യൂണിക്കേഷൻ ഹിന്ദിയിലായതിനാൽ ഹോസ്റ്റലിലെ നോട്ടീസ് ബോർഡിൽ മുഴുവൻ ഹിന്ദിയിലുള്ള നോട്ടീസുകളാണ് പതിച്ചിരുന്നത്. സ്കോളർഷിപ്പിനും ഫീസ് ഇളവ് ലഭിക്കുന്നതിനുമെല്ലാമുള്ള നോട്ടീസുകൾ ഹിന്ദിയിലാണ് നൽകിയിരിക്കുന്നത്. സ്വാഭാവികമായും ഞങ്ങൾ അതിനെ തിരിഞ്ഞ് നോക്കുകയില്ല. നമുക്ക് ഹിന്ദി സംസാരിക്കാൻ അറിയാം. ചെറിയ രീതിയിൽ വായിച്ച് മനസ്സിലാക്കാനും സാധിക്കും. എന്നാൽ ഹിന്ദിയിലെ വലിയ നോട്ടീസുകൾ വായിച്ച് മനസ്സിലാക്കാൻ എളുപ്പം സാധിക്കില്ല. ഹിന്ദി മാതൃഭാഷയായവർക്ക് അതിന് കഴിയും. അതിനാൽ സ്വാഭാവികമായും സൗത്ത് ഇന്ത്യയിൽനിന്നും നോർത്ത് ഈസ്റ്റിൽനിന്നും മറ്റുപല സ്ഥലങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടും. ചില പ്രത്യേക സ്ഥലങ്ങളിലെ ആളുകൾക്കുമാത്രമേ അവസരം ലഭിക്കുകയുള്ളൂ. ഇപ്പോൾ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ളവയിൽ ഇന്റർവ്യൂ സഹിതം

ഹിന്ദിയിലായിരിക്കണമെന്ന് പറയുമ്പോൾ, ഇവിടത്തെ സംഘപരിവാർ രാഷ്ട്രീയത്തിന് കൊടിപിടിക്കുന്ന ആളുകളുടെ മക്കൾക്കും, ആ സ്ഥലങ്ങളിലേയ്ക്ക് പോകുമ്പോൾ മാതൃഭാഷ സംസാരിക്കുന്നതുപോലെ ഹിന്ദി സംസാരിക്കാൻ കഴിയില്ലല്ലോ. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷിന് അവസരമില്ലാതാകുകയാണ്, അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി പോകുമ്പോൾ ആർക്കാണ് അവസരം നഷ്ടപ്പെടുന്നത്; ആർക്കുവേണ്ടിയാണിത്? ഇത് കേവലം സംഘപരിവാറിലെ ഒരു വിഭാഗത്തിനോ ഒരു മതത്തിനോ വേണ്ടിയല്ല മറിച്ച് അതിലെ ചില വിഭാഗങ്ങൾക്കും അപ്പർ കാസ്റ്റായിട്ടുള്ളവർക്കും അതിൽത്തന്നെ അവർ അംഗീകരിക്കുന്ന ആളുകൾക്കും വേണ്ടിയാണ്. സാമൂഹ്യനീതിയില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. ഡോ. വി. ശിവദാസൻ, എം.പി. രാജ്യസഭയിൽ നൽകിയ ചോദ്യത്തിന് യൂണിയൻ വിദ്യാഭ്യാസ സഹമന്ത്രി നൽകിയ ഉത്തരത്തിൽ ഇന്ത്യയിലെ ഏറ്റവും അഭിമാനകരമായ ഐ.ഐ.റ്റി.-കളിലും ഐ.ഐ.എം.-കളിലും 2021-22-ലെ ഗവേഷക വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ കണക്കുകൾ നൽകിയിട്ടുണ്ട്. അതിൽ ഐ.ഐ.റ്റി.-യുടെയും ഐ.ഐ.എം.-ന്റെയും ഏറ്റവും പ്രധാനപ്പെട്ട 21 സ്ഥാപനങ്ങളിൽ ഒരൊറ്റ ആദിവാസി

വിദ്യാർത്ഥിയെപോലും പ്രവേശിപ്പിച്ചിട്ടില്ല. അതുപോലെ ഇത്തരം 12 കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു ദളിത് വിദ്യാർത്ഥിയെപോലും പ്രവേശിപ്പിച്ചിട്ടില്ല. സംവരണംപോലും നടപ്പിലാക്കാതെ സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവരെ ഒഴിവാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ചെയർപേഴ്സൺ: അങ്ങ് പോയിന്റ് ചുരുക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇത്തരത്തിൽ ആർ.എസ്.എസ്.-ന്റെ ഐഡിയോളജി നടപ്പാക്കാനുള്ള നിരവധി ശ്രമങ്ങൾ നടക്കുകയാണ്. ഈ ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കേണ്ടത് കേവലം നമ്മൾ മാത്രമല്ല. ഐഡിയോളജിക്കലി അവരെ ചെറുത്ത് തോൽപ്പിക്കുന്നത് ഇടതുപക്ഷമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കോൺഗ്രസ്സിന് ഐഡിയോളജിയില്ല. ഇന്ത്യയിൽ ഫാസിസം നടപ്പിലാക്കാൻ ബോധപൂർവ്വം ശ്രമിക്കുകയും അതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുമ്പോൾ അതിനെ ഐഡിയോളജിക്കലി എതിർക്കാനുള്ള സംവിധാനം ഉണ്ടായിരുന്നെങ്കിൽ, കോൺഗ്രസിനെ നയിക്കുന്ന കെ.പി.സി.സി പ്രസിഡന്റ്, ആർ.എസ്.എസ്.-ന്റെ ശാഖയെ സംരക്ഷിക്കാൻ ഞാൻ നിന്നുവെന്ന് അഹങ്കാരത്തോടുകൂടി പറഞ്ഞപ്പോൾ, 'നീ കോൺഗ്രസ്സുകാരനല്ല ആർ.എസ്.എസ്.-കാരനാണ്

ഇറങ്ങി പോകൂ' എന്ന് പറയാനുള്ള ആർജ്ജവം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഉണ്ടായേനെ. ആർ.എസ്.എസ്.-കാരെ സംരക്ഷിക്കുന്നതിനായി എപ്പോൾ വേണമെങ്കിലും ബി.ജെ.പി.-ലേയ്ക്ക് പോകാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ച ആൾ ഇപ്പോഴും കേരളത്തിലെ കോൺഗ്രസ്സിനെ നയിക്കുന്നു. എന്നുമാത്രമല്ല, ശ്രീ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയിലെ പോസ്റ്ററുമായി ബന്ധപ്പെട്ട് മാപ്പ് എഴുതികൊടുത്തത് നമുക്കെല്ലാമറിയാം. വീർ സവർക്കർ എന്ന വി. ഡി. സവർക്കറെ കോൺഗ്രസ് അംഗീകരിക്കുന്നില്ല. ശക്തമായ രാഷ്ട്രീയ എതിർപ്പുണ്ടായിട്ടും സവർക്കറുടെ ഫോട്ടോവച്ച് പ്രചരണം നടത്തിയ ആൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ നടപടിയൊന്നും സ്വീകരിച്ചില്ലെന്നുമാത്രമല്ല, 'എന്റെ കുട്ടിയാണ്, ഞാൻ എല്ലാ സംരക്ഷണവും നൽകും' എന്നാണ് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. സി.പി.ഐ.(എം.) പാർട്ടി കോൺഗ്രസ്സിന്റെ സെമിനാറിൽ പങ്കെടുക്കാൻ പോയ ശ്രീ. കെ. വി. തോമസിനെതിരെ സ്വീകരിച്ച നടപടിയുടെ ഒരു ലേശമെങ്കിലും, ആശയപരമായി എതിർക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് കഴിഞ്ഞില്ല. രാജ്യത്തെ യൂണിവേഴ്സിറ്റികളെ മുഴുവൻ ഇത്തരത്തിലേയ്ക്ക് മാറ്റുമ്പോൾ, രാജ്യത്തെ

ഫാസിസത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി അതിനെ എതിർക്കുന്നത് കേരളമാണ്. അതുകൊണ്ടാണ് എല്ലാ ശ്രമങ്ങളും നടത്തി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർക്കാൻ അവർ വന്നുകൊണ്ടിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട പൊതുവിദ്യാഭ്യാസ സമ്പ്രദായം കേരളത്തിലാണുള്ളതെന്നതിൽ യാതൊരു സംശയവുമില്ല.

ചെയർപേഴ്സൺ: അതുകൂടി പറഞ്ഞ് അങ്ങ് കൺക്ലൂഡ് ചെയ്യണം. ഇനി രണ്ട് അംഗങ്ങൾ കൂടി സംസാരിക്കാനുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കൺക്ലൂഡ് ചെയ്യാം. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ പൊതുവിദ്യാഭ്യാസം ഏറ്റവും മോശമാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസം മികച്ചതാണ്. എൻ.ഐ.ആർ.എഫ്.-ന്റെ റാങ്ക്പട്ടികയിൽ കേരളത്തിലെ നാല് യൂണിവേഴ്സിറ്റികൾ ഉൾപ്പെട്ടിട്ടുണ്ട്. ആദ്യത്തെ മികച്ച നൂറ് കോളേജുകളിൽ കേരളത്തിലെ 19 കോളേജുകൾ ഉൾപ്പെടുന്നുണ്ട്. അതോടൊപ്പം NAAC അക്രെഡിറ്റേഷനിൽ A++ ഗ്രേഡ് നേടി കേരള യൂണിവേഴ്സിറ്റി രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിലൊന്നായി മാറിയിരിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയും കുസാറ്റുമുൾപ്പെടെ A+ ഗ്രേഡ് നേടി മുന്നോട്ടുപോകുകയാണ്. കേരളത്തിൽ

NAAC അക്രെഡിറ്റേഷനോടൊപ്പം സ്റ്റേറ്റ് അക്രെഡിറ്റേഷൻകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ റാങ്കിംഗിൽ NAAC-ന്റെ റാങ്കിംഗ് മാനദണ്ഡങ്ങൾ മാത്രമല്ല, കേരളത്തിലെ Scientific temper, Secular Outlook, Equity, Excellence, Social inclusiveness തുടങ്ങിയവയുംകൂടി ഇതിനോട് ചേർത്ത് നോക്കുന്നു. കേരളം എങ്ങനെയാണ് ലോകത്തെയും സമൂഹത്തെയും കാണുന്നതെന്നും നമ്മുടെ രാഷ്ട്രീയമെന്താണെന്നും കൃത്യമായി അതിലുണ്ട്. അതാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നമ്മെ വ്യത്യസ്തമാക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസം സമാനതകളില്ലാതെ മാറ്റത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളായി നിരവധി സ്ഥാപനങ്ങൾ വന്നു. 'മലർപ്പൊടിക്കാരന്റെ സ്വപ്നം' എന്നുപറഞ്ഞ് എല്ലാവരും പരിഹസിച്ച കിഫ്ബി വന്നതിനുശേഷം നിരവധി ഹോസ്റ്റലുകൾ, അക്കാഡമിക് ബ്ലോക്കുകൾ, ലാബുകൾ തുടങ്ങിയവ നിർമ്മിച്ചു. കേരളത്തിലെ വിദ്യാഭ്യാസത്തെ തകർക്കുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായി ഗവർണർ ഉൾപ്പെടെയുള്ളവർ പ്രവർത്തിക്കുമ്പോൾ, അതിന് തടയിടുന്നതിനുള്ള രാഷ്ട്രീയപരമായ മുന്നേറ്റവുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ കോൺഗ്രസ്സും മറ്റ് പ്രതിപക്ഷ കക്ഷികളുമെല്ലാം ഒന്നിച്ചുനിന്ന് സപ്പോർട്ട് ചെയ്യണം. ഇത് ഈ

രാജ്യത്തിന്റെയും ഫെഡറൽ സംവിധാനത്തിന്റെയും ഭരണഘടനയുടെയും കാര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് എല്ലാവരും ഒന്നിച്ച് നിൽക്കണമെന്നുകൂടി അറിയിച്ചുകൊണ്ട് നിർത്തുന്നു.

ചെയർപേഴ്സൺ: വളരെ ഇന്ററസ്റ്റിംഗായ സബ്ജക്ടായതിനാൽ എല്ലാവരും കൂടുതൽ സമയമെടുത്ത് സംസാരിക്കുന്നുണ്ട്. ഇന്ന് പ്രധാനപ്പെട്ട മറ്റ് മൂന്ന് ബില്ലുകൾകൂടി എടുക്കാനുള്ളതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ദയവുചെയ്ത് എല്ലാവരും ചുരുക്കി സംസാരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥന മാനിച്ച് ഈ ബില്ലിന്മേൽ രണ്ട് അംഗങ്ങൾക്കുകൂടി സംസാരിക്കാൻ അവസരം നൽകുകയാണ്. മുൻപ് അംഗങ്ങൾ കൂടുതൽ സമയമെടുത്ത് സംസാരിച്ചുവെന്ന കീഴ്വഴക്കമെടുക്കാതെ സഭയോട് സഹകരിച്ച് വളരെ ചുരുക്കി സംസാരിക്കണമെന്ന് രണ്ട് അംഗങ്ങളോടും അഭ്യർത്ഥിക്കുകയാണ്. സീനിയർ അംഗങ്ങളാണ് എന്നുള്ളതുകൊണ്ട് പ്രത്യേകം റിക്വസ്റ്റ് ചെയ്യുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ അഞ്ച് മിനിറ്റ് സമയമാണ് പ്രത്യേകമായി അനുവദിച്ച് നൽകിയിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അഞ്ച് മിനിറ്റിൽ പ്രസംഗിച്ച് തീരില്ല. അങ്ങനെയാണെങ്കിൽ ഞാൻ സംസാരിക്കുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് ദയവുചെയ്ത് സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇല്ല, അങ്ങനെയാണെങ്കിൽ ഞാൻ സംസാരിക്കുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് വാശിയോടുകൂടി പറയരുത്. പ്രധാനപ്പെട്ട മൂന്ന് ബില്ലുകളാണ് ഇനി എടുക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തർക്കിച്ച് ഒരു മിനിറ്റ് കഴിയാൻ പോകുകയാണ്.

ചെയർപേഴ്സൺ: അങ്ങ് ദയവുചെയ്ത് സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 'University Autonomy' എന്ന പുസ്തകത്തിൽ സർവ്വകലാശാലകളെക്കുറിച്ച് പറയുന്നത്, 'Academic freedom is the life-blood of University teaching' എന്നാണ്. ഞാൻ ഇത് പറയാൻ കാരണം, ഇപ്പോഴത്തെ ബില്ലും ഈ കാഴ്ചപ്പാടും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് ഓർമ്മിപ്പിക്കാൻവേണ്ടിയാണ്. ഇവിടെ കോൺഗ്രസിനെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞതിനാൽ ആദ്യം അതിനെക്കുറിച്ച് പറയാം. 1904-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ

സർവ്വകലാശാലകളെ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തെ ഗോപാലകൃഷ്ണ ഗോഖലെ വളരെ ശക്തമായി എതിർക്കുകയും തെറ്റായ പ്രവർത്തനത്തിൽനിന്ന് ബ്രിട്ടീഷ് ഗവൺമെന്റ് പുറകോട്ട് പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1904-ൽ ഗോപാലകൃഷ്ണ ഗോഖലെ ഏത് വികാരത്തോടുകൂടിയാണോ അന്നത്തെ നിയമത്തെ എതിർത്തത് അതേ വികാരത്തോടുകൂടിത്തന്നെയാണ് ഞങ്ങളും ഈ ബില്ലിനെ എതിർക്കുന്നത്. ഇത് ശരിയല്ല എന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ ഒരു കാഴ്ചപ്പാട് ആവശ്യമാണ്. എന്നാൽ ഇവിടെ അത്തരത്തിലുള്ള ദീർഘവീക്ഷണമുണ്ടാകുന്നില്ല. യൂണിവേഴ്സിറ്റിയിലെ സ്വതന്ത്ര പരമാധികാരത്തിനായി ജവഹർലാൽ നെഹ്റു സ്വീകരിച്ച നിലപാടുകൾ എല്ലാവർക്കുമറിയാം. 1956-ൽ യു.ജി.സി. രൂപീകരണവുമായി ബന്ധപ്പെട്ട ബില്ലിന് അനുമതി കൊടുത്ത ജവഹർലാൽ നെഹ്റുവിന് വേണമെങ്കിൽ ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകളുടെയും ചാൻസലറായി പ്രധാനമന്ത്രിയെ തീരുമാനിക്കാമായിരുന്നു. പക്ഷേ അങ്ങനെ ചെയ്തില്ല. കാരണം, യൂണിവേഴ്സിറ്റികളിൽ പ്രഗത്ഭരായിട്ടുള്ളവർ ചാൻസലർമാരായി വരണം; അവിടെ ബാഹ്യ-രാഷ്ട്രീയ ഇടപെടലുകളില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന, വിദ്യാസമ്പന്നരായ ആളുകൾ അടങ്ങുന്ന ഒരു

സമിതി വേണമെന്നുള്ളതാണ് നമ്മുടെ കാഴ്ചപ്പാട്. അതിന് വ്യത്യസ്തമായിട്ടാണ് ഇവിടെ ഇപ്പോൾ പല കാര്യങ്ങളും പറയുന്നത്. പ്രീയപ്പെട്ട മന്ത്രി ശ്രീ. പി. രാജീവിന്റെ വാദഗതി സാങ്കേതിക കാര്യങ്ങൾ സംബന്ധിച്ചാണ്. സമയപരിമിതിയുള്ളതുകൊണ്ടും സ്വാഭാവികമായും നിയമപ്രശ്നങ്ങളിൽ കുരുങ്ങുന്നതായതുകൊണ്ടും അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഒരു വാക്ക് മാത്രം പറയാം: യു.ജി.സി. 1956-ൽ രൂപീകരിച്ച മാതൃനിയമം അധികരിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയുമോ? അങ്ങനെ പോകണമെന്ന് വാശിപിടിച്ചാൽ പോകാൻ കഴിയും. ഞാൻ ഈ വഴിയേ മാത്രമേ പോകുന്നുള്ളൂ എന്നൊരു തീരുമാനമെടുത്താൽ ആർക്കും അതിനെ എതിർക്കാൻ കഴിയില്ല. പക്ഷേ മാതൃനിയമത്തെ അംഗീകരിക്കാതെ മുന്നോട്ടുപോകാൻ കഴിയുമോ? സംസ്ഥാന ഗവൺമെന്റ് ഒരു തീരുമാനമെടുത്താലും യു.ജി.സി.-യുടെ അംഗീകാരമില്ലാതെ യൂണിവേഴ്സിറ്റികൾക്ക് ഗ്രാന്റ് ലഭിക്കുമോ? ഇതിനെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ? അങ്ങേയ്ക്ക് നല്ല കഴിവുണ്ട്. രാഷ്ട്രീയപരമായി അതൊന്നും ശരിയല്ലെന്ന് പറഞ്ഞാലും അങ്ങയുടെ മനസ്സിന്റെയുള്ളിൽ ഇതുണ്ടാകുമെന്ന് എനിക്കറിയാം. യു.ജി.സി. അംഗീകാരമില്ലാതെ ഒരു സർവ്വകലാശാലയ്ക്ക് മുന്നോട്ടുപോകാൻ കഴിയുമോ? ഒരു സർവ്വകലാശാല

യു.ജി.സി.-യുടെ നിബന്ധനകൾക്ക് വിധേയമായും ആ ചുറ്റുപാടുകൾക്കും ഫ്രെയിംവർക്കിനും അനുസരിച്ചും മുന്നോട്ടുപോകേണ്ടതാണ്. അതുകൊണ്ട് അതിനെതിരായ ഒരു നിലപാടിനോട് യോജിക്കാൻ കഴിയില്ല. കേരളത്തിലെ സർവ്വകലാശാലകളെക്കുറിച്ച് ശ്രീ. മുഹമ്മദ് മുഹസിൻ വിപുലമായി പറഞ്ഞു. ഇല്ലാത്ത യോഗ്യത ഉപയോഗിച്ച് ഭാര്യയെ പ്രൊഫസറാക്കിയ എം.ജി. യൂണിവേഴ്സിറ്റിയിലെ പ്രോ-വൈസ്-ചാൻസലറെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വന്നിട്ട് രണ്ട് ദിവസമേ ആകുന്നുള്ളൂ. മലയാള മനോരമ, കേരള കൗമുദി തുടങ്ങിയ പത്രങ്ങളിൽ ഇതിനെക്കുറിച്ച് വാർത്തവന്നു. മാതൃഭൂമിയിൽ ഓപ്പണിംഗ് ന്യൂസായിരുന്നു വന്നത്. ഇന്ന് മാതൃഭൂമി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട് (പത്രം ഉയർത്തി കാണിച്ചു). 'എം.ജി.-യിലെ ഗസ്റ്റ് അദ്ധ്യാപിക കുസാറ്റിൽ പ്രൊഫസർ' എന്നാണ് വാർത്ത. ഇത് ഞങ്ങളുടെ കുറ്റമാണോ; പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളാണോ ഇത് ചെയ്തത്? നിങ്ങൾ കണ്ണടച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഈ വ്യക്തി ദീർഘകാലം എം.ജി. യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്നുവെന്ന സർട്ടിഫിക്കറ്റിൽ പി.വി.സി. ഒപ്പിട്ടിരിക്കുകയാണ്. അങ്ങനെ ചെയ്യുന്നത് ശരിയാണോ; തെറ്റാണെന്നറിയില്ലേ; ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്ത

വന്നപ്പോഴെങ്കിലും ഇതേക്കുറിച്ച് അന്വേഷിക്കേണ്ടതായിരുന്നു; അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അതുപോലെ അവർക്ക് ഗൈഡ്ഷിപ്പ് നൽകിയതും ചട്ടവിരുദ്ധമായാണ്. ഇവിടെ ആരോപണ വിധേയയായ പ്രൊഫസറുടെ ഗൈഡ്ഷിപ്പും ശരിയല്ല എന്നാണ് പറയുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ പറയുന്ന ഉദ്യോഗാർത്ഥി അവിടെ നിയോഗിക്കപ്പെട്ടപ്പോൾ അദ്ദേഹം പി.വി.സി. അല്ലല്ലോ? അദ്ദേഹത്തിന്റെ ഭാര്യയായിപ്പോയി എന്നുള്ളതുകൊണ്ട് അപേക്ഷ സമർപ്പിക്കാൻ പാടില്ലേ? അവരുടെ റിസർച്ചിന്റെ അടിസ്ഥാനത്തിലുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റാണ് നൽകിയിട്ടുള്ളത്. അതുസംബന്ധിച്ച കാര്യങ്ങൾ വളച്ചൊടിച്ചും തെറ്റായും രേഖപ്പെടുത്തുകയാണ്. കോൺഗ്രസ് നേതാക്കൾ നേതൃത്വം കൊടുക്കുന്ന സേവ് യൂണിവേഴ്സിറ്റി കാമ്പയിൻ എന്ന കാലഹരണപ്പെട്ട സംഘടനയാണ് ഈ വാർത്ത കൊടുത്തതെന്നാണ് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതൊക്കെ നമുക്ക് വേറെ നോക്കാം. അത് ഇവിടെയല്ലല്ലോ പരിശോധിക്കപ്പെടേണ്ടത്. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി,

പ്രിയദർശിനി ഹിൽസ്, കോട്ടയം എന്ന വിലാസത്തിലുള്ളതാണ് ഈ കത്ത്. (ഒരു പേപ്പർ ഉയർത്തി കാണിച്ചു) അദ്ദേഹത്തിന്റെ പേര് ഞാൻ വായിക്കുന്നില്ല, ഞാനായിട്ട് അദ്ദേഹത്തിന്റെ പേര് റെക്കോർഡിൽ വരുത്തുന്നില്ല. അതിലെ സർട്ടിഫിക്കറ്റ് ഓഫ് ടീച്ചിംഗ് എക്സ്പീരിയൻസ് അങ്ങ് വായിച്ചാൽ മതി. അങ്ങയുടെ കൈയിൽ ഇത് ഇല്ലെങ്കിൽ ഒരു കവറിലിട്ട് ഞാൻ പിന്നീട് തരാം. അങ്ങ് പരിശോധിച്ചാൽ മതി. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചുവെന്നുള്ളത് എനിക്ക് ഇപ്പോൾ മനസ്സിലായി, അതുകൊണ്ടാണ് എന്നോട് ഈ ചോദ്യം ചോദിക്കുന്നത്. ഇത് എന്റെ കൈയിലുണ്ടാകുമെന്ന് അങ്ങ് പ്രതീക്ഷിച്ചിട്ടുമുണ്ടാകില്ല. അങ്ങനെ ചോദിച്ച ഒരു ചോദ്യമെന്ന നിലയിൽ മാത്രമേ ഇതിനെ കാണുന്നുള്ളൂ. ഈ കാര്യത്തിൽ ഞാൻ അധികമൊന്നും പറയുന്നില്ല. പക്ഷേ ഇത്തരം കാര്യങ്ങൾ കേരളാ യൂണിവേഴ്സിറ്റിയിൽ വേണോ വേണ്ടയോ എന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ ആലോചിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ശരി ശരിയാണെന്നും തെറ്റ് തെറ്റാണെന്നും സമ്മതിക്കേണ്ടതല്ലേ. ഇത് വളരെ തെറ്റാണ്.

ഡോ. ആർ. ബിന്ദു: സർ, കുറച്ചുനാളുകളായി കോൺഗ്രസ് നേതാക്കൾ നയിക്കുന്ന, ഉന്നത വിദ്യാഭ്യാസ മേഖലയെ താറടിക്കാൻവേണ്ടി

കള്ളക്കഥകൾ കെട്ടിയുണ്ടാക്കുന്ന നാഥനില്ലാത്ത ഒരു സമിതി നൽകിയിട്ടുള്ള തെറ്റായ വാർത്തയാണത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് പറഞ്ഞത് തനി രാഷ്ട്രീയമായിപ്പോയി. ഞാൻ അതൊന്നുമല്ല പറഞ്ഞത്. ഞാൻ വിദ്യാഭ്യാസത്തെ നേർവഴിക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പോസിറ്റീവ് ക്രിട്ടിസിസമാണ് നടത്തിയത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഒരു രാസപ്രയോഗമാണ്; carpet bombing. അത് ശരിയല്ല. ഇത് വളരെ തെറ്റായിപ്പോയി. അങ്ങ് ഇതിനെക്കുറിച്ച് പരിശോധിക്കണം.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യണം. പ്രതിപക്ഷനേതാവ് പ്രത്യേകം പറഞ്ഞിട്ടാണ് സംസാരിക്കാൻ അവസരം നൽകിയത്. സീനിയർ അംഗമായതിനാൽ സ്വാഭാവികമായും താങ്കൾക്ക് സഭയെക്കുറിച്ചെല്ലാം നല്ല ധാരണയുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് പ്രൊട്ടക്ഷൻ തരണം. നിലവിലുള്ള വിദ്യാഭ്യാസത്തെ പൊളിച്ചടക്കി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്? കാബൂളിവാല സിനിമയിൽ കടലാസും കന്നാസും എന്ന രണ്ട് കഥാപാത്രങ്ങളുണ്ടായിരുന്നു.

നമ്മുടെ ഗവർണറും മുഖ്യമന്ത്രിയും കടലാസും കന്നാസുംപോലെയാണ്. ആവശ്യമുള്ളപ്പോൾ ഒട്ടും ആവശ്യമില്ലാത്തപ്പോൾ തെറ്റും. ഒട്ടുന്നതും തെറ്റുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടാവില്ല. സർവ്വകലാശാലയിലേയ്ക്കുള്ള നിയമനങ്ങളൊക്കെ നടത്തിയത് ഈ ഗവർണറെക്കൊണ്ടല്ലേ; ബഹുമാനപ്പെട്ട അംഗവും ഒരു പ്രാവശ്യം റെക്കമെന്റ് ചെയ്തിട്ടുണ്ട്. ശിപാർശ ചെയ്ത ആളുകളുടെ കൂട്ടത്തിൽ അങ്ങയുടെ പേരുമുണ്ടെന്ന് ഞാൻ മാധ്യമം പത്രത്തിൽ വായിച്ചു. ഫയലിനകത്തുനിന്ന് കടലാസ് എടുത്തുകാണിച്ച് ഇന്നയിന്നയാളുകൾ ശിപാർശ ചെയ്തിട്ടുണ്ട് എന്നൊന്നും ഞാൻ പറയാറുമില്ല, പറയുകയുമില്ല. ചില ഫയലുകൾ പരിശോധിച്ചാൽ അതൊക്കെ നമുക്ക് കിട്ടും; പക്ഷേ നമ്മൾ അതൊന്നും പരിശോധിക്കാറില്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്; ഗവർണറെക്കൊണ്ട് ഈ പണി മുഴുവൻ ചെയ്യിപ്പിച്ചില്ലേ; നിങ്ങൾ വരച്ച വരയിൽക്കൂടി ഗവർണറെ കൊണ്ടുപോയില്ലേ; ഗവർണർ എന്ത് ചെയ്തു? ആ സൗകര്യം ഗവർണറും വിനിയോഗിച്ചു. സമയത്തിന്റെ ചുരുക്കംകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. രാജ്ഭവനിൽ അദ്ദേഹത്തിന് ആവശ്യമുള്ള എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തുകൊടുത്തു. അപ്പോൾ ഗവർണർ നിങ്ങൾ പറഞ്ഞതിലെല്ലാം ഒപ്പിട്ടുകൊടുത്തു. അത് രണ്ടുംകൂടി വന്നപ്പോൾ

കേരളം താഴോട്ടുപോയി, നമ്മൾ നശിച്ചു. ഇനിയെങ്കിലും നശിക്കാതിരിക്കണമെങ്കിൽ ചാൻസലർ നിയമനത്തിലുള്ള പിടിവാശി ഉപേക്ഷിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സർവ്വകലാശാല അത്യുന്നതമാണ്; കേരള സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിക്ക് ചെന്നെത്താൻ പറ്റുന്ന എല്ലാ സ്ഥാനങ്ങളിലും ഇരുന്നിട്ടുള്ള ഒരു പ്രതിനിധിയാണ് ഞാൻ. അന്ന് ഞങ്ങളുടെ വൈസ്-ചാൻസലറായിരുന്നത് യു.ജി.സി. ചെയർമാനായിരുന്ന ഡോ. ജോർജ് ജേക്കബാണ്. കുസാറ്റിന്റെ വൈസ്-ചാൻസലർ ഡോ. ഗോപാൽ ആയിരുന്നു. ഇന്ത്യ അംഗീകരിച്ച രണ്ട് വൈസ്-ചാൻസലർമാരാണ് അവർ. എളിയവനായ എനിക്കും അവരോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അവരുടെ ക്വാളിറ്റി നമ്മൾ കാണണ്ടേ; ആ ക്വാളിറ്റിയെ എന്തിനാണ് നമ്മൾ നിസ്സാരവത്കരിക്കുന്നത്; ആ നിലയിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസത്തെ വളർത്താൻ ശ്രമിക്കണ്ടേ? ഡോ. ഹർഷ് കെ. ഗുപ്തയെ കുസാറ്റിലെ വൈസ്-ചാൻസലറാക്കിയില്ലേ; പുതുതായി നിയമിച്ച ചാൻസലറെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു, ഞാൻ അതിൽ തെറ്റൊന്നും പറയുന്നില്ല. പക്ഷേ ബില്ലിലെ നിബന്ധനയനുസരിച്ച് ആരെ വേണമെങ്കിലും ഈ സ്ഥാനത്ത് നിയമിക്കാം.

വിക്രം സാരാഭായിയുടെ മകളാണെങ്കിൽ വളരെ നല്ലത്, ഒരു കുറ്റവുമില്ല. പക്ഷേ നിബന്ധനയ്ക്കകത്ത് അങ്ങനെ എഴുതാൻ സാധിക്കില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 10 മിനിറ്റ് കഴിഞ്ഞു. സ്പെഷ്യൽ കൺസിഡറേഷൻ ലഭിച്ചതാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ, ആ ഒരു ജെന്റിൽനെസ് അങ്ങോട്ടുമിങ്ങോട്ടും പാലിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, I am a gentleman. അതിൽ തർക്കമൊന്നുമില്ല. You are also a gentleman.

മി. സ്പീക്കർ: Thank you. താങ്കൾക്ക് പ്രത്യേക പരിഗണന നൽകിയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ഉന്നയിച്ചപ്പോൾ പുതിയ ചാൻസലർ നിയമനംമൂലം ചെലവ് വരില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പുതിയ ചാൻസലറെ നിയമിക്കുമ്പോൾ സർക്കാരിന്റെ എക്സ്ചെക്കറിൽനിന്നും ചെലവ് വരില്ലേ; ആ ചെലവ് ചെറുതാണോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് നൽകുന്ന ഗ്രാന്റ് എത്രയാണ്; അവിടെയുള്ള ചെലവ് എത്രയാണ്; 2020-21-ൽ അവിടെ 26 കോടി രൂപ കമ്മിയായിരുന്നു. അതിന്റെ മുൻവർഷം 50 കോടി രൂപയായിരുന്നു കമ്മി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു. 5 മിനിറ്റാണ് അനുവദിച്ചത്. സ്പെഷ്യൽ റിക്വസ്റ്റ് പ്രകാരമാണ് സമയം നൽകിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അത് സമ്മതിക്കുന്നു. പക്ഷേ പറഞ്ഞുവരുന്നതിന്റെ പകുതിവച്ച് നിർത്തിയാൽ ഞാൻ ഉദ്ദേശിക്കുന്ന വികാരത്തിന്റെ വിപരീതമായിപ്പോകും.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ പോയിന്റ് അടുത്ത അംഗത്തിന് എഴുതിക്കൊടുക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ കമ്മിയായ ഒരു യൂണിവേഴ്സിറ്റിയിലാണ് അധിക ചെലവോടുകൂടി ഒരാളിനെ നിയമിക്കുന്നത്. അതിനുള്ള ചെലവ് എവിടെനിന്നും ലഭിക്കും. കുട്ടികളുടെ കയ്യിൽനിന്നും ഫീസ് പിരിച്ച് ഒരു ചാൻസലർക്ക് ശമ്പളം കൊടുക്കാം, അല്ലെങ്കിൽ അദ്ദേഹത്തിന് ആവശ്യമുള്ള സൗകര്യം ചെയ്തുകൊടുക്കാമെന്ന് തീരുമാനിച്ചാൽ, നമ്മൾ ഏത് ലോകത്ത് ജീവിക്കുന്നവരെന്ന് ചോദിക്കുകയില്ലേ? അതുകൊണ്ട് കുട്ടികളുടെമേൽ ഭാരം ചുമത്തേണ്ട. ഗവൺമെന്റ് നൽകുന്ന ഗ്രാന്റിനകത്തുനിന്ന് ഇവർക്കുള്ള ചെലവ് കണ്ടെത്തേണ്ടിവരും. ഡയറക്ടായി പറഞ്ഞാൽ എക്സ്ചെക്കറിൽനിന്ന് ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റാണത്. അങ്ങനെയാണെങ്കിൽ

ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണ്ടേ; സർക്കാരിന്റെ ചെലവല്ലേ; അപ്പോൾ സ്വാഭാവികമായും ഇക്കാര്യത്തിൽ അങ്ങ് സ്റ്റെയിറ്റ് ഫോർവേഡായ നിലപാടെടുക്കുന്നതാണ് നല്ലത്. ഗവൺമെന്റിന്റെ പണം കൊടുക്കുന്നതിനാൽ സ്വാഭാവികമായും ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണം. എന്നാൽ ഇവിടെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെക്കുറിച്ച് പറയാൻ പാടില്ല; അത് പോളണ്ടിനെക്കുറിച്ച് പറയുന്നതുപോലെയാണ്. പോളണ്ടിനെക്കുറിച്ച് സംസാരിക്കാൻ പാടില്ല എന്നൊരു നിലപാടെടുക്കുന്നത് ശരിയാണോ? ഞങ്ങൾ ഗവർണറെ എതിർക്കേണ്ടിടത്ത് എതിർക്കും. ഗവർണർ നിയമപരമായ കാര്യം ചെയ്താൽ ഞങ്ങൾ അനുകൂലിക്കും. അത് വേറെ പ്രശ്നം. പക്ഷേ സർവ്വകലാശാലയെ പിച്ചിച്ചീന്തുന്നതിനുവേണ്ടി രണ്ടുവശത്തും പിടിവലി നടത്തിക്കൊണ്ടിരിക്കുകയാണ്. ആരാണ് മുമ്പിൽ എന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് ഈ ബിൽ യഥാർത്ഥത്തിൽ കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ നശീകരണത്തിൽ മാത്രമേ ചെന്നെത്തുകയുള്ളൂ. ഇത് സർവ്വകലാശാല ബിൽ അല്ല. ഇത് സർവ്വവും കുഴപ്പത്തിലാക്കുന്ന ഒരു ബില്ലായിവരുന്നു എന്നതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. അങ്ങ് ഈ വികാരം പൂർണ്ണമായി മനസ്സിലാക്കിയെന്ന് അങ്ങയുടെ

മുഖലക്ഷണം കണ്ടപ്പോൾ എനിക്ക് മനസ്സിലായി. അതുകൊണ്ട് ഞാൻ ഈ ബില്ലുകളെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബില്ലുമായി ബന്ധപ്പെട്ട തടസ്സവാദത്തിന് മറുപടി പറഞ്ഞ സന്ദർഭത്തിൽ മന്ത്രിമാർക്ക് സഭയിൽ പ്രത്യേക പ്രിവിലേജുണ്ടെന്ന് ബഹുമാന്യനായ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പരാമർശിക്കുകയുണ്ടായി. ആർട്ടിക്കിൾ 177 ആണ് അദ്ദേഹം ക്വാട്ട് ചെയ്തത്. എന്നാൽ അതിൽ പറയുന്നത് പ്രത്യേക പ്രിവിലേജിനെക്കുറിച്ചല്ല. പാർലമെന്റിലെ രണ്ട് ഹൗസിലും ലോകസഭ/രാജ്യസഭ അല്ലെങ്കിൽ ലെജിസ്ലേറ്റീവ് അസംബ്ലി/ലെജിസ്ലേറ്റീവ് കൗൺസിൽ-ൽ ഒരുമിച്ച് പങ്കെടുക്കാനുള്ള അവകാശമേയുള്ളൂ. അതല്ലാതെ നിയമസഭയിൽ മന്ത്രിമാർക്ക് പ്രത്യേക പ്രിവിലേജില്ല. അത് നിലവിലുള്ള അംഗങ്ങൾക്കുള്ള പ്രിവിലേജാണ്. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ഒരു റൂളിംഗുണ്ടായിരുന്നു. ചർച്ചയിൽ മന്ത്രിമാർക്കെതിരെ ഉന്നയിക്കുന്ന അഴിമതിയാരോപണത്തിന് മറുപടി പറയാൻ അവസാനം വരെ കാത്തുനിൽക്കേണ്ട, വേണമെങ്കിൽ ഇടയ്ക്ക് മറുപടി പറയാമെന്നാണ് അതിൽ പറയുന്നത്, അങ്ങനെയൊരു പ്രിവിലേജുണ്ട്. പിന്നെ ഒരു പ്രിവിലേജുള്ളത് മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനുമാണ്

എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കൺവെൻഷണലാണ്. അതുകൊണ്ട് അങ്ങയുടെ സ്റ്റേറ്റ്മെന്റ് ശരിയല്ലെന്നാണ് എന്റെ വിശ്വാസം. അത് ഞാൻ അങ്ങയെ ബോധ്യപ്പെടുത്തുകയാണ്. കാരണം ആർട്ടിക്കിൾ 177-ൽ അത് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അയഥാർത്ഥ കാര്യങ്ങളെ യാഥാർത്ഥ്യമായി അവതരിപ്പിക്കുന്നതിൽ അങ്ങേയ്ക്ക് പ്രത്യേക പ്രാവീണ്യമുണ്ട്. ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ടായിട്ടും ബില്ലിൽ അത് മറച്ചുവച്ചത് ഗവർണറുടെ അംഗീകാരത്തിനുവേണ്ടി അയയ്ക്കാതിരിക്കുന്നതിന് വേണ്ടിയാണെന്ന് മുൻ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. അങ്ങ് അതിന് വളരെ സരസമായി മറുപടി പറഞ്ഞത് ഈ ബിൽ ഗവർണർ കണ്ടുവന്നതാണെന്നാണ്. ഗവർണർക്ക് എങ്ങനെ ഈ ബില്ലിനെ എതിർക്കാൻ കഴിയും; കാരണം ഒരു ഫിനാൻഷ്യൽ കമ്മിറ്റ്മെന്റും നിങ്ങൾ അതിൽ പറയുന്നില്ല. എക്സ്ചെക്കറിൽ ചെലവില്ലെന്നാണ് പറയുന്നത്. അങ്ങനെയുള്ള എത്ര ബിൽ നിങ്ങൾ അയച്ചുകൊടുത്താലും ഗവർണർ അംഗീകരിച്ച് അതുപോലെ തിരിച്ചയയ്ക്കും. മുൻ പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. സഭയെയും പ്രതിപക്ഷത്തെയും ബോധപൂർവ്വം കബളിപ്പിക്കുന്ന രീതിയിലാണ് അങ്ങ് തടസ്സവാദത്തിന് മറുപടി പറഞ്ഞത്. സാമർത്ഥ്യത്തിന്റെ ദുരുപയോഗമാണ്. ആ സാമർത്ഥ്യം

അൽപ്പം കൂടുതലാണെന്ന് അങ്ങ് തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽ പ്രധാനമായി പറയുന്നൊരു കാര്യം 2007-ൽ ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചാൻസലറുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെന്നാണ്. വിദ്യാഭ്യാസ മേഖലയിൽ ചാൻസലർ ഇത്തരം കാര്യങ്ങളിൽ ഇടപെടണമോ, ചാൻസലർ പദവി ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നത് നല്ലതാണോ എന്നുള്ള കുറേ പരാമർശങ്ങൾ ആ റിപ്പോർട്ടിലുണ്ട്. 2007-ൽ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച റിപ്പോർട്ടാണത്. ഇതുവരെ ഒരു ഗവൺമെന്റും ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങളൊന്നും അംഗീകരിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റിപ്പോർട്ടുകൾ സമർപ്പിച്ചതുകൊണ്ടുമാത്രം കാര്യമില്ല, ഗവൺമെന്റ് അംഗീകരിച്ച് അതിലെ ശിപാർശകൾ നടപ്പാക്കണം. കഴിഞ്ഞ ഗവൺമെന്റ് നിയമിച്ച ഭരണപരിഷ്കാര കമ്മീഷനുവേണ്ടി ഏതാണ്ട് പത്ത് കോടി രൂപ ചെലവഴിച്ചു. ആ കമ്മീഷൻ പതിമൂന്ന് റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകളിൽ എത്രയെണ്ണം ഗവൺമെന്റ് പരിഗണനയ്ക്കെടുത്തു, അല്ലെങ്കിൽ ഏതൊക്കെ ഉൾക്കൊണ്ടു, ഏതൊക്കെ നടപ്പാക്കിയെന്നുള്ളത് ഗവൺമെന്റ് പറയേണ്ട കാര്യമാണ്. ആ റിപ്പോർട്ടുകൾ വേണ്ടതുപോലെ

ഉൾക്കൊണ്ടിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരത്തിൽ 2007-ൽ കൊടുത്ത ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് പറയുമ്പോൾ 2007-ൽ കേരളം ഭരിച്ചിരുന്നത് ശ്രീ. വി. എസ്. അച്യുതാനന്ദനാണ്. അതുകഴിഞ്ഞ് 2016 മുതൽ 2021 വരെ ശ്രീ. പിണറായി വിജയന്റെ ഒന്നാം ഗവൺമെന്റും ഇപ്പോൾ രണ്ടാം ഗവൺമെന്റുമാണ് ഭരിക്കുന്നത്. ഏതാണ്ട് 12 വർഷമായിട്ടും നിങ്ങൾ ഈ റിപ്പോർട്ടിനെക്കുറിച്ച് ചിന്തിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഉന്നത വിദ്യാഭ്യാസ മേഖലയുടെ താല്പര്യവും ഔന്നത്യവുമാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ ഈ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ 12 വർഷമെടുക്കുമായിരുന്നോ? നിങ്ങളുടെ ഉദ്ദേശ്യം അതല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനം. ഇവിടെ ഗവർണറും നിങ്ങളും തമ്മിലുള്ള തർക്കം രൂക്ഷമായപ്പോഴാണ് ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റുന്നതിനെക്കുറിച്ച് തീരുമാനിച്ചത്. കോൺഗ്രസിന്റെ നിലപാടെന്താണെന്ന് നിങ്ങൾ ഞങ്ങളോട് ചോദിക്കുന്നു. പ്രതിക്കൂട്ടിൽ ഒന്നാമത് ഗവൺമെന്റാണോ രണ്ടാമത് ഗവർണറാണോ, ഒന്നാമത് ഗവർണറാണോ രണ്ടാമത് ഗവൺമെന്റാണോ എന്ന കാര്യത്തിലേ ഞങ്ങൾക്ക് തർക്കമുള്ളൂ. പ്രതികൂട്ടിൽ രണ്ടുപേരുമുണ്ടെന്നുള്ള കാര്യത്തിൽ

യാതൊരു സംശയവുമില്ല. ഞങ്ങളുടെ നിലപാട് അതാണ്. പക്ഷേ നിങ്ങളുടെ നിലപാട് എന്താണ്? നിങ്ങൾ ഇപ്പോൾ ഫാസിസത്തെക്കുറിച്ചും ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിനെക്കുറിച്ചും പറയുന്നു. ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെതിരെ മുൻ പ്രതിപക്ഷനേതാവ് censure motion-ശാസനാ പ്രമേയം കൊണ്ടുവന്നത് ഈ സഭയിലുള്ളവർക്കറിയാം. അതിന് നിങ്ങൾ അംഗീകാരം കൊടുത്തോ; ശ്രീ. ആരിഫ് മുഹമ്മദ് ഖാന്റെ നിലപാടുകളിൽ പ്രതിഷേധിച്ചാണ് അന്നത് കൊണ്ടുവന്നത്. ഗവർണർ ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിന്റെ വക്താവായി നിൽക്കുന്ന കാലത്താണ് കൊണ്ടുവന്നത്. അന്ന് നിങ്ങൾ പറഞ്ഞത് ഞാൻ ഓർക്കുന്നു; ശ്രീ. എ. കെ. ബാലനാണ് അന്ന് അതിനെ ഏറ്റവും ശക്തമായി എതിർത്തത്. ഈ ഗവർണർക്കെതിരെ censure motion പോലും കൊണ്ടുവന്ന യു.ഡി.എഫ്.-നോടാണ് നിലപാടെന്താണെന്ന് നിങ്ങൾ ചോദിക്കുന്നത്. ശ്രീ. പി. രാജീവ് അന്ന് സഭയിലില്ല. അന്ന് നയപ്രഖ്യാപന പ്രസംഗത്തിന് വന്ന ഗവർണറെ ഞങ്ങൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് തടയാൻ ശ്രമിച്ചപ്പോൾ അതിന് പ്രൊട്ടക്ഷൻ കൊടുത്തവരാണ് നിങ്ങൾ. ഗവർണറെ തൊടാൻ ധൈര്യമുണ്ടോ എന്നാണ് ചോദിച്ചത്. അത് ബഹുമാനപ്പെട്ട ചെയറിനറിയാമല്ലോ. ഞങ്ങൾക്ക് അന്നും ഇന്നും ഒരേ

നിലപാടാണ്; ഞങ്ങൾ ഗവർണർക്ക് എതിരാണ്. പക്ഷേ ഗവർണറും നിങ്ങളും ഹണിമൂൺ കാലഘട്ടത്തിൽ ചെയ്ത എല്ലാ കാര്യങ്ങളും തെറ്റിപ്പിരിയുമ്പോൾ പരസ്പരം പറയുന്ന അവസരത്തിലാണ് ഞങ്ങളുടെ നിലപാടെന്താണെന്ന് നിങ്ങൾ ചോദിക്കുന്നത്. ഇക്കാര്യത്തിൽ നിങ്ങൾ ഓരോ ഘട്ടത്തിലുമെടുത്ത നിലപാടുകളെയും നിയമനങ്ങളെയും സംബന്ധിച്ച് പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ഇപ്പോൾ സർവ്വകലാശാലയിൽ ചാൻസലറെ നിയമിച്ച കാര്യത്തെക്കുറിച്ച് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, വൈസ്-ചാൻസലറെ നിയമിച്ച കാര്യത്തിൽ സുപ്രീംകോടതി ഇടപെട്ടതിനുശേഷമാണല്ലോ നിങ്ങൾ തമ്മിൽ തെറ്റുന്നത്. സുപ്രീംകോടതി ഇടപെടുന്നതുവരെ നിങ്ങൾ എഴുതിക്കൊടുക്കുന്നതിനനുസരിച്ച് ഗവർണർ നിയമിക്കുകയായിരുന്നല്ലോ, അങ്ങനെയാണല്ലോ സംഭവിച്ചുകൊണ്ടിരുന്നത്. അല്ലാതെ നിങ്ങൾ പറയുന്നത് ഗവർണർ ചെയ്യാതിരുന്നിട്ടില്ല. ചെയ്ത കാര്യം തെറ്റാണെന്ന് ഗവർണർക്ക് ബോധ്യമായപ്പോഴാണ് അദ്ദേഹം നടപടിയെടുത്തത്. യഥാർത്ഥത്തിൽ സുപ്രീംകോടതി വിധിവരുന്ന സമയത്തുതന്നെ വൈസ്-ചാൻസലർമാരിൽ യോഗ്യതയില്ലാത്തവരോട് മാറി നിൽക്കാൻ ഗവൺമെന്റ് പറയണമായിരുന്നു. നിങ്ങൾ അത്

പറഞ്ഞില്ല. യോഗ്യതയില്ലാത്തവരെ വൈസ്-ചാൻസലർമാരും പ്രൊഫസർമാരുമാക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഒൻപത് വൈസ്-ചാൻസലർമാരുടെ കാര്യത്തിൽ തീരുമാനമാകാനിരിക്കുകയാണ്, ചിലത് തീരുമാനമായിക്കഴിഞ്ഞു. യോഗ്യത നോക്കാതെ വൈസ്-ചാൻസലർമാരെ അനധികൃതമായി നിയമിക്കുന്ന നിങ്ങൾക്ക് ചാൻസലർമാരുടെ കാര്യത്തിൽ ഒരു തെറ്റും പറ്റില്ലെന്ന് പറഞ്ഞാൽ അതെങ്ങനെ ഞങ്ങൾക്ക് വിശ്വസിക്കാൻ സാധിക്കും. അങ്ങനെയുള്ള ഒരു ബില്ലിനെ ഞങ്ങൾക്ക് എങ്ങനെ സപ്പോർട്ട് ചെയ്യാൻ സാധിക്കും. ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഹിന്ദുത്വ അജണ്ടയും ഫാസിസവുമാണ് നിങ്ങൾ പറയുന്നത്. ഇവിടെ ഫാസിസത്തിനെതിരെ പറഞ്ഞല്ലോ. ഇന്ന് ഫാസിസം എവിടെ; കോൺഗ്രസ് എവിടെയെന്നൊക്കെ പട്ടാമ്പി അംഗം ചോദിച്ചു. ഇന്ത്യയിൽ ഫാസിസത്തിനെതിരെയുള്ള പോരാട്ടത്തിൽ ഏത് പാർട്ടിയാണുള്ളത്?

ശ്രീ. ടി. സിദ്ദിഖ്: സർ, ഒരൊറ്റ കാര്യം പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി കൂടി ശ്രദ്ധിക്കണം. ഹിന്ദുത്വ അജണ്ടയുമായി ബന്ധപ്പെട്ട കാര്യം സംസാരിച്ചതുകൊണ്ട് പറയുകയാണ്. അതുസംബന്ധിച്ച് നേരത്തെ എല്ലാ അംഗങ്ങളും സംസാരിച്ചു. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ബ്രണ്ണൻ

കോളേജിലെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് എന്ന കോഴ്സിന്റെ 'Themes in Indian Political Thought' എന്ന സിലബസ്സിൽ പതിനൊന്ന് ബുക്കുകളാണുള്ളത്.

മി. സ്പീക്കർ: അതൊക്കെ സഭയിൽ ചർച്ച ചെയ്തതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, അതിൽ അഞ്ച് ബുക്കുകൾ - മാധവ സദാശിവ ഗോൾവാൾക്കറുടെ 'Bunch of Thoughts'; വി. ഡി. സവർക്കറുടെ 'We or Our Nationhood Defined', 'Hinditva: Who is a Hindu', ദീൻദയാൽ ഉപാധ്യായയുടെ 'Integral humanism', ബൽരാജ് മധോകിന്റെ 'Indianisation: what why and how' എന്നിവയാണ്.

മി. സ്പീക്കർ: അതിവിടെ ചർച്ച ചെയ്തതാണ്. പുതിയ സംഭവമല്ല. പ്ലീസ്...പ്ലീസ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സി.പി.ഐ.(എം)-ന് ഗവർണറോടുണ്ടായിരുന്ന ഓരോ നിലപാടും പരിശോധിച്ചാൽ, എല്ലാ കാലത്തും ഹിന്ദുത്വ അജണ്ടയെ തലോടേണ്ട സമയത്ത് തലോടുകയും എന്നാൽ കയ്യടി നേടാൻവേണ്ടി ഹിന്ദുത്വത്തിനെതിരായി സംസാരിക്കുകയും ചെയ്യുകയാണെന്ന് മനസ്സിലാകും. ഇന്ത്യാ രാജ്യത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സല്ലാതെ മറ്റേത് പാർട്ടിയാണ് ഫാസിസത്തിനെതിരെ

പോരാടുന്നത്. ഇവിടെ വി. ഡി. സവർക്കറെക്കുറിച്ച് പറഞ്ഞല്ലോ, ഭാരത് ജോഡോ യാത്ര നയിച്ച ശ്രീ. രാഹുൽ ഗാന്ധി 1500 കിലോ മീറ്റർ പിന്നിട്ട് മഹാരാഷ്ട്രയിൽ ചെന്ന് വി. ഡി. സവർക്കർക്കെതിരെ പറയാൻ തന്റേടം കാണിച്ചത് നമ്മൾ പത്രങ്ങളിൽ കണ്ടതാണ്. ഇന്ത്യയിൽ ഒരു നേതാവിനേ അതിന് കഴിഞ്ഞിട്ടുള്ളൂ. കോൺഗ്രസ്സിന് ബദലായി അരവിന്ദ് കെജ്‌രിവാളിന്റെ ആം ആദ്മി പാർട്ടി വരുന്നുവെന്ന് പറഞ്ഞ് നടന്നവരുടെ കൂട്ടത്തിൽ കേരളത്തിലെയും ഇന്ത്യയിലെയും ഇടതുപക്ഷമുണ്ട്. അന്ന് ഞങ്ങൾ പറഞ്ഞു, അരവിന്ദ് കെജ്‌രിവാൾ ബി.ജെ.പി.-യുടെ 'ബി' ടീമാണെന്ന്, ഇന്ന് ബി.ജെ.പി.-യുടെ 'എ' ടീമാണെന്ന് പറയുന്ന രീതിയിലേയ്ക്ക് ആം ആദ്മി പാർട്ടി മാറിക്കഴിഞ്ഞു. ഇന്ത്യൻ റുപ്പിയുടെ പുറത്ത് മഹാത്മാഗാന്ധിയുടെ ചിത്രമല്ല, ഹനുമാന്റെയും ലക്ഷ്മിദേവിയുടെയും ചിത്രം വയ്ക്കണമെന്ന് പറയുന്ന തലത്തിലേയ്ക്കാണ് ഇന്ന് ആം ആദ്മി പാർട്ടി പോകുന്നത്. എന്തുകൊണ്ട് ഗുജറാത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഏകീകൃത സിവിൽ കോഡിനെക്കുറിച്ച് ബി.ജെ.പി. പറയുന്നില്ലെന്ന് ചോദിക്കുന്ന അരവിന്ദ് കെജ്‌രിവാളിനെയാണ് നമ്മൾ കാണുന്നത്. അവരിലാണ് നിങ്ങൾ പ്രതീക്ഷയർപ്പിച്ചത്. അവിടെയൊക്കെ കോൺഗ്രസ്സിനെ എങ്ങനെയെങ്കിലും ഇല്ലാതാക്കണമെന്നാണ് നിങ്ങൾ

ചിന്തിച്ചത്. ഇന്ന് ഫാസിസത്തിനെതിരെയുള്ള പോരാട്ടം നയിക്കുന്ന ഏതെങ്കിലും പ്രസ്ഥാനമുണ്ടെങ്കിൽ അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്; ശ്രീ. രാഹുൽ ഗാന്ധിയാണെന്ന് ഇനിയെങ്കിലും തിരിച്ചറിയണം. ഇ.ഡി. വന്നാലോ സി.ബി.ഐ. വന്നാലോ ഭയപ്പെട്ട് വായ് മൂടിക്കെട്ടുന്നതല്ല; 54 മണിക്കൂർ ഇ.ഡി. ചോദ്യം ചെയ്തിട്ട് പുറത്തിറങ്ങി ശ്രീ. നരേന്ദ്ര മോദിയെ ചോദ്യം ചെയ്യാൻ തന്റേടമുള്ള നേതാവും ഇന്ത്യയിൽ ഒന്നേയുള്ളൂ; അതും ശ്രീ. രാഹുൽ ഗാന്ധിയാണ്. അതുകൊണ്ട് ദയവുചെയ്ത് ശ്രീ. രാഹുൽ ഗാന്ധിയെയും ഇന്ത്യയിൽ ഫാസിസത്തെ എതിർക്കുന്ന കോൺഗ്രസ് സമീപനത്തെയൊന്നും സി.പി.ഐ.(എം.) എതിർക്കരുത്. ഹിന്ദുത്വ അജണ്ടയാണ് ഇതിന്റെ പുറകിലെന്ന് പറഞ്ഞ് ബോധ്യപ്പെടുത്താനുള്ള ശ്രമമുണ്ടെങ്കിൽ അത് നിങ്ങൾ ചെയ്തോളൂ. ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്; അങ്ങ് നൽകിയ സ്പെഷ്യൽ കൺസിഡറേഷന് പ്രത്യേകം നന്ദി പറയുകയാണ്. നിങ്ങളുടെ പരസ്പരമുള്ള വിഴുപ്പലക്കലും ഇത്തരം നിലപാടുകളുംകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല തകർന്നുകൊണ്ടിരിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് ലക്ഷക്കണക്കിന് കുട്ടികൾ കടന്നുവരുന്നുവെന്നാണ് പറഞ്ഞത്. എന്നാൽ യൂണിവേഴ്സിറ്റികളുടെ കണക്ക് പരിശോധിക്കണം. ഈ വർഷം

യൂണിവേഴ്സിറ്റികളിൽ ചേർന്ന കുട്ടികളുടെ എണ്ണം വളരെ താഴേയ്ക്ക് പോകുകയാണ്. വിദ്യാഭ്യാസത്തിനായി നമ്മുടെ കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നത് എന്തുകൊണ്ടാണ്? അത് വിശ്വാസ്യതയുടെ നഷ്ടമാണ്, വിശ്വാസത്തകർച്ചയാണ്; കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകഴിഞ്ഞാൽ അവരുടെ ജീവിതം കരുപിടിപ്പിക്കാൻ കഴിയില്ലെന്ന ഉത്തമ ബോദ്ധ്യമാണ്. ഗവർണർ-ഗവൺമെന്റ് തർക്കം നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും തകർത്തുകഴിഞ്ഞു. അതുകൊണ്ട് അതിനെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. അതല്ലാതെ ആരെയെങ്കിലും പരാജയപ്പെടുത്താനോ ആർക്കെങ്കിലും ജയിക്കാനോ വേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി നമ്മുടെ കുട്ടികളുടെ ഭാവിയെയും നമ്മുടെ യൂണിവേഴ്സിറ്റികളെയും കലാലയങ്ങളെയും മാറ്റുന്ന സാഹചര്യമുണ്ടാകരുതെന്ന് സൂചിപ്പിച്ചുകൊണ്ട് ബില്ലിനെ എതിർക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിൽ അവസാനം സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാർ, അദ്ദേഹത്തിന്റെ നിലപാടെന്താണെന്ന് മാത്രം പറഞ്ഞില്ല. ഗവർണർ

ചാൻസലറായി തുടരണോ; അതോ മാറണോ എന്നാണ് ബില്ലിൽ ചർച്ച ചെയ്തത്. അതിലെന്താണ് നിങ്ങളുടെ നിലപാട്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞു.

ശ്രീ. പി. രാജീവ്: സർ, ഇല്ല, പറഞ്ഞില്ല. അങ്ങ് എല്ലാം പറഞ്ഞു; പയർ എത്രയെന്ന് ചോദിച്ചപ്പോൾ അരി അഞ്ഞാഴിയെന്നും തിരിച്ച് അരിയെത്രയെന്ന് ചോദിച്ചപ്പോൾ പയർ അഞ്ഞാഴിയെന്നുമാണ് പറഞ്ഞത്. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റണോ വേണ്ടയോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ വളരെ വ്യക്തമായി പറഞ്ഞു, കഴിഞ്ഞ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലം മുതൽ ഗവർണർക്കെതിരെ എടുത്ത തീരുമാനം ഞങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അന്ന് സഭയിലില്ല. ....(ബഹളം).....

ശ്രീ. പി. രാജീവ്: സർ, അങ്ങനെ വളഞ്ഞുപിടിക്കേണ്ട, ചോദ്യം ഒബ്ജക്ടീവ് ടൈപ്പാണല്ലോ; സാമർത്ഥ്യത്തിന്റെ ദുരുപയോഗം ആയിക്കോട്ടെ; ഗവർണർ ചാൻസലർ സ്ഥാനത്ത് തുടരണോ വേണ്ടയോ എന്നതാണല്ലോ ബില്ലിൽ ചർച്ച ചെയ്യുന്നത്; നിങ്ങളുടെ അഭിപ്രായം എന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞു.

<u>ശ്രീ. പി. രാജീവ്</u>: സർ, .....(ബഹളം)... ഒന്നും പറഞ്ഞിട്ടില്ല. അങ്ങ് പറഞ്ഞത് ഇതുവരെ എനിക്ക് ബോധ്യപ്പെട്ടിട്ടില്ല. ബോധ്യപ്പെട്ടവർക്ക് കുഴപ്പമില്ല. കേരള ഗവർണർ ഒരു ഘട്ടത്തിൽ ചാൻസലർ സ്ഥാനം ഒഴിയുകയാണെന്ന് പറഞ്ഞപ്പോൾ പത്രത്തിൽ വന്ന വാർത്ത ഞാൻ വായിക്കാം. " The Opposition Congress in Kerala on Thursday came out against Governor Arif Mohammed Khan saying that his stand not to continue as the Chancellor of Universities in the State was illegal and he was not supposed to talk like a child. Leader of Opposition in the State Assembly, V. D. Satheesan asked what authority did the Governor have to declare himself that he won't continue in the Chancellor post.... " അങ്ങയുടെ ക്വാട്ടിംഗാണ്. ഇത് അങ്ങയുടേതല്ലെങ്കിൽ ഞാനത് പിൻവലിച്ചു. ഇത് പത്രത്തിൽ വന്നതാണ്. " ...... while senior party leader Ramesh Chennithala said his move would only adversely impact the independent and transparent functioning of the universities." ഇതിനർത്ഥം, ഗവർണർ ചാൻസലർ സ്ഥാനത്തുനിന്നും മാറുന്നത് സ്വതന്ത്രവും സുതാര്യവുമായ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിന് തടസ്സമാണ് എന്നാണ്. ഈ വാർത്ത അങ്ങ് നിഷേധിച്ചെങ്കിൽ മലയാളം

പത്രങ്ങളിലും ഇതേ വാർത്ത വന്നിട്ടുണ്ട്. ഗവർണർ സ്വയം ഒഴിയാമെന്ന് പറഞ്ഞപ്പോൾ അങ്ങനെ ഒഴിയാനേ പാടില്ലെന്ന് പരസ്യമായി വാശിപിടിച്ചത് നിങ്ങളാണ്. ഇത് സാമർത്ഥ്യത്തിന്റെ ദുരുപയോഗമല്ല. ബൂമറാങ് നേരെ മുഖത്ത് വന്നടിക്കുമ്പോൾ അസ്വസ്ഥമായി ഇത്തരം പ്രയോഗങ്ങൾ നടത്തുന്നത് ശരിയല്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. നിയമനിർമ്മാണ പ്രക്രിയയിൽ വളരെ ഗൗരവമായി ഇടപെടുന്ന എന്റെ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീനെ ഇപ്പോൾ കാണുന്നില്ല. സെർച്ച് കമ്മിറ്റി സംബന്ധിച്ച ബിൽ കഴിഞ്ഞ പ്രാവശ്യം കൊണ്ടുവന്നിരുന്നു. അതിന്റെ ചർച്ചയിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം ഞങ്ങൾ ഇപ്പോൾ ചെയ്തിട്ടുണ്ട്. പശ്ചിമ ബംഗാളിലേതുപോലെ ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റാനുള്ള ധൈര്യം നിങ്ങൾക്കുണ്ടെങ്കിൽ ഞങ്ങൾ കൂടെ നിൽക്കാമെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്. ഇത് മുസ്ലീംലീഗിന്റെ അഭിപ്രായമായിരുന്നുവെങ്കിലും ഞങ്ങൾ അതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതിന് കുറച്ച് വൈകിപ്പോയെന്നത് ഞങ്ങൾ സമ്മതിക്കുന്നു. ഇപ്പോഴും മുസ്ലീംലീഗിന്റെ ചർച്ചകളിൽ ആ നിലപാട് തന്നെയാണ് കണ്ടിട്ടുള്ളത്. ഞങ്ങൾ കബളിപ്പിച്ചുവെന്നൊക്കെയാണ് പറഞ്ഞത്. അങ്ങനെയൊന്നും പറയാൻ പാടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഇവിടെ ലീഗൽ ഒബ്ജക്ഷൻ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റുന്നതിന് ഞങ്ങൾ എതിരല്ലെന്ന് വളരെ കൃത്യമായി പറഞ്ഞു. ഞങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റിയിട്ടുണ്ടെന്ന് പറഞ്ഞല്ലോ; എ.ഐ.സി.സി.-യുടെയും കോൺഗ്രസിന്റെയും കേരളത്തിലെ പ്രതിപക്ഷത്തിന്റെയും നിലപാട് ഒന്നുതന്നെയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ നിയമസഭയിൽ പറയുന്നത് മുസ്ലീംലീഗിന്റെ അഭിപ്രായം മാത്രമല്ല; കേരളത്തിലെ യു.ഡി.എഫ്.-ന്റെ അഭിപ്രായം കൂടിയാണ്. ചാൻസലർ സ്ഥാനത്തുനിന്നും മാറാൻ തയ്യാറാണെന്ന് ഗവർണർ പറഞ്ഞപ്പോൾ, മാറരുതെന്ന് പറഞ്ഞ് നിങ്ങൾ പോയി കാലുപിടിച്ചു. എന്നിട്ട് ഇപ്പോൾ നിങ്ങൾ തിരിച്ച് ഞങ്ങളെ പറയുന്നു. അങ്ങനെ പറയേണ്ട. നിങ്ങളിലാർക്കെങ്കിലും ധൈര്യമുണ്ടെങ്കിൽ ഗവർണറോട് ഒഴിയാൻ പറയണമായിരുന്നു. നിങ്ങൾ പറഞ്ഞില്ല.

ശ്രീ. പി. രാജീവ്: സർ, നിങ്ങൾ പറഞ്ഞതും പബ്ലിക് ഡൊമൈനിൽ കിടക്കുന്നതുമായ ഒരു കാര്യമാണ് ഞാൻ വായിച്ചത്. നിങ്ങൾ നിരാകരിച്ചതോടെ അത് അവസാനിച്ചു. ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ

തർക്കമില്ലെന്ന് ഇപ്പോൾ വ്യക്തമാക്കിയതിന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ മാറ്റുന്നുവെന്നുള്ളതാണ് ബില്ലിന്റെ ഉള്ളടക്കം. നാടിന്റെ വികാരമായി കണക്കാക്കി ഈ ബിൽ നമുക്ക് ഏകകണ്ഠമായി പാസ്സാക്കാം. സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ഇനിയും അഭിപ്രായം പറയാമല്ലോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങയുടെ വാചകങ്ങൾ എന്റെ നാവിലേയ്ക്ക് അടിച്ചേല്പിക്കരുത്. ഞാൻ ഇവിടെ വളരെ കൃത്യമായി സംസാരിച്ച കാര്യം രേഖയിലുള്ളതിനാൽ നിങ്ങൾ പറഞ്ഞാലോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലോ അത് അതല്ലാതാവില്ല. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റിയിട്ട് പകരം കൊണ്ടുവന്നിരിക്കുന്ന സംവിധാനം സർവ്വകലാശാലകളെ തകർക്കുകയും സർവ്വകലാശാലകളെ ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റുകളാക്കി തരംതാഴ്ത്തുകയും ചെയ്യുമെന്ന് ഞാനിവിടെ കൃത്യമായി പറഞ്ഞതാണ്. അങ്ങ് പറയുന്നത് ബില്ലിൽ ആകെ ഒരു കണ്ടന്റേയുള്ളൂ എന്നാണ്. ഗവർണറെ മാറ്റുന്നത് മാത്രമല്ല; ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റി പകരം കൊണ്ടുവരുന്ന സംവിധാനത്തെക്കുറിച്ചാണ് ഞങ്ങളിവിടെ വിമർശിച്ചത്.

ശ്രീ. പി. രാജീവ്: സർ, ഞാൻ അടുത്തൊരു ചോദ്യം ചോദിക്കാം. രാജസ്ഥാൻ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലുള്ളതുപോലെ മുഖ്യമന്ത്രി ചാൻസലറാകണമെന്നാണോ നിങ്ങളുടെ അഭിപ്രായം?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബിൽ കൊണ്ടുവരാൻ പോയപ്പോൾ നിങ്ങൾ ഞങ്ങളുമായി ചർച്ച ചെയ്തിട്ടില്ലല്ലോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ അതിനുള്ള അവസരമാണല്ലോ സഭ ഒരുക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെയല്ല. ഈ ബിൽ കൊണ്ടുവരാൻ പോകുന്നുവെന്ന് ഡിക്ലെയർ ചെയ്ത സമയത്ത് ഞങ്ങളുമായി ചർച്ച ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ്. ഇതുവരെ ചാൻസലർ സ്ഥാനത്തിരുന്നത് ഗവർണറായതിനാൽ അദ്ദേഹത്തെ മാറ്റുന്നതോടുകൂടി വലിയൊരു റാഡിക്കൽ ചെയ്ഞ്ചാണ് ഉണ്ടാകാൻ പോകുന്നത്. ഇത്തരം മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ കേരളത്തിൽ പ്രതിപക്ഷവുമായി ആലോചിക്കുന്ന ഒരു പ്രീസിഡന്റുണ്ട്. ഞങ്ങളുമായി സംസാരിച്ചിരുന്നെങ്കിൽ ഞങ്ങൾ കൃത്യമായി അഭിപ്രായം പറഞ്ഞേനെ. നിങ്ങൾ ബിൽ കൊണ്ടുവരികയും അത് സഭയിൽ സർക്കുലേറ്റ് ചെയ്ത് സബ്ജക്ട്

കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയുകയും ചെയ്യുമ്പോൾ മാത്രം പ്രതിപക്ഷത്തിന്റെ അഭിപ്രായമെന്താണെന്ന് ചോദിക്കുന്നത് ശരിയാണോ; അങ്ങനെയല്ലല്ലോ ചെയ്യേണ്ടിയിരുന്നത്? ഇതുപോലെ നിർണ്ണായകമായ ബില്ലുകൾ കൊണ്ടുവരുമ്പോൾ കേരളത്തിലെ പ്രതിപക്ഷവുമായി എത്രയോ പ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ട്, നിങ്ങളും ഞങ്ങളും അപ്പുറത്തും ഇപ്പുറത്തുമിരിക്കുമ്പോൾ അങ്ങനെ ചെയ്തിട്ടുണ്ട്. അതിനൊന്നും തയ്യാറാകാതെ ഇപ്പോൾ 'നിങ്ങളുടെ അഭിപ്രായമെന്താണ്; മുഖ്യമന്ത്രിയെ ചാൻസലറായി വയ്ക്കട്ടെ' എന്ന് ചോദിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, ഞാൻ ഇതിലേയ്ക്ക് വരാൻ കാരണം നേരത്തെ പ്രതിപക്ഷം വ്യത്യസ്ത അഭിപ്രായം പറഞ്ഞിരുന്നതിനാലാണ്. ഇപ്പോൾ പ്രതിപക്ഷനേതാവ് ആധികാരികമായി പറഞ്ഞത് ചാൻസലർ സ്ഥാനത്തേയ്ക്ക് ഗവർണർ അല്ല പുതിയൊരാൾ വരണമെന്നാണ്. ഇപ്പോൾ കൊണ്ടുവരുന്ന സംവിധാനം യൂണിവേഴ്സിറ്റിയെ ഡിപ്പാർട്ട്മെന്റാക്കി മാറ്റുമെന്നുള്ളതിലാണ് അദ്ദേഹത്തിനുള്ള വിയോജിപ്പ്. നമ്മുടെ മുന്നിലുള്ള അടുത്ത മാതൃക കോൺഗ്രസ് ഗവൺമെന്റിന്റേതാണ്. അതാണ് രാജസ്ഥാനിലും ഛത്തീസ്ഗഡിലും മഹാരാഷ്ട്രയിലും നടപ്പാക്കിയ മാതൃക. ആ മാതൃക പ്രകാരം മുഖ്യമന്ത്രി ചാൻസലറാവുകയാണ്. ......(ബഹളം)......

ഞാൻ അദ്ദേഹം പറഞ്ഞതിനോട് പ്രതികരിക്കുകയാണ്. ഇപ്പോൾ ഇതിനോട് യോജിക്കാത്തതിനുകാരണം നേരത്തെ പ്രതിപക്ഷത്തോട് ചർച്ച ചെയ്യാത്തതാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ അതിലാണല്ലോ തർക്കമുള്ളത്. ഗവൺമെന്റ് നിയോഗിക്കുന്ന ഒരാൾ ചാൻസലറായി വന്നാൽ ഡിപ്പാർട്ട്മെന്റാകുമെന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ അങ്ങനെയല്ല കണ്ടത്. മുഖ്യമന്ത്രി ചാൻസലറാകുന്നതോടുകൂടി ഗവൺമെന്റിന്റെ നേരിട്ടുള്ള ഇടപെടൽ വരുന്നത് യഥാർത്ഥത്തിൽ ഞങ്ങൾക്ക് വളരെ എളുപ്പമായിരുന്നു. ഹയർ എഡ്യൂക്കേഷനെ സംബന്ധിച്ച ശ്യാം മേനോൻ കമ്മീഷൻ റിപ്പോർട്ടിൽ സർവ്വകലാശാലകളിൽ ചീഫ് മിനിസ്റ്റർ വിസിറ്ററായി വരണമെന്ന് കൃത്യമായി പറയുന്നുണ്ട്. മറ്റ് വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകളും മുമ്പിലുള്ള മാതൃകകളുമെല്ലാം പറയുന്നത് ഇതുതന്നെയാണ്; രാജസ്ഥാനിലും ഇതുതന്നെയാണ് മാതൃക. എന്നാൽ ഞങ്ങൾ കണ്ടത് അതല്ല. ഇപ്പോൾ കലാമണ്ഡലത്തിന്റെ ചാൻസലറായി നിയമിക്കപ്പെട്ട ശ്രീമതി മല്ലിക സാരാഭായി, മൃണാളിനി സാരാഭായിയുടെ മകളും അമ്മു സ്വാമിനാഥിന്റെ കൊച്ചുമകളുമാണ്, അവരുടെ കൊച്ചുമകളെന്ന ക്വാളിറ്റിയല്ല ഞങ്ങൾ കണ്ടത്. കലാമണ്ഡലത്തിന്റെ ചാൻസലറാക്കാൻ പറ്റുന്ന ഇതിനേക്കാൾ മികച്ച വേറൊരാൾ ഇന്ത്യയിലുണ്ടെങ്കിൽ നിങ്ങൾ പറയൂ, ഇതുപോലുള്ള

ആളുകളാണ് വരേണ്ടത്. അല്ലാതെ മുഖ്യമന്ത്രിയോ മന്ത്രിമാരോ അല്ല. ഞങ്ങളുടെ അഭിപ്രായം അതാണ്. പേര് കേൾക്കുമ്പോൾതന്നെ കൊള്ളാം എന്നുതോന്നണം. ഐ.ഐ.ടി., ഐ.ഐ.എം.-ന്റെ നിയമങ്ങൾ ഭേദഗതി ചെയ്ത് ഡയറക്ടറെ നിയമിച്ചിരിക്കുന്നത് ഈ രൂപത്തിൽ തന്നെയാണ്. ഈ തർക്കത്തിൽ വളരെ ഇന്റലക്ച്വലായ ആളുകളുടെ അഭിപ്രായം പരിശോധിക്കണം. പല സംസ്ഥാനങ്ങളും ഗവർണറെ മാറ്റി മുഖ്യമന്ത്രിയെ ചാൻസലറാക്കി ബിൽ കൊണ്ടുവരികയും പാസാക്കുകയും ചെയ്തു. എന്നാൽ ഇവിടെ മുഖ്യമന്ത്രിയുമല്ല, ഗവർണറുമല്ല; പകരം അക്കാദമിക് രംഗത്ത് വളരെ ഔന്നത്യമുള്ള വ്യക്തിത്വങ്ങളാണ് ചാൻസലറാകേണ്ടത് എന്നാണ് ഞങ്ങളുടെ നിലപാട്. അതിനുപറ്റുന്ന രൂപത്തിലുള്ള ഫോർമുലേഷനാണ് ഈ ബില്ലിലുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഇതിൽ കോൺഗ്രസിന്റെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, കോൺഗ്രസിന്റെ അഭിപ്രായമെന്താണെന്നാണ് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചോദിച്ചത്, ഇത്രയുംനേരം അതാണ് സംസാരിച്ചത്. അങ്ങിവിടെ ഇല്ലായിരുന്നോ? ബഹുമാനപ്പെട്ട മന്ത്രി അങ്ങ് വളരെ

പോളിഷ്ഡായി പറഞ്ഞു, ബാക്കി സംസ്ഥാനങ്ങളിലെല്ലാം മുഖ്യമന്ത്രിമാർ ചാൻസലർ സ്ഥാനം ഏറ്റെടുത്തെങ്കിലും കേരളത്തിലെ മുഖ്യമന്ത്രി ഏറ്റെടുക്കില്ല. അതിനുള്ള കാരണം ഞങ്ങൾക്കറിയാം. നിങ്ങൾ ഇനി യൂണിവേഴ്സിറ്റികളിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ ഉത്തരവാദിത്വം അദ്ദേഹമെന്തിനാണ് ഏറ്റെടുക്കുന്നത്; അത് വേറൊരാളെക്കൊണ്ട് ചെയ്യിച്ചാൽ പോരേ? അതിനുള്ള ഏറ്റവും കൗശല മാർഗ്ഗമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അത് നിങ്ങൾ നിയമിക്കാൻ പോകുന്ന ആളുകളെ കാണുമ്പോൾ ഞങ്ങൾക്കറിയാം. ...(ബഹളം).... ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടാണ് സംസാരിക്കുന്നത്. അദ്ദേഹം സീറ്റിൽ ഇരുന്നതിനുശേഷമാണ് ഞാൻ സംസാരിക്കുന്നത്. .......(ബഹളം)....... പ്രതിപക്ഷനേതാക്കൾ സംസാരിക്കുമ്പോൾ 'നിങ്ങളുടെ അഭിപ്രായമെന്താണെന്ന്' ബാക്ക് ബഞ്ചിലിരുന്ന് ഞങ്ങളാരും ചോദിച്ചിട്ടില്ല. വളരെ അന്തസ്സോടുകൂടിയാണ് ഞങ്ങൾ പെരുമാറുന്നത്. ......(ബഹളം).... ഞാൻ ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചതിന് മറുപടി പറയുകയാണ്. ...(ബഹളം)....

<u>ഡോ. ആർ. ബിന്ദു</u>: സർ, പ്രതിപക്ഷനേതാവേ, മനസ്സിലാകാത്തതുകൊണ്ടാണ് ചോദിച്ചത്. ഗവർണറെ മാറ്റാൻ നിങ്ങൾ

അനുകൂലമാണെന്ന് പറഞ്ഞു. പകരം വേറെ എന്താണെന്ന് പറയുന്നുമില്ല. അതുകൊണ്ട് വ്യക്തത വരുത്താൻ വേണ്ടിയാണ് ചോദിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിനെക്കുറിച്ചാണ് പറയുന്നത്. ഞങ്ങൾ പറഞ്ഞല്ലോ, ഞങ്ങളോട് നേരത്തേ ചോദിച്ചിരുന്നെങ്കിൽ അതിനാവശ്യമായ നിർദ്ദേശം നൽകുമായിരുന്നു. ഒരു മുന്നണിയുടെ ഭാഗമായാണ് ഞാൻ ഇരിക്കുന്നത്. അസംബ്ലിയിൽ ചോദിക്കുമ്പോൾ വി. ഡി. സതീശൻ എന്നുപറയുന്ന ഒരാളുടെ വ്യക്തിപരമായ അഭിപ്രായമല്ല പറയുന്നത്. ഞങ്ങളൊരു മുന്നണിയാണ്, ഒരു പാർട്ടിയാണ്. പാർട്ടിയിലും മുന്നണിയിലും ചർച്ച ചെയ്താൽ മാത്രമേ പറയാൻ സാധിക്കൂ. അല്ലാതെ ഇപ്പോൾ ഇവിടെ വന്നിട്ടാണോ ഞങ്ങളുടെ അഭിപ്രായം ചോദിക്കേണ്ടത്? അങ്ങനെയല്ല ചെയ്യേണ്ടിയിരുന്നത്. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട്, സദുദ്ദേശ്യത്തോടുകൂടി നിങ്ങൾ ഈ കാര്യങ്ങൾ ചെയ്യണമായിരുന്നു. ഇതുപോലെ തട്ടിക്കൂട്ടിയ ബിൽ കൊണ്ടുവരാതെ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്ന തരത്തിൽ നല്ലരീതിയിലുള്ള ബിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഞങ്ങൾ യോജിക്കുമായിരുന്നു; കൺസെൻസസ്

ഉണ്ടാക്കാമായിരുന്നു. നിങ്ങൾ ഇപ്പോൾ ഇത് പിൻവലിച്ചാൽ നമുക്ക് ചർച്ച ചെയ്ത് നല്ലൊരു ബിൽ പാസ്സാക്കാം.

ശ്രീ. പി. രാജീവ്: സർ, നിലപാട് കൃത്യമല്ല. ഒരുകാര്യത്തിൽ നന്ദിയുണ്ട്. ഇടക്കാലത്ത് കോൺഗ്രസ് മാറിയെങ്കിലും ഇത് പുതിയ നിലപാടാണ്. നേരത്തെ മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത ഇതാണ്, 'സർക്കാർ ഗവർണർ പോര് നാടകമാണ്. ഗവർണർ പിൻമാറുന്നത്- തെറ്റായ സമീപനം സ്വീകരിക്കും'. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് നമ്മുടെ നിലപാടെന്താണെന്ന് ചോദിച്ചു. ഇത് 26-08-2015-ലെ കത്താണ്. ഈ ശിപാർശയെ സംബന്ധിച്ച് കോൺഗ്രസ് ഗവൺമെന്റ് നൽകിയ വിശദീകരണമാണ് ഞാൻ വായിക്കുന്നത്, "As it would help to avoid friction between the Government and the office of Governor in connection with the appointment of Vice Chancellor." ഇപ്പോഴല്ല ഫ്രിക്ഷൻ വന്നത്. ഞങ്ങളും ഗവർണറും തമ്മിൽ ഇപ്പോൾ ഫ്രിക്ഷൻ വന്നതുകൊണ്ടാണ് ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നാണ് നിങ്ങളിപ്പോൾ പറയുന്നത്. ഇത് നിങ്ങളുടെ കത്താണ്. അങ്ങ് ആ മന്ത്രിസഭയിലുണ്ടായിരുന്നു. അങ്ങയുടെ മന്ത്രിസഭയുടേതാണ് കത്ത്. ഇപ്പോൾ

വന്ന ഫ്രിക്ഷൻ അല്ല, ഫ്രിക്ഷൻ അന്നുമുണ്ടായിരുന്നു. ഇത് എന്റെ സാമർത്ഥ്യമല്ല, നിലവിലുള്ള രേഖതന്നെയാണ്. അങ്ങ് പറഞ്ഞത്, ഇപ്പോൾ ഞങ്ങളും ഗവർണറും തമ്മിൽ ഫ്രിക്ഷൻ വന്നതുകൊണ്ടല്ലേ എന്നാണ്; അല്ല. അന്നും നിങ്ങളുടെ അഭിപ്രായം ഇതാണ്. വൈസ്-ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരും ഗവർണറും തമ്മിലുള്ള തർക്കങ്ങൾ വല്ലാത്ത അവസ്ഥയിലേയ്ക്ക് പോകുന്നത് ഒഴിവാക്കാൻ ഈ നിർദ്ദേശം ഏറ്റവും നല്ലതാണെന്ന് പറഞ്ഞ ഗവൺമെന്റിനെ നയിച്ചത് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. നിങ്ങൾ പറയുന്നത് ഇപ്പോൾ ഫ്രിക്ഷൻ വന്നു എന്നാണ്; അല്ല, അന്നത്തെ അഭിപ്രായം തന്നെയാണ്. ഇപ്പോഴും ആ അഭിപ്രായം നിങ്ങൾ ഉയർത്തിപ്പിടിക്കുന്നത് സന്തോഷകരം തന്നെയാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി യൂണിവേഴ്സിറ്റികളെ പിടിച്ചെടുക്കാനുള്ള പാർട്ടിയാണെന്ന് പറഞ്ഞു. ഞങ്ങൾ ഏതാണ് പിടിച്ചെടുക്കാൻ നോക്കിയത്. നിങ്ങൾ കൊണ്ടുവന്ന രണ്ട് നിയമം ഞാൻ വായിക്കാം. അന്ന് കേരളത്തിലെ സ്ഥിതി എന്തായിരുന്നു? ഒരു ഗവൺമെന്റിന്റെ കാലത്ത് രൂപീകരിക്കുന്ന സിൻഡിക്കേറ്റും സെനറ്റും ഗവൺമെന്റ് തുടരുകയോ മാറുകയോ ചെയ്താലും തുടരുകയും കാലാവധി പൂർത്തീകരിക്കുകയും ചെയ്യും. അതായിരുന്നു നിലവിലുണ്ടായിരുന്ന സ്ഥിതി.

അതിൽ നിങ്ങൾ 2012-ൽ ഭേദഗതി കൊണ്ടുവന്നു. അതിലാണ് നിങ്ങൾ 'പ്രീതി സിദ്ധാന്തം' അവതരിപ്പിച്ചത്; ഇപ്പോൾ നിങ്ങൾ ചർച്ച ചെയ്യുന്ന 'പ്ലഷർ സിദ്ധാന്തം' അവതരിപ്പിച്ചത്. ആരാണോ നിയമിച്ചിട്ടുള്ളത്, ഗവൺമെന്റ്/ചാൻസലർ, അവരുടെ പ്രീതി നഷ്ടപ്പെട്ടാൽ സെനറ്റിലും സിൻഡിക്കേറ്റിലും തുടരാൻ കഴിയില്ലെന്ന് നിങ്ങൾ ഭേദഗതി കൊണ്ടുവന്നു. യൂണിവേഴ്സിറ്റികൾ പിടിച്ചെടുക്കാൻവേണ്ടി നിയമവിരുദ്ധമായ, തെറ്റായ ഭേദഗതി കൊണ്ടുവന്നത് യു.ഡി.എഫ്. ആണ്. എന്തിനാണ് നിങ്ങൾ അത് കൊണ്ടുവന്നത്? സെനറ്റും സിൻഡിക്കേറ്റും പിരിച്ചുവിട്ട് നിങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ചുള്ള വ്യക്തികളെ നിയമിക്കാൻവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നത്. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി നിയമത്തിലൂടെ സർവ്വകലാശാലകളെ ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റാക്കി മാറ്റുമെന്നാണ് അങ്ങ് ഇപ്പോൾ പറയുന്നത്. നിങ്ങൾ 2001-ൽ അധികാരത്തിൽ വന്നയുടൻ നിയമം ഭേദഗതി ചെയ്ത് സിൻഡിക്കേറ്റിലേയ്ക്കും സെനറ്റിലേയ്ക്കും എക്സ്-ഒഫീഷ്യോ മെമ്പേഴ്സിനെ കൊണ്ടുവന്നു. സിൻഡിക്കേറ്റും സെനറ്റും പിടിച്ചെടുക്കാൻ വേണ്ടി നിയമ ഭേദഗതി കൊണ്ടുവന്ന മുന്നണിയാണ് ഇപ്പോൾ ഞങ്ങൾ ഒരു ശരിയായ ഭേദഗതി കൊണ്ടുവന്നപ്പോൾ യൂണിവേഴ്സിറ്റികളെ പിടിച്ചെടുക്കാൻ

വേണ്ടിയാണെന്ന് പറയുന്നത്. ഇതാണ് നിങ്ങളുടെ ചരിത്രം. ഞങ്ങളെല്ലാം വിദ്യാർത്ഥി സംഘടനാ പ്രവർത്തകരായിരുന്ന കാലഘട്ടത്തിൽ ഇതിനെതിരെ വലിയ സമരം നടത്തിയവരാണ്. അതുകൊണ്ട് ഞങ്ങൾക്ക് പെട്ടെന്ന് ഓർമ്മ വരും. വലിയ സമരമാണ് അന്ന് കേരളത്തിൽ നടന്നത്. കേരളത്തിൽ യൂണിവേഴ്സിറ്റികൾ പിടിച്ചെടുക്കാൻ നയിച്ച മുന്നണിയുടെ പേരാണ് യു.ഡി.എഫ്.

യോഗ്യതയില്ലാത്തവരെ വി.സി.-യാക്കിയെന്ന് സുപ്രീംകോടതി പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്. സുപ്രീംകോടതി അങ്ങനെ പറഞ്ഞെങ്കിൽ അവരെ പിൻവലിക്കണം. ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറാകാൻ ഐ.ഐ.റ്റി.യിലെ പ്രൊഫസർ ക്വാളിഫൈഡ് അല്ലേ? അങ്ങ് നേരത്തെയും പറഞ്ഞു, ഗവൺമെന്റും ഗവർണറും സുപ്രീംകോടതിയിൽ ഒരേ നിലപാട് സ്വീകരിച്ചുവെന്ന്. അത് ശരിയാണ്, അതാണ് നിലപാട്. അത് എന്തുകൊണ്ടാണ്? അന്നത്തെ 'Law of the land' അതാണ്. യു.ജി.സി. മാനദണ്ഡപ്രകാരമുള്ള മിനിമം ക്വാളിഫിക്കേഷനുള്ളവരെ സംസ്ഥാന നിയമമനുസരിച്ച് തെരഞ്ഞെടുക്കുന്നു. നിങ്ങളും അതാണ് ചെയ്തത്. 2012-ൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെർച്ച് കമ്മിറ്റിയിലേയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. എം. എബ്രഹാമിനേയും ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ.യേയും തെരഞ്ഞെടുത്തു. എന്നാൽ ഞങ്ങൾ എം.എൽ.എ.-യും രാഷ്ട്രീയക്കാരനെയുമൊന്നും ഒരു സെർച്ച് കമ്മിറ്റിയിലും നിയമിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം സിൻഡിക്കേറ്റ് മെമ്പർ ആയിരുന്നു.

ശ്രീ. പി. രാജീവ്: സർ, ആയിക്കോട്ടെ, പക്ഷേ ഞങ്ങൾ അങ്ങനെ വച്ചിട്ടില്ല. 2010-ലും 2018-ലും യു.ജി.സി. റെഗുലേഷൻ നിലനിൽക്കുമ്പോൾ ഞങ്ങളാരെയും വച്ചിട്ടില്ല. ഞങ്ങൾ പിന്നെ എന്തുതെറ്റാണ് ചെയ്തത്?

ശ്രീ. വി. ഡി. സതീശൻ: സർ, അന്നുണ്ടായിരുന്ന റെഗുലേഷൻ അതായിരുന്നു. ഇപ്പോഴുള്ള റെഗുലേഷൻ അതാണോ; 2016-ൽ അല്ലേ അമെന്റ്മെന്റ് വരുന്നത്.

ശ്രീ. പി. രാജീവ്: സർ, എല്ലാ റെഗുലേഷനും എന്റെ കയ്യിലുണ്ട്. ഞാൻ ഓരോന്നും വായിക്കാം. അത് അവിടെ നിൽക്കട്ടെ. സുപ്രീംകോടതി വിധിയിൽ എന്താണ് പ്രശ്നം? അങ്ങ് കാര്യങ്ങൾ അറിയാവുന്ന ആളാണ്. ഇന്ത്യയിൽ ഏറ്റവും ചുരുങ്ങിയത് 180 വി.സി-മാരെയെങ്കിലും യു.ജി.സി. പ്രൊസീഡ്യുവർ അനുസരിച്ചല്ല നിയമിച്ചിരിക്കുന്നത്. യു.ജി.സി.

പ്രൊസീഡ്യുവർ, 2018 അനുസരിച്ച് ചാൻസലർ വി.സി.-യെ നിയമിക്കണം. ബാംഗ്ലൂർ നാഷണൽ ലാ യൂണിവേഴ്സിറ്റിയുടെ വിസിറ്റർ പ്രസിഡന്റ് ഓഫ് ഇന്ത്യ ആണ്. അങ്ങ് നിയമം വായിച്ചു നോക്കൂ. എല്ലാ നിയമവും വേണമെങ്കിൽ ഞാനിപ്പോൾ ഈ സഭയിൽ വയ്ക്കാം. അവിടെ എക്സിക്യൂട്ടീവ് കൗൺസിലാണ് നിയമിക്കുന്നത്, അത് യു.ജി.സി.-ക്ക് വിരുദ്ധമാണ്. ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ഗവൺമെന്റാണ് സെർച്ച് കമ്മിറ്റിയെ വയ്ക്കുന്നത്. സെർച്ച് കമ്മിറ്റി മൂന്നംഗ പാനൽ സ്റ്റേറ്റ് ഗവൺമെന്റിന് കൊടുക്കും. സ്റ്റേറ്റ് ഗവൺമെന്റ് അതിൽനിന്നും ഒരാളെ സെലക്ട് ചെയ്ത് ചാൻസലർക്ക് കൊടുക്കും. അയാളെയാണ് നിയമിക്കുന്നത്. ഗുജറാത്തിൽ വൈസ്-ചാൻസലറെ നിയമിക്കുന്നത് ചാൻസലറല്ല, സ്റ്റേറ്റ് ഗവൺമെന്റാണ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിലെ സെർച്ച് കമ്മിറ്റിയിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയുണ്ട്. ഇവിടത്തെ ഒരു സെർച്ച് കമ്മിറ്റിയിലും സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയില്ല. കേരളത്തിന്റെ കീഴ്വഴക്കമനുസരിച്ച് ഗവൺമെന്റ് നിർദ്ദേശിക്കുന്ന വ്യക്തിയാണ് പ്രതിനിധിയായി വരാറുള്ളത്. എഴുതിക്കൊടുക്കുന്നതിന് അനുസരിച്ച് ഗവർണർ ഒപ്പിട്ടപ്പോൾ കുഴപ്പമില്ലായിരുന്നു; ഒപ്പിടാതെ വന്നപ്പോഴാണ് പ്രശ്നമായതെന്ന്

ശ്രീ. എ. പി. അനിൽ കുമാർ പറയുകയുണ്ടായി. നിങ്ങളുടെ കാലത്ത് അങ്ങനെ തന്നെയായിരുന്നു. ഷംസീർ സിംഗ് കേസിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ പറഞ്ഞത് ഒരു സ്റ്റെനോ എഴുതുന്ന ഷോർട്ട്ഹാൻഡ് പോലെ ഗവൺമെന്റിന്റെ ചുരുക്കെഴുത്താണ് ഗവർണർ എന്നാണ്. നിങ്ങളുടെ കാലത്ത് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ്-ചാൻസലറുടെ താത്കാലിക ചാർജ്ജ് നൽകിയത് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായിരുന്ന ഡോ. കെ. എം. എബ്രഹാമിനാണ്. നിങ്ങളുടെ ഭരണകാലത്ത് നിലവിൽവന്ന തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജയകുമാറിനെ വൈസ്-ചാൻസലറാക്കി. അദ്ദേഹം പണ്ഡിതൻ തന്നെയാണെന്നതിൽ തർക്കമില്ല. 2012-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സെർച്ച് കമ്മിറ്റിയിൽ സെനറ്റിന്റെ പ്രതിനിധിയായി പ്രൊഫ. സതീഷ് കൊച്ചുപറമ്പിലിനെ നിയോഗിച്ചു. ഡോ. എ. വി. ജോർജ്ജിനെ അവിടത്തെ വൈസ്-ചാൻസലറായി നിയമിച്ചുവെങ്കിലും ചാൻസലർതന്നെ ആ നിയമനം റദ്ദാക്കി. 2014-ൽ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ സെർച്ച് കമ്മിറ്റി പ്രതിനിധികളായി നിങ്ങൾ തെരഞ്ഞെടുത്തത് അന്നത്തെ ചീഫ് സെക്രട്ടറി

ശ്രീ. ഇ. കെ. ഭരത് ഭൂഷൺ, ശ്രീ. ഹൈബി ഈഡൻ എം.എൽ.എ. എന്നിവരെയായിരുന്നു. ......(ബഹളം)..... അവർ സിൻഡിക്കേറ്റ് അംഗങ്ങളായിക്കോട്ടെ; ഞങ്ങൾ അത്തരത്തിൽ നിയമിച്ചിട്ടില്ല. ഞങ്ങൾക്കും സിൻഡിക്കേറ്റ് മെമ്പർമാരുമുണ്ട്, ശ്രീ. ബാബു ജോൺ സിൻഡിക്കേറ്റ് മെമ്പറല്ലേ. ശ്രീ. എം. വിജിൻ, ശ്രീ. കെ. എം. സച്ചിൻദേവ് തുടങ്ങിയ എം.എൽ.എ.-മാരും സിൻഡിക്കേറ്റ് അംഗങ്ങളാണ്. ഞങ്ങൾ ആരെയും സെർച്ച് കമ്മിറ്റി പ്രതിനിധികളായി നിയമിച്ചിട്ടില്ല. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടിയല്ല ഞങ്ങൾ നിലനിൽക്കുന്നത്. 2015-ൽ നിങ്ങളുടെ കാലഘട്ടത്തിൽ എന്റെ സുഹൃത്ത് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സെനറ്റിന്റെ പ്രതിനിധിയായിരുന്നു. അദ്ദേഹം പ്രൊഫസറും വിദ്യാഭ്യാസ വിചക്ഷണനുമാണ്. അദ്ദേഹത്തിന്റെ യോഗ്യതയെ ഞാൻ കുറ്റം പറയുന്നില്ല, അതിൽ ഞാൻ തർക്കിക്കുന്നുമില്ല. 2017-ൽ സെർച്ച് കമ്മിറ്റിയിൽ ഞങ്ങൾ നിയമിച്ച ആളുകളാരാണെന്ന് നോക്കിക്കോളൂ. ...(ബഹളം)... 2017-ൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സെനറ്റിന്റെ പ്രതിനിധിയായിരുന്നത് കോഴിക്കോട് സർവ്വകലാശാല മുൻ വൈസ്-ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പാണ്. 2018-ൽ കേരള

സർവ്വകലാശാല സെനറ്റിന്റെ പ്രതിനിധിയായി പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ശ്രീ. വി. കെ. രാമചന്ദ്രനെയാണ് നിയമിച്ചത്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ പ്രതിനിധിയായി ഞങ്ങൾ നിയമിച്ചത് മുൻ വൈസ്-ചാൻസലർ ഡോ. ബി. ഇക്ബാലിനെയാണ്. ...... (ബഹളം)..... വൈസ്-ചാൻസലറായിരുന്ന ആളാണ് ഡോ. ബി. ഇക്ബാൽ. .......(ബഹളം)....... പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളെ നിയമിച്ച കാര്യത്തിൽ ഞാൻ തർക്കമൊന്നും പറഞ്ഞില്ലല്ലോ; അദ്ദേഹം ഒരു പ്രൊഫസറാണ്; ......(ബഹളം)...... എന്നാൽ ശ്രീ. ഹൈബി ഈഡനും ശ്രീ. കെ. ശിവദാസൻ നായരും വിദ്യാഭ്യാസ വിചക്ഷണരാണെന്ന വ്യാഖ്യാനം നടത്തണമെങ്കിൽ അസാധാരണമായ ഒരു അവസ്ഥവേണം; അതേ ഞാൻ പറയുന്നുള്ളൂ. കണ്ണൂർ സർവ്വകലാശാലയിലെ സെനറ്റ് പ്രതിനിധിയായി മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ്-ചാൻസലർ പ്രൊഫ. രാജൻ ഗുരുക്കളെ നിയമിച്ചു. കേരളത്തിലെ ബുദ്ധിജീവികളുടെ എണ്ണം പരിശോധിച്ചാൽ അവരിൽ 80 ശതമാനവും കമ്മ്യൂണിസ്റ്റുകാരായിരിക്കും. അതിൽ നിങ്ങൾ ദുഃഖിച്ചിട്ട് കാര്യമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതെല്ലാം അങ്ങ് എന്തുകൊണ്ടാണ് ഇപ്പോൾ പറയുന്നത്? ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഏറ്റവും പുതിയ

വിധിയനുസരിച്ച് ഈ നിയമനങ്ങളെല്ലാം void ab initio ആണ്. യു.ജി.സി. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാനം പാസ്സാക്കുന്ന നിയമം നിലനിൽക്കില്ലെന്ന സുപ്രീംകോടതി വിധി വരുന്നതിനുമുമ്പ് ഈ ഒൻപത് വൈസ്-ചാൻസലർമാരും രാജിവയ്ക്കണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ടോ; പ്രതിപക്ഷത്തിരുന്നുകൊണ്ട് നിങ്ങൾ നിയോഗിച്ച ഏതെങ്കിലും സെർച്ച് കമ്മിറ്റിയെ ഞങ്ങൾ വിമർശിച്ചിട്ടുണ്ടോ; പിന്നെ എന്തിനാണ് അങ്ങ് ഈ ലിസ്റ്റ് വായിക്കുന്നത്? യു.ജി.സി. റെഗുലേഷൻ ലംഘിച്ചിട്ടുണ്ടെങ്കിൽ 'All those appointments are void ab initio' എന്നാണ് സുപ്രീംകോടതി വിധിയിൽ പറയുന്നത്. അതുകൊണ്ടാണ് വൈസ്-ചാൻസലർമാരുടെ നിയമനം മുഴുവൻ തെറ്റാണെന്ന് പറഞ്ഞത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. എന്നതിലുപരി ഒരു കോളേജ് പ്രൊഫസറും സെനറ്റിന്റെ പ്രതിനിധിയുമാണ്. ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ. രാജൻ ഗുരുക്കൾ, ഡോ. ബി. ഇക്ബാൽ എന്നിവരെക്കാൾ വലിയ ഏത് പാർട്ടിക്കാരെയാണ് ഇതിൽ നിയമിക്കേണ്ടത്? **......**(ബഹളം).....

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇങ്ങനെയൊരു വിധി പുറപ്പെടുവിക്കാൻ സാധ്യതയുണ്ടെന്ന് കരുതി

അതിനുമുമ്പുള്ള നിയമനങ്ങളെല്ലാം ആ വിധിക്കനുസരിച്ച് നടത്താൻ ഞങ്ങൾക്ക് അസാധാരണമായ സിദ്ധിയില്ല. അന്നത്തെ നിയമം എന്തായിരുന്നോ അത് ഞങ്ങൾ പാലിച്ചു. അന്നത്തെ നിയമമാണ് നിങ്ങളും പാലിച്ചത്. അല്ലാതെ ഇവർ തെറ്റുകാരെന്നല്ല ഞാൻ പറഞ്ഞത്. ഇവിടെ പൊതുവെ ഞങ്ങൾ എന്തോ കുഴപ്പം ചെയ്തിരിക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതായത്, ഈ ഗവൺമെന്റ് വന്ന് എല്ലാ നിയമവും ലംഘിച്ച് യോഗ്യതയില്ലാത്ത കുറെ വൈസ്-ചാൻസലർമാരെ നിയമിച്ചതുകൊണ്ട് ആകെ കുഴപ്പമായെന്നും അതുകൊണ്ട് വിദ്യാർത്ഥികൾ പഠിക്കാനായി യു.കെ.-യിലും ലണ്ടനിലും മറ്റും പോകുന്ന സ്ഥിതിവിശേഷമുണ്ടായിയെന്നുമുള്ള പ്രതീതിയാണ് സൃഷ്ടിച്ചത്. വി.സി. നിയമനങ്ങൾ മാത്രമല്ല, നിങ്ങൾ കമ്മിറ്റിയിൽ പ്രതിനിധിയെ നിയമിച്ചതും അന്നത്തെ നിയമമനുസരിച്ചാണ്. ഞങ്ങളും അങ്ങനെതന്നെയാണ് ചെയ്തത്. ഇന്ത്യയിലെ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാരെ നിയമിച്ചിരിക്കുന്നതും നിലവിലുള്ള നിയമമനുസരിച്ചാണ്. അപ്പോൾ ഞങ്ങളും നിങ്ങളും തെറ്റ് ചെയ്തിട്ടില്ല. നിങ്ങൾ ആ ഭാഗം മാത്രം സമ്മതിച്ചാൽ മതി. ഗുജറാത്ത് കേസിന്റെ വിധിയുടെ അവസാന ഭാഗത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്

ഭാവി നിയമനങ്ങളെല്ലാം യു.ജി.സി. മാനദണ്ഡം അനുസരിച്ചായിരിക്കണം എന്നാണ്. പക്ഷേ നമ്മുടെ വിധിയിൽ void ab initio എന്നുകൂടി വന്നു. അതുകൊണ്ട് തുടക്കംമുതലുള്ള നിയമനങ്ങൾ റദ്ദാക്കപ്പെട്ടു. ഇക്കാര്യങ്ങളെല്ലാം നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടതിൽ ഏറെ സന്തോഷമുണ്ട്. നിങ്ങൾക്കിടയിലുള്ള നിലപാടുകളും തർക്കങ്ങളും സംബന്ധിച്ച് ഞാൻ അധികം പറയുന്നില്ല. മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ ചിലത് ഞാൻ വായിക്കാം. 'ഗവർണർ അനുകൂല നിലപാട് : ശ്രീ. വി. ഡി. സതീശനെ തള്ളി ശ്രീ. കെ. മുരളീധരൻ; കടുത്ത ഭിന്നത', 'ഗവർണറെ മാറ്റുന്നതിൽ അടിസ്ഥാനമില്ല' - ശ്രീ. രമേശ് ചെന്നിത്തല, 'ഗവർണറെ ചാൻസലർ പദവിയിൽനിന്നും മാറ്റിയാൽ സർവ്വകലാശാലകൾ കമ്മ്യൂണിസ്റ്റുവത്കരിക്കപ്പെടും, നിയമത്തെ എതിർക്കും' - ശ്രീ. വി. ഡി. സതീശൻ. മാധ്യമങ്ങൾ പറയുന്നത് വിശ്വസിക്കേണ്ടതില്ലെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഗവർണറെ മാറ്റിക്കൊണ്ടുള്ള പുതിയ സംവിധാനത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. സംഘിവത്കരണം ഗവർണർ ചെയ്താലും മാർക്സിസ്റ്റ്വത്കരണം നിങ്ങൾ ചെയ്താലും ഞങ്ങൾ എതിർക്കും. ഇക്കാര്യത്തിൽ ഞങ്ങൾക്ക് നല്ല ക്ലാരിറ്റിയുണ്ട്, ഒരു സംശയവും വേണ്ട.

പക്ഷേ ബില്ലിന്റെ കാര്യത്തിൽ നിങ്ങൾ ഞങ്ങളുമായി ആലോചിക്കണമായിരുന്നു. ഗവൺമെന്റ് ഇക്കാര്യങ്ങൾ ഗൗരവമായി പ്രതിപക്ഷത്തോട് ആലോചിച്ചാൽ ഞങ്ങൾ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുമെന്നാണ് അന്നുപറഞ്ഞത്. സമന്വയത്തിന്റെ ഭാഗമായിട്ടുള്ള നിയമമാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വരേണ്ടത്. പക്ഷേ നിങ്ങൾ ചെയ്തത് ശരിയായില്ല. അന്നും ഇന്നും ഞങ്ങളുടെ നിലപാട് അതുതന്നെയാണ്.

ശ്രീ. പി. രാജീവ്: സർ, പക്ഷേ പത്രക്കാർ തെറ്റായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നിങ്ങൾ അന്ന് പറഞ്ഞതായി അവർ പറഞ്ഞിരിക്കുന്നത്, 'ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റുന്നതിൽ അടിസ്ഥാനമില്ല, ഇങ്ങനെയുള്ള മാറ്റം പ്രതിഷേധാർഹമാണ്' - ശ്രീ. രമേശ് ചെന്നിത്തല. കേരള കൗമുദിയിൽ വന്ന വാർത്തയാണിത്. അങ്ങയുടെ മുൻഗാമി പറഞ്ഞതാണ്. 'സർവ്വകലാശാലയുടെ ചാൻസലർ പദവിയിൽനിന്നും ഗവർണറെ നീക്കാനുള്ള സർക്കാർ നീക്കത്തെ പ്രതിപക്ഷം എതിർക്കും: പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ വ്യക്തമാക്കി'. ഇത് ഏഷ്യനെറ്റ് ന്യൂസിൽ വന്ന വാർത്തയാണ്. അങ്ങ് ഉദ്ദേശിച്ചത് ചിലപ്പോൾ തിരിച്ചായിരിക്കും. ഇപ്പോൾ അങ്ങ് പറയുന്നത് മാത്രമേ ഞാൻ

സ്വീകരിക്കുന്നുള്ളൂ. യഥാർത്ഥത്തിൽ മാർക്സിസ്റ്റ്വത്കരണത്തെയും സംഘിവത്കരണത്തെയും ഇന്ത്യയിലെ കോൺഗ്രസ് ഒരുപോലെയാണോ കാണുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിൽ അങ്ങനെയാണ്.

ശ്രീ. പി. രാജീവ്: സർ, അപ്പോൾ നിങ്ങൾ കേരളത്തിലെ ഒരു പ്രാദേശിക പാർട്ടിയായി മാറിയിരിക്കുകയാണ്. നിങ്ങളുടേത് ഇന്ത്യയിലെ കോൺഗ്രസ്സിന്റെ നിലപാടുകളല്ല. Senior Congress Leader and the former Finance Minister Shri P. Chidambaram said, Education was being over-regulated and over-centralised and that subject should be moved back to the State List from Concurrent List. നിങ്ങളാണ് വിദ്യാഭ്യാസത്തെ അങ്ങനെ കൊണ്ടുവന്നത്. എന്നാൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. ചിദംബരം പറയുന്നത് തിരികെ സംസ്ഥാന ലിസ്റ്റിൽ കൊണ്ടുവരണമെന്നാണ്. ആ അഭിപ്രായം നിങ്ങൾക്കുണ്ടോ? യു.ജി.സി.-യുടെ ഇപ്പോഴത്തെ ചെയർമാൻ ആരാണ്? 2016-21 വരെയുള്ള ജെ.എൻ.യു.-വിന്റെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. നാം ആ പ്രതിഷേധത്തിന് ഒപ്പം നിന്നവരാണ്. ആ പ്രശ്നങ്ങൾക്ക് നേതൃത്വം നൽകിയ വൈസ്-ചാൻസലറാണ് ഇപ്പോൾ യു.ജി.സി.-യുടെ

ചെയർമാനായിരിക്കുന്നത്. ഒരു യൂണിവേഴ്സിറ്റിയുടെ പുരോഗമന സ്വഭാവത്തെ അട്ടിമറിക്കുന്ന തരത്തിലുള്ള പ്രതിഷേധങ്ങൾക്ക് ഒരു കുലുക്കവുമില്ലാതെ നേതൃത്വം നൽകിയ വ്യക്തിയെ യു.ജി.സി.-യുടെ ചെയർമാനായി നിയമിച്ചിരിക്കുന്നത് നിഷ്കളങ്കമെന്ന് കരുതണോ; എല്ലാം യു.ജി.സി.-ക്ക് വിധേയമാകണമെന്ന് നിങ്ങൾ പറയുമ്പോൾ ഈ അപകടം നിങ്ങൾ കാണണ്ടേ? അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത്, നിങ്ങൾ അവിടെത്തന്നെ ഇരിക്കണമെന്ന് ഞങ്ങളും ഞങ്ങൾ ഇവിടെത്തന്നെ ഇരിക്കരുതെന്ന് നിങ്ങളും ആഗ്രഹിക്കുന്നു എന്ന്. പക്ഷേ എപ്പോഴെങ്കിലും ഇവിടെ വരാൻ സാധ്യതയുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടല്ലോ; ആ സന്ദർഭത്തിൽ നിങ്ങളുടെ നിലപാട് ഇതുതന്നെയായിരിക്കുമോ; യു.ജി.സി.-യുടേത് വർഗ്ഗീയവത്കരണ നടപടികളാണെങ്കിൽ യു.ജി.സി. റെഗുലേഷൻ അടിച്ചേൽപ്പിക്കുന്നതിനെ എതിർക്കേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, ലീഗൽ ഒബ്ജക്ഷനിൽ ഉന്നയിച്ച കാര്യങ്ങളാണ് അങ്ങ് സംസാരിക്കുന്നത്. നിലവിലുള്ള നിയമത്തിന്റെയും ഭരണഘടനയുടെയും അടിസ്ഥാനത്തിലാണ് ലീഗൽ ഒബ്ജക്ഷൻ ഉന്നയിക്കേണ്ടത്. നിലവിലുള്ള നിയമം ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുന്നുണ്ട്. ഞാൻ പറഞ്ഞത് അങ്ങ് സമ്മതിക്കുന്നുമുണ്ട്. അതായത് ലാ

ഓഫ് ദി ലാൻഡ് എന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയാണ്. അങ്ങ് നേരത്തെ അത് സമ്മതിച്ചു. ആ വിധിക്കനുസരിച്ച് അങ്ങിവിടെ പ്രൊവിഷനുണ്ടാക്കിയാൽ അത് നിലനിൽക്കുമോ എന്നാണ് ഞങ്ങൾ ചോദിച്ചത്. കൺകറന്റ് ലിസ്റ്റിൽത്തന്നെ അത് നിലനിർത്തണമെന്ന് ഞങ്ങൾ പറഞ്ഞോ; കൺകറന്റ് ലിസ്റ്റിൽ ആയിരിക്കുമ്പോൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ലീഗൽ ഒബ്ജക്ഷൻ ഉന്നയിച്ചപ്പോൾ ഞങ്ങൾ പറയുകയല്ലേ ചെയ്തത്. അതിനർത്ഥം സ്റ്റേറ്റ് ലിസ്റ്റിലേയ്ക്ക് ഇത് വരാൻ പാടില്ലെന്ന് കേരളത്തിലെ കോൺഗ്രസ് അഭിപ്രായം പറഞ്ഞുവെന്നാണോ? ഭാരത് ജോഡോ യാത്രയെപ്പറ്റി നിങ്ങൾ ഞങ്ങളെ പരിഹസിച്ചപ്പോൾ നിങ്ങളുടെ കേന്ദ്ര കമ്മിറ്റി അതിനെ സപ്പോർട്ട് ചെയ്തു പറഞ്ഞു. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ സംഘിവത്കരണംപോലെ ഞങ്ങൾ ഭയക്കുന്ന ഒന്നുതന്നെയാണ് മാർക്സിസ്റ്റ്‌വത്കരണവും. ഞങ്ങളുടെ അനുഭവം അതാണ് പഠിപ്പിക്കുന്നത്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങയെപ്പോലൊരു നേതൃത്വത്തിന്റെ ഭാഗത്തുനിന്നും വരേണ്ട വാക്കുകളല്ലിത്. സാങ്കേതികമായി ഈ പ്രശ്നം ഞാനും സംസാരിച്ചു. പക്ഷേ, ഇതാണ് പൊളിറ്റിക്കൽ സ്റ്റാൻഡ്. ഈ നീക്കത്തിന് പുറകിൽ ഫെഡറലിസം ഇല്ലാതാക്കുക എന്ന ഒരു

അജണ്ടയുണ്ട്. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ നിങ്ങൾക്ക് എതിർപ്പുണ്ടാകും, ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഞങ്ങൾക്കും എതിർപ്പുണ്ടാകും. അപ്പോൾ നമ്മൾ ചർച്ച ചെയ്യും; വോട്ടിനിടും; ചിലപ്പോൾ ശബ്ദവോട്ടുമുണ്ടാകും. ജനാധിപത്യ സംവിധാനത്തിൽ അസംബ്ലിയിൽ ഒരു ബിൽ കൊണ്ടുവരുമ്പോൾ നിങ്ങൾ പ്രതിപക്ഷത്തിരിക്കുന്നുവെന്ന കാരണം കൊണ്ടുമാത്രം അതിന് അംഗീകാരം നൽകരുതെന്ന് പറഞ്ഞാൽ അതിനർത്ഥം ജനാധിപത്യം വേണ്ട എന്നാണോ? അതായത് നമ്മൾ ചർച്ച ചെയ്യുമ്പോൾ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും, ഞങ്ങളുടെ നിലപാടുകളോടെല്ലാം നിങ്ങൾക്ക് യോജിപ്പുണ്ടാകില്ല, ചിലപ്പോൾ യോജിക്കാവുന്നവയുമുണ്ടാകും. നിങ്ങളുടെ വിയോജിപ്പ് ശക്തമായി പ്രകടിപ്പിക്കാം; ഭേദഗതികൾ അവതരിപ്പിക്കാം. നിയമം പാസ്സാക്കുന്നത് ജനാധിപത്യപരമായാണ്. നാം ജനങ്ങളുടെ പ്രതിനിധികളായാണ് ഇവിടെ ഇരിക്കുന്നത്. ആ സാഹചര്യത്തിൽ സഭ ഒരു നിയമം കൊണ്ടുവരാൻ തീരുമാനിക്കുമ്പോൾ, അതിനോട് വിയോജിപ്പുണ്ടെങ്കിലും ജനാധിപത്യത്തോടൊപ്പം ഞങ്ങൾ നിൽക്കുമെന്നും അതുകൊണ്ട് ഈ ബില്ലുകൾക്ക് ഗവർണർ അംഗീകാരം നൽകണമെന്നും പ്രതിപക്ഷം പറയേണ്ടതല്ലേ? നിങ്ങളുടെ വിയോജിപ്പുകളെല്ലാം ശക്തമായി

പ്രകടിപ്പിച്ചോളൂ, വേണമെങ്കിൽ നിങ്ങൾക്ക് കോടതിയിലും പോകാം. കാരണം, അവിടെ ജുഡീഷ്യൽ റിവ്യൂ ഉണ്ട്. പക്ഷേ, ജനാധിപത്യ സംവിധാനത്തിൽ ഒരു ബില്ലിന് അസന്റ് ലഭിക്കുന്നില്ലെങ്കിൽ, ജനാധിപത്യത്തിന്റെ വക്താക്കളെന്ന നിലയിൽ ആ ബില്ലിന് എതിരാണെങ്കിലും അസന്റ് നൽകണമെന്ന് നിങ്ങൾ പറയേണ്ടതാണ്. ഞങ്ങൾ കോൺഗ്രസ്സിൽ നിന്ന് പ്രതീക്ഷിക്കുന്നത് അതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷനും കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബും ചേർന്ന് നടത്തിയ പരിപാടിയിൽ സി.പി.ഐ.(എം)-നെ പ്രതിനിധീകരിച്ച് ഡോ. ടി. എം. തോമസ് ഐസക്കും കോൺഗ്രസിനെ പ്രതിനിധീകരിച്ച് ഞാനുമാണ് പങ്കെടുത്തത്. <u>കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള</u> അധികാരങ്ങളിൽ മന്ത്രിസഭയുടെ റെക്കമെന്റേഷൻ അംഗീകരിക്കണം, ലെജിസ്ലേച്ചർ പാസ്സാക്കുന്ന ബില്ലുകൾ ബഹുമാനപ്പെട്ട ഗവർണർ പിടിച്ചുവയ്ക്കുന്നത് ശരിയല്ലെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായമെന്ന് ഞാൻ അവിടെ വ്യക്തമാക്കിയതാണ്. അക്കാര്യം ഞാൻ ഇവിടെയും പറഞ്ഞു. പക്ഷേ ആ ബില്ലുകൾ പാസ്സാകുന്ന മുറയ്ക്ക് ഞങ്ങൾ കോടതിയിൽ പോകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. ഗവർണർ പാസ്സാക്കിയാൽ മാത്രമേ

ആക്ട് ആകുകയുള്ളൂ. എന്നാൽ അദ്ദേഹത്തിന് അത് പിടിച്ചുവയ്ക്കാനുള്ള അധികാരമില്ലെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഞങ്ങൾക്ക് രാജസ്ഥാനിൽ ഒരഭിപ്രായവും ഛത്തീസ്ഗഡിൽ മറ്റൊരഭിപ്രായവും കേരളത്തിൽ വേറൊരഭിപ്രായവും പറയാൻ കഴിയില്ലല്ലോ? ബില്ലുകൾ സംബന്ധിച്ച് ദേശീയതലത്തിലുള്ള അഭിപ്രായങ്ങളാണ് ഞങ്ങൾ പറയുന്നത്. തെറ്റായ ഓർഡിനൻസും മറ്റും വരുമ്പോൾ അത് ചെയ്യരുത്, കറക്ട് ചെയ്യണമെന്നൊക്കെയാവശ്യപ്പെട്ട് ഞങ്ങൾ ബഹുമാനപ്പെട്ട ഗവർണറെ കണ്ടിട്ടുണ്ട്. മുമ്പ് നിങ്ങളും അങ്ങനെ ചെയ്തിട്ടുണ്ട്. അദ്ദേഹം കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയും ചാൻസലറുമായതുകൊണ്ട് അദ്ദേഹത്തെ പോയി കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ക്ലാരിറ്റിയുള്ള കാര്യങ്ങൾ തന്നെയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, നിയമസഭ പാസ്സാക്കിയ എല്ലാ ബില്ലുകൾക്കും ഗവർണർ അടിയന്തരമായി അസന്റ് നൽകണമെന്നത് ഈ സഭയുടെ ഏകകണ്ഠമായ അഭിപ്രായമായി മാറിയതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ എമർജൻസി ഉണ്ടോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകാം. ഞങ്ങൾ

പ്രതിപക്ഷത്തിരിക്കുമ്പോഴും അത്തരത്തിലുണ്ടാകാം. കാരണം, എക്സിക്യൂട്ടീവിനും കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിനുംവേണ്ടി ഗവർണറാണ് ഓർഡിനൻസ് പ്രൊമുൽഗേറ്റ് ചെയ്യുന്നത്. പക്ഷേ നിയമസഭ പാസ്സാക്കുന്ന ബില്ലിന് ഈ നിയമസഭയുടെ ഏകകണ്ഠമായ അഭിപ്രായം ബഹുമാനപ്പെട്ട ഗവർണർ അസന്റ് നൽകണമെന്നുള്ളതുതന്നെയാണ്.

ഞാൻ അവസാനിപ്പിക്കുകയാണ്. ജവഹർലാൽ നെഹ്റുവിന്റെ കാലംമുതൽ ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടതുപക്ഷവത്കരണമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ആർ.എസ്.എസ്. പറയുകയാണ്. ഇന്ത്യയിൽ ജെ.എൻ.യു. ഉൾപ്പെടെയുള്ള സർവ്വകലാശാലകളുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ശക്തമായ പുരോഗമന നിലപാട് സ്വീകരിച്ച വ്യക്തിയാണ് ജവഹർലാൽ നെഹ്റു. അദ്ദേഹത്തിന്റേത് ഇടതുപക്ഷ നിലപാടുകളാണ്. ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ അത് തകർക്കാനാണ് ഞങ്ങളുടെ ശ്രമമെന്ന് സംഘപരിവാർ പറയുകയും കേരളത്തിലിരുന്ന് കൂപമണ്ഡൂകങ്ങളെപ്പോലെ, കേരളത്തിൽ ഞങ്ങൾക്ക് സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും ഒരുപോലെയാണെന്നും ദേശീയതലത്തിൽ ഞങ്ങൾ ബി.ജെ.പി.-ക്ക് എതിരാണെന്നും പറയാൻ സാധിക്കുമോ? ഇടതുപക്ഷത്തിന്

വലിയ സ്വാധീനമുണ്ടായ സംസ്ഥാനമായ തെലങ്കാനയിൽ ഇലക്ഷൻ നടന്നപ്പോൾ ഞങ്ങൾ ടി.ആർ.എസ്.-നെ അനുകൂലിച്ചാണ് വോട്ട് ചെയ്തത്. കേരളത്തിലെ കോൺഗ്രസ് ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയണം. വിമോചന സമരത്തെ പിന്തുണയ്ക്കുമെന്ന് പറയാൻ കെ.പി.സി.സി. പ്രസിഡന്റ് ധൈര്യം കാണിച്ചു. അദ്ദേഹം അങ്ങനെ പറഞ്ഞതിന്റെ അടുത്ത നിമിഷം ഇരട്ട സഹോദരനെപോലെ ബി.ജെ.പി. പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രൻ  പറഞ്ഞത്, എനിക്ക് ഈ ഗവൺമെന്റിനെ വലിച്ച് താഴെയിടാൻ അഞ്ച് മിനിട്ട് മതിയാകുമെന്നാണ്. 1959-ൽ വിമോചന സമരത്തെത്തുടർന്ന് ഗവൺമെന്റ് പിരിച്ചുവിട്ടു. അന്ന് കേന്ദ്രത്തിലും ഇവിടെയും കോൺഗ്രസാണ് ഭരിച്ചിരുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അതിനുശേഷം അവിടെപ്പോയി മത്സരിച്ചില്ലേ?

ശ്രീ. പി. രാജീവ്: സർ, ശ്രീ. ഷാഫി പറമ്പിൽ, ഈ ചരിത്രമെല്ലാം പറഞ്ഞുപോയതാണ്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവിടെ ഇരിക്കൂ..... പ്ലീസ്....ഇനി മൂന്ന് ബില്ലുകൾ കൂടിയുണ്ട്.

<u>ശ്രീ. പി. രാജീവ്</u>: സർ, 1959-ലെ വിമോചന സമരത്തിനൊപ്പം നിന്നത് ഇവിടെയും കേന്ദ്രത്തിലും ഭരിച്ചിരുന്ന കോൺഗ്രസായിരുന്നു. ഇപ്പോൾ അവിടെ കോൺഗ്രസ് ഇല്ല. ഇപ്പോൾ ഇവിടെ വിമോചന സമരം വന്നാൽ പിരിച്ചുവിടാൻ കേന്ദ്രത്തിന് കഴിയണം. പക്ഷേ, ഇന്ത്യയിൽ അതിന് സാധിക്കില്ല, കാരണം ബൊമ്മൈ കേസിന്റെ വിധിയെത്തുടർന്ന് സാഹചര്യമാകെ മാറിപ്പോയിരിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് സൂചിപ്പിച്ച ചില കാര്യങ്ങൾക്ക് മറുപടി പറയണമെന്ന് വിചാരിച്ചിരുന്നു. അദ്ദേഹം സൂചിപ്പിച്ച മറ്റ് കാര്യങ്ങളോടൊന്നും വിയോജിപ്പില്ല. യൂണിവേഴ്സിറ്റി റാങ്കിംഗിൽ കേരള യൂണിവേഴ്സിറ്റിക്ക് എ++ഉം കോഴിക്കോട് സർവ്വകലാശാലയ്ക്കും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും എ+ഉം ലഭിച്ചിട്ടുണ്ട്. അതിന്റെയെല്ലാം കണക്ക് ഇവിടെയുണ്ട്. വിദേശത്തേയ്ക്ക് വിദ്യാർത്ഥികൾ പോകുന്നത് സംബന്ധിച്ച് പറഞ്ഞു. അതിന് പല ഘടകങ്ങളുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ആളുകളെ ആവശ്യമുണ്ട്. ഇവിടെനിന്നും ഫിൻലൻഡിൽ പോകുന്നവർക്ക് 15 ദിവസം കൊണ്ട് പി.ആർ. (Permanent Residency) നൽകുന്നുണ്ട്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന പല സാമൂഹിക ഘടനകളുടെയും മറ്റും ഭാഗമായി ഇവിടെനിന്നും വിദേശരാജ്യങ്ങളിലേയ്ക്ക്

ധാരാളം ആളുകൾ പോകുന്നുണ്ട്. എന്തായാലും അതൊക്കെ അഡ്രസ് ചെയ്യപ്പെടേണ്ട പ്രശ്നങ്ങൾ തന്നെയാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏറെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ബിൽ സഹായകമാകും. ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ സഭയിൽ ഇല്ല. അദ്ദേഹം ടീച്ചിംഗ് എക്സ്പീരിയൻസിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. യു.ജി.സി. മാനദണ്ഡമനുസരിച്ച് പ്രൊഫസറാകാൻ ടീച്ചിംഗ് എക്സ്പീരിയൻസ് ആവശ്യമില്ല, റിസർച്ച് എക്സ്പീരിയൻസ് ഉണ്ടായിരുന്നാൽ മതി. ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല കഴിഞ്ഞ ചർച്ചയിൽ വളരെ പ്രസക്തമായൊരു കാര്യം പറഞ്ഞു, അദ്ദേഹവും ഇപ്പോൾ സഭയിലില്ല. പുതിയ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് ഇന്റർവ്യൂവിനാണ് നൂറ് ശതമാനം മാർക്ക് നൽകുന്നത്. നേരത്തെ എൺപത് + ഇരുപത്, അല്ലെങ്കിൽ എഴുപത് + മുപ്പത് എന്നായിരുന്നു. ഷോർട്ട് ലിസ്റ്റ് ചെയ്താൽപ്പിന്നെയുള്ളത് ഇന്റർവ്യൂവിന്റെ മാർക്കാണ്. രാജ്യത്ത് പല താല്പര്യങ്ങളുണ്ടാകും. യു.ജി.സി. അത് അംഗീകരിക്കുമ്പോൾ മറ്റ് അപകടകരമായ കാര്യങ്ങളുണ്ടാകും. സബ്ജക്ട് കമ്മിറ്റിക്ക് പോയിവന്നശേഷം അത്തരം കാര്യങ്ങൾ പരിശോധിക്കാം. എന്തായാലും വളരെ അർത്ഥവത്തായൊരു ചർച്ചയാണ് നടന്നത്. യൂണിവേഴ്സിറ്റികളുടെ ചാൻസലറായി ഗവർണർ വേണ്ടതില്ലെന്നതിൽ സഭയ്ക്ക്

ഏകകണ്ഠമായ അഭിപ്രായമാണുള്ളത്. മറ്റ് കാര്യങ്ങളിലാണ് വ്യത്യസ്ത അഭിപ്രായമുള്ളത്. പ്രോ-വൈസ്-ചാൻസലറെ ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതിയെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ, അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(Not in the seat)

<u>മി.സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iii) <u>2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീമതി വീണാ ജോർജ്: സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പാസ്സാക്കിയത്. 01-01-2019-ലാണ് പ്രസ്തുത നിയമം നിലവിൽ വന്നത്. ഏതാണ്ട് ഒരു വർഷത്തിനുശേഷം, 2020 ജനുവരിയിൽ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. തുടർന്ന് 2022 മാർച്ച് വരെ കേരളം കോവിഡിന്റെ ഒന്നും രണ്ടും മൂന്നും തരംഗങ്ങളിലൂടെ കടന്നുപോയ സാഹചര്യം നമ്മുടെ മുന്നിലുണ്ട്. നമ്മുടെ ആരോഗ്യ സ്ഥാപനങ്ങൾ, ആശുപത്രികളുടെ പ്രവർത്തനം തുടങ്ങിയവ കോവിഡ് ചികിത്സയ്ക്കും

പ്രതിരോധത്തിലും കേന്ദ്രീകൃതമായിരുന്നു. ആരോഗ്യ പ്രവർത്തകർ കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കുമായിരുന്നു മുൻഗണന നൽകിയത്. ഈ സാഹചര്യത്തിൽ ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. അതിന് അനിവാര്യമായ ചില ഭേദഗതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്. താല്ക്കാലിക രജിസ്ട്രേഷൻ എടുത്തവർക്ക് പെർമനന്റ് രജിസ്ട്രേഷൻ നേടാനുള്ള കാലാവധി 'നാല് വർഷക്കാലം വരെ' എന്നുള്ളത് "നാല് വർഷവും ആറ് മാസവും വരെ" ആക്കുന്നതിനാണ് 18-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 51-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നല്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി പ്രസ്തുത വൈഷമ്യം നീക്കം ചെയ്യാൻ കഴിയുന്നതും എന്നാൽ ആക്ട് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ലാത്തതുമാണ്. പ്രസ്തുത വ്യവസ്ഥ പ്രകാരം 2021 ഡിസംബറോടുകൂടി കാലാവധി അവസാനിച്ചിരുന്നു. അതിനാൽ 2 വർഷം എന്നത് 4 വർഷമെന്നാക്കി കാലാവധി ദീർഘിപ്പിക്കുന്നതിനാണ് 51-ാം

വകുപ്പിൽ ഭേദഗതി കൊണ്ടുവന്നത്. ഈ രണ്ട് ഭേദഗതികളുമാണ് അവതരിപ്പിക്കുന്നത്.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. സുജിത് വിജയൻപിള്ള: സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. കേരള മോഡൽ ഹെൽത്ത് കെയർ സിസ്റ്റം ലോക പ്രശസ്തി നേടിയതിൽ നാം അഭിമാനിക്കുന്നു. ഇത്തരത്തിൽ ആരോഗ്യ മേഖലയെ മികവിൽ നിലനിർത്തുന്നതിന് നിരന്തരമായ ഇടപെടൽ ആവശ്യമാണ്. ഓരോ കാലഘട്ടത്തിലും നേരിടേണ്ടി വന്ന വൈവിദ്ധ്യങ്ങളായ വെല്ലുവിളികളെ സമയബന്ധിതമായി മറികടക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഈ മികവ് നിലനിർത്താൻ നമുക്ക് സാധിക്കുന്നത്. സാംക്രമിക രോഗങ്ങൾ, ജീവിതശൈലീ രോഗങ്ങൾ, വിവിധ തരത്തിലുള്ള ജനിതക രോഗങ്ങൾ, അർബുദം, ആക്സിഡന്റ് ട്രോമാ കെയർ തുടങ്ങിയവയെല്ലാം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ കൈകാര്യം ചെയ്യുന്നതിന് പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള പരിഷ്കാരങ്ങൾ ആവശ്യമാണ്. അതുകൊണ്ടാണ് വിവിധ ആരോഗ്യ

സ്ഥാപനങ്ങളിൽ മിനിമം ഡിസയറബിൾ സ്റ്റാൻഡേർഡ്സ് ഉറപ്പാക്കുന്നതിന് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത്, 2019 ജനുവരി 1 മുതൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് താത്കാലികമായി പ്രാബല്യത്തിൽ വന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, ആ കാലഘട്ടത്തിൽ നിരവധി പ്രതിസന്ധികളിലൂടെ നാം കടന്നുപോകുകയുണ്ടായി. കോവിഡ് 19-ഉം അതിനോടനുബന്ധിച്ചുണ്ടായ കോവിഡാനന്തര സാമ്പത്തിക മാന്ദ്യവുമെല്ലാം എടുത്തുപറയേണ്ടതാണ്. നിയമസഭയിലും പൊതുജനാഭിപ്രായം ആരാഞ്ഞും വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചും നിരവധി തവണ ചർച്ച ചെയ്തതിനുശേഷമാണ് ആക്ട് നിലവിൽ വന്നത്. എന്നിരുന്നാലും ആരോഗ്യ മേഖലയിലെ വിവിധ സ്ഥാപന ഉടമകൾക്ക് ഇപ്പോഴും ഇതുസംബന്ധിച്ച് നിരവധി ആശങ്കകളാണുള്ളത്. കോവിഡ് 19-ന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പ്രതിസന്ധികൾ കൂടാതെ നാഷണൽ ഹൈവേ വികസനവും മറ്റ് വിവിധ പദ്ധതികളും നടപ്പിലാക്കിയതുവഴി സ്വകാര്യ-പൊതുമേഖലയിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ പലതിനും ഭൗതികമായി ഒരുപാട് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് ആവശ്യമാണ്. അത്തരത്തിലുള്ള വിവിധ

വെല്ലുവിളികൾ നമ്മുടെ മുന്നിലുണ്ട്. ആയതിനാൽ പ്രസ്തുത ബിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് കുറച്ചുകൂടി സമയം അനുവദിക്കണമെന്നതാണ് എന്റെ ആദ്യത്തെ അഭ്യർത്ഥന. നമ്മുടെ ആരോഗ്യമേഖലയ്ക്ക് സ്വകാര്യ മേഖല നൽകിയ പങ്ക് വളരെ വലുതാണ്. ഇപ്പോഴും ആരോഗ്യമേഖലയുടെ 60 ശതമാനത്തോളം സംഭാവന നല്കുന്നത് സ്വകാര്യമേഖലയാണെന്നത് നമുക്ക് വിസ്മരിക്കാനാകില്ല. നിലവിലുള്ള സംവിധാനങ്ങളോടുകൂടി തന്നെയാണ് ഇത്തരത്തിലുള്ള നേട്ടം നാം ആർജ്ജിച്ചത്. അതുകൊണ്ട് ഇത്തരം സംവിധാനങ്ങളെ സംശയിക്കേണ്ട സാഹചര്യമില്ലെന്നാണ് ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മാനദണ്ഡങ്ങളനുസരിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങളിൽ മാറ്റം വരുത്താൻ കൂടുതൽ സമയം അനുവദിക്കണമെന്ന് ഞാൻ ആവർത്തിച്ച് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി സി. കെ. ആശ)

എക്സ്പീരിയൻസും യോഗ്യതയുമുള്ള നഴ്സുമാരുടെ അഭാവമാണ് കേരളത്തിലെ ആരോഗ്യമേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം; പ്രത്യേകിച്ചും സ്വകാര്യ മേഖലയിൽ. ലോകത്തെമ്പാടും കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി നഴ്സുമാരുടെ കുറവുള്ളതിനാൽ, നമ്മുടെ നാട്ടിലെ ക്വാളിഫൈഡായ നഴ്സുമാർക്ക് വിദേശ രാജ്യങ്ങളിൽ ഒരുപാട് അവസരങ്ങൾ

ലഭിക്കുകയാണ്. ഇത്തരം സാദ്ധ്യതകൾ അവർ പരമാവധി ഉപയോഗപ്പെടുത്തുന്നുമുണ്ട്. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ നഴ്സുമാരുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായിട്ടുണ്ട്. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് 100 ബെഡ്ഡുകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്ക് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സാധിക്കും. പക്ഷേ കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ മാനദണ്ഡമനുസരിച്ച് കുറഞ്ഞത് 300 ബെഡ്ഡുകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്ക് മാത്രമേ എൻ.ഒ.സി. നൽകുകയുള്ളൂ. നമ്മുടെ നാട്ടിൽ മെഡിക്കൽ കോളേജ് ഉൾപ്പെടെ 30-35 ഹോസ്പിറ്റലുകൾ മാത്രമേ ഈ ഗണത്തിൽ ഉൾപ്പെടുകയുള്ളൂ. അതുകൊണ്ട് പുതിയ കോളേജുകൾ തുടങ്ങാൻ ഒരുപാട് പ്രതിസന്ധികൾ നേരിടുന്നുണ്ട്. താലൂക്കാശുപത്രികൾ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളായി മാറിക്കഴിഞ്ഞു. നൂറിലധികം ബെഡ്ഡുകളുള്ള ഒരുപാട് താലൂക്കാശുപത്രികളുണ്ട്. ഇങ്ങനെയുള്ള ഹോസ്പിറ്റലുകളിൽ നഴ്സിംഗ് കോഴ്സുകളടക്കമുള്ള പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാവുന്നതാണ്. അതുകൊണ്ട് അക്കാര്യം പരിശോധിച്ച് ആവശ്യമായ നിയമ നിർമ്മാണങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ നിർണ്ണയിക്കുമ്പോൾ പ്രത്യേകിച്ചും

ലാബുകളിലെ ഹ്യൂമൻ റിസോഴ്സസിന്റെ കാര്യങ്ങൾ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. നമ്മുടെ നാട്ടിൽ ലെവൽ-1, ലെവൽ-2, ലെവൽ-3 എന്നിങ്ങനെ പല കാറ്റഗറികളിലായി അയ്യായിരത്തിലധികം ലാബുകളുണ്ട്. വിവിധ ലാബുകളിലായി ഇരുപത്തയ്യായിരത്തിലധികം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ലാബുകളിൽ ഏറിയ പങ്കും ജോലി ചെയ്യുന്നത് വനിതാ ജീവനക്കാരാണ്. ലാബ് ടെക്നീഷ്യന്മാരിൽ പലരും പ്രൈവറ്റ് മേഖലയിൽനിന്ന് വന്നിട്ടുള്ളവരായതിനാൽ ഇവർക്ക് രജിസ്ട്രേഷൻ സംവിധാനമില്ലെന്നുള്ളത് പോരായ്മയായി വന്നിട്ടുണ്ട്. നിലവിലുള്ള ലാബ് ടെക്നീഷ്യന്മാരുടെ ജോലിയും ലാബുകളും നിലനിർത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. ഒരു സുപ്രഭാതത്തിൽ അത് അടച്ച് പൂട്ടപ്പെടേണ്ടിവന്നാൽ നമ്മുടെ ആരോഗ്യ സംവിധാനങ്ങളിലെതന്നെ ധാരാളം പ്രശ്നങ്ങൾക്ക് കാരണമാകും. ലെവൽ-1 കാറ്റഗറിയിൽ വരുന്ന ലാബ് ടെക്നീഷ്യൻസിന് എം.എൽ.ടി., ഡി.എം.എൽ.ടി., ബി.എസ്.സി.-എം.എൽ.ടി. എന്നിങ്ങനെയുള്ള ക്വാളിഫിക്കേഷനാണ് മാനദണ്ഡങ്ങളിൽ പറയുന്നത്. അതെല്ലാം സസൂക്ഷ്മം പരിശോധിച്ച് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ചുകൊണ്ട് ഇവരെക്കൂടി ഉൾപ്പെടുത്തി രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന രീതിയിലുള്ള നിലപാടുകളെടുക്കണമെന്ന നിർദ്ദേശമാണ്

മുന്നോട്ടുവയ്ക്കാനുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി ധാരാളം ലാബുകളും കൊമേഴ്സ്യൽ കോംപ്ലക്സുകളും നശിച്ചിട്ടുണ്ട്. അതെല്ലാം പുതുതായി നിർമ്മിക്കാൻ വളരെയധികം സമയമെടുക്കും. കൂടാതെ ലാബുകൾക്ക് മിനിമം അഞ്ഞൂറും ആയിരത്തിഅഞ്ഞൂറും സ്ക്വയർ ഫീറ്റ് വേണമെന്ന രീതിയിൽ മാനദണ്ഡം നിശ്ചയിക്കുന്നത് നമ്മുടെ നാട്ടിലെ പ്രത്യേകതയനുസരിച്ച് അത്രത്തോളം എളുപ്പമല്ല. അത് വലിയ ഭീഷണിയായി നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നിലനിന്ന് പോകുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഇതെല്ലാം കാണേണ്ടതുണ്ട്. മാനദണ്ഡം നിശ്ചയിക്കുമ്പോൾ വലിയ രീതിയിലുള്ള ചർച്ചകളുണ്ടാകണം. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ സിസ്റ്റത്തിലെയും പ്രൊഫഷണലുകൾ, ഹോസ്പിറ്റൽ മാനേജ്മെന്റ്, ലാബ് ടെക്നീഷ്യന്മാർ, ലാബ് ഓണേഴ്സ്, അവരുടെ റെപ്രസെന്റേറ്റീവ്സ്, ജനപ്രതിനിധികൾ എന്നിവരുൾപ്പെടെ ചർച്ച ചെയ്തിട്ടായിരിക്കണം സ്റ്റേറ്റ്/ഡിസ്ട്രിക്ട് ലെവൽ മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടേണ്ടത്. ഓരോ സ്ഥാപനത്തിന്റെയും അക്രെഡിറ്റേഷനും രജിസ്ട്രേഷനും അസസ്മെന്റിനെടുക്കുമ്പോൾ അതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി രജിസ്ട്രേഷൻ രാജ് ഒഴിവാക്കാനുള്ള എല്ലാ പരിശ്രമങ്ങളുമുണ്ടാകണമെന്നാണ്

മറ്റൊരു നിർദ്ദേശമായി പറയാനുള്ളത്. ആശുപത്രിയിലെ ചികിത്സാ ചെലവുകൾ ഡിസ്പ്ലേ ചെയ്യണമെന്നുള്ള രീതിയിൽ മാനദണ്ഡം നിശ്ചയിക്കുകയുണ്ടായി. അതിലെ പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് നമുക്കെല്ലാമറിയാം. ഒരേ രോഗം പല രോഗികളിലും വ്യത്യസ്ത രീതിയിലാണ് കാണപ്പെടുന്നത്. ഒരു രോഗം 10 ദിവസംകൊണ്ട് ചികിത്സിച്ച് മാറ്റാൻ പറ്റുമെന്ന് നമുക്ക് കൃത്യമായി പറയാൻ കഴിയില്ല. പ്രമേഹം, ബ്ലഡ് പ്രഷർ തുടങ്ങിയ കോ-മോർബിഡിറ്റി അസുഖങ്ങളെല്ലാം പല രോഗികളിലും പലരീതിയിലുണ്ടാകുന്നതിനാൽ പ്രതികരിക്കുന്നത് എങ്ങനെയാണെന്ന് കൃത്യമായി പറയാൻ സാധിക്കില്ല. ഒരു പാക്കേജായി നിർണ്ണയിച്ച് ഡിസ്പ്ലേ ചെയ്യുമ്പോൾ അത് ഹോസ്പിറ്റലുകൾക്കോ ഡോക്ടേഴ്സിനോ കൃത്യമായി പാലിക്കാൻ കഴിയുമോ എന്നത് വലിയൊരു വെല്ലുവിളിയായിരിക്കും. മാത്രമല്ല, ഇത്തരത്തിൽ ഡിസ്പ്ലേ ചെയ്യുന്നത് ആ ഹോസ്പിറ്റലിന് പ്രാവർത്തികമാക്കാൻ സാധിച്ചില്ലെങ്കിൽ അത് രോഗികളുടെയും കൂട്ടിരിപ്പുകാരുടെയുമൊക്കെ അമർഷത്തിന് കാരണമാകുകയും ചെയ്യും. ഡോക്ടർമാർക്കെതിരെയും ആരോഗ്യ പ്രവർത്തകർക്കെതിരെയുമുള്ള അതിക്രമങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. അത് കൂടുതൽ സങ്കീർണ്ണമാകാനുള്ള ഒരു കാരണം കൂടിയാണിത്. അതുപോലെ, ഒരു

ഡോക്ടർ negligent ആണെന്ന് കണ്ടെത്തിക്കഴിഞ്ഞാൽ ആ ഹോസ്പിറ്റലിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ കഴിയുന്ന രീതിയിലുള്ള പ്രൊവിഷൻ വരാൻ സാധ്യതയുണ്ടെന്ന് കേട്ടു. ചിലപ്പോൾ ആ സ്ഥാപനത്തിൽ നൂറിലധികം ആരോഗ്യ പ്രവർത്തകർ ജോലി ചെയ്യുന്നുണ്ടാകും. അങ്ങനെ വരുമ്പോൾ ഒരാളുടെ തെറ്റിന് ബാക്കിയെല്ലാവരെയും പീനലൈസ് ചെയ്യുന്ന രീതിയിലേയ്ക്ക് ആ സംവിധാനമെത്തും. അതിനാൽ അത്തരം മാനദണ്ഡങ്ങൾ കഴിവതും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. എക്സ്പെർട്ട് പാനലിലടക്കം ഇതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്. എന്നിരുന്നാലും മാനദണ്ഡങ്ങൾ വരുമ്പോഴാണ് പ്രധാനമായും ഇത്തരം പ്രശ്നങ്ങൾ കറക്ട് ചെയ്യാൻ സാധിക്കുന്നത്. മെഡിക്കൽ ക്യാമ്പുകളൊന്നും ഒഴിവാക്കാൻ കഴിയുന്ന കാര്യങ്ങളല്ല. അവയെ എങ്ങനെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് പരിശോധിക്കണം. കാരണം അതിലൂടെ ആരോഗ്യ വകുപ്പ് ക്രിയാത്മകമായ ഇടപെടലാണ് നടത്തുന്നത്. ഒരു രോഗം വന്ന് ചികിത്സിക്കുന്നതിനെക്കാൾ നല്ലത് അതിനെ പ്രതിരോധിക്കുക എന്ന കൺസെപ്റ്റിൽ നാടൊട്ടാകെ വലിയ രീതിയിലുള്ള മെഡിക്കൽ ക്യാമ്പുകളും സർവ്വേകളുമാണ് നടന്നുകൊണ്ടിരിക്കുന്നത്. 30 വയസ്സുള്ള എല്ലാ വ്യക്തികളെയും വീടുകളിൽ പോയി സർവ്വേ ചെയ്ത്

പ്രമേഹം, ബ്ലഡ് പ്രഷർ, കാൻസറടക്കമുള്ള രോഗങ്ങൾ വളരെ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കാനുള്ള ക്യാമ്പുകൾ ഗവൺമെന്റ്-പ്രൈവറ്റ് മേഖലകളിൽ നടക്കുന്നുണ്ട്. ഇവയൊക്കെ എങ്ങനെ ഉൾക്കൊള്ളാൻ സാധിക്കുമെന്ന് പരിശോധിക്കപ്പെടണം. ഇത്തരുണത്തിൽ അഡ്രസ്സ് ചെയ്യേണ്ടിവരുന്ന നിരവധി ആശങ്കകൾ പരിഗണിച്ചുകൊണ്ട് സമഗ്രമായ മാറ്റം വരുത്താനായി ഈ നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ചെയർപേഴ്സൺ: സമയബന്ധിതമായിത്തന്നെ ബഹുമാനപ്പെട്ട അംഗം പ്രസംഗം അവസാനിപ്പിച്ചു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം 1957 മുതൽ ജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വളരെ വ്യത്യസ്തമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തിയ ചരിത്രമാണുള്ളത്. ആ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിയമങ്ങളിലൊന്നാണ് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട്. കേരളത്തിലെ

ജനങ്ങളുടെ ജീവിത നിലവാരവും കുറഞ്ഞ മാതൃ-ശിശു മരണനിരക്കും പ്രതീക്ഷിത ആയുസ്സിന്റെ വർദ്ധനവും ഉൾപ്പെടെയുള്ള വിവിധ സൂചകങ്ങളെ ഓരോ കാലഘട്ടത്തിലും ഗുണപരമായി മാറ്റിയെടുക്കുന്ന കാര്യത്തിൽ ആരോഗ്യമേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് ദീർഘകാല ചരിത്രമാണുള്ളത്. പൊതുജനങ്ങളുടെ ആരോഗ്യ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച സേവനം ലഭ്യമാക്കുകയെന്ന കാഴ്ചപ്പാട് കാലാകാലങ്ങളിൽ മാറിവന്ന എല്ലാ ഗവൺമെന്റിന്റെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതുകൊണ്ടാണ് ഈയൊരു അവസ്ഥയിലേയ്ക്ക് നാമെത്തിച്ചേർന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളത്തിലെ 14 ജില്ലകളിൽ ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് കാത്ത് ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ പ്രത്യേക താത്പര്യംകൂടി കണക്കിലെടുത്ത് മലയോര മേഖലയായ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാൻ കഴിഞ്ഞതാണ് അതിന്റെ ഏറ്റവും വലിയ ഗുണം. കഴിഞ്ഞ ദിവസം അവിടെയുള്ള ഡോക്ടർമാരെയുൾപ്പെടെ നാട്ടുകാർ അഭിനന്ദിച്ച ചടങ്ങിൽ അതിഥിയായി പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. എന്റെ

പൊതുജീവിതത്തിൽ ഇത്രയും സന്തോഷകരമായ ചടങ്ങിൽ ഇതുവരെ പങ്കെടുത്തിട്ടില്ലെന്ന് ഞാൻ തുറന്ന് പറയുകയാണ്. കാരണം, വളരെ ചുരുങ്ങിയ കാലംകൊണ്ട് 550-ഓളം കേസുകളാണ് ആ കാത്ത് ലാബിൽ പരിശോധിച്ചത്. മറ്റ് ആശുപത്രികളിൽ രണ്ടര ലക്ഷം മുതൽ മൂന്നുലക്ഷം രൂപ വരെ ചെലവ് വരുന്ന ചികിത്സയാണ്, മലയോര മേഖലയിൽ പ്രത്യേകിച്ചും ഇടുക്കിയുടെ ഒരു പ്രദേശവും കോട്ടയം ജില്ലയിലെ മലയോരമേഖലയും ഉൾപ്പെടുന്ന മേഖലകളിലെ സാധാരണക്കാർക്ക് കേവലം 5000 രൂപയ്ക്ക് അല്ലെങ്കിൽ 20,000 രൂപയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. കേരളത്തിലെ ആരോഗ്യരംഗത്തുണ്ടായ വലിയ മാറ്റത്തിന്റെ ഒരുദാഹരണം ഞാൻ സൂചിപ്പിച്ചതാണ്. ആർദ്രം മിഷൻ പദ്ധതി വന്നതോടുകൂടി സംസ്ഥാനത്തെ ആശുപത്രികളിലെ പഴയകാല രീതികൾ മാറി. സർക്കാർ ആശുപത്രികളിലേയ്ക്ക് ഒരു രോഗവുമായി കടന്നുചെന്നാൽ മറ്റ് പല രോഗങ്ങളുമായി തിരിച്ച് വരുന്ന അവസ്ഥ ഒരു കാലഘട്ടത്തിലുണ്ടായിരുന്നു. എന്നാൽ, ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് അടിസ്ഥാന മേഖലയിൽ നടത്തിയ മാറ്റങ്ങൾ ഇന്ന് നമ്മൾ കാണാതെ പോകാൻ പാടില്ല. അതിൽ ഏറ്റവും പ്രധാനം ആരോഗ്യരംഗത്ത് കേരളം കൊണ്ടുവന്ന സാമൂഹ്യ നിയന്ത്രണങ്ങളാണ്. എനിക്കുമുമ്പ് സംസാരിച്ച ഡോ. സുജിത്

വിജയൻപിള്ള സൂചിപ്പിച്ചതുപോലെ ഇന്ന് കേരളത്തിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, ആവശ്യത്തിനനുസരിച്ച് നഴ്സിംഗ് കോളേജുകൾ കേരളത്തിലില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നോംസ് പ്രകാരം നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ 100 ബെഡ് മതിയെന്ന് പറയുമ്പോൾ, കേരളത്തിലെ ആരോഗ്യ സർവ്വകലാശാലമാത്രം 300 ബെഡുകളുള്ള ആശുപത്രികൾക്കു മാത്രമേ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന നിലപാടെടുക്കുന്നതുമൂലം കേരളത്തിലെ ധാരാളം കുട്ടികൾക്ക് അന്യസംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠിക്കാൻ പോകേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അതുമൂലം കേരളത്തിന്റെ പൊതുരംഗത്ത് ചെലവഴിക്കേണ്ട ലക്ഷക്കണക്കിന് രൂപയാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. പഠനകാലത്ത് കുട്ടികൾ ചെലവഴിക്കുന്ന തുക മുഴുവൻ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. അതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് നമ്മുടെ കുട്ടികൾക്ക് ഇവിടെ പഠിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങ് ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സൂചിപ്പിക്കുന്നത്. കേരളത്തിൽനിന്ന് 40000

കുട്ടികൾ എല്ലാവർഷവും വിദേശ രാജ്യങ്ങളിലേയ്ക്ക് വിവിധ കോഴ്സുകൾ പഠിക്കാൻ പോകുന്നുണ്ട്. അവർ പ്രധാനമായും പോകുന്നത് ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന അമേരിക്ക, കാനഡ, ഓസ്ട്രേലിയ പോലുള്ള രാജ്യങ്ങളിലേയ്ക്കാണ്. അവർ തിരിച്ചുപോലും വരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അവിടെപ്പോയി പഠിച്ച് ജോലി നേടി സ്ഥിരമായി അവിടെ താമസിക്കാനുള്ള താല്പര്യവുമായാണ് അവർ പോകുന്നത്. എന്തുകൊണ്ടാണ് അങ്ങനെ പോകുന്നതെന്ന് ഞാൻ ആലോചിച്ചിട്ടുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികൾ അപ്ഡേറ്റ് ചെയ്യുന്നില്ലെന്നതാണ് പ്രധാന കാരണം. കേരളത്തിൽ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുണ്ട്. പക്ഷേ അവിടെ പുതിയ സിലബസ് വരുന്നില്ല. വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിലെ സംവിധാനങ്ങൾ ഇവിടെ ഉണ്ടാകാത്ത സാഹചര്യവുമുണ്ട്. അങ്ങ് ഭാവിതലമുറയുമായി ബന്ധപ്പെട്ട് പറഞ്ഞതുകൊണ്ട് ഇത്തരം കാര്യങ്ങൾ കൂട്ടിച്ചേർത്തതാണ്.

ഡോ. എൻ. ജയരാജ്: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ലോകത്തെമ്പാടുമുണ്ടാകുന്ന മാറ്റങ്ങളെ സമയാസമയം ഉൾക്കൊള്ളണം. സർവ്വകലാശാലകളുടെ കാര്യത്തിൽ വളരെ ഡൈനാമിക് ആയി ചിന്തിക്കേണ്ട കാലഘട്ടമാണിത്. നമ്മൾ ഇപ്പോഴും പഴയതും

പരമ്പരാഗതവുമായ കോഴ്സുകളാണ് പഠിപ്പിക്കുന്നത്. ഇതിനോട് അനുബന്ധമായ കാര്യമല്ലെങ്കിലും കേരളത്തിലെ കോളേജുകളിലെ പരമ്പരാഗത കോഴ്സുകൾക്ക് 50 ശതമാനം കുട്ടികൾപോലുമില്ലെന്ന വലിയ ആശങ്ക നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഈ കോഴ്സുകളോടൊന്നും ആർക്കും താത്പര്യമില്ല. സമീപ സംസ്ഥാനങ്ങളിലൊക്കെ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുകയും കേരളത്തിലെ കുട്ടികൾ അവിടെപ്പോയി പഠിക്കുകയും ചെയ്തശേഷമാണ് നമ്മൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്. കേരളത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിച്ച് കുറച്ചുകാലം കഴിഞ്ഞപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കാൻ കുട്ടികളില്ല. പല എഞ്ചിനീയറിംഗ് കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയാണുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് വളരെ നേരത്തെ പ്ലാൻ ചെയ്യാത്തതിനാലുള്ള ചില പ്രശ്നങ്ങൾ പൊതുവായുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു വിഷയമെന്ന നിലയിൽ, ജനപ്രതിനിധികളുടെ മുമ്പിൽ കടന്നുവരുന്ന വിഷയമെന്ന നിലയിൽ ഞാൻ സാന്ദർഭികമായി പറഞ്ഞതാണ്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൊതു-സ്വകാര്യ മേഖലകളിൽ സർക്കാർ നിയന്ത്രണത്തിൽ കൂടുതൽ നഴ്സിംഗ് കോളേജുകൾ

ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി ഇവിടെയുള്ളതുകൊണ്ടാണ് ഞാനിത് വീണ്ടും സൂചിപ്പിക്കുന്നത്. സർക്കാരിന്റെ പുതിയ ബഡ്ജറ്റ് വരുന്ന കാലഘട്ടമാണ്. ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാൻ ശ്രമിക്കണം.

താങ്ങാനാകാത്ത ചികിത്സാ ചെലവുമൂലം ദരിദ്രരാകുന്ന ആളുകളെക്കുറിച്ച് അടുത്തകാലത്ത് നാഷണൽ സാമ്പിൾ സർവ്വേ നടത്തിയ പഠന റിപ്പോർട്ടുപ്രകാരം ഗ്രാമങ്ങളിൽ പന്ത്രണ്ട് ശതമാനവും നഗരങ്ങളിൽ എട്ട് ശതമാനവും ആളുകൾ ചികിത്സാ ചെലവുകാരണം ദരിദ്രരായി മാറുന്നുണ്ട്. ഒരു കാൻസർ രോഗി വീട്ടിലുണ്ടെങ്കിൽ അല്ലെങ്കിൽ അതുപോലെ ഏതെങ്കിലും തീരാവ്യാധി പിടിപെട്ടാൽ രോഗി മരണപ്പെടുന്നുവെന്ന് മാത്രമല്ല, അതോടുകൂടി ആ കുടുംബത്തിന്റെ കിടപ്പാടം വരെ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുമ്പോഴുണ്ടാകുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. കേരളാ ഗവൺമെന്റ് ഇക്കാര്യത്തിൽ ലക്ഷ്യബോധത്തോടുകൂടിയുള്ള പ്രവർത്തനശൈലി ആരംഭിച്ചതിന്റെ ഗുണമാണ് യഥാർത്ഥത്തിൽ ഇന്ന് ലഭിക്കുന്നത്. കുട്ടികളുടെ കണ്ണിന്റെ റെറ്റിനയെ ബാധിക്കുന്ന അർബുദത്തിനുള്ള ചികിത്സ, ന്യൂറോ സർജറി, മുഴകൾക്കുള്ള ല്യൂട്ടീഷ്യം

ചികിത്സ, ഓങ്കോളജി വിഭാഗം തുടങ്ങിയവ കേരളത്തിലെ സർക്കാർ കാൻസർ സെന്ററുകളിൽ ലഭ്യമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിലുൾപ്പെടെ അവയവമാറ്റ ശസ്ത്രക്രിയ നടത്തപ്പെടുന്ന അവസ്ഥയാണുള്ളത്. മുൻപ് ഇതൊന്നും ചിന്തിക്കാൻപോലും സാധിക്കില്ലായിരുന്നു. ഒരു കാലഘട്ടത്തിൽ കേരളത്തിൽ സ്കാനിംഗ് സംവിധാനം ഇല്ലാത്തതിനാൽ മംഗലാപുരത്ത് പോയാണ് ചെയ്തിരുന്നത്. ഇന്നതിൽ വളരെയേറെ മാറ്റം വന്നിട്ടുണ്ട്. ഭാവിയിലുണ്ടാകുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് നമുക്ക് ഒരു മുൻകരുതലുണ്ടാകണം. ഞാൻ പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിലെ അംഗംകൂടിയാണ്. സമിതി സിറ്റിംഗ് നടത്തിയപ്പോൾ പല സ്ഥലത്തും ആളുകൾക്ക് ധാരാളം ആശങ്കകളുള്ളതായി കാണാൻ കഴിഞ്ഞു. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടും പൊതുജനാരോഗ്യ ബില്ലും തമ്മിൽ പലപ്പോഴും കൺഫ്യൂഷനുണ്ടാകുകയും പലസ്ഥലങ്ങളിലും പ്രശ്നങ്ങളുണ്ടാകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് മീഡിയായിൽ ധാരാളം തെറ്റായ വാർത്തകളാണ് വരുന്നത്. അതിൽ യാഥാർത്ഥ്യമൊന്നുമില്ല. പൊതുജനാരോഗ്യ രംഗത്തുണ്ടായ വലിയ അനുഭവം നമ്മുടെ മുമ്പിലുണ്ട്. കേരളം എത്രയോ

കാലത്തിനുമുമ്പ് ആരംഭിച്ച പ്രവർത്തനങ്ങളുടെ ഫലമായാണ് കോവിഡ് പോലെയുള്ള ഇത്രയും വലിയ പകർച്ചവ്യാധിയെ നേരിടാൻ സാധിച്ചത്. പ്രത്യേകിച്ച് ആർദ്രം മിഷന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ കാരണം മറ്റെങ്ങുമില്ലാത്തവിധം നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ പി.എച്ച്. സെന്ററുകൾ ശാക്തീകരിക്കാൻ സാധിച്ചെന്ന കാര്യത്തിൽ സംശയമില്ല. എനിക്കുമുമ്പ് സംസാരിച്ച അംഗം സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമുണ്ടാക്കിയ വലിയ മാറ്റങ്ങളെ കേരള മോഡൽ എന്നുപറയുക മാത്രമല്ല, കഴിഞ്ഞ കാലഘട്ടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അന്തർദേശീയതലത്തിൽപ്പോലും അംഗീകാരങ്ങൾ നേടാൻ സാധിക്കുന്ന വിധത്തിലേയ്ക്ക് നമുക്ക് ഉയരാനും സാധിച്ചിട്ടുണ്ട്. മാതൃമരണനിരക്ക് വളരെ കുറയ്ക്കാൻ സാധിച്ചു. വിദ്യാഭ്യാസ/ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകൾ നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് ഒരു പദ്ധതി നടപ്പാക്കുന്നത് കൂടാതെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിരിക്കുകയാണ്. ന്യൂ-ബോൺ സ്റ്റെബിലൈസേഷൻ ഉൾപ്പെടെയുള്ള ഒട്ടേറെ യൂണിറ്റുകളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് അന്തർദേശീയ തലത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിന്റെ ആരോഗ്യ രംഗത്തെ മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും സജീവമായ ഇടപെടൽ ഉണ്ടാകുന്നുണ്ടെന്നുള്ളത് സൂചിപ്പിക്കാതിരിക്കാൻ സാധിക്കില്ല. അതിന്റെ ഭാഗമായാണ് 2018-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം കൊണ്ടുവന്നത്. ആ നിയമം കൊണ്ടുവന്നപ്പോൾ ഞാൻ ഓർക്കുന്നത് ശ്രീനിവാസൻ അഭിനയിച്ച മലയാളത്തിലെ വളരെ രസകരമായ 'ആനവാൽമോതിരം' എന്ന സിനിമയാണ്. ഓർമ്മയിൽനിന്നാണ് പറയുന്നത്, തെറ്റാണെങ്കിൽ ക്ഷമിക്കണം. ശ്രീനിവാസൻ ഒരു ഭീരുവായ പോലീസ് ഉദ്യോഗസ്ഥനായിട്ടാണ് അതിൽ അഭിനയിക്കുന്നത്. അദ്ദേഹം രക്തം പരിശോധിക്കാൻ ഒരു ക്ലിനിക്കൽ ലാബിൽ പോകുകയും ലാബിൽവച്ച് രക്തം മാറിപ്പോകുകയും അദ്ദേഹത്തിന് കാൻസറാണെന്ന പരിശോധനാഫലം വന്നതോടുകൂടി ഇനി അധികകാലം ജീവിച്ചിരിക്കുകയില്ലെന്നതുകൊണ്ട് അദ്ദേഹം വളരെ ശക്തനായ ഒരു പോലീസ് ഓഫീസറായിമാറുകയും ചെയ്യുന്ന വളരെ രസകരമായ ഒരു കഥയാണ്. ഒരു കാലഘട്ടത്തിലെ ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള ഒരുപാട് രസകരമായ അനുഭവങ്ങൾ പലപ്പോഴുമുണ്ടായിട്ടുണ്ട്. യൂറിൻ പരിശോധിച്ച് പുരുഷന്മാർ പ്രഗ്നന്റ് ആണെന്ന് പറഞ്ഞ തമാശകൾപോലും ഒരു കാലഘട്ടത്തിൽ

പ്രചരിച്ചിരുന്നത് ഞാൻ ഓർക്കുന്നുണ്ട്. ആ രംഗത്ത് ഇന്ന് വളരെ കൃത്യമായ ഇടപെടലുണ്ടായി. അതിനെ ഗൗരവമായി നിയന്ത്രിച്ചുകൊണ്ട് 2018-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് നിലവിൽവന്നു. മുമ്പ് യാതൊരു സൗകര്യവുമില്ലാത്ത ചെറിയ മുറികളിലായിരുന്നു ക്ലിനിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ക്ലിനിക്കൽ ടെസ്റ്റുകൾ നടത്തി ചികിത്സ നടത്തുന്ന സംസ്കാരത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. കൃത്യമായ പരിശോധനാ ഫലം ലഭിച്ചില്ലെങ്കിൽ അപകടകരമായ അവസ്ഥയുണ്ടാകും, ഇല്ലാത്ത രോഗത്തിന് ചികിത്സിക്കേണ്ട സാഹചര്യമുണ്ടാകും. അതിനുള്ള നിയന്ത്രണമെന്ന നിലയിൽ കൊണ്ടുവന്ന നിയമത്തിനാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അത് ഒരിക്കൽക്കൂടി പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ളതാണ് എന്റെ ഭേദഗതി. ബഹുമാനപ്പെട്ട ഡോ. സുജിത് വിജയൻപിള്ള ഉൾപ്പെടെ സൂചിപ്പിച്ചതുപോലെ, സജീവമായ ചർച്ചകൊണ്ട് ഈ നിയമം കൂടുതൽ കാര്യക്ഷമമാക്കാനും പൊതുജനങ്ങളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെയും പുതിയ ആശയങ്ങൾ ഇതിനോട് കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമാക്കാനും സാധിക്കുമെങ്കിൽ ഏറ്റവും നന്നായിരിക്കുമെന്ന ആശയത്തിന്റെ

അടിസ്ഥാനത്തിൽ 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന ആവശ്യം മുന്നോട്ടുവച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

ചെയർപേഴ്സൺ: കൃത്യസമയത്തുതന്നെ ചർച്ച അവസാനിപ്പിച്ചതിന് ഡോ. എൻ. ജയരാജിന് പ്രത്യേക നന്ദി അറിയിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന്മേൽ അവതരിപ്പിച്ചിരിക്കുന്ന രണ്ട് ഭേദഗതികളും അനിവാര്യമാണെന്ന നിലയിൽ അതിനെ പിന്തുണച്ചുകൊണ്ട് സംസാരിച്ച ഡോ. എൻ. ജയരാജിനും ഡോ. സുജിത് വിജയൻപിള്ളയ്ക്കും നന്ദി അറിയിക്കുന്നു. കേരള നിയമസഭ ഏകകണ്ഠമായാണ് പ്രസ്തുത നിയമം പാസ്സാക്കിയത്. പൊതുവെ ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നേരിട്ട പ്രതിസന്ധി കോവിഡിന്റേതാണ്. പക്ഷേ, സമയബന്ധിതമായി ഈ നിയമം നടപ്പിലാക്കണമെന്നതാണ് സർക്കാർ നിലപാട്. നാളിതുവരെ ഏതാണ്ട് 7153-ലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള കാമ്പയിൻ നടക്കുന്നുണ്ട്.

ഇതിൽ ഏറ്റവുമധികം സ്ഥാപനങ്ങൾ ലബോറട്ടറികളാണ്. താല്ക്കാലിക രജിസ്ട്രേഷനെടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലാബുകളാണെന്നുള്ളത് പ്രത്യേകം എടുത്തുപറയുകയാണ്. അവരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഏതാണ്ട് എല്ലാ സർക്കാർ ആശുപത്രികളും താത്കാലിക രജിസ്ട്രേഷൻ എടുത്തുകഴിഞ്ഞു. ഇതിന്റെ ഭാഗമായുള്ള മിനിമം സ്റ്റാൻഡേർഡ്സ് തയ്യാറായിട്ടുണ്ട്. നിയമ വകുപ്പ് അത് വെറ്റ് ചെയ്ത് നോട്ടിഫൈ ചെയ്യുന്നതിനുള്ള അവസാന നടപടികളിലാണ്. ഈ ഭേദഗതിമൂലം രജിസ്ട്രേഷന്റെ കാലാവധി ആറുമാസത്തേയ്ക്കുകൂടി നീട്ടുമ്പോൾ അടുത്ത മാർച്ച് മാസത്തിനുള്ളിൽത്തന്നെ താത്കാലിക രജിസ്ട്രേഷനെടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് പെർമനന്റ് രജിസ്ട്രേഷൻ നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. മിനിമം സ്റ്റാൻഡേർഡ്സ് വന്നുകഴിഞ്ഞാൽ പുതുതായി ആരംഭിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും താത്കാലിക രജിസ്ട്രേഷനല്ല, ആക്ട് പ്രകാരം പെർമനന്റ് രജിസ്ട്രേഷനായിരിക്കും ഉണ്ടാവുക. കേരളത്തിന്റെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നവജാത ശിശുമരണ നിരക്കും മാതൃമരണ നിരക്കും വളരെ കുറവും കേരളത്തിലെ ആയുർദൈർഘ്യം വളരെ കൂടുതലുമാണ്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് ആരംഭിച്ച അടിസ്ഥാന സൗകര്യ വികസനവും ആരോഗ്യ കേന്ദ്രങ്ങളെയും ആശുപത്രികളെയും രോഗീസൗഹൃദ-ജനസൗഹൃദ ആശുപത്രികളാക്കി മാറ്റുന്ന പ്രവർത്തനവും തുടരുകയാണ്. 2024 ആദ്യമാകുമ്പോഴേയ്ക്കും ആ പ്രവർത്തനങ്ങൾ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമുൾപ്പെടെ സാദ്ധ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് പത്ത് കാര്യങ്ങളാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്. ഡോ. സുജിത് വിജയൻപിള്ള സംസാരിച്ചപ്പോൾ വളരെ പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ച് പറഞ്ഞു. രണ്ട് അംഗങ്ങളും സംസാരിച്ച എല്ലാ കാര്യങ്ങളും പ്രധാനപ്പെട്ടതാണ്. അതിൽ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ആദ്യം പറയാനാഗ്രഹിക്കുന്നത്. കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നം ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. കേരളത്തിൽ പ്രമേഹവും രക്താതിസമ്മർദ്ദവും ഹൃദ്രോഗവും കാൻസറുമൊക്കെയുള്ള ആളുകളുടെ എണ്ണം കൂടുതലാണ്. ഇതിനെ പ്രതിരോധിക്കുക, രോഗാതുരത കുറയ്ക്കുക, ജീവിതശൈലീ രോഗങ്ങളുള്ളവരുടെ എണ്ണം കുറയ്ക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട

കാര്യമായി സർക്കാർ കാണുകയാണ്. ചികിത്സയ്ക്കൊപ്പം ഒരുപക്ഷേ അതിനേക്കാൾ പ്രധാനമാണ് രോഗപ്രതിരോധവും രോഗനിർമ്മാർജ്ജനവും. രോഗപ്രതിരോധശേഷി ആളുകൾക്കുണ്ടാവുക, ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ഇതിനുവേണ്ടി ഒരു മാസ് കാമ്പയിൻ/സ്ക്രീനിംഗ് ആരംഭിക്കുന്നതിന് തീരുമാനിച്ചു. 30 വയസ്സിനുമുകളിലുള്ള എല്ലാവരെയും സ്ക്രീൻ ചെയ്യുന്നതിന് തീരുമാനിച്ചു. ആറുമാസം മുമ്പ് നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷനിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ഉദ്ഘാടനം ചെയ്തു. 30 വയസ്സിനുമുകളിലുള്ള ഒരു കോടി അറുപത്തിയൊമ്പത് ലക്ഷം ആളുകളാണ് കേരളത്തിലുള്ളത്. ഇന്ന് അതിലൊരു റിയൽ ടൈം ഡാഷ്ബോർഡാണുള്ളത്. ഏതാണ്ട് അമ്പത് ലക്ഷത്തിനടുത്ത് ആളുകളെ വീടുകളിൽപ്പോയി സ്ക്രീൻ ചെയ്തുകഴിഞ്ഞു. അതൊരു നേട്ടമായി ആരോഗ്യ വകുപ്പ് കാണുകയാണ്. ഒരു കോടി അറുപത്തിയൊമ്പത് ലക്ഷം ടാർജറ്റ് പോപ്പുലേഷനാണെങ്കിൽ അതിൽ അമ്പത് ലക്ഷമെന്ന് പറയുന്നത് മുപ്പത് ശതമാനം ആളുകളാണ്. ഇങ്ങനെ സ്ക്രീൻ ചെയ്ത ആളുകളിൽ രോഗമുള്ളവരെ കണ്ടെത്തി അവർക്ക് കൃത്യമായി ചികിത്സ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ്. പതിനാല് ജില്ലകളിലെയും ജില്ലാശുപത്രികളുമായി

ബന്ധപ്പെട്ട് 360 ഡിഗ്രി മെറ്റബോളിക് സെന്ററുകൾ എന്ന പേരിൽ ഡയബറ്റിക് ക്ലിനിക്കുകൾ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികളാരംഭിച്ചു കഴിഞ്ഞു. അതോടൊപ്പം മറ്റ് ചില പ്രധാനപ്പെട്ട ഇടപെടലുകളുള്ളത് കാൻസർ രോഗവുമായി ബന്ധപ്പെട്ടാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പലപ്പോഴും ആളുകളിൽ കാൻസർ രോഗനിർണ്ണയം നടത്തുന്നത് മൂന്നാമത്തേയോ നാലാമത്തേയോ ഘട്ടത്തിലാണ്. അപ്പോൾ ചികിത്സ കുറച്ചുകൂടി സങ്കീർണ്ണമാകുന്ന സാഹചര്യമുണ്ട്. കാൻസർ രോഗം ആദ്യമേതന്നെ കണ്ടുപിടിക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. Early detection-ഉം early intervention-ഉം വളരെ പ്രധാനപ്പെട്ടതാണ്. അതിനുവേണ്ടി ഫീൽഡ് വർക്കർമാരായ ആശാ പ്രവർത്തകർക്ക് പ്രത്യേക ട്രെയിനിംഗ് കൊടുത്തുകൊണ്ട് ആദ്യഘട്ടത്തിൽ 140 എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിലെ 140 പഞ്ചായത്തുകൾ എന്നരീതിയിലാണ് തെരഞ്ഞെടുത്തത്. ഇപ്പോൾ ഏതാണ്ട് 600 പഞ്ചായത്തുകളിൽ ഹോം സ്ക്രീനിംഗ് നടക്കുകയാണ്. വയനാട് പോലെയുള്ള ജില്ലകളിൽ ആദ്യഘട്ട സ്ക്രീനിംഗ് ഏതാണ്ട് നടന്നുകഴിഞ്ഞു. ഉദാഹരണം പറഞ്ഞാൽ, കുറേനാളുകളായി വായിൽ ഉണങ്ങാത്ത മുറിവുണ്ടെങ്കിലും ബ്രസ്റ്റിൽ

ലംപ്പുണ്ടെങ്കിലും ആളുകൾ അത് പരിശോധിക്കില്ല. അവരുടെ തൊഴിലിന്റെയും ജീവിതാനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള ധൃതിയിൽ സ്വയം അവരുടെ ആരോഗ്യപ്രശ്നങ്ങൾ അവഗണിക്കുന്ന സാഹചര്യമുണ്ടാകും. അതൊഴിവാക്കുന്നതിനുവേണ്ടി ആശാവർക്കർ കൃത്യമായി അവരുടെ വീടുകളിലെത്തി പരിശോധിച്ച് റിസ്ക് ഫാക്ടേഴ്സ് കണക്കിലെടുത്ത് കാറ്റഗറൈസ് ചെയ്ത് അവരോട് ആരോഗ്യകേന്ദ്രത്തിലെത്തണമെന്ന് പറയുകയാണ്. ഇതനുസരിച്ച് കാൻസർ ഡിറ്റക്ഷനുവേണ്ടി ആരോഗ്യ കേന്ദ്രങ്ങളിലെത്തണമെന്ന് പറഞ്ഞിട്ടുള്ളവരുടെ എണ്ണം ഏതാണ്ട് 321501 പേരാണ്. അവർക്ക് കാൻസറുണ്ടെന്നല്ല, സംശയിക്കുകയാണ്. അതിൽ 270000 പേർ ബ്രസ്റ്റ് കാൻസർ സ്ക്രീനിംഗിനുവേണ്ടിയും 16234 പേർ ഓറൽ കാൻസർ സ്ക്രീനിംഗിനുവേണ്ടിയും ആശുപത്രികളിലെത്തണമെന്നാണ് ഫീൽഡ് വർക്കർമാർ നിർദ്ദേശിച്ചിട്ടുള്ളത്. അവർ ആരോഗ്യ കേന്ദ്രത്തിലെത്തുമ്പോൾ അവിടത്തെ മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ ഡോക്ടർമാർ പരിശോധിച്ചതിനുശേഷം, എവിടെനിന്നാണ് സാമ്പിൾ എടുക്കേണ്ടതെന്നും ബയോപ്സിക്ക് അയയ്ക്കേണ്ടതെന്നും മറ്റുമുള്ള കാര്യങ്ങൾ അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കും. ഓരോ ജില്ലയിലും ഓരോ കാൻസർ

ഗ്രിഡ് തയ്യാറാക്കിയിട്ടുണ്ട്. രോഗികൾ ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് വരുമ്പോൾ കാൻസറാണെന്ന് സംശയിക്കുന്നുവെന്ന് പറയാതെ മുറിവ് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും അതിനുശേഷം ബയോപ്സിക്ക് സാമ്പിളെടുക്കാനായി അവരെ താലൂക്കാശുപത്രിയിലോ ജില്ലാ ആശുപത്രിയിലോ അയയ്ക്കുകയും ചെയ്യും. പോസിറ്റീവാണെങ്കിൽ ചികിത്സ ലഭിക്കുന്നതിനുവേണ്ടി മെഡിക്കൽ കോളേജിലോ ആർ.സി.സി.-യിലോ എം.സി.സി.-യിലോ അയയ്ക്കും. സൗത്ത് സോൺ, സെൻട്രൽ സോൺ, നോർത്ത് സോൺ എന്നീ മൂന്ന് സോണുകളായിട്ടാണ് തിരിച്ചിട്ടുള്ളത്. ഈ ചികിത്സയുടെ മറ്റ് കാര്യങ്ങൾ ആർ.സി.സി.-യിലും സി.സി.സി.-യിലും എം.സി.സി.-യിലുമാണ് കേന്ദ്രീകരിക്കുന്നത്. മെഡിക്കൽ കോളേജുകളിലും അങ്ങനെയൊരു ഗ്രിഡാണ് തയ്യാറാക്കിയിട്ടുള്ളത്. ആ രീതിയിലുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇ-ഹെൽത്ത് വഴി 'ശൈലി ആപ്പ്' ഡെവലപ് ചെയ്തപ്പോൾ വിശദമായ ചർച്ചകൾ നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മികച്ച രീതിയിലാണ് ഇ-ഹെൽത്ത് രൂപീകരിച്ചിരിക്കുന്നത്. കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ഒരു കാൻസർ സ്യൂട്ട് രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പുതിയ വിദ്യാഭ്യാസ അവസരങ്ങളുണ്ടാകണമെന്നുള്ളതാണ് ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാന വിഷയം. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആഗോളതലത്തിൽ കേരള ഹെൽത്ത് വർക്കേഴ്സിന് വലിയ ഡിമാന്റുള്ള ഘട്ടമാണിത്. കുറച്ച് വർഷങ്ങൾ കഴിയുമ്പോൾ ഇതേരീതിയിൽ ഇത് നിലനിൽക്കണമെന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം യു.കെ. ഉൾപ്പെടെ സന്ദർശിച്ചപ്പോൾ നാല് ദിവസം ഞാനും അവരോടൊപ്പമുണ്ടായിരുന്നു. വെയിൽസിലെ ഹെൽത്ത് മിനിസ്റ്ററുമായും ഫസ്റ്റ് മിനിസ്റ്ററുമായും യു.കെ.-യിലെ ഹെൽത്ത് മിനിസ്റ്ററുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ എൻ.എച്ച്.എസ്. (നാഷണൽ ഹെൽത്ത് സർവ്വീസ്) കഴിഞ്ഞ നവംബർ മാസം ഇവിടെ വന്ന് ഒഡെപെകുമായും നോർക്കയുമായൊക്കെ സഹകരിച്ച് മൂന്ന് ദിവസം ജോബ് ഫെയർ നടത്തുകയുണ്ടായി. മൂവായിരം പേരെയാണ് അവർക്ക് റിക്രൂട്ട് ചെയ്യേണ്ടത്. അതിന്റെ ഭാഗമായി ധാരാളം അപേക്ഷകൾ വന്നിട്ടുണ്ട്. ഇത് ആഗോളതലത്തിൽത്തന്നെയുണ്ട്. യു.കെ.-യിൽ ഏതാണ്ട് 42000 ആളുകളെ ആവശ്യമുണ്ട്. വെയിൽസ് സർക്കാർ നേരിട്ട് കേരള സർക്കാരുമായി

ധാരണാപത്രത്തിൽ ഒപ്പിടുന്നതിന് തയ്യാറാണെന്ന് വെയിൽസ് ആരോഗ്യ വകുപ്പുമന്ത്രി അവരുടെ പാർലമെന്റായ വെൽഷിൽ പറഞ്ഞു കൂടാതെ ഇക്കാര്യം കേരള സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. ഈ വർഷം സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളുടെ ഭാഗമായി പാരിപ്പള്ളിയിലും മഞ്ചേരിയിലും രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞു. രണ്ടിടത്തുമായി 120 സീറ്റുകളാണുള്ളത്. അതുകൂടാതെ പഴയ നഴ്സിംഗ് കോളേജുകളിൽ 92 സീറ്റുകൾ കൂട്ടിച്ചേർത്തുകൊണ്ട് സർക്കാർ മേഖലയിൽമാത്രം ഈ വർഷം 212 സീറ്റുകൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ/സ്വകാര്യ നഴ്സിംഗ് മേഖലയിലായി ഇത്തവണ ഏതാണ്ട് 700-നടുത്ത് പുതിയ സീറ്റുകൾ ഉണ്ടായിട്ടുണ്ട്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാതെതന്നെ നൂറ് ബെഡ്ഡിന് മുകളിലുള്ള ആശുപത്രികളിൽ, അതായത് താലൂക്കുതലം മുതൽ അല്ലെങ്കിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിതലത്തിൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ടെങ്കിൽ മാനദണ്ഡപ്രകാരം അനുവദിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഉദാഹരണത്തിന്, വർഷങ്ങളുടെ പാരമ്പര്യമുള്ള തിരുവനന്തപുരം നഴ്സിംഗ് കോളേജിൽ 75 സീറ്റുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇത്തവണ ആ സീറ്റുകളുടെ എണ്ണം കുറച്ചുകൂടി

വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്ത വർഷം അത് നൂറ് സീറ്റുകളെങ്കിലുമാക്കേണ്ടതുണ്ട്. കാരണം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.പി. മൂവായിരത്തിലധികമാണ്. രോഗികളുടെ എണ്ണത്തിൽ അത്രയും വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും നഴ്സിംഗ് വിദ്യാർത്ഥികളുടെ എണ്ണം കുറവാണ്. പാരാമെഡിക്കൽ മേഖലയുമായി ബന്ധപ്പെട്ട് നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് ഒരു റിപ്പോർട്ട് തയ്യാറാക്കി കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് തീരുമാനിച്ചിട്ടുള്ളത്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതും ഡിസിഷനെടുക്കുന്നതും സുതാര്യമായിരിക്കണമെന്ന് ഡോ. സുജിത് വിജയൻപിള്ള സൂചിപ്പിച്ചു. ആക്ടിന്റെ സെക്ഷൻ 34 പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (ഡി.എം.ഇ.) എന്നിവരടങ്ങുന്ന മൂന്നംഗ അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് രജിസ്റ്ററിംഗ് അതോറിറ്റീസിൽനിന്നോ അല്ലെങ്കിൽ അവരുടെ ഡിസിഷനെതിരെയോ ഉള്ള ഏത് പരാതിയും സ്വീകരിച്ചുകൊണ്ട് അപ്പീലിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കും. ഈ നിയമം നൂറ് ശതമാനവും സുതാര്യമായി നടപ്പിലാക്കണമെന്നതാണ് സർക്കാർ നിലപാട്. ഗ്രീവൻസ് റിഡ്രസ്സൽ

കമ്മിറ്റിയും ഇതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. Ease of Doing Business-ന്റെ പോർട്ടലിൽ നോക്കിയാൽ Kerala State Council for Clinical Establishment ഗ്രീൻ ആണെന്ന് കാണാവുന്നതാണ്. നല്ല രീതിയിൽ കൗൺസിൽ പ്രവർത്തിക്കുന്നുവെന്നാണ് പറയാൻ ആഗ്രഹിക്കുന്നത്. ഡോ. എൻ. ജയരാജ് കാഞ്ഞിരപ്പള്ളി ആശുപത്രിയിലെ കാത്ത് ലാബിനെക്കുറിച്ച് സൂചിപ്പിച്ചു. സംസ്ഥാനത്ത് നിലവിൽ 11 കാത്ത് ലാബുകളാണുള്ളത്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ കാഞ്ഞിരപ്പള്ളിയിൽ കാത്ത് ലാബ് സ്ഥാപിക്കുകയെന്നത് ദീർഘകാലമായി പെൻഡിംഗിലായ വർക്കായിരുന്നു. അവിടെ അത് ഇൻസ്റ്റാൾ ചെയ്യുന്നതിലും കാലിബ്രേറ്റ് ചെയ്യുന്നതിലും കാർഡിയോളജിസ്റ്റിനെ ചുമതലപ്പെടുത്തുന്നതിലുമൊക്കെ സമയബന്ധിതമായി ഇടപെട്ട് നടപടി സ്വീകരിക്കാൻ കഴിഞ്ഞു. കാസർഗോഡ്, വയനാട് ജില്ലകളിൽക്കൂടി കാത്ത് ലാബ് അനിവാര്യമാണ്. എൻഡോസൾഫാൻ ദുരിതബാധിതരുള്ള കാസർഗോഡ് ജില്ലയിൽ ഇത് ആവശ്യമാണ്. അവിടെ രണ്ട് ന്യൂറോളജിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുകയും ഒരു കാർഡിയോളജിസ്റ്റിനെ നിയമിക്കുകയും ചെയ്തു. കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സമീപദിവസങ്ങളിൽ

കാലിബ്രേഷനും പൂർത്തിയാകുന്നതാണ്. ഈ മാസം പകുതിയോടുകൂടി ആദ്യ കേസും ചെയ്യുന്നതാണ്. അതുപോലെ വയനാട് ജില്ലയിലും ജനുവരി മാസത്തോടുകൂടി സിവിൽ വർക്കുകളെല്ലാം പൂർത്തിയാകും. അവിടെയും എക്യുപ്മെന്റ്സ് എത്തിക്കുകയാണ്. ഇടുക്കി ജില്ലയിലും കാത്ത് ലാബ് തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഫണ്ട് കണ്ടെത്തി അവിടെയും കാത്ത് ലാബ് തുടങ്ങുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

ചികിത്സാ ചെലവുമായി ബന്ധപ്പെട്ട് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ കുറച്ച് ആഴ്ചകൾക്കുമുൻപ് ഡൽഹിയിൽ പോയി ആരോഗ്യവകുപ്പിനുവേണ്ടി ഒരു പുരസ്കാരം ഏറ്റുവാങ്ങിയിരുന്നു. രാജ്യത്തെ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരമാണ് കേരളത്തിന് ലഭിച്ചത്. അത് വളരെ അഭിമാനമുള്ള ഒരു കാര്യമാണ്. ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, ഈ കാലഘട്ടത്തിൽ നമ്മുടെ ആശുപത്രികളിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ആരംഭിക്കാൻ കഴിഞ്ഞു. 40-45 ലക്ഷം രൂപവരെ ചെലവേറിയ ശസ്ത്രക്രിയയാണിത്. നമ്മുടെ എം.എൽ.എ.-മാരും മറ്റും സ്ഥിരമായി വന്നുപറയുന്ന കാര്യമാണിത്. അത്രയും ഭാരിച്ച ചെലവുള്ള ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾ സർക്കാർ മേഖലയിൽ ആരംഭിക്കാൻ കഴിഞ്ഞു. കോട്ടയം,

തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലായി നാല് ശസ്ത്രക്രിയകൾ സൗജന്യമായി നടത്തുകയുണ്ടായി. തുടർന്നും പരമാവധി സൗജന്യമായി നടത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇപ്പോൾ കാസ്പിന്റെ കീഴിൽ ആരോഗ്യ പരിരക്ഷയ്ക്കുവേണ്ടി 1,400 കോടി രൂപയാണ് സംസ്ഥാന സർക്കാർ നൽകുന്നത്. അതിൽ 138 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ നൽകുന്നത്. ഈ രീതിയിലുള്ള അനുപാതത്തിലെ വിവേചനം അവസാനിപ്പിക്കണമെന്ന കാര്യം പലപ്രാവശ്യം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകളെക്കൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് കേന്ദ്ര വിഹിതം വർദ്ധിപ്പിക്കണമന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അക്കാര്യത്തിൽ പോസിറ്റീവായ ഒരു മറുപടിയുണ്ടാകുമെന്നാണ് കരുതുന്നത്. യൂണിവേഴ്സൽ ഹെൽത്ത് കവറേജ് തന്നെയാണ് സംസ്ഥാന സർക്കാരിന്റെ നയം. ഇപ്പോൾ ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മെഡിസെപ്പിന്റെ പ്രയോജനം ആളുകളിലേയ്ക്കെത്തുന്നുമുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അത് നല്ല രീതിയിൽ നടപ്പിലാക്കുന്നുവെന്ന

വാർത്ത കഴിഞ്ഞദിവസം പുറത്തുവന്നിരുന്നു. മെഡിസെപ്, കാസ്പ് തുടങ്ങിയ ആരോഗ്യ പരിരക്ഷ പദ്ധതികളിലൊന്നും അംഗമല്ലാത്തവരെ കണ്ടെത്തി അവരെയുംകൂടി ഒരു ഇൻഷ്വറൻസ് കവറേജിനുള്ളിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ഇപ്പോൾ വിവരശേഖരണം നടത്തുന്നുണ്ട്.

ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, സംസ്ഥാനത്ത് ക്യാൻസർ ട്രീറ്റ്മെന്റ് മേഖലയിൽ ഗണ്യമായ മാറ്റങ്ങളുണ്ടാകുകയാണ്. രാജ്യത്ത് ആദ്യമായി മലബാർ ക്യാൻസർ സെന്ററിൽ കുഞ്ഞുങ്ങളുടെ കണ്ണുകളിലെ ക്യാൻസർ ട്രീറ്റ്മെന്റ് ആരംഭിക്കുകയാണ്. ആർ.സി.സി.-യിൽ ല്യൂട്ടീഷ്യം ട്രീറ്റ്മെന്റ് ആരംഭിച്ചിട്ടുണ്ട്. ചികിത്സാരംഗത്ത് ആഗോളതലത്തിൽ ലഭ്യമായ നൂതന സങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി സർക്കാർ ആശുപത്രികളിൽ പരമാവധി പ്രയോജനം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. സമയബന്ധിതമായി രണ്ട് ഭേദഗതികളും നടപ്പിലാക്കി ഈ ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാനാണ് ലക്ഷ്യമിടുന്നത്. മാർച്ച് മാസത്തോടുകൂടി ഇതിന്റെ മറ്റ് നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ഡോ. സുജിത് വിജയൻപിള്ള, അങ്ങയുടെ 1 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ  ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: സർ,  2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ചെറിയൊരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചെയർപേഴ്സണിന്റെ പ്രായം 65 വയസ്സാണ്. ഹൈക്കോടതി ജഡ്ജിമാർ

റിട്ടയർ ചെയ്യുന്നത് അറുപത്തിരണ്ടാമത്തെ വയസ്സിലാണ്. അവർക്ക് 'മൂന്നുവർഷം' എന്ന ടേം പോലും പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രായപരിധി വർദ്ധിപ്പിക്കുന്ന ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. കൂടാതെ 4-ാം വകുപ്പിൽ 'നിയമനം' എന്ന വാക്കിനുപകരം 'നാമനിർദ്ദേശം' എന്നാക്കാനുള്ള ഭേദഗതിയും കൊണ്ടുവന്നിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 12-04-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ഉയർന്ന പ്രായപരിധി 65 വയസ്സ് ആയതിനാൽ 62-ാം വയസ്സിൽ റിട്ടയർ ചെയ്തുശേഷം നിയമിതനാകുന്ന ഒരു ജഡ്ജിക്ക് കമ്മീഷൻ ചെയർപേഴ്സണായി ഒരു ടേം (മൂന്ന് വർഷം) പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നും കമ്മീഷന്റെ ചെയർപേഴ്സണായി ഹൈക്കോടതി ജഡ്ജിമാരുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ, കമ്മീഷൻ ചെയർപേഴ്സണിന്റെയും മെമ്പർമാരുടെയും കാലാവധി ദീർഘിപ്പിക്കേണ്ടതാണെന്നുമാണ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ

പറഞ്ഞിരിക്കുന്നത്. ജഡ്ജിമാരെ ലഭിക്കാൻ പ്രയാസമുണ്ടെന്ന കാര്യം മനസ്സിലാക്കാം. അതുകൊണ്ട് ജഡ്ജിമാർക്ക് കാലാവധി നീട്ടി കൊടുക്കുന്നതിൽ അപാകതയുണ്ടെന്ന് പറയാൻ കഴിയില്ല. എന്നാൽ അംഗങ്ങളുടെ കാലാവധി ദീർഘിപ്പിക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. അംഗങ്ങളുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് അംഗങ്ങൾക്ക് പുനർനിയമനം നൽകുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കണമെന്ന് പറയുന്നതായിരിക്കും ശരി. ഹൈക്കോടതി ജഡ്ജിമാരുമായി ബന്ധപ്പെട്ട ആളുകളെയല്ല ഇതിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. അതിന് കൃത്യമായ മാനദണ്ഡങ്ങൾ പറഞ്ഞിട്ടുണ്ട്. അത്തരം ആളുകളെ ലഭിക്കുന്നതിന് പ്രയാസമില്ല. മാത്രമല്ല, അവരുടെ കാലാവധി നീട്ടുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുന്നുമില്ല. അതുകൊണ്ട് സാധിക്കുമെങ്കിൽ പ്രസ്തുത ഭേദഗതി ഒഴിവാക്കാവുന്നതാണ്.

പ്രവാസി ഭാരതീയരായ കേരളീയരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടിയാണ് 2015-ൽ യു.ഡി.എഫ്. സർക്കാർ പ്രവാസി ഭാരതീയർ

(കേരളീയർ) കമ്മീഷന് രൂപം നൽകിയത്. എന്നാൽ പ്രളയംമൂലം തുടർനടപടി സ്വീകരിക്കാൻ വൈകിപ്പോയതിനാൽ ഉദ്ദേശിച്ച ഫലപ്രാപ്തി ലഭിച്ചിട്ടില്ലെന്നത് വസ്തുതയാണ്. കമ്മീഷന് ഒരു കെട്ടിടം അനുവദിച്ചുവെന്നല്ലാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കമ്മീഷന് സുഗമമായി പ്രവർത്തിക്കാനായി അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ലക്ഷക്കണക്കിന് പ്രവാസികളുണ്ടായിട്ടും പ്രതിമാസം ആയിരത്തിനുതാഴെ പരാതികളാണ് കമ്മീഷന്റെ പരിഗണനയ്ക്ക് വരുന്നത്. അതിൽത്തന്നെ 50 ശതമാനം പരാതികൾ മാത്രമാണ് പരിഹരിക്കപ്പെടുന്നത്. ജില്ലകളിൽ കൂടുതൽ സിറ്റിംഗുകൾ നടത്തി പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കപ്പെടുന്നതിനുമായി കമ്മീഷന് ആവശ്യമായ സജ്ജീകരണങ്ങളും സൗകര്യങ്ങളും ഒരുക്കി കൊടുക്കാവുന്നതാണ്. 2022 മേയ് മാസം പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ വിരമിച്ചതിനുശേഷം ഇതുവരെ അവിടെ ചെയർപേഴ്സനെ നിയമിച്ചിട്ടില്ല. ആ സ്ഥാനം ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. ഇതിൽനിന്നും അതിന്റെ ആത്മാർത്ഥത തെളിയിക്കപ്പെടാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക ജീവിതത്തിൽ സുപ്രധാന പങ്കുവഹിക്കുന്നവരാണ് പ്രവാസികൾ. പ്രവാസികളുടെ പ്രയത്നത്തിന്റെകൂടി ഫലമായിട്ടാണ് നമ്മുടെ നാടിന്റെ സമ്പദ്ഘടനയിൽ കാര്യമായ മാറ്റം വരുത്താൻ സാധിച്ചത്. തൊഴിലില്ലായ്മ എന്ന പ്രതിസന്ധിയെ തരണം ചെയ്ത് ഗൾഫ് നാടുകളിൽപ്പോയി കഠിനാധ്വാനം ചെയ്ത് നാട്ടിലേയ്ക്ക് അയയ്ക്കുന്ന സമ്പത്ത് നമ്മുടെ നാടിന്റെ പുരോഗതിക്ക് വഴികാട്ടിയായി മാറിയിരിക്കുന്നുവെന്നത് സംശയ രഹിതമാണ്.കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് തിരിച്ചെത്തിയ ഏകദേശം 17 ലക്ഷത്തിലധികം പ്രവാസി മലയാളികളിൽ 72 ശതമാനവും ജോലി നഷ്ടപ്പെട്ടവരാണ്. പ്രവാസികളുടെ വരുമാനത്തെ മാത്രം ആശ്രയിച്ചുകഴിഞ്ഞിരുന്ന പ്രസ്തുത കുടുംബങ്ങളുടെ സാമ്പത്തിക നില വളരെ മോശമാണെന്ന് നമുക്കറിയാം. പ്രവാസികൾ കൂടുതൽ മടങ്ങിവന്ന മലബാർ മേഖലകളിൽ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുകയാണെങ്കിൽ അത് അവരെ സഹായിക്കുന്ന ഒരു ഘടകമായിരിക്കുമെന്നതിൽ സംശയമില്ല. ആഗോള സാമ്പത്തികമേഖല പ്രതിസന്ധിയിലായതോടെ പ്രവാസികളുടെ ജീവിതവും അവതാളത്തിലായി എന്നത് യാഥാർത്ഥ്യമാണ്. ജീവസന്ധാരണത്തിനായി പ്രവാസികൾ മറുനാടുകളിൽ നേരിടുന്ന വെല്ലുവിളികൾ വളരെയധികമാണ്. തുച്ഛമായ

ശമ്പളത്തിനുവേണ്ടി ക്രൂരമായ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്നവരുടെയും പ്രവാസ ജീവിതത്തിനിടയ്ക്ക് മരണപ്പെടുകയും ആശുപത്രി ബില്ലുപോലും അടയ്ക്കാൻ വഴിയില്ലാതെ മൃതദേഹം വിട്ടുകിട്ടുന്നതിനായി മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന ഉറ്റവരുടെയുമൊക്കെ അവസ്ഥ നമുക്ക് നിത്യവും കാണാനും അനുഭവിക്കാനും കഴിയും. ഗൾഫ് രാജ്യങ്ങളിൽ പുതിയ കുടിയേറ്റ നയങ്ങൾ അനുവർത്തിക്കപ്പെടുന്നതിനാൽ അവിദഗ്ദ്ധ-അർദ്ധവിദഗ്ദ്ധ വിഭാഗം പ്രവാസികളുടെ കുടിയേറ്റ സാധ്യതകൾ വളരെ കുറവാണ്. വിദേശരാജ്യങ്ങളിലെ പ്രതികൂല സാഹചര്യം മറികടക്കാൻ അവിദഗ്ദ്ധ തൊഴിലാളികളെ പ്രാപ്തരാക്കുന്ന പരിശീലനവും തൊഴിൽ നൈപുണ്യ പരിശീലനവും കൂടുതൽ കാര്യക്ഷമമാക്കണം. വിദേശരാജ്യങ്ങളിലെ പാരമ്പര്യേതര മേഖലകളിലെ തൊഴിൽ സാധ്യതകൾ വിദഗ്ദ്ധമായി പഠിക്കണം. യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാകുംവിധം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സോഫ്റ്റ് സ്കിൽ വളർത്തി അക്കാഡമിക് രംഗം പരിഷ്കരിക്കാവുന്നതാണ്. പ്രവാസി ക്ഷേമനിധിയിലേയ്ക്കുള്ള അംശദായത്തിന്റെ സർക്കാർ വിഹിതം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നുകൂടി സാന്ദർഭികമായി പറയുകയാണ്.

പ്രവാസികളുടെ സമ്പാദ്യത്തിന്റെ ഏറിയ പങ്കം കവർന്നെടുക്കുന്നത് ഉയർന്ന വിമാന യാത്രാ ചെലവുകളാണ്. കേരളത്തെ അപേക്ഷിച്ച് ഇതര സംസ്ഥാനങ്ങളിലെ യാത്രാ ചെലവ് കുറവാണ്. വിമാനയാത്രാ നിരക്കുകളിൽ തുടർച്ചയായുണ്ടാകുന്ന വർദ്ധനവ് ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. നിസ്സാര കുറ്റങ്ങളുമായി ബന്ധപ്പെട്ട് ജയിലുകളിൽ കഴിയുന്ന പ്രവാസികൾക്കും മറ്റും അവർ അർഹിക്കുന്ന നിയമ പരിരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണം. തൊഴിൽ തേടി മറുനാട്ടുകളിലേയ്ക്ക് പോകുന്നവരെപ്പോലെതന്നെ വിദ്യാഭ്യാസ ആവശ്യത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളും ഏറെ പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുന്നുണ്ട്. യുക്രൈൻ യുദ്ധസമയത്ത് വിദേശത്ത് കുടുങ്ങിപ്പോയ നിരവധി വിദ്യാർത്ഥികളുണ്ട്. അവർക്ക് മതിയായ നിയമപരിരക്ഷയും സുരക്ഷയും സഹായങ്ങളും ഉറപ്പാക്കണം. വിദേശ വിദ്യാർത്ഥികളുടെ കൃത്യമായ കണക്കും റിക്രൂട്ടിംഗ് ഏജൻസികളുടെ രജിസ്ട്രേഷൻ വിവരവുമായി ബന്ധപ്പെട്ട ഒരു ഡാറ്റാ ബാങ്കും സർക്കാരിന്റെ കൈവശം ഉണ്ടായിരിക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട്, നല്ലൊരു ജീവിതം സ്വപ്നം കണ്ട് വിദേശത്ത്

പോകുന്നവർ മറുനാട്ടിൽ പീഡിതരായി കഴിയുന്ന കേസുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അത്തരം ഏജൻസികളെയും വ്യക്തികളെയും കണ്ടെത്തി നടപടി കർശനമാക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി കെ. കെ. രമ)

വിദേശനാട്ടുകളിൽനിന്നും തിരിച്ചുവരുന്ന ആദ്യകാല പ്രവാസികൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. പ്രവാസി ക്ഷേമ ബോർഡിനുകീഴിൽ 60 വയസ്സുവരെയുള്ളവർക്കാണ് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ ആദ്യകാല പ്രവാസികളിൽ ഭൂരിഭാഗവും 60 വയസ്സ് കഴിഞ്ഞവരാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിന് കാരണക്കാരായ ആ പ്രവാസികളെ പരിഗണിക്കേണ്ടത് ആവശ്യമാണ്. അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയോ പ്രവാസി ക്ഷേമ ബോർഡിൽ ആവശ്യമായ ഭേദഗതി വരുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുകയോ വേണം. തിരിച്ചുവരുന്ന പ്രവാസികൾക്ക് നോർക്ക നൽകുന്ന ആനുകൂല്യത്തിന് ഒരു കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. പ്രവാസികൾ മടങ്ങിയെത്തിയ കാലയളവ് വിദേശത്ത് ജോലി ചെയ്ത കാലയളവിനെക്കാൾ അധികരിക്കാൻ പാടില്ല. വിദേശത്തുനിന്നും തിരിച്ചുവരുന്നവർക്ക് ചികിത്സാ

സഹായം, മരണാനന്തര സഹായം, വിവാഹ സഹായം തുടങ്ങിയവയാണ് നോർക്ക നൽകുന്നത്. ചുരുങ്ങിയത് വിദേശത്ത് രണ്ടുകൊല്ലം പൂർത്തിയാക്കി തിരിച്ചുവരുന്ന എല്ലാവർക്കും ഈ ആനുകൂല്യം ലഭിക്കുന്ന തരത്തിൽ നിയമം ഭേദഗതി ചെയ്യണം.

ത്രിതല പഞ്ചായത്തുകളിൽ പ്രവാസിക്ഷേമ സ്ഥിരം സമിതികൾ രൂപീകരിക്കുന്നത് നല്ലതായിരിക്കും. ത്രിതല പഞ്ചായത്തുകളിൽ വികസനം, ആരോഗ്യം, ക്ഷേമം, ധനകാര്യം, പൊതുമരാമത്ത് തുടങ്ങിയ വിവിധ സ്ഥിരം സമിതികൾ നിലവിലുണ്ട്. കേരളത്തിലെ ജനസംഖ്യയിൽ വലിയൊരു വിഭാഗം പ്രവാസികളാണ്. ചുരുങ്ങിയത് ഒരു കുടുംബത്തിൽനിന്നും ഒന്ന് എന്ന തോതിൽ പ്രവാസികൾ നമ്മുടെ സാമ്പത്തിക മേഖലയിൽ മുഖ്യപങ്ക് വഹിക്കുന്നവരാണ്. അതുകൊണ്ട് പ്രവാസികളുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകളിൽ പ്രവാസി സ്ഥിരം സമിതികൾ രൂപീകരിക്കാവുന്നതാണ്. അതിലൂടെ അവരുടെ തൊഴിൽ, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കാര്യമായ മാറ്റം സൃഷ്ടിക്കാനാവും. തിരിച്ചുവരുന്ന പ്രവാസികളിൽ ഭൂരിഭാഗവും സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നതിനാൽ ബി.പി.എൽ. പട്ടികയിൽ ഇടം തേടാൻ അർഹരാണ്.

നിലവിലുള്ള മുൻഗണനാ മാനദണ്ഡം ഭേദഗതി ചെയ്ത് അത്തരം പ്രവാസികളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. പ്രവാസികളുടെ രക്ഷിതാക്കൾക്ക് സംരക്ഷണ സംവിധാനം ഒരുക്കുകയും പ്രവാസികളുടെ എണ്ണം സംബന്ധിച്ച ഡാറ്റാബേസ് തയ്യാറാക്കുകയും വേണം. സംസ്ഥാനത്തെ പ്രവാസികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് സർക്കാരിൽ ഉണ്ടാകാൻ സാധ്യതയില്ല. കഴിഞ്ഞ മൂന്ന് ലോക കേരള സഭകൾക്കും പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ വികസനത്തിന് അവരുടെ വൈദഗ്ദ്ധ്യം ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചില്ലെന്നതാണ് ഇതിന്റെ വസ്തുത. വിസ കാലാവധി കഴിഞ്ഞും മറ്റ് കാരണങ്ങളാലും വിദേശ ജയിലുകളിൽ കഴിയുന്നവർക്കാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കണം. നിയമാനുസൃതമല്ലാത്ത റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ചും വിസ തട്ടിപ്പ് സംബന്ധിച്ചും പ്രവാസികൾക്ക് ബോധവത്കരണം നല്കണം. പല കാരണങ്ങളാൽ 60 വയസിനുള്ളിൽ പെൻഷന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് പെൻഷന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുകയും സാമ്പത്തിക പ്രയാസങ്ങൾ കാരണവും മറ്റും അംശദായമടയ്ക്കുന്നതിൽ മുടക്കം വരുത്തിയിട്ടുള്ള പ്രവാസികളിൽനിന്ന് കുടിയ

നിരക്കിൽ പിഴ ഈടാക്കുന്നത് ഒഴിവാക്കുന്നതിനും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം നേടി വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്നവർ മടങ്ങിയെത്തുമ്പോൾ അവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്ത് വിവിധ മേഖലകളിൽ യഥാവിധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. വിദേശത്ത് പോകുന്നവരുടെയും മടങ്ങിയെത്തുന്നവരുടെയും വിവരങ്ങളും അവരുടെ തൊഴിൽ വൈദഗ്ദ്ധ്യവും സംബന്ധിച്ച വിശദാംശം ശേഖരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഇതര രാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരായ പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് വിമാന കമ്പനികൾ ഭീമമായ തുക ഈടാക്കുന്നതുകൊണ്ടുള്ള സാമ്പത്തിക പരാധീനതകൾ കാരണം ബന്ധുക്കൾക്ക് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കഴിയുന്നില്ല. ആയതിനാൽ വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം തികച്ചും സൗജന്യമായി നാട്ടിലെത്തിക്കുന്നതിന് സഹായകരമായ നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്ക് സാന്ത്വന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനുള്ള കാലപരിധിയിൽ മാറ്റം

വരുത്തുന്നതിനും പദ്ധതിയുടെ വിശദാംശങ്ങൾ പ്രവാസികളിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി എല്ലാ അപേക്ഷകളും മാനദണ്ഡങ്ങൾക്ക് വിധേയമായി അനുഭാവപൂർവ്വം പരിഗണിച്ച് ധനസഹായതുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപ്രതീക്ഷിതമായി ജോലി നഷ്ടപ്പെടുന്ന പ്രവാസി നിരവധി ആകുലതകളും സങ്കടങ്ങളുമായിട്ടാണ് നാട്ടിലേയ്ക്ക് മടങ്ങുന്നത്. പ്രവാസി ബാധ്യതയല്ല സാധ്യതയാണ് എന്ന് മനസ്സിലാക്കാനും പ്രതിസന്ധികളിൽ തളരുമ്പോൾ പ്രതീക്ഷാ നിർഭരമായി ചേർത്തുപിടിച്ച് അവരുടെ ജീവിതം ഹരിതാഭമാക്കാനും പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനും കഴിയണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്രവാസികളായ കേരളീയരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ

നിർദ്ദേശിക്കുന്നതിനുമായി 2015-ൽ പാസ്സാക്കിയ സുപ്രധാനമായ നിയമത്തിൽ ചെറിയൊരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ക്വാസി ജുഡീഷ്യൽ ബോഡിയാണ്. ചെയർമാന്റെ പ്രായപരിധി സംബന്ധിച്ച ചെറിയ ഭേദഗതി മാത്രമാണ് ഇതിൽ വരുത്തുന്നത്. കേരളത്തിന്റെയും കേരളീയരുടെയും ജീവിത താളമാണ് പ്രവാസികൾ. അവരുടെ അദ്ധ്വാനത്തിന്റെ നല്ലൊരു ഭാഗവും നമ്മുടെ നാടിന്റെ വികസനത്തിനായി ചെലവഴിക്കുകയാണ്. ഈ ഭേദഗതി അവതരിപ്പിക്കുന്ന ദിവസംതന്നെ യാദൃശ്ചികമായി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒരു റിപ്പോർട്ട് നമ്മുടെയെല്ലാം കൈകളിൽ എത്തിയിട്ടുണ്ട്. അതിലെ ശിപാർശ നമ്പർ 2-ൽ പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ ഇടപെടുന്നതിനും നിയമസഹായം ആവശ്യമായ സന്ദർഭങ്ങളിൽ അടിയന്തരമായി പ്രവർത്തിക്കുന്നതിനുംവേണ്ടി രൂപംകൊണ്ട ക്വാസി ജുഡീഷ്യറി സംവിധാനത്തോടുകൂടിയ പ്രവാസികാര്യ കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സമിതിയുടെ ഒരു വിലയിരുത്തലുണ്ട്. ഈ കമ്മീഷൻ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നിയമസഭാ സമിതി നൽകിയിട്ടുണ്ട്. കമ്മീഷനിൽ അംഗങ്ങളുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യവുമുള്ളതിനാൽ കുറച്ചുകൂടി

കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതാണ് എന്ന ഒരു കണ്ടെത്തൽ ആ റിപ്പോർട്ടിന്റെ ആമുഖമായി ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഒരനുഭവം ചുരുക്കി പറയാം. പ്രവാസിയായ ഒരു മലയാളി ഏകദേശം 150 കോടി രൂപ മുടക്കി എന്റെ നാട്ടിൽ ഒരു ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി കേരളത്തിലെ വ്യവസായികളോടും വിവിധ സ്ഥാപനങ്ങളോടും സഹായം അഭ്യർത്ഥിച്ചപ്പോൾ, എന്റെ നാട്ടിൽ 150 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച, ഉദ്ഘാടനം ചെയ്യപ്പെടാത്ത ആ ആശുപത്രി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി തുറന്നുനൽകിയ സാഹചര്യം ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. സ്വാർത്ഥതകളില്ലാതെ നമ്മുടെ നാടിനുവേണ്ടി അവർ പ്രവർത്തിക്കുകയാണ്. ഇവിടെയിരിക്കുന്ന എം.എൽ.എ.മാരിൽ പലരും പല അവസരങ്ങളിലും വിദേശ രാജ്യങ്ങളിൽ പോയിട്ടുള്ളവരായിരിക്കും. ഇവിടെനിന്നും ജനപ്രതിനിധികളോ പൊതുപ്രവർത്തകരോ വിദേശ രാജ്യങ്ങളിൽ ചെന്നാൽ രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ സ്നേഹ വാത്സല്യത്തോടുകൂടി ഇടപെടുന്ന പ്രവാസികൾ, സുഖശീതളമായ ജീവിതമല്ല അവിടെ നയിക്കുന്നതെന്ന്

അവിടെ ചെല്ലുമ്പോൾ നമുക്ക് മനസ്സിലാകും. എ.സി.യില്ലാതെ ഒരു മിനിറ്റുപോലും ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് അവിടെയുള്ളത്. കേരളത്തിലെ കാലാവസ്ഥയിൽനിന്നും വ്യത്യസ്തമായ മറ്റൊരു കാലാവസ്ഥയിൽ ജീവിച്ച് അവരുടെ ജീവിതകാലം മുഴുവൻ, ഒരു പക്ഷേ യൗവനം മുഴുവൻ വിദേശത്ത് ഹോമിച്ചശേഷം വാർദ്ധക്യത്തിലാണ് അവർ തിരിച്ച് നാട്ടിൽവരുന്നത്. ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിദേശ മലയാളികൾക്കുവേണ്ടി ആരംഭിച്ച, അവരുടെ ജീവിതത്തിൽ ഒരുപാട് മാറ്റം വരുത്താൻ നിർണ്ണായക പങ്കുവഹിച്ച ഒന്നാണ് ലോക കേരള സഭ. ലോക കേരള സഭ എന്തിനാണ്; ഇത് ധൂർത്താണെന്നൊക്കെ പലരും പറയുമ്പോഴും നമ്മൾ ചിന്തിക്കേണ്ട ഒരു കാര്യം, ലോക കേരള സഭയിലൂടെ പ്രവാസികളുടെ ഒട്ടനവധി വിഷയങ്ങൾ സമൂഹത്തിൽ ചർച്ചയാക്കാനും അവർക്കുവേണ്ടി പ്രത്യേകമായ കാര്യങ്ങൾ ചെയ്യാനും സാധിച്ചുവെന്നതാണ്. വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ മൃതദേഹം എത്രയുംവേഗം നാട്ടിലെത്തിക്കുന്നതിനും കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് വരുന്ന പ്രവാസികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പ്രത്യേക പാക്കേജുകൾ നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. നോർക്ക റൂട്ട്സ് ഈ മേഖലയിൽ നിർണ്ണായകമായ ഇടപെടലാണ് നടത്തുന്നത്. ഗവൺമെന്റ്

പ്രവാസികൾക്കായി ഒരു വകുപ്പുതന്നെ രൂപീകരിച്ചിരിക്കുന്നുവെന്നത് കേരളത്തിന്റെ പ്രത്യേകതയാണ്. ഇതിനായുള്ള ഗവൺമെന്റിന്റെ ഇടപെടൽ നമുക്ക് ബോധ്യമാകും. നോർക്ക റൂട്ട്സ് വഴി പ്രവാസികൾക്കുവേണ്ടി കൃത്യമായ ഇടപെടൽ നടക്കുന്നുണ്ട്. ബില്ലുകളുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ മുതൽ ഇവിടെ നടക്കുന്ന ചർച്ചകളിൽ നമ്മുടെ നാട്ടിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് പറയുന്നതുകേട്ടു. മുൻകാലങ്ങളിൽ തൊഴിലിനുവേണ്ടിയായിരുന്നു ആളുകൾ നാടുവിട്ട് പോയിരുന്നതെങ്കിൽ ഇന്ന് കൂടുതൽ പേരും വിദ്യാഭ്യാസം നേടുന്നതിനുവേണ്ടിയാണ് കേരളത്തിന് പുറത്ത് പോകുന്നത്. ഇതൊരു പ്രശ്നമോ കുറവോ അല്ല, അത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഈ കാലഘട്ടത്തിലെ കുട്ടികൾ പഠനത്തോടൊപ്പം വരുമാനമുണ്ടാക്കി സന്തോഷമായി ജീവിക്കാനായി പുതിയ സാഹചര്യത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നു. അവർ 30-35 ലക്ഷത്തോളം രൂപ മുതൽമുടക്കിയാണ് വിദേശത്തേയ്ക്ക് പോകുന്നത്. ഈ പണം മുഴുവൻ ഇൻവെസ്റ്റ് ചെയ്യുന്നത് വിദേശ രാജ്യങ്ങളിലാണ്. ഇവിടെത്തന്നെ അവർക്ക് ജോലി ചെയ്യാനും പഠിക്കാനും വരുമാനമുണ്ടാക്കാനും കഴിയുന്ന സാഹചര്യമുണ്ടാകുംവിധം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തിയാൽ, ഈ പണം അവർ

ഇവിടെ നിക്ഷേപിക്കുമെന്നുമാത്രമല്ല, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും സാധിക്കും. നാട്ടിൽ യൗവനമില്ലാതാകുന്ന ഒരു കാലത്തെക്കുറിച്ച് ചിന്തിക്കാൻപോലും നമുക്ക് സാധിക്കില്ല. കുഞ്ഞുങ്ങളെയും വൃദ്ധജനങ്ങളെയും നാം സംരക്ഷിക്കേണ്ടതുതന്നെയാണ്, എന്നാൽ യുവാക്കളാണ് നമ്മുടെ നാടിന്റെ പ്രതീക്ഷ. കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നത് അവരുടെ കാലഘട്ടത്തിന്റെ പ്രത്യേകത കൊണ്ടുതന്നെയാണ്, അത് ആരുടെയും കുറ്റമെന്ന് പറയാൻ കഴിയില്ല. എന്നാൽ അവരെ ആകർഷിച്ച് ഇവിടെ നിർത്താൻ സാധിക്കണം. ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിൽ നടത്തിയ ചർച്ചയെ ഇതുമായി ബന്ധപ്പെടുത്താവുന്നതാണ്. ഒരു വർഷംകൊണ്ട് ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നുവെന്ന പ്രഖ്യാപനത്തിന് വളരെ നല്ല പ്രതികരണമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. മണ്ഡലങ്ങളിലെ പുതിയ സംരംഭങ്ങൾ ഉദ്ഘാടനം ചെയ്യാൻ എം.എൽ.എ.-മാരായ നമ്മൾ പോകുമ്പോൾ, അവയെല്ലാം വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന സംരംഭങ്ങളാണെന്ന് വളരെ ആവേശത്തോടുകൂടി പറയാറുണ്ട്. ഈ കാലഘട്ടത്തിനനുസരിച്ച് വ്യവസായ വകുപ്പിനുകീഴിൽ ചില മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞതുപോലെ പഠനവും ജോലിയും എന്ന പുതിയ കാഴ്ചപ്പാടിലേയ്ക്ക് വിദ്യാഭ്യാസ മേഖലയ്ക്ക് വരാൻ സാധിച്ചാൽ വിദേശത്തേയ്ക്കുള്ള

കുട്ടികളുടെ ഒഴുക്ക് തടയാൻ സാധിക്കും. ഇത് കാണാതെ പോകാൻ സാധിക്കില്ലെന്നുള്ളതുകൊണ്ടാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചത്. കൂടാതെ വിദേശങ്ങളിലെത്തുന്ന കുട്ടികൾക്ക് ഏകദേശം രണ്ടുവർഷം അവിടെ താമസിക്കാനും വളരെ പെട്ടെന്നുതന്നെ പെർമനന്റ് റെസിഡന്റാകാനും സാധിക്കുന്നു. വിദേശങ്ങളിൽ ഇത്തരം ആനുകൂല്യങ്ങൾ കിട്ടുന്നത് അവർക്ക് അങ്ങോട്ടുപോകാനുള്ള അട്രാക്ഷനാണ്. ആ സാഹചര്യം ഇവിടെയും ഒരുക്കിക്കൊടുക്കാൻവേണ്ട ഇടപെടൽ നടത്തേണ്ടതാണെന്നുകൂടി സന്ദർഭവശാൽ സൂചിപ്പിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, പഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ വ്യാപകമായി വിദേശത്തേയ്ക്ക് പോകുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. പ്രവാസികളുമായി ബന്ധപ്പെട്ട ബില്ലിനെ സംബന്ധിച്ചാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾ അവിടെ പാർട് ടൈം ജോലി ചെയ്താണ് പഠനം മുന്നോട്ടുകൊണ്ടുപോകുന്നത്. പക്ഷേ പ്രവാസികൾക്കുള്ള സ്കീമോ മറ്റ് കാര്യങ്ങളോ പരിശോധിച്ചാലോ അല്ലെങ്കിൽ പ്രവാസികളുടെ ഡാറ്റ പരിശോധിച്ചാലോ, പ്രവാസികളുടെ നിർവചനത്തിൽ വിദ്യാർത്ഥികളെയും പാർട്ട് ടൈം ജോലി ചെയ്യുന്നവരെയും ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

അങ്ങനെ വരുന്നതുകൊണ്ടുതന്നെ നിലവിൽ ഈ സംസ്ഥാനത്തുനിന്നും എത്രപേർ വിദേശത്ത് പഠിക്കുന്നുണ്ടെന്ന ഡാറ്റപോലും സർക്കാരിന്റെ കൈവശമില്ലെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: തീർച്ചയായും. ഒരു സ്വകാര്യ ചർച്ചയിൽ ഇക്കാര്യം നമ്മൾ വിശദമായി സംസാരിച്ചതാണെന്ന കാര്യം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. സ്റ്റുഡന്റ് വിസയിൽ പോകുന്നവരുടെ കൃത്യമായ കണക്കില്ലെന്ന് രാവിലെ ഇവിടെ നടന്ന ചർച്ചയിൽ പറഞ്ഞു. റഷ്യ-യുക്രൈൻ യുദ്ധസമയത്താണ് അവിടെ പഠിക്കുന്ന കുട്ടികൾ നമ്മുടെ തൊട്ടടുത്തുണ്ടെന്ന വിവരമറിയുന്നത്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ ഡാറ്റ തയ്യാറാക്കുന്നത് സംബന്ധിച്ച് ആ സമയത്താണ് കൂടുതൽ ചർച്ച ചെയ്തത്. അവരെയും പ്രവാസികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണം. കേരളത്തിന്റെ വരുമാനത്തിന്റെ വലിയ പങ്കും നൽകുന്നത് പ്രവാസികളാണ്. അതുകൊണ്ടുതന്നെ പല കാരണങ്ങളാൽ വിദേശത്തുനിന്ന് തിരിച്ചുവരുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ കേരളീയരെ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ള പ്രവാസികാര്യ വകുപ്പും അതിന്റെ ഭാഗമായി 2002 മുതൽ പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സുമൊക്കെ ഇത്തരം കാര്യങ്ങളിൽ നിരന്തരമായി

ഇടപെടുന്നുണ്ടെങ്കിലും ആ മേഖലയിൽ ഇനിയും നാം ഏറെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. അത്തറിന്റെ മണത്തിനും മിനുമിനുപ്പിനും അപ്പുറത്ത് വളരെ സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള മറ്റൊരു ജീവിതം അവർക്കുണ്ട്. ഗവൺമെന്റ് കോവിഡ് കാലത്ത് നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പലവീടുകളിലും ചെന്നപ്പോഴാണ് ഇരുനില വീടുകളിൽ കഴിയുന്നവരാണെങ്കിലും വിദേശത്തുള്ളവരുടെ ജോലി പെട്ടെന്ന് നഷ്ടപ്പെട്ടതിന്റെ ഫലമായി വളരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നിരവധിപേരുണ്ടെന്ന് അറിയാൻ കഴിഞ്ഞത്. കോവിഡ് കാലത്ത് അത്തരക്കാരിലേയ്ക്ക് ഇറങ്ങിചെല്ലാൻ നമുക്കെല്ലാവർക്കും കഴിഞ്ഞിരുന്നു. ഇവിടെനിന്നും വിവിധ രാജ്യങ്ങളിലേയ്ക്ക് പോകുന്ന പല അവസ്ഥയിലുള്ളവരുണ്ട്, ദരിദ്രരും അതീവ ദരിദ്രരും സമ്പന്നരും ആ പട്ടികയിൽപ്പെടുന്നവരാണ്. നന്നായി മുതൽമുടക്കി പോകുന്നവരുമുണ്ട്. വിദേശത്തുപോകുന്ന എല്ലാവരും സമ്പന്നരായല്ല മടങ്ങിവരുന്നത്. പഴയകാലത്തുണ്ടായിരുന്ന ചൂഷണം ഇന്നില്ല. നോർക്ക റൂട്ട്സിന്റെയും നോർക്കയുടെയും ലോക കേരള സഭയുടെയുമൊക്കെ ഇടപെടലിന്റെ ഫലമായി അത് വളരെയധികം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മൾ വിദേശത്ത് പോകുമ്പോഴും അവർ നാട്ടിൽ വരുമ്പോഴും ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട കാര്യം, 60 വയസ് കഴിഞ്ഞവരെ ക്ഷേമനിധിയിൽ ചേർക്കാൻ സാധിക്കാത്ത പൊതു സ്ഥിതിയെകുറച്ചാണ്. 60 വയസ് കഴിഞ്ഞവരെ ക്ഷേമനിധിയിൽ ചേർക്കാൻ സാധിക്കുമോ എന്ന് സംഘടനകളെല്ലാംതന്നെ എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 60 വയസ്സായവർക്ക് അഞ്ചുവർഷമോ ആറുവർഷമോ ഒരു നിശ്ചിത തുക ഒരുമിച്ച് അടയ്ക്കുന്ന വിധത്തിലോ മറ്റോ നിയമം വന്നാൽ ഇവരുടെ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ; ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ചെയർപേഴ്സൺ: സമയം കഴിഞ്ഞു. പ്ലീസ്...

ശ്രീമതി യു. പ്രതിഭ: ഞാൻ വളരെ വേഗത്തിൽ അവസാനിപ്പിക്കാം. ലോക കേരള സഭയുടെ പശ്ചാത്തലത്തിൽ അത്തരം ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ട്. പ്രവാസികൾക്കും പ്രവാസി ക്ഷേമത്തിനും മുന്തിയ പ്രാധാന്യമാണ് നൽകുന്നതെന്നതിനാൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് നല്ല ഇടപെടലും നടത്തിയിട്ടുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, നമ്മുടെ ജീവിതത്തിന്റെ താളംതന്നെയാണ് പ്രവാസികൾ. കേരളത്തിൽ ജീവിക്കുന്ന എല്ലാവരും അവരുടെ

അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയുമെല്ലാം ആനുകൂല്യം പറ്റുന്നവരാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രഥമ ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് പ്രവാസികളുടെ സംരക്ഷണവും അവരെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുക എന്നതും. തുടർച്ചയായി മൂന്നുവർഷം ഒരാൾക്ക് ചെയർമാൻഷിപ്പിലിരുന്ന് പരാതികളിലിടപെടാനും പരിഹരിക്കാനും കഴിയുംവിധത്തിലുള്ള ഭേദഗതിയാണിത്. അതുകൊണ്ടുതന്നെ ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ച ഭേദഗതിക്ക് എല്ലാവിധ പിന്തുണയും നൽകുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പൊതുവായിട്ടുള്ള നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. കമ്മീഷനിൽ അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായ ഒരു വ്യക്തി ചെയർപേഴ്സണോ അംഗമോ ആയി തുടരാൻ പാടുള്ളതല്ല എന്നാണ് നിലവിലുള്ള നിയമം അനുശാസിക്കുന്നത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അംഗങ്ങളുടെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് ഒഴിവാക്കണമെന്ന് പറഞ്ഞു. പൊതുവായിട്ടുള്ള പ്രായപരിധിയാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വിവേചനമില്ലാതെയാണ് പ്രായപരിധി ഉയർത്തിയിട്ടുള്ളത്. അറുപത്തിരണ്ടാം വയസ്സിലാണ് ഹൈക്കോടതി ജഡ്ജി റിട്ടയർ ചെയ്യുന്നത്. റിക്രൂട്ട്മെന്റ് പ്രോസസ്സ് കഴിയുമ്പോൾ വീണ്ടും മൂന്നുവർഷം കഴിയും.

അതുകഴിഞ്ഞ് അവരെ നിയമിച്ചാലുടൻതന്നെ കാലാവധി പൂർത്തിയാകുന്ന സ്ഥിതിയാകും. അത്തരം പ്രായോഗിക പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഭേദഗതി വരുത്തിയിട്ടുള്ളത്.

കേരളം പോലുള്ള സംസ്ഥാനത്ത് പ്രവാസി സമൂഹം നൽകുന്ന സംഭാവനകൾ കണക്കിലെടുത്താണ് ഏത് ഗവൺമെന്റായാലും പ്രവർത്തിക്കുന്നത്. അങ്ങ് മുന്നോട്ടുവച്ച ക്രിയാത്മകമായ നിർദ്ദേശങ്ങളോടെല്ലാം ഗവൺമെന്റിന് പോസിറ്റീവായ സമീപനം തന്നെയാണുള്ളത്. പ്രവാസജീവിതം കഴിഞ്ഞ് തിരിച്ചെത്തി സാമ്പത്തികവും ശാരീരികവുമായ അവശത അനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് ദുരിതാശ്വാസ നിധിയെന്ന നിലയിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക പദ്ധതിയാണ് 'സാന്ത്വന'. ഇതുവരെ 21987 കുടുംബങ്ങൾക്കായി 133 കോടി രൂപയുടെ ധനസഹായം നൽകിക്കഴിഞ്ഞിട്ടുണ്ട്. നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് NDPREM (Norka Department Project for Returned Emigrants) പദ്ധതിപ്രകാരം 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം (പരമാവധി മൂന്ന് ലക്ഷം രൂപ) മൂലധന സബ്സിഡിയും നാല് വർഷത്തേയ്ക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകുന്നുണ്ട്. പതിനെട്ട് ധനകാര്യ സ്ഥാപനങ്ങളുടെ

ആറായിരത്തിലധികം ശാഖകൾവഴിയും ധനസഹായം നൽകുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അതിൽ 4860 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിരുന്നു. 84.49 കോടി രൂപ അതിന്റെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രവാസി ഭദ്രതാ സ്കീം മുഖേന ഇതുവരെ 90.41 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞ ഒരുകാര്യം ശരിയാണ്. പല കേസുകളിലായി ജയിൽ ശിക്ഷ അനുഭവിക്കുന്ന എല്ലാവരെയും നമുക്ക് സഹായിക്കാൻ കഴിഞ്ഞെന്നുവരില്ല. ഇപ്പോൾ അതിനായി നിയമ സഹായ സെൽ രൂപീകരിക്കുകയും പത്ത് ലീഗൽ കൺസൾട്ടന്റുമാരെ ആറ് ജി.സി.സി. (ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിൽ) രാജ്യങ്ങളിലായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന പ്രവാസി സംഘടനകൾക്കുവേണ്ടി മൂന്നുലക്ഷം രൂപ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയുണ്ട്. ഇതുവരെ എഴുപത് സംഘടനകൾക്ക് രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കീമുകളെയും സംബന്ധിച്ച് പറയുന്നില്ല. അങ്ങുപറഞ്ഞ മറ്റൊരു കാര്യമാണ് വ്യാജ റിക്രൂട്ട്മെന്റ്/വിസ തട്ടിപ്പ്. വിസ/തൊഴിൽ തട്ടിപ്പിന് ഇരയാകുന്നവരുടെയും അനധികൃത ഏജന്റുമാരുടെയും ചതിക്കുഴിയിൽപ്പെടുന്നവരുടെയും എണ്ണം

വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ച് ബോധവത്കരണം നടത്തുവാൻ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, കേരള പോലീസ് എന്നിവരുടെ സഹകരണത്തോടെ 'ഓപ്പറേഷൻ ശുഭയാത്ര പദ്ധതി' നടപ്പിലാക്കി വരുന്നുണ്ട്.

പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചത് വിദ്യാർത്ഥികളെ സംബന്ധിച്ചാണ്. അവർക്ക് സ്റ്റുഡന്റ്സ് ഐ.ഡി. കാർഡ് നൽകും. ശ്രീമതി യു. പ്രതിഭ പറഞ്ഞതുപോലെ വിദേശരാജ്യങ്ങളിൽ പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ കാര്യത്തിൽ വേണ്ടത്ര വ്യക്തതയില്ല; പൊതുവെ രാജ്യത്തിന്റെ സ്ഥിതി ഇതാണെങ്കിൽ കേരളത്തിന്റെ സ്ഥിതിയും അതുതന്നെയായിരിക്കും. യുക്രൈൻ യുദ്ധത്തെത്തുടർന്ന് കുറെയേറെ നടപടികൾ സ്വീകരിച്ചിരുന്നു. അതെല്ലാം വിശദീകരിക്കുന്നില്ല. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടുകൊണ്ട് പരമാവധി കുട്ടികളെ തിരിച്ചെത്തിക്കാൻ ശ്രമിച്ചു. അതോടൊപ്പംതന്നെ രജിസ്ട്രേഷനും ആരംഭിച്ചു. അപ്പോഴാണ് രജിസ്റ്റർ ചെയ്തതിനെക്കാൾ ധാരാളം കുട്ടികളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടത്. തിരികെവരുന്ന വിദ്യാർത്ഥികളെ നാട്ടിലെത്തിക്കാൻ പതിനഞ്ച് ചാർട്ടേഡ് വിമാനങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കിയത്.

ശ്രീ. തോമസ് കെ. തോമസ്: സർ, പ്രവാസിയായതുകൊണ്ടാണ് ഒരു വിഷയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഒരുപാട് മലയാളി ഡ്രൈവർമാരും വീട്ടുജോലിക്കാരുമുള്ള പ്രദേശമാണ് ഗൾഫ് രാജ്യങ്ങൾ. അതുകൊണ്ട് ഇന്ത്യൻ എംബസ്സിയിൽ മലയാളികളായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോ; അതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇത്തരം കാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽപ്പെടുന്നതല്ല; കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാണ്. എങ്കിൽപോലും മുൻ അംബാസഡറായിരുന്ന ശ്രീ. വേണു രാജാമണിക്ക് ഡൽഹിയിൽ സംസ്ഥാന സർക്കാർ പ്രത്യേക ചുമതല നൽകിയിട്ടുണ്ട്. അദ്ദേഹം ഇത്തരം സന്ദർഭങ്ങളിലെല്ലാം എംബസ്സികളുമായി കോ-ഓർഡിനേറ്റ് ചെയ്ത് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. യുക്രൈനിൽനിന്ന് പതിനഞ്ച് ചാർട്ടേഡ് വിമാനങ്ങൾ വന്നു. ഡൽഹി-മുംബൈ വിമാനത്താവളത്തിൽ എത്തുന്ന വിദ്യാർത്ഥികളെ വിവിധ എയർപോർട്ടുകളിൽ എത്തിക്കുന്നതിന് വിമാനയാത്രാ ടിക്കറ്റുകൾ സൗജന്യമായി നൽകുന്ന നടപടികൾ നോർക്ക സ്വീകരിക്കുകയുണ്ടായി.

ലോക കേരള സഭ പരാജയപ്പെട്ടുവെന്ന അങ്ങയുടെ വാദത്തോട് യോജിപ്പില്ല, കാരണം ലോക കേരള സഭ പൊതുവെ നല്ല രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സമ്മേളനങ്ങളിലെല്ലാം വളരെ ക്രിയാത്മകമായ ചർച്ചകൾ വന്നതിന്റെ ഭാഗമായി നിരവധി നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലണ്ടനിൽ പോയ സന്ദർഭത്തിൽ അവിടെ നടന്ന യൂറോപ്പ് മേഖലയുടെ പ്രാദേശിക സമ്മേളനം വളരെ ക്രിയാത്മകമായിരുന്നു. അതിൽ ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ അങ്ങും ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യും സൂചിപ്പിച്ചതുപോലെ, വിദേശ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചകളുടെ ഭാഗമായി ചതിക്കുഴികളിൽപ്പെടാതെ ഗവൺമെന്റ് സംവിധാനത്തിൽ നേരിട്ടുതന്നെ റിക്രൂട്ട്മെന്റ് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. മറ്റൊരു കാര്യം, വിദേശത്തുപോയ ആളുകൾ ചിലപ്പോൾ ഇവിടെ സ്ഥലം വാങ്ങിയിട്ടിട്ടുണ്ടാകും. പക്ഷേ പിന്നീട് ആ സ്ഥലം എങ്ങനെ ഉപയോഗപ്പെടുത്തണമെന്നറിയാതെ വരികയും ചെയ്യുന്നുണ്ട്. ആ സാഹചര്യത്തിൽ അവയെ ലോജിസ്റ്റിക് പാർക്കുകളായി മാറ്റാൻ

ഇൻകെൽ-മായി ചേർന്ന് ഒരു പുതിയ പദ്ധതി ഇപ്പോൾ മുന്നോട്ടുവച്ചിട്ടുണ്ട്. നല്ല രീതിയിലുള്ള പ്രതികരണമാണ് അതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളത്. ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ച പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നമുക്ക് നിലപാട് സ്വീകരിക്കാൻ കഴിയും. ലോക കേരള സഭ ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു സംവിധാനമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എയർ ടിക്കറ്റ് ചാർജ്ജ് ചില സീസണുകളിൽ അമിതമായി കൊടുക്കേണ്ടിവരുന്നുവെന്നതാണ് പ്രവാസികൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഒരു കുടുംബത്തിന് ഓണത്തിനോ പെരുന്നാളിനോ നാട്ടിൽ വരുന്നതിന് ഒരു വർഷം മുഴുവനും അവിടെ ജോലി ചെയ്താൽ കിട്ടുന്ന തുക മുഴുവനും ടിക്കറ്റ് ചാർജ്ജായി കൊടുക്കേണ്ടിവരുന്നു. തിരുവനന്തപുരത്തുനിന്നും ലണ്ടനിലേയ്ക്കുള്ള ചാർജ്ജിലും തിരുവനന്തപുരത്തുനിന്നും ദുബായിലേയ്ക്കുള്ള ചാർജ്ജിലുമൊക്കെ വലിയ വർദ്ധനയാണ് വരുത്തിയിരിക്കുന്നത്. ഇതിൽ നമുക്ക് എന്തു ചെയ്യാൻ കഴിയും? നമ്മുടെ അഭ്യസ്തവിദ്യരായ യുവാക്കൾ വിദേശരാജ്യങ്ങളിൽ വിസിറ്റിംഗ് വിസയിലാണ് ജോലി തേടി പോകുന്നത്. അതിന്റെ കാലാവധി അവസാനിക്കുന്നതിനിടയിൽ ഏതെങ്കിലും നല്ല

കമ്പനിയിൽ ജോലി കിട്ടിയാലും ജോലിക്ക് കയറണമെങ്കിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണം. മുമ്പ് ഓൺലൈനായോ അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും ഒരാളോ ജില്ലാ പോലീസ് മേധാവിയെ സമീപിച്ചാൽ ആ സർട്ടിഫിക്കറ്റ് കിട്ടുമായിരുന്നു. ഇപ്പോൾ ആ വ്യക്തി നേരിട്ടുതന്നെ ജില്ലാ പോലീസ് മേധാവിയുടെ മുമ്പിൽ ഹാജരാകണം. ഇതാണ് ഏറ്റവും ഒടുവിൽ വന്നിട്ടുള്ള നിയമം. അക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. രാജീവ്</u>: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും വിമാനയാത്രകളെക്കുറിച്ച് ഉന്നയിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിലല്ല. വിമാന കമ്പനികൾ ഇത്തരത്തിൽ കൊള്ള നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം പലതവണ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വ്യോമയാന മന്ത്രിമാരുടെ യോഗത്തിലും ഈ പ്രശ്നം വളരെ ഗൗരവമായി ഉന്നയിച്ചിട്ടുണ്ട്. സീസണിൽ പെട്ടെന്ന് ടിക്കറ്റിന്റെ നിരക്ക് ഉയർത്തുകയാണ്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ ഭൗതികശരീരം കൊണ്ടുവരുന്നതിന് കൊള്ളസമീപനം സ്വീകരിക്കുന്നുണ്ട്. ഇതിലുള്ള

ശക്തമായ നമ്മുടെ വികാരം നേരത്തെതന്നെ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. നമ്മുടെ പാർലമെന്റ് അംഗങ്ങളും വളരെ ശക്തമായിത്തന്നെ ഈ പ്രശ്നം അവിടെ ഉന്നയിക്കണം. ഈ പ്രശ്നം പരിഹരിക്കുന്നതിന് കഴിയാവുന്ന തരത്തിൽ സർക്കാരും ഇടപെടുന്നതായിരിക്കും. ശ്രീമതി യു. പ്രതിഭ സംസാരിച്ചപ്പോൾ ഡോ. മാത്യു കുഴൽനാടൻ ഇടപെട്ട് നിർവചനത്തെക്കുറിച്ച് ഒരു സംശയം ഉന്നയിക്കുകയുണ്ടായി. അത് വലിയ പ്രസക്തിയുള്ളതല്ല. കാരണം ഈ നിയമത്തിലെ രണ്ടാം വകുപ്പിലെ (ഇ)-ൽ പറയുന്നത്: "പ്രവാസി ഭാരതീയർ, കേരളീയർ എന്നാൽ കേരളത്തിൽ സ്ഥിര താമസമാക്കിയിട്ടുള്ളതും എന്നാൽ,- i) ഭാരതത്തിനു പുറത്ത് ജോലി നോക്കുന്നതിനോ; ii) ഭാരതത്തിനു പുറത്ത് പഠനത്തിനോ തൊഴിലിനോ, വ്യാപാര സംബന്ധമായ ആവശ്യത്തിനോ; iii) ഭാരതത്തിനുപുറത്ത് താമസിക്കുന്നതിനുള്ള അയാളുടെ ഉദ്ദേശ്യം സൂചിപ്പിക്കുന്ന അത്തരം സാഹചര്യങ്ങളിൽ, മറ്റേതെങ്കിലും ആവശ്യത്തിനോ ആയി നിശ്ചിതമല്ലാത്ത കാലയളവിലേയ്ക്ക്; സ്ഥിരമായോ താൽക്കാലികമായോ ഭാരതത്തിനുപുറത്തു താമസിക്കുന്ന ഒരു ഭാരത പൗരൻ എന്നർത്ഥമാകുന്നു" എന്നാണ്. വളരെ വിശാലമായ ഒരു നിർവചനമാണിത്. വിദ്യാർത്ഥികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷന്റെ കാര്യത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ച ചില

പരിമിതികളുണ്ട്. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ നിലനിർത്തുന്നതിൽ പ്രവാസി സമൂഹം നൽകിയ സംഭാവനകൾ വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹിക സാംസ്കാരിക മേഖലയിലേയ്ക്ക് അവരെ ചേർത്തുപിടിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അവരുടെ അഭിമാനം ഉയർത്തിപ്പിടിക്കാൻ കഴിയുന്ന ലോക കേരള സഭ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൊണ്ടുവന്നത്. പുതിയ കമ്മീഷന്റെ ഭേദഗതി വരുന്നതോടുകൂടി വളരെ എളുപ്പത്തിൽ നിയമനം നടത്താൻ കഴിയും. അതുകൊണ്ട് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങയുടെ 1 എ നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതിയെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (v) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2013 ജനുവരി 10-ന് നിലവിൽ വന്ന ക്ഷേമനിധി ആക്ടാണിത്. 2013 ഏപ്രിൽ 9-ന് ക്ഷേമനിധി ചട്ടങ്ങളും അതോടൊപ്പം തന്നെ ക്ഷേമനിധി പദ്ധതിയും നിലവിൽവന്നു. ആധാരമെഴുത്തുകാരുടെയും സർക്കാരിന്റെയും ഭാഗത്തുനിന്നും വന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് 7, 9 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. ഒരു വർഷത്തിലധികം അംശദായം അടയ്ക്കാതെ അംഗത്വം നഷ്ടപ്പെട്ടവർക്ക് അത് പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയെന്നതാണ് ഒന്നാമത്തെ ഭേദഗതി. നേരത്തെ ആറുമാസക്കാലം കുടിശ്ശികയുണ്ടെങ്കിൽ 12 ശതമാനം പലിശ അടച്ച്

പുതുക്കാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. അതിനോട് ബന്ധപ്പെടുത്തിയാണ് ഒരു വർഷക്കാലംവരെയുള്ളത് ഗവൺമെന്റിൽ നിഷിപ്തമാക്കി അധികാരം നൽകുന്നത്. ക്ഷേമനിധി ബോർഡ് അദ്ധ്യക്ഷൻ നിലവിൽ നികുതി വകുപ്പ് സെക്രട്ടറിയായിരുന്നു. അത് രജിസ്ട്രേഷൻ വകുപ്പുമന്ത്രിയായി മാറ്റണമെന്ന നിർദ്ദേശം പൊതുവിൽ ക്ഷേമനിധി അംഗങ്ങളുടെ ഇടയിൽനിന്നും വരികയും ചർച്ചയിലൂടെ ധാരണയാകുകയും ചെയ്തു. അതിനാണ് രണ്ടാമത്തെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. നിലവിൽ ഇത്തരത്തിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് ഒരു വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കുന്നത് സംബന്ധിച്ച ഭേദഗതിയാണ് മൂന്നാമതായി കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ ഒന്നര നൂറ്റാണ്ട് പഴക്കമുള്ള പരമ്പരാഗത തൊഴിലാണ് ആധാരമെഴുത്ത്. ആധാരമെഴുത്തുകാരും പകർപ്പെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും ജനങ്ങൾക്കുവേണ്ടി സാമൂഹ്യബോധത്തോടെ സമർപ്പിതമായ സേവനമാണ്

ചെയ്തുവരുന്നത്. രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം സസൂക്ഷ്മം തയ്യാറാക്കി നൂതന സംവിധാനത്തോടെ രജിസ്റ്റർ ചെയ്തുവരുന്ന സ്വത്തിന്റെ ആധികാരിക രേഖയാണ് ആധാരം. രജിസ്ട്രേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൻ കീഴിൽ രജിസ്ട്രേഷൻ നിയമങ്ങൾക്ക് വിധേയമായിട്ടാണ് ആധാരമെഴുത്തുകാർ ഇന്ന് ജോലി ചെയ്യുന്നത്. വസ്തു രജിസ്ട്രേഷൻ ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിൽനിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഇവർ നിശ്ചിത ഫീസ് ഈടാക്കി ചെയ്തുകൊടുക്കുന്നു. ഇവർക്ക് നിശ്ചിത അധികാര പരിധിയുമുണ്ട്. കക്ഷികൾ കൊണ്ടുവരുന്ന പ്രമാണങ്ങളുടെയും തിരിച്ചറിയൽ രേഖകളുടെയും സൂക്ഷ്മതയും കൃത്യതയും സത്യസന്ധതയും പരിശോധിച്ച് നിയമാനുസൃതമായി ഫീസ് ഒടുക്കാൻ സഹായിച്ച് ഇടപാടുകൾ സത്യസന്ധമായി നടത്തേണ്ടത് ഇവരുടെ ഉത്തരവാദിത്വമാണ്. വളരെയധികം അറിവും പരിചയസമ്പത്തും കൃത്യനിർവ്വഹണശേഷിയും സൂക്ഷ്മതയും അനിവാര്യമായ ഒരു തൊഴിൽ മേഖലയാണിത്. ചെറിയ പിഴവുകൾപോലും കക്ഷികൾക്ക് അപരിഹാര്യമായ നഷ്ടം വരുത്തിവയ്ക്കാനിടയാക്കും. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾ സർക്കാരിന് യാതൊരു ബാധ്യതയുമില്ലാതെ സ്വയംതൊഴിൽ ചെയ്തുവരുന്നതിനാൽ ഇത് പതിനായിരക്കണക്കിന്

കുടുംബങ്ങളുടെ ജീവനോപാധികൂടിയാണ്. പക്ഷേ അടുത്തകാലത്ത് ഗഹാൻ, പണയാധാരങ്ങൾ, വിവാഹ രജിസ്ട്രേഷൻ തുടങ്ങിയ പലതും ഈ മേഖലയിലെ തൊഴിലാളികൾക്ക് നഷ്ടപ്പെട്ടു. അവശേഷിക്കുന്ന ചില ആധാരങ്ങൾ മാത്രമാണ് ഇപ്പോൾ ചെയ്തുകൊടുക്കുന്നത്. ആധാരമെഴുത്ത് മേഖലയിലെ അമ്പതിനായിരത്തോളം വരുന്ന കുടുംബങ്ങൾക്ക് ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താനുതകുന്ന കൂടുതൽ പദ്ധതികൾ ഈ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ ബില്ലിൽ പ്രധാനമായും മൂന്ന് മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിലൊന്ന്, അംഗത്വം പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശമാണ്. പ്രധാന ആക്ടിലെ 7-ാം വകുപ്പിൽ വരുത്തിയിരിക്കുന്ന ഭേദഗതി, "എന്നാൽ, ഒരു വർഷത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു അംഗത്തിന്റെ അംഗത്വം സർക്കാർ അനുമതി കൂടാതെ പുനരുജ്ജീവിപ്പിക്കാൻ പാടുള്ളതല്ല.", എന്നതും 7 (എ)-യിൽ പരാമർശിക്കുന്നത്, "നിധിയിലേയ്ക്കുള്ള അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ട ആളുകളുടെ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി, സർക്കാരിന്, വിജ്ഞാപനം വഴി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ആവിഷ്കരിക്കാവുന്നതാണ്"എന്നതുമാണ്.ഭേദഗതി സ്വാഗതാർഹമാണെങ്കിലും ഇത് കൃത്യമായി പ്രയോജനകരമാകണമെങ്കിൽ ഒരു പ്രൊവിഷൻ കൂടി ഉൾപ്പെടുത്തണം. അതായത്, അംശദായം അടയ്ക്കുന്നത് വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന നിരവധി ആളുകൾ നമ്മുടെ ഇടയിലുണ്ട്. പ്രത്യേകിച്ച്, കോവിഡ് മഹാമാരിമൂലം രണ്ടുവർഷക്കാലം ജോലിയില്ലാതിരുന്ന നിരവധിയാളുകൾക്ക് അംശദായം അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. 200 രൂപയാണ് ഒരു മാസം അടയ്ക്കേണ്ടത്. അത് ഒറ്റത്തവണയായി തീർപ്പാക്കുമ്പോൾ താങ്ങാൻ കഴിയാത്ത വലിയൊരു തുക അവർക്ക് അടയ്ക്കേണ്ടി വരുന്നുണ്ട്. ഇപ്പോൾ പലിശയോടുകൂടിയാണ് അടയ്ക്കേണ്ടത്. അംഗങ്ങൾക്ക് ഈ തുക പലിശരഹിതമായും തവണകളായും അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നുള്ളതാണ് സുപ്രധാന നിർദ്ദേശമായി മുന്നോട്ടുവയ്ക്കാനുള്ളത്. ഇല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൊണ്ട് അംഗങ്ങൾക്ക് പ്രയോജനം ലഭിക്കില്ല. മറ്റൊരു പ്രധാന ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് 9-ാം വകുപ്പിലാണ്. ബോർഡിന്റെ ചെയർമാൻ നിലവിൽ നികുതി വകുപ്പ് സെക്രട്ടറിയാണ്. അതിനുപകരം ഇപ്പോൾ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി ബോർഡിന്റെ ചെയർമാനാകുകയാണ്. ഇതൊരു പ്രധാനപ്പെട്ട മാറ്റമാണ്. ഞാൻ

അതിനെയും സ്വാഗതം ചെയ്യുന്നു. ബോർഡിന്റെ കാലാവധി നിലവിൽ മൂന്നുവർഷമാണ്. പക്ഷേ കഴിഞ്ഞ ബോർഡ് നിലവിൽ വന്ന് രണ്ടുവർഷം കഴിഞ്ഞിട്ടും ഒരു യോഗം മാത്രമാണ് ആകെ കൂടിയത്. അതായത്, പരിചയപ്പെടാൻ വേണ്ടിയുള്ള ഒരു യോഗം മാത്രമാണ് കൂടിയത്; അതിനുശേഷം ബോർഡിന്റെ യോഗം കൂടിയിട്ടില്ല. നികുതി വകുപ്പുസെക്രട്ടറി ഔദ്യോഗികമായി വലിയ തിരക്കുള്ള പദവി വഹിക്കുന്ന ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് കൃത്യമായ ഇടവേളകളിൽ യോഗം ചേരാൻ സാധിച്ചിരുന്നില്ല. ഈ ദൗർഭാഗ്യകരമായ സാഹചര്യം ആവർത്തിക്കാതിരിക്കണമെങ്കിൽ പ്രത്യേക ജാഗ്രതയുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ചെയർമാനാകുമ്പോൾ തീർച്ചയായും സമയബന്ധിതമായി നമുക്കത് നടപ്പിലാക്കാൻ കഴിയും. കാരണം ബോർഡ് കൃത്യമായി യോഗം ചേരുന്നുവെന്ന് ഉറപ്പുവരുത്തണം. ആധാരമെഴുത്തുകാർ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നവരായതുകൊണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ബോർഡിന്റെ ചെയർമാനാകുന്നതാണ് നല്ലതെന്നുള്ള അഭിപ്രായമാണ് വന്നിട്ടുള്ളത്. പക്ഷേ ഇതൊരിക്കലും ഒരു തലവേദനയാകാൻ പാടില്ല. ഭരണഘടനാപരമായി നിരവധി കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ബഹുമാനപ്പെട്ട മന്ത്രി, കൃത്യസമയത്ത് യോഗം ചേർന്നാൽ മാത്രമേ

സംസ്ഥാനതലത്തിൽ തീരുമാനിക്കപ്പെടുന്ന ബോർഡിന്റെ ആനുകൂല്യങ്ങളും സഹായങ്ങളും സമയബന്ധിതമായി അംഗങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ വൈസ് ചെയർമാൻ ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷനുപകരം നികുതി വകുപ്പുസെക്രട്ടറി ഇതിന്റെ വൈസ് ചെയർമാൻ ആകുന്നുവെന്നുള്ളതാണ് മറ്റൊരു ഭേദഗതി. ഇതുമൂലം ഒരു പ്രയോജനവുമുണ്ടാകില്ല. നികുതി വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് എന്നിവ രണ്ട് വകുപ്പുകളായതിനാലും രണ്ടുമന്ത്രിമാരുടെ കീഴിലായതിനാലും ഈ ബോർഡിൽ നികുതി വകുപ്പുസെക്രട്ടറിയെ ഉൾപ്പെടുത്തുന്നത് കാര്യമായ ഗുണം ചെയ്യില്ല. നിലവിലുള്ളതുപോലെ ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ വൈസ് ചെയർമാനായി തുടരുന്നതാണ് അഭികാമ്യം. ചെയർമാൻ ഇല്ലെങ്കിൽ ഈ യോഗത്തിന് അദ്ധ്യക്ഷത വഹിക്കേണ്ടത് വൈസ് ചെയർമാനാണ്. ഇപ്പോൾ യോഗം വിളിച്ചുചേർക്കാത്ത നികുതി വകുപ്പ് സെക്രട്ടറിക്ക് ഇനിയും അതിന് കഴിയുമെന്ന് തോന്നുന്നില്ല. കേരളത്തിലെ എല്ലാ ഫയലുകൾക്കും തീരുമാനമെടുക്കേണ്ടത് സംസ്ഥാനതല ബോർഡാണ്. അവിടെ ആകെ ഒരുദ്യോഗസ്ഥൻ മാത്രമുള്ളതിനാൽ സമയബന്ധിതമായി പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരുടെയും ബന്ധപ്പെട്ടവരുടെയും 5

അനൗദ്യോഗികാംഗങ്ങളാണ് നിലവിൽ ഈ ബോർഡിൽ ഉള്ളത്. ഈ മേഖലയുമായി തൊഴിൽ പരിചയമോ ബന്ധമോ ഇല്ലാത്ത ആളുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനുപകരം ആധാരമെഴുത്ത് തൊഴിലാളികളുടെ സംഘടനകളുടെ കീഴിൽ ഹിതപരിശോധന നടത്തി അംഗീകൃത യൂണിയനുകളെ തെരഞ്ഞെടുത്ത് അതിന്റെ പ്രതിനിധികളെ അനൗദ്യോഗികാംഗങ്ങളാക്കുന്നത് ഉചിതമായിരിക്കും. ഇതുമൂലം ഈ തൊഴിൽ മേഖലയിലുള്ളവർക്ക് കൂടുതൽ അവസരം ലഭിക്കുകയും കാര്യങ്ങൾ കൃത്യമായി ചെയ്യാൻ സാധിക്കുകയും ചെയ്യും. ഈ ക്ഷേമനിധിയിൽ ഇപ്പോൾ സർക്കാരിന്റെ വിഹിതം ലഭിക്കുന്നില്ല. മറ്റെല്ലാ ക്ഷേമനിധികളിലും സർക്കാർ വിഹിതമുണ്ട്. അതിനാൽ അംഗങ്ങൾ നൽകുന്നതുപോലെ തത്തുല്യമായ വിഹിതം സർക്കാരും ഈ ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടതുണ്ട്. അംഗങ്ങളുടെ അംശദായം കുടിശ്ശികയാകുന്ന തുകയ്ക്ക് 12 ശതമാനം പലിശ ഈടാക്കുന്നുണ്ട്. പക്ഷേ അംശദായം അടച്ചവർക്ക് കാലാവധി കഴിയുമ്പോൾ അടച്ച തുകമാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ഇതിന് ഒരു പലിശയും ലഭിക്കുന്നില്ല. റിട്ടയർമെന്റ് ആനുകൂല്യമായി ചെറിയൊരു തുകയാണ് അംഗങ്ങൾക്ക് ലഭിക്കുന്നത്, ഇരുപത് മുപ്പതുവർഷക്കാലം തുടർച്ചയായി ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് 25000-30000 രൂപയാണ് റിട്ടയർമെന്റ്

ആനുകൂല്യമായി ലഭിക്കുന്നത്. കുറഞ്ഞത് പത്തുവർഷമെങ്കിലും ഈ രംഗത്ത് പ്രവർത്തിച്ചവർക്ക് ഒരു ലക്ഷം രൂപയെങ്കിലും റിട്ടയർമെന്റ് ആനുകൂല്യമായി നൽകണം. മാത്രമല്ല കാലഘട്ടത്തിനനുസൃതമായ ആനുകൂല്യം നൽകാനും കഴിയണം. അതുപോലെ അവർക്ക് ലഭിക്കുന്ന പെൻഷൻ തുക ആയിരം രൂപയാണ്, അതിലും കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടിയുണ്ടാകണം. പെൻഷൻ ലഭിക്കണമെങ്കിൽ അവരുടെ ലൈസൻസ് സറണ്ടർ ചെയ്യണമെന്ന വ്യവസ്ഥയിലും മാറ്റം വരുത്തേണ്ടതുണ്ട്. ഇപ്പോൾ അവർക്ക് ലഭിക്കുന്ന വിവാഹ ധനസഹായം ഇരുപത്തയ്യായിരം രൂപയും ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന വായ്പാതുക രണ്ടുലക്ഷം രൂപയുമാണ്. ഈ തുക വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയസമീപനങ്ങളിൽ, നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ ചോദ്യം ചെയ്യുന്ന 'വൺ നേഷൻ വൺ രജിസ്ട്രേഷൻ' എന്നത് എതിർക്കപ്പെടേണ്ടതാണ്. പക്ഷേ അതിന്റെ ഭാഗമായി ഏറെ ചർച്ച ചെയ്യപ്പെട്ട വിവാദപരമായ 'ടെംപ്ലേറ്റ്സ് പദ്ധതി' ആവേശത്തോടെ നടപ്പാക്കാൻ ശ്രമിക്കുന്ന സംസ്ഥാന സർക്കാർ അതിൽനിന്നും പിന്തിരിയണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി അവശേഷിക്കുന്ന

ജോലിയും നഷ്ടപ്പെട്ട്, ഈ മേഖലയിലെ തൊഴിലാളികൾ അന്യംനിന്നുപോകുന്ന സാഹചര്യം കേരളത്തിലുണ്ടാകാനിടവരും. ഇത് കേന്ദ്ര സർക്കാരിന്റെ വിവിധങ്ങളായിട്ടുള്ള ഫെഡറൽ സംവിധാനത്തിനെതിരെയുള്ള നീക്കങ്ങളാണ്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഈ രീതി പരീക്ഷിക്കുകയും പരാജയമാണെന്ന് കണ്ടെത്തുകയും ചെയ്തതിനെത്തുടർന്ന് അതിൽനിന്നും പിന്മാറേണ്ടിവന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

നമ്മുടെ രജിസ്ട്രേഷൻ ഓഫീസുകളിൽ പലപ്പോഴും അനാരോഗ്യപരമായ പല പ്രവണതകളും കണ്ടുവരാറുണ്ട്. ഈ കാലഘട്ടത്തിലും ഇത്തരത്തിലുള്ള സാഹചര്യങ്ങൾ തുടരുന്നത് കേരളത്തിന് നാണക്കേടാണ്; ആയതിനാൽ ഇത്തരം പ്രവണതകൾ തടയാനുള്ള കർശന നടപടിയുണ്ടാകണം. ഫെയർ വാല്യൂ റിവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പലപ്പോഴും അഴിമതിക്ക് കാരണമാകുന്നതിനാൽ ഇത് തടയാനുള്ള സുതാര്യവും ശക്തവുമായ സംവിധാനം രൂപപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയമഭേദഗതി കുറ്റമറ്റതും അർത്ഥപൂർണ്ണവുമാക്കാൻവേണ്ടി ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു, നന്ദി.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും സുരക്ഷയ്ക്കുമായി കേരള സർക്കാർ വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കിവരികയാണ്. ഇതിൽ ചിലത് നിയമത്തിന്റെ പ്രാബല്യമുള്ള സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ളതും മറ്റ് ചിലത് എക്സിക്യൂട്ടീവ് ഓർഡർ ആധാരമായിട്ടുള്ള ക്ഷേമനിധികളുമാണ്. മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്തവിധം വളരെയധികം ക്ഷേമനിധികളുള്ള ഒരു സംസ്ഥാനമാണ് കേരളം. ഒരു ക്ഷേമരാഷ്ട്ര സങ്കല്പത്തിന് അനുഗുണമായി പ്രവർത്തിക്കുന്ന ഒരു സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇന്ത്യയിലെ ഏറ്റവും മികവുറ്റതും തൊഴിലാളി സൗഹൃദവുമായ സംസ്ഥാനമേതാണെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് കേരളം. ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾതന്നെയാണ് അതിനുള്ള

ഒരു പ്രധാനപ്പെട്ട കാരണം. വേതനം, തൊഴിൽ സുരക്ഷ, ചികിത്സാ സഹായം, പ്രസവാനുകൂല്യം, നിരവധിയായ സ്കോളർഷിപ്പുകൾ, വിവാഹ ധനസഹായം തുടങ്ങി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ ഇതിലൂടെ നടപ്പാക്കിവരുന്നു. തൊഴിലാളിക്ഷേമമാണ് സർക്കാരിന്റെ മുഖമുദ്രയെന്ന് തെളിയിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നത്. സംസ്ഥാന സർക്കാർ ഇത്തരത്തിലുള്ള തൊഴിലാളിപക്ഷ നിലപാടുകളെടുക്കുമ്പോൾതന്നെ, കേന്ദ്ര സർക്കാരിന്റെ സമീപനം സംബന്ധിച്ച് എല്ലാവർക്കും നല്ല ബോദ്ധ്യമുള്ളതാണ്. എട്ടുമണിക്കൂർ തൊഴിൽ എന്ന അവകാശം റദ്ദാവുകയും തൊഴിൽ സ്ഥിരതയെന്നത് ഒരു സ്വപ്നം മാത്രമായി മാറാൻ പോവുകയുമാണ്. ഏത് മുതലാളിക്കും തൊഴിലാളികളെ പിരിച്ചുവിടാനും തൊഴിലാളി യൂണിയൻ പ്രവർത്തനം നടത്തണമെങ്കിൽ മുതലാളിയുടെ അനുമതി വേണമെന്ന തരത്തിലുമുള്ള നിയമങ്ങൾ വരാൻ പോവുകയാണ്. ഇത്തരം നിയമങ്ങൾ നടപ്പാക്കുമ്പോൾ അതിനെതിരെ ശബ്ദമുയർത്തേണ്ട സംഘടനകൾ ഇപ്പോൾ എവിടെയാണ്? യു.ഡി.എഫ്. ഉൾപ്പെടെയുള്ള പാർട്ടിക്കാർക്ക് വിവാദമുണ്ടാക്കാനാണ് താത്പര്യം; അതിനപ്പുറത്തേയ്ക്ക് പോകുന്ന സ്ഥിതിയില്ല. ആഗോള താപനംമൂലം ലോകം മുഴുവൻ തീരശോഷണം

സംഭവിച്ച ഈ സന്ദർഭത്തിൽ അതുമായി ബന്ധപ്പെട്ട് ശാസ്ത്രജ്ഞർ ആയിരക്കണക്കിന് പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ തിരുവനന്തപുരത്ത് തീരശോഷണം സംഭവിച്ചത് വിഴിഞ്ഞം തുറമുഖനിർമ്മാണം നടന്നതുകൊണ്ടാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നവരാണ് സഭയിൽ ഇരിക്കുന്നത്. നിലവിലുള്ള ക്ഷേമനിധിയുടെ അപാകതകൾ ഓരോന്നായി പരിഹരിക്കുന്നതിനുള്ള നല്ല ശ്രമമാണ് സർക്കാർ നടത്തുന്നത്. അതിന് ഒരു പ്രധാനപ്പെട്ട കാര്യം നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു; അംശദായം അടയ്ക്കുന്നതിൽ ക്ഷേമനിധിയിലെ ഒരംഗം തുടർച്ചയായി ഒരു വർഷംവരെ മുടക്കം വരുത്തിയാൽ അത്തരം ആളുകളുടെ അംഗത്വം പുന:സ്ഥാപിക്കാൻ ഈ നിയമ ഭേദഗതിയിലൂടെ സാധിക്കുന്നു. ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ തുടങ്ങിയവർക്കെല്ലാംകൂടി നിലവിൽ ഒരു ക്ഷേമനിധി ബോർഡാണുള്ളത്. എന്നാൽ അതിൽ വെണ്ടർമാർമാത്രം, അംശദായ തുകയായ 200 രൂപയ്ക്ക് പുറമെ വരുമാനത്തിന്റെ രണ്ട് ശതമാനംകൂടി അടയ്ക്കേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള തീരുമാനം വിവേചനപരവും യുക്തിരഹിതവുമാണോ എന്ന സംശയമുള്ളതിനാൽ അക്കാര്യം പരിശോധിക്കുന്നത് സംബന്ധിച്ച് ആലോചിക്കണം.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത്, വെണ്ടർമാരുടെ പ്രതിനിധിയില്ലാത്ത ബോർഡ് നിലവിലുണ്ടായിരുന്ന സമയത്താണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവന്നത്. ഈ തുക അടയ്ക്കാൻ കഴിയാതെ ക്ഷേമനിധിയിൽനിന്നും പിരിഞ്ഞുപോയവരുടെ അംഗത്വംകൂടി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. പത്തും പതിനഞ്ചും കൊല്ലക്കാലം സേവനം ചെയ്തവരും മാതാപിതാക്കൾ മരിച്ചുപോയവരുമായ താത്കാലിക വെണ്ടർമാർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്; അവരെക്കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് ഗൗരവമായി ചിന്തിക്കണം.

ഈ ഭേദഗതിയിലൂടെ ക്ഷേമനിധി ബോർഡിന്റെ തലവന്മാരായി വരുന്നത് ജനപ്രതിനിധികളായ മന്ത്രിമാരാണ് എന്നതാണ് മറ്റൊരു പ്രധാന കാര്യം. ജനാധിപത്യത്തിൽ ജനപ്രതിനിധികൾക്ക് തന്നെയായിരിക്കണം ഉദ്യോഗസ്ഥന്മാരെക്കാൾ ഉയർന്ന സ്ഥാനം നൽകേണ്ടതെന്ന കാഴ്ചപ്പാടിൽനിന്നുകൊണ്ടാണ് ബോർഡിന്റെ ചെയർമാനായി സെക്രട്ടറിക്ക് പകരം രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെ തെരഞ്ഞെടുക്കണമെന്ന നിർദ്ദേശം വച്ചിട്ടുള്ളത്; വളരെ ശാസ്ത്രീയമായിട്ടുള്ളതും

അഭികാമ്യവുമായിട്ടുള്ള ഒരു തീരുമാനമാണത്. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും സ്വാഗതാർഹമാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾ ഒരുമിച്ച്, കൂട്ടായി പരിഹരിക്കാനുള്ള പ്രവർത്തനംകൂടി ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഭേദഗതി നിർദ്ദേശങ്ങളെല്ലാം ഈ മേഖലയിലുള്ളവരുടെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നവയാണ്.

ശ്രീ. പി. ഉബൈദുള്ള: ബഹുമാനപ്പെട്ട അംഗം ഇവിടെ ആധാരം എഴുത്തുകാരുടെയും വെണ്ടർമാരുടെയും ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ടാണ് സംസാരിക്കുന്നത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഈ മേഖലയിൽ തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെടാൻ പോവുകയാണ്. പതിനായിരക്കണക്കിന് ആളുകൾ നമ്മുടെ സംസ്ഥാനത്ത് ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അതിൽ നല്ലൊരു വിഭാഗം സ്ത്രീകളാണ്, അവർ പരമ്പരാഗതമായി ഈ മേഖലയിൽ പണിയെടുക്കുന്ന ഒരു വിഭാഗമാണ്. 'വൺ നേഷൻ വൺ രജിസ്ട്രേഷൻ' എന്ന സംവിധാനം വരുന്നതോടുകൂടി ഇതെല്ലാം ഓൺലൈനിലേയ്ക്ക് മാറുകയും പരമ്പരാഗതമായി ആധാരമെഴുത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ തൊഴിലും ആധാരത്തിന്റേത് ഉൾപ്പെടെയുള്ള സുതാര്യതയും നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

മി.സ്പീക്കർ: ഇപ്പോൾ താങ്കൾ ചർച്ചയിൽ പങ്കെടുക്കുന്നതുപോലെയായി. പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ആധാരമെഴുത്തുകാർ ഇന്ന് സമരത്തിലാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇക്കാര്യം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ മേഖലയിലുള്ള നിരവധി പരിഷ്കാരങ്ങൾ, ഇ-സ്റ്റാമ്പിംഗ്, വെണ്ടർമാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം എന്നിവയുൾപ്പെടെ വകുപ്പ് ശ്രദ്ധിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട്, ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാനിവിടെ മുന്നോട്ടുവച്ച ഭേദഗതിയെ സ്വാഗതം ചെയ്തുകൊണ്ടാണ് രണ്ടുപേരും സംസാരിച്ചത്. അതിൽ ബഹുമാന്യനായ സജീവ് ജോസഫ് സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടും അതുതന്നെയാണ്. വൺ നേഷൻ വൺ രജിസ്ട്രേഷൻ എന്ന ആശയത്തോട് നമുക്ക് യോജിക്കാൻ കഴിയില്ല. അത്

നമ്മുടെ ഫെഡറൽ സംവിധാനത്തിന് വെല്ലുവിളിയാണ്. ആ രൂപത്തിൽത്തന്നെയാണ് ഗവൺമെന്റ് പ്രസ്തുത വിഷയത്തെ കാണുന്നത്.

വൺ ടൈം സെറ്റിൽമെന്റിന് പലിശ ഒഴിവാക്കണമെന്നൊരു നിർദ്ദേശം ഇവിടെ പറയുകയുണ്ടായി. അംഗങ്ങളുമായി ചർച്ച ചെയ്ത് അവർക്ക് കഴിയാവുന്ന രൂപത്തിൽ കുടിശ്ശിക തുക അടയ്ക്കുന്നതിന് ധാരണയുണ്ടാക്കുക എന്നതുതന്നെയാണ് വൺ ടൈം സെറ്റിൽമെന്റുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് അങ്ങ് സൂചിപ്പിച്ച നിർദ്ദേശം വ്യക്തമാണ്. അത് പരിശോധിക്കുമെന്നതിൽ സംശയം വേണ്ട. വെണ്ടർമാരുടെ അംശദായ വിഹിതം സംബന്ധിച്ച് സൂചിപ്പിച്ചു. വെണ്ടർമാരും എഴുത്തുകാരും ഒരുപോലെയല്ല. എഴുത്തുകാർ അവർ ചെയ്യുന്ന ജോലിയുടെ പ്രതിഫലം വാങ്ങുന്നുണ്ട്. എന്നാൽ വെണ്ടർമാർ ഏജൻസികളാണ്. സർക്കാരിന്റെ മുദ്രപത്രം വാങ്ങി നൽകുമ്പോൾ അവർ കമ്മീഷൻ വാങ്ങുകയാണ് ചെയ്യുന്നത്. ആ കമ്മീഷന്റെ ഒരു ഭാഗമായ രണ്ട് ശതമാനം നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എഴുത്തുകാരും വെണ്ടർമാരും ബിസിനസ്സുകാരും ഒരുപോലെയല്ല. അതാണ് വ്യത്യാസം. ബഹുമാനപ്പെട്ട അംഗം അത് തിരിച്ചറിയണമെന്ന് സൂചിപ്പിക്കുകയാണ്. മറ്റ് ക്രിയാത്മക

നിർദ്ദേശങ്ങളെല്ലാം പൊതുവിൽ ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ്, അങ്ങ് അവതരിപ്പിച്ച 1 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സജീസ് ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, അങ്ങ് അവതരിപ്പിച്ച 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

**IX പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അഭ്യർത്ഥനമാനിച്ചും അടിയന്തര സാഹചര്യം പരിഗണിച്ചും 2022 ഡിസംബർ 6-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി ചെയ്ത് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഒരു കൂട്ടിച്ചേർക്കൽ വരുത്തിക്കൊണ്ട് 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ ഇന്ന് അവതരിപ്പിക്കാൻ സഭ തീരുമാനിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന് ചട്ടം സസ്പെൻഡ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ

നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താത്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ....

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ബില്ലിന്റെ ഉദ്ദേശ്യം മാത്രം ചുരുക്കിപ്പറയാം. കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന മദ്യവും കേരളത്തിലെ ഡിസ്റ്റിലറികളിൽ ഉല്പാദിപ്പിക്കുന്ന മദ്യവും നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിലൂടെ അല്ലെങ്കിൽ ബിവറേജസ് കോർപ്പറേഷനിലൂടെ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന മദ്യത്തിന് ടേണോവർ ടാക്സില്ല. എന്നാൽ കേരളത്തിലുള്ള ഡിസ്റ്റിലറികളിൽ ഉല്പാദിപ്പിക്കുന്ന മദ്യത്തിന് ടേണോവർ ടാക്സുണ്ട്. മാത്രമല്ല അടുത്ത സമയത്തായി അസംസ്കൃത വസ്തുവായ ഇ.എൻ.എ. (Extra Neutral Alcohol)-യുടെ വില വലിയ തോതിൽ വർദ്ധിക്കുകയും ചെയ്തു. ലിറ്ററിന് 15 രൂപവരെ വർദ്ധിച്ച് ഇ.എൻ.എ.-യുടെ വില 57 രൂപയിൽനിന്നും 72-73 രൂപയായി ഉയർന്നു. കേരളത്തിലെ ഡിസ്റ്റിലറികളിൽ മദ്യത്തിന്റെ 80 ശതമാനത്തോളം

ഉല്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്ക്. അതുകൊണ്ട് ടേണോവർ ടാക്സ് ഒഴിവാക്കിത്തരണമെന്ന് കുറേക്കാലമായി കേരളത്തിലെ ഡിസ്റ്റിലറികൾ ആവശ്യപ്പെട്ടുകയാണെങ്കിലും അതിന് സാധിച്ചില്ല. അതിനെത്തുടർന്ന് ഈ അടുത്ത കാലത്ത് അവർ ഉല്പാദനം നിർത്തിയതിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന വിലകുറഞ്ഞ മദ്യത്തിന് വലിയതോതിൽ ദൗർലഭ്യമുണ്ടാകുകയും വില്പന കുറയുകയും ചെയ്തു. ആ സമയത്ത് അത് വലിയ വാർത്തയായിരുന്നു. രണ്ടാഴ്ചത്തെ കച്ചവടം കുറഞ്ഞതിന്റെ ഭാഗമായി വലിയ തോതിലുള്ള നഷ്ടമുണ്ടായി. ഇതുസംബന്ധിച്ച് വളരെ വിശദമായി പരിശോധിക്കുകയും കേരളത്തിനകത്തും പുറത്തും ഉല്പാദിപ്പിക്കുന്ന മദ്യത്തെ ഒരേ കാറ്റഗറിയായി കണക്കാക്കിക്കൊണ്ട് 5% ടേണോവർ ടാക്സ് ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഫലമായി മദ്യത്തിൽനിന്നുള്ള വരുമാനത്തിൽ ഒരു വർഷം ഏകദേശം 170 കോടി രൂപയുടെ വ്യത്യാസമുണ്ടാകും. എന്നാൽ നമ്മുടെ വില്പന നികുതിയിൽ 4% വർദ്ധനവ് വരുത്തിയാൽ പ്രസ്തുത നഷ്ടം നികത്താൻ സാധിക്കും. ഫലത്തിൽ ഉപഭോക്താവിന് മദ്യത്തിന് 2% കൂടുതൽ വില നൽകേണ്ടിവരും. ഒരു കുപ്പി മദ്യത്തിന് പരമാവധി 10 രൂപയും ചില ഇനങ്ങൾക്ക് അതിനെക്കാളും വില വർദ്ധിക്കും. ടേണോവർ ടാക്സ്

പിൻവലിക്കുകയും അതിനനുസരിച്ച് വില്പന നികുതി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് അടിയന്തരമായി ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ബിൽ എത്രയുംപെട്ടെന്ന് പാസ്സാക്കിയാൽ മാത്രമേ നികുതി പിരിക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തിന്റെ റവന്യൂവിന്റെ പ്രശ്നമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ടേണോവർ ടാക്സ് ഒഴിവാക്കുമ്പോൾ അവസാന വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന് നഷ്ടമാകുന്ന തുക എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓരോ വർഷവും വ്യത്യാസം വരും. ഏകദേശം 150 കോടി രൂപയാണ് ടേണോവർ ടാക്സായി ലഭിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, 4% വില്പന നികുതി ഏർപ്പെടുത്തുമ്പോൾ എത്ര തുകയാണ് അധിക വരുമാനമായി പ്രതീക്ഷിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബിവറേജസ് കോർപ്പറേഷന്റെ നിലവിലെ കണക്ക് പരിശോധിച്ചപ്പോൾ ടോണോവർ ടാക്സിന് തുല്യമായ തുക വില്പന നികുതി വർദ്ധനവിലൂടെ ലഭിക്കുമെന്നാണ് മനസ്സിലാകുന്നത്. സെക്രട്ടറിതല കമ്മിറ്റി പലതവണ ചേർന്നതിന്റെ അടിസ്ഥാനത്തിൽ

ഏകദേശം 158-160 കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. രണ്ടാഴ്ചക്കാലത്തെ മദ്യ കച്ചവടം കുറഞ്ഞതുവഴി സംസ്ഥാന ഖജനാവിലേയ്ക്ക് ഏകദേശം 60 കോടി രൂപയിലധികം നഷ്ടം സംഭവിച്ചിട്ടുണ്ട്. മാർക്കറ്റിൽ ജവാൻ പോലെയുള്ള വിലകുറഞ്ഞ മദ്യ ഇനങ്ങളുടെ ദൗർലഭ്യം കാരണം വില്പനയിൽ കുറവ് വന്നു. ടേണോവർ ടാക്സ് മാത്രമല്ല, ആകെ കച്ചവടം കുറയുന്ന സ്ഥിതിയുണ്ടായി. അതുകൊണ്ടാണ് അടിയന്തരമായി ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വകുപ്പുതിരിച്ചുള്ള പരിഗണനയാണ് ഇപ്പോൾ നടക്കുന്നത്. ബിൽ സംബന്ധിച്ച് ചർച്ച ചെയ്യുണ്ടേ; ഇതിന്റെ പൊതുധാരണയെന്താണ്?

മി. സ്പീക്കർ: ചർച്ചയില്ലാതെ പാസ്സാക്കുക എന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അടിയന്തര സാഹചര്യമായതിനാൽ ബിൽ ഇന്നുതന്നെ പരിഗണനയ്ക്കെടുത്തതിന് കുഴപ്പമില്ല. പക്ഷേ, ബിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ കോപ്പി സർക്കുലേറ്റ് ചെയ്യണമെന്ന് റൂൾസ്

ഓഫ് പ്രൊസീഡ്യുവറിൽ കൃത്യമായി പറയുന്നുണ്ട്. അജണ്ട തെറ്റിച്ചുകൊണ്ട് എടുക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. പക്ഷേ ഏത് അടിയന്തര സാഹചര്യത്തിലാണെങ്കിലും ബിൽ സർക്കുലേറ്റ് ചെയ്യണം.

മി. സ്പീക്കർ: ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ ഇത് വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ്. ഇതിന്മേൽ ചർച്ച വേണ്ടതല്ലേ?

മി. സ്പീക്കർ: ഇന്നത്തെ അടിയന്തര സാഹചര്യത്തിൽ സഹകരിക്കണം. ഇതൊരു പ്രത്യേക സാഹചര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വളരെ ഗൗരവതരമായ ബില്ലായതിനാൽ ചർച്ച ചെയ്യണം. കാരണം മദ്യ ഉല്പാദകർക്ക് 150 കോടി രൂപയുടെ ലാഭമുണ്ടാകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് ഉപഭോക്താക്കൾക്കാണ് നഷ്ടം വരുന്നത്. ഇത് സോഷ്യൽ ഇംപാക്റ്റുണ്ടാക്കുന്ന സംഭവമാണ്. കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. അതായത്, മദ്യം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആളുകൾ ടാക്സ് വർദ്ധിച്ചതുകൊണ്ട് ഉപയോഗം കുറയ്ക്കുന്നില്ല. പക്ഷേ അവർ വീട്ടുചെലവിലേയ്ക്ക് കൊടുക്കുന്ന തുകയായിരിക്കും കുറയാൻ പോകുന്നത്.

സാധാരണ കുടുംബങ്ങൾക്ക് നഷ്ടവും കമ്പനികൾക്ക് ലാഭവുമാണുണ്ടാകാൻ പോകുന്നത്. വളരെ ഗൗരവമായ ബില്ലായതിനാൽ ചർച്ച ചെയ്യണം.

മി. സ്പീക്കർ: ഇതൊരു പ്രീസിഡന്റാകുകയില്ല, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സഹകരിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിനകത്ത് മദ്യം ഉല്പാദിപ്പിക്കുന്ന കമ്പനികൾ ടാക്സ് കൊടുക്കണമെന്നും കേരളത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നവർ ടാക്സ് കൊടുക്കേണ്ടെന്നും പറയുന്നതിൽ വിവേചനത്തിന്റെ പ്രശ്നമുണ്ട്. ടേണോവർ ടാക്സ് കുറയ്ക്കാത്തതിനാൽ കേരളത്തിലെ കമ്പനികൾ ഉല്പാദനം നിർത്തി. തിരുവല്ലയിൽ എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ജവാൻ മദ്യം ഉല്പാദിപ്പിക്കുന്ന കമ്പനിക്ക് ഒരു കെയ്സിന് 18 രൂപയോളം നഷ്ടം വന്നതിനാൽ ഉല്പാദനം നിർത്തേണ്ടിവന്നു. അങ്ങനെയാകുമ്പോൾ പുറത്തുനിന്നുള്ള കമ്പനികളുടെ മദ്യം മാത്രം ലഭിക്കുന്ന സ്ഥിതിയുണ്ടാകുകയും വില കുറഞ്ഞ മദ്യം ആവശ്യത്തിന് കിട്ടാതെ വരികയും ചെയ്യും. ഇതുസംബന്ധിച്ച് പ്രധാന പത്രങ്ങളിലെല്ലാം ആ ദിവസങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. സ്പിരിറ്റിന്റെ വിലകൂടുകയും മദ്യ നിർമ്മാണശാലകൾ പൂട്ടുകയും ചെയ്തു. സാധനമില്ലാത്തതിനാൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളും അടച്ചുപൂട്ടപ്പെടുന്ന സ്ഥിതി വന്നതിന്റെ ഫലമായി വ്യാജമദ്യം

വരുമെന്നതുസംബന്ധിച്ച് എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ടുവന്നു. കെ.എസ്.ബി.സി.-യുടെ കണക്ക് ഞാൻ നേരത്തെ പറഞ്ഞു, രണ്ടാഴ്ച മദ്യത്തിന്റെ കച്ചവടം കുറഞ്ഞതുവഴി സംസ്ഥാന ഖജനാവിലേയ്ക്ക് മദ്യവില്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിൽ കുറവ് സംഭവിച്ചു. ടേണോവർ ടാക്സ് ഇല്ലാത്തതുകൊണ്ട് സംസ്ഥാനത്തിന് പുറത്തുള്ള മദ്യ കമ്പനികൾക്കുമാത്രമേ നിലനിൽക്കാൻ സാധിക്കു. ടേണോവർ ടാക്സ് ഒഴിവാക്കാത്ത പ്രശ്നം സംസ്ഥാനത്തെ മദ്യ കമ്പനികൾക്കുണ്ട്. അതിനാലാണ് ഈ ബിൽ കൊണ്ടുവന്നത്. ഏറ്റവും വിലകുറഞ്ഞ, സാധാരണ കടകളിൽ കിട്ടുന്ന മദ്യം ഇല്ലാതാകുന്നത് കാരണം വ്യാജമദ്യം വരുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടാകും. ഈയടുത്ത കാലത്ത് ഇതിന്റെ വലിയ പ്രശ്നം വന്നു, അതുകൊണ്ടാണ് അടിയന്തരമായി ബിൽ കൊണ്ടുവന്നത്. ഏകദേശം ഏഴെട്ട് മാസക്കാലം വിവിധ കമ്മിറ്റികൾ പഠിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്.

മി. സ്പീക്കർ: ഒരു ഡിബേറ്റിലേയ്ക്ക് പോകേണ്ട, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും ബോധ്യമായിക്കാണുമെന്നാണ് കരുതുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതിന്റെ അടിയന്തരാവസ്ഥ പറഞ്ഞത് മനസ്സിലാകും. അങ്ങനെയാണെങ്കിൽ ഇവിടെ അർജന്റായിട്ടുള്ള കുറെ ബില്ലുകൾ കൊണ്ടുവന്നതിന്റെ കൂട്ടത്തിൽ ഇത് ഉൾപ്പെടുത്തിയാൽ പോരായിരുന്നോ?

മി. സ്പീക്കർ: നിങ്ങൾ തമ്മിൽ ഇതുസംബന്ധിച്ച് ധാരണയിലെത്തിയെന്നാണ് ചെയർ കരുതുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബിൽ ഗവർണർ ഒപ്പിട്ടുവരുന്നതിന്റെ ഒരു പ്രശ്നമുണ്ടായിരുന്നു. കഴിഞ്ഞ ദിവസം കാര്യോപദേശക സമിതി ചേരുന്ന സമയത്ത് ഈ ബിൽ ഗവർണർ ഒപ്പിട്ട് വരാത്തതുകൊണ്ടാണ് ഉൾപ്പെടുത്താൻ സാധിക്കാതിരുന്നത്. ഇത് ധനകാര്യത്തിൽ വളരെ പ്രാധാന്യമുള്ളൊരു കാര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ഞങ്ങൾ അംഗീകരിച്ചതുകൊണ്ടാണ് ഈ ബിൽ സഭയിൽ എടുക്കാൻ സമ്മതിച്ചത്. പക്ഷേ ചർച്ച കൂടാതെ ബിൽ പാസ്സാക്കാൻ പാടില്ല. ഗൗരവതരമായ ഈ വിഷയത്തിന്റെ വിവിധ ഭാഗങ്ങൾ ചർച്ച ചെയ്യാതെ ബിൽ പാസ്സാക്കുന്നത് ശരിയല്ല, നമുക്ക് ചർച്ച ചെയ്യണം. ഇവിടെ പറഞ്ഞ വാദമുഖങ്ങളോടൊക്കെ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. കാരണം പുറത്തുനിന്നുവരുന്ന മദ്യത്തിന്

ടേണോവർ ടാക്സില്ല, ഇവിടെയുള്ളതിന് ഉണ്ടെന്നാണ് വാദം. അതുകൊണ്ട് സംസ്ഥാനത്തിന് ലഭിക്കുന്ന 150 കോടി രൂപയുടെ വരുമാനം വേണ്ടെന്ന് വയ്ക്കുകയാണ്, എന്നിട്ട് അതിന്റെ ഭാരം മുഴുവൻ കൺസ്യൂമേഴ്സിന്റെ തലയിൽ വയ്ക്കുകയാണ്. ഇപ്പോൾത്തന്നെ കേരളത്തിൽ മദ്യത്തിന് 247 ശതമാനം ടാക്സുണ്ട്, ഇന്ത്യയിൽ ഒരിടത്തും അങ്ങനെയില്ല. അതിപ്പോൾ 251 ശതമാനമാകുകയാണ്. ടാക്സ് കൂട്ടിയാൽ മദ്യത്തിന്റെ ഉപഭോഗം കുറയുമെന്നാണ് സാധാരണ പറയാറുള്ളത്. എന്നാൽ അങ്ങനെ കുറയുകയില്ല.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ ബിൽ നാളെ ചർച്ചയ്ക്കെടുക്കാം.

(ബിൽ ചർച്ച കൂടാതെ പാസ്സാക്കരുതെന്ന പ്രതിപക്ഷാംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് 08-12-2022-ന് ചർച്ച ചെയ്യാനായി മാറ്റിവച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ 8-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.15-ന് പിരിഞ്ഞു.)

**അനുബന്ധം I**

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമല തീർത്ഥാടനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ

5 (*65) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടന കാലയളവിൽ ഭക്തർക്കായി ഒരുക്കിയിട്ടുള്ള സേവനങ്ങൾ, സൗകര്യങ്ങൾ എന്നിവ വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സന്നിധാനത്തും പമ്പയിലും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളുടെ വിശദാംശം അറിയിക്കാമോ;

(സി) ഭക്തരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കായി ഈ സീസണിൽ കൂടുതലായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങൾ അറിയിക്കാമോ?

(എ-സി) കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടനകാലം എന്നനിലയിൽ വൻ ഭക്തജന തിരക്കുണ്ടാകുമെന്നത് മുന്നിൽകണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കാലേക്കൂട്ടി നടപടികൾ സ്വീകരിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈക്കൊള്ളേണ്ടതായ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് 13-09-2022, 17-10-2022, 10-11-2022 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട എം.പി., എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. 14-09-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും റവന്യൂ, ആരോഗ്യം, ജലവിഭവം, ഗതാഗതം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും വിവിധ സർക്കാർ വകുപ്പ് മേധാവികളുടെ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-10-2022-ന് എല്ലാ

വകുപ്പുകളുടെയും യോഗം വിളിക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. 02-11-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻഡോവ്മെന്റ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. പുനലൂർ, ചെങ്ങന്നൂർ, പന്തളം എന്നീ ഇടത്താവളങ്ങളിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ടി സ്ഥലങ്ങളിൽവച്ച് 10-11-2022-ന് യോഗം ചേരുകയുണ്ടായി. മേൽപ്പറഞ്ഞ അവലോകന യോഗങ്ങൾ കൂടാതെ മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും ശബരിമലയുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ വിളിക്കുകയും തങ്ങളുടെ വകുപ്പിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

2022-23-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിനും ശുചീകരണ പ്രവർത്തനങ്ങളും സ്ക്വാഡ് പ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി ഐ.എ.എസ്. കേഡറിലുള്ള ഒരുദ്യോഗസ്ഥനെ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി സർക്കാർ

നിയമിച്ചിട്ടുണ്ട്. അതോടൊപ്പം സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റുമാരെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെയും നിയോഗിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലയളവിൽ ഭക്തർക്കായി ഒരുക്കിയിട്ടുള്ള പ്രധാന സേവനങ്ങൾ, സൗകര്യങ്ങൾ, ക്രമീകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപവർമെന്റ് പദ്ധതി

6 (*66) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർശ്വവൽകൃത ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക വിഭാഗങ്ങളിലെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയും അതിന്റെ ഭാഗമായി അതിദരിദ്രരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുകയും പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടിക വിഭാഗങ്ങളിൽ അതിദരിദ്രരിൽ അതീവ ദുർബ്ബല വിഭാഗമായി കണക്കാക്കപ്പെട്ടവരുടെ ഉന്നമനത്തിനായി കുടുംബാധിഷ്ഠിത ശാക്തീകരണ സൂക്ഷ്മതല ആസൂത്രണ (ഹോം) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് " HOME" (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളുടെയും പ്രാക്തന ഗോത്ര വിഭാഗങ്ങളുടെയും രണ്ടാംഘട്ടത്തിൽ ശേഷിക്കുന്ന

പട്ടികജാതി ദുർബ്ബല വിഭാഗങ്ങളുടെയും മൂന്നാംഘട്ടത്തിൽ മറ്റ് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവരശേഖരണം നടത്താനാണുദ്ദേശിക്കുന്നത്. നിലവിൽ പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളുടെ സർവ്വേയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19-08-2022-ലെ സ.ഉ.(കൈ) നം. 40/2022/പജ.പവ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഈ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും തുക നീക്കിവച്ചിട്ടുണ്ടോ; ആരെല്ലാം സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

നടപ്പുസാമ്പത്തിക വർഷം 2225-01-102-99(P) ശീർഷകത്തിൽ നീക്കിവച്ചിട്ടുള്ള 50 കോടി രൂപയിൽനിന്നാണ് 19-08-2022-ലെ സ.ഉ. (കൈ) നം. 40/2022/പജ.പവ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുള്ള പദ്ധതിക്ക് തുക കണ്ടെത്തേണ്ടത്. പ്രൊമോട്ടർമാർ, സോഷ്യൽ വർക്കേഴ്സ്, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

**പരിസ്ഥിതി സംവേദക മേഖല**

7 (*67) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി പരിസ്ഥിതി സംവേദക മേഖല നിശ്ചയിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടോയെന്ന് അറിയിക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളെ ഒരുപരിധിവരെ ബാധിക്കുമെന്നതും സംസ്ഥാനത്തെ മലയോരമേഖലയിൽ ആശങ്കകൾ സൃഷ്ടിക്കുമെന്നതും ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള ശ്രമങ്ങൾ

കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് നടത്തിവരികയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന്

ആവശ്യമായ വിവരങ്ങൾ 29-06-2022-ൽ വനം വകുപ്പ് അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുമുണ്ട്.

(ബി) സുപ്രീംകോടതി നിർദ്ദേശിച്ചപ്രകാരം ബഫർ സോണിലെ വീടുകളുടെയും കെട്ടിടങ്ങളുടെയും മറ്റ് വസ്തുവകകളുടെയും ഉപഗ്രഹ സർവ്വേ മുഖേന നടത്തുന്ന കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ?

03-06-2022-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, 08-06-2022-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ

പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിലേർപ്പെട്ടിരുന്നു. ഈ വിഷയം സംബന്ധിച്ച് വനം, നിയമം, ജലവിഭവം, കൃഷി എന്നീ വകുപ്പുകളിലെ ബഹുമാനപ്പെട്ട മന്ത്രിമാരെയും വനം, നിയമം, ജലവിഭവം, കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ, എക്സൈസ്, ഭവനനിർമ്മാണം, വ്യവസായം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരെയും അഡ്വക്കേറ്റ് ജനറൽ, സുപ്രീംകോടതിയുടെ സ്റ്റാൻഡിംഗ് കൗൺസിൽ എന്നിവരെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെത്തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ്

എൻവയോൺമെന്റ് സെന്റർ ലഭ്യമാക്കിയ പഠന റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധനയിലാണ്.

(സി) ഉപഗ്രഹ സർവ്വേയ്ക്കുപുറമെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനായി നേരിട്ട് പരിശോധന നടത്താൻ നിശ്ചയിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

29-08-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു. 30-10-2022, 24-11-2022, 04-12-2022 എന്നീ തീയതികളിൽ ടി സമിതികളുടെ യോഗം ചേരുകയും തുടർ പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

## ക്ഷീരകർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി

8(*68) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. രാജഗോപാലൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനത്തിൽ അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധിച്ച തോതിലുള്ള ചെലവിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ഉൽപാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം കാലികളുടെ തീറ്റച്ചെലവാണ്. കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളെല്ലാം ഉൽപ്പാദിപ്പിക്കപ്പെടുന്നത് അയൽ സംസ്ഥാനങ്ങളിൽനിന്നാണ്. അതുകൊണ്ടുതന്നെ കാലിത്തീറ്റ വില വർദ്ധനവ് അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റത്തിന് ആനുപാതികമായാണുണ്ടാകുന്നത്. കൂടാതെ, നമ്മുടെ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ വേതനവും കൂടുതലാണ്. ഇതും ക്ഷീരമേഖലയിലെ ഉൽപ്പാദന ചെലവ് കൂടുന്നതിന് കാരണമാകുന്നുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റകൾ, മറ്റ് ബദൽ തീറ്റ വസ്തുക്കൾ എന്നിവ

പരമാവധി വില കുറച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം അവശ്യസാധനങ്ങളുടെ വിലക്കയറ്റവും മികച്ച ഉൽപാദനശേഷിയുള്ള പശുക്കളുടെ വിലവർദ്ധനവും അവയുടെ ദൗർലഭ്യവും ഡീസൽ വില വർദ്ധനമൂലമുണ്ടാകുന്ന ട്രാൻസ്പോർട്ടേഷൻ ചെലവും പണിക്കാരുടെ കൂലിവർദ്ധനവും വൈദ്യുതി ചാർജ്ജിലുണ്ടായ വിലവർദ്ധനവും ഉൽപാദനച്ചെലവ് വർദ്ധിക്കുന്നതിനുള്ള കാരണങ്ങളാണ്. ക്ഷീരമേഖലയുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന മറ്റൊരു പ്രധാന ഘടകം കാലികളുടെ ചികിത്സാ ചെലവാണ്. ആവശ്യമായിവരുന്ന എല്ലാ സമയത്തും ലഭിക്കാവുന്നതും ചെലവ് കുറഞ്ഞതുമായ മൃഗചികിത്സാ സൗകര്യം ലാഭകരമായ പശുവളർത്തലിന് അനിവാര്യമാണ്. മരുന്നുകളുടെ ഉയർന്ന വിലയും കർഷകരുടെ വീടുകളിലേയ്ക്കുള്ള യാത്രാ ബുദ്ധിമുട്ടുകളും മൃഗ ചികിത്സയ്ക്കുള്ള ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

പശുക്കളുടെ വളർച്ചയ്ക്കാവശ്യമായത് 40% കാലിത്തീറ്റയും 60% പച്ചപ്പുല്ലുമാണ്. കാലിത്തീറ്റയുടെ ഉൽപാദനം നടത്തുന്നത് കാർഷിക ഉൽപന്നങ്ങളും അവയുടെ ഉപോത്പന്നങ്ങളും ശാസ്ത്രീയമായ രീതിയിൽ മിശ്രണം ചെയ്താണ്. ഇങ്ങനെയുള്ള കാർഷിക ഉൽപന്നങ്ങളും അവയുടെ ഉപോത്പന്നങ്ങളും ഒരു ശതമാനംപോലും കേരളത്തിൽ

ഉൽപാദിപ്പിക്കുന്നില്ലെന്നുള്ളത് കാലിത്തീറ്റ നിർമ്മാണത്തിന് പ്രതിസന്ധിയുണ്ടാക്കുന്ന ഘടകമാണ്. അസംസ്കൃത വസ്തുക്കളെല്ലാം അയൽ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതിനാൽ ഗതാഗത സൗകര്യം ഏർപ്പെടുത്തി കയറ്റിറക്ക് കൂലിയുൾപ്പെടെ കൊണ്ടുവരുമ്പോൾ ഗുണമേന്മയുള്ള കാലിത്തീറ്റയുടെ വില കൂടുന്നു. എന്നാൽ ഏകീകൃതമായ സംവിധാനത്തിലൂടെ പ്രസ്തുത വിഷയം പരിഹരിക്കാൻ കഴിയും.

(ബി) ക്ഷീരകർഷകർക്ക് ഉൽപാദന ചെലവിനാനുപാതികമായി ന്യായവില ലഭ്യമാക്കാൻ വില വർദ്ധനവിലൂടെ സാദ്ധ്യമായിട്ടുണ്ടോ; സർക്കാർ പ്രഖ്യാപിച്ച വില ഇൻസെന്റീവ് സർക്കാർ തുടർന്നും നൽകുമോയെന്ന് വ്യക്തമാക്കാമോ?

01-12-2022 മുതലാണ് ക്ഷീരകർഷകർക്കുള്ള പാൽ വില വർദ്ധനവ് പ്രാബല്യത്തിൽ വരുന്നത്. ആയതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട കർഷകതലത്തിലുള്ള അഭിപ്രായങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതാണ്. എന്നിരുന്നാലും പാൽ വില വർദ്ധനവിലൂടെ ഒരു ലിറ്റർ പാലിന് 5.025 രൂപ ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉൽപാദന ചെലവിനാനുപാതികമായി ന്യായവില ലഭ്യമാക്കാൻ സാധിക്കുമെന്നാണ്

കരുതുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാർ പ്രഖ്യാപിച്ച ഇൻസെന്റീവ് തുടർന്നും നൽകുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(സി) പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമം പരിഹരിക്കാൻ പ്രത്യേകം പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമം പരിഹരിക്കാൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, TMR (Total Mixed Ration) തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപവരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

(ഡി) കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

അസംസ്കൃത വസ്തുക്കളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടും മറ്റ് സ്വകാര്യ സംരംഭകർ കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചപ്പോഴും സർക്കാർ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പ്രത്യേക കാലയളവുകളിൽ ഡിസ്കൗണ്ടുകളും കാലിത്തീറ്റ സബ്സിഡിയും നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും സർക്കാർ ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി സബ്സിഡികൾ നൽകിവരുന്നു.

അസംസ്കൃത വസ്തുക്കളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടും മറ്റ് സ്വകാര്യ സംരംഭകർ കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചപ്പോഴും മിൽമ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പ്രത്യേക കാലയളവുകളിൽ ഡിസ്കൗണ്ടുകളും മേഖലാ യൂണിയനുകൾവഴി കാലിത്തീറ്റ സബ്സിഡിയും നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ മിൽമ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും മേഖലാ യൂണിയനുകൾ അവരുടേതായ നിലയിൽ

ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി സബ്സിഡികൾ നൽകിവരുന്നു.

കേരള ഫീഡ്സ് ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റകൾ ന്യായമായ വിലയ്ക്കാണ് വിപണിയിലെത്തിക്കുന്നത്. ഒക്ടോബർ 2022 വരെ കേരളാ ഫീഡ്സിന്റെ കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയേക്കാൾ 185/- രൂപ വില കുറവുണ്ടായിരുന്നു. നവംബർ മാസത്തിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചപ്പോൾപോലും ഉൽപാദന ചെലവിലുണ്ടായ വർദ്ധനവിനെ പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിലുള്ള വില വർദ്ധനവ് കേരളാ ഫീഡ്സ് വരുത്തിയിട്ടില്ല. നിലവിലും കേരള ഫീഡ്സ് കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയെക്കാൾ 35/- രൂപ വിലക്കുറവുണ്ട്.

## ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവ്

9 (*69) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽമ പാലിന് വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

തീരുമാനിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാൽ ഉൽപാദനച്ചെലവ് കേരളത്തിൽ കൂടുതലാണ്. ഇതുകാരണം ക്ഷീരകർഷകർ കടുത്ത ബുദ്ധിമുട്ടിലാകുകയും ഉൽപാദന ചെലവിനാനുപാതികമായി പാൽവില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യമുന്നയിക്കുകയും ചെയ്തിരുന്നു. അവസാനമായി പാൽവില വർദ്ധിപ്പിച്ചത് 2019-ലാണ്.

കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉൽപാദനച്ചെലവും കണക്കിലെടുത്ത് പാൽവില വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് കേരള വെറ്ററിനറി സർവ്വകലാശാലയിലെയും കാർഷിക സർവ്വകലാശാലയിലെയും വിദഗ്ദ്ധരെയുൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദഗ്ദ്ധ സമിതിയുടെ പ്രാഥമിക റിപ്പോർട്ട് നവംബർ മാസം ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. സർക്കാർ പാലിന്റെ വിൽപന വില ലിറ്ററിന് 6 രൂപവച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ പാലിന്റെ വിലവർദ്ധനവ് സാധാരണക്കാരെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

അവശ്യസാധനങ്ങളുടെയെല്ലാം വില വർദ്ധിച്ചിരിക്കുന്നതോടൊപ്പം ക്ഷീര കർഷകർക്കാവശ്യമായ ഉൽപാദനോപാധികളുടെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനാൽ ക്ഷീരകർഷകരുടെ പാലുൽപാദന ചെലവ് കാര്യമായി വർദ്ധിച്ചിട്ടുണ്ട്. ക്ഷീരവ്യവസായം ഒരു ഉപജീവന മാർഗ്ഗമായിട്ടുള്ള പല ക്ഷീരകർഷകരും ക്ഷീരമേഖലയിൽനിന്ന് വിട്ടുനിൽക്കുകയും അവരുടെ ഉരുക്കളെ വിറ്റ് ഒഴിവാക്കുന്ന സാഹചര്യവുമാണ് നിലവിലുണ്ടായിട്ടുള്ളത്. ഉരുക്കൾക്കാവശ്യമായ സമീകൃത കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉൽപാദനച്ചെലവും കണക്കിലെടുത്താണ് പാൽവില വർദ്ധിപ്പിക്കുന്നത്. കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ടെങ്കിലും ഉപഭോക്തൃ സമൂഹത്തെക്കൂടി കണക്കിലെടുത്ത് ലിറ്ററിന് 6 രൂപ മാത്രമേ വിൽപ്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളൂ.

(സി) പാൽവില വർദ്ധനവിലൂടെ ലഭിക്കുന്ന തുക കർഷകന് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പാലിന്റെ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലാ യൂണിയനുകളിൽനിന്നും ക്ഷീരസഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീരസംഘങ്ങളിൽനിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്.

പുതിയ സംഭരണവില 01-12-2022 മുതൽ നടപ്പിൽ വരുത്തുന്നതാണെന്നുകാണിച്ച് ഫെഡറേഷൻ സർക്കുലറുകൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽവില നൽകുന്ന രീതിയാണ് മിൽമ തുടർന്നുവരുന്നത്. ക്ഷീരവികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീരവികസന ഓഫീസർമാരും യഥാക്രമം ചാർട്ടിലെ പാൽവില കർഷകന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ക്ഷീരകർഷകർക്ക് നാല് രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് സർക്കാർ പ്രഖ്യാപിച്ച ഇൻസെന്റീവ് നൽകിയിരുന്നെങ്കിൽ പാൽവില വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടാകുമായിരുന്നോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

കേരളത്തിലെ ക്ഷീരകർഷകരുടെ പാലുൽപ്പാദനച്ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇതുകാരണം ക്ഷീരകർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉൽപാദനചെലവിന് ആനുപാതികമായി പാൽവില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നതിനായി 8.57 രൂപ നഷ്ടമുള്ളതായി

കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽവില 6 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇൻസെന്റീവ് ഉൾപ്പെടെ നൽകിയാൽ മാത്രമേ ഉൽപാദന ചെലവ് പൂർണ്ണമായും ക്ഷീരകർഷകർക്ക് ക്രമപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ 4 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകിയാൽതന്നെ പാൽവില വർദ്ധിപ്പിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

## കസ്തൂരിരംഗൻ റിപ്പോർട്ട്

10(*70) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ആറുമാസത്തിനകം പശ്ചിമഘട്ട സംരക്ഷണം സംബന്ധിച്ച കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ 123 വില്ലേജുകൾ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കണമെന്ന റിപ്പോർട്ടിലെ ശിപാർശ സംബന്ധിച്ച സർക്കാർ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശം (ESA) റിസർവ് ഫോറസ്റ്റ്, സംരക്ഷിത പ്രദേശങ്ങൾ, പൈതൃക സ്ഥലങ്ങൾ എന്നിവയിൽ മാത്രമായി പരിമിതപ്പെടുത്തിയും ജനവാസ മേഖലകൾ, തോട്ടങ്ങൾ, കൃഷിസ്ഥലങ്ങൾ, ജലാശയങ്ങൾ, പാറക്കെട്ടുകൾ ഒഴിവാക്കിയും നിശ്ചയിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്ത് പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശമായി നിശ്ചയിക്കാവുന്ന വില്ലേജുകളുടെ ജിയോ കോ-ഓർഡിനേറ്റഡ് മാപ്പ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 92 വില്ലേജുകളിലായി 8656.46 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് മാത്രമായി ESA പരിമിതപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളത്. ESA വില്ലേജുകളുടെ അതിർത്തി നിർണ്ണയത്തിൽ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച്

ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ESA സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാർ 123 വില്ലേജുകളെ കോർ, നോൺ കോർ എന്നിങ്ങനെ 92:31 എന്ന അനുപാതത്തിൽ തരംതിരിച്ചിട്ടുണ്ടോ; എങ്കിൽ ഏതിന്റെയടിസ്ഥാനത്തിൽ; വിശദാംശം അറിയിക്കുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട സംസ്ഥാനങ്ങളുടെ പ്രതിനിധികളുമായി 05-10-2021-ൽ നടത്തിയ മീറ്റിംഗിൽ ESA വിജ്ഞാപനത്തിനായി കോർ, നോൺ കോർ ESA എന്ന പുതിയ ആശയം അവതരിപ്പിച്ചിരുന്നു.

(ഡി) പരിസ്ഥിതിലോല മേഖലയിൽനിന്ന് ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നിലപാട് നേടിയെടുക്കാൻ ഉറച്ച നടപടി സ്വീകരിക്കുമോ; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതിലോല മേഖലയിൽ (ഇക്കോ സെൻസിറ്റീവ് സോണിൽ) ഉൾപ്പെടുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന നടത്തി വിശദവിവരം ശേഖരിക്കുന്നതിന് ഒരു വിദഗ്ധ

സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിച്ചിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു.

## പരിസ്ഥിതിലോല മേഖല നിർണ്ണയ പ്രവർത്തനങ്ങൾ

11 (*71) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലകളെ പൂർണ്ണമായി ഒഴിവാക്കി പരിസ്ഥിതി ലോല മേഖല നിർണ്ണയിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ജനവാസ മേഖലകളെ പൂർണ്ണമായി ഒഴിവാക്കി പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളെ ഒരുപരിധിവരെ ബാധിക്കുമെന്നതും സംസ്ഥാനത്തെ മലയോര മേഖലയിൽ ആശങ്കകൾ സൃഷ്ടിക്കുമെന്നതും ഗൗരവമായി കണ്ടുകൊണ്ട്

സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായും കേന്ദ്ര എംപവേർഡ് കമ്മിറ്റിയുമായും ബഹുമാനപ്പെട്ട സുപ്രീംകോടതിയുമായും ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തിവരികയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, 08-06-2022-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ടി യോഗത്തിലെ തീരുമാനപ്രകാരം, ഒരു കിലോമീറ്റർ ESZ-ലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി

പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിലേർപ്പെട്ടിരുന്നു.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. 10-08-2022-ലെ സർക്കാർ ഉത്തരവ് സാധാ നം.44/2022/വനം പ്രകാരം ഈ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെ തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെയടിസ്ഥാനത്തിൽ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക

വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു. ടി സമിതികളുടെ ആദ്യയോഗം 30-10-2022-ലും അടുത്ത യോഗം 24-11-2022-ൽ ഓൺലൈനായും മൂന്നാമത് യോഗം 4-12-2022-നും ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. അടുത്ത യോഗം 11-12-2022-ന് ചേരാനും നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി സമിതി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

(ബി&സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ

വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു. ടി സമിതികളുടെ യോഗം 30-10-2022, 24-11-2022 എന്നീ തീയതികളിൽ ചേരുകയും തുടർ പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

വിദഗ്ദ്ധ സമിതി 30-10-2022-ലും 24-11-2022-ലും യോഗം ചേരുകയും പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന സംബന്ധിച്ച വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്താനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിച്ചിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ, നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതത്തിന് ചുറ്റുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കാവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സമിതിയുടെ ഇടക്കാല റിപ്പോർട്ട് എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചുകൊണ്ട് ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം രൂപീകരിച്ച വിദഗ്ദ്ധ സമിതി ഒരു മാസത്തിനുള്ളിൽ ഇടക്കാല റിപ്പോർട്ടും മൂന്ന് മാസത്തിനകം അന്തിമറിപ്പോർട്ടും സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

**അട്ടപ്പാടിയിലെ ശിശുമരണം തടയാൻ നടപടി**

12 (*72) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട നവജാത ശിശുക്കൾ പോഷകാഹാരക്കുറവ് നിമിത്തം മരിക്കാനിടയായതായി പറയപ്പെടുന്ന സംഭവങ്ങളെത്തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

അട്ടപ്പാടിയിലുണ്ടായ ശിശുമരണങ്ങളെത്തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അട്ടപ്പാടിയിൽ ആദിവാസി ജനവിഭാഗം ആശ്രയിക്കുന്ന കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ, പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കിവരുന്നുണ്ട്;

അട്ടപ്പാടി ഊരുകളിലെ പട്ടികവർഗ്ഗ ഗർഭിണികളുടെ വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം നിരീക്ഷിച്ചുവരികയും ഒറ്റപ്പാലം സബ്കളക്ടറുടെ നേതൃത്വത്തിൽ ആയത് പ്രതിവാര അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

ഗർഭിണികളുടെ ആരോഗ്യ പരിചരണം കൃത്യമായി ഉറപ്പുവരുത്തുന്നതിനായി എസ്.ടി. പ്രൊമോട്ടർമാർ, ഹെൽത്ത് നഴ്സുമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം പരിശോധിക്കുന്നതിനായി 3 പഞ്ചായത്തുകളിലും പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകിവരുന്നുണ്ട്;

അട്ടപ്പാടി മേഖലയിലെ ഗർഭിണികളിലെ വിളർച്ചാനിർണ്ണയം നടത്തുന്നതിന് ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായത്തോടെ ക്യാമ്പ് സംഘടിപ്പിക്കുകയും വിളർച്ചയുള്ളവരിൽ സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി ഐ.ടി.ഡി.പി.-യുടെ കീഴിൽ 24 മണിക്കൂർ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കിയിട്ടുണ്ട്;

അർഹമായവർക്കെല്ലാം ജനനി-ജന്മരക്ഷാ പദ്ധതിപ്രകാരം പ്രതിമാസ ധനസഹായം നൽകിവരികയും ലഭ്യമാകുന്ന തുക പോഷകാഹാരം വാങ്ങുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്;

അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ കൺസൾട്ടന്റിനെ (ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ) നിയമിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്;

അട്ടപ്പാടിയിലെ പി.വി.ടി.ജി. ഊരുകൾ കേന്ദ്രീകരിച്ച് ഇവരുടെ ആരോഗ്യ കാര്യങ്ങളിൽ നിരന്തരം ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും പ്രത്യേക മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) അട്ടപ്പാടിയിലെ ശിശുമരണം തടയാൻ നടപടികൾ സ്വീകരിക്കുമ്പോഴും ശിശുമരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള ശിശുമരണങ്ങളിൽ ഭൂരിപക്ഷവും ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം കാരണമോ ആണ് സംഭവിച്ചതെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം,

തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വിവിധ ക്ഷേമപദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിവരുന്നു. സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി മരണനിരക്ക് കുറഞ്ഞുവരുന്നുണ്ട്.

(സി) അട്ടപ്പാടിയിലെ ആദിവാസികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അട്ടപ്പാടിയിലെ ആദിവാസികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. അട്ടപ്പാടിയിൽ പ്രാദേശികമായുണ്ടാകുന്ന പ്രശ്നങ്ങൾ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് പരിശോധിച്ച് യഥാസമയം പരിഹരിച്ചുവരുന്നുണ്ട്. അതോടൊപ്പം ജില്ലയിലെ എം.പി., മണ്ണാർക്കാട് നിയമസഭാ മണ്ഡലം എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളടങ്ങുന്നതും ഒറ്റപ്പാലം സബ്കളക്ടർ കൺവീനറുമായുള്ള പത്തംഗ ഏകോപന സമിതി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ

പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

**പട്ടിക വിഭാഗക്കാർക്കായുള്ള ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി**

13 (*73) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലുംപെട്ട അഭ്യസ്തവിദ്യരായ എല്ലാ യുവജനങ്ങൾക്കും തൊഴിൽ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന

ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുകവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ

സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്നപേരിൽ പദ്ധതി നടപ്പാക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ എത്രപേരെ നിയമിച്ചുവെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലാർക്കുമാരായും 2400 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ നിയമ ബിരുദധാരികളെ

ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ/ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപനം തുടങ്ങിയ മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട യുവജനങ്ങളുടെ നൈപുണ്യശേഷി വികസനത്തിനായുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുതകുന്ന തരത്തിലുള്ള വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി

പ്ലേസ്മെന്റ് മുഖേന സ്ഥിര ശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

**പാൽ വിപണന ശൃംഖല വിപുലീകരിക്കാൻ നടപടി**

14 (*74) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാറായ സാഹചര്യത്തിൽ, ഉൽപ്പാദിപ്പിക്കുന്ന പാലിന് വിപണി ഉറപ്പാക്കുന്നതിന് വിപണന ശൃംഖല വിപുലീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

മേഖലാ യൂണിയനുകൾ സംഭരിക്കുന്ന പാൽ ഉൽപ്പാദന പ്രക്രിയയ്ക്ക് വിധേയമാക്കി പാക്കറ്റുകളാക്കി വിൽപ്പന നടത്തുന്നതിനോടൊപ്പം അസംഖ്യം പാലുൽപ്പന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. വിപണിയിൽ സുദൃഢമായ വിപണനശൃംഖല മേഖലാ യൂണിയനുകളിലൊരുക്കിയിട്ടുണ്ട്. ടൗണുകളിലും ഗ്രാമപ്രദേശങ്ങളിലും പാലിന്റെ ലഭ്യത

ഉറപ്പുവരുത്തുന്നതിനായി റീ-ഡിസ്ട്രിബ്യൂഷൻ റൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. റൂറൽ മാർക്കറ്റിംഗിന്റെ ഭാഗമായി ആപ്കോസ് സംഘങ്ങൾ കേന്ദ്രീകരിച്ച് മിൽമ ഷോപ്പികളുടെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. പാലിന്റെ ലഭ്യത ഏത് സമയവും ഉറപ്പുവരുത്തുന്നതിനായി മാർക്കറ്റിംഗ് ഡിപ്പോകൾ, ഹബ്ബുകൾ, ഷോപ്പികൾ, പാർലറുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. കേരളത്തിനുപുറത്തേയ്ക്ക് വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോയമ്പത്തൂർ, ചെന്നൈ, ബാംഗ്ലൂർ, ഹൈദ്രാബാദ്, പൂനെ, മുംബൈ, ഗുജറാത്ത്, ഡൽഹി, ഹരിയാന, മാലിദ്വീപ് എന്നിവിടങ്ങളിൽ ഡിസ്ട്രിബ്യൂട്ടർമാർവഴി മിൽമ ലോംഗ് ലൈഫ് പാലുൾപ്പെടെയുള്ളവ വിപണനം ചെയ്തുവരുന്നു. ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ വിപണന വെബ്സൈറ്റുകൾവഴി ഇന്ത്യയിലുടനീളം മിൽമ ഉൽപ്പന്നങ്ങൾ ഇന്ന് ലഭ്യമാണ്. " Flight Catering" വഴിയും മിൽമ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. സ്വിഗി, പൊട്ടാഫോ തുടങ്ങിയ ഓൺലൈൻ ഡെലിവറി സേവന ദാതാക്കൾ വഴിയും മിൽമ ഉൽപ്പന്നങ്ങൾ ലഭിക്കുന്നു. കേരളത്തിനുപുറത്തുള്ള വിപണികളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചുകൊണ്ടും വിദേശരാജ്യങ്ങളിൽ മിൽമ ഉൽപ്പന്നങ്ങൾ കയറ്റുമതി

നടത്തിയും മിൽമയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാപകമായി വിപണനം നടത്തിവരുന്നു.

ക്ഷീരസഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാൽ പ്രാദേശിക വിൽപ്പനയ്ക്കുശേഷം മേഖലാ യൂണിയനുകൾക്ക് നൽകുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന പരമ്പരാഗത സംഘങ്ങളിൽ മിക്ക സംഘങ്ങളിലും പ്രാദേശിക വിൽപ്പനയ്ക്കുശേഷം പാൽ ബാക്കിയുള്ളപക്ഷം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണികളിലെത്തിക്കുന്നു.

(ബി) മൂല്യവർദ്ധിതോൽപന്നങ്ങൾ വ്യാപകമാക്കി ക്ഷീരകൃഷി ആദായകരമാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

ക്ഷീരമേഖല കൂടുതൽ ലാഭകരമാക്കുന്നതിനായി പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാപകമാക്കുന്ന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ മിൽമ പ്ലാന്റുകളിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള 6 ക്ഷീരപരിശീലന കേന്ദ്രങ്ങളിലൂടെ പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലനങ്ങൾ കർഷകർക്കും ക്ഷീരസഹകരണ സംഘങ്ങൾക്കും നൽകിവരുന്നുണ്ട്. ഇത് കർഷകർക്കും സംഘങ്ങൾക്കും അധികവരുമാനം

ലഭിക്കുന്നതിനും ഈ മേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്നതിനും ഇടയാക്കുന്നു.

(സി) പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ വൈക്കോൽ കത്തിച്ചുകളയേണ്ടിവരുന്ന സാഹചര്യത്തിൽ അവിടെനിന്നും വൈക്കോൽ ശേഖരിച്ച് സൈലേജാക്കി സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ ശേഖരിച്ച് സൈലേജാക്കി സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ നിലവിലില്ല. എന്നാൽ ക്ഷീരകർഷകർക്കായി അന്യസംസ്ഥാനങ്ങളിൽനിന്നും റെയിൽ മാർഗ്ഗം വൈക്കോൽ എത്തിക്കാനുള്ള നടപടി ക്ഷീരവികസന വകുപ്പിന്റെ പരിഗണനയിലാണ്. നിലവിൽ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസംഘങ്ങൾ മുഖാന്തരം ആവശ്യമുള്ള കർഷകർക്ക് സബ്സിഡി നിരക്കിൽ വൈക്കോൽ/സൈലേജ് എന്നിവ പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ ശേഖരിക്കുന്നതിന് പഞ്ചാബ് അഗ്രോ ഇൻഡസ്ട്രീസ്

കോർപ്പറേഷൻ ലിമിറ്റഡുമായി കേരള ഫീഡ്സ് ബന്ധപ്പെട്ടപ്പോൾ കിലോയ്ക്ക് 5 മുതൽ 6 രൂപവരെ വില വരുമെന്നും പ്രസ്തുത ബെയ്ലിന് റോഡുവഴിയുള്ള ട്രാൻസ്പോർട്ടിംഗ് സംവിധാനം ഏർപ്പെടുത്തുമ്പോൾ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വരുന്നതായും കണ്ടു. എന്നാൽ ഇതിന് കിസാൻ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് കുറയ്ക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്. ഇതുകൂടാതെ സൈലേജ് പഞ്ചാബിൽനിന്നോ ഇതര സംസ്ഥാനങ്ങളിൽനിന്നോ കൊണ്ടുവന്ന് ക്ഷീരകർഷകരെ സഹായിക്കുന്ന പദ്ധതി കേരള ഫീഡ്സ് വിശദമായി വിവിധ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തുവരുന്നു.

**കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

15 (*75) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമെന്ന നിലയിലും ക്ഷീരോൽപ്പാദനം സവിശേഷ പ്രാധാന്യമർഹിക്കുന്ന മേഖലയായതിനാലും

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് എൺപത് ശതമാനം സബ്സിഡിയോടെ പശുവിനെ കൊടുക്കുന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ടിട്ടുള്ള വനിതകൾക്ക് 90% സബ്സിഡിയോടെ "ഒരു പശു" യൂണിറ്റ് പദ്ധതി 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. 95,400/- രൂപ സബ്സിഡിയായി നൽകുന്ന പദ്ധതിയാണ്. ഈ വർഷം 140 വനിതകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. സബ്സിഡിയോടെ പശുവിനെ നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പുവഴി നടപ്പാക്കുന്നില്ല.

(ബി) സംസ്ഥാനത്ത് നിലവിലുള്ള കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>നിലവിലെ പദ്ധതികൾ</u>

<u>ഗോവർദ്ധിനി</u>: 50% സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയാണിത്. മൃഗാശുപത്രികളിലും കൃത്രിമ ബീജധാന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കന്നുകുട്ടികൾക്കും എരുമക്കുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. ഒരു കർഷകന്റെ 2 പശുക്കുട്ടികൾക്ക്/എരുമക്കുട്ടികൾക്ക് വരെ ആനുകൂല്യം ലഭിക്കാം.

കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme): പദ്ധതിചെലവിന്റെ 25% സംസ്ഥാന മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കും. പഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്കാണ് ആനുകൂല്യം നൽകുന്നത്. വനിതകൾക്കും പിന്നാക്ക വിഭാഗത്തിനും മുൻഗണനയുണ്ട്.

ഗ്രാമപഞ്ചായത്ത് പദ്ധതി: 50% ചെലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു. ഗ്രാമസഭകളിൽ അംഗീകരിക്കുന്ന ലിസ്റ്റനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(സി) ഈ വർഷം പ്രസ്തുത പദ്ധതിയിൽ എത്ര കന്നുകുട്ടികളെ ദത്ത് ലിസ്റ്റിലുൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലുൾപ്പെടുത്തി ഗോവർദ്ധിനി പദ്ധതിയിൽ 2022-23 വർഷം 42410 കന്നുകുട്ടികളെ വരിചേർക്കാൻ സാധിക്കും. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme) ഈ വർഷം നടപ്പാക്കുന്നില്ല.

(ഡി) നിലവിലുള്ള കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ആകർഷകമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വളരെ ആകർഷകമായതും രാജ്യത്തുതന്നെ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിലുമുള്ള ഇൻഷ്വറൻസ് പദ്ധതികളായ ഗോസമൃദ്ധി, എൻ.എൽ.എം. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിവരുന്നത്. സൗജന്യനിരക്കിലുള്ള പ്രീമിയം ഈടാക്കിക്കൊണ്ട് ക്ഷീരകർഷകർക്ക് ഈ പദ്ധതികൾവഴി ഒരു വർഷത്തേയ്ക്കും മൂന്നുവർഷത്തേയ്ക്കും തങ്ങളുടെ ഉരുക്കളെ ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യാൻ സാധിക്കും.

## അതിദരിദ്രരില്ലാത്ത സമൂഹം രൂപപ്പെടുത്തുന്നതിന് പദ്ധതി

16 (*76) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരില്ലാത്ത സമൂഹം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തിനായി സാമൂഹികമായും സാമ്പത്തികമായും പിന്നിലായ അരുന്ധതിയാർ, ചക്കിലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ സമുദായങ്ങളെ കാലത്തിനൊത്ത് പ്രാപ്തരാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

അരുന്ധതിയാർ, ചക്കിലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന വകുപ്പ് കുടുംബാധിഷ്ഠിത സൂക്ഷ്മതല മൈക്രോ പ്ലാനിംഗ് പദ്ധതിക്ക് 19-08-2022-ലെ സ.ഉ. (കൈ)നം.40/2022/പജ.പവ.വി.വ. പ്രകാരം രൂപം നൽകിയിട്ടുണ്ട്. ടി കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയ്ക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് സുസ്ഥിര വരുമാന വർദ്ധന പരിപാടികളും സാമൂഹ്യക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ലക്ഷ്യംവയ്ക്കുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ പദ്ധതികൾ എന്തൊക്കെയെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തുകയും അവരുടെ ആവശ്യങ്ങൾക്കനുസൃതമായി ടി കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പദ്ധതികൾ

ആവിഷ്കരിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ സമീപനരീതി. ഈ പദ്ധതിയെ Household Oriented Micro Planning for Empowerment (HOME) എന്നപേരിൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ എങ്ങനെ തെരഞ്ഞെടുക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാരംഭഘട്ടത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അതിദരിദ്ര കുടുംബങ്ങളുടെ പട്ടികയിലുൾപ്പെട്ട ദുർബ്ബലവിഭാഗ കുടുംബങ്ങളെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശിച്ച് പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും സഹായത്തോടെ പദ്ധതി രൂപീകരണം നടത്തുന്നു. ഇതോടൊപ്പം വകുപ്പ് നടത്തുന്ന ഇ-സർവ്വേയുടെ ഭാഗമായി ദുരിത സാഹചര്യങ്ങളിൽ കഴിയുന്ന ദുർബ്ബലവിഭാഗ കുടുംബങ്ങളുടെ സ്ഥിതി പരിശോധിക്കുന്നുണ്ട്.

അതിദരിദ്ര കുടുംബങ്ങളെ പൂർണ്ണമായും പരിഗണിച്ചതിനുശേഷം രണ്ടാംഘട്ടത്തിൽ താഴെപ്പറയുന്ന 8 ക്ലേശഘടകങ്ങൾ പരിഗണിച്ച് ഏറ്റവും ദുരിതസാഹചര്യത്തിൽ ജീവിക്കുന്ന കുടുംബങ്ങളെയുൾപ്പെടുത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു.

1. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം;
2. വരുമാനം 25,000/- രൂപയോ അതിൽ കുറവോ ഉള്ള കുടുംബം;
3. അന്ത്യോദയ അന്നയോജന (AAY) കാർഡുള്ള കുടുംബം;
4. 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം;
5. വനിതകൾ മാത്രമുള്ള കുടുംബം;
6. ഭിന്നശേഷിക്കാർ/കിടപ്പുരോഗികൾ/മാരകരോഗങ്ങൾ ബാധിച്ചവരുള്ള കുടുംബം;
7. ഭർത്താവ് നഷ്ടപ്പെട്ട /ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം;
8. വരുമാനമാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷൻ ഒഴികെ).

(സി) പുതിയ കാലത്തിന്റെ വികസന കാഴ്ചപ്പാടിന് അനുഗുണമായ രീതിയിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പുതിയ കാലത്തിനനുസൃതമായ നവീന സാമൂഹ്യ വികസന കാഴ്ചപ്പാടും പരിപ്രേക്ഷ്യവുമാണ് ഹോം പദ്ധതിയുടെ സമീപനത്തിൽ സ്വീകരിച്ചിട്ടുള്ളത്.

1. NEED BASED APPROACH (ആവശ്യാധിഷ്ഠിത സമീപനം)

നിലവിലുള്ള പദ്ധതികൾ ഗുണഭോക്താക്കൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന സാമ്പ്രദായിക പദ്ധതി നിർവ്വഹണ രീതിയിൽനിന്നും വ്യത്യസ്തമായി ദരിദ്ര കുടുംബങ്ങളിൽച്ചെന്ന് അവരുടെ

ആവശ്യങ്ങൾ മനസ്സിലാക്കി അവരുടെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും പരിഹാരമാകുംവിധം പര്യാപ്തമായ പദ്ധതി ആസൂത്രണം വിഭാവനം ചെയ്യുന്നു.

2. PARTICIPATORY APPROACH (പങ്കാളിത്താധിഷ്ഠിത സമീപനം)

കുടുംബങ്ങൾക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ ഉദ്യോഗസ്ഥർക്കൊപ്പം ഗുണഭോക്തൃ കുടുംബങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്കും കുടുംബശ്രീ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും ആസൂത്രണത്തിൽ സുവ്യക്തമായ ഇടം പങ്കുവയ്ക്കുന്നതിൽ ഹോം പദ്ധതി സൂക്ഷ്മത പുലർത്തുന്നു. പട്ടികവിഭാഗത്തിൽനിന്നുള്ള MSW ബിരുദധാരികളായ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരും പ്രൊമോട്ടർമാരും ഈ ആസൂത്രണ പ്രക്രിയയുടെ ഭാഗമാകുന്നു.

3. PREVENTIVE - PROTECTIVE - PROMOTIVE APPROACH

സാമൂഹ്യ വികസനത്തിലെ നൂതന സമീപനമായ PREVENTIVE - PROTECTIVE - PROMOTIVE APPROACH ഈ പദ്ധതിയിലുൾച്ചേർക്കുന്നു.

ഓരോ കുടുംബത്തിനും സാമൂഹ്യമായ ചൂഷണങ്ങളെയും ആരോഗ്യ-മാനസിക വെല്ലുവിളികളെയും പ്രതിരോധിക്കുന്നതിനും സാമൂഹ്യവും നിയമപരവുമായ സുരക്ഷയൊരുക്കുന്നതിനും വിദ്യാഭ്യാസ-തൊഴിൽ ശാക്തീകരണത്തിലൂടെയും അറിവുകളുടെ പങ്കുവയ്ക്കലുകളിലൂടെയും മുഖ്യധാരാ

സാമൂഹ്യവ്യവസ്ഥയിൽ ക്രിയാത്മക സാന്നിദ്ധ്യമാകാനും പാർശ്വവൽക്കരണങ്ങളെ അതിജീവിക്കുന്നതിനും അതിദുർബ്ബല കുടുംബങ്ങൾക്ക് അവസരമൊരുക്കുന്നതിനുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

## വനസംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം

17 (*77) ശ്രീ. എം. എം. മണി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും അതുമൂലമുണ്ടാകുന്ന പ്രകൃതിക്ഷോഭവും നിയന്ത്രിക്കുന്നതിന് വനസംരക്ഷണം സുപ്രധാനമായതിനാൽ അതിനായുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

കാലാവസ്ഥാ വ്യതിയാനവും അതുമൂലമുണ്ടാകുന്ന പ്രകൃതിക്ഷോഭവും നിയന്ത്രിക്കുന്നതിന് വനസംരക്ഷണം സുപ്രധാനമായതിനാൽ ചുവടെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

- സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി വനഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള വിദേശയിനം മരങ്ങൾ മുറിച്ചുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് സ്കീം വഴി അംഗീകരിച്ച് നടപ്പാക്കിവരുന്നു;
- ശുഷ്ക വനപ്രദേശങ്ങൾ ഉത്തമ വനമാക്കുന്നതിനും പൂർവ്വസ്ഥിതിയിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തേക്കുതോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വാഭാവികമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇൻഡ്യ മിഷൻ പോലുള്ള പദ്ധതികൾപ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു;
- വന്യജീവികളുടെ സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്തുവരികയും ചെയ്യുന്നുണ്ട്. കൂടാതെ, പുഴകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പ്രവർത്തനവും നടത്തിവരുന്നു;

- കാട്ടുതീ പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി തീപിടിത്ത സാധ്യതകളുള്ള പ്രദേശങ്ങൾ കണ്ടെത്തി ഹൈ, മീഡിയം, ലോ പ്രോൺ ഏരിയ എന്നിങ്ങനെ ഫയർ ബ്ലോക്കുകളായി തിരിച്ച് ഫയർലൈൻ എടുത്തും കൺട്രോൾ ബേണിംഗ് നടത്തിയും വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽനിന്നും മരങ്ങളെ സംരക്ഷിച്ചുവരുന്നുണ്ട്;
- വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി രാത്രിയും പകലുമുള്ള പട്രോളിംഗ് വനാന്തരഭാഗത്തുള്ള ക്യാമ്പിംഗ്, വന-സംരക്ഷണ സമിതികളുടെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കിവരുന്നു;
- വനം കയ്യേറ്റം തടയുന്നതിനായി സർവ്വേ ടീമിന്റെ സഹായത്തോടെ വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുക, പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവൃത്തികൾ സ്വീകരിച്ചുവരുന്നുണ്ട്;
- വനത്തിനും വനാതിർത്തിയോട് ചേർന്നും വസിക്കുന്ന ജനങ്ങളെ നാട്ടിൻപുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് ആർ.കെ.ഡി.പി.

പദ്ധതിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടിയിലൂടെ വനശോഷണം തടയുന്നതിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്;

- സാമൂഹ്യ വനവൽക്കരണ വിഭാഗം വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. വിദ്യാലയങ്ങളിൽ വിദ്യാവനം, വൃക്ഷസമൃദ്ധി പദ്ധതി, തീരദേശ സംരക്ഷണത്തിനായി കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കൽ, നദീതീരങ്ങളുടെ സംരക്ഷണത്തിനായി മുളത്തൈകൾ നട്ടുപിടിപ്പിക്കൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കാവുകളുടെ സംരക്ഷണം, കണ്ടൽക്കാട് സംരക്ഷണം കൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകൽ, എല്ലാ വർഷവും ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനമഹോത്സവ പരിപാടികൾ മുഖേന വിവിധ സ്ഥാപനങ്ങൾക്ക് വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യൽ എന്നിവ നടപ്പാക്കിവരുന്നു.

ടി പ്രവൃത്തികൾ കാലാവസ്ഥാ വ്യതിയാനവും അതുമൂലമുണ്ടാകുന്ന പ്രകൃതിക്ഷോഭവും നിയന്ത്രിക്കുന്നതിന് സുപ്രധാന പങ്കുവഹിക്കുന്നു.

(ബി) വനസംരക്ഷണത്തിന് അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

വനസംരക്ഷണത്തിന് അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ചുവടെപ്പറയുന്ന സംവിധാനങ്ങൾ നടപ്പാക്കിവരുന്നു.

- വനസംരക്ഷണത്തിനായി ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ്ഡുകൾ നിർമ്മിച്ചും പട്രോളിംഗിനായി ഗതാഗത സൗകര്യം സുഗമമാക്കുന്നതിന്റെ ഭാഗമായി ട്രക്ക്പാത്തുകൾ യഥാസമയം നവീകരിക്കുകയും ചെയ്തുവരുന്നു;
- ഫോറസ്റ്റ് സ്റ്റേഷനുകൾ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളായി നവീകരിക്കുന്ന പ്രവൃത്തികൾ നബാർഡുവഴി പൂർത്തീകരിച്ചുവരുന്നു;
- വനസംരക്ഷണത്തിന് ആധുനിക സാങ്കേതികവിദ്യകൾ വനം വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വനസംരക്ഷണ ജീവനക്കാരുടെ മൊബൈൽ നമ്പർ ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയുടെ വെബ്സൈറ്റിൽ രജിസ്റ്റർ

ചെയ്യുകയും കാട്ടുതീയുണ്ടാകുന്ന സാഹചര്യങ്ങളിൽ പ്രസ്തുത മേഖലയിലെ ജീവനക്കാർക്ക് മൊബൈൽ ഫോണിൽ സന്ദേശം ലഭിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പ്രസ്തുത വെബ്സൈറ്റിൽനിന്നും കാട്ടുതീ ബാധിത പ്രദേശത്തിന്റെ ഉപഗ്രഹചിത്രം ലഭ്യമാക്കി അടിയന്തര ഇടപെടലുകൾ നടത്താൻ സാധിക്കുന്നു;

- വനപരിശോധനയ്ക്കുപോകുന്ന ജീവനക്കാർക്ക് ഫീൽഡ് വിവരങ്ങൾ ലഭിക്കുന്നതിന് M-STRIPES എന്ന സോഫ്റ്റ്‌വെയർ ഫോണിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അതുപയോഗിച്ച് ജീവനക്കാർ ഫീൽഡ് പട്രോളിംഗ് നടത്തുകയും അതുവഴി കടുവയുടെയും മറ്റ് വന്യജീവികളുടെയും ആവാസവ്യവസ്ഥ വിശകലനം ചെയ്യാനും സാധിക്കുന്നു;

- ജനവാസ കേന്ദ്രങ്ങളിലെത്തുന്ന പാമ്പുകൾ ജീവന് ഭീഷണിയുയർത്തുന്ന സാഹചര്യങ്ങളിൽ SARPA എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രത്യേക പരിശീലനം നേടിയ പാമ്പുപിടിത്തക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുകയും അവർ മുഖേന പാമ്പുകളെ സുരക്ഷിതമായി

പിടിച്ച് സുരക്ഷിത സ്ഥാനങ്ങളിൽ വിടുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുമുണ്ട്;

- വനസംബന്ധമായ കേസുകൾ രജിസ്റ്റർ ചെയ്ത് പുരോഗതി നിരീക്ഷിക്കുന്നതിനും വന്യജീവികളുടെ മരണം രേഖപ്പെടുത്തി വിശകലനം ചെയ്യുന്നിനും HAWK (Hostile Activity Watch Kernel) എന്ന ഓൺലൈൻ മൊഡ്യൂൾ സംവിധാനം നടപ്പാക്കിവരുന്നു;
- വനപരിപാലനത്തിനായുള്ള വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കാൻ ഫീൽഡിൽനിന്നും വിവരം നേരിട്ട് ശേഖരിക്കുന്നതിനായുള്ള വൻ ആപ്പ് (Van App) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;
- കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പ്രവർത്തനങ്ങൾ, പ്ലാന്റേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇ-ഗ്രീൻ വാച്ച് പോർട്ടൽ സംവിധാനം നടപ്പാക്കിയിട്ടുണ്ട്;
- ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് പരിവേഷ് എന്ന ഓൺലൈൻ പോർട്ടലിലൂടെ അപേക്ഷിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്;

- ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികളുടെ സാന്നിധ്യം അറിയിക്കുന്നതിന് എസ്.എം.എസ്. അലെർട്ട് സിസ്റ്റവും വന്യജീവികളുടെ മരണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ സംവിധാനവും നടപ്പാക്കിയിട്ടുണ്ട്;
- ഇതുകൂടാതെ ജി.പി.എസ്., ജി.ഐ.എസ്., വയർലെസ്, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, സി.സി.ടി.വി. ക്യാമറകൾ, ക്യാമറ ട്രാപ്പുകൾ, ഡ്രോൺ തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങളും പ്രയോജനപ്പെടുത്തിവരുന്നു.

(സി) വനസംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വനം വകുപ്പിന് ജനകീയ മുഖം നൽകാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ?

വനസംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്ന് ജന-ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വനാതിർത്തിയിലുള്ള പൊതുജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വനസംരക്ഷണ സമിതികൾ രൂപീകരിച്ച് അവരുടെ സഹകരണത്തോടെ വനസംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കാട്ടുതീപോലുള്ള

വിപത്തുകൾ തടയുന്നതിന് വനസംരക്ഷണ സമിതികളിൽ അംഗങ്ങളായിട്ടുള്ള പ്രദേശവാസികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഫയർലൈൻ, ഫയർ ഗ്യാംഗുകൾ എന്നീ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ വനം വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടക്കമുള്ള പങ്കാളിത്തം ഉറപ്പുവരുത്തുകയും വനം വകുപ്പിന് ജനകീയമുഖം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കാട്ടാനകളുടെ ആക്രമണം തടയാൻ നടപടി**

18 ( *78) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര മേഖലകളിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നു.

(ബി) കാട്ടാനകളുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ എണ്ണം കൂടിവരുന്നത് സർക്കാർ ആശങ്കയോടെ കാണുന്നുണ്ടോ?

കാട്ടാനയുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങളിലെങ്കിലും കാട്ടാനയുടെ ആക്രമണത്തിൽ ആളുകൾ മരണപ്പെടുന്നത് ആശങ്കയോടെ കാണുന്നു.

(സി) ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

01-04-2022 മുതൽ 30-11-2022 വരെയുള്ള കാലയളവിൽ വിവിധ സർക്കിളുകളിലായി നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2021-22 കാലയളവിൽ കാട്ടാനയുടെ ആക്രമണത്തിന് നൽകിയ നഷ്ടപരിഹാരത്തുക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കാട്ടാനക്കൂട്ടം ജനവാസ മേഖലയിലെ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജവേലി, ആന പ്രതിരോധ മതിലുകൾ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി വനത്തിനോട് ചേർന്നുള്ള ജനവാസമേഖലകളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 15 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ

രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ, റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിപ്രകാരം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിക്കായി നാളിതുവരെ 21.675 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിപ്രകാരം 116 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 57 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം രൂപവീതം ഇതിനകം നൽകിയിട്ടുള്ളതാണ്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുനരധിവാസത്തിന് സന്നദ്ധരായ ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ട 174 കുടുംബങ്ങളെ കാട്ടിനുള്ളിൽനിന്ന് മാറ്റിപ്പാർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ 153 അർഹതപ്പെട്ട ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആദ്യഗഡുവായ 7.5 ലക്ഷം രൂപവീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 15.9 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ**

19 (*79) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സർക്കാർ കഴിഞ്ഞ വർഷംവരെ ക്ഷീരകർഷകർക്ക് നൽകിയിരുന്ന സൗജന്യ കന്നുകാലി ഇൻഷ്വറൻസ് നിർത്തലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കർഷകരിൽനിന്നും സൗജന്യനിരക്കിൽ തുക ഈടാക്കിക്കൊണ്ട് മൃഗസംരക്ഷണ വകുപ്പ്, ഗോസമൃദ്ധി-എൻ.എൽ.എം. ഇൻഷ്വറൻസ്

പദ്ധതികൾ നടപ്പാക്കിവരുന്നു. രാജ്യത്തുതന്നെ ഏറ്റവും കുറവ് പ്രീമിയം നിശ്ചയിച്ചിട്ടുള്ള പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്കായി ക്ഷീര സാന്ത്വനം പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ കന്നുകാലികൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിന് വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ കന്നുകാലി ഇൻഷ്വറൻസിന് കന്നുകാലികളുടെ മതിപ്പുവിലയുടെ നിശ്ചിത ശതമാനം എന്ന കണക്കിലാണ് പ്രീമിയം തുക ഈടാക്കുന്നത്. ഇത് കമ്പനികളുടെ നയത്തിന്റെ ഭാഗമാണ്. എന്നാൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഗോസമൃദ്ധി - എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതിപ്രകാരം പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താൽപര്യപത്രം ക്ഷണിച്ചതിനുശേഷമാണ് പ്രീമിയം തുക നിശ്ചയിക്കുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ ജി.എസ്.ടി. കൂടി ഒഴിവാക്കി മാത്രമാണ് പ്രീമിയം നിരക്ക് നിശ്ചയിക്കുന്നത്. ആയതിനാൽ ക്ഷീരകർഷകർക്ക് സഹായമാകുംവിധം വളരെ കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് ലഭ്യമാണ്.

(സി) ക്ഷീര കർഷകർക്ക് സർക്കാർ നൽകിയിരുന്ന ഇൻഷ്വറൻസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് "ക്ഷീര സാന്ത്വനം" എന്ന പദ്ധതിയിലൂടെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കിയിരുന്നു. കന്നുകാലികൾക്കും ഉടമകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൂടാതെ ക്ഷീരസംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായിട്ടുള്ള 'ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി 2021-22 വർഷംവരെ വകുപ്പിലൂടെ നടപ്പാക്കിവന്നിരുന്നു. ക്ഷീരവികസന വകുപ്പ്, മേഖലാ യൂണിയനുകൾ എന്നിവയുടെ സാമ്പത്തിക പങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കിവന്നിരുന്നത്. എന്നാൽ 2022-23 വർഷം ടി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പുമുഖേന നൽകിയിരുന്ന ഇൻഷ്വറൻസ് അടുത്ത സാമ്പത്തികവർഷം (2023-24) ക്ഷീരകർഷക ക്ഷേമനിധി ബോർഡുവഴി നൽകാനാണുദ്ദേശിക്കുന്നത്. ക്ഷീര കർഷകർക്ക് സർക്കാർ മൃഗസംരക്ഷണ വകുപ്പുവഴി നൽകിയിരുന്ന ഇൻഷ്വറൻസ് നിർത്തലാക്കിയിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടത്തുന്ന ഗോസമൃദ്ധി -

എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതി നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതിയാണ്.

## ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ

20 (*80) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുരക്ഷിതവും സുഗമവുമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) തീർത്ഥാടന വഴികളിലെ യാത്ര സുഗമമാക്കൽ, സന്നിധാനത്ത് അടിസ്ഥാനസൗകര്യം, ശുചിമുറി, ടോയ്‌ലെറ്റ്, പമ്പാതീരം മാലിന്യമുക്തമാക്കൽ, അന്നദാനം, അടിയന്തര ചികിത്സ, ഗതാഗത സൗകര്യം തുടങ്ങിയവയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

(എ&ബി) കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടനകാലം എന്നനിലയിൽ വൻ ഭക്തജന തിരക്കുണ്ടാകുമെന്നത് മുന്നിൽകണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കാലേക്കൂട്ടി നടപടികൾ സ്വീകരിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈക്കൊള്ളേണ്ടതായ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബോർഡ് പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിലും 13-09-2022-ന് യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തുടർന്ന് 14-09-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും റവന്യൂ, ആരോഗ്യം, ജലവിഭവം ഗതാഗതം എന്നീ വകുപ്പുമന്ത്രിമാർ, ബന്ധപ്പെട്ട എം.പി., എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും വിവിധ സർക്കാർ വകുപ്പ് മേധാവികളുടെ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്തിരുന്നു. മേൽപ്പറഞ്ഞ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനായി 17-10-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പമ്പയിൽ യോഗം ചേരുകയുണ്ടായി.

തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-10-2022-ന് എല്ലാ വകുപ്പുകളുടെയും യോഗം വിളിക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. ശബരിമലയിലേയ്ക്ക് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും തീർത്ഥാടകർ ധാരാളമായി എത്തിച്ചേരുമെന്നതിനാൽ ശബരിമലയിൽ സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ സംബന്ധിച്ച് ടി സംസ്ഥാനങ്ങളെ അറിയിക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിക്കുന്നതിനുമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻഡോവ്മെന്റ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം 02-11-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി വിളിച്ചുചേർത്തിരുന്നു. തുടർന്ന് പുനലൂർ, ചെങ്ങന്നൂർ, പന്തളം എന്നീ ഇടത്താവളങ്ങളിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ടി സ്ഥലങ്ങളിൽവച്ച് 10-11-2022-ന് യോഗം ചേരുകയുണ്ടായി. മേൽപ്പറഞ്ഞ അവലോകന യോഗങ്ങൾ കൂടാതെ മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും ശബരിമലയുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ വിളിക്കുകയും തങ്ങളുടെ വകുപ്പുകളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും

ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിലും മറ്റനേകം യോഗങ്ങൾ നടക്കുകയുണ്ടായി.

2022-23-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിനും ശുചീകരണ പ്രവർത്തനങ്ങളും സ്ക്വാഡ് പ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി ഐ.എ.എസ്. കേഡറിലുള്ള ഒരുദ്യോഗസ്ഥനെ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി സർക്കാർ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റുമാരെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെയും നിയോഗിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലയളവിൽ ഭക്തർക്കായി ഒരുക്കിയിട്ടുള്ള പ്രധാന സേവനങ്ങൾ, സൗകര്യങ്ങൾ, ക്രമീകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മിൽമ പാലിന്റെ വിലവർദ്ധനവ്

21 (*81) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽമ പാലിന് വില വർദ്ധനവിലൂടെ ലഭിക്കുന്ന തുക കർഷകന് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പാലിന്റെ വിൽപ്പന വില ലിറ്ററിന് 6 രൂപവച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര പദാർത്ഥങ്ങളും അടങ്ങിയ ഗുണനിലവാരമുള്ള പാൽ കർഷകർ സംഘത്തിൽ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള

ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽനിന്നും ക്ഷീരസഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീരസംഘങ്ങളിൽനിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്.

പുതിയ സംഭരണവില 01-12-2022 മുതൽ നടപ്പിൽ വരുത്തുന്നതാണെന്നുകാണിച്ച് സംഘങ്ങൾക്ക് ഫെഡറേഷൻ സർക്കുലറുകൾ നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്നുവരുന്നത്. ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീരവികസന ഓഫീസർമാരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) പാലിന്റെ കൊഴുപ്പനുസരിച്ച് കർഷകരെ വിവിധ തട്ടുകളിലാക്കി പട്ടിക തിരിച്ചാണ് മിൽമ പണം നൽകുന്നതെന്നത് വസ്തുതയാണോ?

ക്ഷീരസംഘത്തിൽ ലഭിക്കുന്ന പാലിന്റെ ഗുണനിലവാരത്തിനനുസരിച്ച് വില ലഭിക്കുന്ന രീതിയിലാണ് മിൽമ പാൽ വില ചാർട്ട് തയ്യാറാക്കിയിരിക്കുന്നത്. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര

പദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര പദാർത്ഥങ്ങളും അടങ്ങിയ ഗുണനിലവാരമുള്ള പാലിന് മേഖലാ യൂണിയനുകൾ ലിറ്ററിന് 6.07 രൂപ വില വർദ്ധനവ് സംഘങ്ങൾക്ക് നൽകുമ്പോൾ സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്നരീതിയിൽ ഗുണനിലവാരത്തിനനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീയമായാണ് തയ്യാറാക്കിയിരിക്കുന്നത്.

(സി) ഓരോ മേഖലയിലും കാലാവസ്ഥയനുസരിച്ച് പാലിന്റെ കൊഴുപ്പിലുണ്ടാകുന്ന വ്യതിയാനം കാരണം കർഷകന് രണ്ടോ മൂന്നോ രൂപ മാത്രമേ അധികമായി ലഭിക്കുകയുള്ളൂവെന്നുള്ള ക്ഷീരകർഷകരുടെ ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീരകർഷക ക്ഷേമനിധി

ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര പദാർത്ഥങ്ങളും അടങ്ങിയ ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽനിന്നും ക്ഷീരസഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീരസംഘങ്ങളിൽനിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലായൂണിയനുകളിലും എത്തിച്ചിട്ടുണ്ട്.

പുതിയ സംഭരണവില 01-12-2022 മുതൽ നടപ്പിൽ വരുത്തുന്നതാണെന്നുകാണിച്ച് ഫെഡറേഷൻ സർക്കുലറുകൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്നുവരുന്നത്.

ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീരവികസന ഓഫീസർമാരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ശരാശരിയായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര പദാർത്ഥങ്ങളും അടങ്ങിയ ഗുണനിലവാരമുള്ള പാലിന് മേഖലാ യൂണിയനുകൾ ലിറ്ററിന് 6.07 രൂപ വില വർദ്ധനവ് സംഘങ്ങൾക്ക് നൽകുമ്പോൾ സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്നരീതിയിൽ ഗുണനിലവാരത്തിനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീമായാണ് തയ്യാറാക്കിയിരിക്കുന്നത്. നിയമവിധേയമായേ പ്രവർത്തിക്കാനാകു എന്നുള്ളതിനാൽ ഗുണനിലവാരം കുറഞ്ഞ പാലിന് ആനുപാതികമായി വില നൽകാനേ മിൽമയ്ക്ക് സാധിക്കു.

**കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ഭദ്രത**

22 (*82) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ ചെലവാകുന്നതിന്റെ 44 ശതമാനം തുകമാത്രം ഈടാക്കിക്കൊണ്ട് ജലവിതരണം നടത്തുന്നതുവഴി ഈ വർഷം കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വിടവ് എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്?

സംഭരണ ശുദ്ധീകരണ വിതരണവുമായി ബന്ധപ്പെട്ട് ആയിരം ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 22.85 രൂപ ചെലവുവരുന്നു. കുടിവെള്ള വിതരണംവഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ആയിരം ലിറ്ററിന് ഏകദേശം 10.92 രൂപയാണ്. അതായത് ആയിരം ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. ഏറ്റവും കുറഞ്ഞ താരിഫായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽനിന്നും വാങ്ങുന്നത് ഒരു കിലോലിറ്ററിന് (1000 ലിറ്റർ) 4.41/-രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി കേരള വാട്ടർ അതോറിറ്റി റവന്യൂകമ്മിയിലാണ് പ്രവർത്തിക്കുന്നത്. കേരള വാട്ടർ അതോറിറ്റി 2022-23 തനത് സാമ്പത്തിക വർഷത്തെമാത്രം വരവും

ചെലവും പരിഗണിക്കുമ്പോൾ റവന്യൂ വിടവ് 316.10 കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം പരാതിക്കിടയില്ലാതെ നടപ്പാക്കിയിട്ടുണ്ടോ; ഇതുവഴി കുടിശ്ശികയുൾപ്പെടെ അധിക ചെലവ് എത്രയെന്നാണ് കണക്കാക്കിയിരിക്കുന്നത്?

വാട്ടർ അതോറിറ്റിയുടെ ശമ്പളപരിഷ്കരണം 25-10-2022-ലെ സ.ഉ. (അച്ചടി) നം.23/2022/ജ.വി.വ. പ്രകാരം നടപ്പാക്കി ഉത്തരവായിട്ടുണ്ട്. കുടിശ്ശികയുൾപ്പെടെ 138.65 കോടി രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന കാര്യക്ഷമതയ്ക്ക് കോട്ടം തട്ടാത്തരീതിയിൽ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് അധിക ബാധ്യതയുണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കാമോയെന്ന് പരിശോധിച്ചുവരികയാണ്. അത്തരം പരിശോധനയുടെ ഭാഗമായ നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്**

23 (*83) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ഇ-ഗ്രാന്റ് ആനുകൂല്യം ലഭിക്കാത്തതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇ-ഗ്രാന്റ് ആനുകൂല്യം വിദ്യാർത്ഥികൾക്ക് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പുതുക്കിയ നിബന്ധനകൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതിനാലാണ് കാലതാമസം നേരിട്ടത്. നിലവിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഒ.ഇ.സി. വിഭാഗ വിദ്യാർത്ഥികൾക്ക് വകയിരുത്തിയിട്ടുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ 60 ശതമാനവും ഒ.ബി.സി. 93 ശതമാനവും എസ്.സി. 47.59 ശതമാനവും എസ്.റ്റി. 47.33 ശതമാനവും ബഡ്ജറ്റ് തുക ചെലവഴിച്ചിട്ടുണ്ട്.

(സി) ഇ-ഗ്രാന്റ് ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്കവിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ് ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗക്കാർക്കായുള്ള ഹോം പദ്ധതി

24 (*84) ശ്രീ. എ. രാജ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത് മികച്ച ജീവിത സാഹചര്യം സൃഷ്ടിക്കാൻ ആവിഷ്കരിച്ചിട്ടുള്ള ഹോം (ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ്

ഫോർ എംപവർമെന്റ്) പദ്ധതി പ്രവൃത്തിപഥത്തിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് " HOME" (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാരെയും പ്രാക്തന ഗോത്ര വർഗ്ഗങ്ങളെയും രണ്ടാംഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബ്ബല വിഭാഗങ്ങളെയും മൂന്നാംഘട്ടത്തിൽ മറ്റ് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെയുമാണ് പരിഗണിക്കുന്നത്. നിലവിൽ പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങൾക്കായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് 19-08-2022-ലെ സ.ഉ. (കൈ)നം.40/2022/പജ.പവ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) വീടും ഭൂമിയും ലഭ്യമാക്കുന്നതിനുപുറമെ സുസ്ഥിരവരുമാനം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ?

ഗുണഭോക്തൃ പട്ടികയിലുൾപ്പെടുന്ന കുടുംബങ്ങളെ മുഖ്യധാരയിലെത്തിക്കുന്നതിന് നിലവിൽ വകുപ്പുമുഖേന നടപ്പാക്കുന്ന പദ്ധതികളിൽനിന്നും അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് നൽകുന്നതിനാണ് വിഭാവനം ചെയ്യുന്നത്. കൃഷി ഭൂമി വാങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ ഗുണഭോക്താക്കൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളവയാണ്.

(സി) കുടുംബാധിഷ്ഠിത ആസൂത്രണം പ്രാവർത്തികമാക്കുന്നതിനുവേണ്ട വിവരസമാഹരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡം വിശദമാക്കാമോ?

പ്രാരംഭഘട്ടമെന്ന നിലയിൽ, സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പട്ടികയിലുൾപ്പെട്ട അതിദരിദ്രരായ പട്ടികവിഭാഗ കുടുംബങ്ങളെ കണ്ടെത്തുകയും പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 19-08-2022-ലെ സ.ഉ.(കൈ) നം.40/2022/പജ.പവ.വി.വ. പ്രകാരം അനുമതി

നൽകിയിട്ടുള്ള പദ്ധതിയിൽ പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ച് ഉപജാതികളിലുൾപ്പെട്ടിട്ടുള്ളവരെയാണ് പരിഗണിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം, വരുമാനം 25,000/- രൂപയോ അതിൽത്താഴെയോ ഉള്ള കുടുംബം, എ.എ.വൈ. കാർഡുള്ള കുടുംബം, 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം, വനിതകൾ മാത്രമുള്ള കുടുംബം, ഭിന്നശേഷിക്കാർ/ കിടപ്പുരോഗികൾ/ മാരകരോഗങ്ങൾ ബാധിച്ചവരുള്ള കുടുംബം, ഭർത്താവ് നഷ്ടപ്പെട്ട/ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം, വരുമാനമാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷൻ ഒഴികെ) എന്നീ 8 ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്. മറ്റ് വിഭാഗങ്ങൾക്ക് പ്രത്യേകമായി പദ്ധതി നടപ്പാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ജൽ ജീവൻ പദ്ധതി**

25 (*85) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. പി. മോഹനൻ:</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് നടപ്പാക്കിവരുന്ന ജൽ ജീവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രതിദിന ആളോഹരി ജല ലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ടാപ്പ് കണക്ഷനുകൾവഴി ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019-ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-

21 കാലയളവിലാണ്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എല്ലാ ഗ്രാമീണ വീടുകൾക്കും അതായത് 5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾവഴി കുടിവെള്ളം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളും 2022-23 (03-12-2022 വരെ) കാലയളവിൽ 372517 കണക്ഷനുകളും നൽകിയിട്ടുണ്ട്.

കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും വെള്ളപൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം 03-12-2022-ലെ കണക്കുപ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 31.90 ലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 45.13 ശതമാനമാണ്.

2024-ഓടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. നിലവിൽ 36 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി അയ്യായിരത്തിൽപ്പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 82 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമായിട്ടുണ്ട്.

പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, പൊതുമരാമത്ത്, വനം തുടങ്ങിയ വകുപ്പുകളിൽനിന്നും അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നത് പഞ്ചായത്തുകളുടെ ഏകോപനത്തിലും പങ്കാളിത്തത്തിലുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പാക്കുന്നത്. ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനുശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികളായ സ്ഥലലഭ്യത, മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ തുടങ്ങിയ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, എം.എൽ.എ.-മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ തുടങ്ങിയവരുടെ

നേതൃത്വത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് നിരന്തരമായ അവലോകന യോഗങ്ങൾ നടത്തിയും ആശയവിനിമയത്തിലൂടെയും പരിഹാരം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കെസ്-ന്റെ പ്രവർത്തനം

26 (*86) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം.സച്ചിൻദേവ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ മുഴുവൻ യുവാക്കളെയും സംരംഭകരാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള എംപവർമെന്റ് സൊസൈറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ?

പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലവസരവും വരുമാനവും ഉപജീവനവും ലഭ്യമാക്കുന്നതിന് രൂപം നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് എംപവർമെന്റ് സൊസൈറ്റികൾ.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റുന്നതിനും ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും പിന്തുണയും നൽകി സ്വയംപര്യാപ്തരാക്കുന്നതിനുമായി 2022-23-ലെ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ സംരംഭങ്ങൾക്ക് വൻ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന അവസരങ്ങളിൽ ഗ്യാരന്റി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) കെസ്-ന്റെ ഭാഗമായി ടാലന്റ് സെന്ററുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദേശപഠന സ്കോളർഷിപ്പ്

27 (*87) <u>ശ്രീ. കെ.വി. സുമേഷ്:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ലോകത്തെവിടെയുമുള്ള പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളും കോഴ്സുകളും സമൂഹത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പുകൾ പ്രത്യേകമായ വിദേശപഠന സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ലോകത്തെവിടെയുമുള്ള പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളും കോഴ്സുകളും സമൂഹത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പുകൾ വിദേശപഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദേശ പഠനത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകുമോ?

പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അവർക്ക് ഉയർന്ന ജോലി ലഭിക്കുന്നതിനും വിദേശപഠന

സ്കോളർഷിപ്പ് വളരെയേറെ പ്രയോജനം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 33 പിന്നാക്ക വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

(സി) എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ?

എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. എം.ഫിൽ., പി.എച്ച്.ഡി. തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി./ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എച്ച്.ഡി., എം.ഫിൽ. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 33-ൽനിന്ന് 40 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഇക്കോ ടൂറിസം ഡയറക്ടറേറ്റ് രൂപീകരണം

28 (*88) ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതിക്ക് കോട്ടം തട്ടാത്തതരത്തിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും ഈ മേഖലയിലെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതിക്ക് കോട്ടം തട്ടാത്തവിധം പരിസ്ഥിതി സൗഹാർദ്ദപരമായി 60 ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. നിലവിലെ വനനിയമങ്ങൾക്കും വർക്കിംഗ് പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കും അനുസൃതമായാണ് ടി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. എല്ലാ വർഷവും ഇക്കോട്ടൂറിസം പ്ലാൻ ബഡ്ജറ്റ് ശീർഷകത്തിൽ സർക്കാർ അനുവദിക്കുന്ന തുക, ടൂറിസം വകുപ്പിൽനിന്നുമുള്ള സാമ്പത്തികസഹായം, ഇക്കോസിസ്റ്റം

മാനേജ്മെന്റ് ഫണ്ട് (EMF)-ൽനിന്നുള്ള തുക തുടങ്ങിയവ പ്രയോജനപ്പെടുത്തി പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത ഇക്കോട്ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിനും ഈ മേഖലയിലെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായുള്ള വനവികസന ഏജൻസികളും സംസ്ഥാന തലത്തിൽ സംസ്ഥാന വനവികസന ഏജൻസിയും ഇക്കോട്ടൂറിസം ക്ലിയറിംഗ് കമ്മിറ്റിയും വിലയിരുത്തിവരുന്നുണ്ട്.

ഇക്കോട്ടൂറിസം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും പാരിസ്ഥിതികാഘാതം കുറയ്ക്കുന്നതിനുമായി ഓരോ ഇക്കോട്ടൂറിസം പദ്ധതി പ്രദേശത്തിനുമായി സന്ദർശക വാഹകശേഷി പഠനം (Carrying Capacity Study) നടത്തിവരുന്നുണ്ട്. കൂടാതെ സന്ദർശക സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്ദർശക ബാഹുല്യമുള്ളതും പ്രധാനപ്പെട്ടതുമായ 27 ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ നാഷണൽ സേഫ്റ്റി കൗൺസിൽവഴി സുരക്ഷാ വിലയിരുത്തൽ (Safety Audit) നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം

വിവിധ ഏജൻസികൾ, സഹകരണസംഘം എന്നിവയുടെ നിയന്ത്രണങ്ങളോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. വനം വകുപ്പിന്റെയും സർക്കാരിന്റെയും വിവിധ തലങ്ങളിൽ നടക്കുന്ന യോഗങ്ങളിൽ ഇവയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്.

(ബി) ഇതിനായി ഇക്കോടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലെ വനമേഖലയിലെ ഇക്കോടൂറിസം സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും ഇക്കോടൂറിസം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ശിപാർശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം ഇക്കോടൂറിസം ഡയറക്ടറേറ്റിന്റെ രൂപീകരണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ സമിതി ശിപാർശ ചെയ്തപ്രകാരം ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വനമേഖലയിലെ വിനോദസഞ്ചാരവും ഇക്കോടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പും ഇക്കോടൂറിസം

ഡയറക്ടറേറ്റിനുകീഴിൽ കൊണ്ടുവരുന്നതിന്റെ പ്രയോജനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മേൽപ്പറഞ്ഞപ്രകാരം വിവിധ ഏജൻസികൾ, സഹകരണ സംഘം എന്നിവയുടെ നിയന്ത്രണത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ വിപുലീകരിക്കുന്നതിനും പുതിയ ഇക്കോടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക, സ്വദേശ-വിദേശ സഞ്ചാരികളിൽ ഇതുസംബന്ധിച്ച വിവരങ്ങളെത്തിക്കൽ, പദ്ധതി നടത്തിപ്പിനായി സാമ്പത്തിക സ്രോതസ്സ് കണ്ടെത്തൽ/സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തൽ തുടങ്ങി വിവിധ പ്രയോജനങ്ങളുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും

29 (*89) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയും അതിലൂടെ അവർക്ക് സാമൂഹ്യ, സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ നയപരിപാടികൾക്കനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയും അതിലൂടെ അവർക്ക് സാമൂഹ്യ, സാമ്പത്തിക ഉന്നമനവും ഉറപ്പുവരുത്തുന്നതിനായി പ്രീ-പ്രൈമറിതലം മുതൽ വിദേശത്തുപോയി ഉന്നത വിദ്യാഭ്യാസം നടത്തുന്നതുവരെയുള്ള വിവിധ പരിപാടികൾ വകുപ്പ് നടപ്പാക്കിവരുന്നു. ഇത് കൈവരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച നയപരിപാടികൾ ഏകോപിപ്പിക്കുന്നതിനും കൃത്യമായ അവലോകനങ്ങളിലൂടെ പദ്ധതി വിജയം കൈവരിക്കുന്നതിനും വകുപ്പിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, അടിസ്ഥാനവികസനം എന്നീ മേഖലകളിൽ വകുപ്പ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി

3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കമ്മ്യൂണിറ്റി കോളേജ്, മെഡിക്കൽ കോളേജ്, ഐ.ടി.ഐ.

5. ഇതര സംസ്ഥാന പഠനം

6. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി

7. മത്സര പരീക്ഷകളിൽ വിജയിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശന പരിശീലനത്തിനും പ്രവേശനത്തിലെ പ്രാരംഭ ചെലവുകൾക്കും ധനസഹായം

9. വിവിധ പൊതുപ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം

10. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം

11. ലാപ്ടോപ്പ് വിതരണം

12. പഠനമുറി പദ്ധതി

13. മെന്റർ ടീച്ചർ പദ്ധതി

14. വിദ്യാവാഹിനി പദ്ധതി

15. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

16. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി

17. നൈപുണ്യ വികസന പരിശീലന പരിപാടികൾ

18. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

19. പ്രത്യേക പ്രോത്സാഹന സമ്മാനം

20. നൃത്ത സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം

21. സ്റ്റാർട്ടപ്പ് ഡ്രീംസ്

22. ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതി

(സി) ഈ വിഭാഗങ്ങളിൽനിന്നുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും അവസരം നൽകുന്നതിനും അതിലൂടെ തൊഴിൽരംഗത്തെ മാറിയ സാഹചര്യത്തിനനുസരിച്ച് അവരെ പ്രാപ്തരാക്കുന്നതിനും നടത്തിവരുന്ന പരിപാടികൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്നതരത്തിലുള്ള വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ

തൊഴിലധിഷ്ഠിത നൈപുണ്യവികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനം

30 (*90) ശ്രീമതി ഒ. എസ്. അംബിക:
ഡോ. കെ. ടി. ജലീൽ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം ഇല്ലാതാക്കി അവർക്ക് മികച്ച ജീവിതം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പാക്കുന്ന ഹോം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രവികസനത്തിനും ശാക്തീകരണത്തിനുമായി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി പട്ടികജാതികളിലെ വിവിധ വിഭാഗങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് " HOME" (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ, അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്രവിഭാഗങ്ങളെയും രണ്ടാംഘട്ടത്തിൽ, ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാംഘട്ടത്തിൽ, മറ്റ് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവരശേഖരണം

നടത്താനാണുദ്ദേശിക്കുന്നത്. നിലവിൽ പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങളുടെ സർവ്വേയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19-08-2022-ലെ സ.ഉ.(കൈ) നം.40/2022/പജ.പവ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം, വരുമാനം 25,000/- രൂപയോ അതിൽത്താഴെയോ ഉള്ള കുടുംബം, എ.എ.വൈ. കാർഡുള്ള കുടുംബം, 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം, വനിതകൾ മാത്രമുള്ള കുടുംബം, ഭിന്നശേഷിക്കാർ/കിടപ്പുരോഗികൾ/ മാരകരോഗങ്ങൾ ബാധിച്ചവരുള്ള കുടുംബം, ഭർത്താവ് നഷ്ടപ്പെട്ട/ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം, വരുമാനമാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷനൊഴികെ) എന്നീ 8 ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് 19-08-2022-ലെ സർക്കാർ ഉത്തരവിൻപ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം

1 (862) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാസയോഗ്യമല്ലാത്തതും വീട് ഭാഗികമായി തകർന്നതുമായ പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനപൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതിപ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് രണ്ടുലക്ഷം രൂപനിരക്കിലും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് രണ്ടര ലക്ഷം രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്നുണ്ട്. നടപ്പ് സാമ്പത്തികവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7000 ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ട 1500 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരായവരുടെ ലിസ്റ്റ്**

2 (863) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭവന-ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർ ലൈഫ് പദ്ധതിയുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോയെന്ന വിവരം ലഭ്യമാണോ; എങ്കിൽ ആയതുസംബന്ധിച്ച വിശദവിവരം അറിയിക്കുമോ?

(എ&ബി) ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികപ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സേഫ് പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3 (864) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളുടെ വീടുകൾ നന്നാക്കുന്നതിനുള്ള സേഫ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയിൽനിന്നും സഹായങ്ങൾ ലഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

(എ&ബി) ഉണ്ട്. 27-09-2022-ലെ സ.ഉ. (സാധാ) നമ്പർ 990/2022/പജ.പവ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചാണ് പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+.

(സി) എത്ര രൂപയാണ് പദ്ധതി മുഖേന ഒരു കുടുംബത്തിന് ലഭിക്കുക?

രണ്ടുലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താവിന് അനുവദിക്കുന്ന പരമാവധി ധനസഹായ തുക.

(ഡി) ഏതൊക്കെ ഇനങ്ങൾക്കാണ് പ്രസ്തുത പദ്ധതിപ്രകാരം സഹായം അനുവദിക്കുക; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽക്കൂര പൂർത്തീകരണം, ശുചിത്വ ടോയ്‌ലെറ്റ് നിർമ്മാണം, ഭിത്തികൾ ബലപ്പെടുത്തൽ, വാതിലുകളും ജനലുകളും സ്ഥാപിക്കൽ, അടുക്കള നവീകരണം- കിച്ചൺ സ്ലാബ്, ഷെൽഫ്, പാചക സൗകര്യം ഉൾപ്പെടെയുള്ളവ, ഫ്ലോറിംഗ്- ടൈൽ പാകൽ അഭികാമ്യം, സമ്പൂർണ്ണ പ്ലാസ്റ്ററിംഗ്/വൈറ്റ് വാഷ്/ചുമർ പെയിന്റിംഗ് (മുൻവശമെങ്കിലും), ഇലക്ട്രിക്കൽ-വയറിംഗ്, ഇ.എൽ.സി.ബി., ഫാൻ, ലൈറ്റ് സ്ഥാപിക്കൽ, പ്ലംബിംഗ്-പ്ലംബിംഗ് ചെയ്ത വീട്ടിനുള്ളിൽ അടുക്കളയിലും ടോയ്‌ലെറ്റിലും വെള്ളം പൈപ്പുവഴി ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കുക എന്നീ നിർമ്മാണ ഘടകങ്ങളാണ് ഈ പദ്ധതിപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്.

## എസ്.സി. വിഭാഗങ്ങൾക്കായി നിർമ്മിച്ചുനൽകിയ വീടുകൾ

4 (865) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വകുപ്പുമുഖേന 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എസ്.സി. വിഭാഗങ്ങൾക്കായി നിർമ്മിച്ചുനൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ വകുപ്പുമുഖേന എസ്.സി. വിഭാഗങ്ങൾക്കായി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് എസ്.സി. വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിവരുന്നത്. ലൈഫ് മിഷൻ മുഖേന എസ്.സി. വിഭാഗങ്ങൾക്ക് അനുവദിക്കുന്ന നാലുലക്ഷം രൂപയിൽ ഒരു ലക്ഷം രൂപ വകുപ്പിന്റെ വിഹിതമായി അനുവദിക്കുന്നു. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പിറവം നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**

5 (866) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ വീട്/സ്ഥലം ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്നും ഇവർക്ക് വീട്, സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിൽ ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലില്ല. 2020 ലൈഫ് മിഷൻ ലിസ്റ്റിൽ വീട്/സ്ഥലം എന്നിവയില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ മുൻഗണനാടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം മലയാറ്റൂർ, ആവോലി, പുത്തൻകുരിശ് എന്നീ വില്ലേജുകളിലായി 6.72 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ആയത് പ്ലോട്ടുകളായി തിരിക്കുന്നതിനായി മൂവാറ്റുപുഴ, ഫോർട്ട്കൊച്ചി, റവന്യൂ ഡിവിഷണൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് അർഹരായ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, മറ്റുള്ളവരെ ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിലുൾപ്പെടുത്തി ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നുമുണ്ട്.

**പട്ടികവർഗ്ഗ വകുപ്പ് പദ്ധതികൾ**

6 (867) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ, സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർ, വൈദ്യുതീകരിച്ച വീടില്ലാത്ത കുടുംബങ്ങൾ, സ്വന്തമായി കക്കൂസില്ലാത്ത കുടുംബങ്ങൾ എന്നിവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പുമുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണത്തിനായി SAFE പദ്ധതി, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക്

ഭൂമി നൽകുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി എന്നിവ നടപ്പാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് ശുചിത്വ കക്കൂസ് നിർമ്മിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ., അനർട്ട് എന്നിവ മുഖേന കോളനികൾ വൈദ്യുതീകരിക്കുന്നതിനും പദ്ധതികൾ നടപ്പാക്കിവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം

7 (868) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ തരംതിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയാണ് നിലവിൽ ഭവനരഹിതരായ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കൂടാതെ ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബ്ബല വിഭാഗങ്ങൾക്ക് വകുപ്പുവഴി നടപ്പാക്കുന്ന ദുർബ്ബല

പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തിയും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നു. ടി.ആർ.ഡി.എം. മുഖേനയും ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് അനുവദിക്കുന്നു.

**ആദിവാസി പുനരധിവാസ മിഷൻ**

8 (869) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി പതിച്ചുനൽകുന്നതിനായി ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ?

ഉണ്ട്.

(ബി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽനിന്ന് എത്രപേരാണ് ഗുണഭോക്താക്കളായുള്ളതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽനിന്നും 9 പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജനകീയ കമ്മിറ്റിയുടെ അംഗീകാരത്തോടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

9 (870) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നിലവിലുള്ള പട്ടികവർഗ്ഗക്കാരായ ഭൂരഹിത-ഭവനരഹിതരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ സംസ്ഥാനത്ത് പട്ടികജാതിക്കാരായ 67720 ഭവനരഹിതരും 46731 ഭൂരഹിതരുമുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവർക്ക് ഭൂമിയും ഭവനവും നൽകുന്നതിനായി ലൈഫ് പദ്ധതി കൂടാതെ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇവരിൽ എത്ര കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമിയും ഭവനവും നൽകിയെന്നും ഇനിയും എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 5468 പേർക്ക് ഭവനനിർമ്മാണത്തിന് ധനസഹായവും വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവ മുഖേന 39276 പേർക്ക് 49094.35 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ ഭൂരഹിത-ഭവനരഹിതർ 8272 പേരുണ്ട്.

പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി അനുവദിക്കുന്നു. ആയതുപ്രകാരം നടപ്പ് സാമ്പത്തികവർഷം 4500 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ ലക്ഷ്യമിടുന്നു. ആയതിൽ 1016 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു. ഭവനനിർമ്മാണ ധനസഹായം പൂർണ്ണമായും ലൈഫ് മിഷൻ മുഖേന നടപ്പാക്കുന്നതിനാൽ ലൈഫ് 2020 പ്രകാരമുള്ള ലിസ്റ്റിലെ ഭവനരഹിതർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് 15-11-2022-ലെ സ.ഉ. (സാധാ)നം. 2806/2022/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ലൈഫ് മിഷൻ

സ്വീകരിച്ചുവരുന്നു. 45715 ഭൂരഹിത കുടുംബങ്ങൾക്കും 67720 ഭവനരഹിത കുടുംബങ്ങൾക്കും ആനുകൂല്യം നൽകാൻ നിലവിൽ അവശേഷിക്കുന്നു.

(സി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വന ഭൂമി പതിച്ചുനല്കാൻ പദ്ധതി

10 (871) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പതിച്ചുനൽകുന്നതിന് 275.13 ഏക്കർ നിക്ഷിപ്ത വനഭൂമി വനം വകുപ്പ് റവന്യൂ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന് കൈമാറി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നൽകുന്നതിനുള്ള ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; ഉണ്ടെങ്കിൽ അന്തിമ ലിസ്റ്റിലുള്ള ഭൂരഹിതരുടെ പേരും വിലാസവും ഉൾപ്പെടെയുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ?

വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിയ 275.15 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനായി പട്ടികവർഗ്ഗക്കാരിൽനിന്നും അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയുടെ കരട് ലിസ്റ്റിന്മേൽ ടി.ആർ.ഡി.എം. റവന്യൂ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടന്നുവരുന്നു. അന്തിമപട്ടിക തയ്യാറായിട്ടില്ല.

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് പ്രസ്തുത ജനകീയ കമ്മിറ്റിയിലുൾപ്പെട്ടിട്ടുള്ളതെന്നും അവരുടെ ഉദ്യോഗവും പേരുവിവരങ്ങളും ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉണ്ട്. അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ എന്നാണ് രൂപീകരിച്ചതെന്നും കമ്മിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോഗങ്ങൾ എന്നൊക്കെയാണ് ചേർന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

18-06-2022-ന് ജനകീയ കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ യോഗം ചേർന്നിട്ടില്ല.

**ഭൂരഹിത പുനരധിവാസ പദ്ധതിയിൻ കീഴിലുള്ള ഭൂമിയുടെ കൈമാറ്റം**

11 (872) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന ഭൂമി, ഭവനം എന്നിവ കുടുംബാംഗങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ അസുഖത്തിന്റെ ചികിത്സ, പെൺമക്കളുടെ വിവാഹം തുടങ്ങി ജീവിതത്തിൽ എന്ത് പ്രതിസന്ധിയുണ്ടായാലും വിൽക്കാനോ കൈമാറാനോ പണയം വയ്ക്കാനോ കഴിയാത്തത് പിന്നാക്കക്കാരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രതിസന്ധിയുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്കായി വകുപ്പുമുഖേന അനുവദിക്കുന്ന ഭൂമിയും വീടും ഗുണഭോക്താവിന്റെ ഭവനനിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖല/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ വായ്പയ്ക്കായി പണയപ്പെടുത്തുന്നതിന് 10-03-2022-ലെ സ.ഉ.(കൈ)നം. 13/2022/പജ.പവ.വി.വ. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പട്ടികവർഗ്ഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ചികിത്സാധനസഹായം വകുപ്പ് നൽകിവരുന്നുണ്ട്. ഗുരുതരമായ അസുഖങ്ങൾക്ക് പ്രത്യേക ഉത്തരവുകളിലൂടെയും ധനസഹായം അനുവദിക്കുന്നു. നിർദ്ധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് വ്യവസ്ഥകൾക്ക് വിധേയമായി വിവാഹ ധനസഹായവും അനുവദിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ആനുകൂല്യം**

12 (873) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അർഹരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനനിർമ്മാണ ആനുകൂല്യം നൽകുന്നതിന് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. വിവിധ പദ്ധതികളിലൂടെ നിർമ്മാണമാരംഭിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകൾ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാംഘട്ടത്തിലുൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണ ധനസഹായവും ലൈഫ് മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ആർജ്ജിക്കുന്നതിനുള്ള ധനസഹായവും അനുവദിച്ചുവരുന്നു.

ഇതിനുപുറമേ ടി.ആർ.ഡി.എം. മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിക്കുന്നുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 2021-22, 2022-23 വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ലൈഫ് മിഷൻ മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് 278 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 300 കോടി രൂപയും ലൈഫ് മിഷന് നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഈ ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 140 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 140 കോടി രൂപ ലൈഫ് മിഷന് അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരുമ്പാവൂർ മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

13 (874) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നുമുള്ള കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് അവരുടെ മുൻഗണനാക്രമം അടിസ്ഥാനമാക്കി ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരധിവസിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭവനരഹിതരമായ പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ചുനൽകിയ വീടുകൾ**

14 (875) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എസ്.ടി. വകുപ്പുമുഖേന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ചുനൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

2016-17 വർഷം മുതൽ നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന വിവിധ പദ്ധതികളിലുൾപ്പെടുത്തി 3321 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷം മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവനനിർമ്മാണം നടത്തിവരുന്നത്. ഭവനനിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **പൂർത്തീകരിച്ച വീടുകൾ** | **ചെലവഴിച്ച തുക (രൂപ ലക്ഷം)** |
|---|---|---|
| 2016-17 | 555 | 4629.36 |
| 2017-18 | 384 | 11482.35 |
| 2018-19 | 277 | 13784.85 |
| 2019-20 | 507 | 7609.91 |
| 2020-21 | 616 | 6163.54 |
| 2021-22 | 745 | 5129.63 |
| 2022-23 (03-12-2022 വരെ) | 237 | 2653.77 |
| **ആകെ** | **3321** | **51,453.41** |

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ

15 (876) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതരും ഭവനരഹിതരുമുണ്ടെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 426 ഭൂരഹിതരും 1113 ഭവനരഹിതരുമുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂമിയുള്ള ഭവനരഹിതരില്ല. എന്നാൽ ഭൂരഹിത ഭവനരഹിതരായ 2 കുടുംബങ്ങളുണ്ട്.

**വട്ടച്ചിറ ആദിവാസി കോളനി നിവാസികൾക്കുള്ള ഭവന പദ്ധതി**

16 (877) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വട്ടച്ചിറ ആദിവാസി കോളനിയിലെ നിവാസികൾക്ക് ഭവനനിർമ്മാണ പദ്ധതിയിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇനിയും എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കുമോ?

വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ ഭവനനിർമ്മാണ പദ്ധതിയിൽ 19 വീടുകൾ അനുവദിച്ചതിൽ 12 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 7 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്.

(ബി) ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഭവനനിർമ്മാണം നടത്തേണ്ട സ്ഥലത്ത് മണ്ണ് നീക്കം ചെയ്ത് സൈറ്റ് ലെവലിംഗ് പ്രവൃത്തികൾ പൂർത്തിയാക്കേണ്ടിയിരുന്നതിനാലാണ് ചില ഭവനങ്ങളുടെ നിർമ്മാണത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്.

(സി) ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഭവനനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുണ്ടറ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

17 (878) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദീകരിക്കാമോ;

(ബി) കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്കായി അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും ആയത് നാളിതുവരെയും ആരംഭിക്കാത്തതെന്തുകൊണ്ടാണെന്നും വിശദമാക്കുമോ?

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**കുറ്റ്യാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

18 (879) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച അംബേദ്കർ ഗ്രാമം പദ്ധതികളുടെ നിലവിലെ അവസ്ഥ കോളനി തിരിച്ച് വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതിയിലുൾപ്പെട്ടതും കരാർ കാലാവധി കഴിഞ്ഞും പൂർത്തിയാക്കാൻ സാധിക്കാത്തതുമായ ഏതൊക്കെ പ്രവൃത്തികളുണ്ടെന്ന് അറിയിക്കാമോ; ഇത്തരത്തിലുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെന്തൊക്കെയെന്ന് അറിയിക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി 2016-17-ലുൾപ്പെട്ട തുരുത്തി എസ്.സി. കോളനിയുടെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫുഡ്പാത്ത് (3 എണ്ണം), റോഡ് (2 എണ്ണം), കിണർ നിർമ്മാണം (1 എണ്ണം), ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കുന്ന പ്രവൃത്തി എന്നിവ ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

അംബേദ്കർ ഗ്രാമവികസന പദ്ധതി 2019-20-ലുൾപ്പെട്ട മൂഴിക്കൽ ഐ.എച്ച്.ഡി.പി. കോളനി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാളാഞ്ഞി കുളങ്ങരത്ത് പട്ടികജാതി കോളനിയുടെയും വേളം ഗ്രാമപഞ്ചായത്തിലെ ചോയിമഠം കോളനിയുടെയും പ്രവൃത്തികൾ എന്ന് ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി 2021-22-ലുൾപ്പെടുത്തിയിരുന്ന ചോയിമഠം കോളനി ഫീസിബിളല്ലാത്തതിനാൽ ടി കോളനിയെ മാറ്റി പകരം എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള കുളിക്കുന്ന് കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള വാളാഞ്ഞി കുളങ്ങരത്ത്, കുളിക്കുന്ന് എന്നീ കോളനി പ്രവൃത്തികളുടെ ഏജൻസി തീരുമാനമായിട്ടില്ല.

## പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികജാതി -പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ

19 (880) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് അംബേദ്കർ ഗ്രാമവികസന പദ്ധതിയും കോർപ്പസ് ഫണ്ടും ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്ന കോളനികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | അംബേദ്കർ ഗ്രാമം 2021-22 | ആഴമല IHDP കോളനി | 1 കോടി | എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. |
| 2 | അംബേദ്കർ ഗ്രാമം 2021-22 | മൂക്കൻപെട്ടി IHDP കോളനി | 1 കോടി | എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. |
| 3 | കോർപ്പസ് ഫണ്ട് 2021-22 | ചെരുവിൽ SC കോളനി | 12,09,000 | വഴി തർക്കംമൂലം കേസിലുൾപ്പെട്ടതിനാൽ പണി ആരംഭിച്ചിട്ടില്ല. |

പട്ടികവർഗ്ഗ വികസന വകുപ്പ് പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൊമ്പുകുത്തി, എരുത്വാപ്പുഴ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തി സമഗ്രവികസനം നടത്തിവരുന്നു. മടുക്ക ആദിവാസി

പുനരധിവാസ മേഖലയിലെ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ഭവന പുനരുദ്ധാരണ പദ്ധതിയും നടപ്പാക്കിവരുന്നു.

പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

20 (881) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2017 മുതൽ നാളിതുവരെ അനുവദിച്ച കോളനി നവീകരണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും നിർമ്മാണം ഏറ്റെടുത്ത ഏജൻസികൾ ഏതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മങ്കട മണ്ഡലത്തിലെ മുഴുവൻ പട്ടികജാതി വീടുകളിലും വൈദ്യുതി കണക്ഷൻ

21 (882) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ കോളനിയിലും എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. മങ്കട ബ്ലോക്ക് പരിധിയിൽപ്പെട്ട കുറുവ ഗ്രാമപഞ്ചായത്തിലെ കളത്തിൽ ചാളയ്ക്കൽ പട്ടികജാതി കോളനിയിലെ വീട്ടുനമ്പർ ലഭിക്കാത്ത 2 വീടുകളിലും മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ മുതുമ്മൽകുന്ന് പട്ടികജാതി കോളനിയിലെ ഒരു വീട്ടിലും പടക്കേകുളമ്പ് കോളനിയിലെ ഒരു വീട്ടിലും പെരിന്തൽമണ്ണ ബ്ലോക്ക് പരിധിയിൽപ്പെട്ട അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ഇല്ലത്തുപറമ്പിൽ, പട്ടിക്കുന്ന്, ചെങ്ങോട്, പൂഴിക്കുന്ന് എന്നീ പട്ടികജാതി കോളനികളിലെ ഓരോ വീടിലുമുൾപ്പെടെ 8 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുമോ; വിശദമാക്കുമോ?

വ്യക്തിഗത വൈദ്യുതി കണക്ഷൻ അനുവദിക്കുന്ന പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ**

22 (883) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം കോളനി വികസന പദ്ധതിയിലുൾപ്പെട്ട എസ്.സി./എസ്.ടി. കോളനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പുത്തിഗെ പഞ്ചായത്തിലെ ബാഡൂർ എസ്.സി. കോളനി, മംഗൽപ്പാടി പഞ്ചായത്തിലെ പുളിക്കുത്തി എസ്.സി. കോളനി എന്നിവ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം കോളനി വികസന പദ്ധതിയിലും ബെരിക്കുഞ്ചെ

പട്ടികവർഗ്ഗ കോളനി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കിവരുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസി കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രവും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസി പുത്തിഗെ ഗ്രാമപഞ്ചായത്തുമാണ്.

(ഡി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ആറ്റിങ്ങൽ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

23 (884) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തത്; വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്താനാകാത്തതും സാങ്കേതിക ബുദ്ധിമുട്ടുകൾ നിമിത്തം, വാട്ടർ ടാങ്കുകളെക്കാൾ ഉയർന്ന പ്രദേശമായതിനാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കില്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചതുമായ പട്ടികജാതി സങ്കേതങ്ങൾ നിയോജകമണ്ഡലത്തിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. അറകുലപ്പാറ കോളനി-വണ്ടന്നൂർ (പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്), കൊളാമ്പിവിള കോളനി (നഗരൂർ ഗ്രാമപഞ്ചായത്ത്), വലത്തുകോണം കോളനി (കരവാരം ഗ്രാമപഞ്ചായത്ത്) എന്നിവയാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്താനാകാത്തതും വാട്ടർ ടാങ്കുകളെക്കാൾ ഉയർന്ന പ്രദേശമായതിനാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കില്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചതുമായ പട്ടികജാതി കോളനികൾ.

## കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

24 (885) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ അനുമതി ലഭ്യമായ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റെയും നിലവിലെ സ്ഥിതി പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ആരംഭിക്കാനാകാത്തവ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പന്തപ്ര ആദിവാസി കോളനി പുനരധിവാസ പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25 (886) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പന്തപ്ര ആദിവാസി കോളനി പുനരധിവാസ പദ്ധതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പന്തപ്ര ആദിവാസി കോളനിയിൽ റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതി, സോളാർ ഫെൻസിംഗ്, വൈദ്യുതീകരണം, ഭവനനിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് പദ്ധതി തിരിച്ച് വിശദമാക്കുമോ?

| **പദ്ധതി** | **അനുവദിച്ച തുക** |
|---|---|
| റോഡ് നിർമ്മാണം | 37,50,000/-രൂപ |
| കുടിവെള്ള പദ്ധതി | 48,00,000/-രൂപ |
| സോളാർ ഫെൻസിംഗ് | 8,00,000/-രൂപ |
| വൈദ്യുതീകരണം | 42,68,500/-രൂപ |
| ഭവനനിർമ്മാണം | 1,56,12,518/-രൂപ |

(സി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കുടിവെള്ള പദ്ധതി, സോളാർ ഫെൻസിംഗ്, വൈദ്യുതീകരണം എന്നീ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. റോഡ് നിർമ്മാണം, ഭവനനിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിന് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പന്തപ്രയിൽ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത് പട്ടികവർഗ്ഗ ഗോത്രജീവിക സ്വാശ്രയ സംഘങ്ങൾ മുഖേനയാണ്. 57 വീടുകളിൽ 55 വീടുകളുടെ മേൽക്കൂര കോൺക്രീറ്റ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭവനനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

26 (887) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന കോളനി പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽനിന്നും പുത്തൻപുരയിൽ കോളനി, ചാലയ്ക്കൽ കോളനി (2016-17), കിഴക്കേമുറ്റം കോളനി (2019-20), മങ്ങാട്ട് കോളനി (2021-22) എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. ഇതിൽ പുത്തൻപുരയിൽ കോളനി, ചാലയ്ക്കൽ കോളനി എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഴക്കേമുറ്റം കോളനി നവീകരണത്തിൽ ഉൾപ്പെടുത്തിയിരുന്ന രണ്ട് റോഡ് വർക്കുകളിൽ ഒരു റോഡ് പൂർത്തീകരിക്കുകയും രണ്ടാമത്തെ റോഡ് കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. മങ്ങാട്ട് കോളനി

നവീകരണവുമായി ബന്ധപ്പെട്ട് ആദ്യ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് കഴിഞ്ഞു. നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

27 (888) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിൽ പാറശ്ശാല ബ്ലോക്ക് പരിധിയിൽ പാറശ്ശാല പഞ്ചായത്ത് മാത്രമാണുള്ളത്. പട്ടികജാതി വികസന വകുപ്പിന്റെ 2020 മുതൽ 2022 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് ടി പഞ്ചായത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുമുഖേന

പട്ടികജാതി കുടുംബങ്ങളുടെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പദ്ധതി പ്രകാരം 2018-22 കാലയളവിൽ 27 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽ പെരുങ്കടവിള ബ്ലോക്ക് പരിധിയിൽ 2019-20 മുതൽ 2021-22 വരെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽനിന്ന് പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ചുനൽകിയ ഭവനനിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്തവർക്ക് ഭവന പൂർത്തീകരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ ശോചനീയാവസ്ഥയിലുള്ള വീടുകളുടെ പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് പട്ടികജാതി വികസന വകുപ്പ് 2022-23 വർഷം SAFE (Scheme Accommodation And Facility Enhancement) എന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് 2021-22-ൽ ആനുകൂല്യം നൽകിയവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ 20 വീടുകൾക്കും ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 3 വീടുകൾക്കും വെള്ളറട ഗ്രാമപഞ്ചായത്തിലെ ഒരു വീടിനും ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; നിർമ്മാണം ആരംഭിക്കാത്ത കോളനികളിൽ അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി വികസന വകുപ്പ്</u>

പാറശ്ശാല നിയോജകമണ്ഡലത്തിൽ പാറശ്ശാല ബ്ലോക്കിൽ മലഞ്ചുറ്റ് കോളനി അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് എടുക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരുങ്കടവിള ബ്ലോക്കിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ എ.കെ.ജി. കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിപ്രകാരം

കോളനിയിൽ നടപ്പാക്കേണ്ട നവീകരണ പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുന്നതിനായി എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്രസ്തുത നിയോജകമണ്ഡലത്തിലെ തെന്മല പട്ടികവർഗ്ഗ സങ്കേതത്തെ 2017-18-ൽ അംബേദ്കർ സമഗ്ര വികസന പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പൂരവിമല -തേക്കിൻമൂട് റോഡ് ഇന്റർലോക്ക് - രണ്ടാം ഘട്ടം, പീയണിപ്പാറ - കണ്ണമാമ്മൂട് റോഡ് ഇന്റർലോക്ക് - രണ്ടാം ഘട്ടം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**തൃക്കാക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

28 (889) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ കോളനിയിലും എത്ര പട്ടികജാതി കുടുംബങ്ങൾ വീതമുണ്ടെന്നുള്ള വിശദാംശം നൽകുമോ;

(സി) ഇതിൽ ഏതെല്ലാം കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നുള്ള വിവരം ലഭ്യമാക്കുമോ?

(എ-സി) തൃക്കാക്കര നിയോജകമണ്ഡലത്തിൽ ആകെയുള്ള 18 പട്ടികജാതി കോളനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ടി കോളനികളിൽ കണ്ണങ്കേരി കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി**

29 (890) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം ഊരുകൂട്ടങ്ങളാണ് അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന പട്ടികവർഗ്ഗ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

1. വാങ്ങാട്-വാച്ചാൽ (പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്ത്)

2. കക്കറ (എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി&സി) 12-08-2022-നചേർന്ന ഊരുകൂട്ട തീരുമാനപ്രകാരം അടിയന്തരമായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സമഗ്ര കോളനി വികസന പദ്ധതി

30 (891) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര കോളനി വികസന പദ്ധതി നടപ്പാക്കുന്ന ചാക്കുടി-കടമ്പ്രവാരം കോളനിയിൽ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ള ചാക്കുടി-കടമ്പ്രവാരം കോളനി വികസന പദ്ധതിക്കായി സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 1,21,51,000/- രൂപ, പ്രസ്തുത പദ്ധതിപ്രകാരം അനുവദനീയമായിട്ടുള്ള ഒരു കോടി രൂപയിൽ കൂടുതലായതിനാൽ ടി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളിൽ വാട്ടർ പൈപ്പ്, പ്ലംബിംഗ് വർക്ക്സ് എന്നിവ ഒഴിവാക്കി ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയ പുതിയ എസ്റ്റിമേറ്റ് സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് കാലതാമസം കൂടാതെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ കോളനികളുടെ നവീകരണം

31 (892) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഭക്ഷ്യസഹായ പദ്ധതി: പാലമേൽ, വള്ളിക്കുന്നം ഗ്രാമപഞ്ചായത്തുകളിലെ 20 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മൺസൂൺ കാലത്ത് ഫുഡ്സപ്പോർട്ട് പദ്ധതിപ്രകാരം ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓണസമ്മാന വിതരണം: പാലമേൽ, വള്ളിക്കുന്നം ഗ്രാമപഞ്ചായത്തുകളിലെ 60 വയസ്സിനുമുകളിൽ പ്രായമുള്ള 6 പട്ടികവർഗ്ഗക്കാർക്ക് ഓണസമ്മാനമായി 1000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

വിവാഹധനസഹായ പദ്ധതി: വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് വിവാഹധനസഹായ പദ്ധതിപ്രകാരം ഒരുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്വയംതൊഴിൽ പദ്ധതി: പാലമേൽ ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് സ്വയംതൊഴിൽ ചെയ്യുന്നതിന് മരംവെട്ട് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്.

ചികിത്സാ ധനസഹായ പദ്ധതി: നൂറനാട് ഗ്രാമപഞ്ചായത്തിലെ രണ്ട് പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായമായി 8000/- രൂപ അനുവദിച്ചിട്ടുണ്ട്.

ജനനീ ജന്മരക്ഷ പദ്ധതി: തഴക്കര ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് ജനനി ജന്മരക്ഷ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മാവേലിക്കര മണ്ഡലത്തിലെ കോളനികളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോളനികളുടെ നവീകരണത്തിന് പൊതുവായ പദ്ധതികൾ നടപ്പാക്കിയിട്ടില്ലെങ്കിലും മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം, പാലമേൽ പഞ്ചായത്തുകളിൽ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിച്ച 10 കുടുംബങ്ങൾക്ക് വീട് നിർമ്മാണം, കുടിവെള്ള പദ്ധതി, സ്വയംതൊഴിൽ പദ്ധതി എന്നിവ പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വള്ളികുന്നത്ത് പുനരധിവസിപ്പിച്ച ആറ് കുടുംബങ്ങൾക്ക് കാർഷികാവശ്യങ്ങൾക്കായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3,00,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

**മുണ്ടുമല കോളനി നവീകരണ പദ്ധതി**

32 (893) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെട്ട മുണ്ടുമല കോളനി നവീകരണവുമായി ബന്ധപ്പെട്ട ഏജൻസിയെ പുതുക്കി നിശ്ചയിക്കുന്ന ഭരണാനുമതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പ്രസ്തുത പ്രവൃത്തിയിൽനിന്നും പിന്മാറിയതിനാൽ ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ KEL (Kerala Electrical & Allied Engineering Company Limited)-നെ നിർവ്വഹണ ചുമതല ഏൽപ്പിച്ച്

അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനം

33 (894) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനത്തിലുൾപ്പെടുത്തിയ കോളനികളുടെ വിവരം ലഭ്യമാക്കാമോ;

(ബി) മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) 2019-20 വർഷത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ അംബേദ്കർ കോളനിയെ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയ ജില്ലാ നിർമ്മിതി കേന്ദ്രം ഇത്തരം പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കാലതാമസം ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് യോഗം ചേരുകയും പദ്ധതി ആരംഭിക്കുന്നതിലേയ്ക്കുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഇ) ഇത്തരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

അവലോകന യോഗങ്ങളിലൂടെയും വിവിധ തട്ടുകളിലുള്ള പരിശോധനകളിലൂടെയും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആറളം ആദിവാസി പുനരധിവാസ മേഖലകളിലെ നബാർഡ് പ്രവൃത്തികൾ

34 (895) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറളം ആദിവാസി പുനരധിവാസ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് നബാർഡ് സ്കീമിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ച് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണം അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ആറളം ആദിവാസി പുനരധിവാസ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കോവിഡ് പ്രതിസന്ധി കാരണവും പ്രതികൂല കാലാവസ്ഥമൂലവും കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നബാർഡ് XXII സ്കീമിലുൾപ്പെട്ട ആറളം സമഗ്രവികസന പദ്ധതിക്ക് 42.68 കോടി രൂപയുടെ ഭരണാനുമതിയും 38.02 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. കിറ്റ്കോ നിർവ്വഹണ ഏജൻസിയായ ഈ പദ്ധതി 38.02 കോടി രൂപക്ക് വെസ്റ്റ് കൺസ്ട്രക്ട് എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്തത്. 25-02-2019 മുതൽ 18 മാസമായിരുന്നു കാലാവധി. പദ്ധതി നിർമ്മാണം പുരോഗമിച്ചുവന്ന അവസരത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിലെ ചില ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടും ചില ഘടകങ്ങൾ അധികമായി

ഉൾപ്പെടുത്തികൊണ്ടും എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നത് നിർമ്മാണ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. നബാർഡ് - ആർ.ഐ.ഡി.എഫ്.-XXII പദ്ധതിയുടെ കാലാവധി 31-03-2023 വരെ നീട്ടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നബാർഡ് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

35 (896) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഏതൊക്കെ എസ്.സി. കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തി നടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊടുവള്ളി നഗരസഭ - പട്ടികവർഗ്ഗ കോളനി നിവാസികൾക്കായുള്ള വികസന പ്രവർത്തനങ്ങൾ

36 (897) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നഗരസഭയിലെ കരുവില്ലിക്കാവ്, പൂവ്വറമ്മൽ പട്ടികവർഗ്ഗ കോളനി നിവാസികളുടെ വികസന പ്രവർത്തനങ്ങൾക്കായി ടി.എസ്.പി. ഫണ്ട് വകയിരുത്താത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് അർഹമായ ഫണ്ട് വകയിരുത്താതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) ഉണ്ട്. നഗരസഭകൾക്ക് ഫണ്ട് വകയിരുത്തുന്നത് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയല്ല.

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) കോളനി നിവാസികളുടെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട ഫണ്ട് വകയിരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

(സി&ഡി) പട്ടികവർഗ്ഗ വികസനത്തിന് പ്രധാനമായും ഫണ്ട് വകയിരുത്തുന്നത് പട്ടികവർഗ്ഗ വികസന വകുപ്പുവഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും എം.പി., എം.എൽ.എ. ഫണ്ട് തുടങ്ങിയവ വഴിയുമാണ്. വകുപ്പിന്റെ ഫണ്ട് ബഡ്ജറ്റിൽ അംഗീകരിച്ചുകൊണ്ടാണ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. മറ്റ് ഫണ്ടുകൾ അതത് വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്.

**തരൂർ മണ്ഡലത്തിലെ കോട്ടായി കുംഭാരകോളനി നിർമ്മാണം**

37 (898) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ കോട്ടായിയിൽ കുംഭാരകോളനി നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) കുംഭാരകോളനി നിർമ്മാണം സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) 2022-23 വർഷം ലഭിച്ച അപേക്ഷകൾ പരിശോധിച്ചശേഷം അർഹതാ മാനദണ്ഡപ്രകാരമുള്ള അപേക്ഷകൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇവയിൽ തരൂർ നിയോജകമണ്ഡലത്തിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ പുളിനെല്ലി കുംഭാരകോളനി ഉൾപ്പെടുത്തിയിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം**

38 (899) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2016 മുതൽ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള എസ്.സി. കോളനികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശവും പൂർത്തീകരിച്ച നടപടിയും അറിയിക്കാമോ?

(എ&ബി) പരപ്പനങ്ങാടി നഗരസഭയിലെ അയ്യങ്കാളി കോളനി, മീൻകുഴി നഗരിയിലെ കറി കോളനി, തിരൂരങ്ങാടി നഗരസഭയിലെ

കണ്ണാടിത്തടം പട്ടികജാതി കോളനി, കൊട്ടുവാലക്കാട് പട്ടികജാതി കോളനി എന്നീ കോളനികളെയാണ് 2016 മുതൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. 2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള അയ്യങ്കാളി പട്ടികജാതി കോളനിയിലെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചെങ്കിലും മൂന്നുതവണ ടെണ്ടർ വിളിച്ചിട്ടും ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ലെന്ന് നിർവ്വഹണ ഏജൻസിയായ KAICO അറിയിച്ചിട്ടുണ്ട്. മീൻകുഴി നഗരിയിലെ കറി കോളനിയിൽ അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള 60 ശതമാനത്തിലധികം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-2022 വർഷത്തിൽ തെരഞ്ഞെടുത്ത കണ്ണാടിത്തടം, കൊട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികൾ ഫീസിബിളല്ലാത്തതിനാൽ പദ്ധതി നിർവ്വഹണം സാദ്ധ്യമല്ല.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം**

39 (900) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിലെ ചായ്യോത്ത്, രാവണീശ്വരം, മൈക്കാനം എന്നീ പട്ടികജാതി കോളനികളെയും വടക്കേമൂല പനങ്ങാട് കോളനി, പള്ളം പടക്ക എലിനോട്ടുകയ കോളനി എന്നീ പട്ടികവർഗ്ഗ കോളനികളെയും സമഗ്രവികസനത്തിനായി അംബേദ്കർ ഗ്രാമം/സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിട്ടും ഏറ്റെടുത്ത സ്ഥാപനങ്ങൾ/ഏജൻസികൾ യഥാസമയം പ്രവൃത്തി ആരംഭിക്കാതെയോ പൂർത്തീകരിക്കാതെയോ എസ്റ്റിമേറ്റ് സമർപ്പിക്കാതെയോ ഉള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>പട്ടികജാതി വികസന വകുപ്പ്</u>: അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കോളനികളിൽ ചായ്യോത്ത് കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രാവണീശ്വരം കോളനിയിൽ പദ്ധതി നടത്തിപ്പിലേയ്ക്കായുള്ള സ്ഥല ലഭ്യത സംബന്ധിച്ച തടസ്സങ്ങൾകൊണ്ടും കോളനി നിവാസികളിൽനിന്നും പരാതികൾ ഉയർന്നതിനാലും പദ്ധതി

ആരംഭിക്കുന്നതിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. നിലവിൽ തടസ്സങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് തെരഞ്ഞെടുത്തിരുന്ന മൈക്കാനം കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്: വടക്കേമൂല പനങ്ങാട് കോളനി, പള്ളം പടക്ക എലിനോട്ടുകയ കോളനി എന്നീ പട്ടികവർഗ്ഗ കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടത്തുന്നതിനായുള്ള പദ്ധതി രൂപീകരണത്തിനുള്ള പ്രത്യേക ഊരുകൂട്ടം 08-04-2022-ന് ചേർന്നിരുന്നു. ഡി.പി.ആർ. നാളിതുവരെ ലഭ്യമായിട്ടില്ല.

**കോങ്ങാട് പട്ടികജാതി കോളനികളിലെ വിവിധ പദ്ധതികൾ**

40 (901) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ചിറയിൻകീഴ് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

41 (902) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ അനുവദിച്ച കോളനി നവീകരണ പ്രവൃത്തികളുടെ വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്നും ആയത് വിനിയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളേതെല്ലാമാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മഞ്ഞനക്കാട് കോളനിയുടെ പുനരുദ്ധാരണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

42 (903) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ പഞ്ചായത്തിലെ മഞ്ഞനക്കാട് കോളനിയുടെ പ്രളയ പുനരുദ്ധാരണ പ്രവൃത്തികൾ, എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിലവിലെ ഡി.എസ്.ആർ. പ്രകാരമുള്ള അഡീഷണൽ കൺവേയൻസ് ചാർജ്ജുകൊണ്ടുമാത്രം നടപ്പാക്കാൻ കഴിയില്ലെന്ന അവരുടെ റിപ്പോർട്ടിന്റെയും ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത മോണിറ്ററിംഗ് കമ്മിറ്റി യോഗതീരുമാനം മിനിറ്റ്സിൽ തെറ്റായി രേഖപ്പെടുത്തിയതിനാലും നാളിതുവരെ തുക വിനിയോഗിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കോളനിയിലെ കുടുംബങ്ങളുടെ സ്ഥിതി കണക്കിലെടുത്ത് പ്രളയത്തിൽ തകർന്ന കോളനിയുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മേൽവിഷയം സംബന്ധിച്ച് 11-10-2022-ന് വകുപ്പുമന്ത്രിക്ക് സമർപ്പിച്ച കത്തിൽ (ഇ-6627190/2022) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(ബി&സി) അഡീഷണൽ കൺവേയൻസ് ചാർജ്ജില്ലാതെ പദ്ധതി തുടങ്ങാൻ സാധിക്കില്ലെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചതിനാൽ, ടി ഏജൻസിയെ മാറ്റി മറ്റേതെങ്കിലും സർക്കാർ അക്രെഡിറ്റഡ് ഏജൻസിയെ ചുമതല ഏൽപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈപ്പിൻ എം.എൽ.എ. നൽകിയ കത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 24-10-2022-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

43 (904) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ

കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി നെന്മാറ നിയോജകമണ്ഡലത്തിൽനിന്നും ചൂരിക്കാട് മൂപ്പർപൊറ്റ, കക്കാട്ടുകുന്ന് എന്നീ 2 പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. KEL ആണ് നിർവ്വഹണ ഏജൻസി. ടി പദ്ധതികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

44 (905) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളേതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ

പദ്ധതിക്കും എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥയെന്തെന്ന് വിശദീകരിക്കാമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ആദിവാസി മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

45 (906) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചുനൽകാനുള്ള നടപടി സ്വീകരിക്കുമെന്ന എൽ.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകാനുള്ള റവന്യൂ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവ മുഖേന നാളിതുവരെ 39276 പേർക്ക് 49094.35 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ആദിവാസി കോളനികളിൽ വൈദ്യുതിയും കുടിവെള്ളവും എത്തിക്കാനും ശുചിമുറികൾ നിർമ്മിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പട്ടികവർഗ്ഗ കോളനികളിൽ ഇനിയും വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. മുഖേനയും അനെർട്ട് മുഖേനയും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെയും അനെർട്ടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതി, ശുചിമുറികൾ എന്നിവ നടപ്പാക്കുന്നതിന് 25 ലക്ഷം രൂപയ്ക്കുതാഴെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ

അനുമതിയോടെ ജില്ലയിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പാക്കിവരുന്നു. 25 ലക്ഷം രൂപയ്ക്കുമുകളിൽ വരുന്ന തുകയ്ക്കുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പാക്കിവരുന്നു.

(സി) എത്ര കോളനികളിൽ ഇനിയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുണ്ടെന്നത് ജില്ല തിരിച്ച് വിവരിക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന സഹായം**

46 (907) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൽഫ് ഫിനാൻസിംഗ് ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ എസ്.സി. വിദ്യാർത്ഥികൾക്കുള്ള പഠന ധനസഹായം നിർത്തിവച്ചിട്ടുണ്ടോ?

(എ&ബി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷനിൽ അഡ്മിഷനായ പ്രൊഫഷണൽ ബിരുദ

വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷനിൽ അഡ്മിഷനായ നോൺ പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികളുടെ വരുമാനം 2.5 ലക്ഷം രൂപയ്ക്ക് താഴെയാണെങ്കിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷനാകുന്ന പ്രൊഫഷണൽ/നോൺപ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നില്ല.

(സി) സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠന ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം

47 (908) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും ധനസഹായ പദ്ധതികളോ/മറ്റ് പദ്ധതികളോ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിന് ഓവർസീസ് സ്കോളർഷിപ്പ് നടപ്പാക്കിയിട്ടുണ്ട്. ബിരുദപഠനത്തിന് 50% മാർക്കിനുമുകളിലുള്ളതും 35 വയസ്സിനുതാഴെയുള്ളതും IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡുള്ളതും വിദേശ സർവ്വകലാശാലകളിൽനിന്നും ഓഫർ ലറ്റർ ലഭിച്ചിട്ടുള്ളതുമായ പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. വിമാനയാത്രാക്കൂലി, മെഡിക്കൽ ഇൻഷ്വറൻസ്, ട്യൂഷൻ ഫീ, ഹോസ്റ്റൽ ഫീ, ലിവിംഗ് എക്സ്പെൻസസ്, വിസ ചാർജ്ജ് എന്നിവയ്ക്കായി പരമാവധി 25 ലക്ഷം രൂപ അനുവദിക്കുന്നു. സയൻസ്, എം.ബി.എ., എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചറൽ

സയൻസ്, അപ്ലൈഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ വിഷയങ്ങളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിൽ-ന് തുല്യമായവ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. TIMES-ന്റെ ലോകറാങ്കിന്റെ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷനാകുന്നവർക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സ് ചെയ്യുന്നതിന് മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സൗകര്യം

48 (909) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ ജോലികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഭാഷാപഠനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ അറിയിക്കുമോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ഈ വർഷം പ്രസ്തുത സൗകര്യം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഭാഷാപഠനത്തിന് 100 പേർക്ക് IELTS പരിശീലനവും 100 പേർക്ക് OET പരിശീലനവും നൽകുന്നതിനായി 79,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

(സി) വകുപ്പ് നേരിട്ട് സെന്ററുകളിലൂടെ പരിശീലനം ഏർപ്പെടുത്തിയിരിക്കുകയാണോ അതോ സ്വകാര്യ സെന്ററുകളിൽ പരിശീലനം തേടുന്നതിന് ഗ്രാന്റ് അനുവദിക്കുകയാണോ ചെയ്യുന്നതെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പരിശീലനത്തിനായി സംസ്ഥാന സർക്കാരിനുകീഴിലെ ODEPC മുഖാന്തരം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ

പരിശീലനത്തിനായി സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എല്ലാ ജില്ലകളിലും തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി വകുപ്പ് നേരിട്ട് ഭാഷാപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

എല്ലാ ജില്ലകളിലും തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി വകുപ്പ് നേരിട്ട് ഭാഷാപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

49 (910) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതിപ്രകാരം 2021-22 അദ്ധ്യയനവർഷം 275 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 1110 പട്ടികജാതി വിദ്യാർത്ഥികൾക്കും ലാപ്ടോപ് അനുവദിച്ചിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷവും ലാപ്ടോപ് നൽകുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം നാളിതുവരെ 28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചിട്ടുണ്ട്.

## സാമൂഹ്യ പഠനമുറി പദ്ധതി

50 (911) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്രപേർക്ക് ഇതിന്റെ സഹായം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 350 പട്ടികവർഗ്ഗ കോളനികളിൽ 350 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരികയാണ്. ചുരുങ്ങിയത് 20 പട്ടികവർഗ്ഗ

വിദ്യാർത്ഥികളെങ്കിലുമുള്ള സങ്കേതങ്ങളിലാണ് സാമൂഹ്യ പഠനമുറികൾ സജ്ജീകരിച്ചിട്ടുള്ളത്. ഈ സാമ്പത്തികവർഷം 5,13,46,216/- രൂപ ഈ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമുഖേന സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കുന്നില്ല. വീടുകളോടുചേർന്ന് പഠനമുറികളാണ് നിർമ്മിച്ചുനൽകുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

51 (912) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഏതെല്ലാം ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ട്; എത്ര മാസത്തെ കുടിശ്ശികയാണുള്ളത്; പ്രസ്തുത ആനുകൂല്യങ്ങൾ കുടിശ്ശികയാകാൻ കാരണമെന്താണ്; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2022-23 അദ്ധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 3 മാസത്തെ തുക കുടിശ്ശികയായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ്

സ്കോളർഷിപ്പ് പോർട്ടൽ പി.എഫ്.എം.എസ്.-ഉം ആയി ഇന്റഗ്രേറ്റ് ചെയ്യാൻ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത ഇന്റഗ്രേഷൻ നടപടികൾക്കുള്ള സാങ്കേതിക സഹായം കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള കാലതാമസമാണ് സാങ്കേതിക ക്രമീകരണങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടത്. പട്ടികജാതി വികസന വകുപ്പ് സാങ്കേതിക ക്രമീകരണങ്ങൾ പൂർത്തിയാക്കി അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഇന്റഗ്രേഷൻ നടപടികൾ അന്തിമഘട്ടത്തിലാണ്.

## നെന്മാറയിൽ കോളേജ്

52 (913) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ നെന്മാറയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കാർഷിക കോളേജിനുവേണ്ടി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ ലോണെടുത്തതുമായി

ബന്ധപ്പെട്ട് ഇപ്പോൾ എസ്.ബി.ഐ.-യുടെ കൈവശത്തിലാണ്. സ്ഥാപനത്തിന്റെ കൈവശാവകാശം, ഉടമസ്ഥാവകാശം എന്നിവ എസ്.ബി.ഐ.-യിൽ നിക്ഷിപ്തമായതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വയനാട് ജില്ലയിലെ ഗോത്രസാരഥി പദ്ധതി**

53 (914) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഗോത്രസാരഥി പദ്ധതിയിലുൾപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കയ്യിൽ ലഭ്യമാണോ;

(ബി) എങ്കിൽ സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വയനാട് ജില്ലയിൽ ഈ അധ്യയന വർഷം പ്രസ്തുത പദ്ധതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പദ്ധതിയിലുൾപ്പെടുന്ന സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും നടത്തിപ്പിലും പ്രധാന പങ്കുവഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് അപര്യാപ്തമായതിനാലും പദ്ധതി നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ടി.എസ്.പി.-യിലുൾപ്പെടുത്തി ഗോത്രസാരഥി പ്രോജക്ട് തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിരുന്നു. അദ്ധ്യയന വർഷാരംഭം പല ഗ്രാമപഞ്ചായത്തുകളും പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വയനാട് പ്രോജക്ട് ഓഫീസർക്കും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കുമായി ആകെ ഈ സാമ്പത്തികവർഷം 100 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. (കൽപ്പറ്റ പ്രോജക്ട് ഓഫീസർക്ക് 16 ലക്ഷം രൂപയും മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് 60 ലക്ഷം രൂപയും സുൽത്താൻബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് 24 ലക്ഷം രൂപയും.)

## ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ പ്രോജക്ട്

54 (915) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സി-ഡിറ്റ് മുഖേന സ്ഥാപിച്ചിരുന്ന സൈബർശ്രീ പദ്ധതിയുടെ പ്രവർത്തനം ഫണ്ടിന്റെ അപര്യാപ്തത കാരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സൈബർശ്രീ അധികൃതർ നൽകിയിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ;

(സി) ആവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിച്ച് ഹരിപ്പാട് സൈബർശ്രീയുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) 19-07-2019-ലെ സ.ഉ. (സാധാ) നം. 754/2019/ പജ.പവ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ Training Programme for Digital Print and Web Designing, Computerized Finance

Management എന്നീ കോഴ്സുകൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം ആകെ 60 വിദ്യാർത്ഥികൾക്ക് 6 മാസം ദൈർഘ്യമുള്ള കോഴ്സുകൾ ചെയ്യുന്നതിന് എം.ഒ.യു. ഒപ്പുവയ്ക്കുന്നമുറയ്ക്ക് 50% തുകയും ട്രെയിനിംഗ് ആരംഭിച്ച് മൂന്നുമാസത്തിനകം ബാക്കിയുള്ള 50% തുകയും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മൂന്ന് ബാച്ചുകളിലായി 39 പേർ മാത്രമേ കോഴ്സ് പൂർത്തീകരിച്ചിരുന്നുള്ളൂ. 39 വിദ്യാർത്ഥികൾക്ക് ആനുപാതികമായ നിരക്കിൽ തുക സ്ഥാപനത്തിന് അനുവദിച്ചുനൽകിയിരുന്നു. എന്നാൽ 21 വിദ്യാർത്ഥികൾക്കുകൂടി കോഴ്സ് തുടർന്ന് ചെയ്യുന്നതിനുള്ള അനുമതിക്കായി 23-08-2022-ൽ സൈബർശ്രീ അപേക്ഷിച്ചതിൻപ്രകാരം ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സാഹചര്യം**

55 (916) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ ആവശ്യത്തിന് പഠനസൗകര്യമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന

സാഹചര്യമൊരുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പുമുഖേന പഠനമുറി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന സിലബസ് കൂടാതെ കേന്ദ്രീയ വിദ്യാലയങ്ങളിലും 8-ാം ക്ലാസ് മുതൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം 120 സ്ക്വയർ ഫീറ്റ് വലുപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകിവരുന്നു. ഗ്രാമസഭ ലഭ്യമാക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി പഠനമുറി പദ്ധതി വ്യാപിപ്പിക്കാൻ ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രീയ വിദ്യാലയത്തിലെ കുട്ടികളെക്കൂടി പ്രസ്തുത പദ്ധതിയുടെ പരിധിയിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നതും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതുമായ പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുകൂടി പഠനമുറി ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ ഊരുകളിൽ പഠനസേവനം ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും സാമൂഹ്യ പഠനമുറികളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിടനിർമ്മാണം**

56 (917) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിടനിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിടത്തിന്റെ അക്കാദമിക് ബ്ലോക്കിന്റെ പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ്, ഇലക്ട്രിക് വർക്കുകൾ, ചുറ്റുമതിൽ എന്നിവ പൂർത്തിയായിവരികയാണ്. ഫ്ലോറിംഗ്, പെയിന്റിംഗ്, പ്ലംബിംഗ്, ജനലുകളും വാതിലുകളും ഫിക്സ് ചെയ്യൽ, ഹോസ്റ്റൽ ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ മെയിൻ സ്ലാബ് സെന്ററിംഗ് ആൻഡ് ഷട്ടറിംഗ് എന്നീ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) കോളേജിന്റെ ശേഷിക്കുന്ന കെട്ടിടനിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനായി പുതിയ കരാറുകാരന് ചുമതല നൽകിക്കൊണ്ടുള്ള ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ ശേഷിക്കുന്ന കെട്ടിടനിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനായി 01-09-2022-ലെ എഗ്രിമെന്റ് നമ്പർ 12/KSCC/GM(E)/TCR പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എഗ്രിമെന്റ് വച്ചിട്ടുള്ളതും ബാലൻസ് പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുള്ളതുമാണ്.

(സി) കെട്ടിടനിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ട തീയതി കരാറിൽ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ആ തീയതി അറിയിക്കുമോ;

(ഡി) 2023-ൽ പുതിയ കെട്ടിടം പ്രവർത്തനയോഗ്യമായി വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഉണ്ട്. 2023 മാർച്ച് മാസത്തോടെ അക്കാദമിക് കെട്ടിടവും കരാർപ്രകാരം കെട്ടിടനിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ട തീയതിയായ 11-12-2023-ന് ഹോസ്റ്റൽ കെട്ടിടം നിർമ്മാണവും പൂർത്തീകരിക്കുമെന്നും ശേഷം വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻവേണ്ട തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**വാമനപുരം മണ്ഡലത്തിലെ ഗോത്രസാരഥി പദ്ധതി**

57 (918) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ സ്കൂളിലും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പദ്ധതിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ചുമതല ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർക്കാണ്. പദ്ധതിക്കാവശ്യമായ വാഹനങ്ങൾ സർക്കാർ നിബന്ധനകൾ പാലിച്ച് ക്രമപ്രകാരം ക്വട്ടേഷനുകൾ ക്ഷണിച്ച്, അംഗീകരിച്ച്, തെരഞ്ഞെടുത്ത് അർഹതപ്പെട്ട വാഹനങ്ങൾക്ക് സ്ഥാപന മേധാവി അനുമതി നൽകി വാഹനയുടമയുമായി കരാറിലേർപ്പെടുന്നു. പദ്ധതിക്കായി തുക വകയിരുത്തിയിട്ടുള്ള തദ്ദേശസ്ഥാപനങ്ങൾ ക്ലെയിമുകൾ നിർവ്വഹണ ഉദ്യോഗസ്ഥനും തുക വകയിരുത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ക്ലെയിമുകൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥനും സമർപ്പിക്കുന്നു. ഇവ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ/ട്രൈബൽ ആഫീസർമാർ പരിശോധിച്ച് ശിപാർശ ചെയ്യുന്നമുറയ്ക്ക് തുക അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എവിടെയെങ്കിലും തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ചില സ്ഥലങ്ങളിൽ നിലവിൽ പദ്ധതിയിൽ തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് അപര്യാപ്തമായതിനാലും പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും സ്കൂളുകളുടെ നടത്തിപ്പിലും പ്രധാന പങ്കുവഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാലും പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ടുപയോഗിച്ച് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ തുക പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കി വകയിരുത്തേണ്ടതുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് 15-10-22-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം പദ്ധതിയിലുൾപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരും (ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് പദ്ധതി നടത്തിപ്പ് സംബന്ധിച്ച കൃത്യത

കണക്കാക്കി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വിവരങ്ങൾ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരിൽനിന്നും ശേഖരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തിയതിനുശേഷം ആവശ്യമെങ്കിൽ അധികതുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

58 (919) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി ഏതൊക്കെ തരത്തിലുള്ള സ്കോളർഷിപ്പുകളാണ് സർക്കാർ നൽകിവരുന്നത്; വിശദാംശം അറിയിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി നൽകുന്ന സ്കോളർഷിപ്പുകൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

3. വിദേശപഠന സ്കോളർഷിപ്പ്

4. പാരലൽ കോളേജ് വിദ്യാഭ്യാസ സ്കോളർഷിപ്പ്

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി

6. സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം

7. ലാപ്ടോപ്

8. മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ്

9. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി

10. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്രസർക്കാർ നൽകിവരുന്ന ഏതെങ്കിലും സ്കോളർഷിപ്പുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

നിർത്തലാക്കിയിട്ടില്ല.

## ശ്രീഅയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

59 (920) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ശ്രീഅയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ശ്രീഅയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് ഇനത്തിൽ 4,24,43,150 രൂപ അനുവദിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം

60 (921) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം

ലഭിക്കുന്നുണ്ടോയെന്ന് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. എന്നാൽ അർഹരായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രവേശനം ലഭിച്ചശേഷം കോഴ്സുകൾ പൂർത്തിയാക്കാത്തവരുണ്ടോ; എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബിരുദ, ബിരുദാനന്തര തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ചിലരെങ്കിലും പ്രവേശനം ലഭിച്ചശേഷം വിവിധ കാരണങ്ങളാൽ കോഴ്സ് പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് കോഴ്സിന്റെ കാലാവധിയിൽത്തന്നെ അധിക പരിശീലനവും പിന്തുണയും നൽകുന്നതിനായി റെമഡിയൽ കോച്ചിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിൽ എം.ബി.ബി.എസ്., ബി.വി.എസ്.സി. എന്നീ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് റിപ്പീറ്റ് ചെയ്യുന്നതിന് മൂന്ന് പ്രാവശ്യംവരെ ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം

അനുവദിക്കുന്നുണ്ട്. സ്വാശ്രയമേഖലയിൽ പഠിക്കുന്നവർക്ക് 3 തവണ റിപ്പീറ്റ് ചെയ്യുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെയുള്ള മറ്റാനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ്**

61 (922) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ബോർഡിംഗ് & ലോഡ്ജിംഗ് ചെലവ് എത്രയാണെന്ന് അറിയിക്കാമോ?

സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500/- രൂപ ബോർഡിംഗ് & ലോഡ്ജിംഗ് ചാർജ്ജായി നൽകിവരുന്നു.

(ബി) ഈ വിഭാഗത്തിൽവരുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് ഇനത്തിൽ ഭീമമായ തുക പ്രതിമാസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ബോർഡിംഗ് & ലോഡ്ജിംഗ് ചെലവ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ**

62 (923) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ പുകയിലത്തോപ്പ് പട്ടികജാതി കോളനിക്കടുത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യിൽ തൊഴിൽ

സാദ്ധ്യതയുള്ള വിഷയത്തിൽ പുതിയ കോഴ്സുകൾകൂടി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദമാക്കുമോ?

(എ&ബി) പരിശോധിച്ചുവരുന്നു.

### കുറ്റിക്കാട് ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്യാൻ നടപടി

63 (924) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിനുകീഴിൽ വരുന്ന ഐ.ടി.ഐ.-കളിൽ എൻ.സി.വി.റ്റി. നിലവാരമുള്ള കോഴ്സുകൾ അനുവദിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അഫിലിയേഷൻ മാനദണ്ഡങ്ങളനുസരിച്ച് 4 കോഴ്സുകളുള്ള ഐ.ടി.ഐ.-കൾക്ക് മിനിമം 1.07 ഏക്കർ സ്ഥലം വേണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രസർക്കാരിന്റെ Ministry of Skill Development & Entrepreneurship-ന്റെ കീഴിൽവരുന്ന Directorate General of Training

(DGT)-ന്റെ ഐ.ടി.ഐ. അഫിലിയേഷൻ മാനദണ്ഡങ്ങളനുസരിച്ച് ഐ.ടി.ഐ.-കൾക്ക് 4 കോഴ്സുകൾ, 1.07 ഏക്കർ സ്ഥലം എന്നിവ നിഷ്കർഷിക്കുന്നുണ്ട്. പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.-കളിലെ അഫിലിയേഷന് ആയത് നിർബന്ധവുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അഫിലിയേഷൻ നോംസ് 2018 പ്രാബല്യത്തിലാകുന്നതിനുമുമ്പ് സ്ഥാപിതമായ ഐ.ടി.ഐ.-കൾക്ക് 4 Trade Criteria നടപ്പിലാക്കേണ്ടതില്ലെന്നും അതിനായി ട്രേഡ്/ബാച്ചുകൾ ആരംഭിക്കുക, പുതിയ സ്ഥലത്തേയ്ക്ക് ഐ.ടി.ഐ.-കൾ മാറ്റുക എന്നീ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ് ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് വ്യക്തമാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളെല്ലാം 2016-നുമുമ്പുള്ള വർഷങ്ങളിലായി സ്ഥാപിതമായവയും അഫിലിയേഷൻ ലഭ്യമായിട്ടുള്ളവയുമാണ്.

(ബി) പൊന്നാനിയിലെ കുറ്റിക്കാട് ഐ.ടി.ഐ.-യിൽ പുതിയ 3 കോഴ്സുകൾകൂടി അനുവദിച്ച് അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗ വിഭാഗക്കാർ

64 (925) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ച് വയസിനും നാൽപ്പത്തിയഞ്ച് വയസിനുമിടയിൽ പ്രായമുള്ള എത്ര പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്; ഇവരിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ള എത്രപേരുണ്ട്; ബിരുദ യോഗ്യതയുള്ള എത്രപേരുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇവരിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നേടിയിട്ടുള്ളവർ, ഐ.ടി. മേഖലയിൽ ജോലി നേടിയിട്ടുള്ളവർ, സ്വകാര്യമേഖലയിൽ ജോലിയെടുക്കുന്നവർ, പാരമ്പര്യമേഖലയിൽ തൊഴിലെടുക്കുന്നവർ എന്നിവരുടെ സ്ത്രീ-പുരുഷ എണ്ണം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) മറുപടി ശേഖരിച്ച് നൽകുന്നതാണ്.

## പിന്നാക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ്

65 (926) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലും പൊതുമേഖല, സർവ്വകലാശാല എന്നിവിടങ്ങളിലും എസ്.സി.-എസ്.ടി. മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയുടെ പ്രാതിനിധ്യം സംബന്ധിച്ച് ഏറ്റവും പുതിയ കണക്കുകൾ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) സർക്കാർ, അർദ്ധസർക്കാർ, വിവിധ കോർപ്പറേഷൻ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ പിന്നാക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് കണ്ടെത്തിയ വിവിധ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിൽ ഇതിനകം സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ഏറ്റവും അവസാനമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചത് ജസ്റ്റിസ് നരേന്ദ്രൻ

അദ്ധ്യക്ഷനായ കമ്മീഷനാണ്. ടി കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് അർഹരായ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണ നഷ്ടമുണ്ടാകാതിരിക്കുന്നതിന് 02-02-2006-ലെ സ.ഉ. (പി) 8/2006/പജ.പവ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**പട്ടികജാതി പട്ടികഗോത്രക്കാർക്കിടയിൽ സംരംഭകത്വം**

66 (927) ശ്രീ. വി. ജോയി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗക്കാർക്കിടയിലെ ഉയർന്നതോതിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ സംസ്ഥാനത്തെ പട്ടിക ഗോത്രവർഗ്ഗക്കാർക്കിടയിലെ ഉയർന്നതോതിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്കിടയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നിതിനും വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർവഴി ലഭിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകളിൽനിന്നും ജില്ലാ വ്യവസായ വാണിജ്യ വകുപ്പുദ്യോഗസ്ഥന്റെ ശിപാർശയിന്മേൽ ജില്ലാതല സമിതിയുടെ അനുമതിയോടെ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ദശയിലാണ്.

പട്ടികജാതി വികസന വകുപ്പിൽ സ്വയംതൊഴിൽ സംരംഭങ്ങളാരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപവരെയും (1/3 സബ്സിഡി) സ്വയംസഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപവരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ് ഇൻകുബേഷൻ, മെന്റർഷിപ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന ഒരു പദ്ധതിയായ സ്റ്റാർട്ടപ് ഡ്രീംസ്, കേരള സ്റ്റാർട്ടപ് മിഷന്റെ സഹകരണത്തോടെ നടപ്പാക്കുന്നു.

(ബി) ഓരോ പഞ്ചായത്തിലും ഇത്തരത്തിലുള്ള യുവാക്കളുടെ സംഘം രൂപീകരിച്ച് വിവിധ മേഖലകളിലെ സംരംഭങ്ങളേറ്റെടുത്ത് നടത്തുന്നതിന്

പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ്ഗ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനുവേണ്ടി ആവശ്യമായ പരിശീലനവും പിന്തുണയും നൽകി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) മികച്ച വിദ്യാഭ്യാസവും അഭിരുചിയുമുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും അതിന്റെ ഭാഗമായി സ്ഥിരശമ്പളത്തോടുകൂടി നല്ല സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തംരീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ കഴിയുന്നുണ്ട്. എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട്

മാനേജ്മെന്റ്, ഓട്ടോഡയഗ്നോസിസ് ആൻഡ് റിപ്പയർ, ഗ്രാഫിക് ഡിസൈനിംഗ് തുടങ്ങി വിവിധ പരിശീലനങ്ങൾ വകുപ്പ് നല്കിവരുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

67 (928) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും 2453 കരാർ/ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. ടി നിയമനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

കരാർ/താൽക്കാലിക നിയമനാടിസ്ഥാനത്തിൽ നിയമിച്ചവർക്ക് 2022 ഒക്ടോബർ മാസത്തിൽ 2,99,04,764/- രൂപ മാറിനൽകിയിട്ടുണ്ട്.

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളെത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 66 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയിട്ടുള്ള കരാർ/താൽക്കാലിക നിയമനങ്ങൾ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകിയാണ് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ വകുപ്പ് നടത്തിയിട്ടുള്ള നിയമനങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിജ്ഞാപനം ക്ഷണിച്ച് സംസ്ഥാനത്ത് പ്രചാരത്തിലുള്ള പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് മുഖേന വ്യാപകപ്രചരണം നടത്തി ഇന്റർവ്യൂ/എഴുത്തുപരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവരുടെ റാങ്ക് പട്ടിക തയ്യാറാക്കിയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന തൊഴിൽ പരിശീലനം

68 (929) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന തൊഴിൽ പരിശീലനത്തിന് അവസരം നൽകുന്നതിനായി പ്രത്യേകമായ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; ഇതനുസരിച്ച് സർക്കാർ തലത്തിൽ നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും ഉറപ്പുവരുത്തി

തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പരമാവധി രണ്ടുവർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാക്കുകവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച

സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. ഇവർക്ക് സർക്കാരിന്റെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 എം.എസ്.ഡബ്ല്യൂ. ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലാർക്കുമാരായും 2400 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ എന്നീ തസ്തികകളിൽ നിയമിക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപനം തുടങ്ങിയ മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും

പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ Training for Career Excellence (TRACE) എന്ന പേരിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. കൂടാതെ, ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ കണ്ടെത്തി സംസ്ഥാന/കേന്ദ്ര/മറ്റ് തൊഴിൽ പരിശീലകരായ ഏജൻസികളുടെ അക്രെഡിറ്റേഷനുള്ള പരിശീലന സ്ഥാപനങ്ങൾവഴി പരിശീലനം നൽകിവരികയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സംസ്ഥാനത്തിനകത്തും പുറത്തും അംഗീകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുതകുന്ന തരത്തിലുള്ള വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ അംഗീകൃത ഏജൻസികൾ മുഖേന വകുപ്പ്

നടപ്പിലാക്കുകയും നൈപുണ്യ വികസന പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദായകരുമാക്കുന്നതിന് പ്രത്യേകമായ എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഉണ്ട്. പട്ടികജാതി വിഭാഗം യുവതീയുവാക്കളെ ഒരേസമയം തൊഴിൽസംരംഭകരും തൊഴിൽദായകരുമാക്കുന്നതിന് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തികസഹായവും പിന്തുണയും നൽകാനുള്ള പദ്ധതിയാണ് കേരള എംപവർമെന്റ് സൊസൈറ്റി. 2022-23-ലെ നയപ്രഖ്യാപനത്തിലുൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഈ വിഷയം പരിശോധിച്ചുവരികയാണ്.

**ഉന്നത വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗക്കാർക്ക് തൊഴിൽ**

69 (930) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെ ഉന്നതവിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെയിടയിൽ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

(എ&ബി) സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ കാരണം പട്ടികവിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസം നേടിവരികയാണ്. ഇത്തരത്തിൽ യോഗ്യത നേടുന്ന മുഴുവൻ പേർക്കും നിലവിൽ ജോലിയിൽ പ്രവേശിക്കാനാവുന്നില്ലെന്നത് വാസ്തവമാണ്. എന്നാൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ പരിശീലനവും പിന്തുണയും നല്കി അവരെ മെച്ചപ്പെട്ട ജോലികൾക്ക് പ്രാപ്തരാക്കുന്നതിനായി ഓണറേറിയം

നല്കി സർക്കാർ സംവിധാനത്തിൽ 2 വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനായി Training for Career Excellence (TRACE) എന്നപേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

(സി) പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പട്ടികവിഭാഗക്കാരിലെ അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി

70 (931) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ യുവതീയുവാക്കൾക്കും ജോലി ലഭ്യമാക്കാൻ നടപ്പിലാക്കുന്ന ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിനുതകുന്ന പ്രത്യേക

ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുകവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 എം.എസ്.ഡബ്ല്യു. ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലാർക്കുമാരായും 2400 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ എന്നീ തസ്തികകളിൽ നിയമിക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപനം തുടങ്ങിയ മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ

വിവിധമേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്നപേരിൽ പദ്ധതി നടപ്പിലാക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുദ്ദേശിക്കുന്നത്.

**വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

71 (932) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തയ്യാറാക്കിയിരിക്കുന്ന ഡാറ്റാ ബേസിലുൾപ്പെട്ടിരിക്കുന്ന യുവതീയുവാക്കളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഏതെല്ലാം വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തയ്യാറാക്കിയിരിക്കുന്ന ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്ത യുവതീയുവാക്കളുടെ എണ്ണം ചുവടെചേർക്കുന്നു.

| | |
|---|---|
| ആലപ്പുഴ | 4 |
| ഇടുക്കി | 29 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 33 |
| കോട്ടയം | 35 |
| കോഴിക്കോട് | 25 |
| പാലക്കാട് | 19 |
| തിരുവനന്തപുരം | 6 |
| വയനാട് | 159 |
| ആകെ | 311 |

എല്ലാ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. 18-നും 28 വയസ്സിനുമിടയിൽ പ്രായമുള്ള എല്ലാ തൊഴിൽരഹിതർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) ഇതുപ്രകാരം എത്രപേർക്ക് നൈപുണ്യ വികസനത്തിലും സാങ്കേതിക മികവിലും പരിശീലനം നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം പരിശീലനം നിലവിൽ ആരംഭിച്ചിട്ടില്ല.

(സി) വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിൽ ലഭിച്ചവരുടെ എണ്ണമെത്രയെന്നും ഈ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് തൊഴിൽ നൽകിയെന്നും വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ തൊഴിൽ ലഭിച്ചവരിൽ തൊഴിലിടങ്ങൾ ഉപേക്ഷിച്ചുപോയവരുണ്ടോ; എങ്കിൽ അവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(സി&ഡി) വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിലവിൽ യുവതീയുവാക്കളുടെ വിവരശേഖരണത്തിന്റെ ഘട്ടത്തിലാണ്.

## കേരള എംപവർമെന്റ് സൊസൈറ്റി

72 (933) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കി മാറ്റുന്നതിനുവേണ്ടി കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലവസരവും വരുമാനവും ഉപജീവനവും ലഭ്യമാക്കുന്നതിനായി രൂപംനൽകിയ പദ്ധതിയാണ് എംപവർമെന്റ് സൊസൈറ്റികൾ. പട്ടികവിഭാഗം യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റുന്നതിനും ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തികസഹായവും പിന്തുണയും നൽകി സ്വയംപര്യാപ്തരാക്കുന്നതിനുമായി 2022-23-ലെ നയപ്രഖ്യാപനത്തിലുൾപ്പെട്ടിട്ടുള്ള ഈ പദ്ധതി രൂപീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) ഭീമമായ തുക നിക്ഷേപിക്കേണ്ടിവരുന്ന പുതിയ സംരംഭങ്ങൾക്ക് പ്രസ്തുത പദ്ധതിപ്രകാരം ധനസമാഹരണത്തിന് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) അഭ്യസ്തവിദ്യരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പദ്ധതിപ്രകാരം തൊഴിലോ സംരംഭമോ ഉറപ്പാക്കുന്നതിന് കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി-ഡി) പദ്ധതി അന്തിമമാക്കുന്ന നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. അതിനുശേഷം മാത്രമേ വിശദാംശങ്ങൾ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

**പട്ടികജാതി വികസന വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

73 (934) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും

എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളെത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽ വിവിധ തസ്തികകളിൽ താത്കാലിക/ദിവസവേതന വ്യവസ്ഥ, കരാർ വ്യവസ്ഥ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വ്യവസ്ഥ എന്നിവയിലായി ആകെ 2333 നിയമനങ്ങൾ നടത്തുകയും അപ്രകാരം നിയമിതരായവർക്ക് ഒക്ടോബർ മാസം 2,73,92,625/- രൂപ അനുവദിച്ചിട്ടുമുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

33 പേരെ നിയമിച്ചിട്ടുണ്ട്. ബാക്കി നിയമനങ്ങൾ അസാപ്/കുടുംബശ്രീ മുഖേനയും പരസ്യം നൽകി കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലും നടത്തിയിട്ടുണ്ട്.

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ പ്രസ്തുത കാലയളവിൽ ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി രണ്ട് താത്കാലിക നിയമനങ്ങൾ നടത്തുകയും അപ്രകാരം നിയമിതരായവർക്ക് ഒക്ടോബർ മാസം 29,050/- രൂപ അനുവദിച്ചിട്ടുമുണ്ട്.

**കോട്ടയം ജില്ലയിലെ എസ്.സി. പ്രൊമോട്ടർ തസ്തിക**

74 (935) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എത്ര എസ്.സി. പ്രൊമോട്ടർ തസ്തികകളാണ് നിലവിലുള്ളതെന്നും അവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ ആകെയുള്ള 87 തസ്തികകളിലും നിലവിൽ എസ്.സി. പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്.

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ അറ്റൻഡന്റ്/ടൈപ്പിസ്റ്റ് തസ്തിക

75 (936) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ അറ്റൻഡന്റ്/ടൈപ്പിസ്റ്റ് തസ്തികകളിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) പത്ത് വർഷത്തിലേറെയായി ഇതേ വകുപ്പിൽ ജോലി ചെയ്യുന്ന പ്രസ്തുത ജീവനക്കാരെ വൈജ്ഞാനിക ഭരണ നിർവ്വഹണത്തിന്റെ പേരിൽ പുനർവിന്യാസം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സർവ്വീസ് സംഘടനകളുടെ അഭിപ്രായം പരിഗണിക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ സർവ്വീസ് പൂർത്തിയാകുന്നതുവരെ തുടരാൻ പ്രസ്തുത ജീവനക്കാർക്ക് അനുമതി നൽകുമോ?

(എ-സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 23-3-2022-ലെ സ.ഉ. (കൈ) നം. 2/2022/ഉ.ഭ.പ.വ. ഉത്തരവുപ്രകാരം വകുപ്പിലെ വൈജ്ഞാനിക ഭരണനിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനും വകുപ്പുതല കമ്മിറ്റി രൂപീകരിച്ചിരുന്നു. പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിലെ തസ്തികകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമായതിനാൽ പട്ടികജാതി വികസന വകുപ്പിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കും ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കും അനുയോജ്യമായ രീതിയിൽ നിലവിലുള്ള തസ്തികകൾക്കുപകരം പുതിയ തസ്തികകളുടെ ആവശ്യകത, തസ്തിക പുനർനിർണ്ണയം, തസ്തിക പുനർനാമകരണം, ആയതിന് കാലോചിതമായി പരിഷ്കരിക്കേണ്ട യോഗ്യതകൾ (പ്രൊമോഷനുവേണ്ടി സേവനകാലയളവിനുള്ളിൽ ആർജ്ജിക്കേണ്ടവയുൾപ്പെടെ), ജോലിയുടെ സ്വഭാവപരിഷ്കാരം, സ്പെഷ്യൽ റൂൾ പരിഷ്കരിക്കേണ്ടവിധം എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

**തരൂർ മണ്ഡലത്തിന് അനുവദിച്ച എസ്.സി. കോർപ്പസ് ഫണ്ട്**

76 (937) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തികവർഷത്തിൽ തരൂർ നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ടുപയോഗിച്ച് പ്രാവർത്തികമാക്കിയ പദ്ധതികളേതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2022-23 സാമ്പത്തികവർഷം തരൂർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് പ്രാവർത്തികമാക്കിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ബ്ലോക്ക് | പദ്ധതി ചെലവ് |
|---|---|---|
| പട്ടരുകുളം റോഡ് നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം. | പെരിങ്ങോട്ടുകുറിശ്ശി | 13,93,724/- രൂപ |

(ബി) 2022-23 വർഷത്തിൽ എസ്.സി. കോർപ്പസ് ഫണ്ടുപയോഗിച്ച് ഏതെങ്കിലും പുതിയ പദ്ധതികൾ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ജില്ലാതലത്തിൽ 1/3 കോർപ്പസ് ഫണ്ടിലുൾപ്പെടുത്തുന്നതിനായി തരൂർ നിയോജകമണ്ഡലത്തിൽനിന്നും നിരവധി പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്

. ആയത് ജില്ലാതല കമ്മിറ്റി പരിശോധിച്ച് യോഗ്യമായവ കമ്മിറ്റിയുടെ തീരുമാനപ്രകാരം പരിഗണിക്കുന്നതാണ്. 2/3 കോർപ്പസ് ഫണ്ടിലുൾപ്പെടുത്തുന്നതിനായി തരൂർ നിയോജകമണ്ഡലത്തിൽനിന്ന് പുതിയ പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കോർപ്പസ് ഫണ്ട്

77 (938) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച കോർപ്പസ് ഫണ്ട് എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോർപ്പസ് ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികൾ നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ് .

(സി) കോർപ്പസ് ഫണ്ടുപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി കുടിവെള്ള വിതരണം, ഗതാഗത സൗകര്യം, വൈദ്യുതി വിതരണം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിക്ക് (വിദ്യാഭ്യാസം, സാംസ്കാരികം, കായികം തുടങ്ങിയവ) ഉതകുന്ന പ്രോജക്ടുകൾ എന്നിവയാണ് കോർപ്പസ് ഫണ്ടുവഴി നിർവ്വഹണം നടത്താവുന്ന പദ്ധതികളിലുൾപ്പെടുന്നത്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവർ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ പട്ടികജാതി വികസന ഓഫീസറും ജില്ലാ പ്ലാനിംഗ് ഓഫീസറും ചേർന്ന് സംയുക്ത പരിശോധന നടത്തി സമർപ്പിക്കുന്ന പദ്ധതി നിർവ്വഹണം യോഗ്യമാണെന്നുള്ള പരിശോധനാ റിപ്പോർട്ട് , പട്ടികജാതി ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹമായവ അംഗീകരിച്ച് കോർപ്പസ് ഫണ്ട് അനുവദിച്ച് ജില്ലാതലത്തിൽ നൽകുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാകളക്ടർ അദ്ധ്യക്ഷനായ സമിതിക്കായിരിക്കും. 25 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് മുഖേനയും 25 ലക്ഷത്തിനുമുകളിലുള്ള പ്രവൃത്തികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയും നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) കോർപ്പസ് ഫണ്ടിൽനിന്ന് അനുവദിക്കാവുന്ന പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

25 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെയും 25 ലക്ഷം രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെയും അംഗീകാരത്തിന് വിധേയമായി തുക അനുവദിക്കുന്നു. നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ ആവശ്യകത പരിശോധിച്ച് അർഹതയുണ്ടെങ്കിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക വകയിരുത്താറുണ്ട്.

(ഇ) നിയോജകമണ്ഡലങ്ങളിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല കോർപ്പസ് ഫണ്ട് അനുവദിക്കുന്നത്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവർ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമിതി പരിശോധിച്ച് അംഗീകാരം നൽകി അതിൻപ്രകാരം പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുകയാണ് ചെയ്യുന്നത്.

25 ലക്ഷം രൂപവരെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെയും 25 ലക്ഷത്തിനുമുകളിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെയും അനുമതിയും നിർദ്ദേശങ്ങളും പ്രകാരം തുക അനുവദിക്കുന്നു.

**ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസുകൾവഴി നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പ്രവൃത്തി**

78 (939) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസുകൾവഴി നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2021-22 ൽ മാവേലിക്കര - ഭരണിക്കാവ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ മുഖേന നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(മാവേലിക്കര - 02 എണ്ണം : Rs. 39,00,000/-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭരണിക്കാവ് - 13 എണ്ണം : Rs. 2,20,32,325/-)

(ബി) ഉമ്പർനാട് എസ്.സി. ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടം പൂർത്തീകരിക്കുന്നതിനായി തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

മാവേലിക്കര ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കുകയും തുക പൊതുമരാമത്ത് വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ടി തുക മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിന് മതിയാകില്ലെന്നും ഗ്രൗണ്ട് ഫ്ലോർ പൂർണ്ണമായും ഒന്നാം നിലയുടെ സ്ട്രക്ചറൽ വർക്കും മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂവെന്നും അറിയിച്ച പൊതുമരാമത്ത് വകുപ്പ് രണ്ടുംമൂന്നും നിലകളുടെ നിർമ്മാണത്തിന് 165 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 165 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് DSOR 2016 അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാകയാൽ നിലവിലെ നിരക്കുകളിലുള്ള തുക നിജപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി കോർപ്പസ് ഫണ്ട്

79 (940) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2021-22, 2022-23 കാലഘട്ടങ്ങളിൽ രൂപീകരിച്ച പദ്ധതികളും അവയ്ക്കായി നീക്കിവച്ചതും ചെലവാക്കിയതുമായ തുകയും പദ്ധതി പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടിനത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. 2022-23 സാമ്പത്തികവർഷം വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുൾപ്പെട്ട കാട്ടുകുളം കോളനി കുട്ടിചെക്കൻ വഴി കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം) രൂപയാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കിന്റർ ഗാർട്ടൻ

80 (941) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എത്ര കിന്റർ ഗാർട്ടൻ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 9 കിന്റർ ഗാർട്ടനുകൾ പ്രവർത്തിച്ചിരുന്നു. 2022-23 അദ്ധ്യയനവർഷം മുതൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കിന്റർ ഗാർട്ടനുകൾ, വികാസ് വാടികൾ/ബാലവാടികൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ, പെരിപ്പതെറ്റിക് സ്കൂളുകൾ, നഴ്സറി സ്കൂളുകൾ തുടങ്ങിയ 31 പ്രീ-പ്രൈമറി സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് മോഡൽ പ്രീ-സ്കൂൾ എന്ന് നാമകരണം ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സ്ഥാപനങ്ങളിൽ ആകെ ജോലി ചെയ്യുന്നവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ടി സ്ഥാപനങ്ങളിൽ ഒരു ടീച്ചറും ഒരു ആയയുമാണ് ജോലി ചെയ്തുവന്നിരുന്നത്.

(സി) ഇതിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള 31 മോഡൽ പ്രീ-സ്കൂളുകളിലായി 23 സ്ഥിരം ജീവനക്കാരും 39 താൽക്കാലിക ജീവനക്കാരുമാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) താൽക്കാലിക ജീവനക്കാരുടെ ശമ്പളവർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്നറിയിക്കുമോ?

താൽക്കാലിക ജീവനക്കാരുടെ ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

**സർക്കാർ വാഹനങ്ങൾ**

81 (942) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പുമന്ത്രിക്കും ഓഫീസിനുമായി അനുവദിച്ച് നൽകിയിട്ടുള്ള സർക്കാർ വാഹനങ്ങൾ എത്രയെണ്ണമാണ്; ഏതൊക്കെ വാഹനങ്ങളാണ്

അനുവദിച്ച് നൽകിയിട്ടുള്ളത്; പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) വിനോദസഞ്ചാര വകുപ്പിൽനിന്നും അനുവദിച്ച വാഹനങ്ങൾ കൂടാതെ മന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ കീഴിലുള്ള ഏതെങ്കിലും വാഹനങ്ങൾ മന്ത്രിയുടെ ഓഫീസിന്റെ സേവനത്തിനായി ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര വാഹനങ്ങളാണ് ഇപ്രകാരം ഉപയോഗിക്കുന്നത്; ആരൊക്കെയാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നത്; വിശദാംശം നൽകുമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗികാവശ്യത്തിനായി KL-01-CM-9310 (Kerala State 15) ഇന്നോവ ക്രിസ്റ്റ എന്ന വാഹനം വിനോദസഞ്ചാര വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ, KL-01-CD-4583-Brezza, KL-01-AT-SX4 (CAR), KL-01-BG-7435-Innova എന്നീ രജിസ്ട്രേഷൻ നമ്പരിലുള്ള 3 സർക്കാർ വാഹനങ്ങൾ യഥാക്രമം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ ഓഫീസിന്റെ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നത്.

(സി) മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

വാഹനത്തിന്റെ ലോഗ്ബുക്ക് യഥാസമയം പരിശോധിച്ച് വാഹനം ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താറുണ്ട്.

## പട്ടികജാതി വികസന ഓഫീസുകളിലെ വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി

82 (943) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്കുള്ള പഠനമുറിയുൾപ്പെടെയുള്ള ക്ഷേമപദ്ധതികൾക്കായി പട്ടികജാതി വകുപ്പ് അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തിരിമറിനടത്തി തിരുവനന്തപുരം കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന ഓഫീസിലെ ഉദ്യോഗസ്ഥരും ബന്ധുക്കളും ചേർന്ന്

തട്ടിയെടുത്തുവെന്ന ആക്ഷേപത്തിന്മേലുള്ള വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിരുന്നു. മേൽപ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നല്കി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെത്തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത അന്വേഷണത്തിൽ ഏതൊക്കെ ജീവനക്കാർക്ക് എതിരെയാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമഫണ്ട് ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരെ സേവനത്തിൽനിന്നും പിരിച്ചുവിടുകയും തുടർന്ന് ടി

വിഷയത്തിൽ മുഖ്യ ആരോപണ വിധേയരായ സീനിയർ ക്ലാർക്കുമാരായിരുന്നവർക്കെതിരെയും ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 തസ്തികയിലെ ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി വികസന ഓഫിസുകളിൽ വ്യാപകമായി ഫണ്ട് തട്ടിപ്പ് നടക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസുകളിലും തദ്ദേശസ്ഥാപനങ്ങളിലും കഴിഞ്ഞ 5 വർഷത്തെ ഗുണഭോക്തൃ പട്ടിക, സഹായം നൽകിയവരുടെ പട്ടിക തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കാൻ വകുപ്പ് മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന ഓഫീസുകളിൽ വ്യാപകമായി ഫണ്ട് തട്ടിപ്പ് നടക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമഫണ്ട് തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ, വകപ്പിന്റെ അധീനതയിലുള്ള പട്ടികജാതി വികസന ഓഫീസുകളിൽനിന്ന് വിവിധ പദ്ധതികളിൽ

ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ലഭിച്ചിട്ടുണ്ടോയെന്നുള്ള കാര്യം നേരിട്ട് പരിശോധിച്ച് തട്ടിപ്പ്, ഇരട്ടിപ്പ് എന്നിവ നടന്നിട്ടുണ്ടോയെന്ന് കൃത്യമായി കണ്ടെത്തുന്നതിനും അതിന്റെ വ്യാപ്തി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഏക വരുമാനദായകൻ മരണപ്പെടുന്ന പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം

83 (944) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗവക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാനദായകൻ മരണപ്പെടുന്ന പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായത്തിന് നൽകിയ അപേക്ഷകളിന്മേൽ തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുമാരി കെ.-5898305/22, പുഷ്പവല്ലി-6186370/22, സുഭിക്ഷ-6415628/22 എന്നിവരുടെ അപേക്ഷകളിൽ തീരുമാനമാകാത്തതിനുള്ള കാരണം വിശദമാക്കാമോ?

ശ്രീമതി കുമാരി കെ.-യുടെ അപേക്ഷയിന്മേൽ ധനസഹായം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീമതി പുഷ്പവല്ലി, ശ്രീമതി സുഭിക്ഷ എന്നിവരുടെ അപേക്ഷയിലെ ന്യൂനത പരിഹരിച്ച് മതിയായ രേഖകളുൾപ്പെടെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് മടക്കി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷകർക്ക് ധനസഹായം എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് ജില്ലാ ഓഫീസറുടെ ശിപാർശയോടെ ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം ലഭ്യമാക്കുന്നതാണ്.

## ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ

84 (945) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗലക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള പട്ടികജാതി സഹകരണ സംഘങ്ങളുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനം | സംഘത്തിന്റെ പേര് |
|---|---|---|
| 1 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | പുന്നയൂർക്കുളം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നം. ആർ. 789 |
| 2 | കടപ്പുറം ഗ്രാമപഞ്ചായത്ത് | മണത്തല പട്ടികജാതി സഹകരണസംഘം ക്ലിപ്തം നം. ആർ. 100 |
| 3 | ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | ഒരുമനയൂർ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നം. ആർ. 742 |

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുണ്ടായിട്ടും പ്രവർത്തിക്കാത്ത പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളുടെ വിശദാംശം അറിയിക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുണ്ടായിട്ടും പ്രവർത്തിക്കാത്ത പട്ടികജാതി സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1. മണത്തല പട്ടികജാതി സഹകരണസംഘം ക്ലിപ്തം നം. ആർ. 100

2. ഒരുമനയൂർ പട്ടികജാതി സഹകരണസംഘം ക്ലിപ്തം. നം. 742

(സി) പ്രസ്തുത സഹകരണ സംഘങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ വകുപ്പ് താലൂക്ക് തലത്തിൽ പ്രവർത്തനരഹിതമായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഭാരവാഹികളുടെ യോഗം വിളിച്ചുചേർക്കുകയും ടി സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**ഊരുകളിലെ പഠനമുറി നിർമ്മാണം**

85 (946) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ എത്ര ഊരുകളിൽ പഠനമുറി നിർമ്മിക്കാൻ തീരുമാനിച്ചു; എത്ര പഠനമുറി നിർമ്മാണം പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ?

വയനാട് ജില്ലയിലെ 63 ഊരുകളിൽ സാമൂഹ്യപഠനമുറികൾ നിർമ്മിക്കാൻ തീരുമാനിച്ചു. ഇതിൽ 46 എണ്ണം പൂർത്തിയായി.

(ബി) ഡിജിറ്റൽ സൗകര്യത്തോടുകൂടിയ പഠനമുറി എത്ര കുടികളിൽ പ്രവൃത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

41 സാമൂഹ്യ പഠനമുറികൾ ഡിജിറ്റൽ സൗകര്യത്തോടുകൂടി പ്രവർത്തിക്കുന്നു.

(സി) വയനാട്ടിൽ എത്രരൂപ അനുവദിച്ചു; അതിൽ എത്രതുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിലെ സാമൂഹ്യ പഠനമുറികളുടെ നടത്തിപ്പിനായി ഈ സാമ്പത്തികവർഷം വയനാട്ടിൽ 1,27,32,350/- രൂപ അനുവദിച്ചു. ഇതിൽ ഇതുവരെ 68,62,648/- രൂപ ചെലവഴിച്ചു.

**പട്ടികജാതി ക്ഷേമഫണ്ട് വകുപ്പുതല അന്വേഷണം**

86 (947) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>

<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ അന്വേഷണ പുരോഗതി ലഭ്യമാക്കുമോ?

തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടന്നുവരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നല്കി വകുപ്പുതല അച്ചടക്കനടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെത്തുടർന്ന് വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ കുറ്റക്കാർക്കെതിരെ പോലീസ് അന്വേഷണം നടത്തി എഫ്.ഐ.ആർ.

രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ അന്വേഷണത്തിന്റെ ചുമതല വിജിലൻസിനാണ്. അന്വേഷണം പുരോഗമിച്ചുവരികയാണ്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹ ധനസഹായം, പഠനമുറി, വിവിധതരം സ്കോളർഷിപ്പുകൾ തുടങ്ങി പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പനുവദിക്കുന്ന ഫണ്ട് സ്വന്തം അക്കൗണ്ടിലേയ്ക്കും സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ബാങ്ക് അക്കൗണ്ടുകളിലേയ്ക്കും തിരിമറി നടത്തിയതായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ് പരിശോധനയിൽ, ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറിനൽകിയതായും ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പരുകളിലേയ്ക്ക് ആനുകൂല്യ തുക മാറിനൽകിയതായും കണ്ടെത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി വികസന ഓഫീസിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല അന്വേഷണം

കാര്യക്ഷമമല്ലെന്ന ആക്ഷേപം വകുപ്പ് പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി വികസന പദ്ധതികൾക്കായി ചെലവഴിച്ച തുക**

87 (948) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിൽ 2021-22 വർഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകയിൽ ചെലവഴിച്ച തുക, ചെലവഴിക്കാത്ത തുക തരംതിരിച്ച് നൽകാമോ?

(എ&ബി) 2021-22 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഹിതം (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|
| 2021-22 | 1727,79 | 1570,32.38 | 90.89 |

ചെലവഴിക്കാൻ സാധിക്കാത്തത് : 157,46.62 ലക്ഷം രൂപ

(സി) 2022-23 വാർഷിക പദ്ധതികൾ ലഭിക്കുന്നതിന് വകുപ്പിന് നേരിട്ട് ലഭിച്ച അപേക്ഷകളേതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(സി&ഡി) അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**പട്ടികവർഗ്ഗ മേഖലയിൽ ഫോർട്ടിഫൈഡ് റൈസ് വിതരണം**

88 (949) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലയിൽ പൊതുവിതരണ സമ്പ്രദായത്തിലൂടെ ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലെ പട്ടികവർഗ്ഗ, ആദിവാസി കോളനികളിലാണ് വിതരണം ചെയ്യുന്നത്; വിശദവിവരം വെളിപ്പെടുത്താമോ?

നിലവിൽ വയനാട് ജില്ലയിൽ മാത്രമാണ് വിതരണം ചെയ്തുവരുന്നത്.

(സി) ഈ ഇനം അരി വിതരണം ചെയ്യുന്നതിനുമുമ്പ് പട്ടികവർഗ്ഗ, ആദിവാസി മേഖലയിൽ നിലനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഫോർട്ടിഫൈഡ് അരി ആഹാരമായി ഉൾപ്പെടുത്തിയാലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പ് പഠനം നടത്തിയിട്ടില്ല.

## തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ഫണ്ട്

89 (950) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടന്നുവരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ

സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽപ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നല്കി വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെത്തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) താൽക്കാലിക ജീവനക്കാരുൾപ്പെടെയുള്ളവർ ചേർന്നാണ് തട്ടിപ്പ് നടത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായവരുടെ വിശദാംശം നൽകുമോ?

തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിൽ ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായിരുന്ന ശ്രീമതി സംഗീത ജി. വി., ശ്രീ. വിശാഖ് സുധാകരൻ എന്നിവർ ഗുരുതരമായ ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തുകയും തുടർന്ന് ടിയാളുകളെ എസ്.സി. പ്രൊമോട്ടറുടെ സേവനത്തിൽനിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശം നൽകുമോ?

തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമഫണ്ട് ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായിരുന്ന ശ്രീമതി സംഗീത ജി. വി., ശ്രീ. വിശാഖ് സുധാകരൻ എന്നിവരെ എസ്.സി. പ്രൊമോട്ടറുടെ സേവനത്തിൽനിന്നും പിരിച്ചുവിടുകയും തുടർന്ന് വിഷയത്തിൽ മുഖ്യ ആരോപണവിധേയരായ സീനിയർ ക്ലാർക്കുമാരായിരുന്ന ശ്രീ. രാഹുൽ ആർ. യു., ശ്രീമതി പൂർണ്ണിമ വി. പി. എന്നിവരെ അന്വേഷണവിധേയമായി സസ്പെൻ്റ് ചെയ്ത് ഉത്തരവാകുകയും ചെയ്തിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് ഉന്നതതല അന്വേഷണത്തിൽ, ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ എസ്. എസ്., ശ്രീ. മനോജ് എസ്. ആർ. എന്നിവരുടെ ഭാഗത്തും ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയതിനെത്തുടർന്ന് ടിയാളുകളെയും സസ്പെൻ്റ് ചെയ്തിരുന്നു. തുടർന്ന് വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന ലഭ്യമാക്കിയ വിശദമായ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ

കുറ്റക്കാരെന്ന പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ട വകുപ്പിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. രാഹുൽ ആർ.യു., ശ്രീമതി പൂർണ്ണിമ വി. പി. പട്ടികജാതി വികസന ഓഫീസർമാരായ ശ്രീ. പ്രജിത്ത് ലാൽ എസ്. എസ്., ശ്രീ. മനോജ് എസ്. ആർ. എന്നിവർക്കെതിരെ കുറ്റാരോപണപത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടിയാരംഭിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾ**

90 (951) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തതുകാരണം പട്ടികജാതി, പട്ടികവർഗ്ഗ സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. സ്ഥിരവരുമാനമുള്ള തൊഴിലില്ലായ്മ എല്ലാ ജനവിഭാഗങ്ങളിലും പോലെതന്നെ പട്ടികവിഭാഗക്കാർക്കിടയിലും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ആയത് പരിഹരിക്കുന്നതിനായി വകുപ്പ് നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ് മിഷനാണ്. കേരള സ്റ്റാർട്ടപ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്ന യുവസംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവ സംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ

തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും പദ്ധതിപ്രകാരം ഉറപ്പാക്കുന്നുണ്ട്.

വിദ്യാഭ്യാസമായി പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ യുവതീയുവാക്കളെ കണ്ടെത്തി അവർക്ക് അവരുടെ സങ്കേതത്തിന് സമീപംതന്നെ പ്രത്യേക തൊഴിൽ പരിശീലനം നൽകുകയും സംഘടിത തൊഴിൽ മേഖലയായ നിർമ്മാണപ്രവർത്തന മേഖലകളിൽ ജോലി ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് തുടർവിദ്യാഭ്യാസ പരിപാടിയും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽദാതാക്കളും തൊഴിൽ സംരംഭകരായും മാറ്റുന്നതിന് എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച

91 (952) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസിൽ റ്റി. ശ്രീകുമാരൻ പ്രോജക്ട് ഓഫീസറായിരുന്ന കാലയളവ് അറിയിക്കുമോ; ടിയാൻ ഓഫീസിൽ ചാർജ്ജെടുത്ത, വിരമിച്ച തീയതികൾ അറിയിക്കുമോ?

നിലമ്പൂർ പ്രോജക്ട് ഓഫീസറായി ശ്രീ. റ്റി. ശ്രീകുമാരൻ 28-02-2018-ന് ചുമതലയേറ്റു. ടിയാൻ 31-03-2022-ന് സർവ്വീസിൽനിന്നും വിരമിച്ചു. നിലമ്പൂർ പ്രോജക്ട് ഓഫീസർ തസ്തികയിലെ ശ്രീ. റ്റി. ശ്രീകുമാരന്റെ സേവന കാലയളവ് 28-02-2018 മുതൽ 31-03-2022 വരെയാണ്.

(ബി) നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിലെ പ്രോജക്ട് ഓഫീസറായി ടിയാൻ സേവനം ചെയ്ത കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിന്റെയും ന്യൂനതാ സംഗ്രഹത്തിന്റെയും വാർഷിക പകർപ്പ് ലഭ്യമാക്കുമോ?

നിലമ്പൂർ ഐ.ടി.ഡി.പി.-യിൽ പ്രോജക്ട് ഓഫീസറായിരുന്ന ശ്രീ. റ്റി. ശ്രീകുമാരന്റെ സർവ്വീസ് കാലയളവ് ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല.

(സി) 2011 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെയും ന്യൂനതാ സംഗ്രഹത്തിന്റെയും പകർപ്പ് എം.എൽ.എ. ആവശ്യപ്പെട്ടിട്ടും ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്റെയും ന്യൂനതാ സംഗ്രഹത്തിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) എങ്കിൽ ഇത്തരം വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സേഫ് പദ്ധതി**

92 (953) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവന പുനരുദ്ധാരണത്തിനായി നിലവിൽ വകുപ്പുമുഖേന നടപ്പാക്കിവരുന്ന പദ്ധതികളേതെല്ലാമെന്ന് വിശദീകരിക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സേഫ് പദ്ധതിപ്രകാരം 2010-നുശേഷം ഭവനനിർമ്മാണം പൂർത്തീകരിച്ചവർക്ക് മാത്രമായി ഭവനപുനരുദ്ധാരണം നിജപ്പെടുത്തിയിട്ടുള്ളതിനാൽ അതിനുമുമ്പ് പൂർത്തീകരിച്ചിട്ടുള്ളതും പുനരുദ്ധാരണം ആവശ്യമായതുമായ വീടുകൾക്കർഹമായ സഹായം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് "സേഫ്" പദ്ധതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. ഒരു ലക്ഷം രൂപവരെ വരുമാനപരിധിയുള്ള കുടുംബങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുന്നത്. ഈ പദ്ധതിയിൽ പുതിയതായി വകുപ്പ് നിയമിച്ചിട്ടുള്ള അക്രെഡിറ്റഡ് എഞ്ചിനീയർമാരുടെ സാങ്കേതിക സഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

2010 ഏപ്രിൽ 1-നുശേഷം ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തീയതിക്കുമുന്നേ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളവരെയുംകൂടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സാങ്കേതികമായി പരിശോധിച്ച് ഭവന അറ്റകുറ്റപ്പണികൾക്കർഹതയുള്ളതും പുതിയ ഭവനനിർമ്മാണത്തിന്റെ ആവശ്യകതയില്ലാത്തതുമായ എല്ലാ കുടുംബങ്ങൾക്കും അറ്റകുറ്റപ്പണികൾക്ക് സഹായം ലഭ്യമാകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുന്ന വിഷയം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ലാൻഡ് ബാങ്ക് പദ്ധതി**

93 (954) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ചാപ്പാ കടപ്പുറത്ത് താമസിക്കുന്ന പതിമൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള, വകുപ്പിന്റെ ലാൻഡ് ബാങ്ക് പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ചാപ്പ കടപ്പുറത്തെ 13 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പിന്റെ ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 32.10 ആർ വസ്തു കണ്ടെത്തുകയും ജില്ലാതല പർച്ചേസ് കമ്മിറ്റി വില

അംഗീകരിച്ച് പ്രൊഫോർമ റിപ്പോർട്ട് ജില്ലാകളക്ടർ മുഖേന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറുടെ 7-6-2022-ലെ ഡി.സി.ഇ.കെ.എം./2767/2019/എൽ-16 നമ്പർ കത്തുപ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിക്ക് പ്രൊഫോർമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് മേൽറിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലം വാങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അംഗീകാരം ലഭ്യമായിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക

94 (955) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ഡോ. മാത്യു കുഴൽനാടൻ:</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം പദ്ധതി നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ നാളിതുവരെ ചെലവാക്കിയ തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) നടപ്പ് സമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക, പദ്ധതികൾക്കായി ചെലവഴിച്ച തുക, നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം 1-ലും+ പട്ടികവർഗ്ഗ വികസന വകുപ്പിന് നടപ്പ് സമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക, പദ്ധതികൾക്കായി ചെലവഴിച്ച തുക, നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം 2-ലും+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2021-22 സാമ്പത്തികവർഷം നവംബർ 30 വരെയും 2022-23 സാമ്പത്തികവർഷം നവംബർ 30 വരെയും പദ്ധതി നടത്തിപ്പിൽ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽനിന്നും 2021-22 സാമ്പത്തികവർഷം നവംബർ 30 വരെ, അനുവദിച്ച തുകയുടെ 38.26 ശതമാനവും 2022-23 സാമ്പത്തികവർഷം നവംബർ 30 വരെ 52.48% ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 2021-22 സാമ്പത്തികവർഷം നവംബർ 30 വരെ അനുവദിച്ച തുകയുടെ 30.1% ശതമാനവും 2022-23 സാമ്പത്തികവർഷം നവംബർ 30 വരെ 29.24% ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ**

95 (956) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | എണ്ണം | തുക |
|---|---|---|
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) -1 | 1 | 500000 |
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 | 2 | 1800000 |
| പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി | 3 | 550000 |
| വ്യക്തിഗത വായ്പ | 1 | 230000 |
| സ്വയം തൊഴിൽ പദ്ധതി - 1 | 5 | 2260000 |
| സ്വയം തൊഴിൽ പദ്ധതി - 2 | 2 | 1035000 |
| സ്വയം തൊഴിൽ പദ്ധതി (റീ-ലൈഫ്) | 1 | 100000 |
| പ്രവർത്തന മൂലധന വായ്പ | 1 | 300000 |
| സുവർണ്ണശ്രീ വായ്പ | 8 | 1925000 |
| വിദ്യാശ്രീ വായ്പ | 2 | 600000 |
| ആകെ | 26 | 93,00,000 |

**ഹരിപ്പാട് മണ്ഡലത്തിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

96 (957) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമുഖേന അനുവദിച്ചിരുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(ബി) ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ സ്ഥലത്ത് പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള ശിപാർശയിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഫയൽ നമ്പർ സഹിതം അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച അനുമതി നൽകി നിർദ്ദിഷ്ട സെന്റർ എത്രയുംവേഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിൽ തീരുമാനമാകുന്നമുറയ്ക്ക് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

97 (958) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയ കോളനികളിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിലെ ഉളവെയ്പ്പ് അംബേദ്കർ കോളനിയെയും ഇളയപാടം ലക്ഷം വീട് കോളനിയെയും 2021-22 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളനികളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

1. ഉളവെയ്പ്പ് അംബേദ്കർ കോളനി (2021-22):

തൈക്കാട്ടുശ്ശേരി പഞ്ചായത്ത് ഉളവെയ്പ്പ് അംബേദ്കർ കോളനിയിൽ Sluice cover slab, Box culvert, Retaining Wall & Road work, Road Construction എന്നീ പ്രവൃത്തികളുൾപ്പെടുത്തിയിരിക്കുന്നു.

2. <u>ഇളയപാടം ലക്ഷം വീട് കോളനി (2021-22):</u>

അരൂർ പഞ്ചായത്ത് ഇളയപാടം ലക്ഷം വീട് കോളനിയിൽ Box culvert, Retaining Wall & Road work, Shifting of KSEB poles എന്നീ പ്രവൃത്തികളുൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ?

പ്രസ്തുത കോളനികളിലെ വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയിൽനിന്നും ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജി.എസ്.ടി.-യിലുണ്ടായ വർദ്ധനവുമൂലം അനുവദിച്ച തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരികയാണ്.

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

98 (959) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏതെങ്കിലും എസ്.സി. കോളനികളെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കിഴക്കുംപുറം കോളനിയെ 2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആയതുസംബന്ധിച്ച് ഏതെങ്കിലും പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പുതിയ പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

**മൂലേക്കുഴി കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി**

99 (960) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്ന കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മൂലേക്കുഴി കോളനിയിൽ പ്രവൃത്തികളാരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രവൃത്തികൾ ഏൽപ്പിച്ച നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2020-21 വർഷത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിരുന്ന കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മൂലേക്കുഴി കോളനിയിൽ പദ്ധതി നിർവ്വഹണത്തിനായി ആദ്യം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയാണ് ചുമതല ഏൽപ്പിച്ചിരുന്നതെങ്കിലും നിർവ്വഹണ ചുമതല എഫ്.ഐ.ടി. എന്ന ഏജൻസിയെ ഏൽപ്പിക്കുന്നതിന് കുന്നത്തുനാട് എം.എൽ.എ. ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പ്രസ്തുത കോളനിയുടെ പദ്ധതി നിർവ്വഹണ ചുമതല എഫ്.ഐ.ടി.-യെ ഏൽപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്നതിൽ വന്ന കാലതാമസമാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ വൈകിച്ചത്.

(സി) മൂലേക്കുഴി കോളനി നവീകരണം പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് ടി കോളനിയിൽ നടപ്പിലാക്കേണ്ട വികസനപ്രവൃത്തികൾ തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ സംരംഭകത്വ വികസന പദ്ധതികൾ**

100 (961) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സംരംഭകത്വ വികസന പദ്ധതികൾ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സംരംഭകത്വ വികസന പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിവരുന്നത്.

സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടെയും സംരംഭകത്വ വികസനം ലക്ഷ്യമിട്ട് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി വികസന വകുപ്പ്:

സ്വയംതൊഴിൽ സംരംഭങ്ങളാരംഭിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപവരെയും (1/3 സബ്സിഡി) സ്വയംസഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപവരെയും (പ്രോജക്ട് കോസ്റ്റിന്റെ 75% സബ്സിഡി) അനുവദിക്കുന്ന പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന പദ്ധതിയായ സ്റ്റാർട്ടപ് ഡ്രീംസ് തുടങ്ങിയ പദ്ധതികൾ സംരംഭകത്വ വികസനം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്:

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായും സംസ്ഥാനമൊട്ടാകെ സംരംഭകത്വ വികസന പരിപാടികൾ ആവിഷ്കരിച്ച്

നടപ്പിലാക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രൊപ്പോസൽ അനുസരിച്ച് ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ/പ്രോജക്ട് ആഫീസറുടെയും ജില്ലാ വ്യവസായ വാണിജ്യ വകുപ്പുദ്യോഗസ്ഥരുടെയും ശിപാർശയിന്മേൽ പ്രോജക്ടുകൾ അനുവദിച്ചുവരുന്നു.

എംപവർമെന്റ് സൊസൈറ്റി:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റുന്നതിനുവേണ്ടി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ കാനംവയൽ സാംസ്കാരിക നിലയം നിർമ്മാണം

101 (962) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വരുന്ന കാനംവയൽ പട്ടികവർഗ്ഗ കോളനിയിലെ സാംസ്കാരിക നിലയ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

കാനംവയൽ പട്ടികവർഗ്ഗ കോളനിയിലെ സാംസ്കാരിക നിലയം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള 37 ലക്ഷം രൂപയിൽ 35,42,580/-രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫ്ലോർ ടൈലിംഗ്, വിൻഡോ ഷട്ടർ, ടോയ്‌ലെറ്റ്, പ്ലംബിംഗ് വർക്കുകൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

(ബി) പ്രവൃത്തി പൂർത്തിയാക്കാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ആദ്യം അനുവദിച്ച തുക തികയാതെ വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നത്.

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സാംസ്കാരിക നിലയം നിർമ്മാണത്തിന് ഏത് പദ്ധതിയിലുൾപ്പെടുത്തി എത്ര രൂപയാണ് ഭരണാനുമതി നൽകിയതെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള ധനസഹായം**

102 (963) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള ധനസഹായം അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകാറില്ല. ചിലപ്പോൾ ധനസഹായം വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ തുക ജില്ലാ പട്ടികജാതി വികസന ഓഫീസുകൾക്ക് അനുവദിച്ച് നൽകുന്നതിനും കാലതാമസമില്ലാതെ ചികിത്സാ ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തണ്ടാൻ വിഭാഗത്തിലുള്ള തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

103 (964) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട തണ്ടാൻ വിഭാഗത്തിലുള്ള തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ എത്ര രൂപയാണ് നിലവിൽ ധനസഹായം നൽകുന്നതെന്ന് വിശദമാക്കുമോ?

പട്ടികജാതിയിൽപ്പെട്ട തണ്ടാൻ വിഭാഗത്തിലുള്ള തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ വകുപ്പുമുഖേന പ്രത്യേക ധനസഹായം നൽകുന്നില്ല. എന്നാൽ മരണപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനാണെങ്കിൽ പ്രസ്തുത കുടുംബത്തിന് പട്ടികജാതി വികസന വകുപ്പിൽനിന്നും രണ്ട് ലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

(ബി) തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അപകടത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയുടെയും കിടപ്പുരോഗിയായാൽ 5 ലക്ഷം രൂപയുടെയും അംഗവൈകല്യം സംഭവിച്ചാൽ

3 ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള തൊഴിൽ പദ്ധതി**

104 (965) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പട്ടികവർഗ്ഗ കുടുംബത്തിൽ ഒരാൾക്ക് തൊഴിൽ എന്നപദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിലുൾപ്പെടാൻ അർഹതയുണ്ടെന്ന് കണ്ടെത്തിയ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം സ്ഥിരം തൊഴിൽ ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം തൊഴിൽ ലഭിച്ചശേഷം തൊഴിലിടങ്ങൾ വിട്ടുപോയവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

(എ-ഡി) കുടുംബത്തിൽ ഒരാൾക്കെങ്കിലും തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ തൊഴിൽ പരിശീലന പരിപാടികൾ വകുപ്പ് നടത്തിവരുന്നുണ്ട്. എന്നാൽ അത്തരത്തിലൊരു പദ്ധതി പ്രത്യേകമായി വകുപ്പ് നടപ്പിലാക്കുന്നില്ല.

## പട്ടികജാതി-പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനം

105 (966) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതികത്വത്തിൽ കുടുങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടത്തിയ ഫയൽ അദാലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ എത്രത്തോളം പരിഹരിക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സാങ്കേതികത്വത്തിൽ കുടുങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 27-10-2022-ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഫയൽ അദാലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ ആരോഗ്യം,

വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങി വിവിധ വിഷയങ്ങളിൽ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച നിരവധി പരാതികളിൽ/ഫയലുകളിൽ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും നിർവ്വഹണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വകുപ്പിന് സാധിച്ചിട്ടുണ്ട്. സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ തുക ചെലവഴിച്ചതിന്റെ ഭാഗമായി വാസയോഗ്യമായ വീട്, ഭൂരഹിതരായവർക്ക് ഭൂരഹിത പുനരധിവാസം, അംബേദ്കർ ഗ്രാമവികസന പദ്ധതി, സഞ്ചാരയോഗ്യമായ റോഡ്, സമ്പൂർണ്ണ വൈദ്യുതീകരണം, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാൾ, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിനായി പഠനമുറികൾ, പോസ്റ്റ്മെട്രിക്/പ്രീമെട്രിക്

സ്കോളർഷിപ്പുകൾ തുടങ്ങിയ സൗകര്യങ്ങളും തൊഴിലും മറ്റ് വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കാനായിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുതകുന്ന തരത്തിലുള്ള വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഓരോ സാമ്പത്തിക വർഷത്തെയും പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനങ്ങളുടെയും പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിനായി കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെയും സംക്ഷിപ്തരൂപം വാർഷിക റിപ്പോർട്ടുകളായും കമ്മീഷന്റെ ഓരോ സാമ്പത്തിക വർഷത്തെയും വരവുചെലവ് കണക്കുകൾ വാർഷിക സ്റ്റേറ്റ്മെന്റ് ഓഡിറ്റ് ചെയ്ത് വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളായും സമർപ്പിച്ചിട്ടുണ്ട്.

**ഏക വരുമാനദായകൻ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം പദ്ധതി**

106 (967) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏക വരുമാനദായകൻ നഷ്ടപ്പെട്ട പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്രതുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏക വരുമാനദായകൻ നഷ്ടപ്പെട്ട പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം 2298 പേർക്ക് 42,70,10,000/-

രൂപ (നാല്പത്തിരണ്ട് കോടി എഴുപത് ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരമുള്ള എത്ര അപേക്ഷകളിന്മേൽ ധനസഹായം നൽകാൻ അവശേഷിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പെസാ (പട്ടികവർഗ്ഗ സ്വയംഭരണ പ്രദേശം) നിയമം

107 (968) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ പാർലമെന്റ് പാസാക്കിയ പെസാ (പട്ടികവർഗ്ഗ സ്വയംഭരണ പ്രദേശം) നിയമം കേരളത്തിൽ നടപ്പാക്കാൻ തടസ്സമുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) 2011-2016 സർക്കാരിന്റെ കാലത്ത് കേന്ദ്ര ട്രൈബൽ മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതിനുശേഷം കഴിഞ്ഞ സർക്കാരും ഈ സർക്കാരും പെസാ നിയമം നടപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

(എ&ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭകളിൽ കൂടുതൽ അധികാരം നൽകുന്നതിനായി കേന്ദ്രസർക്കാർ രൂപീകരിച്ച PESA Act, 1996 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ആയതുസംബന്ധിച്ച കരട് വിജ്ഞാപനം തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ മേൽപ്പറഞ്ഞ നിയമത്തിലെ മാനദണ്ഡങ്ങൾപ്രകാരം 'പട്ടികവർഗ്ഗ പ്രദേശങ്ങൾ' (Scheduled Area) പ്രഖ്യാപിക്കുന്നതിന് സംസ്ഥാനത്തെ പട്ടികവർഗ്ഗ ഭൂരിപക്ഷ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ വിതരണം പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നതിനാൽ സംസ്ഥാനത്ത് PESA നിയമം നടപ്പിലാക്കുന്നതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 17-05-2017-ലെ സ.ഉ. (എം.എസ്) നം.38/2017/പജ.പവ.വി.വ. പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസനം, വനം-വന്യജീവി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാരും പട്ടികവർഗ്ഗ വികസന വകുപ്പ്, കില, കിർത്താഡ്സ് എന്നീ വകുപ്പുകളിലെ ഡയറക്ടർമാരും അംഗങ്ങളായി ഒരു ഹൈ-ലെവൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആയതിൻപ്രകാരം ഹൈ-ലെവൽ കമ്മിറ്റി യോഗങ്ങൾ ചേരുകയും ഈ വിഷയത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം,

കില, കിർത്താഡ്സ് എന്നീ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വനം-വന്യജീവി വകുപ്പ് അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇതുസംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഫയൽ 535 പേജുകളുള്ളതാണ്. ആയതിനാൽ ഇതിന്റെ ഡിജിറ്റൽ കോപ്പി ലഭ്യമാക്കുന്നതാണ്.

**കുടിയേറിയവരെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തൽ**

108 (969) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950-നുശേഷം തമിഴ്നാട്ടിൽനിന്നും കുടിയേറിയവർ അവിടത്തെ പട്ടികജാതി ലിസ്റ്റിലുൾപ്പെട്ടിരുന്നെങ്കിലും കേരളത്തിലുൾപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അർഹരായ ഇത്തരം വിഭാഗങ്ങളെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ആയതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് കുടിയേറി താമസിക്കുന്നവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത് 12-02-1986-ലെ സ.ഉ. (കൈ)10/86/പജ.പവ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ്. ഇതുപ്രകാരം 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പേ ഈ സംസ്ഥാനത്ത് സ്ഥിരമായി കുടിയേറിവർക്ക് അവർ അവകാശപ്പെടുന്ന ജാതി രണ്ട് സംസ്ഥാനത്തെയും നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിലുൾപ്പെട്ടിട്ടുണ്ടെങ്കിൽ ടിയാളുകളെ ഈ സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗമായി പരിഗണിച്ച് സമുദായ സർട്ടിഫിക്കറ്റ് നൽകിവരുന്നു. എന്നാൽ 1950-നുശേഷം കുടിയേറിയവർക്ക് അവരുടെ ജന്മനാട്ടിൽനിന്നുമാണ് പട്ടികജാതി-പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കേണ്ടത്. 1950-നുമുമ്പ് കേരളത്തിൽ സ്ഥിരതാമസമുണ്ടെന്ന രേഖകൾ ഹാജരാക്കാൻ കഴിയാത്തവർക്ക് പട്ടികജാതി-പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

109 (970) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്‌കോളർഷിപ്പുകൾ ഏതൊക്കെയാണെന്നും ഓരോന്നിനും ആർക്കൊക്കെ അപേക്ഷ സമർപ്പിക്കണമെന്നുള്ളതിന്റെയും വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ജില്ലാ തലത്തിൽ സ്‌കോളർഷിപ്പുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേര് അറിയിക്കാമോ?

ഒ.ഇ.സി/ഒ.ബി.സി.(എച്ച്) വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ അതത് ജില്ലകളുടെ പരിധിയിൽവരുന്ന മേഖലാ ഓഫീസുകളിലെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് വകുപ്പ് ഡയറക്ടർ നേരിട്ടുമാണ് കൈകാര്യം ചെയ്യുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒ.ഇ.സി/ഒ.ബി.സി.(എച്ച്)/ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ അതത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും കൈകാര്യം ചെയ്യുന്നു.

(സി) ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് ഏതെങ്കിലും കാരണവശാൽ നിർത്തലാക്കിയാൽ ആയത് അപേക്ഷകരെ അറിയിക്കേണ്ടതുണ്ടോ; വിശദാംശം നൽകാമോ?

പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് തലത്തിലുള്ള സ്കോളർഷിപ്പുകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് വിതരണം ചെയ്യുന്നത്. ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് ഏതെങ്കിലും കാരണവശാൽ നിർത്തലാക്കിയാൽ ആയത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇ-ഗ്രാന്റ്സ് പ്രൊഫൈൽ മുഖേന പരിശോധിക്കാവുന്നതാണ്. വ്യക്തിഗതമായ അറിയിപ്പ് നിലവിൽ നൽകുന്നില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നും ലഭിക്കുന്ന ചികിത്സാ ധനസഹായം**

110 (971) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചികിത്സാ ധനസഹായം വിതരണം ചെയ്തുവരുന്നു. കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) എം.എൽ.എ.-മാരുടെ ശിപാർശ കത്തോടുകൂടി പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഒരുവിധത്തിലുള്ള മറുപടിയും വകുപ്പിൽനിന്നും ലഭിക്കുന്നില്ലെന്നതിന് പരിഹാരം കണ്ടെത്തുമോ?

പട്ടികജാതി:

ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ശിപാർശ കത്തോടുകൂടി T-GRANTZ സൈറ്റിൽ ഓൺലൈനായി ലഭ്യമാകുന്ന ചികിത്സാ ധനസഹായ അപേക്ഷകൾ നേരിട്ട് വകുപ്പുമന്ത്രിക്കാണ് സമർപ്പിക്കപ്പെടുന്നത്.

പട്ടികവർഗ്ഗം:

ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശിപാർശ ചെയ്ത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നൽകുന്ന ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ഫീൽഡുതല റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും ഇത്തരത്തിൽ തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അപേക്ഷകർക്കുകൂടി നൽകാറുമുണ്ട്. ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്ക് മറുപടി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ഓഫീസിൽ മോൻസ് ജോസഫ് എം.എൽ.എ. മുഖാന്തരം 2022-2023 സാമ്പത്തികവർഷം നൽകിയ ചികിത്സാ ധനസഹായ അപേക്ഷകളിൽ എത്രയെണ്ണത്തിന് സഹായധനം അനുവദിച്ചുവെന്നും എത്ര രൂപവീതമാണ് അനുവദിച്ചതെന്നും പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ അപേക്ഷകൾ തരംതിരിച്ച് ലഭ്യമാക്കാമോ?

<u>പട്ടികജാതി:</u>

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഓഫീസിൽ ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. മുഖാന്തരം 2022-23 സാമ്പത്തികവർഷം നൽകിയ 13 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച്

3,40,000/- രൂപ (മൂന്ന് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ്ഗം:

ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. മുഖാന്തരം 2022-2023 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായ 2 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനാവശ്യമായ അന്വേഷണ റിപ്പോർട്ട് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻതന്നെ അർഹമായ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹോം പദ്ധതി**

111 (972) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അതിദാരിദ്ര്യം ഇല്ലാതാക്കി അവർക്ക് മികച്ച ജീവിതം നയിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഹോം (ഹൗസ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപവർമെന്റ്) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് " HOME" (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികവിഭാഗക്കാരെയും പ്രാക്തന ഗോത്രവർഗ്ഗങ്ങളെയും രണ്ടാംഘട്ടത്തിൽ ശേഷിക്കുന്ന ദുർബല വിഭാഗങ്ങളെയും മൂന്നാംഘട്ടത്തിൽ മറ്റ് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെയുമാണ് പരിഗണിക്കുന്നത്. നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങൾക്കായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 19-08-2022-ലെ സ.ഉ. (കൈ) നം. 40/2022 /പജ.പവ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ ചികിത്സാ ധനസഹായം

112 (973) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും എത്രപേർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും പട്ടികജാതിയിൽപ്പെട്ട 22316 പേർക്ക് 49,77,33,806/- രൂപയും (നാല്പത്തിയൊമ്പത് കോടി എഴുപത്തിയേഴ് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി എണ്ണൂറ്റിയാറ് രൂപമാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 86567 പേർക്ക് 35,05,24,400/-രൂപയും (മുപ്പത്തിയഞ്ച് കോടി അഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി നാനൂറ് രൂപമാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഏറനാട് നിയോജകമണ്ഡലത്തിൽനിന്ന് പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര ആളുകൾക്ക് എത്ര രൂപവീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനായി പട്ടികജാതി വിഭാഗത്തിൽനിന്നും 84 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 84 അപേക്ഷകർക്കുമായി 19,26,000/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തിയാറായിരം രൂപമാത്രം) അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച 720 അപേക്ഷകളിൽ 720 പേർക്കുമായി ആകെ 15,93,613/- രൂപ (പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി അറുന്നൂറ്റി പതിമൂന്ന് രൂപമാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>പട്ടികജാതി വിഭാഗം</u>

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതത്തിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽത്താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം 50,000/- രൂപവരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/- രൂപവരെ ആശുപത്രി മുഖാന്തരം നൽകുന്നു. അപേക്ഷകന്റെ ജാതി, വരുമാനം എന്നിവ തെളിയിക്കുന്നതിന് നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവസഹിതം അക്ഷയകേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. വിവിധതലങ്ങളിൽ പരിശോധന നടത്തി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

പട്ടികവർഗ്ഗ വിഭാഗം

ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻകാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്,

ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് 50,000/- രൂപവരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ./ടി.ഡി.ഒ.-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സംവരണം

113 (974) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം പിന്നാക്ക സമുദായമായതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മെഡിക്കൽ പി.ജി. കോഴ്സുകളിൽ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പം ചേർത്ത് സംവരണം ലഭിക്കുന്നുണ്ട്. എന്നാൽ ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ നിലവിൽ സംവരണം ലഭിക്കുന്നില്ല.

(ബി) ആംഗ്ലോ ഇന്ത്യൻ സമുദായം കേരള സ്റ്റേറ്റ് എസ്.ഇ.ബി.സി. ആൻഡ് ഒ.ബി.സി. ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; കേരള സ്റ്റേറ്റ് എസ്.ഇ.ബി.സി. ലിസ്റ്റിലുൾപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണത്തിന് അവകാശമുണ്ടോയെന്ന് അറിയിക്കാമോ?

ആംഗ്ലോ ഇന്ത്യൻ സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ 1958 മുതൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 1966-ൽ ജസ്റ്റിസ് കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്.ഇ.ബി.സി. പട്ടികയിൽ ആംഗ്ലോ ഇന്ത്യൻസ് ഉൾപ്പെട്ടിരുന്നില്ല.

(സി) നിലവിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും കൂടാതെ മറ്റ് കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ലെന്നുകാണിച്ച് അഡ്വ. ആന്റണി നിൽറ്റൺ റീമേലോയുടെ പരാതി കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ

ബാക്ക്‌വേർഡ് ക്ലാസ്സസ് ഓഫീസിൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

ഉണ്ട്. ഈ വിഷയം പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.

(ഡി) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽനിന്ന് 30-11-2021-ലെ ബി.സി.ഡി.ഐ.ആർ/ ബി2/319/2021 നമ്പർ കത്തുമുഖേന സർക്കാരിലേയ്ക്ക് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് എല്ലാതലത്തിലുമുള്ള വിദ്യാഭ്യാസ സംവരണം ലത്തീൻ കത്തോലിക്കരോടൊപ്പം ചേർത്ത് നൽകണമെന്ന ശിപാർശ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉണ്ട്. ഈ വിഷയത്തിൽ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം ലഭ്യമായിട്ടില്ല.

(ഇ) കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്‌വേർഡ് ക്ലാസ്സസിൽനിന്നും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കത്തോലിക്കരുടെകൂടെ ചേർത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം നൽകാനുള്ള ഉപദേശം

ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**എസ്.സി./എസ്.ടി. കോളനികളുടെ വികസന പദ്ധതികൾ**

114 (975) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളെന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതിയും പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ, കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കോർപ്പസ് ഫണ്ടും ഉപയോഗിക്കുന്നു.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളാണ് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2016-17 സാമ്പത്തികവർഷം കാരക്കുന്ന് കൈപ്പറമ്പ് കോളനി, മുല്ലശ്ശേരി കോളനി, 2021-22 സാമ്പത്തികവർഷം പള്ളിപാട്ടിൽ കോളനി, വടക്കേക്കര നാലുസെന്റ് കോളനി എന്നിവ അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം നവീകരിച്ചിട്ടുണ്ട്.

(സി) ഓരോ കോളനിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെസ്ഥിതിയെന്താണെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ലോക്ഡൗൺ സമയത്ത് ട്രൈബൽ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ലോക്ഡൗൺ സമയത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനിയിലെ കമ്മ്യൂണിറ്റി ഹാളുകൾ, 200 സാമൂഹ്യപഠനമുറികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഇന്റർനെറ്റ്, ഡി.റ്റി.എച്ച്., കേബിൾ തുടങ്ങിയ സംവിധാനങ്ങളുപയോഗിച്ച് പഠനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 200 സാമൂഹ്യപഠനമുറികളിലും ഫെസിലിറ്റേറ്റർമാരുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനവും മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓൺലൈൻ പഠനകേന്ദ്രങ്ങളിൽ പ്രസ്തുത കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. എന്നീ സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനിയിൽ എം.ആർ.എസ്.-ലെ അദ്ധ്യാപകർ നേരിട്ടെത്തി വിക്ടേഴ്സ് ചാനൽവഴി ലഭ്യമായ ക്ലാസ് ഡൗൺലോഡ് ചെയ്തതിനുശേഷം ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി കുട്ടികളുടെ പഠനത്തെ സഹായിക്കുകയും കുട്ടികൾക്കാവശ്യമായ പഠന ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ട്രൈബൽ വിദ്യാർത്ഥികൾ സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം കൊഴിഞ്ഞുപോക്ക് തടയുന്നതിനായി നവീന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുവടെചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

2. പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

3. സാമൂഹ്യപഠനമുറി

4. മെന്റർ ടീച്ചർ പദ്ധതി

5. വിദ്യാവാഹിനി പദ്ധതി

6. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം

7. വിവിധ സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ

കൂടാതെ, പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, പട്ടികവർഗ്ഗ വികസന വകുപ്പുദ്യോഗസ്ഥർ, അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ സ്ഥിരമായെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സേവനങ്ങൾ

115 (976) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായ വകുപ്പുകൾ മുഖേന ആലപ്പുഴ മണ്ഡലത്തിലെ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വരുന്ന

സേവനങ്ങളുടെ വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സേവനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. വിദേശപഠന സ്കോളർഷിപ്പ്
4. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി
5. സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം
6. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷാ പരിശീലന ധനസഹായം
7. Ph.D/M.Phil സ്കോളർഷിപ്പ്

(ബി) പ്രസ്തുത വകുപ്പുകൾ മുഖേന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ കീഴിൽ ആര്യാട്, അമ്പലപ്പുഴ ബ്ലോക്ക് പരിധിയിൽ ഓരോ പ്രീമെട്രിക് ഹോസ്റ്റലുകളും

പുന്നപ്രയിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ചേർത്തലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത വകുപ്പുകൾമുഖേന നടപ്പിലാക്കുന്ന സ്കോളർഷിപ്പ്/വിദേശ പഠനസഹായം/ഫീസ് എന്നിവ സംബന്ധിച്ച് ആലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ കണക്ക് ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽ ആര്യാട് ഗ്രാമപഞ്ചായത്തിൽ 3 വിദ്യാർത്ഥികൾക്ക് 5550 രൂപയും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ 21 വിദ്യാർത്ഥികൾക്ക് 39400 രൂപയും മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് 3 വിദ്യാർത്ഥികൾക്ക് 5250 രൂപയും ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഒരു വിദ്യാർത്ഥിക്ക് 1750 രൂപയും പ്രീമെട്രിക് സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി, പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ വിവരങ്ങൾ മുനിസിപ്പൽ, പഞ്ചായത്ത് അടിസ്ഥാനത്തിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

**ഭൂരഹിത/ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ പദ്ധതികൾ**

116 (977) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

(ബി) പ്രസ്തുത ജില്ലയിൽ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ, വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുവഴി നടപ്പിലാക്കിയിരുന്ന ഭവന പൂർത്തീകരണ പദ്ധതിപ്രകാരം 142 കുടുംബങ്ങൾക്കും ദുർബ്ബല പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 20 കുടുംബങ്ങൾക്കും ഭവന പുനരുദ്ധാരണ സഹായം അനുവദിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ഭവനങ്ങളുടെ നവീകരണത്തിനായി 150000/- രൂപവരെ അനുവദിക്കുന്ന പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കിവന്നിരുന്നു. നിലവിൽ ഭവന പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പട്ടികജാതി വിഭാഗങ്ങൾക്ക് രണ്ടുലക്ഷം രൂപവരെയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് രണ്ടര ലക്ഷം രൂപവരെയും അനുവദിക്കുന്ന സേഫ് പദ്ധതി നടപ്പിലാക്കുന്നു.

## ഒ.ബി.സി. വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പ്

117 (978) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ കെ. ആൻസലൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് മികച്ച അവസരം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിദേശ യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്നതിന് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠനനിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിംഗ്/പ്യൂവർ സയൻസ്/

അഗ്രികൾച്ചർ/മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള (പി.ജി./പി.എച്ച്.ഡി. കോഴ്സുകൾമാത്രം) അവസരമൊരുക്കി നടപ്പാക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷികവരുമാന പരിധി. ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോകറാങ്കിംഗ് പ്രകാരമുള്ള ആദ്യ 600 സർവ്വകലാശാലകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. ആദ്യ 200 റാങ്കിലുൾപ്പെട്ട സർവ്വകലാശാല തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന/ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയും 201 മുതൽ 600 വരെയുള്ള സർവ്വകലാശാല തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശപഠന/ജീവിത ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപയും സ്കോളർഷിപ്പ് അനുവദിക്കുന്നു. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കുന്നത്. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകിക്കൊണ്ട് പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയാണ് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ബി) രാജ്യത്ത് ഒന്ന് മുതൽ എട്ടാം ക്ലാസുവരെയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകിവന്നിരുന്ന സ്കോളർഷിപ്പ് നിർത്തലാക്കിയിട്ടുണ്ടോ; പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

2021-22 വരെ 50% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്ന ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിരുന്നു. നടപ്പുവർഷം മുതൽ 9, 10 ക്ലാസ്സുകളിൽ മാത്രമായി കേന്ദ്രസർക്കാർ ടി പദ്ധതി ചുരുക്കിയിട്ടുണ്ട്. 2021-22 വരെ 100% കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയിരുന്ന ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പുവർഷം മുതൽ 60:40 അനുപാതത്തിലാക്കിയിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന സമർത്ഥരായ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പ് തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ; പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക്

പ്രതികൂലമായ പ്രസ്തുത നടപടി തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോയെന്ന് വിശദമാക്കാമോ?

2021-22 വരെ വിവിധ കോഴ്സുകളിൽ നിയമാനുസൃതമായ മുഴുവൻ ഫീസും പരിധിയില്ലാതെ അനുവദിച്ചിരുന്നു. നിലവിൽ വിവിധ കോഴ്സുകൾക്ക് ചുവടെ രേഖപ്പെടുത്തും പ്രകാരം പരിമിതപ്പെടുത്തിയിട്ടുണ്ട്.

ഗ്രൂപ്പ് 1 കോഴ്സുകളിൽ പരമാവധി 20,000/-

ഗ്രൂപ്പ് 2 കോഴ്സുകളിൽ പരമാവധി 13,000/-

ഗ്രൂപ്പ് 3 കോഴ്സുകളിൽ പരമാവധി 8,000/-

ഗ്രൂപ്പ് 4 കോഴ്സുകളിൽ പരമാവധി 5,000/-

ടി വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നകാര്യം പരിശോധനയിലാണ്.

## തൃശ്ശൂരിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസ്

118 (979) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നാക്കവിഭാഗ വികസനവകുപ്പിന്റെ ജില്ലാ ഓഫീസ് തൃശ്ശൂരിൽ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സജീവ പരിഗണനയിലാണ്. നിലവിൽ തിരുവനന്തപുരത്ത് ഡയറക്ടറേറ്റും കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലായി വകുപ്പിന്റെ മേഖലാ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ**

119 (980) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്ന് വായ്പയെടുത്തവർക്ക് കോവിഡ് സാഹചര്യത്തിൽ തിരിച്ചടവിന് ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്തവർക്ക് റിസർവ് ബാങ്കിന്റെ

നിബന്ധനകൾക്കുവിധേയമായി 2020 മാർച്ച് 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ വായ്പകളിൽ മൊറട്ടോറിയം ഏർപ്പെടുത്തുകയും ആയതുപ്രകാരം പിഴപ്പലിശ ഇളവ് ചെയ്ത് നൽകുകയും ചെയ്തു.

(ബി) കോർപ്പറേഷനിൽനിന്നും എടുത്ത വായ്പകൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

കാലാകാലങ്ങളിൽ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം പ്രഖ്യാപിക്കുന്ന ഒ.റ്റി.എസ്. പദ്ധതിയിൽ പലിശ/പിഴപ്പലിശ എന്നിവയിൽ ഇളവുകൾ നൽകിവരാറുണ്ട്. കൂടാതെ കോർപ്പറേഷനിൽനിന്നും വായ്പ കൈപ്പറ്റിയശേഷം വായ്പക്കാർക്കുണ്ടാകുന്ന അത്യാഹിതം/മരണം കാരണം വായ്പാ തിരിച്ചടവിൽ വീഴ്ചവരുത്തുന്നവർക്കായി LDRF (Loanees Distress Relief Fund) പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

(സി) വായ്പാ കുടിശ്ശിക വരുത്തിയവർക്ക് റവന്യൂ റിക്കവറി ഒഴിവാക്കി തിരിച്ചടവിന് കൂടുതൽ സാവകാശം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ?

ഭീമമായ കുടിശ്ശിക നിലനിൽക്കുന്ന വായ്പകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്ത

വായ്പകളിൽ സാവകാശം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ഗുരുവായൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ

120 (981) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളിൽ ഭരണസമിതിയുടെ കാലാവധി അവസാനിച്ച സംഘങ്ങളുണ്ടോയെന്ന് വിശദമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളിൽ ഭരണസമിതിയുടെ കാലാവധി അവസാനിച്ച സംഘങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകളിൽ അടഞ്ഞുകിടക്കുന്നതും ശോച്യാവസ്ഥയിലുള്ളതുമായ പട്ടികജാതി സർവ്വീസ് സഹകരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംഘങ്ങളുടെ കെട്ടിടങ്ങൾ അറ്റകുറ്റപണി നടത്തുന്നതിന് ഗ്രാന്റ് നിലവിലുണ്ടോ; ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസിന് പരമാവധി 5 ലക്ഷം രൂപവരെ ധനസഹായം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

1. സ്ഥിരം സെക്രട്ടറിയും ഭരണസമിതിയുമുണ്ടായിരിക്കണം;
2. സംഘം കുറഞ്ഞത് 3 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം;
3. മൂന്നുവർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം;
4. അസിസ്റ്റന്റ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് സമർപ്പിക്കണം;
5. 31-03-2015-നമുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടമായിരിക്കണം;
6. സംഘം അഴിമതിരഹിതവും സർക്കാരിലേയ്ക്ക് കുടിശ്ശികയുണ്ടാകാനും പാടില്ല.

## ശബരിമല ദർശനത്തിനിടെ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം

121 (982) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനത്തിനിടെ മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായുള്ള ആശ്രിതർക്കുള്ള ധനസഹായ വിതരണത്തിനായി പത്തനംതിട്ട ജില്ലാ കളക്ടർ സർക്കാരിന് എത്ര തുകയ്ക്കുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചതെന്നും എത്രതുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

2022-23-ലെ ശബരിമല തീർത്ഥാടന കാലയളവിൽ ഹൃദയാഘാതംമൂലവും മറ്റപകടങ്ങൾ സംഭവിച്ചും മരണമടയുന്ന തീർത്ഥാടകരുടെ ആശ്രിതർക്ക് മൃതദേഹം സ്വദേശത്തെത്തിച്ചശേഷമുള്ള മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിന് അടിയന്തര ധനസഹായം നൽകുന്നതിലേയ്ക്കായി ആകെ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപമാത്രം) അനുവദിക്കണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ ശിപാർശ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 15-11-2022-ലെ സ.ഉ.(സാധാ) നം. 4643/2022/റവ നമ്പർ ഉത്തരവുപ്രകാരം ആകെ 1,00,000/- രൂപ (ഒരു ലക്ഷം രൂപമാത്രം)

അഡ്വാൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മുൻവർഷവും ഈയിനത്തിൽ 19-11-2021-ലെ സ.ഉ.(സാധാ) നം. 3991/2021/റവ നമ്പർ ഉത്തരവുപ്രകാരം ആകെ 1,00,000/- രൂപ (ഒരു ലക്ഷം രൂപമാത്രം) മാത്രമാണ് അനുവദിച്ചിരുന്നത്. ടി തുക മുൻവർഷം വിനിയോഗിച്ചിട്ടില്ലാത്തതുമാണ്.

(ബി) ഇപ്രകാരം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായ തുകയെത്രയെന്ന് അറിയിക്കുമോ?

ശബരിമല തീർത്ഥാടന കാലയളവിൽ ഹൃദയാഘാതംമൂലവും മറ്റപകടങ്ങൾ സംഭവിച്ചും മരണമടയുന്ന തീർത്ഥാടകരുടെ ആശ്രിതർക്ക് മൃതദേഹം സ്വദേശത്തെത്തിച്ചശേഷമുള്ള മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിന് അടിയന്തര ധനസഹായമെന്ന നിലയിൽ 5,000/- രൂപ വീതമാണ് പത്തനംതിട്ട ജില്ലാ കളക്ടർ അനുവദിക്കുന്നത്.

**ശബരിമല തീർത്ഥാടനം സുഗമമാക്കാൻ സ്വീകരിച്ച നടപടികൾ**

122 (983) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തീർത്ഥാടനം സുഗമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) തീർത്ഥാടകർക്ക് ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തീർത്ഥാടന പാതകളിൽ അപകടം ഒഴിവാക്കുന്നതിനും സുഗമമായി ദർശനം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ-സി) കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടനകാലം എന്നനിലയിൽ വൻ ഭക്തജന തിരക്കുണ്ടാകുമെന്നത് മുന്നിൽകണ്ട് സർക്കാരും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും അനുബന്ധമായി ചേർക്കുന്നു+. ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഇടത്താവളങ്ങളുടെ പട്ടികയും അവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ശബരിമല മണ്ഡലകാലത്തെ വരുമാനം**

123 (984) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കച്ചവട സ്ഥാപനങ്ങളും മറ്റുസേവനങ്ങളും നൽകുന്നതിനുള്ള ലേലത്തിൽ നടപ്പുവർഷം ബോർഡിന് ലഭിച്ച ആകെ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ നാല് മണ്ഡലകാലത്തെ മേല്പറഞ്ഞ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ശബരിമല തീർത്ഥാടനം സുഗമമാക്കാനുള്ള നടപടികൾ**

124 (985) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിനായി ദേവസ്വം ബോർഡും സർക്കാരും നടത്തിയ

മുന്നൊരുക്കങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ; തിരക്ക് നിയന്ത്രിക്കാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും അടിയന്തര ആരോഗ്യ സാഹചര്യങ്ങൾ നേരിടുന്നതിനും കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) തീർത്ഥാടനം പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മാലിന്യ നിവാരണം ഫലപ്രദമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ-സി) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മുന്നൊരുക്കങ്ങളും തിരക്ക് നിയന്ത്രിക്കുന്നതിനും അടിയന്തര ആരോഗ്യ സാഹചര്യങ്ങൾ നേരിടുന്നതിനും മാലിന്യ നിവാരണത്തിനും സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങളും അനുബന്ധമായി ചേർക്കുന്നു.+

## ശബരിമല മണ്ഡലകാല മുന്നൊരുക്കങ്ങൾ

125 (986) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മണ്ഡലകാലത്ത് ശബരിമല തീർത്ഥാടകർക്ക് സുരക്ഷിതവും അപകടരഹിതവുമായ തീർത്ഥാടനം ഉറപ്പാക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡും സർക്കാരും നടത്തിയ മുന്നൊരുക്കങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡല-മകരവിളക്ക് കാലഘട്ടത്തിൽ ശബരിമല ശുചിത്വപൂർണ്ണമായി സംരക്ഷിക്കുന്നതിനും മികച്ച മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിനും തടസ്സരഹിതമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ശബരിമല സന്നിധാനത്തെയും പമ്പയിലെയും തിരക്ക് നിയന്ത്രിക്കുന്നതിനും ഇടത്താവളങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് സുരക്ഷിതമായി വിരിവയ്ക്കുന്നതിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും

മുൻവർഷത്തേക്കാൾ കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനും അന്യസംസ്ഥാന തീർത്ഥാടകരെ സഹായിക്കാൻ വിവിധ ഭാഷകളിൽ പരിജ്ഞാനമുള്ളവരെ നിയോഗിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ-ഡി) കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടനകാലം എന്നനിലയിൽ വൻ ഭക്തജന തിരക്കുണ്ടാകുമെന്നത് മുന്നിൽകണ്ട് സർക്കാരും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും അനുബന്ധമായി ചേർക്കുന്നു.+ ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഇടത്താവളങ്ങളുടെയും അവിടെയൊരുക്കിയിട്ടുള്ള സൗകര്യങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ശബരിമല തീർത്ഥാടനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

126 (987) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ശബരിമല തീർത്ഥാടകരുടെ ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിനായി ദേവസ്വം ബോർഡ് സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പുവർഷം എന്തൊക്കെ സേവനങ്ങളാണ് അധികമായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടനകാലം എന്നനിലയിൽ വൻഭക്തജന തിരക്കുണ്ടാകുമെന്നത് മുന്നിൽകണ്ട് സർക്കാരും ദേവസ്വം ബോർഡും വിപുലമായ മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. തീർത്ഥാടകരുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായുള്ള എല്ലാവിധ നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളും സുസജ്ജമാക്കിയിട്ടുള്ളതും ആവശ്യാനുസരണം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും ജീവനക്കാരെയും

നിയോഗിച്ചിട്ടുള്ളതും ആംബുലൻസുകളും മരുന്നുകളും ക്രമീകരിച്ചിട്ടുള്ളതുമാണ്. തീർത്ഥാടനപാതകളിൽ തീർത്ഥാടകർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനായി 19 അടിയന്തരഘട്ട വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ശബരിമല തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായത്തിനായി റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചു. ഇടുങ്ങിയ പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘടപാതകളിലൂടെ പോകാൻകഴിയുന്ന 4x4 റെസ്ക്യൂ വാൻ, ഐ.സി.യു. ആംബുലൻസ് എന്നിവയും നിലവിലുള്ള ആംബുലൻസുകൾക്കുപുറമെ സജ്ജമാക്കിയിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമന തട്ടിപ്പുകൾ

127 (988) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിവിധ തസ്തികകളിലേയ്ക്ക് പണം വാങ്ങി വ്യാജനിയമന ഉത്തരവുകൾ നൽകി തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നിയമന തട്ടിപ്പുകൾ നടത്തുന്നതാരെല്ലാമാണെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് പണം വാങ്ങി വ്യാജനിയമന ഉത്തരവുകൾ നൽകി തട്ടിപ്പ് നടത്തുന്നതായി ആരോപിച്ച് ഒരു പരാതി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കുകയും ടി പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് ദേവസ്വം വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾ**

128 (989) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

21 ക്ഷേത്രങ്ങൾ.

(ബി) 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചുവെന്ന് ക്ഷേത്രങ്ങളുടെ പേരുവിവരങ്ങൾ സഹിതം ലഭ്യമാക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാർ**

129 (990) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നവരെ സർക്കാർ ജീവനക്കാരായിട്ടാണോ പരിഗണിക്കുന്നത്;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അല്ലെങ്കിൽ ഇവരെ ഏതുവിഭാഗത്തിലാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ സർക്കാർ ജീവനക്കാരല്ല. നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾപ്രകാരം മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ ഓരോ സ്വതന്ത്ര യൂണിറ്റുകളാണ്. ഓരോ ക്ഷേത്രത്തിലെയും ജീവനക്കാരെ നിയമിക്കുന്ന നിയമനാധികാരി അതത് ക്ഷേത്രങ്ങളുടെ ട്രസ്റ്റി/എക്സിക്യൂട്ടീവ് ഓഫീസർ/ഫിറ്റ് പേഴ്സൺ/ട്രസ്റ്റി ബോർഡ് ചെയർമാൻ തുടങ്ങിയ സ്ഥാനപ്പേരിലുള്ള ക്ഷേത്ര ഭരണാധികാരികളാകയാൽ അത്തരം ജീവനക്കാർ, അവർ ജോലി ചെയ്തുവരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർ എന്ന വിഭാഗത്തിലാണുൾപ്പെടുന്നത്.

## നിവേദ്യം-പൂജ കദളീ പദ്ധതി

130 (991) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിലേയ്ക്ക് കദളിപ്പഴം നൽകുന്നതിന് തൃശ്ശൂർ ജില്ലാ കുടുംബശ്രീ മിഷന്റെ നിവേദ്യം-പൂജ കദളീ പദ്ധതിക്ക് തുടർന്നും അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പുതുക്കാട് നിയോജകമണ്ഡലത്തിൽ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ വ്യവസ്ഥപ്രകാരമല്ലാതെ നേരിട്ട് വാങ്ങുന്നത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഹാജരാക്കുന്നമുറയ്ക്ക് കുടുംബശ്രീയുടെ അപേക്ഷ പരിഗണിക്കാൻ ഗുരുവായൂർ ദേവസ്വം തീരുമാനമെടുത്തിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

131 (992) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തീരുമാനമെടുത്തിരുന്നതെന്നും പ്രസ്തുത തീരുമാനത്തിന്

ഗവൺമെന്റ് അനുമതി നൽകിയിരുന്നോയെന്നും ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയതെന്നും അറിയിക്കുമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിനുള്ള ശമ്പളപരിഷ്കരണ പ്രൊപ്പോസൽ, മലബാർ ദേവസ്വം ബോർഡിന്റെ 23-07-2019-ലെ 51-ാം നമ്പർ യോഗതീരുമാനപ്രകാരം അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ പരിശോധിച്ച് 12-02-2021-ലെ ജി.ഒ.(എം.എസ്)നം.57/2021 പ്രകാരം മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു.

(ബി) ശമ്പളപരിഷ്കരണ തീരുമാനമനുസരിച്ച് ജീവനക്കാർക്ക് പുതുക്കിയ ശമ്പളം നൽകിത്തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; ജീവനക്കാർക്ക് പുതുക്കിയ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 12-02-2021-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.57/2021 പ്രകാരം

അനോമലികൾ പരിഹരിച്ച് ബോർഡ് നേരിട്ട് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 13-07-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്ത് തീരുമാനം 1 (4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദുചെയ്ത് അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ദേവസ്വം വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

132 (993) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക-കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നടത്തിയ നിയമനങ്ങളെത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ഒഴിവുകൾ**

133 (994) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ വാദ്യ കലാകാരന്മാരുൾപ്പെടെയുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്രജീവനക്കാരുടെ പുനർവിന്യാസ നടപടിക്രമങ്ങൾ നടന്നുവരികയാണ്. ആയത് പൂർത്തിയായാൽ മാത്രമേ കൃത്യമായ ഒഴിവുവിവരം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് നൽകുവാൻ സാധിക്കുകയുള്ളൂ. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയല്ല. ഗുരുവായൂർ, കൊച്ചിൻ ദേവസ്വങ്ങളിലെ വാദ്യ ജീവനക്കാരുടെ തസ്തികകളുൾപ്പെടെയുള്ള എല്ലാ തസ്തികകളും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അതത് സമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ വാദ്യ കലാകാരന്മാരുടെ സ്ഥിരം തസ്തികകൾ ദേവസ്വം റെഗുലേഷൻ 2003-ൽ ഇല്ല. കൂടൽമാണിക്യം ദേവസ്വത്തിലെ പ്യൂൺമാരുടെയും കീഴ്ശാന്തിമാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും ഒഴിവുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിൽ താൽക്കാലിക ജീവനക്കാരായും കരാർ ജീവനക്കാരായും ജോലി ചെയ്യുന്ന ആളുകളുടെ

എണ്ണം, തസ്തിക എന്നിവ ദേവസ്വം ബോർഡ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഇവരുടെ വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി പ്രതിമാസം ചെലവഴിക്കുന്ന ആകെ തുക എത്രയാണെന്ന് അറിയിക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകൾ**

134 (995) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമിച്ചവരുടെ എണ്ണം, തസ്തിക, വിഷയം എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ദേവസ്വം ബോർഡുകളുടെ കീഴിൽ നിലവിൽ എത്ര അദ്ധ്യാപക തസ്തികകളാണ് ഒഴിവുള്ളതെന്ന് കോളേജ്, സ്കൂൾ, വിഷയം എന്നിങ്ങനെ തരംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ക്ഷേത്രക്കുളം നവീകരണ പദ്ധതി**

135 (996) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ക്ഷേത്രക്കുളം നവീകരണ പദ്ധതിയിലുൾപ്പെടുത്തി എത്ര ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുളം നവീകരണത്തിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) വിവിധ ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവ്, കുളം, ആൽത്തറ എന്നിവയുടെ പുനരുദ്ധാരണത്തിനുവേണ്ടി ദേവസ്വം വകുപ്പ് ബഡ്ജറ്റിൽ വർഷാവർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം മലബാർ ദേവസ്വം

ബോർഡ് ലഭ്യമാക്കിയ ശിപാർശപ്രകാരം 17-04-2021-ലെ സ.ഉ. (സാധാ) 1506/2021/റവ. നമ്പർ ഉത്തരവുപ്രകാരം നൽകിയിട്ടുള്ള 9.67 കോടി രൂപയുടെ ഭരണാനുമതിയിലുൾപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചുവരുന്നത്. ആയതിൻപ്രകാരം നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലബാർ ദേവസ്വത്തിനുകീഴിലുള്ള വിവിധ ക്ഷേത്രങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

കോവിഡാനന്തരം സർക്കാരിന്റെ മോശം സാമ്പത്തികസ്ഥിതിയിൽ നിലവിലെ ഒരു കോടി രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി ഭരണാനുമതി നൽകിക്കഴിഞ്ഞവയ്ക്ക് ആദ്യപരിഗണന നൽകി ഫണ്ട് അനുവദിച്ചുവരുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപരിയായി ഉടനടി പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കാൻ കഴിയുന്നതല്ല.

**ആചാരസ്ഥാനികൾക്കും കോലധാരികൾക്കും ധനസഹായം**

136 (997) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡ് ആചാരസ്ഥാനികൾക്കും കോലധാരികൾക്കും വർഷത്തിൽ രണ്ടുതവണ നൽകുന്ന ധനസഹായം പ്രതിമാസം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ആചാരസ്ഥാനികൾക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡ് മുഖേന, സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രതിമാസം 1400/- രൂപ വീതമെന്ന് കണക്കാക്കിയാണ് ധനസഹായം അനുവദിച്ചുവരുന്നത്. ബഡ്ജറ്റ് ഗ്രാന്റ് തികയാതെവരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് അധിക ധനാനുമതി അനുവദിക്കാറുണ്ട്. നിലവിൽ 2208 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിലുള്ളത്. പ്രസ്തുത ആവശ്യത്തിന് സർക്കാർ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് അലോട്ട്മെന്റ് 1,25,00,000/- രൂപയാണ്. എന്നാൽ 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റായ 1,25,00,000/- രൂപയ്ക്കുപുറമെ മുൻവർഷത്തെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിന് 1,66,98,000/- രൂപ അധിക ധനാനുമതിയായി സർക്കാർ അനുവദിച്ചിരുന്നു.

## ഇരിങ്ങോൾ കാവ് സംരക്ഷണം

137 (998) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂരിലെ പ്രശസ്തമായ ഇരിങ്ങോൾ കാവിന്റെ സംരക്ഷണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

ഇരിങ്ങോൾ കാവിന്റെ സംരക്ഷണത്തിനായി പ്രസ്തുത പ്രദേശം ഫെൻസിംഗ് അടമാനം വരുത്തി ഗേറ്റിൽ ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിച്ച് പ്രവേശന പാസ് അനുവദിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

## ക്ഷേത്ര സ്ഥാനികന്മാരുടെയും കോലധാരികളുടെയും വേതനം

138 (999) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ക്ഷേത്ര സ്ഥാനികന്മാരും കോലധാരികളുമുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ വേതനവും ആനുകൂല്യങ്ങളും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവൃത്തിയെടുക്കുന്ന ആചാരസ്ഥാനികരുടെയും കോലധാരികളുടെയും എണ്ണം മലബാർ ദേവസ്വം ബോർഡിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ഈ വിഭാഗത്തിൽ, മലബാർ ദേവസ്വം ബോർഡിൽനിന്നും പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്ന ഗുണഭോക്താക്കൾ 1811 ആചാരസ്ഥാനികരും 397 കോലധാരികളും ഉൾപ്പെടെ ആകെ 2208 പേരാണുള്ളത്. പ്രതിമാസം 1400 രൂപവീതം ധനസഹായമാണ് നിലവിൽ അനുവദിച്ചുവരുന്നത്.

(ബി) വേതനം ലഭിക്കാത്തതുകൊണ്ട് പലയിടങ്ങളിലും ക്ഷേത്ര സ്ഥാനികന്മാർക്കും കോലധാരികൾക്കും ധർണ്ണപോലുള്ള സമരം നടത്തേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേത്ര സ്ഥാനികന്മാർക്കും കോലധാരികൾക്കും എത്രമാസത്തെ വേതനം കുടിശ്ശികയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ കുടിശ്ശിക നൽകുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

(ബി&സി) ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ ധനസഹായം മലബാർ ദേവസ്വം ബോർഡ് മുഖേന, സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് അനുവദിച്ചുവരുന്നത്. പ്രസ്തുത ആവശ്യത്തിന്

സർക്കാർ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് അലോട്ട്മെന്റ് 1,25,00,000/- രൂപയാണ്. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റായ 1,25,00,000/- രൂപയ്ക്കുപുറമെ മുൻവർഷത്തെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിന് 1,66,98,000/- രൂപ അധിക ധനാനുമതിയായി സർക്കാർ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിതരണം ചെയ്തതായി മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**ചിറങ്ങരയിൽ ശബരിമല ഇടത്താവളം**

139 (1000) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ&ബി) ചിറങ്ങര ഇടത്താവളത്തിന്റെ എർത്ത് വർക്ക് എസ്കവേഷൻ വർക്കുകൾ 70 ശതമാനവും പി.സി.സി. വർക്കുകൾ 57 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ചിറങ്ങര ഇടത്താവളത്തിന്റെ നിർമ്മാണം 2023 മേയ് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് നിർമ്മാണത്തിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) ആയ നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (NBCC) അറിയിച്ചിട്ടുണ്ട്.

## 'മിയാവാക്കി വനങ്ങൾ' സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

140 (1001) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി മിയാവാക്കി വനങ്ങൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കുമോ; വിവിധ വകുപ്പുകൾ മുഖേന അത്തരത്തിലുള്ള എത്ര വനങ്ങൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ?

മിയാവാക്കി വനങ്ങൾ വനം വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്നില്ല. എന്നാൽ ഇതേ തത്വത്തിലുൾക്കൊള്ളിച്ച് അതിസാന്ദ്രത നഗരവനങ്ങളും

വിദ്യാലയങ്ങളിൽ വിദ്യാവനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. നാളിതുവരെ 16 നഗരവനങ്ങളും 75 വിദ്യാവനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ മിയാവാക്കി വനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നിർബന്ധിതമായി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ?

ഇല്ല.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര മിയാവാക്കി വനങ്ങൾ സ്ഥാപിക്കാൻ തുടക്കം കുറിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മിയാവാക്കി തത്വങ്ങളുൾക്കൊള്ളിച്ച് 3 വിദ്യാവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഒരു വിദ്യാവനം സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

## മിയാവാക്കി മോഡൽ വനവത്കരണം

141 (1002) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള മിയാവാക്കി മോഡൽ വനവത്കരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

മിയാവാക്കി വനങ്ങൾ വനം വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്നില്ല. എന്നാൽ ഇതേ തത്വത്തിലുൾക്കൊള്ളിച്ച് അതിസാന്ദ്ര 'നഗരവനങ്ങളും' വിദ്യാലയങ്ങളിൽ 'വിദ്യാവനങ്ങളും' നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 16 നഗരവനങ്ങളും 75 വിദ്യാവനങ്ങളും സൃഷ്ടിച്ച് സംരക്ഷിച്ചുവരുന്നു.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

(ബി&സി) 2020-21 വർഷത്തിൽ ചിറക്കടവ് എസ്.ആർ.വി.എൻ.എസ്.എസ്. ഹൈസ്കൂളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹൈസ്കൂളിൽ വിദ്യാവനം നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പും കാഞ്ഞിരപ്പള്ളി എം.എൽ.എ.-യുമായ ഡോ. എൻ. ജയരാജുമായി കോട്ടയം സോഷ്യൽ

ഫോറസ്റ്റി അസിസ്റ്റന്റ് കൺസർവേറ്റർ നേരിട്ട് നടത്തിയ ചർച്ചയെത്തുടർന്ന് ടി പദ്ധതി മണ്ഡലത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## വനം വകുപ്പിന്റെ വരുമാനം

142 (1003) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്രധാന വരുമാന സ്രോതസുകളെന്തൊക്കെയാണ്; ഇവയിൽനിന്നും 2021-22 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം, ലഭിച്ച വരുമാനം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

തടിയുടെയും മറ്റുൽപ്പന്നങ്ങളുടെയും വിൽപ്പനയിൽനിന്നുള്ള വരവ്, വനവികസന നികുതിയിൽനിന്നുള്ള വരവ്, വന്യമൃഗസംരക്ഷണ വിഭാഗത്തിൽനിന്നുള്ള വരവ്, വനഭൂമി പാട്ടകരത്തിൽനിന്നുള്ള വരവ് തുടങ്ങിയവയാണ് വനം വകുപ്പിന്റെ പ്രധാന വരുമാന സ്രോതസുകൾ. 2021-22 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം 251.41 കോടി രൂപയും ലഭിച്ച വരുമാനം 196.37 കോടി രൂപയുമാണ്. ആയതിന്റെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വരുമാനസ്രോതസുകളിൽനിന്നും നടപ്പുസാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനമെത്രയാണെന്നും നാളിതുവരെ ലഭിച്ച വരുമാനമെത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) പ്രതീക്ഷിക്കുന്ന വരുമാനം 292.14 കോടി രൂപയും 15-11-2022 വരെ ലഭിച്ച വരുമാനം 177.48 കോടി രൂപയുമാണ്. ആയതിന്റെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## നിലമ്പൂർ മണ്ഡലത്തിലെ വനാതിർത്തികളിലെ ട്രഞ്ച്, ഫെൻസിംഗ് നിർമ്മാണം

143 (1004) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ)-ൽ പേജ് നമ്പർ ആറ്, ക്രമനമ്പർ നൂറ്റിപതിനെട്ടായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ വനം വകുപ്പിനുകീഴിൽ നിർവ്വഹിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടങ്കൽ തുകയായി 1000 ലക്ഷം (പത്ത് കോടി) രൂപയും ടി തുകയുടെ ഇരുപത് ശതമാനമായ രണ്ട് കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടോ?

(എ&ബി) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ)-ൽ പേജ് നമ്പർ ആറ്, ക്രമനമ്പർ നൂറ്റിപതിനെട്ടായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പ്രതിപാദിക്കുന്നുണ്ടെങ്കിലും 2022-23-ലെ അംഗീകരിച്ച ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടില്ല.

(സി) മേൽ ബഡ്ജറ്റ് അനുബന്ധങ്ങളിൽ ഇക്കാര്യമുള്ള വിവരം വനം വകുപ്പ് ഹെഡ് ക്വാർട്ടേഴ്സിൽനിന്നോ വനം വകുപ്പിൽനിന്നോ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

മേൽ ബഡ്ജറ്റ് അനുബന്ധം II, വാല്യം II-ൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ എല്ലാ വനം സർക്കിൾ

ഓഫീസുകളെയും 19-04-2022-ൽ ഇ-മെയിൽ മുഖേന വനം വകുപ്പ് ആസ്ഥാനത്തുനിന്നും അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാന ബഡ്ജറ്റ് അനുബന്ധങ്ങളിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ വനം വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കേണ്ടതും ഭരണാനുമതി നൽകേണ്ടതും വനം വകുപ്പല്ലേ; അറിയിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

സംസ്ഥാന ബഡ്ജറ്റ് അനുബന്ധങ്ങളിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ വനം വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽനിന്നും വിശദമായ അടങ്കൽ തയ്യാറാക്കി വനം വകുപ്പ് ആസ്ഥാനത്തുനിന്നും ഭരണാനുമതിക്കും തുക അനുവദിക്കുന്നതിലേയ്ക്കുമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) മേൽ പ്രവൃത്തിക്കാവശ്യമായ അടങ്കൽ തുക ഏത് ശീർഷകത്തിൽനിന്നമാണ് ധനകാര്യ വകുപ്പ് ലഭ്യമാക്കുക എന്നറിയിക്കുമോ; ഈ ശീർഷകം പദ്ധതി വിഹിതവുമായി (പ്ലാൻ ഫണ്ട്) ബന്ധപ്പെട്ടുള്ളതാണോ എന്നുമറിയിക്കുമോ; വിശദമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് MRMAC 2406- 01-800-56(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിലാണ് സാധാരണയായി തുക വകയിരുത്തുന്നത്.

(എഫ്) മേൽ പ്രവൃത്തിക്ക് നടപ്പുസാമ്പത്തിക വർഷംതന്നെ ഭരണാനുമതി ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ. 21-11-2022-ന് നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡി.എഫ്.ഒ.-മാർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; 2023 മാർച്ച് 31-നകം ടി പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കാനായില്ലെങ്കിൽ പ്രസ്തുത ഫണ്ട് ലാപ്സാകുന്നതാണോയെന്നും അറിയിക്കുമോ?

മേൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. ശ്രീ. പി. വി. അൻവർ സമർപ്പിച്ച കത്ത് 21-11-2022-ന് നിലമ്പൂർ സൗത്ത് ഡിവിഷനിലും 22-11-2022-ന് നിലമ്പൂർ

നോർത്ത് ഡിവിഷനിലും ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം അനുയോജ്യവും മുൻഗണനയുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന ബഡ്ജറ്റ് അനുബന്ധങ്ങളിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾക്ക് 2023 മാർച്ച് 31-നകം ഭരണാനുമതി ലഭ്യമാക്കാനായില്ലെങ്കിൽ ഫണ്ട് ലാപ്സാകുമോ എന്നകാര്യം ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

(ജി) ഇതേ അടങ്കൽ തുകയ്ക്ക് സമാനമായ മറ്റൊരു പ്രവൃത്തിക്ക് 2019-20 വർഷത്തിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടും വനം വകുപ്പ് സമയബന്ധിതമായി ഭരണാനുമതി നൽകാതിരുന്നതിനാൽ പത്ത് കോടി രൂപ ലാപ്സായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഗണിച്ച് നടപ്പുവർഷത്തെ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുമോ?

2019-20 വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്ക് വകയിരുത്തിയിരുന്ന ഒരു പ്രവൃത്തിക്കുള്ള അലോട്ട്മെന്റ് ലഭ്യമാകാത്ത സാഹചര്യമുണ്ടാകുകയും ആയത് കിഫ്ബി ഫേസ് II-ലുൾപ്പെടുത്തി അടങ്കൽ പാസ്സാക്കുകയും ടെണ്ടർ നടപടി

പൂർത്തിയാക്കി കിഫ്ബി ടെക്നിക്കൽ കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 17-06-2022-ലെ എസ്.എഫ്.ഡി.എ. സബ് കമ്മിറ്റി യോഗതീരുമാനപ്രകാരം ടി പദ്ധതി ഗുണകരമാകില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുകയാണുണ്ടായിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷത്തിൽ ടി പ്രവൃത്തികൾക്കനുയോജ്യവും മുൻഗണനയുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.

## ജനവാസ മേഖല നിർണ്ണയിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി

144 (1005) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇരുപത്തിമൂന്ന് സംരക്ഷിത വനപ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ ബഫർ സോണിലെ ജനവാസ മേഖല കൃത്യമായി നിർണ്ണയിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ?

30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം, പരിസ്ഥിതി സംവേദക മേഖലയിൽ (ഇക്കോ സെൻസിറ്റീവ് സോൺ) ഉൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന

സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചുകൊണ്ട് ഒരു വിദഗ്ദ്ധ പരിശോധനാ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്ന് അറിയിക്കുമോ?

വിദഗ്ദ്ധ പരിശോധനാ സമിതി ഒരു മാസത്തിനുള്ളിൽ ഇടക്കാല റിപ്പോർട്ടും മൂന്ന് മാസത്തിനകം അന്തിമറിപ്പോർട്ടും സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. നിലവിൽ വിദഗ്ദ്ധ പരിശോധനാ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ജനവാസ മേഖലയെ ബഫർ സോണിൽനിന്നും ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെയും

കൃഷിസ്ഥലങ്ങളെയും ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്രസർക്കാരിനെയും സമീപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വിവരങ്ങൾ സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിരുന്നു. സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ

ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖേന സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ 29-08-2022-ൽ ചേർന്ന യോഗത്തിൽ ടി വിവരങ്ങൾ വിശദമായി പരിശോധിക്കുകയും ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിനായി 30-09-2022-ലെ സ.ഉ. (സാധാ) നം. 424/22/വനം പ്രകാരം ഒരു വിദഗ്ദ്ധ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ പരിശോധനാ സമിതി 30-10-2022-ലും 24-11-2022-ലും 04-12-2022-ലും യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വിദഗ്ദ്ധ പരിശോധനാ സമിതി ടി വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്താനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിച്ചിട്ടുണ്ട്.

ഭൗതിക സ്ഥലപരിശോധന പൈലറ്റടിസ്ഥാനത്തിൽ, നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതത്തിനുചുറ്റുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കാവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

**വനാതിർത്തി സ്ഥിരം ജണ്ടകെട്ടി വേർതിരിക്കൽ**

145 (1006) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികൾ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന നടപടിയുടെ പുരോഗതി ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വനാതിർത്തികൾ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. സെൻട്രൽ സർക്കിൾ തൃശ്ശൂർ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ എന്നിവയുടെ പരിധിയിൽവരുന്ന വനാതിർത്തികൾ ഇതിനോടകം പൂർണ്ണമായും ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്.

(ബി) ഇനിയും ജണ്ട കെട്ടൽ അവശേഷിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വനാതിർത്തികളിലാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ആലപ്പുഴ മണ്ഡലത്തിൽ കണ്ടൽക്കാടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

146 (1007) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കണ്ടൽക്കാടുകൾ സ്ഥാപിക്കുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികളെന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് ചെലവഴിക്കുന്നതെന്നും ഏതൊക്കെ പ്രദേശങ്ങളിലാണ് സ്ഥാപിക്കുന്നതെന്നും വിശദമാക്കുമോ?

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കണ്ടൽക്കാടുകൾ സ്ഥാപിക്കുന്നതിനായി വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല.

(സി) സോഷ്യൽ ഫോറസ്ട്രി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർണ്ണമായ വിവരം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. വനത്തിനുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗജന്യമായി എൻ.ജി.ഒ.-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തരം നടുന്നതിനായി 13100 വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷവും സൗജന്യ വിതരണത്തിനായി 2 ലക്ഷം തൈകൾ തയ്യാറാക്കിവരുന്നു.

2. സ്കൂളുകൾ/കോളേജുകളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിദ്യാവനം പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ നിയോജകമണ്ഡലത്തിലെ എസ്.എൻ. കോളേജിൽ 400 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എസ്.എൻ. ട്രസ്റ്റ് എച്ച്.എസ്.എസ്., ചേർത്തലയിൽ 400 തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ എസ്.എൻ. കോളേജിൽ 5000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അടുത്ത വർഷവും

ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ എന്നിവയ്ക്കായി 25000 വലിയ കൂടത്തൈകൾ തയ്യാറാക്കിവരുന്നു.

4. നഗരങ്ങളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി നഗരവനം പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ആംഡ് പോലീസ് ക്യാമ്പിൽ 400 തൈകൾ നഗരവനം പദ്ധതിപ്രകാരം നട്ട് പരിപാലിച്ചുവരുന്നു.

5. കടൽത്തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 കാറ്റാടിത്തൈകൾ നട്ട് പരിപാലിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന പൊള്ളത്തൈ മുതൽ മാരാരിക്കുളം വരെ 2 ഹെക്ടർ സ്ഥലത്ത് 2000 കാറ്റാടിത്തൈകൾ നടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന കാവ് ഉടമകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. ടി പദ്ധതിപ്രകാരം ഈ വർഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്ന് 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി

അപേക്ഷകൾ വെരിഫിക്കേഷൻ നടത്തി അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി ഏതൊക്കെ ഇടങ്ങളിലാണ് നടപ്പിലാക്കിയതെന്നും എത്ര തുകയാണ് ചെലവായതെന്നും ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ?

സോഷ്യൽ ഫോറസ്ട്രി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ, നടപ്പിലാക്കിയ ഇടങ്ങൾ, ചെലവായ തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**ജണ്ട നിർമ്മാണത്തിലെ അഴിമതി**

147 (1008) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ചുള്ള അന്വേഷണം അന്തിമഘട്ടത്തിലാണെന്നിരിക്കെ ഇതിലൂടെ എത്ര രൂപയുടെ നഷ്ടമുണ്ടായെന്ന് വെളിപ്പെടുത്തുമോ?

തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിലെ പെരിങ്ങമ്മല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിൽ 8,01,035/- രൂപയുടെ നഷ്ടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്കാക്കിയിട്ടുള്ളതായി വനം വകുപ്പിലെ വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ലുകൾ പാസ്സാക്കിയ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ജണ്ട നിർമ്മാണവുമായുള്ള ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ. ബി. അജിത് കുമാർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ആർ. ബി. അരുൺ കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനും ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(സി) സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നടപടി സ്വീകരിക്കാത്ത ഉദോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുമോ?

ടി വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അകാരണമായ കാലതാമസമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്.

## സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിന് വനഭൂമി വിട്ടുനൽകിയത്

148 (1009) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിവിഷന്റെ അധികാരപരിധിയിൽനിന്നും തിരുവനന്തപുരം - തെന്മല സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനായി എത്ര ഏക്കർ വനഭൂമി മുൻസർക്കാരിന്റെ കാലത്ത് വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് തിരുവനന്തപുരം വനം ഡിവിഷന്റെ അധികാരപരിധിയിൽനിന്ന് തിരുവനന്തപുരം - തെന്മല സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനായി വനഭൂമി വിനിയോഗിച്ചിട്ടില്ല.

(ബി) വനഭൂമി വനേതര പ്രവൃത്തികൾക്ക് വിനിയോഗിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരുന്നോ; വ്യക്തമാക്കുമോ; തിരുവനന്തപുരം ഡിവിഷനിലെ വനഭൂമി സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിന് വിട്ടുനൽകിയത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയിലൂടെ എന്തൊക്കെ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; റോഡ് വികസന പ്രവൃത്തിക്ക് മുന്നോടിയായി പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ചോദ്യം ' എ' -യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**പാതയോരങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ**

149 (1010) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി മുഖേന മരങ്ങൾക്ക് വില നിശ്ചയിച്ച് നൽകുമ്പോൾ നിലവിലെ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന വില നിശ്ചയിച്ച് നൽകുന്നതുമൂലം പലപ്പോഴും ടെണ്ടർ നടപടി യഥാസമയം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില നിശ്ചയിക്കുമ്പോൾ മാർക്കറ്റ് നിരക്കിനാനുപാതികമായി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

**കണ്ടൽക്കാട് സംരക്ഷണം**

150 (1011) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ?

Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതിപ്രകാരം വനം വകുപ്പ് കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ് എന്നിവ ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ, കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിലുൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും

നടത്തിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി.) 485/16/വനം മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം നൽകിവരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു.

കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ (ചേറ്റുവ) 3.3853 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.6952 ഹെക്ടറും കണ്ടൽ വനങ്ങൾ 1961-ലെ കേരള വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം (174.7914 ഹെക്ടർ), തൃശ്ശൂർ (വെന്മനാട് - 94.77 ഹെക്ടർ), മലപ്പുറം (20.78 ഹെക്ടർ), കോഴിക്കോട് (2.82 ഹെക്ടർ), എറണാകുളം പുതുവൈപ്പ് (65.83 ഹെക്ടർ) എന്നിങ്ങനെ ആകെ 358.9914 ഹെക്ടർ കണ്ടൽ വനങ്ങൾ കേരള വനനിയമം സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നു.

(ബി) സ്വകാര്യ വ്യക്തികളിൽനിന്നും കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

സ്വകാര്യ വ്യക്തികളിൽനിന്നും കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നത് ഇഫ്.എഫ്.എൽ. ആക്ട് 2003 വകുപ്പ് 4(1)-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇ.എഫ്.എൽ. നിയമത്തിലെ വകുപ്പ് 15 പ്രകാരം രൂപീകരിക്കപ്പെട്ട ഉപദേശക സമിതിയുടെ ശിപാർശ പ്രകാരമാണ് ഒരു ഭൂപ്രദേശം ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കുന്നത്. നിലവിൽ ഉടമയുടെ സമ്മതപ്രകാരം മാത്രമാണ് കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നത്. ഇ.എഫ്.എൽ. നിയമത്തിലെ 4(4) വകുപ്പുപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച് അതിന്റെ ഉടമയ്ക്ക് സ്ഥലത്തെ സ്ഥായിയായ ദേഹണ്ഡങ്ങളുൾപ്പെടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുപ്രകാരം നോട്ടിഫൈ ചെയ്ത ഭൂമി വനനിയമ പ്രകാരം റിസർവായി കണക്കാക്കുന്നതാണ്.

(സി) കഴിഞ്ഞ 6 വർഷത്തിനുള്ളിൽ എത്ര സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ?

സ്വകാര്യ കണ്ടൽക്കാടുകൾ ഇതുവരെ ഏറ്റെടുത്തിട്ടില്ല.

(ഡി) എറണാകുളം ജില്ലയിലെ കണ്ടൽക്കാടുകൾ സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിലെ കണ്ടൽക്കാടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സാമൂഹ്യ വനവത്കരണം

151 (1012) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പ് സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി നടത്തിവരുന്ന വിദ്യാവനം, നഗരവനം, അമൃതവനം, വൃക്ഷസമൃദ്ധി തുടങ്ങിയ വൃക്ഷവത്കരണ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി നാളിതുവരെ 75 വിദ്യാവനവും 16 നഗരവനവും നടപ്പിലാക്കിയിട്ടുണ്ട്. വൃക്ഷസമൃദ്ധി പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെ 33.84 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 75-ാമത് സ്വാതന്ത്ര്യദിനത്തിന്റെ സ്മരണ നിലനിർത്തുന്നതിന് സംസ്ഥാനത്ത് 11 ഇടങ്ങളിലായി അമൃത് വനം എന്നപേരിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് ഫെൻസിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

152 (1013) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മണ്ഡലത്തിലെ വാഴച്ചാൽ ഡിവിഷനിലെയും പരിയാരം റേഞ്ചിലെയും വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനായി ഫെൻസിംഗ് നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

വാഴച്ചാൽ ഡിവിഷനിലെ അതിരപ്പിള്ളി റേഞ്ച് പരിധിയിൽ 60 കിലോമീറ്റർ ഹാങ്ങിംഗ് സോളാർ ഫെൻസിംഗിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(ബി&സി) വാഴച്ചാൽ ഡിവിഷനിലെ അതിരപ്പിള്ളി റേഞ്ചിൽ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി 570.30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ (നബാർഡ് സ്കീമിലുൾപ്പെടുത്തി) അംഗീകാരത്തിനായി സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്. ചാലക്കുടി ഡിവിഷനിൽ, പിള്ളപ്പാറ മുതൽ മുണ്ടൻമാണി വരെയും (6

കിലോമീറ്റർ- 18.20 ലക്ഷം രൂപ), കാരിക്കടവ് ട്രൈബൽ കോളനിക്കുചുറ്റും (1.5 കിലോമീറ്റർ 33.51 ലക്ഷം രൂപ) സോളാർ ഫെൻസിംഗ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളതും ഫെൻസിംഗ് ജോലികൾ നടന്നുവരുന്നതുമാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ വിദ്യാവനം പദ്ധതി**

153 (1014) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര വൃക്ഷത്തൈകളാണ് ഈ വർഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ശ്രീരാമചന്ദ്ര യു.പി. സ്കൂൾ, എടക്കളത്തൂർ; ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിർ, പുറനാട്ടുകര എന്നീ സ്കൂളുകളിൽ യഥാക്രമം 300, 100 എണ്ണം വൃക്ഷത്തൈകൾ വിദ്യാവനം പദ്ധതിപ്രകാരം നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

154 (1015) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലുൾപ്പെടുന്ന പഞ്ചായത്തുകളിൽ സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ, അവയുടെ ഫണ്ട് വിവരം, ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ ചെലവഴിച്ച തുക, പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സ്ഥാപന വനവൽക്കരണം, വിദ്യാവനം എന്നീ പദ്ധതികളാണ് ആരംഭിച്ച് നടപ്പിലാക്കി വരുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഗ്രീൻ ഇന്ത്യ മിഷൻ

155 (1016) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഇന്ത്യ മിഷൻ നടപ്പിലാക്കിയിട്ടുള്ള നിയോജകമണ്ഡലങ്ങൾ ഏതെല്ലാം; ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളെന്തെല്ലാം; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാവസ്ഥ വ്യതിയാനംമൂലം പരിസ്ഥിതിക്കും വനങ്ങൾക്കുമുണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കിവരുന്നു. കാലിമേച്ചിൽ, വിറകുശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്കുപുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉൽപ്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും മേൽ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ

നടപ്പാക്കിയിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ ധനസഹായത്തോടെയാണോ നടപ്പാക്കുന്നതെന്നും എങ്കിൽ കേന്ദ്ര/സംസ്ഥാന വിഹിതം, നാളിതുവരെ ഈ പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിച്ച തുക, ചെലവഴിച്ച തുക, ഇനം എന്നിവ വ്യക്തമാക്കുമോ?

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി 60 ശതമാനം കേന്ദ്ര ധനസഹായവും 40 ശതമാനം സംസ്ഥാന ധനസഹായവും ലഭ്യമാകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് (60:40 CSS). പദ്ധതി പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തിൽ കേന്ദ്രസർക്കാർ വിഹിതമായി 914.82 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 609.88 ലക്ഷം രൂപയും ചേർത്ത് ആകെ 1524.70 ലക്ഷം രൂപ ലഭിച്ചു. 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തുക ലഭിച്ചതിനാൽ തൻവർഷം ബന്ധപ്പെട്ട വനവികസന ഏജൻസികൾക്ക് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി തുക 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മുഴുവനായും ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20, 2020-21

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷത്തിൽ കേന്ദ്രസർക്കാർ വിഹിതമായി 979.088 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 652.726 ലക്ഷം രൂപയും ചേർത്ത് ആകെ 1631.814 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 1,487.384 ലക്ഷം രൂപ (കേന്ദ്ര സർക്കാർ വിഹിതം - 892.43 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 594.954 ലക്ഷം രൂപയും) 30-11-2022 വരെ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ 5 ഉപദൗത്യങ്ങളിലുൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി വിഹിതമായി ആകെ ലഭിച്ച തുകയിൽ മിച്ചമുള്ള 144.430 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നതിനായി ബന്ധപ്പെട്ട വനവികസന ഏജൻസികൾ ചെലവഴിച്ചുവരുന്നു.

(സി) ഗ്രീൻ ഇന്ത്യ മിഷന്റെ പ്രവർത്തനങ്ങൾക്ക് പദ്ധതിപ്രദേശം തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ?

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി ഒരു നീർത്തടാധിഷ്ഠിത പദ്ധതിയാണ്. സമഗ്ര ഭൂപ്രദേശാധിഷ്ഠിത (Landscape) മേഖലകളെ അതിവിസ്തൃത ഭൂപ്രദേശം (L1-സംസ്ഥാന തലം), സംഘടന തലം (L2 - Operational level-വനം ഡിവിഷൻ തലം), പ്രവൃത്തിതലം (L3 - Working unit - മൈക്രോ വാട്ടർഷെഡ് തലം) എന്നിങ്ങനെ മൂന്നുതലങ്ങളായി വിഭജിച്ചാണ്

പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ആദ്യമായി പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക പരിഗണനകളുടെ അടിസ്ഥാനത്തിൽ നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളെ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. രണ്ടാമതായി, വനസാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അനന്തരഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത, ജൈവ വൈവിദ്ധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽവരുന്ന സൂക്ഷ്മനീർത്തടങ്ങളെ അധിഷ്ഠിതമാക്കി വനമേഖലയും വനേതര മേഖലയും തെരഞ്ഞെടുത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച് പ്രാദേശിക ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു.

(ഡി) ഏറനാട് നിയോജകമണ്ഡലം പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നുണ്ടോ; എങ്കിൽ നാളിതുവരെ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ

പ്രവൃത്തികളെന്തെല്ലാമാണ്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന നിലമ്പൂർ നോർത്ത് വനം ഡിവിഷനുകീഴിൽ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**വിദ്യാവനം പദ്ധതി**

156 (1017) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ഗവൺമെന്റ് എച്ച്.എസ്., പാപ്പനംകോട്; ഗവൺമെന്റ് മോഡൽ സ്കൂൾ, തൈക്കാട്; ഗവൺമെന്റ് വി.എച്ച്.എസ്.എസ്., പരണിയം; ഗവൺമെന്റ് യു.പി.എസ്., ചന്തവിള; എസ്.എൻ.ജി.എച്ച്.എസ്., ചെമ്പഴന്തി; ഗവൺമെന്റ് എച്ച്.എസ്.എസ്. കോട്ടൺഹിൽ, വഴുതയ്ക്കാട് എന്നീ 6 സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കുട്ടികളിൽ വനത്തിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനായി വിദ്യാലയങ്ങളിൽ സ്വാഭാവിക വനങ്ങളോട് സാദൃശ്യമുള്ള ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് വിദ്യാവനം. ടി പദ്ധതിക്കായി നല്ല സൂര്യപ്രകാശം ലഭിക്കുന്ന അഞ്ച് സെന്റോളം സ്ഥലം ആവശ്യമാണ്. ഇതിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത സ്ഥലം വികസന പ്രവർത്തനങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ പിന്നീട് ഉപയോഗിക്കേണ്ടിവരില്ലെന്ന് ഉറപ്പാക്കുകയും അപ്രകാരം ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്ന് രേഖാമൂലമുള്ള ഉറപ്പ് ലഭ്യമാക്കുകയും ചെയ്യുന്നു. വിദ്യാലയങ്ങളെയും കലാലയങ്ങളെയും തെരഞ്ഞെടുക്കുമ്പോൾ മികച്ചരീതിയിൽ പ്രവർത്തിക്കുന്ന ഫോറസ്ട്രി ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, നാഷണൽ സർവ്വീസ് സ്കീമുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് മുഖ്യപരിഗണന നൽകുന്നത്.

**ഹാജിയാർ പള്ളിയിലെ ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

157 (1018) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ബട്ടർഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോപാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ബട്ടർഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോപാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി മൈക്രോപ്ലാൻ വനം വകുപ്പ് ആസ്ഥാനത്തിൽ തയ്യാറാക്കിവരുന്നു.

(ബി) ബട്ടർഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോപാർക്ക് എന്നിവ ആരംഭിക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ 22-07-2022-ന് സ്ഥലം സന്ദർശിക്കുകയും തുടർന്ന് വനം വകുപ്പ് ആസ്ഥാനത്തിൽ റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്തവർഷം മഴക്കാലം ആരംഭിക്കുന്നതോടുകൂടി മുളത്തൈകൾ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ലഭ്യമാക്കി വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതികൾ അടിയന്തരമായി യഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

പദ്ധതി നടപ്പിലാക്കാൻ ഏകദേശം 200 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**തസ്തികകൾ സൃഷ്ടിക്കുന്നതിനും പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി**

158 (1019) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പുതിയതായി 500 തസ്തികകൾ സൃഷ്ടിച്ച സാഹചര്യത്തിൽ ആനുപാതികമായി ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനും അതുവഴി പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വനം വകുപ്പിൽ പുതിയതായി 500 തസ്തികകൾ സൃഷ്ടിച്ച സാഹചര്യത്തിൽ ആനുപാതികമായി ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) പുതിയ തസ്തികകളിൽ ആദിവാസി വിഭാഗക്കാരെ മാത്രമാണോ നിയമിക്കുന്നത്; ഇവരെ സ്പെഷ്യൽ റൂളിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പുതുതായി സൃഷ്ടിച്ച 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ മാത്രമാണ് നിയമിക്കുന്നത്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക നിലവിൽ സ്പെഷ്യൽ റൂളിലുൾപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിർത്തലാക്കിയ മൂന്ന് ഫോറസ്റ്റ് സ്റ്റേഷനുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

17-11-2021-ലെ സ.ഉ. (കൈ) നം. 25/2021/വനം പ്രകാരം, തൃശ്ശൂർ, പീച്ചി എന്നീ ഡിവിഷനുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകൾ പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## വനം വകുപ്പ് മേഖലയിലെ പൊതുമരാമത്ത് റോഡ്

159 (1020) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വനം വകുപ്പ് മേഖലയിൽക്കൂടി കടന്നുപോകുന്ന കള്ളാർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കര-കൊട്ടോടി-കുറ്റിക്കോൽ പൊതുമരാമത്ത് റോഡിന് വീതിയില്ലാത്തതിനാൽ നിത്യേന അപകടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വനം വകുപ്പ് മേഖലയിൽക്കൂടി കടന്നുപോകുന്ന കള്ളാർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കര-കൊട്ടോടി-കുറ്റിക്കോൽ റോഡിന് വീതി കുറവാണെങ്കിലും നിത്യേന അപകടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാറക്കൂട്ടങ്ങളും വളവുകളുമുള്ള പ്രസ്തുത മേഖലയിൽ മരങ്ങളൊന്നും മുറിക്കാതെ വീതികൂട്ടി അപകടരഹിതമാക്കാൻ നടപടി സ്വീകരിക്കുമോ?

1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം അപേക്ഷ പരിവേഷ് സോഫ്റ്റ്‌വെയർ വഴി യഥാവിധി യൂസർ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്കുമാത്രമേ റോഡ് വികസനവുമായി ബന്ധപ്പെട്ട് തുടർനടപടി സാദ്ധ്യമാകുകയുള്ളൂ.

## പഴശ്ശി കാനനപാത സംരക്ഷിക്കുന്നതിന് നടപടി

160 (1021) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരിക്കോട്-മാനന്തവാടി കാനനപാത (പഴശ്ശി ട്രെക്ക്പാത്ത്) ചരിത്ര പാതയായി സംരക്ഷിക്കുന്നതിനും പുതുതലമുറയ്ക്ക് ചരിത്രാവബോധം പകരാനുമുള്ള അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നരിക്കോട്-മാനന്തവാടി കാനനപാത (പഴശ്ശി ട്രെക്ക്പാത്ത്) നിലവിൽ ടൂറിസം സർക്യൂട്ടിൽ വരുന്നതല്ല. നോർത്ത് വയനാട്, കണ്ണൂർ ഡിവിഷനുകളിൽ കൂടിയാണ് പ്രസ്തുത പാത കടന്നുപോകുന്നത്. ഇതിൽ നോർത്ത് വയനാട് ഡിവിഷനിൽ വരുന്ന മാനന്തവാടി മുതൽ 28-ാം മൈൽ വരെയുള്ള ഭാഗം പൊതുഗതാഗത സൗകര്യമുള്ള പി.ഡബ്ല്യു.ഡി. റോഡായി വികസിച്ച് കഴിഞ്ഞിട്ടുള്ളതാണ്. 28-ാം മൈൽ മുതൽ നരിക്കോട് വരെയുള്ള 15 കിലോമീറ്റർ വരെയുള്ള കണ്ണൂർ ഡിവിഷനിലെ കണ്ണവം റേഞ്ചിന്റെ പരിധിയിൽ അഗാധവും അതിനിബിഡവും വന്യജീവി സാന്നിദ്ധ്യമേറിയതുമായ റിസർവ് വനത്തിനുള്ളിൽക്കൂടിയുള്ള ദുർഘടമായ നടപ്പാതയും അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിച്ചുവരുന്നതാണ്.

(ബി) പ്രസ്തുത കാനനപാത പഴശ്ശി ട്രെക്ക്പാത്ത് എന്നപേരിൽ വനം വകുപ്പ് സംരക്ഷിക്കുകയോ പരിപാലിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

28-ാം മൈൽ മുതൽ നരിക്കോട് വരെയുള്ള 15 കിലോമീറ്റർ കാനനപാത സംരക്ഷണ പ്രവർത്തനങ്ങൾക്കായി കണ്ണൂർ ഡിവിഷനിലെ കണ്ണവം റേഞ്ചിനുകീഴിൽ സംരക്ഷിച്ച് പരിപാലിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത പാതയുടെ നിലവിലെ സ്ഥിതിയെന്താണെന്നും ആയത് പഴശ്ശി ട്രെക്ക്പാത്തായി സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

പ്രസ്തുത പാതയുടെ മാനന്തവാടി മുതൽ 28-ാം മൈൽ വരെയുള്ള ഭാഗം നിലവിൽ പി.ഡബ്ല്യു.ഡി. റോഡാണ്. 28-ാം മൈൽ മുതൽ നരിക്കോട് വരെയുള്ള 15 കിലോമീറ്റർ കാനനപാത അതിനിബിഡവും വന്യമൃഗ സാന്നിദ്ധ്യമേറിയതുമായ ഉൾവനത്തിൽക്കൂടെയാണ് കടന്നുപോകുന്നത്. കാനനപാത കണ്ണൂർ ഡിവിഷനിലെ കണ്ണവം റേഞ്ചിനുകീഴിൽ സംരക്ഷിച്ച് പരിപാലിച്ചുവരുന്നുണ്ട്.

## പാണ്ടി-പട്ടപ്പ് ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ

161 (1022) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനുകീഴിൽ വരുന്ന പാണ്ടി-പട്ടുപ്പ് ഫോറസ്റ്റ് റോഡ്, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗതാഗതയോഗ്യമാക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ ഹർജിയിന്മേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിന്റെ ഡി.പി.ആർ. അനുമതിക്കായി നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(എ&ബി) പാണ്ടി-പട്ടുപ്പ് റോഡിന് നബാർഡിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി 98,50,000/- രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ദേലംപാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പാണ്ടി-പട്ടുപ്പ് റോഡിന്റെ നീളം 6.5 കിലോമീറ്ററാണ്. ആയതിൽ 2.471 കിലോമീറ്റർ റോഡ് അഡൂർ റിസർവ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നു. 250-ലധികം കുടുംബങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് ഈ റോഡ് മാത്രമാണ് ഉപയോഗത്തിലുള്ളത്. ഡി.പി.ആർ., നബാർഡ് അംഗീകരിക്കുന്നമുറയ്ക്ക് മേൽറോഡിന്റെ പ്രവൃത്തികളാരംഭിക്കാൻ കഴിയുന്നതാണ്.

(സി) ഇല്ലെങ്കിൽ സമർപ്പിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കൽ**

162 (1023) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതിക്ക് കോട്ടം തട്ടാത്തതരത്തിൽ പരിസ്ഥിതി സൗഹാർദ്ദപരമായി 60 ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. നിലവിലെ വനനിയമങ്ങൾക്കും വർക്കിംഗ് പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കനുസൃതമായാണ് ടി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. എല്ലാ വർഷവും ഇക്കോട്ടൂറിസം പ്ലാൻ ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിക്കുന്ന തുക, ഇക്കോട്ടൂറിസം ഡയറക്ടറേറ്റിൽനിന്നുള്ള സാമ്പത്തിക സഹായം, ഇക്കോസിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF)-ൽനിന്നുള്ള തുക തുടങ്ങിയവ

പ്രയോജനപ്പെടുത്തി പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കോടൂറിസം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും പാരിസ്ഥിതികാഘാതം കുറയ്ക്കുന്നതിനുമായി ഓരോ ഇക്കോടൂറിസം പദ്ധതി പ്രദേശത്തിനുമായി സന്ദർശക വാഹകശേഷി പഠനം (Carrying Capacity Study) നടത്തിവരുന്നുണ്ട്. കൂടാതെ സന്ദർശക സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്ദർശക ബാഹുല്യമുള്ളതും പ്രധാനപ്പെട്ടതുമായ 27 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നാഷണൽ സേഫ്റ്റി കൗൺസിൽവഴി സുരക്ഷാ വിലയിരുത്തൽ (Safety Audit) നടത്തിയിട്ടുണ്ട്. സന്ദർശകർ പദ്ധതി പ്രദേശത്ത് നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും പദ്ധതി പ്രദേശത്തിന്റെ പരിപാലനത്തിനുമായി ഇക്കോടൂറിസം സന്ദർശിക്കാനെത്തുന്നവരിൽനിന്നും ഒരു ചെറിയ തുക സന്ദർശന ഫീസായി ഈടാക്കുന്നു. ടി തുക ഓരോ വനം ഡിവിഷൻ/വനവികസന ഏജൻസി (FDA) തലത്തിൽ ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് ആയി സ്വരൂപിച്ച് ഇക്കോടൂറിസം പദ്ധതി പ്രദേശത്തെ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള സമിതി അംഗങ്ങൾക്ക് പ്രതിഫലം

നൽകുന്നതിനും പദ്ധതി പ്രദേശത്തിന്റെ പരിപാലനത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും ഉപയോഗപ്പെടുത്തുന്നു.

(ബി) ടൂറിസം രംഗത്ത് നിലവിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് നിലവിലുള്ളതും അംഗീകരിച്ചിട്ടുള്ളതുമായ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പട്ടികയും അതുമായി ബന്ധപ്പെട്ട പാക്കേജുകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) ലോകമെമ്പാടുമുള്ള പരിസ്ഥിതി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ഗവേഷണ സെന്ററുകൾ വളർത്തിയെടുക്കുന്നതിനാവശ്യമായ എന്തെങ്കിലും പഠനപ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ടോ?

ഇല്ല.

(ഡി) ഇക്കോടൂറിസം ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി അറിയിക്കുമോ?

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 'ഇക്കോടൂറിസം സെന്ററുകളുടെ പ്രവർത്തനം' എന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഷയത്തിന്മേലുള്ള ശിപാർശ പരിഗണിച്ച് ഇക്കോടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ ആറുമാസ കാലയളവിലേയ്ക്ക് നിയമിച്ച് 05-12-2022-ലെ ജി.ഒ. (ആർറ്റി) നമ്പർ. 544/2022/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

**നെയ്യാർ-പേപ്പാറ ഇക്കോ സെൻസിറ്റീവ് സോൺ**

163 (1024) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാർ-പേപ്പാറ ഇക്കോ സെൻസിറ്റീവ് സോൺ കരട് വിജ്ഞാപനത്തിന്റെയും ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്കുചുറ്റും പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം 25-03-2022-ലെ S.O.1361 പ്രകാരമാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. രാജ്യത്തെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്നത് സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവായിരുന്നു. സുപ്രീംകോടതി

ഉത്തരവ് വന്യജീവി സങ്കേതത്തിനുചുറ്റുമുള്ള ജനങ്ങളിൽ ആശങ്കകൾ സൃഷ്ടിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തി ടി ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് നേടുന്നതിനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08-06-2022-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി-2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിന്മേൽ കേരളത്തിലെ പ്രത്യേക

സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖേന സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 29-08-2022-ൽചേർന്ന യോഗത്തിൽ ടി വിവരങ്ങൾ വിശദമായി പരിശോധിക്കുകയും ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിനായി 30-09-2022-ലെ സ.ഉ. (സാധാ) നം. 424/22/വനം പ്രകാരം ഒരു വിദഗ്ദ്ധ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ പരിശോധനാ സമിതി 30-10-2022-ലും 24-11-2022-ലും 04-12-2022-ലും യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വിദഗ്ദ്ധ പരിശോധന സമിതിയുടെ ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ നെയ്യാർ-പേപ്പാറ വന്യജീവി

സങ്കേതങ്ങൾക്കുചുറ്റും നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കാവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് ഭൗതിക സ്ഥലപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം**

164 (1025) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ ചിമ്മിനി ഡാം ഉൾപ്പെടെയുള്ള മേഖലകളിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ പറമ്പിക്കുളം മോഡലിൽ വിനോദസഞ്ചാരികളെ പ്രവേശിപ്പിക്കുന്നതിനും അവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ട്രെക്കിംഗ്, താമസം ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഒരുക്കുന്നതിനുമായിട്ടുള്ള ഇക്കോട്ടൂറിസം പദ്ധതി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിലെ പീച്ചി ഡിവിഷനിലെ ചിമ്മിനി വന്യജീവി സങ്കേതം കേന്ദ്രീകരിച്ച് ഇക്കോടൂറിസം പദ്ധതി നിലവിലെ വനനിയമങ്ങൾക്കും മാനേജ്മെന്റ് പ്ലാനിനും അനുസൃതമായി പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ടി ഇക്കോടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷത്തിൽ 4.09 ലക്ഷം രൂപ അനുവദിക്കുകയും 4.04 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ വയലട ടൂറിസം പദ്ധതി

165 (1026) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വയലട ടൂറിസം പദ്ധതിയുമായി ബന്ധിപ്പിക്കുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വയലട ടൂറിസം പദ്ധതിയുമായി ബന്ധിപ്പിക്കുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള റോഡിൽക്കൂടി

നിലവിൽ വാഹനങ്ങൾ പോകുന്നുണ്ടെങ്കിലും റോഡിന് പുനരുദ്ധാരണ പ്രവൃത്തി ആവശ്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടോ?

അനുമതി നൽകിയിട്ടില്ല.

(സി) പനങ്ങാട് ഗ്രാമപഞ്ചായത്ത് ഇതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പനങ്ങാട് ഗ്രാമപഞ്ചായത്തിൽനിന്നും ഇതുമായി ബന്ധപ്പെട്ട അപേക്ഷ ഇതുവരെ ലഭിച്ചിട്ടില്ല.

## താൽക്കാലിക നിയമനങ്ങൾ

166 (1027) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന്റെ കീഴിലുള്ള റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ രണ്ടുപേരെ യഥാക്രമം ജി.ഐ.എസ്. സ്പെഷ്യലിസ്റ്റ്, പ്രോജക്ട് മാനേജർ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഒരു ഡെവലപ്മെന്റ് എക്സ്പെർട്ട് തസ്തികയിലും ഒരു മാർക്കറ്റിംഗ് മാനേജർ തസ്തികയിലും കരാറടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വനം വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നടത്തിയ താത്ക്കാലിക നിയമനങ്ങളുടെ വിവരം അനുബന്ധമായി നൽകുന്നു.+

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച രണ്ട് ജീവനക്കാർക്ക് 90,000/- (തൊണ്ണൂറായിരം) രൂപയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായ 24 ജീവനക്കാരിൽ കാലാവധി കഴിയാതെ നിലവിൽ തുടർന്നുവരുന്ന 11 ജീവനക്കാർക്ക് 2,48,574/- (രണ്ട് ലക്ഷത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാല്പത്തിയെണ്ണായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല്) രൂപയും കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ നിയമിച്ച ജീവനക്കാരന് 35,000/- (മുപ്പത്തിയയ്യായിരം) രൂപയും വേതനത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ചിട്ടുണ്ട്.

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നടത്തിയ നിയമനങ്ങളെത്രയാണെന്നും മറ്റുള്ള നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗമെന്താണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നും വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന 24 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 30-09-2020- ലെ സ.ഉ. (സാധാ) നം. 225/2020/വനം ഉത്തരവുപ്രകാരം എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് ജി.ഐ.എസ്. സ്പെഷ്യലിസ്റ്റിനെ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കായി 18-03-2022 മുതൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ നടത്തിപ്പിനായി 21-01-2021-ൽ കൂടിയ രണ്ടാമത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഭോപ്പാലിലെ

ഐ.ഐ.എഫ്.എം.-ൽനിന്നും പി.ജി. ഡിപ്ലോമ എടുത്തിട്ടുള്ളവരിൽനിന്ന് ഓൺലൈൻ മുഖേന നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് മാനേജരെ 22-04-2022 മുതൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നേരിട്ട് അഭിമുഖം മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്.

## ജണ്ടകൾ നിർമ്മിച്ചതിലെ ക്രമക്കേടുകൾക്കെതിരെ നടപടി

167 (1028) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ നിർമ്മിച്ചതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ?

വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ നിർമ്മിച്ചതിൽ വിവിധ സർക്കിളുകളിൽ ക്രമക്കേടുകൾ നടന്നതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് വിഭാഗം) പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതുമൂലമുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)-ന്റെയും വിവിധ മേഖല സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും റിപ്പോർട്ടുകൾപ്രകാരം 11,26,574/- രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമെ സർക്കാരിന് കൂടുതൽ നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(സി) ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം വനം ഡിവിഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ. ബി. അജിത് കുമാർ (റേഞ്ച് ഫോറസ്റ്റ് ഓഫീസർ), ശ്രീ. ആർ. ബി. അരുൺ കുമാർ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനും ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിൽ ജണ്ട നിർമ്മാണത്തിൽ വീഴ്ചവരുത്തിയ കോൺട്രാക്ടറായ ശ്രീ. രമേശ് എം.-ന്റെ ലൈസൻസ്

കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ റദ്ദാക്കിയിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിൽ ജണ്ട നിർമ്മാണത്തിൽ വീഴ്ചവരുത്തിയ കരാറുകാരനിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉത്തരവാദികളായ കരാറുകാരിൽനിന്നും തുകകൾ തിരിച്ചുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

## താൽക്കാലിക ജീവനക്കാരന്റെ കുടുംബത്തെ സഹായിക്കുന്നതിന് നടപടി

168 (1029) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട വനം വകുപ്പിലെ താൽക്കാലിക ജീവനക്കാരൻ റ്റി. കെ. ഹുസൈനിന്റെ നിരാലംബ കുടുംബത്തെ സഹായിക്കുന്നതിന് സർക്കാർ നൽകിയ സഹായം എന്തൊക്കെയാണെന്നും ഇനി എന്തെല്ലാം നൽകാനുണ്ടെന്നും വിശദമാക്കുമോ?

05-04-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം ഉത്തരവുപ്രകാരം, വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയുടെ 50% തുകയായ 5 ലക്ഷം രൂപ ടിയാന്റെ ആശ്രിതർക്ക് അടിയന്തര സഹായം എന്നനിലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

അനന്തരാവകാശികളിൽനിന്നും അനുബന്ധ രേഖകൾ ലഭിക്കുന്നമുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കേരള വനം വകുപ്പ്, താൽക്കാലിക ജീവനക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷയിൽനിന്നും ഹുസൈനിന്റെ ആശ്രിതർക്ക് അർഹമായ പരമാവധി തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വെറ്ററിനറി ടീമിൽ സേവനമനുഷ്ഠിക്കുന്ന ഓരോ ജീവനക്കാരുടെയും പേരിലുള്ള പ്രത്യേക ഇൻഷ്വറൻസും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എഫ്.ഡി.എ. സുൽത്താൻബത്തേരി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസും ഹുസൈനിന്റെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹുസൈനിന്റെ ഭാര്യയ്ക്ക് ജോലി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ഹുസൈനിന്റെ ആശ്രിതർക്ക് ജോലി നൽകുന്ന വിഷയം പരിശോധിച്ച് അടിയന്തരമായി സർക്കാരിൽ ശിപാർശ സമർപ്പിക്കാനായി ഭരണ വിഭാഗം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്, 10-11-2022-ലെ എഫ്3/235/2022-വനം കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് സേനാംഗങ്ങളുടെ സേവനങ്ങളും കർത്തവ്യങ്ങളും**

169 (1030) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് എന്നീ ഫോറസ്റ്റ് ഡിവിഷനുകൾക്കുകീഴിൽ കേരള പോലീസിൽനിന്നുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളായി എത്ര സേനാംഗങ്ങളെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളത്; ഇവരെ ഏതെല്ലാം ഫോറസ്റ്റ് സ്റ്റേഷനുകളിലാണ് വിന്യസിച്ചിട്ടുള്ളത്; വിന്യസിച്ച ഉദ്യോഗസ്ഥരുടെയും ഫോറസ്റ്റ് സ്റ്റേഷനുകളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനുകീഴിൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളായി കേരള പോലീസിൽനിന്നുള്ള 16 സേനാംഗങ്ങളെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളത്. വിന്യസിച്ച ഉദ്യോഗസ്ഥരുടെയും ഫോറസ്റ്റ് സ്റ്റേഷനുകളുടെയും

പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ നിലമ്പൂർ സൗത്ത് ഡിവിഷനിൽ കേരള പോലീസിൽനിന്നുള്ള ആരെയും നിയമിച്ചിട്ടില്ല.

(ബി) കേരള പോലീസിൽനിന്നുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് സേനാംഗങ്ങൾ വനം വകുപ്പിൽ ചെയ്യേണ്ട സേവനങ്ങളും കർത്തവ്യങ്ങളും നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ ആശയവിനിമയങ്ങളോ ഉണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 12-12-2021-ലെ ജി.ഒ. (ആർ.ടി) 535/01/വനം നമ്പർ സർക്കാർ ഉത്തരവിൽ കേരള പോലീസിൽനിന്നുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് സേനാംഗങ്ങൾ വനം വകുപ്പിൽ ചെയ്യേണ്ട സേവനങ്ങളും കർത്തവ്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഫോറസ്റ്റ് സ്റ്റേഷനുകളിലല്ലാതെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ പോലീസിൽനിന്നുള്ള ഫോറസ്റ്റ് ഫോഴ്സ് സേനാംഗങ്ങളെ നിയോഗിക്കാറുണ്ടോ; ഡി.എഫ്.ഒ.-മാരുടെ ഓഫീസ് ആവശ്യങ്ങൾക്കും സന്ദർശകരെ നിയന്ത്രിക്കുന്നതിനും മേൽസേനാംഗങ്ങളെ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. ഡി.എഫ്.ഒ.-മാരുടെ ഓഫീസ് ആവശ്യങ്ങൾക്കും സന്ദർശകരെ നിയന്ത്രിക്കുന്നതിനും മേൽസേനാംഗങ്ങളെ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ സംരക്ഷണത്തിന് പോലീസുദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് ലഭ്യമാക്കാമോ?

ഇല്ല.

(ഇ) പ്രവൃത്തി ദിവസങ്ങളിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ പ്രവൃത്തി സമയം വ്യക്തമാക്കുമോ?

ഓഫീസ് പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയാണ്. മേൽസമയത്ത് ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഫീസ് ചുമതലയും കൂടാതെ കേരള ഫോറസ്റ്റ് കോഡ് വാല്യം - 3 ഖണ്ഡിക 3.36-ൽ 1 മുതൽ XVII വരെ നിഷ്കർഷിച്ചിട്ടുള്ള ചുമതലകളും നിർവ്വഹിച്ചുവരുന്നുണ്ട്.

(എഫ്) പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനോ മറ്റ് സേവനങ്ങൾക്കോ സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ നേരിൽ കാണുന്നതിന് ഏതെങ്കിലും സ്ഥിരമായ സമയക്രമം നിശ്ചയിച്ച്

നൽകിയിട്ടുണ്ടോ; നിശ്ചിത സമയത്തുമാത്രമേ ഡി.എഫ്.ഒ.-മാരെ പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾക്കായി നേരിൽ കാണാനാവൂ എന്നത് സർക്കാർ നിർദ്ദേശമാണോ; അറിയിക്കുമോ?

സമയക്രമം നിശ്ചയിച്ച് നൽകിയിട്ടില്ല. നിശ്ചിത സമയത്തുമാത്രമേ ഡി.എഫ്.ഒ.-മാരെ പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾക്കായി നേരിൽ കാണാനാവൂ എന്ന സർക്കാർ നിർദ്ദേശമില്ല.

**മുട്ടിൽ മരം മുറി കേസിന്മേലുള്ള അന്വേഷണം**

170 (1031) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിന്മേലുള്ള അന്വേഷണ പുരോഗതി വിശദമാക്കുമോ?

വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവം അന്വേഷിക്കാനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്. കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നതിന് ശാസ്ത്രീയ പരിശോധന ഫലങ്ങൾ ലഭിക്കേണ്ടതായുണ്ട്.

(ബി) അന്വേഷണത്തെത്തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. മൂന്ന് വനം വകുപ്പ് ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ശ്രീ. വിനേഷ് വി. എസ്. (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റേഞ്ച്), ശ്രീ. ബി. പി. രാജു (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേപ്പാടി റേഞ്ച്), ശ്രീ. ശ്രീജിത്ത് ഇ. പി. (ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റേഞ്ച്) എന്നിവരെയാണ് സസ്പെന്റ് ചെയ്തത്. ശ്രീ. എം. പത്മനാഭൻ, റിട്ടയേർഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയും ശ്രീ. എം. മനോഹരൻ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയും യഥാക്രമം കരട് കാരണം കാണിക്കൽ നോട്ടീസും കരട് കുറ്റപത്രവും കുറ്റാരോപണപത്രികയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണത്തിൽ മുട്ടിൽ സൗത്ത് വില്ലേജ് ഓഫീസറായ ശ്രീ. അജി കെ. കെ. (മുൻ വില്ലേജ് ഓഫീസർ, മുട്ടിൽ സൗത്ത് വില്ലേജ്, വയനാട്), ശ്രീമതി സിന്ധു കെ. ഒ. (മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, മുട്ടിൽ സൗത്ത് വില്ലേജ്, വയനാട്) എന്നിവരെ കേസിൽ പ്രതിചേർത്ത് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(സി) മുൻസർക്കാരിന്റെ കാലത്ത് വനം വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല. ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

ഉണ്ട്. വനം വകുപ്പിന്റെ അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ വീഴ്ചവരുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സസ്പെന്റ് ചെയ്ത വനം വകുപ്പുദ്യോഗസ്ഥരെ, നിലവിലുള്ള സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തെ സ്വാധീനിക്കാൻ സാധ്യതയില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21-12-2021-ലെ ഇ 1-3896/21, 05-02-2022-ലെ ഇ 1-3196/21 എന്നീ ഉത്തരവുകൾ പ്രകാരം സേവനത്തിൽ പുന:പ്രവേശിപ്പിച്ചിട്ടുണ്ട്.

**അനധികൃത മരംമുറി തടയുന്നതിനായി സ്വീകരിച്ച നടപടി**

171 (1032) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയോടുചേർന്നുള്ള പട്ടയഭൂമിയിൽനിന്നും വ്യാപകമായി മരം മുറിച്ചുകടത്തുന്നതായുള്ള മാധ്യമവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വയനാട് ജില്ലയിൽ വനാതിർത്തിയോടുചേർന്നുള്ള പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതും ആയതുസംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുള്ളതുമാണ്. വനാതിർത്തിയോടുചേർന്ന പട്ടയഭൂമിയിൽനിന്നല്ല ടി മാധ്യമ വാർത്തകളിലുൾപ്പെട്ടിരുന്ന മരംമുറി നടന്നിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. സുൽത്താൻബത്തേരി താലൂക്കിലെ കൃഷ്ണഗിരി വില്ലേജിൽ എൽ.എ. പട്ടയഭൂമിയെന്ന് അവകാശപ്പെടുന്ന ഭൂമിയിൽനിന്ന് മരങ്ങൾ മുറിച്ചതുസംബന്ധിച്ചാണ് മാധ്യമ റിപ്പോർട്ടുകളുണ്ടായിട്ടുള്ളത്.

(ബി) 2022 ജനവരി മുതൽ ഇത്തരത്തിൽ മരം മുറിക്കാൻ വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

വയനാട് ജില്ലയിൽ സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റേഞ്ചിലെ 900 കണ്ടി വെള്ളരിമല വില്ലേജ് ബ്ലോക്ക് നമ്പർ 32, സർവ്വേ നമ്പർ 45/11-ൽപ്പെട്ട സ്ഥലത്തുനിൽക്കുന്ന 7 ഉണങ്ങിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനുകീഴിലുള്ള തട്ടേക്കാട് റേഞ്ച് പരിധിയിൽനിന്നും 1920-കളിലെ ഇനാംഭൂമി സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ബി.റ്റി.ആർ. പതിവ് വസ്തുവിലെ അപേക്ഷകർക്കുമാത്രം മരം മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ, കോട്ടയവും അറിയിച്ചിട്ടുണ്ട്. വനാതിർത്തിയോട് ചേർന്നുള്ള പട്ടയഭൂമികളിൽ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്നുവെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റി അപകടഭീഷണി ഒഴിവാക്കുന്നതിന് അനുമതി നൽകാറുണ്ട്. ഇത്തരത്തിൽ മുറിച്ച് ശേഖരിച്ച തടികൾ സർക്കാർ ബന്തവസിലെടുത്ത് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഗിരിജൻ സെറ്റിൽമെന്റിലെ കൈവശരേഖയുള്ള ഭൂമിയിൽ കൈവശക്കാർ സ്വയം നട്ടുപിടിപ്പിച്ചിട്ടുള്ള പ്ലാവ്, ആഞ്ഞിലി മുതലായ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി മുഖ്യ

വനപാലകന്റെ 24-03-2020-ലെ സർക്കുലർ 01/2020-ലെ നിബന്ധനകൾക്ക് വിധേയമായി, ഫലവൃക്ഷങ്ങൾ മുറിക്കുന്നത് കഴിവതും നിരുത്സാഹപ്പെടുത്തി, മറ്റ് മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകാറുണ്ട്. റവന്യൂ അധികൃതരുടെ വ്യക്തമായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ സ്ഥലപരിശോധന നടത്തി രേഖകൾ ബോദ്ധ്യപ്പെട്ട് മരം മുറിക്കുന്നതിനുള്ള അനുമതി നൽകാറുണ്ട്.

(സി) അനധികൃത മരംമുറി തടയുന്നതിനായി സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്ന് അറിയിക്കുമോ?

അനധികൃത മരംമുറി തടയുന്നതിനായി വനാതിർത്തി സർവ്വേ ചെയ്ത് അതിർത്തികൾ പുനർനിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിച്ചും രാത്രികാലങ്ങളിൽ സ്റ്റാഫ് പട്രോളിംഗും രഹസ്യവിവരശേഖരണവും നടത്തിവരുന്നു. കൂടാതെ ജനജാഗ്രതാ സമിതികളും വനസംരക്ഷണ സമിതികളും രൂപീകരിച്ച് ബോധവൽക്കരണ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും റേഞ്ച് പരിധിയിലെ വിവിധ പ്രദേശങ്ങളിൽനിന്നും മരം മുറിച്ചുമാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ചശേഷം ഭൂമിയുടെയും മരങ്ങളുടെയും നിജസ്ഥിതി റവന്യൂ അധികാരികളിൽനിന്നും ലഭ്യമാക്കി കേരളത്തിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമമനുസരിച്ചും മാത്രം

മരം മുറിക്കുന്നതിന് അനുമതി നൽകുന്നത് അനധികൃത മരം മുറി തടയുന്നതിനായാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരം മുറിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരം മുറിയുമായി ബന്ധപ്പെട്ട് 776 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ ചുവടെ ചേർക്കുന്നു.

| വനം ഡിവിഷൻ | എണ്ണം |
|---|---|
| തിരുവനന്തപുരം | 39 |
| തെന്മല | 6 |
| പുനലൂർ | 42 |
| അച്ചൻകോവിൽ | 19 |
| കോന്നി | 13 |
| റാന്നി | 9 |
| കോട്ടയം | 51 |
| കോതമംഗലം | 93 |
| മൂന്നാർ | 283 |
| മറയൂർ | 8 |
| തൃശ്ശൂർ | 64 |
| മലയാറ്റൂർ | 6 |
| ചാലക്കുടി | 13 |
| വാഴച്ചാൽ | 3 |
| പാലക്കാട് | 4 |
| നിലമ്പൂർ നോർത്ത് | 4 |

| | |
|---|---|
| നോർത്ത് വയനാട് | 7 |
| സൗത്ത് വയനാട് | 30 |
| കോഴിക്കോട് | 6 |
| കണ്ണൂർ | 3 |
| കാസർഗോഡ് | 31 |
| പീച്ചി വൈൽഡ് ലൈഫ് | 1 |
| ഇടുക്കി വൈൽഡ് ലൈഫ് | 41 |
| **ആകെ** | **776** |

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

172 (1033) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമന്ത്രിക്കും ഓഫീസിനുമായി സർക്കാർ അനുവദിച്ചുനൽകിയിട്ടുള്ള വാഹനങ്ങളുടെ എണ്ണമെത്ര; അവ ഏതെല്ലാം; പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

വനം വകുപ്പുമന്ത്രിയുടെ ആവശ്യത്തിലേയ്ക്കായി വിനോദസഞ്ചാര വകുപ്പിൽനിന്നും ഒരു ഇന്നോവ വാഹനം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) മന്ത്രിയുടെ ഓഫീസിന്റെ ആവശ്യത്തിനായി വിനോദസഞ്ചാര വകുപ്പിൽനിന്നും അനുവദിച്ച വാഹനങ്ങൾക്കുപുറമേ വനം വകുപ്പിന്റെ കീഴിലുള്ള വാഹനങ്ങൾകൂടി ഉപയോഗിക്കുന്നുണ്ടെങ്കിൽ ഇപ്രകാരം ഉപയോഗിക്കുന്ന വാഹനങ്ങളെത്രയാണെന്നും ആരൊക്കെയാണ് അവ ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ?

വനം വകുപ്പുമന്ത്രിയുടെ ഓഫീസിലെ ഉപയോഗത്തിലേയ്ക്കായി KL-01 CV 4187, KL-01 BP 542 എന്നീ രണ്ട് വാഹനങ്ങളാണ് വനം വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ളത്. കൂടാതെ, നിയമസഭാ സമ്മേളന കാലയളവിലെ ഉപയോഗത്തിലേയ്ക്കായി KL-01 BA6126 എന്ന വാഹനവും താൽക്കാലികമായി വനം വകുപ്പ് ആസ്ഥാനത്തുനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. KL-01 CV 4187 മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യത്തിനും KL-01 BP 542 മന്ത്രി ഓഫീസിന്റെ പൊതുവായ ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നത്.

(സി) മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽവാഹനങ്ങളിൽ ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നത് സംബന്ധിച്ച്

173 (1034) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് തോക്ക് ലഭിക്കാൻ നൽകുന്ന അപേക്ഷകൾ വളരെക്കാലമായി തീർപ്പുകല്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

തോക്ക് ലൈസൻസിനുള്ള അപേക്ഷകൾ അതത് ജില്ലാ കളക്ടർമാർക്കാണ് അപേക്ഷകർ സമർപ്പിക്കുന്നത്. ആയതിൽ വനം വകുപ്പിൽനിന്നും അന്വേഷണം നടത്തി റിപ്പോർട്ട് അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം 2022 വർഷത്തിൽ ലഭിച്ച, വടകര താലൂക്കിൽപ്പെട്ട 20 അപേക്ഷകളിൽ 19

എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒപ്പം ഒരെണ്ണത്തിനുള്ള നടപടി പൂർത്തിയായിവരുന്നു.

(ബി) കർഷകർക്ക് തോക്ക് ഉപയോഗിക്കുന്നതിന് പരിശീലനം നേടുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണെന്നും താലൂക്ക് കേന്ദ്രീകരിച്ച് ഇത്തരത്തിൽ പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോയെന്നും അറിയിക്കുമോ?

കർഷർക്ക് തോക്കുപയോഗിക്കുന്നതിന് വനം വകുപ്പിനുകീഴിൽ നിലവിൽ പരിശീലനം നൽകിവരുന്നില്ല.

## മുല്ലപ്പെരിയാറിലെ ബേബി ഡാം പരിസരത്തുനിന്നും മരങ്ങൾ മുറിക്കുന്നതിന് അനുമതി

174 (1035) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ ബേബി ഡാമിന്റെ പരിസരത്തുനിന്നും മരം മുറിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് തമിഴ്നാട് വീണ്ടും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഡോ. ജോ ജോസഫും മറ്റുള്ളവരും ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിരുന്ന റിട്ട് ഹർജി 880/2020-ന്റെ ഭാഗമായി 14-11-2022-ൽ തമിഴ്നാട് സർക്കാർ പ്രസ്തുത ആവശ്യമുൾപ്പെടെ വിവിധ

ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഒരു ഇടക്കാല ഹർജി (IA No. 174262/2022) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ബേബി ഡാമിൽനിന്നും 15 മരങ്ങൾ മുറിക്കുന്നതിന് കഴിഞ്ഞ വർഷം കേരളം നൽകിയ അനുമതി പുന:സ്ഥാപിക്കണമെന്ന ആവശ്യമാണോ തമിഴ്നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചിട്ടുള്ളത്; ഏത് സാഹചര്യത്തിലാണ് കഴിഞ്ഞ വർഷം കേരളം അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ?

അതെ. പരിവേഷ് പോർട്ടലിൽ FP/KL/IRRIG/12012/2015 എന്ന നമ്പരിൽ മുല്ലപ്പെരിയാർ ബേബി ഡാമിന്റെ സമീപത്തുള്ള 23 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് തമിഴ്നാട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അപേക്ഷ നൽകിയിരുന്നു. ബേബി ഡാം ബലപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ചെയ്യുന്നതിലേയ്ക്കായി 05-11-2021-ലെ KFDHQ/3859/2021/CWW-WL4 നമ്പർ ഉത്തരവുപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ 15 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകി. തുടർന്ന് 11-11-2021-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Ms) No 23/2021/F&WLD പ്രകാരം വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു.

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണ്; ആയത് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മുല്ലപെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് WP(C) 880/2020-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 08-04-2022-ൽ പ്രസ്താവിച്ച വിധിപ്രകാരം മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് ദേശീയ ഡാം സുരക്ഷാ അതോറിറ്റിയുടെ അധികാരങ്ങൾ നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ 06-06-2022, 18-08-2022 എന്നീ തീയതികളിലെ യോഗങ്ങളിൽ ബേബി ഡാമിനെ ബലപ്പെടുത്തുന്നതിന്റെ ഭാഗമായി 15 മരങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള അനുമതി കേരളം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം 12-12-2022-ൽ നടക്കാൻ നിശ്ചയിച്ചിട്ടുള്ള കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്. കൂടാതെ WP(C) 880/2020-ൽ 14-11-2022-ൽ തമിഴ്നാട് സർക്കാർ ഇടക്കാല ഹർജി (IA No.174262/2022) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിലും ഇതേ ആവശ്യം ഒരിനമായി ഉന്നയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ

അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**മാസ്റ്റർ കാന്റീൻ**

175 (1036) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പ് ജീവനക്കാർക്കുകൂടി മാസ്റ്റർ കാന്റീൻ സൗകര്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പോലീസ് കാന്റീൻ സൗകര്യം വനസംരക്ഷണവിഭാഗം ജീവനക്കാർക്കുകൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

**വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് നടപടി**

176 (1037) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വനമേഖലയിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് വനങ്ങളുടെ സ്വാഭാവികാവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുന്നതിനായി 'പ്രോജക്ട് ഗ്രീൻ ഗ്രാസ് ' എന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. 24-12-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 506/2019/വനം പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്ട് ഗ്രീൻ ഗ്രാസ് എന്ന പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 2019-20 വർഷം മുതൽ മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ.-കൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, ശുചിത്വമിഷൻ, തദ്ദേശസ്വയംഭരണം, ആരോഗ്യം, ടൂറിസം, പരിസ്ഥിതി, പൊതുമരാമത്ത്, ജലവിഭവം, വൈദ്യുതി, ഗതാഗതം എന്നീ വകുപ്പുകൾ, വിവിധ ഏജൻസികൾ എന്നിവയുടെ പങ്കാളിത്തത്തോടെ വനമേഖലയിൽ കണ്ടെത്തിയ 125-ഓളം പ്രധാന മാലിന്യനിക്ഷേപയിടങ്ങളിലെ മാലിന്യനിക്ഷേപം നീക്കുകയും അവിടം വൃത്തിയാക്കി മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനും മാലിന്യം നിക്ഷേപിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും രാത്രികാല പട്രോളിംഗും നടത്തി വരുന്നുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ 1961- ലെ കേരള ഫോറസ്റ്റ് ആക്ടിലെ സെക്ഷൻ 27(1) (ഇ) iv പ്രകാരവും 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരവുമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്.

## സെറ്റിൽമെന്റുകളുടെ പുനരധിവാസം

177 (1038) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായി സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് വനത്തിനകത്തുള്ള

സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പുനരധിവാസത്തിന് സന്നദ്ധമാകുന്ന ആദിവാസി ഇതര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന പദ്ധതിക്ക് 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 483/2018/പി&ഇഎ നമ്പർ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽവരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന സ്വയം സന്നദ്ധമാവുന്ന ആദിവാസി ഇതര കുടുംബൾക്ക് അംഗീകൃത മാർഗ്ഗരേഖപ്രകാരം ടി പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

സ്വയംസന്നദ്ധ പുനരധിവാസത്തിനായുള്ള മാർഗ്ഗനിർദ്ദേശം 04-11-2020-ൽ ചേർന്ന ആദ്യ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും

18-07-2022-ൽ ചേർന്ന ആറാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ടി മാർഗ്ഗരേഖയെ ഭേദഗതി വരുത്തി അംഗീകരിച്ചിട്ടുള്ളതുമാണ്.

1. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ;
2. ഒരു കുടുംബത്തിലെതന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.
    - പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിനുമുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ
    - 18 വയസ്സിനുമുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ
    - ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)
    - പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ
    - വിധവ അല്ലെങ്കിൽ വിവാഹമോചിത
3. രണ്ട് ഹെക്ടർവരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും;

4. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നഷ്ടപരിഹാരം നിജപ്പെടുത്തുന്നതാണ്;

5. രണ്ട് ഹെക്ടറിനുമേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

(സി) ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളും സെറ്റിൽമെന്റുകളും ഏതെല്ലാമാണെന്ന വിവരം അറിയിക്കാമോ?

ടി പദ്ധതിയുടെ ഭാഗമായ ഡിവിഷനുകളുടെയും സെറ്റിൽമെന്റുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഇവയിൽ ഇതുവരെ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളേതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഇവയിൽ ഇതുവരെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും 14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2018 നമ്പർ ഉത്തരവ് പ്രകാരവും സ്റ്റേറ്റ് ലെവൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എംപവേർഡ് കമ്മിറ്റി അംഗീകരിച്ചതുമായ സെറ്റിൽമെന്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) ഇത്തരത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

നിലവിൽ വനം വകുപ്പിനുകീഴിലുള്ള റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഉപപദ്ധതിയായ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസ പദ്ധതിയിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ സെറ്റിൽമെന്റുകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## അതിർത്തികളിൽ വന്യമൃഗശല്യം

178 (1039) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കിഴക്കൻ അതിർത്തികളിൽ പ്രത്യേകിച്ച് കർണ്ണാടക ഫോറസ്റ്റ് മേഖലകളിൽ വന്യമൃഗശല്യം (പ്രത്യേകിച്ച് കാട്ടാനകളുടെ) പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ഡിവിഷനിൽ വന്യമൃഗശല്യം തടയുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കർണ്ണാടക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തുനിന്നെത്തുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്കയയ്ക്കുന്നതിനായി 2020-21-ൽ 'ഓപ്പറേഷൻ ഗജ' എന്നപേരിൽ സംഘടിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. ജീവനക്കാരുടെ അപര്യാപ്തതയുള്ള കാസർഗോഡ് ഡിവിഷനിൽ കഴിഞ്ഞവർഷം താൽക്കാലിക വാച്ചർമാരെയുൾപ്പെടുത്തി വന്യമൃഗ പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി കാട്ടാനകളെ തിരികെ കാട്ടിലേയ്ക്കയയ്ക്കുന്നതിനായി വിവിധ പ്രദേശങ്ങളിൽ പ്രത്യേക സംഘങ്ങളെത്തന്നെ നിയോഗിച്ചിരുന്നു. ആർ.ആർ.ടി. ശക്തിപ്പെടുത്തുകയും വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സോളാർ വൈദ്യുതവേലിയും ആന പ്രതിരോധ മതിലും ആന പ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും കേടായ വൈദ്യുതവേലികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഈ വർഷവും സമയബന്ധിതമായി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. സോളാർ വൈദ്യുതവേലിയുടെ അറ്റകുറ്റപ്പണികൾക്ക് ദിവസവേതന വാച്ചർമാരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. കാസർഗോഡ് ഡിവിഷനിൽ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റൊരു

പദ്ധതിയാണ് സോളാർ തൂക്കുവേലി. ഇതിന്റെ ഭാഗമായി കാസർഗോഡ് റേഞ്ചിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് പരിഗണിച്ച് ജില്ലാ പഞ്ചായത്തിന്റെയും കാറഡുക്ക ബ്ലോക്കിന്റെയും 5 ഗ്രാമപഞ്ചായത്തുകളുടെയും സഹകരണത്തോടെ തലപ്പച്ചേരി മുതൽ കണ്ണാടിത്തോടുവരെ 29 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിക്ക് ആകെ 3.21 കോടി രൂപയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയും ചെലവുവരുമെന്ന് കണക്കാക്കുന്നു. ഇതിന്റെ ആദ്യപടിയായി ബന്തടുക്ക സെക്ഷനിലെ വെള്ളക്കാനം മുതൽ പാലാർ വരെ 8 കിലോമീറ്റർ ദൂരത്തിൽ തൂക്കുവേലി നിർമ്മാണപ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലയിലിറങ്ങുന്ന വന്യമൃഗങ്ങളിൽ 95 ശതമാനവുംവരുന്ന കവാടമാണ് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കി 21 കിലോമീറ്റർ തൂക്കുവേലി നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

കാഞ്ഞങ്ങാട് റേഞ്ചിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി-കാപ്പിത്തട്ട് (3 കി.മീ.), പാടി-എടക്കാനം (0.5 കി.മീ.), ശങ്കരങ്ങാനം-അത്തിയടുക്കം (8 കി.മീ.), മീനഞ്ചേരി-ബാവിക്കാനം (3 കി.മീ.), പാലാവയൽ (0.75 കി.മീ.), ചെർണ്ണൂർ-പവിത്രങ്കയം (6 കി.മീ.),

റാണിപുരം-എൻ.എ. പ്ലാന്റേഷൻ (2 കി.മീ.), പരിയാരം ഖാദി-കുവക്കാട് (3 കി.മീ.), പാടിക്കൊച്ചി-രംഗത്തുമല (6 കി.മീ.) എന്നിങ്ങനെ 32.25 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നബാർഡ് സ്കീമിലുൾപ്പെടുത്തിയ ടി പ്രവൃത്തിക്ക് 2.79 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ടി പദ്ധതി കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കാട്ടുപന്നികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി, സന്നദ്ധരായി മുന്നോട്ടുവരുന്ന പൊതുജനങ്ങൾക്ക്, നിബന്ധനകളോടെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. ഇതിനകം ഇത്തരത്തിൽ 55 പേരെ എംപാനൽ ചെയ്തതിൽ കാസർഗോഡ്, കാഞ്ഞങ്ങാട് റേഞ്ചുകളിൽ 30 വീതം കാട്ടുപന്നികളെ നശിപ്പിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, മനുഷ്യവാസ മേഖലകളിൽ ശല്യംചെയ്യുന്ന കുരങ്ങൻമാരെ പിടികൂടി അവയുടെ തനത് ആവാസവ്യവസ്ഥയിലേയ്ക്ക് മാറ്റുന്നതിന് കാസർഗോഡ്, കാഞ്ഞങ്ങാട് റേഞ്ചുകളിൽ 2021-22 വർഷത്തിൽ പുതുതായി മങ്കി ട്രാപ്പ് & ട്രാൻസ്പോർട്ടേഷൻ കൂട്ടുകൾ വാങ്ങുകയുണ്ടായി. ഇത്തരം വിവിധ മാർഗ്ഗങ്ങളിലൂടെ മനുഷ്യവാസ

മേഖലകളിൽ ആക്രമണം നടത്തുന്ന വന്യജീവികളെ ഒരു പരിധിവരെയങ്കിലും നിയന്ത്രണ വിധേയമാക്കാൻ സാധിക്കുന്നുണ്ട്.

**ക്രിമിനൽ കേസുകളിലുൾപ്പെട്ട വനം വകുപ്പുദ്യോഗസ്ഥർ**

179 (1040) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ കേസിലുൾപ്പെട്ട് അന്വേഷണം നേരിടുന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം; വിശദാംശം നൽകുമോ; ഇവരുൾപ്പെട്ട കേസുകളുടെയും കേസുകളുടെ നിലവിലെ സ്ഥിതിയുടെയും വിശദവിവരം ലഭ്യമാക്കുമോ?

ശ്രീ. ആർ. കമലാഹർ ഐ.എഫ്.എസ്., ശ്രീമതി റ്റി. ഉമ ഐ.എഫ്.എസ്. എന്നിവർ ക്രിമിനൽ കേസിലുൾപ്പെട്ട് അന്വേഷണം നേരിടുന്നുണ്ട്. 2015-ൽ മലയാറ്റൂർ വനം ഡിവിഷനിൽ ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷൻ ക്രൈം ഒ.ആർ. 01/15 നമ്പർ കേസിലെ പ്രതിയായ ശ്രീ. അജി ബ്രൈറ്റ് എന്നയാൾ, ടിയാനെ വനം വകുപ്പ് ജീവനക്കാർ കസ്റ്റഡിയിൽവച്ച് കഠിനമായി മർദ്ദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ സ്റ്റേഷൻ ഹൗസ് ഓഫീസർ, ക്രൈം FIR 1443/7-8-15 ബുക്ക് ചെയ്യുകയും തുടർന്ന് ടി കേസ് തിരുവനന്തപുരം ജില്ലയിലെ മ്യൂസിയം

സ്റ്റേഷനിൽ ടി പരാതി ക്രൈം നമ്പർ 1026/8-8-2015 U/S 323, 324, 326 of 34 IPC ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീമതി റ്റി. ഉമ ഐ.എഫ്.എസ്., ശ്രീ. കമലാഹർ ഐ.എഫ്.എസ്. ഉൾപ്പെടെ മറ്റ് 10 വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് ടി കേസ് അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറുകയും Cr. No.03/CBCU-1/TVPM/2016 എന്ന നമ്പർ കേസായി അന്വേഷണം നടത്തിവരികയുമാണ്. ടി കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

കൂടാതെ, ശ്രീ. പ്രദീപ്കുമാർ ഐ.എഫ്.എസ്.-നെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണവും നടക്കുന്നുണ്ട്. Section 7(a) of the PC Act (Amendment) 2018 പ്രകാരം വി.സി.2/2022 എൻ.ആർ.കെ. നമ്പർ വിജിലൻസ് കേസിലാണ് ടിയാൻ ഉൾപ്പെട്ടിട്ടുള്ളത്. കോഴിക്കോട്-കണ്ണൂർ നാഷണൽ ഹൈവേയിൽ, മുട്ടുങ്ങൽ കെ.എസ്.ഇ.ബി. ഓഫീസിനടുത്തുവച്ച് സോഷ്യൽ ഫോറസ്ട്രി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന ശ്രീ. ഇ. പ്രദീപ്കുമാർ ഐ.എഫ്.എസ്. സഞ്ചരിച്ചിരുന്ന ഔദ്യോഗിക വാഹനമായ KL-01 BZ 7063 നമ്പർ ഇന്നോവ കാർ, കോഴിക്കോട് വിജിലൻസ് &

ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് പരിശോധിച്ച് വാഹനത്തിൽ സൂക്ഷിച്ചിരുന്ന 85,000/- രൂപ കണ്ടെടുത്ത സംഭവമാണ് കേസിനാധാരം. ഈ കേസിൽ പോലീസ് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ബി) സമീപകാലങ്ങളിൽ വനം വകുപ്പുദ്യോഗസ്ഥർ മുമ്പില്ലാത്തവിധം ക്രിമിനൽ കേസുകളിലുൾപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ; വിവരം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വന്യജീവി ആക്രമണങ്ങൾക്കിരയാകുന്ന പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

180 (1041) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾക്കിരയാകുന്ന പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പ് ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ക്ലെയിമുകൾ കൂടിയതിനാൽ ഇൻഷ്വറൻസ് കമ്പനി പ്രീമിയം തുക വർദ്ധിപ്പിച്ചതുകൊണ്ടാണോ ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) 2021 സെപ്റ്റംബർ 25-ന് പോളിസി കാലാവധി അവസാനിച്ചതിനുശേഷം ഇൻഷ്വറൻസ് പുതുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(എ-സി) വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25-09-2021 വരെയായിരുന്നു. ടി ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

**ഇക്കോ സെൻസിറ്റീവ് സോൺ**

181 (1042) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്കുചുറ്റിലും ഒരു കിലോമീറ്റർ ദൂരപരിധിയിൽ ഇക്കോ സെൻസിറ്റീവ് സോൺ

നടപ്പിലാക്കാനുള്ള സുപ്രീംകോടതിയുടെ ജൂൺ 3-ലെ വിധിയിൽ ജനങ്ങൾ ആശങ്കയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് സംസ്ഥാനത്തെ മലയോരമേഖലയിലെ ജനങ്ങളിൽ ആശങ്കകൾ സൃഷ്ടിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെ ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തി ടി ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി) വന്യജീവി സങ്കേതങ്ങൾ, പക്ഷി സങ്കേതങ്ങൾ, നാഷണൽ പാർക്കുകൾ, ടൈഗർ റിസർവുകൾ എന്നിവ കൂടുതലുള്ള കേരളത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ സാരമായി ബാധിക്കുമെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണം ജനജീവിതത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്നകാര്യം പരിശോധിച്ചുവരികയാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09-02-2011-ലെ കത്ത് നം. F.No.1-9/2007/WL-1(pt) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നവ മാത്രമാണ്.+ ഇതോടൊപ്പം മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 04-12-2006-ലെ ഉത്തരവിന്റെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09-02-2011-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമാണ് സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങിയത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംരക്ഷിത വനമേഖലയ്ക്കുചുറ്റും ഒരു കിലോമീറ്റർ പരിധിയിൽ ഇക്കോ സെൻസിറ്റീവ് സോൺ നടപ്പിലാക്കാനുള്ള സർക്കാരിന്റെ 2019 ഒക്ടോബർ 23-ലെ മന്ത്രിസഭാ തീരുമാനം റദ്ദ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി, 2022 ജൂലൈ മാസം 27-ാം തീയതിയിലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-08-2022-ൽ സ.ഉ. (കൈ) 44/2022/വനം നമ്പരായി സർക്കാർ ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുപാടുമുള്ള ജനവാസ മേഖലകളുൾപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിന്മേൽ ലഭിച്ച അപേക്ഷകൾ പരിഗണിച്ചശേഷം ജനവാസമേഖലകൾ പൂർണ്ണമായും കൂടാതെ കൃഷിയിടങ്ങളും സർക്കാർ/ അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച വനം വകുപ്പിന്റെ നടപടികൾക്ക് അംഗീകാരം

നൽകിക്കൊണ്ടും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടുമാണ് 10-08-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**ബഫർസോൺ വിഷയത്തിൽ ഫീൽഡ് പരിശോധന**

182 (1043) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർസോൺ വിഷയത്തിൽ ഫീൽഡ് പരിശോധന നടത്തുന്നതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ പ്രത്യേക

സമിതിയുടെ പ്രവർത്തനം മുന്നോട്ടുപോകാൻ സാധിക്കാത്ത എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച വിദഗ്ധ പരിശോധനാ സമിതിയുടെ പ്രവർത്തനം മുന്നോട്ടുപോകാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപഗ്രഹ സർവ്വേ ഉപയോഗിച്ച് ബഫർസോൺ നിർണ്ണയിച്ചതിൽ വലിയതോതിൽ ജനവാസ മേഖലകളുൾപ്പെട്ടതിനാലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് ബദൽ സംവിധാനമാണ് സമിതി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉപഗ്രഹ സർവ്വേ ഉപയോഗിച്ച് വിവരശേഖരണം നടത്തിയതുമായി ബന്ധപ്പെട്ട് പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ മുഖേന ഉപഗ്രഹ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചതിനുപുറമെ, 29-08-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ

ശേഖരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം ഒരു വിദഗ്ധപരിശോധനാ സമിതി രൂപീകരിക്കുകയും ചെയ്തു. ടി സമിതിയുടെ ആദ്യയോഗം 30-10-2022-ൽ ചേർന്ന് പൊതുജനപങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ആയതിന്റെ പുരോഗതി 24-11-2022-ലും 04-12-2022-ലും ചേർന്ന യോഗങ്ങളിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി അടുത്ത യോഗം 11-12-2022-ൽ ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ബഫർസോൺ**

183 (1044) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സംരക്ഷിത മേഖലകൾക്കുചുറ്റും ഒരു കിലോമീറ്റർ പരിധിയിൽ ബഫർസോൺ നടപ്പിലാക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 23 സംരക്ഷിത പ്രദേശങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളിൽ ആശങ്കകൾ സൃഷ്ടിക്കുമെന്നത് ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായും കേന്ദ്ര എംപവേർഡ് കമ്മിറ്റിയുമായും ബഹുമാനപ്പെട്ട സുപ്രീംകോടതിയുമായും ബന്ധപ്പെട്ട് നടത്തിവരികയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ

അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ടി യോഗത്തിലെ തീരുമാനപ്രകാരം, ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിലേർപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ്

ജനറലിന് കൈമാറുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. 10-08-2022-ലെ സർക്കാർ ഉത്തരവ് സാധാ. നം. 44/2022/വനം പ്രകാരം ഈ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെത്തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെയടിസ്ഥാനത്തിൽ ഇക്കോ

സെൻസിറ്റീവ് സോണിലുൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം ഒരു വിദഗ്ധ സമിതിയും സങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ധ പരിശോധനാ സമിതി 30-10-2022-ലും 24-11-2022-ലും 04-12-2022-ലും യോഗം ചേരുകയും പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന സംബന്ധിച്ച വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്താനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിച്ചിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ, നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതത്തിന് ചുറ്റുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ

അംഗങ്ങൾക്കാവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള വനാതിർത്തിയിൽനിന്ന് വനത്തിനുള്ളിലേയ്ക്ക് അര കിലോമീറ്ററോ ഒരു കിലോമീറ്ററോ ചുറ്റളവിൽ ബഫർസോൺ ഏർപ്പെടുത്തി വന്യമൃഗ ആക്രമണത്തിൽനിന്ന് ജനങ്ങളെയും കൃഷിയിടങ്ങളെയും സംരക്ഷിക്കണമെന്ന കർഷകരുടെയും കർഷക സംഘടനകളുടെയും അഭ്യർത്ഥന സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ?

പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) വനത്തിനുള്ളിലേയ്ക്കുമാത്രമായി പരിമിതപ്പെടുത്തി നിശ്ചയിക്കുന്നതിനുള്ള നടപടികൾ നിലവിൽ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. ജനവാസമേഖലകൾ പൂർണ്ണമായും കൂടാതെ കൃഷിയിടങ്ങളും സർക്കാർ/അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള പ്രദേശങ്ങളുൾപ്പെടുത്തി നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള ഭേദഗതി ചെയ്ത നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്.

(സി) സെൻട്രൽ എംപവേർഡ് കമ്മിറ്റി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, സുപ്രീംകോടതി എന്നീ സംവിധാനങ്ങളെ ബഫർസോൺ സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാട് അറിയിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; അയൽ സംസ്ഥാനങ്ങളുമായി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പുന:പരിശോധനാ ഹർജി 17-08-2022-ലെ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ അയൽ സംസ്ഥാനങ്ങളുമായി ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടില്ല.

**ബഫർ സോൺ വിഷയത്തിൽ ഫീൽഡ് പരിശോധന**

184 (1045) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർസോൺ വിഷയത്തിൽ ഫീൽഡ് പരിശോധന നടത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ആരൊക്കെയാണ് സമിതി അംഗങ്ങൾ; വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് 30-09-2022-ലെ സർക്കാർ ഉത്തരവ്

(സാധാ) നം.424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധപരിശോധനാ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ പരിശോധനാ സമിതിയിലെ അംഗങ്ങൾ:

1. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ (ചെയർമാൻ)
2. അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, വനം -വന്യജീവി വകുപ്പ് (കൺവീനർ)
5. ശ്രീ. കെ. ജെ. വർഗ്ഗീസ് ഐ.എഫ്.എസ്.,
   മുൻ പി.സി.സി.എഫ്., വനം വകുപ്പ്

സാങ്കേതിക വിദഗ്ദ്ധ പരിശോധനാ സമിതിയിലെ അംഗങ്ങൾ:

1. ശ്രീ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്., എ.പി.സി.സി.എഫ്., (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)
2. ഡോ. റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്
3. ഡോ. സന്തോഷ് കുമാർ എ. വി., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്
4. ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില (കൺവീനർ)

(ബി) പ്രസ്തുത സമിതി നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ?

വിദഗ്ദ്ധ പരിശോധനാ സമിതിയുടെ ആദ്യയോഗം 30-10-2022-ൽ ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച

പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ഭൗതിക സ്ഥലപരിശോധന സംബന്ധിച്ച വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്താനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിക്കുകയും ചെയ്തു. ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ, നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതത്തിന് ചുറ്റുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കാവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ പുരോഗതി 24-11-2022-ലും 04-12-2022-ലും ചേർന്ന യോഗങ്ങളിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സമിതിയുടെ അടുത്ത യോഗം 11-12-2022-ൽ ചേരുന്നതുമാണ്.

(സി) സമിതിയുടെ എത്ര യോഗങ്ങൾ നാളിതുവരെ ചേർന്നിട്ടുണ്ട്; ഓരോ യോഗത്തിന്റെയും മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിദഗ്ദ്ധ പരിശോധനാ സമിതി 30-10-2022-ലും 24-11-2022-ലും 04-12-2022-ലുമായി മൂന്ന് യോഗങ്ങളാണ് നിലവിൽ ചേർന്നിട്ടുള്ളത്. ടി യോഗങ്ങളുടെ മിനിട്ട്സുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടാന ആക്രമണംമൂലമുണ്ടാകുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിന് നടപടി

185 (1046) <u>ശ്രീ. സനീഷ്‌കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി-ആനമല അന്തർസംസ്ഥാന പാതയിൽ തുടർച്ചയായുള്ള കാട്ടാന ആക്രമണത്തിൽ പൊതുജനങ്ങളുടെ ജീവന് ഭീഷണിയും ഗതാഗത നിയന്ത്രണംമൂലം യാത്രാ തടസ്സവുമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് പരിഹാരമുണ്ടാക്കുന്നതിനായി ചാലക്കുടി-ആനമല അന്തർസംസ്ഥാന പാതയിൽ കാട്ടാന ആക്രമണം തടയുന്നതിന്റെ ഭാഗമായി പിള്ളപ്പാറ മുതൽ മുണ്ടൻമാണി വരെ 6 കിലോമീറ്റർ ദൂരത്തിൽ 5 ലൈൻ സോളാർ ഫെൻസിംഗ് ജോലികൾ നടത്തുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. കൂടാതെ, പരിയാരം റേഞ്ചിനുകീഴിൽ മുഴുവൻസമയ പട്രോളിംഗ് നടത്തുകയും കാട്ടാനയുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനം സ്ഥാപിക്കുകയും ഡിജിറ്റൽ (സെൻസർ) വാൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുകയും ചെയ്തുവരുന്നു.

കാട്ടാനകളെ കാട്ടിലേയ്ക്ക് ഓടിച്ചുകയറ്റുന്നതിനായി കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും കാട്ടാനകൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയാൻ പടക്കം പൊട്ടിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മൊബൈൽ പാർട്ടി സ്റ്റാഫിനെ ആർ.ആർ.ടി. മാതൃകയിൽ നിയോഗിച്ച് അവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. വാഴച്ചാൽ ഡിവിഷന്റെ പരിധിയിൽ ചാലക്കുടി-ആനമല അന്തർസംസ്ഥാന പാതയിൽ കാട്ടാന ആക്രമണത്തിൽ പൊതുജനങ്ങളുടെ ജീവന് ഭീഷണിയും ഗതാഗത നിയന്ത്രണംമൂലം യാത്രാ തടസ്സവുമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. 2022 നവംബർ മാസത്തിൽ മദപ്പാടിലുള്ള ഒരു കാട്ടാന ആനക്കയം, അമ്പലപ്പാറ ഭാഗങ്ങളിൽവച്ച് ചാലക്കുടി-മലക്കപ്പാറ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി. ബസ് തടയുകയും വാഹനത്തിന്റെ മുൻഭാഗത്തെ ഗ്ലാസിന്റെ താഴ്ഭാഗത്ത് കൊമ്പുകൊണ്ട് കുത്തി ആക്രമിക്കുകയും ചെയ്തിട്ടുണ്ട്. ടി കാട്ടാനതന്നെ ഷോളയാർ ഫോറസ്റ്റ് സ്റ്റേഷനിലെ വനം വകുപ്പ് ജീപ്പിനും കേടുപാടുകൾ വരുത്തിയിട്ടുള്ളതാണ്. ടി കാട്ടാന നടത്തിയ ആക്രമണങ്ങളുടെ അടിസ്ഥാനത്തിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയെ മുൻനിർത്തി ടി റോഡിലൂടെയുള്ള ടൂറിസ്റ്റ് വാഹനങ്ങൾക്ക് തൃശ്ശൂർ ജില്ലാ കളക്ടർ നിയന്ത്രണങ്ങളേർപ്പെടുത്തിയിരുന്നു. ടി റോഡിലെ സുരക്ഷാ

മുന്നൊരുക്കങ്ങൾക്കായി കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷൻ, ഷോളയാർ ഫോറസ്റ്റ് സ്റ്റേഷൻ, മലക്കപ്പാറ ഫോറസ്റ്റ് സ്റ്റേഷൻ, മുക്കമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ എന്നിവിടങ്ങളിലെ ജീവനക്കാരും വാച്ചർമാരും കൃത്യമായരീതിയിൽ പട്രോളിംഗ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. 17-11-2022 മുതൽ ഷോളയാർ റേഞ്ച് പരിധിയിൽ ടി ആനയെ നിരീക്ഷിക്കുന്നതിനായി ആദിവാസി വിഭാഗത്തിൽപ്പെട്ട നാല് വാച്ചർമാരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ടി തീയതി മുതൽ മലക്കപ്പാറ, വാഴച്ചാൽ ചെക്ക്പോസ്റ്റുകളിൽ ടൂറിസ്റ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യകാര്യങ്ങൾക്ക് ടി റോഡിലൂടെ പോകുന്ന യാത്രക്കാർക്ക് ആനയെ കണ്ടാൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. 4.50 പി.എം.-ന് ചാലക്കുടിയിൽനിന്നാരംഭിച്ച് 9.00 പി.എം.-ന് മലക്കപ്പാറയിലെത്തുന്ന കെ.എസ്.ആർ.ടി.സി. ബസിന് സംരക്ഷണത്തിനായി, ടി ആനയുടെ സാന്നിദ്ധ്യമുള്ള 15 കിലോമീറ്റർ വനപാതയിൽ, പ്രത്യേകമായി പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ വനമേഖലയിൽ മദപ്പാടിലുള്ള കൊമ്പൻ, യാത്രക്കാർക്ക് ഭീഷണിയുണ്ടാക്കിയ സാഹചര്യത്തിൽ 24-11-2022-ന് ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോ അസിസ്റ്റന്റ് ട്രാൻസ്പോർട്ട്

ഓഫീസർക്ക് ഗതാഗത നിയന്ത്രണത്തിനുള്ള നിർദ്ദേശം നൽകിയിരുന്നു. ഡിസംബർ മാസത്തിൽ ടൂറിസ്റ്റുകളുടെയും യാത്രക്കാരുടെയും സുരക്ഷ മുൻനിർത്തി 4 ആദിവാസി വാച്ചർമാരെയും മുക്കുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ ആനക്കയം ഭാഗത്ത് നിയോഗിച്ചിട്ടുണ്ട്.

**വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ**

186 (1047) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീംകോടതി വിധി പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ മലയോര കർഷകരെ ഭീതിയിലാഴ്ത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിർണ്ണയിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് അമ്പൂരി, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളുൾപ്പെടെയുള്ള സംസ്ഥാനത്തെ മലയോരമേഖലയിൽ ആശങ്കകൾ സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ ബഫർസോൺ ആയി കരുതുമെന്ന സുപ്രീംകോടതി വിധി പ്രസ്തുത പ്രദേശങ്ങളെ ഏതുരീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08-06-2022-ലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ മുഖേന ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ട്. ടി പ്രദേശങ്ങളിൽ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തെത്തുടർന്ന് 30-9-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ടി സമിതി സ്വീകരിച്ചുവരികയാണ്. വിദഗ്ദ്ധ പരിശോധനാ

സമിതിയുടെ പഠന റിപ്പോർട്ടുകൂടി ലഭ്യമായാൽ മാത്രമേ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളെ ഏതുരീതിയിൽ ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പഞ്ചായത്തുകളിലെ ജനാധിവാസ മേഖലകളെ ബഫർസോൺ പരിധിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായി നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പ്രൊപ്പോസൽ അമ്പൂരി, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്. ആയതുൾപ്പെടെയുള്ള, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ

പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ 17-08-2022-ലെ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. വിദഗ്ദ്ധ പരിശോധനാ സമിതിയുടെ ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്കുചുറ്റും നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കാവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് ഭൗതിക സ്ഥലപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വിഷയത്തിൽ നിയമനിർമ്മാണം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

## വനം വകുപ്പിലെ തൊണ്ടി മുതൽ മോഷണം

187 (1048) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2004 കാലയളവിൽ പരുത്തിപ്പള്ളി റേഞ്ചിൽനിന്നും ഒ.ആർ. കേസുകളിലെ തൊണ്ടിമുതൽ മോഷണം പോയതിന്റെ അന്വേഷണം 18-22 വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ കേസുകളിലെ തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടതുസംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 27-09-2022-ന് പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർ പരാതി നൽകിയിട്ടുണ്ട്.

(ബി) തൊണ്ടിമുതൽ മോഷണംപോയ പ്രസ്തുത കാലയളവിലെ, ഏതൊക്കെ തസ്തികകളിലെ എത്ര ജീവനക്കാർ സർവ്വീസിൽനിന്നും വിരമിച്ചുവെന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| റേഞ്ച് ഫോറസ്റ്റ് ഓഫീസർ | 6 |
| ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ | 6 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 19 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 27 |

| | |
|---|---|
| റിസർവ് ഫോറസ്റ്റ് വാച്ചർ | 2 |
| വാച്ചർ | 1 |

(സി) പ്രസ്തുത ഒ.ആർ. കേസുകളുടെ തൊണ്ടിമുതൽ മോഷണത്തിൽ അന്വേഷണം നടത്തിയ ജീവനക്കാരുടെ പേരും അന്വേഷണ കാലയളവും വ്യക്തമാക്കുമോ?

ശ്രീ. എം. വേണുഗോപാൽ - 24-09-2010 മുതൽ 19-09-2012 വരെ

ശ്രീ. എം. ഉണ്ണികൃഷ്ണൻ - 19-09-2012 മുതൽ 24-10-2014 വരെ

(ഡി) പരുത്തിപ്പള്ളി റേഞ്ചിൽ നടന്ന തൊണ്ടിമുതൽ മോഷണത്തിന്റെ അന്വേഷണം പൂർത്തിയാക്കാൻ ഇനി എത്രവർഷം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഫോറസ്റ്റ് വിജിലൻസ് വിഭാഗം ഈ വിഷയത്തിൽ 21-05-2019-ൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ടി റിപ്പോർട്ടിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) അധിക വിവരശേഖരണം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വിഷയത്തിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 27-09-2022-ന് പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർ പരാതിയും നൽകിയിട്ടുണ്ട്.

**ജൂംഗ്ടോളി ടീ ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ റീപ്ലാന്റിംഗ്**

188 (1049) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ജ്യൂംഗ്ടോളി ടീ ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന പഴയ കൊച്ചിൻ മലബാർ കമ്പനിയുടെ സ്ഥലത്ത് പഴയ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പുതിയവ റീപ്ലാന്റ് ചെയ്യുന്നതിനും അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നൂറുകണക്കിന് തൊഴിലാളികൾക്കും കുടുംബങ്ങൾക്കും തൊഴിലും വരുമാനവും നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും വ്യവസായത്തെ സംരക്ഷിക്കുന്നതിനും പഴയ മരങ്ങൾ മുറിച്ചുമാറ്റി റീപ്ലാന്റിംഗിന് അനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ജ്യൂംഗ്ടോളി ടീ ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയിൽ പഴയ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പുതിയവ റീപ്ലാന്റ് ചെയ്യുന്നതിനും അനുമതി ലഭിക്കുന്നതിനായി വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിയമവിരുദ്ധമായും സർക്കാർ അനുമതിയില്ലാതെയും കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആൻഡ് ഇൻഡസ്ട്രീസ്

ലിമിറ്റഡ് എന്നപേര് ജൂംഗ്ടോളി ടീ ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന് മാറ്റിയതുമൂലവും ലീസ് വ്യവസ്ഥ ലംഘിച്ചതിനാലും ടി ഭൂമി വനം വകുപ്പിലേയ്ക്ക് തിരിച്ചെടുക്കുന്ന നടപടികളുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾക്കെതിരെ ജൂംഗ്ടോളി ടീ ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമവിധി വരുന്നമുറയ്ക്കുമാത്രമെ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായവർക്ക് നൽകിയ നഷ്ടപരിഹാരം**

189 (1050) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ കൊല്ലപ്പെട്ടവരെയും പരിക്കേറ്റവരെയും സംബന്ധിച്ച വിശദാംശം നൽകുമോ?

ഇടുക്കി ജില്ലയിൽ ഹൈറേഞ്ച് സർക്കിളിന്റെയും ഫീൽഡ് ഡയറക്ടർ, കോട്ടയത്തിന്റെയും പരിധിയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വന്യജീവി

ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെയും പരിക്കുപറ്റിയവരുടെയും കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശം നൽകാമോ?

വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വന്യജീവി ആക്രമണത്താലുണ്ടായ കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷം കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വന്യജീവി ആക്രമണ പ്രതിരോധം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

190 (1051) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിലും വിനോദസഞ്ചാര മേഖലകളിലും വന്യജീവികളുടെ സാന്നിദ്ധ്യവും ആക്രമണവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെയും വിനോദസഞ്ചാരികളുടെയും സുരക്ഷയ്ക്കായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജനവാസ മേഖലയിലും വിനോദസഞ്ചാര മേഖലകളിലും വന്യജീവികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി സാന്നിദ്ധ്യമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ജനങ്ങളുടെയിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. സന്ദർശകർക്ക് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്ദർശക ബാഹുല്യമുള്ളതും പ്രധാനപ്പെട്ടതുമായ 27 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നാഷണൽ സേഫ്റ്റി കൗൺസിൽവഴി സുരക്ഷാ വിലയിരുത്തൽ (Safety Audit) നടത്തിയിട്ടുണ്ട്. വനം വകുപ്പിന്റെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പ്രവേശന ഫീസൊടുക്കി സന്ദർശിക്കുന്ന സ്വദേശികളായ എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശകർക്ക് ഇക്കോടൂറിസം

കേന്ദ്രങ്ങളിൽവച്ചുണ്ടാകുന്ന അപകടങ്ങൾമൂലം മരണമോ/സ്ഥായിയായ അംഗവൈകല്യമോ സംഭവിച്ചാൽ 5 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യം സംഭവിച്ചാൽ 2.5 ലക്ഷം രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. കൂടാതെ, വന്യജീവി സാന്നിദ്ധ്യമുള്ള വിനോദസഞ്ചാര മേഖലകളിൽ സംരക്ഷണ ചങ്ങല, സംരക്ഷണഭിത്തി എന്നിവ നിർമ്മിച്ച് കാര്യക്ഷമമായ രീതിയിൽ പരിപാലിച്ചുവരുന്നുണ്ട്. ജനവാസ മേഖലകളിൽ, വന്യജീവികളുടെ സാന്നിദ്ധ്യവും തന്മൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ആയതിന് പ്രതിവിധിയായി ടി പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ്, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, ഹാങിംഗ് ഫെൻസ് എന്നിവ നിർമ്മിക്കുകയും കൂടാതെ വന്യമൃഗശല്യം കൂടുതലുള്ള ഭാഗങ്ങളിൽ ആർ.ആർ.ടി.-കളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലുള്ള മേഖലകളിൽ രാത്രിയും പകലും നിരന്തരം പട്രോളിംഗ് നടത്തുന്നുണ്ട്. വനസംരക്ഷണ സമിതികളുടെയും ജനജാഗ്രതാ സമിതികളുടെയും നേതൃത്വത്തിൽ പൊതുജനങ്ങൾക്ക് കൃത്യമായ ബോധവത്കരണം നൽകുകയും വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും കാടിറങ്ങുന്ന വന്യജീവികളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ

തിരികെ വനത്തിലേയ്ക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായവും വിളനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും മോട്ടോർ ആക്സിഡന്റ് ട്രിബ്യൂണൽപോലുള്ള സംവിധാനങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും വിളനാശമുണ്ടായ കർഷകർക്കും നിലവിലുള്ള സർക്കാർ ഉത്തരവുകൾപ്രകാരം ഓൺലൈൻ അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹമായ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ സാങ്കേതികവിദ്യകളുപയോഗിച്ചും വനജാഗ്രതാ സമിതികളെ ഉപയോഗപ്പെടുത്തിയും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ

ക്യാമറാ ഡിജിറ്റൽ സെൻസർ വാൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുകയും ചെയ്തുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നൂതന സാങ്കേതികവിദ്യകളായ ഡ്രോണുകൾ, ക്യാമറ ട്രാപ്പുകൾ എന്നിവയുപയോഗിച്ച് നിരീക്ഷണം നടത്തുകയും M-stripes പോലുള്ള പട്രോളിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം മേഖലകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്ന് രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികളുടെ സഹകരണത്തോടെ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സെൻസിംഗ് ഉപകരണങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും ഉപയോഗപ്പെടുത്തി സന്ദേശങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിലൂടെ അവരെ ജാഗരൂഗരാക്കി ജനവാസമേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം ഒരുപരിധിവരെ കുറയ്ക്കാൻ സഹായകമാകുന്ന സംവിധാനം മാങ്കുളം ഡിവിഷനിൽ പരീക്ഷണഘട്ടത്തിലാണ്.

**വന്യജീവി ആക്രമണം തടയൽ**

191 (1052) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലയിൽ 2021-22 വർഷത്തിൽ ഈ സർക്കിളിലെ വിവിധ ഡിവിഷനുകളിൽ വന്യജീവി ആക്രമണം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) താൽക്കാലിക സംവിധാനങ്ങൾ പരാജയപ്പെടുന്നതിനാൽ വന്യജീവി ആക്രമണം ഫലവത്തായും ശാശ്വതമായും തടയുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

അപകടകാരികളായ കാട്ടാന, കടുവ, പുലി, കാട്ടുപന്നി, കുരങ്ങ്, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികൾക്കെതിരെ ഏതെങ്കിലുമൊരു തരത്തിലുള്ള പ്രതിരോധമാർഗ്ഗം (സോളാർ ഫെൻസിംഗ്, പ്രതിരോധ കിടങ്ങുകൾ) മാത്രം ശാശ്വതമാകുകയില്ല. ഓരോ പ്രദേശത്തും ഭൂപ്രകൃതിയനുസരിച്ചും ഏതുതരത്തിലുള്ള വന്യജീവികളിൽനിന്നാണ് കൂടുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘർഷമുണ്ടാകുന്നതെന്ന് കണ്ടെത്തി അത് തടയുന്നതിനുള്ള മാർഗ്ഗങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഇത്തരത്തിലുള്ള മാർഗ്ഗങ്ങൾ കൂടാതെ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾവഴി തിരിച്ചറിഞ്ഞ് ജനങ്ങൾക്ക് തൽക്ഷണം വിവരം അറിയിക്കാനുള്ള സാങ്കേതിക സംവിധാനങ്ങളേർപ്പെടുത്തി ജനങ്ങളെ ജാഗരൂഗരാക്കിയും റാപ്പിഡ് റെസ്പോൺസ് ടീമുകൾ തൽക്ഷണം സ്ഥലത്തെത്തി വന്യജീവികളെ തുരത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുംവഴി അനിഷ്ടസംഭവങ്ങൾ പരമാവധി ഒഴിവാക്കാവുന്നതാണ്. വന്യജീവികളുടെ സാന്നിദ്ധ്യം മനസ്സിലാക്കാനും തൽക്ഷണം വിവരം മൊബൈലിൽ ലഭ്യമാക്കി ജനങ്ങളെ ജാഗരൂകരാക്കുന്നതിനുമായി ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ സാങ്കേതിക സഹായത്തോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ സ്ഥാപിക്കുന്നതിനുള്ള പരീക്ഷണ പ്രവർത്തനങ്ങൾ മാങ്കുളം ഡിവിഷനിൽ നടന്നുവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ജീവഹാനിയുൾപ്പെടെയുള്ള അനിഷ്ട സംഭവങ്ങൾ കുറയ്ക്കാൻ സഹായകരമാകും. കൂടാതെ ഡിവിഷനുകളിൽ പഞ്ചായത്തുതലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കാൻ നടപടി

192 (1053) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും ജീവനും ഭീഷണിയുണ്ടാകുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ശല്യക്കാരായ ആനകളെ നിയന്ത്രിക്കുന്നതിനായി പരിശീലനം ലഭിച്ച കുങ്കി ആനകളെ ഉപയോഗിച്ചുവരുന്നു. ഇത്തരം മൃഗങ്ങളുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ മുൻകൂറായി അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വനാതിർത്തികളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ

പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ആർ.ആർ.ടി.-യുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലിറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടി ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനം വകുപ്പിന്റെ പരിമിതമായ മാനവ വിഭവശേഷി ഉപയോഗിച്ചുകൊണ്ടും സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് എന്നിവ സ്ഥാപിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിനായി ഫലപ്രദമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിന് സൗരോർജ്ജവേലികൾ, കിടങ്ങുകൾ എന്നിവയാണ് പ്രധാനമായും മുൻവർഷങ്ങളിൽ നിർമ്മിച്ചുവന്നിരുന്നത്. എന്നാൽ ആന ഉൾപ്പെടെയുള്ള വന്യജീവികൾ സൗരോർജ്ജവേലികൾ പല സ്ഥലങ്ങളിലും

നശിപ്പിക്കുന്നതിനാലും മരങ്ങൾ മറിഞ്ഞുവീണുണ്ടാകുന്ന നാശത്തിനാലും ചില സ്ഥലങ്ങളിലെങ്കിലും ഫലപ്രദമല്ലാതെയാകുന്നു. അത്തരം സ്ഥലങ്ങളിൽ സൗരോർജ്ജ വേലികളുടെ പരിപാലനം കൃത്യമായി നടത്തുന്നതിനും പുതുതായി സൗരോർജ്ജ തൂക്കുവേലികൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുള്ളതും വർഷാവർഷം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ആർ.ആർ.ടി.-കളുടെ സേവനം ഉപയോഗിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിച്ചും വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സാദ്ധ്യമായ, ഫലപ്രദമായ മാർഗ്ഗങ്ങളെല്ലാം നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ആദിവാസി ഇതര ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ റീബിൽഡ് കേരള പദ്ധതിയുടെ കീഴിലും കിഫ്ബി ധനസഹായത്തോടുകൂടിയും സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിനുപുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പുതുക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം തടയാൻ നടപടി**

193 (1054) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് നിയോജകമണ്ഡലത്തിൽ വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ വന്യജീവി ആക്രമണം പതിവായ മേഖലകളിൽ സംരക്ഷണഭിത്തി, സൗരോർജ്ജവേലി എന്നിവയുടെ നിർമ്മാണമടക്കമുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്ക് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; ഇതിനായി സത്വര നടപടി സ്വീകരിക്കുമോ?

പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിലെ വന്യജീവി ആക്രമണം പതിവായ മേഖലകളിൽ സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റേഞ്ചിനുകീഴിലും പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിനുകീഴിലും ഉൾപ്പെടുന്നതായ വന്യജീവി ആക്രമണം പതിവായ മേഖലകളിൽ സോളാർ ഫെൻസിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് (പാലപ്പിള്ളി റേഞ്ച്):

1. എലിക്കോട് ട്രൈബൽ കോളനി - 3 ലൈൻ (2.5 കിലോമീറ്റർ)
2. ചീനികുന്ന് ട്രൈബൽ കോളനി - 3 ലൈൻ (1.0 കിലോമീറ്റർ)

3. നാടാംപാടാം മുതൽ പുലിക്കണ്ണി - 3 ലൈൻ (2.5 കിലോമീറ്റർ) ഉടമ്പടിവച്ച് ജോലി ആരംഭിച്ചുവരുന്നു.

മറ്റത്തൂർ ഗ്രാമപഞ്ചായത്ത് (വെള്ളിക്കുളങ്ങര റേഞ്ച്):

1. കന്നാറ്റുപാടം പൾപ്പ്വുഡ് പ്ലാന്റേഷൻ മുതൽ കൽക്കുഴി വരെ - 3 ലൈൻ (1.0 കിലോമീറ്റർ)
2. നായാട്ടുകുന്ന് ട്രാംവെ മുതൽ ഹാരിസൺ മലയാളം ലിമിറ്റഡ് പ്ലാന്റേഷൻ വരെ - 3 ലൈൻ (2.0 കിലോമീറ്റർ)
3. കുതിരവളവ് - ഇഞ്ചക്കുണ്ട് - കൽക്കുഴി - 3 ലൈൻ (1.0 കിലോമീറ്റർ)
4. പോത്തൻചിറ മുതൽ താളൂപ്പാടം വരെ - 5 ലൈൻ (10 കിലോമീറ്റർ)

**വന്യമൃഗ ആക്രമണങ്ങളിൽ നഷ്ടപരിഹാരം**

194 (1055) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണങ്ങളിൽ പരിക്കുപറ്റിയവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള നഷ്ടപരിഹാരം ഏത് തീയതിവരെ കൊടുത്തുതീർത്തിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ

നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ?

വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ സമർപ്പിച്ച 8231 അപേക്ഷകൾ ബാക്കിയുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആർ.ആർ.ടി.-യുടെ സേവനം**

195 (1056) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള റാപിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) ഏതെല്ലാം സ്ഥലങ്ങളിൽ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ച സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ 7 ആർ.ആർ.ടി.-കൾ താത്ക്കാലികമായി പ്രവർത്തിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആർ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വന്യമൃഗങ്ങൾ വനത്തിനോടുചേർന്ന ജനവാസ മേഖലകളിലിറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ കൂടുകൾ സ്ഥാപിക്കുന്നതിനും സുരക്ഷിതമായി അവയെ പിടികൂടി തിരികെ വനത്തിൽ വിടുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം വിനിയോഗിച്ചുവരുന്നു. വനത്തിന് പുറത്തുള്ള ജനവാസ മേഖലകളിൽ വന്യജീവികളോ മൃഗങ്ങളോ അപകടത്തിൽപ്പെടുമ്പോൾ അവയെ രക്ഷിച്ച് പരിക്കുകൾ സുഖപ്പെടുത്തി തിരികെവിടുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം വിനിയോഗിച്ചുവരുന്നു. കൂടാതെ ജനവാസ മേഖലകളിൽ പാമ്പ് അടക്കമുള്ള അപകടകാരികളായ വന്യജീവികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെടുമ്പോൾ പൊതുജനങ്ങൾ നേരിട്ടോ ഫോൺ മുഖേനയോ അറിയിക്കുന്നതിനനുസരിച്ച് റാപ്പിഡ് റെസ്പോൺസ് ടീം അംഗങ്ങൾ വാഹനവുമായെത്തി ടി വന്യജീവികളെ തിരികെ വനത്തിലേയ്ക്ക് പുനരധിവസിപ്പിക്കാറുണ്ട്.

(സി) എത്ര തസ്തികകളും വാഹനങ്ങളും ഇതിനായി അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഇതിനായി അനുവദിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലങ്ങളിൽനിന്നും ആവശ്യാനുസരണം ജീവനക്കാരെ നിയോഗിച്ച് ആർ.ആർ.ടി.-കൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ, 17 വാഹനങ്ങൾ ആർ.ആർ.ടി.-കളുടെ സേവനത്തിനായി ഉപയോഗിച്ചുവരുന്നു.

(ഡി) വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആർ.ആർ.ടി.-യുടെ സേവനം വിപുലീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സേവനം വിപുലീകരിക്കാൻ ആലോചിക്കുന്നുണ്ട്. കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി എന്നിവിടങ്ങളിൽ ആർ.ആർ.ടി. അനുവദിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**വന്യജീവി ആക്രമണത്തിൽനിന്നുള്ള സംരക്ഷണവും നഷ്ടപരിഹാരവും**

196 (1057) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനങ്ങളോട് ചേർന്നുകിടക്കുന്ന ജനവാസ മേഖലകളിലെ കൃഷിസ്ഥലങ്ങൾക്കും ജനങ്ങളുടെ ജീവനും സംരക്ഷണം

നൽകുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

1. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്;
2. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ജനവാസമേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്;
3. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 15 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു;

4. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

5. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്;

6. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്;

7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്;

8. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ

ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്;

9. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തിപങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്;

10. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിനുപുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

11. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാന തലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള 620 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 60:40 എന്ന അനുപാതത്തിൽ

കേന്ദ്രധനസഹായം ലഭ്യമാക്കണമെന്ന അഭ്യർത്ഥനയുമായി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ 22-11-2021-ന് സമീപിച്ചിട്ടുള്ളതാണ്.

(ബി) തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം നേരിടുന്നവർക്കുകൂടി നഷ്ടപരിഹാരം നൽകുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

തീരുമാനമെടുത്തിട്ടുണ്ട്. 25-10-2022-ലെ സ.ഉ. (കൈ) നം. 50/2022/വനം പ്രകാരം 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടങ്ങളിലെ ചട്ടം 2 (എ)-യിൽ വന്യമൃഗം എന്ന നിർവ്വചനപ്രകാരമുള്ള ജീവികളുടെ ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിനകത്തോ പുറത്തോ) നൽകിവരുന്ന നഷ്ടപരിഹാരത്തുക കടന്നലിന്റേയോ തേനീച്ചയുടേയോ കടിയോ കുത്തോ കാരണം ജീവഹാനി സംഭവിച്ചാലും നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വന്യജീവി ആക്രമണത്താലുണ്ടാകുന്ന ജീവഹാനി ഒഴിവാക്കുന്നതുസംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡെറാഡൂണിലെ വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാനയുൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്.

## വന്യജീവി ആക്രമണവും സുരക്ഷാ നടപടികളും ആവാസ വ്യവസ്ഥാ പഠനവും

197 (1058) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്നതും കൃഷിനാശം സൃഷ്ടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്ന സംഭവങ്ങളും വന്യമൃഗങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെൻട്രൽ സർക്കിളിലെ തൃശ്ശൂർ, ചാലക്കുടി ഡിവിഷനുകീഴിലുള്ള വനമേഖലയോടുചേർന്ന

പ്രദേശങ്ങളിലും വാഴച്ചാൽ ഡിവിഷനിലെ ആതിരപ്പിള്ളി റേഞ്ചിനുകീഴിലുള്ള അയ്യമ്പുഴ, മൂക്കന്നൂർ, കറുകുറ്റി എന്നീ പ്രദേശങ്ങളിലും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ തേക്കടി റേഞ്ചിലെ സ്പ്രിംഗ് വാലി, മുല്ലയാർ പ്രദേശങ്ങളിലും വള്ളക്കടവ് റേഞ്ചിലെ തൊണ്ടിയാർ സെക്ഷനിലും ഇടുക്കി വന്യജീവിസങ്കേതത്തിലെ പുന്നപ്പാറ, കല്ലേക്കുളം, മേമാരി, കണ്ണംപടി മേഖലകളിലും തട്ടേക്കാട് പക്ഷിസങ്കേതത്തിലെ ഉരുളൻതണ്ണി, സത്രപ്പടി, പുറമല, ഞായപ്പള്ളി എന്നീ സ്ഥലങ്ങളിലും വന്യമൃഗങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിനുകീഴിലുള്ള റാന്നി, കോന്നി, തെന്മല, അച്ചൻകോവിൽ, പുനലൂർ, തിരുവനന്തപുരം എന്നീ ഡിവിഷൻ പരിധിയിലുള്ള വനത്തോടുചേർന്ന പ്രദേശങ്ങളിലും വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്നതും കൃഷിനാശം വരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിനുകീഴിലുള്ള നേര്യമംഗലം, മൂന്നാർ, എരുമേലി റേഞ്ചുകളിലും നോർത്തേൺ സർക്കിളിനുകീഴിലുള്ള തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർഗോഡ്, ബേഡ്ലർ, ചെതലയം, മേപ്പാടി, പേരിയ, കുറ്റിയാടി, പെരുവണ്ണാമൂഴി, താമരശ്ശേരി തുടങ്ങിയ പ്രദേശങ്ങളിലും പാലക്കാട് ഈസ്റ്റേൺ സർക്കിളിനുകീഴിൽ

പാലക്കാട് ഡിവിഷനിലെ മുണ്ടൂർ, കൊട്ടേക്കാട്, പുതുശ്ശേരി; നെന്മാറ ഡിവിഷനുകീഴിലുള്ള കൊല്ലങ്കോട്, തിരുവാളിയോട്; മണ്ണാർക്കാട് ഡിവിഷനുകീഴിലുള്ള ഷോളയൂർ, പുത്തൂർ, ഒമ്മല, തിരുവിഴാംകുന്ന്; നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുവാരക്കുണ്ട്; നിലമ്പൂർ നോർത്ത് ഡിവിഷനിലെ പോത്തുകല്ല്, അകമ്പാടം, വഴിക്കടവ് തുടങ്ങിയ പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനമേഖലയോട് ചേർന്നുള്ള ജനവാസമേഖലയിൽ ജനങ്ങൾ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ നേരിടേണ്ടിവരുന്ന സാഹചര്യത്തിൽ കേരളത്തിന്റെ വനമേഖലയിലെ ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഡെറാഡൂണിലെ വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാനയുൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയുംകുറിച്ച് പഠനം നടത്തിവരുന്നുണ്ട്.

(സി) വനാന്തർഭാഗത്തുനിന്നും ജനവാസ മേഖലയിലേയ്ക്ക് വന്യജീവികൾ കടക്കുന്നത് നിരീക്ഷിക്കുന്നതിന് എന്തെല്ലാം

സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇതിനായി ആധുനിക സാങ്കേതികവിദ്യകൾ എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വിശദമാക്കുമോ?

വനാന്തർഭാഗത്തുനിന്നും ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ കടക്കുന്നത് നിരീക്ഷിക്കുന്നതിന് ജി.പി.എസ്., ക്യാമറാ ട്രാപ്, നിരീക്ഷണ ക്യാമറകൾ, ഡിജിറ്റൽ (സെൻസർ) വാൾ, ഡ്രോണുകൾ, എസ്.എം.എസ്. അലെർട്ട് സിസ്റ്റം, റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം എന്നീ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇടുക്കി വന്യജീവി സങ്കേതത്തിലെ കീഴക്കാനം സെക്ഷനിലും തട്ടേക്കാട് പക്ഷിസങ്കേതത്തിലും കാട്ടാനയുടെ കടന്നുവരവ് കൂടുതലുള്ള അതിർത്തിപ്രദേശങ്ങളിലും ശബ്ദവും വെളിച്ചവുമുണ്ടാക്കി ആനകളെ തിരികെ കാട്ടിലേയ്ക്ക് വിടുന്നതിനുള്ള ANIDERS മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) വന്യജീവി ആക്രമണങ്ങൾ നിരന്തരമായുണ്ടാകുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ മേഖലകളിൽ പ്രത്യേകമായി എന്തെല്ലാം സുരക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വന്യജീവി ആക്രമണം നിരന്തരമായുണ്ടാകുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ഹാങ്ങിംഗ് ഫെൻസ്, എലിഫന്റ് പ്രൂഫ് ട്രെഞ്ച്, സോളാർ ഫെൻസ്, ആനമതിൽ എന്നീ സുരക്ഷാ സംവിധാനങ്ങളും പരിശീലനം ലഭിച്ച വാച്ചർമാരുടെ സേവനവും ആർ.ആർ.റ്റി.-കളുടെ സേവനവും ഉപയോഗിച്ചുവരുന്നു. കൂടാതെ, മുന്നറിയിപ്പ് ബോർഡുകൾ മുഖേനയും സുരക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടി പ്രദേശങ്ങളിൽ വനസംരക്ഷണ സമിതികളും ജനജാഗ്രതാ സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. സതേൺ സർക്കിളിനുകീഴിൽ വന്യജീവി ആക്രമണങ്ങൾ നിരന്തരമായുണ്ടാകുന്ന മേഖലകളെ കണ്ടെത്തി അവയെ ഹോട്ട്സ്പോട്ട് പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി രാത്രിയും പകലും പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചുവരുന്നുണ്ട്.

## കാട്ടാനകളെ തുരത്താൻ പ്രത്യേക ദൗത്യസേന

198 (1059) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മാസങ്ങളായി കൃഷികൾ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടാനകളെ തുരത്താൻ വനം വകുപ്പ് മേധാവി പ്രത്യേക ദൗത്യസേനയ്ക്ക് രൂപം നൽകി ഉത്തരവ് നല്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ജനവാസ മേഖലകളിലിറങ്ങി കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരികെ കയറ്റിവിടുന്നതിനായി നോർത്തേൺ സർക്കിളിൽപ്പെടുന്ന വിവിധ വനം ഡിവിഷനുകളിലെ സംരക്ഷണ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തി ഒരു കർമ്മസേന രൂപീകരിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ) 13-09-2022-ലെ KFDHQ/81/2022-CWW/WL-11 നമ്പർ കത്തുപ്രകാരം നൽകിയ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ കണ്ണൂർ, ഉത്തരമേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 13-09-2022-ലെ എ 6-5840/2020 നമ്പർ ഉത്തരവുപ്രകാരം ഒരു കർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ദൗത്യസേനയുടെ പ്രവർത്തനംമൂലം എല്ലാ കാട്ടാനകളെയും ഉൾവനത്തിലേയ്ക്ക് തുരത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

21-ഓളം കാട്ടാനകൾ ജനവാസ മേഖലകളിലിറങ്ങിയതിൽനിന്ന് പ്രസ്തുത ദൗത്യസേനയുടെ പ്രവർത്തനംമൂലം 17-ഓളം കാട്ടാനകളെ തുരത്തിയിട്ടുണ്ട്. നിലവിൽ നാലോളം കാട്ടാനകളെ മാത്രമാണ് കാട്ടിലേയ്ക്ക് തിരികെ വിടാൻ ബാക്കിയുള്ളത്. ആയതിനെക്കൂടി കാട്ടിലേയ്ക്ക് തുരത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(സി) ദൗത്യസേനയുടെ പ്രവർത്തനം നിലവിൽ അവസാനിപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ദൗത്യസേനയുടെ ദൗത്യം അവസാനിപ്പിച്ചിട്ടില്ല.

(ഡി) ഇപ്പോഴും കാട്ടാനകൾ കൃഷി നശിപ്പിക്കുന്ന സാഹചര്യത്തിൽ ദൗത്യസേനയുടെ പ്രവർത്തനം തുടർന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ദൗത്യസേനയുടെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്. കാട്ടാനകളെ മുഴുവനായി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**ചികിത്സാ-ധനസഹായ പദ്ധതികൾ**

199 (1060) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണത്തിനിരയായവർക്ക് ലഭ്യമായിട്ടുള്ള ചികിത്സാ-ധനസഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

05-04-2018-ലെ സ.ഉ.(കൈ)നം. 17/2018/വനം ഉത്തരവുപ്രകാരം വന്യജീവി ആക്രമണംമൂലം മരണം, പരിക്ക്, അംഗവൈകല്യം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് പത്തുലക്ഷം രൂപയും വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് രണ്ടുലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് രണ്ടുലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാത്തുക മുഴുവനായും നൽകിവരുന്നുണ്ട്. മരണമടയുന്ന വ്യക്തികളുടെ ആശ്രിതർ ഒരു വർഷത്തിനകവും പരിക്കേൽക്കുന്നവരും അംഗഭംഗം സംഭവിക്കുന്നവരും 6 മാസത്തിനകവും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകേണ്ടതാണ്.

വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-01-2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷിനാശത്തിന്റെ 100 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നതാണ്. ഒരു വ്യക്തിക്ക് വർഷത്തിൽ നാലുതവണ മാത്രമേ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുള്ളൂ. കൃഷിനാശം സംബന്ധിച്ച അപേക്ഷ 6 മാസത്തിനകം അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.

25-10-2022-ലെ സ.ഉ. (കൈ) നം. 50/2022/വനം പ്രകാരം Kerala Rules for Payment of Compensation to Victims of attack by Wild Animals ചട്ടം 2 (എ)-യിൽ വന്യമൃഗം എന്ന നിർവ്വചന പ്രകാരമുള്ള ജീവികളുടെ ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിനകത്തോ പുറത്തോ) നൽകിവരുന്ന നഷ്ടപരിഹാരത്തുക കടന്നലിന്റെയോ തേനീച്ചയുടേയോ കടിയോ കുത്തോ കാരണം ജീവഹാനി സംഭവിച്ചാലും നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി**

200 (1061) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം മലയോര കർഷകരുടെ കൃഷിയിടങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെന്മാറ നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം മലയോരകർഷകരുടെ കൃഷിയിടങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്നത് നിരീക്ഷിക്കുന്നതിനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുമായി സ്റ്റാഫിന്റെ മേൽനോട്ടത്തിൽ 16 വാച്ചർമാരെ വിന്യസിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നെന്മാറ നിയോജകമണ്ഡലം പരിധിയിൽ 83.85 കിലോമീറ്റർ ഹാങിംഗ് ഫെൻസ് നിർമ്മിച്ചിട്ടുണ്ട്. സൗരോർജ്ജ വേലികൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നെന്മാറ

നിയോജകമണ്ഡലം പരിധിയിൽ കൊല്ലങ്കോട് റേഞ്ചിനുകീഴിൽവരുന്ന കൊല്ലങ്കോട് സെക്ഷനിൽ 9 കിലോമീറ്റർ ഹാഗിംഗ് ഫെൻസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡ് സ്കീമിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചത് പരിശോധിച്ചുവരികയാണ്. നെന്മാറ ഡിവിഷനിൽ ഒരു സ്ഥിരം ആർ.ആർ.ടി. രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

നെന്മാറ ഡിവിഷൻ പരിധിയിൽ മലയോര മേഖലകൾ പങ്കിടുന്ന പഞ്ചായത്തുകളിൽ പഞ്ചായത്തുതലത്തിൽ 7 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ 18-05-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-09-2021 മുതൽ 31-05-2022 വരെ 286 കാട്ടുപന്നികളെ പാനൽ വിദഗ്ധരുടെ സഹായത്തോടെ വെടിവച്ച് കൊന്നിട്ടുണ്ട്. 31-05-2022-ലെ സ.ഉ.(ആർ.ടി)239/2022/വനം നമ്പർ ഉത്തരവുപ്രകാരം നിലവിൽ പഞ്ചായത്തുകൾക്ക് ഈ ചുമതല ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം**

201 (1062) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട കോട്ടയം ഡിവിഷന്റെ പരിധിയിൽവരുന്ന വനമേഖലകളുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ നിലവിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി പ്രശ്നബാധിത മേഖലകളിലെ പൊതുജനങ്ങളെ പങ്കെടുപ്പിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജ വേലികളുടെ അടിക്കാടുകൾ തെളിക്കുന്ന ജോലികൾ നടത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയും ദിവസവേതന വാച്ചർമാരെ ഉൾപ്പെടുത്തി നിരീക്ഷണം നടത്തിയും സൗരോർജ്ജ വേലികളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റേഞ്ചിലെ ജീവനക്കാർ പകൽ-രാത്രികാല ഫീൽഡ് സഞ്ചാരം നടത്തി വന്യജീവികൾ ജനവാസ മേഖലയിലേയ്ക്കിറങ്ങുന്ന സാഹചര്യം ബോദ്ധ്യപ്പെട്ടാലുടൻതന്നെ വാച്ചർമാരുടെയും

പൊതുജനങ്ങളുടെയും സഹായത്തോടെ അവയെ തിരിച്ച് കാടിനുള്ളിലേയ്ക്ക് കയറ്റിവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷനിലെ പമ്പ റേഞ്ചിന്റെ പരിധിയിൽവരുന്ന വനാതിർത്തിയിലെ 21.68 കിലോമീറ്റർ ദൂരത്തിൽ സോളാർ വേലിയും 11.09 കിലോമീറ്റർ ദൂരത്തിൽ ട്രഞ്ചും സ്ഥാപിച്ച് വനഭൂമിയും കൃഷിഭൂമിയും പൂർണ്ണമായും വേർതിരിച്ച്, വന്യജീവികളുടെ ആക്രമണത്തിൽനിന്നും പരിപൂർണ്ണ സുരക്ഷയൊരുക്കിയിട്ടുണ്ട്. പ്രസ്തുത സൗരോർജ്ജവേലികളെല്ലാം പ്രവർത്തനക്ഷമവും വർഷം മുഴുവൻ ഇ.ഡി.സി. അംഗങ്ങളായ ലൈൻമാന്മാരുടെ സേവനം പ്രയോജനപ്പെടുത്തി പരിരക്ഷ ഏർപ്പെടുത്തി വരുന്നവയുമാണ്. കൂടാതെ പീരുമേട് മേഖലയിൽ പ്രവർത്തിച്ചുവരുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം പ്രത്യേകമായി ഉപയോഗപ്പെടുത്തിവരുന്നു. കോട്ടയം ഡിവിഷനിലെ എരുമേലി റേഞ്ചിന്റെ അധീനതയിൽവരുന്നതും പൂഞ്ഞാർ നിയോജകമണ്ഡലത്തിലുൾപ്പെട്ട് വരുന്നതുമായ വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വന്യജീവിശല്യം കുറയ്ക്കുന്നതിനായി വനാതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിലെ ഭാഗങ്ങളായ കൊമ്പുകുത്തി ട്രൈബൽ സെറ്റിൽമെന്റ് ഭാഗത്ത് വന്യജീവി സംഘർഷംമൂലം കൃഷിനാശവും

ജീവനും സ്വത്തിനും നാശംവരുത്തുന്നത് തടയുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സൗരോർജ്ജവേലി നിർമ്മിച്ചതുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വന്യമൃഗങ്ങളിൽനിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവലവരെ 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പന്ത്രണ്ട് ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കണ്ണാട്ടുകവല മുതൽ പത്തേക്കർവരെ 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കൂടുതൽ ഫലപ്രദമാകുന്നതിനായി കണ്ണാട്ടുകവല മുതൽ പന്നിവെട്ടുംപാറ വരെ 0.5 കിലോമീറ്ററായി പരിഷ്കരിച്ച് നബാർഡ് സ്കീമിൽ 12.43 ലക്ഷം രൂപയുള്ള പ്രൊപ്പോസലിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യമൃഗ ആക്രമണം

202 (1063) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോരമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 2021 ജൂൺ മുതൽ നാളിതുവരെ ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; ജീവഹാനി, കൃഷിനാശം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജൂൺ 2021 മുതൽ നാളിതുവരെ മനുഷ്യ-വന്യജീവി സംഘർഷംമൂലം ജീവഹാനി, കൃഷിനാശം എന്നിവ സംബന്ധിച്ച് 8827 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ സർക്കിൾ തിരിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) വിവിധ വനമേഖലകളോട് ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള സംരക്ഷണ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

വനാതിർത്തിയിൽനിന്ന് വന്യമൃഗങ്ങൾ ജനവാസമേഖലകളിലേയ്ക്ക് കടക്കുന്നത് നിരീക്ഷിക്കുന്നതിന് ജീവനക്കാരും വാച്ചർമാരും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയംഗങ്ങളും നിതാന്ത ജാഗ്രത പുലർത്തിവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജനവാസമേഖലകളിൽ വന്യജീവി സാന്നിദ്ധ്യത്തെപ്പറ്റി പൊതുജനങ്ങൾക്ക് അടിയന്തര സന്ദേശം ലഭിക്കുന്നതിന് എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാമറ ട്രാപ്, റിയൽ ടൈം മോണിറ്ററിംഗ് എന്നീ സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി സൗരോർജ്ജവേലി, ആന പ്രതിരോധകിടങ്ങ്, എലിഫന്റ് പ്രൂഫ് വാൾ, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ചുവരുന്നു. ആർ.ആർ.റ്റി., ഫീൽഡ് സ്റ്റാഫ് എന്നിവരുടെ ശ്രമകരമായ പട്രോളിംഗിലൂടെ ജനവാസമേഖലകളിലിറങ്ങുന്ന വന്യമൃഗങ്ങളെ വനത്തിനകത്തേയ്ക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ വനമേഖലയുടെയും ആവാഹനശേഷി സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഒരു വനമേഖലയുടെ താങ്ങൽശേഷിയിൽ കൂടുതൽ പെരുകുന്ന വന്യമൃഗങ്ങളെ നിർമ്മാർജനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

പെരിയാർ ടൈഗർ റിസർവ്വിൽ കടുവകളുടെ ആവാഹനശേഷി സംബന്ധിച്ച പഠനം നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാനിൽ ചാപ്റ്റർ സി-3 (3.11) (2020-21 മുതൽ 2030-31

വരെ)-യിലുൾപ്പെടുത്തിയിട്ടുണ്ട്. മേൽ പഠനമല്ലാതെ ആവാഹനശേഷി സംബന്ധിച്ച മറ്റ് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ജനവാസ മേഖലകളിലേയ്ക്കിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി 28-05-2022-ലെ സ.ഉ. (കൈ) നം. 29/2022/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31-05-2022-ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചീഫ് വൈൽഡ്ലൈഫ് വാർഡൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**വന്യമൃഗശല്യ പ്രതിരോധത്തിനായി കിഫ്ബി പദ്ധതികൾ**

203 (1064) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ശല്യം പ്രതിരോധിക്കുന്നതിനായി കിഫ്ബി അനുവദിച്ച നൂറ് കോടി രൂപയുടെ പദ്ധതിയിൽ എത്ര പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളേതെല്ലാമാണെന്നും ഓരോ പദ്ധതിക്കും എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ വനമേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 10056.16 ലക്ഷം അടങ്കൽ തുകയുള്ള "Fencing along Identified areas of Forest Boundary to Reduce Human-Wildlife Conflict under the Special Investment Plan of KIIFB" എന്ന വനം വകുപ്പ് നടപ്പാക്കുന്ന കിഫ്ബി പദ്ധതിയിൽ ഇതുവരെ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം I + ആയി ചേർത്തിരിക്കുന്നു.

വനം വകുപ്പ് നടപ്പാക്കുന്ന കിഫ്ബി പദ്ധതിയായ "Fencing along Identified areas of Forest Boundary to Reduce Human-Wildlife Conflict under the Special Investment Plan of KIIFB"-യിലുൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ അനുബന്ധം 2 + ആയി ചേർത്തിരിക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പരിഗണനയിൽ പദ്ധതികളുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

വനം വകുപ്പിന്റെ നടത്തിപ്പിനായി അനുവദിച്ച കിഫ്ബി പദ്ധതിയിലുൾപ്പെട്ട Crash Guard Steel Rope Fence പ്രവൃത്തികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശങ്ങളിൽ സമീപവർഷങ്ങളിൽ പെട്ടെന്നുണ്ടായ വെള്ളപ്പൊക്കം, നദിയുടെ ഒഴുക്കിൽവന്ന ഗതിമാറ്റം, മണ്ണിന്റെ ചതുപ്പ് സ്വഭാവം എന്നിവ കാരണം ബന്ധപ്പെട്ട ഡിവിഷനുകളിലെ പ്രവൃത്തികളുടെ യഥാർത്ഥ രൂപരേഖ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് നിലമ്പൂർ നോർത്ത്, സൗത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവി ഡിവിഷൻ എന്നീ വനം ഡിവിഷനുകൾക്ക് കീഴിലായുൾപ്പെടുത്തിയിരുന്ന 48 കിലോമീറ്ററോളം വരുന്ന ടി പ്രവൃത്തികളിൽ നോർത്ത് വയനാട് ഡിവിഷനുകീഴിൽവരുന്ന 6 കിലോമീറ്റർ ദൂരം ഒഴിവാക്കി ബാക്കിവരുന്ന 42 കിലോമീറ്റർ ദൂരത്തിൽ കുറച്ചുകൂടി ഫലപ്രദവും ചെലവ് കുറഞ്ഞതുമായ സോളാർ ഹാഗിംഗ് പവർ ഫെൻസ് (Solar Hanging Power Fence) നടത്തുന്നതാവും ഉചിതമെന്ന ശിപാർശയും നോർത്ത് വയനാട് ഡിവിഷനുകീഴിൽവരുന്ന 6 കിലോമീറ്റർ ദൂരം കോഴിക്കോട് എൻ.ഐ.ടി. മുഖാന്തരം തയ്യാറാക്കിയ പുതുക്കിയ രൂപരേഖയനുസരിച്ച് നടപ്പാക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

## സ്വകാര്യ ആന പാപ്പാന്മാർക്ക് ലൈസൻസ്

204 (1065) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആന പാപ്പാന്മാർക്ക് ലൈസൻസ് നൽകാൻ മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ ആന പാപ്പാന്മാർക്ക് യാതൊരുവിധ ലൈസൻസും വനം വകുപ്പ് നൽകുന്നില്ല. എന്നാൽ ആന പരിപാലനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പാപ്പാന്മാർക്ക് വിവിധ സ്ഥലങ്ങളിൽവച്ച് പരിശീലന പരിപാടികൾ വനം വകുപ്പ് നടത്താറുണ്ട്.

(ബി) ദേവസ്വം ബോർഡിനുകീഴലുള്ള ആന പാപ്പാന്മാർ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണെന്നിരിക്കെ സ്വകാര്യ ആന പാപ്പാന്മാരെക്കൂടി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ ആന പാപ്പാന്മാരെ ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഈ വിഷയം വനം വകുപ്പുമായി ബന്ധപ്പെട്ടതല്ല. ആയതിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടത് തൊഴിൽ വകുപ്പാണ്.

**വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശം തടയുന്നതിന് നടപടി**

205 (1066) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ, കൂവപ്പടി, മുടക്കുഴ പഞ്ചായത്തുകളിലെ ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ കൃഷിനാശമുണ്ടാക്കുന്നത് തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പഞ്ചായത്തുകളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

മലയാറ്റൂർ ഡിവിഷനുകീഴിലെ പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ, കൂവപ്പടി പഞ്ചായത്തുകളിലെ വനമേഖലയോടുചേർന്ന പ്രദേശങ്ങളിൽ കാട്ടാനയുൾപ്പെടെയുള്ള വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങി കാർഷിക വിളകൾക്കും വളർത്തുമൃഗങ്ങൾക്കും നാശംവരുത്തുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മുടക്കുഴ പഞ്ചായത്ത് പ്രദേശങ്ങളിൽ വന്യമൃഗശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

1. വന്യജീവി ആക്രമണസാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസ മേഖലയിലിറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചുവരുന്നു. ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളെയും താൽക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു;
2. ടി പഞ്ചായത്തുകളിലെ വന്യജീവി ആക്രമണ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ച് വന്യജീവികൾ ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സൗരോർജ്ജവേലികൾ താൽക്കാലിക വാച്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തി പരിപാലിച്ചുവരുന്നു. റോഡിന് ഇരുവശവുമുള്ള അടിക്കാടുകൾ വെട്ടിമാറ്റി Vista Clearance ദൃശ്യയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തികവർഷത്തിൽ 72 ഹെക്ടർ പ്രദേശത്ത് ഇപ്രകാരം Vista Clearance നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കോടനാട് റേഞ്ചിന്റെ പരിധിയിൽവരുന്ന പ്രസ്തുത

പ്രദേശങ്ങളിൽ നബാർഡ് പ്രോജക്ടിലുൾപ്പെടുത്തി വന്യജീവി പ്രതിരോധത്തിന് കൂടുതൽ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുള്ള സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു;

3. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചുചേർത്ത് ടി യോഗങ്ങളിലെ നിർദ്ദേശങ്ങളുൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹരായവർക്ക് അപേക്ഷ ലഭ്യമാക്കുന്നതിന്റെ മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്കിരയാകുന്ന പട്ടിക വിഭാഗക്കാർക്ക് വകുപ്പ് നൽകിയിരുന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇൻഷ്വറൻസ് പരിരക്ഷയില്ലെങ്കിൽ ആയത്

നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽനിന്നുള്ള വീഴ്ച, ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും സ്ഥായിയായ അംഗവൈകല്യത്തിനും 1,00,000/- രൂപയും അപകടത്തെത്തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/- രൂപയും ആശുപത്രി യാത്രാ ചെലവിന് 1000/- രൂപയും വന്യജീവി ആക്രമണംമൂലമോ പ്രകൃതിക്ഷോഭംമൂലമോ വീടുകൾക്ക് കേടുപാടുകളുണ്ടായാൽ 5000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയിലുൾപ്പെടുത്തിയിട്ടുണ്ട്. മേല്പറഞ്ഞവകൂടാതെ വനത്തിനുപുറത്ത് താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണംമൂലമുള്ള അപകട മരണത്തിന് 1,00,000/- രൂപയും ആശുപത്രി ചികിത്സാ ചെലവിനായി 5000/- രൂപയും ഈ ഇൻഷ്വറൻസ്

പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25-09-2021 വരെയായിരുന്നു. ആയത് കൂടുതൽ ഫലപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മങ്കട കോട്ടയിൽ ചെറുകിട ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണി**

206 (1067) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ അരനൂറ്റാണ്ടുമുമ്പ് പണികഴിപ്പിച്ച കോട്ടയിൽ ചെറുകിട ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണി യഥാസമയം നടത്താത്തതിനാൽ പദ്ധതി ശോചനീയാവസ്ഥയിലായകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. മങ്കട കോട്ടയിൽ ചെറുകിട ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണിക്കായി കഴിഞ്ഞ അഞ്ചുവർഷം തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി അറ്റകുറ്റപ്പണി നടത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മങ്കട കോട്ടയിൽ ചെറുകിട ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണിക്കായി തുക വകയിരുത്തുന്ന വിഷയം നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

**ജലസംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് സ്കീമിൽ**

207 (1068) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് സ്കീമിലുൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സ്ഥിതിയും തുടർനടപടിയും വിശദമാക്കുമോ?

സമർപ്പിക്കപ്പെട്ടിട്ടില്ല. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് സ്കീമിലുൾപ്പെടുത്തുന്നതിനുള്ള "NABARD-RIDF-TRANCHE-XXVIII-2022-23 Improving irrigation facilities for various Ela in Kattakada Constituency" എന്ന പ്രവൃത്തിയുടെ ഡി.പി.ആർ., ഫീൽഡ് അധികാരികളുമായി ചർച്ച

നടത്തിയതിയതിനുശേഷം വേണ്ടതിരുത്തലുകൾവരുത്തി പുനർ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഈരാറ്റിൻപുരം ടൂറിസം പദ്ധതി**

208 (1069) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് ഏറ്റെടുത്ത ഈരാറ്റിൻപുരം ടൂറിസം പദ്ധതിയിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികളേതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സം നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ?

(എ&ബി) ടൂറിസം പദ്ധതി മുഖേന 'Development of Rock Park at Irattinpuram in Neyyattinkara LA Constituency' എന്ന പ്രവൃത്തിക്ക് 15-03-2017-ലെ സ.ഉ.(സാധാ) നം. 125/2017/ടൂറിസം പ്രകാരം 2.66 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ടി പ്രവൃത്തിയിലുൾപ്പെട്ട പ്രധാന പ്രവൃത്തികളായ Ticket Counter, Toilet block, Retaining wall & walk way, Land scaping, Signboard, Seater, Internet Road &

walkway, Parking, Snack bar & Toilet Block, Fencing, Bore well and Pump set എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 28-10-2022-ലെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം ടി പദ്ധതിയിൽ അധികമായുൾപ്പെടുത്തിയ ചുറ്റമതിൽ, റൂഫിംഗ്, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ഇവയിൽ സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. വൈദ്യുതീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സൗത്ത് സെക്ഷൻ ഓഫീസ് മുഖേന തയ്യാറാക്കിവരുന്നു.

## ചൊവ്വര ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണം

209 (1070) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം പഞ്ചായത്തുകളിലെയും പറവൂർ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം, വടക്കേക്കര, ഏഴിക്കര പഞ്ചായത്തുകളിലെയും ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സായ ചൊവ്വര ജലശുദ്ധീകരണശാലയുടെ

പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി അംഗീകാരം ലഭിച്ച 482.50 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കുമോ?

പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, ചേന്നമംഗലം, കോട്ടുവള്ളി, ഏഴിക്കര, ചിറ്റാറ്റുകര, വടക്കേക്കര എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സായ ആലുവ പി.എച്ച്. ഡിവിഷനുകീഴിലുള്ള ചൊവ്വര ജലശുദ്ധീകരണശാലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ടി പഞ്ചായത്തുകൾക്ക് ജൽ ജീവൻ മിഷൻ പദ്ധതിയിൽനിന്നും ലഭിച്ച ഭരണാനുമതി തുകയിൽനിന്നും ബാക്കിവന്ന തുകയായ 482.50 ലക്ഷം രൂപ വിനിയോഗിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ചൊവ്വര ശുദ്ധീകരണശാലയിൽ അടിക്കടിയുണ്ടാവുന്ന വൈദ്യുതിപ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

അടിക്കടിയുണ്ടാകുന്ന വൈദ്യുതിപ്രശ്നം പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. അധികാരികളുമായി ആശയവിനിമയം നടത്തുകയും വാട്ടർ അതോറിറ്റിക്ക് മാത്രമായി ഒരു ഡെഡിക്കേറ്റഡ് ലൈൻ സ്ഥാപിക്കുന്നതിനായി 2.54 കോടി രൂപ 2006-ൽ അടച്ചിട്ടുള്ളതും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിനെത്തുടർന്ന് ഗാന്ധിപുരംവഴി കെ.ഡബ്ല്യു.എ. ചൊവ്വര ശുദ്ധീകരണശാലയിലേയ്ക്ക് ഓവർഹെഡ് ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ എച്ച്.ടി. ലൈൻ സ്ഥാപിച്ചിട്ടുള്ള പോസ്റ്റിൽക്കൂടി പിൽക്കാലത്ത് എൽ.ടി. ലൈൻകൂടി വലിച്ച് പ്രാദേശികമായി കെ.എസ്.ഇ.ബി. വിതരണം നടത്തുമ്പോൾ എൽ.ടി. ലൈനിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി സപ്ലൈ ഓഫ് ചെയ്യുന്ന അവസ്ഥ ഒഴിവാക്കി പൂർവ്വസ്ഥിതിയിലാക്കിത്തരണമെന്നും മുടങ്ങാതെ വൈദ്യുതി ലഭ്യമാക്കണമെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

**വൈശ്യം നടപ്പാലം നിർമ്മാണം**

210 (1071) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ പടിയത്തുപറമ്പ് - ആശാൻപടിയുമായി ബന്ധിപ്പിക്കുന്ന വൈശ്യം നടപ്പാലം ആധുനികരീതിയിൽ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത നടപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന വെട്ടം ഗ്രാമപഞ്ചായത്തിൽ പടിയത്തുപറമ്പ് ആശാൻപടിയുമായി ബന്ധിപ്പിക്കുന്ന വൈശ്യം നടപ്പാലം ദേശീയ ജലപാത 3 മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമായി നിർമ്മിക്കുന്നതിന് മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. CSIND- Reconstruction of Theendapadi foot bridge at chainage 333.351 in West Coast Canal in Vettom Grama Panchayath, Malappuram District എന്ന പേരിലാണ് ഈ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

211 (1072) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി

അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളേതൊക്കെയാണെന്ന്, അനുവദിച്ച തുകയുൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലൂൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ, അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുട്ടനാട് സമഗ്ര വികസന ഏകോപന കൗൺസിൽ**

212 (1073) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാടിന്റെ സമഗ്രവികസനം സമയബന്ധിതമായി നടപ്പാക്കുന്നതിന് നിലവിലെ സർക്കാർ നടപ്പിലാക്കിയ കുട്ടനാട് സമഗ്രവികസന ഏകോപന കൗൺസിലിന്റെ ഗുണങ്ങൾ വ്യക്തമാക്കാമോ?

കുട്ടനാടിന്റെ സമഗ്രവികസനത്തിനായി രൂപീകരിച്ചിട്ടുള്ള കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കുട്ടനാട് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഒറ്റ സംവിധാനത്തിന്റെ കീഴിലാക്കി, എല്ലാ ഏജൻസികളുടെയും പ്രവർത്തനം അവലോകനം നടത്തുന്നതിനും പരസ്പരം പൂരകങ്ങളാകുന്നവിധം ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾക്ക് ആവർത്തനസ്വഭാവമില്ലാതെ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക;
2. വിവിധ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവ നടത്തുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, ഏകോപിപ്പിക്കുക, അവ നടപ്പിൽ വരുത്തുന്നത് മോണിറ്റർ ചെയ്യുക. പാരിസ്ഥിതിക സുരക്ഷ, സാമൂഹ്യ സുരക്ഷ, പങ്കാളിത്ത പരിപാലനം എന്നിവ ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ നൽകുക;
3. കുട്ടനാട്ടിലെ നെൽപ്പാടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പദ്ധതികളുടെ പൊതുവായ ആസൂത്രണവും നടത്തിപ്പും ഉറപ്പാക്കുക;
4. തോടുകൾ, കനാലുകൾ എന്നിവയുടെ നീരൊഴുക്ക് സുഗമമാക്കുകയും അവയുടെ ജലസംവഹനശേഷിയും സംഭരണശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ "റൂം ഫോർ റിവർ"

തുടങ്ങിയ പദ്ധതികൾ പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായി നടപ്പിലാക്കുക;

5. നെൽക്കൃഷി, തെങ്ങ് കൃഷി, മത്സ്യകൃഷി, താറാവ് വളർത്തൽ, മറ്റുകൃഷികൾ എന്നിവ സമഗ്രമായി സംയോജിപ്പിക്കുന്ന സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം ഇരട്ടിയാക്കുംവിധമുള്ള പദ്ധതികൾ നടപ്പിലാക്കുക;

6. കുട്ടനാട്ടിൽ സമഗ്ര ജല മാനേജ്മെന്റ് നടപ്പിലാക്കുക;

7. കുട്ടനാട്ടിലെ നെൽക്കൃഷിയെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്രപദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, കാലം തെറ്റിയ മഴയ്ക്കും വെള്ളപ്പൊക്കത്തിനും അനുയോജ്യമാകുംവിധമുള്ള കാർഷിക കലണ്ടറും കൃഷിരീതിയും നടപ്പിലാക്കുക, വിളനാശവും അടിസ്ഥാന സൗകര്യങ്ങളുടെ നാശനഷ്ടങ്ങളും പരമാവധി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക;

8. കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽക്കൃതമാക്കുക, ആയതിനാവശ്യമായ യന്ത്രങ്ങൾ സമാഹരിക്കുക;

9. കുട്ടനാട്ടിലെ പുതുതലമുറയിൽനിന്നും കൂടുതൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയധിഷ്ഠിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുക, കാർഷികോത്പന്ന സംസ്കരണ, വിപണന, വിതരണ രംഗങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുക;

10. സംസ്ഥാനത്തിന്റെ മറ്റ് ഭൂപ്രദേശങ്ങളെയപേക്ഷിച്ച് വ്യത്യസ്തമായ കുട്ടനാട്ടിലെ വിവിധ മേഖലകളിലെ പരമ്പരാഗത തൊഴിൽ മേഖലകൾ സംരക്ഷിച്ച് കൂടുതൽ ആകർഷകവും ആദായകരവുമാക്കി പുതുതലമുറയെ ആകർഷിക്കുംവിധം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക;

11. കുട്ടനാട്ടിലെ നെൽകർഷകർക്കായി പ്രവർത്തിക്കുന്ന വിവിധ പാടശേഖര സമിതികൾ, നെൽക്കൃഷി വികസന ഏജൻസികൾ എന്നിവയുടെ പ്രവർത്തനം ഏകീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക, അവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ കൗൺസിൽ മുഖേന നടപ്പിലാക്കുക. കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങളെ

സഹായിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുക.

മേൽ ലക്ഷ്യങ്ങളിലധിഷ്ഠിതമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ കുട്ടനാടിന്റെ സമഗ്രവികസനം സാധ്യമാക്കുവാൻ കഴിയും.

**അരൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

213 (1074) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പുമുഖേന അരൂർ മണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ അനുവദിച്ച പദ്ധതികളേതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

(എ&ബി) ജലവിഭവ വകുപ്പുമുഖേന അരൂർ മണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലനുവദിച്ച പദ്ധതികളും പ്രസ്തുത പദ്ധതികളുടെ നിലവിലെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊല്ലം നിയോജകമണ്ഡലത്തിലെ വൻകിട ജലസേചന പ്രവൃത്തികൾ

214 (1075) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ വൻകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2021-22 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളേതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ വൻകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായുള്ള പ്രവൃത്തികളൊന്നുംതന്നെ നിലവിലില്ല.

## കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം

215 (1076) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെയും പമ്പ് ഹൗസ് നവീകരണത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെയും പമ്പ് ഹൗസ് നവീകരിക്കുന്നതിന്റെയും പ്രവൃത്തിക്കായി 16 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കുകയും തുടർനടപടികൾ പൂർത്തീകരിച്ച് ടി പ്രവൃത്തി 6 മാസക്കാലാവധിയിൽ പൂർത്തീകരിക്കുന്നതിനായി 14-06-2022-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയിലുൾപ്പെടുത്തിയിരിക്കുന്ന 222 മീറ്റർ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുള്ളതാണ്. ചിറയിൽ നീരുറവ അധികമായതിനാലും മഴ നിലനിൽക്കുന്നതിനാലും മറ്റനുബന്ധ പ്രവൃത്തികൾ മഴ മാറുന്നമുറയ്ക്ക് ആരംഭിച്ച് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് മൂന്നാംകടവ് പദ്ധതി**

216 (1077) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി ചെറിയ പദ്ധതിയായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി കെ.ഡി.പി. പാക്കേജിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആയതിന് അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ മൂന്നാംകടവ് മിനി ഡാം നിർമ്മിക്കുന്നതിനായി പ്രാഥമിക റിപ്പോർട്ടും 26.20 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റും കാസർഗോഡ് വികസന പാക്കേജിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കർഷകർക്കായുള്ള ജലസേചന പദ്ധതികൾ**

217 (1078) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ജലസേചന വകുപ്പ് 2020-21 വർഷത്തെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കണ്ടെത്തുന്നതിന് കൃഷി വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുകയും ജലസേചനം, കൃഷി എന്നീ വകുപ്പുദ്യോഗസ്ഥരുമായി

ചേർന്ന് കൃഷി സ്ഥലങ്ങളുടെ പരിശോധന നടത്തുകയും വിവിധ ഘടകങ്ങളെ (ആയക്കട്ട്, ജലലഭ്യത, കർഷകരുടെ താൽപര്യം, വൈദ്യുതി ലഭ്യത മുതലായവ) ആസ്പദമാക്കി വിവിധ ജില്ലകളിലെ പദ്ധതികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും അപ്രകാരം പ്രായോഗികമായ പദ്ധതികൾ ജലസേചന വകുപ്പിന്റെ പ്ലാൻഫണ്ട് വിഹിതമുപയോഗിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. ഭാവിയിൽ നടപ്പിലാക്കുന്ന മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൃഷി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു. ജലസ്രോതസുകളുടെ നവീകരണവും കൃഷിസ്ഥലംവരെ ജലമെത്തിക്കുന്ന പ്രവൃത്തിയും ജലസേചന വകുപ്പും തുടർന്ന് കർഷകന്റെ കൃഷി സ്ഥലത്തിനുള്ളിലെ മൈക്രോ ഇറിഗേഷൻ സിസ്റ്റം കൃഷി വകുപ്പും കർഷകരും ചേർന്ന് നടപ്പിലാക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**കൊച്ചി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

218 (1079) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം കൊച്ചി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

29-12-2022-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കൊല്ലം മണ്ഡലത്തിലെ ചെറുകിട ജലസേചന പ്രവൃത്തികൾ**

219 (1080) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2021-22 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളേതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അരുവിക്കരയിലെ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതികൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

220 (1081) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ 2021 മേയ് മുതലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളും അതിന്റെ വിശദാംശവും നൽകുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ജൽ ജീവൻ മിഷൻ പദ്ധതി**

221 (1082) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിക്ക് തുക അനുവദിച്ചിട്ടും പദ്ധതി ആരംഭിക്കാൻ കഴിയാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്തൊക്കെയാണെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) ജൽ ജീവൻ മിഷന്റെ ആദ്യഘട്ടത്തിൽ അനുമതി നൽകിയ പദ്ധതികൾ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്കായിരുന്നു. ഇപ്രകാരം അനുമതി നൽകിയ പദ്ധതികൾ സംസ്ഥാനത്തെ 144 ഗ്രാമപഞ്ചായത്തുകളൊഴികെയുള്ള ബാക്കി 797 പഞ്ചായത്തുകളിൽ ആരംഭിച്ച് നടപ്പിലാക്കിവരുന്നു. ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നിലവിൽ കുടിവെള്ള കണക്ഷനുകളൊന്നും നൽകിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഈ പദ്ധതികൾ കൂടാതെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന് പര്യാപ്തമായ കിണർ, ജലശുദ്ധീകരണശാല, ജലസംഭരണികൾ, വിതരണശൃംഖല തുടങ്ങിയ ഘടകങ്ങളുൾപ്പെട്ട വിവിധ സമഗ്ര കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. എന്നാൽ പദ്ധതിയുടെ ഘടകങ്ങളായ കിണർ, ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തുകളിൽനിന്ന് ലഭ്യമാകാത്തതിനാലും ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതിനാലും പൊതുമരാമത്ത്, നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ, വനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങിയ വിവിധ വകുപ്പുകളിൽനിന്നും ആവശ്യമായ അനുമതികൾ ലഭ്യമാകാത്തതിനാലും പ്രവൃത്തികൾക്ക് അനുവദനീയമായ നിരക്കുകളിൽ കരാറുകാരിൽനിന്നും ഓഫർ ലഭിക്കാത്തതിനാലും പദ്ധതികളുടെ കരാറുകൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വൈമുഖ്യം കാണിക്കുന്നതിനാലും ഭരണാനുമതി നൽകിയ ചില പ്രവൃത്തികളാരംഭിക്കാൻ കഴിയാത്ത വിവിധ പഞ്ചായത്തുകൾ നിലവിലുണ്ട്. പ്രസ്തുത പഞ്ചായത്തുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ബാക്കിക്കയം റെഗുലേറ്റർ പ്രദേശത്ത് സംരക്ഷണിഭിത്തി നിർമ്മിക്കാൻ നടപടി

222 (1083) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര ഗ്രാമപഞ്ചായത്തിലെ ബാക്കിക്കയം റെഗുലേറ്റർ പ്രദേശത്ത്, കടലുണ്ടിപ്പുഴയുടെ ഇരുവശങ്ങളിലും സംരക്ഷണിഭിത്തി നിർമ്മിക്കാത്തതിനാൽ കര ഇടിഞ്ഞ് റെഗുലേറ്ററിന് ബലക്ഷയം സംഭവിക്കുകയും ഈ പ്രദേശത്തെ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാക്കിക്കയം റെഗുലേറ്ററിനോടുചേർന്ന് കടലുണ്ടിപ്പുഴയുടെ ഇരുവശത്തും നിലവിൽ കോൺക്രീറ്റ് റീട്ടെയ്നിംഗ് വാൾ നിർമ്മിച്ചിട്ടുള്ളതിനാൽ കരയിടിഞ്ഞ് റെഗുലേറ്ററിന് നിലവിൽ ബലക്ഷയം സംഭവിച്ചിട്ടില്ല. ബാക്കിക്കയം റെഗുലേറ്ററിന്റെ ഇടതുകര 250 മീറ്ററും വലതുകര 150 മീറ്ററും സംരക്ഷണഭിത്തി നിലവിൽ നിർമ്മിച്ചിട്ടുണ്ട്. വലതുകരയിൽ 21.30 മീറ്റർ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ബാക്കിയുണ്ട്. പ്രസ്തുത പ്രവൃത്തിയും 2018-19-ലെ പ്രളയത്തെത്തുടർന്ന് വലതുകരയിലെ 30 മീറ്റർ സംരക്ഷണഭിത്തി നിർമ്മാണംകൂടി ഉൾപ്പെടുത്തിയ ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് DSR 2018-ലും ജി.എസ്.ടി. 18 ശതമാനത്തിലും കണക്കാക്കി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**കളത്തിങ്ങൽപ്പാറ മൂഴിക്കൽ തോടിനുകുറുകെ വി.സി.ബി. നിർമ്മിക്കാൻ നടപടി**

223 (1084) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ കളത്തിങ്ങൽപ്പാറ മൂഴിക്കൽ തോടിനുകുറുകെ വി.സി.ബി. (വാക്വം സർക്യൂട്ട് ബ്രേക്കർ) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകിയിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നടപ്പുസാമ്പത്തികവർഷം പിന്നിടാൻ കുറച്ചുമാസം മാത്രം അവശേഷിക്കെ, മലപ്പുറം ജില്ലയിൽ വകുപ്പുതലത്തിൽ തയ്യാറാക്കിയ മുൻഗണനാപട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള പദ്ധതിക്ക് ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി നൽകുന്നകാര്യം പരിഗണിക്കുമോ?

(എ&ബി) മൂന്നിയൂർ പഞ്ചായത്തിലെ കളത്തിങ്ങൽപ്പാറ മൂഴിക്കൽ തോടിനുകുറുകെ വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തിയുടെ 100 ലക്ഷം രൂപ തുകവരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി മൈനർ ഇറിഗേഷന്റെ MI Class I പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) പ്രസ്തുത പദ്ധതിയുൾപ്പെട്ട സംസ്ഥാനതല പട്ടികയിലെ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി എത്ര തുക ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത തുക ഏത് ഹെഡ്ഡിലാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത

ഹെഡ്ഡിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും അവ ഏതൊക്കെ പ്രവൃത്തികൾക്കാണ് നൽകിയതെന്നുമുള്ളതിന്റെ വിശദാംശങ്ങൾ നൽകുമോ?

2022-23 സാമ്പത്തിക വർഷത്തിൽ 4702-00-101-99 -MI Class I എന്ന ശീർഷകത്തിൽ 1600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 ലക്ഷം രൂപ വയനാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കി 1500 ലക്ഷം രൂപ തുകവരുന്ന പദ്ധതികളേറ്റെടുക്കാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ ശീർഷകത്തിൽ നിലവിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. മേൽ പ്രവൃത്തിയുൾപ്പെടെ ഏറ്റെടുക്കാൻ തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുഴകളും നദികളും മാലിന്യമുക്തമാക്കുന്നതിന് നടപടി**

224 (1085) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളും നദികളും മാലിന്യമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊപ്പം എക്കൽ,

മണ്ണ്, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവയടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഇത് കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന് ലഭ്യമായ ഫണ്ടുപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആകെ 3,01,65,570m3 എക്കലും ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ നാളിതുവരെ (31-08-2022) വരെ 98,35,939m3 നീക്കം ചെയ്തിട്ടുണ്ട്. 30 നദികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളെയും ബഹുജന പങ്കാളിത്തവും ഏകോപിപ്പിച്ച് പുഴകളുടെ സ്വാഭാവിക ഒഴുക്കും വാഹകശേഷിയും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യമുക്തമാക്കുന്നതിനും ഒഴുക്ക്

സുഗമമാക്കുന്നതിനും വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്.

'മാലിന്യത്രുക്ഷതാ ലഘൂകരണം' ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു.

സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസുകൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമെ, ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസുകൾ പരിപാലിച്ചുവരുന്നു. കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിന്റെ 21 നദീഭാഗങ്ങൾ വലിയ തോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ

മലിനീകരണത്തിന്റെ തോതനുസരിച്ച് പ്രയോറിറ്റി 1 മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. ഇത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും 2 കോടി രൂപ ജലസേചന വകുപ്പിന്റെ വാർഷിക പ്ലാൻ 2022-2023-ൽ വകയിരുത്തിയിട്ടുണ്ട്. മേൽസൂചിപ്പിച്ച നദീഭാഗങ്ങൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാദ്ധ്യമാക്കുന്നതിനും മുൻഗണനാടിസ്ഥാനത്തിൽ അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മറ്റ് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാറുണ്ട്. തുടർന്നും ജലസേചന വകുപ്പ് ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമവുമനുസരിച്ച് നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

നിലവിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്കുകുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാറുണ്ട്. ജലസ്രോതസുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യവ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറംതള്ളുന്നത് തടയുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമ പ്രകാരം ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പുദ്യോഗസ്ഥർ പരാതി സമർപ്പിക്കാറുണ്ട്. ഇവയിൽ പോലീസുദ്യോഗസ്ഥർ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) തിരൂർ പുഴ മാലിന്യമുക്തമാക്കണമെന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തിരൂർ പുഴയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും മാലിന്യവും നീക്കം ചെയ്തിട്ടുണ്ട്.

**മൂഴിക്കൽ തടയണ**

225 (1086) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മൂഴിക്കൽ തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പൂർത്തീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മൂഴിക്കൽ കടവിൽ തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ച റിപ്പോർട്ടിൽ സാങ്കേതികപരമായ മാറ്റങ്ങൾ വരുത്താൻ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സഹിതം ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ ഡിസൈൻ ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈ പ്രവൃത്തിക്കാവശ്യമായ തുക അനുവദിച്ചുകൊണ്ട് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽനിന്നും ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുയോജ്യമായ ശീർഷകത്തിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ബാക്കിക്കയം പ്രദേശത്തെ വെള്ളപ്പൊക്കം തടയാൻ നടപടി**

226 (1087) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ ബാക്കിക്കയം റെഗുലേറ്ററിന്റെ ഷട്ടറുകളുടെ ഉയരക്കുറവുകാരണം പ്രസ്തുത പ്രദേശങ്ങളിൽ കഴിഞ്ഞ രണ്ട് പ്രളയങ്ങളിലും രൂക്ഷമായ വെള്ളപ്പൊക്കമുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ റെഗുലേറ്ററിന്റെ ഉയരം കൂട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാക്കിക്കയം റെഗുലേറ്റർ രൂപകൽപ്പന ചെയ്തപ്പോൾ കണക്കാക്കിയിട്ടുള്ള MFL/HFL +15.400 ആയിരുന്നു. റെഗുലേറ്ററിന്റെ വലതുകര നിരപ്പ് +18.400 ഉം ഇടതുകര +17.00 ഉം ആണ്. ഷട്ടറിന്റെ FRL +13.400 ഉം മുകൾ നിരപ്പ് +13.700 ഉം ആണ്. റെഗുലേറ്ററിന്റെ 4 ഷട്ടറുകൾ 12 മീറ്റർ വീതിയും 4.60 മീറ്റർ ഉയരവും രണ്ട് ഷട്ടർ 6 മീറ്റർ വീതിയും 3.80 മീറ്റർ ഉയരമുള്ളതുമാണ്. 2018-ലെ പ്രളയസമയത്ത് ഈ സ്ഥലത്തെ ജലനിരപ്പ് +17.30 ഉം 2019-ലേത് +17.60 ആയും ഉയർന്നിരുന്നു. രൂപകൽപ്പന ചെയ്ത MFL/HFL ആയ +15.400-നേക്കാളും ഉയരത്തിൽ +17.30 (2018), +17.60 (2019) ജലനിരപ്പ് ഉയർന്നപ്പോൾ ഷട്ടറിന്റെ ഏകദേശം പകുതിയോളം ഉയരത്തിൽ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായിട്ടുണ്ട്. എന്നാൽ മുമ്പത്തെ HFL +15.400-നുപകരം ഇപ്പോഴത്തെ HFL ആയ +17.60 ഉയരം കണക്കാക്കി ഷട്ടർ ഉയർത്താൻ സാങ്കേതികമായും സാമ്പത്തികമായും സാധിക്കുമോയെന്ന് പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

**താൽക്കാലിക ബണ്ട് നീക്കം ചെയ്യാൻ നടപടി**

227 (1088) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണാവശിഷ്ടങ്ങളും പെരിയാർനദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് WP(C) 24027/2021, WP(C)23911/2018 എന്നീ കേസുകൾ നിലവിലുണ്ട്. ടി വിഷയത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഉത്തരവാദിത്വം തീരുമാനിക്കുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതി ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സാങ്കേതിക സമിതിയെ (ഹൈ ലെവൽ കമ്മിറ്റി) നിയമിച്ചിട്ടുണ്ട്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേപ്പാതയുടെ കീഴിൽ ഡോൺ ബോസ്കോ കടവിനും ഡി ഐലന്റിനും ഇടയിലുള്ള വടുതല ദേശത്ത് കെ.ഇ.ആർ.ഐ. മുഖാന്തരം ടോപ്പോഗ്രാഫിക്കൽ ഇൻവെസ്റ്റിഗേഷനും സോയിൽ ഇൻവെസ്റ്റിഗേഷനും നടത്തി പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) നീരൊഴുക്ക് നിലച്ചതുകാരണം കൊച്ചി കോർപ്പറേഷൻ പരിധിയിലെ താന്തോന്നിത്തുരുത്ത്, വടുതല, ചേരാനല്ലൂർ പഞ്ചായത്ത്, കുറുങ്കോട്ട ദ്വീപ് എന്നിവിടങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നത് തടയാൻ സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

നീരൊഴുക്ക് നിലച്ചതുകാരണം കൊച്ചി കോർപ്പറേഷൻ പരിധിയിലെ താന്തോന്നിത്തുരത്ത്, വടുതല, ചേരാനല്ലൂർ പഞ്ചായത്ത് കുറുങ്കോട്ട ദ്വീപ് എന്നിവിടങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കൂടിയതായിട്ടാണ് മനസ്സിലാക്കുന്നത്. ഇത് പരിഹരിക്കുന്നതിന് പെരിയാറിന്റെ കൈവഴികളിൽനിന്നും 'ഓപ്പറേഷൻ വാഹിനി' പദ്ധതിയിൽപ്പെടുത്തി തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെരിയാറിന്റെ വടുതല ഭാഗത്തെ തടസ്സം നീക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) റെയിൽവേ പാതയുടെ പണി ഏറ്റെടുത്ത കമ്പനികൾ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2011-ൽ പൂർത്തീകരിച്ച റെയിൽവേ പാതയുടെ പ്രവൃത്തി ചെയ്ത കമ്പനികൾ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യാത്തതിനെതിരെ

എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(C) 24027/2021-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ച ഹൈ ലെവൽ കമ്മിറ്റി, ബണ്ടും അവശിഷ്ടങ്ങളും സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം**

228 (1089) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാമിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി തടസ്സപ്പെട്ടതെന്തുകൊണ്ടെന്ന് വിശദമാക്കുമോ?

മംഗലം ഡാമിലെ ചെളി നീക്കം ചെയ്യാൻ കരാർ ഏറ്റെടുത്ത കമ്പനി നിശ്ചിത സമയത്തിനുള്ളിൽ പുരോഗതി കൈവരിക്കാതിരുന്നതിനാലും സർക്കാരിലേയ്ക്കൊടുക്കാനുള്ള തുകയിൽ വീഴ്ച വരുത്തിയതിനാലും ടി കരാർ കമ്പനിയെ പദ്ധതിയിൽനിന്നും ടെർമിനേറ്റ് ചെയ്യാൻ 30-05-2022-

നുചേർന്ന പന്ത്രണ്ടാമത് എംപവേർഡ് കമ്മറ്റി യോഗം തീരുമാനിച്ചതിനാലാണ് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നത്.

(ബി) തടസ്സപ്പെട്ട പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുമോ; എങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

കമ്പനിയെ ടെർമിനേറ്റ് ചെയ്യുന്ന പ്രക്രിയ കോടതി വ്യവഹാരത്തിലായതിനാൽ ആയത് തീർപ്പാക്കുന്ന മുറയ്ക്കുമാത്രമേ പദ്ധതി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

**വൈപ്പിൻ കരയിലെ കടൽഭിത്തി സംരക്ഷണം**

229 (1090) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും പ്രതികൂലമായി ബാധിച്ച വൈപ്പിൻകരയുടെ സംരക്ഷണത്തിനായി കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കടലാക്രമണത്താലും വേലിയേറ്റത്താലും തകർന്ന വൈപ്പിൻകരയിലെ കടൽത്തീരത്ത് കടൽഭിത്തി കെട്ടാനും പുഴയോരത്തും ഇടത്തോടുകളിലും പാർശ്വഭിത്തി കെട്ടാനും ഡ്രഡ്ജിംഗ് നടത്തി കരഭൂമി

ഉയർത്താനും പദ്ധതി ആവിഷ്കരിച്ച് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കണക്കിലെടുത്ത് സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരശോഷണവും കടലാക്രമണവും തടയാൻ തീരഘടനയ്ക്കനുയോജ്യമായ സുസ്ഥിരനിർമ്മിതികൾ ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി.) സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന തീരസംരക്ഷണ പദ്ധതിയിൽ വൈപ്പിൻ പ്രദേശംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തീരത്തിന്റെ ഘടന മനസ്സിലാക്കുന്നതിന്റെ ഭാഗമായി 29.90 ലക്ഷം രൂപയ്ക്ക് Bathymetric Survey നടത്തുന്നതിനായുള്ള പ്രവൃത്തിക്ക് അനുമതി നല്കുകയും ആയത് കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്. ടി പര്യവേക്ഷണ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ National Centre for Coastal Research (NCCR) പോലുള്ള ഏതെങ്കിലും വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് പഠനം നടത്തി അനുയോജ്യമായ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അവലംബിക്കാവുന്നതാണ്. ഓപ്പറേഷൻ വാഹിനിയിലുൾപ്പെടുത്തി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭൂരിഭാഗം തോടുകളിലെയും ഏക്കലും ചെളിയും

നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. വൈപ്പിൻ കരയിലെ കുഴിപ്പിള്ളി പഞ്ചായത്തിലെ വീരപുഴ-ചെറായി പുഴയുടെ പാർശ്വഭിത്തി സംരക്ഷിക്കുന്നതിനുള്ള 22,10,000/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വൈപ്പിൻ കരയിലെ പുഴയോരത്തും ഇടത്തോടുകളിലും പാർശ്വഭിത്തി കെട്ടുന്നതിനും ഡ്രഡ്ജിംഗ് നടത്തി കരഭൂമി ഉയർത്തുന്നതിനുമായി ഒരു പദ്ധതി വിശദമായ പഠനം നടത്തി ആവിഷ്കരിക്കാവുന്നതാണ്.

(സി) മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'മുങ്ങുന്ന വൈപ്പിൻ' എന്ന ലേഖനം ഉള്ളടക്കം ചെയ്ത് 10-11-2022-ന് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

കത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ മേൽപ്പറഞ്ഞ പദ്ധതികൾകൂടി ഉൾപ്പെടുത്തി ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കുന്നംകുളം മണ്ഡലത്തിലെ ചാട്ടുകുളം പുനരുദ്ധാരണ പദ്ധതി**

230 (1091) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിലെ ചാട്ടുകുളം പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തി വിശദാംശം ലഭ്യമാക്കുമോ?

കുന്നംകുളം നിയോജകമണ്ഡലത്തിലെ ചാട്ടുകുളത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചപ്പോൾ എസ്റ്റിമേറ്റ്/ഡ്രോയിംഗിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിച്ച് അടിയന്തരമായി ലഭ്യമാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## തോടുകളുടെ സംരക്ഷണം

231 (1092) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോടുകൾ പാർശ്വഭിത്തികെട്ടി സംരക്ഷിക്കാത്തതിനാൽ കര ഇടിയുകയും സമീപത്തെ വീടുകൾ അപകടാവസ്ഥയിലാവുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

കൃഷിക്ക് ജലസേചനം ഉപയോഗപ്പെടുത്താനായി പുനരുജ്ജീവിപ്പിക്കേണ്ട ജലസ്രോതസുകൾ ജലസേചന വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ടുപയോഗപ്പെടുത്തി പുനരുജ്ജീവിപ്പിച്ചുവരുന്നു. കൂടാതെ തോടുകളിലും കുളങ്ങളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്, ജൈവ, ഖര മാലിന്യങ്ങളും എക്കലും ചെളിയും നീക്കം ചെയ്തും സംരക്ഷണഭിത്തി നിർമ്മിച്ചും നിലവിലുള്ളവ ബലപ്പെടുത്തിയും ആഴംകൂട്ടി സംഭരണശേഷി വർദ്ധിപ്പിച്ചും തോടുകളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനും കൃഷിക്ക് ഉപയുക്തമാകുന്ന രീതിയിലുമുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. വി.സി.ബി., ചെക്ക് ഡാം പോലുള്ള നിർമ്മിതികൾ കെട്ടിയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ വഴിയും കൃഷിക്കാവശ്യമായ ജലസേചനം നടത്തുന്നതിനുള്ള സൗകര്യമൊരുക്കിക്കൊടുക്കുന്നു. കൂടാതെ ജലസേചനത്തിനായി ഉപയോഗിക്കുന്ന കുളങ്ങളും മറ്റ് ജലസ്രോതസുകളും നവീകരിച്ച് സംരക്ഷിക്കാറുമുണ്ട്.

(ബി) തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസുകളും സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോടുകളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാത്തതിനാൽ കര ഇടിയുകയും സമീപത്തെ വീടുകൾ അപകടാവസ്ഥയിലാവുകയും ചെയ്യുന്ന തരത്തിലുള്ള പരാതികൾ ലഭ്യമാകുന്നമുറയ്ക്ക് അവ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ടുകളുടെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(സി) ജലസ്രോതസുകൾ ചെക്ക് ഡാമുകൾ നിർമ്മിച്ച് കൃഷിക്ക് ഉപകാരപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്വീകരിക്കാറുണ്ട്. നിലവിൽ പൂർത്തീകരിച്ച ചെക്ക് ഡാമുകൾ, സ്ലൂയിസുകൾ എന്നിവ കൃഷിയാവശ്യത്തിനും മറ്റുമായി ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. വാർഷിക അറ്റകുറ്റപ്പണി നടത്തിവരുന്ന എല്ലാ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും ഷട്ടറുകളും കാലവർഷത്തിന്റെ

അവസാനത്തോടുകൂടി അടച്ച് ജലം സംഭരിക്കുകയും കാലവർഷാരംഭത്തോടുകൂടി ഷട്ടറുകൾ തുറന്ന് പുഴകളിലെ നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തുവരുന്നു. വേനൽക്കാലത്ത് ജലം സംഭരിച്ച് നിർത്തുന്നതിലൂടെ കൃഷി സ്ഥലങ്ങളിൽ ജലസേചന സൗകര്യമൊരുക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സാധിക്കുന്നു. പൊതുജനങ്ങളും പാടശേഖര സമിതികളും ജനപ്രതിനിധികളും ആവശ്യപ്പെടുന്നതിൻപ്രകാരം ജലലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനം നടത്തിയശേഷം ജലസ്രോതസുകളിൽ ചെക്ക് ഡാമുകൾ, വിയറുകൾ, വി.സി.ബി.-കൾ തുടങ്ങിയവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കർഷകർ താൽക്കാലിക തടയണ നിർമ്മിച്ച് ജലസംഭരണം നടത്തുന്ന സ്ഥലങ്ങളിൽ സ്ഥിരം തടയണ നിർമ്മിച്ച് നൽകുന്നുണ്ട്. ഇതുകൂടാതെ തലക്കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ആയതിൽനിന്ന് കൃഷിസ്ഥലങ്ങളിലേയ്ക്ക് ലീഡിംഗ് ചാലുകൾ നിർമ്മിച്ച് ജലസേചന സൗകര്യമൊരുക്കുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

**കനാൽ നവീകരണം**

232 (1093) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കല്ലട ജലസേചന പദ്ധതിയുടെയും പമ്പ ജലസേചന പദ്ധതിയുടെയും കനാലുകൾ നവീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും വൃത്തിയാക്കുന്നതിനുമായി സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ?

<u>പമ്പ ജലസേചന പദ്ധതി</u>

മാവേലിക്കര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പമ്പ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് കനാലുകളുടെ നവീകരണവും വൃത്തിയാക്കലുകൾക്കുമായി 2021-22 സാമ്പത്തിക വർഷത്തിൽ 42.65 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2022-23-ൽ അനുവദിച്ച തുക 51.40 ലക്ഷം രൂപയാണ്. ടി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

<u>കല്ലട ജലസേചന പദ്ധതി</u>

മാവേലിക്കര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് കനാലുകൾ നവീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആകെ 38.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

(ബി) അനുവദിക്കപ്പെട്ട പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**മലമ്പുഴ ജലസേചന പദ്ധതി - കനാലുകളുടെ ശുചീകരണം**

233 (1094) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ മലമ്പുഴ ജലസേചന പദ്ധതിയുടെ ഉപകനാലുകളും കാഡ കനാലുകളും ശുചീകരിക്കാത്തതിനാൽ മലമ്പുഴ ഡാമിൽനിന്നുള്ള വെള്ളം കൃഷിയാവശ്യത്തിന് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടാം വിള ഞാറ്റടി തയ്യാറാക്കലും നടീലും സ്തംഭനത്തിലായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുമോ?

ഉണ്ട്. ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേന നിലവിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ കനാൽ ശുചീകരണത്തിന് ഫണ്ട് നൽകേണ്ടതായിട്ടുണ്ട്. 19-11-2022-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും

സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ കനാൽ ശുചീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാദ്ധ്യത ആലോചിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22-11-2022-ന് ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ മലമ്പുഴ പദ്ധതിയുടെ പി.എ.സി. യോഗം ചേരുകയും ജില്ലാ പഞ്ചായത്തിൽനിന്ന് ഒരു കോടി രൂപ അനുവദിക്കുമെന്ന ഉറപ്പിന്മേൽ, ജലസേചന വകുപ്പ് കനാലുകൾ വൃത്തിയാക്കണമെന്ന തീരുമാനവുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കനാലുകൾ വൃത്തിയാക്കുന്നതിനുള്ള ഷോർട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വൃത്തിയാക്കൽ പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു. മലമ്പുഴ ഡിവിഷനുകീഴിലുള്ള കനാൽ വൃത്തിയാക്കൽ പ്രവൃത്തികൾക്കായുള്ള 8.58 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ചെമ്മണ്ണൂർ പുത്തൻകുളം നവീകരണം**

234 (1095) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിലെ ചെമ്മണ്ണൂർ പുത്തൻകുളം നവീകരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തി വിശദാംശം ലഭ്യമാക്കുമോ?

22 സെന്റുമാത്രം വിസ്തീർണ്ണമുള്ള ചെമ്മണ്ണൂർ പുത്തൻകുളത്തിന്റെ നവീകരണത്തിന് 126 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കൂടുതലായതിനാൽ എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ ടി പ്രവൃത്തിക്ക് 11-01-2022-ലെ സ.ഉ. (സാധാ) നം. 20/2022/ജ.വി.വ. ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. അതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## ശാസ്താംകോട്ട കായൽ സംരക്ഷണം

235 (1096) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായൽ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കായലിന്റെ സംരക്ഷണാർത്ഥം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശാസ്താംകോട്ട തടാക സംരക്ഷണവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഒരു കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിലുൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വെള്ളരിതോട് നവീകരണ പ്രവൃത്തി**

236 (1097) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിതോട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 2022-23 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം 2, വാല്യം 2-ൽ ക്രമനമ്പർ 1420 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ വെള്ളരിതോട് നവീകരണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയുടെ (500 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതുപ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മേൽപ്രവൃത്തിയുടെ 500 ലക്ഷം രൂപവരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**താത്തൂർപൊയിൽ മൈനർ ഇറിഗേഷൻ പദ്ധതി**

237 (1098) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കൈവശത്തിൽ താത്തൂർപൊയിൽ നിലവിലുള്ള ഉപയോഗശൂന്യമായ കിണറും പമ്പുഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്നതിന് തീരുമാനമായെങ്കിലും വാട്ടർ അതോറിറ്റി ഡിവിഷൻതല ഉദ്യോഗസ്ഥരുടെ താല്പര്യക്കുറവുകാരണം ആയത് ഏറെക്കാലമായി അനിശ്ചിതത്വത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

താത്തൂർപൊയിൽ നിലവിലുള്ള ഉപയോഗശൂന്യമായ കിണറും പമ്പുഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറാൻ തീരുമാനമായെങ്കിലും അത് അനിശ്ചിതത്വത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ കളക്ടർ 28-05-2022-ന് നൽകിയ കത്തിന്മേൽ കെ.ഡബ്ല്യു.എ./മൈനർ ഇറിഗേഷൻ ഡിവിഷനുകൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായ താത്തൂർപൊയിൽ കുടിവെള്ള പദ്ധതിയുടെ കിണറും പമ്പുഹൗസും ഉൾപ്പെട്ട 35 സെന്റ് സ്ഥലം തൽസ്ഥിതിയിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി നിരാക്ഷേപപത്രം സഹിതം നിശ്ചിത പ്രൊഫോർമ, സർവ്വേ സ്കെച്ച്, ബിൽഡിംഗ് പ്ലാൻ, ലാൻഡ് ഡീറ്റെയിൽസ്, അടങ്കൽ കോപ്പി എന്നിവ സഹിതം കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കോഴിക്കോട് ജില്ലാ കളക്ടറിന് അപേക്ഷ സമർപ്പിച്ചപ്പോൾ ഭൂമി കൈവശംവയ്ക്കുന്ന വാട്ടർ അതോറിറ്റി സേവന വകുപ്പിന്റെ നിർവ്വചനത്തിലുൾപ്പെട്ട് വരാത്തതിനാൽ ഇറിഗേഷൻ വകപ്പിന് ഭൂമി കൈമാറാൻ സാധിക്കില്ലെന്നും മേൽസാഹചര്യത്തിൽ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് സബ്കളക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും ഭൂമി റവന്യൂ വകപ്പിൽ നിക്ഷിപ്തമായതിനുശേഷം മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളുവെന്നും

28-05-2022-ലെ കത്തുപ്രകാരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത വിവരം കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് കോഴിക്കോട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. പ്രസ്തുത വിഷയം കുന്ദമംഗലം എം.എൽ.എ. ജില്ലാ വികസന സമിതിയിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ 26-11-2022-ലെ ജില്ലാവികസന സമിതി യോഗത്തിൽ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ, വാട്ടർ അതോറിറ്റി എം.ഡി-യുടെ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ട് സബ്കളക്ടർക്ക് നേരിട്ട് സമർപ്പിക്കാൻ കോഴിക്കോട് പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ആയതിന്റെയടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചിത പ്രൊഫോർമയിൽ സ്ഥലം റവന്യൂ വകുപ്പിന് കൈമാറുന്നതിന് ജില്ലാ കളക്ടർക്കും സബ്കളക്ടർക്കും അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.

**കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ അറ്റകുറ്റപ്പണി**

238 (1099) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് മാസം 7-ാം തീയതി കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ മരുതോങ്കര പഞ്ചായത്തിലെ (5-ാം വാർഡ്, മുണ്ടക്കുനി) വലതുകര മെയിൻ കനാലിന്റെ 6/300 കിലോമീറ്റർ ഭാഗത്തുള്ള ഇടത് ബങ്ക് ഭാഗം തകർന്നത് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

2022 മാർച്ച് മാസം 7-ാം തീയതി കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ മരുതോങ്കര പഞ്ചായത്തിലെ (5-ാം വാർഡ്, മുണ്ടക്കുനി) വലതുകര മെയിൻ കനാലിന്റെ 6/300 കിലോമീറ്റർ ഭാഗത്തുള്ള ഇടത് ബാങ്ക് ഭാഗം തകർന്നത് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിക്കായി 2022-23 സാമ്പത്തികവർഷത്തെ ആക്ഷൻ പ്ലാനിൽ 80 ലക്ഷം രൂപ വകയിരുത്തുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) താൽക്കാലികമായി പൈപ്പുകളിട്ട് പുനരുദ്ധാരണം നടത്തിയെങ്കിലും മിക്ക സ്ഥലങ്ങളിലും വെള്ളമെത്താത്തതിനാൽ കഴിഞ്ഞ വേനലിൽ കൃഷി നാശവും കുടിവെള്ളക്ഷാമവും കാരണം ജനങ്ങൾ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) വരുംവർഷത്തിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കുമോ;

(ഡി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ കനാലുകളുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

(സി&ഡി) കുറ്റ്യാടി കനാൽ നവീകരണത്തിനായി 18-10-2022-ലെ സ.ഉ. (സാധാ) നം. 933/2022/ജ.വി.വ. പ്രകാരം 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കനാൽ ശുചീകരണ പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## വാളയാർ കനാൽ നവീകരണം

239 (1100) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-07-2022-ലെ സർക്കാർ ഉത്തരവ് നം. 676/2022/ഡബ്ല്യു.ആർ.ഡി. പ്രകാരം ഭരണാനുമതി ലഭിച്ച പതിനാറ് കോടി രൂപയുടെ വാളയാർ കനാൽ നവീകരണം "ഒന്നാം ഘട്ടം" എന്ന പ്രവൃത്തിക്ക്

ഇറിഗേഷൻ വകുപ്പ് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി ഒറ്റ പ്രവൃത്തിയായാണോ വിവിധ ചെറുപദ്ധതികളാക്കി വിഭജിച്ച് നടത്തുവാനാണോ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഒറ്റ പ്രവൃത്തിയായി നടത്തുന്നതാണ് കൂടുതൽ കാര്യക്ഷമമെന്ന് കാണിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ബി&സി) എല്ലാ പ്രവൃത്തികളും പുനരുദ്ധാരണ പ്രവൃത്തികളാണ്. മൊത്തം പ്രോജക്ടിന് ഗുണകരമാവുന്ന രീതിയിലും പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യവും പ്രായോഗികതയും കണക്കിലെടുത്തും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്ത് പരിഗണിച്ചും പരമാവധി 4 പ്രവൃത്തികളിൽ ഒരു മെക്കാനിക്കൽ പ്രവൃത്തിയും 3 സിവിൽ പ്രവൃത്തികളുമായാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

**പറമ്പിക്കുളം ഡാമിന്റെ പരിപാലനം**

240 (1101) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമടയിൽ സ്ഥിതി ചെയ്യുന്നതും തമിഴ്നാട് സർക്കാരിന്റെ പൂർണ്ണനിയന്ത്രണത്തിലും പരിപാലനത്തിലുമുള്ളതുമായ പറമ്പിക്കുളം ഡാമിന്റെ ഒരു ഷട്ടർ തകർന്നതിന്റെ കാരണം പരിപാലനത്തിലെ വീഴ്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

21-09-2022-ന് അതിരാവിലെ ഏകദേശം 2 മണിക്ക് പറമ്പിക്കുളം ഡാമിന്റെ മൂന്ന് ഷട്ടറുകളിൽ നടുവിലത്തേത് തകർന്നതിനെത്തുടർന്ന് കേരളത്തിലേയ്ക്ക് ഏകദേശം 20000 ക്യുസെക്സ് എന്നതോതിൽ വെള്ളം ഒഴുകിയിരുന്നു. പ്രസ്തുത സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് നിലവിലെ ജോയിന്റ് വാട്ടർ റെഗുലേഷൻ (JWR) ബോർഡ് ചെയർമാൻ കൂടിയായ ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന ജലവിഭാഗം, ജോയിന്റ് വാട്ടർ റെഗുലേഷൻ (JWR) ബോർഡ് അംഗമായ ചീഫ് എഞ്ചിനീയർ, സിവിൽ (ഡാം സേഫ്റ്റി & ഡ്രിപ്പ്), കെ.എസ്.ഇ.ബി. എന്നിവരുടെ നേതൃത്വത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് ഒരു വിദഗ്ദ്ധ സംഘം 24-09-

2022-ന് പറമ്പിക്കുളം ഡാം സന്ദർശിച്ചിരുന്നു. സന്ദർശനവേളയിൽ തമിഴ്നാട് ജലവിഭവ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. പറമ്പിക്കുളം ഡാമിന്റെ മൂന്ന് ഷട്ടറുകളിൽ നടുവിലത്തെ ഷട്ടറിന്റെ ഇടതുഭാഗത്തെ ചെയിൻ പൊട്ടിയതിനെത്തുടർന്ന് കൗണ്ടർ വെയിറ്റ് ബീമിന് സ്ഥാനഭ്രംശമുണ്ടാകുകയും ഷട്ടർ ഉയർത്താനും താഴ്ത്താനുമായി ഉപയോഗിക്കുന്ന ചെയിൻ പ്രവർത്തിപ്പിക്കുന്ന ഗിയർ ബോക്സിന് സ്ഥാനചലനമുണ്ടാകുകയും തുടർന്ന് ഷട്ടർ സംവിധാനത്തിന് ബാലൻസ് നഷ്ടപ്പെടുകയും ഏകദേശം 35 ടൺ ഭാരമുള്ള കൗണ്ടർ വെയിറ്റ് താഴത്തേയ്ക്ക് പതിച്ച് ഷട്ടറിൽ ഇടിക്കുകയും തുടർന്ന് ഷട്ടർ യഥാസ്ഥാനത്തുനിന്ന് ഇളകി മാറുകയും ചെയ്യുകയാണുണ്ടായതെന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ വിശദീകരിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിൽ തമിഴ്നാടിന്റെ മേൽനോട്ടത്തിലും പരിപാലനത്തിലുമുള്ള പറമ്പിക്കുളം ഡാമിന്റെ മധ്യഭാഗത്തെ ഷട്ടർ തകർന്നതിനുള്ള പ്രാഥമിക കാരണവും അവ പുനഃസ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ/ഒരുക്കങ്ങളും വിലയിരുത്തുകയുണ്ടായി. തുടർന്ന് 30-09-2022-ന് അടിയന്തര ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് യോഗം കൂടുകയും ഷട്ടർ തകരുന്നതിനുള്ള കാരണം വിശകലനം ചെയ്യുകയും ചെയ്തു. ഈ യോഗത്തിൽ പറമ്പിക്കുളം-

ആളിയാർ പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള ചീഫ് എഞ്ചിനീയർ, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ്/പി.ഡബ്ല്യു.ഡി., കോയമ്പത്തൂർ റീജിയൺ, തമിഴ്നാട്, ഷട്ടർ പ്രവർത്തിപ്പിക്കാനുപയോഗിക്കുന്ന ചെയിനിന്റെ തുടർച്ചയായിട്ടുള്ള പ്രവർത്തനംമൂലമുണ്ടായ തേയ്മാനവും കാലപ്പഴക്കവും കാരണമാകാം പ്രസ്തുത അപകടത്തിലേയ്ക്ക് നയിച്ചതെന്ന് അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത യോഗത്തിൽവച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനും തീരുമാനിച്ചു. ഇതേത്തുടർന്ന് ഡാമിന്റെ ജലനിരപ്പ് ക്രസ്റ്റ് ലെവലായ +1798.00 അടിയായി താഴ്ന്നയുടൻ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തമിഴ്നാട് ആരംഭിക്കുകയുണ്ടായി. ഷട്ടർ ഫാബ്രിക്കേഷൻ തമിഴ്നാടിന്റെ തിരുച്ചിറപ്പള്ളിയിലുള്ള വർക്ക്ഷോപ്പിൽ ചെയ്യുകയും 21-10-2022-ന് പറമ്പിക്കുളം ഡാം സൈറ്റിൽ കൊണ്ടുവരുകയും തുടർന്ന് 28-10-2022-ന് ഷട്ടർ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. നിലവിൽ ഈ പ്രവൃത്തിയോടൊപ്പം കൗണ്ടർ വെയിറ്റ് ബീം അസംബ്ലിയുടെ പണിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഡാമിന്റെ മറ്റ് രണ്ട് ഷട്ടറുകളുടെ ചെയിനിന്റെ ബലപരിശോധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഷട്ടറിന്റെ തകർച്ചയുമായി ബന്ധപ്പെട്ട് തമിഴ്നാട് ജലവിഭവ വകുപ്പ്

ഉദ്യോഗസ്ഥർ തമിഴ്നാട് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് കേരളത്തിന് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

കാലവർഷത്തിനുമുമ്പും പിൻപുമുള്ള ഡാമിന്റെ സുരക്ഷാ പരിശോധനവേളയിൽ കേരളത്തിലെ ഉദ്യോഗസ്ഥരുടെയുംകൂടി സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന് ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന ജലവിഭാഗം, ചീഫ് എഞ്ചിനീയർ WRD/PWD, കോയമ്പത്തൂർ റീജിയൺ, തമിഴ്നാടിനോട് 19-08-2022-ലെ IDRB/ISW/AD1/2021/2022 നമ്പർ കത്തുമുഖേന ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രസ്തുത ഷട്ടർ തകർന്നതുമൂലം എത്ര ഘനയടി വെള്ളമാണ് സംസ്ഥാനത്തേയ്ക്ക് ഒഴുകിയെത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ?

30-09-2022-ന് കൂടിയ അടിയന്തര ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് യോഗത്തിൽ ചീഫ് എഞ്ചിനീയർ, WRD/PWD, കോയമ്പത്തൂർ റീജിയൺ, തമിഴ്നാട്, പറമ്പിക്കുളം ഡാമിന്റെ മധ്യഭാഗത്തെ ഷട്ടർ തകർന്ന സമയത്ത് ജലനിരപ്പ് ക്രസ്റ്റ് ലെവലിൽനിന്നും 26.60 അടി മുകളിലായിരുന്നുവെന്നും പറമ്പിക്കുളം ഡാമിന്റെ ആകെ സംഭരണം 17728.06 Mcft ആയിരുന്നുവെന്നും പ്രസ്തുത തകർച്ചയെത്തുടർന്ന് സ്പിൽവേയിലൂടെ സെക്കൻഡിൽ 20000 ഘനയടി എന്നതോതിൽ വെള്ളം

പുറത്തേയ്ക്കൊഴുകുകയും ചെയ്തുവെന്നറിയിക്കുകയുണ്ടായി. പ്രസ്തുത തകർച്ചമൂലം ആകെ 5.595 TMcft വെള്ളമാണ് കേരളത്തിലെ ചാലക്കുടി പുഴയിലേയ്ക്ക് ഒഴുകിയെത്തിയത്.

(സി) പ്രസ്തുത സംഭവത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡാമുകളുടെ സുരക്ഷിതത്വത്തിനായി പൊതുവായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ ഡാമുകളിലും ഓരോ വർഷവും കാലവർഷത്തിന് മുൻപും പിൻപും കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശപ്രകാരം അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും വർഷാവർഷം സ്റ്റേറ്റ് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ച് ആവശ്യമായ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ ഡ്രിപ്പ് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് സഹായത്തോടെ കേന്ദ്ര ജലകമ്മീഷൻ (CWC)-ന്റെ മേൽനോട്ടത്തിൽ ഡാമുകളുടെ പുനരുദ്ധാരണപ്പണികൾ നടത്തി സുരക്ഷ ഉറപ്പുവരുത്തുന്നു. സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനം, പരിപാലനം

എന്നിവയ്ക്കായുള്ള ഓപ്പറേഷൻ & മെയിന്റനൻസ് മാനുവൽ, 13 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ എന്നിവയും തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 200 mcm സംഭരണശേഷിക്ക് കൂടുതലുള്ള ഡാമുകളായ മലമ്പുഴയ്ക്കും കല്ലടയ്ക്കും റൂൾ കർവ് പ്രകാരവും മറ്റ് ഡാമുകളിൽ വാണിംഗ് ലെവൽ പ്രകാരവും ജലം ക്രമീകരിച്ച് തുറന്നുവിട്ട് പ്രളയനിയന്ത്രണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ഡാമുകളിലും ആശയവിനിമയത്തിനായി സാറ്റലൈറ്റ് ഫോൺ നൽകിയിട്ടുണ്ട്.

## പറമ്പിക്കുളം ഡാം ഷട്ടറിന്റെ തകർച്ച

241 (1102) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ഡാമിന്റെ ഷട്ടർ തകർന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത ഡാമിൽ കാലവർഷത്തിനുമുമ്പും പിൻപും ചെയ്യേണ്ടതായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) 21-09-2022-ന് അതിരാവിലെ ഏകദേശം 2 മണിക്ക് പറമ്പിക്കുളം ഡാമിന്റെ മൂന്ന് ഷട്ടറുകളിൽ നടുവിലത്തേത് തകർന്നതിനെത്തുടർന്ന് കേരളത്തിലേയ്ക്ക് ഏകദേശം 20000 ക്യുസെക്സ് എന്നതോതിൽ വെള്ളം ഒഴുകിയിരുന്നു. പ്രസ്തുത സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് നിലവിലെ ജോയിന്റ് വാട്ടർ റെഗുലേഷൻ (JWR) ബോർഡ് ചെയർമാൻ കൂടിയായ ചീഫ് എഞ്ചിനീയർ, അന്തർസംസ്ഥാന ജലവിഭാഗം, ജോയിന്റ് വാട്ടർ റെഗുലേഷൻ (JWR) ബോർഡ് അംഗമായ ചീഫ് എഞ്ചിനീയർ, സിവിൽ (ഡാം സേഫ്റ്റി & ഡ്രിപ്പ്) കെ.എസ്.ഇ.ബി. എന്നിവരുടെ നേതൃത്വത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് ഒരു വിദഗ്ദ്ധ സംഘം 24-09-2022-ന് പറമ്പിക്കുളം ഡാം സന്ദർശിച്ചിരുന്നു. സന്ദർശനവേളയിൽ തമിഴ്നാട് ജലവിഭവ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. പറമ്പിക്കുളം ഡാമിന്റെ മൂന്ന് ഷട്ടറുകളിൽ നടുവിലത്തെ ഷട്ടറിന്റെ ഇടതുഭാഗത്തെ ചെയിൻ പൊട്ടിയതിനെത്തുടർന്ന് കൗണ്ടർ വെയിറ്റ് ബീമിന് സ്ഥാനഭ്രംശമുണ്ടാകുകയും ഷട്ടർ ഉയർത്താനും താഴ്ത്താനുമായി ഉപയോഗിക്കുന്ന ചെയിൻ പ്രവർത്തിപ്പിക്കുന്ന ഗിയർ ബോക്സിന് സ്ഥാനചലനമുണ്ടാകുകയും തുടർന്ന് ഷട്ടർ സംവിധാനത്തിന് ബാലൻസ് നഷ്ടപ്പെടുകയും ഏകദേശം 35 ടൺ ഭാരമുള്ള കൗണ്ടർ വെയിറ്റ്

ബീം താഴേയ്ക്കുപതിച്ച് ഷട്ടറിൽ ഇടിക്കുകയും തുടർന്ന് ഷട്ടർ യഥാസ്ഥാനത്തുനിന്ന് ഇളകിമാറുകയും ചെയ്യുകയാണുണ്ടായതെന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ വിശദീകരിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിൽ തമിഴ്നാടിന്റെ മേൽനോട്ടത്തിലും പരിപാലനത്തിലുമുള്ള പറമ്പിക്കുളം ഡാമിന്റെ മധ്യഭാഗത്തെ ഷട്ടർ തകർന്നതിനുള്ള പ്രാഥമിക കാരണവും അവ പുനഃസ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ/ഒരുക്കങ്ങളും വിലയിരുത്തുകയുണ്ടായി. കൂടാതെ കേരളം ആവശ്യപ്പെട്ടതനുസരിച്ച്, 30-09-2022-നുകൂടിയ അടിയന്തര ജോയിന്റ് വാട്ടർ റെഗുലേഷൻ (JWR) ബോർഡ് യോഗത്തിൽ ഷട്ടർ തകരുന്നതിനുള്ള കാരണം വിശകലനം ചെയ്യുകയും ചെയ്തു. ഈ യോഗത്തിൽ പറമ്പിക്കുളം- ആളിയാർ പദ്ധതിയുടെ മേൽനോട്ടച്ചുമതലയുള്ള ചീഫ് എഞ്ചിനീയർ, WRD/PWD, കോയമ്പത്തൂർ റീജിയൺ, തമിഴ്നാട്, ഷട്ടർ പ്രവർത്തിപ്പിക്കാനുപയോഗിക്കുന്ന ചെയിനിന്റെ തുടർച്ചയായിട്ടുള്ള പ്രവർത്തനമൂലമുണ്ടായ തേയ്മാനവും കാലപ്പഴക്കവും കാരണമാകാം പ്രസ്തുത അപകടത്തിലേയ്ക്ക് നയിച്ചതെന്ന് അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത യോഗത്തിൽവച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനും തീരുമാനിച്ചു. ഇതേത്തുടർന്ന് ഡാമിന്റെ ജലനിരപ്പ് ക്രസ്റ്റ് ലെവലായ +1798.00

അടിയായി താഴ്ന്നയുടൻ തമിഴ്നാട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഷട്ടർ ഫാബ്രിക്കേഷൻ തമിഴ്നാടിന്റെ തിരുച്ചിറപ്പള്ളിയിലുള്ള വർക്ക്ഷോപ്പിൽ ചെയ്യുകയും 21-10-2022-ന് പറമ്പിക്കുളം ഡാം സൈറ്റിൽ കൊണ്ടുവരുകയും തുടർന്ന് 28-10-2022-ന് ഷട്ടർ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. നിലവിൽ ഈ പ്രവൃത്തിയോടൊപ്പം കൗണ്ടർ വെയിറ്റ് ബീം അസംബ്ലിയുടെ പണിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഡാമിന്റെ മറ്റ് രണ്ട് ഷട്ടറുകളുടെ ചെയിനിന്റെ ബല പരിശോധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാലവർഷത്തിനുമുമ്പും പിൻപുമുള്ള സുരക്ഷാ പരിശോധന വേളയിൽ കേരളത്തിലെ ഉദ്യോഗസ്ഥരുടെയുംകൂടി സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന് ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന ജലവിഭാഗം, ചീഫ് എഞ്ചിനീയർ, WRD/PWD, കോയമ്പത്തൂർ റീജിയൺ, തമിഴ്നാടിനോട് 19-08-2022-ലെ IDRB/ISW/AD1/ 2021/2022 നമ്പർ കത്തുമുഖേന ആവശ്യപ്പെട്ടിരുന്നു.

ബന്ധപ്പെട്ട അധികാരികളുടെ നേതൃത്വത്തിൽ PAP ഡാമുകളുടെ കാലാകാലങ്ങളിലുള്ള സുരക്ഷാ പരിശോധന നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് തമിഴ്നാട് അറിയിച്ചിട്ടുണ്ട്.

നിലവിൽ ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് യഥാസമയം കേരളത്തിന് തമിഴ്നാട് മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്.

(സി) യഥാസമയം അറ്റകുറ്റപ്പണി ചെയ്ത് ഡാമിന്റെ സുരക്ഷ ഉറപ്പാക്കാതിരുന്നത് കരാർ ലംഘനമായി കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) പറമ്പിക്കുളം ആളിയാർ അന്തർസംസ്ഥാന നദീജല കരാറിലെ ഷെഡ്യൂൾ IV പാര (1) പ്രകാരം ഡാമിന്റെ സുരക്ഷ ഉറപ്പാക്കാതിരുന്നത് കരാർ വീഴ്ചയായി കാണാവുന്നതാണ്. ഷെഡ്യൂൾ IV പാര (1) താഴെപ്പറയുന്ന പ്രകാരമാണ്.

“ The operation of spillway control gates and other surplussing and outlet arrangements of works covered by this agreement shall be judiciously managed so as to ensure the safety of the downstream structures. Timely flood warning should be given to avert flood disasters. If there should be failure in taking adequate precautionary measures and giving timely intimation the Joint Water Regulation

Board shall immediately conduct an enquiry and make a report to the two Governments.”

ബന്ധപ്പെട്ട അധികാരികളുടെ നേതൃത്വത്തിൽ PAP ഡാമുകളുടെ കാലാകാലങ്ങളിലുള്ള സുരക്ഷാ പരിശോധന നടത്തുയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് തമിഴ്നാട് അറിയിച്ചിട്ടുണ്ട്. നിലവിൽ ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് യഥാസമയം കേരളത്തിന് മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്. 16-11-2022-ലെ ജലവിഭവ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നം. ഐ.എസ്.ഡബ്ല്യു.സി. 2/62/2022/ജ.വി.വ. പ്രകാരം, പറമ്പിക്കുളം ഡാം ഷട്ടർ തകർന്ന വിഷയത്തിൽ കേരളത്തിന്റെ ആശങ്കകൾ തമിഴ്നാട് സർക്കാർ മുമ്പാകെ ശക്തമായി ഉന്നയിച്ചുകൊണ്ട് ചുവടെപ്പറയുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കാൻ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1. Replacement of the damaged gate and hoist arrangement of Parambikulam dam;
2. Carry out Assessment of health status of hydro mechanical and electrical components of gates and hoist system of upstream dams under PAP operated by Government of Tamil Nadu in

consultation with Gate Design Directorate, Central Water Commission;

3. Implement remedial measures required for improving the operational and safety performance of hydro mechanical components within a definite time-line;
4. Conduct Joint inspection of the dams and appurtenant structures by the members of JWRB within a specified schedule at the earliest;
5. Report the incident of Parambikulam with NDSA.

കൂടാതെ മേൽപ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ടുകൾ കൃത്യമായി ലഭ്യമാക്കണമെന്നും സംസ്ഥാനം തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആറംപുളിക്കൽ കടവിൽ നിർമ്മിച്ച ചെക്ക് ഡാം-കം-ബ്രിഡ്ജ്**

242 (1103) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്കുകുറുകെ ആറംപുളിക്കൽ കടവിൽ നിർമ്മിച്ച ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; 2019-ലെ പ്രളയത്തിൽ പുഴ ഗതിമാറി ഒഴുകിയതുകാരണം മേൽ ചെക്ക് ഡാമിന്റെ ഉപയോഗം നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്കുകുറുകെ ആറംപുളിക്കൽ കടവിൽ നിർമ്മിച്ച ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം 30-5-2020-ന് പൂർത്തീകരിച്ചിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ തകർന്ന അപ്രോച്ച് റോഡ് മണ്ണിട്ട് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. വേനൽക്കാലത്ത് ചെക്ക് ഡാമിൽ വെള്ളം സംഭരിക്കുന്നതിനാൽ കൃഷിക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ശക്തമായ മഴയിൽ പുന്നപ്പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയരുന്ന അവസരങ്ങളിൽ അപ്രോച്ച് റോഡ് മുങ്ങിപോകുന്നതിനാൽ അത്തരം സന്ദർഭങ്ങളിൽ ഈ പാലത്തിലൂടെ യാത്ര ചെയ്യാൻപറ്റാത്ത സ്ഥിതിയുണ്ടാകാറുണ്ട്.

(ബി) എത്ര മീറ്റർ നീളത്തിലാണ് മുമ്പ് ചെക്ക് ഡാം നിർമ്മിച്ചതെന്നും പുഴ ഗതിമാറിയതുകാരണം പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭിക്കാൻ ഇനി എത്ര മീറ്റർകൂടി കൂട്ടതലായി നിർമ്മിക്കേണ്ടതുണ്ടെന്നും അറിയിക്കുമോ?

49.80 മീറ്റർ നീളത്തിലാണ് മുമ്പ് ചെക്ക് ഡാം നിർമ്മിച്ചിട്ടുള്ളത്. പുഴ ഗതിമാറിയതുകാരണം പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കാൻ 125 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡുകൂടി നിർമ്മിക്കേണ്ടതുണ്ട് (പ്രളയ സാദ്ധ്യതയുള്ളതിനാൽ അപ്രോച്ച് റോഡിനുപുറമെ 45 മീറ്റർ നീളത്തിൽ പാലം നിർമ്മിക്കേണ്ടതുണ്ട്).

(സി) 2019-ലെ പ്രളയത്തിനുശേഷം ആറംപുളിക്കൽ ചെക്ക് ഡാം-കം-ബ്രിഡ്ജ് ഉപയോഗപ്രദമായ വിധത്തിൽ നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമായി ജലവിഭവ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും സ്ഥലസന്ദർശനങ്ങളും തീയതി സഹിതം അറിയിക്കുമോ; ഇതിനായുള്ള വിശദമായ പദ്ധതി രേഖയോ എസ്റ്റിമേറ്റുകളോ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മതിപ്പുതുക എത്രയെന്നും അറിയിക്കുമോ?

2019-ലെ പ്രളയത്തിനുശേഷം ആറംപുളിക്കൽ ചെക്ക് ഡാം-കം-ബ്രിഡ്ജ് ഉപയോഗപ്രദമായ വിധത്തിൽ നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമായി " Room for River-Extension of Arampulikkal Check dam-cum-bridge to minimize effect of flood" എന്ന പേരിൽ 1.50 കോടി രൂപ മതിപ്പുതുക വരുന്ന പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

വിവിധ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചതിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 30-01-2020, 07-07-2020, 09-11-2021 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-01-2020, 13-03-2020, 10-08-2020, 14-8-2020, 11-02-2021, 16-02-2021, 09-11-2021 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 25-02-2020, 27-02-2020, 27-04-2020, 07-07-2020, 10-08-2020, 02-11-2022 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 16-02-2021, 09-11-2021 12-07-2022, 02-11-2022 |

(ഡി) പുഴ ഗതിമാറിയൊഴുകിയ പ്രദേശത്തുകൂടി പുതുതായി ചെക്ക് ഡാം- കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും ഫയലിന്റെ നമ്പരും തൽസ്ഥിതിയും അറിയിക്കുമോ?

ആറംപുളിക്കൽ ചെക്ക് ഡാം-കം-ബ്രിഡ്ജ് ഉപയോഗപ്രദമായ വിധത്തിൽ നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമായി “ Room for River- Extension of Arampulikkal Check dam-cum-bridge to minimize effect of flood” എന്നപേരിൽ സമർപ്പിച്ച 1.5 കോടി രൂപ മതിപ്പ് തുകവരുന്ന പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ്

എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായെങ്കിലും ആറംപുളിക്കൽ കടവിൽ നിർമ്മിച്ച ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽനിന്നും ലഭ്യമായ ഡിസൈൻ പ്രകാരമായതിനാൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് പാലം ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ W6/20244/2021/AS പ്രകാരം കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അമരവിള പുല്ലാമലയിൽ ബണ്ട് പുനർനിർമ്മാണം

243 (1104) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള പുല്ലാമലയിൽ നെയ്യാറിലെ തകർന്ന ബണ്ട് പുനർനിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പുല്ലാമലയിലെ ബണ്ട് തകർന്നത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കുമോ; ബണ്ട് തകർന്നതുമൂലം ജനങ്ങൾക്കും കൃഷിവിളകൾക്കും അപകടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബണ്ട് പുനർനിർമ്മാണത്തിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അമരവിള-പുല്ലാമല ബണ്ട് പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. 2018-ലെ മഹാപ്രളയത്തിലാണ് പുല്ലാമല ബണ്ട് തകർന്നത്. അതുകാരണം പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുകയും കൃഷിയിടങ്ങൾക്കും മറ്റും വലിയതോതിൽ നാശനഷ്ടം സംഭവിക്കുകയുമുണ്ടായി. ടി ബണ്ട് പുനർനിർമ്മിക്കുന്നതിനായി 327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2018 നവംബർ മാസത്തിൽത്തന്നെ തയ്യാറാക്കിയിരുന്നു. എന്നാൽ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ മണ്ണ് പര്യവേക്ഷണവും വിശദമായ പഠനവും നടത്തി രൂപരേഖ തയ്യാറാക്കി നിർമ്മാണം നടത്തേണ്ടിയിരുന്നു. മണ്ണ് പര്യവേക്ഷണത്തെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് ഗാബിയോൺ ഉപയോഗിച്ച് ബണ്ട് പുനർനിർമ്മിക്കുന്നതിലേയ്ക്കായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറിൽനിന്നും 26-11-2021-ൽ ലഭ്യമായ ഡിസൈൻ പ്രകാരം

തയ്യാറാക്കിയ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമായിട്ടുണ്ട്. 370 ലക്ഷം രൂപയുടെ ടി എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**മറ്റത്തൂര് ചേക്കത്തിയിൽ കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണഭിത്തി**

244 (1105) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ മറ്റത്തൂര് ചേക്കത്തിയിൽ പ്രദേശത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര ശക്തമായ പ്രളയത്തെത്തുടർന്ന് കരകവിഞ്ഞൊഴുകി വീടുകൾക്ക് അപകടഭീഷണിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലത്ത് കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 31-10-2019-ൽ ആർ.എം.എഫ്. ജില്ലാ സബ്

കമ്മിറ്റി, സ്ഥലം സന്ദർശിച്ചതിന്റെയടിസ്ഥാനത്തിൽ, 23-11-2019-ലെ മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന ആർ.എം.എഫ്. ജില്ലാ വിദഗ്ദ്ധ സമിതിയുടെ 88-ാം നമ്പർ യോഗനടപടിക്കുറിപ്പ് പ്രകാരം " വേങ്ങര നിയോജകമണ്ഡലത്തിൽ ഒതുക്കുങ്ങൽ പഞ്ചായത്തിൽ വാർഡ് 4-ൽ റീസർവ്വേ നം. 212/07 പാറമ്മൽ തേർമണ്ണ കടവിനുസമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം" എന്ന പ്രവൃത്തിക്ക് 17.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (6 കോപ്പി വീതം) 19-02-2020-ന് മലപ്പുറം ജില്ലാ കളക്ടർക്ക്, മലപ്പുറം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല.

### കുറ്റ്യാടി പുഴയോര സംരക്ഷണം

245 (1106) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, വേളം, മണിയൂർ, തിരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുറ്റ്യാടി പുഴയോരം തകർന്നുകൊണ്ടിരിക്കുന്ന അവസ്ഥയിൽ, അടുത്ത കാലവർഷത്തിനുമുമ്പ് തീരം കെട്ടി സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, വേളം, മണിയൂർ, തിരുവള്ളൂർ എന്നീ പഞ്ചായത്തുകളിൽ കുറ്റ്യാടി പുഴയോരം അടുത്ത കാലവർഷത്തിനുമുമ്പ് സംരക്ഷിക്കുന്നതിനായി സൈറ്റിലെ ആവശ്യകതയനുസരിച്ചും പരാതികൾ ലഭിക്കുന്നതുപ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കാറുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയും മുൻഗണനയുമനുസരിച്ച് അവ നടപ്പിലാക്കാവുന്നതാണ്. കുറ്റ്യാടി എം.എൽ.എ.-യുടെ 16-10-2022-ലെ കത്തുപ്രകാരം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി ഒരു സമഗ്ര പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റ്യാടി പഞ്ചായത്തിലെ 4 പ്രവൃത്തികളും തിരുവള്ളൂർ പഞ്ചായത്തിലെ 2 പ്രവൃത്തികളും മണിയൂർ പഞ്ചായത്തിലെ 16 പ്രവൃത്തികളും വേളം പഞ്ചായത്തിലെ 12 പ്രവൃത്തികളുമുൾപ്പെടെ ആകെ 34 പ്രവൃത്തികളുടെ 23.96 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി അറിയിക്കുമോ?

വേളം പഞ്ചായത്തിലെ ചോയിമഠം ജുമാമസ്ജിദ് പള്ളിക്കുസമീപം കുറ്റ്യാടി പുഴയുടെ വലതുകര സംരക്ഷണത്തിനുള്ള 40.50 ലക്ഷം രൂപയുടെ

ഒരു പ്രവൃത്തി നടന്നുവരുന്നു. കൂടാതെ കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണത്തിനായി ചെറുവണ്ണൂർ, ചങ്ങരോത്ത് പഞ്ചായത്തുകളിലായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ 17 പ്രവൃത്തികളിൽ 14 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

## കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപുഴയോട് ചേർന്നുള്ള ഭാഗത്ത് സംരക്ഷണഭിത്തി

246 (1107) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടി പുഴയോടുചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞുതാഴ്ന്ന് ക്ഷേത്രംതന്നെ അപകടാവസ്ഥയിലായ സാഹചര്യത്തിൽ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പ്രസ്തുത ആവശ്യമുന്നയിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 30-10-2019-ന് ആർ.എം.എഫ്. സബ് കമ്മിറ്റി, സ്ഥലപരിശോധന നടത്തുകയും തുടർന്ന് 23-11-2019-ന് മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന ആർ.എം.എഫ്. ജില്ലാ വിദഗ്ധ സമിതിയുടെ 88-ാം നമ്പർ യോഗനടപടിക്കുറിപ്പ് പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ പടിഞ്ഞാറ്റുമുറിയിൽ കീഴ് തൃക്കോവിൽ ക്ഷേത്രത്തിനുസമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം" എന്ന പ്രവൃത്തിയുടെ 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (6 കോപ്പി വീതം) മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ ആദ്യവാരത്തെ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയും ഇതിനുപരിഹാരം കാണുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. കൂട്ടിലങ്ങാടി പഞ്ചായത്ത് ഓഫീസിൽ 06-09-2022-ന് മീറ്റിംഗ് വിളിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിന് പുതുക്കിയ നിരക്കുപ്രകാരം ഒന്നാംഘട്ടമായി 35 ലക്ഷം രൂപയും രണ്ടാംഘട്ടമായി 15 ലക്ഷം രൂപയും ചെലവ് വരുന്നതാണ്. 2022-23 വർഷത്തെ എഫ്.ഡി.

പ്രയോരിറ്റി ലിസ്റ്റിൽ ഇരുപത്തിമൂന്നാമത്തെ പ്രവൃത്തിയായും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സമയബന്ധിതമായി നടപ്പിലാക്കേണ്ട പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകാവുന്നതാണ്.

**അതിതീവ്ര പ്രളയബാധിത മേഖലകളിലെ നദീതീരസംരക്ഷണം**

247 (1108) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിതീവ്ര പ്രളയബാധിത മേഖലകളിലെ നദീതീരങ്ങൾ അടിയന്തരമായി സംരക്ഷിക്കുന്നതിന് ബഡ്ജറ്റിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ബഡ്ജറ്റിലുൾപ്പെടുത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+ കോട്ടയം ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിന്റെ പരിധിയിൽ ബഡ്ജറ്റിലുൾപ്പെടുത്തിയ മീനച്ചിലാറിന്റെ തീരസംരക്ഷണത്തിനായി അനുവദിച്ച ഒരു പ്രവൃത്തി ടെണ്ടർ ചെയ്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറിലേർപ്പെട്ടിട്ടുണ്ട്. മഴക്കാലം തീരുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. (വിജയപുരം പഞ്ചായത്തിലെ മൂന്നാം വാർഡിലെ കുട്ടപള്ളിക്കടവിന്റെ സംരക്ഷണഭിത്തി നിർമ്മാണം 70 ലക്ഷം രൂപ). ആലപ്പുഴ ജില്ലയിലെ പമ്പ, അച്ചൻകോവിൽ നദികളുടെ തീരസംരക്ഷണത്തിനായി 17 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 2018-ലെ പ്രളയത്തിൽ പമ്പ ത്രിവേണിയിൽ പമ്പ നദിയുടെ ഇടതുകര തകർന്നിരുന്നു. ഈ പ്രവൃത്തി 93 ശതമാനം പൂർത്തീകരിച്ചു. ശബരിമല തീർത്ഥാടനം കഴിയുന്നമുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച വടക്കാഞ്ചേരി പുഴ സമഗ്ര വികസനഘട്ടം - 1 ജലവിഭവം എന്ന പ്രവൃത്തിക്ക് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച താണിക്കുടം പുഴ സംരക്ഷണമെന്ന പ്രവൃത്തിക്ക് 6.70 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നല്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച ചാലക്കുടി പുഴയിൽ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞറളകടവ് വരെയുള്ള പുഴയോര സംരക്ഷണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധനയിലാണ്. കോഴിക്കോട് ജില്ലയിൽ 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്നതിന് 17 പ്രവൃത്തികൾക്ക് 10 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 14 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പമ്പ, അച്ചൻകോവിൽ നദീതീരങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഭരണാനുമതി നടപടി ത്വരിതഗതിയിലാക്കി കാലവർഷത്തിനുമുമ്പ് ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പമ്പ, അച്ചൻകോവിൽ നദിതീരങ്ങളുടെ സംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**മഞ്ചേരിയിൽ ഒറവമ്പുറത്ത് തടയണ നിർമ്മാണം**

248 (1109) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നിയോജകമണ്ഡലത്തിലെ ഒറവമ്പുറത്ത് തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തിലെ ഒറുവമ്പുറം പാലത്തിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയ്ക്കുകുറുകെ തടയണ നിർമ്മിക്കുന്നതിനായി പര്യവേക്ഷണ പ്രവൃത്തികൾ നടത്തുകയും ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭിച്ചതുപ്രകാരം ഡി.എസ്.ആർ. 2016 ഷെഡ്യൂൾ അനുസരിച്ച് 600 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന് ഡി.എസ്.ആർ. 2018-ൽ 12 ശതമാനം ജി.എസ്.ടി. ഉൾപ്പെടുത്തി എസ്റ്റിമേറ്റ് 832 ലക്ഷം രൂപയ്ക്ക് പുതുക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 2022-23 ബഡ്ജറ്റിൽ വോള്യം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ പേജ് 123-ൽ ക്രമനമ്പർ 2582-ൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷനിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പ്രൈസ് 3-ൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## വില്ലേരിത്താഴം ഗ്രാമവനം റോഡ്

249 (1110) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ "പ്രൊട്ടക്റ്റിംഗ് ലെഫ്റ്റ് ബാങ്ക് ഓഫ് ചെറുപുഴ അറ്റ് വില്ലേരിത്താഴം എലോംഗ് വില്ലേരിത്താഴം ഗ്രാമവനം റോഡ് " എന്ന പ്രവൃത്തിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ആയതിന് ഭരണാനുമതി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ മാവൂർ പഞ്ചായത്തിലെ ചെറുപുഴയുടെ ഇടതുകര ഇടിഞ്ഞ് പുഴയോടുചേർന്നുള്ള വില്ലേരിത്താഴം ഗ്രാമവനം റോഡിന്റെ പാർശ്വഭിത്തി തകർന്നതുകാരണം പ്രസ്തുത റോഡിലൂടെ വാഹന ഗതാഗതം സാദ്ധ്യമല്ലാതായതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ 75 ലക്ഷം രൂപയുടെ എസ്റ്റ്മേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്ക് പ്രകാരം 82.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് 3-യിൽ (പ്രൈസ് ഐ.ഡി-

ഐ.ആർ.ആർ/ഐ.എ/ഇ.എസ്./2920/2022) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ മേൽപ്രവൃത്തി ആർ.എം.എഫ്. പദ്ധതികളുടെ മുൻഗണനാ ലിസ്റ്റിൽ ആദ്യപ്രവൃത്തിയായി ഉൾപ്പെടുത്തി 24-09-2022-ന് കോഴിക്കോട് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ചാലിയാർ പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മാണം**

250 (1111) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും ചാലിയാർ പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2019-20, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി ലഭിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ

ഓഫീസിൽ നിലവിൽ പെന്റിംഗുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയുടെ ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിൽ ചാലിയാറിന്റെ തീരസംരക്ഷണ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

പ്രസ്തുത പ്രവൃത്തികളിൽ ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളൊന്നുംതന്നെയില്ല. അനുബന്ധത്തിലെ ക്രമനമ്പർ (10) -ൽപ്പറയുന്ന FC അരീക്കോട് പഞ്ചായത്തിലെ പുത്താലം വാർഡ് 8-ൽ ചാലിയാറിന്റെ ഇടതുകര സംരക്ഷണം-98 ലക്ഷം രൂപയുടെള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**പുന്നൂർപുഴ-മാളിക്കടവ് പാലം മുതൽ ചെലവൂർ വരെ അതിർത്തികെട്ടി സംരക്ഷിക്കുന്ന പദ്ധതി**

251 (1112) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് പൂനൂർപുഴ-മാളിക്കടവ് പാലം മുതൽ ചെലവൂർ വരെ അതിർത്തികെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് പൂനൂർപുഴയിൽ മാളിക്കടവ് പാലം മുതൽ ചെലവൂർവരെ പുഴയുടെ ഇടതുകര കെട്ടിസംരക്ഷിക്കുന്നതിന് 6 പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

## കുമ്പളങ്ങി പഞ്ചായത്തിലെ പ്രവൃത്തികൾ

252 (1113) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിലെ അടിയന്തര പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികളായ നാട്ടുതോട്, ചക്കാലക്കൽ തോട്, കണ്ണങ്കേരി തോട് എന്നിവയിലെ എക്കൽ നീക്കംചെയ്യൽ, സഞ്ജയ് ഗാന്ധി റോഡിനുസമീപമുള്ള തോടിന്റെ പാർശ്വഭിത്തി കെട്ടൽ, മണൽക്കൂർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാടശേഖരത്തിലെ സ്ലൂയിസ് നിർമ്മാണം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമായിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) മേൽപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. അടിയന്തരമായി സമർപ്പിക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ

253 (1114) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളിൽ ഇറിഗേഷൻ വകുപ്പ്, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ

ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും (സർക്കാർ തലത്തിലെ ഫയൽ നമ്പറുകൾ സഹിതം) വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. മുഖേന വട്ടച്ചാൽ, പതിയങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ എന്നീ പ്രദേശങ്ങളിലായി 4.5 കിലോമീറ്റർ നീളത്തിലേയ്ക്ക് 80.09 കോടി രൂപയുടെ പുലിമുട്ടുകളുടെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ഈ നിയോജകമണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായിട്ടുള്ള കാർത്തിക ജംഗ്ഷൻ മുതൽ പതിയങ്കര വരെയും പെരുമ്പള്ളി, കോട്ടമുറി, തൃക്കുന്നപ്പുഴ, പള്ളിപ്പാട്ടുമുറി, പല്ലന എന്നീ ഭാഗങ്ങളിലെ 7 കിലോമീറ്റർ നീളത്തിന് ഏകദേശം 128 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പുലിമുട്ടുകളുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളിൽ

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ മുഖേന തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കോഴിക്കോട് ഭട്ട് റോഡിനെ സംബന്ധിച്ച പഠന റിപ്പോർട്ട്**

254 (1115) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഭട്ട് റോഡിൽ കടൽക്കയറ്റം തടയുന്നതിനും പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടും മദ്രാസ് ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ?

കോഴിക്കോട് ഭട്ട് റോഡിൽ കടൽ കയറ്റം തടയുന്നതിനും പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടും ചെന്നൈ ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. ചെന്നൈ ഉദ്യോഗസ്ഥർ 19-10-2022-ന് സ്ഥലം സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ രൂപകല്പന ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഐ.ഐ.ടി., ചെന്നൈ അറിയിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പഠനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത പഠനത്തിനാവശ്യമായ 17.70 ലക്ഷം രൂപയുടെ ഫണ്ട് 09-11-2022-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് തുകയായ 14.16 ലക്ഷം രൂപ ഐ.ഐ.ടി. ചെന്നൈയ്ക്ക് കൈമാറിയിട്ടുണ്ട്. ബാലൻസ് തുകയായ 3.54 ലക്ഷം രൂപ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പ്രസ്തുത സ്ഥാപനത്തിന് കൈമാറുന്നതാണ്.

(സി) ഫണ്ട് ലഭ്യമാക്കി പുലിമുട്ട് നിർമ്മാണം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഐ.ഐ.ടി. ചെന്നൈ പഠനം നടത്തി പുലിമുട്ടിന്റെ രൂപകല്പന ലഭ്യമായാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## തീരശോഷണം തടയാൻ നടപടി

255 (1116) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടൽത്തീരത്തിന്റെ അൻപത് ശതമാനത്തോളം ഭാഗത്ത് തീരശോഷണം സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രൂക്ഷമായ തീരശോഷണത്തിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) കാലാവസ്ഥ വ്യതിയാനവും അടിക്കടിയുണ്ടാകുന്ന മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം സംസ്ഥാനത്തെ കടൽത്തീരത്തിന്റെ വിവിധ ഭാഗങ്ങളിൽ തീരശോഷണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരശോഷണത്തിനുള്ള പ്രധാനകാരണം കാലാവസ്ഥ വ്യതിയാനവും അതിന്റെ അനുബന്ധ ഫലങ്ങളുമാണ്. ഇത് ആഗോളതലത്തിലും കേരളതീരത്തും വലിയതോതിൽ സ്വാധീനം ചെലുത്തുന്നുണ്ട്. ആവർത്തിച്ച് രൂപപ്പെടുന്ന ചുഴലിക്കാറ്റുകളും ശക്തമായ തിരമാലകളും കാറ്റും തീരമേഖലയിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് കാരണമാകുന്നു. ഇതുകൂടാതെ പ്രകൃതിദത്തമായ മറ്റുകാരണങ്ങളാലും മനുഷ്യ ഇടപെടലുകളാലും തീരപ്രദേശങ്ങൾക്ക് മാറ്റം സംഭവിക്കുന്നുണ്ട്. ഇന്ത്യയിലെ ഇതരതീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്തെ തിരമാലകളുടെ ശക്തി കൂടുതലാണ് (High energy

dissipating waves). ഇതുകൊണ്ടുതന്നെ തീരശോഷണം തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു.

(സി) തീരശോഷണത്തിന് ആനുപാതികമായി തീരത്തിന്റെ പുന:സ്ഥാപനം നടത്താറുണ്ടോ; തീരപോഷണത്തിനായി നടത്തുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) തീരപോഷണത്തിനായി നടത്തുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

(സി&ഡി) കടൽത്തീരവുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തശേഷമാണ് തീരശോഷണവും കടലാക്രമണവും നേരിടുന്നതിനുതകുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത്. ഇക്കാര്യത്തിൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളായ സി.ഡബ്ല്യു.പി.ആർ.എസ്. പൂനെ, എൻ.സി.സി.ആർ. ചെന്നൈ, ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളുടെ സഹകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്.

കേരളത്തിന്റെ തീരപ്രദേശത്ത് ദീർഘകാലാടിസ്ഥാനത്തിൽ തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും രൂപകല്പന ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്

(എ.ഡി.ബി.)-ൽനിന്നും സഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് " Kerala Sustainable Coastal Protection and climate resilience planning project" എന്ന പി.പി.ആർ. (Preliminary Project Report) തയ്യാറാക്കി സമർപ്പിക്കുകയും ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 26-05-2022-ന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. കൂടാതെ നീതി ആയോഗ് ഉൾപ്പെടെയുള്ള വിവിധ കേന്ദ്ര ഡിപ്പാർട്ടുമെന്റുകളുടെ അംഗീകാരംകൂടി ലഭിക്കേണ്ടതുണ്ട്.

സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമായ 10 ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന സ്ഥാപനവുമായി മൂന്നുവർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് എൻ.സി.സി.ആർ. പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (ടെട്രാപോഡ് ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും 344.20 കോടി രൂപ വരുന്ന പ്രസ്തുത പ്രവൃത്തിയുടെ

രൂപരേഖയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.ഐ.ഐ.ഡി.സി.-യുടെ പി.എം.യു. മുഖാന്തരം നടപ്പിലാക്കിവരുന്നു. മറ്റൊരു ഹോട്ട്സ്പോട്ടായി തെരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം പ്രദേശത്ത് എൻ.സി.സി.ആർ. പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കാനുള്ള ഡിസൈൻ തയ്യാറാക്കിയതുപ്രകാരമുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട് പ്രദേശത്ത് എൻ.സി.സി.ആർ. ഡിസൈൻ പ്രകാരം ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് 51 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. മറ്റ് ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അനുയോജ്യമായ പ്രദേശങ്ങളിൽ കണ്ടൽക്കാട് വച്ചുപിടിപ്പിക്കൽ, ബീച്ച് നറിഷ്മെന്റ് മുതലായ പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിച്ചുവരുന്നു. ഹോട്ട്സ്പോട്ടിലുൾപ്പെടാത്ത രൂക്ഷമായ കടലാക്രമണം നേരിടുന്ന മറ്റ് പ്രദേശങ്ങളിൽ ലോകബാങ്ക് മുതലായ ഏജൻസികളുടെ സഹായത്തോടെ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

## പൊന്നാനി മേഖലയിൽ കടൽഭിത്തി നിർമ്മാണം

256 (1117) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മേഖലയിൽ കടൽഭിത്തി നിർമ്മിക്കുന്ന പദ്ധതിക്ക് 2022 വർഷാരംഭം ഭരണാനുമതി ലഭിച്ചെങ്കിലും നാളിതുവരെ പ്രസ്തുത പദ്ധതിക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റബ്ബിൾസ് റേറ്റ് റിവിഷൻ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാൻ നടപടി വൈകുന്നത് പരിശോധിക്കുമോ;

(ബി) പരിശോധിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾക്കുള്ള കല്ലിന്റെ വില 17-11-2022-ലെ 1027/2022/ജ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതുപ്രകാരം പൊന്നാനി മേഖലയിലെ കടൽഭിത്തി നിർമ്മാണപ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി പുതുക്കിയ റേറ്റനുസരിച്ച് PRICE Software-ൽ മാറ്റംവരുത്തി എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗുരുവായൂർ മണ്ഡലത്തിൽ കടൽഭിത്തി, പുലിമുട്ട്, ടെട്രാപോഡ്, പാർശ്വഭിത്തി നിർമ്മാണം

257 (1118) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ വകുപ്പ് നടപ്പിലാക്കുന്ന കടൽഭിത്തി/പുലിമുട്ട്/ടെട്രാപോഡ്/പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ താൽക്കാലിക സംരക്ഷണ ഉപാധിയെന്ന നിലയിൽ ജിയോ ബാഗ് ഉപയോഗിച്ച് ഏങ്ങണ്ടിയൂർ, കടപ്പുറം പഞ്ചായത്തുകളിൽ 47.25 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അടിയന്തര കടൽത്തീര സംരക്ഷണ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ അനുവദിച്ചതിനെത്തുടർന്ന് കടപ്പുറം ഗ്രാമപഞ്ചായത്തിൽ 7.44 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്ന 425 ലക്ഷം രൂപ വരുന്ന

പ്രവൃത്തിയുടെ ഡി.പി.ആർ. പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കടപ്പുറം ഗ്രാമപഞ്ചായത്തിൽ 2500 മീറ്റർ നീളത്തിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 60.50 കോടി രൂപ വരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

നിരന്തരമായ കടലാക്രമണത്തിൽ കടൽഭിത്തികൾ തകർന്ന ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മറ്റ് തീരപ്രദേശങ്ങളിൽ തീരദേശ സംരക്ഷണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ 235 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയുംകൂടി പരിഗണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

(ബി) കടലാക്രമണത്തിന്റെ കാഠിന്യവും തീരശോഷണത്തിന്റെ തോതും കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ ഏതെങ്കിലും പ്രദേശം ഹോട്ട്സ്പോട്ടായി കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

തെരഞ്ഞെടുത്ത 10 ഹോട്ട്സ്പോട്ടുകളിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ പ്രദേശം ഉൾപ്പെട്ടിട്ടുണ്ട്.

**വടകര നിയോജകമണ്ഡലത്തിൽ കടൽഭിത്തി നിർമ്മാണം**

258 (1119) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ മുകച്ചേരി കസ്റ്റംസ് ബീച്ചിൽ തീരശോഷണം തടയുന്നതിനായി സി.പി. 2058 മുതൽ വടക്കോട്ട് 870 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്ന പദ്ധതിക്ക് 18-5-2021-ലെ സ.ഉ. (സാധാ) നം. 289/2021/ഡബ്ല്യൂ.ആർ.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ വടകര നിയോജകമണ്ഡലത്തിലെ മുകച്ചേരി കസ്റ്റംസ് ബീച്ചിൽ തീരശോഷണം തടയുന്നതിനായി സി.പി. 2058-ന് വടക്കുഭാഗത്തായി കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 18-05-2021-ലെ സ.ഉ. (സാധാ) നം. 289/2021/ജ.വി.വ. പ്രകാരം 497 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഇതിന് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് ഒന്നര വർഷമായിട്ടും ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കാത്തതിനുള്ള കാരണങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശങ്ങൾ നൽകുമോ?

(ബി-ഡി) സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 15-08-2021-ൽ ഡി.എസ്.ആർ. 2018 പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് എസ്റ്റിമേറ്റ് അനുപ്രകാരം പുതുക്കുകയുണ്ടായി. ടി സമയത്ത് കടൽഭിത്തി നിർമ്മാണത്തിനുള്ള വലിയ കല്ലുകളുടെ റേറ്റ് പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരികയായിരുന്നു. 17-11-2022-ലെ സ.ഉ. (സാധാ) നം.1027/2022/ജ.വി.വ. പ്രകാരം കല്ലിന്റെ വില പുതുക്കി നിശ്ചയിച്ച് ഉത്തരവായി. അതിൻപ്രകാരം PRICE software-ൽ മാറ്റംവരുത്തി എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താമസംവിനാ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാവുന്നതാണ്. തുടർന്ന് ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കാവുന്നതുമാണ്.

**കടൽഭിത്തി നിർമ്മാണം**

259 (1120) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തീരമേഖലയെ കടലാക്രമണ ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിനായി ഏതൊക്കെ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരമേഖലയെ കടലാക്രമണ ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല

നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈയുടെ ഡിസൈൻ പ്രകാരം സൗത്ത് കൊല്ലങ്കോടിനും പൂവാർ എസ്ച്വറിക്കുമിടയിൽ ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. പൂന്തുറ പുലിമുട്ടിന്റെ പുനരുദ്ധാരണത്തിനായി 17.50 കോടി രൂപ 2022-23 ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷനൾപ്പെടെ ഉൾപ്പെടുത്തിയിരുന്നു. ആയതിലേയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. പനത്തുറയിലെ കടൽത്തീര സംരക്ഷണത്തിനായി കിഫ്ബി

ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള 70 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

<u>ആലപ്പുഴ ജില്ല</u>

തോട്ടപ്പള്ളി പൊഴിമുഖത്തിന്റെ രണ്ട് വശങ്ങളിലെ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 44 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കി വരുന്നു. പുന്നപ്ര വിയാനി മുതൽ ആലപ്പുഴ ബീച്ചിന് തെക്കുവശം വരെയും പുറക്കാട് പഞ്ചായത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയുമുള്ള ഭാഗത്ത് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഐ.ഐ.റ്റി. ചെന്നൈയുടെ ഡിസൈൻ ലഭിച്ചശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ചേർത്തല നിയോജകമണ്ഡലത്തിലെ അന്ധകാരനഴിയിലും ചേന്നവേലിയിലും പുലിമുട്ട് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ രാമഞ്ചേരിയിലും (സി.ഇ.എസ്.സി.പി. നം. 521-527) പുലിമുട്ട്

നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കുന്നതിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(a) ആറാട്ടുപുഴ പഞ്ചായത്തിലെ പെരുമ്പള്ളി ജംഗ്ഷന് വടക്കുവശം (സി.ഇ.എസ്.സി.പി നം. ബി16 -520) - 800 മീറ്റർ, തുക - 19.40 കോടി രൂപ.

(b) ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ (സി.ഇ.എസ്.സി.പി. നം. 501-505)- 1.20 കിലോമീറ്റർ, തുക - 29.00 കോടി രൂപ.

(കോസ്റ്റൽ ഹൈവേ സംരക്ഷണ പദ്ധതി പ്രകാരം)

<u>മലപ്പുറം ജില്ല</u>

i) പൊന്നാനി താലൂക്കിൽ പൊന്നാനി മുനിസിപ്പാലിറ്റി, ബദിയങ്ങാട് ഗ്രാമപഞ്ചായത്ത്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടുതൽ കേടുവന്ന തീരഭാഗങ്ങളിലെ തകർന്ന കടൽഭിത്തിയുടെ റിഫോർമേഷൻ പ്രവൃത്തിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 17-11-2022-ലെ സർക്കാർ ഉത്തരവുപ്രകാരം കല്ലുകളുടെ പുതുക്കിയ നിരക്കുകളനുസരിച്ച് പ്രൈസ്-3 സോഫ്റ്റ്‌വെയറിൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ii) താനൂർ നിയോജകമണ്ഡലത്തിലെ ചീരാൻ കടപ്പുറത്ത് 80 മീറ്റർ നീളത്തിൽ സി.ഇ.എസ്.സി.പി. 1643-നും 1644-നുമിടയിൽ ഫിഷിംഗ് ഗ്യാപ് ആക്കുന്നതിനുള്ള കടൽഭിത്തി നിർമ്മാണത്തിന് 64 ലക്ഷം രൂപ അടങ്കൽ തുകവരുന്ന പ്രവൃത്തിക്ക് റീ-ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ല

മുക്കഞ്ചേരി കടൽഭിത്തിയുടെ (കസ്റ്റംസ് ബീച്ച്) 870 മീറ്റർ നീളം റിഫോർമേഷനായി 4.97 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും കിഫ്ബിയുടെ ധനസഹായത്തോടെ കിഡ്ക് (KIIDC) മുഖേന നടപ്പിലാക്കിവരുന്ന തീരസംരക്ഷണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ ജില്ല

- ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി;
- അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch. 82.74 km) 3.24 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി;
- ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch. 60.1 km to Ch. 61.6 km) 1.50 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി;
- ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch. 56.6 km to Ch. 57.8 km) 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി;
- ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വട്ടച്ചാലിൽ (Ch. 53.4 km to Ch. 55.2 km) 1.80 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി;

- ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി.

<u>എറണാകുളം ജില്ല</u>

എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നമിടയിൽ 10 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം (344.20 കോടി രൂപ) - ഘട്ടം I - CP 986-നും CP 1026-നമിടയിൽ 7.35 കിലോമീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായ CP 986-നും CP 1026-നമിടയിൽ 7.35 കിലോമീറ്റർ നീളത്തിൽ തീരദേശ സംരക്ഷണ പദ്ധതി.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 24 കിലോമീറ്ററിലധികം വരുന്ന തീരമേഖലയിൽ ഇനിയും കടൽഭിത്തി നിർമ്മിച്ചിട്ടില്ലാത്തതും കടലാക്രമണം രൂക്ഷമായതുമായ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പുന്നപ്ര മുതൽ ആലപ്പുഴ ബീച്ചിൽ തെക്കുവശം വരെയും പുറക്കാട് പഞ്ചായത്തിലെ മാത്തേരി മുതൽ

പുറക്കാട് വരെയുള്ള ഭാഗത്ത് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ കടലിന്റെ ഘടന തിരിച്ചറിയുന്നതിനുള്ള ബാത്തിമെട്രി സർവ്വേ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഐ.ഐ.റ്റി. ചെന്നൈയുടെ ഡിസൈൻ ലഭിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കോമന മുതൽ പുന്നപ്ര ഹാർബർ വരെയുള്ള 5.4 കിലോമീറ്റർ നീളത്തിൽ 82.4 കോടി രൂപയുടെ പുലിമുട്ടുകളുടെ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി. മുഖേന നിർവ്വഹിച്ചുവരുന്നു.

**ആനങ്ങാടി ബീച്ചിലെ കടൽഭിത്തി നിർമ്മാണം**

260 (1121) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി കിഫ്ബിക്ക് നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 219 ലക്ഷം രൂപയുടെ

ഡി.പി.ആർ. കിഫ്ബി ഫണ്ടിലുൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കിഫ്ബിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിൽ കിഫ്ബി തടസ്സവാദമുന്നയിച്ചിട്ടുണ്ടോ; അത്തരത്തിൽ തടസ്സവാദം ഉന്നയിക്കപ്പെട്ടാൽ ഏതുതരത്തിൽ പദ്ധതിക്ക് അനുമതി നൽകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 219 ലക്ഷം രൂപയുടെ ഡി.പി.ആർ. കിഫ്ബി ഫണ്ടിലുൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

(സി) പ്രസ്തുത പദ്ധതി വേൾഡ് ബാങ്ക് ധനസഹായത്തിനായുള്ള പ്രൊപ്പോസലിലുൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ലോകബാങ്ക് ധനസഹായത്തിനായുള്ള പ്രൊപ്പോസലിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി ലഭ്യമാക്കുന്നമുറയ്ക്ക് സർക്കാർ തുടർ അനുമതിക്ക് വിധേയമായി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**ചെറുതാഴം കണ്ടത്ത് വി.സി.ബി.-കം-ട്രാക്ടർ വേ നിർമ്മാണം**

261 (1122) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

10-5-2021-ന് 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച, കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതുറ തോടിനുകുറുകെ കണ്ടത്ത് എന്നസ്ഥലത്ത് വി.സി.ബി. (വാക്വം സർക്യൂട്ട് ബ്രേക്കർ)-കം-ട്രാക്ടർ വേ നിർമ്മിക്കുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതുറ തോടിനുകുറുകെ വി.സി.ബി.-കം-ട്രാക്ടർ വേ നിർമ്മിക്കുന്നതിനുവേണ്ടി ഹരിതകേരളം സ്കീമിലുൾപ്പെടുത്തി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 35 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. സാങ്കേതികാനുമതിയുടെ സമയത്ത് മേൽ വി.സി.ബി.-യുടെ ഇരുഭാഗത്തും റോഡ് നിർമ്മിക്കുന്നതിന് ഒരു പദ്ധതിക്ക് പഞ്ചായത്ത് അംഗീകാരം നല്കിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ചെറിയ വാഹനങ്ങൾ കടന്നുപോകുന്നതിനാവശ്യമായ വീതി വി.സി.ബി.-യുടെ സ്ലാബിന് നല്കണമെന്ന് പഞ്ചായത്ത് അധികാരികളും നാട്ടുകാരും ആവശ്യപ്പെട്ടിരുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും വി.സി.ബി.-യുടെ ഇരുഭാഗത്തും റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നാളിതുവരെയായിട്ടും യാഥാർത്ഥ്യമായിട്ടില്ലെന്നും നിലവിലെ സാഹചര്യത്തിൽ ഒരു ട്രാക്ടർ വേ തന്നെ പര്യാപ്തമാണെന്നും ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുള്ള പ്രൊവിഷൻസുതന്നെ പര്യാപ്തമാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2018 നിരക്കിലേയ്ക്ക് പുതുക്കുമ്പോൾ എസ്റ്റിമേറ്റ് തുക 41.10 ലക്ഷം രൂപയായി വർദ്ധിക്കുകയും പ്രൈസ്-3 നിലവിൽ വന്നതിനാൽ മേൽപ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നല്കുമ്പോൾ മുഴുവൻ തുകയായ 41.10 ലക്ഷം രൂപയും ഈ സാമ്പത്തികവർഷത്തെ ഫണ്ടിൽനിന്നും വിനിയോഗിക്കേണ്ടിവരും. ഇക്കാരണത്താൽ പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതു ഉപയോഗം എന്നിവ പരിഗണിച്ച് ഉചിതമായ ശീർഷകത്തിലുൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.

**മന്നന്നൂർ ഉരുക്ക് തടയണ നിർമ്മാണം**

262 (1123) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയ്ക്കുകുറുകെ നിർമ്മിക്കാൻ തീരുമാനിച്ച മന്നന്നൂർ ഉരുക്ക് തടയണയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെയും നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയ്ക്കുകുറുകെ നിർമ്മിക്കാൻ തീരുമാനിച്ച മന്നന്നൂർ ഉരുക്ക് തടയണയ്ക്ക് 15-07-2022-ലെ സ.ഉ. (കൈ)നം 16/2022/P&EA പ്രകാരം 12.60 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 30-03-2022-ന് നടന്ന ആർ.കെ.ഐ. ഉന്നതാധികാരസമിതി യോഗതീരുമാനപ്രകാരം ആർ.കെ.ഐ.-ക്കുകീഴിൽ ഭരണാനുമതി ലഭിക്കുന്നതിന്, ശാസ്ത്രീയ പഠനങ്ങളെ അടിസ്ഥാനമാക്കി ഉചിതമായൊരു സാങ്കേതിക സ്ഥാപനം പ്രസ്തുത ഡിസൈനും എസ്റ്റിമേറ്റും പരിശോധിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡിസൈനും എസ്റ്റിമേറ്റും പാലക്കാട് ജില്ലയിലെ

എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിരുന്നു. 2022 ഡിസംബർ 20-നകം പ്രസ്തുത രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് കോളേജ് അധികൃതർ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനം തുടങ്ങാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മാണം**

263 (1124) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കീഴിൽ കടമ്പഴിപ്പുറത്തുള്ള 15 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.-ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതുസംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ 22-09-2022-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ടിന് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിൽ കടമ്പഴിപ്പുറത്ത് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള സ്ഥലം കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL)-ൽനിന്ന് ലഭിച്ച അപേക്ഷയും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് മുൻ എം.എൽ.എ. ശ്രീ. പി. ഉണ്ണി സർക്കാരിൽ നൽകിയ കത്തിലെ ആവശ്യവും സർക്കാരിന്റെ IR1/247/2018/WRD എന്ന ഫയലിൽ പരിശോധിച്ചുവരികയാണ്.

## എക്കലും ചെളിയും നീക്കം ചെയ്യാനുള്ള നടപടി

264 (1125) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കോന്തുരുത്തി, തേവര പ്രദേശങ്ങളിൽ ചെറുവള്ളങ്ങളിൽ മത്സ്യബന്ധനം നടത്തി തിരിച്ച് കരയിലടുപ്പിക്കാൻ കഴിയാത്തവിധം ചെളിയും എക്കലും അടിഞ്ഞുകൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യബന്ധന യാനങ്ങൾ കരയിൽ അടുപ്പിക്കാൻവേണ്ടി ഇത്തരം എക്കലും ചെളിയും നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾ കരയിൽ അടുപ്പിക്കാൻവേണ്ടി ചെളിയും എക്കലും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ-കം-ബ്രിഡ്ജ്

265 (1126) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള പുഴയ്ക്കുകുറുകെ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നതിന് ഡി.പി.ആർ. സമർപ്പിച്ച കഞ്ചിക്കട്ട റെഗുലേറ്റർ കം-ബ്രിഡ്ജ് പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ഏതെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ 22.38 കോടി രൂപയുടെ ഡി.പി.ആർ നബാർഡ് RIDF XXVII-ലുൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചില്ല.

(സി) നടപ്പുവർഷം പ്രസ്തുത പദ്ധതി നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാരിൽനിന്നും നബാർഡിലേയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

നടപ്പുവർഷം ഡി.പി.ആർ. ലഭ്യമാകാത്തതിനാൽ ഈ പദ്ധതി ഭരണാനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; പദ്ധതി പൂർത്തീകരിക്കുമ്പോൾ കർഷകർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്ന ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ?

പ്രസ്തുത സ്ഥലത്ത് നിലവിലുള്ള കാലപ്പഴക്കമേറിയ SWECB (Salt Water Extruder Cum Bridge)-യുടെ സ്ഥാനത്ത് പുതുതായി ഒരു SWECB നിർമ്മിക്കുന്നതിനും പദ്ധതിക്കാവശ്യമായ പുഴയുടെ കര സംരക്ഷണ പ്രവൃത്തികളും പാലത്തിന് ഇരുകരയിലുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡുകളുമാണ് പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി കടലിൽനിന്നുള്ള ഉപ്പുവെള്ളം കുമ്പള പുഴയിലേയ്ക്ക് കടന്നുകയറുന്നതിനെ തടയുന്നതിനും അതുവഴി ബംബ്രാണ, കോയിപ്പാടി ഗ്രാമങ്ങളിലെ കൃഷിയുടെ വിളവ് വർദ്ധിക്കുന്നതിനും സഹായകമാകുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ

പാലം നിർമ്മാണത്തിലൂടെ ബംബ്രാണ, കോയിപ്പാടി എന്നീ വില്ലേജുകളും കുമ്പള ടൗണും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൂടി നിലവിൽ വരുന്നതോടെ കർഷകരുടെയും പൊതുജനങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിക്കും.

**തരൂർ മേപ്പാടം-മുതാരുകുളവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

266 (1127) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ മേപ്പാടം-മുതാരുകുളവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

തരൂർ നിയോജകമണ്ഡലത്തിൽ മുതാരുകുളവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി 226 ലക്ഷം രൂപയുടെ ഭരണാനുമതി 23-03-2022-ൽ നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി നല്കുന്നതിനുവേണ്ടി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇവയിൽ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറായിട്ടുള്ളതായി സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഇലക്ട്രിക്കൽ

വിഭാഗം ലഭ്യമാക്കുന്നമുറയ്ക്ക് ടി പദ്ധതിയുടെ സാങ്കേതികാനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ എത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകേണ്ടത്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളമാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ട ആവശ്യകതയില്ല.

(സി) മേൽപദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സാങ്കേതികാനുമതിക്കായി ടി പദ്ധതിയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളത്തിന്റെ കാര്യാലയത്തിൽ സമർപ്പിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകാവുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

**ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

267 (1128) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയിൽ നടന്നുവരുന്ന ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലേയ്ക്കെത്തുന്ന പറവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീറ്റർ മുതൽ 23000 മീറ്റർ വരെയുള്ള കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ മെക്കാനിക്കൽ പ്രവൃത്തികളിൽ ടെസ്റ്റ് ഒഴികെയുള്ളവയും ഇലക്ട്രിക്കൽ പ്രവൃത്തികളിൽ ഇലക്ട്രിക്കൽ ടെസ്റ്റ് ഒഴികെയുള്ളവയും പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ട പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ പൂർത്തീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലിഫ്റ്റിനുശേഷമുള്ള പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 23000 മീറ്റർ മുതൽ 32330 മീറ്റർ വരെയുള്ള കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

ആരംഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഉപകനാലുകളായ കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറി, പൂതക്കുളം ഡിസ്ട്രിബ്യൂട്ടറി എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

**കടക്കാട്ടുപാറ - ആലുംകടവ് റെഗുലേറ്റർ പദ്ധതി**

268 (1129) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ-ആലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അവസാനഘട്ട ഡിസൈൻ ലഭ്യമായിട്ടുണ്ടോ; പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി വകുപ്പുതലത്തിൽ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവ തയ്യാറാകുന്നമുറയ്ക്ക് ഫണ്ട് വകയിരുത്തുന്നതിൽ സാങ്കേതിക

ബുദ്ധിമുട്ടുണ്ടാകുമോ; അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) കടക്കാട്ടുപാറ-ആല്യംകടവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതോടൊപ്പം ജനറേറ്റർ റൂം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയായെങ്കിലും സർവ്വേ സ്കെച്ച് ലഭ്യമാകേണ്ടതുണ്ട്. സർവ്വേ സ്കെച്ച് ലഭ്യമായശേഷം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2022-23 ആനുവൽ പ്ലാനിലെ ക്ലാസ് 1 സ്കീമിലുൾപ്പെടുന്ന പ്രവൃത്തികൾ

269 (1130) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ആനുവൽ പ്ലാനിന്റെ ഭാഗമായി ക്ലാസ് 1 സ്കീമിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് അറിയിക്കുമോ?

2022-23 ആനുവൽ പ്ലാനിന്റെ ഭാഗമായുള്ള MI Class I പദ്ധതിയിലുൾപ്പെടുത്തി നിലവിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാവുള്ളപൊയിൽ വി.സി.ബി. എന്ന പ്രവൃത്തി ആനുവൽ പ്ലാനിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(ബി&സി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാവുള്ളപൊയിൽ വി.സി.ബി. എന്ന പ്രവൃത്തി MI Class I എന്ന ശീർഷകത്തിന്റെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തെ ആനുവൽ പ്ലാനിന്റെ ഭാഗമായുള്ള വിവിധ ശീർഷകങ്ങളിൽ തയ്യാറാക്കിയിട്ടുള്ള മുൻഗണന പട്ടികയിലുൾപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണം**

270 (1131) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവൃത്തികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി ഏനമാവ് റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിന് സിവിൽ പ്രവൃത്തികൾക്കായി 3.02 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 4.30 കോടി രൂപയും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിന് സിവിൽ പ്രവൃത്തികൾക്കായി 2.30 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 2.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഏനമാവ് റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 4 തവണ മുൻയോഗ്യതാ നിർണ്ണയപ്രകാരം ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാതിരിക്കുകയും 5-ാം തവണ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടർ സർക്കാർ പരിശോധിച്ചുവരികയുമാണ്.

(സി) തൃശ്ശൂർ ജില്ലയിലെ ഏകദേശം മുപ്പത്തയ്യായിരം ഏക്കർ വരുന്ന കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിന് പ്രസ്തുത റെഗുലേറ്ററുകൾ നവീകരിക്കേണ്ടത്

അത്യന്താപേക്ഷിതമായതിനാൽ ആയത് അടിയന്തരമായി നവീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം റെഗുലേറ്ററുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കാവുന്നതാണ്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

271 (1132) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ മീനച്ചിലാറിന്റെ കൈവഴികളായ തീക്കോയി ആറും കളത്തുക്കടവ് ആറും ചേരുന്ന ഭാഗമായ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നിയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ തീക്കോയി ആറിനുകുറുകെ ചേരിപ്പാട് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള

പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ലെവൽസ് എടുത്ത് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഐ.ഡി.ആർ.ബി. നിർദ്ദേശിച്ചതനുസരിച്ച് മണ്ണ് പര്യവേക്ഷണ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ഇടതുകരയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തീക്കോയി വില്ലേജിൽ നടന്നുവരുന്നു. ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ബംബ്രാണ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

272 (1133) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതുമായ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്കുകുറുകെ നിർമ്മിക്കുന്ന ബംബ്രാണ റെഗുലേറ്റർ-കം-ബ്രിഡ്ജ് (പ്രൈസ് ഐ.ഡി: ഇറി./ഐ.എ./2158/2022) പ്രവൃത്തിക്ക് സാങ്കേതികാനുമതി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് സാങ്കേതികാനുമതി നൽകുന്ന നടപടിയും ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ബംബ്രാണ റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ 3504 ലക്ഷം രൂപയുടെ സാങ്കേതികാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പുനഃസമർപ്പിക്കുന്നതിന് കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിരുന്നു. തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് പുനഃസമർപ്പിച്ചിട്ടുണ്ട്. ആയത് സാങ്കേതികാനുമതി നൽകുന്നതിനായി പരിശോധിച്ചുവരികയാണ്. സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല. സാങ്കേതികാനുമതി എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സാങ്കേതികാനുമതി നൽകിയാലുടൻതന്നെ ടെണ്ടർ നടപടിയും അനുബന്ധ നടപടിക്രമങ്ങളും പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

## ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകൾക്ക് സമീപം നിർമ്മിക്കുന്ന താല്ക്കാലിക ബണ്ടുകൾ

273 (1134) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ഏനാമാവ് റെഗുലേറ്ററിന് സമീപത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിനായി നിർമ്മിക്കുന്ന താല്ക്കാലിക ബണ്ടിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കുമോ?

എസ്റ്റിമേറ്റ് തുക 44.34 ലക്ഷം രൂപ.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതെന്നാണെന്നും പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും വ്യക്തമാക്കുമോ; കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നാണെന്ന് അറിയിക്കുമോ?

19-10-2022-ൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 25-11-2022-ൽ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്ഥലം കൈമാറ്റം ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബണ്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കരാർ പ്രകാരമുള്ള താല്ക്കാലിക ബണ്ടിന്റെ നിർമ്മാണവും മഴക്കാലത്ത് ബണ്ട് പൊളിച്ചുകളയുന്നത്

ഉൾപ്പെടെയുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 24-11-2023 ആണ്.

(സി) ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപത്തെ താല്ക്കാലിക ബണ്ടിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തി എന്നാരംഭിച്ചുവെന്നും കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ടതെന്നാണെന്നും അറിയിക്കുമോ?

ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപത്തെ താൽക്കാലിക ബണ്ടിന്റെ എസ്റ്റിമേറ്റ് തുക 18 ലക്ഷം രൂപയാണ്. 02-11-2022-ൽ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്ഥലം കൈമാറ്റം ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മെയിൻ ബണ്ടിന്റെ പ്രവൃത്തികൾ 27-11-2022-ന് പൂർത്തീകരിച്ചിട്ടുള്ളതാണ്. കരാർ പ്രകാരമുള്ള താല്ക്കാലിക ബണ്ടിന്റെ നിർമ്മാണവും മഴക്കാലത്ത് ബണ്ട് പൊളിച്ചുകളയുന്നതുൾപ്പെടെയുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 01-11-2023 ആണ്.

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകുന്നതുമൂലം ഉപ്പുവെള്ളം കയറി തുടർച്ചയായി രണ്ടാം വർഷവും കൃഷിനാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ വർഷം തുലാവർഷത്തിന്റെ ലഭ്യതക്കുറവുമൂലം സാധാരണയിലും നേരത്തേ ഉപ്പുവെള്ളം കയറാൻ തുടങ്ങിയിരുന്നുവെങ്കിലും ഉപ്പുവെള്ളം ഒഴുക്കിക്കളയുന്നതിന് ചിമ്മിനി ഡാമിൽനിന്നും കൂടുതൽ വെള്ളം തുറന്നുവിട്ട് ജലവിതാനം ക്രമീകരിക്കുന്നുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇടിയഞ്ചിറ മെയിൻ ബണ്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇടിയഞ്ചിറയുടെ പിള്ളബണ്ടിന്റെ പ്രവൃത്തിയും ഏനാമാക്കൽ ബണ്ടിന്റെ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിൽ ചിത്താരി റെഗുലേറ്റർ

274 (1135) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതിന് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ഡി.പി.ആർ. പ്രകാരം എത്ര തുകയാണ് നിർമ്മാണത്തിന് വേണ്ടിവരുന്നത്; ഡി.പി.ആർ. തയ്യാറാക്കിയതിൽ എന്തെങ്കിലും പ്രത്യേകതയുണ്ടോ; വിശദാംശം അറിയിക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മാണം എന്നപദ്ധതി NABARD RIDF TRANCHE XXVIII-ലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 33.28 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നബാർഡിന്റെ നിർദ്ദേശപ്രകാരം പ്രൊവിഷണൽ സാങ്കേതികാനുമതി നൽകിയിട്ടുള്ളതാണ്. കാസർഗോഡ് ജില്ലയിലെ ചിത്താരി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും അജാനൂർ, പള്ളിക്കര പഞ്ചായത്തുകളിലെ കൃഷിസ്ഥലത്ത് ജലസേചനത്തിനുംവേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ. നിലവിലുള്ള ഉപയോഗശൂന്യമായ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ 270 മീറ്റർ മുകൾഭാഗത്തായിട്ടാണ് പുതിയ റെഗുലേറ്റർ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പദ്ധതി പൂർത്തിയായാൽ കിഴക്കേക്കര, പൂച്ചക്കാട്, മുക്കൂട്, ചിത്താരി തുടങ്ങിയ പ്രദേശങ്ങളിലെ 1095 ഹെക്ടറോളം സ്ഥലത്തെ കൃഷിക്ക് ഉപകാരപ്പെടും. ഏകദേശം 865 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ

പ്രയോജനം ലഭിക്കും. കൂടാതെ നിർദ്ദിഷ്ട കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്നതിനാൽ ബോട്ടുകൾ കടന്നുപോകാനുള്ള ലോക്കോട്ടുകൂടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ടൂറിസത്തിന്റെ വികസനത്തിനും പദ്ധതി പ്രയോജനപ്പെടും.

**ഞവരൂർ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

275 (1136) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ ഇത്തിക്കരയാറിനുകുറുകെ ഞവരൂർ കടവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ ഇത്തിക്കരയാറിനുകുറുകെ ഞവരൂർ കടവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള ഡിസൈൻ, ഇറിഗേഷൻ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിക്കഴിഞ്ഞു.

ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജല അതോറിറ്റിയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

276 (1137) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ സാമ്പത്തിക പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ നോൺ മെയിന്റനൻസ് ഗ്രാൻഡ് ഇനത്തിലെ വിഹിതം അനുവദിച്ചുകിട്ടാത്തതാണോ നിലവിലെ പ്രതിസന്ധിക്കുള്ള കാരണം വ്യക്തമാക്കുമോ?

ഈ വർഷം നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ ശമ്പളത്തിനും ശമ്പളേതര വിഭാഗത്തിലുമായി 353.16 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകയിൽ 6 ഗഡുക്കളായി 137.79 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 7-ാം ഗഡുവിനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

(സി) ശമ്പളം, പെൻഷൻ തുടങ്ങിയ ഇനങ്ങളിലായി പ്രതിമാസം ആവശ്യമായിവരുന്ന തുകയെത്രയെന്ന് വിശദമാക്കുമോ?

നവംബർ മാസത്തിൽ ശമ്പള ഇനത്തിൽ 35.50 കോടി രൂപയും പെൻഷൻ ഇനത്തിൽ 24.92 കോടി രൂപയുമാണ് ആവശ്യമായി വരുന്ന തുക.

(ഡി) നവംബർ മാസത്തെ വരവിനത്തിൽ ജല അതോറിറ്റിക്ക് ലഭിച്ച തുക എത്രയെന്നും ആയത് പ്രതിമാസ ചെലവുകൾക്ക് പര്യാപ്തമാണോയെന്നും അല്ലെങ്കിൽ ജീവനക്കാരുടെ നവംബർ മാസത്തെ ശമ്പളം മുടങ്ങുന്ന സാഹചര്യം നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ?

നവംബർ മാസത്തിൽ വാട്ടർ ചാർജ്ജിനത്തിൽ 70.82 കോടി രൂപ പിരിഞ്ഞുകിട്ടിയത് അതോറിറ്റിയുടെ പ്രതിമാസ ചെലവുകൾക്ക് പര്യാപ്തമല്ല. എങ്കിലും നവംബർ മാസത്തെ ശമ്പളം 01-12-2022-ന് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) വിവിധ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാനുള്ള വെള്ളക്കര കുടിശ്ശികത്തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

26-11-2022-ലെ കണക്കനുസരിച്ച് വിവിധ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാനുള്ള ആകെ വാട്ടർ ചാർജ്ജ് കുടിശ്ശിക

269.74 കോടി രൂപയാണ്. സ്ഥാപനം തിരിച്ചുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക അനുബന്ധമായി ചേർക്കുന്നു.+

**ജലസേചന വകുപ്പിൽ ഒഴിവുള്ള എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ നിയമനം**

277 (1138) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ചീഫ് എഞ്ചിനീയർമാരുടെ തസ്തിക ആറ് മാസത്തോളമായി ഒഴിഞ്ഞുകിടക്കുന്നതിനാലുണ്ടായിട്ടുള്ള ഭരണസ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭരണസ്തംഭനമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സെലക്ട് ലിസ്റ്റ് പബ്ലിഷ് ചെയ്ത് മാസങ്ങൾ പിന്നിട്ടിട്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കാത്തതും പല ഓഫീസുകളിലും അധികചുമതല നൽകിയതും ഓഫീസ് പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലസേചന വകുപ്പിനുകീഴിലുള്ള ഒരു ആഫീസിന്റെയും ദൈനംദിന പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ വിവിധ എഞ്ചിനീയറിംഗ് തസ്തികകളിൽ വന്ന ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

13-09-2022, 19-10-2022 എന്നീ തീയതികളിൽ നടന്ന ഡി.പി.സി. (ഹയർ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) എന്നീ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റ് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് എഞ്ചിനീയറിംഗ് തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

278 (1139) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 വർഷങ്ങളിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നിവ വഴി നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളേതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സീതാർകുണ്ട് മിനി ഡൈവെർഷൻ പദ്ധതി**

279 (1140) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവെർഷൻ പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ചിട്ടുള്ള സർക്കാർ നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തിരുവനന്തപുരം ഒരു ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിരുന്നു. കെ.ഇ.ആർ.ഐ., പീച്ചിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ടീം തയ്യാറാക്കിയ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധനയ്ക്കും തുടർനടപടികൾക്കുമായി അന്തർസംസ്ഥാന നദീജല സെൽ ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പര്യവേക്ഷണവും മറ്റ് നടപടിക്രമങ്ങളും പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനാണുദ്ദേശിക്കുന്നത്.

## കൊച്ചി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്

280 (1141) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിലെ ഉപ്പത്തിക്കാട് തോട്, കണ്ണമാലി പഞ്ചായത്തിലെ ഇടകൊച്ചി അക്വർ പാലം മുതൽ കണ്ണമാലി പാലം വരെയും തുടർന്ന് കണ്ണമാലി വരെയുള്ള വേമ്പനാട് കായലിന്റെ ഭാഗങ്ങൾ എന്നിവിടങ്ങളിൽ എക്കൽ നീക്കം ചെയ്യൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിലെ ഉപ്പത്തിക്കാട് തോട് പുനരുദ്ധാരണത്തിനായി 'Improvements to Uppathikadu thodu in Chellanam Grama Panchayath-General Civil Work' എന്ന പ്രവൃത്തിക്ക് 260 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. കൂടാതെ പ്രസ്തുത പ്രവൃത്തികൾക്കായി 9.5 കോടി രൂപയുടേതും 4.52 കോടി രൂപയുടേതുമായി മൊത്തം 14.02 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ്, പ്രൈസ് മുഖാന്തരം എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ ഡിവിഷൻ), എറണാകുളം കുട്ടനാട് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ രണ്ട് എസ്റ്റിമേറ്റുകളും ഒരുമിച്ചുചേർത്ത് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതായുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി പ്രാവർത്തികമാക്കാവുന്നതാണ്.

## പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

281 (1142) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വിഭാഗങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത ഭരണാനുമതിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കുകീഴിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി)വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുടിവെള്ള ചാർജ്ജ് കുടിശിക പിരിച്ചെടുക്കൽ**

282 (1143) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽനിന്നും കുടിവെള്ള ചാർജ്ജിനത്തിൽ ലഭിക്കാനുള്ള വൻകുടിശ്ശിക തുക പിരിച്ചെടുക്കാൻ പ്രത്യേക ആംനെസ്റ്റി പദ്ധതി പ്രഖ്യാപിച്ചിരുന്നോ?

പ്രഖ്യാപിച്ചിരുന്നു.

(ബി) ഇപ്രകാരം പിരിച്ചെടുക്കാനുള്ള ആകെ കുടിശ്ശിക എത്രയെന്നും ഇതിൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ കുടിശ്ശികയെത്രയെന്നും വ്യക്തമാക്കുമോ?

ആംനെസ്റ്റി പദ്ധതി നിലവിൽവന്ന 07/2022 വരെ DCB (Demand Collection Balance) പ്രകാരമുള്ള ആകെ കുടിശ്ശിക 913,37,02,569/- രൂപയാണ്. ഇതിൽ ഗാർഹിക-ഗാർഹികേതര കുടിശ്ശിക യഥാക്രമം 216.24 കോടി രൂപയും 611.05 കോടി രൂപയുമാണ്.

(സി) ജലച്ചോർച്ചയും മോഷണവും കാരണം വിതരണം ചെയ്യുന്ന ശുദ്ധീകരിച്ച ജലത്തിൽ പകുതിയും പാഴാകുന്ന പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

കാലപ്പഴക്കം ചെന്ന വിതരണ പൈപ്പ് ലൈനുകളിലെ ജല ചോർച്ച മുഖേനയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി ചോർച്ചയുള്ള പൈപ്പ്

ലൈനിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി റണ്ണിംഗ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും നടത്തിവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നതൊഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ (അമൃത്, കിഫ്ബി, ജൽ ജീവൻ മിഷൻ, എ.ഡി.ബി., സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലും) ഉൾപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. ഇതുവഴി ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കാൻ സാധിക്കുന്നുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തിയ 9 നഗരങ്ങളിൽ കേരള ജല അതോറിറ്റിക്ക് ഭരണാനുമതി നൽകിയ 1127.19 കോടി രൂപയുടെ പ്രവൃത്തികളിൽ 144.76 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിച്ച് ജലചോർച്ച ഒഴിവാക്കാൻ വേണ്ടിയുള്ളതാണ്. ഇതിൽ

113.76 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി 31 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നതൊഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ലുൾപ്പെടുത്തിയ 11 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ എറണാകുളം ജില്ലയിൽ ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായുള്ള നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് & ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. ഇത്തരം സ്ക്വാഡ് മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കൂടാതെ ജലമോഷണം തടയുന്നതിനായി താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

1. ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ സേവനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക;

2. ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്;
3. ഗാർഹിക വാട്ടർ കണക്ഷൻ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉയർന്ന ചാർജ്ജ് ഈടാക്കുകയും കണക്ഷൻ ഗാർഹികേതര വിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്യുന്നു;
4. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ മീറ്ററുകളുള്ള സ്ഥലങ്ങളിൽ ദുരുപയോഗത്തിനുള്ള സാദ്ധ്യത കൂടുതലായതിനാൽ സമയബന്ധിതമായി മാറ്റിവയ്ക്കാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു;

5. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിലെത്തിച്ച് അവബോധം നൽകാറുണ്ട്;
6. ജല ദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

**പുഴങ്കാവ് തടയണ നിർമ്മാണം**

283 (1144) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ പുഴങ്കാവ് തടയണയുടെ നിർമ്മാണത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കിവരുന്ന 'മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം' എന്ന പദ്ധതി 95 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, അബാട്മെന്റ് (Abutment) നിർമ്മാണം, നാല് തൂണുകളുടെയും നാല് വിയറിന്റെയും നിർമ്മാണം, ഇടതുകരയിലെ 140 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് എന്നറിയിക്കുമോ?

ഇടതുകരയിലെ 23 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഗാർഡ് റൂമിന്റെ ഫിനിഷിംഗ് പ്രവൃത്തികളും മെക്കാനിക്കൽ ഷട്ടർ ഇറക്ഷൻ പ്രവൃത്തികളുമാണ് ഇനി പൂർത്തിയാക്കാനുള്ളത്.

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മഴയും വെള്ളപ്പൊക്കവുംമൂലം പ്രവൃത്തിക്ക് താമസം നേരിട്ടെങ്കിലും പ്രസ്തുത പ്രവൃത്തി 2023 ജനവരി 15-ാം തീയതിയോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പാലക്കാട് ജില്ലയിലെ നെൽകൃഷിക്കാവശ്യമായ ജലവിതരണം

284 (1145) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെൽകൃഷിക്കാവശ്യമായ ജലവിതരണം തടസ്സപ്പെടുന്ന നിലയിൽ കനാലുകളിലും ചാലുകളിലും പാഴ്ചെടികളും മണ്ണും മറ്റിതര പാഴ്വസ്തുക്കളും അടിഞ്ഞുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് നീക്കം ചെയ്യുന്നതിനായി ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ MGNREGS മുഖേന നിലവിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ കനാൽ ശുചീകരണത്തിന് ഫണ്ട് നൽകേണ്ടതായിട്ടുണ്ട്. 19-11-2022-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെയും തദ്ദേശസ്വയംഭരണ

വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ കനാൽ ശുചീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാദ്ധ്യത ആലോചിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22-11-2022-ന് ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ മലമ്പുഴ പദ്ധതിയുടെ പി.എ.സി. യോഗം ചേരുകയും ജില്ലാ പഞ്ചായത്തിൽനിന്ന് ഒരു കോടി രൂപ അനുവദിക്കുമെന്ന ഉറപ്പിന്മേൽ ജലസേചന വകുപ്പ് കനാലുകൾ വൃത്തിയാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കനാലുകൾ വൃത്തിയാക്കുന്നതിനുള്ള ഷോർട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വൃത്തിയാക്കൽ പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു. കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റിതര പാഴ്വസ്തുക്കളും നീക്കം ചെയ്ത് കനാൽ വൃത്തിയാക്കൽ പ്രവൃത്തികളുടെ ഫണ്ടിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല കാപ്പ് പദ്ധതി**

285 (1146) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിലെ കാപ്പ് നവീകരണ പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും പൂർത്തീകരിച്ച് ടെണ്ടർ ചെയ്തിരുന്ന ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ മരക്കപ്പാടം കാപ്പ് നവീകരണ പ്രവൃത്തിക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നെങ്കിലും പ്രസ്തുത കാപ്പ് സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ചതിനുശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂവെന്ന് മുഖ്യമന്ത്രി, ജലസേചന വകുപ്പുമന്ത്രി എന്നിവർക്ക് തെന്നല പഞ്ചായത്ത് മെമ്പറായ ശ്രീ. മുഹമ്മദ്ദ് കുട്ടി രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടു. ഡി.എസ്.ആർ. 2018 നിലവിൽ വന്നതിനെത്തുടർന്നും ജി.എസ്.ടി. 18

ശതമാനമായതിനെത്തുടർന്നും എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയായ 200 ലക്ഷം രൂപയേക്കാൾ 79 ലക്ഷം രൂപ അധികരിച്ചതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകേണ്ടതുണ്ട്. മാത്രമല്ല കാപ്പിന്റെ അതിരുകൾ റവന്യൂ വിഭാഗത്തിൽനിന്നും സർവ്വേ ചെയ്ത് നിർണ്ണയിച്ച് ലഭിക്കേണ്ടതുമുണ്ട്. മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല.

(സി) ഈ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് മൈനർ ഇറിഗേഷൻ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് വകുപ്പുമന്ത്രി നൽകിയ നിർദ്ദേശപ്രകാരം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

പി.ഡബ്ല്യൂ.ഡി. പരപ്പനങ്ങാടി റസ്റ്റ്ഹൗസിൽ വച്ചുനടന്ന യോഗത്തിൽ കാപ്പിന്റെ അതിര് എ.എൽ.എം. നിർണ്ണയിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും ആയത് നിർണ്ണയിക്കുവാൻ റവന്യൂ വകുപ്പിന്റെ സർവ്വേ വിഭാഗത്തിനോട് ആവശ്യപ്പെടാമെന്നും അറിയിക്കുകയുണ്ടായി. അതിൻപ്രകാരം മരക്കപ്പാടം കാപ്പ് സർവ്വേ ചെയ്ത് ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് സർവ്വേ വിഭാഗത്തിൽനിന്നും പലതവണ തീയതി നൽകിയിട്ടും അവരുടെ അസൗകര്യംമൂലം സർവ്വേ നടന്നിട്ടില്ല. കാപ്പിന്റെ

അതിരുകൾ റവന്യൂ വിഭാഗത്തിൽനിന്നും സർവ്വേ ചെയ്ത് ലഭിക്കുകയും ഭരണാനുമതിക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്യുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കല്ലട ഇറിഗേഷൻ പ്രോജക്ട് ഓഫീസിൽ കണ്ടെത്തിയ വീഴ്ചകൾ**

286 (1147) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ട് എഞ്ചിനീയറുടെ കൊല്ലം ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വീഴ്ചകൾ വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) കല്ലട ഇറിഗേഷൻ പ്രോജക്ട് എഞ്ചിനീയറുടെ കൊല്ലം ഓഫീസിൽ 01-12-2014 മുതൽ 31-03-2022 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

287 (1148) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ 15 കോടി രൂപ അനുവദിച്ച തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബി അംഗീകാരത്തിനായി അവരുടെ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ ഡി.പി.ആർ. അടിയന്തരമായി ലഭ്യമാക്കണമെന്നറിയിച്ചുകൊണ്ട് കെ.ഐ.ഐ.ഡി.സി.-ക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ?

(എ-സി) 06-01-2021-ലെ ജി.ഒ. (ആർ.റ്റി.) നം.16/2021/ജ.വി.വ. ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ.

കിഫ്ബിയുടെ അപ്രൈസൽ വിംഗായ സി.എം.ഡി. പരിശോധിച്ചുവരുന്നു. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

288 (1149) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിലെ പോത്തംകുഴിയിൽനിന്നും തൂതപ്പുഴയിലെ വെള്ളം ആലിപ്പറമ്പ്-മുതുക്കുർശ്ശി റോഡിലൂടെ പൈപ്പ്‌ലൈൻ വഴി മണലായ, മുഴന്നമണ്ണ, ഇടമല, പാലോളിപറമ്പ് തുടങ്ങിയ ഭാഗത്തേയ്ക്ക് ജലസേചനം നടത്തുന്നതിനാണ് മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും

175 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പമ്പ് ഹൗസിന്റെ നിർമ്മാണം, ഭാഗികമായ പൈപ്പ് ലൈനിന്റെ പ്രവൃത്തികൾ എന്നിവയാണ് ഭരണാനുമതി ലഭിച്ച തുക ഉപയോഗിച്ച് വിഭാവനം ചെയ്തിരുന്നത്. എന്നാൽ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായുള്ള പൈപ്പ്ലൈൻ കൊണ്ടുപോകാനുദ്ദേശിച്ചിരുന്ന റോഡിന്റെ ഇരുഭാഗങ്ങളിലുമായി ജൽ ജീവൻ മിഷന്റെയും അലിഗഢ് കുടിവെള്ള പദ്ധതിയുടെയും പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിനാൽ ബഹുമാനപ്പെട്ട പെരിന്തൽമണ്ണ എം.എൽ.എ., ആലിപ്പറമ്പ് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ 31-10-2022-നുകൂടിയ യോഗത്തിൽ മറ്റൊരു അലൈൻമെന്റ് കണ്ടെത്തുന്നതായിരിക്കും ഉചിതമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിലൂടെ പൈപ്പ്ലൈനുകൾ കൊണ്ടുപോകുന്നതിന് പുതിയ അലൈൻമെന്റ് ധാരണയായിട്ടുണ്ട്. ഇതിനുവേണ്ടി പുതുതായി വിശദമായ സർവ്വേ നടത്തേണ്ടതുണ്ട്. സർവ്വേയ്ക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ അലൈൻമെന്റ് തീരുമാനിച്ച് ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാവുന്നതാണ്.

**പെരിയാർവാലി ഇറിഗേഷൻ പ്രോജക്റ്റ്**

289 (1150) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എ.ഡി.എസ്./എസ്.ഡി.എഫ്. (ഏരിയ ഡെവലപ്മെന്റ് ഫണ്ട്/സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്) പദ്ധതിയിലുൾപ്പെട്ട പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് കനാലിന് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണം, ബണ്ട് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം

290 (1151) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ നാല് കോടി രൂപ വകയിരുത്തിയ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് സമർപ്പിച്ച പ്രൊപ്പോസലിൽ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 ബഡ്ജറ്റിൽ അനുബന്ധം രണ്ടിൽ (വാല്യം II) ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമനമ്പർ 720 ആയി കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്കായി അടങ്കൽ തുകയായ 400 ലക്ഷം രൂപയുടെ 20% ആയ 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതുപ്രകാരം 10 പഞ്ചായത്തുകളിലെ 15 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി 398.7 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമാക്കിയെങ്കിലും ഈ പ്രൊപ്പോസലുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭ്യമാകുവാൻ കാലതാമസം നേരിടുകയുണ്ടായിട്ടുണ്ട്. ഡി.പി.ആർ. പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിലെ കടലാക്രമണം തടയാൻ നടപടി**

291 (1152) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് കണ്ടെത്തിയ 10 ഹോട്ട്സ്പോട്ടുകളിലൊന്നായ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിൽ വർഷങ്ങളായി അനുഭവിച്ചുവരുന്ന രൂക്ഷമായ

കടലാക്രമണം തടയാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പ് കണ്ടെത്തിയ 10 ഹോട്ട്സ്പോട്ടുകളിലൊന്നാണ് കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്ത്. നിലവിലുള്ള തീരദേശ ഘടനകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി NCCR (National Centre for Coastal Research, Chennai) 2022 ആഗസ്റ്റ് മാസത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്. കൂടാതെ വലിയ പറമ്പ് ദ്വീപിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 19.05 കിലോമീറ്റർ നീളത്തിൽ ജിയോട്യൂബ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിന് 167.70 കോടി രൂപയുടെ പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും NCCR-ന്റെ പഠന റിപ്പോർട്ടും ഡിസൈനുംകൂടി ലഭിച്ചതിനുശേഷം പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## ദേവസ്വം ബോർഡിന്റെയും സ്വകാര്യ ആരാധനാലയങ്ങളുടെയും ഉടമസ്ഥതയിലുള്ള കുളങ്ങളുടെ സംരക്ഷണം

292 (1153) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെയും സ്വകാര്യ ആരാധനാലയങ്ങളുടെയും ഉടമസ്ഥതയിലുള്ള കുളങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം കുളങ്ങൾ പൊതു ആവശ്യങ്ങൾക്കുപയോഗിക്കാൻ കഴിയുന്ന തരത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഇല്ല. എന്നാൽ ജലസംരക്ഷണത്തിന്റെ ഭാഗമായി വാട്ടർ ഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രക്കുളങ്ങൾ (ആരാധനാലയങ്ങളുടെ കുളങ്ങൾ) നവീകരിക്കുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെയും ആസ്തിവികസന നിധിയുടെയും തുക വിനിയോഗിക്കുന്നതിനുള്ള നിലവിലെ മാർഗ്ഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡികകൾ പരിഷ്കരിച്ച് 20-08-2019-ലെ സ.ഉ. (അച്ചടി) നം. 110/2019/ധന., സ.ഉ. (അച്ചടി) നം.109/2019/ധന. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**നഗരങ്ങളിലെ ജലവിഭവ മാനേജ്മെന്റ് പദ്ധതി**

293 (1154) <u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുക, ഡ്രെയിനേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജലവിതരണം, മഴവെള്ള സംസ്കരണം, ഭൂഗർഭജല സംരക്ഷണം എന്നിവ ഒരു കുടക്കീഴിലാക്കുന്നതിനുള്ള സമഗ്ര ജലവിഭവ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെ ജലവിഭവ വകുപ്പ് കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നഗരപ്രദേശങ്ങളിലെ ഡ്രെയിനേജ് സൗകര്യം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ കേരള വാട്ടർ അതോറിറ്റി വിവിധതരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ എന്നീ കോർപ്പറേഷനുകൾക്കും 34 ULB (Urban Local Body)-കൾക്കും വേണ്ടിയുള്ള ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഒരു ക്ലസ്റ്ററിന്റെയും കോഴിക്കോട് കോർപ്പറേഷന്റെ രണ്ട് സോണിന്റെയും കണ്ണൂർ കോർപ്പറേഷന്റെ ഒരു സോണിന്റെയും ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വിതാനം സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ, കുഴൽക്കിണർ, മഴക്കുഴികൾ എന്നിവ വഴിയുള്ള സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിലുള്ള ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ പ്രവൃത്തികൾ ഇതിലുൾപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ജലാശയങ്ങളെയും അനുബന്ധ ജലസ്രോതസ്സുകളെയും വിവിധ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജലവിഭവാസൂത്രണവും സംരക്ഷണവും സുസ്ഥിരമായി നിർവ്വഹിക്കുന്നതിനുള്ള പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടം/നദീതടം. നദീതടം വലിയ യൂണിറ്റാണ് എന്നതിനാൽ ചെറുനീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനും ബ്ലോക്കുതലത്തിൽ സംയോജിത നീർത്തട മാസ്റ്റർപ്ലാനും തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടെ മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ

സഹകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംയോജിത നീർത്തടാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളിൽപ്പെടുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും മണ്ണ് സംരക്ഷണം, മണ്ണ് സർവ്വേ വകുപ്പിന്റെ ഭാഗമായും നിർവ്വഹിച്ചുവരുന്നു. അതോടൊപ്പം കുളങ്ങളുടെ സംരക്ഷണവും സംഭരണശേഷി വർദ്ധിപ്പിക്കലും തോടുകൾ/നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനം, ഭൂജലപോഷണം സാധ്യമാകുംവിധമുള്ള ചെറുതടയണകൾ/ വെന്റഡ് ക്രോസ് ബാറുകൾ (VCB) നിർമ്മിക്കുക എന്നതിനോടൊപ്പം നദികളെ ചെറുസംഭരണികളാക്കി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തടയണ/റെഗുലേറ്ററുകൾ എന്നീ പദ്ധതികളുടെ നിർമ്മാണവും നടത്തിവരുന്നു.

(സി) നഗരപ്രദേശങ്ങളിലെ മലിനജലം ശേഖരിച്ച് റീസൈക്കിൾ ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള ചെറുകിട പ്ലാന്റുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ ഭൂഗർഭ ജലത്തെ സംരക്ഷിച്ച് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി&ഡി) മലിനജല സംസ്കരണ പ്ലാന്റുകളിൽ ശുദ്ധീകരിക്കുന്ന ജലം സാദ്ധ്യമായ സ്ഥലങ്ങളിൽ ഗാർഹികേതര ഉപയോഗങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. തിരുവനന്തപുരം മുട്ടത്തറയിലുള്ള 107 MLD (Minimal Liquid Discharge) സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിലവിൽ ഏതാണ്ട് 60 MLD ജലം ശുദ്ധീകരിച്ചുവരുന്നു. ശുദ്ധീകരിച്ച വെള്ളം പാർവതി പുത്തനാറിലേയ്ക്കാണ് ഒഴുക്കിവിടുന്നത്. ഇത്തരത്തിൽ ശുദ്ധീകരിച്ച വെള്ളം പുനരുപയോഗിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 5 MLD ടെറിട്ടറി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രവൃത്തിക്ക് ടെണ്ടർ അവാർഡ് ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതോടെ മാലിന്യക്കുഴി, സെപ്റ്റിക് ടാങ്ക് എന്നിവ ഒഴിവാക്കപ്പെടുന്നതും അതുമൂലം ഭൂഗർഭ ജലത്തിന്റെ മലിനീകരണം ഒരുപരിധിവരെ ഇല്ലാതാക്കാനും കഴിയുന്നതാണ്.

## ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കുഴൽക്കിണർ നിർമ്മാണം

294 (1155) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, ത്രിതല ഗ്രാമപഞ്ചായത്തുകൾ, മറ്റ് സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനായി ആലപ്പുഴ ഭൂജല വകുപ്പിനെ ഏൽപ്പിച്ചിട്ടുള്ളതും നിർവ്വഹണം ആരംഭിച്ചിട്ടുള്ളതും ഇനി ആരംഭിക്കാനുള്ളതുമായ എല്ലാ പ്രവൃത്തികളുടെയും (ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക, തീയതി, പ്രവൃത്തിയുടെ പേര് എന്നിവ സഹിതം) വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്നും ഏതെല്ലാം പ്രവൃത്തികളുടെ നിർവ്വഹണം ഇനിയും ആരംഭിക്കാനുണ്ടെന്നും അറിയിക്കാമോ?

ഹരിപ്പാട് നിയമസഭാ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, ട്യൂബ് വെൽ നിർമ്മാണത്തിനായി തുക നിക്ഷേപിച്ചിട്ടുള്ള പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ അമ്പിയിൽ കോളനിയിൽ ട്യൂബ് വെൽ നിർമ്മാണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്കായി ഹരിപ്പാട് ഡിപ്പോയിൽ ട്യൂബ് വെൽ നിർമ്മാണം പുരോഗമിക്കുകയാണ്. വിവിധ ഗ്രാമപഞ്ചായത്തുകൾ ട്യൂബ് വെൽ നിർമ്മാണത്തിനായി തുക നിക്ഷേപിച്ചിട്ടുള്ള 9 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

മേൽപ്പറഞ്ഞിട്ടുള്ള പ്രവൃത്തികൾ 2023 ഫെബ്രുവരി 28-നുമുമ്പായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജലവിഭവ വകുപ്പിലെ സർക്കാർ വാഹനങ്ങൾ**

295 (1156) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കും ഓഫീസിനുമായി അനുവദിച്ച് നൽകിയിട്ടുള്ള സർക്കാർ വാഹനങ്ങളെത്ര; ഏതൊക്കെ വാഹനങ്ങളാണ് അപ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളത്; പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

KL-01 BD 2932 എന്ന രജിസ്റ്റർ നമ്പരിലുള്ള ഒരു വാഹനം ടൂറിസം വകുപ്പിൽനിന്നും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക ആവശ്യത്തിനായി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽനിന്നും നൽകിയിട്ടുള്ള KL-01 BH 2440 എന്ന വാഹനം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ് നിലവിൽ ഉപയോഗിക്കുന്നത്.

(ബി) വിനോദസഞ്ചാര വകുപ്പിൽനിന്നും അനുവദിച്ച വാഹനങ്ങൾ കൂടാതെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും വാഹനങ്ങൾ മന്ത്രിയുടെ ഓഫീസിന്റെ സേവനത്തിനായി ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര വാഹനങ്ങളാണ് ഇപ്രകാരം ഉപയോഗിക്കുന്നത്; ആരൊക്കെയാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നത്; വിശദാംശം നൽകുമോ?

ഇതുകൂടാതെ തികച്ചും ആഫീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി ആവശ്യമുള്ളപ്പോൾ വകുപ്പിൽനിന്നുള്ള വാഹനങ്ങളുടെ സേവനം വിവിധ ഉദ്യോഗസ്ഥർ ഉപയോഗിക്കാറുണ്ട്.

(സി) പ്രസ്തുത വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വാഹനങ്ങൾ ദുരുപയോഗം ചെയ്തതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വാഹനങ്ങൾ ദുരുപയോഗം ചെയ്തതായി റിപ്പോർട്ടുകളോ മറ്റ് ഔദ്യോഗിക അറിയിപ്പുകളോ ലഭിച്ചിട്ടില്ല. എന്നാൽ, മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ പ്രൈവറ്റ് സെക്രട്ടറിയുടെ ഡ്രൈവറായി ജോലി ചെയ്തിരുന്ന വ്യക്തിയെ ടി ജോലിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഉപയോഗിക്കുന്ന സർക്കാർ വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പകർപ്പ് നൽകുമോ?

ലോഗ് ബുക്ക് ഏത് കാലയളവിന്റെയാണ് വേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ലോഗ് ബുക്കിന്റെ നാളിതുവരെയുള്ള പകർപ്പ് സമർപ്പിക്കുന്നു+.

## ജൽ ജീവൻ മിഷൻ ഭൂമി ഏറ്റെടുക്കുന്നതിന് വാല്വേഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേകാനുമതി

296 (1157) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഭാഗമായി ടാങ്കുകൾ, കിണറുകൾ, പമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഭൂമി വിട്ടുനൽകുമ്പോൾ വാല്വേഷനിൽ മതിയായ തുക ലഭ്യമല്ലാത്തതുകാരണം പ്രസ്തുത പ്രവൃത്തികൾ പ്രതിസന്ധിയിലാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) വാല്വേഷൻ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് കളക്ടർമാർക്ക് പ്രത്യേകാനുമതി നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ജൽ ജീവൻ മിഷൻ സർക്കാരിന്റെ മുൻഗണനാ പദ്ധതിയായതിനാലും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിയായതിനാലും ഇക്കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്.

**വർക്കല നടയറ-പാരിപ്പള്ളി റോഡിന്റെ നവീകരണം**

297 (1158) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള വർക്കല നടയറ-പാരിപ്പള്ളി റോഡിന്റെ നവീകരണത്തിനായി പൈപ്പ് ലൈനുകൾ മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള ടെണ്ടർ നടപടികൾ വിശദമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള വർക്കല നടയറ-പാരിപ്പള്ളി റോഡിന്റെ നവീകരണത്തിനായി പൈപ്പ് ലൈനുകൾ മാറ്റുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയാരംഭിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ 20% ജോലി പൂർത്തീകരിച്ചു.

**ജലവിഭവ വിവരകേന്ദ്രം**

298 (1159) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വിവരകേന്ദ്രം സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 17-11-2022-ലെ സ.ഉ. (അച്ചടി) നം. 27/2022/ജ.വി.വ. പ്രകാരം സംസ്ഥാന ജലവിഭവ വിവരകേന്ദ്രം സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ വിശദമാക്കുമോ?

കേന്ദ്രസർക്കാരിന്റെ നാഷണൽ വാട്ടർ ഇൻഫർമാറ്റിക്സ് സെന്റർ മാതൃകയിൽ സംസ്ഥാന ജലവിഭവ വിവരകേന്ദ്രം (State Water Informatics Centre) നിർമ്മിക്കുവാൻ എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രം

ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന ജലവിഭവ വിവരകേന്ദ്രം സംസ്ഥാനത്തെ ജലവിഭവങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ ക്രോഡീകരണവും അനുബന്ധ വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനങ്ങൾക്കും നോഡൽ ഏജൻസിയായാണ് വിഭാവനം ചെയ്യുന്നത്. ഡാറ്റയുടെ വിശകലനം, സാധൂകരണം, പ്രചരണം എന്നിവയുടെ ഏകജാലക സംവിധാനമാണ് പ്രസ്തുത ജലവിഭവ വിവരകേന്ദ്രം. കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (K-WRIS)-ന്റെ നിരീക്ഷണം, അതിൽ ലഭിക്കുന്ന ഡാറ്റായുടെ വിശകലനം എന്നിവ പ്രസ്തുത കേന്ദ്രം മുഖേന നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനുകീഴിലുള്ള ഇന്ത്യ വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (India- WRIS), വാട്ടർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (WIMS), റിയൽ ടൈം ഡാറ്റ മാനേജ്മെന്റ് സിസ്റ്റം (RTDMS) എന്നിവയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതും സംസ്ഥാന ജലവിഭവ വിവരകേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യമാണ്.

(സി) ജലവിഭവ വിവരകേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

17-11-2022-ലെ സ.ഉ. (അച്ചടി) നം. 27/2022/ജ.വി.വ. പ്രകാരം സംസ്ഥാന ജലവിഭവ വിവരകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രജലവിഭവ വിവരകേന്ദ്രത്തിന്റെ നിർദ്ദേശപ്രകാരമുള്ള മാതൃകയിൽ ജീവനക്കാരുടെ തസ്തിക പുനർവിന്യസിക്കാനുള്ള ശിപാർശ ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതിലേയ്ക്കായുള്ള ആവശ്യമായ നടപടികൾ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. സ്വീകരിച്ചുവരുന്നു.

(ഡി) അന്തർ സംസ്ഥാന നദീജല തർക്കം പരിഹരിക്കുന്നതിൽ പ്രസ്തുത കേന്ദ്രം എത്രത്തോളം സഹായകരമാവും എന്നറിയിക്കുമോ?

സംസ്ഥാനത്തിന്റെ നദീതടത്തിൽനിന്ന് ലഭ്യമാകുന്ന ജലം, ജലത്തിന്റെ ഉപയോഗം എന്നിവയുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് ഡാറ്റാ അധിഷ്ഠിതമായ വിശകലനങ്ങൾ നൽകുവാനും ആയത് അന്തർസംസ്ഥാന നദീജലമുൾപ്പെടെയുള്ള വിഷയങ്ങളിൽ ഉപയോഗിക്കുവാനും സാധിക്കുന്നതാണ്.

## ശുദ്ധജല സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം

299 (1160) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ജലഅതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽനിന്നും ജലശുദ്ധീകരണ ശാലകളിൽനിന്നും പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലസാമ്പിളുകൾ ശേഖരിച്ച് ജില്ലാലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജനകീയ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ജൽ ജീവൻ മിഷന്റെ സഹായത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽക്കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലം ഫീൽഡ് ടെസ്റ്റ് കിറ്റുപയോഗിച്ച് കുടുംബശ്രീയുമായി സഹകരിച്ച് പരിശോധിച്ചുവരുന്നു.

മൺസൂണിനുമുമ്പും ശേഷവും ജല ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ടുള്ള 'ഇൻടേക്ക് പോയിന്റിൽനിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റ് വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. രാസഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

(ബി) കോട്ടയം ജില്ലയിലെ ഏതെല്ലാം ജലസ്രോതസ്സുകളിൽ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടെന്നും എന്തെല്ലാം ന്യൂനതകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) റിവർ സർവ്വേയുടെ ഭാഗമായി എല്ലാ മാസവും കോട്ടയം ജില്ലയിലെ പ്രധാന ജലസ്രോതസ്സുകളായ മീനച്ചിലാർ, മണിമലയാർ എന്നിവിടങ്ങളിൽനിന്നും ജലം ശേഖരിക്കാറുണ്ട്. മീനച്ചിലാറിലെ ജല

പരിശോധനയ്ക്കായി പാലാ, താഴത്തങ്ങാടി, വെള്ളൂപ്പറമ്പ്, പൂവത്തുമൂട്, കുമ്മണ്ണൂർ, ആറുമാനൂർ എന്നിവിടങ്ങളിൽനിന്നും മണിമലയാറിലെ ജലപരിശോധനയ്ക്കായി ഒല്ലൂർപ്പടി, കൊരട്ടി എന്നിവിടങ്ങളിൽനിന്നുമാണ് ജലം ശേഖരിക്കാറുള്ളത്. മീനച്ചിലാർ, മണിമലയാർ എന്നിവിടങ്ങളിൽ കുറഞ്ഞ പി.എച്ച്. മൂല്യം, ടർബിഡിറ്റി, കോളിഫോം, ഇ-കോളി ബാക്ടീരിയകളുടെ സാന്നിദ്ധ്യം എന്നിവയാണ് പൊതുവായി കണ്ടുവരുന്ന ന്യൂനതകൾ. വിവിധ ശുദ്ധീകരണശാലകൾവഴി അണുവിമുക്തമാക്കിയാണ് ശുദ്ധജലം ജനങ്ങളിലേയ്ക്കെത്തിക്കുന്നത്. ജെ.ജെ.എം. സർവ്വേയുടെ ഭാഗമായി എല്ലാ ലാബുകളിലും ഗ്രാമീണ വീടുകളിൽനിന്നുള്ള കിണർ വെള്ളം, കുഴൽക്കിണർ, പൊതുകിണർ എന്നീ ജലസ്രോതസ്സുകളിലെ ജലപരിശോധന നടത്തിയിട്ടുണ്ട്. കിണർ വെള്ളത്തിൽ കുറഞ്ഞ പി.എച്ച്. മൂല്യം, ടർബിഡിറ്റി, ഇരുമ്പ്, കോളിഫോം, ഇ-കോളി എന്നീ ന്യൂനതകളാണ് കണ്ടെത്തിയിട്ടുള്ളത്. കിണർ വെള്ളത്തിലോ മറ്റ് ജലസ്രോതസ്സുകളിലോ ഏതെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ അത് ആ സ്ഥലത്തെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ അറിയിക്കുകയും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിവരം ധരിപ്പിക്കുകയും ചെയ്യുന്നു. ഈ ജലം ന്യൂനതകൾ പരിഹരിച്ചതിനുശേഷം ലാബുകളിൽ റീ-ടെസ്റ്റിന് വിധേയമാക്കപ്പെടുന്നു.

## പോളപായൽ നീക്കാൻ നടപടി

300 (1161) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിൽ പോളപായൽ തിങ്ങിനിൽക്കുന്നത് മത്സ്യത്തൊഴിലാളികളെയും ജലഗതാഗതത്തെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പോളപായൽ നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അരൂർ നിയോജകമണ്ഡലത്തിലെ ചെന്നംപള്ളിപ്പുറം, കോടംതുരുത്ത് പഞ്ചായത്തുകളിൽ വേമ്പനാട്ടുകായലിലും അനുബന്ധ കായലിലുമായി ജലഗതാഗതത്തിനും മത്സ്യബന്ധനത്തിനും തടസ്സമായി നിൽക്കുന്ന പോളനീക്കം ചെയ്യുന്നതിന് ഏകദേശം 10 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി

301 (1162) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും മലിനവുമായ കുടിവെള്ളം ലോറികളിലെത്തിച്ച് വിതരണം ചെയ്യുന്നത് തടയാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണ ശാലകളിലെ വെൻഡിംഗ് പോയിന്റുകളിൽനിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം ശാസ്ത്രീയമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി വാഹന രജിസ്ട്രേഷനും സാധുവായ ഫുഡ് സേഫ്റ്റി ലൈസൻസുമുള്ള ടാങ്കർ ലോറികളിലൂടെ മാത്രമേ വിതരണം നടത്താറുള്ളൂ.

(ബി) നിലവിലുള്ള ഓപ്പറേഷൻ പ്യുവർ വാട്ടർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

മധ്യമേഖലയ്ക്കുകീഴിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്ന ഓപ്പറേഷൻ പ്യുവർ വാട്ടർ പദ്ധതിക്കായി 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രകാരം നിലവിലുണ്ടായിരുന്ന 17 പോയിന്റുകൾക്കുപുറമെ 20 വെൻഡിംഗ് പോയിന്റുകൾ അധികമായി സ്ഥാപിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തിവരുന്നു. കൂടുതൽ വെൻഡിംഗ് പോയിന്റുകളുടെ ആവശ്യകത മാനിച്ച് 17 എണ്ണംകൂടി പുതുതായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി നടപ്പിലാക്കിവരുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

നിലവിൽ എറണാകുളം ജില്ലയിൽ മാത്രമാണ് ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി നടപ്പിലാക്കുന്നത്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

302 (1163) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി എത്ര കണക്ഷനുകൾ നൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(എ&ബി) ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**ജൽ ജീവൻ മിഷൻ പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

303 (1164) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം ലക്ഷക്കണക്കിന് ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾ ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾക്കായി അതോറിറ്റിയിൽ പുനഃസംഘടന ചർച്ചകൾ നടന്നുവരുന്നു. സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കുടിവെള്ള പൈപ്പ് ലൈനുകൾ പൊട്ടുന്നത് തടയാൻ അടിയന്തരമായി നടത്തുന്ന അറ്റകുറ്റപ്പണികൾക്കായി വാട്ടർ അതോറിറ്റി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റിസ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നത് തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തനക്ഷമമാണ്. കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, ഡെപ്പോസിറ്റ് വർക്കുകൾ തുടങ്ങിയ വിവിധ ഫണ്ടുകൾവഴി കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നു. ജൽ ജീവൻ മിഷൻ പ്രവൃത്തികളിലൂടെ ആവശ്യമായ സ്ഥലങ്ങളിൽ വിതരണ ലൈനുകൾ മാറ്റിസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുകൂടാതെ അമൃത് പദ്ധതിയിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്റ്റ് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുവാനും ലക്ഷ്യമിടുന്നു. കേരള വാട്ടർ

അതോറിറ്റിയിൽ സ്മാർട്ട് വാട്ടർ മാനേജ്മെന്റ് (SWM) പൈലറ്റ് പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിവരുന്നു. ശുദ്ധീകരണശാലകളിലെ പ്രധാന വിതരണ പൈപ്പിലെ ചോർച്ച കണ്ടെത്തുന്നതിന് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത Flow Failure Alert System (FFAS) പ്രധാന ജലശുദ്ധീകരണശാലകളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേയ്ക്ക് ആയതിന്റെ വിപുലീകരണവും നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടത്തിവരുന്നു. അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഒരു പ്രത്യേക ക്രൈസിസ് മാനേജ്മെന്റ് ടീം രൂപീകരിച്ച് വിപുലീകരിക്കുന്നതിനും അടിയന്തര അറ്റകുറ്റപ്പണികൾക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികളും നടന്നുവരുന്നു.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

304 (1165) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി 2021 മുതൽ നാളിതുവരെ ഗ്രാമീണ മേഖലയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയതിന്റെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി**

305 (1166) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി വിശദമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+ മഞ്ചേശ്വരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന മീഞ്ച, പൈവളിഗെ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സമ്പൂർണ്ണ കവറേജിലേയ്ക്കായി യഥാക്രമം 4385-ഉം 3223-ഉം വീടുകളുൾപ്പെടുത്തി 22.83 കോടി രൂപയുടെ ഭരണാനുമതി ജലനിധി മുഖേന നൽകിയിട്ടുണ്ട്. എന്നാൽ സ്രോതസിന്റെ അപര്യാപ്തതമൂലം ജെ.ജെ.എം.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി ഉപ്പള പുഴയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിലേയ്ക്കായുള്ള സാദ്ധ്യതാ പഠനം പൂർത്തിയാക്കി സ്രോതസ് ഉറപ്പുവരുത്തുന്നമുറയ്ക്ക് ജെ.ജെ.എം. പ്രവൃത്തികൾ ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണരീതി സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. നിലവിലുള്ള പദ്ധതിയിൽനിന്ന് കുടിവെള്ള കണക്ഷൻ നൽകുന്നതുകൂടാതെ പദ്ധതിയുടെ ശേഷിക്കനുസരിച്ച് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതും പദ്ധതിയില്ലാത്ത പഞ്ചായത്തുകൾക്കായി പുതിയ പദ്ധതി വിഭാവനം ചെയ്യുന്നതും ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ

അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും അംഗീകരിച്ചതിനുശേഷം സംസ്ഥാന വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) മീഞ്ച, വോർക്കാടി, മഞ്ചേശ്വരം, പൈവളിഗെ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതിക്ക് കരാറെടുത്ത കരാറുകാരുട പേരുവിവരങ്ങൾ, ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരങ്ങൾ, ഓരോ കരാറുകാർക്കും അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ?

വോർക്കാടി, മഞ്ചേശ്വരം പഞ്ചായത്തുകളിലെ കരാറെടുത്ത കരാറുകാരുടെ പേരുവിവരങ്ങൾ, ഏറ്റെടുത്ത പ്രവൃത്തിയുടെ പേര്, കരാർ തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+ മീഞ്ച, പൈവളിഗെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി ജലനിധിക്കാണ് നൽകിയിട്ടുള്ളത്. സ്രോതസിന്റെ അഭാവംമൂലം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിയിൽ കരാറുകാർക്ക് പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് അഡ്വാൻസ് തുക നൽകുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കരാറുകാർക്ക് പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് അഡ്വാൻസ് തുക നൽകാറില്ല.

(ഇ) പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; മോണിറ്ററിംഗ് ടീം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി പ്രവർത്തന പുരോഗതി

വിലയിരുത്തുന്നുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്രസർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതുകൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും

വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

**ജൽ ജീവൻ മിഷൻ**

306 (1167) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ടാപ്പിലൂടെ കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ജൽ ജീവൻ മിഷൻ. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റി, കെ.ആർ.ഡബ്ല്യൂ.എസ്.എ., ഭൂജല വകുപ്പ് എന്നീ വകുപ്പുകളെയാണ് നിർവ്വഹണ ഏജൻസികളായി

സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള ജല അതോറിറ്റിയാണ്. സംസ്ഥാനത്ത് ആകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ 17.50 ലക്ഷം വീടുകൾക്ക് ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പുതന്നെ കണക്ഷനുള്ളതാണ്. ബാക്കിയുള്ള വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ജൽ ജീവൻ മിഷൻ മുഖേന 53,34,736 കുടിവെള്ള കണക്ഷനുകൾക്കായി 40203.61 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഇതുവരെ 14,43,843 അധിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി പദ്ധതി 2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; ഓരോ പഞ്ചായത്തിലും നിലവിൽ പൂർത്തീകരിച്ചവയുടെയും ഇനി നിർമ്മാണം ആരംഭിക്കാനിരിക്കുന്ന പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

പുറക്കാട് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ - പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽനിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിപ്രകാരം 3622 എണ്ണം കുടിവെള്ള കണക്ഷൻ നൽകി പ്രവൃത്തി പൂർത്തീകരിച്ചു. പുറക്കാട് പഞ്ചായത്തിൽ ഒരു ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ 15 സെന്റ് സ്ഥലം പായൽകുളങ്ങരയിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയാലുടൻ പ്രവൃത്തി കരാർ നൽകി ആരംഭിക്കാവുന്നതാണ്.

അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ - പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽനിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന ആദ്യഘട്ട പ്രവൃത്തിപ്രകാരം 3311 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഉന്നതതല ജലസംഭരണി, ശേഷിക്കുന്ന കുടിവെള്ള കണക്ഷനുകളിൽ 823 കണക്ഷനുകൾ എന്നിവ പൂർത്തീകരിച്ചു. വിതരണശൃംഖല ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ - പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽനിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയിൽ 2544 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകി പ്രവൃത്തി പൂർത്തീകരിച്ചു. ഉന്നതതല ജലസംഭരണി നിർമ്മിക്കാനാവശ്യമായ 15 സെന്റ് സ്ഥലം അമ്പലപ്പുഴ പോലീസ് ക്വാർട്ടേഴ്സിനുസമീപം കൈമാറിയിട്ടുണ്ട്. മണ്ണ് പരിശോധനയും അനുബന്ധ പ്രവൃത്തികളും നടന്നുവരുന്നു. വിതരണശൃംഖലയുമായി ബന്ധപ്പെട്ട സർവ്വേ വർക്കുകൾ നടന്നുവരുന്നു.

പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ - പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽനിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയിൽ 2751 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ 15 സെന്റ് സ്ഥലം വിയാനി പള്ളിക്കുസമീപം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുന്നമുറയ്ക്ക് രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി ആഗ്മെന്റേഷൻ പ്രവൃത്തികൾക്കായി മണ്ണ് പരിശോധന നടത്തി സാങ്കേതികാനുമതി നൽകുകയും തുടർന്ന് കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതുമാണ്.

പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്തിൽ ആദ്യഘട്ടമായി 1970 കണക്ഷനുകളും രണ്ടാംഘട്ടമായി 1307 കണക്ഷനുകളും ആകെ 3277 കണക്ഷനുകളാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 2072 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

## വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം

307 (1168) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംഭരണിയിൽ ജലവിതരണ ആസ്തികളും അനുബന്ധ വിഭവങ്ങളും തയ്യാറാക്കാൻ സഹായകരമായ രീതിയിൽ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) ഉപയോഗിച്ച് ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖപ്പെടുത്തിയിട്ടുള്ള ആസ്തികൾ GIS അധിഷ്ഠിതമായ വെബ് പോർട്ടലിൽ ലഭ്യമാക്കി കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) അരുവിക്കര ജലസംഭരണിയുമായി ബന്ധപ്പെട്ട് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

അരുവിക്കര ജലസംഭരണിയുമായി ബന്ധപ്പെട്ട ജലശുദ്ധീകരണ ശാലകൾ, പമ്പ് ഹൗസുകൾ, ജലവിതരണ ലൈനുകൾ എന്നിവ നിലവിൽ GIS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

308 (1169) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

(എ&ബി) മാനന്തവാടി നയോജകമണ്ഡലത്തിൽ ഇടവക, തിരുനെല്ലി എന്നീ പഞ്ചായത്തുകളിൽ അനുമതി നൽകിയ ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഇടവക പഞ്ചായത്തിൽ ഇതുവരെ 2587 കണക്ഷനുകൾ

നൽകിയിട്ടുണ്ട്; പ്രവൃത്തി പുരോഗതിയിലാണ്. 2023 മാർച്ചോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തിരുനെല്ലി പഞ്ചായത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തിരുനെല്ലി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി വർക്ക് ഓർഡർ നൽകിയെങ്കിലും കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുന്നതിനുമുൻപേ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മാനന്തവാടി നിയോജകമണ്ഡലത്തിൽ വെള്ളമുണ്ട, തൊണ്ടർനാട്, തവിഞ്ഞാൽ, പനമരം എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മേൽപദ്ധതിയുടെ ഭാഗമായി തൊണ്ടർനാട്, തവിഞ്ഞാൽ, പനമരം എന്നീ പഞ്ചായത്തുകളിൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങളുടെ പെർമിസ്സീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ വെള്ളമുണ്ട പഞ്ചായത്തിൽ ജല ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം (സ്വകാര്യ സ്ഥലം) പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ബാണാസുര റിസർവോയറിൽ കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിനുള്ള അനുമതിയും ലഭ്യമായിട്ടില്ല. ആയതിനാൽ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിൽനിന്നും പ്രസ്തുത സ്ഥലങ്ങൾ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ എത്ര കുടിവെള്ള കണക്ഷനാണ് മാനന്തവാടി നിയോജകമണ്ഡലത്തിൽ നൽകാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) നിലവിൽ എത്ര കുടിവെള്ള കണക്ഷനാണ് മാനന്തവാടി നിയോജകമണ്ഡലത്തിലുള്ളതെന്ന് അറിയിക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലെ നിലവിലെ കുടിവെള്ള കണക്ഷനുകളുടെ ആകെ എണ്ണം - 7988

| | |
|---|---|
| ഗാർഹിക കണക്ഷൻ | 7101 |
| ഗാർഹികേതര കണക്ഷൻ | 866 |
| സ്പെഷ്യൽ കണക്ഷൻ | 21 |

## കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതി

309 (1170) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 81.81 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അഞ്ചിടത്തായി റവന്യൂ ഭൂമിയും രണ്ടിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. സംപും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ്, ഉപരിതലജല സംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്നസ്ഥലത്ത് 25 സെന്റ്, വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ്, കടൽകാണി പാറയിൽ 15 സെന്റ്, ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ് എന്നിവയാണ് ഏറ്റെടുക്കേണ്ടിയിരുന്ന റവന്യൂ വകുപ്പിന്റെ സ്ഥലങ്ങൾ. കൂടാതെ ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടം എന്നസ്ഥലത്ത് 15 സെന്റ് സ്ഥലവും കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടി എന്നസ്ഥലത്ത് വാമനപുരം നദിയോടുചേർന്ന് 25 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. നഗരൂർ

പഞ്ചായത്തിലെ നെല്ലിക്കുന്നിൽ കണ്ടെത്തിയ സ്ഥലമൊഴികെ ബാക്കിയുള്ളവ ഏറ്റെടുത്തുകൊണ്ട് 07-07-2022, 17-07-2022 തീയതികളിൽ ഉത്തരവായിരുന്നു. നെല്ലിക്കുന്നിൽ കണ്ടെത്തിയ സ്ഥലം കോടതി വ്യവഹാരത്തിലൂടെ സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയതിനാൽ മറ്റൊരു സ്ഥലം ലഭ്യമാകേണ്ടതുണ്ട്. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ 01-10-2022-ൽ നൽകുകയും കരാർ കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ തുടങ്ങിയിട്ടുമുണ്ട്. ടി പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡ് കുഴിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയിൽനിന്നും ലഭിക്കേണ്ടതുണ്ട്.

ടി പദ്ധതിയുടെ രണ്ടാംഘട്ടമായി ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതിക്ക് ജൽ ജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ പുരോഗമിക്കുകയുമാണ്.

**ജൽ ജീവൻ മിഷൻ വഴിയുള്ള കുടിവെള്ള കണക്ഷൻ**

310 (1171) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻവഴി കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

2024-ഓടുകൂടി കേരളത്തിലെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാൻ വിഭാവനം ചെയ്തിട്ടുള്ള ജൽ ജീവൻ മിഷൻ പദ്ധതിക്കുകീഴിൽ 53,34,736 കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനായി 40203.61 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 06-12-2022 വരെ 1443903 ഗാർഹിക കുടിവെള്ള കണക്ഷനുകൾ (27.14%) ജെ.ജെ.എം. പദ്ധതി മുഖാന്തരം നൽകിയിട്ടുണ്ട്. പദ്ധതിക്കുമുമ്പ് നിലവിലുണ്ടായിരുന്ന 17.50 ലക്ഷം ഗ്രാമീണ കണക്ഷനുകളുൾപ്പെടെ സംസ്ഥാനത്താകെ 31.93 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ആകെയുള്ള ഗ്രാമീണ വീടുകളുടെ 45.17 ശതമാനമാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഓരോ ജില്ലയിലും എത്ര കണക്ഷനുകളാണ് ലക്ഷ്യമിട്ടതെന്നും ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും എത്ര കണക്ഷനുകൾ നൽകിയെന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) എല്ലാവർക്കും കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ 5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,20,361.27 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾവഴി കുടിവെള്ളം ലഭ്യമാകുന്നതാണ്. ജൽ ജീവൻ മിഷൻ പദ്ധതിക്കുകീഴിൽ 06-12-2022 വരെ 1443903 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ആകെയുള്ള 70.68 ലക്ഷം ഗ്രാമീണ വീടുകളിൽ കണക്ഷനുകളുടെ എണ്ണം 31.93 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 45.17 ശതമാനമാണ്. 2024-ഓടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ-ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും നിലവിലുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളാണ് ജില്ലാതലത്തിൽ പദ്ധതികൾക്ക് ജില്ലാതല അനുമതി നൽകുന്നത്. ഇപ്രകാരം ജില്ലാതലത്തിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾക്കാണ് (ജൽ ജീവൻ മിഷനിലുൾപ്പെടുത്തി) കേന്ദ്ര-സംസ്ഥാനങ്ങളുടെ തുടർ അംഗീകാരം ലഭ്യമാക്കുന്നത്. ജൽ ജീവൻ പദ്ധതിയുടെ നിർവ്വഹണപുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജലവിഭവ വകുപ്പുമന്ത്രി എല്ലാ ജില്ലകളിലെയും ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതിയുടെ പുരോഗതി കേന്ദ്രസർക്കാരും നിരന്തരം

വിലയിരുത്തുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്.

(ഡി) പൈപ്പിടുന്നതുമൂലം വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകളടക്കം എല്ലാ റോഡുകളും വാട്ടർ അതോറിറ്റി പുനഃസ്ഥാപിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി.) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികൾക്ക് അനുവദിച്ചിരുന്നുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തുകൾക്കാണ്. 15-ാം ധനകാര്യ കമ്മീഷന്റെ അൺറ്റൈഡ് ഗ്രാന്റും ഇതിനായി പഞ്ചായത്തുകൾക്ക്

ഉപയോഗിക്കുവാൻ അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) ദേശീയ പാതകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി തടസ്സമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉന്നതതല ഇടപെടൽവഴി പ്രശ്നപരിഹാരശ്രമം നടത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പുകളുടെ ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത്-ജലവിഭവ വകുപ്പുകളുടെ ഉന്നതതല സ്ഥിരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC) യോഗം ചേരുന്നുണ്ട്. മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന മുൻഗണനാ പട്ടികയിലുള്ള ജൽ ജീവൻ മിഷൻ പദ്ധതിക്കായി റോഡ്

കട്ടിംഗ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ വിവിധതലങ്ങളിൽ നേരിട്ട് ഇടപെടുന്നുണ്ട്.

ജൽ ജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകേണ്ടുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും അവ വിലയിരുത്തി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാനുമതി നേടുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യഥാസമയങ്ങളിൽ യോഗങ്ങളും നടത്തിവരുന്നുണ്ട്.

(എഫ്) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി 2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനം**

311 (1172) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലക്ഷ്യമിട്ട് ആരംഭിച്ച ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിവിധ തലങ്ങളിൽ അവലോകനം നടത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയിലൂടെയുള്ള പ്രതിദിന ആളോഹരി ജലലഭ്യത കേന്ദ്ര-സംസ്ഥാനാടിസ്ഥാനത്തിൽ എത്രയെന്നാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിനടിസ്ഥാനമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം പദ്ധതിയിലൂടെയുള്ള പ്രതിദിന ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്ററായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ ജല ഉപഭോഗ സാഹചര്യം പരിഗണിച്ച് ഇത് 100 ലിറ്റർ എന്ന കണക്കിലാണ് നടപ്പിലാക്കിയിരിക്കുന്നത്. രാജ്യത്തെ മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുമ്പോൾ കേരള സംസ്ഥാനത്ത് നഗര-ഗ്രാമ വ്യത്യാസമില്ലാത്ത തരത്തിലുള്ള ആവാസവ്യവസ്ഥയാണ് നിലവിലുള്ളത്. മാത്രമല്ല സംസ്ഥാനത്ത് ഗ്രാമീണ മേഖല നഗര സ്വഭാവമുള്ളതുമാണ്. കൂടാതെ കേന്ദ്രസർക്കാർ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് രാജ്യത്ത് മുമ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ പരാജയകാരണങ്ങൾ പഠിക്കുന്നതിനും ജൽ ജീവൻ മിഷൻ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനുമായി ഡോ. ആർ. സി. പാണ്ടയുടെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശമനുസരിച്ച് രാജ്യത്ത് ജനസാന്ദ്രത കൂടിയതും അയ്യായിരത്തിലധികം ജനസംഖ്യയുള്ളതും നഗരസ്വഭാവത്തോടുകൂടിയതുമായ ഗ്രാമപ്രദേശങ്ങളിൽ ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞത് 100 ലിറ്റർ എന്ന നിരക്കിൽ ആയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽസാഹചര്യങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്ത് പ്രതിദിന ആളോഹരി ജലലഭ്യത 100 ലിറ്റർ എന്ന നിരക്കിൽ നിശ്ചയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിക്കായി ഉപരിതല ജലസ്രോതസുകളെ അടിസ്ഥാനമാക്കുന്നതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉപരിതല ജലസ്രോതസുകളെ ആശ്രയിക്കുന്നതിലൂടെ സ്രോതസുകളുടെ സുസ്ഥിരത ഉറപ്പാക്കാനും രാസമാലിന്യങ്ങളെ ഒഴിവാക്കാനുമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ അമിതമായ ഭൂജല ചൂഷണം ഒഴിവാക്കി പരിസ്ഥിതി സുരക്ഷ ഉറപ്പാക്കാനും കഴിയുന്നതാണ്. ഭൂജല സ്രോതസുകളെ ആശ്രയിച്ചുള്ള ചെറുകിട പദ്ധതികൾ സംസ്ഥാനത്തെ ജനസംഖ്യയും ജനസാന്ദ്രതയും പരിഗണിച്ചാൽ പ്രായോഗികമല്ല. ഭൂജല സ്രോതസുകൾ വേനൽക്കാലത്ത് വറ്റിവരണ്ട് ഉപയോഗക്ഷമമല്ലാതാവുന്നതിനാൽ ജലസുസ്ഥിരത ഉറപ്പുള്ള (perennial) ഉപരിതല ജലസ്രോതസുകളെ ആശ്രയിച്ചുള്ള കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്തെ സാഹചര്യങ്ങൾക്ക് അനുയോജ്യമായിട്ടുള്ളത്. ഇതിനുപുറമെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് കുറഞ്ഞത് 30 വർഷത്തെ ആവശ്യകത നിറവേറ്റത്തക്കതരത്തിലാണ്. മേൽസാഹചര്യങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്ത് ഉപരിതല ജലസ്രോതസുകളെ ആശ്രയിച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്.

ജൽ ജീവൻ മിഷൻ പദ്ധതി 2024-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കാരോട്-കുളത്തൂർ കുടിവെള്ള പദ്ധതി**

312 (1173) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കാരോട്-കുളത്തൂർ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുവാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ?

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബിവഴി 89.189 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലങ്ങൾ ലഭ്യമാകാനുണ്ടായ കാലതാമസം പദ്ധതി വൈകാനിടയാക്കിയിട്ടുണ്ട്. കുളത്തൂർ പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള സംഭരണിക്കുള്ള സ്ഥലം ലഭ്യമായിട്ടില്ല. പദ്ധതിയുടെ തടയണയൊഴികെയുള്ള എല്ലാ ഘടകങ്ങളുടെയും ദർഘാസുകൾ ക്ഷണിക്കുകയും അടങ്കൽ തുകയെക്കാളും കൂടുതൽ തുക ക്വാട്ട് ചെയ്യുതിനാൽ ആയതുസംബന്ധിച്ച് കൈക്കൊള്ളേണ്ട തുടർനടപടികൾ സർക്കാർ

പരിശോധിച്ചുവരുന്നു. തടയണയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പദ്ധതിയുടെ തടയണ ഒഴികെയുള്ള എല്ലാ ഘടകങ്ങളുടെയും ദർഘാസുകൾ ക്ഷണിക്കുകയും അടങ്കൽ തുകയെക്കാളും കൂടുതൽ തുക ക്വാട്ട് ചെയ്തതിനാൽ ആയതുസംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. തടയണയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**തഴക്കര കന്നിവേൽ കുടിവെള്ള പദ്ധതി**

313 (1174) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര കന്നിമേൽ കുടിവെള്ള പദ്ധതിയാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിയെന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

തഴക്കര കന്നിമേൽ കുടിവെള്ള പദ്ധതിക്കുവേണ്ടി കേരളാ ജല അതോറിറ്റി 1,40,00,000/- (ഒരു കോടി നാൽപ്പത് ലക്ഷം) രൂപയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. തഴക്കര ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് അടച്ചിരുന്ന 99,99,500/- (തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി അഞ്ഞൂറ് രൂപ) രൂപയുടെ ബാക്കി തുകയായ 40,00,500 (നാൽപത് ലക്ഷത്തി അഞ്ഞൂറ് രൂപ) 28-01-2022, 29-01-2022 തീയതികളിലായി പഞ്ചായത്ത് ജല അതോറിറ്റിയിൽ അടയ്ക്കുകയും ആകെ 1,40,00,000 (ഒരു കോടി നാൽപ്പത് ലക്ഷം) രൂപയുടെ എഗ്രിമെന്റ് 31-01-2022-ൽ തഴക്കര പഞ്ചായത്തും ജല അതോറിറ്റിയും തമ്മിൽ നടത്തുകയുമുണ്ടായി. 24-03-2022-ൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും 04-04-2022-ൽ സമർപ്പിക്കത്തക്കവിധം ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഓഫറുകൾ ലഭിക്കാത്തതിനാൽ ദർഘാസ് സമർപ്പിക്കേണ്ട തീയതി 11-04-2022-ലേയ്ക്കും 20-04-2022-ലേയ്ക്കും തുടർന്ന് 27-04-2022-ലേയ്ക്കും നീട്ടിനൽകുകയുണ്ടായി. തുടർന്നും കരാറുകാർ പങ്കെടുക്കാതിരുന്നതിനാൽ 28-04-2022-ൽ ദർഘാസ് റദ്ദ് ചെയ്യുകയും 28-04-2022-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൻപ്രകാരം ദർഘാസ് സമർപ്പിക്കേണ്ട തീയതി 10-05-2022 ആയിരുന്നു. പുനർദർഘാസിലും ഓഫറുകളൊന്നും ലഭിക്കാതിരുന്നതിനാൽ തുടർന്ന് ദർഘാസ് സമർപ്പിക്കേണ്ട തീയതി 17-05-2022-ലേയ്ക്ക് നീട്ടി

നൽകിയെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുത്തില്ല. ഇപ്പോൾ എസ്റ്റിമേറ്റ് PRICE 3-യിലേയ്ക്ക് മാറ്റിക്കൊണ്ട് ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു.

(ബി) തഴക്കര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി അച്ചൻ കോവിൽ നദിയിൽ കിണറും കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ്ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ 30 MLD ശുദ്ധീകരണശാലയും ഉന്നതതല ജലസംഭരണികളും വിതരണ ശൃംഖലകളുമുൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതിൽ ചെട്ടികുളങ്ങര, തഴക്കര എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികൾ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി. ചെട്ടികുളങ്ങര പഞ്ചായത്തിന് 81.49 കോടി രൂപയും തഴക്കര പഞ്ചായത്തിന് 78.41 കോടി രൂപയും ഭരണാനുമതി നൽകി. ടി പഞ്ചായത്തുകളിൽ തഴക്കര ഗ്രാമപഞ്ചായത്ത് ജലസംഭരണി നിർമ്മാണത്തിനായുള്ള സ്ഥലം കൈമാറി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരുന്നു. ടി പഞ്ചായത്തുകളിലെ പ്രവൃത്തികൾ കരാർ നൽകി ഉടൻ ആരംഭിക്കുന്നതാണ്.

## ജൽ ജീവൻ മിഷൻ പദ്ധതി

314 (1175) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനിലുൾപ്പെടുത്തി എത്ര പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമെന്ന് പദ്ധതി വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക, പദ്ധതി വേർതിരിച്ച് വിശദമാക്കാമോ?

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 13 പദ്ധതികളാണ് നടപ്പിലാക്കുന്നത്. നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ആകെ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും ഇതിൽ എത്ര തുകയുടെ പദ്ധതികൾ പൂർത്തിയായെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി, അവയുടെ നടത്തിപ്പ് എന്നിവയുൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി&ഇ) ആകെ 29143.44 ലക്ഷം രൂപയുടെ പദ്ധതികളാണ് ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നത്. അതിൽ 2740.69 ലക്ഷം രൂപയുടെ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി, അവയുടെ നടത്തിപ്പ് എന്നിവയുൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

315 (1176) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്കാണ് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലെയും ജൽ ജീവൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോട്ടൂർ, നടുവണ്ണൂർ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പൈപ്പ് ലൈൻ പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്ത് റോഡുകൾ റീടാർ ചെയ്ത് നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പൈപ്പ് ലൈൻ പ്രവൃത്തികൾക്കുശേഷം ഗ്രാമപഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതിയിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി 15-ാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. നാലും അഞ്ചും

ഘട്ടങ്ങളിൽ നൽകിയ ഭരണാനുമതിയിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

**ജൽ ജീവൻ മിഷൻ**

316 (1177) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അവസാനിക്കുന്നതിനുമുമ്പായി ജൽ ജീവൻ മിഷന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുംവിധം മിഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ. പദ്ധതി നിർവ്വഹണത്തിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായി ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണ

മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജലവിഭവ വകുപ്പുമന്ത്രി ജില്ലകൾതോറും നേരിട്ട് എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്രസർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതുകൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ

നിർവ്വഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി 2024- ഓടുകൂടി പൂർത്തീകരിക്കാനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്.

(ബി) ആകെ എത്ര ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനാണ് പദ്ധതിയിട്ടിരുന്നത്; നിലവിൽ എത്ര ജില്ലകളിൽ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. ഇതിനോടകം സംസ്ഥാനത്തെ 36 ഗ്രാമപഞ്ചായത്തുകളിൽ 100% കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ പ്രവൃത്തികൾ പൂർത്തീകരിച്ച ജില്ലകളില്ല.

(സി) പ്രതികൂല കാലാവസ്ഥയും ഭൂമി ലഭ്യതയുൾപ്പെടെ പ്രാദേശികമായുണ്ടാകുന്ന പ്രശ്നങ്ങളും പദ്ധതി പ്രവർത്തനത്തെ മന്ദീഭവിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) പദ്ധതിയുടെ കാര്യക്ഷമമായ പുരോഗതി ഉറപ്പാക്കുന്നതിന് മന്ത്രിയുടെ ഓഫീസിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്.

**മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

317 (1178) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി, ഇരുമ്പുഴി, കരുമാഞ്ചേരിപറമ്പ് എന്നീ കുടിവെള്ള പദ്ധതികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി, കരുമാഞ്ചേരിപറമ്പ് പ്രദേശങ്ങൾക്കായി ആനക്കയം പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി 2697 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആനക്കയം പഞ്ചായത്തിനായുള്ള ജല ശുദ്ധീകരണശാലയുടെയും മറ്റ് ഘടകങ്ങളുടെയും ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം മുനിസിപ്പാലിറ്റിയിലെ മേൽമുറി പ്രദേശം ഭാഗികമായി ഉൾപ്പെടുന്ന രീതിയിൽ അമൃത് 2.0 പദ്ധതിയിൽ ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി 7.60 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. കൂടാതെ മേൽപ്രദേശവും മലപ്പുറം മുനിസിപ്പാലിറ്റിയിൽ പാണക്കാട് വില്ലേജിലുംകൂടി കുടിവെള്ളം വിതരണം ചെയ്യുന്നതിനായി നഗരസഞ്ചയം പദ്ധതിയിൽ 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ ഏത് സ്കീമിലുൾപ്പെടുത്തിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

ഇരുമ്പുഴി, കരുമാഞ്ചേരിപറമ്പ് പ്രദേശത്തെ കുടിവെള്ള പദ്ധതിക്കായി ജൽ ജീവൻ മിഷനിലുൾപ്പെടുത്തിയാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. മേൽമുറി പ്രദേശത്തെ കുടിവെള്ള പദ്ധതിക്കായി നഗരസഞ്ചയം എന്ന സ്കീമിലുൾപ്പെടുത്തിയാണ് ഭരണാനുമതി നല്കിയിട്ടുള്ളത്.

(സി) രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**എറണാകുളം ജില്ലയിൽ അമൃത് പദ്ധതിയിലെ ഓവർഹെഡ് ടാങ്കുകൾ**

318 (1179) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി എത്ര ഓവർഹെഡ് ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്; ഓരോ ടാങ്കിന്റെയും കപ്പാസിറ്റി എത്രയാണെന്ന് വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി ചുവടെചേർക്കുന്ന ആറ് ഓവർ ഹെഡ് ടാങ്കുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

- തേവര – 10 LL (ലക്ഷം ലിറ്റർ)
- വടതോട്- 15 LL
- കലൂർ - 40 LL
- പാച്ചാളം - 17 LL
- കരുവേലിപ്പടി - 25 LL
- ഇടക്കൊച്ചി -13 LL

(ബി) ഇപ്പോൾ എത്ര ഓവർഹെഡ് ടാങ്കുകൾ നിലവിലുണ്ട്; ഓരോ ടാങ്കിന്റെയും കപ്പാസിറ്റി എത്രയാണ്?

മേൽപ്പറഞ്ഞവ കൂടാതെ കൊച്ചി കോർപ്പറേഷൻ പരിധിയിൽ മുൻകാലങ്ങളിൽ പണി കഴിപ്പിച്ച OH ടാങ്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ ടാങ്കുകളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ ടാങ്കുകളിലേയ്ക്ക് വെള്ളമെത്തിച്ചാൽ മാത്രമേ കൊച്ചി നഗരത്തിലും പരിസരപ്രദേശത്തും ശുദ്ധജല വിതരണം കാര്യക്ഷമമായി നടത്താൻ കഴിയൂവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടാങ്കുകളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തേവര ടാങ്കിലേയ്ക്ക് ജലമെത്തിക്കുന്നതിനുള്ള ഭൂഗർഭജല ടാങ്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. കലൂർ ഓവർ ഹെഡ് ടാങ്കിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ പ്രവൃത്തി ടെണ്ടർ ഘട്ടത്തിലാണ്; മറ്റ് പ്രവൃത്തികൾ നിർമ്മാണ ഘട്ടത്തിലാണ്.

## കാഞ്ഞിരപ്പുഴ ഉദ്യാനത്തിലെ വാട്ടർ പ്യൂരിഫയർ

319 (1180) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഉദ്യാനത്തിലെ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട പരാതി എം.ഐ. 2/190/22 ഫയൽപ്രകാരം ചീഫ് എഞ്ചിനീയർ (ഐ&എ)-ക്ക് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നൽകിയത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ഐ&എ) സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ അടിയന്തര അന്വേഷണം നടത്തി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) കാഞ്ഞിരപ്പുഴ ഉദ്യാനത്തിലെ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ ഐ.&എ.-യ്ക്ക് 09-11-2022 ലെ എം.ഐ. 2/190/2022 നമ്പർ കത്തുപ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി

320 (1181) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഓരോ പദ്ധതിക്കായും കണ്ടെത്തിയിട്ടുള്ള ജലസ്രോതസുകൾ സംബന്ധിച്ച വിവരവും വർഷം മുഴുവൻ ജലലഭ്യത ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

തിടനാട്, പൂഞ്ഞാർ, പൂഞ്ഞാർതെക്കേക്കര, തീക്കോയി, കൂട്ടിക്കൽ പഞ്ചായത്തുകൾക്കായി ഇടുക്കി ജില്ലയിലെ മുട്ടം, മാതപ്പാറയിൽ മലങ്കര ഡാമിൽ കിണർ നിർമ്മിച്ചാണ് പദ്ധതിക്കാവശ്യമായ ജലം ശേഖരിക്കുന്നത്. തുടർന്ന് ഈ ജലം നീലൂരിൽ സ്ഥാപിക്കുന്ന 40 ദശലക്ഷം ശേഷിയുള്ള ജല ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ളം വിതരണം നടത്തുന്നു. ഈ പദ്ധതിയുടെ ജലസ്രോതസ് സുസ്ഥിരമാണ്.

എരുമേലി പഞ്ചായത്തിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്താൻ എരുമേലി കെ.എസ്.ഇ.ബി. ഡാമിനുള്ളിലാണ് കുടിവെള്ള പദ്ധതിക്കാവശ്യമായ കിണറും പമ്പ്ഹൗസും നിർമ്മിക്കാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകൾക്ക് ജലലഭ്യത ഉറപ്പുവരുത്താൻ മൂറിക്കയത്ത് കിണർ നിർമ്മിക്കുന്നതിനുസമീപം ചെക്ക്

ഡാം നിർമ്മിക്കുന്നത് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പാറത്തോട് പഞ്ചായത്തിലെ പദ്ധതിയുടെ സ്രോതസായ മണിമലയാറിലെ വലിയകയത്ത് ജലസേചന വകുപ്പിന്റെ ചെക്ക് ഡാമിനുമുകളിലായിട്ടാണ് പുതിയ കിണർ സ്ഥാപിക്കുന്നത്. ചെക്ക് ഡാം നിലവിലുള്ളതിനാൽ ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും. ഇതിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഡീസാലിനേഷൻ പ്ലാന്റ്**

321 (1182) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രാരംഭ ചർച്ച 06-11-2021-ൽ മുനമ്പം ഹാർബർ കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. തുടർന്ന് 07-11-2021-ൽ സ്ഥലം എം.എൽ.എ., ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ ചർച്ചയുടെ വിശദാംശങ്ങൾ അറിയിക്കുകയുണ്ടായി. ടി പ്രോജക്ടിന്റെ PER

തയ്യാറാക്കുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT)-യോട് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത PER നവംബർ 2021-ൽ NIOT സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി PER പഞ്ചായത്ത് അധികൃതർ, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി, മത്സ്യത്തൊഴിലാളി എന്നിവരുടെ പ്രതിനിധികൾക്കായി വീഡിയോ കോൺഫറൻസ് വഴി 14-01-2022-ൽ അവതരിപ്പിക്കുകയും ചെയ്തു. 21-08-2022-ൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഡി.ഡി.സി. യോഗതീരുമാനപ്രകാരം 12-10-2022-ൽ കുഴുപ്പിള്ളി വില്ലേജ് അധികൃതർ, വാട്ടർ അതോറിറ്റി അധികൃതർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ സ്ഥലപരിശോധന നടത്തുകയും നിർദ്ദിഷ്ട പദ്ധതിക്കായി കുഴുപ്പിള്ളി വില്ലേജ് ബ്ലോക്ക് 1 റീസർവ്വേ 12/2-ന് പടിഞ്ഞാറ് ഭാഗത്ത് സർവ്വേ പൂർത്തിയാക്കാത്ത ഭൂമിയായ 60 സെന്റ് സ്ഥലം (കടൽഭിത്തിക്ക് പടിഞ്ഞാറ് ഭാഗം) ലഭ്യമാക്കുന്നതിനുവേണ്ടി റീസർവ്വേ നടത്തുന്നതിനും തുടർനടപടികൾക്കുമായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കൂടാതെ NIOT-യുടെ സഹായത്തോടെ ടി പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ കുഴപ്പിള്ളി വില്ലേജിലെ അറുപത് സെന്റ് സ്ഥലം ജല അതോറിറ്റിക്ക് ലഭ്യമാക്കുന്നതിൽ തടസ്സമുണ്ടോ?

തടസ്സമുണ്ട്.

(സി) എങ്കിൽ പ്രസ്തുത തടസ്സം ഒഴിവാക്കികിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

നിർദ്ദിഷ്ട പദ്ധതിക്കായി കുഴപ്പിള്ളി വില്ലേജ് ബ്ലോക്ക് റീസർവ്വേ 12/2-ന് പടിഞ്ഞാറ് ഭാഗത്ത് സർവ്വേ പൂർത്തിയാക്കാത്ത ഭൂമിയായ 60 സെന്റ് സ്ഥലം (കടൽഭിത്തിക്ക് പടിഞ്ഞാറ് ഭാഗം) ലഭ്യമാക്കുന്നതിനായി റീസർവ്വേ നടത്തുന്നതിനും തുടർനടപടികൾക്കുമായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും നിലവിലുള്ള നിയമപ്രകാരം ഭൂമി കൈമാറ്റം, ഉപയോഗാനുമതി തുടങ്ങിയ വിഷയത്തിൽ സർക്കാരിന്റെ സേവന വകുപ്പുകളല്ലാത്ത സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽനിന്ന് അനുമതി വാങ്ങേണ്ടതാണെന്നും കേരള വാട്ടർ അതോറിറ്റി സേവന വകുപ്പല്ലാത്തതിനാൽ നിലവിലുള്ള നിയമപ്രകാരം കമ്പോളവില ഈടാക്കി ഭൂമി പതിച്ചോ, പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചുവരുന്നതെന്നും അപ്രകാരം അപേക്ഷ സമർപ്പിച്ചാൽമാത്രമേ

തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ജില്ലാകളക്ടറുടെ ഓഫീസിൽനിന്നും അറിയിക്കുകയുണ്ടായി. ആയതിൻപ്രകാരം തുടർനടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.

**ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ വിതരണശേഷി വർദ്ധിപ്പിക്കാൻ നടപടി**

322 (1183) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ കിഫ്ബി പ്രോജക്ടിലുൾപ്പെടുത്തിയിരുന്ന അമ്പലപ്പുഴ-ആലപ്പുഴ നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ വിതരണശേഷി വർദ്ധിപ്പിക്കലും ആധുനികവൽക്കരണവും എന്ന പദ്ധതിയിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്?

ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ-ആലപ്പുഴ നിയോജകമണ്ഡലങ്ങളിലായി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ചന്ദനക്കാവ്, ചുടുകാട് എന്നിവിടങ്ങളിൽ യഥാക്രമം 12, 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണവും ആലപ്പുഴ

മുനിസിപ്പാലിറ്റിയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 25, 30, 31 മുതൽ 44 വരെയുള്ള വാർഡുകളിലായി 157 കിലോമീറ്റർ ജലവിതരണ ശൃംഖലയുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കുമാത്രമായി എത്ര രൂപയാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ചന്ദനക്കാവ്, ചുടുകാട് ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി 12.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുകയാണ്. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 25, 30, 31 മുതൽ 44 വരെയുള്ള വാർഡുകളിലായി 157 കിലോമീറ്റർ ജലവിതരണ ശൃംഖലയുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്കായി 63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്കുവേണ്ടി പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കേടായ മീറ്ററുകൾമൂലം ഉപഭോക്താക്കൾക്ക് വൻ തുകയുടെ ബില്ലുകൾ**

323 (1184) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതുമൂലം ഉപഭോക്താക്കൾ വൻതുക വാട്ടർ ചാർജ്ജ് അടയ്ക്കേണ്ടിവരുന്ന സാഹചര്യമൊഴിവാക്കാൻ മീറ്റർ റീഡിംഗ് കൃത്യമായി നടത്താൻ നടപടി സ്വീകരിക്കുമോ?

മീറ്റർ റീഡിംഗ് ഓരോ രണ്ടുമാസം കൂടുമ്പോഴും കൃത്യമായി രേഖപ്പെടുത്തി ബിൽ നൽകിവരുന്നു. ഉപഭോക്താക്കൾക്കുതന്നെ സ്വയം റീഡിംഗ് എടുത്ത് ബില്ലുകൾ ലഭ്യമാക്കുന്നതിനുള്ള സെൽഫ് റീഡിംഗ് മൊബൈൽ ആപ്ലിക്കേഷൻ അതോറിറ്റിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നാല് സെക്ഷനുകളിൽ (തൃപ്പൂണിത്തുറ, തൊടുപുഴ, പാളയം, പാറ്റൂർ) നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ റീഡിംഗ് സംബന്ധിച്ച പരാതികൾ പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതാണ്.

(ബി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; മീറ്റർ കേടായതിന്റെ പേരിൽ ഉപഭോക്താക്കൾക്ക് വൻതുകയുടെ ബിൽ വരുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

മീറ്ററുകൾ കേടായാൽ ഉടൻതന്നെ പ്രസ്തുത മീറ്ററുകൾ മാറ്റി പുതിയത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉപഭോക്താക്കൾക്ക് നോട്ടീസ്

നൽകാറുണ്ട്. ഇപ്രകാരം മീറ്ററുകൾ സ്ഥാപിക്കാതിരുന്നാൽ 1991-ലെ കേരള വാട്ടർ സപ്ലൈ റെഗുലേഷൻ 12(e) പ്രകാരം മീറ്റർ പ്രവർത്തന രഹിതമായാൽ ആദ്യ ഒരുമാസം കഴിഞ്ഞ് മീറ്റർ പ്രവർത്തനക്ഷമമായ അവസാന മാസത്തെ വാട്ടർ ചാർജ്ജിന്റെ 25 ശതമാനവും അടുത്ത 2 മാസത്തേയ്ക്ക് 50 ശതമാനവും അതുകഴിഞ്ഞാൽ 100% സർചാർജ്ജായും ഈടാക്കുന്നതാണ്.

(സി) തിരുവനന്തപുരം ജില്ലയിൽ പോങ്ങുംമൂട് സെക്ഷന്റെ കീഴിൽ കൺസ്യൂമർ നമ്പർ എ.പി.ഡബ്ല്യു./1429/ ശ്രീ. രാമചന്ദ്രൻ നായർക്ക് 5 ലക്ഷം രൂപയുടെ ബിൽ വന്നതുസംബന്ധിച്ച് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതി പരിഹരിക്കാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർ അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; ഇതിൽ എന്ത് തീരുമാനം കൈക്കൊണ്ടുവെന്ന് വിശദീകരിക്കാമോ?

എ.പി.ഡബ്ല്യു./1429/D ശ്രീ. രാമചന്ദ്രൻ നായർക്ക് 5 ലക്ഷം രൂപയുടെ ബിൽ വന്നതുസംബന്ധിച്ച് നൽകിയ പരാതിയിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും മീറ്റർ തകരാറിലാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ബിൽ തുക ഈടാക്കാതെതന്നെ മീറ്റർ മാറ്റുന്നതിന് അനുമതി നൽകുകയും പുതിയ മീറ്റർ 26-11-2022-ൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ മീറ്ററിൽ ലഭ്യമാകുന്ന 3 റീഡിംഗുകൾ (6 മാസത്തെ) പ്രകാരം കുടിശ്ശിക പുനർനിർണ്ണയിക്കുന്നതാണ്. ഇതിനുശേഷം മാത്രമേ പരാതി പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത കൺസ്യൂമറുടെ മീറ്റർ മാറ്റിസ്ഥാപിച്ചിട്ടുണ്ടോ; വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് ഈ വ്യക്തിയുടെ പരാതിക്ക് ശാശ്വതപരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് സ്ഥലം സന്ദർശിച്ച് ഈ കൺസ്യൂമറുടെ പരാതിക്ക് ശാശ്വത പരിഹാരം കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) മീറ്റർ റീഡിംഗ് നടത്തിയയുടൻ ബിൽ ആവശ്യപ്പെട്ടാൽ ബിൽ നൽകണമെന്ന് വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

മീറ്റർ റീഡിംഗ് നടത്തിയയുടൻ ഉപഭോക്താക്കൾ ബിൽ ആവശ്യപ്പെട്ടാൽ പ്രിന്റ് ചെയ്ത ബിൽ നല്കാൻ വാട്ടർ അതോറിറ്റി

ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രീൻ ബിൽ ഓപ്റ്റ് ചെയ്ത ഉപഭോക്താക്കൾക്ക് അതിൻപ്രകാരവും ബിൽ നൽകിവരുന്നു.

**താന്നിക്കോട് മല കുടിവെള്ള പദ്ധതി**

324 (1185) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയാണ് താന്നിക്കോട് മല കേന്ദ്രമായി കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി ആവശ്യമായ ഭൂമിയേറ്റെടുക്കുന്നതിനുള്ള ചെലവ് വഹിക്കേണ്ടത് സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ശുദ്ധജല വിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജലശുദ്ധീകരണശാല 'കുളിമാട്' ആണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. കുളിമാട് ജലശുദ്ധീകരണ ശാലയിൽനിന്നും വരുന്ന ജലം താന്നിക്കോട്ടുമലയിൽ സ്ഥാപിക്കുന്ന 75 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലസംഭരണിയിൽനിന്നും ചാത്തമംഗലം,

ഉണ്ണികുളം, കട്ടിപ്പാറ, കിഴക്കോത്ത്, പുതുപ്പാടി, മടവൂർ, താമരശ്ശേരി, കോടഞ്ചേരി എന്നീ പഞ്ചായത്തുകൾക്കും കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കാരശ്ശേരിയും സമീപ പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിയിലുൾപ്പെടുന്ന ഓമശ്ശേരി, കൊടിയത്തൂർ (ഭാഗികമായി - 50%) എന്നീ പഞ്ചായത്തുകൾക്കുമാണ് ഈ പദ്ധതിവഴി ശുദ്ധജല വിതരണം നൽകാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതികൾക്കാവശ്യമായ താന്നിക്കോട് മലയിൽ സ്ഥാപിക്കുന്ന ജലസംഭരണി നിർമ്മിക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചെലവ് വഹിക്കുന്നതിലേയ്ക്കായി അതത് പഞ്ചായത്തുകൾ പ്രോജക്ട് പ്രൊപ്പോസൽ പഞ്ചായത്ത് ഭരണസമിതി അംഗീകാരത്തിനുശേഷം മേൽ നടപടികൾക്കായി ജില്ലാ പ്ലാനിംഗ് ഓഫീസിലേയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് എത്ര രൂപയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 701 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്.

(സി) പദ്ധതിയുടെ ഭാഗമായി കുടിവെള്ളം ലഭ്യമാക്കുന്ന പ്രദേശങ്ങളിൽനിന്നും കൊടുവള്ളി നഗരസഭയെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഗ്രാമീണ മേഖലയ്ക്കായുള്ള ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ചാത്തമംഗലത്തിനും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കിയതിൽ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ആവശ്യകതകൂടി കണക്കിലെടുത്താണ് പദ്ധതി രൂപകല്പന ചെയ്തത്. ടി നഗരസഭയിൽ നിലവിൽ ജലശുദ്ധീകരണശാലയുള്ള കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതിനാലും സ്ഥായിയായ സ്രോതസിന്റെ അഭാവവും കണക്കിലെടുത്താണ് ഈ പദ്ധതിയിൽ കൊടുവള്ളി നഗരസഭയുടെ ജല ആവശ്യകത പരിഗണിച്ചിരിക്കുന്നത്. എന്നാൽ ജൽ ജീവൻ മിഷൻ പദ്ധതി ഗ്രാമപ്രദേശങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ ടി പദ്ധതിയുടെ ഭാഗമായി കൊടുവള്ളി നഗരസഭയിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല.

**അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം**

325 (1186) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളും അതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണത്തിനായി 2016-17 സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിലുൾപ്പെടുത്തി ചെയ്ത പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ ഈ പ്രവൃത്തികളെല്ലാംതന്നെ പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

(ബി) ഈ പദ്ധതിക്കായി 2022-23-ൽ നീക്കിവച്ചിട്ടുള്ള തുകയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ?

ഈ പദ്ധതിക്കായി 2022-2023-ൽ ഒരു കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിൽ ആദ്യ ഗഡുവായി 33 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ബില്ലുകളുടെ സീനിയോറിറ്റി ലിസ്റ്റിൽ ആദ്യം നിൽക്കുന്ന ബിൽ തുക (41.82 ലക്ഷം രൂപ) വിടുതൽ നൽകുന്നതിനായി 33 ലക്ഷം രൂപ അപര്യാപ്തമായതിനാൽ നിലവിൽ 2022-2023-ൽ നീക്കിവച്ചിട്ടുള്ള തുകയിൽ ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല. ഈ ശീർഷകത്തിൽ ബാക്കി തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഞാങ്കടവ് കുടിവെള്ള പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

326 (1187) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ കിഫ്ബി, അമൃത് എന്നീ ഫണ്ടിംഗ് ഏജൻസികൾ മുഖാന്തരമാണ് നടന്നുവരുന്നത്. ടി പദ്ധതിക്ക് 11-01-2017-ൽ 235 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിലുൾപ്പെടുത്തി നൽകുകയും 12-02-2022-ൽ 104.423 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി അമൃതിൽനിന്നും നൽകുകയും ചെയ്തു. ആയതിന്റെ പ്രവർത്തനപുരോഗതി ചുവടെചേർക്കുന്നു.

1. 12 m വ്യാസമുള്ള ഞാങ്കടവിലെ കിണറിന്റെ നിർമ്മാണം:

15-02-2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

2. <u>തടയണ നിർമ്മാണം</u>:

ഞാങ്കടവിൽ നിർമ്മിക്കേണ്ട തടയണയുടെ എസ്റ്റിമേറ്റ് ജലസേചന, പൊതുമരാമത്ത് വകുപ്പുകളിൽനിന്നും റീകാസ്റ്റ് ചെയ്ത് ലഭിച്ചത് Price 3.0-ലുൾപ്പെടുത്തി തയ്യാറാക്കിവരുന്നു.

3. <u>റോ വാട്ടർ & ക്ലിയർ വാട്ടർ പമ്പ് സെറ്റ്</u>:

റാ വാട്ടർ & ക്ലിയർ വാട്ടർ പമ്പ് സെറ്റിന്റെ ദർഘാസ് പലതവണ ക്ഷണിച്ചിരുന്നെങ്കിലും ഓഫേഴ്സ് ഒന്നുംതന്നെ ലഭ്യമായിരുന്നില്ല. അതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വെരിഫിക്കേഷനുവേണ്ടി എക്സ്റ്റേർണൽ ഏജൻസിയായ M/s. DTS -ന് സമർപ്പിച്ചിട്ടുണ്ട്.

4. <u>ട്രാൻസ്ഫോർമർ ബിൽഡിംഗ്</u>:

ട്രാൻസ്ഫോർമർ ബിൽഡിംഗിന്റെ നിർമ്മാണം, നദിയുടെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിർമ്മാണത്തിന്റെ സെലക്ഷൻ നോട്ടീസ് 11-11-2022-ൽ കോൺട്രാക്ടർക്ക് നൽകിയിരുന്നെങ്കിലും അനുവദിച്ച തുകയ്ക്ക് പ്രവൃത്തി എറ്റെടുക്കാൻ കോൺട്രാക്ടർ വിസമ്മതം അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. റോ വാട്ടർ പമ്പിംഗ് മെയിൻ:

ഞാങ്കടവിൽനിന്നും വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട 28 Km, 1219 mm MS Pipe, നിലവിൽ 27 Km സ്ഥാപിച്ചിട്ടുണ്ട്. ടി വർക്കിന്റെ 98% പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 1Km Pipe സ്ഥാപിക്കുന്ന പ്രവൃത്തി Ministry of Road Transport and Highways (MORTH)-ന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

6. 100 MLD- ജലശുദ്ധീകരണശാല:

ടി പ്രവൃത്തിയുടെ 84% പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

7. ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ:

വസൂരിച്ചിറയിലുള്ള ജലശുദ്ധീകരണശാലയിൽനിന്നും മണിച്ചിത്തോടിൽ പുതുതായി നിർമ്മിച്ച 54 ലക്ഷം സംഭരണശേഷിയുള്ള ഉപരിതല സംഭരണിയിലേയ്ക്കുള്ള 3.7 km, 1016 mm MS Pipe സ്ഥാപിക്കേണ്ട പ്രവൃത്തിയിൽ 3.65 km സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മണിച്ചിത്തോട് ഉപരിതല സംഭരണിയിൽനിന്നും ആനന്ദവല്ലീശ്വരം ബൂസ്റ്റർ പമ്പ് ഹൗസിലേയ്ക്കുള്ള 914

mm MS Pipe 5.6 km ദൈർഘ്യത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ 5.5 km പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

8. ഉപരിതല സംഭരണി:

മണിച്ചിത്തോടുള്ള 54 ലക്ഷം സംഭരണശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണം 95% പൂർത്തീകരിച്ചുകഴിഞ്ഞു. അനുബന്ധ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

പമ്പ് സെറ്റുകളുടെ പ്രവൃത്തി, ട്രാൻസ്ഫോർമർ ബിൽഡിംഗിന്റെ പ്രവൃത്തി, PWD (MORTH)-യിൽനിന്നും അനുമതി ലഭിക്കേണ്ടതായ ഇളമ്പള്ളൂർ മുതൽ നന്തിരിക്കൽ വരെയുള്ള 1Km, 1219 mm MS Pipe സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ചാൽമാത്രമേ ഞാങ്കടവ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

പദ്ധതി നിർവഹണത്തിനുള്ള തടസ്സങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഇളമ്പള്ളൂർ മുതൽ നന്തിരിക്കൽ വരെയുള്ള റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതി MORTH-ൽ നിന്ന് ലഭിക്കാത്തതുമൂലം പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്.
2. ഞാങ്കടവ് പദ്ധതിയിലെ മണിച്ചിത്തോട് ഉപരിതല സംഭരണി മുതൽ ആനന്ദവല്ലീശ്വരം വരെ സ്ഥാപിക്കേണ്ട വിതരണശൃംഖലയിൽ കൊല്ലം

എ.ആർ. ക്യാമ്പിനുസമീപമുള്ള റെയിൽവേ ട്രാക്കിനടിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള 'push through work'- സമീപ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് വളരെ അധികമായതിനാൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ജലനിരപ്പ് താഴ്ന്നാൽമാത്രമെ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. എൻ.എച്ച്.എ.ഐ.-ൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയും പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ ബിൽഡിംഗ് എന്നീ ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തശേഷം ഒരു വർഷത്തിനകം ഈ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

3. ഞാങ്കടവിൽ നിർമ്മിക്കേണ്ട തടയണയുടെ പ്രവൃത്തി :-

അമൃത് 1.0 സാമ്പത്തികാനുമതി 2023 മാർച്ചുവരെ മാത്രമേ ലഭ്യമാകുകയുള്ളൂ. മേൽപ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി പ്രസ്തുത കാലാവധിക്കുള്ളിൽ ലഭ്യമായാൽമാത്രമേ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ കഴിയൂ.

**ജൽ ജീവൻ പദ്ധതി**

327 (1188) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി ജലവിതരണം നടത്താൻ കഴിയാത്ത ഉയർന്ന പ്രദേശങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ അത്തരം ഉയർന്ന പ്രദേശങ്ങളുള്ളതായി കണ്ടെത്തിയിട്ടില്ല.

**വർക്കല നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

328 (1189) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി മുൻസർക്കാരിന്റെ കാലയളവ് മുതൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി മുൻസർക്കാരിന്റെ കാലയളവ് മുതൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർക്കല നിയോജകമണ്ഡലത്തിലുൾപ്പെട്ട വെട്ടൂർ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലുൾപ്പെട്ട അഞ്ചുതെങ്ങ് പഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെയും ജനങ്ങൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയായ കാക്കക്കുഴി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് എൻ.ആർ.ഡി.ഡബ്ല്യു.പി.-യിലുൾപ്പെടുത്തി 01-02-2014-ൽ 356 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുകയുമുണ്ടായി. വെട്ടൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകളിലെ 13500-ഓളം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽ ജീവൻ മിഷനിലുൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ:

1. വർക്കല മുനിസിപ്പാലിറ്റിക്ക് സമീപമുള്ള പഞ്ചായത്തുകളായ ചെറുന്നിയൂർ, ചെമ്മരുതി, വെട്ടൂർ, ഒറ്റൂർ, മണമ്പൂർ, ഇടവ, ഇലകമൺ എന്നിവയ്ക്ക് ജലശുദ്ധീകരണശാലയുൾപ്പെടെയുള്ള സമഗ്രകുടിവെള്ള പദ്ധതിക്ക് 26092.76 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ 23 എം.എൽ.ഡി. ശേഷിയുള്ള

ജലശുദ്ധീകരണശാല, ജലസംഭരണികൾ, ജലവിതരണ ശൃംഖലകൾ, ഏഴ് പഞ്ചായത്തുകളിലുമായി 12609 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയുൾപ്പെടുന്നു. പദ്ധതി 14 പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. അതിൽ ജലശുദ്ധീകരണശാല ഉൾപ്പെടുന്ന പാക്കേജിന്റെ കരാർ നൽകിക്കഴിഞ്ഞു. മറ്റുള്ള ഘടകങ്ങളുടെ പ്രവൃത്തികളും ടെണ്ടർ നടപടികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

2. വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 18326.28 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, ജലസംഭരണികൾ, ജലവിതരണശൃംഖലകൾ, മൂന്ന് പഞ്ചായത്തുകളിലുമായി 8573 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയുൾപ്പെടുന്നു. പദ്ധതി പല പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. അവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

3. ഇടവ, ഇലകമൺ, ചെമ്മരുതി, വെട്ടൂർ, നാവായിക്കുളം, മടവൂർ, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിലായി 20521 കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 3043 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 17855 കണക്ഷൻ നൽകിക്കഴിഞ്ഞു. കൂടാതെ സ്റ്റേറ്റ് പ്ലാൻ, ഡെപ്പോസിറ്റ് പ്രവൃത്തികൾ, കോർപ്പസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നു.

(ബി) ആയതിനായി ചെലവഴിച്ചിട്ടുള്ള ഫണ്ടും വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾക്കാവശ്യമായ ഫണ്ടും എത്രയെന്ന് വിശദമാക്കുമോ?

വർക്കല നിയോജകമണ്ഡലത്തിൽ വിവിധ ജൽ ജീവൻ മിഷൻ പദ്ധതികൾ, ഡെപ്പോസിറ്റ് വർക്ക്, സ്റ്റേറ്റ് പ്ലാൻ, കോർപ്പസ് ഫണ്ട്, DRW work എന്നിവയ്ക്കായി ആകെ 3631.924 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2022-23-ലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പുതിയ പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+ ഇവ പൂർത്തിയാക്കുന്നതിന് 979.34 ലക്ഷം രൂപ ആവശ്യമാണ്.

**ജൽ ജീവൻ മിഷൻ മുഖേനയുള്ള കുടിവെള്ള പദ്ധതി**

329 (1190) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തവനൂർ നിയോജകമണ്ഡലത്തിലെ പുറത്തൂർ, മംഗലം, തൃപ്രങ്ങോട് പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ മുഖേനയുള്ള കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കുമോ?

തവനൂർ നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്, മംഗലം, പുറത്തൂർ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പഞ്ചായത്തുകൾക്കായുള്ള റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി അവാർഡ് ചെയ്ത് പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്. ടി പഞ്ചായത്തുകൾക്കുള്ള വിതരണ ശൃംഖലയും ഗാർഹിക കണക്ഷനും ഉൾപ്പെടുന്ന ടെണ്ടറുകളുടെ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലശുദ്ധീകരണശാലയും ജലസംഭരണികളും പമ്പുസെറ്റുകളും ഉൾപ്പെടുന്ന പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

തൃപ്രങ്ങോട് ഹൈ ലെവൽ സോണിലേയ്ക്ക് 8 ലക്ഷം ലിറ്റർ ടാങ്ക് നിർമ്മിക്കുന്നതിനായി തൃപ്രങ്ങോട് പഞ്ചായത്തിലെ ബീരാഞ്ചിറ ഭാഗത്ത് 8

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാക്കുന്നതോടുകൂടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

**വിളപ്പിൽ, വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതി**

330 (1191) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശം വ്യക്തമാക്കുമോ?

വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി തടയണ, കിണർ, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഉപരിതല ജലസംഭരണി മറ്റനുബന്ധ ഘടകങ്ങളുമുൾപ്പെടുത്തി ഒരു പദ്ധതി വിഭാവനം ചെയ്യുകയും 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി.-യിലൊടുക്കുകയും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി. ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി

കണക്ഷൻ ലഭ്യമായാൽ ട്രയൽ റൺ നടത്താനാകും. കൂടാതെ ജലശുദ്ധീകരണശാലയിൽനിന്നുള്ള മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള ഓടയുടെ നിർമ്മാണം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു.

(ബി) വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പദ്ധതിയുടെ പൂർത്തീകരണം എന്ന് സാദ്ധ്യമാക്കാനാകും; വിശദാംശം ലഭ്യമാക്കുമോ?

നബാർഡിന്റെ ധനസഹായത്തോടെ ആരംഭിച്ച പദ്ധതിക്ക് 3862.49 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചൂഴാറ്റുകോട്ട ജലശുദ്ധീകരണ ശാലയിൽ നിന്നുള്ള ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളിലെത്തിച്ച് വിതരണം ചെയ്തുവരികയുമാണ്. പള്ളിച്ചൽ പഞ്ചായത്തിലെ മൊട്ടമൂടിൽ നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയുടെയും പമ്പ് ഹൗസിന്റെയും പ്രവൃത്തികൾ സിവിൽ കേസ് കാരണം നിർത്തിവയ്ക്കേണ്ടി വന്നതിനാലും പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ, റെയിൽവേ, പൊതുമരാമത്ത് വകുപ്പ്, ദേശീയപാത വിഭാഗം എന്നിവിടങ്ങളിൽനിന്നുള്ള അനുമതി ലഭിക്കാത്തതിനാലും പദ്ധതി പൂർത്തീകരിക്കാനായില്ല. ഉപരിതല ജലസംഭരണിയുടെയും പമ്പ്

ഹൗസിന്റെയും നിർമ്മാണത്തിനെതിരെ ഒരു വ്യക്തി നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിൽ സ്റ്റേയുണ്ടാവുകയും കേസ് തുടരുകയുമാണ്. നിലവിലുണ്ടായിരുന്ന ഭരണാനുമതിയിൽ തുക തികയാത്തതിനാൽ ബാക്കി ഘടകങ്ങളായ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട ഉപരിതല സംഭരണി, വിളവൂർക്കൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട ഭൂതല ജലസംഭരണി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് 10.24 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽനിന്നും വീണ്ടും ലഭ്യമാവുകയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഭാഗികമായി ശുദ്ധജലവിതരണം നടത്താനും സാധിച്ചിട്ടുണ്ട്. അതേസമയം പൂവടയിലെ ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ജലസംഭരണിയിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലമെത്തിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് മുൻസിഫ് കോടതി മുമ്പാകെ കേസുള്ളതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ജലസംഭരണിയിലേയ്ക്കുള്ള വഴി സംബന്ധിച്ച് ഒരു വ്യക്തി നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെയും ഹൈക്കോടതി മുമ്പാകെയും കേസ് ഫയൽ ചെയ്തിട്ടുള്ളതും അതിൽ ഇതുവരെയും തീരുമാനമായിട്ടില്ലാത്തതുമാണ്. ഇപ്പോൾ ജൽ ജീവൻ മിഷനിലുൾപ്പെടുത്തി പള്ളിച്ചൽ പഞ്ചായത്തിലെ

മൊട്ടമൂടിലെ ജലസംഭരണികളുടെയും പമ്പ് ഹൗസിന്റെയും ഭരണാനുമതി വീണ്ടും നൽകിയിട്ടുണ്ട്. എന്നാൽ കേസ് ഒത്തുതീർപ്പാക്കുന്ന മുറയ്ക്കുമാത്രമേ ഈ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

## ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി

331 (1192) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

സ്റ്റേറ്റ് പ്ലാൻ ഒപ്റ്റിമൈസേഷൻ & ട്രാൻസ്മിഷൻ 2014-15-ൽ ഉൾപ്പെടുത്തി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കുവേണ്ടി മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി 17.95 കോടി രൂപയുടെ ഭരണാനുമതിയും ഒന്നാംഘട്ടത്തിലെ മറ്റ് ഘടകങ്ങൾക്കായി 2 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിശദവിവരവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

(ബി) മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും 2024 മാർച്ച് 31-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## വാട്ടർ അതോറിറ്റിയുടെ ഘടന പുനഃക്രമീകരിക്കാൻ നടപടി

332 (1193) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനപരിധി നിശ്ചയിക്കുന്ന സെക്ഷൻ, സബ്ഡിവിഷൻ എന്നിങ്ങനെയുള്ള ഘടന ഇപ്പോൾ എപ്രകാരമാണെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1984-ൽ കേരള വാട്ടർ അതോറിറ്റി രൂപീകരിക്കപ്പെട്ട സമയത്തെ ജലവിതരണ മേഖലയുടെയും സ്കീമുകളുടെയും പശ്ചാത്തലത്തിലാണ് വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പ്രവർത്തനപരിധി നിശ്ചയിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത ഘടന പുനഃക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വ്യക്തമാക്കുമോ?

ഉണ്ട്. ഓഫീസുകൾ പുനഃക്രമീകരിക്കാനുള്ള ചർച്ചകൾ നടന്നുവരുന്നു.

(സി) ജൽ ജീവൻ മിഷനൽപ്പെടെ വിവിധ പുതിയ ജലവിതരണ പദ്ധതികൾ നിലവിൽവന്ന സാഹചര്യത്തിൽ വിതരണ സംവിധാനം വിപുലപ്പെട്ടത് കണക്കിലെടുത്ത് പ്രവർത്തന പരിധിയുടെ ഘടന, റവന്യൂ ജില്ല, താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയുടെ മാനദണ്ഡത്തിലോ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ

അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

**ഗുരുവായൂർ സീവറേജ് പദ്ധതി**

333 (1194) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിൽ സ്വീവേജ്/സിവറേജ് സംവിധാനം നിലവിലുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ 43 വാർഡുകളിൽ പൂർണമായോ ഭാഗികമായോ സിവറേജ് സംവിധാനം നിലവിലുണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റിയിലും കൊച്ചി കോർപ്പറേഷനിലെ 54, 62, 63, 66, 68 എന്നീ ഡിവിഷനുകളിലും സിവറേജ് സംവിധാനം നിലവിലുണ്ട്.

(ബി) സ്വീവേജ്/സിവറേജ് സംവിധാനമുള്ള നഗരങ്ങളിൽ ആയത് പരിപാലിക്കുന്നതിന് പ്രത്യേക ഓഫീസ് സംവിധാനവും ജീവനക്കാരും നിലവിലുണ്ടോ?

തിരുവനന്തപുരം നഗരത്തിലെ സിവറേജ് സംവിധാനം പരിപാലിക്കുന്നതിനായി ഒരു സിവറേജ് ഡിവിഷനും അതിന്റെ കീഴിലായി

2 സബ്ഡിവിഷനുകളും 7 സെക്ഷൻ ഓഫീസുകളും നിലവിലുണ്ട്. കൊച്ചി കോർപ്പറേഷനിലെ സിവറേജ് സംവിധാനം പരിപാലിക്കുന്നതിനായി ഒരു സിവറേജ് സബ് ഡിവിഷനും രണ്ട് സെക്ഷനുകളുമുണ്ട്.

ഗുരുവായൂർ മുനിസിപ്പാലിറ്റി സിവറേജ് സംവിധാനത്തിന്റെ പരിപാലനത്തിന് നിലവിൽ പ്രത്യേക സംവിധാനമില്ല. കുടിവെള്ള വിതരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെ തന്നെയാണ് പരിപാലനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) ഗുരുവായൂർ സിവറേജ് പദ്ധതിക്ക് പ്രത്യേക ഓഫീസ് സംവിധാനവും ജീവനക്കാരെയും നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഗുരുവായൂർ സിവറേജ് പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതും ഡ്രെയിനേജ് കണക്ഷനുവേണ്ടി തൊണ്ണൂറോളം അപേക്ഷകൾ ലഭിച്ചിട്ടുള്ളതുമാണ്. വാട്ടർ അതോറിറ്റി ഓഫീസുകളുടെ പുനഃസംഘടനയുടെ ഭാഗമായി പ്രോജക്ട്, മെയിന്റനൻസ്, ഡ്രെയിനേജ് എന്നീ സംവിധാനങ്ങളുടെ നടത്തിപ്പ് അതത് മേഖലകളിലെ സെക്ഷൻ ഓഫീസുകൾക്ക് നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്.

(ഡി) ഗുരുവായൂർ സിവറേജ് പദ്ധതിയുടെ കാലപ്പഴക്കം വന്ന പമ്പിംഗ് പൈപ്പുകൾ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ സിവറേജ് പദ്ധതിയിൽ 250 എം.എം. വ്യാസത്തിലുള്ള സി.ഐ. ക്ലാസ്സ് എൽ.എ. പൈപ്പുകളാണ് പമ്പിംഗ് മെയിനിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം നിരീക്ഷണ കാലയളവിൽ പലതവണ ലീക്കുകൾ ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 1.5 മീറ്റർ ആഴത്തിലാണ് പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ലീക്കുകൾ സംഭവിച്ചാൽ അത് പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. മാത്രമല്ല ആധുനികരീതിയിൽ പണികഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി. റോഡുകൾ പലഭാഗങ്ങളിലും വെട്ടിപ്പൊളിക്കേണ്ടതായി വരുന്നതുമൂലം പൊതുജനരോഷം ഉയരുന്നതിനും കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 1800 മീറ്റർ നീളത്തിൽ കാസ്റ്റ് അയൺ പൈപ്പുകൾ മാറ്റി 250 എം.എം. ഡക്ടൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി (പി.ഡബ്ല്യു.ഡി. റോഡ് പുനരുദ്ധാരണ തുക അടക്കം) മൊത്തം 2.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ഇനിയും ലീക്കുകളുണ്ടാവുകയാണെങ്കിൽ സ്റ്റേറ്റ് പ്ലാൻ സിവറേജ്

ശീർഷകത്തിലുൾപ്പെടുത്തി പ്രസ്തുത പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതാണ്.

**കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഒഴിവുകൾ**

334 (1195) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ പോസ്റ്റ് ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; 2023 മേയ് വരെയുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 74 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. 2023 മേയ് വരെ 24 ഒഴിവുകൾ കൂടിയുണ്ടാകും.

(ബി) ഇതിൽ 2023 മേയ് വരെ ഡിപ്ലോമ, സർട്ടിഫിക്കറ്റ് വിഭാഗത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളെത്രയെന്ന് വ്യക്തമാക്കാമോ?

നിലവിലെ 74 ഒഴിവുകളിൽ ഡിപ്ലോമ വിഭാഗത്തിന് 7-ഉം സർട്ടിഫിക്കറ്റ് വിഭാഗത്തിന് 1-ഉം ഒഴിവുകളാണുള്ളത്. ഇതുകൂടാതെ 2023 മേയ് വരെ 24 ഒഴിവുകളുണ്ടാകുന്നതിൽ ഡിപ്ലോമ, സർട്ടിഫിക്കറ്റ്

വിഭാഗത്തിന് യഥാക്രമം 15, 9 എന്നിങ്ങനെയാണ് ഒഴിവുകൾ കണക്കാക്കിയിട്ടുള്ളത്.

(സി) വാട്ടർ അതോറിറ്റിയിലെ നിലവിലുള്ള ജോലിഭാരം പരിഗണിച്ച് 2023 മേയ് വരെയുള്ള ഡിപ്ലോമ സർട്ടിഫിക്കറ്റ് വിഭാഗത്തിന് നീക്കിവച്ചിട്ടുള്ള പോസ്റ്റുകൾ സൂപ്പർന്യൂമററിയായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ചട്ടപ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ല.

**ആലപ്പുഴ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം**

335 (1196) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ആലപ്പുഴ കുടിവെള്ള പദ്ധതിയിൽ തകരാറിലാകുന്ന തകഴി-റെയിൽ ക്രോസ് മുതൽ കേളമംഗലം വരെയുള്ള 1000 mm HDPE പൈപ്പ് ലൈൻ മാറ്റി 900mm MS പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 1069 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ ഡിസംബർ മാസത്തോടെ പൂർത്തീകരിച്ച് ജലവിതരണം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.

കൂടാതെ ആലപ്പുഴ നഗരത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് അമൃത് 2.0 പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ നഗരസഭാ പ്രദേശത്ത് 22000 എണ്ണം കുടിവെള്ള കണക്ഷനുകളും 30 കിലോമീറ്റർ വിതരണശൃംഖല, നെഹ്റു ട്രോഫി വാർഡിൽ വാട്ടർ കിയോസ്ക്, ആലപ്പുഴ മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള പമ്പ് ഹൗസിൽ 240 എച്ച്.പി. പമ്പ് സെറ്റ്, കരുമാടി ശുദ്ധീകരണശാലയിൽ 360 എച്ച്.പി. സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് ഉൾപ്പെടെ 40.87 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2024-ഓടെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടന്നുവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി, ആലപ്പുഴ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മാരാരിക്കുളം സൗത്ത്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തുകളിലായി 9009 എണ്ണം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

അമൃത് 1.0 പദ്ധതിയിൽ ഘട്ടം 1, 2 എന്നിവയിലൂടെ ജലസംഭരണി, വിതരണ ശൃംഖലകൾ, കിയോസ്കുകൾ എന്നിവയുൾപ്പെടുത്തി 83.57 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ആര്യാട് പഞ്ചായത്തിൽ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 3.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്കും

ജലസംഭരണിയും 19 കിലോമീറ്റർ വിതരണശൃംഖലയും 801 എണ്ണം കുടിവെള്ള കണക്ഷനുകളും ഉൾപ്പെടെ 4.99 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ആവശ്യമായ ജലത്തിന്റെ 50% മാത്രമാണ് ഇപ്പോൾ വിതരണം ചെയ്യാൻ സാധിക്കുന്നത്. കരുമാടി ജലശുദ്ധീകരണശാലയിൽനിന്നും പൂർണ്ണതോതിൽ ഉൽപ്പാദനം നടത്താത്തതുകൊണ്ടാണിത്. തകഴിയിലെ പൈപ്പ് മാറ്റൽ പൂർത്തിയായാൽ മാത്രമേ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുകയുള്ളൂ. സ്റ്റേറ്റ് സ്പെഷ്യൽ പ്ലാനിലുൾപ്പെടുത്തി താൽക്കാലിക പരിഹാരം എന്നനിലയ്ക്ക് മണ്ണഞ്ചേരി പഞ്ചായത്തിൽ വലിയവീട് ക്ഷേത്രത്തിനടുത്തും ആര്യാട് പഞ്ചായത്തിൽ കൈതത്തിൽ ക്ഷേത്രത്തിനടുത്തും ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കൊമ്മാടിയിലും പുതിയ ട്യൂബ്‌വെൽ കുഴിക്കുകയും ചാത്തനാട് കേടായ ട്യൂബ്‌വെൽ നന്നാക്കി പുതിയ പമ്പ് സെറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആര്യാട് പഞ്ചായത്തിൽ 16-ാം വാർഡിൽ പുതിയ കുഴൽക്കിണർ കുഴിക്കാൻ ഭൂജല വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

പരിഹരിക്കുന്നതിനായി ജൽ ജീവൻ മിഷനിൽ 40987 കണക്ഷനുകൾ നൽകുന്നതിനായി 6181.79 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 15942 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ ആകെ 30411 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മാക്കേകടവിൽനിന്നും ചേർത്തല ഭാഗത്തേയ്ക്കുള്ള ടാങ്കുകളിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നതിന്റെ അളവ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പ്രധാന പൈപ്പ് ലൈനിലെ ലീക്കുകൾ പരിഹരിച്ച് ചേർത്തല ഭാഗത്തേയ്ക്ക് പമ്പുചെയ്യുന്ന വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജൽ ജീവൻ മിഷൻ മുഖേന കൂടുതൽ കണക്ഷനുകൾ നൽകുമ്പോഴുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കാൻ പമ്പിംഗ് കൂട്ടുന്നതിനും പൈപ്പുകൾ ബലപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ജലക്ഷാമം പരിഹരിക്കുന്നതിനായി ആലപ്പുഴ കുടിവെള്ള പദ്ധതിയിൽ തകരാറിലാകുന്ന തകഴി റെയിൽവേ ക്രോസ് മുതൽ കേളമംഗലം വരെയുള്ള 1000mm HDPE പൈപ്പ് ലൈൻ മാറ്റി 900MM MS പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ഡിസംബർ മാസത്തോടെ പൂർത്തീകരിച്ച് ജലവിതരണം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ മാരാരിക്കുളം സൗത്ത്, ആര്യാട്, മണ്ണഞ്ചേരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഓഗ്മെന്റേഷൻ പ്രവൃത്തികൾ കിഫ്ബി പ്രോജക്ട് ഡിവിഷന്റെ കീഴിലുൾപ്പെടുത്തി നടന്നുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി**

336 (1197) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ട്രേസർ/ഓവർസിയർ ഗ്രേഡ്-3 തസ്തികയിലും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയിലും നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ച ഒഴിവുകളെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഓവർസിയർ ഗ്രേഡ് 3-യുടെ അനുവദിക്കപ്പെട്ട തസ്തിക 628 ആണ്. ഇവ മൊത്തം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്. നിലവിൽ പ്രസ്തുത തസ്തികയിൽ 139 എൻ.ജെ.ഡി. ഒഴിവുകളും 4 പുതിയ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12 പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2-ന്റെ അനുവദിക്കപ്പെട്ട തസ്തിക 409 ആണ്. ഇതിൽ 1:1 അനുപാതമനുസരിച്ച് 205 ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്. ബാക്കി 204 എണ്ണം പ്രൊമോഷൻ മുഖേനയാണ് നികത്തപ്പെടുന്നത്. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പി.എസ്.സി. വഴി നിയമിക്കപ്പെട്ട 56 പേരിൽ 3 പേർ LWA-യിലാണ്. ബാക്കി 152 (205 - 53)-ൽ 80 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും അഡ്വൈസ് വന്നിട്ടുള്ളതും നിയമന നടപടികൾ പുരോഗമിച്ചുവരുന്നതുമാകുന്നു. ബാക്കിവരുന്ന ഒഴിവുകളിൽ 2 എണ്ണം ആശ്രിത നിയമനത്തിനായി മാറ്റിവച്ചശേഷമുള്ള 70 ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ ഒഴിവുകളും കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

**ജൽ ജീവൻ മിഷൻവഴി നൽകുന്ന കുടിവെള്ള കണക്ഷനുകൾ**

337 (1198) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻവഴി ഇതുവരെ എത്ര കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി പൂർത്തിയാകുന്നതിനുള്ളിൽ എത്ര കുടുംബങ്ങൾക്കുകൂടി കുടിവെള്ള കണക്ഷൻ നൽകാനാകും; വിശദമാക്കാമോ?

(എ&ബി) ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം, 2024 മാർച്ച് മാസത്തോടെ കേരളത്തിലെ ഗ്രാമീണ മേഖലയിൽ 5334736 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ, 01-12-2022 വരെ 1440783 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പദ്ധതി

കാലയളവിനുള്ളിൽ ബാക്കി കണക്ഷനുകൾകൂടി നൽകാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം സമ്പൂർണ കുടിവെള്ള കണക്ഷൻ എന്നലക്ഷ്യം നേടിയിട്ടുണ്ടോ; വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇതിനോടകം 36 പഞ്ചായത്തുകൾ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്നലക്ഷ്യം കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പദ്ധതി പൂർത്തിയാകുന്നതോടെ എത്ര ശതമാനം കുടുംബങ്ങൾക്ക് കേരളത്തിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭ്യമാകും; വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തിയാകുന്നതോടെ ഗ്രാമീണ മേഖലയിലെ 100% കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

**കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള വെള്ളക്കര കുടിശ്ശിക**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

338 (1199) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശികയിനത്തിൽ നാളിതുവരെ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്; സർക്കാർ വകുപ്പുകൾ, തദ്ദേശ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ, ഗാർഹിക-ഗാർഹികേതര ഉപഭോക്താക്കൾ എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ്ജിനത്തിൽ 10/2022 വരെ പിരിഞ്ഞുകിട്ടാനുള്ള തുക Demand Collection Balance (DCB) പ്രകാരം 1763.71 കോടി രൂപയാണ്. ഇനം തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു.

- സർക്കാർ സ്ഥാപനങ്ങൾ - 269.75 കോടി രൂപ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 967.78 കോടി രൂപ (പഞ്ചായത്തുകൾ - 362.45 കോടി രൂപ, കോർപ്പറേഷനുകൾ - 430.06 കോടി രൂപ, മുനിസിപ്പാലിറ്റികൾ - 175.27 കോടി രൂപ)
- പൊതുമേഖലാ സ്ഥാപനങ്ങൾ - 10.43 കോടി രൂപ
- ഗാർഹിക വിഭാഗം - 209.52 കോടി രൂപ
- ഗാർഹികേതര വിഭാഗം - 306.23 കോടി രൂപ

(ബി) കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി ആംനെസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പിരിച്ചെടുത്ത തുകയുടെ വിശദാംശം നൽകുമോ?

ദീർഘകാലമായ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി 18-07-2022-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി)615/2022/ജ.വി.വ. പ്രകാരം ആംനെസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 99133 അപേക്ഷകൾ ലഭിക്കുകയും 03-12-2022 വരെ 60890 അപേക്ഷകൾ പരിഹരിക്കുകയും 30.18 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

**ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള റോഡുകളുടെ പുനഃസ്ഥാപനം**

339 (1200) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കാൻ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി, പഞ്ചായത്ത്, ഫോറസ്റ്റ് എന്നീ വകുപ്പുകളുടെ അനുമതി

ലഭിക്കേണ്ടതുണ്ട്. എന്നാൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് അവയുടെ ഡിഫക്ട് ലയബിലിറ്റി പിരീഡ് (DLP) കഴിയാത്ത സാഹചര്യങ്ങളിൽ അനുമതി ലഭിക്കാൻ വൈകുന്നത് പദ്ധതി പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നുണ്ട്.

(ബി) എങ്കിൽ ഇത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനും പൊതുനിർദ്ദേശം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത്-ജലവിഭവ വകുപ്പുകളുടെ ഉന്നതതല യോഗം സ്ഥിരം കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC) യോഗം കൂടുന്നുണ്ട്. മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന

മുൻഗണനാപട്ടികയിലുള്ള ജൽ ജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി അവശ്യസന്ദർഭങ്ങളിൽ സർക്കാർ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്. ജൽ ജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ നേരിട്ട് നൽകുന്നതിനും അവ കേന്ദ്രസർക്കാർ വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കാൻ കേന്ദ്രതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യോഗങ്ങൾ നടത്തുന്നുണ്ട്.

**കുടിവെള്ള ചാർജ്ജ് കുടിശ്ശിക തീർപ്പാക്കൽ**

340 (1201) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകി കുടിവെള്ള ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ദീർഘനാളായുള്ള കുടിവെള്ള ചാർജ്ജ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും 18-07-2022-ലെ ജി.ഒ. (ആർ.റ്റി.) നം.615/2022/ജ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ആംനെസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരമുള്ള പ്രധാന ഇളവുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അനുവദിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾ ആവശ്യപ്പെടുന്നപക്ഷം ആർ.ആർ. നടപടികൾ പിൻവലിച്ച് ആംനെസ്റ്റി സ്കീമിലുൾപ്പെടാവുന്നതാണ്. കൂടാതെ യഥാർത്ഥ വാട്ടർ ചാർജ്ജ് അടച്ചാൽ സർച്ചാർജ്ജ് പൂർണ്ണമായും ഫൈൻ ഒഴിവാക്കി നൽകുന്നതുമാണ്. റവന്യൂ വകുപ്പുമായി ചേർന്ന് റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾക്ക് മാത്രമായി പ്രത്യേക അദാലത്തുകളും നടത്തിവരുന്നു.

**വാട്ടർ അതോറിറ്റി പൊൻകുന്നം സബ്ഡിവിഷൻ കെട്ടിട നിർമ്മാണം**

341 (1202) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സബ്ഡിവിഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് തുക വ്യക്തമാക്കുമോ; എന്നത്തേയ്ക്ക് ഭരണാനുമതി നൽകാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഇതിനുള്ള നടപടി ത്വരിതപ്പെടുത്താമോ?

(എ&ബി) ഇല്ല. പൊൻകുന്നം സബ്ഡിവിഷൻ, സെക്ഷൻ ഓഫീസുകൾക്കായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 72 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന പദ്ധതി 2022-23-ൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി ആരംഭിച്ചെങ്കിലും ആനുവൽ പ്ലാൻ 2022-23-ലെ റൈറ്റ്-അപ് പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണമാണ് "KWA-യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം" എന്ന പ്ലാൻ ഹെഡ്ഡിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. അതോറിറ്റിയുടെ കൈവശമുള്ള വസ്തുവിൽ പുതുതായി കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസലുകൾകൂടി ഭാവിയിൽ പരിഗണിക്കുന്നതിനായി വാർഷിക പ്ലാൻ 2023-24-ൽ പ്ലാൻ റൈറ്റ് അപ് പുതുക്കി സമർപ്പിച്ചത് പരിഗണനയിലാണ്. കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ

സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധിച്ച് പുതിയ കെട്ടിടം പണിയേണ്ടത് അനിവാര്യമാണെന്നുകണ്ടാൽ അടുത്ത സാമ്പത്തിക വർഷത്തിലെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. DSR-2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ആയതിലേയ്ക്കായി ഏകദേശം 115 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

## നെന്മാറ നിയോജകമണ്ഡലത്തിലെ ജലസേചന കനാലുകളുടെ നവീകരണം

342 (1203) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ജലസേചന കനാലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ ചിറ്റൂർപ്പുഴ പദ്ധതിയുടെയും ഗായത്രി പദ്ധതിയുടെയും കനാലുകളിലെ അറ്റകുറ്റപ്പണികൾ നോൺ പ്ലാൻ ശീർഷകത്തിലുൾപ്പെടുത്തി നടന്നുവരുന്നുണ്ട്. കാഡാ കനാലുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്ത് അധികൃതർ, കർഷകർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് പ്രവൃത്തികൾ

നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നെന്മാറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പോത്തുണ്ടി പദ്ധതിയുടെ കനാൽ നവീകരണത്തിനായി ആക്ഷൻ പ്ലാൻ 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കാഡാ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയ 8 കോടി രൂപയുടെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജലസേചന കനാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റിതര പാഴ്‌വസ്തുക്കളും നീക്കം ചെയ്ത് കനാൽ വൃത്തിയാക്കൽ പ്രവൃത്തികളുടെ ഫണ്ടിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

343 (1204) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതിക്കായുള്ള കിണർ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കിണർ നിർമ്മാണ പ്രവൃത്തി നാട്ടുകാരുടെയും പഞ്ചായത്തിന്റെയും എതിർപ്പുമൂലം ആരംഭിക്കാൻ സാധിച്ചിട്ടില്ല. വർക്ക് ഓർഡർ നൽകുകയും എഗ്രിമെന്റ് നം.10/2020-21/SE/PHC/KNR പ്രകാരം കരാറുകാരൻ 18-06-2020-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ, 2022-ലും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തതിനാൽ സാധന സാമഗ്രികളുടെ വിലയിൽവന്ന വർദ്ധനവ് കാരണവും പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നതുകൊണ്ടും കോൺട്രാക്ടർ ഈ പ്രവൃത്തിയിൽനിന്ന് വിടുതൽ നൽകാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 17-11-2022-ലെ ഉത്തരവ് നം.KWA/PHC/KNR/D5-1925/2018(A) പ്രകാരം വിടുതൽ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കിണർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രിതലത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ; അറിയിക്കാമോ?

ചേർന്നിട്ടില്ല.

(സി) പ്രവൃത്തി തടസ്സപ്പെടാൻ കാരണമായ കാട്ടാമ്പള്ളി പുഴയിലെ ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ഡി) ആർ.സി.ബി. നിർമ്മാണ പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ നടപടികളും സ്റ്റേ ചെയ്യുന്നതിനായി W.P. (C) Writ Petition No. 1217/2021 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയെ കരാറുകാരൻ സമീപിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ കിഫ്ബിയോട് കെ.ഐ.ഐ.ഡി.സി.-യുടെയും കരാറുകാരന്റെയും വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോടതി ആവശ്യപ്പെടുകയും കിഫ്ബി വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 10-02-2022-ലെ കോടതി ഉത്തരവുപ്രകാരം ഡിസൈൻ വിംഗായ ഐ.ഡി.ആർ.ബി.-യോട് റിപ്പോർട്ട്

സമർപ്പിക്കുന്നതിനാവശ്യപ്പെടുകയും Irrigation Design and Research Board (IDRB) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കൂടാതെ, വിജിലൻസിനോടും ബഹുമാനപ്പെട്ട കോടതി റിപ്പോർട്ട് തേടുകയുണ്ടായി. ഇതിനെത്തുടർന്ന് വിജിലൻസ് വിശദമായ അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു.

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നുള്ള 14-11-2022-ലെ ഓർഡർ പ്രകാരം ചുവടെയുള്ള രണ്ട് നിർദ്ദേശങ്ങളാണ് ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നത്.

1. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ച്, ടിയാന്റെ സാന്നിദ്ധ്യത്തിൽ കോൺട്രാക്ടർക്ക് സൈറ്റിൽ അവശേഷിച്ച നിർമ്മാണ സാമഗ്രികൾ നീക്കം ചെയ്യാനുള്ള നടപടികൾ പ്രാവർത്തികമാക്കണം.

2. കോൺട്രാക്ടർക്കുണ്ടായ നഷ്ടം/ചെലവ് എത്രയെന്ന് വിലയിരുത്തണം.

മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ Irrigation Design and Research Board (IDRB) സമയബന്ധിതമായി പൂർത്തീകരിച്ച് ഇതുസംബന്ധിച്ച റിപ്പോർട്ട് 14-11-2022-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ

സമർപ്പിച്ചിട്ടുണ്ട്. 18-11-2022-ലെ കോടതി ഉത്തരവുപ്രകാരം പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. അതിൻപ്രകാരം പുതിയ നിരക്കിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതികൾ**

344 (1205) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ആകെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകാൻ സാധിക്കുമെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

(എ&ബി) ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപറമ്പ്, താഴെക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് ഉൽപ്പാദക ഘടകങ്ങൾ പൂർത്തിയാക്കി വിതരണശൃംഖല സ്ഥാപിച്ച് 12086 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി 3 പാക്കേജുകളായി തിരിച്ച് പ്രവൃത്തി നടപ്പിലാക്കിവരുന്നു.

പാക്കേജ് 1-ന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പാക്കേജ്-2 എഗ്രിമെന്റ് വച്ച് പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിക്കുന്നു. പാക്കേജ് 3 - എഗ്രിമെന്റ് വച്ച് പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിക്കുന്നു. കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ വിവിധ പാക്കേജുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മേലാറ്റൂർ പഞ്ചായത്തിൽ ടാങ്ക് നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പുലാമന്തോൾ, ഏലംകുളം പഞ്ചായത്തുകളിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതിപ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ എത്രശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഭരണാനുമതി നൽകിയ കണക്ഷനുകളിൽ 12.50 ശതമാനം കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കുമോ?

2024 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

345 (1206) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എസ്റ്റിമേറ്റ് എടുത്തതും ഭരണാനുമതി ലഭിക്കാനുള്ളതുമായ ചെറുതും വലുതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും വേണ്ട ഭരണാനുമതി തുക എത്രയാണെന്നും എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എസ്റ്റിമേറ്റ് എടുത്തതും ഭരണാനുമതി ലഭിക്കാനുള്ളതുമായ ചെറുതും വലുതുമായ പദ്ധതികളും പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) കാസർഗോഡ് ജില്ലയിൽ എസ്റ്റിമേറ്റ് എടുക്കാൻ ബാക്കിയുള്ള ചെറുതും വലുതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ എസ്റ്റിമേറ്റ് എടുക്കാൻ ബാക്കിയുള്ള ചെറുതും വലുതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

346 (1207) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി കിഫ്ബി ധനസഹായത്തോടെയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പമ്പാ നദി സ്രോതസ്സായുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 01-08-2022-ൽ ചേർന്ന കിഫ്ബിയുടെ പ്രവർത്തന അവലോകന യോഗത്തിൽ ടി പദ്ധതി ഒറ്റ ടെണ്ടറായി നടപ്പാക്കാൻ തീരുമാനിച്ചു. ഇതിനാവശ്യമായ സ്ഥലങ്ങളുടെ ഏറ്റെടുപ്പ് പൂർത്തിയായി. എ.സി. റോഡ് നിർമ്മാണത്തോടൊപ്പം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.ടി.പി.-ക്ക് 21.8 കോടി രൂപ

നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഉന്നതതല സംഭരണികളുടെ സ്ട്രക്ച്ചറൽ ഡിസൈൻ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി വഴിയും ജലശുദ്ധീകരണശാലയുടെ ഡിസൈൻ കേരള വാട്ടർ അതോറിറ്റി വാസ്കോൺ വഴിയും പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ജി.എസ്.റ്റി. കൂടിയതിനാലും DSR 2018 റേറ്റ് റിവിഷൻ വന്നതിനാലും എൽ.എസ്.ജി.ഡി. റോഡ് റെസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടി രൂപയായി വർദ്ധിച്ചു. ഈ തുകയ്ക്കുവേണ്ടിയുള്ള പുതുക്കിയ ഭരണാനുമതിക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ പദ്ധതിയിൽ ഇനിയും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രദേശത്ത് വെറ്റ് ലാൻഡ് ക്ലിയറൻസും വീയപുരം, പുളിങ്കുന്ന് എന്നീ സ്ഥലങ്ങളിൽ ഭൂമി പരിവർത്തനത്തിനുള്ള അനുമതിയും ലഭിക്കാനുണ്ട്. ഈ പദ്ധതിയിൽ നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 13

പഞ്ചായത്തുകളിലായി 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്.

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി 24-03-2024-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ പുരോഗതി**

347 (1208) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്നും ഇവിടത്തെ സംഭരണിയിലേയ്ക്ക് വെള്ളമെത്തിക്കുന്നത് എവിടെ നിന്നാണെന്നും വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ പ്രവൃത്തി എന്ന് പൂർത്തിയാകുമെന്നും വിശദമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 22-07-2020-ൽ 9.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, 3.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി, പി.വി.സി. ടാങ്ക്, 5015 മീറ്റർ

ദൈർഘ്യത്തിൽ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, 9451 മീറ്റർ ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ, 1500 വാട്ടർ കണക്ഷനുകൾ എന്നിവയാണുൾപ്പെട്ടിട്ടുള്ളത്.

ജിക്ക പദ്ധതിയുടെ ഭാഗമായ പുതുക്കുന്നിലെ ജലസംഭരണിയിൽനിന്നും ശുദ്ധജലം പമ്പുചെയ്ത് കൊടിക്കുന്നിൽ നിർമ്മിക്കുന്ന 3.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലും 10000 ലിറ്റർ സംഭരണ ശേഷിയുള്ള പി.വി.സി. ജലസംഭരണിയിലുമെത്തിച്ച് ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. കൊടിക്കുന്നിലെ 3.4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു, 60% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു. റോഡ് പുനഃസ്ഥാപന തുകയായി പൊതുമരാമത്ത് വകുപ്പിന് 1,67,14,805/- രൂപയും തിരുവനന്തപുരം നഗരസഭയിൽ 75,78,540/- രൂപയും ഒടുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ആറ് മാസംകൊണ്ട് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി 2023 ജൂൺ മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പുതുക്കുന്ന് കുടിവെള്ള സംഭരണിയിൽ ആവശ്യമനുസരിച്ച് വെള്ളം ശേഖരിക്കുന്നുണ്ടോയെന്നും നിലവിൽ ടാങ്കിന്റെ സംഭരണശേഷി എത്രയെന്നും സംഭരിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയെന്നും ശരിയായ രീതിയിൽ ജല വിതരണം നടത്തുന്നതിനാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വിശദമാക്കുമോ; പ്രസ്തുത വാട്ടർടാങ്കിൽ നിന്നുള്ള ഹൈ ലെവൽ പമ്പിംഗ് പ്രദേശങ്ങളിൽ എല്ലാ ദിവസവും കുടിവെള്ളം നൽകാൻ കഴിയുന്നുണ്ടോയെന്നും ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും എല്ലാ പ്രദേശങ്ങളിലും ആവശ്യത്തിനുള്ള വെള്ളം എന്നുമുതൽ ലഭ്യമാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

പുതുക്കുന്ന് സംഭരണിയിൽ ആവശ്യമനുസരിച്ചുള്ള വെള്ളം ലഭ്യമാകുന്നില്ല. ടി ടാങ്കിന്റെ സംഭരണശേഷി 80 ലക്ഷം ലിറ്ററാണ്. നിലവിൽ ഇതിന്റെ 30% മാത്രമേ സംഭരിക്കാൻ സാധിക്കുന്നുള്ളൂ. പ്രോജക്ട് ഡിവിഷനുകീഴിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പേരൂർക്കട മുതൽ മൺവിള വരെയുള്ള പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ എല്ലാ പ്രദേശങ്ങളിലും ആവശ്യത്തിനുള്ള ജലവിതരണം നടത്താൻ സാധിക്കും.

(സി) മൺവിള കുടിവെള്ള സംഭരണിയിൽ ആവശ്യത്തിന് ജലം ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് എന്നുമുതൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമെന്നും അറിയിക്കുമോ; പുതുക്കുന്ന്, മൺവിള കുടിവെള്ള സംഭരണികളിൽ കുടിവെള്ളമെത്തിക്കുന്നതിന് പുതിയ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ നിന്നുപോകാനുണ്ടായ കാരണവും അവ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ?

നിലവിൽ വാൽവ് നിയന്ത്രണത്തിലൂടെ പ്രദേശത്തെ ജനങ്ങൾക്ക് വെള്ളം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മൺവിള ജലസംഭരണിയിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി പേരൂർക്കട മുതൽ മൺവിള വരെയുള്ള കാലപ്പഴക്കം ചെന്ന പ്രധാന പി.എസ്.സി. ജലവാഹിനിക്കുഴലുകൾ മാറ്റി പുതിയ മൈൽഡ് സ്റ്റീൽ ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുകയും കിഫ്ബി വഴി 63.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ദർഘാസ് നടപടികൾ 13-06-2019-ൽ ആരംഭിക്കുകയും

നടപടികൾ പൂർത്തിയാക്കി 14-01-2020-ൽ കരാർ നൽകുകയും ചെയ്തു. കോവിഡ് മഹാമാരിയും അതിനെത്തുടർന്നുള്ള അടച്ചിടലും പദ്ധതിയുടെ തുടർപ്രവർത്തനത്തെ ബാധിച്ചു. 30-12-2020-നാണ് പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭിച്ചത്. പദ്ധതിയുടെ ഭാഗമായ 39% പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതേസമയം റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരാർ കമ്പനി ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിക്കുകയും പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയുമാണ്. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി നിശ്ചയിച്ച തുകയിൽത്തന്നെ പൂർത്തീകരിക്കാനായി കരാറുകാരന് 6 മാസംകൂടി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2023 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ചന്തവിള, കഴക്കൂട്ടം, കാട്ടായിക്കോണം, പള്ളിത്തുറ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് പുതിയ പദ്ധതി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി ചന്തവിള, കഴക്കൂട്ടം, കാട്ടായിക്കോണം, പള്ളിത്തുറ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്ന

പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കഴക്കൂട്ടം-മുട്ടത്തറ സിവറേജ് പ്രോജക്ടിന്റെ നിർമ്മാണ പുരോഗതിയും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിനുണ്ടായ കാലതാമസത്തിന്റെയും പ്രവൃത്തിയുടെ ഭാഗമായി തകർന്ന റോഡുകൾ പുനഃസ്ഥാപിക്കേണ്ടതിന്റെയും ഉത്തരവാദിത്വം ആരിൽ നിക്ഷിപ്തമാണെന്നും ആയതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിലും നഗരസഭയിലും ഒടുക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

തിരുവനന്തപുരം നഗരസഭയിലുൾപ്പെട്ട കഴക്കൂട്ടം മേഖലയിലെ സിവറേജ് മാലിന്യം സംസ്കരിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയോജിത പദ്ധതിയായ അമൃതിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലായി സ്വീവേജ് പമ്പ് ഹൗസുകളുടെ നിർമ്മാണവും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നു. അവയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു+. സിവറേജ് പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള കരാറുകാരുടെ അഭാവം പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഗ്രാവിറ്റി സംവിധാനത്തിൽ സ്വീവേജ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴുകേണ്ടതിനാൽ അതിനനുസരിച്ച് ശരാശരി 8 മീറ്ററോളം വരെ താഴ്ചയിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതും അതുപോലെ മാൻഹോളുകൾ നിർമ്മിക്കേണ്ടതും. പ്രസ്തുത പ്രവൃത്തി നടത്തുന്ന പ്രദേശത്തെ മണ്ണിന്റെ ഘടന പൊതുവെ ലോലവും ചിലയിടങ്ങളിൽ വെള്ളക്കെട്ടുള്ളതുമായതിനാലും ആഴത്തിലുള്ള ഈ പ്രവൃത്തി തൊഴിലാളികളുടെ സുരക്ഷകൂടി കണക്കിലെടുത്ത് സാവധാനത്തിലാണ് നടന്നുവരുന്നത്. കോവിഡ് മഹാമാരിയുടെ കടന്നുവരവും അതിനെത്തുടർന്നുണ്ടായ അടച്ചിടലും കാലാവസ്ഥ വ്യതിയാനംമൂലം ഇടയ്ക്കിടെയുണ്ടാകുന്ന കനത്ത മഴയും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

ഉള്ളൂർ-ആക്കുളം റോഡിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്താനായി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന റോഡുകളിലെ പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിനുള്ള തുക നേരത്തേതന്നെ പൊതുമരാമത്ത് വകുപ്പിലും തിരുവനന്തപുരം നഗരസഭയിലും ഒടുക്കിയിട്ടുണ്ട്.

പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് അതത് വകുപ്പുകൾതന്നെ പുനഃസ്ഥാപന പ്രവൃത്തികൾ നടത്തേണ്ടതുണ്ട്.

## പട്ടാമ്പി നഗരസഭ പരിധിയിൽ സമഗ്ര കുടിവെള്ള വിതരണം

348 (1209) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നഗരസഭയിൽ സമഗ്ര കുടിവെള്ള വിതരണത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) നിലവിൽ സ്ഥാപിച്ചിട്ടുള്ള 45 വർഷം പഴക്കമുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുമായി തയ്യാറാക്കിയ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതിയുടെ പകർപ്പ് നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-ഡി) പട്ടാമ്പി നഗരസഭയ്ക്ക് അമൃത് 2.0-യിലുൾപ്പെടുത്തി സമഗ്ര കുടിവെള്ള വിതരണത്തിനായി 7.04 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആയതിലേയ്ക്ക് വിശദമായ പദ്ധതിരേഖ (Detailed Project Report - DPR)

തയ്യാറാക്കാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2024 ഡിസംബറിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രവാസികൾക്കായി മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

349 (1210) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികൾക്കായി മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എത്ര പ്രവാസികൾക്ക് സഹായം നൽകാൻ സാധിച്ചിട്ടുണ്ട്; എത്ര രൂപയുടെ സഹായമാണ് ഇപ്രകാരം നൽകിയിട്ടുള്ളത്; ഏതൊക്കെ പദ്ധതിയിലുൾപ്പെടുത്തിയാണ് സഹായം നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ബാധകമല്ല.

**തനത് കന്നുകാലി ഇനങ്ങളുടെ സംരക്ഷണം**

350 (1211) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാലാവസ്ഥയ്ക്കിണങ്ങുന്ന ചെലവുകുറഞ്ഞ പരിപാലന മുറകൾ ആവശ്യമുള്ള തനത് കന്നുകാലി ഇനങ്ങളുടെ സംരക്ഷണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>മൃഗസംരക്ഷണ വകുപ്പിന്റെ നടപടികൾ</u> - ഒരു പ്രധാന നാടൻ പശുവിനമായ വെച്ചൂർ പശുവിനെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ കന്നുകാലി കേന്ദ്രം കുടപ്പനക്കുന്ന്, ജഴ്സി ഫാം വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുന്നതിനായി നല്ലരീതിയിൽ ഒരു ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്നപേരിലുള്ള ഒരു സ്ഥാപനം ഇവയെ സംരക്ഷിച്ചുവരുന്നു. വടക്കൻ കേരളത്തിലെ നാടൻ പശു ഇനമായ 'കാസർഗോഡ് ഡ്വാർഫ്' എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ സർക്കാർ ഒരു ഫാം നടത്തിവരുന്നു. നാടൻ

പശുക്കൾക്ക് ഗോസമൃദ്ധി, എൻ.എൽ.എം. പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.

<u>കെ.എൽ.ഡി.ബി.-യുടെ നടപടികൾ</u> - വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി എ.ഐ. സെന്ററുകൾവഴി വെച്ചൂർ, കാസർഗോഡ് കുള്ളൻ ജനുസ്സ് ബീജമാത്രകൾ വിതരണം ചെയ്തുവരുന്നു. ഓണാട്ടുകര വികസന ഏജൻസി, കെ.എൽ.ഡി. ബോർഡുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്ക് കാസർഗോഡ് കുള്ളൻ പശുക്കുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. കുട്ടമ്പുഴ കുള്ളൻ കാലികൾ കൂടുതലുള്ള എറണാകുളം ജില്ലയിലെ കോടനാട്, അയ്യമ്പുഴ, കൊമ്പനാട്, കുട്ടമ്പുഴ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിലേയ്ക്കും കാലടി, കോട്ടപ്പടി എന്നീ മൃഗാശുപത്രികളിലേയ്ക്കും ഇൻഡന്റ് ചെയ്യുന്നമുറയ്ക്ക് കുട്ടമ്പുഴ കുള്ളൻ ഇനം സെമൻ ലഭ്യമാക്കാൻ വേണ്ടനടപടി സ്വീകരിച്ചിട്ടുണ്ട്. വയനാടൻ കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി ഈയിനം കാലികൾ കൂടുതലായി കാണപ്പെടുന്ന വയനാട് ജില്ലയിലെ മുത്തങ്ങ, പുൽപ്പള്ളി എന്നിവിടങ്ങളിൽനിന്നും വയനാടൻ കുള്ളൻ കാലികളെ കണ്ടെത്തി ഉരുക്കളുടെ രക്തം ശേഖരിച്ച് ഡി.എൻ.എ. വേർതിരിച്ചെടുത്ത് കെ.എൽ.ഡി. ബോർഡിലെ സെന്റർ ഫോർ അപ്ലൈഡ് ലൈവ്സ്റ്റോക്ക് ജീനോമിക്

ലാബിൽ Karyotyping & Genotyping പഠനം തുടങ്ങിയിട്ടുണ്ട്. വില്വാദ്രി ഇനം കാളകളുടെ ഗാഢശീതീകരിച്ച ബീജം ഉത്പാദിപ്പിച്ച് വില്വാദ്രി ഇനം പശുക്കൾ കാണപ്പെടുന്ന പാലക്കാട് ജില്ലയിലെ തിരുവില്വാമലയിലും പരിസരപ്രദേശങ്ങളിലും ലഭ്യമാക്കുന്നതാണ്.

(ബി) വെച്ചൂർ, ചെറുവള്ളി, വില്വാദ്രി, കുട്ടമ്പുഴ, കാസർഗോഡ് കുള്ളൻ തുടങ്ങിയ പശുക്കൾ, കുട്ടനാടൻ എരുമകൾ, താറാവുകൾ, തലശ്ശേരി കോഴികൾ തുടങ്ങിയ തനത് ഇനങ്ങളെ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കാൻ മുൻകയ്യെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കെ.എൽ.ഡി. ബോർഡ് ഓണാട്ടുകര വികസന ഏജൻസിയുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്ക് കാസർഗോഡ് കുള്ളൻ പശുക്കുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ ബീജം കർഷകർക്ക് മൃഗസംരക്ഷണ വകുപ്പുവഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കുട്ടമ്പുഴ വിത്തുകാളകളുടെ ബീജം ഈ ഇനം പശുക്കളുള്ള മേഖലകളിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ വിപുലമായ ഒരു പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

കുട്ടനാടൻ താറാവുകളായ ചാര, ചെമ്പല്ലി എന്നീ നാടൻ താറാവുകളെ നിരണം ഡക്ക് ഫാമിൽനിന്നും കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. എന്നാൽ നിലവിൽ തലശ്ശേരി ഇനം കോഴികളെ സർക്കാർ ഫാമുകളിൽ കർഷകർക്ക് വിതരണത്തിനായി വളർത്തുന്നില്ല. എരുമകൾ ഇല്ല.

(സി) പ്രസ്തുത ഇനങ്ങൾ കർഷകർക്ക് ആവശ്യാനുസരണം നിലവിൽ ലഭ്യമാണോ; വിശദമാക്കുമോ?

വെച്ചൂർ, കാസർഗോഡ് കുള്ളൻ, കുട്ടമ്പുഴ കുള്ളൻ എന്നീ ഇനം പശുക്കൾ കർഷകരിൽനിന്നും ലഭ്യമാണ്.

**കറവപ്പശുവിനുള്ള ധനസഹായം**

351 (1212) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കറവപ്പശുവിനേയോ എരുമയേയോ വാങ്ങുന്നതിന് ക്ഷീരകർഷകന് എന്തെങ്കിലും ധനസഹായം ലഭ്യമാണോ; വിശദാംശം നൽകാമോ?

കറവപ്പശുവിനേയോ എരുമയേയോ വാങ്ങുന്നതിന് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. ആയതിന്റെ ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**തെരുവുനായകൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിന് നടപടി**

352 (1213) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളും പേവിഷബാധമൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ തെരുവുനായകൾക്ക് പൂർണ്ണമായും പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുത്തിവയ്പ്പ് നടത്തുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ 170 ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. പേവിഷ പ്രതിരോധ വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. പേവിഷ നിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം 506 ഡോഗ് ക്യാച്ചർമാർക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളിൽ 01-09-2022 മുതൽ 30-11-2022 വരെ 11651 എണ്ണം പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്.

(ബി) പേവിഷബാധ സംശയിക്കപ്പെടുന്ന മേഖലകളിൽ തെരുവുനായകൾക്ക് അടിയന്തരമായി പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തേണ്ടതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുകയും പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരികയും ചെയ്യുന്നു.

(സി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് പരിശീലനം ലഭിച്ച നായപിടുത്തക്കാരെ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ പേർക്ക് നായപിടുത്തത്തിൽ പരിശീലനം നൽകി പ്രതിരോധ കുത്തിവയ്പ്പ് ഊർജ്ജസ്വലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ കുടുംബശ്രീ മുഖാന്തരമുള്ള എ.ബി.സി. പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന ഡോഗ് ക്യാച്ചർമാരെയാണ് പേവിഷ പ്രതിരോധ കുത്തിവയ്പിനുവേണ്ടി തെരുവുനായ്ക്കളെ പിടികൂടുന്നതിന് നിയോഗിച്ചിട്ടുള്ളത്. മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾവഴി 506 ഡോഗ് ക്യാച്ചർമാർക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) മൃഗങ്ങൾക്ക് നൽകുന്ന പേവിഷ പ്രതിരോധ വാക്സിനുകളുടെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പേവിഷ ബാധയ്ക്കെതിരായുള്ള ആന്റിറാബീസ് വാക്സിനുകളുടെ ഗുണമേന്മ ഉറപ്പുവരുത്താനായി മിനിമം 2.5 IU/ml പൊട്ടൻസിയുള്ള വാക്സിനാണ് സപ്ലൈ ചെയ്തിട്ടുള്ളത്.

**പശുക്കളെ വാങ്ങുന്നതിനുള്ള സംവിധാനം**

353 (1214) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുക്കളെ വാങ്ങുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികളിൽ കേരളത്തിൽനിന്നും പശുക്കളെ വാങ്ങുന്നതിന് സംവിധാനമുണ്ടോ; വിശദാംശം നൽകുമോ?

ക്ഷീരവികസന വകുപ്പ്- ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ പശുക്കളെ വാങ്ങുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കിടാരി പാർക്കുകളിൽനിന്നും സർക്കാർ ഫാമുകളിൽനിന്നും വകുപ്പിന്റെ കീഴിൽ മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള കിടാരി വളർത്തൽ യൂണിറ്റുകളിൽനിന്നും ഹെർഡ് ക്വാറന്റൈൻ സെന്ററുകളിൽനിന്നും ടി പദ്ധതിക്കാവശ്യമായ ഉരുക്കളെ വാങ്ങാവുന്നതാണ്.

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്നും പശുക്കളെ വാങ്ങേണ്ടിവരുമ്പോൾ രോഗങ്ങളില്ലാത്ത മെച്ചപ്പെട്ട പശുക്കളെ വാങ്ങാൻ സാധിക്കാതെവരുന്നതിനാൽ സർക്കാർ ധനസഹായം നൽകുന്ന പദ്ധതികളിൽ കേരളത്തിൽനിന്നുതന്നെ പശുക്കളെ വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

കേരളത്തിലെ ക്ഷീര കർഷകർക്കാവശ്യമായ ഗുണമേന്മയുള്ള ഉരുക്കളെ സംസ്ഥാനത്തുതന്നെ വളർത്തിയെടുക്കുന്നതിനായാണ് ക്ഷീരവികസന വകുപ്പ് മുഖേന കിടാരി പാർക്കുകൾ ആരംഭിച്ചത്. സംസ്ഥാനത്ത് നിലവിൽ 6 കിടാരി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ മേൽക്കടയ്ക്കാവൂർ ക്ഷീരസംഘം, പാലക്കാട് ജില്ലയിൽ കുമരനൂർ, മൂലത്തറ എന്നീ ക്ഷീരസംഘങ്ങൾ, വയനാട് ജില്ലയിൽ പുൽപ്പള്ളി ക്ഷീരസംഘം, കണ്ണൂർ ജില്ലയിൽ പേരൂർ ക്ഷീരസംഘം, കാസർഗോഡ് ജില്ലയിൽ ചിത്താരി ക്ഷീരസംഘം എന്നിവിടങ്ങളിലാണ് കിടാരി പാർക്കുകൾ പ്രവർത്തിച്ചുവരുന്നത്. 2022-23 വർഷം 10 വ്യക്തിഗത കിടാരി പാർക്കുകളും 8 ഹെർഡ് ക്വാറന്റൈൻ സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കന്നുകാലികളെ ഇത്തരം കിടാരി പാർക്കിലൂടെ കർഷകർക്ക് നേരിട്ട് വാങ്ങാവുന്നതാണ്. ഇതിലൂടെ അയൽ സംസ്ഥാനങ്ങളിൽനിന്നും പശുക്കളെ വാങ്ങേണ്ടിവരുമ്പോഴുണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് ഒരുപരിധിവരെ പരിഹാരമാവുകയും ചെയ്യും. ആരോഗ്യമുള്ള ഉരുക്കളുടെ ലഭ്യത സംസ്ഥാനത്ത്

ഉറപ്പാക്കാനും ഈ പദ്ധതികൾ സഹായകരമാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ സംസ്ഥാനത്തിനകത്തുനിന്നുതന്നെയാണ് പശുവിനെ വാങ്ങുന്നത്.

## മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി

354 (1215) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്താണെന്ന് വ്യക്തമാക്കാമോ?

കർഷകരുടെ ഉന്നമനത്തിനും മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ താല്പര്യം വളർത്തുന്നതിനും മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നു. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകുപ്പിന്റെ പദ്ധതി വിഹിതമായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലയിൽ ഒന്നുവച്ച് 14 മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങളാണ് നടപ്പിലാക്കുന്നത്. ഒരു മാതൃകാ മൃഗസംരക്ഷണ ഗ്രാമത്തിന് വകുപ്പിന്റെ ധനസഹായമായി 5 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി നൽകും. പ്രാദേശികാടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്ന പ്രോജക്ടുകൾക്ക് ജില്ലാടിസ്ഥാനത്തിൽ അംഗീകാരം

നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രാദേശികമായി സൃഷ്ടിക്കുന്ന മൃഗസംരക്ഷണ മാതൃകകൾവഴി കർഷകക്ഷേമവും അതിലൂടെ മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പാദനം ഊർജ്ജിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

(ബി) ഈ പദ്ധതി പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**നബാർഡ് മുഖേന നടപ്പാക്കിയിരുന്ന പദ്ധതികൾ**

355 (1216) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ ചെറുകിട നാമമാത്ര കർഷകർക്കായി നബാർഡ് മുഖേന നടപ്പാക്കിയിരുന്ന പദ്ധതികൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഏതൊക്കെ പദ്ധതികളാണ് നിർത്തലാക്കിയത്; വിശദാംശം നൽകുമോ?

മൃഗസംരക്ഷണ മേഖലയിൽ നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതായി കേന്ദ്രസർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മുൻവർഷങ്ങളിൽ നബാർഡ് വഴി

നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡയറി എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സ്കീം (DEDS), നാഷണൽ ലൈവ്സ്റ്റോക്ക് മിഷനുകീഴിലുള്ള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് ജനറേഷൻ (EDEG) എന്നീ പദ്ധതികൾക്ക് നടപ്പുസാമ്പത്തിക വർഷം കേന്ദ്രസർക്കാർ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത നടപടിമൂലം ബുദ്ധിമുട്ടിലായ കർഷകരെ സഹായിക്കുന്നതിനായി എന്തൊക്കെ ബദൽ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബദൽ പദ്ധതികൾപ്രകാരം നാളിതുവരെ എത്രപേർക്ക് ഏതൊക്കെ പദ്ധതിയിൽ എത്രരൂപയുടെ സഹായം നൽകിയെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

(ബി&സി) നബാർഡ് മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ നിർത്തലാക്കിയതായി ഔദ്യോഗികമായി അറിയിപ്പുണ്ടായിട്ടില്ല. കൂടാതെ ആയതിന് ബദൽ പദ്ധതികളൊന്നുംതന്നെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടില്ല. നാഷണൽ ലൈവ്സ്റ്റോക്ക് മിഷനുകീഴിൽ പുതിയതായി ആരംഭിച്ച ആട്, പന്നി, കോഴി വളർത്തൽ മേഖലയിലെ കർഷകർക്കുള്ള സംരംഭകത്വ

വികസന പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ പ്രൊപ്പോസലുകൾ പരിശോധിച്ച് അംഗീകരിക്കുന്ന നടപടികൾ നടന്നുവരികയാണ്.

**കുഞ്ഞുകൈകളിൽ കുഞ്ഞിക്കോഴി പദ്ധതി**

356 (1217) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ സഹജീവി സ്നേഹം വളർത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന 'കുഞ്ഞുകൈകളിൽ കുഞ്ഞിക്കോഴി' പദ്ധതി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിപ്രകാരം 6 മുതൽ 9

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരെ ക്ലാസുകളിലെ ഓരോ വിദ്യാർത്ഥിക്കും 5 കോഴി, 1 കിലോ തീറ്റ, മരുന്ന് എന്നിവ തികച്ചും സൗജന്യമായി നൽകുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

357 (1218) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

1. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
3. മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ
4. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
5. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

6. ഗോവർദ്ധിനി

7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

8. ആധുനികവല്ക്കരണവും ഇ-ഗവേണൻസും

9. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്

10.സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പരിപാടി (ഗോസമൃദ്ധി)

11.മൃഗപരിപാലന വിജ്ഞാന വ്യാപനം

12.അനിമൽ റിസോഴ്സ് ഡെവലപ്മെന്റ്

മൂലധന ശീർഷകം

1. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
3. ബീജസങ്കലന സൗകര്യം വർദ്ധിപ്പിക്കൽ
4. ഫാമുകളുടെ ശാക്തീകരണം
5. മൃഗപരിപാലന വിജ്ഞാന വ്യാപനം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടികളും (40% സംസ്ഥാന വിഹിതം)
2. ദേശീയ കന്നുകാലി മിഷൻ (40% സംസ്ഥാന വിഹിതം)
3. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (50% സംസ്ഥാന വിഹിതം)
4. ലൈവ്സ്റ്റോക്ക് സെൻസസ് (100% സംസ്ഥാന വിഹിതം)

പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള സഹായം

1. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് സഹായം (കെ.എസ്.പി.ഡി.സി.)
2. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് സഹായം (കെ.എൽ.ഡി.ബി.)
3. കേരള ഫീഡ്സ് ലിമിറ്റഡിന് സഹായം
4. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം

## RIDF

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

358 (1219) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരവും അവയ്ക്കനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 'എ' ആയും+ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 'ബി' ആയും+ ചേർത്തിരിക്കുന്നു.

(ബി) നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 സാമ്പത്തികവർഷത്തെ പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്മാർട്ട് മൃഗാശുപത്രികൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

24 മണിക്കൂർ മൃഗചികിത്സാ സേവനം, വെറ്ററിനറി പോളിക്ലിനിക് എന്നീ ചികിത്സാ സൗകര്യങ്ങൾ പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിലുണ്ട്. കൂടാതെ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി സേവനം പദ്ധതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ**

359 (1220) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും അവ ഓരോന്നിന്റെയും വിശദാംശം, പുരോഗതി എന്നിവയും വിശദമാക്കാമോ?

<u>മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ</u>

1. ഒരു ഗുണഭോക്താവിന് ഒരു പോത്തുകുട്ടി എന്നരീതിയിൽ 89 യൂണിറ്റ് പദ്ധതി നടപ്പിലാക്കാൻ തുക അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് പരിപാലനം സംബന്ധിച്ച പരിശീലനവും കൊടുക്കുന്നുണ്ട്.

2. 5 പെണ്ണാടിനെയും 1 മുട്ടനാടിനെയും വളർത്തുന്ന 7 യൂണിറ്റ് ആട് വളർത്തൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

3. രാത്രികാലങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നടത്തിവരുന്നുണ്ട്.

4. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി)-യിൽ 410 കന്നുക്കുട്ടികളെ എൻറോൾ ചെയ്യുകയും ആയതിന് സർക്കാർ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരികയുമാണ്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൃഗസംരക്ഷണ മേഖലയിലെ നബാർഡ് പദ്ധതികൾ

360 (1221) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ നബാർഡ് പദ്ധതികൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണ് ഇപ്രകാരം നിർത്തലാക്കിയത്; വ്യക്തമാക്കുമോ?

മൃഗസംരക്ഷണ മേഖലയിൽ നബാർഡുവഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതായി കേന്ദ്രസർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മുൻവർഷങ്ങളിൽ നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡയറി എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സ്കീം (DEDS), നാഷണൽ ലൈവ്സ്റ്റോക്ക് മിഷനുകീഴിലുള്ള എന്റർപ്രണർഷിപ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് ജനറേഷൻ (EDEG) എന്നീ പദ്ധതികൾക്ക് നടപ്പുസാമ്പത്തിക വർഷം കേന്ദ്രസർക്കാർ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ചെറുകിട നാമമാത്ര കർഷകരെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത തീരുമാനം റദ്ദാക്കണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇപ്രകാരം ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതായി കേന്ദ്രസർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**ക്ഷീര/താറാവ് കർഷകർക്കായി നൽകുന്ന സേവനങ്ങൾ**

361 (1222) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ ക്ഷീരകർഷകർക്ക്/താറാവ് കർഷകർക്ക്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയ സേവനങ്ങളുടെ ഇനം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗസംരക്ഷണ വകുപ്പ് ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ ക്ഷീരകർഷകർക്കും താറാവ് കർഷകർക്കുമുൾപ്പെടെ ഈ മേഖലയ്ക്കായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

അമ്പലപ്പുഴ ബ്ലോക്കിൽപ്പെടുത്തി ആലപ്പുഴ ജില്ലാ വെറ്ററിനറി കേന്ദ്രം മുഖേനയും ആര്യാട് ബ്ലോക്കിൽപ്പെടുത്തി കലവൂർ മൃഗാശുപത്രി മുഖേനയും രാത്രികാല അടിയന്തര വെറ്ററിനറി സേവനങ്ങൾ നൽകിവരുന്നു. 2022-23 കാലയളവിലേയ്ക്ക് ക്ഷീരകർഷകർക്കും താറാവ് കർഷകർക്കുമുൾപ്പെടെ ഈ മേഖലയ്ക്കായി അനുവദിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+ ഇവയുടെ നിർവ്വഹണം നടന്നുവരുന്നു.

(ബി) പ്രസ്തുത കർഷകർക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷ്വറൻസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ക്ഷീരവികസന വകുപ്പിനുകീഴിൽ ക്ഷീരകർഷകർക്കായി ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മേഖലാ ക്ഷീരോല്പാദക യൂണിയനുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. 2021-2022 വർഷത്തിൽ അംഗീകരിച്ച ടെണ്ടർ നിരക്കുകൾപ്രകാരം ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനമാണ് പദ്ധതിയുടെ നടത്തിപ്പ് പങ്കാളികൾ. ക്ഷീരസഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്കും ജീവനക്കാർക്കും സംഘത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഗുണഭോക്തൃ വിഹിതത്തിൽ 50% ധനസഹായമാണ് നൽകുന്നത്.

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകുന്നവരും 2020-21 വർഷങ്ങളിൽ പരിരക്ഷ ലഭിക്കുന്നവരും തൻവർഷം പദ്ധതിയിൽ ചേരുന്നവരുമായ ക്ഷീരകർഷകർ/ക്ഷീരസഹകരണ സംഘം ജീവനക്കാർ, ജീവിതപങ്കാളി, 25 വയസുവരെ പ്രായമായ 2 കുട്ടികൾ, മാതാപിതാക്കൾ, കർഷകന്റെ കറവമാടുകൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഹെൽത്ത് ഇൻഷ്വറൻസിൽ കർഷകനെയും കുടുംബത്തിനെയും മാതാപിതാക്കളെയും ഇൻഷ്വർ ചെയ്യുമ്പോൾ ആകെ പ്രീമിയം തുക 9,872/- ആണ്. എന്നാൽ 3,300/- രൂപ ധനസഹായം കഴിച്ച് ബാക്കി 6,572/- രൂപ ഗുണഭോക്തൃവിഹിതമായി അടച്ചാൽ മതിയാകും. 50,000/-രൂപയ്ക്ക് ഒരു പശുവിനെ ഇൻഷ്വറൻസ് ചെയ്യുമ്പോൾ ആകെ 1,800/- രൂപയാണ് പ്രീമിയം തുക. അതിൽ 900/- രൂപ ധനസഹായം കഴിച്ച് 900/- രൂപമാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതിയാകും. 60,000/- രൂപയ്ക്ക് ഒരു പശുവിനെ ഇൻഷ്വറൻസ് ചെയ്യുമ്പോൾ ആകെ 2,160/- രൂപയാണ് പ്രീമിയം

തുക. അതിൽ 1,080/- രൂപ ധനസഹായം കഴിച്ച് 1,080/- രൂപമാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതിയാകും. 70,000/- രൂപയ്ക്ക് ഒരു പശുവിനെ ഇൻഷ്വറൻസ് ചെയ്യുമ്പോൾ ആകെ 2,520/- രൂപയാണ് പ്രീമിയം തുക. അതിൽ 1,260/- രൂപ ധനസഹായം കഴിച്ച് 1,260/- രൂപമാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതിയാകും.

2021-22-ൽ ടി പദ്ധതിവഴി 96 കർഷകർ 121 പശുക്കളെ ഇൻഷ്വറൻസ് ചെയ്യുകയും 46 കർഷകരെ ഹെൽത്ത് ഇൻഷ്വറൻസ് ചെയ്യിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി 2 ഉരുക്കൾക്ക് മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. പശു മരണപ്പെടുകയാണെങ്കിലും ചെന പിടിക്കാതെ വന്നാലും ക്ലെയിം ലഭിക്കും. 2021-22-ൽ ടി പദ്ധതിവഴി 110 കർഷകർ 81 പശുക്കളെ ഇൻഷ്വറൻസ് ചെയ്യുകയും 55 കർഷകരെ ഹെൽത്ത് ഇൻഷ്വറൻസ് ചെയ്യിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിൽ ഗോസമൃദ്ധി - എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നുണ്ട്. ഇതോടൊപ്പം ചെറിയ തുക പ്രീമിയം അടച്ചുകൊണ്ട് ക്ഷീരകർഷകർക്കും പേഴ്സണൽ ആക്സിഡന്റ് കവർ ലഭ്യമാകുന്നുണ്ട്. ഇൻഷ്വർ ചെയ്യുന്ന കർഷകർ മരിച്ചാൽ 5 ലക്ഷം രൂപയും അപകടം സംഭവിച്ചാൽ 2.5

ലക്ഷം രൂപയും ലഭിക്കുന്നു. ആലപ്പുഴ മണ്ഡലത്തിൽ ആകെ 79,738/- രൂപ ചെലവഴിച്ച് 86 ഉരുക്കളെ കഴിഞ്ഞ ഒരു വർഷത്തിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ ക്ഷീര/താറാവ് കർഷകർക്കായി നൽകുന്ന സേവനങ്ങൾ പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിങ്ങനെ തരംതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>പാലിന് സബ്സിഡി</u>

ക്ഷീരകർഷകർ സംഘത്തിൽ ഒഴിക്കുന്ന പാലിന് ലിറ്ററിന് 4/- രൂപ പ്രകാരം സബ്സിഡി നൽകുന്നു.

| | |
|---|---|
| ആര്യാട് പഞ്ചായത്ത് | 7 ലക്ഷം |
| മാരാരിക്കുളം തെക്ക് പഞ്ചായത്ത് | 11 ലക്ഷം |
| മണ്ണഞ്ചേരി പഞ്ചായത്ത് | 28 ലക്ഷം |
| ആകെ | 46 ലക്ഷം |

2. <u>കാലിത്തീറ്റ സബ്സിഡി</u>

| | |
|---|---|
| ആര്യാട് പഞ്ചായത്ത് | 6 ലക്ഷം |

| | |
|---|---|
| മാരാരിക്കുളം തെക്ക് പഞ്ചായത്ത് | 10 ലക്ഷം |
| മണ്ണഞ്ചേരി പഞ്ചായത്ത് | 18 ലക്ഷം |
| ആകെ | 34 ലക്ഷം |

മൃഗസംരക്ഷണ വകുപ്പിൽ ആലപ്പുഴ മണ്ഡലത്തിലെ ക്ഷീര/താറാവ് കർഷകർക്കായി നൽകുന്ന സേവനങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിങ്ങനെ തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

362 (1223) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വർഷംതോറും രോഗം വന്ന് താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതുമൂലം താറാവ് കർഷകർ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷിപ്പനി ഒരു വൈറസ് രോഗമാണ്. ഇൻഫ്ലുവൻസ ടൈപ്പ്-എ എന്ന ഒരു വൈറസാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യത്യാസമനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേയ്ക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N1 വൈറസാണ്. ഇവ മനുഷ്യരിലേയ്ക്ക് ഇതുവരെ പടർന്നിട്ടില്ല.

രോഗപ്രതിരോധത്തിന്റെ ഭാഗമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള പക്ഷികൾ, മുട്ട എന്നിവ ദ്രുതകർമ്മസേനയുടെ സഹായത്താൽ നശിപ്പിക്കുകയുണ്ടായി. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട കള്ളിംഗ് പ്രവർത്തനങ്ങൾ എല്ലായിടത്തും ആരംഭിക്കുകയും അണുനശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരം കേന്ദ്രസർക്കാരിനെ അറിയിക്കുകയും കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം 10 കിലോമീറ്റർവരെ ചുറ്റളവിൽ രോഗനിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ കുട്ടനാട്ടിലെ താറാവ് കർഷകർക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ രണ്ടുവർഷങ്ങളിൽ കുട്ടനാട്ടിൽ പക്ഷിപ്പനിമൂലം താറാവുകളെ നഷ്ടപ്പെട്ട 39 കർഷകർക്ക് നഷ്ടപരിഹാരമായി ആകെ 63,14,350/- രൂപ നൽകിയിട്ടുണ്ട്.

(സി) ഇനിയും നഷ്ടപരിഹാരം ലഭിക്കാനുള്ള കർഷകരുടെ വിശദാംശം ലഭ്യമാക്കുമോ?

മുൻവർഷംവരെ അർഹതയുള്ള എല്ലാ കർഷകർക്കും മാനദണ്ഡങ്ങളനുസരിച്ച് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. 2022 ഒക്ടോബർ അവസാന വാരത്തോടുകൂടി ആലപ്പുഴ ജില്ലയിൽ സ്ഥിരീകരിക്കപ്പെട്ട പക്ഷിപ്പനിയോടനുബന്ധിച്ച് ദയാവധം, അണുനശീകരണം എന്നിവയുൾപ്പെടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ യഥാസമയം നടപ്പാക്കുകയും രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നിവയ്ക്കാവശ്യമായ തുക നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

**കന്നുകാലികൾക്കും വളർത്തുമൃഗങ്ങൾക്കുമുള്ള ഇൻഷ്വറൻസ് പരിരക്ഷ**

363 (1224) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്കും വളർത്തുമൃഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതെങ്ങനെയാണ്; വിശദാംശം ലഭ്യമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഗോസമൃദ്ധി - എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു വർഷം, മൂന്ന് വർഷം ഇൻഷ്വറൻസ്

പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇൻഷ്വറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിന് 70 ശതമാനവും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം 2 മുതൽ 10 വയസ്സുവരെയുള്ള പശുക്കൾക്കും എരുമകൾക്കും ഈ സ്കീമിനുകീഴിൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്കുർഹതയുണ്ട്. ഇതിനായി കറവയുള്ള പശുക്കൾക്ക് പ്രതിദിനം കുറഞ്ഞത് 7 ലിറ്റർ ഉൽപ്പാദനശേഷിയുണ്ടായിരിക്കേണ്ടതാണ്. ഗർഭകാലത്തിന്റെ അവസാന ത്രൈമാസത്തിലുള്ള ഗർഭിണിയായ പശുക്കിടാവ്/എരുമ, 7 മാസത്തിനുമുകളിൽ ഗർഭിണിയായ കറവ വറ്റിയ പശുക്കൾ/എരുമകൾ എന്നിവയെയും ഈ പദ്ധതിയുടെ പരിധിയിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്. മറ്റേതെങ്കിലും ഇൻഷ്വറൻസ് സ്കീമിനുകീഴിൽ വരുന്ന മൃഗങ്ങളെ ഈ സ്കീമിനുകീഴിൽ എൻറോൾ ചെയ്യാൻ പാടില്ല. മറ്റേതെങ്കിലും പ്ലാൻ സ്കീമിനുകീഴിൽ വിതരണം ചെയ്തിട്ടുള്ളതും എന്നാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചിട്ടില്ലാത്തതുമായ മൃഗങ്ങളെ ഈ സ്കീമിനുകീഴിൽ എൻറോൾ ചെയ്യാവുന്നതാണ്. നിലവിൽ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഉപഭോക്തൃ വിഹിതം

ഓൺലൈനായി സമർപ്പിച്ച് അതിന്റെ പേമെന്റ് റഫറൻസ് നമ്പർകൂടി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽമാത്രമേ അപേക്ഷ സക്സസ് ആകുകയുള്ളൂ. അപേക്ഷ സക്സസായി 15 ദിവസത്തിനുള്ളിൽ പോളിസി ലഭ്യമാകുന്നതാണ്. സർക്കാർ മൃഗാശുപത്രി ഡോക്ടർമാർക്കാണ് ഇൻഷ്വറൻസ് ക്ലെയിം നടപടിക്രമത്തിന്റെ ഉത്തരവാദിത്വം. ആട്, കോഴി മുതലായവയ്ക്ക് നിലവിൽ വകുപ്പ് ഇൻഷ്വറൻസ് നൽകുന്നില്ല. സർക്കാർ പദ്ധതി പ്രകാരമല്ലാതെ പ്രീമിയം തുക മുഴുവൻ വഹിച്ചുകൊണ്ട് കർഷകർക്ക് നേരിട്ടും തങ്ങളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്.

(ബി) ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ഇപ്പോൾ ഏതൊക്കെ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ സന്നദ്ധമായിട്ടുണ്ടെന്ന് അറിയിക്കാമോ?

ന്യൂ ഇന്ത്യ അഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, നാഷണൽ ഇൻഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി എന്നീ പൊതുമേഖല ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിക്കുന്നത്.

(സി) ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് വെറ്ററിനറി ഡോക്ടർ ലഭ്യമല്ലെന്ന കാരണത്താൽ പ്രസ്തുത

സേവനം നിഷേധിക്കുന്നതായുള്ള വ്യാപക പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വെറ്ററിനറി ഡോക്ടർമാർ ലഭ്യമല്ലെന്ന കാരണത്താൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഘട്ടത്തിൽ പ്രസ്തുത സേവനം നിഷേധിക്കുന്നുവെന്ന രീതിയിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ പദ്ധതികളിൽ ഉരുക്കളെ ഇൻഷ്വർ ചെയ്യുമ്പോൾ മാത്രമാണ് സർക്കാർ സർവ്വീസിലുള്ള ഡോക്ടർതന്നെ വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഇൻഷ്വർ ചെയ്ത ഉരുക്കളെ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുള്ള ഏതൊരു വെറ്ററിനറി ഡോക്ടർക്കും ചികിത്സിക്കാവുന്നതാണ്. എന്നാൽ സർക്കാർ പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ള ഉരുക്കളുടെ ക്ലെയിം സംബന്ധിച്ച നടപടികൾ സർക്കാർ ഡോക്ടർമാർതന്നെ ചെയ്യേണ്ടതാണ്. കൂടാതെ പശു മരണപ്പെട്ടാൽ സർക്കാർ സർവ്വീസിലുള്ള വെറ്ററിനറി ഡോക്ടർതന്നെ മരണ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തണമെന്നുണ്ട്.

## വെറ്ററിനറി ഹോസ്പിറ്റലുകൾ, ഡിസ്പെൻസറികൾ

364 (1225) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി ഹോസ്പിറ്റലുകളും വെറ്ററിനറി ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മൃഗാരോഗ്യ പരിപാലനരംഗത്ത് അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

മൃഗാശുപത്രികളുടെ ശാക്തീകരണം പദ്ധതിയുടെ കീഴിൽ ലാബുകളുടെ ശാക്തീകരണം, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ ശാക്തീകരണം, വെറ്ററിനറി ബയോളജിക്കൽ കോംപ്ലക്സ് പദ്ധതിയുടെ കീഴിൽ വാക്സിനുകളുടെ നിർമ്മാണം, രാത്രികാല വെറ്ററിനറി സേവനം പദ്ധതിയുടെ കീഴിൽ അടിയന്തര വെറ്ററിനറി സേവനം, ടെലിവെറ്ററിനറി യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്രപദ്ധതിയിലുൾപ്പെടുത്തി 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ബ്ലോക്കുകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ആർ.കെ.ഐ. പദ്ധതിയുടെ കീഴിൽ 12 മൊബൈൽ സർജറി യൂണിറ്റുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിച്ച് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ദ്ധസേവനം കർഷകന്റെ വാതിൽപ്പടിയിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ

365 (1226) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആരംഭിച്ച ക്ലിനിക്കുകളുടെ എണ്ണം അറിയിക്കാമോ; ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഒരു യൂണിറ്റ് എന്നനിലയിൽ പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ LH&DC (60:40) 2021-2022 "ഇംപ്ലിമെന്റേഷൻ ഓഫ് മൊബൈൽ വെറ്ററിനറി യൂണിറ്റ്" പദ്ധതിപ്രകാരം സംസ്ഥാനത്തിന് അനുവദിച്ച 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾക്കാവശ്യമായ വാഹനം, ഉപകരണങ്ങൾ വാങ്ങൽ എന്നീ നടപടികൾ പൂർത്തിയായിട്ടുണ്ട്. 29 ബ്ലോക്കുകളിൽ ഈ മൊബൈൽ

വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. അവശേഷിക്കുന്ന ബ്ലോക്കുകളിൽക്കൂടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിൽ ഒരു യൂണിറ്റ് എന്നനിലയിൽ പദ്ധതി നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതവുമായി സംയോജിപ്പിച്ച് മികച്ച രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യത പരിഗണിക്കുമോ; വ്യക്തമാക്കാമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതംകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ട്.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇല്ല. പദ്ധതി വ്യാപിപ്പിക്കുമ്പോൾ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ബ്ലോക്കുകളിലും സേവനം ലഭിക്കുന്നതാണ്.

**കാട്ടാക്കട മൃഗാശുപത്രിയിൽ വെറ്ററിനറി പോളിക്ലിനിക് അനുവദിക്കാൻ നടപടി**

366 (1227) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്കാസ്ഥാനമായ കാട്ടാക്കടയിലെ മൃഗാശുപത്രിയിൽ വെറ്ററിനറി പോളിക്ലിനിക് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൃഗസംരക്ഷണ പദ്ധതികൾ**

367 (1228) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമുഖേന ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. <u>തിരൂരങ്ങാടി ബ്ലോക്ക് ക്ഷീരവികസന യൂണിറ്റ് മുഖാന്തരം ക്ഷീരകർഷകർക്ക് ക്ഷീരസംഘം മുഖാന്തരം പാലിന് സബ്സിഡി</u>

- വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് - 7 ലക്ഷം
- തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് - 1 ലക്ഷം
- പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് - 1 ലക്ഷം
- മൂനിയൂർ ഗ്രാമപഞ്ചായത്ത് – 1 ലക്ഷം
- തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - 10 ലക്ഷം
- ജില്ലാ പഞ്ചായത്ത് – 1 ലക്ഷം

2. <u>ക്ഷീരകർഷകർക്ക് ക്ഷീരസംഘം മുഖാന്തരം കാലിത്തീറ്റക്ക് സബ്സിഡി</u>

   തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - 3 ലക്ഷം

3. <u>തീറ്റപ്പുൽ കൃഷി സബ്സിഡി</u>

   ക്ഷീരവികസന വകുപ്പ് സബ്സിഡി – 74250/- (1350 സെന്റ്)

4. <u>MSDP ക്ഷീരവികസന വകുപ്പ് സബ്സിഡി</u>

- 2 പശു യൂണിറ്റ് – 1 - Rs.46,500/-
- Mechanization and Modernization – 1- Rs.50,000/-
- Milking Machine – 1 - Rs. 30,000/-
- Assistance To DCS – 28,000/- (കണ്ടായിപ്പാടം ക്ഷീരസംഘം ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- Milk Incentive - 88,000/- (പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്)

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി എത്ര വെറ്ററിനറി ഡിസ്പെൻസറികളും മൃഗാശുപത്രികളുമുണ്ടെന്ന് വിശദമാക്കുമോ?

മണ്ഡലത്തിൽ വെറ്ററിനറി ആശുപത്രികൾ നിലവിലില്ല. 6 വെറ്ററിനറി ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു.

(സി) ഇവയിൽ ഏതിന്റെയെങ്കിലും ഗ്രേഡ് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## രാത്രികാലങ്ങളിലും മൃഗചികിത്സാ സേവനങ്ങൾ

368 (1229) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗചികിത്സ സേവനങ്ങൾ രാത്രികാലങ്ങളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

മൃഗാശുപത്രികളുടെ പ്രവർത്തനസമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ

സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകാനാണ് രാത്രികാല ചികിത്സാസേവനം പദ്ധതിവഴി ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനിലും ഒരു മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ

369 (1230) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള കോഴികൾക്കും മുട്ടകൾക്കുമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളേതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

മുട്ടക്കോഴികളുടെയും കോഴിമുട്ടയുടെയും ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണമേന്മയേറിയ കോഴികളുടെയും മുട്ടകളുടെയും ഉൽപ്പാദനത്തിനായി കെപ്കോ കേരളത്തിലെ കാലാവസ്ഥയ്ക്കിണങ്ങുന്നതും രോഗപ്രതിരോധ ശേഷി താരതമ്യേന കൂടുതലുള്ളതും വർഷത്തിൽ 300 മുട്ടകൾവരെ നൽകാൻ പ്രാപ്തിയുള്ള ബി.വി.-380 എന്ന മേൽത്തരം ഇനത്തിൽപ്പെട്ട കോഴികളെ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട കോഴികൾക്കുപുറമെ മുട്ടയിടാൻ പ്രായമായ ബി.വി.-380 ഇനത്തിൽപ്പെട്ട കോഴികളെയും വിവിധ പദ്ധതികളിലൂടെ കെപ്കോ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കെപ്കോ നടപ്പാക്കിയ പദ്ധതിയിലൂടെമാത്രം കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ മുട്ടയുടെ ആഭ്യന്തര ഉത്പാദനത്തിൽ ഏകദേശം 80 കോടിയുടെ അധികോത്പാദനം വരുത്താൻ സാധിച്ചിട്ടുണ്ട്.

**കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

370 (1231) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോവഴി നടപ്പിലാക്കുന്ന കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് എന്നപദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടില്ല.

**കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഓഫീസുകൾ**

371 (1232) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏതെല്ലാം ഓഫീസുകളുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ മണ്ഡലംതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ ഓഫീസുകളിലെ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താത്തത് എന്തുകൊണ്ടാണെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

## മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

372 (1233) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും ഈ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ 525 താൽക്കാലിക നിയമനങ്ങളും 624 കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്. വെറ്ററിനറി സർജൻ, നൈറ്റ് അറ്റൻഡന്റ്, ക്ലാർക്ക് ടൈപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഇലക്ട്രീഷ്യൻ, ലേബറർ, ഡ്രൈവർ-കം-അറ്റൻഡന്റ്, റിസർച്ച് അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ആനിമൽ ഹാൻഡ്ലർ, യങ് പ്രൊഫഷണൽ, എക്സ്റേ ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഓപ്പറേഷൻ തീയേറ്റർ അറ്റൻഡർ, സാനിറ്ററി വർക്കർ, സെക്യൂരിറ്റി, ഡിസൈനർ, അസിസ്റ്റന്റ് എഡിറ്റർ,

വീഡിയോഗ്രാഫർ, ഐ.ടി. അസിസ്റ്റന്റ് എന്നീ തസ്തികകളിലാണ് മേൽപ്പറഞ്ഞ പ്രകാരം നിയമനം നടത്തിയിട്ടുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പിൽ താൽക്കാലികമായി 27 ക്ഷീരവികസന ഓഫീസർമാരുടെ നിയമനം നടത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം മൃഗസംരക്ഷണ വകുപ്പിൽ 82,74,363/- രൂപയും ക്ഷീരവികസന വകുപ്പിൽ 8,41,331/- രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന 525 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റ് നിയമനങ്ങളിൽ വാക്ക് ഇൻ ഇന്റർവ്യൂ, കുടുംബശ്രീ, ICAR പ്രോജക്ട് എന്നിവ മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. ക്ഷീരവികസന വകുപ്പിൽ 27 ക്ഷീരവികസന ഓഫീസർമാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തിയിട്ടുള്ളത്.

## മൃഗാശുപത്രികളിലെയും ഡയറി എക്സ്റ്റൻഷൻ ഓഫീസിലെയും ഒഴിവ് സംബന്ധിച്ച്

373 (1234) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെ മൃഗാശുപത്രികളിലെയും ഡയറി എക്സ്റ്റൻഷൻ ഓഫീസിലെയും ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെയും മൃഗസംരക്ഷണ വകുപ്പിനുകീഴിൽ വരുന്ന മൃഗാശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | നിലവിലുള്ള ഒഴിവുകളുടെ എണ്ണം | ഒഴിവ് നിലവിലുള്ള സ്ഥാപനം |
|---|---|---|
| വെറ്ററിനറി സർജൻ ഗ്രേഡ് II | 1 | വെറ്ററിനറി ഡിസ്പെൻസറി, ആയഞ്ചേരി |
| ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II | 1 | വെറ്ററിനറി സബ് സെന്റർ, പുതിയോട്ടുംവയൽ |
| ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II | 1 | വെറ്ററിനറി സബ് സെന്റർ, കുന്നുമ്മൽ |

ടി മണ്ഡലത്തിൽ ക്ഷീരവികസന യൂണിറ്റ് ഓഫീസുകൾ ബ്ലോക്ക് അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. കുറ്റ്യാടി നിയോജകമണ്ഡലത്തിന് കീഴിൽ തോടന്നൂർ, കുന്നുമ്മൽ, തൂണേരി എന്നീ ബ്ലോക്കുകളാണുൾപ്പെടുന്നത്. ടി ഓഫീസുകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| യൂണിറ്റ് ഓഫീസ് | അനുവദിച്ച തസ്തിക | എണ്ണം | ഒഴിവുള്ള തസ്തിക |
|---|---|---|---|
| തോടന്നൂർ | ക്ഷീര വികസന ഓഫീസർ | 1 | 1 |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 |
| | ക്ലാർക്ക് | 1 | - |
| കുന്നുമ്മൽ | ക്ഷീര വികസന ഓഫീസർ | 1 | 1 |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | - |
| | ക്ലാർക്ക് | 1 | - |
| തൂണേരി | ക്ഷീരവികസന ഓഫീസർ | 1 | 1 |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | - |
| | ഓഫീസ് അറ്റൻഡന്റ് | 1 | 1 |

(ബി) ധാരാളം ക്ഷീരകർഷകർ ആശ്രയിക്കുന്ന ഈ ഓഫീസുകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

വെറ്ററിനറി സർജൻ ഗ്രേഡ് II തസ്തികയുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുള്ള വെറ്ററിനറി ഡിസ്പെൻസറികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികളും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ക്ഷീരവികസന ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും 2023 ജനുവരിയിൽ പരീക്ഷ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തെരുവുനായ്ക്കളെ നിയന്ത്രിക്കലും വാക്സിനേഷനും**

374 (1235) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുമായി ബന്ധപ്പെട്ട വിഷയത്തിൽ എന്തൊക്കെ ഉത്തരവാദിത്വങ്ങളാണ് മൃഗസംരക്ഷണ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ വിഷയത്തിൽ 29-09-2022-ലെ സ.ഉ. (സാധാ) നമ്പർ 2376/2022/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം പ്രതിരോധ കുത്തിവയ്പിനാവശ്യമായ വാക്സിൻ സംഭരണം, വിതരണം, ക്യാമ്പുകൾ സംഘടിപ്പിക്കൽ, മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ, ഡോഗ് ക്യാച്ചേഴ്സ്, മൃഗപരിപാലകർ എന്നിവരെ ജില്ലാടിസ്ഥാനത്തിൽ നിയമിക്കൽ, കുടുംബശ്രീ സംവിധാനവും സന്നദ്ധസംഘടനകളും ലഭ്യമാക്കുന്ന ഡോഗ് ക്യാച്ചേഴ്സിനാവശ്യമായ പരിശീലനം നൽകി നിയോഗിക്കൽ എന്നിവയുടെ എകോപനവും നടത്തിപ്പും മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ടതാണ്. പുതിയതായി ആരംഭിക്കുന്ന എ.ബി.സി. കേന്ദ്രങ്ങൾക്ക് സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ

ജില്ലാതല ഉദ്യോഗസ്ഥരുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതി നടപടി സ്വീകരിക്കേണ്ടതും ഈ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ്. മൃഗസംരക്ഷണ വകുപ്പിൽനിന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും സാങ്കേതിക നിർദ്ദേശങ്ങൾക്കനുസൃതവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. എ.ബി.സി. ചെയ്യുന്നതിനായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജൻ, മൃഗപരിപാലകർ, തീയേറ്റർ സഹായി, ശുചീകരണ സഹായി എന്നിവരെ നിയമിക്കാൻ 23-08-2022-ലെ സ.ഉ. (സാധാ) നമ്പർ 2065/2022/ത.സ്വ.ഭ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനുമുള്ള ചുമതല മൃഗസംരക്ഷണ വകുപ്പിലാണോ നിക്ഷിപ്തമായിട്ടുള്ളതെന്ന് അറിയിക്കുമോ; ആണെങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് അറിയിക്കുമോ?

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ് സെപ്തംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 170 ഹോട്ട്സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ കണ്ടെത്തിയിട്ടുണ്ട്. വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 506 ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ ട്രെയിനിംഗ് കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുടുംബശ്രീക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമില്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള

19-07-2021-ലെ WP(C) No. 13204/2021-ന്റെ ഇടക്കാല വിധിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തരം എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എ.ബി.സി. ചെയ്യുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിനില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ എ.ബി.സി. പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്ത് 37 എ.ബി.സി. സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികളാരംഭിച്ചിട്ടുണ്ട്.

## തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ വാക്സിൻ

375 (1236) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ വാക്സിൻ നൽകുന്നതിനായി സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിനായി എന്തൊക്കെ

സേവനങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഏതൊക്കെ തസ്തികയിലുള്ള ജീവനക്കാരെയാണ് ഇതിനായി നിയോഗിച്ചതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് സെപ്തംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 170 ഹോട്ട്സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ കണ്ടെത്തിയിട്ടുണ്ട്. പേവിഷ പ്രതിരോധ വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 506 ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ ട്രെയിനിംഗ് കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിരോധ കുത്തിവയ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ സ്ക്വാഡ് അംഗങ്ങൾക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. വാക്സിൻ നൽകുന്നതിന്

മൃഗസംരക്ഷണ വകുപ്പ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെയാണ് നിയോഗിച്ചിട്ടുള്ളത്.

(ബി) ഈ ചുമതല ഏല്പിച്ചതിൽ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർ പ്രതിഷേധമുയർത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വിഷയം പരിശോധിച്ചുവരുന്നു.

(സി) തെരുവുനായ്ക്കളിൽ പേവിഷ പ്രതിരോധവാക്സിൻ കുത്തിവയ്പിന്റെ ചുമതല മൃഗസംരക്ഷണ വകുപ്പിൽ നിക്ഷിപ്തമാണോ; എങ്കിൽ 2016-2021 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധവാക്സിൻ കുത്തിവയ്പ്പ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് തെരുവുനായ്ക്കളിലെ കുത്തിവയ്പ്പ് നടത്തുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായാണ് ഇതിനുവേണ്ടി പണം ചെലവഴിക്കുന്നത്. ഈ പദ്ധതിക്കാവശ്യമായ ഡോഗ് ക്യാച്ചർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ എന്നിവരെ ജില്ലാതലത്തിൽ നിയോഗിക്കുന്നതും പേവിഷ പ്രതിരോധവാക്സിൻ ലഭ്യമാക്കുന്നതും മൃഗസംരക്ഷണ വകുപ്പാണ്. 2022 സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

## ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

376 (1237) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഷ്വർ ചെയ്യപ്പെട്ട പശു മരണപ്പെട്ടാൽ ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

<u>മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി:</u>

ഗോസമൃദ്ധി - എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷയുള്ള പശുക്കൾ മരണപ്പെട്ടാൽ 48 മണിക്കൂറിനുള്ളിൽ ആയത് ഇൻഷ്വറൻസ് കമ്പനിയെ മെയിൽ മുഖേന അറിയിക്കേണ്ടതാണ്. കൂടാതെ സർക്കാർ സർവ്വീസിലുള്ള വെറ്ററിനറി സർജൻ പശുവിനെ പോസ്റ്റ്മോർട്ടം നടത്തി ക്ലെയിം ഫോമുകളും പോസ്റ്റ്മോർട്ടം നടത്തിയതിന്റെ ഫോട്ടോയും പശുവിന്റെ ഇയർ ടാഗ് കാണുന്ന രീതിയിലുള്ള ഫോട്ടോയും ഇയർ ടാഗും ഇൻഷ്വറൻസ് പോളിസി ലഭിച്ചതിന്റെ രേഖയും 20 ദിവസത്തിനുള്ളിൽ ഇൻഷ്വറൻസ് കമ്പനിക്ക് പോസ്റ്റ് മുഖേന അയച്ചുകൊടുക്കേണ്ടതാണ്. ഇൻഷ്വറൻസ് കമ്പനിക്ക്

ക്ലെയിം ഫോം സമർപ്പിക്കുമ്പോൾ അതിനോടൊപ്പം സർക്കാർ സർവ്വീസിലുള്ള മൃഗഡോക്ടർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട മൃഗത്തിന്റെ രണ്ട് ഫോട്ടോഗ്രാഫുകൾ (ചെവിയിൽ ഇയർ ടാഗ് കാണിക്കുന്നതും പോസ്റ്റ്മോർട്ടം ചെയ്യുന്നതിന്റെ ഫോട്ടോയും) എന്നിവ ഉണ്ടായിരിക്കണം.

<u>ക്ഷീരവികസന വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി:</u>

- ഇൻഷ്വർ ചെയ്ത പശു മരണപ്പെട്ടാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട വിവരം ഇൻഷ്വറൻസ് സ്ഥാപനത്തെ അറിയിക്കുക.
- ഗവൺമെന്റ് വെറ്ററിനറി ഡോക്ടറുടെ പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് നിർബന്ധമാണ്.
- മരണപ്പെട്ട് കിടക്കുന്ന പശുവിന്റെ ഫോട്ടോയും പശുവിന്റെ പിൻവശത്ത് ഇൻഷ്വർ ചെയ്ത വ്യക്തി നിന്നുള്ള ഫോട്ടോയും ടാഗ് ചെയ്ത ചെവിയും ടാഗ് നമ്പർ വ്യക്തമായി കാണത്തക്കവിധത്തിലുള്ള ഫോട്ടോയും ഡോക്ടർ പോസ്റ്റ്മോർട്ടം ചെയ്യുന്ന രണ്ട് ഫോട്ടോയും നിർബന്ധമാണ്.

- മരണപ്പെട്ടുപോയ പശുവിന്റെ ക്ലെയിം ലഭിക്കാൻ പശുവിന്റെ ടാഗ് താഴെപ്പറയുന്ന ക്ലെയിം പേപ്പറിന്റെകൂടെ സമർപ്പിക്കേണ്ടതാണ്.

1. കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് ഒപ്പുവച്ച ക്ലെയിം ഫോം
2. പോസ്റ്റ്മോർട്ടം റിപ്പോർട്ട്
3. ചികിത്സാ വിവരങ്ങൾ (ഉണ്ടെങ്കിൽ മാത്രം)
4. കർഷകന്റെ ആധാറിന്റെ പകർപ്പ്
5. കർഷകന്റെ പാസ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് (അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ വ്യക്തമാകണം )
6. ഫോട്ടോ

(ബി) ഇൻഷ്വർ ചെയ്യപ്പെട്ട പശുവും അതിന്റെ ഉടമയും മരണപ്പെട്ടാൽ പശുവിന്റെ ഇൻഷ്വറൻസ് തുക അവകാശികൾക്ക് ലഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

തടസ്സങ്ങളില്ല.

<u>മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ്:</u>

ഇൻഷ്വർ ചെയ്ത പശുവും ഉടമയും മരണപ്പെട്ടാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് (legal heirship certificate) സമർപ്പിച്ചാൽ ഉടമയുടെ അനന്തരാവകാശിക്ക് ക്ലെയിം തുക നൽകുന്നതാണ്. പശു ആദ്യം

മരണപ്പെട്ടാൽ ഉടമസ്ഥാവകാശം മാറ്റാനുള്ള അപേക്ഷ സമർപ്പിച്ചാലുടൻതന്നെ ഉടമസ്ഥാവകാശം മാറ്റിനൽകുന്നതിന് സാധിക്കുന്നതാണ്. ഇതിന് വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഇൻഷ്വറൻസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ്:

ഇൻഷ്വർ ചെയ്ത പശുവിന്റെ മരണശേഷം കർഷകൻ മരണപ്പെട്ടാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമായി സമർപ്പിക്കേണ്ടതാണ്. കാരണം കന്നുകാലികളുടെ ഇൻഷ്വറൻസ് പോളിസിയിൽ അനന്തരവകാശികളുടെ വിവരങ്ങൾ ചേർക്കുന്നില്ല. ഒന്നിൽക്കൂടുതൽ അനന്തരാവകാശികളുണ്ടെങ്കിൽ അതിൽ ഒരാളെമാത്രം അനന്തരാവകാശിയായി പ്രഖ്യാപിച്ച് മറ്റ് അനന്തരാവകാശികൾക്ക് അതിൽ എതിർപ്പില്ലെന്ന് നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് സമർപ്പിക്കേണ്ടതായിട്ടുണ്ട്.

(സി) ഇൻഷ്വർ ചെയ്യപ്പെട്ട പശു മരണപ്പെട്ടതിനുള്ള ഇൻഷ്വറൻസ് തുക ലഭിക്കാൻ പത്മിനി പി., കാരായീന്റവിട ഹൗസ്, പൂക്കോട് പോസ്റ്റ്, തൃക്കണ്ണാപുരം നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കാമോ?

ശ്രീമതി പത്മിനി പി., കാരായീന്റവിട ഹൗസ്, പൂക്കോട് പോസ്റ്റ്, തൃക്കണ്ണാപുരം എന്ന കർഷക മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഗോസമൃദ്ധി-എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതിയിൽ പശുവിനെ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തിയല്ല. എന്നാൽ പ്രസ്തുത പശു ഇൻഷ്വർ ചെയ്യപ്പെട്ടിരുന്നത് ഗംഗാധരൻ എന്ന കർഷകന്റെ പേരിലാണ്.

- പശുവിന് മരണം സംഭവിച്ചത് 01-11-2021 ലാണ്;
- മരണം സംഭവിച്ച് 24 മണിക്കൂറിനുള്ളിൽ വിവരം ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിരുന്നില്ല;
- 13-12-2021-ൽ ക്ലെയിമിന്റെ പേപ്പറുകൾ ലഭിച്ചപ്പോൾ മാത്രമാണ് മരണവിവരം ഇൻഷ്വറൻസ് കമ്പനിയെ അറിയിച്ചത്;
- മരണവിവരം സമയത്ത് അറിയിച്ചിട്ടില്ലാത്തതിനാൽ കമ്പനി ക്ലെയിം നിരസിക്കുകയുണ്ടായി;
- ക്ഷീരവികസന ഓഫീസറുടെ അപേക്ഷ പ്രകാരം ക്ലെയിം ഫയൽ വീണ്ടും പരിശോധിക്കുകയും ക്ലെയിം സെറ്റിൽ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു;
- ക്ലെയിം അനുവദിച്ച തുക നൽകുന്നതിന് മുന്നോടിയായി ഇൻഷ്വറൻസ് കമ്പനിക്ക് ലീഗൽ ഹെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനായി രേഖാമൂലം കർഷകനെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ലീഗൽ

ഹെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ ഇൻഷ്വറൻസ് കമ്പനിക്ക് ക്ലെയിം സെറ്റിൽ ചെയ്യാൻ സാധിച്ചിട്ടില്ല;

- ടി രേഖ സമർപ്പിക്കുന്നമുറയ്ക്ക് ക്ലെയിം സെറ്റിൽ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

## കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ

377 (1238) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ സ്ഥാപിക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) തസ്തികകൾ പുതുതായി സൃഷ്ടിക്കാതെ പുനർവിന്യാസത്തിലൂടെ ജീവനക്കാരെ നിയോഗിച്ച് കൂടല്ലൂർ സബ്സെന്ററിന്റെ പ്രവർത്തനം നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) കൂടല്ലൂരിൽ പുതിയ സബ്സെന്റർ തുടങ്ങുന്നതിന് കോട്ടയം ആർ.പി. വിജിലൻസ് യൂണിറ്റിൽനിന്നും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക പുനർവിന്യസിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) ഈ സെന്ററിൽ ഏതെല്ലാം തസ്തികകളാണ് വേണ്ടതെന്ന് വിശദമാക്കാമോ?

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, കാഷ്വൽ സ്വീപ്പർ.

## ക്ലിഫ് ഹൗസിലെ കാലിത്തൊഴുത്ത് നിർമ്മാണം

378 (1239) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിഫ് ഹൗസിൽ കാലിത്തൊഴുത്ത് നിർമ്മിച്ചത് മൃഗസംരക്ഷണ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തിയാണോ; വിശദാംശം നൽകുമോ;

(ബി) ക്ലിഫ് ഹൗസിലേയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി കന്നുകാലികളെ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കന്നുകാലികളെ നൽകിയിട്ടുണ്ട്; ഏതിനം കന്നുകാലികളെയാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ക്ലിഫ് ഹൗസിലെ കന്നുകാലികളുടെ പരിപാലനത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഏത്

ഓഫീസിനാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളതെന്നും എന്തൊക്കെ സേവനങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ?

(എ-സി) ക്ലിഫ് ഹൗസിൽ കാലിത്തൊഴുത്ത് നിർമ്മിച്ചത് മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി മുഖേനയല്ല. ക്ലിഫ് ഹൗസിലേയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയൊന്നും തന്നെയില്ല. ക്ലിഫ് ഹൗസിലെ കന്നുകാലികളുടെ പരിപാലനത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ആവശ്യപ്പെട്ടിട്ടില്ല.

**ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ഓഫീസിന് അനുവദിച്ച സർക്കാർ വാഹനങ്ങൾ**

379 (1240) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പുമന്ത്രിക്കും ഓഫീസിനുമായി അനുവദിച്ച് നൽകിയിട്ടുള്ള സർക്കാർ വാഹനങ്ങൾ എത്രയെണ്ണമാണെന്നും ഏതൊക്കെ വാഹനങ്ങളാണ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ?

ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക ആവശ്യത്തിനായി ടൂറിസം വകുപ്പിൽനിന്നും K L 01 CB 8262 (Kerala State 14) രജിസ്ട്രേഷൻ നമ്പർ വാഹനം അനുവദിച്ച് നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിൽനിന്നും ക്ഷീരവികസന വകുപ്പിൽനിന്നും ഓരോ വാഹനങ്ങൾ മന്ത്രിയുടെ ഓഫീസിന്റെ ഉപയോഗത്തിലേയ്ക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാര വകുപ്പിൽനിന്നും അനുവദിച്ച വാഹനങ്ങൾ കൂടാതെ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും വാഹനങ്ങൾ മന്ത്രി ഓഫീസിന്റെ സേവനത്തിനായി ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര വാഹനങ്ങളാണ് ഇപ്രകാരം ഉപയോഗിക്കുന്നതെന്നും ആരൊക്കെയാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതെന്നുമുള്ള വിശദാംശം നൽകുമോ?

ക്ഷീരവികസന വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസ് ആവശ്യങ്ങൾക്കായി കെ.എൽ.ഡി. ബോർഡിൽനിന്നും ഒരു വാഹനം (KL 01-BS-9426, DUSTER) അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

യാത്രകൾക്ക് വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് ഡ്രൈവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എൽ.ഡി. ബോർഡ് അനുവദിച്ച വാഹനത്തിന്റെ ലോഗ് ബുക്ക് ബോർഡിലെ വാഹനങ്ങളുടെ കസ്റ്റോഡിയനായ മാനേജർ (അഗ്രി എഞ്ചിനീയറിംഗ്) കൃത്യമായി പരിശോധിച്ച് ദുരുപയോഗം ചെയ്യുന്നതല്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**കന്നുകാലികളുടെയും തെരുവുനായ്ക്കളുടെയും എണ്ണം**

380 (1241) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളുടെയും തെരുവുനായ്ക്കളുടെയും എണ്ണം എത്രയുണ്ടെന്നാണ് സെൻസസിൽ കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

ഇരുപതാമത് കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 1341996 എണ്ണം കന്നുകാലികളും 289986 എണ്ണം തെരുവുനായ്ക്കളുമുണ്ട്.

(ബി) നിലവിൽ കന്നുകാലികളുടെയും തെരുവുനായ്ക്കളുടെയും കണക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

**തെരുവുനായ്ക്കളുടെ ആക്രമണവും പേവിഷബാധയും തടയുന്നതിന് നടപടി**

381 (1242) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ആക്രമണവും പേവിഷബാധയും തടയുന്നതിനും അവയുടെ പ്രജനന നിയന്ത്രണത്തിനും മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

തെരുവുനായ്ക്കളുടെ പേവിഷ പ്രതിരോധ വാക്സിൻ

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് സെപ്തംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 170 ഹോട്ട്സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ കണ്ടെത്തിയിട്ടുണ്ട്. വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 506 ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ ട്രെയിനിംഗ് കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രതിരോധ കുത്തിവയ്പ്പിനാവശ്യമായ വാക്സിൻ സംഭരണം, വിതരണം, ക്യാമ്പുകൾ സംഘടിപ്പിക്കൽ, മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ, ഡോഗ് ക്യാച്ചേഴ്സ്, മൃഗപരിപാലകർ എന്നിവരെ ജില്ലാടിസ്ഥാനത്തിൽ നിയമിക്കൽ, കുടുംബശ്രീ സംവിധാനവും സന്നദ്ധസംഘടനകളും ലഭ്യമാക്കുന്ന ഡോഗ് ക്യാച്ചേഴ്സിനാവശ്യമായ പരിശീലനം നൽകി

നിയോഗിക്കൽ എന്നിവയുടെ ഏകോപനവും നടത്തിപ്പും മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നു.

തെരുവുനായ പ്രജനന നിയന്ത്രണം

കുടുംബശ്രീക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമില്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള 19-07-2021 -ലെ WP(C) No. 13204/2021 നമ്പർ കേസിലെ ഇടക്കാല വിധിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തരം അനിമൽ ബെർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എ.ബി.സി. ചെയ്യുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിനില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ എ.ബി.സി. പ്രവർത്തനങ്ങൾ നടന്നുവരുന്നു. എ.ബി.സി. ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം നൽകുന്നത് മൃഗസംരക്ഷണ വകുപ്പാണ്. സംസ്ഥാനത്ത് 37

എ.ബി.സി. സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതും ആക്രമണം രൂക്ഷമാകുന്നതും കണക്കിലെടുത്ത് അഡോപ്ഷൻ ക്യാമ്പുകൾ രൂപീകരിക്കാൻ നടപടിയുണ്ടാകുമോ; വിശദമാക്കുമോ?

അഡോപ്ഷൻ ക്യാമ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട എന്നീ നഗരസഭകളിൽ 2022-ൽ ആകെ 225 തെരുവുനായ്ക്കളെ ദത്ത് നൽകിയിട്ടുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പിനെ കൂടാതെ മറ്റേതെങ്കിലും സ്ഥാപനത്തിനോ സംഘടനകൾക്കോ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണം നടത്തുന്നതിന് അനുമതിയുണ്ടോ; വിശദമാക്കുമോ?

എ.ബി.സി. ചെയ്യുന്നതിന് സംസ്ഥാനത്ത് അനിമൽ വെൽഫയർ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏക സംഘടന തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് എന്ന മൃഗക്ഷേമ സംഘടനയാണ്.

**ആഫ്രിക്കൻ പന്നിപ്പനി**

382 (1243) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചതിനാൽ നാളിതുവരെ വയനാട് ജില്ലയിൽ എത്ര പന്നികളെ കൊന്നുവെന്ന് വ്യക്തമാക്കാമോ?

1142.

(ബി) ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച് പന്നികളെ നഷ്ടപ്പെട്ട കർഷകരുടെ എണ്ണവും വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച് പന്നികളെ നഷ്ടപ്പെട്ട കർഷകരുടെ എണ്ണം-18, നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയ തുക-40,20,151/- രൂപ.

**ഹരിപ്പാട് മണ്ഡലത്തിലെ പക്ഷിപ്പനി വ്യാപനം**

383 (1244) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകളെയാണ് കൊന്നൊടുക്കേണ്ടിവന്നതെന്നും എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

2022 ഒക്ടോബർ, നവംബർ മാസങ്ങളിലായി ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പക്ഷിപ്പനി ബാധിച്ച് ആകെ 30107 താറാവുകളെ കൊന്നൊടുക്കിയിട്ടുണ്ട്. രോഗപ്രഭവ കേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പക്ഷികളെ കൊന്നൊടുക്കുന്നതിനായും പ്രസ്തുത പ്രദേശങ്ങളിൽ ശുചീകരണം നടത്തുന്നതിനായും ദ്രുതകർമ്മ സേനയെ നിയോഗിച്ച് ആയത് പൂർത്തീകരിച്ചിരുന്നു. രോഗപ്രഭവ കേന്ദ്രത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ താറാവ്, കോഴി, കാട, മറ്റ് വളർത്തുപക്ഷികൾ എന്നിവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം) എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും നിരോധിച്ചിരുന്നു. പ്രസ്തുത പ്രദേശങ്ങളിൽ നിരീക്ഷണം തുടർന്നുകൊണ്ടിരിക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പക്ഷിപ്പനി ബാധിച്ച് കർഷകർക്ക് ആകെ 66,79,200/- രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

കർഷകർക്ക് നഷ്ടപരിഹാര വിതരണം നടത്തിയിട്ടില്ല. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ ആനുകൂല്യം**

384 (1245) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ്

കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കന്നുകാലികൾക്കുള്ള മൃഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗാശുപത്രികൾവഴി നടത്തിവരുന്നു;

2. കന്നുകാലികൾക്കാവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ വകുപ്പിന്റെ പദ്ധതിയിലൂൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇൻഷ്വറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിന് 70 ശതമാനവും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്;

3. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 4 മുതൽ 6 മാസം വരെ പ്രായമായ പശുക്കുട്ടികളെയും എരുമക്കുട്ടികളെയും തെരഞ്ഞെടുത്ത് ഇവയ്ക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകുകയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു;

4. കൂടുതൽ പാലുൽപ്പാദനക്ഷമതയുള്ള പശുക്കളുടെ സംരക്ഷണത്തിനായി മൃഗാശുപത്രികൾവഴി ധാതുലവണ മിശ്രിതവും സൗജന്യമായി വിതരണം ചെയ്യുന്നു;

5. കർഷകർക്ക് ആവശ്യാനുസരണം തങ്ങളുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം, കൂടാതെ ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ തുടങ്ങിയവ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾവഴി വിതരണം ചെയ്തുവരുന്നു;

6. ഉല്പാദനക്ഷമത കൂടിയ പശുക്കളുടെ പ്രത്യുല്പാദനക്ഷമത നിലനിർത്തുന്നതിനായി സംസ്ഥാനത്തെ മൃഗാശുപത്രികൾവഴി സൗജന്യമായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

<u>ക്ഷീരവികസന വകുപ്പ്</u>

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ

പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത/മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി 2022-23 വർഷം മുതൽ ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടെ പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും

നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയെന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## പശുക്കളുടെ എണ്ണം, പാലുൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

385 (1246) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലത്തെ പാലുൽപ്പാദനത്തിലുണ്ടായ വർദ്ധനവ് വർഷം തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ 5 വർഷക്കാലങ്ങളിൽ പാലുൽപ്പാദന രംഗത്ത് സംസ്ഥാനം സ്ഥിരത പുലർത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരസഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലത്തെ പാലുൽപ്പാദനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. ഈ കാലയളവിൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| വർഷം | പാലുൽപ്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) |
|---|---|
| 2016-2017 | 25.20 |
| 2017-2018 | 25.76 |
| 2018-2019 | 25.49 |
| 2019-2020 | 25.42 |
| 2020-2021 | 25.34 |

ഈ കാലയളവിൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | പാലുൽപ്പാദനം (ലക്ഷം ലിറ്ററിൽ) |
|---|---|

| | |
|---|---|
| 2016-2017 | 5.94 |
| 2017-2018 | 6.62 |
| 2018-2019 | 6.80 |
| 2019-2020 | 6.79 |
| 2020-2021 | 7.12 |
| 2021-2022 | 7.73 |

(ബി) പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു.

പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

1. കന്നുക്കുട്ടിപരിപാലന – ഗോവർദ്ധിനി പദ്ധതി

പശുക്കുട്ടികളെ ഭാവിയിലെ ഉത്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിന് മൃഗസംരക്ഷണ വകുപ്പ് ശാസ്ത്രീയ കന്നുക്കുട്ടിപരിപാലന – ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്ക് നടപ്പുസാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിലൂടെ പശുക്കുട്ടികളുടെ ശാസ്ത്രീയമായ പരിചരണം ഉറപ്പുവരുത്തുന്നു. അവയ്ക്ക് സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

2. ഗോസമൃദ്ധി പദ്ധതി

മൃഗസംരക്ഷണ വകുപ്പ് ക്ഷീരകർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിഹാരമായി സമഗ്രകന്നുകാലി ഇൻഷ്വറൻസ് (ഗോസമൃദ്ധി) പദ്ധതി നടപ്പിലാക്കിവരുന്നു. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പദ്ധതി നടപ്പിലാക്കുന്നുവെന്നതാണ് ഇതിന്റെ മുഖ്യമായ ആകർഷണം. ഉരുക്കളുടെ മരണത്തിനും ഉത്പാദന-പ്രത്യുത്പാദനക്ഷമത നഷ്ടത്തിനുമുള്ള പരിരക്ഷയാണ് നൽകുന്നത്. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. സമയബന്ധിതമായി നഷ്ടപരിഹാരത്തുക കർഷകന്റെ ബാങ്ക്

അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നു. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗങ്ങളിൽവരുന്ന ഗുണഭോക്താക്കൾക്ക് പ്രീമിയം തുകയുടെ 70 ശതമാനവും പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നു.

3. <u>കർഷകർക്ക് നഷ്ടപരിഹാരം</u>

ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കർഷകരുടെ ഉരുക്കൾ വ്യത്യസ്ത കാരണങ്ങൾകൊണ്ട് മരണപ്പെട്ടാൽ അവയ്ക്കും മൃഗസംരക്ഷണ വകുപ്പുവഴി നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ട്.

(സി) പ്രാദേശികമായ പ്രത്യേകതകൾ, തീറ്റപ്പുല്ലിന്റെ ലഭ്യത, മറ്റ് അനുയോജ്യ ഘടകങ്ങൾ എന്നിവ ശാസ്ത്രീയമായി പഠിച്ച് ഗ്രേഡിംഗ് നടത്തി 'ക്ഷീരവികസന ഗ്രാമങ്ങൾ' എന്നനിലയിൽ കൂടുതൽ മികച്ച പദ്ധതികൾ നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ക്ഷീരവികസന ഗ്രാമങ്ങൾ' എന്നപേരിൽ ക്ഷീരവികസന വകുപ്പിൽ പദ്ധതികളില്ല.

**വർക്കല മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികൾ**

386 (1247) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വർക്കല നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ നടപ്പാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി, ബയോവേസ്റ്റ് കൺവർട്ടഡ് റ്റു മാന്വർ, മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ, രാത്രികാല അടിയന്തര മൃഗചികിത്സ സേവനം പദ്ധതി, മിൽക്കിംഗ് മെഷീൻ, ഇന്ററസ്റ്റ് സബ്‌വെൻഷൻ, റൂറൽ ബാക്യാർഡ് പൗൾട്രി, ഗോട്ട് സാറ്റലൈറ്റ്, എമർജൻസി അനിമൽ ഹെൽത്ത് ക്യാമ്പ്, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി, ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

വർക്കല നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷീരോല്പാദനം ലാഭകരമാക്കാനും പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും നടപടി

387 (1248) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോത്പാദനം ലാഭകരമാക്കുന്നതിനും ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ക്ഷീരോത്പാദന ചെലവ് കുറയ്ക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന വിപണി വിലയേക്കാൾ വിലക്കുറവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുണ്ട്.

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുത്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നുംവരുന്ന പാലിന്റെയും പാലുത്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാനാതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും

എത്തുന്നതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. ഓണം പോലുള്ള ഉത്സവവേളകളിൽ ക്ഷീരവികസന വകുപ്പുമായിച്ചേർന്ന് ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലിത്തീറ്റകൾക്കുണ്ടാകുന്ന വിലവർദ്ധനവ് സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുമായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. തീറ്റപ്പുൽ കൃഷി വ്യാപനത്തിനായി 760 ലക്ഷം രൂപ തൻവർഷം വകയിരുത്തിട്ടുണ്ട്. കൂടാതെ സൈലേജ് നിർമ്മാണവും വിപണനവും വ്യാപിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തിവരുന്നു. അന്യ സംസ്ഥാനത്തുനിന്നും ഉണക്കപ്പുല്ലും മറ്റ് കാലിത്തീറ്റ സാമഗ്രികളും കേരളത്തിലേയ്ക്കെത്തിച്ച്

തദ്വാര തീറ്റച്ചെലവ് കുറച്ച് ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തിവരുന്നു.

ഉത്പാദനച്ചെലവ് കൂടാനുള്ള കാരണം അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവായതിനാൽ പൊതുമേഖല സ്ഥാപനമായ കേരളാ ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്കൊന്നിന് 250 രൂപ വർദ്ധിപ്പിക്കുന്നതിനുപകരം ചാക്കൊന്നിന് 150 രൂപ മാത്രമായി നിജപ്പെടുത്തുകയാണുണ്ടായത്. ഈ വിലവർദ്ധനവ് 01-11-2022 മുതലാണ് പ്രാബല്യത്തിൽ വന്നത്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യകമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്. 2019 മുതൽ 2022 ഒക്ടോബർ മാസംവരെ കേരളാ ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞ സാഹചര്യത്തിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചെങ്കിലും വിപണി വിലയേക്കാൾ ഇപ്പോഴും ഒരു കിലോയ്ക്ക് 70 പൈസ കുറവാണ് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്കുള്ളത്.

(സി) പാലിന്റെ കൈകാര്യച്ചെലവ് പരമാവധി കുറച്ച് ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം, അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കുന്ന രീതിയിലായാണ് വിലവർദ്ധനവ് ക്രമപ്പെടുത്തിയിട്ടുള്ളത്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ), ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ), മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ), പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ തയ്യാറാക്കിയിരിക്കുന്നത്.

പാൽ സംഭരണത്തിനും വിതരണത്തിനുമുള്ള ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് കുറയ്ക്കുന്നതിനായി റൂട്ടുകൾ ക്രമീകരിച്ച് പാലിന്റെ കൈകാര്യച്ചെലവ്

കുറയ്ക്കുന്നതിന് ശ്രമിക്കുന്നുണ്ട്. എനർജി മാനേജ്മെന്റ് സിസ്റ്റം നല്ലരീതിയിൽ പ്രാവർത്തികമാക്കുന്നതുവഴിയും ഉത്പാദനച്ചെലവ് കുറയ്ക്കുന്നുണ്ട്. ബോയിലർ റെഫ്രിജറേഷൻ എന്നിവയിലും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ട്. മാൻപവർ ആഡിറ്റ് നടത്തി പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത് പാലിന്റെ കൈകാര്യച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നു.

**ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

388 (1249) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ക്ഷീരവൃത്തിയിൽ ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ മുഖ്യലക്ഷ്യം.

(ബി) പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലും കരിമ്പുഴ ഗ്രാമപഞ്ചായത്തിലുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളായതിനാലാണ് പറളി ഗ്രാമപഞ്ചായത്തിലും കരിമ്പുഴ ഗ്രാമപഞ്ചായത്തിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

അർഹതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്ഷീരഗ്രാമം പദ്ധതി

389 (1250) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുത്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെ എണ്ണം, ഉരുക്കളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ പ്രവർത്തന മികവ്, അധിക പാൽ സംഭരിക്കാനും വിപണനം നടത്താനുമുള്ള സംഘങ്ങളുടെ മികവ് എന്നിവ മാനദണ്ഡമാക്കിയാണ് ക്ഷീരഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

അർഹതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷീരവികസനവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ**

390 (1251) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരവികസനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; ഓരോ പദ്ധതിയുടെയും വിശദാംശം അറിയിക്കാമോ?

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തികവർഷം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. ഗ്രാമീണ വിജ്ഞാന വ്യാപനപ്രവർത്തനങ്ങളും ഉപദേശക സർവ്വീസസും
2. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ
3. മിൽക്ക് ഷെഡ് വികസന പദ്ധതി
4. ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
5. ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ
6. കാലിത്തീറ്റ ധനസഹായ പദ്ധതി
7. ക്ഷീരകർഷക ക്ഷേമനിധിക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്കായുള്ള ധനസഹായം
8. ബ്രഹ്മഗിരി വികസന സൊസൈറ്റിക്കുള്ള ധനസഹായം
9. വയനാട് - ക്ഷീരവികസനത്തിനുള്ള പ്രത്യേക പാക്കേജ്
10. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനുള്ള ധനസഹായം
11. കേരളാ സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ

1. <u>ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസസും</u>

ക്ഷീരമേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനായി കർഷക സമ്പർക്ക പരിപാടികൾ, ജില്ലാ/ബ്ലോക്ക്/സംസ്ഥാന ക്ഷീരകർഷക സംഗമങ്ങൾ, സംസ്ഥാനത്തിനകത്തും പുറത്തും ഈ മേഖലയിലുള്ള വിവിധ

സംരംഭങ്ങളിൽ പഠന സന്ദർശനം, സെമിനാറുകൾ, ശില്പശാലകൾ, പരിശീലനങ്ങൾ, സ്കൂളുകളിൽ ഡയറി ക്ലബ്ബുകൾ സ്ഥാപിക്കൽ, മികച്ച ക്ഷീരകർഷകർക്ക് അവാർഡ്, മാധ്യമ അവാർഡ്, ക്ഷീരകർഷകർക്കുണ്ടാകുന്ന അപ്രതീക്ഷിത നഷ്ടങ്ങൾക്ക് അടിയന്തര ധനസഹായം, ക്ഷീരവികസന ഓഫീസുകളിൽ ക്ഷീരകർഷകർക്ക് ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കൽ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന ക്ഷീരകർഷകർക്കും ക്ഷീരസംഘം ജീവനക്കാർക്കും പരിശീലന പരിപാടികൾ എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. ഇവകൂടാതെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കും പുതിയ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ക്ഷീരപരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, ആലപ്പുഴ പട്ടണക്കാടുള്ള പാലുത്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കും ഈ പദ്ധതിയിൽനിന്നും സഹായം നൽകിവരുന്നു. ഈ ശീർഷകത്തിൽ 2022-23 വർഷം 595.00 ലക്ഷം രൂപ ഈ പദ്ധതിയുടെ വിവിധ ഘടകപദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

2. <u>തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ</u>

അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദനച്ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. സംസ്ഥാനത്തുള്ള 13.42 ലക്ഷം കന്നുകാലികൾക്കാവശ്യമായ പരുഷാഹാരം ലഭ്യമാക്കുന്നതിന് 114.07 ലക്ഷം കിലോഗ്രാം പ്രതിദിനം ആവശ്യമാണ്. ഇതിലേയ്ക്കായി 134.2 ലക്ഷം മെട്രിക് ടൺ പച്ചപ്പുൽ പ്രതിവർഷം ആവശ്യമുണ്ട്. ഇത് ലഭ്യമാക്കുന്നതിന് 1.62 ലക്ഷം ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി ആവശ്യമാണ്. നടപ്പുസാമ്പത്തികവർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. 15000-ത്തോളം ക്ഷീരകർഷകർക്ക് പുൽകൃഷി വ്യാപന പദ്ധതിയുടെ പ്രയോജനം ലഭിക്കും. 3.56 ലക്ഷം മെട്രിക് ടൺ പച്ചപ്പുൽ അധികമായി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തീറ്റപ്പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായം, ചോളം കൃഷിക്ക് ധനസഹായം, വൃക്ഷവിളകൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം, ജില്ല/സംസ്ഥാനം ഫോഡർ ദിനാഘോഷ പരിപാടികൾ, തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തൽ, ഹൈഡ്രോപോണിക് ഫോഡർ

ഉത്പാദനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക, വലിയതുറയിൽ സ്റ്റേറ്റ് ഫോഡർ ഫാമിന്റെയും പരിശീലന കേന്ദ്രത്തിന്റെയും അടിസ്ഥാനസൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി./മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും, ക്ഷീരസഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോത്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. പദ്ധതി നടത്തിപ്പുചെലവുകൾ, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി 760 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് 2022-23 വർഷം അനുവദിച്ചിരിക്കുന്നത്.

3. <u>മിൽക്ക് ഷെഡ് വികസന പദ്ധതി</u>

2022-23 വർഷത്തേയ്ക്ക് 4028 ലക്ഷം രൂപ (MSDP Revenue Head: 3309.95 ലക്ഷം രൂപ + MSDP Capital Head: 718.05 ലക്ഷം രൂപ) പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരോത്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയംസഹായ സംഘങ്ങളെയും

കൊണ്ടുവരിക, സംസ്ഥാനത്തെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന ഘടകങ്ങളാണ് നടപ്പിലാക്കുന്നത്.

ഗുണഭോക്താക്കൾക്ക് ഡയറി യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായം ലഭ്യമാക്കുക, കർഷകർക്ക് കറവയന്ത്രം വിതരണം, അവശ്യാധിഷ്ഠിത ധനസഹായം ലഭ്യമാക്കൽ, കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള ധനസഹായം ലഭ്യമാക്കൽ എന്നിവയ്ക്കുപുറമേ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് വിമൻ ക്യാറ്റിൽ കെയർ വർക്കർമാരുടെ സേവനം ലഭ്യമാക്കുക, കുട്ടനാട് താലൂക്കിൽ പ്രളയദുരന്ത സാദ്ധ്യതയേറിയ പഞ്ചായത്തുകളിൽ എലിവേറ്റഡ് കാറ്റിൽ ഷെഡ് നിർമ്മാണം (350 ലക്ഷം രൂപ), പാലുത്പാദന സാദ്ധ്യത കൂടുതലുള്ള ഇടുക്കി ജില്ലയ്ക്കായി പ്രത്യേകപദ്ധതി എന്നിവയും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നു. MSDP പദ്ധതിയിലൂടെ 5182 കറവപ്പശുക്കളെയും 550 കിടാരികളെയും പുതുതായി സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട 20 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 1000 ലക്ഷം രൂപ പദ്ധതിതുക ചെലവഴിച്ച് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. വ്യക്തികൾ/ജെ.എൽ.ജി./എസ്.എച്ച്.ജി.

എന്നിവർ മുഖാന്തരം കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നൂതന പദ്ധതികളായ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി (133.56 ലക്ഷം രൂപ), ക്ഷീരസഹകരണ സംഘങ്ങൾ മുഖേന Herd quarantine-cum- Trading Centre ( 60 ലക്ഷം രൂപ), ഇന്ററസ്റ്റ് സബ്‌വെൻഷൻ പ്രോഗ്രാം (50 ലക്ഷം രൂപ), DCS linked Special Performance Booster Programme (125.87 ലക്ഷം രൂപ), ഫാമുകളുടെ യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായി ലോൺ എടുത്ത പലിശയ്ക്ക് ഇളവ് നൽകുന്നതിനുള്ള പദ്ധതി-Interest Subvention Scheme ( 50 ലക്ഷം രൂപ) എന്നിവയും MSDP പദ്ധതിയിലുൾപ്പെടുത്തി 2022-23 സാമ്പത്തികവർഷം നടപ്പിലാക്കുന്നു.

4. <u>ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം</u>

പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനുമാണ് ഈ ശീർഷകത്തിൽനിന്നും തുക ചെലവഴിക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 28.57 കോടി രൂപ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിന് മാറ്റിവച്ചിട്ടുണ്ട്. സംഘങ്ങളുടെ പാൽസംഭരണ

സംവിധാനം ആധുനികവൽക്കരിക്കൽ, ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കൽ, ഏറ്റവും മികച്ച ക്ഷീരസഹകരണ സംഘത്തിന് ഡോക്ടർ വർഗ്ഗീസ് കുര്യൻ അവാർഡ്, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി, ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി, കുറഞ്ഞ ചെലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കാലിത്തീറ്റ ഗോഡൗണുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, മിൽക്ക് റൂട്ട് അസിസ്റ്റൻസ് പദ്ധതി, കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. 2022-23 സാമ്പത്തികവർഷം ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി 3498 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. <u>ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ</u>

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും കാലിത്തീറ്റയുടെയും ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങൾ ഏറ്റവും ഊർജ്ജിതമാക്കേണ്ട കാലഘട്ടമാണിത്. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാതല ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. പദ്ധതി തുക താഴെപ്പറയുന്ന ഇനങ്ങൾക്കായി ചെലവഴിക്കാനുദ്ദേശിക്കുന്നു.

- ഗുണനിയന്ത്രണ ലാബുകളിലേയ്ക്ക് പാൽ പരിശോധനാ ഉപകരണങ്ങളും രാസവസ്തുക്കളും വാങ്ങുന്നതിന്;
- ഉത്സവകാല പ്രത്യേകപാൽ പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്;
- ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വാർഷിക അറ്റകുറ്റ കരാറിന്റെ ചെലവ് വഹിക്കുന്നതിനും;
- നിലവിലുള്ള ലാബുകളുടെ ശാക്തീകരണം, പരിശോധനച്ചെലവുകൾ നിർവ്വഹിക്കൽ;

- സംസ്ഥാനത്തെ സ്ഥിരം ചെക്ക്പോസ്റ്റുകളിൽ (മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല) പാൽ/പാലുത്പന്ന പരിശോധന സംവിധാനം ഏർപ്പെടുത്തുക, ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക;

- വകുപ്പുദ്യോഗസ്ഥർക്ക് പ്രത്യേക ഗുണനിലവാര നിർണ്ണയം/ഐ.എസ്.ഒ. വിഷയങ്ങളിൽ പരിശീലന പരിപാടികൾ;

- സ്റ്റേറ്റ് ഡയറി ലാബിന്റെ നവീകരണം/ആധുനികവൽക്കരണം തുടർപ്രവർത്തനങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുക;

- കാസർഗോഡ്, കോട്ടയം, പാലക്കാട് ജില്ലകളിൽ റീജിയണൽ ഡയറി ലാബ് - നവീകരണം/ആധുനികവൽക്കരണം;

- കർഷകർക്ക് ശുദ്ധമായ പാലുത്പാദനത്തിനാവശ്യമായ ഹൈജീൻ കിറ്റ് നൽകുക;

- കർഷകർ ശുദ്ധമായ പാലുത്പാദിപ്പിക്കുന്നതിനായി ഫാം ഹൈജീൻ ഉറപ്പുവരുത്തുന്നതിനുള്ള ധനസഹായം.

ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണത്തിനായി 400 ലക്ഷം രൂപയാണ് ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്നത്.

6. കാലിത്തീറ്റ ധനസഹായ പദ്ധതി

കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, ക്ഷീരസംഘങ്ങൾ മുഖാന്തരം സബ്സിഡി നിരക്കിൽ പച്ചപ്പുൽ/വൈക്കോൽ വിതരണ പദ്ധതി എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിക്കായി 2022-23-ൽ 500 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്.

7. ക്ഷീരകർഷക ക്ഷേമനിധിക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്കായുള്ള ധനസഹായം

ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, ക്ഷീരകർഷകർക്ക് ഒരു കൈത്താങ്ങായി പ്രവർത്തിക്കുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. ക്ഷേമനിധിയുടെ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായുള്ള ധനസഹായം നൽകുന്നതിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിരിക്കുന്നു. ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ഇൻഷ്വറൻസിനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുമായാണ് ഈ തുക വിനിയോഗിക്കുന്നത്.

8. <u>ബ്രഹ്മഗിരി വികസന സൊസൈറ്റിക്കുള്ള ധനസഹായം</u>

ക്ഷീരവികസന വകുപ്പിന്റെ ധനസഹായത്തോടെ വിവിധ പദ്ധതികൾ വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയിൽ നടപ്പിലാക്കിവരുന്നു. ബ്രഹ്മഗിരി ട്രെയിനിംഗ് സെന്റർ, മോഡൽ ഫാം, പോത്തുകുട്ടി റിവോൾവിംഗ് ഫണ്ട്, സ്വാശ്രയ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, മലബാർ മീറ്റ് വികസന പദ്ധതി, ഡ്രൈ റെൻഡറിംഗ് പ്ലാന്റ്, കിടാരി പാർക്ക് എന്നിങ്ങനെ വിവിധ വികസനോന്മുഖ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 50 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

9. <u>വയനാട് - ക്ഷീരവികസനത്തിനുള്ള പ്രത്യേക പാക്കേജ്</u>

വയനാട് ജില്ലയിലെ സമഗ്ര ക്ഷീരവികസനം ലക്ഷ്യമാക്കി 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായം, ധാതുലവണ മിശ്രിതം വാങ്ങുന്നതിന്

ധനസഹായം, പരിശീലന പരിപാടികൾ, ഡോക്യുമെന്റേഷൻ എന്നിവയാണ് വയനാട് പാക്കേജിലെ ഘടകപദ്ധതികൾ.

10. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനുള്ള ധനസഹായം

ഈ വർഷം 750 ലക്ഷംരൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

11. കേരളാ സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ

പ്രസ്തുത സെന്ററിന്റെ തുടർപ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

391 (1252) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ക്ഷീരഗ്രാമം പദ്ധതിയിൽ 2016 മുതൽ 2022 വരെ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ക്ഷീരഗ്രാമം പദ്ധതിയിൽ 2016 മുതൽ 2022 വരെ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളൊന്നുംതന്നെ ഉൾപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ഏതെങ്കിലും ഗ്രാമപഞ്ചായത്തിനെ 2022-23 വർഷത്തെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്താനാവശ്യമായ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പടമ്പ് എന്നീ പഞ്ചായത്തുകളുടെ അപേക്ഷകൾ ക്ഷീരഗ്രാമം പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിലെ ക്ഷീരകർഷകരുടെ എണ്ണവും പ്രതിമാസ പാലുത്പാദനത്തിന്റെ കണക്കും ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ ക്ഷീരകർഷകരുടെ എണ്ണവും പ്രതിമാസ പാലുത്പാദനത്തിന്റെ കണക്കും ഗ്രാമപഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

## ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

392 (1253) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോത്പാദന മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോത്പാദന മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത/മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി

ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു.

(ബി) പാലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ആരംഭിക്കുന്ന ഡയറി പാർക്കുകൾവഴി ക്ഷീരകർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

ഡയറി പാർക്കിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാഷണൽ ഡയറി ഡെവലപ്‌മെന്റ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറി പാർക്ക് പൂർണ്ണമായി സജ്ജമാകുന്ന മുറയ്ക്ക് പാലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് വരുംകാലങ്ങളിൽ ഡയറി പാർക്ക് മുഖേന പരിശീലനം നൽകാവുന്നതാണ്.

(സി) ഉത്പാദനക്ഷമതയും മെച്ചപ്പെട്ട പ്രതിരോധശേഷിയുമുള്ള കന്നുകാലി സമ്പത്ത് സംസ്ഥാനത്ത് നിലനിർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്?

ഉത്പാദനക്ഷമതയും മെച്ചപ്പെട്ട പ്രതിരോധശേഷിയുമുള്ള കന്നുകാലി സമ്പത്ത് സംസ്ഥാനത്ത് നിലനിർത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കന്നുകാലികൾക്കുള്ള മൃഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗാശുപത്രികൾവഴി നടത്തിവരുന്നു.

2. കന്നുകാലികൾക്കാവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ കുറഞ്ഞ പ്രീമിയം നിരക്കിൽ വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇൻഷ്വറൻസ് പ്രീമിയം തുകയിൽ ജനറൽ

വിഭാഗത്തിന് 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിന് 70 ശതമാനവും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

3. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 4 മുതൽ 6 മാസംവരെ പ്രായമായ പശുക്കുട്ടികളെയും എരുമക്കുട്ടികളെയും തെരഞ്ഞെടുത്ത് ഇവയ്ക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകുകയും ആരോഗ്യപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

4. കൂടുതൽ പാലുത്പാദനക്ഷമതയുള്ള പശുക്കളുടെ സംരക്ഷണത്തിനായി മൃഗാശുപത്രികൾവഴി ധാതുലവണ മിശ്രിതവും സൗജന്യമായി വിതരണം നടത്തുന്നു.

5. കർഷകർക്ക് ആവശ്യാനുസരണം തങ്ങളുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കെ.എൽ.ഡി. ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾവഴി വിതരണം ചെയ്തുവരുന്നു.

6. ഉത്പാദനക്ഷമത കൂടിയ പശുക്കളുടെ പ്രത്യുത്പാദനക്ഷമത നിലനിർത്തുന്നതിനായി സംസ്ഥാനത്തെ മൃഗാശുപത്രികൾവഴി സൗജന്യമായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

ഭ്രൂണമാറ്റം, ഇൻ വിട്രാ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉത്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉത്പാദിപ്പിക്കാനും കർഷകരുടെ ഇടങ്ങളിലുള്ള ഉത്പാദനശേഷികൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കാനുമുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നതോടൊപ്പം പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വിത്തുകാളകളെ ജനിതക തെരഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരഞ്ഞെടുത്ത് ഉപയോഗപ്പെടുത്താനുള്ള നടപടികളും കെ.എൽ.ഡി.ബി. സ്വീകരിച്ചുവരുന്നു.

(ഡി) നിരന്തരമായുണ്ടാകുന്ന കാലിത്തീറ്റയുടെ വില വർദ്ധനവുമൂലം ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിൽ പാലുത്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ

ആശ്രയിച്ചുകൊണ്ടുള്ള പാലുത്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. പാരമ്പര്യേതര തീറ്റകൾ കാലിത്തീറ്റയാക്കി നൽകുന്നതിനും വകുപ്പ് പ്രോത്സാഹനം നൽകുന്നു.

ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരുലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3/- രൂപ നിരക്കിലും വൈക്കോൽ, ടി.എം.ആർ. തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4/- രൂപ നിരക്കിലും എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവുമൂലം ഉത്പാദനച്ചെലവ് കൂടിയ സാഹചര്യത്തിലും പരമാവധി നഷ്ടം സഹിച്ച്

കാലിത്തീറ്റയുടെ വില കമ്പനി വർദ്ധിപ്പിച്ചിരുന്നില്ല. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.

പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാനും പാലിന് കൂടുതൽ വില കിട്ടാനും തീറ്റയുടെ വില കുറയ്ക്കാനും ലക്ഷ്യം വച്ചുകൊണ്ട് ആന്ധ്രാപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും സൈലേജ് ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതിയിടുന്നു.

**വാമനപുരം മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി**

393 (1254) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അപേക്ഷയുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിൽനിന്ന് അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) എന്തെല്ലാം സഹായങ്ങളാണ് ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെട്ട കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെട്ട കർഷകർക്ക് 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിവയ്ക്കുള്ള ധനസഹായമാണ് ലഭ്യമാക്കുന്നത്.

**കേരളത്തിലെ പാലുത്പാദനം**

394 (1255) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് എത്രയാണ്; കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയാണ്;

ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളം വാങ്ങുന്ന പാലിന്റെ അളവ് എത്രയാണ്; വിശദമാക്കാമോ?

കേരളത്തിന്റെ ജനസംഖ്യ അനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്ററാണ്. എന്നാൽ സംസ്ഥാനത്ത് പ്രതിദിന ഉത്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. ക്ഷീരസഹകരണ മേഖലയിൽ (മിൽമ) അന്യസംസ്ഥാനത്തുനിന്ന് ആഭ്യന്തര വിപണനത്തിനായി പ്രതിദിനം 2.86 ലക്ഷം ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്.

(ബി) പാലുത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നതെന്നും ഇതുവഴി എന്ത് മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

പാലുത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം

സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത/മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന്

കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചുവരുന്നു. 2015-16 വർഷം മിൽമ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ പാലുത്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിലെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കാൻ നിലവിൽ സംവിധാനമുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി

നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോത്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾവഴി നിലവിൽ ലഭിക്കുന്ന പാൽവില എത്രയാണ്; യഥാർത്ഥ വിലതന്നെ ക്ഷീരകർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളെന്തെല്ലാം; ഇവർക്ക് മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുവരുന്നത്; വിശദമാക്കാമോ?

2022 ഡിസംബർ ഒന്നാം തീയതി മുതൽ പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി

ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലാ യൂണിയനുകളിൽനിന്നും ക്ഷീരസഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീരസംഘങ്ങളിൽനിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്നുവരുന്നത്. ക്ഷീരവികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരുലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, ടി.എം.ആർ. തുടങ്ങിയവയ്ക്ക്

കിലോഗ്രാമിന് 4 രൂപ നിരക്കിലും എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്.

(ഡി) ക്ഷീരസംഘങ്ങൾ വഴിയല്ലാതെ വില്പന നടത്തുന്ന ക്ഷീരകർഷകർക്ക് ഉയർന്ന വില ലഭിക്കുന്ന സാഹചര്യത്തിൽ, ക്ഷീരസംഘങ്ങളിലെ കർഷകർക്ക് നിലവിൽ നൽകുന്ന പാൽവില വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2022 ഡിസംബർ ഒന്നാം തീയതി മുതൽ പാൽ വില വർദ്ധനവ് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

## പാൽ വില വർദ്ധനയും സബ്സിഡിയും

395 (1256) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാൽ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ എത്ര ശതമാനം വില വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പാലുത്പാദന ചെലവിനെക്കുറിച്ച് പഠിക്കുന്നതിന് കാർഷിക വെറ്ററിനറി സർവ്വകലാശാലകളിലെ വിദഗ്ധരെയുൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശപ്രകാരം കർഷകന് ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയതിനെത്തുടർന്ന് പാലിന്റെ വില്പനവില ലിറ്ററിന് 6 രൂപ നിരക്കിൽ 2022 ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്.

(ബി) ക്ഷീരകർഷകർക്ക് സബ്സിഡി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ?

ക്ഷീരവികസന വകുപ്പിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 33% മുതൽ 50% വരെ സബ്സിഡി നൽകിവരുന്നു. ഈ നിരക്ക് വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽനിന്നും ക്ഷീരകർഷകരുടെ ഉത്പാദനോപാധികൾക്കുവേണ്ടി ധനസഹായങ്ങളും സബ്സിഡികളും കലാകാലങ്ങളായി നൽകിവരുന്നുണ്ട്.

**കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം**

396 (1257) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിലെ ബേഡഡുക്ക ഗോട്ട് ഫാമിന് 2017-18 വർഷമാണ് ഭരണാനുമതി ലഭിച്ചത്. 2019-20-ൽ പദ്ധതി റീവാലിഡേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തുപ്രകാരം പ്രസ്തുത സ്ഥലത്തിന്റെ ചുറ്റുമതിൽ കെട്ടി പൂർത്തിയാക്കിയിട്ടുണ്ട്. ആഫീസ് കെട്ടിടത്തിന്റെ പണിപൂർത്തിയായിട്ടുണ്ട്. നിർമ്മിക്കാനിരുന്ന 5 കൂടുകളിൽ ഒരു മോഡൽ കൂടിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

(ബി) ഇതിന്റെ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എത്ര കാലാവധിക്കുള്ളിൽ യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ആയതുപ്രകാരം നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ടോയെന്നും വകുപ്പ് ഇതുസംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്നുമുള്ള കാര്യങ്ങളുടെ വിശദാംശം അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി റീവാലിഡേറ്റ് ചെയ്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. 15-06-2020-ലെ G.O. (Ms) No. 50/2020/AGRI പ്രകാരം ഈ പദ്ധതിക്ക് 75 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ആർ.കെ.വി.വൈ. ഫണ്ട് ലഭ്യമായില്ല. എന്നിരുന്നാലും കാസർഗോഡ് പാക്കേജിലുൾപ്പെടുത്തി ഈ പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

(സി) നിലവിലെ സ്ഥിതിയിൽ ആട് ഫാം എന്ന് യാഥാർത്ഥ്യമാക്കാനാവുമെന്ന് അറിയിക്കാമോ?

നിലവിലെ സ്ഥിതിയിൽ ആർ.കെ.വി.വൈ. ഫണ്ട് ലഭ്യമല്ലാത്തതിനാൽ വകുപ്പ് തുകയും കാസർഗോഡ് വികസന പാക്കേജ് തുകയും ഉൾപ്പെടുത്തി ചുറ്റുമതിൽ, ഓഫീസ് കെട്ടിടം, ഒരു മോഡൽ കൂട് എന്നിവയുൾപ്പെടുത്തി ഈ പദ്ധതി ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

**പാൽ വില വർദ്ധനവ് സംബന്ധിച്ച്**

397 (1258) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ വില വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ സംഭരണ വിലയും വില്പന വിലയും 2022 ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പാൽ വില ലിറ്ററിന് 6 രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വില വർദ്ധിപ്പിക്കുന്നുവെങ്കിൽ ആയതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ?

മറ്റ് സംസ്ഥാനങ്ങളെയപേക്ഷിച്ച് പാലുത്പാദന ചെലവ് കേരളത്തിൽ കൂടുതലാണ്. ഇതുകാരണം ക്ഷീരകർഷകർ കടുത്ത ബുദ്ധിമുട്ടിലാകുകയും ഉത്പാദന ചെലവിനാനുപാതികമായി പാൽവില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യമുന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. അവസാനമായി പാൽവില വർദ്ധിപ്പിച്ചത് 2019-ലാണ്. കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പാദനച്ചെലവും കണക്കിലെടുത്ത് പാൽവില വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് കേരള വെറ്ററിനറി സർവ്വകലാശാലയിലെയും കാർഷിക സർവ്വകലാശാലയിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദഗ്ധ സമിതിയുടെ പ്രാഥമിക റിപ്പോർട്ട് നവംബർ മാസം ലഭ്യമാക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി

കണക്കാക്കിയിട്ടുണ്ടെങ്കിലും ഉപഭോക്തൃ സമൂഹത്തെക്കൂടി കണക്കിലെടുത്ത് ലിറ്ററിന് 6 രൂപ മാത്രമേ വില്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളൂ.

(സി) വില വർദ്ധനവ്, ഹോട്ടൽ മേഖലയിലും മറ്റും വൻവില വർദ്ധനവിന് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വർദ്ധിപ്പിച്ച തുകയിൽ ക്ഷീരകർഷകർക്ക് എത്രരൂപ ലഭിക്കുമെന്നത് വ്യക്തമാക്കുമോ?

2022 ഡിസംബർ ഒന്നാം തീയതി പ്രാബല്യത്തിൽ പാൽവില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര പദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധിക വില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്.

(ഇ) കാലിത്തീറ്റയും മറ്റും സബ്സിഡി നിരക്കിൽ നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരുലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, ടി.എം.ആർ. തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരുരൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. നിലവിൽ സമീകൃത കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നില്ല.

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസഹകരണ സംഘങ്ങൾവഴി കർഷകർക്ക് നൽകുന്ന കാലിത്തീറ്റക്ക് അവരവരുടെ സാമ്പത്തികസ്ഥിതി അനുസരിച്ച് കാലിത്തീറ്റ സബ്സിഡി കലാകാലങ്ങളിൽ നൽകിവരുന്നുണ്ട്.

## സംസ്ഥാനത്തിനാവശ്യമായ പാലുത്പാദനം

398 (1259) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പാൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കുറവ് എപ്രകാരമാണ് നിലവിൽ പരിഹരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചുവരുന്നു. കേരളത്തിന്റെ ജനസംഖ്യാനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്ററാണ്. എന്നാൽ സംസ്ഥാനത്ത് പ്രതിദിന ഉത്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. മിൽമയുടെ വിപണി നിലനിർത്തുന്നതിനായി അധികമായി

ആവശ്യമായിവരുന്ന പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽനിന്ന് വാങ്ങുകയാണ് ചെയ്യുന്നത്.

(ബി) കാലിത്തീറ്റ വില വർദ്ധനവുൾപ്പെടെ പാലുത്പാദനച്ചെലവ് കണക്കാക്കി ക്ഷീരകർഷകർക്ക് മതിയായ പ്രതിഫലം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പാലുൽപ്പാദന ചെലവിനെക്കുറിച്ച് പഠിക്കുന്നതിന് കാർഷിക വെറ്ററിനറി സർവ്വകലാശാലകളിലെ വിദഗ്ധരെയുൾപ്പെടുത്തി രൂപീകരിച്ച വിദഗ്ധ കമ്മിറ്റിയുടെ ശിപാർശപ്രകാരം കർഷകന് ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയതിനെത്തുടർന്ന് പാലിന്റെ വില്പന വില ലിറ്ററിന് 6 രൂപവച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പാൽവില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ

സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര പദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാലിന് സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്നരീതിയിൽ ഗുണനിലവാരത്തിനനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീയമായാണ് തയ്യാറാക്കിയിരിക്കുന്നത്.

**മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം**

399 (1260) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും ക്ഷീരസംരക്ഷണം കാര്യക്ഷമമാക്കുന്നതിനും പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന വിശദവിവരം ലഭ്യമാക്കുമോ?

പാലുത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത/മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടെ പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി

വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) മലപ്പുറം ജില്ലയിലെ മൂർക്കനാടിൽ അൻപത്തിമൂന്ന് കോടിരൂപ മുതൽമുടക്കിയ സംസ്ഥാനത്തെ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കാമോ?

53.93 കോടി രൂപ അടങ്കൽത്തുക വരുന്ന ഈ പദ്ധതിക്ക് 15 കോടി രൂപ സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതമായി ഇതിനോടകം നൽകിക്കഴിഞ്ഞു. 32.72 കോടിരൂപ RIDF പദ്ധതിയിലുൾപ്പെടുത്തി നബാർഡ് മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കിവരുന്ന മുഴുവൻ തുകയും പദ്ധതിയുടെ അവസാനഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലാ യൂണിയൻ ടി പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരുന്നു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാന്റ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആൻഡ് സേഫ്റ്റി വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണച്ചെലവ് വർദ്ധിപ്പിക്കണമെന്നും അധിക സർക്കാർ ധനസഹായം അനുവദിച്ച് നൽകണമെന്നുമുള്ള മിൽമയുടെ അപേക്ഷ പരിഗണനയിലാണ്.

(സി) പ്രസ്തുത ഫാക്ടറി എപ്പോൾ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ**

400 (1261) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന പാലുത്പാദകരായ കർഷകരിൽനിന്നും സഹകരണ സംഘങ്ങളിൽനിന്നും "മിൽമ" പാൽസംഭരണം നടത്തുന്നതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2022-ലെ കണക്കനുസരിച്ച് 3076 ക്ഷീരസംഘങ്ങൾ മിൽമയിലെ മൂന്ന് മേഖലാ യൂണിയനുകളുമായി ബന്ധപ്പെട്ട് അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നു. മിക്ക ക്ഷീരസംഘങ്ങളും കർഷകരിൽനിന്നും സംഭരിക്കുന്ന പാലിന്റെ ഒരു അളവ് പ്രാദേശിക വില്പന നടത്തിയശേഷം ബാക്കിയുള്ളതാണ് മിൽമയ്ക്ക് നൽകുന്നത്. 2022 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ സംഘങ്ങൾവഴി പ്രതിദിനം ശരാശരി 13.52 ലക്ഷം ലിറ്റർ പാൽ

സംഭരിക്കുന്നു. നിലവിൽ ക്ഷീരകർഷകർ നൽകുന്ന മുഴുവൻ പാലും സംസ്ഥാനത്ത് മിൽമ ശേഖരിച്ചുവരുന്നുണ്ട്. ഏകദേശം 1.97 ലക്ഷം കർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ (മിൽമ) 2 നേരങ്ങളിലായി പാൽ നൽകിവരുന്നു. ഏകദേശം 2900 കോടി രൂപ പ്രതിവർഷം പാൽ വിലയായി കർഷകർക്ക് നൽകിവരുന്നുണ്ട്. സംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരത്തിനനുസൃതമായാണ് (2 Axis Pricing Chart പ്രകാരം) കർഷകർക്ക് പാൽവില നൽകുന്നത്.

(ബി) സംസ്ഥാനത്താവശ്യമായ പാലിന്റെ ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

മിൽമയുടെ മേഖലയൂണിയനുകൾ സംഘങ്ങളിൽനിന്നും 2022 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 13.52 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. മിക്ക ക്ഷീരസംഘങ്ങളും കർഷകരിൽനിന്നും സംഭരിക്കുന്ന പാലിന്റെ ഒരുഭാഗം പ്രാദേശിക വില്പന നടത്തിയശേഷമുള്ള ബാക്കിയാണ് ഡയറികളിലേയ്ക്കെത്തിക്കുന്നത്. മിൽമയുടെ പ്രതിദിന വില്പന ശരാശരി 16 ലക്ഷത്തോളം ലിറ്റർ പാലാണ്. ഇതുകൂടാതെ 2 ലക്ഷത്തോളം ലിറ്റർ പാൽ ഉത്പന്നങ്ങളാക്കുകയും ചെയ്യുന്നു. രാജ്യമൊട്ടുക്കും പാലിന്റെ ഉത്പാദന അളവ് ഗണ്യമായി കുറഞ്ഞ സാഹചര്യമാണുണ്ടായത്.

മിൽമയുടെ വിപണി നിലനിർത്തുന്നതിനായി അധികമായി ആവശ്യമായിവരുന്ന പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽനിന്ന് വാങ്ങുകയാണ് ചെയ്യുന്നത്.

(സി) കേരളത്തിലെ പാലുത്പാദകരായ കർഷകർക്കും കർഷകസംഘങ്ങൾക്കുംവേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ഡി) സംസ്ഥാനത്ത് ലഭിക്കുന്ന പാലും പാലുത്പന്നങ്ങളും ഗുണനിലവാരം പുലർത്തുന്നവയാണെന്ന് പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ

പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുത്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുത്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്നതുൾപ്പെടെയുള്ള സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. ഓണം പോലുള്ള ഉത്സവവേളകളിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് ചെക്ക് പോസ്റ്റുകളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിച്ചേരുന്ന പാൽ ഗുണനിലവാരം കുറഞ്ഞതും മായം കലർന്നതുമാണെന്ന് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പാലും പാലുത്പന്നങ്ങളും ഗുണനിലവാരമുള്ളതും ശുദ്ധവുമാണെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിച്ചേരുന്ന പാലും പാലുത്പന്നങ്ങളും അതിർത്തി ചെക്ക്പോസ്റ്റുകളിലും മാർക്കറ്റുകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തി സാമ്പിൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഇത്തരം പരിശോധനകളിൽ ഗുണനിലവാരം കുറഞ്ഞതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ പാലോ പാലുത്പന്നങ്ങളോ വിതരണം ചെയ്യുന്ന കമ്പനികൾക്കും വില്പനക്കാർക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പാലും പാലുത്പന്നങ്ങളും വിപണിയിലില്ലായെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ പരിശോധന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്നു. ഇതുകൂടാതെ ഉത്സവ സീസണുകളിൽ കൂടുതലായി പാലുകൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന

സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് ചെക്ക്പോസ്റ്റുകളിൽ സംയുക്ത പരിശോധനയും നടത്തുന്നുണ്ട്.

2020 ഏപ്രിൽ മുതൽ 2022 നവംബർ വരെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് സംസ്ഥാനത്ത് വില്പന നടത്തുന്നതുൾപ്പെടെയുള്ള പാലും പാലുത്പന്നങ്ങളുടെയും 8117 പരിശോധനകൾ നടത്തുകയും 1115 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 40 സാമ്പിളുകൾ അൺസേഫായും 61 സാമ്പിളുകൾ സബ്സ്റ്റാൻഡേർഡായും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 26 പ്രോസിക്യൂഷൻ കേസുകളും 52 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) എങ്കിൽ അവ നിരോധിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ?

2020 ഏപ്രിൽ മുതൽ 2022 നവംബർ വരെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് സംസ്ഥാനത്ത് വില്പന നടത്തുന്നതുൾപ്പെടെയുള്ള പാലും പാലുത്പന്നങ്ങളുടെയും 8117

പരിശോധനകൾ നടത്തുകയും 1115 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 40 സാമ്പിളുകൾ അൺസേഫായും 61 സാമ്പിളുകൾ സബ്സ്റ്റാൻഡേർഡായും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 26 പ്രോസിക്യൂഷൻ കേസുകളും 52 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇതര സംസ്ഥാനങ്ങളിൽനിന്നുമുള്ള പാലിന്റെ ഗുണമേന്മ

401 (1262) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും ദൈനംദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്തെത്തുന്നത്; വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നിവിടങ്ങളിലെ ക്ഷീരവികസന വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾവഴി പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലേയ്ക്ക് കടന്നുവരുന്നത്. മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്ന പാലിനുപുറമേ വിപണി നിലനിർത്തുന്നതിനാവശ്യമായ പാൽ അയൽ സംസ്ഥാന

ഫെഡറേഷനുകളിൽനിന്നും മിൽമ വാങ്ങുന്നുണ്ട്. 2022 ഒക്ടോബറിലെ കണക്കനുസരിച്ച് മിൽമ പ്രതിദിനം ശരാശരി 2.86 ലക്ഷം ലിറ്റർ പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ട്. ആഭ്യന്തരോത്പാദനം കുറയുകയും വിപണനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്ത സാഹചര്യത്തിലാണ് അയൽ സംസ്ഥാനങ്ങളിൽനിന്നും മിൽമയ്ക്ക് പാൽ വാങ്ങേണ്ടിവന്നത്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ഗൗരവമായി കണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്നതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. ഓണം പോലുള്ള ഉത്സവവേളകളിൽ ക്ഷീരവികസന വകുപ്പുമായിച്ചേർന്ന് ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. 2020 ഏപ്രിൽ മുതൽ 2022 നവംബർ വരെ അന്യസംസ്ഥാനങ്ങളിൽനിന്നും

കൊണ്ടുവന്ന് സംസ്ഥാനത്ത് വില്പന നടത്തുന്നതുൾപ്പെടെയുള്ള പാലും പാലുത്പന്നങ്ങളുടെയും 8117 പരിശോധനകൾ നടത്തുകയും 1115 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 40 സാമ്പിളുകൾ അൺസേഫായും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 26 പ്രോസിക്യൂഷൻ കേസുകളും 52 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പാൽ കമ്പനികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) നിരോധിക്കപ്പെട്ട പാൽ കമ്പനികൾ അടുത്ത ദിവസംതന്നെ പുതിയ നാമത്തിൽ പാൽ മാർക്കറ്റിലെത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് പാൽ ബ്രാൻഡുകൾ നിരോധിച്ചിട്ടില്ല.

## മൂർക്കനാട് പാൽപ്പൊടി ഉത്പാദന കേന്ദ്രം

402 (1263) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻവഴി പൂർത്തീകരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാൽപ്പൊടി ഉത്പാദന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

53.93 കോടി രൂപ അടങ്കൽത്തുക വരുന്ന ഈ പദ്ധതിക്ക് 15 കോടി രൂപ സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതമായും 32.72 കോടി രൂപ RIDF പദ്ധതിയിലുൾപ്പെടുത്തി നബാർഡ് മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കിവരുന്ന മുഴുവൻ തുകയും പദ്ധതിയുടെ അവസാന ഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലായൂണിയൻ ഈ പദ്ധതിക്കുള്ള പ്രാരംഭ പ്രവൃത്തികളാരംഭിച്ചുകഴിഞ്ഞു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാന്റ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ്

വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആൻഡ് സേഫ്റ്റി വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണച്ചെലവ് വർദ്ധിപ്പിക്കണമെന്നും അധിക സർക്കാർ ധനസഹായം അനുവദിച്ച് നൽകണമെന്നുമുള്ള മിൽമയുടെ അപേക്ഷ പരിഗണനയിലാണ്.

(ബി) ഈ ഡയറിയിൽ നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാന്റ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആൻഡ് സേഫ്റ്റി വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു. ഓർഡർ ചെയ്ത മെഷിനറികളിൽ പലതും എത്തിക്കഴിഞ്ഞിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിന്റെ നടപടികൾ നടത്തിവരുന്നു.

## മിൽമ പാൽ വില

403 (1264) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജനുവരി ഒന്നിന് മിൽമയുടെ ഒരുലിറ്റർ പാൽവില എത്രയായിരുന്നുവെന്നും 2022 ഡിസംബർ ഒന്നിന് മിൽമയുടെ ഒരുലിറ്റർ പാൽവില എത്രയാണെന്നും വ്യക്തമാക്കുമോ?

2016 ജനുവരി ഒന്നിന് മിൽമയുടെ ഒരുലിറ്റർ നോൺ ഹോമോജെനൈസ്ഡ് ടോൺഡ് പാലിന്റെ വില 40/- രൂപയായിരുന്നു. 2022 ഡിസംബർ ഒന്നാം തീയതി നടപ്പിലാക്കിയ വിലവർദ്ധനവിനുശേഷം മിൽമയുടെ നോൺ ഹോമോജെനൈസ്ഡ് ടോൺഡ് പാലിന്റെ വില 50/- രൂപയാണ്. മിൽമ വിപണിയിൽ വിവിധയിനങ്ങളിലുള്ള പാൽ വിതരണം നടത്തുന്നുണ്ട്. ഇവയ്ക്കെല്ലാം ആനുപാതികമായി ലിറ്ററിന് 6/- രൂപ വർദ്ധനവാണ് ഡിസംബർ മുതൽ പ്രാബല്യത്തിൽ വരുത്തിയത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മിൽമയുടെ പാൽവില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വരുത്തിയ വർദ്ധനവെത്ര; വ്യക്തമാക്കുമോ?

11-02-2017-ലും 19-09-2019-ലും 01-12-2022-ലും മിൽമ പാൽവില വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-ലും 2019-ലും ലിറ്ററിന് 4/- രൂപവീതവും 2022-ൽ ലിറ്ററിന് 6/- രൂപയുമാണ് വർദ്ധിപ്പിച്ചത്.

**പാൽ വില വർധനവ്**

404 (1265) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽവില കൂട്ടാൻ മിൽമ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ സംഭരണവിലയും വില്പനവിലയും വർദ്ധിപ്പിച്ചിട്ടുണ്ട്. 2022 ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ പാൽവില 6 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്.

കോവിഡ് നിയന്ത്രണങ്ങളെല്ലാം മാറുകയും ജനജീവിതം സാധാരണഗതിയിലാകുകയും ചെയ്യുന്ന സാഹചര്യത്തിൽ കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പാദനച്ചെലവും കണക്കിലെടുത്ത് പാൽവില വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ ഭരണസമിതി തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് പാൽ ഉത്പാദനച്ചെലവിനെക്കുറിച്ച് പഠിക്കുന്നതിന് കാർഷിക വെറ്ററിനറി സർവ്വകലാശാലകളിലെ വിദഗ്ധരെയുൾപ്പെടുത്തി ഒരു വിദഗ്ധ

കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ ശിപാർശപ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതേത്തുടർന്ന് ഭരണസമിതി പാലിന്റെ വില്പന വില ലിറ്ററിന് 6 രൂപവച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(ബി) പാൽവില വർദ്ധനവുമൂലം ക്ഷീരകർഷകർക്ക് എത്ര രൂപയുടെ പ്രയോജനം ലഭിക്കുമെന്നതിന്റെ വിശദവിവരം നൽകുമോ?

2022 ഡിസംബർ ഒന്നാം തീയതി പാൽവില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര പദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്.

## കാലിത്തീറ്റയുടെ വില വർദ്ധനവ്

405 (1266) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുകയുണ്ടായോയെന്നും എന്നുമുതലാണ് വില വർദ്ധിപ്പിച്ചതെന്നും എത്രരൂപയുടെ വർദ്ധനവാണ് ഇപ്പോഴുണ്ടായിട്ടുള്ളതെന്നും അറിയിക്കുമോ?

01-11-2022 മുതൽ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 01-11-2022 മുതൽ കേരള ഫീഡ്സ് ലിമിറ്റഡ് 50 കിലോ ചാക്കൊന്നിന് 150 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. മിൽമ സംഘങ്ങൾവഴി വിതരണം നടത്തുന്ന ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 160 രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 180 രൂപയും മിൽമ ഗോമതി ബൈപ്രോ കാലിത്തീറ്റയ്ക്ക് 235 രൂപയും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

കന്നുക്കുട്ടി പരിപാലന പദ്ധതി (SLBP) മുഖേന കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില ചാക്കൊന്നിന് (50 kg) 1500/- രൂപയായി നിജപ്പെടുത്തിക്കൊണ്ട്

28-10-2022-ലെ സ.ഉ(സാധാ)നം:493/2022/എ.എച്ച്.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം കർഷകന് ഒരു പശുവിന് എത്ര രൂപയുടെ അധിക ചെലവ് വരുമെന്നാണ് സർക്കാർ കണക്കാക്കുന്നത്?

കന്നുക്കുട്ടി പരിപാലന പദ്ധതിപ്രകാരം നാലുമാസം പ്രായമായ കുട്ടികൾക്ക് 30kg തീറ്റ, 5 മാസം മുതൽ 6 മാസം വരെ 45 kg, 7 മാസം മുതൽ 18 മാസം വരെ 60kg, അതിനുശേഷം 75 kg എന്നിങ്ങനെ പകുതി സബ്സിഡിയോടുകൂടിയാണ് അനുവദിക്കുന്നത്. എസ്.എൽ.ബി.പി. കന്നുകുട്ടി തീറ്റവില ഇപ്പോൾ 1 കിലോയ്ക്ക് 7.5 രൂപ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ആയതിനാൽ തീറ്റ ചെലവിൽ നാലുമാസം പ്രായമായ കുട്ടികൾക്ക് പ്രതിമാസം 225 രൂപ, 5 മാസം മുതൽ 6 മാസം പ്രായമായവർക്ക് ഏകദേശം 340 രൂപ വരെയും 7 മാസം മുതൽ 18 മാസം പ്രായമായവയ്ക്ക് 450 രൂപ വരെയും 19 മാസം തൊട്ടുള്ളവയ്ക്ക് ഏകദേശം 565 രൂപയും പ്രതിമാസം അധിക ചെലവുവരും.

(സി) നിലവിൽ മിൽമ മുഖേന സംഭരിക്കുന്ന പാലിന് ഒരു കർഷകന് പ്രതി ലിറ്ററിന് ലഭിക്കുന്ന ശരാശരി വിലയും പരമാവധി വിലയും ഏറ്റവും കുറഞ്ഞ വിലയും എത്രവീതമാണെന്ന് അറിയിക്കുമോ?

പുതിയ പാൽവില ചാർട്ട് പ്രകാരം നിലവിൽ മിൽമ മുഖേന സംഭരിക്കുന്ന പാലിന് ഒരു കർഷകന്, 3.2 ശതമാനം കൊഴുപ്പും 8.3 ശതമാനം കൊഴുപ്പേതര ഖരപദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാലിന് പ്രതി ലിറ്ററിന് ലഭിക്കുന്ന ശരാശരി വില 40.04 ആണ്. പുതിയ പാൽവില ചാർട്ട് പ്രകാരം പരമാവധി വിലനൽകുന്നത് 8.0 ശതമാനം കൊഴുപ്പും 10.0 ശതമാനം കൊഴുപ്പേതര ഖരപദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാലിനാണ്. 62.22 രൂപയാണ് കർഷകന് ലഭിക്കുന്നത്. ഏറ്റവും കുറഞ്ഞ വില നിൽകുന്നത് 3.0 ശതമാനം കൊഴുപ്പും 8.0 ശതമാനം കൊഴുപ്പേതര ഖരപദാർത്ഥങ്ങളുമുള്ള ഗുണനിലവാരമുള്ള പാലിനാണ്. 38.29 രൂപയാണ് കർഷകന് ലഭിക്കുന്നത്.

(ഡി) സംസ്ഥാനത്ത് പാൽവില വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്രരൂപയുടെ വർദ്ധനവ് വരുത്തുന്നതിനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം വർദ്ധിക്കുന്ന തുകയിൽനിന്നും കർഷകന് എത്ര രൂപയാണ് പ്രതി ലിറ്ററിന് ലഭിക്കുക?

(ഡി&ഇ) മിൽമ പാലിന്റെ വില്പനവില ലിറ്ററിന് 6 രൂപ നിരക്കിൽ 2022 ഡിസംബർ മാസം ഒന്നാം തീയതി പ്രാബല്യത്തിൽവരുന്ന രീതിയിൽ

വർദ്ധിപ്പിച്ചിട്ടുണ്ട്. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് കർഷകന് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്.

(എഫ്) കോവിഡ് ലോക്ക്ഡൗണും കടുത്ത വിലക്കയറ്റവും കാരണം ദുരിതത്തിലായിരിക്കുന്ന കർഷകരെയും പൊതുജനങ്ങളെയും ഈ വില ഉയർത്തൽ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ?

സമീകൃത കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ ഗണ്യമായ വർദ്ധനവും ക്ഷീരകർഷകരുടെ ഉയർന്ന ഉത്പാദനച്ചെലവും കണക്കിലെടുത്ത് വിദഗ്ധ കമ്മിറ്റിയുടെ ശിപാർശപ്രകാരം പാൽവില വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയായിരുന്നു. പാൽവില വർദ്ധനവ് സംബന്ധിച്ച് പഠനം നടത്തിയ വിദഗ്ധസംഘം സമർപ്പിച്ച റിപ്പോർട്ടുപ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാൽത്തന്നെയും ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൂടി കണക്കിലെടുത്തുകൊണ്ട് ലിറ്ററിന് 6 രൂപ മാത്രമാണ് മിൽമ പാൽവില വർദ്ധിപ്പിച്ചിട്ടുള്ളത്.

(ജി) എങ്കിൽ വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് മിൽമയ്ക്ക് പാൽ നൽകേണ്ടിവരികയും ഉയർന്നവിലയ്ക്ക് കാലിത്തീറ്റ വാങ്ങേണ്ടിവരികയും ചെയ്യുന്ന കർഷകർക്ക് തീറ്റവിലയിൽ സബ്സിഡി അനുവദിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

സമീകൃത കാലിത്തീറ്റയ്ക്ക് നിലവിൽ സബ്സിഡി അനുവദിക്കുന്നില്ല. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായം നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, ടി.എം.ആർ. തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7000/- രൂപവരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കാലിത്തീറ്റയ്ക്ക് മേഖലാ യൂണിയനുകൾ അവരവരുടെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്.

## ക്ഷീരമേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി

406 (1267) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവും കാരണം ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കണക്കിലെടുത്ത് കാലിത്തീറ്റയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും മറ്റ് തീറ്റവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായപദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരുലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, ടി.എം.ആർ. തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും

എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപവരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒരുപരിധിവരെ പരിഹരിക്കുന്നതിനാണ് ക്ഷീരവികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നത്. വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവുമൂലം ഉത്പാദനച്ചെലവ് കൂടിയ സാഹചര്യത്തിലും പരമാവധി നഷ്ടം സഹിച്ച് കാലിത്തീറ്റയുടെ വില കേരളാ ഫീഡ്സ് വർദ്ധിപ്പിച്ചിരുന്നില്ല. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ കേരള

ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.

പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാനും പാലിന് കൂടുതൽ വില കിട്ടാനും തീറ്റയുടെ വില കുറയ്ക്കാനും ലക്ഷ്യംവച്ചുകൊണ്ട് ആന്ധ്രാപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും സൈലേജ് ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതിയിടുന്നു.

(ബി) സംസ്ഥാനത്ത് കാലിത്തീറ്റയുടെ ഉൽപ്പാദനശേഷി ഉയർത്തുന്നതിനും ക്ഷീരകർഷകർക്ക് ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും കുടിശ്ശികയുള്ള ഇൻസെന്റീവ് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവുമൂലം ഉത്പാദനച്ചെലവ് കൂടിയ സാഹചര്യത്തിലും പരമാവധി നഷ്ടംസഹിച്ച് കാലിത്തീറ്റയുടെ വില കേരളാ ഫീഡ്സ് വർദ്ധിപ്പിച്ചിരുന്നില്ല. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ

വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്. പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാനും പാലിന് കൂടുതൽ വില കിട്ടാനും തീറ്റയുടെ വില കുറയ്ക്കാനും ലക്ഷ്യം വച്ചുകൊണ്ട് ആന്ധ്രാപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും സൈലേജ് ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതിയിടുന്നു.

സ്വകാര്യ സംരംഭകർ കാലിത്തീറ്റ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരുന്നില്ല. ഇതിനുമുൻപ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചത് 2019-ൽ ആയിരുന്നു. കാലിത്തീറ്റ വില വർദ്ധിപ്പിച്ചില്ലെന്നുമാത്രമല്ല, സാധിക്കുന്ന രീതിയിലുള്ള ഡിസ്കൗണ്ടുകളും കാലിത്തീറ്റ സബ്സിഡികളും കർഷകന് നൽകാൻ മിൽമയും മേഖലാ യൂണിയനുകളും തയ്യാറായിരുന്നു. വില വർദ്ധനവ് നടപ്പിലാക്കിയതിനുശേഷവും മേഖലാ യൂണിയനുകൾ അവരവരുടെ കഴിവനുസരിച്ചുള്ള സബ്സിഡി കർഷകർക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ മേഖലാ യൂണിയനുകൾ അവയുടെ പ്രവർത്തന ലാഭത്തിൽനിന്നും കാലിത്തീറ്റ സബ്സിഡി കാലാകാലങ്ങളായി നൽകിവരാറുണ്ട്. പ്രത്യേക കാലയളവുകളിൽ നൽകുന്ന ഈ സ്കീമുകളെ സംബന്ധിച്ച് കുടിശ്ശികയുണ്ടാകാറില്ല.

ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിൽ വന്ന കാലതാമസംമൂലമാണ് ഇൻസെന്റീവ് പദ്ധതിപ്രവർത്തനം വൈകിയത്. ഇനിവരുന്ന മാസങ്ങളിൽ മുടക്കംകൂടാതെ സബ്സിഡിതുക കർഷകർക്ക് ലഭിക്കുന്നതായിരിക്കും. ഇപ്പോൾ പദ്ധതി നിർവ്വഹണ ഘട്ടത്തിലാണ്.

(സി) ക്ഷീരമേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ലിംഗനിർണ്ണയം നടത്തിയ ബീജം ഉപയോഗിച്ച് ഗർഭധാരണം ഉറപ്പാക്കി ത്വരിതഗതിയിൽ സംസ്ഥാനത്തെ കന്നുകാലി ജനുസ്സുകളെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പശുക്കളിൽ പ്രത്യുത്പാദനം നടത്തുമ്പോൾ ലഭിക്കുന്ന 50:50 എന്ന ആൺ, പെൺ ലിംഗാനുപാതത്തിൽനിന്ന്, 90% കൃത്യതയോടെയാണ് ലിംഗനിർണ്ണയം നടത്തിയ ബീജത്തിന്റെ ഉപയോഗംവഴി പശുക്കുട്ടികൾ ഉത്പാദിപ്പിക്കപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്ത് കൂടുതൽ പശുക്കുട്ടികളുടെ ലഭ്യത വളരെ കുറച്ചുസമയത്തിനുള്ളിൽ ഉറപ്പാക്കുന്നതും ഇതിലൂടെ ഉന്നത ഗുണമേന്മയുള്ള പശുക്കുട്ടികളെ തെരഞ്ഞെടുത്ത്, പാലുത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നതാണ്.

ലിംഗനിർണ്ണയം നടത്തിയ ബീജത്തിന്റെ ഉപയോഗം ക്ഷീരകർഷകരിലേയ്ക്കെത്തിച്ച് അതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനായാണ് ഇപ്രകാരത്തിലുള്ള ഒരു കേന്ദ്രസർക്കാർ പദ്ധതി നമ്മുടെ സർക്കാർ കെ.എൽ.ഡി. ബോർഡിലൂടെ കേരളത്തിൽ നടപ്പിലാക്കുന്നത്. ജേഴ്സി, ഹോൾസ്റ്റീൻഫ്രീഷ്യൻ, സങ്കരയിനം ജേഴ്സി, സങ്കരയിനം ഹോൾസ്റ്റീൻഫ്രീഷ്യൻ ഇനത്തിൽപ്പെട്ട ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കേരളത്തിലുടനീളം വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും മൃഗസംരക്ഷണ വകുപ്പും മിൽമയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്ന ലിംഗനിർണ്ണയം നടത്തിയ ഒരു ഡോസ് ബീജത്തിന്റെ വില 675 രൂപയാണ്. ഇത് കർഷകർക്ക് 250 രൂപയ്ക്കാണ് നൽകുന്നത്. ഒരു പശുവിന് ചെന പിടിക്കുന്നതിനായി ലിംഗനിർണ്ണയം നടത്തിയ ബീജം ഉപയോഗിച്ച് പരമാവധി രണ്ട് കൃത്രിമ ബീജാധാനങ്ങൾ (Artificial Insemination) നടത്താവുന്നതാണ്. ഇതിന് ചെലവാകുന്ന തുക 1350 രൂപ ആണെന്നിരിക്കെ കർഷകന് ചെലവ് വരുന്നത് 500 രൂപയാണ്. എന്നാൽ ലിംഗനിർണ്ണയം

നടത്തിയ ബീജം ഉപയോഗിച്ച് നടത്തിയ രണ്ട് കൃത്രിമ ബീജാധാനങ്ങൾക്കുശേഷവും പശു ചെന പിടിക്കാതിരുന്നാൽ, കർഷകന് 500 രൂപ കെ.എൽ.ഡി. ബോർഡ് തിരികെ നൽകുന്നതാണ്. സ്റ്റേറ്റ് ഇംപ്ലിമെന്റിംഗ് ഏജൻസിയായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് പദ്ധതി പുരോഗതി വിലയിരുത്തുന്നതായിരിക്കും.

## കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ്

407 (1268) ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. ടി. ജെ. വിനോദ്
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ് സംസ്ഥാനത്തെ ക്ഷീരകർഷകരെ ദുരിതത്തിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാലിത്തീറ്റയുടെ വില വർദ്ധനവ് പാലുത്പാദന ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഡിസംബർ ഒന്ന് മുതൽ പാൽ വില വർദ്ധിപ്പിച്ചതിലൂടെ ക്ഷീരകർഷകർക്ക് ആശ്വാസകരമാകുന്ന നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ക്ഷീരകർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് കർഷകർക്ക് ഇപ്പോൾ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 50% സബ്സിഡിയോടുകൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപ വരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു. കൂടാതെ, ക്ഷീരവികസന വകുപ്പ് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, ടി.എം.ആർ. തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും എന്നിങ്ങനെ ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും

ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. സമീകൃത കാലിത്തീറ്റയ്ക്ക് നിലവിൽ വകുപ്പ് ധനസഹായം നൽകുന്നില്ല.

(സി) പാലിന്റെ വിലയും കാലിത്തീറ്റയുടെ വിലയും തമ്മിൽ വലിയ അന്തരമുള്ളതിനാൽ നിലവിൽ കൊടുക്കുന്ന സബ്സിഡി വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സബ്സിഡി വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

**കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ്**

408 (1269) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ് ക്ഷീരകർഷകരെ ദുരിതത്തിലാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാലിത്തീറ്റ വിലവർദ്ധനവ് പാലുത്പാദന ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും 2022 ഡിസംബർ ഒന്ന് മുതൽ മിൽമ പാൽ വില വർദ്ധിപ്പിച്ചതിലൂടെ കർഷകർക്ക് ആശ്വാസമാകുന്ന നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ക്ഷീരകർഷകർക്കായി വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ക്ഷീരകർഷകരുടെ സാമ്പത്തികവും സാമൂഹികവുമായ അടിസ്ഥാന പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നുണ്ട്. വർദ്ധിച്ചുവരുന്ന തീറ്റച്ചെലവുകൾ കാരണം കർഷകർക്കുണ്ടാകുന്ന പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കാൻ സർക്കാർ 2022 ഡിസംബർ 1 മുതൽ പാൽ വില വർദ്ധിപ്പിക്കുകയും വർദ്ധിച്ചതിന്റെ 8.75% ക്ഷീരകർഷകർക്ക് ലഭിക്കുന്ന വിധത്തിൽ പാൽ ചാർട്ട് നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും

നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത/മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിലൂടെ

ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയെന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## മലപ്പുറം ജില്ലാ ക്ഷീരവികസന വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക

409 (1270) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് ബ്ലോക്കുതല ക്ഷീരവികസന യൂണിറ്റുകളും ഒരു ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിൽ സാങ്കേതിക വിഷയങ്ങളിൽ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ

സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എം.എൽ.എ.-യുടെ കത്ത് ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ജില്ലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്യപ്പെടാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ?

ജില്ലയിൽനിന്നും ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്തിട്ടില്ല.

(സി) സർക്കാരിലേയ്ക്ക് ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ വകുപ്പ് മേധാവി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലാ ഓഫീസിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) മലപ്പുറം ജില്ലയിൽ ടെക്നിക്കൽ അസിസ്റ്റന്റ്/അസിസ്റ്റന്റ് ഡയറക്ടർ തസ്തിക അനുവദിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## സംസ്ഥാനത്ത് പാൽ, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

410 (1271) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ, മുട്ട എന്നിവയുടെ നിലവിലെ ഉത്പാദനം എത്രയാണെന്നും സ്വയംപര്യാപ്തതയിലെത്തിക്കാൻ ഇവയുടെ ഉത്പാദനം എത്രയായി വർദ്ധിപ്പിക്കണമെന്നും കണക്കാക്കിയിട്ടുണ്ടോ?

മൃഗസംരക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2021-22 വർഷത്തെ പാൽ, മുട്ട എന്നിവയുടെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാൽ | 2532.46 (000 ടൺസ് ) |
| മുട്ട | 22300.80 (ലക്ഷം) |

പാൽ, മുട്ട എന്നിവയുടെ ആവശ്യകത ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാൽ | 3350.88 (000 ടൺസ്) |
| മുട്ട | 53614.12 (ലക്ഷം) |

പാൽ, മുട്ട എന്നിവയുടെ ഉത്പാദനം സ്വയംപര്യാപ്തതയിലെത്തിക്കാൻ പാലിന്റെ ഉത്പാദനം 818.42 (000 ടൺ)-ഉം മുട്ടയുടെ ഉത്പാദനം 31313.32 ലക്ഷവുംകൂടി വർദ്ധിപ്പിക്കേണ്ടതാണ്.

(ബി) എങ്കിൽ ഇവയുടെ സ്വയംപര്യാപ്തത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് പാൽ, മുട്ട എന്നിവയുടെ സ്വയംപര്യാപ്തത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽത്തരം പാലുത്പാദനശേഷി കൂടിയ പശുക്കളെ കർഷകർക്ക് ലഭിക്കുന്നതിനുവേണ്ടി പശുക്കുട്ടികളെ വളർത്തുന്നതിനായി സബ്സിഡി നിരക്കിൽ കാലിത്തീറ്റയും അനുബന്ധ സേവനങ്ങളും നൽകിവരുന്നു. ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 42,747 കന്നുക്കുട്ടികളെ വളർത്തുന്നതിന് 47,98,06,101/- രൂപ ധനസഹായം നൽകി;

2. പാലുത്പാദനത്തെ ബാധിക്കുന്ന സാംക്രമിക രോഗമായ കുളമ്പുരോഗത്തെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ പദ്ധതിയായ കുളമ്പുരോഗ നിയന്ത്രണപദ്ധതി നടപ്പിലാക്കിവരുന്നു;

3. മൃഗസംരക്ഷണ വകുപ്പിന്റെ ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഉപയോഗിച്ച് മൃഗചികിത്സയ്ക്കുള്ള മരുന്നുകൾ മൃഗാശുപത്രികളിൽ നൽകുന്നു;

4. കറവപ്പശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ പഞ്ചായത്ത് പദ്ധതിവിഹിതം ഉപയോഗിച്ച് നൽകുന്നു;

5. കർഷകർക്ക് വീട്ടുപടിക്കൽത്തന്നെ മൃഗചികിത്സ ലഭ്യമാക്കാൻ മൊബൈൽ വെറ്ററിനറി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു;

6. വകുപ്പിലെ സർക്കാർ ഫാമുകളിൽനിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സർക്കാരിന്റെ അംഗീകാരമുള്ള എഗ്ഗർ നഴ്സറികൾ മുഖേന വളർത്തി 45 ദിവസം പ്രായമാകുമ്പോൾ എൽ.എസ്.ജി. പദ്ധതി മുഖേനയും സർക്കാർ പദ്ധതികൾ വഴിയും ജനങ്ങൾക്ക് നൽകി മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നു.

സംസ്ഥാനത്ത് പാലുല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. കിടാരി പാർക്ക്, ക്ഷീരഗ്രാമം, എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടകപദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, 'യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

മിൽമയുടെ മേഖലായൂണിയനുകൾ പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പാലുത്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനുംവേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതുമൂലം പാലുത്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്കെത്താൻ സാധിക്കുന്നുണ്ട്. മലബാർ മേഖലയിൽ ഇപ്പോൾ ആവശ്യത്തിലധികം പാൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. സ്വന്തം ആവശ്യം കഴിഞ്ഞ് മിച്ചംവരുന്ന പാൽ മറ്റ് ദൗർലഭ്യമുള്ള മേഖലകളിലേയ്ക്ക്

നൽകുന്നതുവഴി പാലുത്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

കേരളത്തിലെ മുട്ടയുത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനുമായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പഞ്ചായത്തുതല 100 കോഴിയും കൂടും പദ്ധതി തുടങ്ങിയവ കെപ്കോ നടപ്പിലാക്കുന്ന പദ്ധതികളാണ്. ഈ പദ്ധതികളിലൂടെ കഴിഞ്ഞ 6 വർഷത്തിനുള്ളിൽ ഏകദേശം 80 കോടി മുട്ട അധികമായി ഉത്പാദിപ്പിക്കാൻ കെപ്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് നൽകുന്ന ഇൻസെന്റീവ്**

411 (1272) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് പാലുത്പാദനം കുറയുന്നതിനാൽ ഒരു ലിറ്റർ പാലിന് സൊസൈറ്റികൾ ക്ഷീരകർഷകർക്ക് നൽകുന്ന ഇൻസെന്റീവ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

മേഖലാ യൂണിയനുകൾ ക്ഷീരസംഘങ്ങൾക്ക് കാലാകാലങ്ങളിൽ അധിക പാൽവില നൽകിവരാറുണ്ട്. ഇത് മേഖലാ യൂണിയനുകളുടെ പ്രവർത്തന ലാഭത്തിൽനിന്നാണ് നൽകിവരുന്നത്. തിരുവനന്തപുരം മേഖലാ സഹകരണ യൂണിയൻ ഓണക്കാലത്ത് കർഷകർക്ക് ലിറ്ററിന് 1/- രൂപ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. നവംബർ മാസം മുൻമാസത്തേക്കാൾ സംഘം അധികംനൽകുന്ന ഓരോ ലിറ്റർ പാലിന് 5/- രൂപ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2022 ആഗസ്റ്റ് 11 മുതൽ 31 വരെ മലബാർ മേഖലാ യൂണിയന് ക്ഷീരസംഘങ്ങളിൽനിന്ന് ലഭിച്ച പാലിന് 2/- രൂപ പ്രകാരവും 2022 സെപ്റ്റംബർ 1 മുതൽ 10 വരെ ലഭിച്ച പാലിന് ലിറ്ററിന് 2 രൂപ 50 പൈസ പ്രകാരവും ക്ഷീരസംഘങ്ങൾ മുഖാന്തരം ക്ഷീരകർഷകർക്ക് അധിക പാൽ വില നൽകിയിട്ടുണ്ട്. ഇതുകൂടാതെ കാലിത്തീറ്റയുടെ അമിത വിലവർദ്ധനവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒരുപരിധിവരെ പരിഹരിക്കുന്നതിനാണ് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നത്. വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്നു.

(ബി) മിൽമ പാലിന്റെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മേഖലാ യൂണിയനുകളുടെ പ്രവർത്തന മിച്ചത്തിൽനിന്നും അതത് സമയങ്ങൾക്കനുസരിച്ച് ഭരണസമിതി തീരുമാനപ്രകാരം നിശ്ചിതതുക ക്ഷീരകർഷകർക്ക് അധിക പാൽ വിലയായി നൽകിവരുന്നുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒരുപരിധിവരെ പരിഹരിക്കുന്നതിനാണ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നത്. വകുപ്പ് ഇതിനോടകം 23.44 കോടിരൂപ വിതരണം ചെയ്തുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്നു.

**അരുവിക്കര മണ്ഡലത്തിലെ ക്ഷീരസംഘങ്ങൾ**

412 (1273) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി പ്രവർത്തിച്ചുവരുന്ന ക്ഷീരസംഘങ്ങളുടെ

പേരുവിവരം, നമ്പർ, സ്ഥലം എന്നിവയും വാർഷിക പാൽസംഭരണം, പ്രാദേശിക വില്പന, ഡയറി സെയിൽസ് എന്നിവയുടെ 2021-2022 സാമ്പത്തിക വർഷത്തെ കണക്കും കൂടാതെ സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ള സംഘങ്ങൾ, എ.എം.സി. യൂണിറ്റുള്ള സംഘങ്ങൾ, പ്രവർത്തന ലാഭത്തിലുള്ള സംഘങ്ങൾ എന്നീ വിവരങ്ങളും തരംതിരിച്ച് ലഭ്യമാക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ ക്ഷീരസംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഓരോ ക്ഷീരസംഘത്തിലും 2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ ലഭ്യമായിട്ടുള്ള സർക്കാർ ധനസഹായത്തിന്റെ വിവരങ്ങളും ലഭ്യമാക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ ക്ഷീരസംഘങ്ങളിൽ ലഭിച്ച സർക്കാർ ധനസഹായങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സംസ്ഥാനത്ത് പുതിയ മൃഗശാലകൾ ആരംഭിക്കുന്നതിന് നടപടി**

413 (1274) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പുതിയ മൃഗശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന മൂന്നാർ മേഖലയിൽ പുതിയ മൃഗശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിവരം നൽകുമോ?

(എ&ബി) മൃഗശാലാ വകുപ്പിന്റെ കീഴിൽ പുതിയ മൃഗശാലകൾ ആരംഭിക്കുന്നകാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മൃഗശാലയിലെ ക്യൂറേറ്റർ ഗ്രേഡ് II തസ്തിക

414 (1275) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലയിലെ ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനരീതി വ്യക്തമാക്കാമോ?

1. മ്യൂസിയം മൃഗശാലാ സബോർഡിനേറ്റ് സർവ്വീസിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I, കെയർടേക്കർ, ക്ലാർക്ക്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II, ആർട്ടിസ്റ്റ് മോഡലർ, ടാക്സിഡെർമിസ്റ്റ്, ഗൈഡ് ലക്ചറർ, ഗൈഡ്, ഗാർഡൻ സൂപ്പർവൈസർ, ലബോറട്ടറി അസിസ്റ്റന്റ് എന്നീ കാറ്റഗറികളിലെ യോഗ്യരായ ജീവനക്കാരിൽനിന്നും പ്രൊമോഷൻ മുഖേനയുള്ള നിയമനം;

2. ഒന്നാമത്തെ നിയമനരീതി പ്രകാരം യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ വകുപ്പിലെ മറ്റ് സർവ്വീസിലെ യോഗ്യരായ ജീവനക്കാരിൽനിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനം;

3. ഒന്നുംരണ്ടും നിയമനരീതിപ്രകാരം യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം.

(ബി) ക്യൂറേറ്റർ തസ്തിക എത്രയെണ്ണമാണ് മ്യൂസിയം ആൻഡ് മൃഗശാല വകുപ്പിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

മ്യൂസിയം മൃഗശാലാവകുപ്പിൽ ക്യൂറേറ്റർ ഗ്രേഡ് I-ന്റെ 3 തസ്തികകളും ക്യൂറേറ്റർ ഗ്രേഡ് II-ന്റെ 4 തസ്തികകളും ഉൾപ്പെടെ ആകെ 7 ക്യൂറേറ്റർ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ വയനാട് കുങ്കിച്ചിറ ഹെറിറ്റേജ് മ്യൂസിയം പ്രവർത്തന സജ്ജമാകാത്തതിനാൽ മ്യൂസിയത്തിലെ ക്യൂറേറ്റർ ഗ്രേഡ്-II തസ്തികയിൽ നാളിതുവരെ നിയമനം നടത്തിയിട്ടില്ല.

(സി) ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ പരാതിയെന്താണെന്ന് വിശദമാക്കാമോ?

(സി&ഡി) ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് വിവിധ പരാതികൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത

തസ്തികയിലെ നിയമനങ്ങളിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്നതാണ് പരാതികളിലെ പ്രധാന ആവശ്യം. ആയത് വിശദമായി പരിശോധിച്ചുവരുന്നു.

**അനുബന്ധം II**

പതിനഞ്ചാം കേരള നിയമസഭയിലെ ആറാം സമ്മേളനത്തിൽ 29-08-2022-ലെ 86-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്**

(*86) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എം. മണി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്ത് പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ അതിശക്തമായ മഴ തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിന് മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന് പാരിസ്ഥിതിക അനുമതി നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ആദ്യഘട്ടമായ പാരിസ്ഥിതിക ആഘാതപഠനം (EIA Study) പ്രഗതി ലാബ്സ്, ഹൈദ്രാബാദിനെ ചുമതലപ്പെടുത്തുകയും 2015 ഏപ്രിൽ 21-ാം തീയതി കരാർ ഒപ്പിടുകയും ചെയ്തു. പരിസ്ഥിതി ആഘാത പഠനത്തിനുള്ള പരിശോധനാ വിഷയങ്ങൾക്കുള്ള [Terms of Reference (ToR)] അംഗീകാരം 2018 നവംബർ 14-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ നൽകുകയുണ്ടായി. ഈ നിബന്ധനകൾ അനുസരിച്ചുള്ള പരിസ്ഥിതി ആഘാത പഠനം അന്തിമഘട്ടത്തിലാണ്.

പരിസ്ഥിതി ആഘാത പഠനവുമായി (EIA) ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി ജലസേചന വകുപ്പിലെ അന്തർ സംസ്ഥാന നദീജല വിഭാഗം ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 12-02-2021-ലെ സർക്കാർ ഉത്തരവ് G.O(Rt)No.102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകികൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവുവരാത്തവിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള

ഡി.പി.ആർ. പുതുക്കി തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ ഡി.പി.ആർ. റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 08-04-2022-ലെ വിധിയിലെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരുന്നു. 08-04-2022-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയ വിധിപ്രകാരം കേരളത്തിലെയും തമിഴ്നാട്ടിലെയും ഓരോ സാങ്കേതിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, 09-05-2022-ലെ കേന്ദ്ര സർക്കാർ ജലശക്തി മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം നം.F.No.R-22011/3/2022-Pen Riv Section-MoWR പ്രകാരമാണ് അഞ്ചംഗ സമിതിയായി മുല്ലപ്പെരിയാർ മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരിക്കുന്നത്. പുനഃസംഘടിത മേൽനോട്ട സമിതിയുടെ ആദ്യയോഗം 06-06-2022-ൽ ന്യൂഡൽഹിയിലെ കേന്ദ്ര ജലകമ്മീഷൻ ആസ്ഥാനത്ത് ചേരുകയും പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ

ആശങ്കകളും നിർദ്ദേശങ്ങളും സമിതിയുടെ പരിഗണനയ്ക്കായി കേരളത്തിന്റെ പ്രതിനിധികൾ യോഗത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) സുപ്രീംകോടതി നിർദ്ദേശാനുസരണം മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാവലോകനത്തിന് സത്വര നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 08-04-2022-ലെ ഉത്തരവുപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്രമായ സുരക്ഷാ അവലോകനം പുതുതായി ചെയ്യാൻ നിർദ്ദേശിക്കുകയും അതിൻപ്രകാരം 06-06-2022-ൽ ന്യൂഡൽഹിയിലെ കേന്ദ്ര ജല കമ്മീഷൻ കാര്യാലയത്തിൽ വച്ച് നടത്തിയ പുനഃസംഘടിത മേൽനോട്ട സമിതിയുടെ ആദ്യ യോഗത്തിൽ കേരളത്തിന്റെ പ്രതിനിധികൾ ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തു. ഇതിനോട് ബന്ധപ്പെട്ട് ഡാം സുരക്ഷാനിയമം 2021-ലെ മാർഗ്ഗനിർദ്ദേശപ്രകാരം ഡാമിന്റെ സുരക്ഷിതമായ പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാ അവലോകനം കാലതാമസം കൂടാതെ നടത്തേണ്ടതുണ്ടെന്ന് മേൽനോട്ട സമിതിയുടെ ചെയർമാൻ പ്രസ്തുത യോഗത്തിൽ അറിയിക്കുകയുണ്ടായി.

കേന്ദ്ര ജല കമ്മീഷന്റെ " വലിയ അണക്കെട്ടുകളുടെ സുരക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ 2018" (Guidelines for Safety Inspection of Large Dams 2018) പ്രകാരമുള്ള മാനദണ്ഡങ്ങളും, " ഡാം സുരക്ഷാ നിയമം 2021" (Dam Safety Act 2021) പ്രകാരമുള്ള നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട്, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വിശദമായ സുരക്ഷാ പരിശോധന (Comprehensive Dam Safety Evaluation) അന്തർദേശീയ വിദഗ്ധരുൾപ്പെടെയുള്ള സ്വതന്ത്ര വിദഗ്ധരുടെ പാനൽ മുഖാന്തരം അടിയന്തരമായി നടത്തേണ്ടതാണെന്നുള്ള ശിപാർശയുൾപ്പെടെയുള്ള കുറിപ്പും മേൽനോട്ട സമിതി ചെയർമാന്റെ പരിഗണനയ്ക്കായി കേരളത്തിന്റെ പ്രതിനിധികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാർതലത്തിലും മേൽനോട്ട സമിതി ചെയർമാനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 18-08-2022-ൽ ചേർന്ന മേൽനോട്ട സമിതി യോഗത്തിലും കേരളത്തിന്റെ പ്രതിനിധികൾ പ്രസ്തുത ആവശ്യം അറിയിച്ചിട്ടുണ്ട്.